കേരള സർക്കാർ
സംസ്ഥാന ആസൂത്രണ ബോർഡ്

പതിനാലാം പഞ്ചവത്സര പദ്ധതി
2022-27

തിരുവനന്തപുരം
ജനുവരി 2023

കേരള സർക്കാർ
സംസ്ഥാന ആസൂത്രണ ബോർഡ്

പതിനാലാം പഞ്ചവത്സര പദ്ധതി
2022-2027

തിരുവനന്തപുരം
ജനുവരി 2023

മുഖവുര

ജനങ്ങളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സാഹചര്യങ്ങളെ പരിവർത്തനം ചെയ്യുന്നതിനും പൊതു ഇടപെടൽ എത്ര മാത്രം ശക്തമാണെന്നതിന് സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളം. പഞ്ചവത്സര പദ്ധതികളിലൂടെ സമ്പദ് വ്യവസ്ഥയുടെയും സമൂഹത്തിന്റെയും വികസനം സാധ്യമാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായും കേരളം നിലകൊള്ളുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ (2022–27) ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം എന്നീ സാമൂഹിക ആവശ്യത്തിനുള്ള ചെലവുകൾ, സാമൂഹ്യ ക്ഷേമം, സാമൂഹിക നീതി, ലിംഗനീതി എന്നീ മേഖലകളിൽ സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കും. ഉയർന്ന തൊഴിലും ഉയർന്ന ഉൽപാദനക്ഷമതയും ഉയർന്ന വരുമാനവുമുള്ള ആധുനിക സമ്പദ് വ്യവസ്ഥയെ സൃഷ്ടിക്കുന്നതിന് മാനവ വികസനത്തിൽ കൈവരിച്ച കരുത്തിനെ ശക്തിപ്പെടുത്താൻ പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകും. ഈ കാലയളവിൽ, സംസ്ഥാനം ഉന്നതവിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കുകയും മെച്ചപ്പെടുത്തുകയും ആധുനിക സമ്പദ്വ്യവസ്ഥയിൽ ലഭ്യമായ ഏറ്റവും മികച്ച വിദഗ്ധ തൊഴിലവസരങ്ങൾ സംസ്ഥാനത്തിലെ യുവാക്കൾക്ക് നൽകുകയും ചെയ്യും. വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ പ്രധാന ഘടകമായി വിവര സാങ്കേതികവിദ്യാ മേഖലയെ വികസിപ്പിക്കുന്നതിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് വൈദ്യുതി, ഗതാഗതം, റോഡുകൾ, തുറമുഖങ്ങൾ, വ്യാവസായിക ഇടനാഴികൾ എന്നിവയിലെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കും. കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം, തീരദേശ സംരക്ഷണം, ജൈവവൈവിധ്യ വികസനവും സംരക്ഷണവും തുടങ്ങിയ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള സുസ്ഥിര വികസന വെല്ലുവിളികളെ ഈ പദ്ധതി നേരിടും.

സംസ്ഥാനത്തിൽ അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ സംസ്കരണത്തിന് സമഗ്രമായ സംവിധാനങ്ങൾ ഉറപ്പാക്കുക, വളർച്ചയെ നയിക്കുന്ന ചാലക ശക്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുക എന്നിവയാണ് പതിനാലാം പദ്ധതിയുടെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ. പദ്ധതി എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കും. ആരെയും പിന്നിലാക്കരുത് എന്നതാണ് നമ്മുടെ മാർഗ്ഗനിർദ്ദേശ തത്വം. ലിംഗപരമായ ആശങ്കകൾക്കും പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങളുടെ വികസന ആവശ്യങ്ങൾക്കും പദ്ധതി പ്രത്യേക ശ്രദ്ധ നൽകുന്നു.

സർക്കാരിന്റെ എല്ലാ വകുപ്പുകളും നിരവധി വ്യക്തികളും പതിനാലാം പഞ്ചവത്സര പദ്ധതി രേഖ തയ്യാറാക്കുന്നതിൽ സംഭാവന നൽകിയിട്ടുണ്ട്. ഈ രേഖ തയ്യാറാക്കുന്നതിന് സംഭാവന നൽകിയ സംസ്ഥാന ആസൂത്രണ ബോർഡിലെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെയും കൂടാതെ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളുടെയും പ്രയത്നങ്ങളെ ഞാൻ പ്രശംസിക്കുന്നു. അവശ്യം വേണ്ട വിവരങ്ങളും ഉപദേശങ്ങളും നൽകുന്നതിൽ ആസൂത്രണ ബോർഡ് അംഗങ്ങൾ വളരെ സഹായിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതായ ആസൂത്രണ പ്രക്രിയയെ, അതിന്റെ വികസന മാതൃകയുടെ അനിവാര്യ ഘടകത്തെ പിന്തുണച്ച എല്ലാവർക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു.

വി.കെ. രാമചന്ദ്രൻ
ഉപാധ്യക്ഷൻ
സംസ്ഥാന ആസൂത്രണ ബോർഡ്

ഉള്ളടക്കം

പട്ടികകൾ

അദ്ധ്യായം 1		**പതിനാലാം പഞ്ചവത്സര പദ്ധതി – ഒരു അവലോകനം**	**1**
അദ്ധ്യായം 2		**ധനസമാഹരണം: വെല്ലുവിളികൾ**	**7**
അദ്ധ്യായം 3		**കൃഷിയും അനുബന്ധ മേഖലകളും**	**18**
	3.1	കൃഷി	18
	3.2	മൃഗസംരക്ഷണവും ക്ഷീരവികസനവും	26
	3.3	മണ്ണും ജലസംരക്ഷണവും	31
	3.4	മത്സ്യമേഖലയും തീരദേശ സംരക്ഷണവും	34
	3.5	വനവും വന്യജീവി സംരക്ഷണവും	39
അദ്ധ്യായം 4		**വ്യവസായം, ഐ.ടി, ടൂറിസം**	**44**
	4.1	വ്യവസായം	44
	4.1.1	ഇടത്തരം വൻകിട വ്യവസായങ്ങൾ (സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെ)	46
	4.1.2	സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ	59
	4.1.3	പരമ്പരാഗത വ്യവസായങ്ങൾ	65
	4.1.3.1	കയർ വ്യവസായം	65
	4.1.3.2	കശുവണ്ടി വ്യവസായം	67
	4.1.3.3	കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾ	70
	4.1.3.4	ഖാദി ഗ്രാമ വ്യവസായ മേഖല	73
	4.1.4	ഖനനവും ഭൂഗർഭ ശാസ്ത്രവും	75
	4.2	വിവര സാങ്കേതിക വിദ്യയും ഇ ഗവേണൻസും	76
	4.2.1	വിവര സാങ്കേതിക വിദ്യ	76
	4.2.2	ഇ ഗവേണൻസ്	85
	4.3	വിനോദ സഞ്ചാരം	91
അദ്ധ്യായം 5		**ജലവിഭവം**	**106**
	5. 1	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	106
	5. 2	കുടിവെള്ളവും മലിനജല നിവാരണവും	110
അദ്ധ്യായം 6		**ഊർജ്ജ മേഖല**	**124**
അദ്ധ്യായം 7		**ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി**	**133**
	7.1	ആവാസ വ്യവസ്ഥയും പരിസ്ഥിതിയും	133
	7.2	ദുരന്തനിവാരണം	136
	7.3	ശാസ്ത്ര സേവനങ്ങളും ഗവേഷണവും	141
അദ്ധ്യായം 8		**ഗതാഗതം**	**155**
	8.1	റോഡുകൾ, പാലങ്ങൾ, റോഡ് ഗതാഗതം	155
	8.2	ഉൾനാടൻ ജലഗതാഗതം	163
	8.3	പോർട്ട്, ലൈറ്റ് ഹൗസ് ആന്റ് ഷിപ്പിംഗ്	170
	8.4	മറ്റ് ഗതാഗതം	177

അദ്ധ്യായം 9		**ഭവന നിർമ്മാണം**	**184**
അദ്ധ്യായം 10		**സഹകരണം**	**193**
അദ്ധ്യായം 11		**വിദ്യാഭ്യാസം**	**200**
	11.1	സ്കൂൾ വിദ്യാഭ്യാസം	200
	11.2	ഉന്നത വിദ്യാഭ്യാസം	211
	11.3	സാങ്കേതിക വിദ്യാഭ്യാസം	218
അദ്ധ്യായം 12		**ആരോഗ്യം**	**224**
അദ്ധ്യായം 13		**സാമൂഹിക ഉൾച്ചേർക്കൽ**	**238**
	13.1	പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമം	238
	13.2	പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം	243
	13.3	മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം	248
	13.4	ന്യൂനപക്ഷ ക്ഷേമം	250
	13.5	മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം	253
അദ്ധ്യായം 14		**സാമൂഹിക സുരക്ഷയും ക്ഷേമവും**	**255**
	14.1	ഭിന്നശേഷിക്കാർ	255
	14.2	വയോജന പരിപാലനം	257
	14.3	ട്രാൻസ്ജെൻഡർ	259
	14.4	സാമൂഹിക പ്രതിരോധം	259
അദ്ധ്യായം 15		**സ്ത്രീകളുടെയും കുട്ടികളുടെയും വികസനം**	**265**
	15.1	സ്ത്രീകളും തൊഴിലും	265
	15.2	ശിശുക്ഷേമം	270
അദ്ധ്യായം 16		**പൊതുവിതരണ സമ്പ്രദായം**	**278**
അദ്ധ്യായം 17		**തൊഴിലും തൊഴിലാളി ക്ഷേമവും നൈപുണ്യ വികസനവും**	**284**
അദ്ധ്യായം 18		**പ്രവാസി കാര്യക്ഷേമം (നോർക്ക)**	**291**
അദ്ധ്യായം 19		**കലയും സംസ്കാരവും കായികവും**	**298**
	19.1	കലയും സംസ്കാരവും	298
	19.2	കായികവും യുവജനകാര്യങ്ങളും	309
അദ്ധ്യായം 20		**പ്രാദേശിക സർക്കാരുകൾ**	**321**
അദ്ധ്യായം 21		**ഗ്രാമവികസനം**	**328**
അദ്ധ്യായം 22		**നഗരവികസനം**	**334**
അദ്ധ്യായം 23		**പ്രാദേശിക വികസന പാക്കേജുകൾ**	**343**
അദ്ധ്യായം 24		**ജെൻഡർ ബജറ്റ്**	**347**
അദ്ധ്യായം 25		**മറ്റ് സേവനങ്ങൾ**	**350**
	25.1	പൊതു സാമ്പത്തിക സർവ്വീസുകൾ	350
	25.2	പൊതു സേവനങ്ങൾ	383
	25.3	വാർത്താവിതരണവും പ്രചരണവും	392
അദ്ധ്യായം 26		**ഉപസംഹാരം**	**396**

പട്ടികകൾ

ക്രമ നമ്പർ	ഇനം	പേജ് നമ്പർ
പട്ടിക 2.1	2011-12 മുതൽ 2021-22 വരെയുള്ള കാലയളവിലെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലെ പ്രവണത	7
പട്ടിക 2.2	2016-17 മുതൽ 2022-23 വരെയുള്ള കാലയളവിലെ സംസ്ഥാന ധനകാര്യ അവലോകനം	9
പട്ടിക 2.3	2010-11 മുതൽ 2021-22 വരെ കേന്ദ്രത്തിൽ നിന്ന് കേരളത്തിലേക്കുള്ള വിഭവ കൈമാറ്റം	11
പട്ടിക 2.4	2010-11 മുതൽ 2021-22 വരെ പദ്ധതി വിഹിതത്തിലും ചെലവിലും ഉള്ള പ്രവണത	12
പട്ടിക 2.5	പതിമൂന്നാം പദ്ധതി കാലയളവിലെ ധനസമാഹരണത്തിന്റെ - പ്രൊജക്ഷനും റിയലൈസേഷനും	13
പട്ടിക 2.6	പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രൊജക്ട് ചെയ്ത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം	14
പട്ടിക 3.1	കൃഷി വകുപ്പിന്റെ ഉപമേഖല തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും	19
പട്ടിക 3.2	മൃഗ സംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും പദ്ധതി വിഹിതവും ചെലവും	27
പട്ടിക 3.3	മണ്ണ്-ജലസംരക്ഷണം, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും	33
പട്ടിക 3.4	മത്സ്യമേഖലയും തീരദേശ വികസനവും - പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും	36
പട്ടിക 3.5	മത്സ്യമേഖല - പതിമൂന്നാം പഞ്ചവത്സര പദ്ധതി- വർഷം തിരിച്ചുള്ള ബജറ്റ് വിഹിതവും ചെലവും	36
പട്ടിക 3.6	തീരദേശ വികസനം-പതിമൂന്നാം പഞ്ചവത്സര പദ്ധതി- വർഷം തിരിച്ചുള്ള ബജറ്റ് വിഹിതവും ചെലവും	36
പട്ടിക 3.7	വനം, വന്യജീവി സംരക്ഷണം, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും	40
പട്ടിക 4.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി ഇടത്തരം, വൻകിട വ്യവസായ മേഖലയിലെ അടങ്കലും ചെലവും	48
പട്ടിക4.2	പതിമൂന്നാം പഞ്ചവത്സര പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൗതിക നേട്ടങ്ങൾ	49
പട്ടിക 4.3	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ചെറുകിട വ്യവസായങ്ങൾ, വാണിജ്യം, കരകൗശല മേഖലിലെ ബജറ്റ് വിഹിതവും ചെലവും	61
പട്ടിക 4.4	കയർ മേഖലക്ക് പതിമൂന്നാം പദ്ധതി കാലത്ത -വകയിരുത്തിയ തുകയും ചെലവും	65
പട്ടിക 4.5	കശുവണ്ടി മേഖലക്ക് പതിമൂന്നാം പദ്ധതി കാലത്ത് വകയിരുത്തിയ തുകയും ചെലവും	68
പട്ടിക 4.6	കൈത്തറി, പവർലൂം മേഖലക്ക് പതിമൂന്നാം പദ്ധതി കാലത്ത് വകയിരുത്തിയ തുകയും ചെലവും	71
പട്ടിക 4.7	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ബജറ്റ് വിഹിതവും ചെലവും	74
പട്ടിക 4.8 -	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) കേരളത്തിലെ വിവര സാങ്കേതിക വിദ്യയുടെ ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും	79
പട്ടിക 4.9	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ വിവര സാങ്കേതിക മേഖലയിൽ ഉള്ള കമ്പനികളുടെ എണ്ണം ,തൊഴിൽ, കയറ്റുമതി , ബിൽറ്റ് അപ് സ്പേസ്	79
പട്ടിക 4.10	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഐടി ഇ-ഗവേണൻസ് മേഖലയിലെ വിവിധ ഏജൻസികളുടെ ബജറ്റ് വിഹിതവും ചെലവും	88
പട്ടിക 4.11	പതിമൂന്നം പഞ്ചവത്സര പദ്ധതി കാലയളവിൽ ഡിജിറ്റൽ യുനിവേർസിറ്റിയുടെ നേട്ടങ്ങൾ	89

ക്രമ നമ്പർ	ഇനം	പേജ് നമ്പർ
പട്ടിക 4.12	പതിമൂന്നാം പഞ്ചവത്സര പദ്ധതി–വിനോദസഞ്ചാര മേഖലയിലെ വകയിരുത്തലും ചെലവും	94
പട്ടിക 4.13	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിനോദസഞ്ചാര മേഖലയിലെ ഉപമേഖല തിരിച്ചുള്ള വിഹിതവും ചെലവും	94
പട്ടിക 5.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ അടങ്കൽ തുകയും ചെലവ് വിശദാംശങ്ങളും	107
പട്ടിക 5.2	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കുടിവെള്ളത്തിന്റെയും മലിനജല മേഖലയുടെയും വർഷാടിസ്ഥാനത്തിലുള്ള ബജറ്റ് വിഹിതവും ചെലവും	112
പട്ടിക 6.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സാമ്പത്തിക നേട്ടം	126
പട്ടിക 7.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആവാസവ്യവസ്ഥയും പരിസ്ഥിതിയും മേഖലയ്ക്കുള്ള ബജറ്റ് വിഹിതവും ചെലവും	134
പട്ടിക 7.2	പദ്ധതി വിഹിതവും ചെലവും 2017–18 മുതൽ 2021–22 വരെ	138
പട്ടിക 7.3	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ശാസ്ത്ര–സാങ്കേതിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതവും ചെലവും)	144
പട്ടിക 7.4	12, 13 പഞ്ചവത്സര പദ്ധതികളിലെ കെ.എസ്.സി.എസ്.റ്റി.ഇ യുടെ നേട്ടങ്ങളുടെ താരതമ്യം	146
പട്ടിക 8.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ റോഡുകൾ, പാലങ്ങൾ, റോഡ് ഗതാഗത മേഖലയിലെ ബജറ്റ് വിഹിതവും ചെലവും	157
പട്ടിക 8.2	കേരളത്തിലെ ദേശീയ ജലപാതകൾ	164
പട്ടിക 8.3	പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (വകുപ്പ് തിരിച്ച്)	166
പട്ടിക 8.4	കേരളത്തിലെ വൻകിട– ചെറുകിട തുറമുഖങ്ങളുടെ ചരക്ക് കൈകാര്യം ചെയ്യൽ –വിശദാംശങ്ങൾ	172
പട്ടിക 8.5	പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (തിരിച്ച് വകുപ്പ്)	173
പട്ടിക 8.6	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മറ്റ് ഗതാഗത മേഖലയുടെ വാർഷിക ബജറ്റ് വിഹിതവും ചെലവും	179
പട്ടിക 9.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017–22) ഭവന നിർമ്മാണ മേഖലയുടെ അടങ്കലും ചെലവും	186
പട്ടിക 9.2	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഭവന മേഖലയ്ക്കായുള്ള വകുപ്പ തിരിച്ചുള്ളതും വർഷാടിസ്ഥാനത്തിലുള്ള ബജറ്റ് വിഹിതവും ചെലവും	187
പട്ടിക 10.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതി എന്നിവയുടെ ബജറ്റ് വിഹിതവും ചെലവും	194
പട്ടിക 11.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കുള്ള അടങ്കലും ചെലവും	201
പട്ടിക 11.2	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ബജറ്റ് വിഹിതവും ചെലവും	202
പട്ടിക 11.3	2016–17 മുതൽ 2021–22 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികൾ	203
പട്ടിക 11.4	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017–2022) ഉന്നത വിദ്യാഭ്യാസ (സർവകലാശാലകളും കൊളീജിയറ്റ് വിദ്യാഭ്യാസവും) മേഖലയ്ക്കുള്ള പദ്ധതി അടങ്കലും ചെലവും	212
പട്ടിക 11.5	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതവും ചെലവും	213
പട്ടിക 11.6	പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ (2017–2022) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ അടങ്കലും ചെലവും	218
പട്ടിക 11.7	വകുപ്പ്/ഏജൻസി തിരിച്ചുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ബജറ്റ് വിഹിതവും ചെലവും	220
പട്ടിക 12.1	2021–22 കാലയളവിൽ സർക്കാർ മേഖലയിൽ ചികിത്സിച്ച ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ	224
പട്ടിക 12.2	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരോഗ്യമേഖലയുടെ വകുപ്പ തിരിച്ചുള്ള അടങ്കലും ചെലവും	225

ക്രമ നമ്പർ	ഇനം	പേജ് നമ്പർ
പട്ടിക 13.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ വകയിരുത്തലും ചെലവും	239
പട്ടിക 13.2	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ അടങ്കലും ചെലവും	243
പട്ടിക 13.3	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബജറ്റ് വിഹിതവും ചെലവും	248
പട്ടിക 13.4	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള ബജറ്റ് വിഹിതവും ചെലവും	251
പട്ടിക 13.5	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായുള്ള ബജറ്റ് വിഹിതവും ചെലവും	253
പട്ടിക 14.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വകുപ്പുകളുടെയും ഏജൻസികളുടെയും സാമ്പത്തിക പ്രകടനം	255
പട്ടിക 15.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വകുപ്പുകളുടെ സാമ്പത്തിക പ്രകടനം	277
പട്ടിക 16.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പദ്ധതി വിഹിതവും ചെലവും	279
പട്ടിക 17.1	പതിമൂന്നാം പദ്ധതിയിലെ തൊഴിലാളി ക്ഷേമ പരിപാടികൾക്കായുള്ള ബജറ്റ് വിഹിതവും ചെലവും	286
പട്ടിക 18.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നോർക്കയുടെ വിഹിതവും ചെലവും	292
പട്ടിക 18.2	പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടിയുള്ള ചെലവ്	293
പട്ടിക 18.3	നിലവിലുള്ള പ്രധാന പദ്ധതികൾ	294
പട്ടിക 19.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കലാ സാംസ്കാരിക മേഖലകളിലെ പദ്ധതി വിഹിതവും ചെലവും	299
പട്ടിക 19.2	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കായിക യുവജന കാര്യവകുപ്പിന്റെ സാമ്പത്തിക പ്രകടനം	312
പട്ടിക 20. 1	പതിമൂന്നാം പഞ്ചവത്സര പദ്ധതി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചെലവും	321
പട്ടിക 21.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി -വിഹിതവും ചെലവും	329
പട്ടിക 22.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ വിഹിതവും ചെലവും	335
പട്ടിക 22.2	പതിമൂന്നാം പദ്ധതി കാലയളവിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങൾപട്ടിക	338
പട്ടിക 22.3	പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്ന തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ	341
പട്ടിക 23.1	പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും	344
പട്ടിക 23.2	കാസറഗോഡ് വികസന പാക്കേജിന്റെ സാമ്പത്തിക ഭൗതിക പുരോഗതി	345
പട്ടിക 25.1	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പൊതു സാമ്പത്തിക സർവ്വീസുകൾക്കായുള്ള ബജറ്റ് വിഹിതവും ചെലവും	387
പട്ടിക 25.2	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പൊതു സാമ്പത്തിക സർവ്വീസുകളുടെ വകുപ്പ് തിരിച്ചുള്ള അടങ്കലും ചെലവും	388
പട്ടിക 25.3	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പൊതു സേവനങ്ങളുടെ ബജറ്റ് വിഹിതവും ചെലവും	391
പട്ടിക 25.4	പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് മേഘലയുടെ സാമ്പത്തിക പ്രകടനം	394

അദ്ധ്യായം 1

പതിനാലാം പഞ്ചവത്സര പദ്ധതി – ഒരു അവലോകനം

ജനങ്ങളുടെ അഭിലാഷങ്ങളെ പദ്ധതികളായും പരിപാടികളായും രൂപപ്പെടുത്തുന്നതിനും സംസ്ഥാന സമ്പദ് വ്യവസ്ഥയിലെ ദുർലഭമായ വിഭവങ്ങൾ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിവേകത്തോടെ നിക്ഷേപിക്കുന്നതിനും ജനപങ്കാളിത്തത്തോടെ കേരളത്തിൽ നടത്തുന്ന പ്രക്രിയയാണ് പഞ്ചവത്സര പദ്ധതികളുടെ രൂപീകരണം. ആസൂത്രണ പ്രക്രിയ തുടർന്നുകൊണ്ടുപോകണമെന്നുള്ള സാമൂഹ്യ പ്രതിബദ്ധത നിലനിർത്തിയിരിക്കുന്ന ഏക സംസ്ഥാനം കേരളമാണ്.

പ്രകൃതി ദുരന്തങ്ങൾ, കോവിഡ്-19 മഹാമാരി, പരിമിതമായ ധനവിഭവങ്ങൾ, പ്രതികൂല കേന്ദ്ര നയങ്ങൾ മൂലമുണ്ടായ തിരിച്ചടികൾ എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് അനേകം വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. എന്നിട്ടും,വിവിധ മേഖലകളിൽ, പ്രത്യേകിച്ച് ആരോഗ്യ – വിദ്യാഭ്യാസരംഗങ്ങളിൽ കേരളം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചത് പ്രശംസിക്കപ്പെട്ടു. വലിയ സംസ്ഥാനങ്ങളിലെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ ശിശുമരണ നിരക്കും അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറവ് കേരളത്തിലാണ്. ദേശീയ കുടുംബാരോഗ്യ സർവേ(എൻ എഫ് എച്ച് എസ്)-5 (2019-21) പ്രകാരം കേരളത്തിലെ ശിശുമരണനിരക്ക് സൂചിപ്പിക്കുന്നത് ഓരോ 1,000 ജീവനുള്ള ജനനങ്ങളിലും ഒരു വയസ്സ് എത്തുന്നതിനുമുൻപ് നാലു കുഞ്ഞുങ്ങൾ മരിക്കുന്നുവെന്നാണ്, എൻ എഫ് എച്ച് എസ്-4 പ്രകാരം ഈ നിരക്ക് 6 ആയിരുന്നു. അഖിലേന്ത്യാ തലത്തിൽ ഇത് യഥാക്രമം 35 ഉം 40 ഉം ആയിരുന്നു.കേരളത്തിൽ, അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മരണനിരക്ക് 5 ആണ് എൻ എഫ് എച്ച് എസ്-4 പ്രകാരമുള്ള 7-നേക്കാൾ ഇത് കുറഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ അഞ്ചുവയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ മരണനിരക്ക് 1000 ജനനങ്ങൾക്ക് 42 ആണ്. കേരളത്തിലെ ജനങ്ങളുടെ ആയുർദൈർഘ്യം (75.3 വർഷം) അഖിലേന്ത്യാ നിരക്കിനേക്കാൾ (69.4 വർഷം) കൂടുതലാണ്. മാതൃ മരണനിരക്ക് 1,00,000 പ്രസവങ്ങളിൽ 30 ൽ താഴെയായി കുറയ്ക്കുക എന്ന യുഎൻ സുസ്ഥിര വികസന ലക്ഷ്യം നിർദ്ദിഷ്ടസമയക്രമത്തിന് ഒരു വർഷം മുമ്പേ 2019-ൽ കേരളം കൈവരിച്ചു. അഖിലേന്ത്യാതലത്തിൽ മാതൃ മരണനിരക്ക് 103 ആണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം സാർവത്രിക പ്രവേശനവും രാജ്യത്തെ ഏറ്റവും കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്കും കൈവരിച്ചിട്ടുണ്ട്.

നീതിപൂർവ്വകമായ തുല്യത വർദ്ധിപ്പിക്കുന്നതിനും ദാരിദ്ര്യം കുറയ്ക്കുന്നതിനും ഏതൊരു രാജ്യത്തിന്റെയും വികസനത്തിൽ മാതൃ ആരോഗ്യം ഒരു പ്രധാന ഘടകമാണ്. കേരളത്തിൽ 94 ശതമാനം സ്ത്രീകൾക്കും ഗർഭാവസ്ഥയുടെ ആദ്യ മൂന്നുമാസത്തിൽ ഗർഭകാല പരിചരണം ലഭിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ജനിച്ച മിക്കവാറും എല്ലാ കുട്ടികളും വിദഗ്ദ്ധനായ ഒരു ആരോഗ്യ ദാതാവിന്റെ സഹായത്തോടെ ഒരു ആരോഗ്യ കേന്ദ്രത്തിലാണ് ജനിച്ചത്. എന്നിരുന്നാലും, നിരവധി നടപടികൾ എടുത്തിട്ടും ദേശീയ കുടുംബാരോഗ്യ സർവേ- 4 കാലയളവ് മുതൽ കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലയിൽ പുരോഗതി കാണുന്നില്ല. കേരളത്തിൽ, പ്രത്യേകിച്ച് സ്ത്രീകളിലും കുട്ടികളിലും കാണുന്ന ഒരു പ്രധാന ആരോഗ്യപ്രശ്നമാണ് അനീമിയ. കുട്ടികളിലെ അനീമിയയുടെ വ്യാപനം ദേശീയ കുടുംബാരോഗ്യ സർവേ-4-ൽ 36 ശതമാനമായിരുന്നത് സർവേ-5ൽ 39 ശതമാനമായി ഉയർന്നു. സ്ത്രീകൾക്കിടയിലെ അനീമിയ ദേശീയ കുടുംബാരോഗ്യ സർവേ-4 ലെ സ്ഥിതിയിൽ നിന്നും 2 ശതമാനം വർദ്ധിച്ചു. കേരളത്തിലെ പുരുഷന്മാരിൽ അഞ്ചിലൊന്ന് (18%) പേരും വിളർച്ചയുള്ളവരാണ്.

ഇന്ത്യയുടെ സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ കേരളം തുടർച്ചയായ മൂന്നു വർഷം (2018, 2019, 2020) ഒന്നാം സ്ഥാനത്താണ്. വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ സ്കോർ 2019 ലെ 69 ൽ നിന്നും 2021 ൽ 75 ആയി മെച്ചപ്പെട്ടു സംസ്ഥാനങ്ങളിൽ വച്ച്,ദാരിദ്ര്യം അനുഭവിക്കുന്ന ആളുകളുടെ എണ്ണം മൊത്തം ജനസംഖ്യയുടെ അനുപാതവുമായിട്ട് താരതമ്യം ചെയ്യുമ്പോൾ ദാരിദ്ര്യത്തിന്റെ ഏറ്റവും കുറഞ്ഞ ജനസംഖ്യാ അനുപാതമുള്ള സംസ്ഥാനമാണ് കേരളം, കൂടാതെ സുസ്ഥിര വികസന ലക്ഷ്യ സൂചികകളായ വിശപ്പ് രഹിതം, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നിവയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ ബഹുമുഖ ദാരിദ്ര്യ സൂചിക (എം.പി.ഐ) 2021-ൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ബഹുമുഖ ദാരിദ്ര്യ സൂചിക (എംപിഐ) പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 0.71 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. മഹാമാരിയും പ്രകൃതിക്ഷോഭവും ഉൾപ്പെടെ

നിരവധി വെല്ലുവിളികൾ നേരിട്ടിട്ടും ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ നടത്തിയ വിട്ടുവീഴ്ചയില്ലാത്ത ശ്രമങ്ങളാണ് ഈ നേട്ടത്തിന് അടിത്തറ പാകിയതെന്ന് വ്യക്തമാണ്.

മൂന്ന് പതിറ്റാണ്ടുകളായി യൂണിയൻ സർക്കാർ പിന്തുടർന്ന നവ ഉദാരവൽക്കരണ നയങ്ങളും കോവിഡ് - 19 മഹാമാരിയുടെ വ്യാപനവും സാമൂഹിക പുരോഗതിയെ പിന്നോട്ടടിച്ചു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം അനുദിനം വർദ്ധിക്കുകയും ശതകോടീശ്വരന്മാരുടെ സമ്പത്ത് ക്രമാതീതമായി വളരുകയും ചെയ്യുന്നു. 1991-ൽ കോടീശ്വരൻമാരുടെ പട്ടികയിൽ ഒരു ഇന്ത്യക്കാരനും ഇല്ലായിരുന്നുവെങ്കിൽ, 30 വർഷത്തിനുശേഷം അവരുടെ എണ്ണം 142 ആയി.

ആഗോള സാമ്പത്തിക സംഭവവികാസങ്ങളെക്കുറിച്ച് ഐ.എം.എഫ് നടത്തിയ ഏറ്റവും പുതിയ വിശകലനമായ, "ദ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് അപ്ഡേറ്റ്, ജൂലൈ 2022: ഗ്ലൂമി ആൻഡ് മോർ അൺസേർട്ടൻ", പറയുന്നത് മഹാമാരിയിലും റഷ്യ-ഉക്രെയ്ൻ സംഘർഷത്തിലും പെട്ട് ഇപ്പോഴും ആടിയുലയുന്ന ആഗോള സമ്പദ്വ്യവസ്ഥ കൂടുതൽ മങ്ങിയതും അനിശ്ചിതവുമായ വീക്ഷണത്തെ അഭിമുഖീകരിക്കുന്നു എന്നാണ്. അടിസ്ഥാന സാഹചര്യത്തിൽ, ആഗോള വളർച്ച (യഥാർത്ഥ ജിഡിപി, വാർഷിക വ്യതിയാന ശതമാനം) 2022-ൽ 3.2 ശതമാനവും 2023-ൽ 2.9 ശതമാനവുമാണ്, ഇത് 2022 ഏപ്രിലിലെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിൽ പ്രവചിച്ചിരുന്നതിനേക്കാൾ യഥാക്രമം 0.4, 0.7 ശതമാനം പോയിന്റ് കുറവാണ്. വളർന്നുവരുന്ന വിപണി-വികസ്വര സമ്പദ്വ്യവസ്ഥകളിൽ 2022-23 ലെ വളർച്ച വിപരീത ദിശയിലായിരിക്കുമെന്നാണ് പരിഷ്ക്കരിച്ചതെങ്കിലും ഇന്ത്യയുടെ സാമ്പത്തിക വളർച്ച പ്രധാനമായും മിതത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യയുടെ വളർച്ച 0.8 ശതമാനം കുറഞ്ഞ് 7.4 ശതമാനത്തിൽ എത്തി. ഉയർന്ന ഭക്ഷ്യ-ഊർജ്ജ വിലകളും വിതരണവും ആവശ്യവും തമ്മിലുള്ള അസന്തുലിതാവസ്ഥയും കാരണം ആഗോള പണപ്പെരുപ്പം ഉയർന്ന നിലയിൽ പുതുക്കി രേഖപ്പെടുത്തി. ഈ വർഷം ഇത് വികസിത സമ്പദ്വ്യവസ്ഥകളിൽ 0.9 ശതമാനം വർധിച്ച് 6.6 ശതമാനവും, വളർന്നുവരുന്ന വിപണി, വികസ്വര സമ്പദ്വ്യവസ്ഥകളിൽ 0.8 ശതമാനം വർധിച്ച് 9.5 ശതമാനവും എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യ പുരോഗതിയുടെ പാതയിലാണ് - 2015 ലെ 81-ാം റാങ്കിൽ നിന്ന് 2021-ൽ 46-ാം സ്ഥാനത്തേക്ക് ഉയർന്നു. മധ്യേഷ്യൻ, ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്തും താഴ്ന്ന ഇടത്തരം വരുമാനമുള്ള രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്തുമാണ്. ഇന്ത്യ ഇന്നൊവേഷൻ സൂചിക - 2021 ൽ, ഇന്ത്യയുടെ മൊത്തത്തിലുള്ള സ്കോർ 14.56 ആണ്. ഇത് കുറവാണെങ്കിലും, ആഗോള ഇന്നൊവേഷൻ സൂചികയിലെ മികച്ച 25 രാജ്യങ്ങളുടെ ലീഗിൽ പ്രവേശിക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യ.

മനുഷ്യ മൂലധനം, നിക്ഷേപം, വിജ്ഞാന തൊഴിലാളികൾ, വ്യവസായ അന്തരീക്ഷം, സുരക്ഷയും നിയമ പരിസ്ഥിതിയും, വിജ്ഞാന ഉൽപ്പാദനം, വിജ്ഞാന വ്യാപനം എന്നിവയിലെ പ്രകടനം കണക്കാക്കിയുള്ള ഇന്നൊവേഷൻ സ്കോറുകളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യ ഇന്നൊവേഷൻ സൂചിക ഇന്ത്യയിലെ 36 സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നത്. 2021-ൽ കേരളം 17 പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിൽ മൊത്തം 13.67 സ്കോറുമായി എട്ടാം സ്ഥാനത്തായിരുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകൾക്ക് പേരുകേട്ട കേരളം മനുഷ്യ മൂലധന സൂചകത്തിലും മികച്ച പ്രകടനം കാഴ്ചവച്ചത് സ്വഭാവികമാണ്. എന്നാൽ മറ്റ് സൂചകങ്ങളിലെ പ്രകടനം ഏറെക്കുറെ മാറ്റമില്ലാതെ തുടരുകയാണ്, ആയതിനാൽ റാങ്ക് കൂടുതൽ മെച്ചപ്പെടുത്തുന്നതിന് യോജിച്ച ശ്രമങ്ങൾ ആവശ്യമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ (2017-2022) കഴിഞ്ഞുപോയ അഞ്ച് വർഷങ്ങൾ പല തരത്തിലും പ്രവചനാതീതമായിരുന്നു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018 ലെയും 2019 ലെയും അതിതീവ്രമായ മഴ കാരണം ഉണ്ടായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും തുടങ്ങിയ നിരവധി തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് സംസ്ഥാനം സാക്ഷ്യംവഹിച്ചു. കൂടാതെ 2021-ലും അതിനുശേഷവും കോവിഡ്-19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി സമ്പദ്വ്യവസ്ഥയെ മുമ്പെങ്ങുമില്ലാത്തവിധം അസ്ഥിരമാക്കി.

2018ലെ പ്രളയസമയത്ത്, ദ്രുതഗതിയിലുള്ള രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തുന്നതിൽ കേരളം അനിതര സാധാരണമായ മികവ് തെളിയിച്ചു. "കേരള പുനർനിർമ്മാണ

പ്രവർത്തനങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ പുനർനിർമ്മിക്കാനും പുനരധിവസിപ്പിക്കാനുമുള്ള സത്വര നടപടികൾ സംസ്ഥാനം കൈക്കൊണ്ടു. കോവിഡ് – 19 മഹാമാരി കാലത്ത്, കേരളത്തിന്റെ നയപരമായ ഇടപെടൽ വേഗത്തിലുള്ളതും ജനോപകാരപ്രദവുമായിരുന്നു. ആരും പട്ടിണി കിടക്കുന്നില്ലെന്നും എല്ലാവർക്കും അഭയസ്ഥാനവും വൈദ്യസഹായവും ലഭ്യമാണെന്നും സർക്കാർ ഉറപ്പുവരുത്തി. സർക്കാർ 20,000 കോടി രൂപവീതമുള്ള രണ്ട് സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിച്ചിരുന്നു, ഒന്ന് പകർച്ചവ്യാധിയുടെ തുടക്കത്തിൽ 2020 മാർച്ചിലും, മറ്റൊന്ന് രണ്ടാം തരംഗത്തെ നേരിടാൻ 2021 ജൂണിലും. 2020–21 ലെ കോവിഡ് – 19 മഹാമാരി സമയത്ത്, സമ്പദ്‌വ്യവസ്ഥ 2019–20ലെ നിലയിൽ നിന്നും 3 ശതമാനം ചുരുങ്ങിയെങ്കിലും, പകർച്ചവ്യാധിയെ കാര്യക്ഷമമായി നേരിടാനും സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനും സർക്കാർ സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചു.

സംസ്ഥാനങ്ങൾക്കുള്ള ധനവിഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ യൂണിയൻസർക്കാർ സ്വീകരിച്ച നയങ്ങൾ കാരണം സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. ഇത് കേരളത്തെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. ധനകാര്യ കമ്മീഷനുകൾ തുടർച്ചയായി സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതിവിഹിതത്തിൽ കുറവുവരുത്തി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ എന്നിവയുൾപ്പെടെയുള്ള മേഖലകൾക്ക് മുൻഗണന നൽകുന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് ഇത് വലിയ പ്രഹരമാണ് നൽകുന്നത്. സംസ്ഥാനങ്ങൾക്ക് അർഹമായ വിഹിതം നിഷേധിക്കുന്ന യൂണിയൻസർക്കാർ, കോർപ്പറേറ്റുകൾക്ക് നൽകിയിട്ടുള്ള പ്രത്യക്ഷ നികുതി ഇളവുകളിൽ നിന്നുള്ള നഷ്ടം നികത്താൻ സംസ്ഥാനങ്ങളുമായി പങ്കിടാനാകാത്ത സെസുകളും സർചാർജുകളും ഏകപക്ഷീയമായി വർദ്ധിപ്പിക്കുകയാണ്.

കോവിഡ്–19 കാരണം വരുമാനം കുറയുകയും ചെലവ് വർദ്ധിക്കുകയും ചെയ്തതോടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശമായി. എന്നിരുന്നാലും, സംസ്ഥാന സർക്കാർ ആരംഭിച്ച സാമ്പത്തിക പുനരുജ്ജീവന നടപടികൾ കാരണം സമ്പദ്‌വ്യവസ്ഥ ശക്തമായി തിരിച്ചുവന്നു, ജി എസ് റ്റി കളക്ഷൻ ഉൾപ്പെടെയുള്ള നികുതി പിരിവ് സ്ഥിരമായ പുരോഗതി കാണിക്കുന്നു. വളർച്ച നിലനിർത്തുന്നതിനും ഡിമാൻഡ് വർധിപ്പിക്കുന്നതിനുമായി കിഫ്ബി പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യ വികസന ചെലവുകൾ ഉൾപ്പെടെയുള്ള സർക്കാർ ചെലവുകൾ വർധിപ്പിച്ചു. കാലാവസ്ഥാ പ്രതിരോധശേഷിയോടെ "ബിൽഡ് ബാക്ക് ബെറ്റർ" എന്ന ലക്ഷ്യത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലൂടെ ഉയർന്ന മൂലധന ചെലവും ഉറപ്പാക്കി.സർക്കാരിന്റെ ഈ കൂട്ടായ നടപടികളെല്ലാം സാമ്പത്തിക മേഖലയിലെ പുനരുജ്ജീവനം വേഗത്തിലാക്കി. അടുത്ത സാമ്പത്തിക വർഷത്തിൽ ഏകദേശം 11% ജി.എസ്.ഡി.പി വളർച്ചാ നിരക്കോടെ സമ്പദ്‌വ്യവസ്ഥ അതിന്റെ വളർച്ചാ കുതിപ്പ് തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

മൂലധന രൂപീകരണം ത്വരിതപ്പെടുത്താൻ ലക്ഷ്യമിടുന്ന ഒരു സംസ്ഥാനമായതിനാൽ ഈ വികസന പ്രവർത്തനങ്ങൾ സർക്കാരിന് വലിയ വെല്ലുവിളിയാണ്. ലഭ്യമായ സാമ്പത്തിക സ്രോതസ്സുകളുടെ യഥാർത്ഥ മൂല്യം ക്ഷയിച്ചേക്കാം, കൂടാതെ മഹാമാരി ബാധിച്ചതും ഇപ്പോൾ പണപ്പെരുപ്പത്തിന്റെ ഭാരം അനുഭവിക്കുന്നതുമായ ദുർബല വിഭാഗങ്ങൾക്ക് പിന്തുണ നൽകുന്നതിന് കൂടുതൽ വിഭവങ്ങൾ വഴിതിരിച്ചുവിടേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ അന്തർലീനമായ അനിശ്ചിതത്വങ്ങൾ 14-ാം പഞ്ചവത്സര പദ്ധതിയിലെ വിഭവസമാഹരണ സാധ്യതകളെ ദുർഘടമാക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണം

കേരളം ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ മൂന്നാം ദശകത്തിലേക്ക് കടക്കുമ്പോൾ, ശാസ്ത്രീയവും യുക്തിസഹവുമായ രീതിയിൽ സർവതോന്മുഖമായ വികസനം സാധ്യമാക്കുന്നതിന് വേറിട്ട സവിശേഷമായ വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടതുണ്ട്. മാനവ വികസന നേട്ടങ്ങൾ കൂടുതൽ ആഴത്തിൽ വർധിക്കുമ്പോൾ ഈ നേട്ടങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അടിത്തറയായി ഉപയോഗിക്കണം,പ്രത്യേകിച്ച് യുവജനങ്ങൾക്ക് കൃഷി, വ്യവസായം, വരുമാനദായക സേവനങ്ങൾ എന്നിവയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ഉപയോഗിക്കണം. മൂലധന നിക്ഷേപത്തിലൂടെ ലഭിക്കുന്ന വരുമാനത്തിൽ നിന്ന് സാമൂഹിക ക്ഷേമ പദ്ധതികൾക്കായി ഫണ്ട് ഉണ്ടാക്കുന്നതിനും അതുവഴി നവകേരളം സൃഷ്ടിക്കുന്നതിനുമായി സംസ്ഥാനം അടിസ്ഥാന സൗകര്യമേഖലയിലെ നിക്ഷേപം ഗണ്യമായി

വർദ്ധിപ്പിക്കേണ്ടതുണ്ട്. കാലാവസ്ഥാവ്യതിയാനങ്ങളോട് പൊരുത്തപ്പെട്ടുപോകുന്ന രീതിയിലായിക്കണം അടിസ്ഥാന സൗകര്യ വികസനം. വികസന പ്രക്രിയയോടൊപ്പം തന്നെ ദുരന്ത നിവാരണവും ഉറപ്പാക്കണം, മറിച്ച് ദുരന്തമുണ്ടായതിനു ശേഷം ആലോചിക്കേണ്ട ഒരു പ്രക്രിയയായി കണക്കാക്കരുത്.

25 വർഷത്തെ പഴക്കമുള്ള ജനകീയ ആസൂത്രണ പദ്ധതി പ്രവർത്തനങ്ങളുടെ അനുഭവപരിചയത്തോടെ പതിനാലാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകാനുള്ള നീക്കത്തിലാണ് കേരളം. വികസന പ്രക്രിയയിൽ നിന്ന് ആരും ഒഴിവാകരുത് എന്ന തത്വത്തിലാണ് പദ്ധതിയുടെ പൊതുവായ സമീപനം. സമ്പദ്ഘടനയിലെ ഉൽപ്പാദന ശക്തികളുടെ ദ്രുതഗതിയിലുള്ള വളർച്ച പൊതു സമീപനത്തിന്റെ ഭാഗമാണ്. കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും വികസന മാതൃകയുടെ ഭാഗമായി മാറുകയാണ്. സുസ്ഥിര വികസനത്തിന്റെ വെല്ലുവിളികളെ ശാസ്ത്രീയമായും യുക്തിപരമായും നേരിടാൻ പതിനാലാം പദ്ധതി സഹായിക്കും. കടുത്ത ദാരിദ്ര്യം തുടച്ചുനീക്കുക, തൊഴിൽ പ്രദാനംചെയ്യുന്നതും ഉൽപ്പാദനക്ഷമവുമായ സമ്പദ്വ്യവസ്ഥ കെട്ടിപ്പെടുത്തുക, ഉന്നതവിദ്യാഭ്യാസത്തെ ആധുനീകരിക്കുക, യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ വെല്ലുവിളിൽ ഉൾപ്പെടുന്നു.

സ്ത്രീകളെ ശാക്തീകരിക്കുകയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. കേരളത്തിൽ കടുത്ത ദാരിദ്ര്യമനുഭവിക്കുന്നവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത് ജനകീയ ആസൂത്രണ പദ്ധതി നടപ്പാക്കി കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ, മുതൽ ജീവിത സൂചികയുടെ എല്ലാ മേഖലകളിലും കേരളം മുൻപന്തിയിൽ ആയിരിക്കുമ്പോഴും ഒരു ചെറിയ ന്യൂനപക്ഷം കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരം ആളുകളെ കണ്ടെത്തി ദാരിദ്ര്യരേഖ മറികടക്കാൻ അവരെസഹായിക്കുന്നതിന് സൂക്ഷ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള ഒരുക്കത്തിലാണ് സർക്കാർ.

കേരളത്തിന്റെ വികസന നേട്ടങ്ങൾ സംരക്ഷിച്ചും കോട്ടങ്ങൾ പരിഹരിച്ചും മുന്നേറാനുള്ള വ്യതിരിക്ത സമീപനവുമായാണ് സംസ്ഥാനം പതിനാലാം പഞ്ചവത്സര പദ്ധതിയിലേക്ക് കടക്കുന്നത്. സാമൂഹിക സേവന മേഖലയിലും അടിസ്ഥാന സൗകര്യ മേഖലയിലും അനുകൂല മാറ്റങ്ങൾ സൃഷ്ടിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കാലതാമസമില്ലാതെയും അഴിമതി രഹിതമായും സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കാണ് മുൻഗണന നൽകുന്നത്. വികസനവുമായി ബന്ധപ്പെട്ട് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചത്. ക്ഷേമം, വികസനം, തൊഴിലവസരങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഒരു വിജ്ഞാന സമൂഹമായി കേരളത്തെ വികസിപ്പിക്കുകയാണ് ലക്ഷ്യം. വികസന പ്രവർത്തനങ്ങൾക്കായി ജനങ്ങളെ ഒന്നാകെ അണിനിരത്തുക എന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

സംസ്ഥാന ആസൂത്രണ ബോർഡ് 2021 സെപ്റ്റംബറിൽ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള വിപുലമായ കൂടിയാലോചനകളും ചർച്ചകളും ആരംഭിച്ചു. വിവിധ മേഖലകളിലെ പ്രത്യേക പ്രശ്നങ്ങളും ആശങ്കകളും വിലയിരുത്തുന്നതിനായി 44 വർക്കിംഗ് ഗ്രൂപ്പുകൾ ബോർഡ് രൂപീകരിച്ചു. ഓരോ വർക്കിംഗ് ഗ്രൂപ്പിനും പ്രസ്തുത മേഖലയിലെ ഒരു വിദഗ്ധനും ബന്ധപ്പെട്ട അഡീഷണൽ ചീഫ് സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറിയും സഹ അധ്യക്ഷന്മാർ ആണ്.എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലുമായി ഏകദേശം 1200 ഓളം അംഗങ്ങൾ ഉണ്ടായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളിൽ പണ്ഡിതന്മാരും ഭരണാധികാരികളും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകരും മറ്റ് വിദഗ്ധരും ഉൾപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണത്തിനുള്ള വിലപ്പെട്ട സ്രോതസ്സുകളാണ്.

ആസൂത്രണ പ്രക്രിയയുടെ ഭാഗമായി, സംസ്ഥാന ആസൂത്രണ ബോർഡ് പഞ്ചവത്സര പദ്ധതിയുടെ പൊതുവായ സമീപനവും സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ സ്വീകരിക്കേണ്ട തന്ത്രങ്ങളും പ്രതിഫലിപ്പിക്കുന്ന സമീപന രേഖ (കരട്) പ്രസിദ്ധീകരിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്ന മേഖലകൾ

പൊതുനിക്ഷേപരംഗങ്ങളിലും (പ്രത്യേകിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നിവയിൽ), സാമൂഹ്യ ക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നീ മേഖലകളിൽ കേരളം ആർജ്ജിച്ച കരുത്ത് പടുത്തുയർത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ തുടരും. ഇതിനെ സമ്പദ് വ്യവസ്ഥയിലെ ഉൽപാദന ശക്തികളുടെ ത്വരിത വളർച്ചയ്ക്കുള്ള ഒരു ചാലകശക്തിയായി ഉപയോഗപ്പെടുത്തും. ശാസ്ത്രം, സാങ്കേതികവിദ്യ, അതിനൂതനമായ നിപുണതകൾ, വിജ്ഞാന സമ്പദ്ഘടനയിൽ ലഭ്യമായിട്ടുള്ള നിപുണതകൾ എന്നിവയുടെ പ്രയോഗത്തിലൂടെ കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, ആധുനിക വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വരുമാനദായക സേവനങ്ങൾ എന്നിവയുടെ വളർച്ച വർദ്ധിപ്പിക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതി ഉറപ്പാക്കും. ഉന്നതവിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആധുനിക സമ്പദ് വ്യവസ്ഥയിലെ ഏറ്റവും മികച്ച തൊഴിലവസരങ്ങൾ കേരളത്തിലെ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ സാമ്പത്തിക നയം രൂപകല്പന ചെയ്യും.

അടുത്ത 25 വർഷത്തിനുള്ളിൽ കേരളത്തിലെ ജീവിത നിലവാരം അന്തർദേശീയ തലത്തിൽ ഒരു വികസിത ഇടത്തരം വരുമാനമുള്ള രാജ്യത്തെ ജീവിത നിലവാരത്തിൽ എത്തിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം – ഈ വികസന പ്രക്രിയയിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതായിരിക്കും എന്ന അധിക സവിശേഷത കൂടി ഇതിനുണ്ട്. നിലവിലെ സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന വികസനപ്രക്രിയയുടെ ഭാഗമാകുന്നതിൽ ഒരു വ്യക്തിയെയും മാറ്റി നിർത്തുന്നില്ല എന്നതാണ് ഇതിനെ നയിക്കുന്ന തത്വം.

അഞ്ച് വർഷത്തിനുള്ളിൽ, സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിലും സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും നൂതനാശയങ്ങൾ സൃഷ്ടിക്കുക എന്നലക്ഷ്യത്തോടെ ഒരു നൂതന സമൂഹത്തിലേക്ക് കേരളത്തെ സജ്ജമാക്കാൻ കഴിയും. ആധുനികവും ജനാധിപത്യപരവും സുസ്ഥിരവുമായ ഭാവിക്ക് ഇത്തരമൊരു നൂതന സംസ്കാരം, പ്രത്യേകിച്ച് ശാസ്ത്രം, സാങ്കേതികവിദ്യ, ഉൽപ്പാദന പ്രവർത്തനങ്ങൾ എന്നിവയിൽ അത്യന്താപേക്ഷിതമാണ്. ഉന്നതവിദ്യാഭ്യാസം കേരള സർക്കാരിന്റെ വികസന മുൻഗണനകളിലെ ഒരു പ്രധാന മേഖലയായിരിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:

i. സാമൂഹികനിക്ഷേപം (പ്രത്യേകിച്ച് ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം എന്നിവയിൽ), സാമൂഹ്യക്ഷേമം, സാമൂഹ്യനീതി, ലിംഗനീതി എന്നിവ ശക്തിപ്പെടുത്തുക.
ii. മാനവശേഷിയുടെ കരുത്തിലൂന്നി ഒരു വിജ്ഞാനസമൂഹം കെട്ടിപ്പടുക്കുകയും സമ്പദ്ഘടനയിലെ ഉൽപാദനശക്തികളുടെ വളർച്ച ദ്രുതഗതിയിലാക്കുകയും ചെയ്യുക.
iii. വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവയടങ്ങുന്ന വരുമാനദായക സേവനങ്ങൾ, കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ആധുനിക വ്യവസായം, പശ്ചാത്തലസൗകര്യ വികസനം എന്നിവയുടെ വളർച്ച മെച്ചപ്പെടുത്താനായി ശാസ്ത്രം, സാങ്കേതികവിദ്യ, ആധുനിക നിപുണതകൾ എന്നിവ ഉപയോഗപ്പെടുത്തുക.
iv. ആധുനികവും ഉയർന്ന തൊഴിൽ സാധ്യതയുള്ളതും ഉൽപാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കുക.
v. ഉന്നത വിദ്യാഭ്യാസ സമ്പ്രദായം ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുകയും യുവതലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുകയും ചെയ്യുക.
vi. അതിദാരിദ്ര്യം ഇല്ലാതാക്കുക.
vii. മാലിന്യനിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക.
viii. വളർച്ചയുടെ ചാലകശക്തികളായി മാറാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക.
ix. എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു വികസന പ്രക്രിയയെ പ്രോത്സാഹിപ്പിക്കുക – വികസന പ്രക്രിയയെ നയിക്കുന്ന തത്വം ആരെയും പിന്നിലാക്കരുത് എന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിക്കുള്ള വിഭവസമാഹരണം

വിഭവസമാഹരണവുമായി ബന്ധപ്പെട്ട് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ 4 പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്. ഒന്നാമതായി, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ

അനുസരിച്ച് സംസ്ഥാനങ്ങളുമായി പങ്കിടാവുന്ന നികുതികളിൽ കേരളത്തിന്റെ പങ്ക് 2.5 ശതമാനത്തിൽ നിന്ന് 1.925 ശതമാനമായി കുറയുന്നു. രണ്ടാമതായി, റവന്യൂ കമ്മി ഗ്രാന്റായി ഈ കാലയളവിൽ കേരളത്തിന് ലഭിച്ചിരുന്ന വിഹിതം 2023-24 ൽ അവസാനിക്കും. മൂന്നാമതായി, 14 ശതമാനം നികുതി വരുമാന വളർച്ച കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നൽകിവന്ന നികുതി വരുമാന നഷ്ടത്തിനുള്ള ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ നിർത്തലാക്കി ശേഷം തുടരാൻ സാധ്യതയില്ല. അവസാനമായി, മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന് ആനുപാതികമായി സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിനുള്ള പരിധി 2025-26 ൽ 3 ശതമാനമായി പുന:സ്ഥാപിക്കും.

ഈ വെല്ലുവിളികൾനിലനിൽക്കെ സംസ്ഥാനത്തിന്റെ തനതു നികുതി വരുമാന വളർച്ച കുറയുന്ന വസ്തുതയും കൂടി കണക്കിലെടുക്കുമ്പോൾ, പതിനാലാം പഞ്ചവത്സര പദ്ധതിക്കായി വിഭവങ്ങൾ സമാഹരിക്കുന്നത് വെല്ലുവിളി നിറഞ്ഞ ഒരു ദൗത്യമാണ്. പതിമൂന്നാം പദ്ധതി കാലയളവിലെ ഓരോ വർഷവും ഉണ്ടായ ചെലവിന്റെ അതേ നിരക്കിൽ (ഓരോ വർഷവും ജി.എസ്.ഡി.പിയുടെ 3.5 ശതമാനം), പതിനാലാം പദ്ധതിയിലും ആവർത്തിക്കുകയാണെങ്കിൽ പതിനാലാം പദ്ധതിക്ക് ആവശ്യമായ വിഭവങ്ങൾ 2.15 ലക്ഷം കോടി രൂപയായി കണക്കാക്കേണ്ടിവരുമെന്നാണ് പതിനാലാം പദ്ധതി രൂപീകരണത്തിനായി സാമ്പത്തിക വിഭവങ്ങളും വിഭവസമാഹരണവും എന്ന വിഷയത്തിൽ നിയോഗിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അഭിപ്രായപ്പെട്ടത്. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതിക്കായുള്ള വിഭവ ആസൂത്രണം ഇനിപ്പറയുന്ന അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

i. 2022 മുതൽ 2024 വരെ ജിഎസ്ഡിപി പ്രതിവർഷം 10 ശതമാനവും പദ്ധതി കാലയളവിലെ ശേഷിക്കുന്ന മൂന്ന് വർഷത്തേക്ക് 11 ശതമാനവും കണ്ട് വളർച്ചയുണ്ടാകുമെന്നും അനുമാനിക്കപ്പെടുന്നു.
ii. കേന്ദ്രനികുതി വിഹിതം 2022-23ൽ 15 ശതമാനം നിരക്കിൽ വർദ്ധിക്കുമെന്നും, പദ്ധതി കാലയളവിന്റെ ശേഷിക്കുന്ന വർഷങ്ങളിൽ ഇത് 12 ശതമാനമാകുമെന്നും പ്രതീക്ഷിക്കുന്നു.
iii. പതിനാലാം പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. സമ്പദ്വ്യവസ്ഥയുടെ നിലവിലെ വീണ്ടെടുക്കൽ പ്രവണതയെ അടിസ്ഥാനമാക്കിയാണ് ഈ വളർച്ച പ്രതീക്ഷിക്കുന്നത്.
iv. നികുതിയേതര വരുമാനത്തിൽ 10 ശതമാനം വളർച്ച പ്രതീക്ഷിക്കുന്നു.
v. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രധാനമായും ശിപാർശ ചെയ്യുന്ന പദ്ധതിയേതര ഗ്രാന്റുകൾ, ധനകാര്യ കമ്മീഷൻ ശിപാർശകൾക്ക് അനുസൃതമായി വർദ്ധിക്കുമെന്ന് അനുമാനിക്കുന്നു.
vi. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായിട്ടായിരിക്കും പതിനാലാം പദ്ധതിയുടെ അറ്റ വായ്പാ നിരക്ക് നിശ്ചയിക്കുന്നത്.

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്നുള്ള നിക്ഷേപങ്ങൾ സർക്കാരിന്റെ വിഭവങ്ങളുടെ അനുപൂരക നിക്ഷേപങ്ങളാണ്. 2016-ൽ സ്ഥാപിതമായ കിഫ്ബി 2022 ഫെബ്രുവരിയിലെ കണക്കനുസരിച്ച്, 70,762 കോടി രൂപയുടെ 962 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യമേഖലയിലെ കിഫ്ബിയുടെ നിക്ഷേപം സമ്പദ്വ്യവസ്ഥയിൽ പലമടങ്ങ് വർദ്ധനവുണ്ടാക്കും.

പ്രാഥമിക മേഖലയിലും കാർഷിക വിപണനത്തിലും ഉൽപന്ന സംഭരണത്തിലും വ്യവസായത്തിലും സേവനങ്ങളിലും ചില്ലറ വ്യാപാരത്തിലും മറ്റ് മേഖലകളിലും നിക്ഷേപം വർധിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടലുകളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. കേരളത്തിന്റെ സഹകരണ ഘടനയിലെ മുൻനിര സ്ഥാപനമായ കേരളാ ബാങ്ക് അതിന്റെ വികസന പങ്കാളിത്തം മെച്ചപ്പെടുത്തികൊണ്ടും അത് ജനങ്ങൾക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കിംഗ് ഉൽപന്നങ്ങളുടെ വൈവിദ്ധ്യവല്ക്കരണം വിപുലീകരിച്ചുകൊണ്ടും അതിന് കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണായകമായ സംഭാവന നൽകാൻ കഴിയും എന്നതിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രതീക്ഷയർപ്പിക്കുന്നു.

അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സമൂഹത്തിൽ നിന്ന് എല്ലാവരുടെയും സമഗ്രമായ അഭിവൃദ്ധിയും സുസ്ഥിരതയും സാമൂഹിക നീതിയും അടിസ്ഥാനമാക്കിയുള്ള സമൂഹത്തിലേക്ക് കേരളം മുന്നേറുമ്പോൾ പതിനാലാം പഞ്ചവത്സര പദ്ധതി അതിലൊരു സുപ്രധാന നാഴികക്കല്ലായിരിക്കും.

അദ്ധ്യായം 2

പതിനാലാം പഞ്ചവത്സര പദ്ധതിയ്ക്കുള്ള ധനസമാഹരണം: നിലവിലെ വെല്ലുവിളികൾ

ആസൂത്രണപ്രക്രിയ തുടർന്നുകൊണ്ടുപോകുന്നതിലും പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിക്കുന്നതിലും പ്രതിബദ്ധത തുടരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. വളരെയധികം വെല്ലുവിളികൾ നിറഞ്ഞ സാഹചര്യത്തിലും സമ്പദ് വ്യവസ്ഥയിൽ ഉൽപാദനവും വരുമാനവും വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളം പതിനാലാം പഞ്ചവത്സര പദ്ധതിയിലേക്ക് കടക്കുമ്പോൾ പദ്ധതിനടപ്പാക്കുന്നതിനുവേണ്ടിയുള്ള ധനവിഭവങ്ങൾ കണ്ടെത്തുന്നതിനുള്ള പരിമിതികളാണ് സംസ്ഥാനത്തിന് മുന്നിലുള്ള പ്രധാന വെല്ലുവിളി. ചരക്ക് സേവന നികുതി (2017ൽ) നടപ്പിലാക്കിയതും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയതുമെല്ലാം പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിലും കേന്ദ്ര സംസ്ഥാന വിഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള ചട്ടക്കൂടുകളിലും ഗണ്യമായ മാറ്റങ്ങൾ വരുത്തി. കോവിഡ് – 19 മഹാമാരിയുടെ വ്യാപനവും 2018 ലേയും 2019 ലേയും പ്രളയവും സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളേയും വിഭവസമാഹരണത്തേയും സാരമായി ബാധിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും രോഗപ്രതിരോധ നടപടികൾക്കുമായി വലിയ തുകകൾ കടമെടുക്കേണ്ടി വന്നതിനാൽ ഋണാശ്രിതത്വം വർദ്ധിച്ചു. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ നിയന്ത്രണങ്ങളും വ്യവസ്ഥകളും കാരണം കടമെടുക്കുന്നതിലൂടെ അധികധനം കണ്ടെത്തുന്നതിലും സംസ്ഥാനത്തിന് പരിമിതിയുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്ക് വേണ്ടിയുള്ള ധനവിഭവങ്ങൾ കണ്ടെത്തുക എന്നുള്ളത് സംസ്ഥാന സർക്കാരിന് മുന്നിൽ ഏറെ വെല്ലുവിളികൾ ഉയർത്തുന്നു. സംസ്ഥാനത്തിന്റെ വികസനത്തിനും ധനസമാഹരണത്തിനും, സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടേണ്ടത് അത്യന്താപേക്ഷിതമാണ്.

മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിലെ വളർച്ചാപ്രവണത

വ്യാപനത്തിലും ശേഷിയിലും ആഘാതത്തിലും മുമ്പുണ്ടായിട്ടില്ലാത്ത തരത്തിലുള്ള നിരവധി പ്രകൃതി ദുരന്തങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നിട്ടും 2019 – 20 വരെ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് നല്ല നിലയിലായിരുന്നു. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ (ജി.എസ്.ഡി.പി) വളർച്ചാനിരക്ക് 2015 – 16 കാലയളവിൽ 9.64 ശതമാനമായിരുന്നത് 2018 – 19 ൽ 12.36 ശതമാനമായി വർധിച്ചിരുന്നു, ഇതേ കാലയളവിൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (ജി.ഡി.പി) വളർച്ചാനിരക്ക് യഥാക്രമം 10.46 ശതമാനവും 10.51 ശതമാനവുമായിരുന്നു. 2018 ലെ വലിയതോതിലുള്ള പ്രളയം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും 2019–20ൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചാനിരക്ക് 4.58 ശതമാനമായി കുറയുകയും ചെയ്തു. കോവിഡ് – 19 മഹാമാരി സാമ്പത്തിക വളർച്ചയിൽ ഉണ്ടായ ഇടിവിന് ആക്കം കൂട്ടി. ഇതുകാരണം 2020–21 ൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ചാനിരക്ക് (–)3.01 ശതമാനമായി ഇടിഞ്ഞു. വരും വർഷങ്ങളിൽ വളർച്ച പ്രതീക്ഷിക്കുന്നുണ്ടെങ്കിലും വിലക്കയറ്റം, സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനുള്ള ധനവിഭവങ്ങളുടെ അപര്യാപ്തത, ദേശീയവും ആഗോളവുമായ സാമ്പത്തിക പ്രതിസന്ധിയുടെ പ്രതികൂല പ്രത്യാഘാതങ്ങൾ തുടങ്ങിയ നിരവധി വെല്ലുവിളികൾ തരണം ചെയ്യേണ്ടതുണ്ട്.

പട്ടിക 2.1: 2011–12 മുതൽ 2021–22 വരെയുള്ള കാലയളവിലെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിലെ പ്രവണത

വർഷം	ജി.എസ്.ഡി.പി (രൂപ കോടിയിൽ)	വളർച്ചാ നിരക്ക് (ശതമാനത്തിൽ)
2011–12	364048	12.18
2012–13	412313	13.26
2013–14	465041	12.79
2014–15	512564	10.22

വർഷം	ജി.എസ്.ഡി.പി (രൂപ കോടിയിൽ)	വളർച്ചാ നിരക്ക് (ശതമാനത്തിൽ)
2015-16	561994	9.64
2016-17	634886	12.97
2017-18	701588	10.51
2018-19	788286	12.36
2019-20	824374	4.58
2020-21	799571	-3.01
2021-22 RE	901998	12.81

അവലംബം: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖ, ധനകാര്യ വകുപ്പ്, കേരളം

സംസ്ഥാനത്തിന്റെ ധനകാര്യ ഇടം

ആകെ സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ മൊത്തം നികുതി വരുമാനത്തിന്റെ ശതമാനം 2012-13 ന് ശേഷം തുടർച്ചയായി കുറഞ്ഞു വരുന്നു. തനത് നികുതി വരുമാനത്തിന്റെ കാര്യത്തിലും ഈ ഇടിവ് ശ്രദ്ധേയമാണ്. ചരക്ക് സേവന നികുതിയുടെ ഘടനയും അത് നടപ്പിലാക്കിയതിലെ വീഴ്ചയും നിമിത്തം അതുവഴി സ്വരൂപിച്ചിരുന്ന വിഭവങ്ങളിലും സാരമായ കുറവ് സംഭവിച്ചു. ജി.എസ്.ടി കണക്കുകൾ വിലയിരുത്തിയതിൽ എസ്.ജി.എസ്.ടി യുടേയും ഐ.ജി.എസ്.ടി യുടേയും കാര്യത്തിൽ കേരളത്തിന് പ്രതീക്ഷിച്ച വരുമാന വളർച്ച നേടാനായില്ല. കേരളം സ്വരൂപിച്ച മൊത്തം ജി.എസ്.ടി യും അനുബന്ധ വരുമാനവും 2018-19 ൽ 21,014.71 കോടി രൂപയായിരുന്നത് 2020-21 ൽ 20,028.31 കോടി രൂപയായി കുറഞ്ഞു. പ്രസ്തുത കാലയളവിൽ ജി.എസ്.റ്റി നഷ്ടപരിഹാരമായി കേരളത്തിന് ലഭിക്കാനുള്ള തുക 3,558 കോടി രൂപയിൽ നിന്ന് 12,145 കോടി രൂപയായും ഉയർന്നു. 2022 ജൂണിനു ശേഷം സംസ്ഥാനങ്ങൾക്ക് പൂർണ്ണമായോ ഭാഗികമായോ നഷ്ടപരിഹാരം ലഭിക്കാനുള്ള സാധ്യത കുറവായതിനാൽ, വരുമാനത്തിൽ കാര്യമായ കുറവുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്.

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ (എസ്.ഒ.റ്റി.ആർ) വളർച്ചയ്ക്ക് ആക്കം കുറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ മുഖ്യ സ്രോതസുകൾ സംസ്ഥാന ചരക്ക് സേവന നികുതി, പെട്രോളിയം, മദ്യം എന്നിവയുടെ വില്പനനികുതി, സ്റ്റാമ്പ്ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് ഡ്യൂട്ടി, വാഹന നികുതി, ഭൂനികുതി തുടങ്ങിയവയാണ്. തനത് നികുതി വരുമാന വളർച്ച 2010-11 ലെ 23.25 ശതമാനത്തിൽ നിന്ന് ചരക്ക് സേവന നികുതിയുടെ പ്രാരംഭ ഘട്ടമായ 2017-19ൽ 9-10 ശതമാനമായി കുറഞ്ഞു. 2018-ലെ വെള്ളപ്പൊക്കവും കോവിഡ്-19 മഹാമാരിയും സാമ്പത്തിക പ്രവർത്തനങ്ങളെ കൂടുതൽ ബാധിക്കുകയും നികുതി വരുമാന വളർച്ച 2019-20-ൽ (-) 0.63 ശതമാനമായും 2020-21ൽ (-) 5.29 ശതമാനമായും കുറഞ്ഞു. വാസ്തവത്തിൽ, ആകെ ആഭ്യന്തര ഉൽപാദനത്തിൽ മൊത്തം നികുതി വരുമാനത്തിന്റെ ശതമാനം സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ ആകെ ആഭ്യന്തര ഉൽപാദനവുമായുള്ള തനത് നികുതി വരുമാനത്തിന്റെ അനുപാതം 2016-17ൽ 6.64 ശതമാനത്തിൽ നിന്ന് 2020-21ൽ 5.96 ശതമാനമായി കുറഞ്ഞു. ഈ സാഹചര്യത്തിലും ആകെ പ്രതീക്ഷനൽകുന്നത് മൊത്തം ആഭ്യന്തര ഉൽപ്പാദനം 2018-19-ലെ 7,88,286 കോടി രൂപയിൽ നിന്ന് 2020-21-ൽ 7,99,571 കോടി രൂപയായും 2021-22ൽ 9,01,998 കോടി രൂപയായും (പുതുക്കിയ എസ്റ്റിമേറ്റ്) ഉയർന്നു എന്നുള്ളത് മാത്രമാണ്.

കേരളത്തിന് കേന്ദ്രത്തിൽ നിന്നുള്ള വിഹിതത്തിൽ കുറവുണ്ടായതിനാൽ 2019-20ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായി. തൽഫലമായി, സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം 2018-19 ൽ 92,854 കോടി രൂപയായിരുന്നത് 2019-20 ൽ 90,225 കോടി രൂപയായി കുറഞ്ഞു. റവന്യൂ വരുമാനത്തിലുണ്ടായ ഇടിവ്കാരണം 2020-21 ൽ റവന്യൂകമ്മിയും ധനക്കമ്മിയും യഥാക്രമം 2.51 ശതമാനമായും 4.4 ശതമാനമായും വർദ്ധിച്ചു. റവന്യൂ കമ്മി ഗ്രാന്റായി 19,891 കോടി രൂപ ലഭിച്ചതിനുശേഷവും 2020-21 ൽ റവന്യൂ കമ്മി ഗണ്യമായി വർദ്ധിച്ചു. നിലവിലെ സാഹചര്യത്തിൽ ഈ റവന്യൂ കമ്മി താങ്ങാനാവാത്തതാണ്.

പട്ടിക 2.2 2016-17 മുതൽ 2022-23 വരെയുള്ള കാലയളവിലെ സംസ്ഥാന ധനകാര്യ അവലോകനം - (തുക രൂപ കോടിയിൽ)

ഇനങ്ങൾ	2016-17	2017-18	2018-19	2019-20	2020-21	2021-22(RE)	2022-23(BE)
റവന്യൂ വരുമാനം	**75612**	**83020**	**92854**	**90225**	**97617**	**117888**	**134098**
ജി.എസ്.ഡി.പിയുടെ ശതമാനം	11.91	11.83	11.78	10.94	12.21	13.07	13.41
സംസ്ഥാന നികുതി വരുമാനം	42176	46460	50644	50323	47661	58868	74098
ജി.എസ്.ഡി.പിയുടെ ശതമാനം	6.64	6.62	6.42	6.10	5.96	6.53	7.41
സംസ്ഥാന നികുതിയേതര വരുമാനം	9700	11200	11783	12265	7327	10038	11770
അതിൽ ലോട്ടറികളിൽ നിന്നുള്ള അറ്റ വരുമാനം	7283	9034	9265	9974	4873	6974	8402
ജി.എസ്.ഡി.പിയുടെ ശതമാനം	1.53	1.60	1.49	1.49	0.92	1.11	1.18
കേന്ദ്രസർക്കാർ ധനസഹായം	**23735**	**25361**	**30427**	**27636**	**42628**	**48982**	**48230**
ജി.എസ്.ഡി.പിയുടെ ശതമാനം	3.74	3.61	3.86	3.35	5.33	5.43	4.82
മൂലധന വരുമാനം	26771	27218	27215	24160	41268	46912	39490
ജി.എസ്.ഡി.പിയുടെ ശതമാനം	4.22	3.88	3.45	2.93	5.16	5.20	3.95
മൊത്തം വരുമാനം	102383	110238	120070	114385	138884	164800	173588
ജി.എസ്.ഡി.പിയുടെ ശതമാനം	16.13	15.71	15.23	13.88	17.37	18.27	17.36
മൊത്തം ചെലവ്	**102383**	**110238**	**120070**	**114385**	**138884**	**164800**	**173588**
ജി.എസ്.ഡി.പിയുടെ ശതമാനം	16.13	15.71	15.23	13.88	17.37	18.27	17.36
റവന്യൂ ചെലവ്	91096	99948	110316	104720	123446	149803	157066
അതിൽ ലോട്ടറികൾക്ക് വേണ്ടിയുള്ള ചെലവ്	5992	7627	7819	8475	4627	6305	8325
ജി.എസ്.ഡി.പിയുടെ ശതമാനം	14.35	14.25	13.99	12.70	15.44	16.61	15.71
വായ്പാ തിരിച്ചടവ്	1160	1541	2323	1210	2549	2771	1631
ജി.എസ്.ഡി.പിയുടെ ശതമാനം	0.18	0.22	0.29	0.15	0.32	0.31	0.16
റവന്യൂ കമ്മി	15485	16928	17462	14495	20064	23176	22968
ജി.എസ്.ഡി.പിയുടെ ശതമാനം	2.44	2.41	2.22	1.76	2.51	2.57	2.30
ധന കമ്മി	26448	26837	26958	23837	35204	37656	39117
ജി.എസ്.ഡി.പിയുടെ ശതമാനം	4.17	3.83	3.42	2.89	4.40	4.17	3.91
പ്രാഥമിക കമ്മി	14332	11717	10210	4623	14228	15541	13151
ജി.എസ്.ഡി.പിയുടെ ശതമാനം	2.26	1.67	1.30	0.56	1.78	1.72	1.32
തിരിച്ചടയ്ക്കേണ്ടുന്ന കടം	186454	210762	235631	260311	296901	333592	371692
ജി.എസ്.ഡി.പിയുടെ ശതമാനം	29.37	30.04	29.89	31.59	37.13	36.98	37.18
ജി.എസ്.ഡി.പി (നടപ്പുവിലയിൽ)	634886	701588	788286	824374	799571	901998	999643

അവലംബം: ബജറ്റ് ഇൻ ബ്രീഫ് 2022-23, ധനകാര്യ വകുപ്പ് , കേരളം

ചരക്ക് സേവന നികുതിയും കേരളവും

ചരക്ക് സേവന നികുതി സമ്പ്രദായം 2017 ജൂലൈയിൽ നടപ്പിലാക്കിയത് രാജ്യത്തെ പരോക്ഷ നികുതി വ്യവസ്ഥയിൽ ഒരു പ്രധാന പരിവർത്തനമായിരുന്നു. രാജ്യത്തുടനീളം ചരക്കുകൾക്കും സേവനങ്ങൾക്കും പരിമിതമായ നികുതി നിരക്കുകൾ കൊണ്ടുവരുന്നതിനുവേണ്ടി, സംസ്ഥാനങ്ങൾ അവരുടെ സ്വന്തം നികുതി വരുമാനത്തിന്റെ 52 ശതമാനത്തോളം നികുതി അവകാശങ്ങൾ ജി.എസ്.റ്റി കൗൺസിലിന് വിട്ടുകൊടുത്തു. ജി.എസ്.റ്റി ആരംഭിച്ചിട്ട് നാല് വർഷത്തിലേറെയായിട്ടും പുതിയ നികുതി സമ്പ്രദായം സംസ്ഥാന സർക്കാരുകളുടെ വരുമാനം വർദ്ധിപ്പിക്കുമെന്ന വാഗ്ദാനം പാലിക്കുന്നില്ലെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ തകരാറുകൾകാരണം രൂപഘടനയിലുണ്ടായിട്ടുള്ള പിഴവുകൾ, വരുമാന നിഷ്പക്ഷ നിരക്ക് ഘടന കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ബുദ്ധിമുട്ടുകൾ എന്നിവയാണ് ഇതിനു പ്രധാന കാരണങ്ങൾ. ജി.എസ്.റ്റി നടപ്പിലാക്കുന്നതിന് മുൻപുതന്നെ നോട്ടുനിരോധനം മൂലമുള്ള സാമ്പത്തിക മാന്ദ്യം വളർച്ച മന്ദഗതിയിലാക്കി.

ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന് മുൻപുള്ള (2014-15 മുതൽ 2016-17 വരെ) വർഷങ്ങളിലെ നികുതികളുടെ ശരാശരി വാർഷിക വളർച്ചാ നിരക്ക് ജി എസ് ടി നടപ്പിലാക്കിയതിനു ശേഷമുള്ള (2017-18 മുതൽ 2019-20 വരെ) കാലയളവിലെ എസ്.ജി.എസ്.റ്റി, ഐ.ജി.എസ്.റ്റി സെറ്റിൽമെന്റ് വരുമാനത്തിന്റെ വളർച്ചയുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിന്റെ വളർച്ചാ നിരക്ക് 8.67 ശതമാനത്തിൽ നിന്ന് 3.47 ശതമാനമായി കുറഞ്ഞതായി കാണാൻ കഴിയും. സാമ്പത്തിക പ്രവർത്തനങ്ങളിൽ പകർച്ചവ്യാധിക്ക് ശേഷമുള്ള പുനരുജ്ജീവനം ഉണ്ടായാൽപ്പോലും, ചരക്ക് സേവന നികുതി ഏർപ്പെടുത്തിയില്ലെങ്കിൽ നിലവിലുണ്ടാകുമായിരുന്ന വരുമാന വളർച്ച ഉണ്ടാകാൻ സാധ്യതയില്ല. കേരളവും മറ്റ് പല സംസ്ഥാനങ്ങളും ചേർന്ന് ജി.എസ്.റ്റി നഷ്ടപരിഹാരം 2022 ജൂണിനുശേഷവും തുടരണമെന്ന് ആവശ്യപ്പെടുന്നു. ജി.എസ്.റ്റി നഷ്ടപരിഹാരം ലഭിക്കാനുള്ള കാലതാമസവും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ ബാധിച്ചു.

കേന്ദ്ര കൈമാറ്റങ്ങൾക്ക് മേലുള്ള ആശ്രയത്വം

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഉള്ള ശോഷണം കണക്കിലെടുത്ത്, ബജറ്റ് ചെലവുകൾക്ക് ധനസഹായം നൽകുന്നതിനായി കേന്ദ്രത്തിൽ നിന്നുള്ള വിഭവ വിഹിതം വർധിപ്പിക്കുന്നതിന്റെ ആവശ്യകതയേറി. എന്നിട്ടും, ഈ മേഖലയിൽ പുരോഗതി വലിയ രീതിയിൽ ഉണ്ടായിട്ടില്ല. സംസ്ഥാനത്തിലേക്കുള്ള കേന്ദ്ര വിഭവ കൈമാറ്റത്തിന്റെ ഘടകങ്ങൾ: (i) ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന പ്രകാരമുള്ള കേന്ദ്ര നികുതി വിഹിതം (ii) റവന്യൂ കമ്മി നികത്തൽ, ദുരിതാശ്വാസം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള സഹായം, മേഖലാധിഷ്ഠിത, സംസ്ഥാനാധിഷ്ഠിത പദ്ധതികളുടെ ധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്കായി ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന ഗ്രാന്റ്-ഇൻ-എയ്ഡ്, കൂടാതെ (iii) കേന്ദ്ര സർക്കാരും അതിന്റെ മന്ത്രാലയങ്ങളും വിതരണം ചെയ്ത ഗ്രാന്റുകൾ എന്നിവയാണ്. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ കേന്ദ്രത്തിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം 2017-18ൽ 23 ശതമാനം ആയിരുന്നത് 2020-21ൽ 30ശതമാനമായി വർധിച്ചു. ഈ കാലയളവിലെ പദ്ധതിയേതര ഗ്രാന്റുകളുടെ വർദ്ധനവാണ് ഇതിനു പ്രധാന കാരണം. പദ്ധതിയേതര ഗ്രാന്റുകളുടെ വളർച്ച 2017-18ൽ 7.63 ശതമാനമായിരുന്നത് 2020-21ൽ 16 ശതമാനമായി ഉയർന്നു. കേന്ദ്രത്തിന്റെ പങ്കിടാവുന്ന നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം പതിമൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത 32 ശതമാനത്തിൽ നിന്ന് പതിനാലാം ധനകാര്യ കമ്മീഷൻ 42 ശതമാനമായി ഉയർത്തി. എന്നിരുന്നാലും പല കാരണങ്ങളാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ യഥാർത്ഥ ചിത്രം ഈ കണക്കുകൾ വെളിപ്പെടുത്തുന്നില്ല. വർഷങ്ങളായി കേന്ദ്ര സർക്കാർ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നത്തിനായി സംസ്ഥാനങ്ങളുമായി പങ്കിടാവുന്ന നികുതിയിൽ ഉൾപ്പെടാത്ത സർചാർജുകളിലും സെസുകളിലും വർധനവ് വരുത്തുന്നു. ഈ ഇനത്തിൽ 2012-13 മുതൽ 2020-21 വരെ എല്ലാ സംസ്ഥാനങ്ങൾക്കും ഉണ്ടായ നഷ്ടം ഏകദേശം 2.5 ലക്ഷം കോടി രൂപയാണ്. കേരളത്തിന്റെ നഷ്ടം ഏകദേശം 6392 കോടി രൂപയാണ്. രണ്ടാമതായി, ആസൂത്രണ കമ്മീഷനും കേന്ദ്രത്തിലെ ആസൂത്രണ പ്രക്രിയയും നിർത്തലാക്കിയതോടെ കേന്ദ്ര പദ്ധതികൾക്ക് ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിലുള്ള കേന്ദ്രസഹായം പിൻവലിച്ചു. മൂന്നാമതായി, ധനകാര്യ കമ്മീഷൻ നൽകിവന്ന മേഖലാധിഷ്ഠിത സംസ്ഥാനാധിഷ്ഠിത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ ആവശ്യമില്ലെന്ന് പതിനാലാം ധനകാര്യ കമ്മീഷൻ തീരുമാനിച്ചു. കൂടാതെ ഇപ്രകാരമുണ്ടാകുന്ന വരുമാനനഷ്ടത്തിനു പരിഹാരമായി സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വരുമാന വിഹിതം വർദ്ധിപ്പിച്ചു. അവസാനമായി, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സിഎസ്എസ്) കേന്ദ്ര വിഹിതം 75

ശതമാനത്തിൽ നിന്ന് 60 ശതമാനമായി കുറച്ചു. തന്മൂലം സംസ്ഥാനങ്ങളുടെ തനതു വിഭവങ്ങളുടെ ഏറിയ പങ്കും മുൻഗണന നൽകിയ പദ്ധതികൾക്ക് നൽകാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി വകമാറ്റേണ്ടി വന്നു. കേരളത്തിലേക്കുള്ള കേന്ദ്ര വിഹിത കൈമാറ്റം വർഷങ്ങളായി കുറഞ്ഞുവരികയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം ഏറ്റവും കുറവ് കേരളത്തിലാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള മൊത്തം കേന്ദ്ര ചെലവിൽ, കേരളത്തിന്റെ വിഹിതം 2 ശതമാനത്തിൽ താഴെയാണ്, അതേസമയം ആന്ധ്രാപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവയുടെ വിഹിതം 5 ശതമാനത്തിൽ കൂടുതലാണ്.

പട്ടിക 2.3 2010-11 മുതൽ 2021-22 വരെ കേന്ദ്രത്തിൽ നിന്ന് കേരളത്തിലേക്കുള്ള വിഭവ കൈമാറ്റം, രൂപ കോടിയിലും ശതമാനത്തിലും.

വർഷം	കേന്ദ്ര നികുതികളിലും ചുങ്കത്തിലുമുള്ള ഉള്ള വിഹിതം		ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ		പദ്ധതി ഗ്രാന്റുകൾ		ധനകാര്യ കമ്മീഷൻ വിഹിതം ഒഴികെയുള്ള പദ്ധതിയേതര ഗ്രാന്റുകൾ		ആകെ കൈമാറ്റം	മൊത്തം വരുമാനത്തിൽ മൊത്തം കൈമാറ്റത്തിന്റെ ശതമാനം
	തുക	ആകെ കേന്ദ്ര കൈമാറ്റത്തിന്റെ ശതമാനം	തുക	ആകെ കേന്ദ്ര കൈമാറ്റത്തിന്റെ ശതമാനം	തുക	ആകെ കേന്ദ്ര കൈമാറ്റത്തിന്റെ ശതമാനം	തുക	ആകെ കേന്ദ്ര കൈമാറ്റത്തിന്റെ ശതമാനം		
2010-11	5141.9	70.1	434.43	5.9	1698.0	23.14	64.2	0.9	7338.5	18.9
2011-12	5990.4	61.8	1174.34	12.1	2275.8	23.46	259.0	2.7	9699.6	19.3
2012-13	6841.0	69.4	600.57	6.1	2364.1	23.97	56.9	0.6	9862.2	16.5
2013-14	7468.7	64.4	1568.06	13.5	2458.8	21.18	111.3	0.9	11606.9	17.5
2014-15	7926.3	51.4	1574.27	10.2	5523.9	35.79	409.8	2.7	15434.3	20.1
2015-16	12690.7	58.7	5171.46	23.9	3744.0	17.32	5.9	0.02	21612.0	24.8
2016-17	15225.0	64.1	4954.78	20.9	3260.0	13.73	295.6	1.2	23735.4	23.2
2017-18	16833.1	66.4	3182.04	12.6	3409.1	13.44	1936.7	7.6	25360.9	23.0
2018-19	19038.2	62.8	1646.22	5.4	3953.8	12.99	5789.0	19.0	30427.1	25.3
2019-20	16401.1	59.4	2343.01	8.5	3317.2	12.00	5575.0	20.2	27636.3	24.2
2020-21	11560.4	27.7	18048.8	43.2	5455.1	13.05	6721.4	16.1	41785.7	30.1
2021-22 (പുതുക്കിയ എസ്റ്റിമേറ്റ്)	17332.1	35.4	22559	46.1	6000.0	12.25	3091.1	6.3	48982.2	29.7

അവലംബം: മീഡിയം ടേം ഫിസ്ക്കൽ പോളിസി ആൻഡ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റ് 2021-22 മുതൽ 2023-24 വരെ, കേരള സർക്കാർ

വിവിധ വർഷങ്ങളിലെ പദ്ധതിയുടെ വലിപ്പം

പദ്ധതി ചെലവ് 2010-11ൽ 10,024.57 കോടി രൂപയായിരുന്നത് 2017-18ൽ 29,896.78 കോടി രൂപയായി ഉയർന്നു, എന്നാൽ 2019-20ൽ ഇത് 24,445.21 കോടി രൂപയായി കുറഞ്ഞു. 2020-21 കാലയളവിൽ കൂടുതൽ വായ്പകൾ എടുത്ത് ചെലവുകൾ (36214.22 കോടി രൂപ) നടത്തിയതു മാത്രമാണ് പദ്ധതി വിനിയോഗം അതിന്റെ ഏറ്റവും ഉയർന്ന നിലയിൽ എത്തിച്ചത്. എന്നാൽ സമീപഭാവിയിൽ ഇത് നിലനിൽക്കാൻ സാധ്യതയില്ല, കൂടാതെ ഉയർന്ന നിലയിലുള്ള പദ്ധതി ചെലവുകളിലേക്കുള്ള തിരിച്ചുവരവിന് വിഭവസമാഹരണത്തിന്റെ കാര്യത്തിൽ നൂതനമായ നടപടികൾ ആവശ്യമായി വരും.

പട്ടിക 2.4 2010-11 മുതൽ 2021-22 വരെ പദ്ധതി വിഹിതത്തിലും ചെലവിലും ഉള്ള പ്രവണത

(രൂപ കോടിയിലും ശതമാനത്തിലും)

വർഷം	സംസ്ഥാന പദ്ധതിയുടെ ബജറ്റ് വിഹിതം	വളർച്ച നിരക്ക് (ശതമാനത്തിൽ)	ചെലവ്
2010-11	10025	12.39	10024.57
2011-12	12010	19.80	11758.89
2012-13	14010	16.65	14736.93
2013-14	17000	21.34	14901.28
2014-15	20000	17.65	15567.26
2015-16	20000	0.00	21310.70
2016-17	24,000	20.00	24470.73
2017-18	26,500	10.42	29896.78
2018-19	29,150	10.00	26047.32
2019-20	30,610	5.01	24445.21
2020-21	27,610	-9.80	36214.22
2021-22	27610	0.00	27872.46*

അവലംബം: വിവിധ വാർഷിക പദ്ധതികൾ, 2022-23 ലെ ബജറ്റ്, കേരള സർക്കാർ
* ചെലവ് കണക്ക് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻസ്പെയ്സ് പോർട്ടലിൽ നിന്ന്

സംസ്ഥാനം നേരിടുന്ന കടുത്ത വിഭവ പരിമിതി പദ്ധതികളുടെ വിഹിതത്തെ സാരമായി ബാധിക്കുന്നു, പ്രത്യേകിച്ച് 2018-19 മുതൽ. 2019-20 ലെ വാർഷിക പദ്ധതി വിഹിതത്തിൽ 5 ശതമാനം വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ; മുൻ വർഷങ്ങളിൽ 10 ശതമാനത്തിലേറെയായിരുന്നു വാർഷിക വർധന. എന്നാൽ, 2020-21ൽ വാർഷിക പദ്ധതിയുടെ അടങ്കൽ മുൻവർഷത്തേക്കാൾ 10 ശതമാനം കുറഞ്ഞു. 2020-21 വർഷത്തേക്കുള്ള വാർഷിക പദ്ധതി വിഹിതം 2020-21ന് തുല്യമായി തന്നെ നിലനിർത്തി. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൊത്തം പദ്ധതി വിഹിതമായി വിഭാവനം ചെയ്തിരുന്നത് 2.00 ലക്ഷം കോടി രൂപയായിരുന്നുവെങ്കിലും, നിരവധി പ്രകൃതിദുരന്തങ്ങളും കേന്ദ്രസർക്കാറിന്റെ വിവിധനയങ്ങളും കാരണം, യഥാർത്ഥ പദ്ധതി വിഹിതം 1.40 ലക്ഷം കോടി രൂപ മാത്രമായിരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വിഭവങ്ങൾ

പതിമൂന്നാം പദ്ധതിയുടെ പ്രധാന സാമ്പത്തിക സ്രോതസ്സ് കടമെടുപ്പ് ആയിരുന്നു. പതിമൂന്നാം പദ്ധതിയിലെ ധനസമാഹരണത്തിന്റെ പ്രൊജക്ഷനും റിയലൈസേഷനും സംബന്ധിച്ചുള്ള വിശദാംശങ്ങൾ പട്ടിക 2.5ൽ നൽകിയിരിക്കുന്നു.

പട്ടിക 2.5 പതിമൂന്നാം പദ്ധതി ധനസമാഹരണത്തിന്റെ – പ്രൊജക്ഷനും റിയലൈസേഷനും (കോടി രൂപയിൽ)											
ക്രമ സംഖ്യ	**ഇനം**	**2017–18**		**2018–19**		**2019–20**		**2020–21**		**2021–22**	
		ബജറ്റ് എസ്റ്റിമേറ്റ്	**യഥാർത്ഥമായ**	**ബജറ്റ് എസ്റ്റിമേറ്റ്**	**യഥാർത്ഥമായ**	**ബജറ്റ് എസ്റ്റിമേറ്റ്**	**യഥാർത്ഥമായ**	**ബജറ്റ് എസ്റ്റിമേറ്റ്**	**യഥാർത്ഥമായ**	**റിവൈസ്ഡ് എസ്റ്റിമേറ്റ്**	**യഥാർത്ഥമായ**
I (i)	ബിസിആർ	–5160.14	–4155.56	–1547.28	–7525.15	1771.62	–5776.28	–5612.8	–13345.1	–7396.07	–6357.38
(ii)	പി എഫ്, ലഘു സമ്പാദ്യങ്ങൾ (അറ്റ്)	4877.63	7206.82	4187.54	9619.2	4915.69	8274.1	5285.67	11548	6417.11	18447.47
(iii)	എംസിആർ (അറ്റ്)	**–2227.13**	**2875.87**	**–4490.56**	**1219.41**	**–8543.66**	**–260.27**	**–5190.57**	**2834.29**	**–3819.26**	–1972.39
(iv)	ലഘുസമ്പാദ്യങ്ങൾ (എൻഎസ്എസ് എഫ്) (അറ്റ്)	–349.23	1047.73	890.62	1051.08	778.26	1787.92	1597.74	2438.18	1694.18	2732.83
(v)	കമ്പോളത്തിൽ നിന്നുംകടമെടുക്കൽ (അറ്റ്)(എസ്എൽ ആർ അടിസ്ഥാനമാക്കി)	20221.19	16203.23	20469.03	13984.07	21233.96	12617	22152.51	23066	21256.12	18120.00
(vi)	ധാരണ ഉണ്ടാക്കിയ വായ്പകൾ (അറ്റ്)	–326.86	–274.42	–325.76	353.81	–300	–109.7	–407.08	–407.52	–376.21	–507.45
(vii)	എസിഎ ഫോർ ഇഎപി /മറ്റ് എസിഎ സ്കീമുകൾ	1578.16	577.46	1296.66	575.02	2108.2	2203.91	1823.74	1565.92	2438	915.16
(viii)	നബാർഡ് വായ്പകൾ	1000	600	1000	625.85	800	637.14	600	521.51	750	519.84
(ix)	കേന്ദ്ര വായ്പ തിരിച്ചടവ്	–841.12	–1037.67	–980.25	–1197.03	–1304.07	–1293.87	–1447.21	–1343.02	–1367.78	–1400.47
	ആകെ I to IX	**18772.5**	**23043.46**	**20500**	**18706.26**	**21460**	**18079.95**	**18802**	**26878.3**	**19596.09**	30497.61
II	എൽഎസ് ജി ഐ (II)	6227.5	5298.35	7000	5745.51	7500	4041.06	7158	7008.12	7280	6978.53
III	കെ എസ് ഇ ബി (III)	1500	1554.98	1650	1595.55	1650	2324.2	1650	2327.84	1037.54	2318.02
	മൊത്തം അടങ്കൽ (I+II+III)	**26500**	**29896.79**	**29150**	**26047.2**	**30610**	**24445.21**	**27610**	**36214.2**	**27913.63**	**39794.16**

അവലംബം: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ, ധനകാര്യ വകുപ്പ്, കേരള സർക്കാർ

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ധനസമാഹരണം

സംസ്ഥാനത്ത് ഉയർന്ന തൊഴിൽ സാധ്യതയുള്ള ഒരു ആധുനിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനും ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കാനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, സംസ്ഥാനത്തിന്റെ തനത് നികുതിയും നികുതിയേതര വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണ്. ഈ പശ്ചാത്തലത്തിൽ, പദ്ധതികളും ആസൂത്രണ പ്രക്രിയയും പ്രധാന പങ്ക് വഹിക്കുന്നു. സർക്കാരിന്റെ വികസന സമീപനത്തെ നിർവചിക്കുന്നതിനോടൊപ്പം വികസന കാഴ്ചപ്പാട് കൈവരിക്കുന്നതിന് വിഭാവവിനിയോഗത്തിന് മുൻഗണന നിശ്ചയിക്കുന്നതിനു സഹായിക്കുകയുമാണ് ആസൂത്രണത്തിലൂടെ ഉദ്ദേശിക്കുന്നത്. വികസന ലക്ഷ്യങ്ങളുടെപ്രാധാന്യമനുസരിച്ച് ലഭ്യമായ വിഭവങ്ങൾ സൂക്ഷ്മതയോടെ സമീകരിക്കേണ്ട നിലവിലെ സാഹചര്യത്തിൽ പദ്ധതി ധന സമാഹരണം ഏറെ പ്രാധാന്യമർഹിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി സാമ്പത്തിക വിഭവങ്ങളും വിഭവ സമാഹരണവും സംബന്ധിച്ച ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മൊത്തം സംസ്ഥാന അഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) പ്രൊജക്ഷന്റെയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ശരാശരി പദ്ധതി വലിപ്പത്തിന്റെയും അടിസ്ഥാനത്തിൽ, പതിനാലാം പദ്ധതി കാലയളവിൽ ആവശ്യമായ വിഭവങ്ങളുടെ തോത് വർക്കിംഗ് ഗ്രൂപ്പ് കണക്കാക്കിയിട്ടുണ്ട്.

കോവിഡ്-19 ന്റെ പ്രതികൂല ആഘാതത്തിൽ നിന്ന് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ കരകയറുന്നതിന്റെ ലക്ഷണങ്ങൾ കാണിക്കുന്ന സാഹചര്യത്തിൽ, നോമിനൽ ജിഎസ്ഡിപി പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം 12.5 ശതമാനവും ശേഷിക്കുന്ന കാലയളവിൽ 13.5 ശതമാനവും വളരുമെന്ന് പ്രതീക്ഷിക്കുന്നു. 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിലെ പ്രോജെക്ട് ജിഎസ്ഡിപി കണക്കുകൾ പട്ടിക 2.6-ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2.6 - പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രൊജക്ട് ചെയ്ത മൊത്തം സംസ്ഥാന അഭ്യന്തര ഉൽപാദനം (രൂപ കോടിയിൽ)

വർഷം	2022 -23	2023 - 24	2024 - 25	2025 - 26	2026 - 27
ജിഎസ്ഡിപി (നോമിനൽ)	999643	1124598	1276419	1448736	1644315

അവലംബം: ധനകാര്യ വകുപ്പ്, കേരള സർക്കാർ

പതിമൂന്നാം പദ്ധതി കാലയളവിലെ ശരാശരി പദ്ധതി വിഹിതം ജിഎസ്ഡിപിയുടെ ഏകദേശം 3.5 ശതമാനമായിരുന്നു. പ്രൊജക്ട് ചെയ്ത ജിഎസ്ഡിപി അനുസരിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലും മുൻ പദ്ധതിയുടെ അതേ തോതിൽ ചെലവ് നിലനിർത്തണമെങ്കിൽ ആവശ്യമായ വിഭവങ്ങൾ 2,25,000 കോടി രൂപയാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭവസമാഹരണത്തിനുള്ള വെല്ലുവിളികൾ

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തിന്റെ വികസനത്തിനായി ധനസ്രോതസ്സുകൾ സ്വരൂപിക്കുന്നതിൽ കേരളം നിരവധി വെല്ലുവിളികൾ നേരിടുന്നു. ഒന്നാമതായി, ജി.എസ്.റ്റി നടപ്പിലക്കിയത് നികുതികളിലൂടെ വിഭവങ്ങൾ സമാഹരിക്കാനുള്ള സാമ്പത്തിക ഇടം പരിമിതപ്പെടുത്തി. കൂടാതെ, കേന്ദ്രവും സംസ്ഥാനവും തമ്മിൽ ജി.എസ്.റ്റി നിരക്കുകൾ തുല്യമായി പങ്കിടുന്നത് സംസ്ഥാനങ്ങളുടെ നികുതി അടിത്തറയിൽ ഗണ്യമായ കുറവുണ്ടാക്കി. ജി എസ് റ്റി നഷ്ടപരിഹാരം തുടരാനുള്ള സാധ്യത കുറഞ്ഞതിനാൽ കേരളം കടുത്ത സാമ്പത്തിക ക്ഷാമം നേരിടും.

രണ്ടാമത്, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ അനുസരിച്ച്, പങ്കിടാവുന്ന നികുതികളിൽ കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5 ശതമാനത്തിൽ നിന്നും 1.925 ശതമാനമായി കുറഞ്ഞു. വിഹിതം കുറയുന്നത് സംസ്ഥാനത്തിന് ലഭ്യമായ വിഭവങ്ങളെ ബാധിക്കും.

മൂന്നാമതായി, റവന്യൂ കമ്മി ഗ്രാന്റ് 2023-24 ന് ശേഷം നിർത്തലാക്കും. 2020-21ൽ 15323 കോടി രൂപയും 2021-22ൽ 19891 കോടി രൂപയും 2022-23ൽ 13174 കോടി രൂപയും 2022-23ൽ 4749 കോടി രൂപയും കേരളത്തിന് റവന്യൂ കമ്മി ഗ്രാന്റായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

നാലാമതായി, 2025-26ൽ സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനമായി (മഹാമാരി സമയത്ത് ഇത് 5 ശതമാനമായി ഉയർത്തി) തിരികെ കൊണ്ടുവരും. സാമ്പത്തിക വർഷത്തിന്റെ പ്രാരംഭ മാസങ്ങളിൽ സാമ്പത്തിക ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരളം പോലെ കുറഞ്ഞ വിഭവശേഷിയുള്ള സംസ്ഥാനങ്ങൾ പലപ്പോഴും ഫ്രന്റ് ലോഡ് കടം വാങ്ങൽ സമ്പ്രദായം ഉപയോഗപ്പെടുത്താറുണ്ട്. മുൻവർഷങ്ങളിൽ കേന്ദ്രസർക്കാരിൽ നിന്ന് ഫ്രന്റ് ലോഡ് കടം വാങ്ങാൻ അനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിട്ടത് സംസ്ഥാനത്തിന്റെ ധനകാര്യ നിർവ്വഹണത്തെ ബാധിച്ചിരുന്നു.

പതിനാലാം പദ്ധതിയിൽ വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉയർന്ന വളർച്ചാ പ്രവണത ഉറപ്പാക്കാൻ എടുക്കുന്ന സജീവ നടപടികൾ നിർണായകമാണ്. തനത് നികുതി വരുമാനത്തിലെ പ്രധാന ഘടകങ്ങളുടെ വളർച്ചാ നിരക്കിലെ കുറവ് മറികടക്കാൻ ആയില്ലെങ്കിൽ, സംസ്ഥാനത്തിന് അതിന്റെ ചെലവ് ബാധ്യതകൾ നിറവേറ്റാൻ മതിയായ സാമ്പത്തിക ഇടം ഉണ്ടായിരിക്കില്ല.

സാമ്പത്തിക വിഭവങ്ങളും വിഭവ സമാഹരണവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശകൾ.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ വർധിപ്പിക്കുന്നതിന് സാമ്പത്തിക വിഭവങ്ങളും വിഭവ സമാഹരണവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് ഇനിപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്:

1. ചരക്ക് സേവന നികുതിയുടെ ശേഖരണം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. ജി എസ് റ്റി വകുപ്പിന്റെ ഭരണപരവും നിർവ്വഹണപരവുമായ നടപടികൾ നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ജി എസ് റ്റി ഓഫീസുകൾ നവീകരിക്കുകയും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള നികുതി വെട്ടിപ്പ് സംബന്ധിച്ച വിവരങ്ങൾ പുറത്തേയ്ക്കു കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ വികസിപ്പിക്കുകയും വേണം.
2. ജി.എസ്.റ്റി ഭരണ നിർവ്വഹണം നവീകരിക്കുന്നതിൽ ഊന്നൽ നൽകണം. ജി എസ് റ്റി വകുപ്പിന് തത്സമയ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കാൻ ടാക്സ് പ്ലാനിംഗ് റിസർച്ച് യൂണിറ്റ് കൊണ്ടുവരാവുന്നതാണ്. വരുമാന സമാഹരണത്തിന് സാധ്യതയുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി സമ്പദ്‌വ്യവസ്ഥയുടെ ഉപമേഖലകളിലെ ത്രൈമാസ പ്രവണതകൾ കൺകറന്റ് മോണിറ്ററിംഗിന്റെ ഭാഗമായി അവലോകനം ചെയ്യേണ്ടതാണ്. ടാക്സ് പ്ലാനിംഗ് ആൻഡ് റിസർച്ച് യൂണിറ്റിന് ഈ പ്രവണതകൾ വിശകലനം ചെയ്യാനും നികുതിശേഖരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ ശുപാർശ ചെയ്യാനും കഴിയും. 2021-22 മുതൽ 18 ശതമാനം നിശ്ചിത വളർച്ചാ നിരക്ക് കൈവരിക്കാൻ ജി.എസ്.ടി വകുപ്പിന് ഒരു വിഷൻ സ്റ്റേറ്റ്മെന്റ് ആവശ്യമാണ്.
3. നികുതി മൂല്യനിർണയത്തിലെ അധികാരപരിധി എന്ന ആശയം ഇല്ലാതാക്കേണ്ടതുണ്ട്. നഷ്ടം അടിസ്ഥാനമാക്കിയുള്ള ചെക്ക്‌ലിസ്റ്റിൽ അധിഷ്ഠിതമായ്, സൂക്ഷ്മപരിശോധനയ്ക്കുള്ള കേസുകൾ കേന്ദ്രീകൃതമായി തിരഞ്ഞെടുക്കുകയും ക്രമരഹിതമായി സംസ്ഥാനത്തുടനീളമുള്ള മൂല്യനിർണ്ണയ സർക്കിളുകൾക്ക് നൽകുകയും വേണം.
4. അന്തർ സംസ്ഥാന ചരക്ക് ഇടപാടുകളുടെ നിരീക്ഷണം മെച്ചപ്പെടുത്തേണ്ടതുണ്ട്.
5. നികുതിയേതര വരുമാനത്തിന്റെ പുതിയ ഉറവിടങ്ങൾ കണ്ടെത്തുന്നതിനായി കൂട്ടായ ശ്രമം ആവശ്യമാണ്.
6. നികുതി, നികുതി ഇതര സ്രോതസ്സുകൾ വഴി വിഭവങ്ങൾ സമാഹരിക്കാനുള്ള എല്ലാ ശ്രമങ്ങളോടൊപ്പം, ചെലവുകൾ, പ്രത്യേകിച്ച് റവന്യൂ ചെലവുകൾ യുക്തിസഹമാക്കുന്നതിലും സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. സർക്കാർ നിയോഗിച്ച പൊതുചെലവ് അവലോകന സമിതികൾ ഉൾപ്പെടെയുള്ള വിവിധ കമ്മിറ്റികൾ ചെലവുകളുടെ രീതി അവലോകനം ചെയ്യുകയും അവ യുക്തിസഹമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വിഭവങ്ങൾ കുറയുന്നതിന്റെയും ചെലവ് വർദ്ധിക്കുന്നതിന്റെയും പശ്ചാത്തലത്തിൽ, ചെലവിനങ്ങൾക്ക് മുൻഗണന നൽകുന്നത് പ്രാധാന്യം അർഹിക്കുന്നു.
7. നബാർഡിന്റെ ചെലവ് കുറഞ്ഞ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കും കീഴിലുള്ള ഫണ്ടുകളും ഉപയോഗപ്പെടുത്തുന്നത് വഴി വിഭവശേഷി വർധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യമേഖലകളിൽ കിഫ്ബിയുടെ നിക്ഷേപവും ക്രൌഡിംഗ് ഇൻ ഇഫെക്ടും

സംസ്ഥാനത്തേക്ക് അധിക നിക്ഷേപം ആകർഷിക്കുന്നതിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിലും കിഫ്ബിയുടെ പങ്ക് നിർണായകമാണ്. ഉദാഹരണത്തിന്, കേരളത്തിലെ ഭൂമി ഏറ്റെടുക്കലിൻറെ ഉയർന്ന ചിലവ് കാരണം നിർത്തിവച്ച സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനം, ഭൂമി ഏറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം സംസ്ഥാന വിഹിതമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് (എൻഎച്ച്എഐ) കിഫ്ബി നൽകിയതോടെ പുനരാരംഭിച്ചു. ഈ തുക സമയോചിതമായി നൽകിയതു കാരണം ഭൂമി ഏറ്റെടുക്കലിനായി ബാക്കി 75 ശതമാനം എൻഎച്ച്എഐ നൽകുകയും അതനുസരിച്ച് ദേശീയപാതവികസനം വേഗത്തിലകുകയും ചെയ്തു. ഈ തോതിൽ അടിസ്ഥാന സൗകര്യമേഖലകളിൽ ഉള്ള നിക്ഷേപം സമ്പദ്വ്യവസ്ഥയിൽ ഗുണിത ഫലമുണ്ടാക്കും. നിയമഭേദഗതിയിലൂടെ നൽകിയിരിക്കുന്ന അധികവ്യാപ്തിയും ഘടനയും ഉപയോഗിച്ച് ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങളുടെ ആസൂത്രിതവും തടസ്സരഹിതവും സുസ്ഥിരവുമായ വികസനം സുഗമമാക്കുന്നതിന് ഫണ്ട് കണ്ടെത്തുന്നതിനും വിനിയോഗിക്കുന്നതിനും കിഫ്ബിക്ക് സാധിക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് നടപടികൾ ചുവടെ പ്രതിപാദിക്കുന്നവയാണ്:

സാമ്പത്തിക വളർച്ച സൃഷ്ടിക്കുന്ന നടപടികൾ

1. ടൂറിസം, ഭക്ഷ്യ സംസ്കരണം, ഐടി, ഫാർമസ്യൂട്ടിക്കൽസ്, ഗവേഷണ വികസനം തുടങ്ങിയ വളർച്ചാ സാധ്യതയുള്ള മേഖലകൾ തിരിച്ചറിയുകയും ഈ മേഖലകളിലെ വളർച്ചയും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
2. ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന് സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുക.
3. വൻതോതിലുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളിൽ ഉചിതമായിടത്ത് പൊതു സ്വകാര്യ പങ്കാളിത്ത മാതൃക സ്വീകരിക്കുക.
4. കയറ്റുമതി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചരക്കുകളുടെയും സേവനങ്ങളുടെയും വൈവിധ്യവൽക്കരണത്തിനും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന കയറ്റുമതി നയം രൂപീകരിക്കുക. കൃഷി, ഭക്ഷ്യ സംസ്കരണം, ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകാവുന്നതാണ്.
5. കേരളത്തിൽ കലാകായിക വിനോദങ്ങൾക്കുള്ള വലിയ വിപണി ഉപയോഗപ്പെടുത്തുക. സംസ്ഥാനത്തിന് നികുതി-നികുതി ഇതര വരുമാനം ഉണ്ടാക്കുകയും സാമ്പത്തിക പ്രവർത്തനത്തിനും വിനോദസഞ്ചാരികളുടെ ഒഴുക്കിനും കാരണമാകുകയും ചെയ്യുന്ന വലിയ കായിക മത്സരങ്ങളും സാംസ്കാരിക പരിപാടികളും പ്രോത്സാഹിപ്പിക്കുക.

വരുമാനം പരമാവധിയാക്കൽ

1. ചെലവ് യുക്തിസഹമാക്കുകയും വരുമാന അടിത്തറ വിപുലീകരിക്കുകയും ചെയ്തുകൊണ്ട് സർക്കാർ അധിക വിഭവങ്ങൾ സമാഹരിക്കണം.
2. വിശാലമായ നികുതി അടിത്തറ, കുറഞ്ഞ നിരക്കുകൾ, പരിമിതമായ ഇളവുകൾ, എളുപ്പത്തിൽ പാലിക്കൽ, വിപുലമായ ഡാറ്റയുടെയും സാങ്കേതികവിദ്യയുടെയും ഫലപ്രദമായ ഉപയോഗം എന്നിവയിലൂടെ നികുതി വെട്ടിപ്പ് കുറയ്ക്കാനുള്ള ശ്രമങ്ങൾ നടത്തുക.
3. ഇതുവരെ കാര്യമായി ഉപയോഗിക്കപ്പെടാത്ത നികുതി സ്രോതസ്സുകളായ നഗര സ്ഥാവര വസ്തു നികുതി, വിനോദ നികുതി, വൈദ്യുതി നികുതികളും തീരുവകളും പോലുള്ളവ ഉപയോഗപ്പെടുത്തുക. നല്ല വരുമാന സാധ്യതയുള്ള പുതിയ നികുതി, നികുതി ഇതര സ്രോതസ്സുകൾക്കായി ഒരു ഡാറ്റാബേസ് സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. അതുവഴി അവ വേണ്ടത്ര ഉപയോഗപ്പെടുത്താനാകും.
4. പ്രധാന തനത് നികുതി വരുമാന സ്രോതസ്സുകളുടെ വളർച്ച ഉറപ്പാക്കുന്നതിലൂടെ കേരളത്തിന്റെ തനത് നികുതി വരുമാന സമാഹരണം ശക്തിപ്പെടുത്തുക. ഉദാഹരണത്തിന്, ഭൂമി രജിസ്ട്രേഷനിലെ അപാകതകൾ തടയുന്നതിന് തമിഴ് നാട്, കർണാടകം തുടങ്ങിയ പല സംസ്ഥാനങ്ങളിലും പിന്തുടരുന്ന ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്.
5. സംസ്ഥാന ലോട്ടറികളുടെ വിൽപനയിൽ നിന്നുള്ള വരുമാനം കേരളത്തിന്റെ തനത് നികുതിയേതര വരുമാനത്തിന്റെ 66.5% ആയതിനാൽ ലോട്ടറിയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നത് പരിശോധിക്കാവുന്നതാണ്.

6. നികുതി നിർവഹണത്തിലെ കാര്യക്ഷമത വർധിപ്പിക്കുക, പാലിക്കൽ ലളിതമാക്കുക, നികുതി വ്യവസ്ഥയിൽ പ്രവചനാത്മകതയും സ്ഥിരതയും സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ നിലവിലെ നികുതി നിർവഹണം അവലോകനം ചെയ്ത് കാര്യക്ഷമമാക്കി ഡിജിറ്റൈസ് ചെയ്യുക.
7. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം ഡിവിഡന്റുകളുടെയും ലാഭത്തിന്റെയും രൂപത്തിൽ ഗണ്യമായ നികുതിയേതര വരുമാനം ലഭ്യമാക്കും.

ചെലവ് യുക്തിസഹമാക്കൽ

1. സാമൂഹിക മേഖലയിലുൾപ്പെടെ ബജറ്റ് വിഹിതത്തിൽ മൂലധനച്ചെലവിന്റെ വിഹിതം വർധിപ്പിക്കാൻ ശ്രമിക്കണം.
2. മൂലധനച്ചെലവിനുള്ളിൽ തന്നെ, സാമൂഹിക ആനുകൂല്യങ്ങൾ സാമ്പത്തിക ചെലവുകളേക്കാൾ കവിയുന്ന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. മൂലധനച്ചെലവ് പദ്ധതികളുടെ കാര്യത്തിൽ പണമൊഴുക്കിന്റെ നിലവിലെ അറ്റമൂല്യം (Net present value of cash flows) ഉൾക്കൊള്ളിച്ചുകൊണ്ട് നന്നായി നിർവചിക്കപ്പെട്ട ഒരു ശാസ്ത്രീയ സൂത്രവാക്യം രൂപപ്പെടുത്തണം.
3. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന് സമാനമായ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സാമൂഹ്യക്ഷേമ പരിപാടികളുടെ സമയബന്ധിതവും കാലാനുസൃതവുമായ നിരീക്ഷണം നടത്തണം.

സാമ്പത്തിക ഫെഡറലിസത്തിന്റെ സത്ത ശക്തിപ്പെടുത്തൽ

1. കേന്ദ്രത്തിൽ നിന്നുള്ള പങ്കിടാവുന്ന നികുതി വരുമാനത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 41ൽ നിന്ന് 50 ശതമാനമായി ഉയർത്തണം.
2. ജി.എസ്.ടി കൗൺസിലിൽ കേന്ദ്രം അനുഭവിച്ചുവരുന്ന നിലവിലുള്ള വീറ്റോ നീക്കം ചെയ്ത് സംസ്ഥാനങ്ങൾക്ക് കൂടുതൽ വോട്ടിംഗ് അധികാരം നൽകണം.
3. കേന്ദ്ര ധനകാര്യ കമ്മീഷൻ ജി.എസ്.ടി നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ യഥാർത്ഥ നഷ്ടം കണക്കാക്കുകയും ഉചിതമായ നഷ്ടപരിഹാരം ശിപാർശ ചെയ്യുകയുമാവം.
4. ഓരോ സംസ്ഥാനത്തിലുമുള്ള ജനസംഖ്യാപരമായ വ്യതിയാനങ്ങൾ കണക്കിലെടുത്ത് ജനസംഖ്യയെ ഒരു ശാസ്ത്രീയ സൂചകമായി കണക്കാക്കേണ്ടതും നികുതികളുടെ തിരശ്ചീന വിഭജനത്തിനുള്ള മാനദണ്ഡം ഇതായിരിക്കുകയും വേണം.
5. കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന കൂടുതൽ വിഭവങ്ങൾ പങ്കിടണം.
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടുകൾ ചെലവഴിക്കുന്നതിൽ മുൻഗണന നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകേണ്ടതുണ്ട്. പൊതു സേവനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം, പ്രാദേശിക തലത്തിലുള്ള വികസനപദ്ധതികൾ, ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി ഈ ഫണ്ട് ഉപയോഗിക്കാം.
7. സംസ്ഥാനത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളേയും സാമ്പത്തിക ആവശ്യകതയിലെ വളർച്ചയേയും അടിസ്ഥാനമാക്കി വേണം കമ്മി ലക്ഷ്യങ്ങളും കടമെടുക്കൽ പരിധിയും നിശ്ചയിക്കേണ്ടത്.
8. വികസന ആവശ്യങ്ങൾക്കായി ബജറ്റിന് പുറത്ത് നിന്ന് കടമെടുക്കുന്നത് ഉൾപ്പെടെയുള്ള മാർഗങ്ങൾ ഉപയോഗിച്ച്ഫണ്ട് സമാഹരിക്കാൻ സംസ്ഥാന സർക്കാരിന് സ്വാതന്ത്ര്യം നൽകണം. ഇതിന് നിയമപരമായ ഉത്തരവാദിത്തം ഉറപ്പാക്കുകയും വേണം.

നോട്ട് അസാധുവാക്കൽ, നിഷ്പക്ഷ നിരക്കിലുള്ള റവന്യൂ ഇതര വരുമാന വിഭജനം, ജി.എസ്.റ്റി നടപ്പാക്കിയതിലെ പ്രശ്നങ്ങൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിനപ്പുറമുള്ള നയപരമായ തിരിച്ചടികളുടെ ഒരു പരമ്പരയാണ് സാമ്പത്തിക ഏകീകരണ പാതയിലൂടെ ധനകാര്യം മെച്ചപ്പെടുത്താനുള്ള കേരളത്തിന്റെ ശ്രമങ്ങളെ തകർത്തത്. അധിക കടം വാങ്ങുന്നതിന് കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ സഹകരണ ഫെഡറലിസത്തിന്റെ അന്തസത്ത ലംഘിച്ചതായി സംസ്ഥാനങ്ങളിൽ നിന്ന് വിമർശനം ഉയർന്നിട്ടുണ്ട്. വിഷമഘട്ടങ്ങളിൽ മതിയായ ധനസഹായം ലഭ്യമാകുമ്പോൾ മാത്രമേ സഹകരണ ഫെഡറലിസം അർത്ഥപൂർണ്ണമാകുകയുള്ളൂ. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് മതിയായ വിഭവ അടിത്തറ അനിവാര്യമാണ്. തനത് വരുമാന സമാഹരണത്തിൽ സംസ്ഥാനത്തിന് ഒരു വീഴ്ചയും വരുത്താനാവില്ല. തനത് വിഭവസമാഹരണം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് സാമ്പത്തിക മേഖലയിൽ പ്രത്യേക പരിഗണന നൽകണം.

അദ്ധ്യായം 3

കൃഷിയും അനുബന്ധമേഖലകളും

3.1 കൃഷി

മേഖലയുടെ അവലോകനം

ജൈവവൈവിധ്യം, ബഹുവർഷവിളകളുടെ പ്രാമുഖ്യം, വലിയൊരു വിഭാഗം നാമമാത്ര കർഷകർ, തുണ്ടുവൽകൃത ഭൂമിയുടെ ബാഹുല്യം, പുരയിടകൃഷി എന്നീ പ്രത്യേകതകൾ കൊണ്ട് വിശിഷ്ടമായ കാർഷികമേഖലയാണ് സംസ്ഥാനത്തുള്ളത്. കഴിഞ്ഞ കുറെ കാലങ്ങളായി ഈ മേഖല കാര്യമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഭക്ഷ്യവിളകളിൽ നിന്ന് ഭക്ഷ്യേതര വിളകളിലേക്കുള്ള പരിവർത്തനം, ഭൂവിനിയോഗ രീതിയിലുള്ള മാറ്റം, കാർഷിക സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ദ്വിതീയ, തൃതീയ മേഖലകളിലേക്കുള്ള മാറ്റം എന്നിവ ഇതിൽ പ്രധാനമാണ്.

കാർഷിക-അനുബന്ധ മേഖലകളുടെ വാർഷിക വളർച്ചാ നിരക്ക് വർഷങ്ങളായി ഏറിയും കുറഞ്ഞുമിരിക്കുന്ന പ്രവണതയാണ് കാണുന്നത്. 2016-17ൽ (-) 0.65 ശതമാനമായിരുന്ന കൃഷിയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും (വിളകൾ, കന്നുകാലികൾ, വനവൽക്കരണം, മരം മുറിക്കൽ, മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയുൾപ്പെടെ) വാർഷിക വളർച്ചാ നിരക്ക് (2011-12 ലെ സ്ഥിരമായ വിലയിൽ) 2017-18 ൽ, 2.11 ശതമാനമായി ഉയർന്നു. തുടർച്ചയായ രണ്ട് വെള്ളപ്പൊക്കം, ഓഖി, കോവിഡ്-19 മഹാമാരി എന്നിങ്ങനെയുള്ള അപ്രതീക്ഷിത പ്രതികൂല സാഹചര്യങ്ങൾ നിമിത്തം അടുത്ത രണ്ട് വർഷങ്ങളിൽ ഉണ്ടായ നെഗറ്റീവ് വളർച്ചാ നിരക്ക്, 2020-21 ൽ ഒരു പരിധിവരെ പരിഹരിച്ച്, 3.38 ശതമാനം വളർച്ച രേഖപ്പെടുത്തി. ഈ കാലയളവിൽ വിള ഉൽപാദനത്തിൽ രേഖപ്പെടുത്തിയ 5.54 ശതമാനം വളർച്ചാ നിരക്ക് മേഖലയുടെ വികസനത്തിന് ഗണ്യമായ സംഭാവന നൽകി.

സംസ്ഥാനത്ത് ഇപ്പോഴും കൃഷിയെ ആശ്രയിക്കുന്ന കുടുംബങ്ങൾ ഉണ്ട്. 2018-19 ലെ എൻ.എസ്.എസ്.ഒ യുടെ സ്ഥിതി വിലയിരുത്തൽ സർവ്വെ പ്രകാരം 44 ലക്ഷം ഗ്രാമീണ കുടുംബങ്ങളിൽ 33 ശതമാനവും (14 ലക്ഷം കുടുംബങ്ങൾ) കാർഷിക കുടുംബങ്ങളാണ്. അതിൽ 34.4 ശതമാനം വിള ഉൽപാദനത്തിൽ സ്വയം തൊഴിൽ ചെയ്യുന്നു. 2015-16 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 75.83 ലക്ഷം കൃഷിയിടങ്ങളാണുള്ളത്. പ്രതിശീർഷ ഭൂലഭ്യത ചുരുങ്ങി 0.18 ഹെക്ടറായിട്ടുണ്ട്. സംസ്ഥാനത്തെ 96.7 ശതമാനം കൃഷിയിടങ്ങളും ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ളവയാണ് എന്നത് കൃഷിയിടങ്ങളുടെ തുണ്ടുവൽക്കരണത്തിന്റെ തീവ്രത സൂചിപ്പിക്കുന്നു.

കേരളത്തിന്റെ ഭൂവിനിയോഗ രീതിയിൽ 2000-01 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ സാരമായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. 2020-21 ൽ മൊത്തം ഭൂവിസ്തൃതിയിൽ കാർഷികേതര പ്രദേശം, കൃഷിക്കനുയോജ്യമായ പാഴ്ഭൂമി, ഇപ്പോഴുള്ള തരിശു ഭൂമിയിൽ ഉൾപ്പെടാത്ത തരിശുഭൂമി എന്നിവയുടെ വിഹിതം വർധിക്കുകയും മൊത്തം വിളവിറക്കിയിട്ടുള്ള പ്രദേശത്തിന്റെ വിസ്തൃതി 77 ശതമാനത്തിൽ നിന്നും 66 ശതമാനമായി കുറയുകയും ചെയ്തു.

സംസ്ഥാനത്തെ വിള സമ്പ്രദായത്തിലും കാര്യമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. 1980-81 ൽ മൊത്തം കൃഷി വിസ്തൃതിയുടെ 37.46 ശതമാനം ഭക്ഷ്യവിളകളായിരുന്നു. ഇത് 2020-21 ൽ 11.03 ശതമാനമായി കുറഞ്ഞു. എന്നാൽ ഈ കാലയളവിൽ പ്രധാന നാണ്യവിളകളുടെ വിഹിതം 44.59 ശതമാനത്തിൽ നിന്ന് 62.3 ശതമാനമായി വർദ്ധിച്ചു. വിളകളിൽ, മൊത്തം കൃഷി വിസ്തൃതിയുടെ 29.9 ശതമാനത്തോടെ നാളികേര കൃഷിയ്ക്കായിരുന്നു പ്രാമുഖ്യം.

സംസ്ഥാനത്ത് കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നേതൃത്വം നൽകുന്നു. വിള പരിപാലനം, വിപണനം, സംഭരണം എന്നീ ഉപമേഖലകളിൽ ഉൾപ്പെടുത്തിയുള്ള വിവിധ പരിപാടികൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ), കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചർ പ്രൊഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹോർട്ടികോർപ്പ്), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നീ ഏജൻസികളുമായി സഹകരിച്ചു നടപ്പിലാക്കുന്നു. പഴം പച്ചക്കറികളുടെ, ഉൽപ്പാദനം, മൂല്യവർദ്ധന, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ

പ്രവർത്തിക്കുന്നു. ഹോർട്ടികൾച്ചർ ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, വിലക്കയറ്റം തടയൽ എന്നീ മേഖലകളിൽ ഹോർട്ടികോർപ്പ് പ്രവർത്തിക്കുന്നു. കാർഷിക ഉൽപന്നങ്ങളുടെ ശാസ്ത്രീയമായ സംഭരണത്തിനും സംഭരണ സൗകര്യങ്ങൾ ഒരുക്കുന്നുന്നതിനും കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ പ്രവർത്തിക്കുന്നു. കേരള കാർഷിക സർവകലാശാല, കൃഷി, വനവൽക്കരണം, കാർഷിക എഞ്ചിനീയറിംഗ്, സഹകരണം, ബാങ്കിംഗ് എന്നീ മേഖലകളിൽ ഗവേഷണവും വിദ്യാഭ്യാസവും വികസിപ്പിക്കുന്നതിനുള്ള പരിപാടികളിൽ ഏർപ്പെട്ടിരിക്കുന്നു.

പതിമൂന്നാം പഞ്ചവൽസര പദ്ധതി

പതിമൂന്നാം പദ്ധതിയിൽ കാർഷിക മേഖലയുടെ ഉൽപ്പാദനക്ഷമത, ലാഭക്ഷമത, സുസ്ഥിരത എന്നിവയിലായിരുന്നു പ്രധാനമായും ഊന്നൽ നൽകിയത്. നെല്ലിന്റെ വിസ്തൃതി 3 ലക്ഷം ഹെക്ടറിലേക്കും പച്ചക്കറി കൃഷി 1.05 ലക്ഷം ഹെക്ടറിലേക്കും വ്യാപിപ്പിക്കുക എന്നതായിരുന്നു കാർഷിക വികസനത്തിന്റെ പ്രധാന തന്ത്രം. തെങ്ങ്, കുരുമുളക്, ചെറു ധാന്യങ്ങൾ, ഔഷധ സസ്യങ്ങൾ, ഫല സസ്യങ്ങൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പുഷ്പകൃഷി എന്നിവയുൾപ്പെടുന്ന വിള വികസന പരിപാടികളെല്ലാം ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാധാന്യം നൽകി. കൃഷിച്ചെലവ് കുറയ്ക്കുന്നതിനായി ഫാം യന്ത്രവൽക്കരണ പ്രോത്സാഹനം, തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് എല്ലാ ബ്ലോക്കുകളിലും അഗ്രോ സർവീസ് സെന്ററുകളുടെ സ്ഥാപനം, ഗ്രാമ-നഗര പ്രദേശങ്ങളിലെ വിപണന സൗകര്യങ്ങളുടെ ശാക്തീകരണം , കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് മൂല്യവർദ്ധന പ്രോത്സാഹനം എന്നിവയായിരുന്നു ശ്രദ്ധാകേന്ദ്രമായ മറ്റ് മേഖലകൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാന കാർഷിക പദ്ധതികൾക്കായുള്ള മൊത്ത ബജറ്റ് വിഹിതം 3773.75 കോടി രൂപയായിരുന്നു. ഇതിൽ കാർഷിക ഗവേഷണത്തിനും വിദ്യാഭ്യാസത്തിനുമായി 382.28 കോടി രൂപയും, ബാക്കി 3391.47 കോടി രൂപ വിളപരിപാലനം, കാർഷിക വിപണനം, സംഭരണം, വയനാട് പാക്കേജ് ഉൾപ്പെടെ മറ്റ് കാർഷിക പരിപാടികൾക്കു വേണ്ടിയുമായിരുന്നു. കാർഷിക ഗവേഷണവും വിദ്യാഭ്യാസവും ഉൾപ്പെടെ കാർഷിക വികസനത്തിനായി വകയിരുത്തിയ തുകയും സാമ്പത്തിക നേട്ടവും താഴെ പട്ടികയിൽ കാണാം. സംസ്ഥാന പദ്ധതിക്ക് പുറമേ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ) കീഴിൽ 521.57 കോടി രൂപയും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന് (കിഫ്ബി) കീഴിൽ 100.13 കോടി രൂപയും ഈ കാലയളവിൽ കാർഷിക മേഖലയിലെ വിവിധ വികസന പരിപാടികൾക്കായി ലഭിച്ചു.

പട്ടിക 3.1 കൃഷി വകുപ്പിന്റെ ഉപമേഖല തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും

(രൂപ കോടിയിൽ)

ക്രമ നമ്പർ	ഉപമേഖല	പതിമൂന്നാം പദ്ധതി		
		വിഹിതം	ചെലവ്	%
1	വിള പരിപാലനം (കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം ഉൾപ്പെടെ)	2952.10	2637.35	89
2	വിപണനം, സംഭരണം, വെയർഹൗസിംഗ്	329.92	277.82	84
3	മറ്റ് പരിപാടികൾ	7.75	23.30	246
4	വയനാട് പാക്കേജും പ്രത്യേക കാർഷിക മേഖലയും	101.70	62.06	61
	മൊത്തം തുക	**3391.47**	**3000.53**	**89**
5	കാർഷിക ഗവേഷണവും വിദ്യാഭ്യാസവും	382.28	187.47	49
	ആകെ തുക	**3773.75**	**3188.00**	**84**

അവലംബം: കൃഷി വകുപ്പ്

പതിമൂന്നാം പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നെൽകൃഷി വിസ്തൃതിയിലുണ്ടായിക്കൊണ്ടിരുന്ന കുറവ് ഏറെക്കുറെ തടഞ്ഞു നിർത്തുവാൻ സാധിച്ചു. പ്രളയം പോലെയുള്ള പ്രതികൂല സാഹചര്യങ്ങൾ അപ്രതീക്ഷിതമായി ഉണ്ടായെങ്കിലും, 2015-16ൽ 1.97 ലക്ഷം ഹെക്ടറായിരുന്ന നെൽകൃഷി 2020-21ൽ 2.02 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. 2017-18 മുതൽ നെല്ലിന്റെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും

ക്രമാനുഗതമായ വർദ്ധനവുണ്ടായി. കഴിഞ്ഞ പത്ത് വർഷത്തിനിടെ നെല്ലിന്റെ ഏറ്റവും ഉയർന്ന ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും യഥാക്രമം 6.27 ലക്ഷം ടണ്ണും ഹെക്ടറിന് 3105 കിലോഗ്രാമും, 2020-21 ൽ രേഖപ്പെടുത്തി. പച്ചക്കറി മേഖലയിലുണ്ടായ പുരോഗതിയാണ് ശ്രദ്ധേയമായ മറ്റൊരു നേട്ടം. പച്ചക്കറി കൃഷി വിസ്തൃതി 1.02 ലക്ഷം ഹെക്ടറായും ഉത്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണായും വർദ്ധിച്ചു. 2015-16 ൽ ഇത് യഥാക്രമം 46500 ഹെക്ടറും 6.3 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

നാളികേര വികസന കൗൺസിൽ, ഫലവർഗ്ഗകൃഷി വികസന പരിപാടി, കാർഷിക പരിസ്ഥിതി അടിസ്ഥാനമാക്കിയുള്ള വിള ആസൂത്രണം എന്നിവ ഈ കാലയളവിലെ പ്രധാന സംരംഭങ്ങളിൽ ചിലതാണ്. നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി, അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളും പ്രാദേശിക ഇനങ്ങളും നട്ടുപിടിപ്പിക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക വ്യവസായവുമായി മുന്നോട്ടുള്ള ബന്ധം ഉറപ്പാക്കുന്നതിനുമായി 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 2018 ൽ നാളികേര വികസന കൗൺസിലിന് ആരംഭം കുറിച്ചു. ആദ്യത്തെ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ പ്രധാനമായും നെടിയ ഇനം (വെസ്റ്റ് കോസ്റ്റ് ട്ടാൾ), സങ്കരയിനം തുടങ്ങിയ അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിലും വിതരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും 21.66 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്തു. നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനായി നടപ്പാക്കിയ കേരഗ്രാമം പരിപാടി 275 കേരഗ്രാമങ്ങളിൽ വ്യാപിപ്പിച്ചു.

നാടൻ പഴങ്ങളും വിദേശ പഴങ്ങളും ഉൾപ്പെടെ ഫലവർഗ്ഗ വിളകളുടെ കൃഷി സംസ്ഥാനത്ത് പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2020-ൽ സമഗ്ര പഴ വികസന പരിപാടി ആരംഭിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾ ഫലവിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുകയും, 2.20 കോടി ഫലവർഗ്ഗങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവയായി ഏകദേശം 30 ഇനങ്ങളുടെ തൈകൾ വിതരണം ചെയ്യുകയും ചെയ്തു.

സാമ്പത്തികവും പാരിസ്ഥിതികവുമായ സുസ്ഥിരതയും കർഷക ക്ഷേമവും ഉറപ്പാക്കുന്നതിനായി പ്രാദേശിക അടിസ്ഥാനത്തിലുള്ള വിള തെരഞ്ഞെടുക്കുന്നതിന്റെയും വിള പരിപാലന ശിപാർശകളുടെയും പ്രാധാന്യം കണക്കിലെടുത്ത്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 5 പാരിസ്ഥിതിക മേഖലകളും 23 കാർഷിക പരിസ്ഥിതി യൂണിറ്റുകളും അടിസ്ഥാനമാക്കിയുള്ള പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും പ്രാധാന്യം നൽകി.

കാർഷിക വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കുന്നതിനായി, കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ, ഫീൽഡ് തല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ (എ.കെ.സി) 152 ബ്ലോക്കുകളിലും പ്രവർത്തനക്ഷമമാക്കിയതാണ് മറ്റൊരു ചുവടുവയ്പ്പ്. കാർഷിക മേഖലയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുന്നതിനും ശാസ്ത്രീയ വിവരങ്ങളുടെ കേന്ദ്രമായി വർത്തിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭക്ഷ്യക്ഷാമം മറികടക്കാൻ കേരള സർക്കാർ ആവിഷ്കരിച്ച സുഭിക്ഷകേരളം പദ്ധതി മൃഗസംരക്ഷണം, മത്സ്യബന്ധനം, സഹകരണം, തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി സംയോജിപ്പിച്ച് കൃഷിവകുപ്പ് നടപ്പാക്കി. ഈ പരിപാടിയിലൂടെ 19711.89 ഹെക്ടർ തരിശുനിലപ്രദേശം നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, തിന എന്നിവ ഉൾപ്പെടുന്ന ഭക്ഷ്യവിളകൾ കൃഷി ചെയ്തു കൃഷിയോഗ്യമാക്കി. മഴമറകൃഷി 1,23,142 ചതുരശ്ര മീറ്ററിലേക്ക് വ്യാപിപ്പിക്കുകയും 14,680 യൂണിറ്റുകളിൽ സംയോജിത കൃഷി സമ്പ്രദായം കൊണ്ട് വരികയും ചെയ്തു. ഈ പരിപാടികളിലൂടെ 3684 പ്രവാസികൾക്കും (എൻ.ആർ.ഐ) 7658 യുവാക്കൾക്കും തൊഴിൽ ലഭിച്ചു.

പശ്ചാത്തല വികസന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഈ കാലയളവിൽ പ്രാധാന്യം നൽകി. കാർഷിക മേഖലയിലെ ഗുണനിലവാര നിയന്ത്രണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2020ൽ പട്ടാമ്പിയിൽ ജൈവവളങ്ങളുടെ ഗുണനിലവാര നിയന്ത്രണ ലബോറട്ടറി (ബി.ഒ.ക്യു.സി.എൽ) സ്ഥാപിച്ചതും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വെള്ളാനിക്കര, പടന്നക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജുകളിലും, കുമരകത്തുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലും കീടനാശിനി അവശിഷ്ട നിർണ്ണയ ലബോറട്ടറി സ്ഥാപിച്ചതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. കൂടാതെ നല്ല കൃഷി

രീതികൾ സ്വീകരിക്കുന്നതിനും കർഷകർക്ക് ഉയർന്ന വരുമാനം നേടുന്നതിനുള്ള മൂല്യ ശൃംഖലകൾ സൃഷ്ടിക്കുന്നതിനും പ്രോത്സാഹനം നൽകികൊണ്ട് പച്ചക്കറികളുടെയും പൂക്കളുടെയും സമഗ്രമായ വികസനത്തിനായി സംസ്ഥാനത്ത്, വയനാട് ജില്ലയിൽ പച്ചക്കറികൾക്കും പൂക്കൾക്കും വേണ്ടിയുള്ള ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും പ്രാധാന്യം അർഹിക്കുന്നു.

ശീതീകരണ സംഭരണം ഉൾപ്പടെ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം മൂലം വിളവെടുപ്പിനു ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനായി 20 മെട്രിക് ടൺ സംഭരണ ശേഷിയുള്ള പ്രീ കൂളിംഗ്, കൂളിംഗ്, പഴുപ്പിക്കൽ സൗകര്യങ്ങളുള്ള സംയോജിത പച്ചക്കറി, വാഴപ്പഴം പായ്ക്ക് ഹൗസ്, എ.പി.ഇ.ഡി.എ യുടെ സഹായത്തോടെ വയനാട്ടിൽ സ്ഥാപിച്ചു. അതിലൂടെ 35 മെട്രിക് ടൺ വിവിധ പഴങ്ങളും പച്ചക്കറികളും വയനാട്ടിൽ നിന്ന് കയറ്റുമതി ചെയ്യാനായി. വി.എഫ്. പി.സി.കെ യുടെ കീഴിൽ ഇടുക്കിയിൽ ചക്ക വ്യാപാര കേന്ദ്രം സ്ഥാപിച്ചത് ഈ ദിശയിലുള്ള മറ്റൊരു നേട്ടമായിരുന്നു.

കർഷകരുടെ ഉൽപന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്തെ 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും തറ വില പ്രഖ്യാപിച്ചു. അടിസ്ഥാന വിലയേക്കാൾ വില താഴുന്ന സാഹചര്യത്തിൽ വിലയിലെ വ്യത്യാസം കർഷകർക്ക് നഷ്ടപരിഹാരമായി നൽകുന്നതിനായി 2021-22-മുതൽ "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി - അടിസ്ഥാന വില" എന്ന പദ്ധതി ആരംഭിച്ചു. കൃഷി വകുപ്പിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും കീഴിൽ പ്രവർത്തിച്ചു വരുന്ന 550 തെരഞ്ഞെടുക്കപ്പെട്ട സൊസൈറ്റികൾ മുഖേനയാണ് ഈ പരിപാടി നടപ്പിലാക്കിയത്.

കാർഷിക-അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ കർഷക ഉത്പാദക സംഘങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത്, പുതിയ ഉത്പാദക സംഘങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിൽ സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു. വിപണനത്തിനായുള്ള അടിസ്ഥാന സൗകര്യവികസനത്തോടൊപ്പം സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം ഉറപ്പാക്കുന്നതിലും ഊന്നൽ നൽകി. 2020 മെയ് മാസത്തിൽ കേരള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) നയം കൊണ്ടുവന്നതും പ്രവർത്തന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതും ഈ കാലയളവിലാണ്. 2021-22ൽ വി.എഫ്.പി.സി.കെ, എസ്.എഫ്.എസി എന്നിവ മുഖേന 85 എഫ്.പി.ഒ കൾ സംസ്ഥാനത്ത് രൂപീകരിക്കുവാൻ സാധിച്ചു.

മൂല്യവർദ്ധനവും കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, 2017-18 മുതൽ സംസ്ഥാന ചെറുകിട കർഷക കാർഷിക വ്യാവസായിക കൺസോർഷ്യം, നാൽപ്പത്തിയെട്ട് (48) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള പിന്തുണ നൽകുകയും വിജയകരമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

2020-ൽ കാർഷിക വികസന, കർഷക ക്ഷേമ വകുപ്പിന്റെ പെൻഷൻ പദ്ധതികളും ക്ഷേമ പരിപാടികളും നടപ്പിലാക്കുന്നതിനായി ആരംഭിച്ച കർഷക ക്ഷേമനിധി ബോർഡ്, ഈ കാലയളവിലെ കർഷക ക്ഷേമ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളതാണ്.

കാർഷിക മേഖലയിലെ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിലെ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 60 വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ ശേഷിയുള്ള പുതിയ കാർഷിക കോളേജ് സ്ഥാപിച്ചു. കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ കോളേജുകളിൽ ബിരുദ പരിപാടിയിൽ ആകെ സീറ്റുകളുടെ എണ്ണം 210ൽ നിന്ന് 420 ആയും, ബിരുദാനന്തര ബിരുദം, പിഎച്ച്ഡി പ്രോഗ്രാമുകളിൽ യഥാക്രമം 311, 79 എന്നിവയിൽ നിന്ന് 352, 105 ആയും ഉയർത്തി.

വിവിധ വിളകളിലായി വികസിപ്പിച്ച 35 ഇനങ്ങൾ (അരി -8 എണ്ണം, നാളികേരം-1 എണ്ണം, പച്ചക്കറികൾ -9 എണ്ണം, സുഗന്ധവ്യഞ്ജനങ്ങൾ - 12 എണ്ണം, മറ്റു വിളകൾ - 5 എണ്ണം), ദ്വിതീയ സൂക്ഷ്മ മൂലക മിശ്രിതങ്ങളായ അയർ, സമ്പൂർണ, വാഴപ്പഴം മൈക്രോമിക്സ്, പച്ചക്കറി മിശ്രിതം, എന്നിവയുടെ വികസനം, കുട്ടനാട്ടിലെ നെൽവയലുകളിൽ ഫലപ്രദമായ കളനിയന്ത്രണത്തിനായി കെ.എ.യു വീഡ് വൈപ്പർ എന്ന യന്ത്ര വികസനം, കേരളത്തിലെ. നിലമ്പൂർ തേക്ക്, ചെങ്ങാലിക്കോടൻ നേന്ത്രൻ വാഴ, മറയൂർ ശർക്കര, തിരൂർ വെറ്റില എന്നിവയ്ക്ക് ലഭിച്ച ഭൗമ സൂചികാ പദവി എന്നിവ ഈ കാലയളവിലെ കാർഷിക ഗവേഷണ രംഗത്തെ പ്രകടമായ നേട്ടങ്ങളിൽ ചിലതാണ്.

മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ

- കുറഞ്ഞ ഉൽപ്പാദനക്ഷമത: മറ്റ് സംസ്ഥാനങ്ങളിലെ ഉത്പാദനക്ഷമതയും ശാസ്ത്രീയ പരിപാലനത്തിലൂടെ നേടാവുന്ന ഉൽപ്പാദനക്ഷമതയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ വിളകളുടെ ഉത്പാദനക്ഷമത കുറവാണ്.
- സംസ്ഥാനത്ത് വിളകളുടെ കുറഞ്ഞ ഉൽപ്പാദനക്ഷമതയ്ക്കും വിളവിലുള്ള വിടവിന്റേയും പ്രധാന കാരണമായി കാണുന്നത് സാങ്കേതിക വിദ്യകൾ സ്വീകരിച്ച് നടപ്പാക്കുന്നതിലെ കുറവാണ്.
- ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.
- തൊഴിലാളികളുടെ കുറവും ചെറുകിട ഫാമുകൾക്കായി രൂപകൽപ്പന ചെയ്ത യന്ത്രങ്ങളുടെ അഭാവവും
- ചെറുതും വിഘടിതവുമായ ഉൽപ്പാദനം, ഏകീകൃതമല്ലാത്ത വിതരണ ശൃംഖലയിലേക്ക് നയിക്കുന്നു. വിതരണക്കാരെയും മറിച്ചു വിൽപ്പനക്കാരെയും പോലെയുള്ള നിരവധി ഇടനിലക്കാരുടെ സാന്നിധ്യത്താൽ ഉയർന്ന മാർജിനു വിധേയമാക്കുന്നു.
- കാർഷികോൽപ്പന്നങ്ങൾക്കായി കരുത്തുറ്റ വിപണന സംവിധാനത്തിന്റെ അഭാവം കർഷകർക്ക് ലാഭകരമായ വില നഷ്ടപ്പെടുത്തുന്നു. കാര്യക്ഷമമായ വിതരണ ശൃംഖലയുടെ അഭാവം, ചരക്കുകളുടെ സംയോജനത്തിനുള്ള ഒരു സംവിധാനമില്ലായ്മ, ശീതീകരണസംഭരണം ഉൾപ്പടെ മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വിപണികൾ എന്നിവയും വെല്ലുവിളികളാണ്.
- ശീതീകരണശൃംഖലയുടെ അഭാവവും വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾക്കുള്ള സൗകര്യക്കുറവും
- ദുർബലമായ ഗവേഷണ വിജ്ഞാന വ്യാപന ബന്ധങ്ങളും കാര്യക്ഷമമായ വിജ്ഞാന വ്യാപന സംവിധാനത്തിന്റെ അഭാവവും.
- കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ.

പതിനാലാം പഞ്ചവൽസരപദ്ധതി

അത്യാധുനിക സാങ്കേതികവിദ്യകൾ അവലംബിച്ച് ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിലും വിളവിലുള്ള വിടവ് നികത്തുന്നതിലും കേന്ദ്രീകരിച്ചു കൊണ്ട് കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് പുനരുജ്ജീവിപ്പിക്കുക എന്നതിനാണ് പതിനാലാം പഞ്ചവത്സര പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഉല്പന്നങ്ങളുടെ സമാഹരണം, വിതരണ ശൃംഖല വികസനം, കൂടാതെ മൂല്യവർദ്ധനവും കാർഷിക സംസ്കരണ മേഖലകളുമായി ബന്ധിപ്പിക്കുന്നതിനുമുള്ള ഇടപെടലുകൾക്കും പ്രാധാന്യം നൽകും. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും കർഷകർക്ക് ലാഭം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും. കാർഷിക പ്രവൃത്തികൾക്ക് കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തു നിൽക്കുന്നതിനുള്ള പ്രാധാന്യം മനസ്സിലാക്കി, കാലാവസ്ഥാപരമായി പൊരുത്തപ്പെടുന്നതും, പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുന്നതുമായ ശാസ്ത്രീയ കൃഷിരീതികൾ ഡിജിറ്റൽ സാങ്കേതികവിദ്യയുമായി സമന്വയിപ്പിച്ചുകൊണ്ട് വികസിപ്പിക്കുന്നതുൾപ്പടെ നൂതനാശയങ്ങൾക്ക് കാർഷിക ഗവേഷണം ശ്രദ്ധ ചെലുത്തും.

പതിനാലാം പഞ്ചവൽസരപദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, വരുമാന വർദ്ധന, ഭക്ഷ്യ-പോഷകാഹാര സുരക്ഷ എന്നതാണ് പതിനാലാം പഞ്ചവൽസര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് തുണ്ടുവല്കൃത ചെറുകിട കൃഷിയിടങ്ങൾക്കും വീട്ടുവളപ്പിലെ കൃഷിയ്ക്കും പ്രാമുഖ്യമുള്ളതിനാൽ വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം, തേനീച്ച വളർത്തൽ, സെറികൾച്ചർ തുടങ്ങിയ മറ്റ് പ്രവർത്തനങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വ്യവസ്ഥാധിഷ്ഠിതകൃഷി സമീപനത്തിലേക്ക് പദ്ധതികൾ പുനഃക്രമീകരിക്കുന്നതിന് ഊന്നൽ നൽകും. കൃഷിയിടങ്ങൾക്ക് യോജിച്ചതും കാർഷിക ആവാസ വ്യവസ്ഥായുണിറ്റുകൾക്ക് അനുസൃതവുമായ സംയോജിത കൃഷി സമ്പ്രദായ മാതൃകകൾ

വികസിപ്പിക്കുകയും കർഷക പങ്കാളിത്തത്തിലൂടെ പ്രോത്സാഹിപ്പിക്കുകായും ചെയ്യും. വിളനാശം മൂലമുണ്ടാകുന്ന നഷ്ടം കുറയ്ക്കുകയും ഓരോ തുണ്ട് ഭൂമിയിൽ നിന്നും പരമാവധി വരുമാനം നേടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൃഷിയിടങ്ങളിൽ കൃഷി വൈവിധ്യവൽക്കരണത്തിനും സംയോജിത കൃഷി സമ്പ്രദായ സമീപനത്തിനും പ്രചാരണം നൽകും.

അടുത്ത ദശകത്തിൽ പ്രധാന വിളകളുടെ ഉത്പാദനം ദ്രുതഗതിയിൽ വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത്, മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത, സുസ്ഥിരമായ പരിസ്ഥിതി, സാമ്പത്തികലാഭം എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് അരി, പച്ചക്കറി, നാളികേരം, ഫലവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുകിട വിളകളായ എള്ള്, നിലക്കടല, കരിമ്പ്, തിന എന്നീ വിളകളുടെ വികസനം പ്രോത്സാഹിപ്പിക്കും. ഓരോ പ്രദേശത്തിന്റെയും അനുയോജ്യത അനുസരിച്ചുള്ള വിളകൾ തെരഞ്ഞെടുക്കുന്നതിനും വിളപരിപാലന മുറകൾ നടപ്പിലാക്കുന്നതിനും ശാസ്ത്രീയമായ മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് കാർഷിക ആവാസ വ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള വിള ആസൂത്രണം സാധ്യമാക്കും. അതിനായി ഓരോ വിളകൾക്കും കാർഷിക ആവാസ വ്യവസ്ഥ അടിസ്ഥാനമാക്കിയുള്ള പരിപാലന മുറകൾ കേരള കാർഷിക സർവകലാശാല വികസിപ്പിക്കുകയും ഫീൽഡ് തലത്തിൽ പ്രാവർത്തികമാക്കുന്നതിനു പ്രാധാന്യം നൽകുകയും ചെയ്യും.

സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറായി ഉയർത്തുന്നതിനും പച്ചക്കറി ഉൽപ്പാദനം ഇരട്ടിയാക്കുന്നതിനും പതിനാലാം പഞ്ചവൽസര പദ്ധതി ലക്ഷ്യമിടുന്നു. ക്ലസ്റ്റർ അധിഷ്ഠിത സമീപനം പ്രോത്സാഹിപ്പിച്ചു കൊണ്ട്, ഓരോ കാർഷിക ആവാസ വ്യവസ്ഥ യൂണിറ്റിനും അനുയോജ്യമായ ഉത്പാദന പ്രോട്ടോക്കോളുകളുടെയും ആധുനിക സാങ്കേതിക വിദ്യയുടെയും പ്രയോഗത്തിലൂടെ, പച്ചക്കറികൃഷിയ്ക്ക് സാധ്യതയുള്ള കാർഷിക ആവാസവ്യവസ്ഥ യൂണിറ്റുകളിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടപ്പിലാക്കികൊണ്ട് പച്ചക്കറി ഉത്പാദനം ഇരട്ടിയാക്കുന്നതിനുള്ള തന്ത്രം ആവിഷ്കരിക്കും. ഓരോ കാർഷിക ആവാസ വ്യവസ്ഥ യൂണിറ്റുകൾക്കും വേണ്ടി ഉത്പാദനത്തിനും വിപണനത്തിനുമായി വികസിപ്പിച്ച പ്ലാനിന്റെ അടിസ്ഥാനത്തിൽ ലക്ഷ്യം നിശ്ചയിക്കുകയും, പങ്കാളികളായ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളുടെ സംയോജനത്തോടെ വിള വികസന പരിപാടികൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും. മൂല്യവർദ്ധന, കാർഷിക സംസ്കരണം, വിപണനം എന്നിവയുമായി ബന്ധം ഉറപ്പാക്കികൊണ്ട് ഉൽപ്പാദന പരിപാടികൾ പുനഃക്രമീകരിക്കും.

ജൈവകൃഷി ഉൾപ്പെടെയുള്ള ഉത്തമ കൃഷി മുറകൾ വ്യക്തമായ സർട്ടിഫിക്കേഷൻ സംവിധാനവും ട്രെയ്സിബിലിറ്റി സംവിധാനവും ഏർപ്പെടുത്തി കൊണ്ട് പ്രോത്സാഹിപ്പിക്കും. കയറ്റുമതി അധിഷ്ഠിത വിളകൾ, പ്രത്യേകിച്ചും ഭൗമ സൂചികാ പദവി ലഭിച്ച വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മുൻഗണന നൽകും.

ഉൽപ്പാദനവും വരുമാനവും വർധിപ്പിക്കുക, കാലാവസ്ഥയെ പ്രതിരോധിക്കാനുള്ള ശക്തി പ്രാപ്യമാക്കുക, ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കാലാവസ്ഥ സ്മാർട്ട് കൃഷിക്ക് പ്രാധാന്യം നൽകും. ശാസ്ത്രീയമായി തെളിയിക്കപ്പെട്ട തന്ത്രങ്ങൾ മാത്രം സ്വീകരിച്ചു കൊണ്ട് പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിലൂടെ കാർബൺ കാൽപ്പാടുകൾ കുറയ്ക്കാൻ കാർഷിക പരിപാടികൾ മുഖേന ശ്രമിക്കും.

കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കൂടാതെ മറ്റു തെരഞ്ഞെടുത്ത പ്രമുഖ വിത്തു കമ്പനികളെ ബന്ധിപ്പിച്ച് കൊണ്ട് കാര്യക്ഷമമായ വിത്ത് വിതരണ ശൃംഖല വികസിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും വിതരണം സാധ്യമാക്കുവാനും ലക്ഷ്യമിടുന്നു. സംസ്ഥാന/ജില്ലാ തലത്തിൽ വിത്തുൽപ്പാദന പദ്ധതി വികസിപ്പിക്കുന്നതിലൂടെ ഇത് സാധ്യമാക്കും. പുതിയ ഇനങ്ങളുടെതുൾപ്പെടെയുള്ള വിത്തിനങ്ങളുടെ ഉത്പാദനത്തിനും പ്രചരണത്തിനും വേണ്ടി സംസ്ഥാന ഫാമുകൾ നവീകരിക്കുകയും വിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വിത്ത് സർട്ടിഫിക്കേഷൻ സംവിധാനം കൊണ്ട് വരുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പുതിയ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തന്നെ പ്രാദേശിക ജനിതക ദ്രവ്യം സംരക്ഷിക്കുന്നതിനും പ്രാധാന്യം നൽകും.

സംസ്ഥാനത്തിന്റെ മണ്ണും ജലസ്രോതസ്സുകളും സുസ്ഥിരതയോടെ നിലനിർത്തുന്നതിന്, യുക്തിസഹവും ശാസ്ത്രീയവുമായ രീതിയിൽ ജലസേചന സാധ്യതകൾ മുഴുവനായി പ്രയോജനപ്പെടുത്തികൊണ്ട് വിള

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി കൃഷി, ജലസേചന വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒരുക്കും. മണ്ണ് പരിശോധന അടിസ്ഥാനമാക്കി ഓരോ പ്രദേശത്തിനും അനുയോജ്യമായ ശുപാർശകൾ സ്വീകരിച്ച് നടപ്പിലാക്കുവാൻ പ്രോത്സാഹിപ്പിക്കും. സംയോജിത പോഷകപരിപാലനത്തിനും സംയോജിത കീട പരിപാലനത്തിനും പ്രാധാന്യം നൽകും. ഇത് സുഗമമാക്കുന്നതിനായി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യും.

പ്രകൃതിവിഭവങ്ങളുടെ കാര്യക്ഷമവും സുസ്ഥിരവുമായ ഉപയോഗത്തിനായി പഞ്ചായത്ത് തലത്തിൽ ഭൂവിനിയോഗ പ്ലാൻ വികസിപ്പിക്കുന്നതിന് പ്രാധാന്യം നൽകും

കുറഞ്ഞ പ്രതിശീർഷ ഭൂലഭ്യത (0.18 ഹെക്ടർ) നിലനിൽക്കുന്ന സാഹചര്യത്തിൽ, തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി ചെറുകിട കാർഷിക യന്ത്രവൽക്കരണം ഒരു നിർണായക ഘടകമാണ്. ചെറിയ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും വികസനത്തിനും ഫാമുകളിൽ അതിന്റെ ഉപയോഗത്തിനും ഫാം യന്ത്രവൽക്കരണം ഊന്നൽ നൽകും. കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവ സംയോജിപ്പിച്ച് യന്ത്രസാമഗ്രികൾ വാടകയ്ക്കെടുക്കുന്നതിനുള്ള വിതരണ ശൃംഖല ഉൾപ്പെടെയുള്ള സേവനങ്ങൾ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

ഉൽപ്പാദന സംവിധാനങ്ങളിൽ ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകിക്കൊണ്ടും നൈപുണ്യ വികസനത്തിലൂടെ നൈപുണ്യമുള്ള പ്രത്യേക തൊഴിൽ സേനയെ സൃഷ്ടിച്ചു കൊണ്ടും തൊഴിൽരഹിതരായ യുവാക്കളെ കാർഷികമേഖലയിലെ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കും.

ഗവേഷണ സ്ഥാപനങ്ങളുടെ ഇടപെടലുകളിലൂടെ വിജ്ഞാന വ്യാപന സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഗവേഷണവും വിജ്ഞാന വ്യാപനവുമായി കാര്യക്ഷമമായ ബന്ധം കൊണ്ട് വരുന്നതിനും പ്രാധാന്യം നൽകും. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെയും (എ.കെ.സി), താഴെ തട്ടിൽ പ്രവർത്തിക്കുന്ന വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും, ഗവേഷണ സ്ഥാപനങ്ങളുടെ വർദ്ധിച്ച സമ്പർക്ക പ്രവർത്തനങ്ങളിലൂടെയും, ഐസിടി പ്ലാറ്റ്ഫോമുകളുടെ കാര്യക്ഷമമായ ഉപയോഗത്തിലൂടെയും ഇത് സാധ്യമാക്കുന്നതാണ്. കാർഷിക സർവകലാശാലയുടെ ഫാം തലത്തിലുള്ള പ്രദർശനങ്ങളിലൂടെയും ട്രയലുകളിലൂടെയും, ഫാം സ്കൂളുകൾ, ആത്മ പദ്ധതിയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്ന പരിപാടികൾ എന്നിവയിലൂടെയും സാങ്കേതിക വിദ്യാ കൈമാറ്റം സുഗമമാക്കും.

സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും സ്മാർട്ട് കൃഷി ഭവനുകളാക്കി നവീകരിക്കും. ശാസ്ത്രീയമായ ഭൂവിനിയോഗം, വിള ഉൽപാദന ഉപായങ്ങൾ, ഗുണമേന്മയുള്ള നിവേശങ്ങളുടെ സമയോചിതമായ വിതരണം എന്നിങ്ങനെ ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്ന ഇടപെടലുകൾ കാര്യക്ഷമമാക്കുന്നതിനും വിവര സാങ്കേതികവിദ്യ ഉപയോഗം ഉൾപ്പടെ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ പരമാവധി വില ലഭിക്കുന്നതിനായി വിപണി ബന്ധം സ്ഥാപിച്ചു കൊണ്ടും കൃഷി ഭവനുകളെ കർഷക സൗഹൃദമാക്കുക എന്നതാണ് "സ്മാർട്ട് കൃഷിഭവനുകളിലൂടെ" ലക്ഷ്യമിടുന്നത്.

ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുക എന്നതാണ് പതിനാലാം പഞ്ചവൽസര പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഈ സാഹചര്യത്തിൽ, കർഷകർക്ക് മെച്ചപ്പെട്ട വിലയും വരുമാനവും ഉറപ്പാക്കുന്നതിന് ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ അളവ് കൈകാര്യം ചെയ്യത്തക്ക വിധം കാർഷിക വിപണന സംവിധാനം സജ്ജമാക്കേണ്ടതുണ്ട്. അതിനായി ഉല്പന്നങ്ങളുടെ സമാഹരണത്തിനായുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ശീതീകരണ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിപണി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കാർഷിക സർവ്വകലാശാലയുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണവകുപ്പ്, വി.എഫ്.പി.സി.കെ, കൃഷി വകുപ്പ്, എന്നിവയുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നു. നിവേശങ്ങൾക്കും, സേവനങ്ങൾക്കും ഉൽപന്നങ്ങൾക്കുമായി വിതരണ ശൃംഖല വികസിപ്പിക്കുന്നതിനു പുറമേ, കർഷകരുമായോ കർഷക സഹകരണ സംഘവുമായോ കർഷക ഉൽപാദക കമ്പനിയുമായോ ബന്ധിപ്പിച്ചിട്ടുള്ള മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനും പ്രാധാന്യം നൽകും. കർഷകർക്ക് മികച്ച വില കണ്ടെത്തുന്നതിനും തത്സമയ വിപണി വിവരങ്ങൾ പ്രാപ്തമാക്കുന്നതിനും മാർക്കറ്റുകളെ ഡിജിറ്റൽ സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്നതിനും ഏകീകൃത ഇ-കൊമേഴ്സ്

പ്ലാറ്റ്ഫോമിന്റെ വികസനവും ലക്ഷ്യമിടുന്നു. വിപണികൾ സൃഷ്ടിക്കുന്നതിനൊപ്പം, സംഭരണം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവ കൈകാര്യം ചെയ്യുന്നതിനുവേണ്ടി കാർഷികോൽപാദന സംഘങ്ങളുടെ രൂപീകരണം പ്രോത്സാഹിപ്പിക്കും.

ഓരോ വർഷവും കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനത്തിന്റെ 30 ശതമാനം പാഴാകുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത് മുൻനിർത്തി ശീതീകരണസംവിധാനം ഉൾപ്പടെ വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾക്കായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകും. ഉത്പാദനമേഖലയും മൂല്യവർദ്ധന/സംസ്കരണ മേഖലയുമായുള്ള ബന്ധം വിജയകരമായി കൊണ്ടുപോകുന്നതിനായി വിപണികളുടെ ഫെഡറേഷനുകൾ സൃഷ്ടിക്കുന്നതിന് പ്രാധാന്യം നൽകും. മാത്രമല്ല, മൂല്യവർധന മേഖലയിലും കാർഷിക സംസ്കരണ മേഖലയിലും സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കും.

യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, കാർഷിക മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ഇൻകുബേറ്ററുകൾക്കും സൗകര്യമൊരുക്കുന്നതിനും പരിശ്രമിക്കും.

കാർഷിക മേഖലയിൽ സ്ത്രീകളുടെ പങ്ക് ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവ കൂടാതെ പുഷ്പകൃഷിയിലും തേനീച്ച വളർത്തലിലും സ്ത്രീകൾക്ക് സാങ്കേതിക വൈദഗ്ധ്യ പരിശീലനം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

കാർഷിക മേഖലയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ ഡിജിറ്റൽ കൃഷി പ്രോത്സാഹിപ്പിക്കും. ഉൽപ്പാദന മേഖലയിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപന്നങ്ങൾ, നിവേശങ്ങൾ എന്നിവയുടെ സുഗമമായ വിപണനം ഒരുക്കുന്നതിനും ഗുണനിലവാര നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനും, ഉല്പന്നങ്ങളുടെ ഉത്പാദന സ്രോതസ്സ് കണ്ടെത്തുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോഗം പ്രോത്സാഹിപ്പിക്കും. ഓപ്പൺ ഡാറ്റാസെറ്റുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ സംരംഭകത്വം, ഡിജിറ്റൽ പേയ്മെന്റ് എന്നിവയുടെ സംയോജിത പ്രയോഗത്തിലൂടെ കാർഷിക മേഖലയിൽ ഡിജിറ്റൽ അന്തരീക്ഷം പ്രാപ്തമാക്കുന്നതിനും പ്രാധാന്യം നൽകും. ഡിജിറ്റൽ സാങ്കേതികവിദ്യ ഉചിതമായി സ്വീകരിക്കുന്നതിനുള്ള നൈപുണ്യവികസനത്തിലൂടെ ഒരു നൂതന അന്തരീക്ഷം പ്രാപ്തമാക്കും.

ശാസ്ത്രീയമായ കൃഷി രീതി അവലംബിച്ച് കൊണ്ട് ഉൽപ്പാദനക്ഷമത വർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നവിധത്തിൽ, കാർഷിക ഗവേഷണം പ്രതികരിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മാറിക്കൊണ്ടിരിക്കുന്ന കൃഷിരീതിയുടെയും പശ്ചാത്തലത്തിൽ കാർഷികമേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടാൻ കാർഷിക ഗവേഷണം സജ്ജമാക്കണം. ബയോടെക്നോളജി, ജീൻ എഡിറ്റിംഗ് (സി.ആർ.ഐ.എസ്.പി.ആർ), നാനോ ടെക്നോളജി തുടങ്ങിയ നൂതന ഗവേഷണമേഖലകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതും ഉയർന്ന വിളവ് തരുന്നതുമായ വിളകൾ വികസിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകും. നിർമ്മിത ബുദ്ധി, റോബോട്ടിക്സ് തുടങ്ങിയ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള വികസനം കാർഷിക മേഖലയിൽ പ്രയോജനപ്പെടുത്തക്കവിധം കാർഷിക ഗവേഷണത്തിനായുള്ള പശ്ചാത്തല സൗകര്യം ശക്തിപ്പെടുത്തുന്നതിലും പുതിയ സാങ്കേതികവിദ്യകളുടെ വികസനത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും.

സംസ്ഥാനത്തെ വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെയും സഹകരണ പ്രസ്ഥാനങ്ങളുടെയും കരുത്ത് പ്രയോജനപ്പെടുത്തി കൊണ്ട് പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ വിവിധ വകുപ്പുകൾ തമ്മിൽ സംയോജനം കൊണ്ടുവരുകയും ലഭ്യമായ വിഭവങ്ങൾ യുക്തിപൂർവ്വം ഉപയോഗപ്പെടുത്തുന്നതിനും പതിനാലാം പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന പ്രധാന സംരംഭങ്ങൾ

കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കികൊണ്ട്, ബഹുവിളകൃഷി/സംയോജിത കൃഷി സമ്പ്രദായം എന്നിങ്ങനെയുള്ള ശാസ്ത്രീയമായ കൃഷിരീതികളിലൂടെ കൃഷിയിടത്തിന്റെ ലഭ്യമായ വിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തി കർഷകർക്ക് വർദ്ധിച്ച വരുമാനം ഉറപ്പാക്കുക എന്ന

ലക്ഷ്യത്തോടെ കൃഷിയിടാസൂത്രണാധിഷ്ഠിത വികസനം കൊണ്ടുവരിക എന്നതാണ് പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശം. ഇതിന്റെ ഭാഗമായി ഓരോ കൃഷിയിടത്തിന്റെയും വിഭവശേഷി അടിസ്ഥാനമാക്കി ശാസ്ത്രീയമായ പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൃഷിയിടത്തിന്റെ വികസനം നടപ്പിലാക്കുകയും ചെയ്യും. വിളകൾ, കന്നുകാലികൾ, മത്സ്യബന്ധനം, തേനീച്ചവളർത്തൽ, സെറികൾച്ചർ തുടങ്ങിയ മറ്റ് സംരംഭങ്ങളെ ഉൾക്കൊള്ളുന്ന സംയോജിത സമ്പ്രദായ മാതൃകകളും ഈ സമീപനത്തിന്റെ ഭാഗമാകും. ഉത്പാദനം കൂടാതെ, ഉത്പാദനത്തിനു മുൻപും ഉത്പാദനാനന്തരവുമുള്ള പ്രവർത്തനങ്ങൾ കൂടി പിന്തുണച്ചു കൊണ്ട് മൂന്ന് പദ്ധതികളിലൂടെ 2022-23ൽ ആരംഭമിട്ട ഈ പരിപാടി നടപ്പിലാക്കും.

മൂല്യവർദ്ധനപ്രവർത്തനങ്ങൾ, കാർഷിക സംസ്കരണം, കാർഷിക സംരംഭകത്വ വികസനം എന്നിവയ്ക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, വ്യവസായ വകുപ്പ് എന്നിവയുടെ ഏകോപിതമായ പിന്തുണയോടെ നടപ്പിലാക്കും. കാർഷിക മേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ നിലവിലുള്ള സ്ഥാപന സൗകര്യം, അടിസ്ഥാന സൗകര്യം, ധനസഹായം, വിപണനസംവിധാനം, അറിവ്, വിവര പരിമിതികൾ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം മൂല്യവർദ്ധിത കാർഷിക മിഷനായിരിക്കും (വി.എ.എ.എം).

ഓരോ കാർഷിക ആവാസവ്യവസ്ഥാ യൂണിറ്റുകൾക്കും അനുയോജ്യമായ വിളയിനങ്ങളും, ഉല്പാദന പ്രോട്ടോക്കോളുകളും ഉൾപ്പെടെ വിളകൾക്കും വിളക്രമങ്ങൾക്കും അനുയോജ്യമായ ശുപാർശകൾ ശാസ്ത്രീയത ഉറപ്പ് വരുത്തി വികസിപ്പിക്കുന്നതിനും കാർഷിക ഗവേഷണം ശ്രദ്ധ കേന്ദ്രീകരിക്കും. കാലാവസ്ഥ മാറ്റം ഉൾപ്പെടെയുള്ള സമ്മർദ്ദങ്ങളെ പ്രതിരോധിക്കുന്ന ഹ്രസ്വകാല ഇനങ്ങളുടെ വികസനം, കൃത്യതാ കൃഷിയ്ക്കുള്ള പ്രോട്ടോകോൾ, ഡിജിറ്റൽ കൃഷിയിലെ നൂതനാശയവികസനം എന്നിവയ്ക്കും ഊന്നൽ നൽകും. കൃഷി വകുപ്പിന്റെ കാർഷിക വികസന പരിപാടികളുമായി യോജിച്ചു പോകുന്ന പ്രവർത്തനങ്ങളിൽ കാർഷിക സർവ്വകലാശാല കൂടുതൽ കേന്ദ്രീകരിക്കും.

3.2 മൃഗ സംരക്ഷണവും ക്ഷീര വികസനവും

സമ്പദ്‌വ്യവസ്ഥയിലെ വരുമാന വർദ്ധനവിന് കന്നുകാലി (ലൈവ്സ്റ്റോക്ക്) മേഖല ഗണ്യമായ സംഭാവനയാണ് നൽകുന്നത്. അസംസ്കൃത വസ്തുക്കളുടെ വിതരണം, കുടുബാംഗങ്ങൾക്ക് അധിക പോഷകാഹാരം നൽകൽ, പ്രത്യേകിച്ച് സ്ത്രീകൾക്കും ഭൂരഹിതരായ തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും, അധിക വരുമാനത്തിനുള്ള സാധ്യതകൾ കണ്ടെത്തലും മുഖേന കന്നുകാലി വളർത്തൽ, കാർഷിക മേഖലയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ മേഖലയിലെ ആധുനിക വൽക്കരണവും മൂല്യവർദ്ധനവും പ്രത്യേകിച്ച് യുവാക്കൾക്കും സ്ത്രീകൾക്കും വളർച്ചക്കായുള്ള വലിയ അവസരങ്ങളാണ് നൽകുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളായ (എസ്.ഡി.ജി) 1,3,5,8,10 എന്നിവ കൈവരിക്കുന്നതിൽ ക്ഷീരമേഖലയും നിർണ്ണായക പങ്ക് വഹിക്കുന്നു.

സ്ഥിതി വിലയിരുത്തൽ (സിറ്റുവേഷൻ അസസ്സ്മെന്റ്) സർവേ (എസ്.എ.എസ്, എൻ.എസ്.എസ് എഴുപതാം റൗണ്ട്) പ്രകാരം കേരളത്തിലെ കാർഷിക കുടുബങ്ങളിൽ 51.6 ശതമാനം മാത്രമാണ് 2012-13 ൽ കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരുന്നത്. അതേ സമയം, ദേശീയ ശരാശരി 71.9 ശതമാനമായിരുന്നു. കേരളത്തിലെ ഒരു കാർഷിക കുടുംബത്തിന്റെ ശരാശരി പ്രതിമാസ വരുമാനം 17,915 രൂപയായിരുന്നു, ഇതിൽ കന്നുകാലി വളർത്തലിൽ നിന്നുള്ളത് 1050 രൂപ (5.8 ശതമാനം) മാത്രമാണ്. നിലവിൽ ഇത് കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ ചെറിയ അധിക വരുമാന സ്രോതസ്സാണ്.

2017-18 ൽ കാർഷികമേഖലയിലെ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 27.1 ശതമാനവും, 2020-21 ൽ 28.21 ശതമാനവും കന്നുകാലി മേഖലയുടെ സംഭാവനയാണ്. കൂടാതെ സംസ്ഥാന ജി.എസ്.വി.എ യിലുള്ള ഇതിന്റെ പങ്ക് 2017-18 ലെ 2.57 ശതമാനത്തിൽ നിന്നും 2020-21 ആയപ്പോഴേക്കും 2.66 ശതമാനമായി ഉയർന്നു. പാൽ, മാംസം, മുട്ട എന്നിവയാണ് സംസ്ഥാനത്തെ പ്രധാന കന്നുകാലി ഉൽപ്പന്നങ്ങൾ. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ കന്നുകാലികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2019ലെ കന്നുകാലി സെൻസസ് ഫലങ്ങൾ ഈ മേഖലയിലെ ഇടപെടലുകളുടെ ഫലപ്രാപ്തി തെളിയിക്കുന്നു. 2012 നും 2019 നും ഇടയിൽ സംസ്ഥാനത്തെ കന്നുകാലി ജനസംഖ്യ 27.3 ലക്ഷത്തിൽ നിന്നും 29 ലക്ഷമായി ഉയർന്നു (6.5%). കന്നുകാലി ജനസംഖ്യയിൽ

ആടുമാടുകളുടെ എണ്ണത്തിൽ മിതമായ വർദ്ധനവ് (1.02%) ഉണ്ടായിട്ടുണ്ട്. ആട് (9.07%), പന്നികൾ (86.19%) എന്നിവയുടെ ജനസംഖ്യ ഗണ്യമായി ഉയർന്നു. 2012 നും 2019 നും ഇടയിൽ കേരളത്തിലെ കോഴികളുടെ എണ്ണം ഏകദേശം 54 ലക്ഷം വർദ്ധിച്ചു.

2020-21 ലെ കണക്കനുസരിച്ച് സംസ്ഥാനം 25.34 ലക്ഷം മെട്രിക് ടൺ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാൽ 33.37 ലക്ഷം മെട്രിക് ടൺ ആണ് സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത. സംസ്ഥാനത്തെ മൊത്തം മുട്ട ഉൽപ്പാദനം 2017-18 ൽ 235 കോടിയായിരുന്നു. 2020-21 ൽ ഇത് 217.68 കോടിയായി കുറഞ്ഞു. 2018 ലെ വെള്ളപ്പൊക്കത്തിൽ ഏകദേശം 11 ലക്ഷം കോഴികൾ നശിച്ചുപോയതായാണ് കണക്ക്. ഇറച്ചിയുടെ ആകെ ആവശ്യതക 4.94 ലക്ഷം ടൺ ആയിരുന്നെങ്കിലും ഇറച്ചി വിതരണം 4.55 ലക്ഷം ടൺ മാത്രമാണ്. പ്രസ്തുത വിടവ് നികത്തുന്നതിനായി 0.28 ലക്ഷം ടൺ സംസ്കരിച്ച ഇറച്ചി ഇറക്കുമതി ചെയ്തെങ്കിലും 0.11 ലക്ഷം മെട്രിക് ടൺ കുറവ് നിലനിൽക്കുന്നു.

പുതിയ സാങ്കേതിക വിദ്യകളുടെ വികസനം, ശാസ്ത്രീയ അറിവിന്റെ വ്യാപനം, മേഖലയുടെ മൊത്തത്തിലുള്ള വികസനം എന്നിവ ഉറപ്പാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഒന്നിലധികം ഏജൻസികളുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളാ വെറ്റിറിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരളാ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, കേരളാ സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്, കേരളാ ഫീഡ്സ് ലിമിറ്റഡ് എന്നിവ അവയിൽ ഉൾപ്പെടുന്നു. ഉൽപാദനക്ഷമത വർദ്ധിപ്പിക്കൽ, രോഗനിയന്ത്രണം, കാലിത്തീറ്റ ഉൽപ്പാദനം, മൂല്യ വർദ്ധനവ്, ശാസ്ത്രീയമായ പ്രജനന രീതികൾ സ്വീകരിക്കൽ തുടങ്ങിയ കാര്യങ്ങളിൽ പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഈ മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് ഈ ഏജൻസികൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ഈ മേഖലയ്ക്ക് 908.68 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 793.74 കോടി രൂപ ചെലവഴിച്ചു. അനുവദിച്ച തുകയുടെ 87 ശതമാനവും വകുപ്പ് ചെലവഴിച്ചു. പതിമൂന്നാം പദ്ധതി കാലയളവിലെ ആദ്യ രണ്ട് വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2018 ലെയും 2019 ലെയും വിനാശകരമായ വെള്ളപ്പൊക്കം ഈ മേഖലയിലേക്കുള്ള പദ്ധതി വിഹിതത്തെ ബാധിച്ചെങ്കിലും, കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നേരിയ വർദ്ധനവ് ദൃശ്യമായിരുന്നു. ക്ഷീര മേഖലയിലെ മൊത്തം പദ്ധതി വിഹിതവും ആദ്യ മൂന്ന് വർഷങ്ങളിൽ വർദ്ധിച്ച പ്രവണത കാണിച്ചു. 2017-18 ൽ 97.75 കോടി രൂപയായിരുന്ന വിഹിതം 2019-20 ൽ 108.5 കോടി രൂപയായി ഉയർന്ന് 11.02 ശതമാനം വളർച്ചാനിരക്ക് രേഖപ്പെടുത്തി. പതിമൂന്നാം പദ്ധതി കാലയളവിൽ അനുവദിച്ച വിഹിതം ഏതാണ്ട് പൂർണ്ണമായും വകുപ്പ് ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പട്ടിക 3.2 മൃഗ സംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും പദ്ധതി വിഹിതവും ചെലവും

(തുക രൂപ ലക്ഷത്തിൽ)

വർഷം	മൃഗസംരക്ഷണ വകുപ്പ്			ക്ഷീര വികസന വകുപ്പ്		
	വിഹിതം	ചെലവ്	ശതമാനം	വിഹിതം	ചെലവ്	ശതമാനം
2017-18	19271	15878.01	82	9775	12863.40	132
2018-19	19810	16919.28	85	10753	11399.5	106
2019-20	18967	12691.15	67	10853	7598.52	70
2020-21	16320	17863.57	109	9621	9464.68	98
2021-22	16500	16022.16	97	9621	8639.62	90
ആകെ	**90868**	**79374.17**	**87**	**50623**	**49965.77**	**99**

അവലംബം: മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്

പതിമൂന്നാം പഞ്ചവൽസര പദ്ധതി അനുബന്ധ മേഖലകളുടെ പ്രോത്സാഹനം, അന്തർ മേഖലാ ബന്ധങ്ങൾ, സാങ്കേതിക വിപ്ലീകരണ പിന്തുണകൾ, സ്വയം പര്യാപ്തത കൈവരിക്കുന്നതിനായുള്ള നടപടികൾ, സുരക്ഷിതമായ ഭക്ഷണ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം, ബ്രാൻഡിംഗ്, സ്റ്റാന്റഡൈസേഷനും സംസ്കരണവും, ഇൻഷുറൻസ് കവറേജും, റിസ്ക് മാനേജ്മെന്റും, സ്ഥാപനപരവും സംഘടനാപരവുമായ രൂപങ്ങൾ പ്രാപ്തമാക്കൽ, കാലാവസ്ഥാ, പ്രകൃതി വിഭവ മാനേജ്മെന്റ് പ്രശ്നങ്ങൾ, നയ ഉപദേശക സേവനങ്ങൾ, 24x7 വെറ്റിനറി കൺസൾട്ടൻസി സേവനങ്ങൾ, നൂതന

ആശയങ്ങളുടെയും സംരംഭകത്വത്തിന്റെയും പ്രോത്സാഹനം, പാൽ, മാംസം, മുട്ട മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഭക്ഷ്യ സുരക്ഷ പ്രശ്നങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

കാലിത്തീറ്റയുടെ ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തൽ, കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുക, വിപുലീകരണ സേവനങ്ങൾ പുനഃക്രമീകരിക്കുക, ഈ മേഖലയിലെ ഇൻഷുറൻസ് സൗകര്യങ്ങൾ വിപുലീകരിക്കുക, ഏകീകൃത സോഫ്റ്റ്‌വെയർ സൊല്യൂഷന്റെ സഹായത്തോടെ ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യുക എന്നിവയാണ് പാലുൽപ്പാദനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ലക്ഷ്യങ്ങൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിലെ പ്രധാന നേട്ടങ്ങൾ

മൃഗസംരക്ഷണ ക്ഷീര സംരക്ഷണ മേഖലകളിൽ നിന്നുള്ള പ്രയോജനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഗൗരവകരമായ ഇടപെടലുകൾ നടത്തി. ചില നേട്ടങ്ങൾ, നേരിട്ട് ഈ മേഖലയിലെ ഉൽപാദന-ഉൽപാദനക്ഷമതാ വർദ്ധനവിന് കാരണമായി. മറ്റു ചിലത് നയപരമായി പ്രാധാന്യമുള്ളവയായിരുന്നു. സംസ്ഥാനത്തുടനീളം 45 ബ്ലോക്കുകളിലായി 24x7 പ്രവർത്തിക്കുന്ന 31 മൃഗാശുപത്രികൾ ആരംഭിക്കുവാൻ കഴിഞ്ഞത് ഇക്കാലയളവിലെ വലിയ നേട്ടമാണ്. കന്നുകാലികൾക്കായുള്ള ഇൻഷുറൻസ് പദ്ധതി നിലവിൽ വന്നു. 85,000 മൃഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള നാല് പ്രാദേശിക ലബോറട്ടറികൾക്ക് അക്രഡിറ്റേഷൻ പദവി ലഭിച്ചു. രണ്ട് ടെലി വെറ്റിറിനറി യൂണിറ്റുകൾ സ്ഥാപിച്ചു. ആടുകൾക്കായി 500ഓളം കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ തുറന്നു. ആരോഗ്യം, പ്രജനനം, ഉൽപാദനം, അപകടസാധ്യത, ദുരന്ത നിവാരണം, മാനവവിഭവശേഷി മാനേജ്മെന്റ് എന്നിവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി മൃഗവിഭവ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ജിയോ സ്പേഷ്യൽ ഡേറ്റാബേസ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് കർഷകരുടെ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) അടിസ്ഥാനമാക്കിയുള്ള മാപ്പിംഗ്, 'ഭൂമിക' വികസിപ്പിച്ചെടുത്തിട്ടുണ്ട്. പാലോടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്റിറിനറി ബയോളജിക്കൽസിൽ എന്ററോടോക്സേമിയ വാക്സിൻ ഉൽപ്പാദനം ആരംഭിച്ചു. ആട് സാറ്റലൈറ്റ് പദ്ധതി പോലുള്ള നിരവധി പദ്ധതികളിലൂടെ പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ ആട് ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നല്കി.

ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ സുരക്ഷിതമായി ബ്രോയിലർ ചിക്കൻ വിതരണം ചെയ്യുന്നതിനും, കർഷകർക്ക് പ്രായോഗികമായ ഉപജീവനമാർഗ്ഗം വികസിപ്പിക്കുന്നതിനുമായുള്ള പദ്ധതിയായി 'കേരള ചിക്കൻ' ആരംഭിച്ചതാണ് മറ്റൊരു സുപ്രധാനമായ നേട്ടം. 82 കേരള ചിക്കൻ ഔട്ട്‌ലെറ്റുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട്, ഇതിലൂടെ 106 കോടി രൂപയുടെ വില്പന നടന്നു. 46 കോടി രൂപയുടെ ബജറ്റ് പിന്തുണയോടെ വടക്കൻ കേരളത്തിലെ ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് മികച്ച ഗുണനിലവാരമുള്ള കാലിത്തീറ്റ സ്ഥിരമായി വിതരണം ചെയ്യുന്നതിനായി കോഴിക്കോട്, തിരുവങ്ങൂരിൽ 300 ടി.പി.ഡി ശേഷിയുള്ള ഹൈടെക് കാലിത്തീറ്റ പ്ലാന്റ് സ്ഥാപിച്ചു.

പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്, സംസ്ഥാനത്തെ സജ്ജമാക്കുന്നതിന്റെ ഭാഗമായി പാൽ സംഭരണത്തിൽ ഇക്കാലയളവിൽ 16.46 ശതമാനം വർദ്ധനവുണ്ടായി. 134 ക്ഷീര സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുകയും പ്രവർത്തനരഹിതമായ 120 സൊസൈറ്റികളെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. കേരളത്തിൽ എട്ട് ലക്ഷത്തോളം കുടുംബങ്ങൾ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ക്ഷീര മേഖലയുടെ നട്ടെല്ലാണ് ക്ഷീര സഹകരണ സംഘങ്ങൾ. പതിമൂന്നാം പദ്ധതിക്കാലത്ത് ക്ഷീര സഹകരണ സംഘങ്ങളിലെ അംഗസംഖ്യ 25,000 ആയി ഉയർന്നു. 26 ലക്ഷം മെട്രിക് ടൺ ആണ് സംസ്ഥാനത്തിന്റെ വാർഷിക പാൽ ഉൽപാദനം. ക്ഷീര സഹകരണ സംഘങ്ങൾ വഴിയുള്ള പാൽ ശേഖരണം 2021 ഡിസംബറിൽ പ്രതിദിനം 21.37 ലക്ഷം ലിറ്റർ എന്ന റെക്കോർഡ് കണക്കിലെത്തി. പാൽ സംഭരണത്തിൽ 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഏകദേശം 30 ശതമാനം വർദ്ധനവുണ്ടായി. കേരളത്തിലെ ക്ഷീരസഹകരണ മേഖലയിൽ പ്രതിവർഷം 9.5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. തെരഞ്ഞെടുത്ത ജില്ലകളിലും ബ്ലോക്കുകളിലുമായി നടത്തപ്പെടുന്ന സംയോജിത ക്ഷീര വികസന പരിപാടിയും, ഡയറി സോൺ പ്രോഗ്രാമും ക്ഷീര വികസന പ്രവർത്തനങ്ങൾക്ക് വലിയ പ്രചോദനം നൽകി. ക്ഷീര മേഖലയുടെ സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കുന്നതിൽ കിടാരി പാർക്കുകളുടെ സ്ഥാപനവും, പശുക്കുട്ടികളെ ദത്തെടുക്കുന്ന പരിപാടിയും

ഏറെ സഹായിച്ചിട്ടുണ്ട്. കന്നുകാലി ഇൻഡക്ഷൻ പ്രോഗ്രാമിന്റെ ഭാഗമായി കറവയുള്ള 29,577 കന്നുകാലികളെയും, 7576 പശുക്കിടാവുകളെയും ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചു. കർഷകരുടെ സാമൂഹിക സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിനായി 'ക്ഷീരവികസനം' എന്ന സമഗ്ര ക്ഷീര ഇൻഷുറൻസ് പദ്ധതിയിലൂടെ 18,278 കന്നുകാലികളെയും, 60,792 ക്ഷീര കർഷകരേയും ഇൻഷുർ ചെയ്തു. ക്ഷീരമേഖലയെ സുസ്ഥിരമാക്കുന്നതിനായി കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെ.സി.എം.എം.എഫ്) മലപ്പുറം ജില്ലയിലെ മൂർക്കനാട്ടിൽ 54 കോടി രൂപ ചെലവിൽ പ്രതിദിനം 10 മെട്രിക് ടൺ ഉൽപ്പാദനക്ഷമതയുള്ള പാൽപ്പൊടി ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

നിർണായക വിടവുകൾ

ഉയർന്ന തൊഴിൽ ചെലവ് കാലിത്തീറ്റ ക്ഷാമം, കുറഞ്ഞ തോതിലുള്ള യന്ത്രവൽക്കരണം എന്നിവ മൂലമുണ്ടാകുന്ന ഉയർന്ന ഉൽപ്പാദനചെലവ് ഈ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായി തുടരുന്നു. കേരളത്തിലെ കന്നുകാലി ജനസംഖ്യയുടെ ഉയർന്ന ജനിതക ഗുണം സംസ്ഥാനത്തെ പാൽ ഉൽപാദനം അതിവേഗം ഉയരാൻ കാരണമായി. എന്നാൽ പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് കന്നുകാലികൾ ധാരാളമുള്ള വാണിജ്യ ഡയറി ഫാമുകളുടെ അഭാവമാണ്. കറവയുള്ള കന്നുകാലികളുടെ ഉൽപാദനക്ഷമതയും താരതമ്യേന കുറവാണ്. കേരളത്തിലെ 348 ലക്ഷം ജനസംഖ്യ കണക്കിലെടുക്കുമ്പോൾ പാലിന്റെ പ്രതിവർഷ ആവശ്യകത 36.07 ലക്ഷം മെട്രിക് ടൺ ആണ്. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം പാലുൽപാദനം പ്രതിവർഷം 28.18 ലക്ഷം മെട്രിക് ടൺ മാത്രമാണ്. അതായത്, പ്രതിവർഷ പാലുൽപ്പാദനത്തിൽ 21.87 ശതമാനം കുറവാണ് ഉള്ളത്. അതായത് പ്രതിദിനം 22 ലക്ഷം ലിറ്റർ, അങ്ങനെ പ്രതിവർഷം 7.89 ലക്ഷം മെട്രിക് ടൺ ലിറ്ററിന്റെ വിടവാണുള്ളത്. രാജ്യത്തെ വിദേശ ഇനത്തിലും, സങ്കരയിനത്തിലും ഉൾപ്പെട്ട മൃഗങ്ങളുടെ പ്രതിദിന ശരാശരി പാലുൽപാദനം യഥാക്രമം 11.88 കി.ഗ്രാമും 8.09 കി.ഗ്രാമുമാണ്. ഒരു മൃഗത്തിൽ നിന്നുള്ള പ്രതിദിന പാലുൽപാദനമായ 10.22 ലിറ്ററുമായി കേരളം ഉൽപ്പാദനക്ഷമതയിൽ രണ്ടാം സ്ഥാനത്താണ്. പഞ്ചാബാണ് 13.4 ലിറ്ററുമായി ഒന്നാം സ്ഥാനത്തുള്ളത്. ഒരു മൃഗത്തിൽ നിന്നുള്ള ശരാശരി പ്രതിദിന പാലുൽപാദനം 2012, 2015, 2020 വർഷങ്ങളിൽ യഥാക്രമം 9.11, 10.18, 10.22 ലിറ്ററായിരുന്നു. ഇതേ കാലയളവിൽ പാൽ ചുരത്തൽ (lactation yield) യഥാക്രമം 2779, 3105, 3117 ലിറ്റർ ആയിരുന്നു. പാലുൽപാദനത്തിൽ കേരളം കൈവരിച്ച നേട്ടം മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ കാണാനാവില്ല. മാംസ ഉൽപാദനത്തിന് ഗുണനിലവാരമുള്ള മൃഗങ്ങളുടെ അഭാവം, കൃഷിരീതിക്കായുള്ള ഭൂമിയുടെ ലഭ്യതകുറവ്, മാംസത്തിന്റെ ഉൽപാദനത്തിനും, സംസ്കരണത്തിനും, വിപണത്തിനും ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, മാംസ മേഖലയുടെ വളരെ ശിഥിലവും അസംഘടിതവുമായ സ്വഭാവം എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ. മാംസത്തിന്റെ ആഭ്യന്തര ആവശ്യകത അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. 2030ൽ ആഭ്യന്തര ആവശ്യകത 7.4 ലക്ഷം ടൺ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉൽപാദനം 4 ശതമാനമെങ്കിലും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ മേഖലയിലെ കുറവ് നികത്തുവാൻ സാധിക്കുകയുള്ളൂ.

സമാനമായ സാഹചര്യമാണ് സംസ്ഥാനത്ത് മുട്ട ഉൽപാദനവുമായി ബന്ധപ്പെട്ടുള്ളത്. പൗൾട്രി മേഖലയിലെ വിദഗ്ധ സമിതിയുടെ റിപ്പോർട്ടനുസരിച്ച്(2021) സംസ്ഥാനത്ത് 316.23 കോടി മുട്ടയുടെ കുറവാണുള്ളത്. ഇത് നികത്തുന്നതിനായി 234.92 കോടി മുട്ടയുടെ ഇറക്കുമതിയാണ് ചെയ്തത്. സഹകരണ മേഖല ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളും ഇറച്ചിക്കോഴി വിപണി വിഹിതത്തിന്റെ 0.1 ശതമാനം മാത്രമാണ് കൈകാര്യം ചെയ്യുന്നത്. വീട്ടുമുറ്റത്തെ മുട്ട ഉൽപാദനത്തിനാവശ്യമായ സംഘടിത വിപണന ശൃംഖലയുടെ അഭാവം മറ്റൊരു പ്രശ്നമാണ്.

പതിനാലാം പഞ്ചവൽസര പദ്ധതി സമീപനം

പതിന്നാലാം പഞ്ചവൽസര പദ്ധതി കർഷകർക്ക് മാന്യമായും സംതൃപ്തിയോടെയും ഈ മേഖലയിൽ തുടരാനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നിർണ്ണായകമായ ആധുനികവൽക്കരണം, യന്ത്രവൽക്കരണം എന്നിവയിലൂടെ മൃഗസംരക്ഷണ, ക്ഷീര മേഖലയുടെ സമഗ്രമായ വികസനം വിഭാവനം ചെയ്യുന്നു. നിലവിലുള്ള നിയമങ്ങളും, ലൈസൻസ് മാർഗ്ഗനിർദ്ദേശങ്ങളും ലളിതവും യുക്തിസഹവുമാക്കികൊണ്ട് ഈ മേഖലയിൽ നിക്ഷേപം നടത്താൻ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ അന്തരീക്ഷം ഉണ്ടായിരിക്കണം. മാംസമേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ തന്ത്രപരമായ പദ്ധതി (സ്ട്രാറ്റജിക്ക് പ്ലാൻ) ബന്ധപ്പെട്ട വകുപ്പിന് ഉണ്ടായിരിക്കണം. കന്നുകാലി

ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ, ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കൽ, അറവുശാലകൾക്കും റെൻഡറിംഗ് പ്ലാന്റുകൾക്കും അസംസ്കൃത വസ്തുക്കൾ ക്രമമായി വിതരണം ചെയ്യുന്നതിനായുള്ള സംവിധാനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത വശങ്ങൾ ഉൾകൊള്ളിച്ചതായിരിക്കണം പദ്ധതി. അറവുശാലകളുടെയും റെൻഡറിംഗ് പ്ലാന്റുകളുടെയും ശാസ്ത്രീയമായ പ്രവർത്തനവും പരിപാലനവും നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്. ഇൻഷ്വറൻസ് പരിരക്ഷയാണ് മറ്റൊരു പ്രധാന വിഷയം. ഈ ഉപമേഖലകളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനായി കോഴി, താറാവ്, ആട്, പന്നി എന്നിവക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ നൽകണം. 'കേരള ചിക്കൻ' പരിപാടി സംസ്ഥാനത്തുടനീളം അതിവേഗം വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ കറവയുള്ള കന്നുകാലികളുടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്ന കാലഘട്ടമായിരിക്കണം പതിനാലാം പഞ്ചവൽസര പദ്ധതി. ഈ കാലയളവിൽ പാലുൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ക്ഷീരമേഖലയിൽ പ്രത്യേക ഇടപെടലുകൾ ആവശ്യമാണ്. ഒന്നാമതായി കേരളത്തിലെ കറവയുള്ള കന്നുകാലികളുടെ ജനിതക ഘടന മെച്ചപ്പെടുത്തണം. രണ്ടാമതായി, സംസ്ഥാനത്ത് ഗുരുതരമായ തീറ്റപുൽക്ഷാമം നിലനിൽക്കുന്ന സാഹചര്യത്തിൽ തോട്ടഭൂമിയിലും, വീട്ടുവളപ്പിലും, തീറ്റപ്പുൽകൃഷി പ്രോത്സാഹപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിക്കണം. മൂന്നാമതായി, ക്ഷീര സഹകരണ സംഘങ്ങൾ വഴി വിൽക്കുന്ന പാലിന്റെ വിഹിതം നിലവിലുള്ള 25 ശതമാനത്തിൽ നിന്ന് 50 ശതമാനത്തിലേക്ക് ഉയർത്താൻ സഹകരണ മേഖല ശ്രമിക്കണം. ക്ഷീര സഹകരണ സംഘങ്ങൾക്ക് ആധുനികവൽക്കരണവും, ആധുനിക ഡിജിറ്റൽ മാനേജ്മെന്റ് സംവിധാനങ്ങളും ആവശ്യമാണ്.

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങൾ

ക്ഷീരമേഖലയിൽ മികച്ച ഇനം, തീറ്റ, പരിപാലന രീതികൾ എന്നിവ അവലംബിക്കുന്നതിലൂടെ ഓരോ മൃഗത്തിന്റെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പതിനാലാം പഞ്ചവൽസര പദ്ധതി ഊന്നൽ നൽകുന്നു. ഓരോ മൃഗത്തിനും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനായി പ്രായപൂർത്തിയാകുന്നതും പ്രസവിക്കുന്ന കാലഘട്ടവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ശാസ്ത്രീയവും സമയബന്ധിതവുമായ പ്രജനന രീതികൾ ആവശ്യമാണ്. നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മൃഗത്തിന്റെ പ്രതിദിന പാലുൽപ്പാദനക്ഷമത 13.5 ലിറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിന്റെ അവസാനത്തോടെ സംസ്ഥാനത്തിന്റെ പാലുൽപ്പാദനം 33.8 എൽ.എം.റ്റിയായി ഉയർത്തുക എന്നതാണ് പ്രധാന ലക്ഷ്യം. ഈ മേഖലയുടെ വികസനത്തിൽ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി ക്ഷീര സഹകരണ മേഖല കൈകാര്യം ചെയ്യുന്ന പാൽ, നിലവിലെ 23 ശതമാനത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനമാക്കി വർദ്ധിപ്പിക്കുന്നതിനു പ്രാധാന്യം നൽകും. സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള ഇനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ഹീഫർ സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഗുണമേന്മയുള്ള കാലിത്തീറ്റയുടെ അഭാവവും, കാലിത്തീറ്റയുടെ ഉയർന്ന വിലയും കാരണം മൃഗങ്ങൾക്ക് മതിയായ തീറ്റ ലഭിക്കാത്തത് പാലിന്റെ ഉൽപ്പാദനം കുറയുന്നതിനു കാരണമാകുന്നു. സംസ്ഥാനത്ത് കാലിത്തീറ്റ ലഭ്യത മെച്ചപ്പെടുത്തുന്നതിനും, മൃഗങ്ങൾക്ക് അനുയോജ്യമായ ഭക്ഷണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതായുണ്ട്. അതുവഴി ഈ മൃഗങ്ങളുടെ ഉൽപ്പാദനക്ഷമത അവയുടെ പരമാവധിയായി വർദ്ധിപ്പിക്കാൻ കഴിയും. ഇത് നേടുന്നതിനായി സംസ്ഥാനത്തിന് ഒരു പ്രത്യേക കാലിത്തീറ്റ നയം ഉണ്ടാകണം. സുസ്ഥിര പരിപാലന രീതികളുടെ ഭാഗമായി മൃഗങ്ങളുടെ ക്ഷേമവും ആരോഗ്യനിലയും വർദ്ധിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ കന്നുകാലി ജനസംഖ്യയിൽ നിലവിൽ അനുകൂല പ്രവണതായാണുള്ളത്. എന്നാൽ ഈ മേഖല വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നയപരവും ഭരണപരവുമായ തലത്തിലുള്ള ഇടപെടലുകൾ ആവശ്യമാണ്. മാംസമേഖലയുടെ വളർച്ചയ്ക്ക് ആവശ്യമായ സ്ട്രാറ്റജിക്ക് പ്ലാൻ രൂപീകരണവും, മാർഗ്ഗനിർദ്ദേശങ്ങൾ, ലൈസൻസിംഗ് തുടങ്ങിയ നടപടിക്രമങ്ങളിലെ ഇളവുകളും ഈ മേഖലയുമായി ബന്ധപ്പെട്ട കർഷകർക്ക് ഉത്തേജനം നൽകും. മാംസ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഉൽപ്പാദനം പ്രതിവർഷം 5 ശതമാനം വളരേണ്ടതുണ്ട്. കശാപ്പ് പ്രവർത്തനങ്ങൾക്ക് ആധുനിക ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ, മൂല്യവർദ്ധനവ്, പരിശീലനം ലഭിച്ച മനുഷ്യ വിഭവശേഷിയുടെ തുടർവികസനം ശക്തിപ്പെടുത്തൽ എന്നിവയാണ് ആരോഗ്യകരവും, വൃത്തിയുള്ളതും, സുരക്ഷിതവുമായ മാംസത്തിന്റെ വിതരണം ഉറപ്പാക്കുന്നതിന് ഈ

മേഖലയിലെ അടിയന്തര ആവശ്യം. ഇത്തരം ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ പരിസ്ഥിതി മലിനീകരണം ഇല്ലാതാക്കുകയും, പകർച്ചവ്യാധികൾ, ഉയർന്നുവരുന്ന മൃഗരോഗങ്ങൾ എന്നിവ തടയുകയും, ഉപോൽപ്പന്നങ്ങളിൽ നിന്നും മാലിന്യങ്ങളിൽ നിന്നും സാമ്പത്തിക ലാഭം ഉണ്ടാക്കുകയും ചെയ്യും. കോഴിവളർത്തൽ മേഖലയെ സംബന്ധിച്ചിടത്തോളം ഗുണനിലവാരമുള്ള ഇനത്തിന്റെ അഭാവമാണ് പ്രധാന പ്രശ്നം. അതിനാൽ കൂടുതൽ ബ്രീഡർ ഫാമുകളും മദർ ഫാമുകളും ഉപയോഗിച്ച് കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വികേന്ദ്രീകരിക്കേണ്ടതുണ്ട്. വീട്ടുമുറ്റത്തെ കോഴി വളർത്തൽ ശക്തിപ്പെടുത്തുന്നതിനൊപ്പം വാണിജ്യഫാമുകൾ സ്ഥാപിക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്. മൃഗങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം സാധ്യമാണ്. അറിവ്, നവീകരണം, സാങ്കേതിക വിദ്യ, ബ്രാൻഡിംഗ്, വിപണനം എന്നിവയാണ് ഈ മേഖലയുടെ ഭാവി വികസനത്തിന് പരിഗണിക്കേണ്ട പ്രധാന ഘടകങ്ങൾ. ശരിയായ രജിസ്ട്രേഷൻ, എളുപ്പമുള്ള ലൈസൻസിംഗ്, ഉറപ്പുള്ള സാമ്പത്തിക പിന്തുണ എന്നിവ ഈ മേഖലയിൽ വിശ്വാസത്തിന്റെയും സംരംഭകത്വ സംസ്കാരത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കും.

പതിനാലാം പഞ്ചവൽസര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ

പതിന്നാലാം പഞ്ചവൽസര പദ്ധതിയിൽ മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശിച്ച മിക്ക പദ്ധതികളും പതിമ്മൂന്നാം പദ്ധതി കാലയളവിലെ പദ്ധതികളുടെ തുടർച്ചയാണ്. പതിനാലാം പഞ്ചവൽസര പദ്ധതി കാലയളവിൽ ശേഷിക്കുന്ന 107 ബ്ലോക്കുകളിൽ ആഴ്ചയിൽ എല്ലാ ദിവസവും മുഴുവൻ സമയവും പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ തുറക്കാൻ വകുപ്പ് നിർദ്ദേശിക്കുന്നു. താഴേ തട്ടിൽ കാലിത്തീറ്റ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകർക്കിടയിൽ മിക്സഡ് റേഷനിങ്ങും (ടി.എം.ആർ), പച്ചപ്പുൽ തീറ്റയും ജനകീയമാക്കുന്നതിനും ഊന്നൽ നൽകും. എല്ലാ വിഭാഗം കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് മുൻഗണന നൽകും. പ്രീമിയം കാളയുടെ ബീജവിതരണം, ഉൽപ്പാദനം ത്വരിതഗതിയിൽ വളർത്തുന്നതിനുള്ള സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, പശുക്കിടാങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ, ആട് ബ്രീഡിംഗ് യൂണിറ്റുകൾ എന്നിവയുടെ സ്ഥാപനം തുടങ്ങിയ പദ്ധതികൾ കെ.എൽ.ഡി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ഘടകമായി ഉപയോഗിക്കുന്നതിനു ചോളം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രോജക്ട് കേരള ഫീഡ്സ് ഏറ്റെടുത്തു നടപ്പാക്കിവരുന്നു. പേരന്റ് സ്റ്റോക്കുകൾ ശക്തിപ്പെടുത്തുക, പുതിയ ഹാച്ചറികൾ സ്ഥാപിക്കുക, ആധുനിക പാക്കിംഗ് സ്റ്റേഷനുകൾ, വിപണന കേന്ദ്രങ്ങൾ, എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് തുടങ്ങിയ പദ്ധതികളും കെ.എസ്.പി.ഡി.സി നിർദ്ദേശിച്ചിട്ടുണ്ട്.

ക്ഷീര മേഖലയിലെ പദ്ധതികളിൽ എസ്.എച്ച്.ജി/ജെ.എൽ.ജി കളുടെ മാതൃക ഡയറി ഫാമുകൾ, സംയോജിത ഡയറി ഫാമിംഗ് സംവിധാനങ്ങൾ, പശുക്കുട്ടികളെ ദത്തെടുക്കൽ പദ്ധതി, കുറഞ്ഞ ചെലവിലെ ശാസ്ത്രീയ ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് ജില്ല അടിസ്ഥാനമാക്കിയുള്ള കേന്ദ്രീകൃത വിദഗ്ദ്ധ തൊഴിലാളികളുടെ വികസനം, ജില്ലാ ക്ഷീര തൊഴിലാളി സേന/ക്ഷീര കർമ്മ സേന (കെ.കെ.എസ്), കണ്ടെയ്നർ മോഡ് ആന്റ് റഫ്രിജറേറ്റഡ് മിൽക്ക് ഹബ്സ് (എസ്.എച്ച്.യു.ഡി.എച്ച്) സ്ഥാപിക്കുന്നതിനുള്ള സഹായം എന്നിവ ഉൾപ്പെടുന്നു. കൃഷിയിടത്തിൽ നിന്നും തീൻമേശ വരെ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വകുപ്പ് മുൻഗണന നൽകി. ക്ഷീര പരിശീലന കേന്ദ്രങ്ങളെ ഡയറി എന്റർപ്രണർഷിപ്പ് കം ഇൻക്യുബേഷൻ ആന്റ് സർട്ടിഫിക്കേഷൻ സെന്ററുകളാക്കി ഉയർത്തുന്നതിനും, കാലിത്തീറ്റ പദ്ധതി തയ്യാറാക്കുന്നതിനും പദ്ധതി കാലയളവിൽ മുൻഗണന നൽകിയിട്ടുണ്ട്.

3.3 മണ്ണും ജലസംരക്ഷണവും

അവലോകനം

കൃഷി, പരിസ്ഥിതി, ജൈവവൈവിധ്യങ്ങളുടെ മൊത്തത്തിലുള്ള നിലനിൽപ്പും സുസ്ഥിരതയും മണ്ണ്-ജലസംരക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതായതിനാൽ മണ്ണ്-ജലസംരക്ഷണം എന്നിവ സംസ്ഥാനത്തിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയങ്ങളാണ്. സുസ്ഥിരവികസനത്തിനായി മണ്ണ്, ജലം, മറ്റ് പ്രകൃതി വിഭവങ്ങളും കാര്യക്ഷമമായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി

ആസൂത്രണ വിദഗ്ദ്ധരും നയ രൂപീകരണ വിദഗ്ദ്ധരും ആശങ്കപ്പെടുന്നുണ്ട്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ഏറ്റവും പ്രധാന വിഭവമാണ് മണ്ണ്.

തീരദേശമണ്ണ്, എക്കൽ മണ്ണ്, ആസിഡ്-ഉപ്പ് മണ്ണ്, കരിമണ്ണ്, വെട്ടുകൽ/ചെങ്കൽ മണ്ണ്, ചെമ്മണ്ണ്, മലയോരമണ്ണ്, കറുത്ത പരുത്തി മണ്ണ്, വന മണ്ണ് തുടങ്ങിയ വൈവിധ്യമായ മണ്ണുകളാൽ സമ്പന്നമാണ് കേരളം. തുടർച്ചയായ വെള്ളപ്പൊക്കം മൂലമുള്ള മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, അമ്ലീകരണം, മണ്ണ് മലിനീകരണം എന്നിവ ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ കേരളത്തിലെ മണ്ണിൽ വലുതും ചെറുതുമായ പോഷകങ്ങളുടെ അഭാവം കാണാറുണ്ട്. ഇത് കൃഷിയുടെ സുസ്ഥിരവികസനത്തെ മാത്രമല്ല, മനുഷ്യന്റെ മൊത്തത്തിലുള്ള ഉപജീവന വ്യവസ്ഥയ്ക്ക് ഭീഷണിയാണ്. ഇക്കാരണങ്ങളൊക്കെക്കൊണ്ടുതന്നെ മണ്ണിന്റെ ഫലഭൂയിഷ്ഠിത വിലയിരുത്തുന്നതിനും,മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനുമായി ശാസ്ത്രീയവും കാര്യക്ഷമവുമായ തന്ത്രങ്ങൾ അവലംബിക്കേണ്ടതുണ്ട്.

സംസ്ഥാനത്തെ മണ്ണ്-ജല സംരക്ഷണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ് മണ്ണ് സംരക്ഷണ-മണ്ണ് പര്യവേക്ഷണ വകുപ്പ്, കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം, കേരള ഭൂവികസന കോർപ്പറേഷൻ എന്നിവ. സംസ്ഥാനമൊട്ടാകെയുള്ള മണ്ണ്, ഭൂവിഭവങ്ങളുടെ കണ്ടെത്തൽ, വിവിധങ്ങളായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കൽ, സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട ഭാവിയ്ക്കായി കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക അതുവഴി കാർഷികമേഖലയെ സമന്വയിപ്പിക്കുക എന്നിവയുടെ ഉത്തരവാദിത്വം മണ്ണ് സംരക്ഷണ-മണ്ണ് പര്യവേക്ഷണ വകുപ്പിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തെ ഭൂവിനിയോഗത്തിനും പ്രകൃതിവിഭവ പരിപാലനത്തിനുമുള്ള നയങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിനെ സഹായിക്കുന്നതിനുള്ള ഏജൻസിയായി കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് (കെ.എൽ.യു.ബി) പ്രവർത്തിക്കുന്നു. വിദൂരസംവേദനം, ഭൗമവിവര വ്യവസ്ഥ (ജി.ഐ.എസ്) തുടങ്ങിയ സങ്കേതങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ ആസൂത്രണം, വികസനം എന്നിവ നടപ്പിലാക്കുന്നതിനായാണ് കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതികേന്ദ്രം(കെ.എസ്.ആർ.ഇ.സി) പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ മറ്റ് വകുപ്പുകളുടേയും, ഏജൻസികളുടെയും കൺസൾട്ടൻസികൾ, പ്രോജക്ട് തയ്യാറാക്കൽ, പ്രോജക്ടുകളുടെ രൂപരേഖ, നിർവ്വഹണം എന്നിവ ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്ന സ്ഥാപനമാണ് കേരള ഭൂവികസന കോർപ്പറേഷൻ (കെ.എൽ.ഡി.സി). നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് സ്കീമുകളാണ് ഈ മേഖലയുടെ പ്രധാന സാമ്പത്തിക സ്രോതസ്സ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, സുസംഘടിതവും കാര്യക്ഷമവുമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും പ്രത്യേകിച്ച് , ജലസേചന സമീപനത്തിലൂടെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം നൽകുന്നതിന് പ്രാധാന്യം നൽകിയിരുന്നു. ഇക്കാലയളവിൽ വകുപ്പും ഇതര ഏജൻസികളും മണ്ണൊലിപ്പ് തടയുന്നതിനും നീരൊഴുക്ക് നിയന്ത്രിക്കുന്നതിനും ജലസംരക്ഷണം ഊർജ്ജിതമാക്കുന്നതിനും വെള്ളപ്പൊക്കവും അതുവഴി ഉണ്ടാകുന്ന നാശനഷ്ടങ്ങൾ നിയന്ത്രിക്കുന്നതിനും ഡ്രെയിനേജ് ലൈനുകളിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനും ഭൂഗർഭജല റീചാർജ്ജ് വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയവും അനുയോജ്യവുമായ മണ്ണ്-ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി അതുവഴി കാർഷികമേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സരക്കാലയളവിൽ വിശദമായ സോയിൽ സർവേ മുഖേന സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം നടത്തുകയും ഭൂവിഭവങ്ങളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഡിജിറ്റൈസേഷൻ യജ്ഞത്തിന്റെ ഭാഗമായി 205 പഞ്ചായത്തുകളിലെ മണ്ണ് ഭൂപടങ്ങൾ ഡിജിറ്റൈസ് ചെയ്യുകയും, സംസ്ഥാന മണ്ണ് മ്യൂസിയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും, ഇന്ത്യയിലെ വിവിധ കാർഷിക പരിസ്ഥിതി മേഖലകളെ പ്രതിനിധീകരിക്കുന്ന 20 സോയിൽ മോണോലിത്തുകൾ ഉൾപ്പെടുത്തി പുതിയ പ്രദർശനങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഈ പദ്ധതിയിൽ തൃശ്ശൂർ, വയനാട്, കോട്ടയം, തിരുവനന്തപുരം ജില്ലകളിലെ 67 പഞ്ചായത്തുകൾക്കായി "ഭൂമി തരം തിരിക്കുന്നതിന് ഡാറ്റാബാങ്ക് സൃഷ്ടിക്കൽ" പ്രകാരം ഡേറ്റാ ബാങ്ക് തയ്യാറാക്കി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ 39751 ഹെക്ടർ പ്രദേശം സംരക്ഷിക്കുകയുണ്ടായി. കൂടാതെ പാലക്കാട് ജില്ലയിലെ 56 കുളങ്ങളുടെ നവീകരണം, നബാർഡിന്റെ സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്.

ഇടുക്കി, പാലക്കാട്, എറണാകുളം, കോട്ടയം, കോഴിക്കോട്, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിലായി ഉരുൾപൊട്ടൽ സാധ്യതയുള്ളതും/ബാധിതമായ 3736 ഹെക്ടർ പ്രദേശങ്ങളിൽ സുസ്ഥിരമായ പ്രവർത്തനങ്ങൾ നടത്തി "ജലവിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശങ്ങളുടെ സംരക്ഷണം" എന്ന പദ്ധതി പ്രകാരം അരുവിക്കര, ശാസ്താംകോട്ട, പെരുവണ്ണാമൂഴി എന്നിവയുടെ വൃഷ്ടി പ്രദേശങ്ങളിലെ 631 ഹെക്ടർ പ്രദേശം സംരക്ഷിച്ചു. കണ്ണൂരിലെ തളിപ്പറമ്പിലും തിരുവനന്തപുരത്തെ കാട്ടാക്കടയിലും "സൂക്ഷ്മ നീർത്തട വികസനം" പദ്ധതിയിൻ കീഴിൽ 492 ഹെക്ടർ പ്രദേശം ശുദ്ധീകരിച്ചു.

തൃശ്ശൂർ പൊന്നാനി കോൾ വികസന പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി 17,692 ഹെക്ടർ കോൾ പ്രദേശം നെൽപ്പാടമാക്കി മാറ്റാനും കെ.എൽ.ഡി.സി തുടക്കമിട്ടിരുന്നു. ഇക്കാലയളവിൽ തന്നെ "സഹസ്രസരോവർ പദ്ധതിയിൽ" ഉൾപ്പെടുത്തി 120 കുളങ്ങൾ നവീകരിക്കുന്ന പദ്ധതിയും കെ.എൽ.ഡി.സി പൂർത്തിയാക്കി. സംസ്ഥാന ഭൂവിനിയോഗ ബോർഡ് 14 ജില്ലകളിലേയും വെബ്അധിഷ്ഠിത വിഭവ വിവര സംവിധാനവും കേരള സംസ്ഥാനമൊട്ടാകെ നീർത്തട വിവര സംവിധാനവും വികസിപ്പിച്ചെടുത്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ബജറ്റ് വിഹിതമായ 539.40 കോടി രൂപയിൽ 514.62 കോടി രൂപ ചെലവഴിച്ചു.

പട്ടിക 3.3 മണ്ണ്-ജലസംരക്ഷണം, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

വകുപ്പ്	ബജറ്റ് വിഹിതം	ചെലവ്*	ശതമാനം
ഭൂവിനിയോഗ ബോർഡ്	16.27	10.025	61.62
കെ.എസ്.ആർ.ഇ.സി	14.80	6.215	41.95
മണ്ണ് പര്യവേക്ഷണമണ്ണ് സംരക്ഷണ വകുപ്പ്/	253.18	141.939	56.06
കെ.എൽ.ഡി.സി	255.15	356.441	139.70
ആകെ	**539.40**	**514.62**	**95.41**

അവലംബം: മണ്ണ് ജലസംരക്ഷണ വകുപ്പ്

* ചെലവിൽ അധിക ധന ഉപാഭ്യർത്ഥന വഴി ലഭിച്ച തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്രിട്ടിക്കൽ ഗ്യാപ്സ്

- ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ സ്ഥലപരവും അല്ലാത്തതുമായ വിവരങ്ങൾ ഒരു പൊതുവായ പോർട്ടലിൽ ശേഖരിക്കേണ്ടതാണ്.
- മണ്ണിന്റെ സാമ്പിൾ ശേഖരണത്തിനും സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണത്തിനുമായി ഒരു ഏകീകൃതവും സംയോജിതവുമായ പ്ലാറ്റ്ഫോം വികസിപ്പിക്കേണ്ടതുണ്ട്.
- പല സർക്കാർ സ്ഥാപനങ്ങളും റോഡുകൾ, നദികൾ, അരുവികൾ, കഡസ്ട്രൽ വിവരങ്ങൾ എന്നിവയുടെ ഭൂപടങ്ങൾ ഡിജിറ്റൽ ആക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ഒരു തുറന്ന പ്ലാറ്റ്ഫോമിൽ പങ്കിട്ടുകഴിഞ്ഞാൽ മണ്ണ് സർവ്വേ വിവരങ്ങൾ ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള കാലതാമസം കുറയ്ക്കാൻ സാധിക്കും.
- വിവിധ ഏജൻസികൾ ചെയ്യുന്ന പ്രകൃതി വിഭവങ്ങളുടെയും/നീർത്തടങ്ങളുടെയും സംരക്ഷണം ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടുവരേണ്ടതാണ്.
- ഒരു വെബ്/മൊബൈൽ അധിഷ്ഠിത മണ്ണ് വിഭവവിവര സംവിധാനം പഞ്ചായത്ത്തലത്തിൽ നടപ്പിലാക്കുന്നത്, അനുബന്ധ റിപ്പോർട്ടുകളും ഭൂപടങ്ങളും തയ്യാറാക്കുന്നതിന് സഹായകരമാകും.
- ഓരോ പ്രദേശത്തെയും വിശദമായ മണ്ണ് പരിശോധനയെ അടിസ്ഥാനമാക്കി ഓരോ പഞ്ചായത്തും ഉചിതമായ നീർത്തടപദ്ധതിയും വിളപദ്ധതിയും വികസിപ്പിക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് നീർത്തടവികസന പദ്ധതികളിലൂടെയുള്ള സമീപനവും തന്ത്രവുമാണ് സ്വീകരിച്ചിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മണ്ണിന്റെയും ഭൂമിയുടെയും വിവരങ്ങളെക്കുറിച്ചുള്ള ഡിജിറ്റൽ സ്പേഷ്യൽ ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അനുയോജ്യമായ മണ്ണ്, പരിപാലന

പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, സുസ്ഥിര ഉത്പാദനത്തിനും പരിസ്ഥിതി പുനരുദ്ധാരണത്തിനായി ഡാറ്റാബേസ് ഉണ്ടാക്കുന്നതിനും ഊന്നൽ നൽകും.

തണ്ണീർത്തടമേഖലയുടെ സമഗ്ര ഉന്നമനത്തിനായി വിവിധ വകുപ്പുകളുമായും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ചേർന്ന് നീർത്തട വികസന പദ്ധതികൾ സംയോജിതമായി വികസിപ്പിക്കണം. കൂടാതെ പ്രകൃതി വിഭവ സംരക്ഷണം, സംയോജിത ഉൽപ്പാദനവും ഉപജീവനവർദ്ധനവും ഉറപ്പാക്കി നീർത്തടമേഖലയുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിടുന്നു. മെച്ചപ്പെട്ട സാമൂഹിക-സാമ്പത്തിക അടിസ്ഥാനസൗകര്യങ്ങൾ, തൊഴിലവസരങ്ങൾ മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനും ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ ഉപയോഗിച്ച് ഭൂപടങ്ങളുടെ നിർമ്മാണം, ആസൂത്രണവും നടപ്പിലാക്കലും, ആനുകാലിക നിരീക്ഷണവും വിശകലനവും, മാതൃകാ നീർത്തട പദ്ധതികൾ എന്നിവ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുന്നതും പതിനാലാം പഞ്ചവത്സരപദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും സോയിൽ ഹെൽത്ത് മാനേജ്മെന്റ് സപ്പോർട്ട് സിസ്റ്റവും സോയിൽ ഹെൽത്ത് കാർഡുകളും നൽകിക്കൊണ്ട് മണ്ണിന്റെ ആരോഗ്യപരിപാലനതന്ത്രം വികസിപ്പിക്കുന്നതിനും ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു.

ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് സ്പേഷ്യൽ, നോൺ സ്പേഷ്യൽ ഡാറ്റായുടെ ലഭ്യത വളരെ പ്രാധാന്യമാണ്. വിവിധ വകുപ്പുകളിൽ ലഭ്യമായ ഡാറ്റാബേസ് ഒരൊറ്റ പ്ലാറ്റ്ഫോമിന് കീഴിൽ കൊണ്ടുവരേണ്ടതും ആസൂത്രണ പദ്ധതികൾക്കായി പങ്കിടേണ്ടതുമാണ്.

ഭൂവിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള ഭൂപട നിർമ്മാണം, പദ്ധതി തയ്യാറാക്കൽ എന്നിവയ്ക്ക് പ്രത്യേക സാങ്കേതിക വിജ്ഞാനവും ഭൂമിശാസ്ത്രപരമായ അവബോധവും ആവശ്യമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഭൂവിനിയോഗ ആസൂത്രണത്തിനുള്ള ജിയോ സ്പേഷ്യൽ ഡാറ്റാ കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതികജ്ഞാനവും ഉപകരണങ്ങളും ലഭ്യമല്ലാത്തതിനാൽ ഭൂവിനിയോഗ പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകേണ്ടത് ആവശ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

മണ്ണ് പരിശോധന, സോയിൽ ഹെൽത്ത് കാർഡുകളുടെ വിതരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം സംയോജിപ്പിച്ച് മണ്ണിന്റെ സാമ്പിൾ ശേഖരിക്കുന്നതിനും സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിനും ഒരു ഏകീകൃതവും സംയോജിതവുമായ പ്ലാറ്റ്ഫോം മണ്ണ് സർവ്വേ മണ്ണ് സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്നു. പതിനാലാം പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ സോയിൽ ഹെൽത്ത് കാർഡ് വിതണത്തിന് ഊന്നൽ നൽകും. വിവിധ വകുപ്പുകളിൽ ലഭ്യമായ സ്പേഷ്യൽ, നോൺ സ്പേഷ്യൽ ഡാറ്റാബേസും, ഭാവിയിൽ തയ്യാറാക്കുന്ന ഡാറ്റാബേസും ഒരൊറ്റ പ്ലാറ്റ്ഫോമിന് കീഴിൽ സംയോജിപ്പിക്കും.

3.4 മത്സ്യമേഖലയും തീരദേശ സംരക്ഷണവും

അവലോകനം

സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് കാര്യമായ സംഭാവന നൽകാൻ ശേഷിയുള്ള ഒരു വളർന്നുവരുന്ന സംരംഭമായിട്ടാണ് മത്സ്യബന്ധന മേഖലയെ കണക്കാക്കുന്നത്. വരുമാനം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മത്സ്യകർഷകരുടെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുക എന്നിവയിലൂടെ ഈ മേഖല സമ്പദ്വ്യവസ്ഥയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ പ്രമുഖ സമുദ്രസംസ്ഥാനങ്ങളിലൊന്നായ കേരളം 590 കിലോമീറ്റർ കടൽത്തീരത്താലും, വൈവിധ്യമാർന്ന ജല-ജന്തുജാലങ്ങളാലും സസ്യങ്ങളാലും അനുഗ്രഹീതമായതുകൊണ്ട് 'ജലത്തിന് താഴെയുള്ള ജീവിതം' എന്ന സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കാൻ സംസ്ഥാനത്തിന് സാധിക്കും.

2020-21 ലെ മൊത്തം ജി.എസ്.വി.എ യിൽ (സ്ഥിര വിലയിൽ) മത്സ്യബന്ധന മേഖലയുടെ വിഹിതം 0.85 ശതമാനവും, ജി.എസ്.ഡി.പി യുടെ 0.74 ശതമാനവുമാണ്. കാർഷിക-അനുബന്ധ മേഖലകളിൽ നിന്ന് മൊത്തം സംസ്ഥാന മൂല്യവർദ്ധനവിന്റെ (ജി.എസ്.വി.എ) 2020-21 സ്ഥിരമായ വിലയിൽ 9.03 ശതമാനം മത്സ്യബന്ധന മേഖലയുടെ സംഭാവനയാണ്. 2.4 ലക്ഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ

കേരളത്തിലെ മത്സ്യത്തൊഴിലാളി ജനസംഖ്യ ഏകദേശം 10.50 ലക്ഷം വരും. സംസ്ഥാനത്തെ 222 സമുദ്ര മത്സ്യബന്ധന ഗ്രാമങ്ങളിലും 113 ഉൾനാടൻ മത്സ്യബന്ധന ഗ്രാമങ്ങളിലുമാണ് ഇവർ വസിക്കുന്നത്.

ഇന്ത്യയുടെ മത്സ്യബന്ധന ഭൂപടത്തിൽ, കടൽ മത്സ്യ ഉൽപ്പാദനത്തിലും കയറ്റുമതിയിലും കേരളം അനുകരണീയമായ സ്ഥാനമാണ് വഹിക്കുന്നത്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ മത്സ്യസമ്പത്തിന് സവിശേഷമായ ഒരു സ്ഥാനമാണുള്ളത്. 2020-21 കാലയളവിൽ കേരളത്തിലെ മത്സ്യ ഉൽപ്പാദനം 6.14 ലക്ഷം മെട്രിക് ടണ്ണായിരുന്നു. അതിൽ ഉൾനാടൻ മത്സ്യമേഖലയുടെ സംഭാവന 2.24 ലക്ഷം ടൺ ആയിരുന്നു. കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സമുദ്രോൽപ്പന്നങ്ങളുടെ അളവിലും മൂല്യത്തിലും സമീപ വർഷങ്ങളിൽ കുറവുണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തേക്കാൾ, സമുദ്രോത്പാദനത്തിന്റെ മേൽക്കോയ്മയാണ് കേരളത്തിന്റെ പ്രത്യേകത. സമുദ്രമത്സ്യബന്ധന മേഖലയിൽ കേരളം ഇതിനകം തന്നെ പരമാവധി ഉൽപ്പാദനം കൈവരിച്ചതായി കണക്കാക്കപ്പെടുന്നു. സംസ്ഥാനം വരുംവർഷങ്ങളിൽ ഊന്നൽ നൽകേണ്ടത് സുസ്ഥിര മത്സ്യപരിപാലനം, ഉത്തരവാദിത്തമുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കൽ, സ്റ്റോക്ക് മെച്ചപ്പെടുത്തൽ എന്നിവയിലാണ്.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി വിഭാവനം ചെയ്യുന്ന എല്ലാ വികസന മനേജ്മെന്റ് പരിപാടികളും ഫിഷറീസ് വകുപ്പാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക ക്ഷേമത്തിന് മത്സ്യബന്ധന വിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗവും വികസനവുമാണ് വകുപ്പിന്റെ പ്രധാന കാഴ്ചപ്പാട്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്), ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (അഡാക്ക്), കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കെ.എഫ്.ഡബ്ല്യു.ഇ.ബി), സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (എഫ്.ഐ.ആർ.എം.എ), ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (എഫ്.എഫ്.ഡി.എ), കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.സി.എ.ഡി.സി), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് (എൻ.ഐ.എഫ്.എ.എം) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (എസ്.എ.എഫ്), എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് ഫിഷറീസ് വകുപ്പ് മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിനുള്ള നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നത്.

ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ്. ഫിഷിംഗ് ഹാർബറുകളുടെയും, ഫിഷ് ലാൻഡിംഗ് സെന്ററുകളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും, ഹാച്ചറികൾ, കുളങ്ങൾ, ഫാമുകൾ, കടൽ തീരത്തെ അടിസ്ഥാനമാക്കിയുള്ള ടൂറിസം പദ്ധതികൾ, തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശ റോഡുകൾ എന്നിവയുൾപ്പെടെ തീരപ്രദേശത്തെ വിവിധ പദ്ധതികളുടെ പരിശോധന, ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. മത്സ്യമേഖലയും സമുദ്രശാസ്ത്രവുമായി ബന്ധപ്പെട്ട പഠനങ്ങൾ ഏറ്റെടുക്കുവാൻ കേരള സർക്കാർ സ്ഥാപിച്ച സർവ്വകലാശാലയാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്).

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനോപാധികളുടെ സുരക്ഷ, ശുചിത്വം, ആരോഗ്യസംരക്ഷണം, കുടിവെള്ളം, വൈദ്യുതി, തീരപ്രദേശങ്ങളിൽ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കടലിലെ മരണനിരക്ക് കുറയ്ക്കുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉയർന്ന വിത്തുൽപാദനത്തിലും മത്സ്യതീറ്റ മില്ലുകളും ജലജീവി ആരോഗ്യ ലാബുകൾ സ്ഥാപിക്കുന്നതിലും ഊന്നൽ നൽകുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്. മത്സ്യബന്ധനവും മത്സ്യകൃഷിയും പ്രോത്സാഹിപ്പിച്ച് മത്സ്യ ഉൽപ്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ഊന്നൽ നൽകി. ശുദ്ധജല മത്സ്യബന്ധനത്തിൽ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുക, പുതിയ മത്സ്യ ഇനങ്ങൾ പ്രത്യേകിച്ച്, ജനിതകപരമായി മെച്ചപ്പെടുത്തിയ ഇനങ്ങൾ, പ്രാദേശികമായി ആവശ്യകതയുള്ള ഇനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സമുദ്രമത്സ്യബന്ധനത്തിൽ സുസ്ഥിര മത്സ്യബന്ധന രീതികൾക്ക് ഊന്നൽ നൽകി. കൂടാതെ സുസ്ഥിര മത്സ്യ പരിപാലന നടപടികൾ സ്വീകരിക്കുക, സംരക്ഷണം, ജലാശയങ്ങളുടെ ശോഷണം തടയുക,

നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുക, മികച്ച മത്സ്യ വിത്തിന്റെ ലഭ്യത ഉറപ്പാക്കുക, മത്സ്യം പാഴാക്കുന്നത് കുറയ്ക്കുക, നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനം, നവീകരണം, തീരപ്രദേശങ്ങളിലെ അടിസ്ഥാന സാമൂഹിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പ്രത്യേകിച്ച് പാർപ്പിടം എന്നീ മേഖലകൾക്കും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ മൊത്തം സംസ്ഥാന പദ്ധതി വിഹിതം 1998.40 കോടി രൂപയും ചെലവ് 1,725.23 കോടി രൂപയുമാണ്.

പട്ടിക 3.4 മത്സ്യമേഖലയും തീരദേശ വികസനവും – പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

മേഖല	ബജറ്റ് വിഹിതം	ചെലവ്	ശതമാന പ്രകാരമുള്ള ചെലവ്
മത്സ്യബന്ധനം	110421	84196.46	76.25
തീരദേശ വികസനം	89419	88326.79	98.78
ആകെ	**199840**	**172523.25**	**86.33**

അവലംബം :മത്സ്യബന്ധന വകുപ്പ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൃഷിയിലും അനുബന്ധ മേഖലയിലും മത്സ്യബന്ധനമേഖലയുടെ പങ്ക് ഏകദേശം 23.78 ശതമാനമായിരുന്നു. പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബജറ്റ് വിഹിതത്തിന്റെ 86.33 ശതമാനം ഈ മേഖലയിൽ ചെലവഴിച്ചു.

പട്ടിക 3.5 മത്സ്യമേഖല – പതിമൂന്നാം പഞ്ചവത്സര പദ്ധതി – വർഷം തിരിച്ചുള്ള ബജറ്റ് വിഹിതവും ചെലവും *(രൂപ ലക്ഷത്തിൽ)*

വർഷം	ബജറ്റ് വിഹിതം	ചെലവ്*	ചെലവ് (ശതമാനത്തിൽ)
2017–18	22558	18292.01	81.09
2018–19	24005	19130.08	79.69
2019–20	23610	9729.34	41.21
2020–21	19884	18589.62	93.49
2021–22	20364	18455.41	90.63
ആകെ	**110421**	**84196.46**	**76.25**

അവലംബം :മത്സ്യബന്ധന വകുപ്പ്

*ചെലവിനത്തിൽ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമായ തുക (എസ്.ഡി.ജി)യും ഉൾപ്പെടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് മത്സ്യവകുപ്പിന് അനുവദിച്ച തുകയിൽ നിന്ന് 76.25 ശതമാനം തുക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സ്ത്രീ ശാക്തീകരണ പരിപാടികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകികൊണ്ടുള്ള പ്രവൃത്തികൾക്കായി ചെലവഴിച്ചു.

പട്ടിക 3.6 തീരദേശ വികസനം–പതിമൂന്നാം പഞ്ചവത്സര പദ്ധതി– വർഷം തിരിച്ചുള്ള ബജറ്റ് വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

വർഷം	ബജറ്റ് വിഹിതം	ചെലവ്*	ചെലവ് (ശതമാനത്തിൽ)
2017–18	23600	23692.99	100.39
2018–19	26260	15614.67	59.46
2019–20	14460	14661.35	101.39
2020–21	12499	14439.18	115.52
2021–22	12600	19918.6	158.08
ആകെ	**89419**	**88326.79**	**98.78**

അവലംബം :മത്സ്യബന്ധന വകുപ്പ്

**ചെലവിനത്തിൽ അധിക ധനാഭ്യർത്ഥനയിലൂടെ ലഭ്യമായ തുക (എസ്.ഡി.ജി)യും ഉൾപ്പെടുന്നു.*

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 89,419 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വം, ആരോഗ്യ

സംരക്ഷണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി അനുവദിച്ച ബജറ്റ് തുകയുടെ 98.78 ശതമാനം ചെലവഴിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മത്സ്യബന്ധനത്തിന്റെയും മത്സ്യകൃഷിയുടെയും സുസ്ഥിര വികസനത്തിന്, ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചും ഉപജീവന സാധ്യതകൾ സൃഷ്ടിച്ചും, മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷക സമൂഹത്തിന്റെയും സാമ്പത്തിക സാമൂഹിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും ഒരു സമഗ്ര സമീപനം സ്വീകരിച്ചു. സുസ്ഥിര മത്സ്യബന്ധന രീതികളുടെ വികസനം കെ.എം.എഫ്.ആർ.എ നടപ്പാക്കൽ, സാഗർ മൊബൈൽ ആപ്പും മറൈൻ ആംബുലൻസുകളും ആവിഷ്കരിച്ച് കടലിലെ മരണനിരക്ക് കുറയ്ക്കൽ, മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷ മെച്ചപ്പെടുത്തൽ, "ശുചിത്വ സാഗരം" പദ്ധതി, മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും, തീരദേശ അടിസ്ഥാന സൗകര്യ വികസനം, തീരപ്രദേശങ്ങളിലെ സാമൂഹിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പ്രത്യേകിച്ച് പാർപ്പിടം, ശുചിത്വം, ആരോഗ്യപരിപാലനം, കുടിവെള്ളം, വൈദ്യുതി, എന്നീ പദ്ധതികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഊന്നൽ നൽകി.

ഉൾനാടൻ മത്സ്യബന്ധനത്തിൽ, വൈവിധ്യമാർന്ന മത്സ്യ ഇനങ്ങൾ, ജനിതകപരമായി മെച്ചപ്പെടുത്തിയ ഇനങ്ങൾ, പ്രാദേശികമായി തെരഞ്ഞെടുത്ത ഇനങ്ങൾ, നൂതന കൃഷിരീതികൾ, 'ഒരു നെല്ല് ഒരു മത്സ്യം' പ്രോത്സാഹിപ്പിക്കൽ, മത്സ്യകൃഷിക്ക് ഗുണമേന്മയുള്ള വിത്തുകളുടെ ഉത്പാദനം, മത്സ്യ തീറ്റ മില്ലുകൾ, അക്വാട്ടിക് ആനിമൽ ഹെൽത്ത് ലാബുകൾ സ്ഥാപിക്കുക, സ്റ്റോക്ക് മെച്ചപ്പെടുത്തൽ, നദികളിലെയും തടാകങ്ങളിലെയും മത്സ്യബന്ധന പരിപാലനത്തിനായി റാഞ്ചിംഗ് സംവിധാനം, ഫാം ശുചിത്വവും രോഗനിർണ്ണയവും നിയന്ത്രണവും ഉൾപ്പെടെയുള്ള മികച്ച പരിപാലന രീതികളും സർട്ടിഫിക്കേഷനും ക്വാറന്റൈൻ ഉൾപ്പെടെയുള്ള സംവിധാനങ്ങളും സ്വീകരിച്ചു.

റിസർവോയർ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് പുതിയ സാങ്കേതിക ഇടപെടലുകൾ, പുതുതായി വികസിപ്പിച്ച മത്സ്യ ഇനങ്ങൾ, കൂട്ട കൃഷി എന്നിവ ആവിഷ്കരിച്ചു. സൂക്ഷ്മ സംരംഭങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക, വിപണന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിപണനം ചെയ്യുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക, മത്സ്യം പാഴാക്കുന്നത് കുറയ്ക്കുക, നിലവിലുള്ള മാർക്കറ്റുകൾ, ലാൻഡിംഗ് സെന്ററുകൾ ഹാർബറുകളുടെ പരിപാലനവും നവീകരണവും വിപുലീകരണവും നടപ്പിലാക്കുക, ഇ-ഗവേണൻസ് പ്രോത്സാഹിപ്പിക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി.

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷി, കടൽ സുരക്ഷയുടെ ഭാഗമായി ഏറ്റെടുത്ത കടൽ രക്ഷാ പ്രവർത്തനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ, മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം, 'അന്തിപ്പച്ച' പോലെയുള്ള വിപണന സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവയായിരുന്നു പദ്ധതി കാലയളവിലെ പ്രധാന പരിപാടികൾ. കൂടാതെ ഇൻസുലേറ്റഡ് വാൻ, തീരമൈത്രി പരിപാടികൾ, ഇ-ഗവേണൻസ്, ഡയറക്ടറേറ്റിലെ കോൾ സെന്റർ സൗകര്യം മെച്ചപ്പെടുത്തൽ, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്ന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

മത്സ്യമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ഏകദേശം 1,600 തീരദേശ റോഡുകളും 65-ൽ അധികം മത്സ്യ മാർക്കറ്റുകളും നിർമ്മിക്കുകയുണ്ടായി. മുതലപ്പൊഴി, ചെല്ലാനം, ചേറ്റുവ, താനൂർ, തലായി, വെള്ളയിൽ, കൊയിലാണ്ടി, മഞ്ചേശ്വരം എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി. തിരുവനന്തപുരം ജില്ലയിലെ സ്ത്രീ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിൽപ്പനയുമായി ബന്ധപ്പെട്ട് സൗജന്യമായി യാത്ര ചെയ്യുന്നതിന് ഫിഷറീസ് വകുപ്പും, കെ.എസ്.ആർ.ടി.സിയും സംയുക്തമായി നടത്തുന്ന 'സമുദ്ര' എന്ന പ്രത്യേക ഗതാഗത സൗകര്യം ആരംഭിച്ചു.

മതിയായ തോതിൽ ഗുണമേന്മയുള്ള മത്സ്യ വിത്തിന്റെ അഭാവം, സംസ്കരണ മേഖലയിലും, വിപണന മേഖലയിലും നേരിടുന്ന തടസ്സങ്ങൾ, വിളവെടുപ്പിലും അതിന് ശേഷമുള്ള പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മതിയായ സ്ഥിതിവിവര കണക്കുകളുടെ ലഭ്യതക്കുറവ്, പ്രസ്തുത മേഖല നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ദോഷകരമായ രാസവസ്തുക്കളുടെ അമിത ഉപയോഗം മൂലം ജലസ്രോതസ്സുകൾ നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ

എന്നിവ നിലനിൽക്കുന്നതിനാൽ മത്സ്യമേഖലയുടെ സാധ്യതകൾ പൂർണ്ണമായി കൈവരിക്കാൻ സാധിച്ചിട്ടില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത് ശാസ്ത്രീയമായ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതുമൂലം ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ്. ഉൾനാടൻ മത്സ്യോൽപ്പാദനവുമായി ബന്ധപ്പെട്ട് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച പ്രവർത്തനങ്ങൾ പരിഷ്കരിക്കും. കേരളത്തിലെ ഗ്രാമപ്രദേശങ്ങൾ ചെറിയ കുളങ്ങൾ, കനാലുകൾ, മറ്റ് ജലാശയങ്ങൾ എന്നിവയാൽ സമൃദ്ധമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും നിശ്ചിത എണ്ണം ജലാശയങ്ങളിൽ, വാണിജ്യാടിസ്ഥാനത്തിലുള്ള ഉൾനാടൻ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാനും പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. ഉൾനാടൻ മത്സ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് അത്യാധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും, കൂടാതെ വിവിധയിനം മത്സ്യങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കും. മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ വീട്ടുമുറ്റത്ത് പങ്കാളിത്തത്തോടുകൂടിയ മത്സ്യവിത്ത് ഉൽപ്പാദനവും ആവശ്യാനുസരണം ഹാച്ചറികൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തും. കൂടാതെ പതിനാലാം പഞ്ചവത്സരപദ്ധതി വേളയിൽ ബ്ലോക്കടിസ്ഥാനത്തിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും മുൻഗണന നൽകും. മത്സ്യഭവനുകൾ സ്ഥാപിക്കുന്നതു വഴി സർക്കാർ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമാകും. 'ഒരു നെല്ല് ഒരു മീൻ' പ്രോത്സാഹിപ്പിക്കുന്നതുമൂലം നെല്ല് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും സഹായകമാകും, കൂടാതെ കൃഷിയിടങ്ങൾ കാർഷികേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവർത്തനം കുറയ്ക്കുവാനും സാധിക്കും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പൊക്കാളി, കാപ്പാട്, കോൾ മേഖലകളിൽ 'ഒരു നെല്ല് ഒരു മീൻ' നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകും.

കടൽ മത്സ്യമേഖലയിൽ സുസ്ഥിരമായ വികസനം കൈവരിക്കുവാൻ മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകും. മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ, പരിശീലനം ലഭിച്ച യുവാക്കൾ, സ്ത്രീകൾ എന്നിവർ ഉൾപ്പെടുന്ന ഒരു സംരക്ഷണ സേന രൂപീകരിക്കും. മത്സ്യത്തൊഴിലാളികളുടെ കടബാധ്യത കുറയ്ക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കും. മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങളും, കൂട്ടായ്മകളും സർക്കാർ ഏജൻസികളുമായി സഹകരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് നീങ്ങുന്നതിനുള്ള ഒരു തന്ത്രം ആവിഷ്കരിക്കും. കുഫോസ് സേവനം ഇതിനായി പരമവാധി പ്രയോജനപ്പെടുത്തും.

ലക്ഷ്യങ്ങൾ

മത്സ്യവിത്ത് ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും മത്സ്യവിത്ത് ഉത്പാദനം 25 കോടിയായി ഉയർത്തുന്നതിന് പുതിയ ഹാച്ചറികൾ സ്ഥാപിക്കുവാനും നിലവിലുള്ള ഹാച്ചറികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. ശാസ്ത്രീയവും ആധുനികവുമായ മത്സ്യകൃഷി രീതികൾ അവലംബിച്ച് ഉൾനാടൻ മത്സ്യബന്ധനം 34,987 മെട്രിക് ടണ്ണിൽ നിന്ന് 60,000 ടണ്ണായി ഉയർത്തുവാനും ഈ പഞ്ചവത്സരപദ്ധതി കാലയളവിൽ ലക്ഷ്യമിടുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ഉറപ്പാക്കുന്നതിനും, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തും. പ്രതിശീർഷ മത്സ്യ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി വിപണിയിൽ ഗുണനിലവാരമുള്ള മത്സ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മത്സ്യഭവനുകൾ സ്ഥാപിച്ച് മത്സ്യമേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾ മത്സ്യത്തൊഴിലാളികൾക്കും, മത്സ്യകർഷകർക്കും ലഭ്യമാക്കുക, മത്സ്യവിഭവത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകുന്നു. ഹസാർഡ് അനലൈസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി) നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹാർബറുകളുടെ ശുചീകരണം മെച്ചപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഉചിതമായ വികസന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിന് ആവശ്യമായ

സാധ്യതാ പഠനങ്ങൾ നടത്തി സമഗ്രവും സ്ഥിരവുമായ ഒരു ഡേറ്റാ ബാങ്ക് സ്ഥാപിക്കുന്നതിനും പഞ്ചവത്സരപദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംസ്ഥാന മത്സ്യ വകുപ്പും, മത്സ്യ കർഷകരും, ഫിഷറീസ് സർവ്വകലാശാലയും സംയോജിതമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് ഏറ്റെടുക്കുന്ന പ്രധാന പ്രവൃത്തികൾ

നിലവിലുള്ള ഹാച്ചറികളുടെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിച്ച് വിത്ത് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുക, വീട്ടുമുറ്റത്തെ മത്സ്യവിത്തുൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി മത്സ്യമേഖലയെ ശക്തിപ്പെടുത്തുന്നതിനായിരിക്കും ബ്ലോക്ക് അടിസ്ഥാനത്തിൽ മത്സ്യഭവനുകൾ സ്ഥാപിക്കുക. തീരശോഷണം തടയുന്ന പദ്ധതികൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പാർപ്പിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കാനുള്ള പദ്ധതികൾ എന്നിവയും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന തുറമുഖങ്ങളുടെ സമ്പൂർണമായ വികസനവും പതിമൂന്നാം പഞ്ചവത്സര കാലയളവിൽ ആരംഭിച്ച ശുചിത്വ സാഗരം പോലെയുള്ള പദ്ധതികൾക്കും ഊന്നൽ നൽകുന്നുണ്ട്. ഫിഷറീസ് സർവ്വകലാശാലയുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സർവ്വകലാശാലയെ സമുദ്ര പഠനത്തിൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രയത്നങ്ങളും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ പാർപ്പിടവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ ആരംഭിച്ച പദ്ധതിയാണ് 'പുനർഗേഹം' ആഗോള വിപണിയിൽ അലങ്കാര മത്സ്യങ്ങൾക്ക് ഉയർന്നമൂല്യം ലഭിക്കുന്നതിന് കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ) എന്ന സ്ഥാപനത്തിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ മത്സ്യമേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ബ്ലോക്കടിസ്ഥാനത്തിൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ അഡാക്കിന്റെ സഹകരണത്തോടെ വീട്ടുമുറ്റത്ത് ചെറിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

3.5 വനവും വന്യജീവി സംരക്ഷണവും

അവലോകനം

കേരളത്തിന്റെ ഭൂവിസ്തൃതി രാജ്യത്തിന്റെ 1.2 ശതമാനം മാത്രമാണെങ്കിലും ഇന്ത്യയിലെ വനവിസ്തൃതിയുടെ 2.3 ശതമാനം കേരളത്തിലാണ്. കേരളത്തിലെ വനങ്ങൾ ജൈവ-ഭൂമിശാസ്ത്രപരമായി പശ്ചിമഘട്ടം, പശ്ചിമതീരം എന്നിങ്ങനെ രണ്ട് പ്രവിശ്യകളിലായാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ജൈവവൈവിധ്യത്താൽ സമ്പന്നവും, അപൂർവ്വവും, വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തുജാലങ്ങളുടെ ഒരു ശേഖരവും, അതോടൊപ്പം പരിസ്ഥിതി സംരക്ഷണത്തിന് അത്യന്താപേക്ഷിതവുമായി കണക്കാക്കപ്പെടുന്നു.

സംസ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്ന വനവിസ്തൃതി 11,521.9 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിയുടെ ഏകദേശം 29.65 ശതമാനമാണ് (38,863 ചതുരശ്ര കിലോമീറ്റർ). എന്നാൽ സംരക്ഷിത വനങ്ങൾക്ക് പുറത്തുള്ളവ ഉൾപ്പെട്ട യഥാർത്ഥ വനമേഖല ഇതിലും കൂടുതലാണ്. 2021 ലെ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് അനുസരിച്ച്, തോട്ടങ്ങൾ ഉൾപ്പെടെയുള്ള വനവിസ്തൃതി 21,253 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ വനവിസ്തൃതിയുടെ 54.7 ശതമാനത്തോളം വരും. 2019 ലെ റിപ്പോർട്ടുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ വനവിസ്തൃതി 0.52 ശതമാനം വർദ്ധിച്ചുവെന്ന് കാണാം. എന്നിരുന്നാലും നിബിഡവനവിസ്തൃതി 1,944 ചതുരശ്രകിലോമീറ്റർ, അല്ലെങ്കിൽ മൊത്തം വനവിസ്തൃതിയുടെ ഏകദേശം 9 ശതമാനം മാത്രമാണ്. മോഡറേറ്റ് നിബിഡവനങ്ങൾ 9,472 ചതുരശ്ര കിലോമീറ്റർ ഉണ്ട്. അതായത് മൊത്തം വനവിസ്തൃതിയുടെ 45 ശതമാനം. എന്നാൽ 9,837 ചതുരശ്ര കിലോമീറ്റർ, അതായത് വനവിസ്തൃതിയുടെ 46 ശതമാനവും തുറന്ന വനങ്ങളാണ്.

2020-21 ലെ അടിസ്ഥാന വിലയിൽ മൊത്തം ജി.എസ്.വി.എ-യിൽ വനവൽക്കരണത്തിന്റെയും ലോഗിംഗിന്റെയും വിഹിതം 1.03 ശതമാനവും ജി.എസ്.ഡി.പി-യിൽ പ്രാഥമിക മേഖലയുടെ വിഹിതം 8.5 ശതമാനവുമാണ്. 2020-21 ൽ തടിയുടെയും മറ്റ് വന ഉൽപ്പന്നങ്ങളുടെയും വിപണനത്തിലൂടെ വനമേഖലയിൽ നിന്നുള്ള വരുമാനം 236.8 കോടി രൂപയാണ്. ജീവജാലങ്ങളുടെ സംരക്ഷണ സംവിധാനങ്ങൾ നിലനിർത്തുന്നതിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമാണ് കേരളത്തിലെ വനപരിപാലനം പ്രധാനമായും ലക്ഷ്യമിടുന്നത്. കയ്യേറ്റങ്ങൾ, വേട്ടയാടൽ, മരംവെട്ടൽ എന്നിവയിൽ നിന്നുള്ള സംരക്ഷണം, നദീതീര സംരക്ഷണം, വന പരിപാലനത്തിൽ ആദിവാസികളുടെ വർദ്ധിച്ച പങ്കാളിത്തം, നശിച്ച വനമേഖലകളുടെ പുനരധിവാസം, ദുർബലമായ പരിസ്ഥിതി വ്യവസ്ഥകളുടെ സംരക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഉൽപ്പാദന വനവൽക്കരണത്തിന്റെ ആവശ്യങ്ങൾ പരിഹരിക്കാനാണ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എഫ്.ഡി.സി) രൂപീകരിച്ചത്. കെ.എഫ്.ഡി.സി ഏറ്റെടുത്തിരിക്കുന്ന പ്രധാന പ്രവർത്തനങ്ങളിൽ തോട്ടങ്ങളുടെ പരിപാലനം, ഏലം, കാപ്പി, തേയില, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ ഉൽപ്പാദനവും വിപണനവും, ഇക്കോടൂറിസത്തിന്റെ പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

സംസ്ഥാനത്തെ വനമേഖലയുടെ വികസനത്തിന് സമഗ്രമായ ഒരു സമീപനമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നൽകിയത്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി വനപരിപാലന തന്ത്രങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. സ്വാഭാവിക വന പരിപാലനം, തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, അടിസ്ഥാനസൗകര്യ വികസനം, ജൈവവൈവിധ്യ സംരക്ഷണം, സംരക്ഷിത മേഖല മാനേജ്മെന്റ്, വിഭവആസൂത്രണം, ഗവേഷണം എന്നിവ പ്രധാന കർമ്മ മേഖലകളിൽ ഉൾപ്പെടുന്നു.

പതിമൂന്നാം പദ്ധതിയിൽ, 1069.69 കോടി രൂപ ഈ മേഖലയ്ക്കായി ബജറ്റിൽ വകയിരുത്തി, ഇത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയേക്കാൾ (2012-17) 36 ശതമാനം കൂടുതലാണ്. ഈ കാലയളവിലെ മൊത്തം ചെലവ് 853.63 കോടി രൂപയായിരുന്നു, ഇത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ചെലവഴിച്ചതിനെക്കാൾ 38 ശതമാനം വർദ്ധന കാണിക്കുന്നു.

പട്ടിക 3.7 വനം, വന്യജീവി സംരക്ഷണം, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

വർഷം	വനം, വന്യജീവി സംരക്ഷണം		
	യഥാർത്ഥ സംസ്ഥാന ബജറ്റ് വിഹിതം	ചെലവ്	അടങ്കലിന്റെ ശതമാന പ്രകാരമുള്ള ചെലവ്
2017-18	237.50	162.55	68
2018-19	243.72	141.52	58
2019-20	208.72	138.98	67
2020-21	179.25	219.36	122
2021-22	200.50	189.00	94
ആകെ	**1069.69**	**851.41**	**80**

അവലംബം :വനം വന്യജീവി സംരക്ഷണ വകുപ്പ്

**കെ.എഫ്.ഡി.സി-യുടെ അടങ്കലും ചെലവും ഉൾപ്പെടുന്നു.*

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വിശാലമായ സമീപനത്തോട് ചേർന്നു നിൽക്കുന്നതാണ് വനസംരക്ഷണ മേഖലയുടെ കീഴിലുള്ള സുപ്രധാന നേട്ടങ്ങൾ. അതിർത്തി ഏകീകരണത്തിൻ കീഴിൽ ഏകദേശം 63,760 കെയ്നുകൾ നിർമ്മിച്ച് 1300 കിലോമീറ്റർ വിസ്തൃതിയിൽ ഏകീകരിക്കുകയുണ്ടായി. ഇക്കാലയളവിൽ, വനാവകാശ നിയമപ്രകാരം 26,867 വ്യക്തിഗത അവകാശങ്ങളും 183 കമ്മ്യൂണിറ്റി അവകാശങ്ങളും 495 വികസന അവകാശങ്ങളും നൽകിയിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിക്ക് കീഴിൽ, 5216.37 ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്തുകയും 270 ബദൽ ഇന്ധന ഊർജ്ജ സംവിധാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 63 വനശ്രീ ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുകയും 'വനശ്രീ' ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം ആരംഭിക്കുകയും ചെയ്തു. ഇതിലൂടെ ആദിവാസികളടക്കം 5,000 പേർക്ക് വനശ്രീയുടെ കീഴിൽ പ്രയോജനം ലഭിച്ചു. തൃശ്ശൂരിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്കും, തിരുവനന്തപുരത്തെ കാപ്പുകാട്ടിൽ ആന പുനരധിവാസ കേന്ദ്രവും സ്ഥാപിച്ചു. മലപ്പുറത്തെ കരിമ്പുഴയെ പുതിയ വന്യജീവി സങ്കേതമായി

പ്രഖ്യാപിച്ചത് ഇക്കാലത്താണ്. വനവൽക്കരണ പ്രവർത്തനങ്ങൾക്ക് കീഴിൽ ഹരിതകേരളം വഴി 315 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ചു. മെച്ചപ്പെട്ട വനസംരക്ഷണവും വന്യമൃഗ സംരക്ഷണ നടപടികളും കേരളത്തിലെ രണ്ട് പ്രധാന ഷെഡ്യൂൾ-1 മൃഗങ്ങളായ കടുവയുടെയും ആനയുടെയും എണ്ണം വർദ്ധിക്കുന്നതിന് സഹായിച്ചു. മികച്ച കമ്മ്യൂണിറ്റി അധിഷ്ഠിത ഇക്കോടൂറിസം പദ്ധതി വിഭാഗത്തിലും കടുവാ സങ്കേതങ്ങളുടെ മെച്ചപ്പെട്ട പരിപാലന വിഭാഗത്തിലും പെരിയാർ ടൈഗർ റിസർവിന് 2019-ലെ എസ്.കെ.എ.എൽ അന്താരാഷ്ട്ര അവാർഡ് ലഭിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണവും നടപ്പാക്കലുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ന്യൂനതകൾക്ക് തന്ത്രപരമായ പരിഹാരങ്ങൾ ആവശ്യമാണ്. വന പരിപാലന സംവിധാനങ്ങൾ പൊതുവെ ചുരുക്കം ചില ചരക്കുകളുടെയും സേവനങ്ങളുടെയും ദീർഘകാല ഉൽപ്പാദനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതുകൊണ്ട് വന പരിപാലന രീതികളിൽ പാരിസ്ഥിതിക മാനങ്ങൾ ഉൾപ്പെടുത്തുന്നതിൽ ന്യൂനതകൾ നിലനിന്നിരുന്നു. കാലാവസ്ഥാ മാറ്റങ്ങളും അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങളും വനങ്ങളുടെ പാരിസ്ഥിതിക പ്രതിരോധശേഷി വർദ്ധിപ്പിക്കലിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. വ്യക്തിഗത സാമൂഹിക വനാവകാശങ്ങളിൽ അവകാശപ്പെട്ടതും അംഗീകൃതവുമായ ഭൂപ്രദേശങ്ങൾ, അംഗീകാരത്തിനു ശേഷമുള്ള ഇടപെടൽ, നിർണായകമായ വന്യജീവി ആവാസവ്യവസ്ഥയുടെ നിർവചനം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക തടസ്സങ്ങൾ വനാവകാശ നിയമം നടപ്പാക്കുന്നതിന് തടസ്സമായി. മനുഷ്യ-വന്യജീവി സംഘർഷം വർഷങ്ങളായി വർദ്ധിച്ചുവരികയാണ്, ആയത് പരിഹരിക്കുന്നതിനായി ഹ്രസ്വകാല പൊരുത്തപ്പെടൽ നടപടികളോടൊപ്പം ദീർഘകാല ലഘൂകരണ തന്ത്രങ്ങളും ആവശ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി

കേരളത്തിലെ വനങ്ങൾ ജൈവവൈവിധ്യത്താൽ സമ്പന്നവും അതോടൊപ്പം അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായ സസ്യജന്തുജാലങ്ങളുടെ ശേഖരവും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് അത്യന്താപേക്ഷിതവുമാണ്. ഈ മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചത് വനസംരക്ഷണത്തിനും പരിപാലനത്തിനുമായിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഈ ഊന്നൽ തുടരുന്നതോടൊപ്പം വനങ്ങളിലെ ജലസുരക്ഷ വർദ്ധിപ്പിക്കുക, വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ജീവിതവും ഉപജീവനവും സുരക്ഷിതമാക്കുക, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ സുരക്ഷിത സംരക്ഷണമെന്ന നിലയിൽ വനങ്ങൾ വികസിപ്പിക്കുക എന്നിവയ്ക്കും മുൻഗണന നൽകും. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാന ആസൂത്രണ ബോർഡ് പരിസ്ഥിതിയും, വനവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും മനുഷ്യ-വന്യജീവി ഇടപെടലുകൾ, വനാവകാശ നിയമം, വനങ്ങളുടെ സുസ്ഥിരപരിപാലനം എന്നവയ്ക്കായി പ്രത്യേക വിദഗ്ദ്ധ ഉപഗ്രൂപ്പുകൾക്ക് (ഇ.എസ്.ജി) രൂപം നൽകുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങൾ ഇനിപ്പറയുന്നവയാണ്.

- വന ആവാസവ്യവസ്ഥകൾ, കാർഷിക ആവാസവ്യവസ്ഥകൾ എന്നിവയെ ഉൾക്കൊള്ളുന്ന നീർത്തടങ്ങൾക്കായി 'കുന്ന് മുതൽ താഴ്‌വര വരെ' എന്ന ആശയത്തിൽ സമഗ്രമായ കർമ്മ പദ്ധതികൾ വികസിപ്പിക്കേണ്ടിയിരിക്കുന്നു.
- ജൈവവൈവിധ്യ സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനുമായി വനത്തിനുള്ളിലെ മനുഷ്യരുടെ ഇടപെടലുകളെ നിരുത്സാഹപ്പെടുത്തുന്നതിനും സുപ്രധാന ആവാസവ്യവസ്ഥകളുടെ നാശം കുറയ്ക്കുന്നതിനും, വന്യജീവി ഇടനാഴികൾ വൃത്തിയാക്കുന്നതിനുമുള്ള പദ്ധതികൾക്ക് പിന്തുണ നൽകും.
- മനുഷ്യ - വന്യജീവി സംഘർഷങ്ങൾ സങ്കീർണ്ണമായ പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെ പദ്ധതി തുടർന്നും പിന്തുണയ്ക്കും. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സമീപ വർഷങ്ങളിൽ വർദ്ധിച്ചു വരുന്നതുകൊണ്ട് നഷ്ടപരിഹാര ആവശ്യകതയും കൂടി വരുന്നുണ്ട്. ദീർഘ-ഹ്രസ്വകാല പ്രതിരോധവും ലഘൂകരണ നടപടികളും ഉൾക്കൊള്ളുന്ന മനുഷ്യ-വന്യജീവി ഇടപെടലിനെക്കുറിച്ചുള്ള സമഗ്രമായ ഒരു തന്ത്രത്തിന്റെ രൂപകൽപ്പനയും നടപ്പാക്കലും പദ്ധതിയുടെ ഭാഗമാണ്.

പ്രധാന സംരംഭങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ താഴെപ്പറയുന്നവയാണ്.

- മെച്ചപ്പെട്ട ജലവിഭവ പരിപാലനം, ജൈവ വൈവിധ്യ സംരക്ഷണം, സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനം എന്നിവയ്ക്ക് മുൻതൂക്കം നൽകികൊണ്ടുള്ള സ്വാഭാവിക വനങ്ങളുടെ പരിപാലനം: വനങ്ങളുടെ സുസ്ഥിര പരിപാലനത്തെക്കുറിച്ചുള്ള വിദഗ്ദ്ധ ഉപഗ്രൂപ്പ് പരിസ്ഥിതി പുനരുദ്ധാരണം, പരിസ്ഥിതി വ്യവസ്ഥയുടെ സുസ്ഥിരത, പ്രകൃതിദത്ത വനങ്ങളുടെ മൾട്ടി-ഫങ്ഷണാലിറ്റി, ജൈവവൈവിധ്യ സംരക്ഷണം, വന്യജീവികളുടെയും സംരക്ഷിത പ്രദേശങ്ങളുടെയും പരിപാലനം എന്നിവയുൾപ്പെടെയുള്ള മെച്ചപ്പെട്ട വന പരിപാലനത്തിലൂടെ കാലാവസ്ഥാ മാറ്റത്തിനെതിരായ പ്രതിരോധവും ജലശാസ്ത്ര വ്യവസ്ഥയും വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശുപാർശ ചെയ്യുന്നു.
- മനുഷ്യ-വന്യജീവി ഇന്റർഫേസിന്റെ മാനേജ്മെന്റിന് വിദഗ്ദ്ധ ഉപഗ്രൂപ്പിന്റെ നിർദ്ദേശങ്ങളായ അടിസ്ഥാനസൗകര്യ വികസനം, മാനവവിഭവശേഷി വികസനം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, വന്യജീവി ആക്രമണത്തിന് ഇരയായവർക്കുള്ള എക്സ്ഗ്രേഷ്യ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും പങ്കാളിത്തം, പൊതുജന പങ്കാളിത്തം, വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തൽ, പരിശീലനം, അവബോധം സൃഷ്ടിക്കൽ, ഗവേഷണം പ്രോത്സാഹിപ്പിക്കൽ എന്നിവക്ക് മുൻതൂക്കം നൽകും.
- വനങ്ങൾക്ക് പുറത്തുള്ള ഹോം ഗാർഡനുകൾ, നഗര വനങ്ങൾ, വിദ്യാവനം തുടങ്ങിയവയുടെ പരിപാലനം.
- വനസംരക്ഷണ സമിതികൾ, ഇക്കോടൂറിസം ഡെവലപ്മെന്റ് കമ്മിറ്റികൾ, സ്വാശ്രയസംഘങ്ങൾ, സുസ്ഥിര ഇക്കോടൂറിസം/പരിസ്ഥിതി വികസനം എന്നിവയിലൂടെ വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ: ഇക്കാര്യത്തിൽ വനത്തെ അടിസ്ഥാനമാക്കിയുള്ള ഉപജീവനമാർഗ്ഗം, സാമൂഹിക-സാംസ്കാരിക മാനങ്ങൾ, സുസ്ഥിര ഇക്കോടൂറിസം, പങ്കാളിത്ത വന പരിപാലനം, വനങ്ങളുടെ പരിപാലനം മെച്ചപ്പെടുത്തൽ, ശേഷി വർദ്ധിപ്പിക്കൽ എന്നിവ വിദഗ്ദ്ധ ഉപഗ്രൂപ്പ് ശുപാർശ ചെയ്യുന്നു. തടിയിതര വനവിഭവങ്ങളുടെ പരിപാലന സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈനായി എൻ.റ്റി.എഫ്.പി-ഐ.എം.എസ് അല്ലെങ്കിൽ വെർച്വൽ ഗോഡൗൺ വികസിപ്പിച്ചെടുക്കും.
- 2021 ലെ പരിസ്ഥിതി പുനരുദ്ധാരണ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഏകവിള തോട്ടങ്ങളുടെ ഘട്ടം ഘട്ടമായ നിർത്തലാക്കൽ: വനങ്ങളുടെ അതിർത്തി നിർണയിക്കൽ, തോട്ടങ്ങളിലെ പരിസ്ഥിതി പുനഃസ്ഥാപിക്കൽ, പ്രകൃതിദത്ത ആവാസ വ്യവസ്ഥകളിൽ നിന്ന് ആക്രമണകാരികളായ അന്യദേശ സസ്യ-ജന്തുജാലങ്ങളുടെ നീക്കം ചെയ്യൽ, കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതോടൊപ്പം വനത്തെ ആശ്രയിക്കുന്ന സമൂഹങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള തനതായ തടി ഇതര വന ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധന, ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, തീരദേശ-നദീതട പ്രദേശങ്ങളുടെ സംരക്ഷണം, നഗര ഇടങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഘു വനങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കും ഊന്നൽ നൽകിയിരിക്കുന്നു.
- വിദഗ്ദ്ധ ഉപഗ്രൂപ്പ് ശിപാർശ ചെയ്യുന്ന വനാവകാശ ക്ലെയിമുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ: വനാവകാശ ക്ലെയിമുകൾക്കായി ആദിവാസി ഊരുകളെയും വനവാസികളെയും മാപ്പ് ചെയ്യേണ്ടതിന്റെ ആവശ്യകത, ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റുകളുടെ (സി.ഡബ്ല്യുഎച്ച്) നിർവചനം, അംഗീകൃത ടൈറ്റിൽ ഹോൾഡർമാർക്ക് (വ്യക്തിഗത-സാമൂഹിക വനാവകാശങ്ങൾ) സ്ഥാപിത പിന്തുണ തുടങ്ങിയവ നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമാണ്. പട്ടികവർഗ്ഗ വകുപ്പിന്റെ വർദ്ധിച്ച ഇടപെടലും ഗ്രാമസഭ തലത്തിലുള്ള ഇടപെടലും ഇക്കാര്യത്തിൽ പ്രസക്തമാണ്.
- കാർബൺ ന്യൂട്രാലിറ്റി: പശ്ചിമഘട്ടത്തിലെ വനങ്ങളിലെ സമ്പന്നവും ആകർഷകവുമായ ജൈവവൈവിധ്യം, ഉയർന്ന ജലലഭ്യത, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തുടങ്ങിയവ കാർബൺ സംഭരണം വർദ്ധിപ്പിക്കുന്നതിനും അതുവഴി ആഗോളതാപനം കുറയ്ക്കുന്നതിനും സഹായിക്കുന്നു. സൂക്ഷ്മ കാലാവസ്ഥാ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാലാവസ്ഥാ

വ്യതിയാനത്തിന്റെ ആഘാതത്തെ ചെറുക്കുന്നതിനുമായി നഗരങ്ങളിലും, അർദ്ധ നഗര പ്രദേശങ്ങളിലും പച്ചതുരുത്തുകൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

- വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിൽ സാങ്കേതികവിദ്യയുടെ ഉപയോഗം: അടുത്തിടെ വികസിപ്പിച്ച 'വാൻ സിസ്റ്റം' ആപ്പ്, വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിനും വനവിഭവങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും വനപരിപാലനത്തിനും പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉപയോഗിക്കും.
- കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ: പതിനാലാം പഞ്ചവത്സര പദ്ധതിയിലെ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.
    - കെ.എഫ്.ഡി.സി യുടെ കീഴിലുള്ള ഏലത്തോട്ടങ്ങളുടെ പുനരുജ്ജീവനം,
    - കെ.എഫ്.ഡി.സി യുടെ കീഴിലുള്ള ഇക്കോ ടൂറിസം സൊസൈറ്റികളിലെ അടിസ്ഥാന സൗകര്യ പരിപാലനവും വികസനവും,
    - മൂന്നാറിലെ സൈലന്റ് വാലിയിൽ യൂക്കാലിപ്റ്റസ് തോട്ടങ്ങളെ പുൽമേടുള്ള ചോല വനങ്ങളാക്കി മാറ്റുക.

അദ്ധ്യായം 4

വ്യവസായം, ഐടി, ടൂറിസം

4.1 വ്യവസായം

അവലോകനം

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിൽ വ്യവസായങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. വ്യവസായം മൂല്യവും തൊഴിലും വരുമാനവും സൃഷ്ടിക്കുന്നു. കേരളത്തിലെ ഉല്പന്ന നിർമ്മാണ മേഖല താരതമ്യേന ചെറുതാണ്. 2020-21 ൽ കേരളത്തിന്റെ ജിഎസ്‌വിഎയുടെ (2011-12ലെ സ്ഥിരമായ വിലയിൽ) 11 ശതമാനം ഈ ഉല്പന്ന നിർമ്മാണ മേഖലയിൽ നിന്നും 2020-21 ലെ ഇന്ത്യയുടെ ജിഡിപിയുടെ 17 ശതമാനം നിർമ്മാണ മേഖലയിൽ നിന്നുമാണ് ലഭിക്കുന്നത്. പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) കണക്കുകൾ പ്രകാരം, 2017-18ൽ കേരളത്തിലെ ഉല്പന്ന നിർമ്മാണ മേഖലയിൽ 15 ലക്ഷം തൊഴിലാളികൾ (സംസ്ഥാനത്തെ മൊത്തം തൊഴിലാളികളായ 127 ലക്ഷത്തിന്റെ 12.8 ശതമാനം) ജോലി ചെയ്തു. 2017-18ൽ ഫാക്ടറി മേഖലയിലെ 3.1 ലക്ഷം തൊഴിലാളികളും ഇതിൽ ഉൾപ്പെടുന്നു. ഫാക്ടറി മേഖലയും സംഘടിത ഉല്പന്ന നിർമ്മാണ മേഖലയുമായി ഏതാണ്ട് സമാനമാണ്. മൈക്രോ, ചെറുകിട, ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല കേരളത്തിൽ ഒരു പ്രധാന വരുമാനം സൃഷ്ടിക്കുന്നതും തൊഴിൽ നൽകുന്നതുമായ മേഖലയായി ഉയർന്നുവരുന്നു. എംഎസ്എംഇ സർവേയും നാലാമത്തെ സെൻസസിന്റെ ദ്രുത ഫലങ്ങളും അനുസരിച്ച്, എംഎസ്എംഇ ഗവൺമെന്റ് ഓഫ് ഇന്ത്യ, ഇന്ത്യയിലെ 5.62 ശതമാനം എംഎസ്എംഇ സംരംഭങ്ങളും കേരളത്തിലാണ്.

സ്വകാര്യ, സഹകരണ, പൊതുമേഖലകളിലെ വ്യാവസായിക വികസന പരിപാടിക്ക് സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കേരളം ഒരു നിക്ഷേപക-വ്യവസായ സൗഹൃദ കേന്ദ്രമായി തുടരുന്നുവെന്ന് ഉറപ്പാക്കാൻ സംസ്ഥാനം ഫലപ്രദമായ നടപടികൾ സ്വീകരിക്കും. സംസ്ഥാനത്തിന്റെ വ്യതിരിക്തമായ നേട്ടങ്ങളും പരിമിതികളും വിഭവ അടിത്തറയും കണക്കിലെടുത്ത് വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കും. 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' എന്നതായിരിക്കും വ്യാവസായിക വികസനത്തിനുള്ള മാർഗ്ഗനിർദേശ തത്വം. പരിസ്ഥിതി, സാമൂഹിക, ഭരണ (ഇഎസ്ജി) മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഉത്തരവാദിത്ത വ്യവസായങ്ങളെ സംസ്ഥാനം പ്രോത്സാഹിപ്പിക്കും. അധ്വാനം, പരിസ്ഥിതി, സമൂഹത്തിന്റെ ആവശ്യങ്ങൾ എന്നിവ കണക്കിലെടുത്ത് ധാർമ്മികമായ ഉല്പന്നനിർമ്മാണത്തിന് പ്രാധാന്യം നൽകും.

"സൺറൈസ് സെക്ടറുകളുടെ" വികസനത്തിൽ പ്രത്യേകിച്ചും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ വളർന്നുവരുന്ന മേഖലകളിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കും, പ്രത്യേകിച്ച് ലൈഫ് സയൻസ്, ബയോടെക്നോളജി, അഗ്രോ, ഫുഡ് പ്രോസസിംഗ്, ഫാർമസ്യൂട്ടിക്കൽസ്, ഡ്രഗ് നിർമ്മാണം, പെട്രോകെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ് തുടങ്ങിയ മേഖലകളിൽ. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തി സുസ്ഥിരമായ വളർച്ചയുടെ പാതയ്ക്കായി പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനും സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രണ്ട് വിഭാഗങ്ങളിലും പുതിയ അവസരങ്ങൾ കണ്ടെത്തി, നൂതനവും വിപണിയിൽ പ്രതികരിക്കുന്നതുമായ എംഎസ്എംഇകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കും. വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും സാമ്പത്തികമായി സുസ്ഥിരമായ പാതയ്ക്ക് ആവശ്യമായ നിക്ഷേപം നടത്തി പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ തന്ത്രത്തിന്റെ ലക്ഷ്യം.

സ്മാർട്ട് വ്യവസായവൽക്കരണത്തിൽ നിന്നുള്ള നേട്ടങ്ങൾ പരമാവധിയാക്കുന്നതിന്, സ്വകാര്യമേഖലയിലേയും സമ്പദ്‌വ്യവസ്ഥയുടെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾക്കിടയിലും നിലനിൽക്കുന്ന സുപ്രധാന ബന്ധങ്ങൾ പര്യവേക്ഷണം ചെയ്യേണ്ടത് അത്യാവശ്യമാണ്; സാങ്കേതിക നവീകരണം മുൻഗണനകളിൽ ഒന്നായി തുടരും; വിദേശ സാങ്കേതിക കരാറുകളുടെയും സാങ്കേതിക കൈമാറ്റത്തിന്റെയും വ്യാപ്തി പര്യവേക്ഷണം ചെയ്യേണ്ടതുണ്ട്. വിവിധ മേഖലകളുടെ ഏകീകരണത്തിന്റെയും ഏകോപനത്തിന്റെയും നേട്ടങ്ങൾ സംസ്ഥാനം നേടിയെടുക്കേണ്ടതുണ്ട്.

വ്യവസായ മേഖലയിലെ പൊതു ലക്ഷ്യങ്ങൾ

1) നിക്ഷേപം: വ്യാവസായിക മേഖലയിലും ഉയർന്നുവരുന്ന മേഖലകളിലും നിക്ഷേപം ആകർഷിക്കുന്നതിന് മുൻഗണന നൽകും. പൊതു ഫണ്ടുകൾ, സ്വകാര്യ സ്രോതസ്സുകൾ, അന്താരാഷ്ട്ര ഏജൻസികൾ തുടങ്ങിയ സ്രോതസ്സുകളിൽ നിന്നുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കും. പൊതുനിക്ഷേപം മറ്റ് മേഖലകളിൽ നിന്നുള്ള നിക്ഷേപങ്ങളെ ആകർഷിക്കുന്നു, അതിനാൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് അത് വർദ്ധിപ്പിക്കും. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പുതിയ മാതൃകകൾ കണ്ടെത്തും. ഇതിൽ സ്വകാര്യ, സഹകരണ മേഖലകളെ ഉൾപ്പെടുത്തണം. പൊതു സ്വകാര്യ പങ്കാളിത്തത്തിനുള്ള (പിപിപി) സാധ്യതകൾ പ്രയോജനപ്പെടുത്തും.

2) വ്യാവസായിക പ്രോത്സാഹനം: വ്യവസായങ്ങളെ നയിക്കുന്ന നിയമപരവും നിയന്ത്രണപരവുമായ ചട്ടക്കൂടിൽ ആവശ്യമായതും കാലോചിതവുമായ മാറ്റങ്ങൾ തുടരും. കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018, കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019, ഓൺലൈൻ ഏകജാലക ക്ലിയറൻസ് മെക്കാനിസം എന്നിവ നടപ്പിലാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കും. നിയന്ത്രണ ചട്ടക്കൂടിന്റെ ലളിതവൽക്കരണവും യുക്തിസഹമാക്കലും ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക എന്നത് മാർഗ്ഗനിർദ്ദേശക തത്വമായിരിക്കും. സംരംഭകരിൽ നിന്നുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംസ്ഥാനം ഒരു സംവിധാനം ഏർപ്പെടുത്തും.

3) തൊഴിൽ: വ്യാവസായിക മേഖലയിൽ പ്രത്യേകിച്ച് സ്വകാര്യ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമായ കാലാവസ്ഥ ഉറപ്പാക്കും. വ്യവസായ മേഖലയിൽ പുതിയ തൊഴിൽ സംരംഭകത്വ വികസനം, നൈപുണ്യ വികസനം, കരിയർ ഗൈഡൻസ് എന്നിവയിലൂടെ കൈവരിക്കും. ആധുനിക വ്യവസായങ്ങളിൽ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ നിലവിലുള്ള തൊഴിലാളികളെ നൈപുണ്യമുള്ളവരാക്കും. നൈപുണ്യ പ്രക്രിയ ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ളതും വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതുമായിരിക്കും.

4) അദ്ധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും ഉള്ളടക്കം കൂടുതൽ വ്യവസായ കേന്ദ്രീകൃതമാക്കുന്നതിന് വിദ്യാഭ്യാസ-ഗവേഷണ-വ്യവസായ തുടർച്ച വളർത്തിയെടുക്കും. വ്യവസായ മേഖലയിൽ പുതിയ അവസരങ്ങൾ തുറക്കുകയും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന ഗവേഷണങ്ങളെ പിന്തുണയ്ക്കേണ്ടതുണ്ട്.

5) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ: വ്യാവസായിക പ്രോത്സാഹനത്തിലും ബിസിനസ് സുഗമമാക്കുന്നതിലും നിക്ഷേപം ആകർഷിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കും. ഗ്രാമീണ വ്യവസായവൽക്കരണത്തിന് അവർ ഊന്നൽ നൽകും. ഉല്പന്ന നിർമ്മാണത്തിന്റെ വികേന്ദ്രീകരണത്തിനും നാനോ ഗാർഹിക യൂണിറ്റുകളുടെ പ്രോത്സാഹനത്തിനും ഉള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം.

6) സംരംഭകത്വം പ്രോത്സാഹിപ്പിക്കുക: സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കും. പ്രവാസി മലയാളികൾ, കുടുംബശ്രീ പോലുള്ള വനിതാ സ്വയം സഹായ സംഘങ്ങൾ, വിദ്യാർഥികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളാണ് സംരംഭകത്വ മുന്നേറ്റത്തിന് സംഭാവന നൽകാൻ കഴിയുന്നത്. ഐടി അധിഷ്ഠിത സ്റ്റാർട്ടപ്പുകളിൽ സംസ്ഥാനം അതിന്റെ നല്ല ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയും ഐടി ഇതര വ്യവസായങ്ങളിൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

7) പ്രതിരോധശേഷിയുള്ള വ്യവസായങ്ങൾ: വെള്ളപ്പൊക്കം, കോവിഡ് തുടങ്ങിയ ദുരന്തങ്ങളെയും മാന്ദ്യം പോലുള്ള ആഘാതങ്ങളേയും നേരിടാൻ സംസ്ഥാനം പ്രതിരോധശേഷിയുള്ള വ്യവസായങ്ങൾ വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. അത്തരം വ്യവസായങ്ങൾക്ക് ആവശ്യമായ സംവിധാനങ്ങളേയും ഘടനകളേയും പിന്തുണയ്ക്കുന്നതിലൂടെ ആഘാതങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും വേഗത്തിൽ തിരിച്ചുവരാൻ കഴിയും.

വ്യാവസായിക ആസൂത്രണത്തിനും നിർവഹണത്തിനുമുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങളിൽ ഒന്നായിരിക്കും ഈ പ്രതിരോധശേഷി.

8) വ്യവസായത്തിന്റെ വിഹിതം: കേരളത്തിന്റെ ജി.എസ്.വി.എയിൽ സംസ്ഥാനം ഉല്പന്ന നിർമ്മാണ മേഖലയുടെ വിഹിതം വർദ്ധിപ്പിക്കും. ജിഎസ്‌വിഎയിൽ ഉല്പന്ന നിർമ്മാണ മേഖലയുടെ പങ്ക് 2014-15 ലെ 9.8 ശതമാനത്തിൽ നിന്ന് 2019-20ൽ 12.5 ശതമാനമായി ഉയർന്നു. 15 ശതമാനമാണ് ലക്ഷ്യമിടുന്നത്. ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, ഓരോ തൊഴിലാളിയും മൂല്യവർദ്ധനവ് സൃഷ്ടിക്കുക എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും.

9) ഡാറ്റ മാനേജ്മെന്റ്: ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കൽ പ്രക്രിയ സ്ഥാപിക്കും, തത്സമയ ഡാറ്റയുടെ ലഭ്യത ഉറപ്പാക്കാൻ ഡാറ്റ ശേഖരണം, പ്രോസസ്സിംഗ്, ഉപയോഗം എന്നിവ ഉൾപ്പെടുന്ന മുഴുവൻ സംവിധാനവും ശക്തിപ്പെടുത്തും. എല്ലാ തല്പര കക്ഷികളുടെയും സജീവ പങ്കാളിത്തത്തോടെ ഡാറ്റ മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കും.

വളർച്ചയുടെ ഉറവിടം

വളർച്ചയ്ക്ക് സാധ്യതയുള്ള മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. ഇൻപുട്ടുകളുടെ ലഭ്യത, ഉൽപ്പാദന കേന്ദ്രങ്ങളുടെ സ്ഥാനം, അനുകൂല വിപണികൾ, ഭാവി സാധ്യതകൾ, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മത്സരം, സംസ്ഥാനത്തിന്റെ നേട്ടങ്ങൾ/വിഭവ അടിത്തറ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്താണ് വളർച്ചയുടെ ഉറവിടങ്ങൾ കണ്ടെത്തിയിട്ടുള്ളത്. i) കാർഷിക, ഭക്ഷ്യ സംസ്കരണം; ii) പെയിന്റ്, യൂറിയ, ടൈറ്റാനിയം ധാതുക്കൾ, സിമന്റ് എന്നിവയുൾപ്പെടെയുള്ള രാസവസ്തുക്കളും പെട്രോകെമിക്കലുകളും; iii) ഇലക്ട്രോണിക്സ്; iv) മെഡിക്കൽ ഉപകരണങ്ങൾ, ആരോഗ്യ സംരക്ഷണം, ബയോടെക്നോളജി; v) വ്യാവസായിക ഇടനാഴികൾ, തുറമുഖങ്ങൾ, ഷിപ്പിംഗ് ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗത സംവിധാനം എന്നിവ ഉൾപ്പെടെയുള്ള ആങ്കർ വ്യവസായങ്ങൾ; vi) തുണിത്തരങ്ങളും വസ്ത്രങ്ങളും; vii) കൈത്തറി, പവർലൂം; viii) കശുവണ്ടി സംസ്കരണം, കയർ നിർമ്മാണം തുടങ്ങിയ പരമ്പരാഗത മേഖലകൾ; ix) നിർമ്മാണം; x) പവർ - ഗ്യാസും അനുബന്ധ വ്യവസായങ്ങളും, xi) ഹൈ-ടെക്നോളജി സംരംഭങ്ങൾ എന്നിവ ഈ മേഖലകളിൽ ഉൾപ്പെടുന്നു. ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം പോലെയുള്ള ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ സംസ്ഥാനത്തിന്റെ കരുത്ത് മുതലെടുക്കുന്ന ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കും.

4.1.1 ഇടത്തരം, വൻകിട വ്യവസായങ്ങൾ (സംസ്ഥാന പൊതുമേഖലാ യൂണിറ്റുകൾ ഉൾപ്പെടെ)

വ്യാവസായിക മേഖലയെ നവീകരിക്കുന്നതിലും വൈവിധ്യവൽക്കരിക്കുന്നതിലും കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ നിർമ്മാണ മേഖല താരതമ്യേന ചെറുതാണ്. 2020-21ൽ കേരളത്തിന്റെ ജിഎസ്‌വിഎയുടെ (2011-12ലെ സ്ഥിരമായ വിലയിൽ) 11 ശതമാനം മാത്രമാണ് ഇതിന്റെ വിഹിതം. എന്നിരുന്നാലും, ആധുനിക വ്യവസായങ്ങളുടെ ഒരു പുതിയ കൂട്ടം കേരളത്തിൽ വളരുന്നു എന്നത് ശ്രദ്ധേയമാണ്. രാസവസ്തുക്കൾ, ശുദ്ധീകരിച്ച പെട്രോളിയം ഉൽപന്നങ്ങൾ, റബ്ബർ, പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, ഔഷധ സസ്യശാസ്ത്ര ഉൽപന്നങ്ങൾ എന്നിവയാണ് സംയോജിത മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ മുൻനിര വ്യവസായങ്ങൾ. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) - കൊച്ചി റിഫൈനറി അതിന്റെ റിഫൈനിംഗ്, പെട്രോകെമിക്കൽ ഉൽപ്പാദന ശേഷിയുടെ വലിയൊരു വിപുലീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്, ഇത് കേരളത്തിലെ കെമിക്കൽ, അനുബന്ധ വ്യവസായങ്ങൾക്ക് വലിയ വാഗ്ദാനമാണ് നൽകുന്നത്.

കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നീ വിവിധ നിർമ്മാണ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ കേരളത്തിലുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ, വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 3321.67 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തി. 2020-21 കാലയളവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ 10 യൂണിറ്റുകൾ ലാഭത്തിലും 32 യൂണിറ്റുകൾ നഷ്ടത്തിലുമായിരുന്നു. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ), കേരള സ്റ്റേറ്റ്

ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, മലബാർ സിമന്റ്സ് എന്നിവ ഉൾപ്പെടുന്നതാണ് ഈ വർഷം ലാഭമുണ്ടാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ.

പെട്രോകെമിക്കൽസ്, ഔഷധ നിർമ്മാണം, ലൈഫ് സയൻസ് എന്നിവയുടെ വളർച്ചയ്ക്കായി പ്രത്യേകമായി സംസ്ഥാനം വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നു. പ്രതിരോധ ഇലക്ട്രോണിക്സ്, ലൈറ്റ് എഞ്ചിനീയറിംഗ് എന്നിവയുടെ വളർച്ചയിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡ്, കൊച്ചി റിഫൈനറീസ് ലിമിറ്റഡ്, കെഎസ്ഇബി എന്നിവയുടെ വിപുലീകരണവും വളർച്ചയും ഡൗൺസ്ട്രീം വ്യവസായങ്ങൾക്ക് അവസരമൊരുക്കി.

വ്യവസായ മേഖലയിൽ കേരളത്തിന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്ന് കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംരംഭകർക്കിടയിലുള്ള ധാരണയിലെ അനുകൂലമായ മാറ്റമാണ്. കേരളം യോജിച്ച നിക്ഷേപ കേന്ദ്രമല്ലെന്നായിരുന്നു പൊതുവെയുള്ള ധാരണ. ഇന്നത്തെ സ്ഥിതി ഇതല്ല. അറിവിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള വ്യവസായങ്ങളുടെ പ്രാധാന്യം വർദ്ധിച്ചതോടെ വ്യാവസായിക വളർച്ചയുടെ സ്വഭാവം തന്നെ മാറിയതാണ് കാരണം. വിദഗ്ധ തൊഴിലാളികളുടെ ലഭ്യതയ്ക്ക് പുറമേ, സംസ്ഥാനത്തുടനീളം വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും സംരംഭകർക്ക് കേരളം വാഗ്ദാനം ചെയ്യുന്നു.

ഇടത്തരം, വൻകിട വ്യവസായങ്ങളിലെ പ്രധാന ഏജൻസികൾ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി). പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ) എന്നിവ ഇടത്തരം, വൻകിട വ്യവസായങ്ങളുടെ കീഴിൽ വരുന്ന ഏജൻസികളാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

ഊന്നൽ നൽകിയ മേഖല

1. ഒന്നിലധികം നിക്ഷേപ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ സ്വകാര്യ, സഹകരണ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാവസായിക ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കുക.
2. സംസ്ഥാനത്തിന്റെ കാർഷിക, പ്രകൃതി, സമുദ്ര വിഭവങ്ങളുമായി ശക്തമായ ബന്ധമുള്ള വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് കേരളത്തിൽ ശക്തമായ ഒരു ഉൽപ്പാദന നിർമ്മാണ അടിത്തറ കെട്ടിപ്പടുക്കുക.
3. സംസ്ഥാനത്ത് ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. പൊതുമേഖലാ യൂണിറ്റുകളുടെ ഉൽപ്പാദന നിരയെയും സാങ്കേതിക വിദ്യകളെയും കുറിച്ച് പുനർവിചിന്തനം നടത്തി അവയുടെ ദീർഘകാല പുനരുജ്ജീവനത്തിനായി പരിശ്രമിക്കുക.
5. സ്വകാര്യമേഖലയിലെ ഉന്നത സാങ്കേതിക സംരംഭങ്ങൾക്ക് സഹായകരമാക്കി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുക.
6. ബയോടെക്നോളജി, നാനോ ടെക്നോളജി, ബയോമെഡിക്കൽ സയൻസസ്, ബയോകെമിക്കൽ എഞ്ചിനീയറിംഗ് എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പുതിയതും കൂടുതൽ മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുക.
7. ബയോടെക്നോളജിയുടെ വികസനത്തിലും പ്രയോഗത്തിലും ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുക.
8. മലയാളി എഞ്ചിനീയർമാർ, പ്രൊഫഷണലുകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, പ്രത്യേകിച്ച് കുടുംബശ്രീ, വിദ്യാർത്ഥികൾ എന്നിങ്ങനെ മൂന്ന് ഗ്രൂപ്പുകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.

മൂലധന പിന്തുണയിലൂടെയും പ്രോത്സാഹന പദ്ധതികളിലൂടെയും ഉൽപ്പാദന, സേവന മേഖലകൾ പുനഃസ്ഥാപിക്കുക, ഭൂമി, പ്ലാന്റ്, യന്ത്രങ്ങൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ നിക്ഷേപ

സബ്സിഡികൾ വഴി പുതിയ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുക എന്നിവ വികസനത്തിനായുള്ള ഊന്നൽ മേഖലകളിൽ ഉൾപ്പെടുന്നു

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ലക്ഷ്യങ്ങൾ ഏജൻസി തിരിച്ച്

1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) ഇനിപ്പറയുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു - ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മെച്ചപ്പെടുത്തുക, കൊച്ചി-കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ ആരംഭിക്കുക, മെഗാ ഫുഡ് പാർക്ക്, ചേർത്തല, ലൈഫ് സയൻസസ് പാർക്ക്, ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്, സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ, വുമൺ എന്റർപ്രൈസ് സംരംഭങ്ങൾ.
2. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ഇനിപ്പറയുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.
   1. വ്യവസായ വികസനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ
   2. കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിന്റെ വികസനം,
   3. കൊച്ചിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുക.
   4. ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിക്കുക.
   5. പാലക്കാട് മെഗാ ഫുഡ് പാർക്കിന്റെ പ്രവർത്തനം വിപുലീകരിക്കുക.
3. പൊതുമേഖലാ സ്ഥാപനങ്ങളുടെ (പി.എസ്.യു) ലക്ഷ്യങ്ങൾ
   1. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിന്റെ വഴിയിൽ കൊണ്ടുവരുക
   2. ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ശേഷി വിപുലീകരണം
   3. സാങ്കേതിക നവീകരണവും ഉൽപ്പന്ന വൈവിധ്യവൽക്കരണവും
   4. പൊതുമേഖലാ സ്ഥാപനങ്ങൾക്കിടയിൽ സമന്വയം പ്രോത്സാഹിപ്പിക്കുക. തിരഞ്ഞെടുത്ത കേസുകളിൽ, സമാന പ്രവർത്തനരീതിയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലയനം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, മൊത്തം അടങ്കൽ തുകയായി 2,680.25 കോടി രൂപ ആയിരുന്നു. ചെലവ് 1,572.92 കോടി രൂപ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-2022) ഏജൻസി തിരിച്ചുള്ളതും വർഷം തിരിച്ചുള്ള അടങ്കലും ചെലവും പട്ടിക 4.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 4.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി ഇടത്തരം, വൻകിട വ്യവസായ മേഖലയിലെ അടങ്കലും ചെലവും

(രൂപ കോടിയിൽ)

ഏജൻസി	2017-18		2018-19		2019-20		2020-21		2021-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ(കെഎസ്ഐഡിസി)	96.27	159.05	134.35	76.57	116.01	15.90	109	84.32	109	48.74
കേരള ഇൻഡസ്ട്രിയൽഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ)	111.32	55.02	96.00	34.83	107.03	20.60	92.53	85.14	302.53	175.88
സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സിഎംഡി)	3.10	1.82	1.30	1.27	1.29	0.75	1.29	0.99	1.29	1.29

ഏജൻസി	2017-18		2018-19		2019-20		2020-21		2021-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ)	0.40	0.364	0.75	0.00	0.75	0.44	0.95	0.19	0.95	0.18
പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (ആർഐഎബി)	1.86	1.86	3.50	3.50	3.50	2.10	3.50	3.07	5.50	4.71
പ്രവർത്തനക്ഷമമായ പൊതുമേഖലാ യൂണിറ്റുകളുടെ പുനരുജ്ജീവനവും	270	157.71	297.35	140.52	299.35	100.28	260.79	213.21	248.79	182.62
ആകെ	**482.95**	**375.82**	**533.25**	**256.69**	**527.93**	**140.07**	**468.06**	**386.92**	**668.06**	**413.42**

അവലംബം: വ്യവസായ വാണിജ്യ വകുപ്പ്

പട്ടിക 4.2 പതിമൂന്നാം പഞ്ചവത്സര പദ്ധതി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൗതിക നേട്ടങ്ങൾ

ഇനം	2017-18	2018-19	2019-20	2020-21	2021-22
ആകെ യൂണിറ്റ് (എണ്ണം)	41	42	42	42	42
മൊത്തം വിറ്റുവരവ് (രൂപ കോടിയിൽ)	2879.47	3415.73	3068.37	3303.97	3892.13
പ്രവർത്തന ലാഭത്തിലുള്ള യൂണിറ്റുകൾ (എണ്ണം)	14	15	15	16	21
പ്രവർത്തന ലാഭം (രൂപ കോടിയിൽ)	188.66	182.30	28.00	47.00	386.05
അറ്റാദായം/നഷ്ടം (രൂപ കോടിയിൽ)	-6.52	-16.23	-137.44	-206.63	103.54

* സെയിൽ-എസ്സിഎൽ - പതിമൂന്നാം പ്ലാൻ സമയത്ത് പ്രവർത്തനരഹിതമാണ്.

അവലംബം: വ്യവസായ വാണിജ്യ വകുപ്പ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി)

1. കേരള റബ്ബർ ലിമിറ്റഡ് 2019 ൽ രൂപീകരിച്ചു.
2. റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഡിപിആർ കിറ്റ്കോ തയ്യാറാക്കി.
3. കെആർഎൽ-ന്റെ സാധ്യതയുള്ള പ്രവർത്തനങ്ങളെയും ഘടനയെയും കുറിച്ച് അപ്രോച്ച് പേപ്പർ തയ്യാറാക്കി.
4. അപ്രോച്ച് പേപ്പറിനെ അടിസ്ഥാനമാക്കി പുതുക്കിയ ഡി.പി.ആർ റബ്ബർ ബോർഡ് തയ്യാറാക്കുന്നു.
5. കേരള സർക്കാർ കെആർഎൽ-ന് വേണ്ടി 143 ഏക്കർ (ഏകദേശം) ഭൂമി വകയിരുത്തി.
6. കഴിഞ്ഞ നാല് വർഷത്തിനിടയിൽ, കെഎസ്ഐഡിസി സെമിനാറുകൾ, ബിസിനസ് മീറ്റുകൾ റോഡ് ഷോകൾ (വിവിധ സംരംഭങ്ങളിലായി 100-ലധികം) കൂടാതെ മാധ്യമ പ്രചാരണം, ആഭ്യന്തര/അന്തർദേശീയ കോൺഫറൻസുകളിൽ പങ്കാളിത്തം/ബിസിനസ് മീറ്റുകൾ, വ്യാപാര മേളകൾ, പബ്ലിസിറ്റി മെറ്റീരിയലുകൾ സൃഷ്ടിക്കൽ, ബ്രോഷറുകൾ, പി.ആർ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രൊമോഷണൽ തന്ത്രങ്ങൾ സംഘടിപ്പിച്ചു.
7. അസ്സന്റ് കേരളയുടെ രണ്ട് പതിപ്പുകൾ - നിലവിലുള്ളതും സാധ്യതയുള്ളതുമായ സംരംഭകർക്ക് ബിസിനസ്സ് ചെയ്യുന്നതിനുള്ള തടസ്സരഹിതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സംസ്ഥാന

ഗവൺമെന്റ് സ്വീകരിച്ച ആത്മാർത്ഥവും സജീവവുമായ നടപടികളുടെ പ്രചരണം ലക്ഷ്യമിട്ടുള്ളതാണ് അസ്സന്റ് കേരള 2019.

8. കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസം (കെസ്വിഫ്റ്റ്) – സംസ്ഥാനത്ത് വ്യാവസായിക പ്രൊജക്ടുകൾ സ്ഥാപിക്കുന്നത് എളുപ്പമാക്കുകയാണ് ലക്ഷ്യം. കെഎസ്ഐഡിസിയാണ് നോഡൽ ഏജൻസി. 15 ലധികം വകുപ്പുകളുടെ/ഏജൻസികളുടെ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡിന്റെ ആകെ 27 യോഗങ്ങളാണ് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഇതുവരെ ചേർന്നത്.
9. സീഡ് ഫണ്ട് സഹായം, ഇൻകുബേഷൻ സൗകര്യം, മെന്ററിംഗ് സപ്പോർട്ട് തുടങ്ങിയ വിവിധ സംരംഭങ്ങളിലൂടെ കെഎസ്ഐഡിസി യുവസംരംഭകർ/ഇന്നവേറ്റേഴ്സ് എന്നിവരെ പിന്തുണയ്ക്കുന്നു. നൂതന സംരംഭങ്ങൾക്ക് സോഫ്റ്റ് ലോൺ അല്ലെങ്കിൽ ഇക്വിറ്റി ഷെയർ ക്യാപിറ്റൽ വഴി പ്രോജക്ട് ചെലവിന്റെ 90% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണ് കുറവ് അത് സീഡ് ഫണ്ട് നൽകുന്നു. കെഎസ്ഐഡിസിയുടെ സീഡ് ഫണ്ട് സഹായം ലഭിച്ച കമ്പനികൾ 1000–ലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
10. ലൈഫ് സയൻസ് പാർക്ക് – ബയോടെക് മേഖലയിലെ ഒരു സ്റ്റാർട്ടപ്പ് കമ്പനി പാർക്കിൽ പ്രവർത്തനം ആരംഭിച്ചു. എം/എസ് പോളിസ്കിൻ ലൈഫ് സയൻസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ട്–അപ്പ് കമ്പനി പാർക്കിൽ തങ്ങളുടെ ഗവേഷണ–വികസന സൗകര്യം സ്ഥാപിച്ചു. രണ്ട് ഘട്ടങ്ങളിലായാണ് ലൈഫ് സയൻസസ് പാർക്ക് സ്ഥാപിക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടം 75 ഏക്കർ സ്ഥലത്താണ് വരുന്നത്, കൂടാതെ ആവശ്യമായ പിന്തുണ അടിസ്ഥാന സൗകര്യങ്ങളായ പാർക്കിനുള്ളിലെ റോഡുകൾ, വൈദ്യുതി, വെള്ളം എന്നിവ നിലവിലുണ്ട്. 131 ഏക്കറിൽ രണ്ടാം ഘട്ട വികസനവും വിഭാവനം ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ അവസാന ഘട്ടത്തിലാണ്.
11. ഓൺലൈൻ ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐബിപിഎംഎസ്) വികസിപ്പിച്ച് വരുന്നു.
12. കെഎസ്ഐഡിസി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി (എസ്.സി.റ്റി.ഐ.എം.എസ്.റ്റി) എന്നിവയുടെ സംയുക്ത സംരംഭത്തിന്റെ ഭാഗമായി ലൈഫ് സയൻസ് പാർക്കിലെ (ഘട്ടം–1) 9 ഏക്കർ സ്ഥലത്ത് 260 കോടിയുടെ മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ് പാർക്ക്) സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
13. കെഎസ്ഐഡിസി കടൽ ഭക്ഷ്യ സംസ്കരണ മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് ചേർത്തല ഐജിസി പള്ളിപ്പുറത്ത് 84 ഏക്കർ സ്ഥലത്ത് ഫുഡ് പാർക്ക് സ്ഥാപിച്ചു.
14. കോഴിക്കോട് ജില്ലയിലെ വേലോം വില്ലേജിൽ കുറ്റിയാടി നാളികേര വ്യവസായ പാർക്കിന്റെ വികസനത്തിനായി 115 ഏക്കർ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി.
15. ലൈറ്റ് എഞ്ചിനീയറിംഗ് മേഖലയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് കെഎസ്ഐഡിസി പാലക്കാട് ഒരു സമർപ്പിത നിക്ഷേപ മേഖലയും സ്ഥാപിച്ചു.
16. വനിതാ സംരംഭകത്വ മിഷൻ, നിലവിലുള്ള വനിതാസംരംഭകരെ അവരുടെ ബിസിനസ്സ് സംരംഭങ്ങൾ സ്കെയിൽ അപ് ചെയ്യുന്നത് തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനും പിന്തുണ നൽകാനും ലക്ഷ്യമിടുന്നു. കേരളത്തിലെ സ്ത്രീകൾക്കിടയിൽ സംരംഭകത്വ ചിന്തയുടെ ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കുകയാണ് ഈ ദൗത്യം ലക്ഷ്യമിടുന്നത്.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

1. കിൻഫ്ര പൂർത്തിയാക്കിയ പദ്ധതികൾ – കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്, മേനംകുളം, തിരുവനന്തപുരം (45 ഏക്കർ), കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം (50 ഏക്കർ) കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (കെപിഐപി), കൊച്ചി (180 ഏക്കർ), കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (30 ഏക്കർ), കിൻഫ്ര നിയോ സ്പേസ്, കാക്കഞ്ചേരി, മലപ്പുറം (85,000 ചതുരശ്ര അടി), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മേനംകുളം, തിരുവനന്തപുരം (40 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം (65 ഏക്കർ), ഇൻഡസ്ട്രീസ് പാർക്ക്, കൊരട്ടി, തൃശ്ശൂർ (30 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൽപ്പറ്റ, വയനാട് (50 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ (50 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, സീതൻഗൊല്ലി, കാസർകോട് (278 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കുന്നംതാനം, പത്തനംതിട്ട (36 ഏക്കർ), കിൻഫ്ര ചെറുകിട വ്യവസായ

പാർക്ക്, അടൂർ, പത്തനംതിട്ട (35 ഏക്കർ), കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ, പത്തനംതിട്ട (50 ഏക്കർ), കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, നാടുകാണി, കണ്ണൂർ (126 ഏക്കർ), ആനിമേഷനായി സെസ് & ഗെയിമിംഗ്, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം (25 ഏക്കർ) തുടങ്ങിയവ.

2. കിൻഫ്ര എല്ലാ പാർക്കുകളിലും ഏകജാലക ക്ലിയറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഒരു തടസ്സവുമില്ലാതെ യൂണിറ്റുകൾ സ്ഥാപിക്കാൻ ഇത് നിക്ഷേപകരെ സഹായിക്കുന്നു.
3. കിൻഫ്ര 24 വ്യാവസായിക പാർക്കുകളിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്, അതിൽ 9 എണ്ണം ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മാത്രമായി നൽകുന്നു. 12 പ്രധാന വ്യാവസായിക മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കി.
4. തിരുവനന്തപുരത്ത്, ഇന്ത്യയിലെ ആദ്യത്തെ അന്താരാഷ്ട്ര വസ്ത്ര പാർക്ക്, എറണാകുളത്ത് എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, ഇൻഫോടെയ്ൻമെന്റ് പാർക്ക്, തിരുവനന്തപുരത്ത് ഫിലിം ആൻഡ് വീഡിയോ പാർക്ക്, മലപ്പുറത്ത് ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ കിൻഫ്ര വിജയകരമായി പൂർത്തിയാക്കി.
5. കിൻഫ്ര തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, കാസർകോട് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്ക് വികസിപ്പിച്ചെടുത്തു.
6. ഇൻഡസ്ട്രിയൽ പാർക്ക്, ഒറ്റപ്പാലം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയായി, ബിൽറ്റ് അപ്പ് സ്ഥലം അനുവദിച്ച് നൽകുന്നത് പുരോഗമിക്കുന്നു. ആന്തരിക റോഡുകളും മറ്റ് പൊതു സൗകര്യങ്ങളും പൂർത്തിയായി.
7. കണ്ണൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) വികസിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കിൻഫ്ര.
8. കേരളത്തിലെ നാലാമത്തെ അന്താരാഷ്ട്ര വിമാനത്താവളമായ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (കിയാൽ) പ്രവർത്തനക്ഷമമാക്കുന്നതിൽ കിൻഫ്ര നിർണായക പങ്കുവഹിച്ചു. കിയാലിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയാണിത്.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി)

1. കിഫ്ബി-യുടെ കൺസൾട്ടിംഗ്, പ്രോജക്ട് മാനേജ്മെന്റ് പിന്തുണ
2. ദേശീയ ഗ്രാമീണ വികസന മന്ത്രാലയം സ്കീമുകളുടെ ദേശീയ തല നിരീക്ഷണം നടത്തുക
3. വിദേശത്ത് നിന്നും മടങ്ങിയെത്തുന്നവർക്കായി പുനരധിവാസ പരിപാടികൾ നടത്തുക
4. പട്ടികവർഗ്ഗക്കാർക്കിടയിൽ സുസ്ഥിരമായ കാർഷിക ഇടപെടൽ നടത്തുക
5. ജൈവവൈവിധ്യത്തിലും ആവാസവ്യവസ്ഥയിലും വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ എന്നിവയുടെ ആഘാതം വിലയിരുത്തൽ
6. വിവിധ സർക്കാർ സ്ഥാപനങ്ങൾക്കുള്ള പരിശീലന പരിപാടികൾ
7. കേരളത്തിലെ പബ്ലിക് എന്റർപ്രൈസസിന്റെ റിവ്യൂ തയ്യാറാക്കൽ
8. കേരള സംസ്ഥാന പച്ചക്കറി വികസന പദ്ധതിയുടെ കൺകറന്റ് മോണിറ്ററിംഗും തേഡ് പാർട്ടി വിലയിരുത്തലും.

പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)

1. പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം പുരോഗമിച്ചിട്ടുണ്ട്. 2017-18 നെ അപേക്ഷിച്ച് 2021-22 ൽ വിറ്റുവരവും പ്രവർത്തന ലാഭവും യഥാക്രമം 32.41 ശതമാനം, 105.68 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി.
2. കെഎംഎംഎൽ, കെൽട്രോൺ, ടിടിപിഎൽ ടിസിസിഎൽ, കെൽട്രോൺ കോംപണന്റ് കോംപ്ലക്സ് എന്നിവ റെക്കോർഡ് പ്രകടനം രേഖപ്പെടുത്തി.
3. 17 ടെക്സ്റ്റൈൽ മില്ലുകളിൽ, 5 മില്ലുകൾ പ്രവർത്തന ലാഭം കൈവരിക്കുകയും ബാക്കിയുള്ളവ 2021-22 കാലയളവിൽ നഷ്ടം ഗണ്യമായി കുറയ്ക്കുകയും ചെയ്തു.
4. പതിമൂന്നാം പദ്ധതി കാലയളവിൽ 770 കോടി രൂപ മൂലധനച്ചെലവ്
5. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്സ് ലിമിറ്റഡ് (എച്ച്എൻഎൽ) & ഭെൽ - ഇ.എം.എൽ എന്നിവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ.

6. കെഎസ്ഡിപി, കെഎംഎംഎൽ, റ്റിറ്റിപി, റ്റിസിസിഎൽ, കെസിസിപിഎൽ, കെഎസ്ഐഇ തുടങ്ങിയ കോവിഡ്-19 പാൻഡെമിക്കിനെതിരായ സർക്കാർ നടപടിയെ പിന്തുണയ്ക്കുന്നതിനായി പുതിയ ഉൽപ്പന്നം/സേവനം വികസിപ്പിച്ചെടുത്തു.
7. കെഎംഎംഎൽ 70 റ്റിപിഡി ഓക്സിജൻ പ്ലാന്റ് കമ്മീഷൻ ചെയ്യുകയും ദ്രാവക ഓക്സിജന്റെ ശേഷി 10 റ്റിപിഡി ആയി വർദ്ധിപ്പിക്കുകയും ചെയ്തു.
8. റ്റിസിസിഎൽ 75 റ്റിപിഡി കാസ്റ്റിക് സോഡ പ്ലാന്റും എച്ച്സിഎൽ സിന്തസിസ് യൂണിറ്റും കമ്മീഷൻ ചെയ്തു.
9. കെഎസ്ഡിപി കമ്മീഷൻ ചെയ്ത നോൺ-ബീറ്റലാക്ടം പ്ലാന്റ്, എൽവിപി/എസ്വിപി, ഒഫ്താൽമിക് മരുന്നുകൾ എന്നിവയ്ക്കുള്ള പ്ലാന്റ് നിർമ്മാണം അവസാന ഘട്ടത്തിലാണ്.
10. കെൽട്രോൺ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കായി നാവിക് റിസീവർ വികസിപ്പിച്ചെടുത്തു. പുതിയ ഉൽപ്പന്ന വികസനത്തിനായി എൻപിഒഎൽ, കൊച്ചിൻ ഷിപ്പ്യാർഡ് എന്നിവയുമായി ധാരണാപത്രം ഒപ്പുവച്ചു.
11. ഓട്ടോകാസ്റ്റ് ലിമിറ്റഡ് കാസ്നബ് ബോഗികളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കി ഇന്ത്യൻ റെയിൽവേയ്ക്ക് കൈമാറി.
12. കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് ഇ-ഓട്ടോ വികസിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്തു.
13. പരിശീലനത്തിന്റെയും ശേഷി വികസനത്തിന്റെയും ഭാഗമായി, ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും മാനേജിംഗ് ഡയറക്ടർമാർക്കും ജീവനക്കാർക്കും പരിശീലനം/ശിൽപശാലകൾ നടത്തി.
14. ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും ഓഡിറ്റ് പെൻഡൻസി ക്ലിയർ ചെയ്യുകയും സമയബന്ധിതമായി ഓഡിറ്റ് പൂർത്തീകരിക്കുകയും ചെയ്തു.
15. ഹ്രസ്വ, ഇടത്തരം, ദീർഘകാല ലക്ഷ്യത്തോടെ വിവിധ വിപുലീകരണ/ആധുനികവൽക്കരണം/ വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും സുസ്ഥിരമായ വളർച്ചയ്ക്കായി 41 പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ)

1. പബ്ലിക് എന്റർപ്രൈസസ് ബോർഡിന്റെ (പിഇബി) സെക്രട്ടേറിയറ്റായി ബിപിഇ പ്രവർത്തിക്കുന്നു.
2. സംസ്ഥാന പൊതുമേഖല സംരംഭങ്ങളുടെ വാർഷിക അവലോകന റിപ്പോർട്ട് തയ്യാറാക്കൽ.
3. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ/സിഇഒമാരുടെ നിയമനങ്ങൾക്കായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ (കെപിഇഎസ് ബി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
4. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജർമാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

നിർണ്ണായക വിടവുകൾ

കേരള റബ്ബർ പ്രൊഡക്ട്സ് ലിമിറ്റഡ്

1. സാധ്യതയുള്ളതും പ്രായോഗികവുമായ ഉൽപ്പന്നങ്ങളെയും ഉൽപ്പന്ന ഗ്രൂപ്പുകളെയും കുറിച്ചുള്ള അപര്യാപ്തമായ വിവരങ്ങൾ.
2. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം സ്ഥിരത എന്നിവയുടെ അഭാവം.
3. സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും മതിയായ സൗകര്യങ്ങളുടെ അഭാവം
4. എംഎസ്എംഇ മേഖലയിലെ യൂണിറ്റുകൾക്ക് അപര്യാപ്തമായ സാങ്കേതിക സഹായം.
5. കയറ്റുമതി വിപണിയെക്കുറിച്ചുള്ള ശരിയായ അവബോധത്തിന്റെ അഭാവവും കയറ്റുമതിക്ക് ആവശ്യമായ സമയോചിതമായ സഹായത്തിന്റ അഭാവം.
6. വ്യവസായം ആരംഭിക്കാൻ വെള്ളം, വൈദ്യുതി, ആശയവിനിമയ സൗകര്യങ്ങൾ എന്നിവയുള്ള അനുയോജ്യമായ ഭൂമിയുടെ ലഭ്യത പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
7. ഫലപ്രദമായ മലിനീകരണ നിയന്ത്രണ രീതികളും ട്രീറ്റ്മെന്റിന് ശേഷം നീക്കം ചെയ്യലും
8. യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അനുമതികളും ലൈസൻസും ലഭിക്കുന്നതിൽ കാലതാമസം.

വ്യവസായ മേഖല

1. കോവിഡ്-19 പാൻഡെമിക് സാഹചര്യങ്ങൾ
2. ചരക്ക് നിയന്ത്രണത്തെ ബാധിക്കുന്ന പ്രകൃതി ദുരന്തങ്ങൾ
3. വ്യവസായവൽക്കരണത്തിന് അനുയോജ്യമായ ഭൂമിയുടെ അഭാവം
4. മതിയായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
5. വിദഗ്ധ തൊഴിലാളികളുടെ കുറവ്.
6. എൻആർഐ ഫണ്ടുകളുടെ ഉപയോഗക്കുറവും മോശം മൂലധന രൂപീകരണവും
7. ബഹുരാഷ്ട്ര കമ്പനികളിൽ നിന്നുള്ള മത്സരം
8. മതിയായ വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ അഭാവം
9. ഫലപ്രദമല്ലാത്ത ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ
10. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)

1. മത്സരാധിഷ്ഠിത ബിസിനസ്സ് രീതികളിലേക്ക് മാറുന്നതിനുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എക്സ്പോഷറിന്റെ അഭാവം
2. അധികാരത്തിലും ഉത്തരവാദിത്തങ്ങളിലും ഉള്ള വ്യക്തതകുറവ്
3. ചുമതലകൾ നിർണ്ണയിക്കുന്നതിലും ഉത്തരവാദിത്തത്തിലും ഉള്ള അഭാവം
4. പൊതുമേഖലാ സ്ഥാപനങ്ങളിൽ ആധുനിക സാങ്കേതിക വൈദഗ്ധ്യത്തിന്റെ അഭാവം
5. സമയോചിതമായ മൂലധന നവീകരണത്തിന്റെ അഭാവം
6. പദ്ധതി നടപ്പാക്കുന്നതിലെ കാലതാമസം.
7. പ്രവർത്തന മൂലധനത്തിന്റെ മോശം കൈകാര്യം ചെയ്യലും സമയാനുസരണമായ ഓഡിറ്റിംഗിന്റെ അഭാവും
8. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിൽ നിന്ന് ബാങ്കുകൾ വിട്ടുനിൽക്കുന്നത്
9. അത്യാധുനിക ഐടി അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം
10. വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിലെ അറിവില്ലായ്മ
11. തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം.
12. ബോർഡ് തലം മുതൽ പ്രവർത്തന തലം വരെ പരിശീലനത്തിലും ശേഷി വർദ്ധിപ്പിക്കുന്നതിലും ശ്രദ്ധ കുറയുന്നു
13. ഉൽപ്പാദനക്ഷമതയുമായി ബന്ധപ്പെട്ട പ്രോത്സാഹന സംവിധാനത്തിന്റെ അഭാവം
14. ഹാജരാകാതിരിക്കൽ-പ്രധാനമായും ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ
15. വ്യക്തമായ തന്ത്രങ്ങളുടെയും നിയമനിർമ്മാണങ്ങളുടെയും അഭാവം തീരുമാനങ്ങൾ എടുക്കുന്നതിൽ ആഡ്-ഹോസിസത്തിലേക്ക് നയിക്കുന്നു.
16. കമ്പനി ലെവൽ പെർഫോമൻസ് ഓഡിറ്റ്, മാനേജ്മെന്റ് ഓഡിറ്റ് സിസ്റ്റം എന്നിവയുടെ അഭാവം.

പതിനാലാം പഞ്ചവത്സര പദ്ധതി -

സമീപനം

മൂല്യവും തൊഴിലും വരുമാനവും സൃഷ്ടിക്കുകയും ഒരു സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിലും വ്യവസായങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. സ്വകാര്യ, സഹകരണ, പൊതുമേഖലകളിലെ വ്യവസായ വികസന പരിപാടിക്ക് കേരളം പ്രതിജ്ഞാബദ്ധമാണ്. ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത്, നിലവിലുള്ള വ്യവസായത്തിലും ഉയർന്നുവരുന്ന മേഖലകളിലും നിക്ഷേപം ആകർഷിക്കുക എന്നത് സംസ്ഥാനത്തിന്റെ മുൻഗണനയാണ്. കേരളത്തെ വ്യവസായ സൗഹൃദവും നിക്ഷേപസൗഹൃദവുമായ ലക്ഷ്യസ്ഥാനമായി നിലനിർത്താൻ സംസ്ഥാനം ഫലപ്രദമായ നടപടികൾ കൈക്കൊള്ളും.

സംസ്ഥാനത്തിന്റെ വിഭവ അടിത്തറ, വ്യതിരിക്തമായ നേട്ടങ്ങൾ, പ്രത്യേക ഭൂമിശാസ്ത്രപരമായ സവിശേഷതകൾ എന്നിവ കണക്കിലെടുത്താണ് വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കേണ്ടത്.

കേരളത്തിലെ വ്യാവസായിക വികസനത്തിന് അതിന്റേതായ സവിശേഷതകളും പ്രത്യേക സവിശേഷതകളുള്ള പാത പിന്തുടരേണ്ടതുമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിൽ വ്യവസായങ്ങൾ വികസിപ്പിക്കുന്നതിനുള്ള തന്ത്രത്തിന് താഴെ പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കും.

1. പതിനാലാം പഞ്ചവത്സര പദ്ധതി എല്ലാ ഉടമസ്ഥാവകാശ മേഖലകളിലും (സ്വകാര്യ, പൊതു, സഹകരണ) നിലവിലുള്ള വ്യാവസായിക അടിത്തറ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നു, പ്രത്യേകിച്ചും കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ, നിലവിലുള്ള തൊഴിൽ സംരക്ഷിക്കുന്നതിന്. പാൻഡെമിക് കാലയളിവിൽ അടച്ചുപൂട്ടിയ യൂണിറ്റുകൾ പുനരാരംഭിക്കുന്ന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും പൂർണ്ണ ശേഷിയിലെത്തിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വളർച്ച സുഗമമാക്കുന്നതിലൂടെയും ഇടത്തരം വ്യവസായത്തെ ദേശീയ, ആഗോള വിപണികളുമായി ബന്ധിപ്പിക്കുന്നതിലൂടെയും എംഎസ്എംഇ വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകും. നിലവിലുള്ള എംഎസ്എംഇകളെ പുനരുജ്ജീവിപ്പിക്കാനും വീണ്ടെടുക്കലിന്റെ പാതയിലേക്ക് നയിക്കാനും സംസ്ഥാന സർക്കാർ സഹായ പരിപാടികൾ ആരംഭിക്കും. ഈ മേഖലയിൽ ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള യൂണിറ്റുകൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സംസ്ഥാനം പ്രത്യേക ഊന്നൽ നൽകും.

2. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിന്റെ പ്രത്യേകതകൾ പ്രയോജനപ്പെടുത്തി ആധുനിക എംഎസ്എംഇകളെ പ്രോത്സാഹിപ്പിക്കും. വ്യവസായ ആവശ്യത്തിനുള്ള ഭൂമി കേരളത്തിൽ കുറവാണ്. അതിനാൽ, പൊതുമേഖലാ വ്യവസായ പ്രൊമോഷണൽ ഏജൻസികളായ കെഎസ്ഐഡിസി, കിൻഫ്ര എന്നിവയും മറ്റുള്ളവയും എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകൾ വികസിപ്പിക്കാൻ നിർബന്ധിതരാകുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പുതിയ മാതൃകകൾ തേടുകയും ചെയ്യും. ഇതിൽ സ്വകാര്യ, സഹകരണ മേഖലകളെ ഉൾപ്പെടുത്തുക, നിർദ്ദിഷ്ട വ്യവസായങ്ങൾ, പ്രദേശങ്ങൾ, ക്ലസ്റ്ററുകൾ എന്നിവയ്ക്കായി പൊതുവായ സൗകര്യ കേന്ദ്രങ്ങൾ വികസിപ്പിക്കാവുന്നതാണ്. നിലവിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും (പിഎസ്യു) തദ്ദേശ സ്ഥാപനങ്ങളിലും ഉപയോഗിക്കാത്ത ഭൂമി കണ്ടെത്തി വ്യവസായങ്ങൾക്കായി ലാൻഡ് ബാങ്കുകൾ രൂപീകരിക്കാൻ ശ്രമിക്കും.

3. സാങ്കേതിക നവീകരണ പരിപാടിയിലൂടെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുകയാണ്. പുന:രുജ്ജീവിപ്പിക്കാനുള്ള യൂണിറ്റ്-നിർദ്ദിഷ്ട ഡിപിആറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണം മെച്ചപ്പെടുത്തുന്നതിനും, ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനും യൂണിറ്റുകൾക്ക് കൂടുതൽ പ്രൊഫഷണൽ സ്വയംഭരണാവകാശം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

4. നഗര-ഗ്രാമ കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജി (ഐടി) വ്യവസായത്തിനും ഐടി അധിഷ്ഠിത സേവന മേഖലയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഈ മേഖലയുടെ വിജയം നിർണ്ണായകമായി ഉയർന്ന സ്പെഷ്യലൈസ്ഡ് മനുഷ്യവിഭവങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. കരിയർ ഗൈഡൻസ്, നൈപുണ്യ വികസനം, സംരംഭകത്വ വികസന പരിപാടികൾ എന്നിവ വ്യാവസായിക മേഖലയിൽ പുതിയ തൊഴിൽ സൃഷ്ടിക്കാൻ സഹായിക്കും. ഡിജിറ്റൽ യൂണിവേഴ്സിറ്റി പോലുള്ള സ്ഥാപനങ്ങളും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ്), ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐസിടി-കെ) തുടങ്ങിയ സംഘടനകളും പ്രോഗ്രാമുകളും ഈ ലക്ഷ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. അധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും ചില മേഖലകൾ വ്യാവസായിക വികസനത്തിന് പിന്തുണ നൽകുന്ന തരത്തിൽ വ്യവസായ-വിദ്യാഭ്യാസ ബന്ധങ്ങൾ വളർത്തിയെടുക്കും. ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നത് ശാസ്ത്രത്തിലെ അടിസ്ഥാന ഗവേഷണങ്ങൾക്ക് മാത്രമല്ല, വിവരസാങ്കേതികവിദ്യയുടെ വികസിത മേഖലകളിലെ കഴിവുകൾ വികസിപ്പിക്കാനും സഹായിക്കും.

5. ജനങ്ങളിൽ വലിയൊരു വിഭാഗം പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, കശുവണ്ടി സംസ്കരണം, കരകൗശല വസ്തുക്കൾ എന്നിവയെ ആശ്രയിക്കുന്നത് തുടരുന്നു. വിപണി പ്രവേശനം, ഉൽപ്പാദനത്തിനുള്ള ഇൻപുട്ടുകൾ, ഉൽപ്പാദന പ്രക്രിയകളിലെ മെച്ചപ്പെടുത്തലുകൾ, ഉൽപ്പന്ന രൂപകൽപ്പന എന്നിവയിൽ ഈ മേഖലയ്ക്ക് പിന്തുണ ആവശ്യമാണ്. കൈത്തറി മേഖലയുടെ പുനരുജ്ജീവനത്തിനായി സമഗ്രമായ പഠനം നടന്നുവരികയാണ്. മറ്റ് പരമ്പരാഗത വ്യവസായങ്ങളിലും സമാനമായ പഠനങ്ങൾ നടത്തേണ്ടതുണ്ട്. കയർ, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങൾക്ക് ഉൽപ്പാദന പ്രക്രിയകളിലും അവയുടെ ഉൽപ്പാദനത്തിന്റെ വൈവിധ്യവൽക്കരണത്തിലും സാങ്കേതിക വിദ്യ ആവശ്യമാണ്.

6. കേരളം ഉയർന്ന ഉപഭോഗ സംസ്ഥാനമാണ്, എന്നാൽ പല വിഭാഗങ്ങളിലെയും ആവശ്യം മറ്റെവിടെയെങ്കിലും ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾ വഴി നിറവേറ്റുന്ന സംസ്ഥാനവുമാണ്. മൂല്യവർധിത തോട്ടം ഉൽപന്നങ്ങൾ, ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങൾ എന്നിവയുൾപ്പെടെ ശക്തമായ മേഖലകളിൽ ദേശീയ അന്തർദേശീയ വ്യാപാരം വികസിപ്പിക്കുകയും ആഭ്യന്തര ഡിമാൻഡ് നിറവേറ്റുന്നതിനായി കേരളത്തിനുള്ളിൽ ശേഷി ഉണ്ടാക്കുകയും ചെയ്യുന്ന ഇരട്ട സർക്കുലേഷൻ സാമ്പത്തിക തന്ത്രം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. കാർഷികാധിഷ്ഠിത വ്യവസായത്തിന്റെ വികസനം ഈ തന്ത്രത്തിന്റെ പ്രധാന ഘടകമാണ്.

7. ബയോടെക്നോളജി, നാനോ ടെക്നോളജി, ബയോമെഡിക്കൽ സയൻസസ്, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടിംഗ്, മീഡിയ ടെക്നോളജീസ്, ബയോകെമിക്കൽ എഞ്ചിനീയറിംഗ് എന്നിവയുൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ കേരളത്തിലെ വ്യാവസായിക മേഖല ഫലപ്രദമായി ഉപയോഗിക്കണം. (i) കാർഷികാധിഷ്ഠിത വ്യവസായവും ഭക്ഷ്യ സംസ്കരണവും പോലുള്ള മേഖലകൾ; (ii) പെയിന്റ്, യൂറിയ, ടൈറ്റാനിയം, ധാതുക്കൾ, സിമന്റ് എന്നിവയുൾപ്പെടെയുള്ള രാസവസ്തുക്കളും പെട്രോകെമിക്കലുകളും; (iii) ഇലക്ട്രോണിക്സ്; (iv) മെഡിക്കൽ ഉപകരണങ്ങൾ, ആരോഗ്യ സംരക്ഷണം, ബയോടെക്നോളജി; (v) വ്യാവസായിക ഇടനാഴികൾ, തുറമുഖങ്ങൾ, ഷിപ്പിംഗ് ലോജിസ്റ്റിക്സ്, ഉൾനാടൻ ജലഗതാഗത സംവിധാനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ആങ്കർ വ്യവസായങ്ങൾ; (vi) തുണിത്തരങ്ങളും വസ്ത്രങ്ങളും; (vii) കൈത്തറിയും പവർലൂമും; (viii) കശുവണ്ടി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ; (ix) നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും വളർച്ചയ്ക്ക് ഉയർന്ന സാധ്യത നൽകുന്നു.

8. തോട്ടം വ്യവസായം, പ്രത്യേകിച്ച് റബ്ബർ, കാപ്പി, തേയില, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ വിളകളുമായി ബന്ധപ്പെട്ട്, ലോകവ്യാപാര സംഘടനയുടെ ഇടപെടൽ കാരണം വലിയ സമ്മർദ്ദത്തിലാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വ്യവസായ വകുപ്പിന് കീഴിൽ തോട്ടങ്ങൾക്കായി പുതിയ ഡയറക്ടറേറ്റ് രൂപീകരിച്ചു. റബ്ബറും മറ്റ് കമ്മോഡിറ്റി ബോർഡുകളും നേരിട്ട് കേന്ദ്രസർക്കാരിന് കീഴിലായതിനാൽ ഈ ബോർഡുകൾക്ക് കേന്ദ്രം അനുവദിക്കുന്ന ഫണ്ട് ക്രമാതീതമായി കുറയുകയാണ്. ബയോടെക്നോളജിയിലും മറ്റും നിക്ഷേപം നടത്തുന്നത് തോട്ടം മേഖലയിലെ ചെറുകിട ഉടമകളെ സംരക്ഷിക്കാൻ സഹായിക്കും. തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന കാലാവസ്ഥാ വ്യതിയാന ആശങ്കകളുടെ പശ്ചാത്തലത്തിൽ ഇത്തരം ശ്രമങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്.

9. കേരളത്തിന്റെ വ്യവസായം ദേശീയവും ആഗോളവുമായ വിതരണ ശൃംഖലയുടെ ഭാഗമാകുമ്പോൾ മാത്രമേ ശക്തവും പ്രതിരോധശേഷിയുള്ളതുമായ ഒരു വ്യവസായ മേഖല സാധ്യമാകൂ. പരിസ്ഥിതി, സാമൂഹിക, ഭരണ (ഇഎസ്ജി) ആവശ്യകതകൾ നിറവേറ്റുന്നതിനായി വിതരണ ശൃംഖലയിലെ ആഗോള മാറ്റങ്ങൾക്കായി പ്രാദേശിക വ്യവസായവും വ്യാപാരവും തയ്യാറാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നു. പ്രബുദ്ധമായ തൊഴിൽ, സാമൂഹിക നയം, പരിസ്ഥിതി നയം എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ പരമ്പരാഗത ശക്തികൾ ഈ സന്ദർഭത്തിൽ പ്രയോജനപ്പെടുത്താൻ ഉപയോഗിക്കാം. ഉചിതമായ നിയന്ത്രണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, വിപണനം, കയറ്റുമതി പ്രോത്സാഹനം, ബിസിനസ് സുഗമമാക്കൽ, പ്രോത്സാഹനങ്ങൾ എന്നിവയിൽ സർക്കാർ പിന്തുണ കൂടുതൽ

ഊർജ്ജസ്വലതയോടെ പിന്തുടരും. വ്യവസായങ്ങളെ നയിക്കുന്ന നിയമപരവും നിയന്ത്രണപരവുമായ ചട്ടക്കൂടിലെ മാറ്റങ്ങൾ തുടരും.

ലക്ഷ്യങ്ങൾ

കെ.എസ്.ഐ.ഡി.സി

1. സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് ആവശ്യമായ ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യ വികസനത്തിന് സൗകര്യമൊരുക്കുന്നതിനും വ്യവസായങ്ങൾക്ക് ധനസഹായം നൽകുക.
2. നൂതനമായ സ്റ്റാർട്ടപ്പുകൾക്കുള്ള സീഡ് ഫണ്ടിംഗ്, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, യുവസംരംഭകർക്കുള്ള മെന്ററിംഗ് സെഷനുകൾ തുടങ്ങിയ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കായി ഒരു ഇക്കോസിസ്റ്റം സൃഷ്ടിക്കുക.
3. ബിസിനസ്സ് സംരംഭം ആരംഭിക്കുന്നതിനുള്ള അനുമതികളും അംഗീകാരവും സുഗമമാക്കുക.
4. സുസ്ഥിര നിക്ഷേപങ്ങൾ പ്രാപ്തമാക്കുന്നതിന് മേഖലാ-നിർദ്ദിഷ്ട നിക്ഷേപക ലക്ഷ്യത്തിലും പുതിയ ബിസിനസ് ആശയങ്ങൾ വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുക.
5. മികച്ച ബിസിനസ്സ് അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനങ്ങൾക്കൊപ്പം നിൽക്കാൻ സഹായിക്കുന്ന പരിഷ്കാരങ്ങൾ ഏറ്റെടുക്കുക.

കിൻഫ്ര

1. നിലവിലുള്ള കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് (കെപിഐപി), ഇൻഫോപാർക്ക് ഫേസ് 1, സ്മാർട്ട് സിറ്റി, കെഇപിഐപി, ഇഎംസി, ഇൻഫോപാർക്ക് ഘട്ടം-2, പെട്രോകെമിക്കൽ പാർക്കും ബിപിസിഎല്ലിന്റെ ഡൗൺസ്ട്രീം ഉൽപ്പന്നങ്ങളുള്ള വ്യവസായ മേഖലയും വിപുലീകരണത്തിൽ നിന്നുള്ള വർധിച്ച ഡിമാൻഡ് എന്നിവയുടെ ആവശ്യകത നിറവേറ്റുന്നതിനായി കാക്കനാട് വ്യവസായ മേഖലയിലേക്ക് വ്യാവസായിക ജലവിതരണ പദ്ധതി മെച്ചപ്പെടുത്തുക.
2. ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ 33.57 ഏക്കർ സ്ഥലത്ത് സുഗന്ധവ്യഞ്ജന സംസ്കരണ ക്ലസ്റ്റർ സ്ഥാപിക്കുക.
3. അസംസ്കൃത വസ്തുക്കളുടെ ഒരു ഉറവിടമായ ബിപിസിഎല്ലിന്റെ കൊച്ചി റിഫൈനറിയോട് ചേർന്നുള്ള അമ്പലമുഗൾ മേഖലയിൽ പെട്രോകെമിക്കൽ പാർക്ക് പ്രോത്സാഹിപ്പിക്കുക.
4. കിൻഫ്ര പാർക്കുകളിൽ സമഗ്ര മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക.
5. 12.5 MLD ജലശുദ്ധീകരണ പ്ലാന്റ് നിർമ്മിക്കുക.
6. ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി ചെന്നൈ-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിലേക്ക് നീട്ടുക.
7. കണ്ണൂർ ജില്ലയിൽ 4,896 ഏക്കർ സ്ഥലത്ത് ലാൻഡ് ബാങ്ക് വികസിപ്പിക്കുക.
8. കളമശ്ശേരി കിൻഫ്ര ഹൈടെക് പാർക്കിലേക്കുള്ള റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക.
9. കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ ആനിമേഷൻ/ഐടി/ ഐടിഇഎസ് എന്നിവയ്ക്കായി പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കുക.
10. എറണാകുളത്ത് ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ (ഐഇസിസി) സ്ഥാപിക്കുക.
11. കിൻഫ്ര ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനും കൂടുതൽ സംരംഭകരെ കിൻഫ്ര പാർക്കുകളിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി)

1. പുതിയതും ലാഭകരവുമായ മേഖലകൾ കണ്ടെത്തലും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണവും.

2. ഉൽപ്പന്ന നിർമ്മാണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണത്തെയും സാങ്കേതിക വിദ്യാ നവീകരണത്തെയും കുറിച്ചുള്ള പഠനം.
3. ഉൽപ്പാദന മേഖലകളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരാൻ പറ്റിയ മാർക്കറ്റുകൾ തിരിച്ചറിയുന്നതിനെക്കുറിച്ചുള്ള പഠനം.
4. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാങ്കേതിക കൈമാറ്റം സാധ്യമാക്കുന്നതിനുള്ള ഏറ്റവും പുതിയ സാങ്കേതികവിദ്യകളുടെയും ഏജൻസികളുടെയും തിരിച്ചറിയൽ.

റിയാബ്

1. മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രായോഗിക പദ്ധതികൾ നടപ്പിലാക്കുക
2. മാസ്റ്റർ പ്ലാൻ അഡ്വൈസറുടെ നേതൃത്വത്തിൽ റിയാബിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചു – ഒമ്പത് പ്രൊഫഷണലുകളെ നിയമിച്ചു
3. ശ്രീ പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ട് അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉത്തരവാദിത്തവും ചുമതലയും വിഭജിച്ച് നൽകൽ
4. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ഇ-കൊമേഴ്സ് പോർട്ടൽ.
5. സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമി ഫലപ്രദമായി വിനിയോഗിക്കുക
6. ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക
7. പൊതുമേഖലാ സ്ഥാപനത്തിലെ ഗവേഷണ-വികസന വികസനത്തിനുള്ള വ്യവസായ-സ്ഥാപന ബന്ധം
8. കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡിന്റെ രൂപീകരണം
9. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡിൽ കൂടുതൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തുക.
10. ഇന്റേണൽ പ്രമോഷനായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ എച്ച്ആർ പോളിസി
11. എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനായി പൊതുമേഖലാ വ്യവസായ പ്രൊമോഷണൽ ഏജൻസികളായ കെഎസ്ഐഡിസി, കിൻഫ്ര എന്നിവയിലൂടെ ആധുനിക സൗകര്യങ്ങളോടെ വ്യവസായ പാർക്കുകൾ വികസിപ്പിക്കുക
12. നഗര-ഗ്രാമ കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജി (ഐടി) വ്യവസായത്തിനും ഐടി അധിഷ്ഠിത സേവന മേഖലയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുക

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.പി.ഇ)

1. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ സൂപ്പർവൈസറി/മാനേജീരിയൽ ഉദ്യോഗസ്ഥർക്കായി ആനുകാലിക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
2. ആനുവൽ റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസ് തയ്യാറാക്കുക. ഇത് പൊതുമേഖല സ്ഥാപനങ്ങളുടെ സംസ്ഥാന തല പെർഫോർമൻസ് വിലയിരുത്തുക. അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ പരിഹാരം കണ്ടെത്തുന്നതിനും സഹായിക്കുന്നു.
3. ബിപിഇ, കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

നിർദ്ദേശിച്ച പ്രധാന സംരംഭങ്ങൾ
കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി)

1. ഇന്നൊവേഷൻ ആക്സിലറേഷൻ സ്കീം
2. മുഖ്യമന്ത്രിയുടെ പ്രത്യേക സഹായ പദ്ധതി – എംഎസ്എംഇകൾ/സ്റ്റാർട്ടപ്പുകൾ/മൈക്രോ എന്റർപ്രൈസസ് എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം.
3. കോവിഡ്-19 സമാശ്വാസ പദ്ധതി – കൊവിഡ് ലോക്ക്ഡൗൺ മൂലം നേരിടുന്ന പ്രതിബന്ധങ്ങളെ മറികടക്കാൻ
4. മെഡിക്കൽ ഡിവൈസഡ് പാർക്ക്
5. ലൈഫ് സയൻസ് പാർക്ക്, തിരുവനന്തപുരം

6. നാളികേര വ്യവസായ പാർക്ക്, കുറ്റിയാടി – പാർക്കിന്റെ വികസനത്തിനായി കെഎസ്ഐഡിസി കോഴിക്കോട് ജില്ലയിലെ കുറ്റിയാടിയിൽ 115.13 ഏക്കർ സ്ഥലം ഏറ്റെടുത്തു.
7. കെഎസ്ഐഡിസി യുടെ ഇൻഡസ്ട്രിയൽ സ്പെയിസ് പാർക്ക്, കാസർകോട് – കാസർഗോഡിലെ 1.99 ഏക്കർ സ്ഥലത്ത് താൽപ്പര്യമുള്ള സംരംഭകർക്ക് വാടകയ്ക്ക് നൽകുന്നതിന് എല്ലാ അടിസ്ഥാന അടിസ്ഥാന സൗകര്യങ്ങളോടും കൂടി ഏകദേശം 1 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം വികസിപ്പിക്കുക.
8. സീഡ് ഫണ്ട്-വാണിജ്യപരമായി ലാഭകരവും സാമ്പത്തികമായി പ്രായോഗികവും പാരിസ്ഥിതികമായി സുസ്ഥിരവുമായ എംഎസ്എംഇ മേഖലയിലെ വ്യാവസായിക പ്രവർത്തനങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും.
9. വി മിഷൻ – സീഡ് ഫണ്ട് സ്കെയിൽ അപ് വഴി പുതിയ സംരംഭങ്ങൾ/എംഎസ്എം ഇകൾക്കുള്ള പിന്തുണ.
10. നിക്ഷേപ സൗകര്യവും വ്യാവസായിക പ്രോത്സാഹനവും – സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന് സുസ്ഥിരമായ ശ്രമങ്ങൾ നടത്തുന്നതിന്.
11. ഐജിസി, ചേർത്തല – ഐജിസി ചേർത്തലയിൽ ബാക്കിയുള്ള 25 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യ വികസനം.
12. ഐജിസി കാലിക്കറ്റ് – കോഴിക്കോട്ടെ ഭൂമിയുടെ ഒന്നാം ഘട്ടത്തിലെ ബാലൻസ് ഏരിയയിൽ അടിസ്ഥാന സൗകര്യ വികസനം.
13. ഐജിസി കണ്ണൂർ – പദ്ധതിയുടെ രണ്ടാം ഘട്ടമായി 100 ഏക്കർ ഭൂമിയുടെ വികസനം.
14. കാക്കനാട് ബിസിനസ് ഇൻകുബേഷൻ സെന്ററും ഓഫീസ് സമുച്ചയ കെട്ടിടവും.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

1. പെട്രോകെമിക്കൽ പാർക്ക്, കൊച്ചി.
2. കൊച്ചി-ബെംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെബിഐസി)
3. സ്പൈസസ് പാർക്ക്, മുട്ടം, തൊടുപുഴ
4. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, കെപിഐപി എന്നിവയ്ക്കുള്ള ജലവിതരണം
5. ഇൻഡസ്ട്രിയൽ ലാൻഡ് ബാങ്ക്-കണ്ണൂർ
6. ഹൈടെക് പാർക്ക്-സീപോർട്ട് എയർപോർട്ട് റോഡിലേക്കുള്ള റോഡ് കണക്റ്റിവിറ്റി
7. സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ
8. കിൻഫ്ര പാർക്കുകളുടെ സമഗ്ര മാലിന്യ സംസ്കരണം-ഇടിപി, എസ്ടിപി, ഇൻസിനറേറ്റർ
9. പാലക്കാട് ഐഐപിടിയിലെ ജലശുദ്ധീകരണ പ്ലാന്റ്.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി)

1. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റങ്ങളും മാർക്കറ്റ് ക്യാപിറ്റലൈസേഷനും ശക്തിപ്പെടുത്തൽ
2. ഉൽപ്പന്ന നിർമ്മാണ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവൽക്കരണവും സാങ്കേതികവിദ്യാ നവീകരണവും
3. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണി വികസനം
4. പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ ശക്തിയുടെ പ്രൊഫഷണലൈസേഷൻ
5. പൊതുമേഖലാ സ്ഥാപനങ്ങളുടെ റീ എഞ്ചിനീയറിംഗും പുന:സംഘടനയും
6. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ കോർപ്പറേറ്റ് ഗവേണൻസ്.
7. ബിസിനസ്സ് പരിസ്ഥിതി അന്തരീക്ഷ വികസനം
8. ഇന്നൊവേഷൻ ഇക്കോസിസ്റ്റത്തിന്റെ വികസനം
9. നിക്ഷേപം സുഗമമാക്കുക.

പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)

മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രായോഗിക പദ്ധതികൾ നടപ്പിലാക്കൽ

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബിപിഇ)

1. തുടർച്ചയായി നഷ്ടമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തുകയും നഷ്ടങ്ങളുടെയും മറ്റ് പ്രശ്നങ്ങളുടെയും കാരണങ്ങൾ വിശകലനം ചെയ്യുകയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക.
2. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സിഎംഡി) പ്രൊഫഷണൽ പിന്തുണയോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണവും പുനരുജ്ജീവന പദ്ധതികൾ/ഭാവി ബിസിനസ് പ്ലാനുകൾ തയ്യാറാക്കലും.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)

1. കഴക്കൂട്ടത്തെ കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ ആനിമേഷൻ/ഐടി/ഐടികൾക്കായുള്ള എസ്.ഡി.എഫ് ൽ പ്രത്യേക സാമ്പത്തിക മേഖല.
2. ഇന്റർനാഷണൽ എക്സിബിഷൻ ആൻഡ് കൺവെൻഷൻ സെന്റർ (ഐഇസിസി), എറണാകുളം.
3. ബിസിനസ്സ് പ്രൊമോഷനും മാർക്കറ്റിംഗ് ഇൻഷ്യേറ്റീവ്സും
4. കിൻഫ്ര പാർക്കുകളുടെ വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം.
5. പുതിയ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കുകളുടെ വികസനം.

പബ്ലിക് സെക്ടർ റീസ്ട്രക്ചറിംഗ് ആൻഡ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്)

1. ഇലക്ട്രോണിക് ഹാർഡ്‌വെയർ ടെക്നോളജീസ് ഹബ്:- സമഗ്രമായ ഇക്കോ സിസ്റ്റത്തിന് കീഴിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ/സാങ്കേതിക സേവനങ്ങൾ നിർമ്മിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായി ഒരു ഇലക്ട്രോണിക് ഹബ് സൃഷ്ടിക്കുക.
2. ഗ്രീൻ മൊബിലിറ്റി ടെക്നോളജീസ് ഹബ്:- ഒരു ഇലക്ട്രിക്കൽ വെഹിക്കിൾ സോൺ സൃഷ്ടിക്കൽ- കേരളത്തിലെ എല്ലാ മേഖലകളിലും ഇലക്ട്രിക്കൽ വെഹിക്കിൾസിന്റെയും ഗ്രീൻ മൊബിലിറ്റി ടെക്നോളജികളുടെയും വികസനത്തിനായി ഒരു വ്യവസായ അടിത്തറ സൃഷ്ടിക്കുക.

4.1.2 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ)

എം.എസ്.എം.ഇ മേഖലയുടെ പൊതുഅവലോകനം

കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയിൽ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് താരതമ്യേന കുറഞ്ഞ നിക്ഷേപത്തിൽ വരുമാനം സൃഷ്ടിക്കുന്നതും തൊഴിൽ നൽകുന്നതുമായ മേഖലയായി ഈ മേഖല ഉയർന്നുവരുന്നുണ്ട്, കൂടാതെ രാജ്യത്തെ എംഎസ്എംഇകളിൽ താരതമ്യേന ഉയർന്ന വിഹിതവും സംസ്ഥാനത്തിനുണ്ട്. എംഎസ്എംഇ സർവ്വേയുടെയും നാലാമത്തെ സെൻസസിന്റെ ദ്രുത ഫലങ്ങളും അനുസരിച്ച്, ഇന്ത്യയിലെ 5.62 ശതമാനം എംഎസ്എംഇ സംരംഭങ്ങളും കേരളത്തിലാണ്. മികച്ച കണക്ടിവിറ്റി, ആശയവിനിമയ ശൃംഖല, ഉയർന്ന വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി, താരതമ്യേന മികച്ച വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള കേരളം, എംഎസ്എംഇ മേഖലയുടെ വളർച്ചയ്ക്ക് ഏറെ അനുയോജ്യമാണ്.

എംഎസ്എംഇ മേഖലയ്ക്ക് കീഴിലുള്ള വകുപ്പ്/ഏജൻസികൾ

വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് ഈ മേഖലയിൽ ഉൽപ്പാദനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുകയും, വിവിധ വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുന്നതിൽ അടിസ്ഥാന പങ്ക് വഹിക്കുകയും, സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) പ്രോത്സാഹിപ്പിക്കുന്നതിനും, സ്പോൺസർ ചെയ്യുന്നതിനും, ധനസഹായം നൽകുന്നതിനും, ഉപദേശിക്കുന്നതിനും, മുഖ്യ പങ്കു വഹിക്കുന്നു. 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും, ചങ്ങനാശേരിയിലെയും മഞ്ചേരിയിലെയും കോമൺ ഫെസിലിറ്റി സർവീസ്

സെന്ററുകളുടെയും, ഡോക്യുമെന്റേഷൻ സെന്ററിനെയും നിയന്ത്രിക്കുന്ന ഓഫീസാണിത്. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) സംസ്ഥാനത്തുടനീളമുള്ള വ്യാവസായിക ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന ഏജൻസിയാണ്. സുരഭി, കേരള കരകൗശല വികസന കോർപ്പറേഷൻ (എച്ച്ഡിസികെ), കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ), കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നിവയാണ് കരകൗശല മേഖലയുടെ വികസനത്തിനായി ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഏജൻസികൾ.

പതിമൂന്നാം പഞ്ചവൽസര പദ്ധതി (2017-22)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയായിരുന്നു:

1. മലയാളി എഞ്ചിനീയർമാർ, പ്രൊഫഷണലുകൾ, സ്വയം സഹായ സംഘങ്ങൾ (എസ്എച്ച്ജികൾ) പ്രത്യേകിച്ച് കുടുംബശ്രീ, വിദ്യാർത്ഥികൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
2. ഒന്നിലധികം നിക്ഷേപ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ സ്വകാര്യ, സഹകരണ, പൊതുമേഖലാ സംരംഭങ്ങളിലൂടെ വ്യാവസായിക ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കുക.
3. സംസ്ഥാനത്തിന്റെ കാർഷിക, പ്രകൃതി, സമുദ്ര വിഭവങ്ങളുമായി ശക്തമായ ബന്ധമുള്ള വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് കേരളത്തിൽ ശക്തമായ ഉൽപ്പാദന അടിത്തറ കെട്ടിപ്പടുക്കുക.
4. സംസ്ഥാനത്ത് ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
5. ബയോടെക്നോളജി, നാനോ ടെക്നോളജി, ബയോമെഡിക്കൽ സയൻസസ്, ബയോകെമിക്കൽ എഞ്ചിനീയറിംഗ് എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പുതിയതും കൂടുതൽ മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുക.
6. ബയോടെക്നോളജിയുടെ വികസനത്തിലും പ്രയോഗത്തിലും ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുക.

ഊന്നൽ നൽകിയ മേഖലകൾ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

1. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ വഴി 5.86 ലക്ഷം ചതുരശ്ര അടി സ്ഥലം വികസിപ്പിക്കൽ.
2. ക്ലസ്റ്റർ വികസനം.
3. സർവ്വേകളിലൂടെ വ്യാവസായിക സാധ്യതയുള്ള ക്ലസ്റ്ററുകൾ തിരിച്ചറിയുക.
4. മാർക്കറ്റിംഗിനായി വെബ് പോർട്ടൽ.

പരമ്പരാഗത മേഖല വികസനം

1. കരകൗശല, മുള, പനയോലവ്യവസായ മേഖലകളുടെ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ.
2. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം, അപെക്സ് ഓർഗനൈസേഷനുകൾക്കുള്ള സഹായം, പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ എന്നിവ സംയോജിപ്പിച്ച് ഒരു സംയോജിത കരകൗശല വികസന പരിപാടി നടപ്പാക്കൽ.
3. പരമ്പരാഗത കരകൗശല തൊഴിലാളികളെ സംരംഭകരാക്കി മാറ്റുന്നതിനുള്ള "ആശ" പദ്ധതി.
4. സുവനീർ, ക്രാഫ്റ്റ് ടൂറിസം വഴി കരകൗശല മേഖലയെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു സംയോജിത പരിപാടി.
5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സഹായത്തോടെ കൈകൊണ്ട് നെയ്ത തുണി ഉൽപ്പന്ന ശ്രേണി വിപുലീകരിക്കുക.

6. കേരളത്തിൽ കൈകൊണ്ട് നെയ്ത തുണിത്തരങ്ങൾക്കായി ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ വികസിപ്പിക്കുക.
7. സുസ്ഥിരമായ തൊഴിൽ നൽകുന്നതിന് ഈ മേഖലയ്ക്ക് ഒരു സുരക്ഷാ വല എന്ന നിലയിൽ സ്കൂൾ കുട്ടികളുടെ യൂണിഫോം പദ്ധതി വിപുലീകരിക്കുക.

കരകൗശല മേഖല

1. ക്ലസ്റ്ററുകളിൽ നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ ബ്രാൻഡ് മാർക്കറ്റിംഗ് വഴി കരകൗശല മേഖലയുടെ സമഗ്ര വികസനം.
2. പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഒരു കൂട്ടായ വിപണന തന്ത്രം വഴി കേരള കരകൗശല വസ്തുക്കൾക്കായി സിഗ്നേച്ചർ ഷോറൂമുകൾ.
3. NIFT, NID തുടങ്ങിയ സ്ഥാപനങ്ങളുടെ പിന്തുണയോടെ രൂപകൽപ്പനയും സാങ്കേതിക ഇടപെടലും.

പട്ടിക 4.3 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ചെറുകിട വ്യവസായങ്ങൾ, വാണിജ്യം, കരകൗശല മേഖലിലെ ബജറ്റ് വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

മേഖല	2017-18		2018-19		2019-20		2020-21		2021-22		2017-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
ചെറുകിട വ്യവസായങ്ങൾ	12806	9235.65	15106	9186.10	16389	5189.67	13414.00	10664.07	13894.00	6954.59	71609.00	41230.08
വാണിജ്യം	400.00	396.95	440.00	278.6	1543.00	476.83	1600.00	864.05	1200.00	1535.00	5183.00	3551.43
കരകൗശലം	595.00	500.52	455.00	351.26	355.00	404.28	465.00	1208.43	335.00	197.06	2205.00	2661.55
ആകെ	**13801.00**	**10133.12**	**16001.00**	**9815.96**	**18287.00**	**6070.78**	**15479.00**	**12736.55**	**15429.00**	**8686.65**	**78997.00**	**47443.06**

അവലംബം: പ്ലാൻ സ്പേസ്,കേരള

എംഎസ്എംഇ മേഖലയ്ക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബജറ്റ് വിഹിതമായി 78,997.00 ലക്ഷം രൂപ വകയിരുത്തുകയും 47,443.06 ലക്ഷം രൂപ (60 ശതമാനം) ചെലവഴിക്കുകയും ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഭൗതിക നേട്ടങ്ങൾ

1. 6,667.15 കോടി രൂപയുടെ മൊത്തം നിക്ഷേപത്തോടെ 69,814 എംഎസ്എംഇകൾ സംസ്ഥാനത്ത് സ്ഥാപിക്കുകയും 2,47,601 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.
2. 5,305 എംഎസ്എംഇ യൂണിറ്റുകൾക്ക് വകുപ്പിന്റെ പ്രധാന പരിപാടിയായ സംരംഭ സഹായ പദ്ധതി (ESS) പ്രകാരം പ്രയോജനം ലഭിച്ചു, മൊത്തം 27,394.2 ലക്ഷം രൂപ സബ്സിഡിയായി വിതരണം ചെയ്തു.
3. വ്യവസായ വാണിജ്യ വകുപ്പ് നൽകുന്ന 13 സേവനങ്ങളും ഓൺലൈൻ ആക്കി.
4. നാനോ യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റിനുള്ള പദ്ധതി പ്രകാരം 392 യൂണിറ്റുകൾക്കും നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം 648 യൂണിറ്റുകൾക്കും സഹായം നൽകി.
5. കരകൗശല കലാകാരന്മാർക്കുള്ള സഹായ പദ്ധതി (ആശ) പ്രകാരം കരകൗശല മേഖലയിലെ 117 കരകൗശല തൊഴിലാളികൾക്ക് സഹായം നൽകി.
6. 1,856 എംഎസ്എംഇകൾക്ക് വ്യവസായ ഭദ്രത പദ്ധതിയിലും 245 എംഎസ്എംഇകൾക്ക് സ്റ്റെസ്ഡ് എംഎസ്എംഇ പുനരധിവാസ പദ്ധതിയിലും പ്രയോജനം ലഭിച്ചു.
7. സംസ്ഥാനത്ത് വ്യാപാരവും വാണിജ്യവും പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും തദ്ദേശീയ ഉൽപന്നങ്ങൾ ആഭ്യന്തര, ആഗോള വിപണികളിൽ വിപണനം ചെയ്യുന്നതിനും വാണിജ്യ മിഷന്റെ രൂപീകരണം.

8. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെഐഇഡി) സംരംഭകത്വ വികസനത്തിലെ മികവിന്റെ കേന്ദ്രമായി.
9. ദേശീയ അന്തർദേശീയ വിപണികൾ സ്വായത്തമാക്കുന്നതിനായി www.keralamsme.org, www.keralamsme.com എന്നീ പുതിയ വെബ്സൈറ്റുകൾ ആരംഭിച്ചു, എംഎസ്എംഇകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും മികച്ച വിപണന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനായി ഇ-മാർക്കറ്റ് വെബ് പോർട്ടലും ആരംഭിച്ചു.
10. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 305 സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചു.
11. ചങ്ങനാശ്ശേരിയിലെ പൊതു സൗകര്യ സേവന കേന്ദ്രത്തിന്റെ (CFSC) ആധുനികവൽക്കരണം പൂർത്തിയായി.
12. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എംഎസ്എംഇ-കൾക്ക് ആശ്വാസത്തിനും സാമ്പത്തിക സഹായത്തിനുമായി 'വ്യവസായ ഭദ്രത' എന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കി.
13. എല്ലാ പരിശോധനകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ നടത്തുന്നതിന് "സെൻട്രൽ ഇൻസ്പെക്ഷൻ ഫ്രെയിംവർക്ക്" ഓൺലൈൻ സിസ്റ്റമായ "കേരള - സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (കെ-സിഐഎസ്)" എന്നിവ സജ്ജീകരിക്കുന്നു.
14. സംസ്ഥാനത്തു ഡിഐസികളുടെ സഹായത്തോടെ സംരംഭകരുടെ/പുതിയ സംരംഭങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനായി 'മീറ്റ് ദി മിനിസ്റ്റർ' കാമ്പയിൻ നടത്തി. സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിക്ഷേപകരുമായി ആശയവിനിമയം നടത്തുന്നതിനായി 'മീറ്റ്-ദ-ഇൻവെസ്റ്റർ പ്രോഗ്രാം' സംഘടിപ്പിച്ചു.
15. വ്യാവസായിക വളർച്ചയുടെ ഭാഗമായി 'ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായം' എന്ന പരിപാടി സ്വീകരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറി.
16. വ്യവസായ ഡയറക്ടറേറ്റിന്റെ നിലവിലുള്ള വെബ്സൈറ്റ് വിവിധ പുതിയ ഉള്ളടക്കങ്ങളും സംവേദനാത്മക സവിശേഷതകളും ഉപയോഗിച്ച് പൂർണ്ണമായും നവീകരിച്ചു.
17. പുതിയ ഇൻഡസ്ട്രിയൽ & കൊമേഴ്സ്യൽ പോളിസി 2018, കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട് 2019 & കേരള ഇൻഡസ്ട്രിയൽ ഏകജാലക ക്ലിയറൻസ് ബോർഡുകളും ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) നിയമങ്ങളും-2021, എന്നിവ നടപ്പാക്കി.

എംഎസ്എംഇ മേഖലയിലെ പ്രശ്നങ്ങൾ/വിടവുകൾ

1. ഗുണമേന്മയുള്ള പിന്തുണ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, നിലവിലുള്ള എംഎസ്എംഇ-കളെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിടമായും, ചെറുകിട സംരംഭങ്ങളെ ഇടത്തരമായും ഉയർത്തൽ, വ്യവസായ, ഗവേഷണ-വികസന സ്ഥാപനങ്ങളുമായുള്ള ബന്ധം, ന്യായമായ പലിശ നിരക്കിൽ മതിയായ വായ്പാ സൗകര്യം, ബിസിനസ് ആശയങ്ങൾ, സംരംഭകത്വ മനോഭാവം വളർത്തൽ എന്നിവയുടെ അഭാവം.
2. പുതിയ സാങ്കേതികവിദ്യകളിലേക്കുള്ള സംരംഭകരുടെ കുറഞ്ഞ പ്രവേശനം, വിദഗ്ധ തൊഴിലാളികളുടെ കുറവ്.
3. സാങ്കേതിക വിദ്യാദാതാക്കളും സംരംഭകരും തമ്മിലുള്ള സഹകരണ കുറവും ആഗോള വിപണിയും കയറ്റുമതിയും സ്വായത്തമാക്കുന്നതിനുള്ള പരിമിതികളും.
4. നവീകരണത്തിലും പുതിയ ഡിസൈനുകളുടെയും നൂതനാശയങ്ങളുടെയും ഉപയോഗത്തിലും മന്ദഗതിയിലുള്ള വളർച്ച.
5. സ്റ്റാർട്ടപ്പുകൾ പ്രധാനമായും ഐടി അല്ലെങ്കിൽ ഐടി അനുബന്ധ മേഖലയിൽ മാത്രമാണ്.
6. അപര്യാപ്തമായ വിപണന സൗകര്യങ്ങളും മുന്നോട്ടും പിന്നോട്ടും ബന്ധിപ്പിക്കുന്നതിനുള്ള കൈത്താങ്ങ് പിന്തുണയും.

പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രോത്സാഹജനകമായ ഫലങ്ങളുടെ അടിസ്ഥാനത്തിൽ പ്രധാനമായും, എംഎസ്എംഇ മേഖലയുടെ വ്യവസായവൽക്കരണത്തിന് കേരളം

പ്രതിജ്ഞാബദ്ധമാണ്. വ്യവസായങ്ങളെ തിരിച്ചറിയുക, ഭൂമിശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള മുൻഗണന, ഫണ്ടുകളുടെ ഉറവിടം, സപ്ലൈ ചെയിൻ & ലോജിസ്റ്റിക്സ്, വിലയിരുത്തൽ, വിപണി പര്യവേക്ഷണം, ഉൽപ്പന്ന സ്ഥാനനിർണ്ണയം എന്നിവയെ സഹായിക്കുന്നതിന് എംഎസ്എംഇ മേഖലയിൽ ഒരു നയ ചട്ടക്കൂട് ആവശ്യമാണ്. പരിസ്ഥിതി സൗഹൃദവും ഉൽപ്പാദനക്ഷമവും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി സംസ്ഥാനത്തിന്റെ സുസ്ഥിര സാമ്പത്തിക വളർച്ച ഉറപ്പാക്കാനും കഴിയുന്ന വ്യാവസായിക നിക്ഷേപങ്ങൾക്ക് ഊർജസ്വലവും അനുകൂലവുമായ ലക്ഷ്യസ്ഥാനമായി സംസ്ഥാനത്തെ മാറ്റുകയാണ് പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. കൊവിഡ് മഹാമാരി ഇനിയും ശമിച്ചിട്ടില്ലാത്തതിനാൽ, മൂലധന പിന്തുണയും പ്രോത്സാഹന പദ്ധതികളും വഴി ഉൽപ്പാദന, സേവന മേഖലകളിലെ ഉൽപ്പാദനം പുനഃസ്ഥാപിക്കുകയും ഭൂമി, പ്ലാന്റ്, യന്ത്രങ്ങൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെ നിക്ഷേപ സബ്സിഡികൾ വഴി പുതിയ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുകയും ചെയ്യും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനം

1. സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ ഇടത്തരം വ്യവസായമാക്കുന്നതിനുള്ള വളർച്ചയെ സുഗമമാക്കുന്നതിലൂടെയും ഇടത്തരം വ്യവസായത്തെ ദേശീയ, ആഗോള വിപണികളുമായി ബന്ധിപ്പിക്കുന്നതിലൂടെയും എംഎസ്എംഇ വികസനത്തിൽ പ്രത്യേക ശ്രദ്ധ.
2. നിലവിലുള്ള എംഎസ്എംഇ-കളെ പുനരുജ്ജീവിപ്പിക്കാനും വീണ്ടെടുക്കലിന്റെ പാതയിലേക്ക് നയിക്കാനും സംസ്ഥാന സർക്കാർ സഹായ പരിപാടികൾ ആരംഭിക്കും. ഈ മേഖലയിൽ ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള യൂണിറ്റുകൾ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് സംസ്ഥാനം പ്രത്യേക ഊന്നൽ നൽകും.
3. സംസ്ഥാനത്തിന്റെ പ്രത്യേകതകൾ പ്രയോജനപ്പെടുത്തി ആധുനിക എംഎസ്എംഇകളുടെ പ്രോത്സാഹനം.
4. കേരളത്തിൽ വ്യവസായ ആവശ്യത്തിനുള്ള ഭൂമി ലഭ്യതകുറവ് മൂലം, 14-ാം പഞ്ചവത്സര പദ്ധതി കേരളത്തിന്റെ പ്രത്യേകതകൾ പ്രയോജനപ്പെടുത്തി ആധുനിക എംഎസ്എംഇ-കളെ പ്രോത്സാഹിപ്പിക്കും, അതിനാൽ പൊതുമേഖലാ വ്യവസായ പ്രൊമോഷണൽ ഏജൻസികളായ കെഎസ്ഐഡിസി, കിൻഫ്ര എന്നിവയും മറ്റുള്ളവയും എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകൾ വികസിപ്പിക്കുവാൻ നിർബന്ധിതരാകുന്നു. വ്യാവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പുതിയ മാതൃകകൾ പര്യവേക്ഷണം ചെയ്യും. ഇതിൽ സ്വകാര്യ, സഹകരണ മേഖലകളെ ഉൾപ്പെടുത്തണം. നിർദ്ദിഷ്ട വ്യവസായങ്ങൾ, പ്രദേശങ്ങൾ, ക്ലസ്റ്ററുകൾ എന്നിവയ്ക്കായി പൊതുവായ സൗകര്യ കേന്ദ്രങ്ങൾ വികസിപ്പിക്കും. നിലവിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും (പിഎസ്യു) തദ്ദേശ സ്ഥാപനങ്ങളിലും ഉപയോഗിക്കാത്ത ഭൂമി കണ്ടെത്തി വ്യവസായങ്ങൾക്കായി ലാൻഡ് ബാങ്കുകൾ സൃഷ്ടിക്കാൻ ശ്രമിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. പ്രതിവർഷം 1,00,000 എംഎസ്എംഇ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.
2. കേരളത്തിന് അനുയോജ്യമായ വ്യവസായത്തിൽ മേഖലാപരമായ ഊന്നൽ നൽകുന്നതിന്.
3. സംസ്ഥാനത്തെ എം.എസ്.എം.ഇകളെ സൂക്ഷ്മത്തിൽ നിന്നും ചെറുകിടത്തിലേക്കും ചെറുകിടത്തിൽ നിന്നും ഇടത്തരത്തിലേക്കുമുള്ള മാറ്റം വർദ്ധിപ്പിക്കുന്നതിന്.
4. എംഎസ്എംഇ-യുടെ നിലനിൽപ്പ് തോത് വർദ്ധിപ്പിക്കുന്നതിന് എംഎസ്എംഇ കളിലേക്ക് ടെക്നോളജി പ്രാപ്തമാക്കൽ പരിഹരിക്കുന്നതിന്.
5. കേരളത്തിലെ യുവാക്കളിൽ സംരംഭകത്വ പ്രേരണ മെച്ചപ്പെടുത്തുക.
6. ബിസിനസ്സിന്റെ എല്ലാ വശങ്ങളും നവീകരിക്കാനും കഴിവുകളും കാഴ്ചപ്പാടുകളും നവീകരിക്കാനും.
7. പുതിയതും നിലവിലുള്ളതുമായ എംഎസ്എംഇ യൂണിറ്റുകളുടെ ഉൽപന്നവും വിപണി വികസനവും നിലനിൽപ്പും കേന്ദ്രീകരിക്കുന്നതിന്.
8. കേരളത്തിന് മാത്രമായുള്ള ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. എംഎസ്എംഇ-കളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും, നിർമ്മാണ മേഖലയിൽ സ്റ്റാർട്ടപ്പുകൾ, എംഎസ്എംഇ-കൾക്ക് വിപണി അടിസ്ഥാന സൗകര്യങ്ങൾ സുഗമമാക്കൽ, കയറ്റുമതി പ്രോത്സാഹനം, സേവന/വ്യാപാര മേഖലകളിലെ സംരംഭങ്ങൾ എന്നിവയ്ക്ക് ആകർഷകമായ പദ്ധതികൾ.
2. ഒരു ലക്ഷം സംരംഭങ്ങൾ സ്ഥാപിക്കൽ.
3. സ്വകാര്യ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകളുടെ പ്രോത്സാഹനം.
4. പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമി കണ്ടെത്തി വിനിയോഗിക്കുക.
5. കൂടുതൽ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ/ഗാലകൾ സ്ഥാപിക്കൽ.
6. ഗവേഷണവും വികസനവും, സാങ്കേതികവിദ്യ സമന്വയവും.
7. വ്യാവസായിക സംരംഭകത്വം വികസിപ്പിക്കൽ.
8. സേവനമേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കലും മൂല്യവർദ്ധന ശൃംഖലയിൽ കേരളത്തിന്റെ സംഭാവന മെച്ചപ്പെടുത്തലും.
9. സഹകരണ മേഖലയുമായി സഹകരിച്ച് 'മെയ്ഡ് ഇൻ കേരള' ഉൽപ്പന്നങ്ങൾക്കായി സൂപ്പർമാർക്കറ്റ് ശൃംഖല സ്ഥാപിക്കൽ.
10. ഇൻഫർമേഷൻ ടെക്നോളജിയിലെ സാധ്യതകളുടെ ഉപയോഗം വിപുലീകരിക്കൽ.
11. ആശയവികസനപ്രക്രിയയിൽ ഊന്നൽ.
12. പുതിയതും ഉയർന്നുവരുന്നതുമായ വിവിധതരം സാമ്പത്തിക ഉറവിടങ്ങൾ കണ്ടെത്തൽ.
13. തൊഴിലില്ലാത്തവർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ചെറു സംരംഭങ്ങൾ (സേവന, വ്യാപാര മേഖല ഉൾപ്പെടെ) ഉപയോഗപ്പെടുത്തൽ.
14. നിലവിലെ പ്രശ്നങ്ങൾ, പുതിയ മേഖലകൾ, ഉയർന്നുവരുന്ന അവസരങ്ങൾ എന്നിവ ലക്ഷ്യമിടുന്ന പുതിയ നയങ്ങൾ/പരിപാടികൾ ആവിഷ്കരിക്കൽ.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

- 2022-23 'സംരംഭ വർഷം' ആയി ആഘോഷിക്കാൻ പ്രഖ്യാപിച്ചു. വിവിധ വകുപ്പുകളുടെ സംയുക്ത പരിശ്രമത്തിലൂടെ ഒരു ലക്ഷം എംഎസ്എംഇകൾ സ്ഥാപിക്കുക, 2022ൽ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ലക്ഷ്യം. യൂണിറ്റുകളുടെ വിപുലീകരണം, കയറ്റുമതി പ്രോത്സാഹനം, സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം, 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി എന്നിവയും എംഎസ്എംഇകളുടെ വളർച്ചയ്ക്കുള്ള തന്ത്രങ്ങളിൽ ഉൾപ്പെടുന്നു. പ്രസ്തുത ലക്ഷ്യം നേടുന്നതിനായി, 'എംഎസ്എംഇകൾക്കായുള്ള പ്രത്യേക പാക്കേജ് പദ്ധതി' എന്ന പുതിയ പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഇത് പ്രവർത്തനക്ഷമമായ എംഎസ്എംഇ-കൾക്ക് (അവയുടെ പ്രവർത്തന ഘട്ടത്തിൽ) ഔപചാരിക സഹായം നൽകുന്നതിനും നിലവിലുള്ള സംരംഭങ്ങളെ സൂക്ഷ്മത്തിൽ നിന്ന് ചെറുകിടത്തിലേക്കും, ചെറുകിടത്തിൽ നിന്ന് ഇടത്തരത്തിലേക്കും വികസിപ്പിക്കുന്നതിനുള്ള പിന്തുണ നൽകുന്നതിനും വിഭാവനം ചെയ്യുന്നു.
- സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇൻഡസ്ട്രി ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 88 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലുമായി 18-35 പ്രായപരിധിയിലുള്ള (ബിടെക്/എംബിഎ യോഗ്യതയോടെ) 1,155 യുവാക്കൾക്ക് ഇന്റേൺഷിപ്പ് നൽകൽ.
- തോട്ടം ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയും ഫലപ്രദമായ വിപണനവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ പ്രകൃതിവിഭവങ്ങളുടെ സമുചിതവും സുസ്ഥിരവുമായ വിനിയോഗവും തൊഴിലാളികളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ തോട്ടം മേഖലയുടെ വികസനം സാധ്യമാക്കുന്നതിനുള്ള കാഴ്ചപ്പാടോടെ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കൽ.
- കാര്യക്ഷമതാ വികസന പദ്ധതിയ്ക്ക് കീഴിൽ 50,000 പേർക്ക് പരിശീലനം.

- ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുജ്ജീവനം.
- കൂടുതൽ നിക്ഷേപവും ബിസിനസ്സും തൊഴിലും ആകർഷിക്കുന്ന പുതിയ/നിലവിലുള്ള എംഎസ്എംഇ യൂണിറ്റുകൾക്ക് മൂലധന പ്രോത്സാഹന പിന്തുണയിലൂടെ എംഎസ്എംഇ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംരംഭക സഹായ പദ്ധതിക്ക് കീഴിൽ 2,650 യൂണിറ്റുകൾക്ക് സഹായം നൽകൽ.

4.1.3 പരമ്പരാഗത വ്യവസായങ്ങൾ

4.1.3.1 കയർ വ്യവസായം

അവലോകനം

കേരളം, ഇന്ത്യൻ കയർ വ്യവസായത്തിന്റെ, പ്രത്യേകിച്ച് വൈറ്റ് ഫൈബറിന്റെ ആസ്ഥാനമാണ്. നാളികേര ഉൽപാദനത്തിന്റെ 61 ശതമാനവും കയർ ഉൽപന്നങ്ങളുടെ 85 ശതമാനവും കേരളം സംഭാവന ചെയ്യുന്നു. കേരളത്തിൽ ഉയർന്നുവന്ന ആദ്യകാല വ്യവസായങ്ങളിലൊന്നായ കയർ വ്യവസായം ഇപ്പോൾ, ആലപ്പുഴ ജില്ലയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. 1.5 ലക്ഷത്തോളം കയർ തൊഴിലാളികൾ ജോലി ചെയ്യുന്നതിൽ, 80 ശതമാനവും സ്ത്രീകളാണ്.

ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ:- സംസ്ഥാനത്തെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സഹായ സ്ഥാപനമായി കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നു. കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് (എഫ്.ഒ.എം.ഐ.എൽ), കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (കയർഫെഡ്), നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻസിആർഎംഐ), കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി, കേരള സംസ്ഥാന കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കയർ ബോർഡ് എന്നിവ കയർ വ്യാവസായത്തിന്റെ ഉന്നമനത്തിന്നായി പ്രവർത്തിക്കുന്ന മറ്റു പ്രധാന ഏജൻസികളാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22)

പതിമൂന്നാം പഞ്ചവത്സര പദ്ധതി കേരളത്തിലെ കയർ വ്യവസായത്തിലെ 5 പ്രധാന മേഖലകളിൽ കേന്ദ്രീകരിക്കാൻ തീരുമാനിച്ചിരുന്നു.

എ) സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംഭരണവും വികേന്ദ്രീകൃത ഫൈബർ വേർതിരിച്ചെടുക്കലും
ബി) 4 പ്രധാന വ്യത്യസ്തതകൾ ഉൾപ്പെടുത്തികൊണ്ടുള്ള പരമ്പരാഗത സ്പിന്നിംഗിനും നെയ്ത്തിനുമുള്ള ഒരു വ്യതിരിക്തമായ തന്ത്രം(കയറിന്റെ ചരിത്രം എടുത്തുകാണിക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ, ഹോംസ്റ്റേഡിന്റെയും കുടുംബശ്രീയുടെയും കാര്യാശേഷി വർദ്ധിപ്പിക്കലും പരിശീലനവും, സ്പൂളിങ് യൂണിറ്റ് അടിസ്ഥാനമാക്കിയുള്ള ട്രാക്കിംഗ്, ഡിസൈൻ), പരമ്പരാഗത മേഖലകളിലുള്ള തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണയും ആധുനികവൽക്കരണവും ഇതിൽ ഉൾക്കൊള്ളുന്നു.
സി) വ്യാവസായിക കയർ ഉൽപ്പന്ന വൈവിധ്യവൽക്കരണം - നോൺ വോവൻ നെയ്ത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക
ഡി) ഗവേഷണത്തിനും വികസനത്തിനുമുള്ള സ്ഥാപന പിന്തുണ
ഇ) കയർഫെഡിനുള്ള പിന്തുണ

പട്ടിക 4.4 കയർ മേഖല - പതിമൂന്നാം പദ്ധതി കാലത്ത് വകയിരുത്തിയ തുകയും ചെലവും

(രൂപ ലക്ഷത്തിൽ)

വാർഷിക പദ്ധതി	പദ്ധതി അടങ്കൽ	ചെലവ്	ചെലവിന്റെ ശതമാനവും
2017-18	12812	9874.61	77.07
2018-19	14108	12943.26	91.74
2019-20	14151	13968.30	98.71
2020-21	11274	23996.09	212.84
2021-22	11274	10059.49	89.23
ആകെ	**63619**	**70841.75**	**111.35**

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കയർ മേഖലയിലെ നേട്ടങ്ങൾ

1. "കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന" നടപ്പിലാക്കൽ – തൊഴിലാളികളുടെ വരുമാനം സംരക്ഷിച്ചുകൊണ്ട് കയർ മേഖലയെ നവീകരിക്കുന്നതിനുള്ള സമഗ്രമായ പുനരുജ്ജീവന പാക്കേജ്.
2. കയർ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വർധിച്ച വേതനവും നൽകി കൊണ്ട് സാമൂഹിക സംരക്ഷണം ഉറപ്പാക്കുക.
3. നാരു വേർതിരിച്ചെടുക്കുന്ന പുതിയ യൂണിറ്റുകളുടെ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ ചകിരിയുടെ ഉപയോഗം 12.5 ശതമാനത്തിൽ നിന്ന് 14.8 ശതമാനമായി ഉയർന്നു.
4. 100–ലധികം സൊസൈറ്റികളിലായി, 25,000–ലധികം നല്ല നിലവാരമുള്ള ഇലക്ട്രോണിക് റാട്ടുകളും 1000 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും (എ.എസ്.എം) അവതരിപ്പിച്ചതോടെ, 2016–ൽ 7,880 ടൺ ആയിരുന്ന നൂൽ ഉല്പാദനം 2021–ൽ 25,000 ടണ്ണായി ഉയർന്നു.
5. ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികളുടെ ദിവസ വേതനം ഏകദേശം 500 രൂപയായി വർദ്ധിച്ചു.
6. ചകിരി ചോറിനും ഷോർട്ട് ഫൈബറിനുമുള്ള പുതിയ ഉപയോഗങ്ങൾ കണ്ടെത്തി. ഇതിന്റെ ഫലമായി അസംസ്കൃത ചകിരിച്ചോറിന്റെ മൂല്യം കിലോയ്ക്ക് 0.50 രൂപയിൽ നിന്ന് 6 രൂപയായി ഉയർന്നു.
7. ഒരു കയർ കോമ്പോസിറ്റ് നിർമ്മാണ പ്ലാന്റ് സ്ഥാപിച്ചു.

കയർ മേഖലയിലെ നിർണായക വിടവുകൾ/പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ

- അസംസ്കൃത വസ്തുക്കളുടെ (നാളികേര തൊണ്ടിന്റെ) ദൗർലഭ്യം.
- സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ കുറഞ്ഞ തോതിലുള്ള ഉപയോഗം.
- വൈദ്യുതി ലഭ്യത, ചില യൂണിറ്റുകളിലെ അറ്റകുറ്റപ്പണി സംബന്ധിച്ച പ്രശ്നങ്ങൾ എന്നിങ്ങനെയുള്ള യന്ത്രവൽക്കരണത്തി നുള്ള തടസ്സങ്ങൾ.
- പ്രവർത്തന മൂലധനത്തിന്റെ കുറവ്
- കയറ്റുമതി ഉൽപ്പന്നങ്ങളുടെ വിലയിൽ, ഉല്പന്ന മേഖലയിലെ കുറഞ്ഞ ഉൽപ്പാദനക്ഷമതയുടേയും ഉയർന്ന വേതനത്തിന്റെയും സ്വാധീനവും

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

സമീപനം – ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഫലപ്രദമായ വിപണനം, വിതരണ തന്ത്രം എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ കയർ, മറ്റ് പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ വികസനത്തിനുള്ള മൂന്ന് അടിസ്ഥാന സ്തംഭങ്ങൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. 'പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിൽ' നിന്ന് 'ആരംഭിച്ച/ആധുനികവത്ക്കരിച്ച യൂണിറ്റുകളുടെ സുസ്ഥിരത ഉറപ്പാക്കുക' എന്നതിലേക്ക് മാറുന്നതിന് ഊന്നൽ നൽകുക.
2. ആധുനികവൽക്കരണമാണ് കയർ മേഖലയുടെ പ്രധാന ഊന്നൽ മേഖല.
3. സംസ്ഥാനത്ത് കയർ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ മെച്ചപ്പെട്ട ലഭ്യത ഉറപ്പാക്കുക. സാങ്കേതികവിദ്യ ഉപയോഗിച്ച് സംഭരണവും വികേന്ദ്രീകൃത ഫൈബർ വേർതിരിച്ചെടുക്കലും നടപ്പിലാക്കുക.
4. പരമ്പരാഗത സ്പിന്നിംഗ്, നെയ്ത്ത് മേഖലയെ ഇക്കോ ടൂറിസം (കയറിന്റെ ചരിത്രം എടുത്തുകാണിക്കുന്ന) പദ്ധതികളുമായി ബന്ധപ്പെടുത്തുക.
5. നോൺ വോവൻ നെയ്ത്ത്, കയർ ഭൂവസ്ത്രങ്ങൾ, കയർ കോമ്പോസിറ്റ്/ഇഞ്ചക്ഷൻ മോൾഡഡ് കയർ, കയർ കോമ്പോസിറ്റ് ബോർഡ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വ്യാവസായിക കയർ ഉല്പാദനത്തിൽ വൈവിധ്യവൽക്കരണം കൂടുതൽ ഊർജ്ജസ്വലതയോടെ പിന്തുടരുക

6. സോളാർ പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കാനിക്കൽ സ്പിന്നിംഗ് മെഷീനുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗാർഹിക യൂണിറ്റുകളിൽ യന്ത്രവൽക്കരണം സാധ്യമാക്കുക
7. കയർ മേഖലയിലെ വൈദഗ്ധ്യം സംരക്ഷിക്കുകയും പരിശീലനത്തിന് ഊന്നൽ നൽകുകയും ചെയ്യുക. പ്രത്യേകിച്ച് യുവ തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുക.
8. ഐഎസ് സർട്ടിഫിക്കേഷൻ പോലുള്ള സർട്ടിഫിക്കേഷനിലൂടെ നിർമ്മിക്കുന്ന ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ശ്രദ്ധ നൽകുക.

കയർ മേഖലയിൽ പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. വ്യാപാര പ്രദർശന മേള ഉൾപ്പെടെയുള്ള പരസ്യ പ്രചാരണം
2. "കയർ കേരള" അന്താരാഷ്ട്ര പ്രദർശനം.
3. വിപണി വികസന സഹായം
4. കയർ ഭൂവസ്ത്ര വികസന പരിപാടി
5. കയർ വ്യവസായത്തിന്റെ നിയന്ത്രിത യന്ത്രവൽക്കരണം
6. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തൽ പദ്ധതിയും
7. കയർ മേഖലയിലെ ക്ലസ്റ്റർ വികസന പരിപാടി
8. വില വ്യതിയാന ഫണ്ട് പദ്ധതി
9. കയർ വ്യവസായത്തിന്റെ പുനഃസംഘടന

4.1.3.2 കശുവണ്ടി വ്യവസായം

അവലോകനം

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത കാർഷികാധിഷ്ഠിത വ്യവസായമാണ് കശുവണ്ടി വ്യവസായം. 'ലോകത്തിന്റെ കശുവണ്ടി തലസ്ഥാനം' എന്ന വിശേഷണം നേടിയ കൊല്ലം ജില്ലയിൽ, നിരവധി കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ട്. കേരളത്തിൽ ഏകദേശം 830 ഔപചാരികവും അനൗപചാരികവുമായ കശുവണ്ടി സംസ്കരണ യൂണിറ്റുകളുണ്ടെന്നാണ് കണക്ക്. ഏകദേശം 3 ലക്ഷം തൊഴിലാളികൾ ഈ മേഖലയിൽ ജോലി ചെയ്യുന്നുണ്ടെന്നും അതിൽ 90 ശതമാനവും സ്ത്രീകളാണെന്നും കണക്കാക്കപ്പെടുന്നു. എന്നിരുന്നാലും, നഷ്ടം കാരണം ധാരാളം കശുവണ്ടി സംസ്കരണ യൂണിറ്റുകൾ (ഏകദേശം 730) പ്രവർത്തിക്കുന്നില്ല. നിലവിൽ ഒരു ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ എണ്ണം 100 ആണെന്നാണ് കണക്കാക്കുന്നത്. കശുവണ്ടി സംസ്കരണം പ്രധാനമായും സ്വകാര്യ മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കശുവണ്ടി സംസ്കരണത്തിൽ സഹകരണ മേഖലയ്ക്ക് പരിമിതമായ സാന്നിധ്യം ഉണ്ട്. കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഒരു പ്രധാന ഇനമായിരുന്നു കശുവണ്ടി. എന്നാൽ, ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന കശുവണ്ടിയുടെ കേരളത്തിന്റെ വിഹിതം വർഷങ്ങളായി കുറഞ്ഞുവരുന്നു.

ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ:- കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ (കെ.എസ്.സി.ഡി.സി), കേരള സംസ്ഥാന കശുവണ്ടി തൊഴിലാളികളുടെ അപെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപെക്സ്), കശുവണ്ടി കൃഷി വ്യാപനത്തിനായുള്ള കേരള സംസ്ഥാന ഏജൻസി (കെ.എസ്.എ.സി.സി), കേരള കശുവണ്ടി ബോർഡ് (കെ.സി.ബി) എന്നിവയാണ് ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ. കശുവണ്ടി കയറ്റുമതി പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (സിഇപിസിഐ), കശുവണ്ടി കൊക്കോ വികസന ഡയറക്ടറേറ്റ് (ഡിസിസിഡി) എന്നിവയാണ് കശുവണ്ടിയുടെ പ്രോത്സാഹനത്തിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022)

ആഭ്യന്തര അസംസ്കൃത കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുക, സംസ്കരണത്തിൽ ഭാഗിക യന്ത്രവൽക്കരണം, മൂല്യവർദ്ധന നടപ്പാക്കുക, ഉൽപ്പന്ന വൈവിധ്യവൽക്കരണം, കാര്യക്ഷമത പ്രോത്സാഹിപ്പിക്കുക, മികച്ച വിപണനക്ഷമത ഉറപ്പാക്കൽ എന്നിവയിലൂടെ കശുവണ്ടി വ്യവസായത്തെ

പുനരുജ്ജീവിപ്പിക്കുക എന്നതാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരുന്നത്. കയറ്റുമതി പ്രോത്സാഹിപ്പിക്കാനും തൊഴിൽ നൽകാനും ഇതുലക്ഷ്യമിട്ടിരുന്നു. ആധുനീകരണം, നവീകരണം, ബ്രാൻഡിംഗ്, വിപണി അവബോധം, പുതിയ മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പദ്ധതി നിർദ്ദേശിച്ചു. പുതുതായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന്റെ പങ്ക് ഈ മേഖലയിൽ വളരെ പ്രധാനപ്പെട്ടതായിരുന്നു. അസംസ്കൃത കശുവണ്ടി ഇന്ത്യക്കകത്തുനിന്നും പുറത്തുനിന്നും സംഭരിക്കാനും ഇറക്കുമതി ചെയ്യാനും നടപടിയെടുക്കുക, പ്രോസസ്സ് ചെയ്യുക, മൂല്യവർദ്ധിതമാക്കുക, വിപണനം ചെയ്യുക, ആഭ്യന്തര കശുവണ്ടി സംസ്കരണക്കാർക്ക് ന്യായവിലയ്ക്ക് അസംസ്കൃത കശുവണ്ടി വിതരണം ചെയ്യുക, ആഭ്യന്തര അസംസ്കൃത കശുവണ്ടി പരിപ്പ് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഭൂവുടമകളും സംസ്കരിക്കുന്നവരും മറ്റ് ഓഹരി ഉടമകളും ഉൾപ്പെടുന്ന ശാസ്ത്രീയ കശുവണ്ടി കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവക്കാവശ്യമായ നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിക്കുന്നു.

പട്ടിക 4.5 കശുവണ്ടി മേഖല – പതിമൂന്നാം പദ്ധതി കാലത്ത് വകയിരുത്തിയ തുകയും ചെലവും

(രൂപ ലക്ഷത്തിൽ)

വാർഷിക പദ്ധതി	പദ്ധതി അടങ്കൽ	ചെലവ്	ചെലവിന്റെ ശതമാനവും
2017–18	4950	9604.57	194.03
2018–19	5445	6471.00	118.84
2019–20	5445	1470.29	27.00
2020–21	5530	1130.90	20.45
2021–22	5530	4270.50	77.22
ആകെ	**26900**	**22947.26**	**85.30**

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കശുവണ്ടി മേഖലയിലെ നേട്ടങ്ങൾ

1. കെ.എസ്.സി.ഡി.സി, കാപെക്സ് എന്നിവയിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തി
2. കെ.എസ്.സി.ഡി.സി, കാപെക്സ് എന്നിവയ്ക്കായി അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേരള കശുവണ്ടി ബോർഡ് രൂപീകരിച്ചു.
3. 2019–20ൽ കേരളത്തിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ കയറ്റുമതി 30,478 MT ആയിരുന്നു, അതിന്റെ മൂല്യം ₹ 1,742.54 കോടിയാണ്. ഇന്ത്യയിൽ നിന്നുള്ള മൊത്തം കയറ്റുമതിയിൽ കേരളത്തിൽ നിന്നുള്ള കയറ്റുമതിയുടെ പങ്ക് ഏകദേശം 50 ശതമാനമാണ്.
4. 2015–16 മുതൽ കശുമാവ് കൃഷിയുടെ വിസ്തൃതിയിൽ ഗണ്യമായ നേട്ടം ഉണ്ടായി. കൃഷി വിസ്തൃതി, 2019–20ൽ 98,821 ഹെക്ടറായി ഉയർന്നു.
5. കശുമാവ് കൃഷിയിൽ ഊന്നൽ – മാതൃകാ കശുമാവ് ഫാമുകൾ, മാതൃകാ കശുമാവ് തോട്ടങ്ങൾ, കൃഷി വ്യാപിപ്പിക്കുന്നതിനായി കെഎസ്എസിസി ഏറ്റെടുത്ത കശുമാവ് ഗ്രാഫ്റ്റുകളുടെ വിതരണം എന്നിവ.
6. നടീൽ, പരിപാലനം, സംരക്ഷണം എന്നിവയ്ക്കുള്ള പരിശീലനവും സെമിനാറുകളും
7. കെ.എസ്.സി.ഡി.സി – ഭാഗിക യന്ത്രവൽക്കരണവും കട്ടിംഗ് മെഷീനുകളുടെ ഉപയോഗവും മുഖേന ആർ.സി.എൻ – ന്റെ പ്രതിദിന പ്രോസസ്സിംഗ് 100 MT–ൽ നിന്ന് ഏകദേശം 125 MT ആയി വർദ്ധിച്ചു. സമീപ വർഷങ്ങളിൽ 1250 കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചതിനാൽ ഉൽപ്പാദനക്ഷമത 56 ശതമാനം വർദ്ധിക്കാൻ കാരണമായി.

കശുവണ്ടി മേഖലയിലെ നിർണായക വിടവുകൾ/പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ

1. അസംസ്കൃത കശുവണ്ടിപരിപ്പിന്റെ കുറവ് (മത്സര വിലയിൽ)
2. ആഭ്യന്തര ലഭ്യതയിലെ ഇടിവും ആഭ്യന്തര കശുവണ്ടിയുടെയും ഇറക്കുമതി ചെയ്യുന്ന കശുവണ്ടിയുടെയും വിലയിലെ വർദ്ധനവും
3. ഉയർന്ന പ്രോസസ്സിംഗ് ചെലവ്
4. ആധുനിക പ്രോസസ്സിംഗ് സാങ്കേതിക വിദ്യകളുടെ സാവധാനത്തിലുള്ള സ്വീകരിക്കൽ
5. പ്രോസസ്സിംഗ് ചെയ്യുന്ന മറ്റ് രാജ്യങ്ങളിൽ/പ്രദേശങ്ങളിൽ നിന്നുള്ള കടുത്ത മത്സരം
6. വർഷങ്ങളായി കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതത്തിലെ ഇടിവ്

7. ഭൂമിയുടെ മേലുള്ള സമ്മർദ്ദം
8. നിലവിലുള്ള ഭൂപരിധി നിയമങ്ങൾ കാരണം കശുമാവ് കൃഷിക്കുള്ള നിയന്ത്രണങ്ങൾ
9. ഫംഗസ് രോഗങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
10. റബ്ബർ പോലുള്ള മറ്റ് വിളകളിൽ നിന്നുള്ള മത്സരം
11. അത്യുൽപാദനശേഷിയുള്ള കശുമാവ് ഇനങ്ങളുടെയും ആധുനിക കൃഷിരീതികളുടെയും സാവധാനത്തിലുള്ള വ്യാപനം
12. കെ.സി.ബി ഇറക്കുമതി ചെയ്ത കശുവണ്ടി ഉപയോഗിക്കുന്ന ഏജൻസികളായ കെ.എസ്.സി.സിക്കും ക്യാപെക്സിനും കശുവണ്ടി ഇറക്കുമതിയുടെ മൂല്യം പൂർണ്ണമായും കെ.സി.ബി ക്ക് നൽകാൻ കഴിയാത്തത്.

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

സമീപനം–ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഫലപ്രദമായ വിപണനം, വിതരണ തന്ത്രം എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ കശുവണ്ടിയുടെയും പരമ്പരാഗത വ്യവസായങ്ങളുടെയും വികസനത്തിനുള്ള മൂന്ന് അടിസ്ഥാന സ്തംഭങ്ങൾ. ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് മാന്യമായ വേതനവും തൊഴിലും വരുമാനവും സർക്കാർ ഉറപ്പാക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

- വൻതോതിലുള്ള സംസ്കരണം, യന്ത്രവൽക്കരണം, പ്രോസസ് ഓട്ടോമേഷൻ എന്നിവ നടപ്പിലാക്കുന്നത് വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഉൽപ്പാദനച്ചെലവ് കുറച്ചുകൊണ്ട്, നിലവിൽ പ്രവർത്തിക്കുന്ന കശുവണ്ടി സംസ്കരണ യൂണിറ്റുകളുടെ സുസ്ഥിരത ഉറപ്പാക്കുക.
- പുനരുജ്ജീവനസാധ്യതയുള്ളതും അടച്ചുപൂട്ടിയതുമായ സ്വകാര്യ കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ.
- കശുവണ്ടി കൃഷി വ്യാപിപ്പിക്കുന്നതിലൂടെ കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ആഭ്യന്തര ലഭ്യത വർദ്ധിപ്പിക്കുകയും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക.
- കശുവണ്ടിയുടെ മൂല്യവർദ്ധനവും സംസ്കരണവും വർദ്ധിപ്പിക്കുക.
- കേരളത്തിലെ യൂണിറ്റുകൾ സാമ്പത്തികമായി ലാഭത്തിലും മത്സരാധിഷ്ഠിതമായും തുടരുന്നതിന് കശുവണ്ടി സംസ്കരണ ചെലവ് കുറയ്ക്കുക.
- കൈകൊണ്ട് നിർമ്മിച്ച കശുവണ്ടി പോലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളും കശുമാങ്ങ ഉപയോഗിച്ചുള്ള ഉൽപന്നങ്ങളും വികസിപ്പിക്കുക.
- കൃഷി വിപുലീകരിക്കുന്നതിനും പുതിയ യന്ത്രങ്ങൾ, പുതിയ ഉൽപ്പന്നങ്ങൾ, വിപണി ഗവേഷണം എന്നിവയുടെ വികസനത്തിനുമായി ഈ മേഖലയിലുള്ള ഗവേഷണ–വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്നു.
- 'കേരള കശുവണ്ടി'യുടെ ഐഡന്റിറ്റി നിലനിർത്താനും അതിൽ നിന്ന് നേട്ടമുണ്ടാക്കാനും കഴിയുന്ന പുതിയ വിപണികളും വിപണന തന്ത്രങ്ങളും വികസിപ്പിക്കുന്നതിനുള്ള കൂടുതൽ ശ്രമങ്ങൾ.
- കെ.സി.ബി, കെ.എസ്.സി.ഡി.സി, കാപെക്സ് എന്നിവയ്ക്കിടയിൽ ഫണ്ടുകളുടെ സമയോചിതമായ വിതരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ.

കശുവണ്ടി മേഖലയിൽ പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ച പ്രധാന സംരംഭങ്ങൾ

1. കശുമാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ കെഎസ്എസിസിയുടെ നേതൃത്വത്തിൽ നടപടികൾ ആരംഭിക്കുക.
2. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നിരാലംബരായവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് അധിക തൊഴിലവസരങ്ങൾ നൽകുന്നതിന് കശുവണ്ടി ഫാക്ടറികളുടെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും നടപ്പിലാക്കുക
3. കൂടുതൽ വിപണി വിഹിതവും കെഎസ്സിഡിസി, കാപെക്സ് എന്നിവയിൽ നിന്നുള്ള വിൽപ്പനയും ഉറപ്പാക്കാൻ ബ്രാൻഡ് ബിൽഡിങ്ങും വിപണി അവബോധ പരിപാടികളും നടപ്പിലാക്കുക.

4. കേരള കശുവണ്ടി ബോർഡ് ഇന്ത്യയ്ക്കകത്തുനിന്നോ പുറത്തുനിന്നോ അസംസ്കൃത കശുവണ്ടി (ആർസിഎൻ) ഇറക്കുമതി/സംഭരണം ചെയ്ത് കെഎസ്സിഡിസി, കാപെക്സ് എന്നിവയ്ക്ക് ന്യായവിലയ്ക്കുള്ള വിതരണം നടത്തുക.

2022-23 വാർഷിക പദ്ധതിയിൽ കശുവണ്ടി മേഖലയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

- അൾട്രാ ഹൈ ഡെൻസിറ്റി കശുമാവ് കൃഷി നടത്തുന്നതിനുള്ള പദ്ധതി

4.1.3.3 കൈത്തറി, യന്ത്രത്തറി വ്യവസായങ്ങൾ

അവലോകനം

കേരളത്തിലെ ഒരു പ്രധാന പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. സംസ്ഥാനത്തെ കൈത്തറി വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലും; കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർകോട് ജില്ലകളിലെ ചില ഭാഗങ്ങളിലുമാണ്. മുണ്ടുകൾ, ഫർണിഷിംഗ് മെറ്റീരിയൽ, ബെഡ് ഷീറ്റുകൾ, ഷർട്ടിംഗ്, സാരി, ലുങ്കി എന്നിവയാണ് സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഉത്പാദിപ്പിക്കുന്ന പ്രധാന ഇനങ്ങൾ. കേരളത്തിലെ കൈത്തറി, പവർലൂം മേഖല വലിയൊരു വിഭാഗം ജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്കും സ്ത്രീകൾക്കും തൊഴിൽ നൽകുന്നു. 2011-12 കാലയളവിൽ കേരളത്തിൽ 1.7 ലക്ഷം തൊഴിലാളികളാണ് വസ്ത്ര വ്യവസായത്തിലുണ്ടായിരുന്നത്. ഈ തൊഴിലാളികളിൽ 90 ശതമാനവും കൈത്തറി മേഖലപോലുള്ള അനൗപചാരിക മേഖലയിലാണ് ഉള്ളത്. മൊത്തം തറിയുടെ 93 ശതമാനത്തിലധികം വരുന്ന സഹകരണ മേഖലയാണ് കൈത്തറി വ്യവസായത്തിൽ ആധിപത്യം പുലർത്തുന്നത്. ബാക്കിയുള്ള വ്യവസായം സ്വകാര്യമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ്.

മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ

ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂം ആൻഡ് ടെക്സ്റ്റൈൽസ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹാൻവീവ്), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.റ്റി, കണ്ണൂർ) എന്നിവയാണ് കൈത്തറി വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ പ്രധാന ഏജൻസികൾ. സംസ്ഥാനത്തെ ടെക്സ്റ്റൈൽ രംഗത്തുള്ള സഹകരണ മേഖല നൂൽനൂൽക്കൽ, നെയ്ത്ത് എന്നീ പ്രവർത്തനങ്ങളിലാണ് (പവർലൂം, ഹാൻഡ്ലൂം) ഏർപ്പെട്ടിരിക്കുന്നത്. നെയ്ത്ത് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്, സംസ്ഥാനത്തെ പവർലൂം സഹകരണ സംഘങ്ങൾക്ക് സർക്കാർ ബജറ്റ് പിന്തുണ നൽകുന്നു. സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾ കൂടുതലും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെയും (കെഎസ്ടിസി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡിന്റെയും (ടെക്സ്ഫെഡ്) കീഴിലാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22)

രജിസ്റ്റർ ചെയ്ത തറികളുടെ എണ്ണം, പ്രവർത്തിക്കുന്ന തറികളുടെ എണ്ണം, തൊഴിലാളിയുടെ ഒരു ദിവസത്തെ നെയ്ത്ത് (ഓരോ നെയ്ത്തുകാരനും നെയ്തത് മീറ്ററിൽ), വാർഷിക നെയ്ത്ത് ഉൽപ്പാദനം (ലക്ഷം മീറ്ററിൽ), വാർഷിക ഉൽപ്പാദനം (മൂല്യത്തിൽ), കയറ്റുമതി മൂല്യം, പ്രതിവർഷം ശരാശരി തൊഴിൽ ദിനങ്ങൾ തുടങ്ങിയ മേഖലകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുക എന്നതിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഊന്നൽ നല്കിയത്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ടെക്നോളജിയുടെ (എൻഐഎഫ്ടി) സഹായത്തോടെ കൈകൊണ്ട് നെയ്ത തുണി ഉപയോഗിച്ചുള്ള ഉൽപ്പന്ന ശ്രേണി വിപുലീകരിക്കൽ, ഇത്തരം തുണിത്തരങ്ങൾക്കായി സ്വകാര്യ മാർക്കറ്റിംഗ് ചാനലുകൾ വികസിപ്പിക്കുക, ഹാൻവീവ്, ഹാന്റക്സ് ഔട്ലെറ്റുകൾ നവീകരിക്കുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക, വ്യവസായത്തിന്റെ അവശ്യ സ്വഭാവം നഷ്ടപ്പെടുത്താതെ യന്ത്രവൽകൃത സാങ്കേതിക വിദ്യകളുടെ വർദ്ധിച്ച ഉപയോഗം; സംസ്ഥാനത്തിനുള്ളിൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് കിഴിവുകൾ നൽകുക, കേരളത്തിലെ കൈകൊണ്ട് നെയ്ത തുണിത്തരങ്ങൾക്കായി ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ വികസിപ്പിക്കുക, ഈ മേഖലയിലെ തൊഴിലാളികൾക്ക് സുസ്ഥിരമായ തൊഴിൽ നൽകുന്നതിന് സിൽക്ക് നെയ്ത്ത് വഴി

മൂല്യവർദ്ധനവ് കണ്ടെത്തുകയും സ്കൂൾ കുട്ടികളുടെ യൂണിഫോം പദ്ധതി വിപുലീകരിക്കുകയും ചെയ്യുക എന്നിവ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നിർദേശിച്ചിരുന്നു. കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ജീവിതം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഉൽപ്പാദനം, രൂപകൽപന, വിപണനം എന്നിവയിൽ നിയന്ത്രിത ആധുനികവൽക്കരണവും പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗവും ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നിർണായകമാണ്. പുതിയ ടെൻഡുകൾക്ക് അനുസൃതമായി ഫലപ്രദമായ ഉൽപ്പന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധന രീതികളും ശുപാർശ ചെയ്തു. പവർലൂമുകളിൽ നിന്നും ഓട്ടോമാറ്റിക് യന്ത്രങ്ങളിൽ നിന്നും കൈത്തറി വ്യവസായം കടുത്ത ഭീഷണി നേരിടുന്നു. അതിനാൽ കൈത്തറി വ്യവസായത്തെ മറ്റ് വ്യവസായങ്ങളുമായി മത്സരിക്കാൻ പ്രാപ്തരാക്കുന്നതിനു ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തു.

പട്ടിക 4.6 കൈത്തറി, പവർലൂം മേഖല – പതിമൂന്നാം പദ്ധതി കാലത്ത് വകയിരുത്തിയ തുകയും ചെലവും

(തുക രൂപ ലക്ഷത്തിൽ)

വാർഷിക പദ്ധതി	പദ്ധതി അടങ്കൽ	ചെലവ്	ചെലവിന്റെ ശതമാനവും
2017–18	7192	6948.00	96.61
2018–19	7092	4313.10	60.82
2019–20	5601	3551.03	63.40
2020–21	5139	5850.79	113.85
2021–22	5139	3959.80	77.05
ആകെ	**30163**	**24622.72**	**81.63**

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൈത്തറി മേഖലയിലെ നേട്ടങ്ങൾ

1. കേരള കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ശക്തിപ്പെടുത്തി. അതുവഴി കൂടുതൽ തൊഴിൽ ദിനങ്ങളും മെച്ചപ്പെട്ട വേതനവും തൊഴിലാളികൾക്ക് ലഭിക്കുകയുണ്ടായി.
2. ഹാൻവീവ് വാങ്ങിയ തുണിയുടെ മൂല്യം 2015–16ൽ 8.60 കോടി രൂപയിൽ നിന്ന് 2019–20ൽ 16.68 രൂപയായി ഇരട്ടിച്ചു. അതിന്റെ വിൽപ്പന വിറ്റുവരവ് 2015–16 ലെ 19.03 കോടി രൂപയിൽ നിന്ന് 2019–20 ൽ 20.30 കോടി രൂപയായി ഉയർന്നു.
3. പവർലൂം സഹകരണ സംഘങ്ങളുടെ നവീകരണ പ്രവർത്തങ്ങൾ ദ്രുതഗതിയിലായി. കൂടാതെ തറികളുടെ നവീകരണത്തിനു ശേഷം നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമതയും വേതനവും വർദ്ധിച്ചു.
4. മലപ്പുറം കോ–ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെയും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെയും നവീകരണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി.

കൈത്തറി മേഖലയിലെ നിർണായക വിടവുകൾ/പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ

- ആധുനികവൽക്കരണവും അടിസ്ഥാന സൗകര്യ വികസനവും
- കൈത്തറി ഉൽപന്നങ്ങളുടെ ബ്രാൻഡിംഗും വിപണനവും
- സ്വകാര്യ സംരംഭകത്വത്തിനുള്ള പ്രോത്സാഹനം
- ഗവേഷണവും വികസനവും മെച്ചപ്പെടുത്തൽ

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

സമീപനം–ആധുനികവൽക്കരണം, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഫലപ്രദമായ വിപണനം, വിതരണ തന്ത്രം എന്നിവയാണ് കൈത്തറി, പവർലൂം വ്യവസായങ്ങളുടെ വികസനത്തിനുള്ള മൂന്ന് അടിസ്ഥാന ഘടകങ്ങൾ. പരമ്പരാഗത വ്യവസായങ്ങളിലുള്ളവർക്ക് മാന്യമായ വേതനവും തൊഴിലും വരുമാനവും സർക്കാർ ഉറപ്പാക്കും. എല്ലാവർക്കും പ്രാപ്യമായ വിപണി, ഉൽപ്പാദനത്തിനുള്ള ഇൻപുട്ടുകൾ,

ഉൽപ്പാദന പ്രക്രിയയിലെ പുരോഗതി, ഉൽപന്ന രൂപകൽപന എന്നിവയിൽ ഈ മേഖലയ്ക്ക് പിന്തുണ നൽകും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. ആധുനികവൽക്കരണം–ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വേതനം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ നഷ്ടം ഒഴിവാക്കുന്നതിനുമുള്ള സാങ്കേതികവും സംഘടനാപരവുമായ നവീകരണങ്ങൾ നടത്തുക.
2. ഉൽപ്പന്ന വൈവിധ്യവൽക്കരണം–തുണി വസ്തുങ്ങളാക്കി മാറ്റുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, പരമ്പരാഗത ഉൽപന്നങ്ങൾ പുനർ രൂപകൽപ്പനയും പുനർ സൃഷ്ടിക്കുകയും ചെയ്യുന്നത് വഴി അവയെ മികച്ച ഉൽപ്പന്നങ്ങളാക്കി മാറ്റുക, കയറ്റുമതി വിപണികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
3. മാർക്കറ്റിംഗ്–പാരമ്പര്യവും പൈതൃകവും പോലുള്ള പ്രത്യേക വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ബ്രാൻഡിംഗ്, ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച്, ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പര്യവേക്ഷണം ചെയ്യുക.
4. പുതിയ ടെക്സ്ചറുകൾ വികസിപ്പിക്കുന്നതിന് സംയോജിത നെയ്ത്ത് വികസിപ്പിക്കുക.
5. പവർലൂം ഉൽപന്നങ്ങൾ കൈത്തറി ആയി വിൽക്കുന്ന പ്രവണത (വ്യാജനിർമ്മാണം) തടയാൻ ശക്തമായ നടപടികൾ കൈക്കൊള്ളുക.
6. നൂലിന്റെയും തുണിയുടെയും ഗുണനിലവാരവും പൂർണ്ണതയും ഉറപ്പുവരുത്തുക, അസംസ്കൃത വസ്തുക്കൾ, ഉൽപ്പന്നങ്ങൾ, വിപണന രീതികൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ഗവേഷണവും വികസനവും വർദ്ധിപ്പിക്കുക.
7. ഗുണനിലവാരം, ഈടുനിൽക്കൽ എന്നീ സവിശേഷതകൾക്ക് ഉയർന്ന നിലവാരം നിലനിർത്തുക
8. ഈ മേഖലകളിലെ സ്റ്റാർട്ടപ്പുകൾക്കും ഇൻകുബേഷൻ സെന്ററുകൾക്കും പ്രോത്സാഹനങ്ങൾ നൽകുക. ഒന്നിലധികം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പങ്കാളിത്തത്തോടെ സഹകരണത്തിനും ആശയ രൂപീകരണത്തിനുമുള്ള കേന്ദ്രങ്ങളായി ഇൻകുബേഷൻ സെന്ററുകൾ വികസിപ്പിക്കുക.
9. പൈതൃകത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനേക്കാൾ അവയുടെ സുസ്ഥിരതയ്ക്ക് മുൻഗണന നൽകുക.
10. കേന്ദ്ര സർക്കാർ, ദേശീയ ഏജൻസികൾ എന്നിവർ നടപ്പിലാക്കുന്ന പരിപാടികൾ സംസ്ഥാന സർക്കാർ പരിപാടികളുമായി സംയോജിപ്പിക്കുക.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കൈത്തറി, പവർലൂം മേഖലയ്ക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. കൈത്തറി മേഖലയിൽ ഓൺലൈൻ വിപണനം പ്രോത്സാഹിപ്പിക്കുക.
2. ടെക്സ്റ്റൈൽസിൽ സ്വകാര്യ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
3. ഗവേഷണവും വികസനവും മെച്ചപ്പെടുത്തൽ.
4. ഫാബ്രിക് മേഖലയിൽ ഡൈയിംഗ് സെന്ററുകൾ സ്ഥാപിക്കൽ.
5. കേന്ദ്ര–സംസ്ഥാന സർക്കാർ പദ്ധതികൾ തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുതൽ.
6. നെയ്ത്തുകാർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നു.
7. പരുത്തി തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ബാങ്കുകൾ സ്ഥാപിക്കുക.

കൈത്തറി, പവർലൂം മേഖലയ്ക്കായി മേഖലയിൽ 2022–23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കീമുകളുമായുള്ള സമന്വയം ഉറപ്പാക്കുന്നതിനും കൂടുതൽ ഫണ്ടുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു പുതിയ പദ്ധതി 'ദേശീയ കൈത്തറി വികസന പരിപാടി'.

4.1.3.4. ഖാദി ഗ്രാമ വ്യവസായ മേഖല

പൊതു അവലോകനം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുക പ്രത്യേകിച്ച് ഗ്രാമീണ ദരിദ്രർക്ക് എന്നതാണ് ഖാദി, ഗ്രാമ വ്യവസായങ്ങളുടെ പ്രാഥമിക ലക്ഷ്യം. കേരളത്തിലെ ഖാദി മേഖലയ്ക്ക് അതിന്റെ ചരിത്രപരമായ പ്രാധാന്യവും സാമൂഹികവും രാഷ്ട്രീയവുമായ സംഭാവനയുമുള്ള ശക്തമായ അടിത്തറയുണ്ട്. ഖാദി ഗ്രാമ വ്യവസായ ബോർഡ് (കെകെവിഐബി), കെകെവിഐബി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം), കെവിഐസി എയ്ഡഡ് സ്ഥാപനങ്ങൾ (14 എണ്ണം) എന്നിവയുൾപ്പെടെ 29 ഖാദി സ്ഥാപനങ്ങൾ ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഖാദി, ഗ്രാമവ്യവസായങ്ങൾ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്തത്തോടെ രൂപീകരിച്ച ഒരു നിയമാനുസൃത സ്ഥാപനമാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്. കേരള സർക്കാർ, ഖാദി കമ്മീഷൻ, ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്ന് സഹായം ലഭ്യമാക്കി സഹകരണ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യക്തികൾ, വകുപ്പുതല യൂണിറ്റുകൾ എന്നിവ വഴിയാണ് ബോർഡ് പരിപാടികൾ നടപ്പിലാക്കുന്നത്. ഖാദി ഗ്രാമ വികസന കമ്മീഷന്റെ പരിപാടികളുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസിയാണ് ബോർഡ്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, വിപണി സാധ്യതകൾ നിറവേറ്റുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഉൽപ്പാദന രീതി വൈവിധ്യവത്കരിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. നിലവിൽ ഈ മേഖല 13,000 പേർക്ക്, പ്രധാനമായും ഗ്രാമീണ സ്ത്രീകൾക്ക്, തൊഴിൽ നൽകുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–2022)

പതിമൂന്നാം പഞ്ചവത്സര പദ്ധതി ഖാദി, ഗ്രാമ വ്യവസായ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിരുന്നു. കരകൗശലത്തൊഴിലാളികളുടെ ശാരീരിക ആയാസം കുറയ്ക്കുന്നതിനും അതുവഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സോളാർ ചർക്കകൾ അവതരിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സാങ്കേതിക ജീവനക്കാർക്കും കരകൗശല വിദഗ്ധർക്കും പരിശീലനത്തിലൂടെയും നവീകരണ കോഴ്സുകളിലൂടെയും ശേഷി വികസിപ്പിക്കുക, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ ഖാദി നൂൽ ഉത്പാദനത്തിന്റെ മൊത്തം മൂല്യം 50 കോടി രൂപയായി ഉയർത്തുക, ഖാദി ബോർഡിന് കീഴിലുള്ള കരകൗശല വിദഗ്ധരുടെ എണ്ണം 15,000ൽ നിന്ന് 30,000 ആയി ഉയർത്തുക, ഗ്രാമീണ ഗ്രാമവ്യവസായ വിഭാഗത്തിൽ 7,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിനോദസഞ്ചാരവുമായി ബന്ധപ്പെടുത്തി പ്രധാന വിൽപ്പന കേന്ദ്രങ്ങൾ നവീകരിക്കുക, തേൻ, ഇഞ്ചി എണ്ണ, വാഷിംഗ് സോപ്പ് തുടങ്ങിയ ഖാദി, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളിൽ ഒരു പൊതു ബ്രാൻഡ് നാമം അവതരിപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. 13ാം പദ്ധതിയിൽ, സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള ഖാദിയുടെ സംഭരണവും വിൽപ്പനയും കുറയ്ക്കൽ പ്രാദേശിക ഉൽപ്പാദനം വർദ്ധിപ്പിക്കൽ, ആധുനിക ഡിസൈനിംഗ് കേന്ദ്രങ്ങളും ഗവേഷണ വികസന വിഭാഗവും സ്ഥാപിക്കുക, സംസ്ഥാനത്ത് സിൽക്ക് തുണി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക; ഖാദി, ഗ്രാമ വ്യവസായ മേഖലയിലെ പുതിയ കരകൗശല തൊഴിലാളികൾക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക; കൂടാതെ പൊതു ഇടങ്ങൾ, മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽ പുതിയ വിൽപ്പന ശാലകൾ ആരംഭിക്കുക എന്നിവ നിർദ്ദേശിച്ചിരുന്നു. ഖാദി ഗ്രാമം പദ്ധതി പ്രകാരം അഞ്ച് വർഷത്തിനുള്ളിൽ 1,000 കരകൗശല തൊഴിലാളികൾക്ക് ഖാദി ഗ്രാമത്തിന് കീഴിൽ ഓരോ വർഷവും തൊഴിലവസരങ്ങൾ നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രതിവർഷം 500 പേർക്ക് അധിക തൊഴിലവസരങ്ങൾ നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതിയ്ക്കു കീഴിൽ പുതിയ തൊഴിലാളികൾക്ക് ബോർഡ് ചർക്കയും തറിയും നൽകുന്നു.

പതിമൂന്നാം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. കേരളത്തിൽ സിൽക്ക് റീലിംഗും നെയ്ത്തും ശക്തിപ്പെടുത്തുക.
2. യുവസംരംഭകർക്ക് നൈപുണ്യ പരിശീലനം.
3. സഹകരണ സംഘങ്ങൾക്കുള്ള സഹായം (പ്രവർത്തന യൂണിറ്റുകൾക്ക് അധിക ആവശ്യകതകൾ നിറവേറ്റുന്നതിന്).

പട്ടിക 4.7 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ബജറ്റ് വിഹിതവും ചെലവും (രൂപ ലക്ഷത്തിൽ)

വർഷം	ബജറ്റ് വിഹിതം	ചെലവ്	ചെലവഴിച്ചതിന്റെ ശതമാനം
2017–18	1,691.00	723.78	43
2018–19	1,086.00	1,066.56	98
2019–20	1,443.00	667.15	46
2020–21	1,610.00	1,248.45	78
2021–22	1,610.00	1,286.47	80
ആകെ	**7,440.00**	**4,992.41**	**67**

അവലംബം: പ്ലാൻ സ്പേസ്, സംസ്ഥാന ആസൂത്രണ ബോർഡ്

പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ

1. ഖാദി ഗ്രാമ വ്യവസായ ബോർഡ് 54,910 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
2. സംസ്ഥാനത്ത് പട്ടിന്റെ നെയ്ത്ത് ശക്തിപ്പെടുത്തി.
3. ഖാദി ബോർഡ് പ്രത്യേക തൊഴിൽദാന പദ്ധതിയിൻ (എന്റെ ഗ്രാമം) കീഴിൽ 1,207 യൂണിറ്റുകളിലൂടെ 3,907 തൊഴിലവസരങ്ങൾ നൽകി.
4. എറ്റുകുടുക്കയിലെ സ്ലിവർ പ്രോജക്ടിന്റെ ആധുനീകരണവും വിപുലീകരണവും വഴി 91 പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്.
5. യുവ സംരംഭകർക്ക് നൈപുണ്യ പരിശീലനം നൽകി.

മേഖലയിലെ നിർണ്ണായക വിടവുകൾ

1. ഉൽപ്പാദനവും വിൽപ്പനയും തമ്മിലുള്ള വലിയ അന്തരം.
2. കുറഞ്ഞ ഉൽപ്പാദന ക്ഷമത വിനിയോഗം.
3. തൊഴിലാളികൾക്കുള്ള കുറഞ്ഞ വേതനം.
4. ഉയർന്ന ഗുണ നിലവാരമുള്ള മസ്ലിൻ, പട്ടു തുണിത്തരങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കൽ.
5. പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം.
6. വ്യാജ ഖാദിയുടെ വൻതോതിലുള്ള ഉൽപ്പാദനവും ഉപയോഗവും.
7. വിൽപ്പന ശാലകളിലെ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം.
8. വിപണി അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
9. ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ നേരിടുന്ന ഉയർന്ന കിട മത്സരവും, കുറഞ്ഞ പ്രചാരവും പരസ്യവും, സാങ്കേതികവിദ്യയുടെ അഭാവവും.

പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

കേരളത്തിൽ ഖാദി മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനും ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനത്തിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവൽസര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. ഓരോ വർഷവും ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം 25 ശതമാനം വർദ്ധിപ്പിക്കുക.
2. ഖാദി മേഖലയിൽ 10,000 പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കുക, തേനീച്ച വളർത്തൽ വ്യവസായത്തിൽ 1,000 പുതിയ തൊഴിലവസരങ്ങൾ.
3. 5,000 തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് 1,500 പുതിയ യൂണിറ്റുകൾ സ്ഥാപിക്കൽ.
4. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, ഖാദിക്കായി 75 പുതിയ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകൽ, ഓരോ താലൂക്ക് ആസ്ഥാനത്തും ഒന്ന് വീതം.

5. സംസ്ഥാനത്ത് ഖാദി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ.
6. ഖാദി സഹകരണ സ്ഥാപനങ്ങളും ഗ്രാമവ്യവസായ യൂണിറ്റുകളും പുനരുജ്ജീവിപ്പിക്കൽ.
7. തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തലും അതിലൂടെ അവരുടെ സാമൂഹിക ഉന്നമനം പ്രോത്സാഹിപ്പിക്കലും.
8. കയറ്റുമതി പ്രോത്സാഹനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. ചർക്കകളുടെയും തറികളുടെയും ശരിയായ പരിപാലനം.
2. ഉൽപ്പാദന കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
3. നിലവിലുള്ള വിൽപ്പന ശാലകളുടെ നവീകരണവും ഹെഡ് ഓഫീസ്, ജില്ലാ ഓഫീസുകൾ, ഷോറൂമുകൾ എന്നിവയുടെ ഡിജിറ്റലൈസേഷനും.
4. ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള പബ്ലിസിറ്റി/പ്രൊമോഷൻ, ഗ്രാമവ്യവസായ യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും ആവശ്യാനുസരണം പുതിയ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു ഗ്രാമത്തിൽ ഒരു വ്യവസായമെങ്കിലും ആരംഭിക്കുക.
6. ഖാദി, ഗ്രാമ വ്യവസായ ഉൽപന്നങ്ങൾക്കായി ഇ-വിപണന സംവിധാനം നടപ്പിലാക്കൽ.
7. ഖാദി നെയ്ത്ത് കേന്ദ്രങ്ങൾക്കൊപ്പം പുതിയ ഖാദി ഗ്രാമ സൗഭാഗ്യകൾ തുറക്കൽ.
8. പ്രവർത്തനരഹിതമായ ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുജ്ജീവനം.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

1. കർഷകർക്കും തേനീച്ച വളർത്തുന്നവർക്കും സുനിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനും തേൻ, തേനീച്ച കൂട് നിർമ്മാണം പോലുള്ള മറ്റ് ഉൽപ്പാദനത്തിനും 500-ലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുള്ള തേനീച്ച വളർത്തൽ ക്ലസ്റ്റർ പ്രോഗ്രാം.
2. ഖാദി സഹകരണ സംഘങ്ങൾക്ക് സഹായം നൽകിക്കൊണ്ട് 200 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.

4.1.4 ഖനനവും ഭൂഗർഭ ശാസ്ത്രവും

അവലോകനം

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ ആസ്ഥാനം (ഡയറക്ടറേറ്റ്) തിരുവനന്തപുരത്തും 14 ജില്ലകളിലും ഓരോ സബ് ഓഫീസും ഉണ്ട്. വകുപ്പിനെ പൊതുവെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. മിനറൽ ഡെവലപ്മെന്റ് ആൻഡ് മൈനിംഗ് ലീസ് ഡിവിഷൻ: - റെഗുലേറ്ററി സ്വഭാവമുള്ള മിനറൽ ഡെവലപ്മെന്റ് ആൻഡ് മൈനിംഗ് ലീസ് ഡിവിഷൻ, നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്നു.

2. പര്യവേക്ഷണ, അന്വേഷണ വിഭാഗം:- ധാതു പര്യവേക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പ്ലാൻ സ്കീമുകൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി - നേട്ടങ്ങൾ

1. കൊല്ലം ജില്ലയിൽ ചൈന ക്ലേയ്ക്കായി അന്വേഷണം
2. കണ്ണൂർ ജില്ലയിൽ കുറഞ്ഞ ഗ്രേഡ് ചൈന ക്ലേ/അലൂമിനസ് ലാറ്ററൈറ്റ്/ബോക്സൈറ്റ് എന്നിവയുടെ അന്വേഷണം
3. തൃശ്ശൂർ ജില്ലയിൽ ബ്രിക്ക് ക്ലേ/ചൈന ക്ലേയ്ക്ക് വേണ്ടിയുള്ള അന്വേഷണം
4. മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇഷ്ടിക കളിമണ്ണ്/ടൈൽ ക്ലേ എന്നിവയ്ക്കായി അന്വേഷണം
5. ജില്ലാ സർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ
6. മിനറോളജി ആൻഡ് ജെം ടെസ്റ്റിംഗ് ലബോറട്ടറി
7. കെമിക്കൽ ലബോറട്ടറി
8. വകുപ്പിലെ സാങ്കേതിക, ഭരണ വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന പരിപാടി
9. ഇ-ഓഫീസ് നടപ്പിലാക്കൽ:- ഡയറക്ടറേറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കി

10. ഡ്രോൺ-ലിഡാർ സർവേ ഉപയോഗിച്ച് ഖനികളും ക്വാറികളും അളക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗം സംബന്ധിച്ച പഠന

നിർണ്ണായക വിടവുകളും പ്രശ്നങ്ങളും

സൈറ്റുകൾ പരിശോധിക്കുന്നതിനും ധാതു ഇളവുകൾ അനുവദിക്കുന്നതിനുമായി പൊതുജനങ്ങളിൽ നിന്നുള്ള അപേക്ഷകളുടെ ബാക് ലോഗ് ക്ലിയർ ചെയ്യുന്നതിനും ടെക്നിക്കൽ സ്റ്റാഫ്, ഡിപ്പാർട്ട്മെന്റ് വാഹനം തുടങ്ങിയ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ.

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

ഉപജീവനമാർഗ്ഗങ്ങൾ, വ്യവസായങ്ങൾ, പരിസ്ഥിതി എന്നിവയുടെ വിവിധ ആവശ്യങ്ങൾ അഭിമുഖീകരിക്കാൻ ഉതകുന്ന ഒരു പുതിയ ഖനന നയം രൂപീകരിക്കുക.

ലക്ഷ്യം

പരിസ്ഥിതിക്കും സമൂഹത്തിനും മതിയായ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഉചിതമായ സാങ്കേതിക വിദ്യ സ്വീകരിച്ചുകൊണ്ട് ധാതുക്കളും പാറകളും ഉൾപ്പെടെയുള്ള പ്രകൃതിദത്ത ഭൗമ വസ്തുക്കളുടെ ശരിയായ ഉപയോഗവും പരിപാലനവും ഉറപ്പാക്കുക.

പ്രധാന സംരംഭങ്ങൾ

- മിനറൽ ഇൻവെസ്റ്റിഗേഷൻ
- മാനവവിഭവശേഷി വികസനവും പരിശീലനവും
- വകുപ്പിന്റെ ആധുനികവത്കരണം
- ഇ-ഗവേണൻസ് പ്രോജക്റ്റ് നടപ്പിലാക്കൽ - നിലവിലുള്ള വിവിധ ഇ-ഗവേണൻസ് സംരംഭങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ഈ മേഖലയിലെ ധാതു വിഭവങ്ങൾ, നിയന്ത്രണം, നിരീക്ഷണം, വിലയിരുത്തൽ, അടച്ചുപൂട്ടലിനു ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവ മാപ്പിംഗ് ചെയ്യുന്നതിനുള്ള ഐടി അധിഷ്ഠിത മിനറൽ നിരീക്ഷണ സംവിധാനം.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

- ഡിസ്ട്രിക് ഓർഗനൈസേഷനുകൾ രൂപീകരിക്കൽ.

4.2 വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും

4.2.1 വിവര സാങ്കേതിക വിദ്യ

അവലോകനം

കേരളത്തിലെ ഇൻഫർമേഷൻ ടെക്നോളജി മേഖല ഇന്ന് സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ഒരു സുപ്രധാന സ്ഥാനമാണുള്ളത്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ സാങ്കേതികവിദ്യയുടെ അവിഭാജ്യ ഘടകമാണ് വിവര സാങ്കേതികവിദ്യ. അഖിലേന്ത്യാ ചിത്രത്തോട് ചേർന്ന് നിൽക്കുന്ന നിരവധി പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും കേരളത്തിന്റെ വിവര സാങ്കേതികവിദ്യ മേഖല അഭിമുഖികരിക്കുന്ന ചില പ്രത്യേക വിഷയങ്ങൾ പ്രാധാന്യത്തോടെ തിരിച്ചറിയേണ്ടതുണ്ട്. ഐടി മേഖലയിലെ സോഫ്റ്റ്‌വെയർ സംസ്ഥാനത്ത് കൂടുതൽ ആധിപത്യം പുലർത്തുന്നു, ഇലക്ട്രോണിക്സ് നിർമ്മാണത്തിൽ പരിമിതമായ സാന്നിദ്ധ്യം മാത്രമാണ് ഉള്ളത്.

കേരളത്തിന് വളരെ പ്രധാനപ്പെട്ട ചില നേട്ടങ്ങളുണ്ട്. മൊബൈൽ/ടെലിഫോൺ വ്യാപനത്തിൽ സംസ്ഥാനത്തിന് ശ്രദ്ധേയമായ ഒരു തലമുണ്ട്. ബ്രോഡ്ബാൻഡ്, മൊബൈൽ വഴിയുള്ള ഇന്റർനെറ്റ് വ്യാപനവും വളരെ കൂടുതലാണ്. സാക്ഷരതയിലും സ്കൂൾ വിദ്യാഭ്യാസത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ കംപ്യൂട്ടർ സാക്ഷരത കൈവരിക്കുന്നതിൽ സംസ്ഥാനത്തെ സഹായിച്ചിട്ടുണ്ട്. നിലവിൽ,

സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ആപേക്ഷിക വലുപ്പം കണക്കിലെടുക്കുമ്പോൾ ദേശീയ ഐടി മേഖലയിൽ കേരളത്തിന്റെ ഐ.ടി പാദമുദ്ര ന്യായമായും പ്രാധാന്യമർഹിക്കുന്നു.

ദേശിയ തലത്തിൽ അംഗീകാരം നേടിയ സംസ്ഥാനത്തെ സജീവമായ സ്റ്റാർട്ട് അപ് ഇക്കോ സിസ്റ്റം ഭാവിയിലേക്കുള്ള നല്ല ഒരു അടയാളം ആണ്. കൂടുതൽ വികേന്ദ്രീകൃത നിക്ഷേപം നടത്താൻ ശ്രമിച്ച ഹബ് ആൻഡ് സ്പോക്ക് മോഡലിന് സമീപ വർഷങ്ങളിൽ സംസ്ഥാനം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ടെങ്കിലും ഐ.ടി വ്യാവസായിക മേഖലയിലെ അത്തരം നിക്ഷേപം പ്രാദേശികമായി വികേന്ദ്രീകൃതമാക്കാൻ കഴിയേണ്ടതുണ്ട്.

ഐ.ടിയുടെ സാധ്യതയും നിർണായക പ്രാധാന്യവും മനസിലാക്കിക്കൊണ്ട് ഈ മേഖലയ്ക്ക് ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാനത്തിന്റെ ഡിജിറ്റൽ സാങ്കേതിക ശേഷികളും വിഭവങ്ങളും വികസിപ്പിക്കുന്നതിനും ആത്മാർത്ഥമായ ശ്രമങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉൽപ്പന്നങ്ങൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ, ഇ-സാക്ഷരതാ പരിപാടികൾ, അടിസ്ഥാന ഐ.ടി സൗകര്യങ്ങൾ സൃഷ്ടിക്കൽ എന്നിവയിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കാൻ ഇത് സഹായിച്ചു.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (കെഎസ്‌യുഎം), കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ) എന്നിവയാണ് സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന പ്രധാന ഏജൻസികൾ.

ഐടി വ്യവസായ മേഖലയിലെ പ്രധാന ഏജൻസികളുടെ അവലോകനം

1. **ടെക്നോപാർക്ക്**

ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് - കേരളം (ടെക്നോപാർക്ക്) ഐ.ടി ഭൂപടത്തിൽ രാജ്യത്തിലെ പ്രധാന സ്ഥാനമാണ് സംസ്ഥാനത്തിനുള്ളത്. ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വിവരസാങ്കേതിക വ്യവസായങ്ങളുടെ വികസനത്തിന് ആവശ്യമായ പിന്തുണ നൽകുന്നതിനുമായി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായാണ് ടെക്നോപാർക്ക് സ്ഥാപിച്ചത്.

2. **ഇൻഫോപാർക്ക്**

ഇൻഫോപാർക്കിന്റെ ലക്ഷ്യം ഐടി/ഐടിഇഎസ് കമ്പനികൾക്കുള്ള സ്ഥലം, വൈദ്യുതി, വെള്ളം തുടങ്ങിയ അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ചേർത്തലയിലും തൃശ്ശൂരിലും സ്പോക്കുകളുള്ള ഇൻഫോപാർക്ക്, കേരളത്തിലെ രണ്ടാമത്തെ വലിയ ഐടി ഹബ്ബാണ് കൊച്ചി. 2004-ൽ ആരംഭിച്ചതു മുതൽ, ഇൻഫോപാർക്കും അതിന്റെ സഹ-ഡെവലപ്പർമാരും 9 ദശലക്ഷം ചതുരശ്ര അടി ബിൽറ്റ് അപ് സ്പേയ്സ് സൃഷ്ടിച്ചു. പാർക്കുകളിൽ സ്ഥലം ഏറ്റെടുത്ത 420 ഐടി കമ്പനികൾ വഴി 53,000 ഐടി പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.

3. **സൈബർപാർക്ക്**

മലബാർ മേഖലയുടെ വികസനത്തിന് ഉത്തേജകമായി ഐടി/ഐടിഇഎസ് നിക്ഷേപകർക്ക് സൗഹൃദപരവും ചെലവ് കുറഞ്ഞതും മികച്ചതുമായ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് സൈബർപാർക്കിന്റെ ലക്ഷ്യം. തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റെയും മാതൃകയിൽ ഹബ്ബും സ്പോക്ക് മോഡലും അടിസ്ഥാനമാക്കിയാണ് സൈബർപാർക്ക് സ്ഥാപിച്ചത്. കൊച്ചി മുതൽ കാസർഗോഡ് വരെയുള്ള പടിഞ്ഞാറൻ തീരത്തെ ഐടി അടിസ്ഥാന സൗകര്യങ്ങളുടെ വിടവ് നികത്തുന്നതിനാണ് ഇത് സ്ഥാപിച്ചത്. ഗവൺമെന്റും വ്യവസായവും തമ്മിലുള്ള ഇന്റർഫേസ്, സാധ്യതയുള്ള നിക്ഷേപകരുമായി ഇടപഴകുക, ഐടി/ഐടി അടിത്തറ ശക്തിപ്പെടുത്തുക, പ്രൊമോഷണൽ കാമ്പെയ്നുകൾ നടത്തുക, ഐ.ടി, ഐ.ടി.ഇ.എസ് എന്നിവയ്ക്കായി മനുഷ്യവിഭവശേഷി വികസിപ്പിക്കുക എന്നിവ സൈബർപാർക്കിന്റെ ഉത്തരവാദിത്തമാണ്. കോഴിക്കോട് സൈബർപാർക്കിലെ 43 ഏക്കർ സ്ഥലത്തിന്റെ മുഴുവൻ ഉടമസ്ഥാവകാശവും കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനാണ് (കെഎസ്ഐടിഐഎൽ).

4. കേരള സ്റ്റാർട്ട്-അപ്പ് മിഷൻ

കേരള സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്ത് സംരംഭകത്വ വികസനവും ഇൻകുബേഷൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായുള്ള സർക്കാരിന്റെ നോഡൽ ഏജൻസിയാണ്. ഇത് 2007-ൽ പ്രവർത്തനം ആരംഭിച്ചു. മുമ്പ് 'ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ' എന്നറിയപ്പെട്ടിരുന്ന കേരള സ്റ്റാർട്ട് അപ്പ് മിഷൻ, ഇന്ത്യയിലെ ആദ്യത്തെ വിജയകരമായ നോൺ-അക്കാദമിക് ബിസിനസ് ഇൻകുബേറ്ററാണ്. കേരളത്തിലെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ സംരംഭകത്വ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക, കേരളത്തിലെ പരമ്പരാഗത മേഖലകളിലെ സാങ്കേതികവിദ്യാധിഷ്ഠിത സംരംഭകത്വ വികസന ആവശ്യകതകൾ പരിഹരിക്കുക, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക സംസ്കാരത്തിന് അനുയോജ്യമായ പരിശീലന പരിപാടികൾ, സാങ്കേതികവിദ്യയുടെ വിപണി കണ്ടെത്തുക ഉൽപ്പന്നങ്ങളും സേവനങ്ങളും, അക്കാദമിക്, ഗവേഷണ-വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്കിടയിലുള്ള ഇന്റർഫേസിംഗും നെറ്റ്‌വർക്കിംഗും, അന്തിമ ഉപയോക്താക്കളിലേക്ക് എത്തിച്ചേരുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യകളുടെ വേഗത്തിലുള്ള വാണിജ്യവൽക്കരണ ത്തിനുള്ള ഒരു പ്ലാറ്റ്ഫോം സ്ഥാപിക്കുക എന്നിവയാണ് മിഷന്റെ ലക്ഷ്യം.

5. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ)

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ) എന്നത് സംസ്ഥാനത്തെ ഐടി/ഐടിഇഎസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി രൂപീകരിച്ച ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ഭൂമി ഏറ്റെടുക്കുക, വൈദ്യുതി, വെള്ളം, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നൽകിക്കൊണ്ട് മൂല്യവർദ്ധനവ് സൃഷ്ടിക്കുക, സെസ് പദവിയും ആവശ്യമായ മറ്റ് സർക്കാർ അനുമതികളും നേടുക, സ്വകാര്യ നിക്ഷേപകർക്ക് ബിസിനസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് വികസിപ്പിച്ച ഭൂമി അനുവദിക്കുക എന്നിവയാണ് കമ്പനിയുടെ ബിസിനസ്സ് മോഡൽ. കമ്പനി സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വിലയേറിയ ഭൂമി/ആസ്തികൾ പ്രയോജനപ്പെടുത്തുകയും പ്രായോഗിക സാമ്പത്തിക മാതൃകകളിലൂടെ പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സംസ്ഥാനത്ത് ഐടി ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കുന്നതിനുള്ള ഫണ്ട് സൃഷ്ടിക്കുകയും ചെയ്യുന്നു. കോഴിക്കോട് ഐടി പാർക്ക്, കണ്ണൂർ ഐടി പാർക്ക്, കാസർകോട് ഐ.ടി പാർക്ക്, കൊല്ലം ഐടി പാർക്ക്, കൊരട്ടി ഐടി പാർക്ക്, ചേർത്തല ഐ.ടി പാർക്ക്, അമ്പലപ്പുഴ ഐ.ടി പാർക്ക് എന്നിവയാണ് കെഎസ്ഐടിഐഎലിന്റെ പ്രധാന പദ്ധതികൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

ലക്ഷ്യങ്ങൾ

ഐ.ടി പാർക്കുകൾ:- വളർന്നുവരുന്ന സാങ്കേതിക വിദ്യകൾക്കായി കേരളത്തെ ഒരു ഐ.ടി ഹബ്ബായി മാറ്റുക.

കേരള സ്റ്റാർട്ട് അപ്പ് മിഷൻ

1. ഇന്ത്യയിലെ ഒരു പ്രമുഖ വിജ്ഞാന സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ആകുക.
2. പലവിധ ഇടപെടലുകളിലൂടെ വിജ്ഞാനാധിഷ്ഠിത സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കുന്നതിന് സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുക.

കെ.എസ്.ഐ.റ്റി.ഐ.എൽ:- ഐ.ടി മേഖലയ്ക്ക് ആവശ്യമായ ഫിസിക്കൽ, ഇലക്ട്രോണിക് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്നതിനുള്ള ഒരു മികച്ച ഏജൻസിയായി കെഎസ്ഐറ്റിഐഎൽ-നെ മാറ്റുക.

ഹാർഡ്‌വെയർ മിഷൻ:- അന്താരാഷ്ട്ര കണക്ഷനുകൾക്കായുള്ള ഒരൊറ്റ കോൺടാക്റ്റ് പോയിന്റായി പ്രവർത്തിക്കുകയും സംസ്ഥാനത്തെ ഇലക്ട്രോണിക്സ്, ഹാർഡ്‌വെയർ വ്യവസായത്തിന്റെ വളർച്ചയ്ക്ക് പ്രാപ്തമാക്കുകയും ചെയ്യുക.

പട്ടിക 4.8 – പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017–2022) ഏജൻസി തിരിച്ചുള്ള അടങ്കലും ചെലവും

(രൂപ കോടിയിൽ)

ക്രമ നം.	ഏജൻസി	വാർഷിക പദ്ധതി 2017–18		വാർഷിക പദ്ധതി 2018–19		വാർഷിക പദ്ധതി 2019–20		വാർഷിക പദ്ധതി 2020–21		വാർഷിക പദ്ധതി 2021–22	
		ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്
1	ടെക്നോപാർക്ക്	84.00	67.65	84.00	23.46	84.00	0.50	2.00	1.75	24.05	21.00
2	ഇൻഫോപാർക്ക്	67.05	66.01	67.05	37.01	67.05	20.00	10.00	6.00	35.55	34.55
3	സൈബർ പാർക്ക്	25.69	33.07	25.69	5.81	22.69	0.58	0.01	0.00	12.37	0.00
4	കേരള സ്റ്റാർട്ട് അപ് മിഷൻ	79.99	31.00	80.00	44.2	80.00	44.68	73.50	52.19	68.75	55.77
5	കേരള സ്റ്റേറ്റ് ഐറ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐറ്റി ഐഎൽ)	55.60	20.30	52.37	25.00	148.00	48.12	212.75	102.29	201.90	87.50
6	ഹാർഡ് വെയർ മിഷൻ	–	–	30.00	10.19	–	–	–	–	24.00	14.00
	ആകെ	**312.33**	**218.03**	**339.11**	**135.48**	**401.74**	**113.88**	**298.26**	**162.23**	**366.62**	**212.82**

അവലംബം – പ്ലാൻ സ്പേസ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

1. **ടെക്നോപാർക്ക്**

63,000–ലധികം ഐടി/ഐടിഇഎസ് പ്രൊഫഷണലുകൾ ജോലി ചെയ്യുന്ന പാർക്കിൽ ഇപ്പോൾ ഏകദേശം 460 കമ്പനികൾ ഉണ്ട്. 424 ഏക്കർ സ്ഥലത്ത് ഏറ്റവും വലിയ ഇന്റഗ്രേറ്റഡ് ഐടി ടൗൺഷിപ്പായ കഴക്കൂട്ടത്ത് ടെക്നോസിറ്റി പദ്ധതി ആരംഭിച്ചതോടെ കഴക്കൂട്ടം–കോവളം (എൻഎച്ച് 66) കേരളത്തിലെ ആദ്യത്തെ ഐടി ഇടനാഴിയായി.

2. **ഇൻഫോപാർക്ക്**

ഇൻഫോപാർക്കിന് വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലായി 323 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന 5 കാമ്പസുകളാണുള്ളത്. ഇൻഫോപാർക്ക് ആവശ്യമായ ബാലൻസ് ഫിറ്റ് ഔട്ടുകൾ, പരിഷ്കരണങ്ങൾ/തിരുത്തലുകൾ എന്നിവ ഏറ്റെടുത്തു. ഇപ്പോൾ ഈ സൗകര്യം പ്രധാനമായും സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ഓഫീസ് സ്ഥലം നൽകുന്നതിന് ഉപയോഗിക്കുന്നു.

പട്ടിക 4.9 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ വിവര സാങ്കേതിക മേഖലയിൽ ഉള്ള കമ്പനികളുടെ എണ്ണം, തൊഴിൽ, കയറ്റുമതി, ബിൽറ്റ് അപ് സ്പേസ്

സാമ്പത്തിക വർഷം	കമ്പനികളുടെ എണ്ണം	തൊഴിൽ (എണ്ണം)	കയറ്റുമതി (രൂപ കോടിയിൽ)	ബിൽറ്റ് അപ്പ് സ്പേസ് (ലക്ഷം sq.ft (IT))
2017–18	345	35,400	4,013	77
2018–19	392	40,000	4,500	80
2019–20	427	47,000	5,200	80.5
2020–21	401	51,000	6,310	81
2021–22	420	55,000	*8,000	81

* സാധ്യതാ കണക്കുകൾ

അവലംബം: ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്

3. **സൈബർപാർക്ക്**

1. 62 ശതമാനം ഒക്യുപൻസിയിൽ 3 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ബിൽറ്റ്–അപ്പ് ഏരിയയിൽ പ്രവർത്തിക്കുന്നു. നിലവിൽ 52 കമ്പനികൾ പ്രത്യേക സാമ്പത്തിക മേഖലകളിൽ (സെസ്) പ്രവർത്തിക്കുന്നുണ്ട്.

2. സെസ് ഇതര ഐടി പ്രവർത്തനങ്ങൾക്കായി 12,391 ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്ഥലം നീക്കിവച്ചു. കേരള സ്റ്റാർട്ട് അപ് മിഷന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കാണ് നിലവിൽ പകുതി സ്ഥലം അനുവദിച്ചിരിക്കുന്നത്.
3. 917 നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.
4. കയറ്റുമതി വരുമാനം 26.17 കോടി രൂപയിലെത്തി.

4. ഐ.ടി പാർക്കുകൾ

1. 4 ദശലക്ഷം ചതുരശ്ര അടി അധിക സ്ഥലങ്ങൾ വികസിപ്പിച്ചെടുത്തു.
2. 40 ഏക്കർ അധിക ഭൂമി ഏറ്റെടുത്തു
3. 45,000 പുതിയ ജോലികൾ സൃഷ്ടിച്ചു
4. 350 പുതിയ കമ്പനികൾ ആരംഭിച്ചു
5. കയറ്റുമതിയിലൂടെ 1,500 കോടി രൂപ നേടി.

5. കേരള സ്റ്റാർട്ടപ്പ് മിഷൻ

1. 3,100 പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിച്ചു
2. ഇക്വിറ്റി നിക്ഷേപം 4,200 കോടി രൂപയിലെത്തി
3. 63 പുതിയ ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ എന്നിവ ആരംഭിച്ചു
4. 320 മിനി ഇൻകുബേറ്ററുകൾ ആരംഭിച്ചു
5. 35,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു

6. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐറ്റിഐഎൽ)

1. കെ ഫോൺ-ന്റെ ആദ്യ ഘട്ടം ഉദ്ഘാടനം ചെയ്തു.
2. കേരള സ്പേസ് പാർക്ക് പദ്ധതി ആരംഭിച്ചു.
3. 2018-19 മുതൽ ലാഭകരമായ പൊതുമേഖലാ സ്ഥാപനം.
4. ഐടി വകുപ്പിന് കീഴിലുള്ള ഐടി ഇൻഫ്രാസ്ട്രക്ചർ ജോലികൾ നിർവ്വഹിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സർക്കാർ കെഎസ്ഐറ്റിഐഎൽ-നെ നിയമിച്ചു.
5. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ ഒരു ടെലി-പ്രസൻസ് നെറ്റ്വർക്ക് വഴി ഐ.ടി പാർക്കുകളുമായി ബന്ധിപ്പിക്കുന്നതിന് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരളയുടെ (SDPK) എക്സിക്യൂഷൻ ഏജൻസിയായി നിയമിച്ചു.
6. ടെക്നോസിറ്റി, പള്ളിപ്പുറം, ടെക്നോളജി ഇന്നൊവേഷൻ സോൺ, കളമശ്ശേരി എന്നിവയുടെ നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിക്കപ്പെട്ടു.
7. കിഫ്ബി ധനസഹായത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രോജക്ടുകൾ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ്) കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവയുടെ പ്രത്യേക സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പ്രവർത്തിക്കുന്നു.

നിർണ്ണായക വിടവുകൾ/പ്രശ്നങ്ങൾ

1. സംശുദ്ധ സുസ്ഥിര ലോകം - സുസ്ഥിരമായ ഭാവി സൃഷ്ടിക്കാനും മലിനീകരണം കുറയ്ക്കാനും ഊർജ്ജ ഉപയോഗവും ഉൽപ്പാദനവും മെച്ചപ്പെടുത്താനും സീറോ എമിഷൻ ലക്ഷ്യത്തിലെത്തിക്കാനും ഐടി സൊല്യൂഷനുകൾക്ക് കഴിയും.
2. മെച്ചപ്പെട്ട ജീവിത നിലവാരത്തിനായുള്ള ഡിജിറ്റൽ ആരോഗ്യം - ആരോഗ്യരംഗത്തെ വിവരങ്ങൾ ഏറ്റെടുക്കൽ, കൈകാര്യം ചെയ്യൽ, ഉപയോഗം എന്നിവ വൈദ്യസേവനത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും പൊതുജനാരോഗ്യഅടിയന്തര ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാനും സഹായിക്കും.
3. സാമൂഹിക നന്മയ്ക്കുള്ള സാങ്കേതികവിദ്യകൾ: ഐടി ടെക്നോളജീസ് ഉപയോഗിച്ച് സമൂഹത്തെ എങ്ങനെ മികച്ചതാക്കാം: സാമൂഹിക ഇടപെടലിന്റെയും സമൂഹത്തെ പൊതുവെ ബന്ധിപ്പിക്കുന്നതിന്റെയും പുതുവഴികൾ
4. സംസ്ഥാനത്തുടനീളമുള്ള ഐടി ഇൻഫ്രാസ്ട്രക്ചറിന്റെ ഗുണനിലവാരവും ഡിജിറ്റൽ സന്നദ്ധതയും മെച്ചപ്പെടുത്താൻ സഹായിക്കുന്ന മാർഗ്ഗങ്ങളിലൂടെ, ഐടി ഇൻഫ്രാസ്ട്രക്ചറിന്റെ വ്യാപ്തിയും സ്വാധീനവും മെച്ചപ്പെടുത്തുക.

5. ഡിസാസ്റ്റർ മാനേജ്മെന്റ് – കേരളത്തിന് പ്രകൃതി ദുരന്തങ്ങൾ പ്രവചിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള കഴിവ് ആവശ്യമാണ് – പ്രകൃതി ദുരന്തങ്ങൾ പ്രവചിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും സാങ്കേതികവിദ്യ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഡാറ്റാ അനലിറ്റിക്സ്, ഐഒടി, ജിഐഎസ് സംവിധാനങ്ങൾ, ദുരന്ത നിവാരണ വിതരണ ശൃംഖലകൾ തുടങ്ങിയവയിൽ കഴിവുകളും ശേഷിയും പ്രോത്സാഹിപ്പിക്കുന്നതിന് സ്പെഷ്യലൈസേഷൻ സെന്ററുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.
6. സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റത്തിന്റെ ഫോക്കസ്–കേരള സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഐടി ഉൽപ്പന്ന സ്റ്റാർട്ടപ്പുകൾക്ക് പുറത്ത് പരിമിതമായ പിന്തുണ മാത്രമേ നൽകുന്നുള്ളൂ.
7. ഉയർന്ന മൂല്യമുള്ള സ്റ്റാർട്ടപ്പുകളുടെയും യൂണികോൺസിന്റെയും അഭാവം – ഒരു സംസ്ഥാനമെന്ന നിലയിൽ കേരളം, വിദ്യാർത്ഥികൾക്കും മറ്റ് പങ്കാളികൾക്കും ഇടയിൽ സംരംഭകത്വത്തിന്റെയും സ്റ്റാർട്ടപ്പുകളുടെയും ആശയം പ്രചരിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. കേരളത്തിൽ നിന്ന് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ ഇത് പ്രതിഫലിക്കുന്നു. എന്നിരുന്നാലും സ്റ്റാർട്ടപ്പുകളുടെ വികസനനിരക്കിൽ വിജയം മെച്ചപ്പെടുത്തേണ്ടതുണ്ട്. കേരളത്തിൽ ഏകദേശം 6000 സ്റ്റാർട്ടപ്പുകൾ ഉണ്ട്, അതിൽ 4000 എണ്ണം കെഎസ് യു എം – ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ഈ കൂട്ടുകെട്ടിൽ നിന്ന് യൂണികോൺ അല്ലെങ്കിൽ വലിയ വിജയഗാഥ സൃഷ്ടിക്കാൻ സംസ്ഥാനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല.
8. പ്രോഡക്ട് മെച്ചുരിറ്റിയും സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും – കേരളത്തിലെ സ്റ്റാർട്ടപ്പുകളിൽ ഭൂരിഭാഗവും ഐ.ടി മേഖലയിൽ ആണെങ്കിലും, ഉൽപന്ന നൂതനത്വത്തിന്റെ അഭാവവും പരിമിതമായ ഉപയോഗ കേസുകളിലും ഉപഭോക്തൃ/വിപണി ആവശ്യങ്ങളെക്കുറിച്ച് പരിമിത ധാരണയിലും ശ്രദ്ധ കേന്ദ്രീകരിച്ച് സംരംഭകർ പലപ്പോഴും അപരിഷ്കൃത മാനസികാവസ്ഥ പ്രകടിപ്പിക്കുന്നു. ഇത് പല ഉൽപ്പന്നങ്ങളുടെയും വിപണി സന്നദ്ധതയെ ബാധിക്കുന്നു.
9. ഫണ്ടിംഗും നിക്ഷേപവും സംബന്ധിച്ച പ്രശ്നങ്ങൾ – കേരളത്തിൽ സ്റ്റാർട്ടപ്പുകൾക്ക് നേരത്തെയുള്ള ഫണ്ടിംഗ് വഴികളുണ്ട്. കെഎസ് യു എം തന്നെ സ്റ്റാർട്ടപ്പുകൾക്കായി 30 ലക്ഷം രൂപ വരെ ഗ്രാന്റുകളും വായ്പകളും നൽകുന്നു. എന്നിരുന്നാലും 30 ലക്ഷം മുതൽ 2 കോടി വരെയുള്ള സ്റ്റാർട്ടപ്പുകൾക്ക് ബ്രിഡ്ജ് ഫണ്ടിംഗ് നൽകാൻ സംവിധാനമില്ല. സാധാരണയായി ഏഞ്ചൽ നിക്ഷേപകർ വിജയകരമായ ഒരു ആവാസവ്യവസ്ഥയിൽ ഈ വിടവ് നികത്തുന്നു. കേരള ആവാസവ്യവസ്ഥയുടെ ദുർബലമായ മേഖലയാണിത്. ഫണ്ടിംഗ് കാലതാമസം സ്റ്റാർട്ടപ്പുകളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ്.
10. ഐടി ഉൽപ്പന്ന സ്റ്റാർട്ടപ്പുകൾ ഒഴികെയുള്ള സ്റ്റാർട്ടപ്പുകൾക്കുള്ള പിന്തുണ – സ്റ്റാർട്ടപ്പ് നയങ്ങളും സ്കീമുകളും ഐടി ഉൽപ്പന്ന സ്റ്റാർട്ടപ്പുകളെ മാത്രമേ പിന്തുണയ്ക്കുന്നുള്ളൂ. സേവന കമ്പനികൾക്കും ഐടി ഇതര ഉൽപ്പന്ന കമ്പനികൾക്കും കെഎസ് യു എം വളരെക്കുറച്ച് പിന്തുണ മാത്രമണ് നൽകുന്നത്. ഇത്തരം സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്ന മറ്റ് ഏജൻസികൾ അസറ്റ് ഹെവി ബിസിനസ്സിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, മാത്രമല്ല കേരളത്തിൽ അത്തരം കമ്പനികളുടെ വളർച്ചയ്ക്ക് കാര്യമായ ഔപചാരിക പിന്തുണ ലഭിക്കുന്നുമില്ല.
11. പ്രമോഷൻ സ്റ്റാർട്ടപ്പുകളുടെ പ്രമോഷനായി ഗവൺമെന്റിന്റെ ശേഷി വർദ്ധിപ്പിക്കൽ – നിലവിൽ വ്യക്തിഗത സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായ പിന്തുണയും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനിൽ ലഭ്യമായ ബാൻഡ്‌വിഡ്ത്തും കഴിവും പരിമിതമാണ്, അത് വർദ്ധിപ്പിക്കേണ്ടതുണ്ട്.
12. ഉൾകൊള്ളൽ പ്രശ്നങ്ങൾ – വളരെ കുറച്ച് സ്ത്രീകൾ മാത്രമാണ് സ്റ്റാർട്ടപ്പുകളെ നയിക്കുന്നത്. ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിൽ വലിയൊരു വിഭാഗം സ്ത്രീകളുണ്ടെങ്കിലും, സ്ത്രീകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം കേരളത്തിൽ വളരെ കുറവാണ് 10–12%. ശ്രദ്ധിക്കേണ്ട ഒരു പ്രധാന മേഖലയാണിത്.
13. ടെലി–കമ്മ്യൂണിക്കേഷൻ രംഗത്തുള്ള വെല്ലുവിളികൾ – കേരളത്തിൽ ഉയർന്ന ടെലി സാന്ദ്രത ഉണ്ടായിട്ടുണ്ടെങ്കിലും, അടുത്ത ഡിജിറ്റൽ വിപ്ലവത്തിന് ആവശ്യമായ തരത്തിൽ കണക്ടിവിറ്റിയുടെ ഗുണനിലവാരം ഉണ്ട് എന്ന് ഇതിന് അർത്ഥമാക്കുന്നില്ല. ഉയർന്ന ഡാറ്റാ കൈമാറ്റത്തിനായി ആശയവിനിമയ ശൃംഖല എത്താത്ത കോളനികൾ/വിവിധ പോക്കറ്റുകൾ നിലവിൽ ഉണ്ട്. 4G അല്ലെങ്കിൽ 3G വേഗതയ്ക്ക് അനുസൃതമല്ലാത്ത പോക്കറ്റുകളും ഉണ്ട്.

14. കവറേജിന്റെ ഗുണനിലവാരം ഇപ്പോഴും 4G നിലവാരത്തിൽ എത്തിയിട്ടില്ലാത്ത നഗരപ്രദേശങ്ങളിലെ ഭൂമിയുടെ പോക്കറ്റുകൾക്കൊപ്പം മൊബൈൽ കവറേജിന്റെ കാര്യത്തിൽ ടെലികോം കണക്റ്റിവിറ്റി ഇല്ലാത്ത പോക്കറ്റുകളും ഒരു പ്രധാന ആശങ്കയാണ്.
15. നിയമപ്രശ്നങ്ങൾ – സർക്കാർ നിയന്ത്രണം ഒഎഫ്സി, ടെലികോം ടവറുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് അനുമതി നൽകുന്നതിൽ പരിമിതപ്പെടുത്തണം. അടിസ്ഥാന സൗകര്യങ്ങൾ പരിമിതപ്പെടുത്തുന്നത് ഒരു ബ്യൂറോക്രാറ്റിക് വ്യായാമമായി കണക്കാക്കരുത്.
16. സാമൂഹിക സാംസ്കാരിക പ്രശ്നങ്ങൾ – 4G ൽ നിന്ന് 5G ലേക്ക് വിപുലീകരിക്കുമ്പോൾ, ടെലികോം ഇൻഫ്രാസ്ട്രക്ചർ ഇപ്പോഴുള്ളതിന്റെ ഏതാണ്ട് 100 മടങ്ങ് വികസിപ്പിക്കും. പൗരന്മാരുടെ പിന്തുണയോടെയും കണക്റ്റിവിറ്റിയുടെ ഉയർന്ന വേഗതയ്ക്ക് ആവശ്യം സൃഷ്ടിക്കുന്നതിലൂടെയും മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ.
17. സാങ്കേതിക പ്രശ്നങ്ങൾ – ടെലികോം ഇൻഫ്രാസ്ട്രക്ചറിന്റെ വിപുലീകരണം സ്ഥാപിച്ചിട്ടുള്ള പുതിയ കണക്റ്റിവിറ്റി ഉപയോഗ സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും. 5G യുടെ ഉപയോഗം ഇപ്പോഴും പരീക്ഷണ ഘട്ടത്തിലാണ്. പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനും പൗരന്മാരുടെ ജീവിതത്തെ മാറ്റുന്നതിനും ഉപയോഗിക്കുന്നതിനും വാതിലുകൾ തുറക്കാനാകും.

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

പതിനാലാം പഞ്ചവത്സര പദ്ധതി തൊഴിൽ സാധ്യതകളും അതുപോലെ തന്നെ ഐടിയുടെ ക്രോസ് കട്ടിംഗ് സ്വാധീനവും തിരിച്ചറിയുന്നു. വിവിധ മേഖലകളിലും സർക്കാരിന്റെ വകുപ്പുകളിലും ഐടി ആപ്ലിക്കേഷനുകളുടെ സംയോജനത്തെ ഇത് പിന്തുണയ്ക്കുന്നു.

ഈ മേഖലയിലെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഫോക്കസ് ഏരിയകൾ ഇനിപ്പറയുന്നവയാണ്.

1. **മാനവ വികസനവും തൊഴിലും:** ഐടി മേഖലയിൽ ദേശീയ അന്തർദേശീയ കമ്പനികളുടെ പ്രവർത്തനം സംസ്ഥാനത്തിലേക്ക് ആകർഷിക്കുകയും വിപുലീകരിക്കുകയും ചെയ്യണമെങ്കിൽ, കമ്പ്യൂട്ടിംഗിലും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ നൂതന മേഖലകളിലും വൈദഗ്ധ്യമുള്ള മതിയായ ആളുകളുടെ എണ്ണം ആവശ്യമാണ്. ഈ പ്രക്രിയ സുഗമമാക്കുന്നതിന്, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, എപിജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി തുടങ്ങിയ സർവകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിക്ഷേപം നടത്തും. പതിനാലാം പഞ്ചവത്സര പദ്ധതി വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി, ഐടി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ബിൽറ്റ്-അപ്പ് സ്പേസും അടിസ്ഥാന സൗകര്യങ്ങളും സൃഷ്ടിക്കുന്നതിനെ തുടർന്നും പിന്തുണയ്ക്കും.

2. **ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ:** ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റിയും മറ്റ് ഉയർന്ന നിലവാരമുള്ള പൊതു കമ്പ്യൂട്ടിംഗ് സൗകര്യങ്ങളും ഉൾപ്പെടെയുള്ള ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഈ വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. പ്രവർത്തന ക്രമീകരണങ്ങൾ സുഗമമാക്കുന്നതിൽ അത്തരം അടിസ്ഥാന സൗകര്യങ്ങളുടെ പ്രാധാന്യം കോവിഡ് മഹാമാരി എടുത്തുകാണിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ) പദ്ധതി ഉടൻ പൂർത്തിയാകും, ഇത് സംസ്ഥാനത്തെ ഐടി, ഐടിഇഎസ് മേഖലകളുടെ വികസനത്തിൽ നാഴികക്കല്ലായി മാറും.
3. **ലോകോത്തര ഐ.ടി പാർക്കുകൾ:** വ്യവസായത്തിന്റെ വളർച്ചയ്ക്കായി പ്ലഗ് ആൻഡ് പ്ലേ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി കേരളം വിജയകരമായ പൊതു-സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. നൂതനമായ സേവന വാഗ്ദാനങ്ങൾ ചെയ്യുന്ന ചെറുതും ഇടത്തരവുമായ സ്പെഷ്യലിസ്റ്റ് സ്ഥാപനങ്ങൾക്കും ഈ സൗകര്യങ്ങൾ സഹായകരമാണ്. സ്റ്റാർട്ടപ്പ് കമ്പനികളെ പരിപോഷിപ്പിക്കുന്നതിനുള്ള ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ചറും വികസിപ്പിക്കുന്നുണ്ട്. ഒരു വലിയ വിഭാഗം യുവാക്കൾ

നിലവിൽ ഒരു സംരംഭകത്വ പാത തിരഞ്ഞെടുക്കുന്നു. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്റ്റാർട്ടപ്പ് മിഷന്റെയും വ്യവസായ വകുപ്പിന്റെയും ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. പ്രവർത്തനക്ഷമമായ ബിസിനസ്സുകളുടെ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഫണ്ട് സൃഷ്ടിക്കുന്നതിനെ പ്ലാൻ പിന്തുണയ്ക്കും.

4. **ഇലക്ട്രോണിക്സ് ഘടക ഉൽപ്പാദനം:** ഐടി മേഖലയിലെ ഉൽപ്പന്ന നിർമ്മാണ കമ്പനികളെ സഹായിക്കുന്നതിനായി ഒരു ഇലക്ട്രോണിക്സ് ഘടക ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് സംസ്ഥാനം പിന്തുണ നൽകും. ഇതിനായി ചെറിയ മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾക്ക്, ടെസ്റ്റിംഗ് സൗകര്യങ്ങൾ, ലാബുകൾ, ടൂൾ റൂമുകൾ പോലുള്ള പൊതു സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇതൊരു സാങ്കേതികവിദ്യാധിഷ്ഠിത മേഖലയാണ്. ഈ മേഖലയിലെ സംയുക്ത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി ഹാർഡ്‌വെയർ ഉൽപ്പാദനത്തിൽ അധിക നിക്ഷേപത്തെ പിന്തുണയ്ക്കും.
5. **നയ സമീപനവും നിയന്ത്രണങ്ങളും:** വർദ്ധിച്ച ഡിജിറ്റൈസേഷനും ഇന്റർനെറ്റ് ഓഫ് തിംഗ്സും (IoT), ആർട്ടിഫിഷ്യൽ ഇന്റലിജൻസും ആപ്ലിക്കേഷനുകളുടെ വിപുലീകരണവും (ഐഡന്റിറ്റി മാനേജ്മെന്റ്, ഫേഷ്യൽ റെക്കഗ്നിഷൻ, ഇമോഷൻ ഡിറ്റക്ഷൻ, ഓട്ടോമേറ്റഡ് തീരുമാനമെടുക്കൽ എന്നീ ഡൊമെയ്നുകളിൽ), സ്വകാര്യതാ പ്രശ്നങ്ങളും, ഡാറ്റ സംരക്ഷണവും നിർണായകമാകും. സ്വകാര്യതയുടെയും സുരക്ഷയുടെയും പ്രശ്നങ്ങൾ പരിഗണിക്കുമ്പോൾ, പരിഹാരങ്ങൾ ഭരണഘടനാ മൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കണം. സ്വകാര്യതയും സുരക്ഷയും സംരക്ഷിക്കുന്നതിൽ സർക്കാരുകൾ സജീവമായ പങ്ക് വഹിക്കണം. വിവരങ്ങൾ ശേഖരിക്കുന്നതിന് സമ്മതം ചോദിക്കുന്നത് സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള ഒരു ഘട്ടമാണ്; എന്നിരുന്നാലും, ഡാറ്റ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ഒരേയൊരു സംവിധാനം ആയി ഇതിനെ കാണാൻ കഴിയില്ല. ഡാറ്റയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ഡാറ്റ കൺട്രോളർമാരെ ബാധ്യസ്ഥരാക്കുന്ന ഉത്തരവാദിത്ത-അടിസ്ഥാന ചട്ടക്കൂടുകൾ ആവശ്യമാണ്.

ലക്ഷ്യങ്ങൾ

പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു പ്രമുഖ ഐടി ലക്ഷ്യസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ഉയർത്തുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. ഇത് മൂല്യം സൃഷ്ടിക്കുന്നതിലേക്കും കൂട്ടിച്ചേർക്കലിലേക്കും നയിക്കുന്നു. മറ്റ് മേഖലകളിൽ, ഇതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ആവശ്യമായ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കേണ്ടതുണ്ട്, കൂടാതെ വിദ്യാഭ്യാസത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും നൂതന സാങ്കേതികവിദ്യകൾ കണ്ടെത്തുന്നതിനും ഉപയോഗിക്കുന്നതിനും ആവശ്യമായ ചോദന അധിഷ്ഠിത ഹ്യൂമൻ ക്യാപ്പിറ്റൽ ഉയർത്തേണ്ടതുണ്ട്.

ലക്ഷ്യം കൈവരിക്കുന്നതിന്, പതിനാലാം പഞ്ചവത്സര പദ്ധതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്;

1. നിലവിലുള്ള ഐടി പാർക്കുകൾ വികസിപ്പിക്കുകയും പുതിയ ഐടി ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുകയും ചെയ്യുക - പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം വർദ്ധിപ്പിക്കുക (900 മുതൽ 2500 വരെ), തൊഴിൽ (1.5 ലക്ഷം മുതൽ 2.5 ലക്ഷം വരെ), ബിൽറ്റ് അപ് സ്പേസ് (20 ദശലക്ഷം ചതുരശ്ര അടിയിൽ നിന്ന് 35 ദശലക്ഷം ചതുരശ്ര അടി വരെ).
2. സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം ഏകീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. സ്റ്റാർട്ടപ്പുകളുടെ എണ്ണം 15,000 ആയും ഇൻകുബേറ്ററുകൾ/ആക്സിലറേറ്ററുകളുടെ എണ്ണം 45 ൽ നിന്ന് 145 ആയും തൊഴിലവസരങ്ങൾ 35,000 ൽ നിന്ന് 2 ലക്ഷമായും ഉയർത്താനാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ലക്ഷ്യമിടുന്നത്.
3. സുസജ്ജമായ ഒരു ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ഇക്കോസിസ്റ്റം സ്ഥാപിക്കുക.
4. അടിസ്ഥാന ഐടി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക
5. വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
6. യുവ സംരംഭകർക്ക് പിന്തുണയും പ്രോത്സാഹനവും.
7. രേഖകൾ നൽകുന്ന എല്ലാ വകുപ്പുകൾക്കും ഡിജി ലോക്കർ ലിങ്കേജ്.
8. ഐടി വ്യവസായത്തിൽ സംയുക്ത സംരംഭങ്ങൾക്ക് പ്രോത്സാഹനം.

9. സ്വകാര്യതയുടെയും ഡാറ്റാ സംരക്ഷണത്തിന്റെയും പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യുക.

പ്രധാന സംരംഭങ്ങൾ

1. **ടെക്നോപാർക്ക്**
    1. ടെക്നോസിറ്റിയിൽ ഒരു സംയോജിത ടൗൺഷിപ്പ് (താമസ/വാണിജ്യ/ഐടി കെട്ടിടം) സൃഷ്ടിക്കുക
    2. കൂടുതൽ നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
    3. വികേന്ദ്രീകൃത ഐടി വികസനത്തിനും വിദൂര തൊഴിലാളികളെ സഹായിക്കുന്നതിന് വീടിന് സമീപം ജോലി സംവിധാനം.

2. **ഇൻഫോപാർക്ക്**
    1. ഇൻഫോപാർക്ക് കൊച്ചി ഘട്ടം I-ൽ 2.5 ലക്ഷം ചതുരശ്ര അടിയിൽ പുതിയ ഐടി കെട്ടിടം.
    2. ഇൻഫോപാർക്ക് കൊരട്ടിയിൽ 2 ലക്ഷം ചതുരശ്ര അടിയിൽ പുതിയ ഐടി കെട്ടിടം.
    3. ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിൽ നിലവിലുള്ള കെട്ടിടത്തിൽ പുതിയ ഫിറ്റ് ഔട്ട് വർക്കുകൾ.
    4. ഇൻഫോപാർക്ക് കൊരട്ടിയിൽ നിലവിലുള്ള കെട്ടിടത്തിൽ പുതിയ ഫിറ്റ് ഔട്ട് വർക്കുകൾ.
    5. ഇൻഫോപാർക്ക് ഘട്ടം I-ലെ പഴയ ഫിറ്റ് ഔട്ടുകളുടെ നവീകരണം.
    6. ഒന്നാം ഘട്ടത്തിൽ പുറംഭാഗങ്ങളുടെ നവീകരണം.
    7. ഇൻഫോപാർക്ക് ഘട്ടം II-ലേക്കുള്ള അപ്രോച്ച് റോഡ്.
    8. വീടിന് സമീപം ജോലി ചെയ്യുക.
    9. 100 ഏക്കറിൽ വിപുലീകരണ പദ്ധതി.
    10. 2 മെഗാവാട്ട് സോളാർ പ്ലാന്റ്.

3. **സൈബർപാർക്ക്**
    1. ഹൈവേയുടെ മുൻവശത്തെ 10-15 ഏക്കർ ഭൂമി ഏറ്റെടുക്കൽ
    2. സൈബർപാർക്കിലെ 4 ലക്ഷം ചതുരശ്ര അടി രണ്ടാം ഐ.ടി നോൺ-സെസ് കെട്ടിടം
    3. 1 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള പ്രീ-ഫാബ് ഐ.ടി ഓഫീസുകൾ.

4. **ഐടി പാർക്കുകൾ**
    1. ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സിഐഎഫ്) സ്ഥാപിക്കൽ
    2. പാർക്കുകളിലും പരിസരങ്ങളിലും സാമൂഹിക ആവാസവ്യവസ്ഥകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി, ഐ.ടി പാർക്കുകൾ ഐടി സോണുകളിലേക്ക്
    3. ഉയർന്നുവരുന്ന/ഉയർന്ന വളർച്ചയുള്ള സാങ്കേതിക മേഖലകളിൽ ഹൈടെക് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം.
    4. ടയർ 3 നഗരങ്ങളിലെ പാർക്കുകളുടെ വികസനത്തിനുള്ള പ്രോത്സാഹനങ്ങളും പദ്ധതികളും - തൃശൂർ, ആലപ്പുഴ, കൊല്ലം, കോഴിക്കോട്)
    5. ഹൈടെക് ക്ലസ്റ്റർ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഐടിയിൽ മനുഷ്യശേഷി വികസനത്തിനുള്ള പദ്ധതി.

5. **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐറ്റിഐഎൽ)**
    1. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ് (നടന്നുകൊണ്ടിരിക്കുന്നു)
    2. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം- കേരളം (എസ്ഡിപികെ) - തുടരുന്നു
    3. കേരള സ്പേസ് പാർക്കുകൾ
    4. ഫോസ്റ്റർ - ഗ്രാമീണ മേഖലകളിൽ സാങ്കേതിക വിദ്യകൾ വളർത്തുന്നു
    5. പ്രവചനാത്മക ഭരണം
    6. സ്മാർട്ട് കേരള മിഷൻ

പുതിയ സംരംഭങ്ങൾ– വാർഷിക പദ്ധതി 2022–23
കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐറ്റിഐഎൽ)

റൂറൽ ഏരിയയിലെ ഫോസ്റ്ററിങ് ടെക്നോളജീസ് (ഫോസ്റ്റെറ) എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ടെക്നലോഡ്ജ് സ്കീമിന്റെ നിർവഹണ ഏജൻസിയായി സർക്കാർ കെഎസ്ഐറ്റിഐഎൽ–നെ നിയമിച്ചു. ഐടി, ബിപിഒ കമ്പനികളെ ചെലവ് കുറഞ്ഞ ഗ്രാമീണ കേന്ദ്രങ്ങളിൽ നിന്ന് പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കുകയും അതുവഴി ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഫോസ്റ്റെറയുടെ ആശയം. ഐടി, ഐടിഇഎസ്, ബിപിഒ കമ്പനികളെ കൊണ്ടുവരുന്നതിനായി ചെറുപട്ടണങ്ങളിലും ഗ്രാമീണ പഞ്ചായത്തുകളിലും ഉപയോഗിക്കാത്ത സർക്കാർ കെട്ടിടങ്ങളുടെ നവീകരണത്തിലൂടെയും (പിപിപി രീതിയിലും) ഫോസ്റ്റെറകൾ സ്ഥാപിക്കാവുന്നതാണ്.

4.2.2 ഇ–ഗവേണൻസ്

ആമുഖവും അവലോകനവും

കേരളത്തിന്റെ ഐടി മേഖലയുടെ ശ്രദ്ധേയമായ സവിശേഷത ഇ–ഗവേണൻസിന് ഊന്നൽ നൽകുക എന്നതും ഭരണത്തിന്റെ എല്ലാ മേഖലകളിലും എല്ലാ വിഭാഗം സ്റ്റേക് ഹോൾഡേഴ്സും ഉൾപ്പെടുന്ന നിരവധി പ്രസക്തമായ സംരംഭങ്ങളുമാണ്. ഭരണത്തിന്റെ നേരിട്ടുള്ള ചുമതല വഹിക്കാൻ കഴിയുന്ന രാഷ്ട്രീയവും ജനാധിപത്യപരവും പുരോഗമനപരവുമായ പ്രവണതകളുടെ സാന്നിധ്യത്താൽ ശക്തിപ്പെടുത്തുന്ന സംസ്ഥാനത്തെ വികസനത്തിന്റെ ജനകേന്ദ്രീകൃതമായ ഊന്നൽ അനുസരിച്ചാണിത്. പൗരന്മാർക്ക് ഡിജിറ്റൽ പ്രാപ്യത പ്രോത്സാഹിപ്പിക്കുന്നതിനായി ഇ–ഗവേണൻസിലും അനുബന്ധ സംരംഭങ്ങളിലും കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇൻറർനെറ്റിലേക്കുള്ള പ്രവേശനം അടിസ്ഥാന മനുഷ്യാവകാശമായി പ്രഖ്യാപിക്കുന്നതിൽ സംസ്ഥാനം മുൻകൈയെടുത്തു, ഈ നീക്കത്തിന് നിയമപരമായും പിന്തുണ ലഭിച്ചു. ഡിജിറ്റൽ സാക്ഷരതയുടെയും ഇ–ഗവേണൻസിന്റെയും വികസനം തീർച്ചയായും വളർച്ചയെ വിവിധതലത്തിൽ സ്വാധീനിക്കുമെന്ന് പ്രതീക്ഷിക്കാം.

പൗരന്മാർക്ക് സൗജന്യ ഇന്റർനെറ്റ് സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാനം 2000 പൊതു വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിച്ചു. സർക്കാർ ഓഫീസുകളെ നവീകരിക്കുന്നതിന്റെ ഭാഗമായി ഇ–ഓഫീസ് പദ്ധതി ഡിജിറ്റൽ വർക്ക് ഫ്ലോ സംവിധാനത്തോടെ നടപ്പിലാക്കി. ഇ–ഓഫീസിൽ നിലവിൽ 40,259 ഉപഭോക്താക്കളുണ്ട്. നിലവിൽ ഒരുമാസം ഏകദേശം 10,00,000 ഇ–ഫയൽ വിനിമയം നടക്കുന്നുണ്ട്.

ഇ–ഗവേണൻസ് പ്രോജക്റ്റുകൾ പൗരന്മാരുടെ ആനുകൂല്യങ്ങൾ, ബിസിനസ്സ് ചെയ്യാനുള്ള എളുപ്പം, ഇക്വിറ്റി, ഉൾപ്പെടുത്തൽ തുടങ്ങിയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് നല്ല ഭരണ ഫലങ്ങളെ മുൻനിർത്തി വിലയിരുത്തണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) പോലുള്ള പുതിയ സാങ്കേതികവിദ്യകൾക്ക് ഡിസിഷൻ സപ്പോർട്ട് സിസ്റ്റത്തിന്റെ കാര്യക്ഷമത ഉയർത്താൻ കഴിയും.

സമഗ്രവും കാര്യക്ഷമവുമായ "ഡിജിറ്റൽ സംസ്ഥാനം" എന്ന പുരോഗതിയിലേക്കുള്ള പരിവർത്തന യാത്രയിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെഎസ്ഐറ്റിഎം), ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി–ഡിറ്റ്), ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയാണ് ഇ–ഗവേണൻസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ പ്രധാന ഏജൻസികൾ.

സംസ്ഥാനത്തിന്റെ ഐടി ഇ–ഗവേണൻസ് സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ

1. **കേരള സ്റ്റേറ്റ് ഐടി മിഷൻ (കെഎസ്ഐറ്റി എം)**

കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യ വകുപ്പിന്റെ ഒരു നോഡൽ സ്വയംഭരണ നിർവ്വഹണ ഏജൻസിയാണ് കേരള സ്റ്റേറ്റ് ഐടി മിഷൻ, വിവിധ വകുപ്പുകൾക്ക് ഭരണപരവും സാങ്കേതിക പരവുമായ പിന്തുണയും നൽകുന്നു. ഐസിടിയുമായി ബന്ധപ്പെട്ട നയങ്ങൾ നടപ്പിലാക്കുക, ഇ–ഗവേണൻസിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ വികസിപ്പിക്കുക എന്നിങ്ങനെ വൈവിധ്യമാർന്ന റോളുകൾ കെഎസ്ഐറ്റിഎം നിർവ്വഹിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഐസിടി സൗകര്യം, ഡിജിറ്റലൈസേഷൻ ശ്രമങ്ങളിൽ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് പിന്തുണയും

മാർഗ്ഗനിർദ്ദേശവും നൽകുന്നു, സർക്കാരിനും വ്യവസായത്തിനും ഇടയിൽ ഒരു പാലമായി പ്രവർത്തിക്കുക, ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ ഏറ്റെടുക്കുകയും ഡിജിറ്റൽ മേഖലയിൽ വിടവ് പരിഹരിക്കലും, പൊതു ഐടി ഇൻഫ്രാസ്ട്രക്ചർ നിലനിർത്തുക, കൂടാതെ വിവിധ ഇ-ഗവേണൻസ് സംരംഭങ്ങൾ ഏറ്റെടുക്കുക എന്നിങ്ങനെ വൈവിദ്യങ്ങളായ റോളുകൾ ഐറ്റി മിഷൻ നിർവ്വഹിക്കുന്നു. "സിറ്റിസൺ ഫസ്റ്റ്" എന്ന സമീപനം സ്വീകരിച്ചുകൊണ്ട് ഏറ്റവും മികച്ച ഡിജിറ്റൽ സേവനങ്ങൾ പൗരന്മാർക്ക് ലഭ്യമാക്കുക എന്നതിന് പ്രധാന്യം നൽകുന്നു. ക്രിയാത്മക നയങ്ങളുടെയും പദ്ധതികളുടെയും ഫലമായി, "ഡിജിറ്റൽ സംസ്ഥാന"ത്തിലേക്കുള്ള പരിവർത്തന യാത്രയിൽ കേരളം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്.

2. **ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്)**

ഇന്ത്യയിലും വിദേശത്തുമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഓർഗനൈസേഷനുമായി സഹകരിച്ച് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വികസനവും പ്രയോഗവും സ്വതന്ത്ര വിജ്ഞാനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു അന്താരാഷ്ട്ര കേന്ദ്രമാണ് ഐസിഫോസ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഇ ഹെൽത്ത് പിഎംയു, കേരള ലെജിസ്ലേറ്റീവ് അസംബ്ലി, സിഎംഡിആർഎഫ്, സംസ്ഥാന ഇ ആൻഡ് ഐടി വകുപ്പ്, ഹരിതകേരളം മിഷന്റെ കീഴിലുള്ള ജലസമൃദ്ധി പദ്ധതി തുടങ്ങി വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും പദ്ധതികൾക്കും ഇ-ഗവേണൻസ് പിന്തുണ നൽകുന്നു.

3. **സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**

ഇമേജിംഗ് ടെക്നോളജിയിൽ ഗവേഷണം, വികസനം, പരിശീലനം എന്നിവയുടെ പുരോഗതിക്കായി സ്ഥാപിക്കപ്പെട്ട ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിക്ക് കീഴിലുള്ള കേരള സർക്കാർ സ്ഥാപനമാണ് സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്). ഐസിടി ആപ്ലിക്കേഷനുകളിലും ഹോളോഗ്രാഫി അടിസ്ഥാനമാക്കിയുള്ള സുരക്ഷാ ഉൽപ്പന്നങ്ങളുടെ വിതരണത്തിലും കേരള സർക്കാരിന് കീഴിലുള്ള വകുപ്പുകൾക്കും ഏജൻസികൾക്കും ഒരു സൊല്യൂഷൻ പ്രൊവൈഡറായി സി-ഡിറ്റ് പ്രവർത്തിക്കുന്നു.

4. **കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (മുൻപ് ഐഐഐഐറ്റിഎം-കെ)**

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള) ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ സർവ്വകലാശാലയാണ്. "ക്യൂറേറ്റിംഗ് എ റെസ്പോൺസിബിൾ ഡിജിറ്റൽ വേൾഡ്" എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപിതമായത്. ഇൻഫർമേഷൻ ടെക്നോളജിയിലും അനുബന്ധ മേഖലകളിലും ഒരു പ്രമുഖ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനമായി വികസിപ്പിക്കുക എന്ന കാഴ്ചപ്പാടോടെ 2000-ൽ കേരള സർക്കാർ സ്ഥാപിച്ച IIITMK യ്ക്ക് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ്-കേരളം) അപ്ഗ്രേഡ് ചെയ്തുകൊണ്ടാണ് സർവ്വകലാശാല സ്ഥാപിച്ചത്.

ഡിജിറ്റൽ ലോകത്തിന് ഉതകുന്ന രീതിയിൽ സയൻസ്, ടെക്നോളജി, ഹ്യൂമാനിറ്റീസ് എന്നിവയിലെ ഇന്റർ ഡിസിപ്ലിനറി അക്കാദമിക് മേഖലകൾ ഉൾക്കൊള്ളുന്നതിനുള്ള വിശാലമായ കാഴ്ചപ്പാടോടുകൂടി ഒരു സ്റ്റേറ്റ് ആക്ട് (2021 ലെ ആക്ട് 10) വഴി കേരള സർക്കാർ ഐഐഐഐടിഎം-കെ-യെ "കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നവേഷൻ & ടെക്നോളജി" ആയി അപ്ഗ്രേഡ് ചെയ്തു. ഡിജിറ്റൽ സാങ്കേതികവിദ്യകൾ, ശാസ്ത്രം, ഹ്യൂമാനിറ്റീസ് എന്നീ മേഖലകളിൽ വിദ്യാഭ്യാസ ഗവേഷണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി ആഗോള തലത്തിൽ മികവിന്റെ ഒരു കേന്ദ്രമായാണ് സർവകലാശാല വിഭാവനം ചെയ്തിട്ടുള്ളത്.

മറ്റ് ഏജൻസികൾ/പദ്ധതികൾ

പ്രധാന സ്ഥാപനങ്ങൾക്ക് പുറമേ, സംസ്ഥാനത്ത് ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾക്കും അടിസ്ഥാന സൗകര്യവികസനത്തിനും സംഭാവന നൽകുന്ന മറ്റ് വിവിധ ഏജൻസികളുണ്ട്.

1. നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻഐസി) കേരള ഘടകം
   ഇ-ഗവൺമെന്റ്/ഇ-ഗവേണൻസ് സൊല്യൂഷനുകൾ നൽകുന്നതിനും സർക്കാർ മേഖലയിൽ മികച്ച രീതികൾ സ്വീകരിക്കുന്നതിനും സംയോജിത സേവനങ്ങൾക്കും ആഗോള പരിഹാരങ്ങൾക്കുമായി സ്ഥാപിതമായ ഇന്ത്യൻ ഗവൺമെന്റിന്റെ ഒരു പ്രധാന സയൻസ് ആന്റ് ടെക്നോളജി സ്ഥാപനമാണ് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻഐസി).

കേരള ഗവൺമെന്റിന്റെ മൊത്തം സൊല്യൂഷൻ പ്രൊവൈഡർമാരിൽ ഒന്നായ എൻഐസി കേരള സ്റ്റേറ്റ് സെന്റർ, മിക്ക ഐടി എനേബിൾഡ് ആപ്ലിക്കേഷനുകളിലും സജീവമായി ഇടപെടുക എന്നതിലൂടെ പൗരന്മാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി ദൈനംദിന പ്രവർത്തനങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

2. ഇൻഫർമേഷൻ കേരള മിഷൻ
കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള സർക്കാരിന്റെ ആദ്യകാല ഇ-ഗവേണൻസ് ശ്രമമാണ് ഐകെഎം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ പൗര സമ്പർക്കമുഖത്തോടെയുള്ള പൊതു സേവന വിതരണം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള എല്ലാ ഇ-ഗവേണൻസ് പ്രോഗ്രാമുകളും സോഫ്റ്റ് വെയറുകളും അനുബന്ധ പ്രവർത്തനങ്ങളും ഐ.കെ.എം നടത്തുന്നു.

3. ഇ-ഹെൽത്ത് കേരള പദ്ധതി
"ഒരു പൗരൻ ഒരു ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ്" എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള ഇ-ഹെൽത്ത് കേരള പ്രോജക്റ്റ്. സംസ്ഥാന സർക്കാർ പരിപാലിക്കുന്ന ദ്വിതീയ, തൃതീയ പരിചരണ കേന്ദ്രങ്ങൾ ഡോക്ടർമാരും പാരാമെഡിക്കൽ, മറ്റ് നോൺ-ക്ലിനിക്കൽ സ്റ്റാഫുകളും അടങ്ങുന്ന ഏകദേശം 50,000 ഹെൽത്ത് കെയർ സർവീസ് ജീവനക്കാരെ പിന്തുണയ്ക്കുന്ന അതുല്യമായ കരുത്തുറ്റതും സുസ്ഥിരവുമായ ആരോഗ്യ പരിരക്ഷാ ഇൻഫർമേഷൻ ടെക്നോളജി സൊല്യൂഷനാണ്. സംസ്ഥാനത്തെ എല്ലാ പൗരന്മാരെയും കുറിച്ചുള്ള സമ്പൂർണ ആരോഗ്യ സംരക്ഷണ ഡാറ്റ ഉൾക്കൊള്ളുന്ന ഒരു സംയോജിത ആരോഗ്യ സംരക്ഷണ ക്ലൗഡ് നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ കാഴ്ചപ്പാട്. ഇ-ഹെൽത്ത് പ്രോജക്റ്റ് രൂപകല്പന ചെയ്യുകയും വികസിപ്പിക്കുകയും നടപ്പിലാക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നത് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഐടി വിഭാഗമായ ഇ-ഹെൽത്ത് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി
ലക്ഷ്യങ്ങൾ

കേരള സ്റ്റേറ്റ് ഐടി മിഷൻ:-

1. പ്രവർത്തനക്ഷമമായ, പരസ്പരബന്ധിതമായ, സംയോജിത സർക്കാർ പ്രവർത്തനങ്ങൾ പ്രാപ്തമാക്കുക.
2. ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, സംയോജിത ഇ-സേവന സംവിധാനം, ഡിജിറ്റൽ സിറ്റിസൺഷിപ്പ്.

ഐഐഐഐറ്റിഎം-കെ:- കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്, ഇന്നവേഷൻ ആന്റ് ടെക്നോളജി

1. വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ഐക്കണിക് വിജ്ഞാന സ്ഥാപനമാകുക.
2. ദേശീയ പ്രശസ്തിയും ആഗോള അംഗീകാരവും ഉള്ള ഒരു സുസ്ഥിര സ്ഥാപനമായി വികസിപ്പിക്കുക.

ഐ.സി ഫോസ്:-
ഇൻക്ലൂസിവും സഹായകവുമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഫോസ് പ്രയോജനപ്പെടുത്തുക.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-2022) ഏജൻസി തിരിച്ചുള്ളതും വർഷം തിരിച്ചുള്ള അടങ്കലും ചെലവും പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 4.10 – പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഐടി ഇ-ഗവേണൻസ് മേഖലയിലെ വിവിധ ഏജൻസികളുടെ ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

ഏജൻസി	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22	
	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്	ബഡ്ജറ്റ് വിഹിതം	ചെലവ്
കേരള സ്റ്റേറ്റ് ഐടി മിഷൻ	147.48	43.33	147.48	105.86	144.14	65.85	124.14	87.43	125.13	91.17
ഡിജിറ്റൽ യൂണിവേഴ്സിറ്റി	–	–	–	–	–	–	–	–	24	14
IIITM-K	52	52	65.5	6.98	15.5	7.75	64.2	64.19	20	20
IIITK. കോട്ടയം	22.5	22.5	24.5	6.25	–	–	–	–	–	–
സി-ഡിറ്റ്	10	5	6	6	7	0	6	6.44	6	4.60
ഐസി ഫോസ്	5	5	5	7.5	6	5	7.5	4.75	7.5	6.00
ആകെ	**236.98**	**127.83**	**248.48**	**132.59**	**172.64**	**78.60**	**201.84**	**162.81**	**182.63**	**135.77**

അവലംബം: പ്ലാൻ സ്പേസ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

1. കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെഎസ്ഐറ്റിഎം)

1. സ്റ്റേറ്റ് ഡാറ്റാ സെന്റർ ഏകദേശം 515 ആപ്ലിക്കേഷനുകളുടെയും 1500 വെർച്വൽ മെഷീനുകളുടെയും (വി.എം) പ്രവർത്തനത്തിൽ സഹകരിക്കുന്നു.
2. കെസ്വാൻ 4000 സർക്കാർ ഓഫീസുകൾ, 14 ജില്ലകൾ, 152 ബ്ലോക്കുകൾ എന്നിവയ്ക്ക് ഇ സേവനം നൽകി.
3. 2800 അക്ഷയ കേന്ദ്രങ്ങളിലൂടെ പൗരന്മാർക്ക് സേവനം നൽകി.
4. സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, ആർഡിഒ ഓഫീസുകൾ, 101 ഡയറക്ടറേറ്റുകൾ, 15 താലൂക്കുകൾ, 214 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ സമ്പൂർണ്ണ ഇ-ഓഫീസ് സേവനങ്ങൾ നൽകുന്നു.
5. 65 വകുപ്പുകളിൽ ഗവൺമെന്റിന്റെ സമ്പർക്ക കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു.
6. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു.
7. ഹൈ-സ്പീഡ് റൂറൽ ബ്രോഡ്ബാൻഡ് നെറ്റ്വർക്ക് സേവനങ്ങളുള്ള ആദ്യ ഇന്ത്യൻ സംസ്ഥാനം
8. 4 കോടിയിലധികം ഇ-സർട്ടിഫിക്കറ്റുകൾ നൽകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനം.
9. എല്ലാ ഗ്രാമപഞ്ചായത്തുകളും ഒപ്റ്റിക്കൽ ഫൈബർ ശൃംഖല വഴി ബന്ധിപ്പിച്ചിരിക്കുന്നു.

2. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (ഐസി ഫോസ്)

1. ഓപ്പൺ ഐഒറ്റി ഹാർഡ്വെയർ, അസിസ്റ്റീവ് ടെക്നോളജികൾ, ലാംഗ്വേജ് ടെക്നോളജി, സോഷ്യൽ കമ്പ്യൂട്ടിംഗ് എന്നിവ ആരംഭിച്ചു.
2. ഓപ്പൺ ഐഒറ്റി/ലൊറാവാൻ ഓപ്പൺ ഹാർഡ്വെയറിൽ 25 ഉൽപ്പന്നങ്ങൾ/സൊല്യൂഷനുകൾ ആരംഭിച്ചു
3. ഭാഷാ കമ്പ്യൂട്ടിംഗിൽ 8 ഉൽപ്പന്നങ്ങൾ/6 പിഒസി-കൾ ആരംഭിച്ചു.
4. അസിസ്റ്റീവ് ടെക്നോളജിയിൽ 3 ഉപകരണങ്ങൾ/2 പിഒസി-കൾ ആരംഭിച്ചു.
5. 252 കപ്പാസിറ്റി ബിൽഡിംഗ് പരിശീലന പരിപാടികളും നടത്തുകയും 8123 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.
6. 100 കോളേജുകളിൽ ഫോസ് സെല്ലുകളും കമ്മ്യൂണിറ്റിയും പോലുള്ള ഔട്ട്-റീച്ച് പ്രോഗ്രാമുകൾ.
7. 5 പ്രോജക്ടുകൾ, 10 സ്റ്റാർട്ടപ്പുകൾ എന്നിവയിൽ കൺസൾട്ടൻസിയും സംരംഭകത്വവും ആരംഭിച്ചു.

3. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)

1. സിഡിറ്റിനായി ഐസിടി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം
2. ലൈവ് സ്ട്രീം സ്റ്റുഡിയോ സാമഗ്രികൾ, വെബ് അവതാരകൻ
3. മീഡിയ അസറ്റ് മാനേജ്മെന്റ്
4. മാക് ബുക്ക് പ്രോ, ഐ മാക് പ്രോ

5. ആപ്പിൾ മാക് മിനി നാസ് സ്റ്റോറേജ്
6. അഡോബ് സോഫ്റ്റ് വെയർ, സെക്യൂരിറ്റി ഓഡിറ്റിംഗ് സോഫ്റ്റ് വെയർ, സോഫ്റ്റ് വെയർ ടെസ്റ്റിംഗ് ടൂൾസ്
7. എപിഐ ഗേറ്റ്വേ ഡാറ്റ ബ്രിഡ്ജ് ലൈസൻസ്
8. ക്ലൗഡ് അടിസ്ഥാനമാക്കിയുള്ള ഉപഭോക്തൃ ഇടപെടൽ പരിഹാരം
9. ഫിസിക്കൽ നെറ്റ്വർക്ക് അസെസ്മെന്റിനുള്ള ടെസ്റ്റിംഗ് ഉപകരണങ്ങൾ, എർത്ത് റെസിസ്റ്റൻസ് കിറ്റ്
10. സാങ്കേതിക പുരോഗതിയെക്കുറിച്ച് ജീവനക്കാർക്കുള്ള പരിശീലന സെഷനുകൾ.

4. കേരള ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (മുൻപ് ഐഐഐടിഎം-കെ)

പട്ടിക 4.11 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേട്ടങ്ങൾ

ആസ്തികൾ	തൊഴിൽ	നിക്ഷേപം	സൃഷ്ടിച്ച ഐപികളും വെയിൽ ജനറേഷനും	അവാർഡുകളും അംഗീകാരങ്ങളും
1,70,000 ചതുരശ്ര അടി വിസ്തീർണമുള്ള ബിൽറ്റ് അപ് സ്പേസ്	നേരിട്ട്: 695 സ്റ്റാർട്ടപ്പുകൾ: 700	ബാഹ്യ ഗവേഷണം 118 ലക്ഷം രൂപ	സ്വന്തം: 4 സ്റ്റാർട്ടപ്പുകൾ: 12	ദേശീയ മികവിന്റെ കേന്ദ്രങ്ങൾ
20 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം.	ജോലി ചെയ്യുന്ന വിദ്യാർത്ഥികൾ: 14000	ബാഹ്യമായ വലിയ ഗവേഷണ പദ്ധതികൾ 6598 ലക്ഷം രൂപ	സ്റ്റാർട്ടപ്പുകൾ സൃഷ്ടിച്ച ആകെ മൂല്യം 600 കോടി രൂപ	ഫാക്കൽറ്റി, ഇൻകുബേറ്റർ & സ്റ്റാർട്ടപ്പുകൾക്കുള്ള അംഗീകാരം

അവലംബം: ഡിജിറ്റൽ യൂണിവേഴ്സിറ്റി

പ്രശ്നങ്ങളും വെല്ലുവിളികളും

1. **ഇംപാക്ട് ഇവാലുവേഷനും പ്രോഗ്രാം മോണിറ്ററിംഗും**

   സർക്കാർ നടപടിക്രമങ്ങൾ എങ്ങനെ വേഗത്തിലാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇ-ഗവേണൻസ് പദ്ധതികൾ പലപ്പോഴും അളക്കുന്നത്. ഈ മാനദണ്ഡം പ്രധാനമാണ്, പക്ഷേ പര്യാപ്തമല്ല. ഇ-ഗവേണൻസ് പ്രോജക്ടുകൾ ഒരു പരിധിവരെ മാനദണ്ഡങ്ങൾക്കനുസൃതമായി വിലയിരുത്തണം. പൗരന്മാർക്കും ലഭ്യമായ നേട്ടങ്ങൾ, ഉത്തരവാദിത്തം, ഇക്വിറ്റി, സോഷ്യൽ കവറേജ്, മറ്റ് ഭരണ സൂചകങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2. **മാനദണ്ഡങ്ങൾ, ചട്ടക്കൂടുകൾ, ഏകോപനം**

   ഇ-ഗവേണൻസ് പ്രോജക്ടുകൾ പരമ്പരാഗതമായി ഒന്നിലധികം വകുപ്പുകളും ഏജൻസികളും അവരുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആവശ്യമുള്ളപ്പോൾ സംയോജനം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ പൊതുവായ മാനദണ്ഡങ്ങൾ പാലിക്കാതെ തന്നെ നടപ്പിലാക്കുന്നു.

3. **ഡാറ്റ സംരക്ഷണം, കൈകാര്യം ചെയ്യൽ, സ്വകാര്യത**

   സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട വിവിധ ശ്രമങ്ങളുടെ ഫലമായി പൗരന്മാരുമായും സംഘടനകളുമായും ബന്ധപ്പെട്ട സുപ്രധാന വിവരങ്ങളും സംസ്ഥാന ഏജൻസികളുമായുള്ള അവരുടെ ഇടപാടുകളും ഉൾപ്പെടുന്ന വലിയ ഡാറ്റാ സെറ്റുകൾ സൃഷ്ടിക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. പലപ്പോഴും, പൗരന്മാരുടെ ഡിജിറ്റൽ ഡാറ്റ ക്യാപ്ചർ ചെയ്യുമ്പോൾ, അതിന്റെ ഉപയോഗത്തിന് ഉചിതമായ സമ്മതം, തേടുകയോ അത് ഏത് ഉദ്ദേശ്യത്തിനായി ഉപയോഗിക്കും എന്നതിന്റെ വിശദീകരണം നൽകുകയോ ചെയ്യാറില്ല.

4. **സൈബർ സുരക്ഷ**

   മെച്ചപ്പെട്ട ഇന്റർനെറ്റ് കണക്റ്റിവിറ്റിയും ഓൺലൈൻ പൊതു സേവനങ്ങളുടെ ലഭ്യതയും കൊണ്ട്, ഇ-ഗവേണൻസിന്റെ ശ്രദ്ധ സുതാര്യതയുടെയും വിശ്വാസത്തിന്റെയും പ്രശ്നങ്ങളിലേക്ക് മാറുന്നു. സാങ്കേതികവിദ്യ എങ്ങനെ സംഘടിപ്പിക്കപ്പെടുന്നുവെന്നും വിന്യസിക്കുന്നുവെന്നും പുനർവിചിന്തനം ചെയ്യുന്നതിനുള്ള പുതിയ സാധ്യതകൾ തുറക്കുകയും ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി – സമീപനം

സംസ്ഥാനത്തിന്റെ ആധുനിക സാമ്പത്തിക വികസനത്തിന് ഐസിടിയുടെ നിർണായക പ്രാധാന്യം ബോധ്യപ്പെട്ടിട്ടുണ്ട്. സ്കൂൾ, യൂണിവേഴ്സിറ്റി വിദ്യാഭ്യാസരംഗത്തെ കേരളത്തിന്റെ നേട്ടങ്ങളും സംസ്ഥാനത്തെ ഉയർന്ന ഡിജിറ്റൽ സാക്ഷരതയും ഉയർന്ന തോതിലും ആഴത്തിലും ഇ-ഗവേണൻസ് വ്യാപിപ്പിക്കാനും വിനിയോഗിക്കുന്നതിനും കേരളത്തെ പ്രാപ്തമാക്കുന്നു. ഒന്നാമതായി, ഇ-ഗവേണൻസ് എന്നാൽ ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും പൗരന്മാർക്ക് ഓൺലൈനായി ലഭ്യമാക്കുക എന്നാണ് അർത്ഥമാക്കുന്നത്. രണ്ടാമതായി, സർക്കാരിന്റെ പ്രവർത്തനങ്ങൾ ഇലക്ട്രോണിക് ഫയലുകളിലേക്കും അഡ്മിനിസ്ട്രേഷനിലേക്കും ഉള്ള മാറ്റം എന്നാണ്. ഡിപ്പാർട്ട്മെന്റുകളിലെ ഡാറ്റ കൈകാര്യം ചെയ്യുന്നതിൽ കാര്യക്ഷമത ഉറപ്പാക്കാൻ ഇന്റർഓപ്പറബിൾ ടെക്നിക്കൽ ആർക്കിടെക്ചറുകൾ പ്രധാനമാണ്. ഇന്റർഓപ്പറബിളിറ്റി എന്നത് സോഫ്റ്റ്‌വെയർ അനുയോജ്യതയെ മാത്രമല്ല, ഏകോപനത്തിൽ പ്രവർത്തിക്കുന്ന ആളുകളെയും സ്ഥാപനങ്ങളെയും കുറിച്ചാണ്. വിവിധ തരത്തിലുള്ള പരസ്പര പ്രവർത്തനക്ഷമതയെ ആശ്രയിക്കുന്ന, സാങ്കേതിക ഏജൻസികൾക്കും സർക്കാരിനകത്തും പുറത്തുമുള്ള മറ്റ് പങ്കാളികൾക്കിടയിലും സ്ഥാപനപരമായ ഏകോപനം ആവശ്യമായി വരുന്ന ഒരു സാഹചര്യത്തിന്റെ മികച്ച ഉദാഹരണമാണ് ദുരന്തനിവാരണം മാനേജ്മെന്റ് നൽകുന്നത്.

ലക്ഷ്യങ്ങൾ

1. സർക്കാരിന്റെ എല്ലാ സേവനങ്ങളും ഡിജിറ്റൽ മോഡിൽ ലഭ്യമാക്കാൻ പൗരന്മാരെ പ്രാപ്തരാക്കുക.
2. ഗ്രാസ് റൂട്ട് തല ഇന്നവേഷൻ, ഡിജിറ്റൽ പരിവർത്തനം എന്നിവ പ്രോത്സാഹിപ്പിക്കുക.
3. ഇ-ഗവേണൻസ് സ്റ്റാൻഡേർഡുകളുടെ ശരിയായ സെറ്റ് കണ്ടെത്തുകയും സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവയെ ഇച്ഛാനുസൃതമാക്കുകയും ചെയ്യുക.
4. ഇ-ഗവേണൻസ് ആപ്ലിക്കേഷനിലെ പരാജയങ്ങളുടെ പ്രത്യാഘാതങ്ങൾ കുറയ്ക്കുക.

പ്രധാന സംരംഭങ്ങൾ

1. **കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ (കെഎസ്ഐറ്റിഎം)**
    1. ഇ-സേവനം, എം-സേവനം ഓൺലൈൻ സേവന വിതരണ സംവിധാനം മെച്ചപ്പെടുത്തുക.
    2. ഗവൺമെന്റ്, വാണിജ്യ മേഖല, ലാഭേച്ഛയില്ലാത്ത മേഖല, അക്കാദമിക് എന്നിവയുടെ എല്ലാ തലങ്ങളിലേക്കും ജിയോസ്പേഷ്യൽ ഡാറ്റ പങ്കിടൽ.
    3. സംസ്ഥാനതല ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റുചെയ്യുന്നതിന് പൊതുവായ സുരക്ഷിതമായ ഐടി ഇൻഫ്രാസ്ട്രക്ചർ നൽകുന്നതിനുള്ള സംസ്ഥാന ഡാറ്റാ സെന്റർ.
    4. പ്രാമാണീകരണത്തിനുള്ള ആധാർ സേവനങ്ങളും യുഐഡിഎഐ വാഗ്ദാനം ചെയ്യുന്ന ഇ-കെവൈസി സേവനങ്ങളും
    5. നിർണ്ണായക ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിലേക്ക് പ്രതിരോധശേഷി വളർത്തുന്നതിനുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം, കേരള (സെർട്ട് – കെ).
    6. ഇ-ഗവേണൻസ് മേഖലയിൽ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇന്നൊവേഷൻ പ്രൊമോഷൻ സ്കീം.
    7. സർക്കാർ മാനദണ്ഡങ്ങൾക്കപ്പുറം ഒന്നിലധികം ആനുകൂല്യങ്ങൾ ലഭിക്കുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനുള്ള ഏകീകൃത രജിസ്ട്രിയും അനലിറ്റിക്സും.
2. **ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസി ഫോസ്)**
    1. ലോറ വാൻ ഓപ്പൺ ഹാർഡ്‌വെയറിനും ഡ്രോണിനുമുള്ള കേന്ദ്രം
    2. സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി – കേരളം (ക്യാറ്റ് – കെ)
    3. ഭാഷാ സാങ്കേതികവിദ്യ, ശേഷി വർദ്ധിപ്പിക്കൽ, പരിശീലനം, കമ്മ്യൂണിറ്റി വികസനം
    4. തുറന്ന ഹാർഡ്‌വെയർ വികസനത്തിനുള്ള കേന്ദ്രം
    5. ഓപ്പൺ മാപ്പിംഗിനും ജിഐഎസിനുമുള്ള കേന്ദ്രം
    6. സംരംഭകത്വം
    7. സെന്റർ ഫോർ ഓപ്പൺ സോഴ്സ് സൈബർ സെക്യൂരിറ്റി
    8. ഭാഷാ സാങ്കേതികവിദ്യ
    9. അക്കാദമിക്, റിസർച്ച് പ്രോഗ്രാമുകൾ
    10. ഇ-ഗവേണൻസ്

11. അസിസ്റ്റീവ് ടെക്നോളജി
12. ലിംഗഭേദവും സാങ്കേതികവിദ്യയും
13. ഓപ്പൺ സോഴ്സ് ഇആർപി സൊല്യൂഷൻസ് കേന്ദ്രം
14. ഫോസ് സെല്ലുകൾ
15. ശേഷി വർദ്ധിപ്പിക്കുക
16. അടിസ്ഥാന സൗകര്യങ്ങൾ
17. ഔട്ട്റീച്ച് പ്രോഗ്രാമുകൾ

3. **സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്)**
   1. ഒരു ഡിസൈൻ ഹാബിറ്റാറ്റ് സ്ഥാപിക്കൽ.
   2. ഡോക്യുമെന്റ് ഡിസൈൻ സെക്യൂരിറ്റി ഫോറൻസിക് ലാബ്.
   3. മീഡിയ പ്രൊഡക്ഷൻ, കണ്ടന്റ് ഡെലിവറി സൗകര്യങ്ങൾ.
   4. കാമ്പസിലെ ഒരു ഉൽപ്പാദന സൗകര്യമായി AR/UR/MR ലാബ്.
   5. കാമ്പസിൽ സ്മാർട്ട് ക്ലാസ്റൂം സ്റ്റുഡിയോയും ലക്ചർ ഹാളുകളും.
   6. ഡിജിറ്റൽ ആർക്കൈവിംഗ് സെന്റർ - സ്റ്റോറേജ് ഇൻഫ്രാസ്ട്രക്ചർ ഉള്ള ആർക്കൈവൽ സൊല്യൂഷൻ.
   7. ആപ്ലിക്കേഷൻ വികസനത്തിനായി പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കൽ.
   8. മലയാളം കമ്പ്യൂട്ടിംഗിനായുള്ള ഇന്റലിജന്റ് എഞ്ചിൻ വികസനം.
   9. ഇന്റലിജന്റ് സർവൈലൻസ് സൊല്യൂഷൻസ് ഫെസിലിറ്റേഷൻ സെന്റർ.
   10. ഹരിത സാങ്കേതികവിദ്യയ്ക്കായി വിജ്ഞാന കേന്ദ്രം.

4. **കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ്, ഇന്നവേഷൻ ആന്റ് ടെക്നോളജി (മുമ്പ് ഐഐഐഐറ്റിഎം-കെ)**
   1. സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കൽ:- ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഇലക്ട്രോണിക് സിസ്റ്റംസ് ആൻഡ് ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റാ അനലിറ്റിക്സ് എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദത്തിലും ഡോക്ടറൽ തലത്തിലും ശേഷി വർദ്ധിപ്പിക്കൽ എന്നിവ ഡിജിറ്റൽ യൂണിവേഴ്സിറ്റി ലക്ഷ്യമിടുന്നു. കൂടാതെ ബിഗ് ഡാറ്റ, സൈബർ സെക്യൂരിറ്റി, ബ്ലോക്ക്ചെയിൻ, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് തുടങ്ങിയവ. ഉയർന്ന നിലവാരമുള്ള പ്രതിഭകളുടെ വികസനം, ഡിജിറ്റൽ പരിവർത്തനത്തിന്റെ വേഗത ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും ഗവേഷണത്തിനും നടപ്പിലാക്കുന്നതിനും ഡിജിറ്റൽ യൂണിവേഴ്സിറ്റി ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
   2. ഗ്രാഫീനിനായി ഇന്ത്യ ഇന്നൊവേഷൻ സെന്റർ (ഐഐഐസിജി).
   3. വുമൺ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകൾ, എന്റർപ്രണർഷിപ്പ് സ്കീം (WISe).
   4. ഇലക്ട്രോണിക്സ് ഡിസൈൻ ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (ഇലക്ട്രോണിക് പാർക്ക്) കേന്ദ്രം.
   5. ഇലക്ട്രോണിക്സ് ഇൻകുബേറ്റർ പ്രോജക്റ്റ് [മേക്കർ വില്ലേജ്-ഇഎസ്ഡിഎം]
   6. ടെക്നോസിറ്റിയിൽ സമ്പൂർണ കാമ്പസിന്റെ നിർമ്മാണം.

4.3 വിനോദസഞ്ചാരം

വികസിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ, വിനോദസഞ്ചാരം പ്രത്യേകിച്ച് പല ഗ്രാമീണ സമൂഹങ്ങൾക്കും ജീവിതമാർഗ്ഗമാണ്. വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് വിനോദസഞ്ചാരം ഏത് പ്രദേശത്തും സന്തുലിതവും സുസ്ഥിരവുമായ വളർച്ച സാധ്യമാക്കുന്നു. വികസനത്തിന്റെ മറ്റ് മേഖലകളുമായുള്ള പരസ്പരബന്ധവും പരിസ്ഥിതി സന്തുലിതമായ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതും ഈ മേഖലയുടെ സവിശേഷതയാണ്. കേരളം അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട ഒരു വിനോദസഞ്ചാര കേന്ദ്രവും ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നുമാണ്. ലോകപ്രശസ്ത ബ്രാൻഡ്, സ്ഥിരതയുള്ള വളർച്ച, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ, പ്രാദേശിക സംരംഭകരുടെ സാന്നിധ്യം എന്നിവയാൽ കേരളത്തിലെ വിനോദസഞ്ചാര

വ്യവസായം സവിശേഷമാണ്. ആഭ്യന്തര, അന്തർദേശീയ വിപണികളിലെ വിനോദസഞ്ചാരത്തെ സംസ്ഥാനം സജീവമായി പ്രോത്സാഹിപ്പിക്കുന്നു.

2019-ൽ ഈ മേഖലയ്ക്ക് 45,019 കോടി രൂപയുടെ വരുമാനവും 1.5 ദശലക്ഷം ആളുകൾക്ക് (പ്രത്യക്ഷമായും പരോക്ഷമായും) തൊഴിലും നൽകികൊണ്ട് വിനോദസഞ്ചാരം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന ചെയ്തു. 2018ലെ വെള്ളപ്പൊക്കത്തിന് ശേഷം 2019ൽ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖല ശക്തമായി തിരിച്ചുവരികയും വിനോദസഞ്ചാരികളുടെ വരവിൽ കഴിഞ്ഞ 24 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു. 2019-ൽ 1.19 ദശലക്ഷത്തിലധികം വിദേശ വിനോദ സഞ്ചാരികളുടെയും 18.4 ദശലക്ഷത്തിലധികം ആഭ്യന്തര വിനോദ സഞ്ചാരികളുടെയും സന്ദർശനത്തിലൂടെ യഥാക്രമം 8.52 ശതമാനവും 17.81 ശതമാനവും വാർഷിക വളർച്ച കേരളത്തിന് ഉണ്ടായി. എന്നാൽ, കൊവിഡ്-19 മഹാമാരി മൂലം 2020-21ൽ സംസ്ഥാന വിനോദസഞ്ചാര വ്യവസായത്തിന് 20,000 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

2017ൽ കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ വരവ് 10,91,840 ആയിരുന്നു, 2016നെ (10,38,419) അപേക്ഷിച്ച് 5.15 ശതമാനം വർദ്ധനയാണിത്. 2016-നെ (1,31,72,535) അപേക്ഷിച്ച് 11.39 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട് 2017-ൽ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 1,46,73,520 ആയിരുന്നു. 2019ൽ കേരള വിനോദസഞ്ചാര മേഖല ശക്തമായി തിരിച്ച് വരവ് നടത്തി.

സംസ്ഥാനത്ത് 2018-നെ അപേക്ഷിച്ച് 2019-ൽ വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 8.5 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 17.8 ശതമാനവും വളർച്ചയുണ്ടായി. ആകെ വിനോദസഞ്ചാരികളുടെ വരവിലും 17.2 ശതമാനം വർദ്ധനവുണ്ടായി. 2019-ൽ കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 11,89,771 എന്നത് 2018-ൽ 10,96,407 എന്നതിനെ അപേക്ഷിച്ച് 8.52 ശതമാനം വളർച്ച രേഖപ്പെടുത്തി.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ, 2017 ലെ വിദേശ വിനിമയ വരുമാനം 8392.11 കോടി രൂപയായിരുന്നു. ഇത് 2016 ലെ (7749.51 കോടി രൂപ) വരുമാനത്തേക്കാൾ 8.29 ശതമാനം വർദ്ധനവാണ്. 2017-ൽ വിനോദസഞ്ചാരത്തിൽ നിന്നുള്ള ആകെ വരുമാനം (നേരിട്ടും അല്ലാതെയും) 33383.68 കോടി രൂപ എന്നത് 2016-നെ (29658.56 കോടി രൂപ) അപേക്ഷിച്ച് 12.56 ശതമാനം വർദ്ധന കാണിക്കുന്നു. 2020ൽ വിനോദസഞ്ചാരത്തിൽ നിന്നുള്ള വിദേശവിനിമയ വരുമാനം 2,799.85 കോടി രൂപയും ആഭ്യന്തര വിനോദസഞ്ചാര വരുമാനം 6,025.68 കോടി രൂപയുമാണ്. 2019ൽ വിദേശവിനിമയ വരുമാനവും ആഭ്യന്തര വിനോദസഞ്ചാര വരുമാനവും യഥാക്രമം 10,271.06 കോടി രൂപയും 24,785.62 കോടി രൂപയുമാണ്. 2019 ലെ മൊത്തം വരുമാനം 45,010.69 കോടി രൂപയാണെന്നത് 2018 നെ അപേക്ഷിച്ച് 24.13 ശതമാനം വർദ്ധനവ് കാണിക്കുന്നു. എന്നാൽ 2020 ലെ മൊത്തം വരുമാനം 11,335.96 കോടി രൂപ മാത്രമായിരുന്നതിനാൽ 2019 നെ അപേക്ഷിച്ച് -74.81 ശതമാനം ഇടിവ് രേഖപ്പെടുത്തി.

ഏറ്റവും പുതിയ സ്ഥിതി വിവര കണക്കുകൾ അനുസരിച്ച്, 2021 ലെ വിദേശ വിനിമയ വരുമാനം 461.5 കോടി എന്നത് 2020 നെ അപേക്ഷിച്ച് 83.52 ശതമാനം കുറവ് കാണിക്കുന്നു. 2021 ലെ വിനോദസഞ്ചാരത്തിൽ നിന്നുള്ള ആകെ വരുമാനം (നേരിട്ടും അല്ലാതെയും ഉൾപ്പെടെ) 12285.91 കോടി രൂപയാണ്, ഇത് 2020 നേക്കാൾ 8.38 ശതമാനം വർദ്ധനവ് സൂചിപ്പിക്കുന്നു.

വിനോദസഞ്ചാര മേഖലയ്ക്ക് കീഴിലുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ

കേരളത്തിലെ വിനോദസഞ്ചാരത്തെ നിയന്ത്രിക്കുന്നതും മേൽനോട്ടം വഹിക്കുന്നതും വിനോദസഞ്ചാര വകുപ്പ് ഡയറക്ടറേറ്റാണ്. പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷണവും വകുപ്പിന്റെ ചുമതലയാണ്. കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ (കെ.റ്റി.ഡി.സി) കേരളത്തിലെ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. സംസ്ഥാനത്തെ സംയുക്ത സംരംഭ വിനോദസഞ്ചാര പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അവശ്യ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും വിനോദസഞ്ചാര വകുപ്പിന്റെ നിക്ഷേപ സൗകര്യമൊരുക്കുന്ന ഏജൻസിയായി പ്രവർത്തിക്കുന്നതിനുമുള്ള സ്ഥാപനമാണ് കേരള വിനോദസഞ്ചാര ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

(കെടിഐഎൽ). ബേക്കലിലും വടക്കൻ ജില്ലകളിലും വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ വികസനം ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി). ഇക്കോടൂറിസത്തെക്കുറിച്ചുള്ള അറിവുകൾ പ്രദാനം ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും ഇക്കോടൂറിസം സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ഇക്കോടൂറിസം സാധ്യതയുള്ള സ്ഥലങ്ങളിൽ ഇക്കോടൂറിസം ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനും ഇക്കോടൂറിസം ഡയറക്ടറേറ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ഉത്തരവാദിത്തങ്ങൾ ഉൾക്കൊള്ളുന്ന 'ടിപ്പിൾ-ബോട്ടം-ലൈൻ' ദൗത്യവുമായി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള സംരംഭമാണ് ഉത്തരവാദിത്ത വിനോദസഞ്ചാര മിഷൻ. ഗ്രാമങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും വികസനത്തിന് വിനോദസഞ്ചാരത്തെ ഉപയോഗിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണത്തിന് ഊന്നൽ നൽകുക എന്നിവയാണ് ഉത്തരവാദിത്ത വിനോദസഞ്ചാര മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) എന്നിവയാണ് വിനോദസഞ്ചാരത്തിലെ മാനവവിഭവശേഷി വികസനത്തിനുള്ള പ്രധാന കേന്ദ്രങ്ങൾ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്) ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസവും പരിശീലനവും നൽകുകയും വിനോദസഞ്ചാര വ്യവസായത്തിന്റെ മാനവവിഭവശേഷി ആവശ്യകതകൾ നിറവേറ്റുകയും ചെയ്യുന്നു. കാറ്ററിംഗ് ടെക്നോളജിയിലും വിനോദസഞ്ചാര വ്യവസായത്തിലും വിദഗ്ധ തൊഴിലാളികളുടെ ശക്തമായൊരു സേന കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ഹോട്ടൽ, ടൂറിസം വ്യവസായത്തിന്റെ വിവിധ ട്രേഡുകളിൽ കഴിവുള്ള യുവാക്കൾക്കും യുവതികൾക്കും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ) പരിശീലനം നൽകുന്നു. പ്രൊഫഷണൽ വൈദഗ്ധ്യവും അറിവും നേടുന്നതിനും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി എന്നീ മേഖലകളിൽ മാനവവിഭവശേഷിയുടെ മനോഭാവം മെച്ചപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഏർപ്പെട്ടിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22)

പുതിയ ദിശ, പുതിയ ഉൽപ്പന്നങ്ങൾ, പുതിയ വിപണികൾ, പുതിയ വിനോദസഞ്ചാര ഗ്രൂപ്പുകൾ എന്നിവ കണ്ടെത്തുന്നതിലൂടെയും പുതിയ തന്ത്രങ്ങൾ സ്വീകരിച്ചും പുതിയ ലക്ഷ്യങ്ങൾ രൂപീകരിച്ച് ബ്രാൻഡിനെ നവീകരിക്കുന്നതിലൂടെയും വിനോദസഞ്ചാര മേഖലയിലെ വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സമീപനം

1. ആരോഗ്യം, ശുചിത്വം, നഗര-ഗ്രാമ ആസൂത്രണം, ഗതാഗതം, കണക്റ്റിവിറ്റി, തദ്ദേശ സ്വയംഭരണം, മറ്റ് മേഖലകൾ എന്നിവയിലെ വികസനങ്ങളില്ലാതെ വിനോദസഞ്ചാരം സാധ്യമാകുകയില്ല.
2. ആഡംബര വിനോദസഞ്ചാരം മുതൽ താഴ്ന്ന വരുമാനമുള്ള കുടുംബ വിനോദസഞ്ചാരികൾ വരെയുള്ള എല്ലാ വിഭാഗത്തേയും വിനോദസഞ്ചാര മേഖല പരിഗണിക്കണം.
3. വിനോദസഞ്ചാര മേഖലയിലെ പുതിയ വളർച്ചാ തന്ത്രം: വിദേശ വിനോദസഞ്ചാരികളുടെ വരവ് ഇരട്ടിയാക്കുക, ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവ് 50 ശതമാനം വർദ്ധിപ്പിക്കുക, 4,00,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. വിനോദസഞ്ചാര പ്രോത്സാഹനത്തിന്റെ വിഹിതം ആകെ വിഹിതത്തിന്റെ 1/3 ഭാഗമെങ്കിലുമായി ഉയർത്തിക്കൊണ്ട് വിനോദസഞ്ചാര കേന്ദ്ര വികസനവും വിനോദസഞ്ചാര പ്രചരണവും തമ്മിൽ പദ്ധതി വിഹിതത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ തിരുത്തുക.
5. വിനോദസഞ്ചാരത്തിന്റെ മുഴുവൻ സാധ്യതയും കണ്ടെത്തുകയും പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ട് വിനോദസഞ്ചാരം വർഷം മുഴുവനും വ്യാപിപ്പിക്കുക.
6. വടക്കൻ കേരളത്തിലെ ഇതുവരെ കണ്ടെത്താത്ത വിനോദസഞ്ചാര സാധ്യതകൾ വികസിപ്പിക്കുന്നതിനുള്ള വിഭവ വിഹിതം അനുവദിക്കൽ.

കാഴ്ചപ്പാടും ദൗത്യവും

പുതിയ തന്ത്രങ്ങൾ സ്വീകരിക്കുകയും പുതിയ ലക്ഷ്യങ്ങൾ രൂപീകരിക്കുകയും പുതിയ ദിശാബോധം നേടുന്നതിലൂടെയും വെല്ലുവിളികളെ അഭിമുഖീകരിക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ശ്രദ്ധ. വിനോദസഞ്ചാര ഉൽപന്നങ്ങൾ, മാനവ വിഭവശേഷി വികസനം, ഉത്തരവാദിത്ത വിനോദസഞ്ചാരം തുടങ്ങിയവയുടെ പരിചയപ്പെടുത്തൽ/ശക്തിപ്പെടുത്തലിലൂടെ തൊഴിലവസരങ്ങളും വിനോദസഞ്ചാരികളുടെ വരവും വർദ്ധിപ്പിക്കുകയാണ് പ്രധാന ലക്ഷ്യം. വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ പങ്കാളിത്തത്തിലൂടെ സർക്കാർ പിന്തുണ നൽകുന്നതിൽ കൂടുതൽ ശ്രദ്ധയും മാനവ വിഭവശേഷി വികസനത്തിൽ പ്രത്യേക ശ്രദ്ധയും നൽകിയിട്ടുണ്ട്.

ലക്ഷ്യങ്ങൾ

1. വിദേശ വിനോദസഞ്ചാരികളുടെ വരവ് ഇരട്ടിയാക്കുക.
2. 2021 ഓടെ ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 50 ശതമാനം വർദ്ധനവ്.
3. 4 ലക്ഷം അധിക തൊഴിൽ.

തന്ത്രം

1. ബ്രാൻഡ് പുതുക്കി അതിനെ കൂടുതൽ ആകർഷകവും ആവേശകരവും എല്ലാ സഞ്ചാര വിഭാഗങ്ങൾക്കും അഭിലഷണീയവുമാക്കുന്നതിലൂടെ പുതിയ ദിശാബോധം സ്വീകരിക്കൽ.
2. കൊച്ചി മുസിരിസ് ബിനാലെ, സ്പൈസ് റൂട്ട്, ഇക്കോ അഡ്വഞ്ചർ തുടങ്ങിയ പുതിയ ഉൽപ്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ.
3. മലബാറിലെ വിനോദസഞ്ചാര വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
4. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത ഗുണനിലവാരമുള്ള അടിസ്ഥാന സ്ഥലസൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും നൽകുക.
5. പുതിയ വിപണികളെ കണ്ടെത്തുന്നതോടൊപ്പം നിലവിലുള്ള വിപണികളെ ശക്തിപ്പെടുത്തുകയും ചെയ്യുക.
6. യുവ സഞ്ചാരികൾ, സാഹസിക സംഘങ്ങൾ, ഹണിമൂൺ, കുടുംബങ്ങൾ എന്നിവയുൾപ്പെടെ പുതിയ സന്ദർശക വിഭാഗങ്ങളെ ആകർഷിക്കുക.
7. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യ പങ്കാളിത്തം
8. മാനവ വിഭവശേഷി വികസനം.

പട്ടിക 4.12 പതിമൂന്നാം പഞ്ചവത്സര പദ്ധതി–വിനോദസഞ്ചാര മേഖലയിലെ വകയിരുത്തലും ചെലവും

(രൂപ കോടിയിൽ)

വർഷം	വിഹിതം	ചെലവ്	ശതമാനം
2017–18	342.73	310.56	90.6
2018–19	379.00	237.54	62.7
2019–20	372.37	182.20	48.9
2020–21	320.14	316.24	98.8
2021–22	320.14	244.54	76.4

അവലംബം: പ്ലാൻ സ്പേസ്

പട്ടിക 4.13 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിനോദസഞ്ചാര മേഖലയിലെ ഉപമേഖല തിരിച്ചുള്ള വിഹിതവും ചെലവും (രൂപ കോടിയിൽ)

വകുപ്പ്	2017–18		2018–19		2019–20		2020–21		2021–22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
കെ.റ്റി.ഡി.സി	7.20	7.20	7.92	4.11	7.92	4.58	9.00	9.00	9.00	0.84
കെ.റ്റി.ഐ.എൽ	1.67	1.25	1.83	1.50	1.83	0.50	1.53	1.38	1.53	1.20

വകുപ്പ്	2017-18		2018-19		2019-20		2020-21		2021-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
ബി.ആർ.ഡി.സി	3.00	3.00	3.30	1.49	3.30	0.00	2.50	2.00	2.50	1.0
കിറ്റ്സ്	4.00	3.00	4.40	1.76	4.40	1.84	3.00	3.00	3.00	4.38
എസ്.ഐ.എച്ച്.എം	3.00	3.00	3.30	1.14	3.30	1.29	3.00	2.96	3.00	
എഫ്.സി.ഐ	3.50	3.50	3.85	1.58	3.85	1.01	4.00	0.00	4.00	
ഇക്കോടൂറിസം	3.85	3.22	4.24	4.15	3.84	0.95	3.40	2.29	2.40	2.23
ടൂറിസം വകുപ്പ്	316.51	286.39	350.16	221.81	343.93	172.03	293.71	295.61	294.71	234.89
ആകെ	**342.73**	**310.56**	**379.00**	**237.54**	**372.37**	**182.20**	**320.14**	**316.24**	**320.14**	**244.54**

അവലംബം: അക്കൗണ്ട്സ്, പ്ലാൻ സ്പേസ് കേരള

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിനോദസഞ്ചാര മേഖലയ്ക്ക് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 1,734.38 കോടി രൂപ വകയിരുത്തിയിരുന്നു. റിപ്പോർട്ട് ചെയ്യപ്പെട്ട ആകെ ചെലവ് 1,291.08 കോടി രൂപയാണ് (74.4 ശതമാനം). അടിസ്ഥാന സൗകര്യ വികസനം, വിപണനം, മാനവ വിഭവശേഷി വികസനം, പ്രചരണം, ഹോസ്പിറ്റാലിറ്റി എന്നിവയ്ക്കാണ് സർക്കാർ പ്രധാന ഭാഗവും ചെലവഴിച്ചത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തിലെ വിനോദസഞ്ചാര മേഖലയുടെ പ്രധാന നേട്ടങ്ങൾ

1. **വിനോദസഞ്ചാരികളുടെ വരവ്:** 2018-ലെ വെള്ളപ്പൊക്കത്തിന് ശേഷം, 2019-ൽ വിനോദസഞ്ചാര മേഖല ശക്തമായി തിരിച്ചുവരികയും ആഭ്യന്തര, വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ കഴിഞ്ഞ 24 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. 2018 നെ അപേക്ഷിച്ച് 2019 ൽ വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 8.52 ശതമാനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 17.81 ശതമാനവും വളർച്ചയുണ്ടായി.

2. **പുതിയ വിനോദസഞ്ചാര നയം 2017:** സൗഹൃദപരവും സുരക്ഷിതവും സംരക്ഷണമുള്ളതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കൽ, കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി (കെ.ടി.ആർ.എ) യുടെ രൂപീകരണം, തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിനോദസഞ്ചാര പദ്ധതികൾ വികസിപ്പിക്കുക, വിനോദസഞ്ചാര വ്യവസായത്തിലെ മാലിന്യ സംസ്കരണം പോലുള്ള പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുക, ആഭ്യന്തര, അന്തർദേശീയ വിപണികളിലെ പ്രധാന ഭാഗങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള കണക്റ്റിവിറ്റി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യോജിച്ച ശ്രമങ്ങൾ ആരംഭിക്കുക, കേരള വിനോദസഞ്ചാര സംരംഭകത്വ ഫണ്ട് (കെ.ടി.ഇ.എഫ്) രൂപീകരിക്കുക, സുസ്ഥിര വിനോദസഞ്ചാര വികസനത്തിനുള്ള കർമപദ്ധതി തയ്യാറാക്കുക.

3. **ചാമ്പ്യൻസ് ബോട്ട് ലീഗ്:** നാടിന്റെ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു നവീന സംരംഭത്തിന്റെ ഭാഗമായി ചാമ്പ്യൻസ് ബോട്ട് ലീഗ് ആരംഭിച്ചു. കേരളത്തിന്റെ പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും, ഒരു വിനോദസഞ്ചാര ഉൽപന്നമായി വിപണനം ചെയ്യുന്നതിനായി വാർഷിക പരിപാടി സംഘടിപ്പിക്കുക, കേരളത്തിലെ കായലുകൾ ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുക എന്നിവയാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇന്ത്യൻ പ്രീമിയർ ലീഗിന്റെ മാതൃകയിൽ സംസ്ഥാനത്തിന്റെ ഐതിഹാസികവും ചരിത്ര പ്രാധാന്യമുള്ളതുമായ

വള്ളംകളിയെ (സ്നേക്ക് ബോട്ട് റേസ്) ലോകോത്തര കായിക ഇനമാക്കി മാറ്റാനാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

4. **ജടായു എർത്ത് സെന്റർ പദ്ധതി:** എർത്ത് സെന്റർ വിനോദസഞ്ചാരത്തിന്റെ സവിശേഷ സംയോജനമായ ജടായു എർത്ത് സെന്റർ വിനോദസഞ്ചാരികൾക്ക് കേരളം, ദൈവത്തിന്റെ സ്വന്തം നാട് എന്ന അനുഭവം പൂർണ്ണമായും പ്രദാനം ചെയ്യുന്ന സംസ്ഥാനത്തെ ആദ്യത്തെ പ്രധാന ബിഒറ്റി (BOT) വിനോദസഞ്ചാര പദ്ധതിയാണ്. കൊല്ലം ജില്ലയിലെ ചടയമംഗലത്തിനടുത്ത് ജഡായുപാറയിൽ 65 ഏക്കറിലെ വൈവിദ്ധ്യ ഭൂപ്രദേശത്താണ് പദ്ധതി വ്യാപിച്ചിരിക്കുന്നത്. ജടായു അഡ്വഞ്ചർ കേന്ദ്രം പ്രകൃതിദത്തമായ ഭൂപ്രദേശത്തിനുള്ളിൽ ഏറ്റവും വലിയ അഡ്വഞ്ചർ പാർക്ക് വാഗ്ദാനം ചെയ്യുന്നു. പെയിന്റ്ബോൾ, വാലി ക്രോസിംഗ്, ബോൾഡറിംഗ്, സിപ്പ് ലൈൻ, ട്രെക്കിംഗ്, അമ്പെയ്ത്ത്, റാപ്പല്ലിംഗ്, ജുമാരിംഗ്, wall climbing എന്നിവ ഈ കേന്ദ്രത്തിൽ ലഭ്യമായ നിരവധി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കല, പുരാണങ്ങൾ, സാങ്കേതികവിദ്യ, സംസ്കാരം, സാഹസികത, വിനോദം, ആരോഗ്യം എന്നിവയുടെ സവിശേഷമായ സംയോജനമാണിത്.

5. **ഉത്തരവാദിത്ത വിനോദസഞ്ചാര (ആർടി) മിഷൻ:** വിനോദസഞ്ചാര വകുപ്പിന്റെ ലോകശ്രദ്ധ പിടിച്ചുപറ്റിയ അതുല്യമായ സംരംഭം. നിലവിൽ 17,008 വ്യക്തിഗത/ഗ്രൂപ്പ് യൂണിറ്റുകൾ (അതിൽ 13,567 എണ്ണം വനിതകളുടെ ഉടമസ്ഥതയിലുള്ള/നേതൃത്വം നൽകുന്ന യൂണിറ്റുകൾ) ആർടി മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, കൂടാതെ 92,980 പ്രാദേശിക കമ്മ്യൂണിറ്റി അംഗങ്ങൾ വിനോദസഞ്ചാരവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടു വരുമാനമുണ്ടാക്കുന്നു. ആർടി മിഷനിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 40.79 കോടി രൂപ വരുമാനമുണ്ടാക്കി. 850 കുടുംബങ്ങൾ ആർടി മിഷന്റെ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. 60 പാക്കേജുകൾ പ്രവർത്തനക്ഷമമാണ്. സംസ്ഥാനത്തുടനീളമുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്ലാസ്റ്റിക്, മാലിന്യ മുക്തമാക്കാൻ ആർടി മിഷൻ ക്ലീൻ കേരള ഇനിഷ്യേറ്റീവ് ആരംഭിച്ചു. കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വിവിധ വിനോദസഞ്ചാര പദ്ധതികൾ കുട്ടനാട് പദ്ധതി പ്രദേശത്തേക്ക് വ്യാപിപ്പിക്കുകയാണ്. കുട്ടനാട് പദ്ധതി പ്രദേശത്ത് വരുന്ന അയ്മനം ഗ്രാമത്തിനെ ആദ്യ മാതൃക ആർടി വില്ലേജായി പ്രഖ്യാപിച്ചു. തദ്ദേശഭരണസ്ഥാപനങ്ങളുടെയും പ്രാദേശിക സമൂഹത്തിന്റെയും നൂറ് ശതമാനം പിന്തുണയോടെ ഉത്തരവാദിത്ത വിനോദസഞ്ചാരം നടപ്പിലാക്കുന്ന ഒരു ഗ്രാമത്തെ ഉത്തരവാദിത്ത വിനോദസഞ്ചാര ഗ്രാമമായി വികസിപ്പിക്കുകയാണ് ആർടി മിഷന്റെ മാതൃകാ ആർടി വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നത്. മാതൃകാ ആർടി വില്ലേജ് പദ്ധതിയുടെ നടത്തിപ്പിനായി തിരഞ്ഞെടുത്ത 13 ഗ്രാമങ്ങളിൽ, ഒരു മാതൃകാ ആർടി വില്ലേജിനായുള്ള എല്ലാ പ്രവർത്തനങ്ങളും ഒത്തുചേർന്ന പദ്ധതിയായി അയ്മനം വിജയകരമായി നടപ്പാക്കിയതാണ്.

6. സംസ്ഥാനത്തെ 70 സ്ഥലങ്ങളെ ശാരീരിക വൈകല്യ, വയോജന സൗഹൃദമാക്കുന്നതിനുള്ള ബാരിയർ ഫ്രീ വിനോദസഞ്ചാര പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചു.

7. **വിവര സാങ്കേതിക വിദ്യ സംരംഭങ്ങൾ** –

   1. കേരള വിനോദസഞ്ചാരത്തിന്റെ ഫേസ് ബുക്ക് പേജ് (37 ലക്ഷത്തിലധികം ഫോളോവേഴ്സ്), ഇൻസ്റ്റാഗ്രാം അക്കൗണ്ട് (3 ലക്ഷത്തിലധികം ഫോളോവേഴ്സ്), ട്വിറ്റർ അക്കൗണ്ട് (19 ലക്ഷം ഫോളോവേഴ്സ്) എന്നിവ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്.
   2. കേരള വിനോദസഞ്ചാര വീഡിയോകൾക്കായി ഇ-കാറ്റലോഗ് തയ്യാറാക്കിയിട്ടുണ്ട്.
   3. തിരഞ്ഞെടുത്ത സ്ഥലങ്ങൾക്കായുള്ള കേരള ടൂറിസം റിസോഴ്സ് മാപ്പിംഗ്.
   4. 3 കോടിയിലധികം സബ്സ്ക്രൈബർമാരുള്ള യൂട്യൂബ് ചാനൽ
   5. ക്യു.ആർ കോഡിനായി ജിയോടാഗ് ചെയ്ത മൊബൈൽ ക്യാമറ ഫോട്ടോഗ്രാഫുകൾ
   6. പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ച കേരള വിനോദസഞ്ചാര മൈക്രോസൈറ്റുകൾ.

7. പ്രളയാനന്തര കാമ്പെയ്ൻ ലോകമെമ്പാടുമുള്ള 15,000-ത്തിലധികം നഗരങ്ങളിൽ നിന്ന് 4.4 ദശലക്ഷം സന്ദർശകരെ കൊണ്ടുവന്നു.

8. ഓരോ പ്രധാന സ്ഥലത്തേയും ടൂർ ഓപ്പറേറ്റർമാർക്കുമായി ഒരു സ്വതന്ത്ര പേജ് സഹിതം കേരള വിനോദസഞ്ചാരത്തിന്റെ വെബ്സൈറ്റിൽ 1575 താമസ സൗകര്യ യൂണിറ്റുകൾ പട്ടികയാക്കിയിട്ടുണ്ട്.

8. **പുതിയതും നൂതനവുമായ മാർക്കറ്റിംഗ് കാമ്പെയ്നുകൾ:** വിപണിയിലെ മേധാവിത്വം നിലനിർത്തുന്നതിനായി, ഡിജിറ്റൽ, സോഷ്യൽ മീഡിയ കാമ്പെയ്നുകൾ പോലെയുള്ള നൂതന മാർക്കറ്റിംഗ് കാമ്പെയ്നുകൾ കേരള ടൂറിസത്തിൽ ആരംഭിച്ചു, ഇത് കൂടുതൽ സന്ദർശകരെ ആകർഷിക്കുകയും കേരളത്തെ ബ്രാൻഡ് ചെയ്യുന്നതിൽ വിജയിക്കുകയും ചെയ്തു.

   1) ഹ്യൂമൻ ബൈ നേച്ചർ കാമ്പെയ്ൻ: കേരളത്തിലെ ജനങ്ങളുടെ സംസ്കാരവും ദൈനംദിന ജീവിതവും പ്രദർശിപ്പിച്ച അന്താരാഷ്ട്ര പ്രശംസ നേടിയ കാമ്പെയ്നാണിത്. 2018 ലെ വെള്ളപ്പൊക്കത്തിലും നിപ്പ വൈറസ് ബാധയിലും തകർന്ന വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനമാണ് ഈ കാമ്പെയ്നിന്റെ പിന്നിലെ തന്ത്രം. ഏകദേശം 3.10 കോടി ആളുകൾ ഈ കാമ്പെയ്ൻ ഓൺലൈനിൽ വീക്ഷിച്ചു.

   2) ഓഫ് സീസണിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരസ്യ കാമ്പെയ്ൻ "കം ഔട്ട് ആന്റ് പ്ലേ."

   3) ബിനാലെ പ്രചരണ കാമ്പെയ്ൻ

   4) കേരള ബ്ലോഗ് എക്സ്പ്രസ്.

9. **വടക്കൻ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ,** ഇൻഫർമേഷൻ സെന്ററുകൾ, കരയിലും വെള്ളത്തിലും സാഹസിക വിനോദസഞ്ചാരത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടെ വടക്കൻ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ ഊന്നൽ നൽകുന്നു. വിനോദസഞ്ചാരത്തെ അടിസ്ഥാനമാക്കിയുള്ള ചെറുകിട, ഇടത്തരം സംരംഭകത്വ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും സുഗമമാക്കാനും ലക്ഷ്യമിട്ട് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബിആർഡിസി) നടപ്പാക്കുന്ന സ്മോൾ, മീഡിയം ഇൻഡസ്ട്രീസ് ലെവറേജിംഗ് എക്സ്പീരിയൻഷ്യൽ ടൂറിസം (സ്മൈൽ) പദ്ധതിയുടെ ഭാഗമായി 93 പുതിയ സംരംഭകരിൽ 30 ശതമാനവും സ്ത്രീകളാണ്. കൂടാതെ 400 വിനോദസഞ്ചാരികൾക്ക് താമസ സൗകര്യമുള്ള 50 യൂണിറ്റുകൾ തുറക്കുകയും ചെയ്തു.

10. **തരിശുഭൂമിയിലെ കൃഷി:** കോവിഡ്-19 മഹാമാരി കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിക്ക് കേരള വിനോദസഞ്ചാരം പിന്തുണ നൽകുകയും, തിരുവനന്തപുരത്തെ ആക്കുളത്ത് ഉപയോഗശൂന്യമായി കിടന്ന ഒരേക്കർ ഭൂമി വാഴത്തോട്ടമാക്കി മാറ്റുകയും ചെയ്തു.

11. **കൊവിഡ് നഷ്ട സഹായ പദ്ധതി:** കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയുടെ പുനഃരുജ്ജീവനത്തിനായി വിനോദസഞ്ചാര വ്യവസായത്തിലെ പങ്കാളികളെ പിന്തുണയ്ക്കുന്നതിനായി സർക്കാർ ചീഫ് മിനിസ്റ്റേഴ്സ് ടൂറിസം ലോൺ അസിസ്റ്റൻസ് സ്കീം (സി.എം.ടി.എൽ.എ.എസ്) പ്രഖ്യാപിച്ചു. ഭാവൽ, വിനോദസഞ്ചാര മേഖലയിലെ സംരംഭകർക്ക്/സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ തുടർന്ന് പോകാൻ ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം (റ്റി.ഡബ്ല്യു.സി.എസ്.എസ്) തിരഞ്ഞെടുക്കാനും, വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിന് (റ്റി.ഇ.എസ്.എസ്) കീഴിൽ ഹ്രസ്വകാല വ്യക്തിഗത വായ്പകൾ എടുക്കാനും കഴിയും. ആസ്തികളുടെ അടിയന്തിര അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഹൗസ് ബോട്ട് ഉടമകൾക്ക് വിനോദസഞ്ചാര ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം (റ്റി.എച്ച്.എസ്.എസ്) ഉപയോഗിക്കാം. വിനോദസഞ്ചാര ഗൈഡ്സ് സപ്പോർട്ട് സ്കീമിന് (ടിജിഎസ്എസ്) കീഴിൽ, യോഗ്യരായ ടൂറിസ്റ്റ് ഗൈഡുകൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായം നൽകുന്നതാണ്.

12. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ:

1. വേളിയിലെ മിനിയേച്ചർ റെയിൽവേ, തിരുവിതാംകൂറിന്റെ ചരിത്രം പ്രദർശിപ്പിക്കുന്ന കനകക്കുന്ന് ഡിജിറ്റൽ മ്യൂസിയം, തെന്മല ഇക്കോട്ടൂറിസം സെന്ററിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ, ചാല മാർക്കറ്റും മിട്ടായിത്തെരുവും നവീകരണം, വാഗ്ഭടാനന്ദ പാർക്ക്, വെള്ളാർ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് – തെക്കൻ കേരളത്തിലെ സമ്പൂർണ കലാ-കരകൗശല ഗ്രാമം എന്നിവ പൂർത്തിയാക്കുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇടുക്കിയിലെ പാഞ്ചാലിമേട് വിനോദസഞ്ചാര പദ്ധതിയുടെ ആദ്യഘട്ടം, മടവൂർ പാറ പദ്ധതിയുടെ രണ്ടാഘട്ടം, ആക്കുളം കുട്ടികളുടെ പാർക്കിന്റെ വികസന ജോലികളുടെ രണ്ടാം ഘട്ടം, കൊല്ലം ബീച്ചിന്റെ വികസന ജോലികൾ എന്നിവ പൂർത്തീകരിച്ചു. വേളി നീന്തൽക്കുളവും പാർക്ക് വികസനവും പൊൻമുടി ലോവർ സാനറ്റോറിയം, ശംഖുമുഖം ബീച്ച് – പാർക്കിംഗ് ആൻഡ് റിക്രിയേഷൻ ഹബ്, മയ്യനാട്-താന്നി ബീച്ച്, കല്ലട-കാടാപുഴ, ആശ്രാമം നടപ്പാത സൗന്ദര്യവൽക്കരണം, മലമേൽപ്പാറ, കൊല്ലത്തെ പുലമൺതോട് എന്നിവ പൂർത്തിയാക്കി. മൂലൂർ സ്മാരകം, ആറന്മുള ടൂറിസം പദ്ധതി, കോന്നി ആന മ്യൂസിയം, പത്തനംതിട്ടയിലെ പെരുന്തേനരുവി വിനോദസഞ്ചാര പദ്ധതി എന്നിവ, പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ജലദർശനവും മൈക്രോസൈറ്റും നിലവിലുള്ള സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി. ബി.ആർ.ഡി.സിയുടെ ബീച്ച് പാർക്കിനുള്ളിൽ റിംഗ് റോഡ് ജോലികളും ടോയ്‌ലറ്റ് ബ്ലോക്ക് ജോലികളും, കഠിനംകുളത്തെ ബാക്ക് വാട്ടർ ടൂറിസം കോറിഡോർ വികസനവും ആരംഭിച്ചു.
2. ഉദുമയിലും കണ്ണൂരിലും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടങ്ങളും കോഴിക്കോട് എസ്ഐഎച്ച്എം കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയായി.
3. പൈതൃക പദ്ധതികൾ: മുസിരിസ്, തലശ്ശേരി, ആലപ്പുഴ പൈതൃക സർക്യൂട്ടുകൾ എന്നിവയാണ് വിനോദസഞ്ചാര കേന്ദ്ര വികസനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച എടുത്ത് പറയേണ്ട പദ്ധതികൾ. മുസിരിസ് പദ്ധതിയുടെ രണ്ടാംഘട്ടം അന്തിമഘട്ടത്തിലാണ്. തലശ്ശേരി പദ്ധതി 3 ജില്ലകളെ ഉൾക്കൊള്ളുകയും, 4 സർക്യൂട്ടുകളായി തിരിച്ചിരിക്കുകയുമാണ്. മൊത്തം 61 ലക്ഷ്യസ്ഥാനങ്ങളെ ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ പദ്ധതി – ലിവിംഗ് കയർ മ്യൂസിയത്തിന്റെ നിർമ്മാണം, കയർ ഫാക്ടറി മ്യൂസിയം, കയർ ഹിസ്റ്ററി മ്യൂസിയം, യാൺ മ്യൂസിയം എന്നിവയുടെ നിർമ്മാണം പൂർത്തിയായി.
4. കേന്ദ്രാവിഷ്കൃത പദ്ധതികൾ: സ്വദേശ് ദർശൻ പദ്ധതിക്ക് കീഴിലുള്ള പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി പദ്ധതി, സ്പിരിച്ചൽ ടൂറിസം പദ്ധതിക്ക് കീഴിലുള്ള ശ്രീപത്മനാഭ സ്വാമി-ആറന്മുള-ശബരിമല പദ്ധതി, പിൽഗ്രിം റിജ്ജുവിനേഷൻ ആന്റ് ഓഗ്മെന്റേഷൻ ഡ്രൈവ് പദ്ധതി (പി.ആർ.എ.എ.ഡി.എസ്) എന്നിവയ്ക്ക് കീഴിൽ ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസന പദ്ധതി.

13. മാനവ വിഭവശേഷി വികസനം

1. സാഹസിക വിനോദസഞ്ചാരത്തിൽ ഡിപ്ലോമ കോഴ്സുകൾ ആരംഭിച്ചു.
2. വെബ് പോർട്ടലുകളുടെ വികസനം: വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി എന്നിവയിലെ തൊഴിലവസരങ്ങൾ.
3. 114 പ്രാദേശിക, സംസ്ഥാന തല വിനോദസഞ്ചാര ഗൈഡുകൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) നടത്തിയ പരിപാടികളിലൂടെ പരിശീലനം നൽകുകയുണ്ടായി.
4. കിറ്റ്സ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), എഫ്.സി.ഐ എന്നിവിടങ്ങളിൽ നിന്നുള്ള 80 ശതമാനത്തിലധികം വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിച്ചു.

14. ഇക്കോ ടൂറിസം വികസനം

- സൈലന്റ് വാലിയിലും മീശപ്പുലിമലയിലും ഇക്കോട്ടൂറിസം പ്രവർത്തനങ്ങളുടെ വിപുലീകരണം

- തേക്കടിയിലെ സന്ദർശകർക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തെന്മലയിലെ മാൻ പുനരധിവാസ കേന്ദ്ര നവീകരണം, ഇരവികുളം നാഷണൽ പാർക്കിലെ വിനോദസഞ്ചാര സൗകര്യങ്ങളുടെ നവീകരണം, തെന്മലയിലെ ആംഫി തിയേറ്റർ നവീകരണം.

15. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സംരംഭങ്ങൾ

- വേളിയെ വിനോദസഞ്ചാര ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി, ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ, കൺവെൻഷൻ സെന്റർ എന്നിവയുടെ നിർമ്മാണവും അർബൻ വെറ്റ്ലാൻഡ് നേച്ചർ പാർക്കിന്റെ ആശയ രൂപീകരണവും ആരംഭിച്ചു.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രസാദ്' പ്രകാരം ഗുരുവായൂരിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ പൂർത്തിയാക്കി.
- വടക്കൻ മലബാർ മേഖലയിൽ അടുത്ത 30 വർഷത്തേക്ക് വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങളുടെയും നിക്ഷേപങ്ങളുടെയും ചിട്ടയായ വികസനം ആസൂത്രണം ചെയ്യുന്നതിനായി വടക്കേ മലബാറിനായി വിനോദസഞ്ചാര അടിസ്ഥാനസൗകര്യ നിക്ഷേപ പദ്ധതി തയ്യാറാക്കൽ.
- കെ.ടി.ഐ.എൽ ഏകോപിപ്പിച്ച മടവൂർപ്പാറ വിനോദസഞ്ചാര സോണിന്റെ വികസന പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി. പൊൻമുടിയിൽ കൂടുതൽ പരിസ്ഥിതി സൗഹാർദ്ദവും സുരക്ഷിതവുമായ വിനോദസഞ്ചാരം ആരംഭിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും കെ.ടി.ഐ.എൽ പ്രേരകമാകുകയും വനം വകുപ്പുമായി സഹകരിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയും ചെയ്തു.

16. 2017-22ൽ കേരള വിനോദസഞ്ചാരം നേടിയ അവാർഡുകൾ

- 2016-17 ലെ ദേശീയ വിനോദസഞ്ചാര അവാർഡുകൾ - 9 വിഭാഗങ്ങളിൽ -മികച്ച സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം (രണ്ടാം സ്ഥാനം), മികച്ച സിനിമ, ഹാൾ ഓഫ് ഫെയിം വിഭാഗം.
- പ്രണയത്തിന്റെ ഏറ്റവും മികച്ച വിനോദസഞ്ചാര കേന്ദ്രം, കേരളത്തിലെ മൂന്നാർ - ലോൺലി പ്ലാനറ്റ് മാഗസിന്റെ ഇന്ത്യ ട്രാവൽ അവാർഡ് 2017
- ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ് 2018 - ബിനാലെ കാമ്പെയ്നിന് വേണ്ടി - ഐടിബി ബെർലിനിൽ "ലൈവ് ഇൻസ്പൈർഡ് "
- വേൾഡ് ട്രാവൽ മാർട്ടിൽ (ഡബ്ല്യൂ.റ്റി.എം) ലണ്ടൻ 2018 ലെ മികച്ച ഉത്തരവാദിത്ത വിനോദസഞ്ചാര അവാർഡ്.
- ആദ്യത്തെ ഇന്റർനാഷണൽ ട്രാവൽ & ടൂറിസം അവാർഡ് 2018 - ഉത്തരവാദിത്ത വിനോദസഞ്ചാരത്തിലെ ഏറ്റവും മികച്ചത്
- ദേശീയ വിനോദസഞ്ചാര അവാർഡ് 2019 - രണ്ട് വിഭാഗങ്ങളിൽ: മികച്ച സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം - സമഗ്ര വികസനം (മൂന്നാം സ്ഥാനം) & മികച്ച സിനിമ
- എമർജിംഗ് ഗ്ലോബൽ ഡെസ്റ്റിനേഷൻ - യു.എൻ.ഡബ്ല്യൂ.റ്റി.ഒ-യിൽ നിന്നുള്ള ആക്സസബിൾ ഡെസ്റ്റിനേഷൻ അവാർഡ് 2019
- പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ ഗോൾഡ് അവാർഡുകൾ 2019 - മൂന്ന് എണ്ണം - കുമരകത്തെ സ്ത്രീകളുടെ എത്നിക് ഫുഡ് റെസ്റ്റോറന്റിനും പരസ്യ പ്രചാരണത്തിനും - കം ഔട്ട് ആന്റ് പ്ലേയ്ക്കും വിനോദസഞ്ചാര വെബ്സൈറ്റിനും
- വിനോദസഞ്ചാര മാർക്കറ്റിംഗിനുള്ള പി.എ.റ്റി.എ ഗ്രാൻഡ് അവാർഡ് - ഹ്യൂമൻ ബൈ നേച്ചർ 2020
- ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ്, ബെർലിൻ - മികച്ച പ്രിന്റ് കാമ്പെയ്ൻ 2020 & മികച്ച ചിത്രം 2020
- ട്രാവൽ + ലെഷർ ഗ്ലോബൽ വിഷൻ അവാർഡ് 2022- ഉത്തരവാദിത്ത വിനോദസഞ്ചാര മിഷൻ, കേരളം

- ഡബ്ല്യൂ.റ്റി.എം അവാർഡുകൾ 2022 - അയ്യനം മോഡൽ ഉത്തരവാദിത്ത വിനോദസഞ്ചാര വില്ലേജ് പ്രോജക്ട്.
- ഡബ്ല്യൂ.റ്റി.എം ഹൈലി കമന്റ്ഡ് അവാർഡ് 2021- meaningful connection- കോവിഡ് 19 ലോക്ക്ഡൗൺ കാലയളവിൽ ഉത്തരവാദിത്ത വിനോദസഞ്ചാര മിഷൻ യൂണിറ്റുകൾ മുഖേന വർക്ക് അറ്റ് ഹോം വീഡിയോകൾ
- പി.എ.റ്റി.എ ഗോൾഡ് അവാർഡുകൾ- 2019 വിനോദസഞ്ചാര മേഖലയിലെ വനിതാ ശാക്തീകരണ വിഭാഗത്തിൽ
- വേൾഡ് ട്രാവൽ മാർട്ട് ഉത്തരവാദിത്ത വിനോദസഞ്ചാര അവാർഡുകൾ-2017.

മേഖലയിലെ നിർണ്ണായക വിടവുകൾ/പരിഹരിക്കപ്പെടേണ്ട പ്രധാന പ്രശ്നങ്ങൾ

1. പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾക്കുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിന് പ്രത്യേക വിഹിതം ആവശ്യമാണ്.
2. പ്രധാന വിനോദസഞ്ചാര തീം പാർക്കുകൾക്കുള്ള ഭൂമി ലഭ്യത
3. സംരംഭകർക്ക് ഏകജാലക ക്ലിയറൻസുകൾ
4. വരാനിരിക്കുന്ന സംരംഭകർക്കുള്ള സബ് സിഡികൾ.
5. പുതിയ വിനോദസഞ്ചാര പദ്ധതികൾ കൊണ്ടുവരുന്നതിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ
6. കോവിഡ് 19 മഹാമാരി മൂലം വിനോദസഞ്ചാര വ്യവസായം നേരിടുന്ന നഷ്ടം
7. അയൽ സംസ്ഥാനങ്ങളിൽ നിന്നും, ശ്രീലങ്ക/മറ്റ് ഏഷ്യൻ രാജ്യങ്ങൾ പോലുള്ള രാജ്യങ്ങളിൽ നിന്നുമുള്ള വിപണിയിലെ മത്സരം
8. ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിന് യോഗ്യതയുള്ളവരുടെ അഭാവം
9. സംസ്ഥാനത്തിനുള്ളിലെ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള കണക്റ്റിവിറ്റിയിലെ പരിമിതികൾ, അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ സംസ്കരണം, സുരക്ഷാ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
10. സുസ്ഥിരമായ രീതിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും മാനേജ്മെന്റ് ഉദാ:- മുസിരിസ് പൈതൃക പദ്ധതി
11. കെട്ടുറപ്പുള്ള വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെ/അനുഭവങ്ങളുടെ അഭാവം.
12. ജോയിന്റ് വെഞ്ചർ കമ്പനിയുടെ പുനഃക്രമീകരണം, പുതിയ ജോയിന്റ് വെഞ്ചർ പങ്കാളികളെ തിരിച്ചറിയൽ തുടങ്ങിയവ.
13. CRZ അംഗീകാരങ്ങളുമായി ബന്ധപ്പെട്ട കാലതാമസം, കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവ.
14. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അഭാവം.

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

1. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ട്രാവൽ ആൻഡ് ടൂറിസം മേഖല ഒരു പ്രധാന പങ്ക് വഹിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് മേഖലകളെ ഉത്തേജിപ്പിച്ച് സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാൻ വലിയ സാധ്യതയുള്ള ഒരു മേഖലയാണിത്. മഹാമാരി കാലഘട്ടത്തിൽ വരുമാന പുനരുജ്ജീവനത്തിൽ വിനോദസഞ്ചാരത്തിന് ഒരു പ്രധാന പങ്ക് ഉണ്ട്. പകർച്ചവ്യാധിക്ക് ശേഷമുള്ള ലോകത്ത്, വിനോദസഞ്ചാരികളുടെ മുന്നേറ്റത്തിൽ കുത്തനെ വർദ്ധനവുണ്ടാകുന്നതിന് അനുസരിച്ച് ബിസിനസ്സ് അവസരങ്ങൾ നേടിയെടുക്കാൻ കേരളം നന്നായി സജ്ജമാകണം.
2. പ്രകൃതി ദുരന്തങ്ങൾ മുതൽ മഹാമാരി മൂലം നിർബ്ബന്ധിതമായ നിയന്ത്രണങ്ങൾ വരെ തുടർച്ചയായി തിരിച്ചടികൾ നേരിട്ടത് കാരണം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉദ്ദേശിക്കപ്പെട്ട വളർച്ചാ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഈ മേഖലയ്ക്ക് കഴിഞ്ഞില്ല, 2019-ലെ

കണക്കുകൾ സൂചിപ്പിക്കുന്നത്, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ വളർച്ചാ പ്രവചനങ്ങൾ തീർച്ചയായും കൈവരിക്കാനാകുമെന്നാണ്, കാരണം സംസ്ഥാനം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.8 ശതമാനവും വിദേശവരവിൽ 8.5 ശതമാനവും മുൻവർഷത്തെക്കാൾ വളർച്ച രേഖപ്പെടുത്തി. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ന്യായമായ ലക്ഷ്യം ആഭ്യന്തരവരവിൽ 15 ശതമാനവും വിദേശവരവിൽ 10 ശതമാനവും വാർഷിക വളർച്ചയാണ്. ഇത് നേടുന്നതിന്, അന്തർദേശീയ, ആഭ്യന്തര (മറ്റ് സംസ്ഥാനങ്ങൾ), പ്രാദേശിക (കേരളത്തിനുള്ളിൽ) വിനോദസഞ്ചാരികളുടെ വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാനം പ്രത്യേക തന്ത്രങ്ങൾ വികസിപ്പിക്കണം. എണ്ണം വർദ്ധിച്ചുവരുന്ന യുവസഞ്ചാരികൾ, ഒറ്റയ്ക്ക് യാത്ര ചെയ്യുന്നവർ, സ്ത്രീ സഞ്ചാരികൾ, മുതിർന്ന യാത്രക്കാർ എന്നിങ്ങനെയുള്ള വിനോദസഞ്ചാരത്തിലെ ഉയർന്നുവരുന്ന പ്രവണതകൾക്ക് അനുസൃതമായി വിനോദസഞ്ചാര വികസനത്തിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിൽ വിവിധ തരത്തിലുള്ള വിനോദസഞ്ചാര ഉൽപ്പന്നങ്ങളുടെയും പാക്കേജുകളുടെയും വികസനവും പ്രചരണവും ഉൾപ്പെടും.

3. വിനോദസഞ്ചാരകേന്ദ്രങ്ങളുടെ വികസനം: സംസ്ഥാനത്തുടനീളമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികളിൽ കേരള സർക്കാർ നിക്ഷേപം നടത്തുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഈ സമീപനം പരിഷ്കരിക്കുകയും മികച്ച രീതിയിൽ ക്രമീകരിക്കുകയും ചെയ്യുന്നതാണ്. പ്രാദേശിക വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്ന സഞ്ചാര കേന്ദ്രങ്ങളെ തിരിച്ചറിയൽ, വികസനം, മാനേജ്മെന്റ് എന്നിവയിൽ പ്രാദേശിക സർക്കാരുകളെ ഉൾപ്പെടുത്തുക എന്നതായിരിക്കും സമീപനത്തിന്റെ ഊന്നൽ. ഇത് പ്രാദേശിക ഉടമസ്ഥതയും പങ്കാളിത്തവും സാധ്യമാക്കുകയും സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ പോലും കണ്ടെത്തപ്പെടാത്ത സ്ഥലങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. യാത്രക്കാർക്ക് ഈ ലക്ഷ്യസ്ഥാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് അതിന്റെ നെറ്റ്‌വർക്കുകൾ ഉപയോഗിക്കുന്നതിന് പുറമെ, സംസ്ഥാന ഗവൺമെന്റ് പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് അത്തരം ലക്ഷ്യസ്ഥാനങ്ങളിൽ ആവശ്യമായ പദ്ധതികൾക്ക് ഭാഗിക ധനസഹായവും നൽകും. സംസ്ഥാനത്തിന് പരമ്പരാഗതവും വ്യവസ്ഥാപിതവുമായ നിരവധി വിനോദസഞ്ചാര കേന്ദ്രങ്ങളുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ നിന്നുള്ള നേട്ടങ്ങൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ചേർത്ത് ഏകീകരിക്കേണ്ടതുണ്ട്. കോവളം, കുമരകം, ബേക്കൽ, മുസിരിസ് തുടങ്ങി അവയിൽ ചിലത് ഹബ്ബുകളോ പ്രധാന കേന്ദ്രങ്ങളോ ആയി വികസിപ്പിക്കും. മുമ്പ് സൂചിപ്പിച്ച പുതിയ സഞ്ചാര കേന്ദ്രങ്ങൾക്ക് കേന്ദ്ര സ്ഥാനങ്ങളായി പ്രവർത്തിക്കാനും വിനോദസഞ്ചാരികളുടെ അനുഭവം വർദ്ധിപ്പിക്കാനും കഴിയും. കേരളത്തിന്റെ വിനോദസഞ്ചാര ആസ്തികളുടെ വൈവിധ്യം കണക്കിലെടുത്ത്, പ്രാദേശിക സർക്കാരുകളുടെ സജീവ പങ്കാളിത്തത്തോടെ പ്രാദേശിക അല്ലെങ്കിൽ ജില്ലാ ലക്ഷ്യസ്ഥാനങ്ങൾ വികസിപ്പിക്കാനുള്ള സാധ്യതകൾ സംസ്ഥാനത്ത് ഉണ്ട്.

4. നൈപുണ്യ വികസനവും തൊഴിലവസരവും: സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ സ്വാംശീകരിക്കുന്നതിനുള്ള അവസരങ്ങൾ വിനോദസഞ്ചാര മേഖല വാഗ്ദാനം ചെയ്യുന്നു. രാജ്യത്തെ ഹോസ്പിറ്റാലിറ്റി മേഖലയ്ക്കായി ഉന്നത നിലവാരമുള്ള മാനവവിഭവശേഷി വാർത്തെടുക്കുന്നതിനുള്ള വൈദഗ്ധ്യം കേരളത്തിനുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിന്, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളും (എഫ്സിഐ) മൂന്ന് ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകളുമുണ്ട്. എഫ്സിഐകളിലെ അടിസ്ഥാന സൗകര്യങ്ങളും അധ്യാപന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉടൻ ആരംഭിക്കേണ്ടതുണ്ട്. വിനോദസഞ്ചാര മേഖലയുടെ ഉയർന്നുവരുന്ന ആവശ്യകതകളെ അടിസ്ഥാനമാക്കി വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പുതിയ കഴിവുകൾ വികസിപ്പിക്കുന്നതിനുമുള്ള നയങ്ങൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. വിനോദസഞ്ചാര പരിശീലന കേന്ദ്രങ്ങൾ അവരുടെ അക്കാദമിക് പരിപാടികളുടെ ഭാഗമായി ലോകോത്തര പരിശീലനം സാധ്യമാക്കുന്നതിനാൽ പുതിയതും സമർപ്പിതവുമായ ഉള്ളടക്കവും കൊണ്ടുവരേണ്ടതാണ്.

5. വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ: പൊതു-സ്വകാര്യ മേഖലകൾ സൃഷ്ടിക്കുന്ന വിനോദസഞ്ചാര ഉൽപന്നങ്ങളെ കേരള സർക്കാർ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഗുണനിലവാരവും സേവനവും മെച്ചപ്പെടുത്തുന്നതിന് ഹൗസ്ബോട്ട് മേഖല പോലുള്ള

സ്ഥാപിതവും പ്രസിദ്ധവുമായ ഉൽപ്പന്നങ്ങൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സാഹസിക വിനോദസഞ്ചാരത്തിൽ വാഗ്ദാനം ചെയ്യുന്ന പുതിയ ഉൽപ്പന്നങ്ങൾക്ക് വിനോദസഞ്ചാര വകുപ്പ് ശക്തമായ ചട്ടക്കൂടുകൾ നൽകണം. കാരവാനുകൾ, ഫാംസ്റ്റേകൾ, പ്രകൃതി വിനോദസഞ്ചാരം തുടങ്ങിയ രസകരമായ അനുഭവങ്ങൾ നൽകുന്ന പുതിയ ഉൽപ്പന്നങ്ങൾ ഉചിതമായ ഇൻസെൻറ്റീവ് സംവിധാനങ്ങളിലൂടെ പ്രോത്സാഹിപ്പിക്കണം. ഇൻഡോർ, ഔട്ട്ഡോർ പ്രവർത്തനങ്ങൾ, സ്വതന്ത്രവും self guided ടൂറുകൾ, വെൽനസ് ടൂറിസം ഉൾപ്പെടുന്ന ടൂറുകൾ എന്നിവയുടെ സമ്മിശ്ര വിനോദസഞ്ചാര ഉൽപ്പന്നങ്ങളും വികസിപ്പിക്കാവുന്നതാണ്. വാട്ടർ സ്പോർട്സ്, ഭക്ഷണം, രാത്രി ഷോപ്പിംഗ് എന്നിവ പരീക്ഷിക്കാവുന്ന രീതികളാണ്. വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ സവിശേഷവും സമ്പന്നവുമായ അനുഭവം നൽകണം.

6. സഞ്ചാര കേന്ദ്രങ്ങളിലെ പ്രതികൂല സാഹചര്യങ്ങളോട് വിനോദസഞ്ചാര മേഖല വളരെ പെട്ടന്ന് പ്രതികരിക്കുന്നു. 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്കവും തുടർന്നുണ്ടായ കോവിഡ്-19 മഹാമാരിയും ഈ മേഖലയെ സാരമായി ബാധിച്ചു. പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും പൂർണ്ണ തോതിലെത്തുന്നതിനും യൂണിറ്റുകളെ സഹായിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ആരോഗ്യ പ്രോട്ടോക്കോളുകളും (ശുചിത്വവും സുരക്ഷയും) വിശ്വാസവും വികസിപ്പിക്കാനുള്ള ശ്രമങ്ങളുമായി ഈ ശ്രമം കൈകോർക്കുകയും, അതുവഴി ജനങ്ങൾ യാത്ര ചെയ്യാൻ തുടങ്ങുകയും ചെയ്യും. വിനോദസഞ്ചാര ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള മാർഗ്ഗനിർദ്ദേശ തത്വങ്ങളിൽ ഒന്നായിരിക്കണം ദുരന്ത പ്രതിരോധം.
7. ഉത്തരവാദിത്ത വിനോദസഞ്ചാരം: കേരളത്തിലെ എല്ലാ സ്ഥലങ്ങളിലേക്കും ഉത്തരവാദിത്ത വിനോദസഞ്ചാര സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുകയും ഗ്രാമീണ അനുഭവത്തിന്റെ വ്യത്യസ്ത രൂപങ്ങൾ ഉൾക്കൊള്ളുന്ന വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇത് വിനോദസഞ്ചാരത്തെ ഒരു പങ്കാളിത്ത പ്രക്രിയയാക്കാനും വിനോദസഞ്ചാര സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും പ്രാദേശിക സമൂഹങ്ങൾക്ക് തൊഴിൽ സൃഷ്ടിക്കാനും സഹായിക്കും. ഹോംസ്റ്റേകൾ വിനോദസഞ്ചാരികൾക്ക് അതുല്യമായ അനുഭവങ്ങൾ നൽകുകയും വിനോദസഞ്ചാര ശ്രമങ്ങളിൽ പ്രാദേശിക ജനങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യുന്നു.
8. വിനോദസഞ്ചാര നിക്ഷേപവും ഫണ്ടിംഗും: പുതിയ പദ്ധതികൾ തുടങ്ങാൻ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. താമസ സൗകര്യം, ട്രാവൽ ഏജന്റുമാർ, ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ പ്രൊവൈഡർമാർ, ക്രൂയിസ് ഓപ്പറേറ്റർമാർ തുടങ്ങിയ വിനോദസഞ്ചാര മേഖലകളിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക തന്ത്രങ്ങൾ തയ്യാറാക്കും. വിനോദസഞ്ചാര പ്രചരണം, അടിസ്ഥാന സൗകര്യങ്ങൾ, ലക്ഷ്യസ്ഥാന വികസനം എന്നിവയ്ക്കായി പൊതു ധനസഹായം തുടരും, വിനോദസഞ്ചാര പ്രചരണത്തിൽ സംസ്ഥാനം പ്രത്യേക ശ്രദ്ധ നൽകും.
9. കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് മികച്ച സ്ഥിതിവിവരക്കണക്കുകളും ഡാറ്റ ശേഖരണം, മാനേജ്മെന്റ്, പ്രോസസ്സിംഗ് രീതികളുടെ ഒരു പുനഃപരിശോധനയും ആവശ്യമാണ്. വിനോദസഞ്ചാര വ്യവസായത്തിന്റെ സുഗമമായ പ്രവർത്തനവും വളർച്ചയും ഉറപ്പാക്കുന്നതിന്, വിനോദസഞ്ചാര വ്യവസായത്തിലെ വിവിധ പങ്കാളികൾക്ക് സമയബന്ധിതവും കൃത്യവുമായ വിവരങ്ങൾ ഡാറ്റാ സംവിധാനം നൽകണം.

കാഴ്ചപ്പാട്

വിനോദസഞ്ചാര വ്യവസായത്തിലെ എല്ലാ പങ്കാളികളുടേയും ബുദ്ധിപരമായ ഇടപെടലിലൂടെ വിനോദസഞ്ചാരികൾക്ക് ഗുണമേന്മയുള്ള അനുഭവവും പ്രാദേശിക സമൂഹങ്ങൾക്ക് ഉയർന്ന സാമ്പത്തിക നേട്ടങ്ങളും നൽകിക്കൊണ്ട് കേരള വിനോദസഞ്ചാരത്തെ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ മാതൃകയായി വളർത്തുക.

ഉദ്ദേശങ്ങൾ

1. ഉയർന്ന നിലവാരമുള്ള സന്ദർശക അനുഭവത്തിനായി സഞ്ചാരകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക.
2. അതുല്യവും നൂതനവും വൈവിധ്യപൂർണ്ണവുമായ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുക.
3. വിനോദസഞ്ചാര വികസനത്തിൽ സുസ്ഥിരമായ രീതികൾ സ്വീകരിക്കുക.

4. ആഭ്യന്തര, അന്തർദേശീയ വിപണികളിൽ കേരളത്തെ ഊർജ്ജസ്വലമായ ഒരു ലക്ഷ്യസ്ഥാനമായി ഉയർത്തുക.
5. വിനോദസഞ്ചാര മേഖലയിൽ നിക്ഷേപത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുക.
6. വിനോദസഞ്ചാര ബിസിനസ്സിന് ഒരു നിയന്ത്രണ ചട്ടക്കൂട് ഉണ്ടാക്കുക.
7. വിനോദസഞ്ചാര,ഹോസ്പിറ്റാലിറ്റി മേഖലകൾക്കായി വൈദഗ്ധ്യമുള്ള വിഭവങ്ങൾ വികസിപ്പിക്കുക.
8. വിനോദസഞ്ചാര ഡാറ്റ മാനേജ്മെന്റിനായി നൂതന സംവിധാനങ്ങൾ വികസിപ്പിക്കുക.
9. ലക്ഷ്യസ്ഥാനങ്ങൾ/ഉൽപ്പന്നങ്ങൾ/ബിസിനസ് വികസനം, നിക്ഷേപ ആകർഷണം എന്നിവയിൽ പിപിപി-കൾ പ്രോത്സാഹിപ്പിക്കുക.
10. പുതിയതും നൂതനവുമായ വിനോദസഞ്ചാര ഉൽപ്പന്നങ്ങൾ തുടർച്ചയായി വാഗ്ദാനം ചെയ്തുകൊണ്ട് സന്ദർശകർ വീണ്ടും വരുന്നതിനെ പ്രോത്സാഹിപ്പിക്കുക.

ലക്ഷ്യങ്ങൾ

1. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 15 ശതമാനവും വിദേശ വിനോദസഞ്ചാരികളുടെ വരവിൽ 10 ശതമാനവും വളർച്ചാ നിരക്ക് ലക്ഷ്യമിടുന്നു.
2. 25 വിനോദസഞ്ചാര ഹബ്ബുകളുടെ വികസനം
3. ആകെ ആർടി മിഷൻ യൂണിറ്റുകളുടെ എണ്ണം 50,000 ആയും ആകെ ഗുണഭോക്താക്കളുടെ എണ്ണം 2.5 ലക്ഷമായും വർദ്ധിപ്പിക്കുവാനും 50,000 പേർക്ക് പരിശീലനം നൽകാനും 75 കോടി രൂപ വരുമാനം നേടാനും ലക്ഷ്യമിടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായുള്ള പ്രധാന സംരംഭങ്ങൾ/നിർദ്ദേശങ്ങൾ/ലക്ഷ്യങ്ങൾ

1. ടൂറിസം ഹബ്ബുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക - കേരളത്തിലെ ഓരോ ജില്ലയിലും പിപിപി മോഡിൽ ടൂറിസം ഹബ്ബുകൾ വികസിപ്പിക്കുക- 25 എണ്ണം.
2. ഡെസ്റ്റിനേഷൻ ചലഞ്ച് സ്കീം - ഗ്രാമപഞ്ചായത്ത് തലത്തിൽ സഞ്ചാരകേന്ദ്രങ്ങൾ കണ്ടെത്തുക.
3. ജൈവവൈവിധ്യ സർക്യൂട്ട് പദ്ധതി - കൊല്ലത്തിന്റെ വിവിധ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
4. മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതി - ബേപ്പൂർ മുതൽ മലപ്പുറം വഴി പാലക്കാട് വരെയുള്ള വിവിധ സാഹിത്യ പ്രാധാന്യമുള്ള സ്ഥലങ്ങളെ ബന്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.
5. കോവിഡ്-19 സാമ്പത്തിക സഹായത്തിനുള്ള റിവോൾവിംഗ് ഫണ്ട് സ്കീം.
6. ദേശീയ അന്തർദ്ദേശീയ വ്യാപാര മേളകളിൽ പങ്കാളിത്തം, B2B മീറ്റുകൾ, പ്രധാന ആഗോള എയർപോർട്ട് ടെർമിനലുകൾ, ടെലിവിഷൻ, എഫ്എം റേഡിയോകൾ, ഫിലിം തിയേറ്റർ എന്നിവ വഴിയുള്ള പരസ്യ കാമ്പെയ്നുകൾ പോലുള്ള തന്ത്രപരമായ വിപണന പദ്ധതികൾ; കേരള വിനോദസഞ്ചാരത്തിന് ശക്തമായ വെബ്സൈറ്റ് പിന്തുണയും ശക്തമായ സോഷ്യൽ മീഡിയ പിന്തുണയും മാനേജ്മെന്റും നിലനിർത്തുക.
7. നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, മൺസൂൺ രാഗ സംഗീതോത്സവം, പുഷ്പോത്സവം, ബേപ്പൂർ ജലോത്സവം, ഉൽസവം, ഓണാഘോഷം, ചാമ്പ്യൻസ് ബോട്ട് ലീഗ് തുടങ്ങിയ വാർഷിക കലണ്ടർ പരിപാടികളോടെ സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനുള്ള പ്രചരണ പരിപാടികളും ഉത്സവങ്ങളും, കൂടാതെ നാടോടി ഉത്സവങ്ങൾ, വള്ളംകളി, ഉൽസവം തുടങ്ങി തിരഞ്ഞെടുത്ത സംസ്ഥാന പരിപാടികൾക്ക് സ്പോൺസർഷിപ്പും.
8. ലോകോത്തര ടോയ്‌ലറ്റ് ബ്ലോക്കുകൾ, ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പെയ്നുകൾ, ജലാശയങ്ങളിൽ വിനോദസഞ്ചാര ഗൈഡുകളുടെ വിന്യാസം, ടൂറിസം പോലീസ്, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വൈഫൈ, സിസിടിവി സ്ഥാപിക്കൽ, വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ, ഹൗസ് ബോട്ട് മാലിന്യ നിർമ്മാർജനത്തിന് പ്രത്യേക ഊന്നൽ എന്നിവയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വൃത്തിയുള്ളതും സുരക്ഷിതവുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ.

9. സ്ഥിരം വേദിയുള്ള കൊച്ചി മുസിരിസ് ബിനാലെ 2022, 2024, 2026 പോലുള്ള ദ്വി വാർഷിക പരിപാടികൾ; ആലപ്പുഴ ബിനാലെ (ലോകമേ തറവാട്) 2023, 2025; കേരള ട്രാവൽ മാർട്ട് 2022, 2024 & 2026.
10. നിലവിലെ മുസിരിസ്, തലശ്ശേരി, തിരുവിതാംകൂർ പൈതൃക പദ്ധതികളുടെ പൂർത്തീകരണം. പാലക്കാട് ഹെറിറ്റേജ്, പൊന്നാനി ഹെറിറ്റേജ്, ബേപ്പൂർ ഹെറിറ്റേജ്, കൊല്ലം ഹെറിറ്റേജ് തുടങ്ങിയ പുതിയ പൈതൃക പദ്ധതികൾ.
11. ലഭ്യമായ ടൂറിസം മാസ്റ്റർ പ്ലാനുകളുടെ ശരിയായ പഠനവും നടപ്പാക്കലും.
12. ടൂറിസം എംപ്ലോയി വെൽഫെയർ ബോർഡ് സ്ഥാപിക്കൽ.
13. ആയുർവേദം, ആയോധനകല, വെൽനസ് വിനോദസഞ്ചാരം എന്നിവയിൽ പുതിയ കോഴ്സുകളുള്ള വിനോദസഞ്ചാര മനുഷ്യവിഭവ വികസന പ്രവർത്തനങ്ങൾ.
14. മൂന്നാറിൽ റെയിൽ പദ്ധതി, മൂന്നാറിൽ ബൊട്ടാണിക്കൽ ഗാർഡൻ മൂന്നാം ഘട്ടം
15. ലോകമെമ്പാടുമുള്ള അംഗീകൃത പെപ്പർ & സ്ട്രീറ്റ് പ്രോജക്ടുകൾ വിപുലീകരിച്ചുകൊണ്ട് ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങൾ തുടരും. ശക്തമായ ആർടി നയം രൂപീകരിക്കും.
16. വിനോദസഞ്ചാര ഓഫീസുകളും വിനോദസഞ്ചാര ഇൻഫർമേഷൻ സെന്ററുകളും ശക്തിപ്പെടുത്തുക.
17. കേരള ഹൗസുകൾ, അതിഥി മന്ദിരങ്ങൾ, യാത്രി നിവാസ് എന്നിവിടങ്ങളിൽ വിഐപികൾക്കും വിവിഐപികൾക്കും ഉത്തരവാദിത്തമുള്ള സേവന പ്രോട്ടോക്കോളുകളോടെ, സമയോചിതമായ നവീകരണവും അതിന്റെ പരിപാലനവും സഹിതം മുഴുവൻ സമയ സേവനം ഉറപ്പാക്കുന്നു.
18. പുതിയ ഇക്കോ-ടൂറിസം ലക്ഷ്യസ്ഥാനങ്ങൾ വികസിപ്പിക്കുക, നിലവിലുള്ള ലക്ഷ്യസ്ഥാനങ്ങളെയും വനം വന്യജീവി സങ്കേതങ്ങളിൽ പുതിയ ഇക്കോ വിനോദസഞ്ചാര ഉൽപ്പന്നങ്ങളെയും ശക്തിപ്പെടുത്തുക. ഓരോ ജില്ലയിലും ഒരു മാതൃകാ ഇക്കോടൂറിസം കേന്ദ്രം വികസിപ്പിക്കുക.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

1. സ്വകാര്യ നിക്ഷേപകരും ടൂർ ഓപ്പറേറ്റർമാരും പ്രാദേശിക കമ്മ്യൂണിറ്റികളും പ്രധാന പങ്കാളികളാകുന്ന പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിലാണ് കാരവൻ കേരള വികസിപ്പിച്ചിരിക്കുന്നത്. ഈ പ്രവർത്തനത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ വിനോദസഞ്ചാര കാരവനുകളും കാരവൻ പാർക്കുകളുമാണ്. കാരവൻ വിനോദസഞ്ചാര സുസ്ഥിരമായ വളർച്ചയ്ക്കും പ്രാദേശിക സമൂഹങ്ങളുടെ പ്രയോജനത്തിനുമായി ഉത്തരവാദിത്ത വിനോദസഞ്ചാര പ്രവർത്തനങ്ങളും പരിസ്ഥിതി സൗഹൃദ രീതികളും പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനവും പ്രോത്സാഹിപ്പിക്കും. കാരവൻ വിനോദസഞ്ചാരത്തിന്റെ പ്രധാന സവിശേഷത പരിസ്ഥിതി സൗഹൃദമാണ് എന്നതാണ്. അതിഥികളുടെ സമ്പൂർണ സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ തയ്യാറാക്കിയ തത്സമയ നിരീക്ഷണ സംവിധാനവും ഉണ്ട്. വിനോദസഞ്ചാരികൾക്ക് തടസ്സരഹിതവും സമ്മർദ്ദരഹിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്ന ഒരു കാരവൻ പാർക്ക് പൂർണ്ണമായും സുരക്ഷിതവും സംരക്ഷിതവുമായ മേഖലയായിരിക്കും.
2. രണ്ട് പുതിയ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതികൾ - ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട് എന്നിവ സംസ്ഥാനത്തെ സാംസ്കാരിക, പൈതൃക, പാരിസ്ഥിതിക വിനോദസഞ്ചാരത്തെ ശക്തിപ്പെടുത്തുകയും വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുകയും ചെയ്യും. മലബാർ ലിറ്ററി സർക്യൂട്ട് തിരൂർ, ബേപ്പൂർ, തസ്രാക്ക്, പൊന്നാനി, തൃത്താല, ഭാരതപ്പുഴയുടെ തീരം എന്നിവിടങ്ങളിലെ തുഞ്ചൻ സ്മാരകങ്ങളെയും ബന്ധിപ്പിക്കും. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ-മരുതിമല, ജഡായു പാറ, തെന്മല, അച്ചൻകോവിൽ എന്നിവിടങ്ങളെ ബന്ധിപ്പിക്കുന്നതാണ് ജൈവവൈവിധ്യ സർക്യൂട്ട്.
3. "ഒരു പഞ്ചായത്ത് - ഒരു ലക്ഷ്യസ്ഥാനം" പദ്ധതി, സംസ്ഥാനത്ത് കുറഞ്ഞത് 500 പുതിയ ലക്ഷ്യസ്ഥാനങ്ങളെങ്കിലും പര്യവേക്ഷണം ചെയ്യാനും വരും വർഷങ്ങളിൽ അവ പങ്കാളിത്ത അടിസ്ഥാനത്തിൽ വികസിപ്പിക്കാനും ലക്ഷ്യമിടുന്നു.

ഉപസംഹാരം

ചരിത്രപരവും സാംസ്കാരികവുമായ സമ്പന്ന പാരമ്പര്യങ്ങളുള്ള സംസ്ഥാനമായ കേരളം, സന്ദർശകർക്ക് ലോകോത്തര വിനോദ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കേരളം എപ്പോഴും ഒറ്റ ബ്രാൻഡിന് കീഴിലാണ് വിപണനം ചെയ്യുന്നത്. പുതിയ ബ്രാൻഡുകളും ഉപ ബ്രാൻഡുകളും വികസിപ്പിക്കേണ്ടതുണ്ട്. പുതിയ ഉൽപ്പന്നങ്ങളും അറിയപ്പെടാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളും കണ്ടെത്തുകയും, ഏറ്റവും പ്രധാനമായി പാരമ്പര്യേതര വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും വികസനം പ്രോത്സാഹിപ്പിക്കുന്നതിന് വിനോദസഞ്ചാരത്തിന്റെ വ്യാപ്തി പൂർണ്ണമായി വിനിയോഗിക്കേണ്ടതുമാണ്. ഈ വ്യവസായത്തിന്റെ സാധ്യതകൾ മനസ്സിലാക്കി കേരളത്തെ ആഗോള വിനോദസഞ്ചാര ഹബ്ബാക്കി മാറ്റുന്നതിനുള്ള വിവിധ സംരംഭങ്ങൾ സംസ്ഥാന സർക്കാർ തുടരേണ്ടതുണ്ട്.

പുതിയ തന്ത്രങ്ങൾ സ്വീകരിക്കുന്നതിലൂടെയും പുതിയ ലക്ഷ്യങ്ങൾ രൂപപ്പെടുത്തുന്നതിലൂടെയും പുതിയ ദിശാബോധം നേടുന്നതിലൂടെയും ഈ മേഖല അഭിമുഖീകരിക്കുന്ന നിരവധി വെല്ലുവിളികൾ പരിഹരിക്കാൻ കഴിയും. വിനോദസഞ്ചാര ഉൽപന്നങ്ങളുടെ പരിചയപ്പെടുത്തൽ/ശക്തിപ്പെടുത്തൽ, മാനവ വിഭവശേഷി വികസനം, ഉത്തരവാദിത്ത വിനോദസഞ്ചാരം, തൊഴിലവസരങ്ങൾ, വിനോദസഞ്ചാരികളുടെ വരവ് തുടങ്ങിയവ വർദ്ധിപ്പിക്കാൻ കഴിയും. അക്കാദമിക് പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ, പരിശീലന പരിപാടികളിലൂടെയും വിനോദസഞ്ചാര മേഖലയിൽ നൈപുണ്യവും ഗുണമേന്മയുള്ളതുമായ മനുഷ്യവിഭവശേഷി സൃഷ്ടിക്കുന്നതിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കണം. വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളുടെ പങ്കാളിത്തം വഴി സർക്കാർ പിന്തുണയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

പതിനാലാം പദ്ധതിയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് സംസ്ഥാനം, വിനോദസഞ്ചാര വകുപ്പ്, വിനോദസഞ്ചാര ഏജൻസികൾ/സംഘടനകൾ, വ്യവസായ പങ്കാളികൾ, മറ്റുള്ളവർ എന്നിവ ഉൾപ്പെടുന്ന ശക്തമായ ഒരു സംയോജിത വിനോദസഞ്ചാര ആസൂത്രണം, വികസനം, മാനേജ്മെന്റ് സംവിധാനം, എന്നിവ ശക്തിപ്പെടുത്തേണ്ടതുണ്ട്.

അദ്ധ്യായം 5

ജലവിഭവം

5.1 ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും

മേഖലയുടെ അവലോകനം

കേരളത്തിന്റെ ജലവിഭവ മേഖലയിൽ വളരെ വൈരുദ്ധ്യം കാണപ്പെടുന്നുണ്ട്. ധാരാളം നദികൾ, തടാകങ്ങൾ, കുളങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ ഒരു വശത്തുണ്ടെങ്കിലും, മറുവശത്ത് ജലദൗർലഭ്യവും, കുറഞ്ഞ ആളോഹരി ജലലഭ്യതയുമാണുള്ളത്. ജല ഉപഭോഗത്തിൽ മുൻപന്തിയിൽ ഉള്ളത് പ്രാഥമിക മേഖലയാണ്. കൃഷി, മൃഗസംരക്ഷണം, ഉൾനാടൻ മത്സ്യബന്ധനം എന്നിവയുടെ വളർച്ചയിൽ ജലസേചനത്തിന് വലിയ പങ്കുണ്ട്. ഒരു സംസ്ഥാനത്തെ ജലപരിപാലനരീതികളിൽ അധിഷ്ഠിതമായിരിക്കും അവിടുത്തെ ജൈവവൈവിധ്യം.

സംസ്ഥാനത്ത് ലഭ്യമായ ജലവിഭവം ഫലപ്രദമായി വിനിയോഗിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. ജലസുരക്ഷിതത്വം, ജലവിഭവങ്ങളുടെ ദീർഘകാല സുസ്ഥിരത, തുല്യ ജലലഭ്യത, ജലപരിപാലനത്തിലെ അവകാശാധിഷ്ഠിത സമീപനം എന്നിവയാണ് ജലപരിപാലനരീതികളിൽ സംസ്ഥാനത്തിനുള്ള കാഴ്ചപ്പാട്. 2018, 2019 വർഷങ്ങളിലായി തുടർച്ചയായുണ്ടായ വെള്ളപ്പൊക്കം ഊന്നൽ നൽകുന്നത് നദീതടങ്ങളിലെ ശാസ്ത്രീയ ജലപരിപാലനത്തിന്റെ ആവശ്യകതയാണ്. ജലവിഭവ പരിപാലനത്തിനായി ഒരു സംയോജിത സമീപനവും, കൂടാതെ, ജലപരിപാലനവും ഭൂവിനിയോഗവുമായുള്ള സംയോജനവും വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

ഭൂഗർഭജലവും ഒരു പ്രധാന ജലസ്രോതസ്സാകയാൽ, അതിന്മേലുള്ള ആശ്രിതത്വം വർദ്ധിച്ചു വരുന്നതായി കാണപ്പെടുന്നു. കൃത്യമായ നിരീക്ഷണവും സമ്പ്രദായങ്ങളും ഇല്ലാതെയുള്ള വിവേചനരഹിതമായ ഉപയോഗം ഭൂഗർഭജലവിതാനം കുറയുന്നതിന് കാരണമാകുന്നു. കേരളത്തിലെ ഭൂഗർഭജലം പ്രധാനമായും ഉപയോഗിക്കുന്നത് ഗാർഹിക ആവശ്യങ്ങൾക്കും ജലസേചന ആവശ്യങ്ങൾക്കുമാണ്. സംസ്ഥാനത്തെ മൊത്തം വാർഷിക ഭൂഗർഭജല റീചാർജ് 5.65 ബിസിഎം ഉം, (ബില്ല്യൻ ക്യൂബിക് മീറ്റർ), വാർഷിക ഭൂഗർഭ ജല ലഭ്യത 2.65 ബിസിഎം ആയും കണക്കാക്കപ്പെടുന്നു. ഗാർഹിക ഉപയോഗത്തിന് വേണ്ട ഭൂർഗഭ ജലം 1.47 ബിസിഎം ഉം ജലസേചന ഉപയോഗത്തിന് വേണ്ടത് 1.16 ബിസിഎം ആയും കണക്കാക്കപ്പെടുന്നു. (ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള, മാർച്ച് 2020)

വൻകിട ഇടത്തരം ജലസേചനം, ചെറുകിട ജലസേചനം, കമാൻഡ് ഏരിയ വികസനം, വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ പരിപാലനവും എന്നീ വിഭാഗങ്ങളിലായിട്ടാണ് ജലസേചന മേഖലയിൽ പദ്ധതി വിഹിതം വകയിരുത്തുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

ജലസേചിത പ്രദേശം വിപുലീകരിക്കുന്നതിലൂടെ കാർഷിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, ജലസേചന കാര്യക്ഷമതയും, സാധ്യതയും വർദ്ധിപ്പിക്കുക, വൻകിട ഇടത്തരം ജലസേചന പദ്ധതികളിൽ നിന്നും ചെറുകിട ജലസേചനത്തിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക, കനാൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, രൂക്ഷമായ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് ജലസേചന സൗകര്യങ്ങൾ വ്യാപിപ്പിക്കുക, നിലവിൽ നിർമ്മാണത്തിലുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തീകരിക്കുക എന്നീ മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവൃത്തികളാണ് പ്രധാനമായും പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജലസേചനമേഖലയിൽ നടപ്പിലാക്കിയത്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ, പ്രസ്തുത പദ്ധതിക്കാലയളവിൽ, ചെറുകിട ജലസേചനത്തിന്റെ വിഹിതത്തിൽ വർദ്ധനവുണ്ടായെങ്കിലും, പദ്ധതി വിഹിതത്തിന്റെ പ്രധാന പങ്ക് വകയിരുത്തിയിരുന്നത് വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് തന്നെയായിരുന്നു. പതിമൂന്നാം പദ്ധതിക്കാലയളവിലെ അടങ്കൽ പദ്ധതി വിഹിതം 2682.15 കോടി രൂപയായിരുന്നു. ഇതിൽ, പ്രധാന വിഹിതം വൻകിട

ഇടത്തരം ജലസേചന പദ്ധതികൾക്കായിരുന്നു (51.79%). തുടർന്ന് ചെറുകിട ജലസേചനം (33%), വെള്ളപ്പൊക്ക നിയന്ത്രണം (14.46%), കമാൻഡ് ഏരിയ വികസനം (0.74 %) എന്നിങ്ങനെയാണ്.

പട്ടിക 5.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ അടങ്കൽ തുകയും ചെലവ് വിശദാംശങ്ങളും

(രൂപ കോടിയിൽ)

ഉപ മേഖലകൾ	പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതം	പതിമൂന്നാം പഞ്ചവത്സര പദ്ധതി ചെലവ്
വൻകിട ഇടത്തരം ജലസേചനം	1389.01	721.48
ചെറുകിട ജലസേചനം	885.31	648.10
കമാൻഡ് ഏരിയ വികസനം	20.00	1.83
വെള്ളപ്പൊക്ക നിയന്ത്രണവും തീരദേശ പരിപാലനവും	387.83	253.83
ആകെ	**2682.15**	**1625.24**

അവലംബം:വാർഷിക പദ്ധതി രേഖകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ പൊതു സമീപനത്തിന് അനുസൃതമായി, ചില ശ്രദ്ധേയമായ നേട്ടങ്ങൾ ഈ മേഖലയിൽ കൈവരിക്കുന്നതിന് സാധിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, ചെറുകിട ജലസേചനത്തിലൂടെ കൈവരിച്ചത് 23,600.81 ഹെക്ടർ ആയകട്ട് ആയിരുന്നു. ഈ കാലയളവിൽ, മൊത്തം ജലസേചിതപ്രദേശം 5.15 ലക്ഷം ഹെക്ടറിൽ നിന്നും (18-19) 5.17 ലക്ഷം ഹെക്ടറായും (19-20), തുടർന്ന് 5.21 ലക്ഷം ഹെക്ടറായും (20-21) വർദ്ധിച്ചു. മൊത്തം കൃഷി ചെയ്ത പ്രദേശവും, മൊത്തം ജലസേചിത പ്രദേശവും തമ്മിലുള്ള അനുപാതത്തിൽ നാമമാത്രമായ വർദ്ധനവാണ് ഉണ്ടായത്, 20 ശതമാനത്തിൽ നിന്നും (18-19), 20.30 ശതമാനമായി (20-21) മാത്രമാണ് വർദ്ധനവ് രേഖപ്പെടുത്തിയത്. 2020-2021 ലെ കണക്കുകൾ പ്രകാരം, നെല്ല് (1.59 ലക്ഷം ഹെക്ടർ), നാളികേരം (1.58 ലക്ഷം ഹെക്ടർ), വാഴ (0.52 ലക്ഷം ഹെക്ടർ) എന്നീ വിളകൾക്കാണ് പ്രധാനമായും ജലസേചനത്തിലൂടെ പ്രയോജനം ലഭിച്ചത്. *(സാമ്പത്തിക അവലോകനം 2021).*

കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി നിർമ്മാണം തുടർന്ന് വന്നിരുന്ന മൂവാറ്റുപുഴ, ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ നാല് വൻകിട ഇടത്തരം ജലസേചന പദ്ധതികൾ സൂക്ഷ്മമായി നിരീക്ഷിക്കുവാൻ സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട്, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ, സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സാങ്കേതിക സമിതി രൂപീകരിച്ചിരുന്നു. തുടർ വർഷങ്ങളിൽ, കമ്മറ്റിയുടെ ശിപാർശകൾ പ്രകാരമായിരുന്നു ഈ പദ്ധതികൾക്ക് വാർഷിക പദ്ധതി വിഹിതവും, പ്രവർത്തന നിർദ്ദേശങ്ങളും നല്കിവന്നിരുന്നത്. മൂവാറ്റുപുഴവാലി ജലസേചന പദ്ധതിയുടെ കമ്മിഷനിംഗ് 2020 ജൂലൈ മാസത്തിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചത് ഈ കാലയളവിലെ ശ്രദ്ധേയമായ ഒരു നേട്ടമാണ്. പദ്ധതി കമ്മീഷൻ ചെയ്ത തീയതി പ്രകാരം, ആകെ 1083.64 കോടി രൂപ ചെലവിൽ, ഇതിലൂടെ പ്രയോജനം ലഭിച്ച മൊത്തം ആയകട്ട് 33,670 ഹെക്ടറും, അറ്റ ആയകട്ട് 17,179 ഹെക്ടറും ആണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ നിർമ്മാണത്തിൽ നിരവധി തടസ്സങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നുവെങ്കിലും എം.സി റോഡ് ഭാഗത്തെ തടസ്സങ്ങൾ പുഷ് - ത്രൂ രീതിയിലൂടെ പരിഹരിക്കുന്നതിൽ ജലവിഭവ വകുപ്പിന് സാധിച്ചു, ജലവിഭവ വകുപ്പിൽ ആദ്യമായിട്ടാണ് ഈ രീതി അവലംബിച്ചത്. 35 മീറ്റർ നീളത്തിലുള്ള ടണൽ നിർമ്മാണവും, 66 മീറ്റർ കട്ട് ആൻഡ് കവർ കനാൽ നിർമാണവും ഇതിന്റെ ഭാഗമായി ചെയ്യുകയുണ്ടായി. ജലവിതരണത്തിലെ ചോർച്ച പരിഹരിക്കുന്ന ചില പ്രവൃത്തികൾ ഒഴികെ കാരാപ്പുഴ പദ്ധതിയിൽ കാര്യമായ പുരോഗതി കൈവരിക്കാനായില്ല. ഇത്തരം പ്രവൃത്തികളിലൂടെ, ഇടതുകര മെയിൻ കനാലിൽ (LBMC) കൂടി ചെ.15300 വരെ ജലവിതരണം 2017 ഫെബ്രുവരിയോടു കൂടി സാധ്യമായി. നിരന്തര ശ്രമഫലമായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടു കൂടി പൂർണ്ണമായും ജലവിതരണം നടത്തുന്ന തരത്തിൽ എൽ.ബി.എം.സി യെ സജ്ജമാക്കുവാൻ സാധിച്ചു.

ഹരിതകേരളം മിഷന്റെ ഭാഗമായി, ജലസേചന വകുപ്പിൽ നിക്ഷിപ്തമായ ചുമതല ജലസംരക്ഷണമാണ്. കുളങ്ങളെ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും, ശുദ്ധീകരണവും, ജലസേചന കനാലുകളിലെ ചോർച്ച തടയുക എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ചെറുകിട ജലസേചനം ക്ലാസ് I, ക്ലാസ് II പദ്ധതികൾക്ക് കീഴിൽ പൂർത്തിയാക്കിയ 92 പദ്ധതികൾക്ക് പുറമെ, 2017–18 മുതൽ 2021–22 വരെയുള്ള കാലയളവിൽ 326 കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും പൂർത്തിയാക്കുവാൻ സാധിച്ചു. 914 ഗ്രാമപഞ്ചായത്തുകളുടെ നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി. ഹരിതകേരളത്തിന്റെ ഭാഗമായി, ജനകീയ പങ്കാളിത്തത്തോടെ വരട്ടയാർ, കോലറയാർ, മീനച്ചിലാർ, കൊട്ടാരാർ, മീനത്തറയാർ എന്നിവയുടെ ആദ്യഘട്ട നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുകയുണ്ടായി.

ഭൂഗർഭജല വിഭവങ്ങളുടെ സുസ്ഥിര വികസനത്തിനായി, ഭൂഗർഭജല സംരക്ഷണത്തിനും, ഭൂഗർഭജല റീചാർജ്ജിനുമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നു. വരൾച്ചയെ അതിജീവിക്കുന്നതിനുള്ള ദീർഘകാല നടപടിയെന്ന നിലയിലാണ് സംസ്ഥാനത്ത് ഇത് നടപ്പിലാക്കിയത്. റീചാർജ് പിറ്റുകൾ വഴി മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം സംഭരിച്ച് കിണറുകളുടെ ഭൂഗർഭജലനിരപ്പ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഭൂജല വകുപ്പ് നടപ്പിലാക്കിയിരുന്നു.

തണ്ണീർമുക്കം റഗുലേറ്റർ കം ബ്രിഡ്ജിന്റെ (ആർസിബി) മൂന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. 2018 ജൂലൈ 31 ന്, പൊതുജനങ്ങൾക്കായി ഇത് തുറന്നുകൊടുത്തു. വെള്ളപ്പൊക്ക നിയന്ത്രണ നടപടിയെന്ന നിലയിൽ, തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിങ് ചാനലിലും, അഴിമുഖത്തുമുള്ള മണൽ നീക്കം ചെയ്യുകയുണ്ടായി. അഴിമുഖത്തെ വീതി വർദ്ധിപ്പിക്കുന്നതിനായി, 2,42,831.25 ക്യൂബിക് മീറ്റർ മണലും മറ്റു തടസ്സങ്ങളും, 2020ൽ പൂർണമായും നീക്കം ചെയ്തു. ഡി ബ്ലോക്കിലെ പുത്തനാറായിരം പാടശേഖരത്തിലെ ബണ്ട് പുനർനിർമാണം, കനകാശ്ശേരി പാടശേഖരത്ത് മണ്ണ് കൊണ്ടുള്ള ബണ്ട് നിർമാണം, കുട്ടനാട് താലൂക്കിലും, ഓണാട്ടുകര മേഖലയിലുമായി നടത്തിയ വിവിധ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ, കൂടാതെ കേന്ദ്ര സർക്കാർ അംഗീകരിച്ച കെ.ഇ.എൽ ഒന്ന് മുതൽ നാലു വരെയുള്ള പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഇവയെല്ലാം ഈ മേഖലയിൽ നടപ്പിലാക്കിയ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേകം പരാമർശിക്കേണ്ടതായുണ്ട്.

ഇടപെടലുകൾ ആവശ്യമായ മേഖലകൾ

1. കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, കനാലുകളുടെ നവീകരണത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ജലസേചനത്തിനു വേണ്ട അടിസ്ഥാന സൗകര്യ വികസനം.
2. മെച്ചപ്പെട്ട ജലസേചന കാര്യക്ഷമതയ്ക്കായി സൂക്ഷ്മ ജലസേചന രീതികൾക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ചെറുകിട ജലസേചനസാദ്ധ്യതകൾ കണ്ടെത്തുക. 2021 മാർച്ച് 31 ലെ കണക്കനുസരിച്ച്, കേരളത്തിൽ, സൂക്ഷ്മ ജലസേചനത്തിലൂടെ (ഡ്രിപ്പ് ആൻഡ് സ്പ്രിംഗ്ളർ) കൈവരിക്കാനായ വിസ്തൃതി 33,264 ഹെക്ടറാണ്. (കൃഷി, കർഷക ക്ഷേമ മന്ത്രാലയം).
3. ഭൂഗർഭ ജലസ്രോതസ്സുകളുടെ ശോഷണവും, ഭൂഗർഭജല ഗുണനിലവാരത്തിലെ ശോഷണവും.
4. കുട്ടനാട് മേഖലയിൽ "റൂം ഫോർ റിവർ" പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കുക.
5. പ്രാദേശിക അനുയോജ്യതയ്ക്ക് അനുസൃതമായി പഠനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട്, ഉചിതമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള തീരസംരക്ഷണം.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ജലസേചന മേഖലയോടുള്ള പൊതു സമീപനം ഇവയെല്ലാമാണ് – (1) ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ പദ്ധതികളുടെ കമ്മീഷനിങ്ങിനു ആവശ്യമായ സഹായം തുടരുക, (2) കനാലുകളുടെ, പ്രത്യേകിച്ച് കൃഷിയിടങ്ങളിലേയ്ക്കുള്ള ജലസേചന കനാലുകളുടെ അറ്റകുറ്റപ്പണിയ്ക്കും നവീകരണത്തിനും ശ്രദ്ധ കേന്ദ്രീകരിക്കുക. (3) ചെറുകിട ജലസേചനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുക (4) "റൂം ഫോർ റിവർ" എന്ന ആശയം കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക (5) ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനും, അവ വൃത്തിയാക്കുന്നതിനും, കൃഷിഭൂമികൾക്ക് ചുറ്റുമുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള സഹായം തുടരുക (6) കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും കുടിവെള്ള

ആവശ്യങ്ങൾക്കും വേണ്ടി ജലസംഭരണികളിൽ വെള്ളം സംഭരിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ ലക്ഷ്യങ്ങൾ

പതിനാലാം പദ്ധതിക്കാലയളവിലെ പൊതു സമീപനത്തിന് അനുസൃതമായി, ഈ മേഖലയിലെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയുടെ അടിസ്ഥാനത്തിലാകും.

1. **ജലസേചനത്തിനു വേണ്ട അടിസ്ഥാന സൗകര്യ വികസനം**:– ഇടമലയാർ, കാരാപ്പുഴ, ബാണാസുരസാഗർ എന്നീ മൂന്ന് വൻകിട ഇടത്തരം ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതിക്കാലയളവിൽ ശ്രദ്ധ കേന്ദ്രീകരിക്കും. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ലക്ഷ്യമിട്ടത് പ്രകാരം ഇടമലയാർ (ഡിസംബർ 2025), കാരാപ്പുഴ (ഡിസംബർ 2025), ബാണാസുരസാഗർ (ഡിസംബർ 2024), പട്ടിശ്ശേരി ഡാം (മാർച്ച് 2023) എന്നിവ പൂർത്തീകരിക്കുന്നതിനും കമ്മീഷൻ ചെയ്യുന്നതിനും വേണ്ടി ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതാണ്. പഴശ്ശി പദ്ധതി 2025 ഡിസംബറിൽ പുനഃ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾക്കും പ്രാധാന്യം നൽകും.

2. **കനാൽ നവീകരണ പ്രവൃത്തികൾ** :– ജലസേചന കനാലുകളിലെ ചോർച്ച പരിഹരിക്കുന്നതിനായി, സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച്, പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച കനാൽ ആധുനികവൽക്കരണ പ്രവൃത്തികൾ പതിനാലാം പഞ്ചവത്സരക്കാലയളവിലും തുടരുന്നതാണ്. ഫലപ്രദവും സമയബന്ധിതവുമായ ജലവിതരണത്തിനായി, ഈ പ്രവൃത്തികൾ വ്യക്തമായി നിർവചിക്കപ്പെട്ട ലക്ഷ്യങ്ങളും സമയപരിധി നിശ്ചയിച്ചും രൂപകൽപ്പന ചെയ്യുന്നതാണ്.

3. **കാവേരി ട്രൈബ്യൂണൽ പ്രകാരം കേരളത്തിന് അനുവദിച്ച ജലം വിനിയോഗിക്കുന്നതിനുള്ള നടപടികൾ**:– ലഭ്യമായ 30 ടിഎംസി ജലം ഉപയോഗപ്രദമാക്കുന്നതിനു വേണ്ടി, കൃഷി, തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.എൻ.ആർ.ഇ.ജി.എസ് എന്നിവയുടെ സഹകരണത്തോടെ ഒരു സംയോജിത പദ്ധതി വികസിപ്പിക്കേണ്ടതുണ്ട്. ജലം ഉപയോഗപ്രദമാക്കുന്നതിനു വേണ്ടി ചെക്ക് ഡാമുകളും, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നിർമ്മിക്കുന്നതുവഴി കാർഷിക മേഖലയും, കമ്മ്യൂണിറ്റി അധിഷ്ഠിത സൂക്ഷ്മ ജലസേചന രീതികളും മെച്ചപ്പെടും.

4. **ചെറുകിട ജലസേചനം മെച്ചപ്പെടുത്തുക**:– ചെറുകിട ജലസേചന പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം ഈ പദ്ധതിക്കാലയളവിൽ നൽകുന്നതായിരിക്കും. അതിൽ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം/പുനഃരുദ്ധാരണം, ഉപ്പുവെള്ളം പുറന്തള്ളുന്നതിനുള്ള നിർമ്മിതികൾ, ഡ്രെയിനേജ് പ്രവൃത്തികൾ, ജലസേചനത്തിന് സഹായകമാകുന്ന തോടുകളുടെയും, ചാനലുകളുടെയും സംരക്ഷണ പ്രവർത്തനങ്ങൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകും. ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ മഴ നിഴൽ മേഖലകൾക്ക് മുൻഗണന നൽകുന്നതാണ്. നവകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി ഇവ സംയോജിപ്പിക്കുന്നതാണ്. ഭൗതികമായുണ്ടാകുന്ന നാശനഷ്ടം, പ്രദേശത്തെ കാർഷിക രീതികളിലെ മാറ്റങ്ങൾ, ജലദൗർലഭ്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ പ്രവർത്തനരഹിതമായ പദ്ധതികളാണ് ചെറുകിട ജലസേചനം നേരിടുന്ന പ്രധാന പ്രശ്നം. പ്രവർത്തനരഹിതമായ ഇത്തരം പദ്ധതികളുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കുകയും, പൂർത്തീകരിച്ച ചെക്ക് ഡാമുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും ജിയോ സ്പേഷ്യൽ മാപ്പിംഗ് നടത്തുകയും ചെയ്യേണ്ടത് വളരെ ആവശ്യമാണ്.

5. **സൂക്ഷ്മ ജലസേചന രീതികൾ വ്യാപിപ്പിക്കുക**:– പരമാവധി ജല ഉപയോഗക്ഷമതയ്ക്ക് വേണ്ടി, ജലഉപയോഗം മെച്ചപ്പെടുത്തുന്നതിനായി, ആധുനിക സൂക്ഷ്മ ജലസേചന രീതികളും, ജലസംരക്ഷണ സാങ്കേതികവിദ്യകളും അവലംബിക്കേണ്ടതുണ്ട്. സംസ്ഥാനത്തുടനീളം കമ്മ്യൂണിറ്റി അധിഷ്ഠിത സൂക്ഷ്മ ജലസേചന ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിന് ഒരു രൂപരേഖ ആവശ്യമാണ്. കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നവ കേരള മിഷൻ എന്നിവയുടെ സഹകരണത്തോടെയാകണം ഇത് നടപ്പിലാക്കേണ്ടത്. സൂക്ഷ്മ ജലസേചനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി, കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗ്ഗനിർദേശപ്രകാരം, ഇതിൽ

ഉൾപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകളുമായി സഹകരിച്ച് കൊണ്ട് സംസ്ഥാനത്തിനായി ഒരു മൈക്രോ ഇറിഗേഷൻ നയം തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. **ഭൂഗർഭജലവിഭവങ്ങൾ:-** ഭൂഗർഭജല ശോഷണവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നതിനായി, ഭൂഗർഭജലവിഭവങ്ങളുടെ സംരക്ഷണം, റീചാർജ്, പൂർണ്ണതോതിലുള്ള വിനിയോഗം, നേരിട്ടുള്ള ഉപയോഗത്തിനായി മഴവെള്ള സംഭരണ നടപടികൾ, ഭൂഗർഭജല നിർമ്മിതികളെക്കുറിച്ചുള്ള വിവരശേഖരണം എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണ്.

7. **തീരദേശ പരിപാലനത്തിനുള്ള നടപടികൾ** തുടർന്നും സ്വീകരിക്കുന്നതാണ്. സംരക്ഷിത നിർമ്മിതികൾ ഇല്ലാത്ത തീരപ്രദേശങ്ങളിൽ, കടൽഭിത്തി നിർമ്മാണം, ടെട്രാപോഡ് പോലെ ഉറപ്പുള്ള നിർമ്മിതികളും, കൂടാതെ, കണ്ടൽക്കാടുകൾ, മുളകൾ പോലെയുള്ള പ്രകൃതിദത്ത രീതികളും ഉപയോഗിച്ചുള്ള തീര സംരക്ഷണം, തീരസംരക്ഷണം സംബന്ധിച്ച പഠനങ്ങൾ നടത്തുക തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്. വിവിധ രീതികൾ സംയോജിപ്പിച്ചുകൊണ്ടുള്ള സുസ്ഥിര തീരസംരക്ഷണ പദ്ധതി ആയിരിക്കും ഹോട്ട്സ്പോട്ട് മേഖലകളിൽ നടപ്പിലാക്കുന്നത്.

8. **കുട്ടനാട് മേഖലയ്ക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട്, സംസ്ഥാനത്തുടനീളം വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കും:-** 2020 സെപ്റ്റംബർ മാസം 17 ന് പ്രഖ്യാപിച്ച രണ്ടാം കുട്ടനാട് പാക്കേജിന് അനുസൃതമായി, തോട്ടപ്പള്ളി സ്പിൽവെ ഷട്ടറുകളുടെ നവീകരണ പ്രവർത്തനങ്ങൾ, ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടൽ, വശങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ, ഫലപ്രദമായ സ്പിൽവെ മാനേജുമെന്റ് പ്രവർത്തനങ്ങൾ, ഡ്രെയിനേജ് ചാനലുകൾ വൃത്തിയാക്കൽ, ബണ്ട് സംരക്ഷണ പ്രവർത്തനങ്ങൾ, "റൂം ഫോർ റിവർ" പ്രോജക്ട് തുടങ്ങിയവയായിരിക്കും കുട്ടനാട് മേഖലയിൽ നടപ്പിലാക്കുന്നത്. വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളിലെല്ലാം തന്നെ ജിയോസ്പേഷ്യൽ രീതികൾ അവലംബിക്കുന്നതാണ്. നദികളിൽ നിന്നുള്ള മണൽ നീക്കം ചെയ്യുന്നത് വഴി, നദികളെ പുനഃരുജ്ജീവിപ്പിക്കുന്നതിനും, അവയുടെ വാഹകശേഷി (ഒഴുകുന്ന ജലത്തിന്റെ തോത്) (carrying capacity) വർദ്ധിപ്പിക്കുന്നതിനും സഹായകമാകും..

9. **നദീതട അതോറിറ്റി:-** നദീതടാടിസ്ഥാനത്തിലാണ് പ്രകൃതി വിഭവങ്ങളുടെ സംയോജിത വികസനം സാധ്യമാകുന്നത്. സുസ്ഥിര വികസനം കൈവരിക്കുന്നതിനായി, സംയോജിത നദീതട പരിപാലനം സ്വീകരിക്കേണ്ടത് ആവശ്യമാണ്. സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളുടെ നേതൃത്വത്തിൽ ഒരു നദീതട അതോറിറ്റി രൂപീകരിച്ച് കൊണ്ട് നദീതട പ്ലാൻ തയ്യാറാക്കുവാനുള്ള ശ്രമങ്ങൾ പതിനാലാം പദ്ധതിക്കാലയളവിലും തുടരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ജലസേചന പദ്ധതികൾ രൂപകല്പന ചെയ്യേണ്ടത്.

5.2 കുടിവെള്ളവും മലിനജല നിവാരണവും

അവലോകനം

പൊതുജനാരോഗ്യവും സമൂഹത്തിന്റെ ക്ഷേമവും ഉറപ്പാക്കുന്നതിന് കുടിവെള്ള വിതരണവും മലിനജല നിവാരണ പ്രവർത്തനങ്ങളും നിർണ്ണായകമാണ്. സ്വാതന്ത്ര്യാനന്തരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജലത്തിന്റെയും മലിനജലത്തിന്റെയും പരിപാലനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വിവിധ പരിപാടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, രാജ്യത്തെ ഗ്രാമപ്രദേശങ്ങളിൽ ഇപ്പോഴും സംരക്ഷിത ജലവിതരണവും സുരക്ഷിതമായ ശുചിത്വ സൗകര്യങ്ങളും പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ. നീതി ആയോഗ് പ്രസിദ്ധീകരിച്ച ഒരു സ്ഥിതിവിവരക്കണക്ക് പ്രകാരം പൈപ്പ് ജലവിതരണവും മലിനജല നിവാരണ സേവനങ്ങളും നൽകുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിന്നിലാണ് എന്നത് ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്നത് ലോകമെമ്പാടുമുള്ള രാജ്യങ്ങൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്. മെച്ചപ്പെട്ട ജലവിതരണവും ശുചീകരണവും ജലസ്രോതസ്സുകളുടെ മികച്ച മാനേജ്മെന്റും രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുകയും ദാരിദ്ര്യ നിർമാർജനത്തിന് വലിയ സംഭാവന നൽകുകയും ചെയ്യും. ഇന്ത്യയിൽ ഏതാണ്ട് മൂന്നിൽ രണ്ട് ഭാഗം രോഗങ്ങൾക്കും കാരണം ആളുകൾ കുടിക്കുന്ന വെള്ളമാണ്. മൂന്നിലൊന്ന് മരണങ്ങളും ജലജന്യ രോഗങ്ങൾ മൂലമാണ്. കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭജലനിരപ്പ് കുറയുക, ജലസ്രോതസ്സുകളെ അമിതമായി ചൂഷണം

ചെയ്യുക, ജലത്തിന്റെ ഗുണനിലവാരം കുറയുക എന്നിവ എല്ലാവർക്കും കുടിവെള്ളം നൽകുന്നതിനുള്ള പ്രധാനപ്പെട്ട ചില വെല്ലുവിളികളാണ്.

സുസ്ഥിര വികസനത്തിന് ജലം നിർണായകമായി തുടരുകയും പ്രാദേശികവും ആഗോളവുമായ നിരവധി മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ കേരളത്തിൽ കുടിവെള്ള മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്നു. ഉയർന്ന സാമൂഹിക മാനദണ്ഡങ്ങളും മെച്ചപ്പെട്ട പൊതു ശുചിത്വത്തിനും ശുചീകരണത്തിനും വേണ്ടിയുള്ള ആവശ്യവും കാരണം ദേശീയ ശരാശരിയേക്കാൾ ഉയർന്ന ജല ആവശ്യകതയാണ് കേരളത്തിലുള്ളത്. 2011 ലെ സെൻസസ് അനുസരിച്ച്, ഭൂരിഭാഗം ആളുകളും (62 ശതമാനം) കിണറുകളാണ് പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്നത്. അതേസമയം ജനസംഖ്യയുടെ 29 ശതമാനം പേർക്ക് പൈപ്പ് ജലവിതരണം ലഭ്യമാണ്. ജലലഭ്യതയുടെ കാര്യത്തിൽ 78 ശതമാനം കുടുംബങ്ങൾക്ക് ചുറ്റുവട്ടത്തിൽ തന്നെ ജലസ്രോതസ്സുകളുള്ളപ്പോൾ 14 ശതമാനം കുടുംബങ്ങൾ വീടിനു സമീപത്തുള്ള ജലസ്രോതസ്സുകളാണ് ഉപയോഗിക്കുന്നത്.

കേരളത്തിൽ കേരള ജല അതോറിറ്റി (കെ.ഡബ്ല്യൂ.എ), കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ)/ജലനിധി എന്നിവയാണ് കുടിവെള്ള മേഖലയിലെ പ്രധാന നിർവ്വഹണ ഏജൻസികൾ.

സംസ്ഥാനത്തെ ജലവിതരണത്തിന്റെയും മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും വികസനത്തിനും നിയന്ത്രണത്തിനുമായി അന്നത്തെ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പിനെ പരിവർത്തനം ചെയ്തുകൊണ്ട് കേരള വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ഓർഡിനൻസ്, 1984 പ്രകാരം 1984 ഏപ്രിൽ 1 ന് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ) സ്ഥാപിതമായി. ഓർഡിനൻസിന് പകരമായി കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ട് 1986 കൊണ്ടുവന്നു. ഗുണനിലവാരമുള്ള ജലവിതരണവും മലിനജല നിവാരണ സേവനങ്ങളും പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ രീതിയിൽ നൽകുകയെന്നതാണ് കെ.ഡബ്ല്യൂ.എയുടെ കാഴ്ചപ്പാട്. നഗര, ഗ്രാമ പ്രദേശങ്ങളിലെ പ്രധാന സേവന ദാതാവാണ് കെ.ഡബ്ല്യൂ.എ.

1999-ൽ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ) ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955 പ്രകാരം ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു. ഗ്രാമീണ ജലവിതരണവും പരിസ്ഥിതി ശുചിത്വ പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് കെ.ആർ.ഡബ്ല്യൂ.എസ്.എ യുടെ ചുമതല. ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതിയാണ് ജലനിധി പദ്ധതി. വർഷങ്ങളായി സംസ്ഥാനത്തുടനീളമുള്ള 227 ഗ്രാമപഞ്ചായത്തുകളിലായി (ജി.പി) 4,46,244 കുടുംബങ്ങളെ ഉൾപ്പെടുത്തി 5,883 പദ്ധതികൾ കെ.ആർ.ഡബ്ല്യൂ.എസ്.എ നടപ്പിലാക്കിയിട്ടുണ്ട്. പണം ഒടുക്കാനുള്ള സന്നദ്ധത ഗ്രാമീണ ദരിദ്രരിൽ ഉണ്ടായി എന്നതാണ് ജലനിധി പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം. ഗ്രാമീണ ജലവിതരണ നിർവഹണത്തിലും മാനേജ്മെന്റിലും രാജ്യവ്യാപകമായ സ്വീകാര്യതയുള്ളതിനാൽ ജലനിധി തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് അഭിമാനകരമായ ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പദ്ധതി രൂപപ്പെടുത്തിയിരിക്കുന്നത്. കമ്മ്യൂണിറ്റികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിലും സാമൂഹിക സമാഹരണത്തിലും ശേഷി വർദ്ധിപ്പിക്കുന്നതിലും കെ.ആർ.ഡബ്ല്യൂ.എസ്.എ ഗണ്യമായ അനുഭവജ്ഞാനം നേടിയിട്ടുണ്ട്. എൻ.ജി.ഒകളുടെ പിന്തുണയോടെ സംഘടന, സംസ്ഥാനത്തുടനീളം ഗ്രാമീണ ജലവിതരണ മാതൃകകൾ നടത്തുന്ന ചെറുകിട/വലിയ, മൾട്ടി ജി.പി ഗുണഭോക്തൃ സമൂഹത്തിന്റെ ഒരു ഇക്കോസിസ്റ്റം സ്ഥാപിച്ചു കെ.ആർ.ഡബ്ല്യൂ.എസ്.എ അതിന്റെ ശക്തി വർദ്ധിപ്പിക്കാനും ഗ്രാമീണ ജലവിതരണ അടിസ്ഥാന സൗകര്യങ്ങളുടെ സുസ്ഥിര മാനേജ്മെന്റിൽ സമൂഹത്തെ പിന്തുണയ്ക്കാനും ആഗ്രഹിക്കുന്നു.

കേരള വാട്ടർ അതോറിറ്റി നിലവിലുള്ള 928 ജലവിതരണ പദ്ധതികളിൽ നിന്ന് 41 ലക്ഷം കണക്ഷനുകളിലൂടെയും 2 ലക്ഷം പൊതു ടാപ്പുകളിലൂടെയും ഇപ്പോൾ 56 ശതമാനം ജനങ്ങൾക്ക് ജലവിതരണം നടത്തുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ നടപ്പാക്കിയ വിവിധ ജലവിതരണ പദ്ധതികളിലൂടെയാണ് ഗ്രാമ-നഗര ജലവിതരണ മേഖലയിൽ ഇതിനകം കൈവരിച്ച നേട്ടങ്ങൾ. നിലവിൽ, 941 പഞ്ചായത്തുകളിൽ 884 പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിൽ 77 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലും കെ.ഡബ്ല്യൂ.എ ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യുന്നു. നിലവിൽ പ്രതിദിനം 3,159 ദശലക്ഷം ലിറ്റർ ശുദ്ധീകരിച്ച വെള്ളമാണ് കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത്. 2000 – 2020 കാലയളവിൽ

ജലനിധി ഘട്ടം-1 ഉം II ഉം ഘട്ടങ്ങൾ കെ.ആർ.ഡബ്ല്യു.എസ്.എ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. കെ.ആർ.ഡബ്ല്യു.എസ്.എ സാധാരണ പ്രോജക്ടുകളിൽ നിന്ന് വ്യത്യസ്തമായി, ഡിമാൻഡ് ട്രിവൻ, കമ്മ്യൂണിറ്റി മാനേജ്മെന്റ് സമീപനം പിന്തുടർന്ന് ജലനിധി നടപ്പിലാക്കുന്നു. 112 ഗ്രാമപഞ്ചായത്തുകളിലെ 10.56 ലക്ഷം ആളുകളെ (1.91 ലക്ഷം കുടുംബങ്ങൾക്ക്) ഉൾക്കൊള്ളുന്ന 3,710 ജലവിതരണ പദ്ധതികൾ ജലനിധി ഒന്നാം ഘട്ടത്തിലും 115 ഗ്രാമപഞ്ചായത്തുകളിലായി 11.45 ലക്ഷം ആളുകളെ (2.54 ലക്ഷം കുടുംബങ്ങൾക്ക്) ഉൾക്കൊള്ളുന്ന 2,173 പദ്ധതികളും ജലനിധി രണ്ടാം ഘട്ടത്തിൽ കമ്മിഷൻ ചെയ്തു. 2019-20, 2020-21 വാർഷിക പദ്ധതി കാലയളവുകളിൽ അനുവദിച്ച കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ സുസ്ഥിര പിന്തുണയുടെ കീഴിൽ ജലനിധി ഘട്ടം I, II എന്നിവയുടെ ഭാഗികമായി/പൂർണ്ണമായി പ്രവർത്തനരഹിതമായ 1,161 ജലവിതരണ പദ്ധതികളും മറ്റ് ഗ്രാമീണ മിനി ജലവിതരണ പദ്ധതികളും പുനഃസ്ഥാപിക്കാനായി ഏറ്റെടുത്തു. 2021-22, 696 സ്കീമുകൾ ഇതുവരെ പുനഃസ്ഥാപിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും തടസ്സമില്ലാത്ത കുടിവെള്ളം ഉറപ്പാക്കാനും ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് കിണറുകൾ സംരക്ഷിക്കാനും, വിതരണനഷ്ടം കുറയ്ക്കാനും, ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലെ നഗരജല ആവശ്യങ്ങൾ പരിഹരിക്കാനും പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർദ്ദേശിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആകെ അടങ്കൽ 4,405.68 കോടി രൂപയായിരുന്നു, അതിൽ 3,508.25 കോടി രൂപയാണ് ചെലവ്. മൊത്തം അടങ്കലിൽ കെ.ഡബ്ല്യു.എ കെ.ആർ.ഡബ്ല്യു.എസ്.എ എന്നിവയ്ക്ക് യഥാക്രമം 3,496.54 കോടി രൂപയും 909.14 കോടി രൂപയുമാണ് നീക്കി വച്ചിരിക്കുന്നത്.

പട്ടിക 5.2 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കുടിവെള്ളത്തിന്റെയും മലിനജല മേഖലയുടെയും വർഷാടിസ്ഥാനത്തിലുള്ള ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		പതിമൂന്നാം പഞ്ചവത്സര പദ്ധതി	
	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ആകെ ബജറ്റ് വിഹിതം	ആകെ ചെലവ്
കെ.ഡബ്ല്യു.എ	678.55	454.60	776.43	326.70	700.51	173.73	625.25	745.43	715.80	1405.37	3496.54	3105.83 (88.83%)
കെ. ആർ. ഡബ്ല്യു. എസ്. എ	379.69	105	246	137.72	192.20	95.35	50	32.35	41.25	32	909.14	402.42 (44.26%)
ആകെ	**1058.24**	**559.6**	**1022.43**	**464.42**	**892.71**	**269.08**	**675.25**	**777.78**	**757.05**	**1437.37**	**4405.68**	**3508.25 (79.63%)**

അവലംബം: വാർഷിക ബജറ്റ് രേഖകളും പ്ലാൻസ്പേസും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-2022) സുപ്രധാന നേട്ടങ്ങൾ

I. കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)

കേന്ദ്ര/സംസ്ഥാന സർക്കാർ സഹായ പദ്ധതികളുടെയും(ജെ.ജെ.എം, നബാർഡ്, സംസ്ഥാന പദ്ധതി, എൻ.ആർ.ഡി.ഡബ്ല്യു.പി, കിഫ്ബി, അമൃത് ആർ.കെ.ഐ മുതലായവ) ഗ്രാന്റുകളുടെയും

സഹായത്തോടെ നടപ്പിലാക്കിയ വിവിധ ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തുകൊണ്ട്, ഗ്രാമീണ, നഗര ജലവിതരണ മേഖലകളിൽ കെ.ഡബ്ല്യൂ.എ മികച്ച പുരോഗതി കൈവരിച്ചു.

- **ജൽ ജീവൻ മിഷൻ (ജെജെഎം):** ജെ.ജെ.എമ്മിന് കീഴിൽ, 2020-21 ൽ ഗ്രാമീണ കുടുംബങ്ങൾക്ക് 4.04 ലക്ഷം പുതിയ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷൻ (എഫ്.എച്ച്.ടി.സി) നൽകിയിട്ടുണ്ട്. ഇത് കോവിഡ് 19 പാൻഡെമിക് മൂലമുണ്ടായ അഭൂതപൂർവമായ പ്രതിസന്ധിക്കിടയിലുള്ള ശ്രദ്ധേയമായ നേട്ടമാണ്. 2021-22 കാലയളവിൽ ഗ്രാമീണ കുടുംബങ്ങൾക്ക് 6.64 ലക്ഷം എഫ്.എച്ച്.ടി.സികൾ അധികമായി നൽകി. മാർച്ച് 31, 2022 ലെ കണക്കനുസരിച്ച്, സംസ്ഥാനത്തെ മൊത്തം 28.18 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട് (39.87% കവറേജ്). എഫ്.എച്ച്.ടി.സി നൽകുന്നതിനു പുറമേ, എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ജെ.ജെ.എം വഴി കുടിവെള്ള വിതരണവും ഉറപ്പാക്കിയിട്ടുണ്ട്. ജെ.ജെ.എമ്മിന് കീഴിൽ, ഗുണനിലവാരം കുറവായ വാസസ്ഥലങ്ങൾ, സൻസദ് ആദർശ് ഗ്രാം യോജന (SAGY) ഗ്രാമങ്ങൾ, SC-ST ആധിപത്യമുള്ള ആവാസ കേന്ദ്രങ്ങൾ, ആസ്പിരേഷണൽ ജില്ല - വയനാട് എന്നിവിടങ്ങളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നു.

  കൂടാതെ, കെ.ഡബ്ല്യൂ.എ-യുടെ 12 ജില്ലാതല ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും 32 സബ് ജില്ലാതല ലബോറട്ടറികളും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ് (NABL) അക്രഡിറ്റേഷൻ നേടിയിട്ടുണ്ട്. ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 5000-ത്തിലധികം കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകുകയുണ്ടായി.

  കിഫ്ബി: കിഫ്ബിക്ക് കീഴിൽ, ഏകദേശം 13.5 ലക്ഷം പേർക്ക് പ്രയോജനപ്പെടുന്ന 335.65 കോടി രൂപയുടെ 14 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചു. കുട്ടനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 289.54 കോടി രൂപയ്ക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുകയാണ്.

- **അമൃത്:** 6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുൻസിപ്പാലിറ്റികളും ഉൾപ്പെടെ 9 അമൃത് നഗരങ്ങൾക്കായി, ജലവിതരണ മേഖലയിൽ 1151.69 കോടി രൂപയുടെ 173 പ്രവൃത്തികളും മലിനജല മേഖലയിൽ 321.45 കോടി രൂപയുടെ 116 പ്രവൃത്തികളും അമൃത്- I പ്രകാരം അനുവദിച്ചു. ഇതിൽ 670.39 കോടി രൂപയുടെ 231 പ്രവൃത്തികൾ പൂർത്തീകരിച്ചു. അരുവിക്കരയിൽ 75 എം.എൽ.ഡി ജലശുദ്ധീകരണ പ്ലാന്റ് (ഡബ്ല്യു.ടി.പി), പീച്ചിയിൽ 20 എം.എൽ.ഡി ഡബ്ല്യു.ടി.പി, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 എം.എൽ.ഡി സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ് ടി പി) എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

- **മലിന ജലനിവാരണം:** കേരളത്തിൽ, മലിനജല സൗകര്യങ്ങളുടെ കവറേജ് വളരെ കുറവാണ്: തിരുവനന്തപുരത്ത് ഇത് 30 ശതമാനവും കൊച്ചി കോർപ്പറേഷൻ ഏരിയകളിൽ 5 ശതമാനവും മാത്രമാണ്. ഇത് ഒരുപക്ഷേ രാജ്യത്തെ ഏറ്റവും കുറഞ്ഞ നിരക്കുകളിൽ ഒന്നാണ്. ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ 3 എം.എൽ.ഡി ശേഷിയുള്ള പുതിയ പദ്ധതിക്ക് 7 കിലോമീറ്റർ നീളമുള്ള മലിനജല ശൃംഖലയുണ്ട്. തിരുവനന്തപുരം നഗരത്തിൽ ഏകദേശം 602.5 കി.മീ മലിനജല കവറേജ് ഉണ്ട്. എറണാകുളത്തിന് 28 കിലോമീറ്ററും തിരുവനന്തപുരം മുട്ടത്തറയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജും മലിനജലവും ഒരുപോലെ സംസ്കരിക്കാനുള്ള സൗകര്യമുണ്ട്. ഇതിന് 107 എംഎൽഡി ശേഷിയുണ്ട്.

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണം പൂർത്തിയായി. ഇതു വഴി തിരുവനന്തപുരം നഗരത്തിലേക്ക് ശുദ്ധീകരിച്ച അധിക ജലത്തിന്റെ മതിയായ വിതരണം ഉറപ്പാക്കാൻ കഴിയുന്നുണ്ട്. ജല ശുദ്ധീകരണ പ്ലാന്റുകളിലെ പഴയതും കേടായതുമായ പമ്പുകൾ, മോട്ടോറുകൾ, സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഇൻസ്റ്റാളേഷനുകൾ എന്നിവ മാറ്റിസ്ഥാപിക്കുക എന്നതാണ് ആധുനികവൽക്കരണത്തിലെ പ്രധാന പ്രവർത്തനങ്ങൾ. അരുവിക്കര ചിത്തിരക്കുന്ന് 86 എം.എൽ.ഡി കാമ്പസിലെ പമ്പ് ഹൗസുകളും സബ്സ്റ്റേഷനുകളും പൂർത്തിയായി.

- കെ.ഡബ്ല്യൂ.എയുടെ ഉടമസ്ഥതയിലുള്ള നിരവധി സിവിൽ ഘടനകളുടെ നവീകരണം നടത്തി കഴിഞ്ഞു. കെ.ഡബ്ല്യൂ.എ ഓഫീസ് കെട്ടിടങ്ങൾ, ഗസ്റ്റ് ഹൗസുകൾ, ടാങ്കുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, പമ്പ് ഹൗസുകൾ തുടങ്ങി കേരളത്തിലുടനീളമുള്ള സിവിൽ ഘടനകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടുന്ന 31 പ്രവൃത്തികൾ 2020-21 ൽ പൂർത്തീകരിക്കുകയും മൊത്തം പദ്ധതിച്ചെലവിൽ 125.22 ലക്ഷം രൂപ വരുന്ന 14 പ്രവൃത്തികൾ 2021-22ൽ പൂർത്തീകരിക്കുകയും ചെയ്തു.

- പുതിയ മലിനജല ലൈനുകൾ സ്ഥാപിക്കുക, പഴയ ലൈനുകൾ മാറ്റി പുതിയ മാൻഹോളുകൾ ഉണ്ടാക്കുക തുടങ്ങിയവയിലൂടെ മലിനജല ശൃംഖല കവറേജ് മെച്ചപ്പെടുത്തി. 277.33 ലക്ഷം രൂപ പദ്ധതിച്ചെലവ് വരുന്ന ഏഴ് പ്രവൃത്തികൾ പൂർത്തീകരിച്ചു. മാൻഹോളുകളുടെ റോബോട്ടിക് ക്ലീനിംഗ് കെ.ഡബ്ല്യൂ.എ സ്വീകരിച്ചു.

II. കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ)/ജലനിധി

- 1.61 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്ന ജലനിധി-II പദ്ധതിക്ക് കീഴിൽ 811 ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തു.
- 146 സിംഗിൾ ഗ്രാമപഞ്ചായത്ത് കെ.ഡബ്ല്യൂ.എ/ജിപി സ്കീമുകൾ പുനഃസ്ഥാപിക്കുകയും ജലനിധി -2 പദ്ധതിക്ക് കീഴിൽ പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഗുണഭോക്തൃ ഗ്രൂപ്പിലേക്ക് കൈമാറുകയും ചെയ്തു.
- ചെറിയ ഭൂഗർഭജലത്തെ അടിസ്ഥാനമാക്കിയുള്ള ഗ്രാമീണ ജലവിതരണ സേവനങ്ങളുടെ ഉറവിടത്തിന്റെ തകരാർ ഒഴിവാക്കുന്നതിനായി 483 ഭൂഗർഭ ജലറീച്ചാർജ്ജ് (ജി.ഡബ്ല്യൂ.ആർ) നിർമ്മിതികൾ പൂർത്തീകരിച്ചു.
- 2003 വിവിധ ശുചിത്വ നിർമ്മിതികൾ പൂർത്തീകരിച്ചു.
- ഭാഗീകമായോ പൂർണ്ണമായോ പ്രവർത്തനരഹിതമായ 661 സ്കീമുകൾ സുസ്ഥിരതാ പിന്തുണ പദ്ധതിയുടെ കീഴിൽ പ്രവർത്തനക്ഷമമായ സ്കീമുകളിലേക്ക് പുനഃസ്ഥാപിച്ചു. 499 പദ്ധതികളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.
- സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസികളിലൊന്നായി കെ.ആർ.ഡബ്ല്യൂ.എസ്.എയെ സംസ്ഥാന സർക്കാർ തിരഞ്ഞെടുത്തു. ഈ കാലയളവിൽ 16,117 ഗാർഹിക ടാപ്പ് കണക്ഷനുകൾ ജെ.ജെ.എം പ്രോജക്ടിന് കീഴിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ നൽകിയിട്ടുണ്ട്.
- റെയിൻ സെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായി 10,000 ലിറ്റർ ശേഷിയുള്ള 5,044 മഴവെള്ള സംഭരണ നിർമ്മിതികളും 2,133 കിണർ റീചാർജ് നിർമ്മിതികളും പൂർത്തിയായി.
- 2017-18 ലെ (ഒക്ടോബർ, നവംബർ 2017) ഇന്ത്യയിലെ ലോക ബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ ഏറ്റവും മികച്ച ജല വിതരണ പദ്ധതിക്കുള്ള അവാർഡ് കെ.ആർ.ഡബ്ല്യൂ.എസ്.എ കരസ്ഥമാക്കി.
- പദ്ധതികളുടെ തത്സമയ നിരീക്ഷണവും വിലയിരുത്തലും നൽകുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്.എ-യുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന് സ്കോച്ച് അവാർഡ് ലഭിച്ചു. പദ്ധതിയിലെ കാലതാമസമോ തടസ്സങ്ങളോ ട്രാക്കുചെയ്യുന്നതിന് ഈ സംവിധാനം സഹായിച്ചിട്ടുണ്ട്.

മേഖലയിൽ പരിഹരിക്കപ്പെടേണ്ട നിർണായക വിടവുകൾ

കെ.ഡബ്ല്യൂ.എ നേരിടുന്ന പ്രധാന വെല്ലുവിളികൾ ഇവയാണ്:

- **വർദ്ധിച്ചുവരുന്ന ആവശ്യകതയും സ്രോതസ്സുകളും കുറയുന്നു:** ഗ്രാമപ്രദേശങ്ങളിൽ 100 എൽ.പി.സി.ഡി യിലും നഗരപ്രദേശങ്ങളിൽ 150 എൽ.പി.സി.ഡി യിലും പൈപ്പ് വഴിയുള്ള ജലവിതരണം ഈ പദ്ധതി കാലയളവിൽ ഉദ്ദേശിക്കുന്നു. ഡ്യൂവൽ ഫിൽട്ടർ മീഡിയ ഉപയോഗിച്ച് ജല ശുദ്ധീകരണ പ്ലാന്റുകളുടെ (ഡബ്ല്യൂ.ടി.പി) ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുക, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ തുടങ്ങിയവ ഉദ്ദേശിക്കുന്നു.

- **കാലപ്പഴക്കമുള്ള ആസ്തി:- വലിയ നിക്ഷേപ ആവശ്യകത:** കെ.ഡബ്ല്യു.എയിൽ 928 സ്കീമുകൾ പ്രവർത്തനത്തിലുണ്ട്. അവയ്ക്ക് ഇൻടേക്ക്, വാട്ടർ ടാങ്കുകൾ, പമ്പ് ഹൗസുകൾ തുടങ്ങിയ വിവിധ സിവിൽ ഘടനകളുണ്ട്. അവ കാലപ്പഴക്കമുള്ളവയും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതുമാണ്. സൃഷ്ടിച്ച ആസ്തികൾ സംരക്ഷിക്കുന്നതിനും സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഇവ ഘട്ടം ഘട്ടമായി പരിപാലിക്കേണ്ടതാണ്.
- **ഉയർന്ന എൻ.ആർ.ഡബ്ല്യൂ (വരുമാനരഹിത ജലം):** കെ.ഡബ്ല്യു.എയുടെ വരുമാനരഹിത ജലം 50 ശതമാനമാണെന്ന് കണക്കാക്കപ്പെടുന്നു; ഇത് ദേശീയ ബെഞ്ച് മാർക്ക് കണക്കിലെടുക്കുമ്പോൾ വളരെ വലുതാണ്. കാലപ്പഴക്കമുള്ള പൈപ്പുകളും തെറ്റായ കണക്ഷനുകളുമാണ് ഇത്രയും വലിയ എൻ.ആർ.ഡബ്ല്യുവിന് കാരണം. അടുത്ത പദ്ധതി കാലയളവിൽ ഇത്തരം പൈപ്പുകളുടെ ശേഷിക്കുന്ന സ്ട്രെച്ചുകൾ മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.
- **അവഗണിക്കപ്പെട്ട ശുചിത്വ മേഖല- വലിയ നിക്ഷേപം ആവശ്യമാണ്:** കോർപ്പറേഷനുകളിലും പ്രധാന നഗരങ്ങളിലും ഉചിതമായ ശുചിത്വ സംവിധാനം ഒരുക്കുന്നതിന് കൂടുതൽ ഊന്നൽ നൽകും. ഇതിന് വലിയ നിക്ഷേപം വേണ്ടിവരും.
- **ജീവനക്കാരുടെ കുറവും മോശമായ അസറ്റ് മാനേജ്മെന്റും:** ജെ.ജെ.എം, അമൃത് 2.0 എന്നിവ നടപ്പിലാക്കിയ ശേഷം, ഉൽപ്പാദന ഘടകങ്ങൾ/സംഭരണം/സംപ്രേഷണം, വിതരണ ശൃംഖല എന്നിവ പലമടങ്ങ് വർദ്ധിപ്പിക്കും. എന്നാൽ പരിമിതമായ മനുഷ്യവിഭവശേഷിയുള്ളതിനാൽ, ഈ ജലവിതരണ-മലിനജല സംവിധാനങ്ങളെല്ലാം നിലനിർത്തുന്നത് ബുദ്ധിമുട്ടായിരിക്കും. മനുഷ്യവിഭവശേഷി വികസനം അനിവാര്യമാണ്.
- **ഫണ്ടിന്റെ ദൗർലഭ്യം:** ഫണ്ടിന്റെ ദൗർലഭ്യം: പ്രതിമാസ വൈദ്യുതി ചാർജുകൾ, സ്ഥാപന ചെലവുകൾ, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി എടുത്ത സേവന വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തന, അറ്റകുറ്റപ്പണി ചെലവുകൾ വഹിക്കാൻ കെ.ഡബ്ല്യു.എ.യുടെ കൈവശമുള്ള റവന്യൂ ഫണ്ടുകൾ അപര്യാപ്തമാണ്.
- **ഉൽപ്പാദനച്ചെലവും വരുമാനവും തമ്മിലുള്ള വിടവ് വർധിക്കുന്നു:** ജനങ്ങളുടെയും ഗവൺമെന്റിന്റെയും അഭിലാഷങ്ങൾ നിറവേറ്റുന്നതിനായി സേവനങ്ങളുടെ വിപുലീകരണത്തോടൊപ്പം അതോറിറ്റിയുടെ ബാധ്യതകൾ വൻതോതിൽ വർദ്ധിക്കുന്നതിനാൽ, കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഉണ്ടായിട്ടും, കുറഞ്ഞ ചെലവിൽ കെ.ഡബ്ല്യൂ.എ-യ്ക്ക് അതിന്റെ സേവനം സാധാരണപോലെ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.

കെ.ആർ.ഡബ്ല്യു.എസ്.എ നേരിടുന്ന പ്രധാന വെല്ലുവിളികൾ ഇവയാണ്:

- ഗ്രാമീണ ജലമേഖലയിൽ നടപ്പിലാക്കിയ ഭാഗികമായി/പൂർണ്ണമായി പ്രവർത്തനരഹിതമായ കമ്മ്യൂണിറ്റി നിയന്ത്രിത കുടിവെള്ള വിതരണ പദ്ധതികൾ പ്രവർത്തനക്ഷമമാക്കും. എല്ലാ കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ അടിസ്ഥാന സൗകര്യങ്ങളുടെയും ഒരു ഡാറ്റാബേസ് ആവശ്യമാണ്.
- മാതൃകയുടെ വിജയത്തിനായി സാങ്കേതിക സഹായം നൽകിക്കൊണ്ട് എല്ലാ കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്കും ഒരു ബാക്ക് സ്റ്റോപ്പിങ് സപ്പോർട്ട് നൽകേണ്ടതുണ്ട്.
- കേരളത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന്, പ്രത്യേകിച്ച് വേനൽക്കാലത്ത്, ശരിയായ ജലപരിപാലന രീതിയായും ജലസംരക്ഷണ നടപടിയായും മഴവെള്ള സംഭരണം സ്വീകരിക്കാവുന്നതാണ്.
- ഭൂഗർഭജല റീചാർജും ഗാർഹിക കിണറുകളുടെ ശുചീകരണവും അത്യാവശ്യമാണ്. ശരിയായി സംരക്ഷിക്കുകയും റീചാർജ് ചെയ്യുകയും ചെയ്താൽ, കിണറുകൾ കുടിവെള്ളത്തിന്റെ വിശ്വസനീയമായ സ്രോതസ്സായി വർത്തിക്കും.
- കുടിവെള്ള സ്രോതസ്സുകൾക്കായുള്ള ജലത്തിന്റെ ഗുണനിലവാരവും നിരീക്ഷണവും (ഡബ്ല്യു.ക്യു.എം.എസ്) വിവിധ ഗ്രാസ് റൂട്ട് ലെവൽ വിദ്യാഭ്യാസ-സാങ്കേതിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അവയുടെ നിലവിലുള്ള വിഭവങ്ങൾ വിനിയോഗിക്കുകയും അധിക സാമ്പത്തിക സ്രോതസ്സുകൾ നൽകി അവയെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്.
- ഗ്രേ വാട്ടർ മാനേജ്മെന്റ്/ട്രീറ്റ്മെന്റ് സിസ്റ്റങ്ങൾക്കായി ഒരു കർമ്മ പദ്ധതിയും മുന്നോട്ടുള്ള വഴിയും സൃഷ്ടിക്കാൻ കെ.ആർ.ഡബ്ല്യു.എസ്.എ ലക്ഷ്യമിടുന്നു.

- ജലസംരക്ഷണത്തെക്കുറിച്ചും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും സമൂഹം/ഗുണഭോക്താക്കൾ/വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നത് പൊതുജനങ്ങളുടെ വിശ്വാസങ്ങളെയും മനോഭാവത്തെയും മാറ്റും.
- നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് സാങ്കേതികവിദ്യയിലും മാനേജ്മെന്റിലും വിജയ-പരാജയ മാതൃകകൾ തിരിച്ചറിയുന്നതിന് ഗ്രാമീണ ജല സാങ്കേതികവിദ്യകളിലെ ഗവേഷണവും വികസനവും (ആർ & ഡി) ആവശ്യമാണ്.
- ജലനിധി ഘട്ടം-2 പൂർത്തീകരണം - (ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതി): നടപ്പ സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ചെയ്യുന്ന മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലേക്കുള്ള വൻകിട ജലവിതരണ പദ്ധതിയാണ് പൂർത്തീകരിക്കാനുള്ള ഏക പദ്ധതി.

പതിന്നാലാം പഞ്ചവത്സര പദ്ധതി
സമീപനം

- കേരളം ജലസമൃദ്ധമായ സംസ്ഥാനമാണെങ്കിലും എല്ലാ വീടുകളിലും കുടിവെള്ള വിതരണ സംവിധാനം വിപുലീകരിക്കേണ്ടതുണ്ട്. എല്ലാ വീട്ടിലും കുടിവെള്ള വിതരണം കേരള സർക്കാർ ഉറപ്പാക്കും. ഇതിനായി, ജലസ്രോതസ്സുകളുടെ പുനഃസ്ഥാപനം, സംരക്ഷണം, തുല്യമായ വിതരണം, ഉപയോഗയോഗ്യമായ ജലവിതരണം വർദ്ധിപ്പിക്കൽ എന്നിവയിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും.
- പതിന്നാലാം പഞ്ചവത്സര പദ്ധതി ജലവിതരണ സംവിധാനത്തിന്റെയും ജലവിതരണ മേഖലയിലെ പദ്ധതികളുടെയും സമ്പൂർണ ഓഡിറ്റിന് പിന്തുണ നൽകും. ഗാർഹിക കിണറുകൾ കുടിവെള്ള സ്രോതസ്സുകളായി പരിശോധിച്ച് സാക്ഷ്യപ്പെടുത്താനും മഴക്കാലത്ത് മഴവെള്ള സംഭരണം ഉറപ്പാക്കാനുമുള്ള നിർദ്ദേശത്തെ ഇത് പിന്തുണയ്ക്കും. ജൽ ജീവൻ മിഷൻ (ജെ.ജെ.എം) വഴി ഗ്രാമീണ ജനങ്ങൾക്ക് സുരക്ഷിതമായ പൈപ്പ് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സംഭാവനകളെയും ശ്രമങ്ങളെയും പദ്ധതി പിന്തുണയ്ക്കും.
- സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ഘട്ടംഘട്ടമായി മലിനജല പദ്ധതികൾ സ്ഥാപിക്കുന്നതിന് പതിന്നാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകും. സംസ്ഥാനത്തുടനീളം ഘട്ടംഘട്ടമായി വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ പ്ലാന്റുകൾ ആരംഭിക്കുന്നതിനുള്ള പരിപാടിയെ ഇത് പിന്തുണയ്ക്കും.

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ
പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

100 ശതമാനം പ്രവർത്തനക്ഷമമായ ഗാർഹിക ജലവിതരണ കവറേജും മലിനജല സംവിധാനങ്ങളും സെപ്റ്റേജ് മാനേജ്മെന്റ് സേവനങ്ങളും നടപ്പിലാക്കുക എന്നതാണ് 14-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. 100 ശതമാനം കവറേജ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഈ മേഖലയ്ക്ക് പുത്തൻ സ്രോതസ്സുകളുടെ വികസനം, നിലവിലുള്ള സ്രോതസ്സുകളുടെ വർദ്ധനവ്, ജലശുദ്ധീകരണവും നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യങ്ങളും, വരുമാനരഹിത ജലത്തിന്റെ അളവ് നിയന്ത്രിക്കൽ, ഡിമാൻഡ് മാനേജ്മെന്റ്, റവന്യൂ എന്നിവ ഉൾപ്പെടുന്ന ബഹുമുഖ സമീപനം ആവശ്യമാണ്. ഇതിനോടൊപ്പം ജീവനക്കാരുടെ കഴിവ് വളർത്തലും പരിശീലനവും ഉൾപ്പെടുന്നു.

100 ശതമാനം കവറേജ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന്, ഈ മേഖലയ്ക്ക് പുത്തൻ സ്രോതസ്സുകളുടെ വികസനം, നിലവിലുള്ള സ്രോതസ്സുകളുടെ വർദ്ധനവ്, ജലശുദ്ധീകരണവും നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യങ്ങളും, വരുമാനരഹിത ജലം (എൻ.ആർ.ഡബ്ല്യൂ), ഡിമാൻഡ് മാനേജ്മെന്റ്, റവന്യൂ മാനേജ്മെന്റ് എന്നിവയ്ക്കൊപ്പം ഈ മേഖലയിലെ ഉദ്യോഗസ്ഥരുടെ ശേഷി വർദ്ധിപ്പിക്കലും പരിശീലനവും ലക്ഷ്യമിടുന്നു.

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ/ലക്ഷ്യങ്ങൾ

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന പുതിയ ഡ്രൈവുകൾ/പ്രധാന സംരംഭങ്ങൾ താഴെക്കൊടുക്കുന്നു.

കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യൂ.എ)

1. ജെ.ജെ.എം, അമൃത് 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപ്രദേശങ്ങളിൽ 100 എൽ.പി.സി.ഡി ലും നഗരപ്രദേശങ്ങളിൽ 150 എൽ.പി.സി.ഡി ലും ശുദ്ധീകരിച്ച വെള്ളം നൽകാൻ കെ.ഡബ്ല്യൂ.എ ലക്ഷ്യമിടുന്നു. സംസ്കരണ പ്ലാന്റിന്റെ സ്ഥാപിത ശേഷിയും യഥാർത്ഥ ഉൽപ്പാദനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്ഥാപിത ശേഷിയും യഥാർത്ഥ ഉൽപ്പാദനവും തമ്മിലുള്ള വിടവ് കുറയ്ക്കും. ഇതിനായി പ്രത്യേക ഊന്നൽ നൽകും.

   - ഡബ്ല്യൂ.ഡി.പി-കളുടെ നവീകരണം
   - പമ്പിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ
   - വിതരണ ശൃംഖല വിപുലീകരിക്കൽ
   - 5 കോർപ്പറേഷനുകളിലും പാലക്കാട്, ഗുരുവായൂർ, ആലപ്പുഴ മുനിസിപ്പാലിറ്റികളിലും 24x7 ജലവിതരണം നടത്തും.
   - പഴയതും കേടായതുമായ AC/Premo/PVC/HDPE പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ
   - വരുമാനരഹിത ജലം 20% ആയി കുറയ്ക്കുക
   - സമയബന്ധിതമായ പ്രതിരോധ പരിപാലനം
   - ഗുണമേന്മ ഉറപ്പാക്കുക
   - ബൾക്ക് ഫ്ലോ അളക്കൽ
   - ഗാർഹിക മീറ്റർ മാറ്റിസ്ഥാപിക്കൽ
   - ഗാർഹിക കണക്ഷൻ പുനരധിവാസം
   - ചോർച്ച കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങൾ

2. മലിനജല, ശുചീകരണ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ: മലിനജലം ശേഖരിക്കുന്നതിനും അതിന്റെ സംസ്കരണത്തിനും മലിനജലം സുരക്ഷിതമായി സംസ്കരിക്കുന്നതിനും അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിലൂടെ മാത്രമേ രണ്ടാം തലമുറയിലെ ശുചിത്വ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. സംഘടിത അഴുക്കുചാലുകളുടെ വിതരണത്തിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിന്നിലാണ്. 1500/ച.കി.മീ ജനസാന്ദ്രതയുള്ള എല്ലാ പട്ടണങ്ങളിലും ഉചിതമായ മലിനജല സംവിധാനങ്ങൾ മുൻഗണനാക്രമത്തിൽ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
3. പുതിയ മെറ്റീരിയൽ ടെസ്റ്റിംഗ് ലാബുകൾ, പ്രത്യേക ജല ഗുണനിലവാര സെല്ലുകൾ തുടങ്ങിയവയിലൂടെ സ്വതന്ത്ര ഗുണനിലവാര ഉറപ്പ് വരുത്തും.
4. ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഡാറ്റാബേസ് സ്ഥാപിക്കും

   എ. അസറ്റ് മാപ്പിംഗ്
   ബി. ഉപഭോക്തൃ ഡാറ്റാബേസ് ഓവർലേകൾ
   സി. ഡിജിറ്റൽ എലിവേഷൻ മോഡലിംഗ്

5. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) നടപ്പിലാക്കൽ. എന്റർപ്രൈസ്-വൈഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ പങ്കിടൽ, ബിസിനസ് ആസൂത്രണം, തീരുമാനമെടുക്കൽ എന്നിവ സുഗമമാക്കുന്നതിന് കെ.ഡബ്ല്യൂ.എ -യിൽ സമഗ്രമായ ഒരു ഡാറ്റാബേസ് നടപ്പിലാക്കേണ്ടതുണ്ട്.
6. തീരപ്രദേശത്തെ ആവശ്യവുമായി പൊരുത്തപ്പെടുന്നതിന് പൈലറ്റ് ഡീസാലിനേഷൻ ടെക്നോളജി പ്രദർശിപ്പിക്കേണ്ടതുണ്ട്.
7. പമ്പ് ഹൗസുകളുടെയും മുഴുവൻ സിസ്റ്റത്തിന്റെയും ഓട്ടോമേഷൻ.
8. കണക്കാക്കിയ നിലവിലെ നിരക്കായ 40 ശതമാനത്തിൽ നിന്ന് എൻ.ആർ.ഡബ്ല്യൂ (വരുമാനരഹിത ജലം) കുറയ്ക്കുന്നതിനുള്ള നടപടികൾ.
9. ജലശുദ്ധീകരണ വിതരണ സംവിധാനങ്ങളുടെയും മലിനജല ശേഖരണത്തിന്റെയും നിർമ്മാർജന സംവിധാനങ്ങളുടെയും പ്രവർത്തനത്തിന് ഊർജ്ജം ഒരു നിർണായക മാനദണ്ഡമായതിനാൽ, എല്ലാ പദ്ധതികളുടെയും ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കുന്നതിനും ഊർജ്ജ സംരക്ഷണ നടപടികൾ കൈക്കൊള്ളുന്നതിനും ശ്രദ്ധ ആവശ്യമാണ്.
10. ഇതര ഊർജ സ്രോതസ്സുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധ ആവശ്യമാണ്.

11.തിരിച്ചറിവോടെയുള്ള തീരുമാനമെടുക്കൽ പ്രാവർത്തികമാക്കുന്നതിനു തത്സമയ ഡാറ്റ ആശയവിനിമയം നിർണായകമാണ്.
12. സേവനങ്ങളുടെ വിപുലീകരണത്തിനൊപ്പം കെ.ഡബ്ല്യു.എ.യുടെ ബാധ്യതകൾ വലിയ തോതിൽ വർദ്ധിക്കുന്നതിനാൽ, മികച്ച വരുമാന ശേഖരണം, 100 ശതമാനം റീഡിംഗ്/ബില്ലിംഗ് എന്നിവ ആവശ്യമാണ്.
13. കാര്യക്ഷമമായ ജല ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വരുമാനരഹിത ജലം' (എൻ.ആർ. ഡബ്ല്യൂ) കുറയ്ക്കുന്നതിനും, പൈലറ്റ് പ്രീ-പെയ്ഡ് വാട്ടർ മീറ്ററുകൾ നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.
14. എല്ലാ നിർണായക സംവിധാനങ്ങളിലും ഫ്ലോ മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്.

കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ)

1. സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി/എൽഎസ്ജി നിയന്ത്രിത ചെറുകിട ജലവിതരണ അടിസ്ഥാന സൗകര്യങ്ങളുടെ ഒരു ഡാറ്റാബേസ് സൃഷ്ടിക്കുകയും വിഭാവനം ചെയ്ത സേവനങ്ങൾ ഉറപ്പാക്കുന്നതിന് അതിന്റെ പ്രവർത്തനക്ഷമത വിലയിരുത്തുകയും ചെയ്യും.
2. സംസ്ഥാനത്തുടനീളമുള്ള ഭാഗികമായി/പൂർണമായി പ്രവർത്തനരഹിതമായ എല്ലാ ജലവിതരണ പദ്ധതികളുടെയും സുസ്ഥിരതയ്ക്കൊപ്പം പ്രവർത്തനക്ഷമതയും ഉറപ്പാക്കേണ്ടതുണ്ട്.
3. ഉറവിട സുസ്ഥിരത ഉറപ്പാക്കാൻ, മഴവെള്ള സംഭരണവും ഭൂഗർഭ ജല റീചാർജ് പ്രവർത്തനങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട്.
4. ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നു. കുടിവെള്ളത്തിന്റെ വിശ്വസനീയമായ സ്രോതസ്സായി വർത്തിക്കാനും അതേ സമയം കുറഞ്ഞുവരുന്ന ഭൂഗർഭ ജലവിതാനം നികത്താനും ഇതിന് കഴിയും.
5. കെ.ആർ.ഡബ്ല്യു.എസ്.എ ഫീൽഡ് ടെസ്റ്റിംഗിനായി ഓപ്പറേറ്റർമാരെയും ഗുണഭോക്താക്കളെയും പരിശീലിപ്പിക്കുകയും, കമ്മ്യൂണിറ്റി ലെവൽ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം, ഗ്രേ വാട്ടർ മാനേജ്മെന്റ് എന്നിവ ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ജല ഗുണനിലവാര ലാബുകളുടെ ഒരു ശൃംഖല സ്ഥാപിക്കുകയും ചെയ്യും.
6. കമ്മ്യൂണിറ്റി നിയന്ത്രിത അസറ്റുകളുടെ പ്രവർത്തനങ്ങളിലും മാനേജ്മെന്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്ന ഒരു ബാക്ക്സ്റ്റോപ്പിംഗ് സ്ഥാപനമായി കെ.ആർ.ഡബ്ല്യു.എസ്.എ പുനഃക്രമീകരിക്കേണ്ടതുണ്ട്.
7. പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് എല്ലാ സ്റ്റോക്ക് ഹോൾഡേഴ്സിന്റെയും കഴിവ് മെച്ചപ്പെടുത്തേണ്ടതുണ്ട്.
8. ചെറുപ്രായത്തിൽ തന്നെ ജലത്തിന്റെ മൂല്യം ജനങ്ങളിൽ എത്തിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.
9. ജൽ ജീവൻ മിഷന് നടപ്പാക്കൽ പിന്തുണ നൽകാൻ കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്ദേശിക്കുന്നു.

പതിന്നാലാം പഞ്ചവത്സര പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ
കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ)

വർഷങ്ങളായി വിവിധ പദ്ധതികൾ നടപ്പിലാക്കിയ സ്വയംഭരണ സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി (കെ.ഡബ്ല്യു.എ). ഗ്രാമപ്രദേശങ്ങളിൽ 100 ശതമാനം പൈപ്പ് ജലവിതരണം ഉറപ്പാക്കുന്നതിന് ഗ്രാമീണ ജലവിതരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് വഴി ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ ജലവിതരണ, മലിനജല നിവാരണ പദ്ധതികൾ ലഭ്യമാക്കും. ദേശീയ ഹരിത ട്രൈബ്യൂണൽ (എൻജിടി) മാർഗനിർദേശങ്ങൾ പാലിക്കുന്നതിന് കൂടുതൽ നിർദേശങ്ങൾ സ്വീകരിക്കും. അരുവിക്കര പമ്പിങ് സ്റ്റേഷൻ പദ്ധതിയുടെ നവീകരണത്തിലൂടെ തിരുവനന്തപുരം നഗരത്തിലേക്കുള്ള അധിക ജലവിതരണം ഉറപ്പാക്കുന്നു. കെ.ഡബ്ല്യു.എ യുടെ മലിനജല പദ്ധതികളിലൂടെ, നിലവിലുള്ള മലിനജല ലൈനുകളിൽ അടിയന്തര പരിപാലനം/അറ്റകുറ്റപ്പണികൾ നടത്താനും കേരളത്തിന് 100 ശതമാനം മലിനജല ശൃംഖല ഉറപ്പാക്കാനും തിരുവനന്തപുരത്തും കൊച്ചിയിലും മലിനജല സംവിധാനങ്ങൾ വിപുലീകരിക്കാനും മറ്റ് പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും വികേന്ദ്രീകൃത മലിനജല സംവിധാനങ്ങൾ സ്ഥാപിക്കാനും റോബോട്ടിക് സംവിധാനം വഴി മലിനജല മാൻഹോളുകൾ വൃത്തിയാക്കാനും കെ.ഡബ്ല്യു.എ ഉദ്ദേശിക്കുന്നു.

ജൽ ജീവൻ മിഷൻ (ജെജെഎം): എൻ.ആർ.ഡി.ഡബ്ല്യു.പിയുടെ തുടർച്ചയായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജൽ ജീവൻ മിഷൻ. 2024-ഓടെ ഇന്ത്യയിലെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കാൻ വിഭാവനം ചെയ്യുന്നു. കേന്ദ്രവും സംസ്ഥാനവും തമ്മിൽ 50:50 ചെലവ് പങ്കിടൽ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2024-ഓടെ 41.25 ലക്ഷം കണക്ഷനുകൾ പൂർത്തിയാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യു.ടി.പി.കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ: ഊർജ ആവശ്യകതകൾ ഉയരുകയും പരമ്പരാഗത ഊർജ സ്രോതസ്സുകളുടെ ശോഷണം ത്വരിതപ്പെടുകയും ചെയ്യുമ്പോൾ, കെ.ഡബ്ല്യു.എയിൽ ഊർജ കാര്യക്ഷമത പരിപാടികൾ അനിവാര്യമാണ്.

കെ.ഡബ്ല്യു.എ യുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും: വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കൽ നിശ്ചിത ആവൃത്തിയിൽ എടുത്ത ജലസാമ്പിളുകളുടെ വിശകലനം വഴി കെ.ഡബ്ല്യു.എയുടെ ക്വാളിറ്റി കൺട്രോൾ വിംഗാണ് നിർവഹിക്കേണ്ടത്. പൊതുജനങ്ങൾക്ക് അവരുടെ ജല സാമ്പിളുകൾ പരിശോധിക്കുന്നതിന് എളുപ്പത്തിൽ സാധ്യമാക്കുന്നതിനാണ് ഇത്.

എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി): എന്റർപ്രൈസ്-വൈഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ പങ്കിടൽ, ബിസിനസ് ആസൂത്രണം, തീരുമാനമെടുക്കൽ എന്നിവ സുഗമമാക്കുക എന്നതിനാണ് കെ.ഡബ്ല്യു.എ-യിൽ ഇ.ആർ.പി നടപ്പിലാക്കുന്നത്. ഇ.ആർ.പി സിസ്റ്റങ്ങൾ വഴി പ്രവർത്തനം കാര്യക്ഷമമാക്കുകയും ഓട്ടോമേറ്റ് ചെയ്യുകയും ചെയ്യുന്നു. ഇത് കൂടുതൽ കൃത്യവും കാര്യക്ഷമവുമായ പ്രവർത്തനം സൃഷ്ടിക്കുന്നു.

ഒ.എച്ച്.എസ്.ആർകൾക്ക് കീഴിൽ ഓഫീസ് സ്ഥലവും കെ.ഡബ്ല്യു.എയുടെ ഉടമസ്ഥതയിലുള്ള സ്ഥലവും ക്രമീകരിക്കുന്നതിന് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം: കെ.ഡബ്ല്യു.എയുടെ ഒട്ടുമിക്ക ഓഫീസുകളും ജീർണിച്ചതും അപകടകരമായതുമായ അവസ്ഥയിൽ വളരെ പഴക്കമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഓവർഹെഡ് റിസർവോയറുകൾക്ക് താഴെയുള്ള ഒഴിഞ്ഞ സ്ഥലങ്ങളിലും കെ.ഡബ്ല്യു.എയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തും പുതിയ ഓഫീസ് സ്ഥലം ക്രമീകരിക്കണം.

കേരള സംസ്ഥാന ഗ്രാമീണ ജലവിതരണ, ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ)

ലോകബാങ്ക് സഹായത്തോടെയുള്ള ജലനിധി ഫേസ്-2 പദ്ധതിക്ക് കീഴിൽ, ആകെയുള്ള 2,176 ജലവിതരണ പദ്ധതികളിൽ 2,173 ജലവിതരണ പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. കാസർഗോഡ് ജില്ലയിലെ പൈവലിക ഗ്രാമ പഞ്ചായത്തിലെ ജലവിതരണ പദ്ധതികൾ ഉറവിട തകരാർ മൂലം മുടങ്ങിപ്പോയി. ഈ ഗ്രാമ പഞ്ചായത്ത് ജെ.ജെ.എം പദ്ധതിയുടെ കീഴിൽ വരുന്നതിനാൽ ഈ പദ്ധതി നടപ്പാക്കുന്നത് ഒഴിവാക്കി. ഈ സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ചെയ്യുന്ന മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലേക്കുള്ള വലിയ ജലവിതരണ പദ്ധതി മാത്രമാണ് പൂർത്തീകരിക്കാനുള്ള ഏക പദ്ധതി.

1. സുസ്ഥിര പിന്തുണയും ബാക്ക് സ്റ്റോപ്പിംഗ് സപ്പോർട്ട് പ്രോഗ്രാമും: പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ, എല്ലാ ഗ്രാമീണ ജലവിതരണ പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഘട്ടം ഘട്ടമായി പരിഹരിക്കാനും അതിന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കാനും കെ.ആർ.ഡബ്ല്യു.എസ്.എ നിർദ്ദേശിക്കുന്നു. സംസ്ഥാനത്തിന് ഒരു റഫറൻസ് ഗൈഡായി മാറുന്ന എല്ലാ ഗ്രാമീണ ജലവിതരണ പരിപാടികളുടെയും ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിന് ഊന്നൽ നൽകും. സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി/എൽഎസ്ജി നിയന്ത്രിത ചെറുകിട ജലവിതരണ ഇൻഫ്രാസ്ട്രക്ചറുകളുടെ ഒരു ഡാറ്റാബേസ് ഉണ്ടാക്കുക, പൂർണ്ണമായും/ഭാഗികമായും പ്രവർത്തനരഹിതമായ പദ്ധതികൾ ഘട്ടം ഘട്ടമായി പുനഃസ്ഥാപിക്കുക, ആസ്തികളുടെ കാര്യക്ഷമമായ മാനേജ്മെന്റിന് ഗുണഭോക്താക്കളെ പ്രാപ്തരാക്കുന്നതിന് ശേഷി വർദ്ധിപ്പിക്കുക, ഐ.ഇ.സി എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. പുനരധിവസിപ്പിക്കുകയും

എല്ലാ കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികൾക്കും പിന്തുണ നൽകുകയും ചെയ്യുന്ന ഏജൻസിയായി പ്രവർത്തിക്കുകയും ചെയ്യും.

2. കെ.ആർ.ഡബ്ല്യു.എസ്.എ മുഖേനയുള്ള മഴവെള്ള സംഭരണത്തിന്റെയും ഭൂഗർഭജല റീചാർജ് നടപടികളുടെയും അളവ് വർദ്ധിപ്പിക്കൽ: മഴവെള്ളം ശേഖരിക്കുന്നതിനും ഭാവിയിലെ ഉപയോഗത്തിനായി ശരിയായ രീതിയിൽ സംഭരിക്കാനുമുള്ള ഒരു സാങ്കേതികത അല്ലെങ്കിൽ തന്ത്രമാണ് മഴവെള്ള സംഭരണം. വിവിധ പ്രതലങ്ങളിൽ നിന്നും പ്ലാറ്റ്ഫോമുകളിൽ നിന്നും വെള്ളം ശേഖരിക്കുകയും പിന്നീടുള്ള ഉപയോഗത്തിനായി സംഭരിക്കുകയും ചെയ്യാം. മിക്ക കേസുകളിലും, വെള്ളം സാധാരണയായി മേൽക്കൂരകളിൽ നിന്നും മറ്റ് കട്ടിയുള്ള പ്രതലങ്ങളിൽ നിന്നും ശേഖരിക്കുന്നു. മഴവെള്ള സംഭരണം ജലത്തെ സംരക്ഷിക്കുന്നതിനുള്ള വളരെ വിശ്വസനീയമായ മാർഗമായി കണക്കാക്കപ്പെടുന്നു. മഴവെള്ള ശേഖരണത്തിൽ നിന്ന് വെള്ളം സംഭരിക്കുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം സംഭരണ ടാങ്കുകൾ ആണ്.

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.

എ. ഏറ്റവും ആവശ്യമുള്ള വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് 10,000 ലിറ്റർ സംഭരണശേഷിയോടു കൂടിയ മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
ബി. ചെറിയ ഭൂഗർഭ ജലത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതിയുടെ ജല ഉറവിടത്തിന്റെ പോരായ്മ ഒഴിവാക്കുന്നതിനായി ഗ്രാമീണ ജല വിതരണ പദ്ധതികളുടെ ഉറവിട ജല ലഭ്യത ഉറപ്പാക്കുന്നതിനായി ഭൂഗർഭജല റീചാർജ്.
സി. കമ്മ്യൂണിറ്റി നിയന്ത്രിത ആർ.ഡബ്ല്യു.എച്ച് ഘടനകളുടെ നിർമ്മാണം: എസ്സ്.സി/എസ്സ്.ടി യിലെയും മറ്റ് പിന്നാക്ക കോളനികളിലേയും ഒരു കൂട്ടം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള പൊതുവായ ആർ.ഡബ്ല്യു.എച്ച് ടാങ്കുകൾ.
ഡി. സർക്കാർ സ്ഥാപനങ്ങളിൽ ആർ.ഡബ്ല്യു.എച്ചും ജി.ഡബ്ല്യു.ആറും പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
ഇ. അംഗനവാടികൾ ഉൾപ്പെടെയുള്ള പൊതു, എയ്ഡഡ്, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ ശേഷിയുള്ള ആർ.ഡബ്ല്യു.എച്ച് ടാങ്കുകളുടെ നിർമ്മാണം. ഇതോടെ കുടിവെള്ള പ്രശ്നം ഭാഗികമായി പരിഹരിക്കാനും മഴവെള്ള സംഭരണം എന്ന ആശയത്തെക്കുറിച്ച് വിദ്യാർഥി സമൂഹത്തിൽ ബോധവൽക്കരണം നടത്താനും സാധിക്കും.

3. ഹോം സ്റ്റേഡ് കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റൽ: കെ.ആർ.ഡബ്ല്യു.എസ്.എ അതിന്റെ ഊന്നൽ മേഖലകളിലൊന്നായി ഹോംസ്റ്റേഡ് കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റാൻ നിർദ്ദേശിക്കുന്നു. 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കെ.ആർ.ഡബ്ല്യു.എസ്.എ ഘട്ടം ഘട്ടമായി വീട്ടുവളപ്പിലെ കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കും. ഓരോ ഘട്ടത്തിലും സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്ന 10,000 എണ്ണം കിണറുകൾ ഉൾപ്പെടുത്തും.

4. ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും: കമ്മ്യൂണിറ്റി നിയന്ത്രിത ചെറിയ ജലവതരണ പദ്ധതികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം. ഒരു പൊതു ജലവിതരണം, ശേഷിയിൽ ചെറുതാണെങ്കിലും, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പതിവ് നിരീക്ഷണവും സമയബന്ധിതമായ ലഘൂകരണവും ആവശ്യമാണ്. മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും അഭാവം സംസ്ഥാനത്തെ പൊതു ജനാരോഗ്യത്തിന് വലിയ ഭീഷണിയായി ഉയർന്നു വരുന്നു. പരിസ്ഥിതി മാനേജ്മെന്റിൽ അനുഭവപരിചയമുള്ള കെ.ആർ.ഡബ്ല്യു.എസ്.എ ഗ്രാമീണ മേഖലയിൽ ചാരനിറത്തിലുള്ള വാട്ടർ മാനേജ്മെന്റ് ഏറ്റെടുക്കാൻ നിർദ്ദേശിക്കുന്നു, തുടക്കത്തിൽ ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

5. ഗ്രാമീണ ജല സാങ്കേതിക വിദ്യകളിലെ ഗവേഷണവും വികസനവും: വലിയ സംഘടിത ജലവിതരണം സമൂഹത്തിന്റെ കുടിവെള്ള വിതരണ ആവശ്യങ്ങൾക്കുള്ള പ്രധാന പരിഹാരമാണെങ്കിലും വലിയ ജലവിതരണ പദ്ധതികൾ എത്തിച്ചേരാത്ത വാസസ്ഥലങ്ങൾ

ഇപ്പോഴും ഉണ്ട്. പലപ്പോഴും ഇവ അധ:സ്ഥിതരും ദുർബലരുമായ വിഭാഗത്തിന്റെ വാസസ്ഥലമായിരിക്കും. ഉചിതമായതും നൂതനവുമായ സാങ്കേതിക വിദ്യകളും ഒ&എം മോഡലുകളും ഉപയോഗിച്ച് കുടിവെള്ള വിതരണ പരിഹാരം നൽകേണ്ടത് ആവശ്യമായി വന്നേക്കാം. നവീകരണത്തിനായി കണ്ടെത്തിയ മേഖലകൾ ഇവയാണ്:

- സാങ്കേതിക വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ചെലവ് കുറഞ്ഞതും കാര്യക്ഷമവുമായ ജലഗുണ ലഘൂകരണ മാതൃകകൾ വികസിപ്പിക്കുക.
- ഗവേഷണവും വികസനവും പൈലറ്റിംഗും ലോറ: ബാറ്ററിയിൽ പ്രവർത്തിക്കുന്ന 'കാര്യങ്ങൾ' ഇന്റർനെറ്റുമായി വയർലെസ് ആയി ബന്ധിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു ലോ-പവർ, വൈഡ് ഏരിയ നെറ്റ്‌വർക്കിംഗ് പ്രോട്ടോക്കോൾ ആണ് LORA. ഇതിന് സെൻസറുകൾ, ഗേറ്റ്‌വേകൾ, മെഷീനുകൾ, ഉപകരണങ്ങൾ തുടങ്ങിയവയെ വയർലെസ് ആയി ക്ലൗഡിലേക്ക് ബന്ധിപ്പിക്കാൻ കഴിയും. ഇത് വയർലെസ് വാട്ടർ ലെവൽ കൺട്രോളർ-കം-പമ്പ് ഓപ്പറേഷൻ യൂണിറ്റുകളെ സഹായിക്കുന്നു.
- നിലവിലുള്ള പ്രഷർ സാൻഡ് ഫിൽട്ടറും ഇരുമ്പ് നീക്കം ചെയ്യുന്ന പ്ലാന്റും ചെറുകിട ജലവിതരണ പദ്ധതികളിൽ പൈലറ്റും പുനർനിർമ്മിക്കുന്നു
- ജീവനക്കാർക്ക് സാങ്കേതിക പരിജ്ഞാനത്തിന്റെ വൈദഗ്ധ്യം പകർന്നുനൽകൽ/മികച്ച പ്രാക്ടീസ്/വിജയകരമായ മോഡലുകൾ, ഡോക്യുമെന്റേഷൻ എന്നിവയിലേക്കുള്ള എക്സ്പോഷർ സന്ദർശനം.

6. ഐ.ഇ.സി, കാര്യക്ഷമതാ വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബും: ജലമേഖലയിലെ ഇൻഫർമേഷൻ എജ്യുക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങൾ വിവിധ ഗുണഭോക്താക്കളുടെ, പ്രത്യേകിച്ച് പ്രാദേശിക സമൂഹങ്ങളുടെ ഉത്തരവാദിത്തമുള്ളതും പ്രതികരിക്കുന്നതുമായ നേതൃത്വം, ഗ്രാമത്തിനുള്ളിലെ ജലവിതരണ സംവിധാനങ്ങൾ സ്വന്തമാക്കാനും നിയന്ത്രിക്കാനും പരിപാലിക്കാനും കഴിവ് വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു. ഐ.ഇ.സി തന്ത്രങ്ങൾ, അവയുടെ ആസൂത്രണം, ഫലപ്രദമായ നടപ്പാക്കൽ എന്നിവ ജലവിതരണത്തിൽ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പദ്ധതികളുടെ വിജയത്തിന് പ്രധാനമാണ്. പാർട്ടിസിപ്പേറ്ററി റൂറൽ അപ്രൈസൽ (പി.ആർ.എ) പ്രവർത്തനങ്ങൾ, ഇന്റർപേഴ്സണൽ കമ്മ്യൂണിക്കേഷൻ (ഐ.പി.സി), ബിഹേവിയറൽ ചേഞ്ച് കമ്മ്യൂണിക്കേഷൻ (ബി.സി.സി), അനുബന്ധ ആശയവിനിമയ പ്രവർത്തനങ്ങൾ എന്നിവ ഐ.ഇ.സി പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. നമ്മുടെ ശീലങ്ങൾ മാറ്റുകയും ലഭ്യമായ ജലത്തിന്റെ ന്യായമായ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും വേണം. ഈ ലക്ഷ്യം കൈവരിക്കുന്നതിന് ജനസംഖ്യയിൽ, പ്രത്യേകിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നത് നിർണായകമാണ്, അതിനാൽ ചെറുപ്പക്കാർക്ക് ജലത്തിന്റെ മൂല്യം വളർത്തിയെടുക്കാൻ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നു. ബോധവൽക്കരണ ക്ലാസുകൾ, വാട്ടർ ഓഡിറ്റുകൾ, ജലത്തിന്റെ ഗുണനിലവാര പരിശോധന പരിശീലനം, പ്രദർശനങ്ങൾ, സുരക്ഷിതമായ ജലരീതികൾ തുടങ്ങിയവയിലൂടെ ജലത്തിന്റെ മൂല്യനിർണയം എന്ന ആശയം വിദ്യാർത്ഥികളെ തുറന്നുകാട്ടും.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

2022-23 വാർഷിക പദ്ധതിയിൽ കെ.ഡബ്ല്യൂ.എ യും കെ.ആർ.ഡബ്ല്യൂ.എസ്.എ യും വിവിധ പുതിയ സംരംഭങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അവയിൽ ചിലത്:

1. ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ, ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷാ ഉറപ്പാക്കൽ: ജലശുദ്ധീകരണ വിതരണ സംവിധാനങ്ങളുടേയും മലിനജല ശേഖരണത്തിന്റെയും നിർമ്മാർജന സംവിധാനങ്ങളുടെയും ശരിയായ പ്രവർത്തനത്തിന് ഊർജ്ജം ഒരു നിർണായക മാനദണ്ഡമാണ്. ഊർജ്ജ ആവശ്യങ്ങൾ ഉയരുകയും പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ ശോഷണം ത്വരിതപ്പെടുത്തുകയും ചെയ്തതോടെ കെ.ഡബ്ല്യൂ.എ യിൽ ഊർജ്ജ കാര്യക്ഷമത പരിപാടികൾ അനിവാര്യമായി. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇവയാണ്.
   - ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുമ്പോൾ ഊർജ്ജത്തിന്റെ ചെലവ് കുറയ്ക്കുകയും, ഇത് യൂണിറ്റിന്റെ പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന് കാരണമാകുന്നു.

- വാർഷിക വൈദ്യുതി ചാർജ്ജുകളും കെ.ഡബ്ല്യു.എ യുടെ വൈദ്യുതി ഉപഭോഗവും കുറയ്ക്കാൻ കഴിയും.
- ഊർജ്ജ സംരക്ഷണ നടപടികളും കാലഹരണപ്പെട്ട പമ്പുകളുടേയും മോട്ടോറുകളുടേയും മറ്റ് ഇലക്ട്രിക്കൽ ഇൻസ്റ്റാളേഷനുകളുടേയും പുനരുദ്ധാരണം
- സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കി, സുരക്ഷാ ഗിയറുകളും ഉപകരണങ്ങളും ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിച്ച് അപകടകരമായ തൊഴിൽ അന്തരീക്ഷത്തിൽ നിന്ന് ഉണ്ടാകുന്ന അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന്.

2. കെ.ഡബ്ല്യു.എ യുടെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും: എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലം വരെ ഫലപ്രദമായ ത്രിതല പരിശോധന സംവിധാനത്തിലൂടെ നിശ്ചിത ആവൃത്തിയിൽ എടുത്ത ജല സാമ്പിളുകളുടെ വിശകലനം നടത്തി വിവിധ ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരവും നിരീക്ഷണവും കെ.ഡബ്ല്യു.എ യുടെ ക്വാളിറ്റി കൺട്രോൾ വിംഗാണ് നടത്തുന്നത്. നദീ സ്രോതസ്സുകൾ, കിണറുകൾ, സ്വകാര്യ സാമ്പിളുകൾ തുടങ്ങിയവയിലെ വെള്ളത്തിന്റെ ഗുണ നിലവാരവും ക്വാളിറ്റി കൺട്രോൾ വിംഗിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ ജലശുദ്ധീകരണത്തിന് ഉപയോഗിക്കുന്ന രാസവസ്തുക്കളുടെ ഗുണനിലവാര സർട്ടിഫിക്കേഷനും ലാബുകളിൽ നടക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ലബോറട്ടറി ശൃംഖലകൾ 2022 ഓടെ ഐ.എസ്.ഒ/ഐ.ഇ.സി 17025:2017 എന്ന അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുകയും നവീകരണത്തോടെ പരിപാലിക്കുകയും വേണം. ജലത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി ബി.ഐ.എസ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് സംസ്ഥാന ലാബുകൾ ക്രമേണ നവീകരിക്കും

3. സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി): സംരംഭക വിഭവ ആസൂത്രണം (ഇ.ആർ.പി) എന്നത് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട് മാനേജ്മെന്റ്, റിസ്ക് മാനേജ്മെന്റ്, കംപ്ലയൻസി, സപ്ലൈ ചെയിൻ പ്രവർത്തനങ്ങൾ എന്നിവ പോലുള്ള ദൈനംദിന ബിസിനസ്സ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ഒരു തരം സോഫ്റ്റ് വെയറാണ്. ഒരു സ്ഥാപനത്തിലെ വിവിധ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ സ്വീകരിക്കുന്നതും കേന്ദ്ര ഡാറ്റാബേസ് ഉപയോഗിക്കുന്ന ഒരു ആപ്ലിക്കേഷനാണ് ഇ.ആർ.പി. എന്റർപ്രൈസ്-വൈഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ പങ്കിടൽ, ബിസിനസ്സ് ആസൂത്രണം, തീരുമാനമെടുക്കൽ എന്നിവ സുഗമമാക്കുക എന്നതിനാണ് കെ.ഡബ്ല്യു.എ യിൽ ഇ.ആർ.പി സംവിധാനം നടപ്പിലാക്കുന്നത്. ഇ.ആർ.പി സിസ്റ്റങ്ങൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ഓട്ടോമേറ്റ് ചെയ്യുകയും ചെയ്യുന്നു, ഇത് കൂടുതൽ കൃത്യവും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പാക്കുന്നു.

2022-23 വാർഷിക പദ്ധതിയിൽ കെ.ആർ.ഡബ്ല്യു.എസ്.എ ആരംഭിച്ച പ്രവർത്തനങ്ങൾ ഇവയാണ്:

1. ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക: 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 65 ശതമാനം കുടുംബങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. പൈപ്പ് കണക്ഷൻ വഴി ജലവിതരണം ലഭ്യമായവരും താല്പര്യവും പരമ്പരാഗത മൂല്യങ്ങളും കാരണം പാചകത്തിനും കുടിക്കുന്നതിനും കിണർ വെള്ളമാണ് ഉപയോഗിക്കുന്നത്. കിണറുകൾ ഭൂഗർഭ ജലം റീചാർജ് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. ശരിയായി സംരക്ഷിച്ച് റീചാർജ് ചെയ്താൽ, കിണറുകൾ വിശ്വസനീയമായ കുടിവെള്ള സ്രോതസ്സുകളായി വർത്തിക്കുകയും അതേ സമയം കുറഞ്ഞു വരുന്ന ഭൂഗർഭ ജല വിതാനം നികത്തുകയും ചെയ്യും.

2. ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും:

   എ. കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര വിലയിരുത്തലും നിരീക്ഷണവും: കമ്മ്യൂണിറ്റി നിയന്ത്രിത ചെറിയ ജലവതരണ പദ്ധതികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനത്തിന്റെ അഭാവം. ഒരു പൊതു ജലവിതരണം, ശേഷിയിൽ ചെറുതാണെങ്കിലും, ജലത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പതിവ് നിരീക്ഷണവും സമയബന്ധിതമായ ലഘൂകരണവും ആവശ്യമാണ്. ഗ്രാമീണ സമൂഹം കൈകാര്യം ചെയ്യുന്ന എല്ലാ ജലവിതരണ പദ്ധതികൾക്കുമായുള്ള ജല ഗുണനിലവാര വിലയിരുത്തൽ നിരീക്ഷണ ഏജൻസിയായി പ്രവർത്തിക്കാനും അതിലെ വിടവ് നികത്താനും കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്ദേശിക്കുന്നു. കെ.ആർ.ഡബ്ല്യു.എസ്.എ ഓപ്പറേറ്റർമാരെയും ഗുണഭോക്താക്കളെയും ഫീൽഡ്

ടെസ്റ്റിംഗിനായി പരിശീലിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ജല ഗുണനിലവാര പരിശോധന ലാബുകളുടെ ഒരു ശൃംഖല സ്ഥാപിക്കുകയും ഐടി അധിഷ്ഠിത നിരീക്ഷണ സംവിധാനം സ്ഥാപിക്കുകയും ചെയ്യും.

ബി. ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ് മെന്റ്: മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും അഭാവം സംസ്ഥാനത്തെ പൊതു ജനാരോഗ്യത്തിന് വലിയ ഭീഷണിയായി ഉയർന്നു വരുന്നു. മലിനജലമായ ജലസ്രോതസ്സുകളും ജല വാഹിനികളും സംസ്ഥാനത്ത് രോഗബാധയ്ക്കും മരണത്തിനും കാരണമായേക്കാം. ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ് ഏറ്റെടുക്കാൻ കെ.ആർ.ഡബ്ല്യു.എസ്.എ ഉദ്ദേശിക്കുന്നു. വീട്ടുവളപ്പിൽ നിന്ന് ശേഖരിക്കുന്ന ചാരനിറത്തിലുള്ള വെള്ളം പൂന്തോട്ട പരിപാലനത്തിനും മറ്റ് ഗാർഹികമല്ലാത്ത ആവശ്യങ്ങൾക്കും ശുദ്ധീകരിച്ച് വീണ്ടും ഉപയോഗിക്കാം.

3. ഗ്രാമീണ ജല സാങ്കേതിക വിദ്യകളിലെ ഗവേഷണവും വികസനവും: ജലനിധി സ്കീമുകളിൽ നിരവധി സാങ്കേതിക ഓപ്ഷനുകളും മാനേജ്മെന്റ് മോഡലുകളും കെ.ആർ.ഡബ്ല്യു.എസ്.എ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്കിടെ സ്കീമുകളിൽ വെള്ളത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളാണ് പദ്ധതികളുടെ പരാജയത്തിന് ഒരു കാരണമായി നിരീക്ഷിക്കുന്നത്. പരമ്പരാഗത പരിഹാരങ്ങൾ ദീർഘകാലത്തേക്ക് വിജയിച്ചിട്ടില്ല. പരമ്പരാഗത നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് സാങ്കേതിക വിദ്യയിലും മാനേജ്മെന്റിലും വിജയ-പരാജയ മാതൃകകൾ തിരിച്ചറിയേണ്ടത് ആവശ്യമാണ്.

4 ഐ.ഇ.സി, കാര്യക്ഷമതാ വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബും: ജലമേഖലയിലെ ഇൻഫർമേഷൻ എജ്യുക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) പ്രവർത്തനങ്ങൾ വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ, പ്രത്യേകിച്ച് പ്രാദേശിക സമൂഹങ്ങളുടെ ഉത്തരവാദിത്തമുള്ളതും പ്രതികരിക്കുന്നതുമായ നേതൃത്വം, ഗ്രാമത്തിനുള്ളിലെ ജലവിതരണ സംവിധാനങ്ങൾ സ്വന്തമാക്കാനും നിയന്ത്രിക്കാനും പരിപാലിക്കാനും കഴിവ് വളർത്തിയെടുക്കാനും ലക്ഷ്യമിടുന്നു. ജലവിതരണ പദ്ധതികൾ കാര്യക്ഷമമായും ശാസ്ത്രീയമായും കൈകാര്യം ചെയ്യുന്നതിനായി നിലവിലുള്ള സ്ഥാപന സജ്ജീകരണത്തെ പുനർനിർമ്മിക്കുക/പുനഃക്രമീകരിക്കുക/ പുനരുജ്ജീവിപ്പിക്കുക എന്നിവയ്ക്കായി സുസ്ഥിര പിന്തുണ പരിപാടികളുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലന പ്രവർത്തനങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. ജലസംരക്ഷണം, ശുദ്ധമായ കുടിവെള്ളത്തിനായുള്ള പരിസ്ഥിതി ശുചിത്വം, ജലത്തിന്റെ ഗുണനിലവാര പരിശോധന, സുരക്ഷിതമായ കുടിവെള്ളം തുടങ്ങിയവയുടെ പ്രാധാന്യം ബോധവൽക്കരിക്കുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജല ഗുണനിലവാരം മെച്ചപ്പെടുത്തൽ ജലജന്യവും പകർച്ചവ്യാധികളും നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ ലക്ഷ്യം കൈവരിക്കുന്നതിന് ജനങ്ങളിൽ പ്രത്യേകിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കേണ്ടത് നിർണായകമാണ്. അതിനാൽ ചെറുപ്രായത്തിൽ തന്നെ ജലത്തിന്റെ മൂല്യം ജനങ്ങളിൽ എത്തിക്കുന്നതിനായി സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ബോധവൽക്കരണ ക്ലാസുകൾ, വാട്ടർ ഓഡിറ്റുകൾ, ജലഗുണനിലവാര പരിശോധന മത്സരങ്ങൾ, പ്രദർശനങ്ങൾ, സുരക്ഷിത ജല സമ്പ്രദായങ്ങൾ തുടങ്ങിയവയിലൂടെ ജലത്തിന്റെ മൂല്യം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുകയെന്നതാണ് പ്രവർത്തനങ്ങൾ.

പൈപ്പ് വഴിയുള്ള ജലവിതരണ കവറേജിൽ നമ്മുടെ സംസ്ഥാനം പിന്നിലാണെങ്കിലും, നമ്മുടെ വീട്ടുമുറ്റത്ത് ദശലക്ഷക്കണക്കിന് പരമ്പരാഗത കിണറുകൾ ഉള്ളതിനാൽ ജലലഭ്യതയുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന് മികച്ച സ്ഥാനമാണുള്ളത്. എന്നിരുന്നാലും, ജലത്തിന്റെ ഗുണനിലവാരം, പ്രത്യേകിച്ച് കിണറുകളുടെ മൈക്രോബയോളജിക്കൽ മലിനീകരണം, അടിയന്തിര ശ്രദ്ധ അർഹിക്കുന്ന ഒരു ആശങ്കയാണ്. മോശമായി രൂപകൽപ്പന ചെയ്ത സെപ്റ്റിക് ടാങ്കുകൾ/ കുഴികൾ എന്നിവയുടെ സാമീപ്യവും മലിനജലം/സെപ്റ്റേജ് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സുസ്ഥിര സംവിധാനങ്ങളുടെ അഭാവവും വെള്ളത്തിന്റെ ഗുണനിലവാര പ്രശ്നങ്ങളുടെ പ്രധാന കാരണങ്ങളായി തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ, പ്രവർത്തന ക്ഷമമായ ജലവിതരണ കവറേജ് വിപുലീകരിക്കുന്നതിലൂടെയും കിണർ വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിലൂടെയും എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം സാർവത്രികമായി ലഭ്യമാക്കുകയെന്നതാണ് പതിന്നാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. മലിനജല സംവിധാനങ്ങളും സെപ്റ്റേജ് മാനേജ്മെന്റ് സേവനങ്ങളും മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

അദ്ധ്യായം 6

ഊർജ്ജ മേഖല

ഊർജ്ജ മേഖലയുടെ അവലോകനം

സമ്പൂർണ വൈദ്യുതീകരണം എന്ന ലക്ഷ്യം കേരള സംസ്ഥാനം പൂർത്തീകരിക്കുകയും ജനവാസമുള്ള ഏത് പ്രദേശത്തും ആവശ്യാനുസരണം വൈദ്യുതി നൽകാൻ സംസ്ഥാന വിതരണശൃംഖല നിലവിൽ പര്യാപ്തവുമാണ്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടിനിടെ രാജ്യത്ത് ഉണ്ടായിട്ടുള്ള സാങ്കേതിക മുന്നേറ്റങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു എന്നത് സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ ഒരു പ്രധാന സവിശേഷതയാണ്. സുസ്ഥിരതയുടെ പുതിയ കാലഘട്ടത്തിൽ മേഖലയുടെ വളർച്ച നിലനിർത്തുന്നതിന് നിരവധി നൂതന ആശയങ്ങളെയും സംരംഭങ്ങളെയും സംസ്ഥാനം പ്രയോജനപ്പെടുത്തുന്നു.

സമ്പൂർണ വൈദ്യുതീകരണം എന്ന നേട്ടം കൈവരിച്ചതിനു ശേഷം, ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിതരണ നഷ്ടം കുറക്കുന്നതിനും വികേന്ദ്രീകൃത പുനരുപയോഗ ഉത്പാദനം കാരണമുണ്ടാകുന്ന ആവശ്യകതകൾ നിറവേറ്റുന്നതിനും ഇൻസ്റ്റലേഷനുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി വിതരണശൃംഖലയുടെ നവീകരണത്തിൽ സംസ്ഥാനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇ-മൊബിലിറ്റിയിൽ പ്രതീക്ഷിക്കുന്ന വളർച്ച ഏറ്റെടുക്കുന്നതിനായി പുതിയ ലൈനുകൾ, സബ്സ്റ്റേഷനുകൾ എന്നിവയുടെ നിർമ്മാണത്തിലൂടെ നിലവിലുള്ള സംവിധാനങ്ങൾ നവീകരിച്ച് അത്യാധുനിക പ്രസരണ ശൃംഖല കെട്ടിപ്പടുക്കുന്നതിനുള്ള ഒരു ദൗത്യവും സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്.

ഊർജ്ജ മേഖലയ്ക്ക് കീഴിലുള്ള വകുപ്പ്/ഏജൻസികൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ), ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനെർട്ട്), ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി) എന്നിങ്ങനെ നാല് ഏജൻസികൾ വഴിയാണ് സംസ്ഥാനത്തെ വൈദ്യുതി വികസന പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്.

ഗാർഹിക, കാർഷിക, വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ട വൈദ്യുതി മിതമായ നിരക്കിൽ നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം, പ്രസരണം, വിതരണം എന്നിവ കെ.എസ്. ഇ.ബി യിൽ നിക്ഷിപ്തമായിരിക്കുന്നു.

സംസ്ഥാനത്ത് പുനരാവർത്തക ഊർജ്ജ പരിപാടികൾ നടപ്പിലാക്കുന്നതിന് ചുമതലപ്പെട്ട ഏജൻസിയായ അനർട്ട് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും പുനരുൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള സ്രോതസ്സുകളുടെയും കീഴിലുള്ള പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും ഗ്രാമീണ സാങ്കേതിക വിദ്യ/പ്രോജക്ടുകൾ പ്രചരിപ്പിക്കുന്നതിനും പുനരാവർത്തക ഊർജ്ജം ഉപയോഗിച്ച് സർക്കാർ സ്ഥാപനങ്ങളിൽ കാർബൺ ന്യൂട്രൽ പരിപാലനം, ഇലക്ട്രിക് മൊബിലിറ്റി തുടങ്ങിയ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയും കൂടിയാണ്.

സംസ്ഥാനത്ത് കാര്യക്ഷമമായ ഊർജ്ജ മാനേജ്മെന്റ് വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇഎംസി). ഊർജ്ജ സംരക്ഷണത്തിലൂടെയും നിയന്ത്രണത്തിലൂടെയും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഇഎംസിയുടെ ലക്ഷ്യം.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പം മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയും (എംടിഎസ്എൽ) വൈദ്യുതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. സുരക്ഷാ പരിശോധനകൾ നടത്തുന്നതിനോടൊപ്പം സംസ്ഥാനത്തെ എല്ലാ HT/EHT-നും മറ്റ് മീഡിയം വോൾട്ടേജ് ഇൻസ്റ്റാളേഷനുമുള്ള പരിശോധനയും അനുമതിയും ഇൻസ്പെക്ടറേറ്റ് നൽകുന്നു. വിവിധ തരം ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ പരിശോധനയും കാലിബ്രേഷനും എന്ന ലക്ഷ്യത്തോടെ മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലബോറട്ടറിയും (എംടിഎസ്എൽ) പ്രവർത്തിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017–22)

ജല, സൗരോർജ്ജ, കാറ്റ് പദ്ധതികൾ വഴി വൈദ്യുതി ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കൽ, പ്രസരണ, വിതരണ ശൃംഖല ശക്തിപ്പെടുത്തൽ, പ്രത്യേകിച്ച് ഉയർന്ന വോൾട്ടേജ് ട്രാൻസ്മിഷൻ ലൈനുകൾ, എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കൽ, വൻതോതിലുള്ള സൗരോർജ്ജ ഉൽപ്പാദനം ഗണ്യമായി വികസിപ്പിക്കൽ, ഇപ്പോഴും പാചക സ്റ്റൗ, ഇന്ധനം എന്നിവയെ ആശ്രയിക്കുന്ന കുടുംബങ്ങൾക്ക് ശുദ്ധമായ ഇന്ധനങ്ങളിലേക്ക് മാറുന്നതിന് സഹായം നൽകുന്നതിലേക്കായി ചെറിയ തോതിലുള്ള വൈദ്യുതി ഉത്പാദന ശേഷി സംബന്ധിച്ച് ഗ്രിഡ് ബന്ധിപ്പിച്ച സംവിധാനങ്ങളിലേക്കുള്ള മാറ്റം എന്നിവയായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതി സമീപനം.

പുനരുപയോഗിക്കാവുന്നതും അല്ലാത്തതുമായ ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള ഉത്പാദന ശേഷി വർദ്ധനവ്, മെച്ചപ്പെട്ട ഊർജ്ജ ലഭ്യതക്കായി ഊർജ്ജ പ്രസരണ, വിതരണ സംവിധാനങ്ങൾ കെട്ടിപ്പടുക്കുക, സൗഹൃദ സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളുടെ ക്ഷേമം, അനുയോജ്യമായ പുനരുപയോഗ ഊർജ്ജ സാങ്കേതികവിദ്യകൾ ലഭ്യമാക്കുക, ഊർജ്ജ സംരക്ഷണം, നിയന്ത്രണം എന്നിവയിലൂടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുക, വൈദ്യുത അപകടങ്ങൾ കുറയ്ക്കുക എന്നിവ പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ദൗത്യം ആയിരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ്, വാതകം എന്നിവയിലൂടെ ആഭ്യന്തര ഊർജ്ജ ഉൽപ്പാദനം വർധിപ്പിക്കുക, ടെൻഡർ മുഖേന മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുക, അന്തർസംസ്ഥാന കോറിഡോറുകൾ ശക്തിപ്പെടുത്തുക, പ്രസരണവും വിതരണവും ശക്തിപ്പെടുത്തി വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ, കാര്യക്ഷമമായ ഉപകരണങ്ങൾ, ഇസിബിസി, എൽഇഡി ലൈറ്റുകൾ, സ്റ്റാർ ലേബൽ ചെയ്ത ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉപയോഗം എന്നിവയിലൂടെ ഊർജ്ജ ആവശ്യകത നിറവേറ്റുക, ഉപയോക്തൃ–സൗഹൃദ സംവിധാനങ്ങളിലൂടെയും ഐ.ടി അധിഷ്ഠിത സേവനങ്ങൾ സ്വീകരിക്കുന്നതിലൂടെയും മെച്ചപ്പെട്ട രീതിയിലുള്ള ഉപഭോക്തൃ ക്ഷേമം, ഇഎൽസിബികൾ, സുരക്ഷിത ഉപകരണങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിലൂടെ സുരക്ഷ മെച്ചപ്പെടുത്തൽ എന്നിവയാണ് ആവിഷ്കരിച്ച മാർഗ്ഗങ്ങൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഊന്നൽ നൽകിയ മേഖലകൾ i) സമ്പൂർണ വൈദ്യുതീകരണം നിലനിർത്തൽ ii) പ്രസരണ, വിതരണ ശൃംഖല ശക്തിപ്പെടുത്തൽ iii) ആഭ്യന്തര ഉൽപാദന ശേഷി വർദ്ധിപ്പിക്കൽ iv) പുനരുപയോഗ ഊർജ്ജ ഉൽപ്പാദനവും ഊർജ്ജ സംരക്ഷണവും പ്രോത്സാഹിപ്പിക്കൽ v) വൈദ്യുത സുരക്ഷയും ഗുണനിലവാര നിയന്ത്രണ ഉത്തരവ് ഫലപ്രദമായി നടപ്പാക്കലും vi) കൂടാതെ മൊത്ത സാങ്കേതിക വാണിജ്യ നഷ്ടം കുറയ്ക്കുക vii) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ആയിരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സാമ്പത്തിക നേട്ടം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഊർജ്ജ മേഖലയ്ക്ക് കീഴിലുള്ള നാല് ഏജൻസികൾക്ക് ബജറ്റ് വിഹിതമായി വകയിരുത്തിയ 8109.26 കോടി രൂപയിൽ 7400.20 കോടി രൂപ (91 ശതമാനം) ചെലവായി. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സാമ്പത്തിക നേട്ടം പട്ടിക 6.1–ൽ നൽകിയിരിക്കുന്നു.

പട്ടിക 6.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സാമ്പത്തിക നേട്ടം (തുക രൂപ കോടിയിൽ)

ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		2022-23	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
കെ.എസ്.ബി.എൽ	1565.25	1557.49	1713.80	1975.94	1712.37	1452.38	1708.21	1378.68	1093.75	898.28	7793.38	7262.77
അനർട്ട്	48.03	35.69	53.00	12.92	52.00	10.60	41.80	21.42	43.13	20.04	237.96	100.67
ഇ.എം.സി	8.14	7.74	8.95	4.62	8.83	3.99	7.63	6.73	7.63	3.98	41.18	27.06
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്	7.60	4.36	8.36	1.34	8.25	0.84	6.93	1.20	5.60	1.96	36.74	9.7
ആകെ	1629.02	1605.28	1784.11	1994.82	1781.45	1467.81	1764.57	1408.03	1150.11	924.26	8109.26	7400.2

അവലംബം: പ്ലാൻസ്പേസ്, കേരള

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഭൗതിക നേട്ടങ്ങൾ (ഏജൻസി അടിസ്ഥാനത്തിൽ)

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകുന്നതിനായി "ഊർജ്ജ കേരള മിഷൻ" ആരംഭിച്ചു. സൗര, ഫിലമെന്റ് ഫ്രീ കേരള, ദ്യുതി 2021, ട്രാൻസ്ഗ്രിഡ് 2.0, ഇ-സേഫ് എന്നിങ്ങനെ അഞ്ച് സുപ്രധാന പദ്ധതികൾ നടപ്പാക്കാനാണ് ഇത് ലക്ഷ്യമിട്ടിരുന്നത്. വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് വൈദ്യുതിയുടെ ഗുണനിലവാരവും വിശ്വാസ്യതയും മെച്ചപ്പെടുത്തുന്നതിനുമായി മൂന്ന് വർഷത്തെ പരിപാടി ആരംഭിച്ചു. വയർമെൻ ഇൻസ്റ്റിറ്റ്യൂട്ടും ഇലക്ട്രീഷ്യൻമാർക്കായുള്ള നൈപുണ്യ വികസന കേന്ദ്രവും സ്ഥാപിച്ചു. വീടുകളിൽ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (ഇഎൽസിബി) സ്ഥാപിക്കുകയും വിവിധ ലൈസൻസികളിൽ ഊർജ്ജ ഗുണനിലവാര പഠനങ്ങൾ (സാങ്കേതിക വിതരണ നഷ്ടങ്ങൾ, ഹാർമോണിക്സിന്റെ എഫക്റ്റ്) നടത്തുകയും ഇ-മൊബിലിറ്റി സംരംഭങ്ങൾ നടപ്പിലാക്കുകയും ചെയ്തു.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ)

1. കേരളം ഒരു സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമായി. "സമ്പൂർണ വൈദ്യുതീകരണ പദ്ധതി" പ്രകാരം 1.5 ലക്ഷത്തിലധികം അപേക്ഷകർക്ക് കണക്ഷനുകൾ നൽകിക്കൊണ്ട് 2017 മെയ് 29 ന് കേരളത്തെ സമ്പൂർണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു.
2. കമ്മീഷൻ ചെയ്ത പ്രോജക്ടുകൾ: HVDC പുഗലൂർ- മടക്കത്തറ പോൾ I & II, 400 kV കോഴിക്കോട്-മടക്കത്തറ ഇരട്ട സർക്യൂട്ടുകൾ, ഇടമൺ-കൊച്ചി പവർ ഹൈവേ, കഞ്ചിക്കോട് സോളാർ പ്ലാന്റ് (1 മെഗാ വാട്ട്), മൊത്തം 5.90 മെഗവാട്ട് ശേഷിയുള്ള സോളാർ പദ്ധതികൾ, വിലങ്ങാട് ജലവൈദ്യുത പദ്ധതി (7.5 മെഗാ വാട്ട്), ബാരപോൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ് (15 മെഗാവാട്ട്), ആഢ്യൻപാറ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ് (15 മെഗാവാട്ട്), വെള്ളത്തൂവൽ സ്മാൾ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റ് (3.6 മെഗാവാട്ട്), പെരുന്തേനരുവി പദ്ധതി (6 മെഗാവാട്ട്, 25.77 മില്ല്യൺ യൂണിറ്റ്), കക്കയം പദ്ധതി (3 മെഗാവാട്ട്, 10.39 മില്ല്യൺ യൂണിറ്റ്)
3. ആറ് ഇ-വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

4. 2018ലെ വെള്ളപ്പൊക്കത്തിൽ കെഎസ്ഇബിഎൽ ആവിഷ്കരിച്ച 'മിഷൻ റീകണക്റ്റ് 2018' പദ്ധതി പ്രകാരം 16,158 വിതരണ ട്രാൻസ്ഫോർമറുകളുടെ കേടുപാടുകൾ തീർത്തു, 1735 വിതരണ ട്രാൻസ്ഫോർമറുകൾ പുനസ്ഥാപിച്ചു, 25.60 ലക്ഷം സർവീസ് കണക്ഷനുകൾ പുനഃസ്ഥാപിച്ചു, ഒരു ലക്ഷം പില്ലറുകൾ ഉൾപ്പെടെ തകരാറിലായ 5275.80 കിലോമീറ്റർ വിതരണ ലൈനുകൾ പുനഃസ്ഥാപിച്ചു, മൂന്ന് ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും അൻപതിനായിരം ത്രീ ഫേസ് എനർജി മീറ്ററുകളും മാറ്റി സ്ഥാപിക്കുകയും പ്രളയത്തിൽ നിലവിലുള്ള ഇൻസ്റ്റലേഷൻ തകരാറിലായ 720 സിംഗിൾ പോയിന്റ് കണക്ഷനുകൾ പുനഃസ്ഥാപിക്കുകയും ചെയ്തു. 21 ദിവസം കൊണ്ടാണ് ഈ ജോലി പൂർത്തിയാക്കിയത്.

5. കെഎസ്ഇബിയുടെ കൂട്ടിച്ചേർക്കലുകൾ: സ്ഥാപിത ശേഷി – 42.07 മെഗാവാട്ട്, ട്രാൻസ്മിഷൻ ലൈനുകൾ –1881 കി.മീ., പുതിയ സബ്സ്റ്റേഷനുകൾ– 71 എണ്ണം, 11 കെ.വി ലൈനുകൾ–10034 കി.മീ, എൽ.ടി ലൈനുകൾ –19845 കി.മീ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾ –11513 എണ്ണം.

ഏജൻസി ഫോർ നോൺ–കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (ANERT)

1. സംസ്ഥാനത്തുടനീളം 140 അക്ഷയ ഊർജ സേവന കേന്ദ്രങ്ങൾ ആരംഭിച്ചു
2. ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ (ഐ.പി.പി) മോഡിൽ സംസ്ഥാനത്തെ ആദ്യത്തെ ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോ വോൾട്ടായിക് (പിവി) പ്ലാന്റ് പാലക്കാട് കുഴൽമന്ദത്ത് (2 മെഗാവാട്ട്) സ്ഥാപിച്ചു.
3. മൊത്തം 470 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളുമായി ബന്ധിപ്പിച്ച മൂന്ന് ഗ്രിഡുകളും മൊത്തം 35 കിലോവാട്ട് ശേഷിയുള്ള അഞ്ച് ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകളും സ്ഥാപിച്ചു.
4. വിവിധ സർക്കാർ വകുപ്പുകൾക്ക് 171 ഇലക്ട്രിക് കാറുകൾ കൈമാറി.
5. 10 ഇലക്ട്രിക് വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന 2 വെഹിക്കിൾ ചാർജിംഗ് സ്റ്റേഷനുകളും കമ്മീഷൻ ചെയ്തു
6. 2000 സൗര സുവിധ കിറ്റുകൾ വിതരണം ചെയ്തു.
7. www.buymysun.com എന്ന ഒരു ഇലക്ട്രോണിക് ഇ–മാർക്കറ്റ് ആരംഭിച്ചു.
8. 3200 ഇലക്ട്രീഷ്യൻമാർക്കായി സൗരോർജ്ജത്തിൽ നൈപുണ്യ നവീകരണ പരിശീലന പരിപാടി സംഘടിപ്പിച്ചു.
9. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലെ വേലപ്പൻകണ്ടിയിലും പാലക്കാട് ജില്ലയിലെ താഴെ തുടുക്കിയിലും സോളാർ വിൻഡ് ഹൈബ്രിഡ് സംവിധാനങ്ങളും ഇടുക്കി ജില്ലയിൽ രാമക്കൽമേട്ടിൽ 1 മെഗാ വാട്ട് സോളാർ ഹൈബ്രിഡ് പാർക്കും സ്ഥാപിച്ചു.

എനർജി മാനേജ്മെന്റ് സെന്റർ (EMC)

1. പത്താംകയം എസ്എച്ച്പി (8 മെഗാവാട്ട്), ഇച്ചാംച്ചംപെട്ടി ഗോത്രവർഗ കോളനിയിൽ 4 കിലോവാട്ട് പിക്കോ ഹൈഡൽ പദ്ധതി, കടുവെട്ടി പാലത്തിൽ 20 കിലോവാട്ട് വോർട്ടക്സ് മൈക്രോ ജലവൈദ്യുത പദ്ധതി, മുരിക്കാശേരി പൊലീസ് സ്റ്റേഷനിൽ 2 കിലോവാട്ട് പദ്ധതി എന്നിവ ഉദ്ഘാടനം ചെയ്തു.
2. മാതൃകാ ഊർജ്ജ കാര്യക്ഷമതാ പഞ്ചായത്ത് പദ്ധതി ആരംഭിച്ചു.
3. 10 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ (327 എൽഇഡി ട്യൂബുകൾ, 145 സീലിംഗ് ഫാനുകൾ, 240 എൽഇഡി ബൾബുകൾ) ഊർജ കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ പുനഃക്രമീകരണം നടത്തിക്കൊണ്ടു കാസർഗോഡിലെ പീലിക്കോട് പഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഇൻകാൻഡസന്റ് ലാമ്പ് ഫ്രീ പഞ്ചായത്ത് ആക്കി മാറ്റി.
4. സീറോ എമിഷൻ, കാര്യക്ഷമമായ, പ്രതിരോധശേഷിയുള്ള കെട്ടിടം എന്നിവയിൽ ഇ.എം.സി യുടെ ഗ്രീൻ ബിൽഡിംഗിനെ UNEP യുടെ ഗ്ലോബൽ സ്റ്റാറ്റസ് റിപ്പോർട്ട്–2017–ൽ അംഗീകരിച്ചു, കൂടാതെ IGBC–ലെഡ് ഗോൾഡ് റേറ്റിംഗും ലഭിച്ചു.

5. ഇലക്ട്രോ-ടെക്നിക്കൽ കാലിബ്രേഷൻ പാലിക്കുന്നതിന് IS/ISO/IEC 17025:2017 അനുസരിച്ച് ഇ എം.സി യുടെ എനർജി മീറ്റർ കാലിബ്രേഷൻ ലബോറട്ടറിക്ക് NABL അക്രഡിറ്റേഷൻ ലഭ്യമായി
6. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയുണ്ടായി.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

1. ഓൺലൈൻ സോഫ്റ്റ്‌വെയർ "സുരക്ഷ" വിജയകരമായി ആരംഭിച്ചു.
2. ETAP പവർ സിസ്റ്റം അനാലിസിസ് സോഫ്റ്റ്‌വെയർ, കോംപാക്ട് LED ടെസ്റ്റിംഗ് ഉപകരണങ്ങൾ എന്നിവ എം ടി എസ് എൽ ബ്ലേക്ക് വാങ്ങുകയുണ്ടായി.
3. നിലവാരമില്ലാത്ത ELCB നിരോധിച്ചു
4. ക്വാളിറ്റി കൺട്രോൾ ഓർഡർ അനുസരിച്ച് പ്രീ-കമ്മീഷനിംഗ് ടെസ്റ്റ് നടത്തുന്നതിന് മൂന്ന് സമ്പൂർണ ഓട്ടോമാറ്റിക് ട്രാൻസ്ഫോർമർ ടെസ്റ്റ് സെറ്റ് വാങ്ങുകയുണ്ടായി.
5. പാലക്കാട് ജില്ലയിലെ അഗളി, പുത്തൂർ, ഷോളയൂർ എന്നിവിടങ്ങളിലെ 600 വീടുകളുടെ റീവയറിംഗും സ്റ്റാൻഡേർഡൈസേഷൻ ജോലികളും പൂർത്തിയായി.
6. ആലപ്പുഴയിൽ പുതിയ റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിച്ചു
7. പതിമൂന്നാം പദ്ധതി കാലയളവിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള മൊത്തം വരുമാനം ഏകദേശം 301.40 കോടി രൂപയാണ്.
8. മീറ്റർ ടെസ്റ്റിംഗിനും സ്റ്റാൻഡേർഡ് ലബോറട്ടറികൾക്കുമായി 2 ലക്ഷം പോളി കാർബണേറ്റ് ടാംപർ പ്രൂഫ് എനർജി മീറ്റർ സീലുകൾ വാങ്ങി.
9. MTSL-ൽ കോംപാക്ട് LED ടെസ്റ്റിംഗ് ഉപകരണങ്ങൾ വാങ്ങി.

ഊർജ മേഖലയിലെ നിർണായക വിടവുകൾ/പ്രശ്നങ്ങൾ

i. പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള വിഭവങ്ങളുടെ അപര്യാപ്തത
ii. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി സംഭരണത്തിൽ സുതാര്യമായ നയത്തിന്റെ അഭാവം.
iii. പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിലുള്ള കാലതാമസം.
iv. ഡാമുകളുടെ ഡീസിൽറ്റേഷൻ
v. മുൻഗണനാ മേഖലകളിലെ ഊർജ്ജം ലാഭിക്കൽ/ഉൽപ്പാദനക്ഷമത/മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക മാതൃകകൾ.
vi. വാണിജ്യ മേഖലയിലെ പ്രവർത്തനങ്ങളിൽ രൂപകൽപ്പന/നിർമ്മാണ ഘട്ടങ്ങളിൽ ഊർജ്ജ കാര്യക്ഷമത പിന്തുടരുന്നതിന് നിർബന്ധിതമല്ല.
vii. ആവശ്യാടിസ്ഥാനത്തിൽ നിലവിൽ കാര്യക്ഷമമല്ലാത്ത വീട്ടുപകരണങ്ങളുടെ സംയോജനവും അവ മാറ്റിസ്ഥാപിക്കലും
viii. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാവശ്യമായ ഭൂമിയുടെ ഉയർന്ന ചെലവും ഫോറസ്റ്റ് ക്ലിയറൻസ് പ്രശ്നങ്ങളും.
ix. സംസ്ഥാനത്തിന് പുറത്തുള്ള മറ്റ് വൈദ്യുതി ഉൽപ്പാദന കമ്പനികളുമായുള്ള കരാറുകളിലൂടെ വൈദ്യുതി ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോടൊപ്പം, പ്രതീക്ഷിക്കുന്ന ഊർജ്ജ ആവശ്യകതയും പീക്ക് ഡിമാൻഡും നിറവേറ്റുന്നതിനായി ആഭ്യന്തര ഉൽപാദന ശേഷി വർദ്ധിപ്പിക്കുക.
x. തീപിടുത്തങ്ങളിൽ പ്രൈമറി ഷോർട്ട് സർക്യൂട്ടുകളെയും സെക്കൻഡറി ഷോർട്ട് സർക്യൂട്ടുകളെയും വേർതിരിച്ച് കണ്ടെത്തുന്നത് ഒരു വലിയ വെല്ലുവിളിയാണ്. സംസ്ഥാനത്ത് ഇത്തരമൊരു ടെസ്റ്റിംഗ് ലബോറട്ടറിയില്ല. അതിനാൽ, തീപിടുത്തമുണ്ടായ സ്ഥലത്ത് നിന്ന് ശേഖരിച്ച സാമ്പിൾ പരിശോധിക്കാൻ ഒരു ലബോറട്ടറി സജ്ജീകരിക്കേണ്ടത് നിലവിൽ ഏറ്റവും അത്യാവശ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)

മാറിക്കൊണ്ടിരിക്കുന്ന വികസന സാഹചര്യങ്ങളെ നേരിടുന്നതിനും കൂടുതൽ വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും സമീപഭാവിയിൽ കേരളത്തിന് കൂടുതൽ ഊർജ്ജം ആവശ്യമാണ്. 2025 ആകുമ്പോഴേക്കും കേരളത്തിന്റെ വൈദ്യുതി ആവശ്യത്തിന്റെ 40 ശതമാനം ജലം, കാറ്റ്, സൗരോർജ്ജം തുടങ്ങിയ പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്ന് കണ്ടെത്തേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കുന്നതിലേക്കായി ജലവൈദ്യുത പദ്ധതികൾ,

സൗരോർജ്ജം, കാറ്റ്, മറ്റ് മാർഗങ്ങൾ എന്നിവയിലൂടെ പതിനാലാം പദ്ധതി കാലയളവിൽ ആഭ്യന്തര ഉൽപാദന ശേഷി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അതേസമയം, വൈദ്യുതിയുടെ ഗുണനിലവാരവും തുല്യ പ്രാധാന്യമുള്ളതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് തുടങ്ങിയ പുനരുപയോഗ ഊർജ സ്രോതസ്സുകളിലൂടെ ഒരു വലിയ കൂട്ടിച്ചേർക്കൽ (3,000 മെഗാവാട്ട്) ഉദ്ദേശിക്കുന്നു. നൂതനമായ ആശയങ്ങളോടെ സംസ്ഥാനത്ത് ലഭ്യമായ ഊർജ സ്രോതസ്സുകളെയും കേരളം തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്, കൂടാതെ സംസ്ഥാനത്ത് വെല്ലുവിളികൾക്കതീതമായ ഒരു വൈദ്യുതി സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. പരമ്പരാഗത ഊർജ്ജ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സംസ്ഥാനത്ത് ലഭ്യമായ നിരവധി വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട ഉൽപ്പാദന സംവിധാനങ്ങൾ കണ്ടെത്തുകയും ചെയ്യും. ആയതിനാൽ, സംസ്ഥാനത്ത് ലഭ്യമായ ഏത് ഊർജ്ജ സ്രോതസ്സുകളും നൂതന ആശയങ്ങളോടെ തിരിച്ചറിയാനും പ്രയോജനപ്പെടുത്താനുമുള്ള വിപുലമായ ഗവേഷണ-വികസന ശ്രമങ്ങളിലേക്ക് നീങ്ങേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള സമീപനം

സംസ്ഥാന വൈദ്യുത പദ്ധതി: പതിനാലാം പഞ്ചവത്സര പദ്ധതി ഒരു ദീർഘകാല വൈദ്യുതി പദ്ധതിയുടെ രൂപീകരണത്തെ പിന്തുണയ്ക്കും, അത് ഉത്പാദനം, പ്രക്ഷേപണം, വിതരണം എന്നിവയിൽ ഭാവിയിൽ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകതകൾ വ്യക്തമാക്കും. വ്യവസായം, കൃഷി, വിവരസാങ്കേതിക സേവനങ്ങൾ തുടങ്ങി വിവിധ മേഖലകളുടെ ആവശ്യങ്ങൾ കണക്കിലെടുത്തായിരിക്കണം വൈദ്യുതി പദ്ധതി. പബ്ലിക് യൂട്ടിലിറ്റി ഗ്രിഡ് സിസ്റ്റത്തിന്റെ ചലനാത്മകതയെ മാറ്റിമറിക്കുന്ന വേരിയബിൾ റിന്യൂവബിൾ എനർജിയുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യയിലെ സമീപകാല മുന്നേറ്റങ്ങൾക്കും ഈ പദ്ധതി കാരണമാകണം.

ഉത്പാദന ശേഷി: കേരളത്തിന്റെ ആഭ്യന്തര ഊർജ്ജ ഉൽപാദന ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. 2020-21 ൽ കേരളം വൈദ്യുതിയുടെ 78 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സംഭരിച്ചു (ചില മാസങ്ങളിൽ ഈ അനുപാതം 90 ശതമാനം വരെ ഉയരും). വൈദ്യുതിക്കായുള്ള ഹ്രസ്വകാല വിപണികളെ ആശ്രയിക്കുന്നത് ഉയർന്ന സംഭരണച്ചെലവിനും അനിശ്ചിതത്വത്തിനും കാരണമാകുകയും ചെയ്യുന്നു. പാരിസ്ഥിതിക അനുമതി ലഭിച്ച എല്ലാ പദ്ധതികളും പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിനും പുനരുപയോഗ ഊർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. സർക്കാർ നിശ്ചയിച്ചിട്ടുള്ള പുനരുപയോഗ ഊർജ്ജ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ തിരിച്ചറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള ശ്രമങ്ങളെയും പദ്ധതി പിന്തുണയ്ക്കുന്നതാണ്.

പ്രസരണം: പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആവിഷ്കരിച്ച പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0, ഭാവിയിലെ ആവശ്യങ്ങൾക്കായി സംസ്ഥാനത്തെ ഊർജ സംവിധാനം ഒരുക്കുന്നതിനുള്ള ഒരു സംരംഭമാണ്. പദ്ധതി വേഗത്തിലാക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണ നൽകും.

വിതരണം: വിതരണ ശൃംഖലയിൽ പുനരുപയോഗ ഊർജ്ജത്തിന്റെ വർദ്ധിച്ച തോതിലുള്ള സംഭാവനയുടെ ഫലമായി വിതരണത്തിലും ഡിമാൻഡ്-സപ്ലൈ ഡെസ്പാച്ച് മാനേജ്മെന്റിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ശൃംഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. സ്മാർട്ട് ഗ്രിഡ് സംവിധാനം സ്ഥാപിക്കുന്നതിനും ഗ്രിഡ് മാനേജ്മെന്റിനായി നൂതന സാങ്കേതികവിദ്യയുടെയും ആശയവിനിമയ സംവിധാനങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ലോഡ് ഡെസ്പാച്ച് സെന്ററുകൾ നവീകരിക്കുന്നതിനുമുള്ള ശ്രമങ്ങളെയും പദ്ധതി പിന്തുണയ്ക്കുന്നതാണ്.

റസീലിയൻറ്റ് പവർ ഇൻഫ്രാസ്ട്രക്ചർ: സംസ്ഥാനത്ത് റസീലിയൻറ്റ് പവർ ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പ്രോത്സാഹിപ്പിക്കും. മുന്നൊരുക്കങ്ങൾ, ലഘൂകരണം, അടിയന്തര പ്രതികരണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്ന "സേഫ് കേരള" ദുരന്ത നിവാരണ പരിപാടി ഉൾപ്പെടെ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പരിപാടികളെ പദ്ധതി പിന്തുണയ്ക്കും. നിർദിഷ്ട സംസ്ഥാന വൈദ്യുതി പദ്ധതിയിൽ വ്യവസ്ഥാപിത പ്രതിരോധവുമായി ബന്ധപ്പെട്ട പുതിയ മാനദണ്ഡങ്ങളും പ്രക്രിയകളും ഉൾപ്പെടുത്താനുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും. സൈബർ സുരക്ഷയുടെ കാര്യത്തിലും പ്രത്യേക ശ്രദ്ധ നൽകും.

ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം: പബ്ലിക്, ഇൻറർമീഡിയറി, പ്രൈവറ്റ് ഗതാഗതം കേന്ദ്രീകരിച്ച് കേരള സർക്കാർ ഇലക്ട്രിക് മൊബിലിറ്റി പ്രോഗ്രാം ആരംഭിച്ചു. വിതരണ ആവശ്യങ്ങൾക്ക് അനുസൃതമായി ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ സ്ഥാപിക്കാനുള്ള ശ്രമങ്ങളെ പദ്ധതി പ്രോത്സാഹിപ്പിക്കും.

കാര്യ ശേഷി വികസനവും സ്ഥാപന വികസനവും: കെഎസ്ഇബിഎൽ സംസ്ഥാനത്തെ പ്രധാന യൂട്ടിലിറ്റി ആണെങ്കിലും, ഊർജ്ജവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നിലവിൽ ഒന്നിലധികം സ്ഥാപനങ്ങൾ ഉണ്ട്. സാങ്കേതിക മാറ്റങ്ങൾ, നിയന്ത്രണ മാറ്റങ്ങൾ, ദേശീയ തലത്തിലുള്ള മാറ്റങ്ങൾ എന്നിവയ്ക്കൊപ്പം ഈ മേഖലയിലെ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആധുനിക മാനേജ്മെന്റ് രീതികൾ അവതരിപ്പിക്കുകയും ചെയ്യും.

സുരക്ഷ: പതിനാലാം പഞ്ചവത്സര പദ്ധതി വൈദ്യുതി സുരക്ഷ ഉറപ്പാക്കുന്നതിനും അപകടങ്ങൾ ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നടപടികളെ പിന്തുണയ്ക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും സുസ്ഥിരമായ വികസനവും പ്രോത്സാഹിപ്പിക്കുന്നതിന് ഊർജ്ജ മേഖലയുടെ മാനേജ്മെന്റിനായി ഒരു തന്ത്രം വികസിപ്പിക്കൽ
2. ജലവൈദ്യുത പദ്ധതികൾ, സൗരോർജ്ജം, കാറ്റ് തുടങ്ങിയ പുനരുപയോഗ ഊർജ സ്രോതസ്സുകളിൽ നിന്ന് 3,000 മെഗാവാട്ട് കൂട്ടിച്ചേർക്കൽ
3. കേരളത്തിലെ ഡാം റിസർവോയറുകളിലും തടാകങ്ങളിലും 500 മെഗാ വാട്ട് മൊത്തം ശേഷിയുള്ള ഇടത്തരം വലിപ്പമുള്ള (100മെഗാ വാട്ട് മുതൽ 300മെഗാ വാട്ട് വരെ) ഗ്രിഡ് സ്റ്റോറേജ് അധിഷ്ഠിത സോളാർ ഫ്ലോട്ടിംഗ് പവർ പ്ലാന്റുകൾ സ്ഥാപിക്കൽ.
4. ബയോമാസിൽ നിന്നും മാലിന്യത്തിൽ നിന്നും ഗ്രീൻ എനർജിയും ഊർജ്ജവും പ്രോത്സാഹിപ്പിക്കൽ
5. സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം പ്രോത്സാഹിപ്പിക്കൽ
6. പ്രസരണ, വിതരണ ശൃംഖല ശക്തിപ്പെടുത്തൽ പ്രത്യേകിച്ച് ഉയർന്ന വോൾട്ടേജ് ട്രാൻസ്മിഷൻ ലൈനുകൾ
7. വിവിധ സാങ്കേതിക വിദ്യകൾ, നടപടിക്രമങ്ങൾ, പ്രക്രിയകൾ, വൈദ്യുത ഉപകരണങ്ങളുടെ നിർമ്മാണം, വിവിധ തരം വൈദ്യുതി ഉൽപ്പാദനത്തിനായി പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കൽ എന്നിവയിൽ കാര്യക്ഷമതയും ഫലപ്രാപ്തിയും മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ.
8. ദുരന്ത പ്രതിരോധ സമീപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഉൽപ്പാദനം, പ്രസരണം, വിതരണം, മാലിന്യ നിർമാർജനം എന്നിവയിലെ സ്ഥല പരിമിതികളെ നേരിടുന്നതിനും നൂതന ആശയങ്ങൾ/സാങ്കേതികവിദ്യകൾ കണ്ടെത്തൽ.
9. പവർ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത, പ്രസരണ, വിതരണ സംവിധാനം, വൈദ്യുതി സംഭരണം തുടങ്ങിയവയുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ഈ മേഖലയിലെ നിലവിലുള്ളതും ഭാവിയിലുള്ളതുമായ പ്രോജക്ടുകളുടെ നിർവഹണത്തിനായുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രോജക്ട് മാനേജ്മെന്റ്, മികച്ച പ്രവർത്തന രീതികൾ സ്വീകരിക്കുന്നതിനായുള്ള മാനവ വിഭവശേഷി വികസനം.
10. വിദൂരവും ദുർബലവുമായ പ്രദേശങ്ങളിലും വൈദ്യുതി ലഭ്യമാക്കുക, പ്രത്യേക പരിഗണനാ വിഭാഗങ്ങൾക്കും സൗജന്യ വൈദ്യുതി പ്രദാനം ചെയ്യൽ

പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

i. **ഉല്പാദനം**

   i. 23 ജലവൈദ്യുത പദ്ധതികൾ: 9 നിലവിലുള്ള പദ്ധതികൾ (176.5 മെഗാ വാട്ട്/631.71 മില്യൺ യൂണിറ്റ്), 13 പുതിയ പദ്ധതികൾ (120.5 മെഗാ വാട്ട്/303.75 മില്യൺ യൂണിറ്റ്), ഇടുക്കി ഗോൾഡൻ ജൂബിലി വിപുലീകരണ പദ്ധതികൾ (800 മെഗാ വാട്ട്/1301 മില്യൺ യൂണിറ്റ്)

ii. സ്ഥാപിത ശേഷിയിലും ഊർജ്ജ സംഭരണത്തിലും 316.4 മെഗാവാട്ട് കൂട്ടിച്ചേർക്കൽ: ജലവൈദ്യുത പദ്ധതികളിൽ നിന്ന് 297 മെഗാവാട്ട്, സോളാറിൽ നിന്ന് 15.4 മെഗാവാട്ട്, കാറ്റിൽ നിന്നുള്ള ഊർജ്ജം 4 മെഗാവാട്ട്

ii. പ്രസരണം

i. പുതിയ 99സബ്സ്റ്റേഷനുകളുടെ നിർമ്മാണവും 24 സബ്സ്റ്റേഷനുകളുടെ നവീകരണവും

ii. ട്രാൻസ്മിഷൻ ലൈനിന്റെ നിർമ്മാണം: 1913 കി.മീ

iii. വിതരണം

I. 4800 കിലോമീറ്റർ 11 കെവി ABC യും 10500 കിലോമീറ്റർ LT ABC യും

II. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകളും സ്ഥാപിക്കൽ

III. തെരഞ്ഞെടുത്ത നഗരങ്ങളിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ (SCADA)

iv. റിന്യൂവബിൾ എനർജി പ്രോഗ്രാമുകൾ

i. ഗ്രിഡ് കണക്റ്റഡ് റൂഫ്ടോപ്പ് സോളാർ പ്രോഗ്രാം രണ്ടാം ഘട്ടം നടപ്പിലാക്കൽ (100 മെഗാവാട്ട്)

ii. സോളാർ സിറ്റി (200 മെഗാവാട്ട്), റെസ്കോ പദ്ധതികൾ (100 മെഗാവാട്ട്)

iii. കർഷകർക്കുള്ള PM-KUSUM പദ്ധതി (250 മെഗാവാട്ട്)

iv. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി (50 മെഗാവാട്ട്) സൌരോർജ്ജ ഉല്പാദന സംവിധാനങ്ങൾ

v. ഗോത്രവർഗ സങ്കേതങ്ങളിൽ മൈക്രോ ഗ്രിഡുകൾ (20 മെഗാവാട്ട്)

vi. മത്സ്യബന്ധന ഗ്രാമങ്ങൾ/തീരദേശ മേഖല/ഉൾനാടൻ ജലഗതാഗതം എന്നിവയ്ക്കായി പുനരുപയോഗിക്കാവുന്ന ഊർജ്ജ സാങ്കേതികവിദ്യകൾ

vii. ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

v. ഊർജ്ജ സംരക്ഷണവും ഊർജ്ജ കാര്യക്ഷമത ഇടപെടലുകളും

i. 140 നിയമസഭാ മണ്ഡലങ്ങളും ഊർജ്ജ കാര്യക്ഷമമാക്കുന്നതിനായുള്ള ഊർജ്ജയാൻ പരിപാടി

ii. സംസ്ഥാനത്തെ ഊർജ്ജ ഉപയോഗത്തിന്റെ ഏകദേശം 2/3 ഭാഗം കെട്ടിടങ്ങളാണ് (പാർപ്പിടവും വാണിജ്യപരവും) എന്ന വസ്തുത കണക്കിലെടുത്ത് ഊർജ്ജ കാര്യക്ഷമതാ പ്രചരണം

iii. ഊർജ്ജ കാര്യക്ഷമതയുള്ള ചെറുകിട, ഇടത്തരം സംരംഭങ്ങളും അസംഘടിത മേഖലയും

vi. ഊർജ്ജ സംഭരണം

i. ഉറവിട തലത്തിലുള്ള ഊർജ്ജ സംഭരണം - ചെറുകിട ജലസേചന പദ്ധതികളുടെ പവർ ജനറേഷൻ സൈറ്റുകൾക്ക് സമീപവും ചെറിയ തോതിലുള്ള പമ്പ്/റിസർവ് സ്റ്റോറേജ് ഓപ്ഷനുകൾ/അല്ലെങ്കിൽ ഇലക്ട്രോകെമിക്കൽ ഊർജ്ജ സംഭരണം

ii. സബ്സ്റ്റേഷൻ തലത്തിൽ ഊർജ്ജ സംഭരണം

iii. സ്വകാര്യമേഖലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ (എസ്എച്ച്പി) പ്രോത്സാഹനം, എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എസ്എച്ച്പികളെ പ്രോത്സാഹിപ്പിക്കുക, അനുയോജ്യമായ പുതിയതും നൂതനവുമായ ഉറവിടങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയിലൂടെ കൂടുതൽ സുസ്ഥിരമായ രീതിയിൽ പുനരുപയോഗ ഊർജ്ജ ഉൽപ്പാദനം

vii. വൈദ്യുതി സുരക്ഷ

I. ഊർജ്ജ മേഖലയിലെ ഗവേഷണ വികസനത്തിൽ തീ പിടുത്തം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചുള്ള പവർ ക്വാളിറ്റി പഠനവും ശാസ്ത്രീയ അന്വേഷണവും

II. തീ പിടുത്തം മൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിനായി ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കൽ.

III. ദാരിദ്ര്യ രേഖയ്ക്കുതാഴെയുള്ള വിഭാഗത്തിലെ ഗാർഹിക ഉപഭോക്താക്കൾക്ക് എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ നൽകൽ.

IV. വൈദ്യുതി സുരക്ഷാ ബോധവൽക്കരണ പരിപാടികൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭ വർഷത്തെ സംരംഭങ്ങൾ (വാർഷിക പദ്ധതി 2022-23)

I. PM-KUSUM പ്രോഗ്രാം: കർഷകർക്കായി 6000 സോളാർ പമ്പുകൾ സ്ഥാപിക്കുകയും കർഷക കൂട്ടായ്മകൾക്കായി 200 കിലോ വാട്ട് സോളാർ പമ്പിംഗ് സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു.

II. സോളാർ പുഷ് കാർട്ടുകൾ: 100 തെരുവ് കച്ചവടക്കാർക്കായി ഒരു പൈലറ്റ് പ്രോജക്റ്റ്

III. മത്സ്യബന്ധന ബോട്ടുകൾക്കായി പുനരുപയോഗ ഊർജ്ജം: ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കൽ, ഒറ്റപ്പെട്ട ഗോത്രവർഗ സങ്കേതങ്ങളിൽ മൈക്രോ ഗ്രിഡുകൾ സ്ഥാപിക്കൽ

IV. ജലസേചന കനാലുകളിൽ കെ.എസ്.ഇ.ബിയുടെയും ഇ.എം.സിയുടെയും സംയുക്ത സംരംഭമായി 3 മെഗാ വാട്ട് ഹൈഡ്രോ കൈനറ്റിക് പവർ പ്രോജക്ട് നടപ്പിലാക്കൽ.

V. വേസ്റ്റ് ടു എനർജി പ്രോഗ്രാം: നഗര, വ്യാവസായിക, കാർഷിക മാലിന്യങ്ങൾ/അവശിഷ്ടങ്ങൾ, നഗരപ്രദേശങ്ങളിലെ ഖരമാലിന്യങ്ങൾ എന്നിവയിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുക.

VI. വൈദ്യുതി മേഖലയിൽ സ്റ്റാർട്ടപ്പുകളും നൂതനാശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും പുനരുപയോഗ ഊർജ്ജത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി ക്ലീൻ എനർജി ടെക്നോളജി ഇന്നൊവേഷൻ സെന്റർ, എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കൽ

VII. പുനരുപയോഗ ഊർജ്ജ പദ്ധതികൾ: സൂക്ഷ്മ, ചെറുകിട ജലവൈദ്യുത, സ്മാൾ വിൻഡ്, ഹൈബ്രിഡ് പുനരുപയോഗ ഊർജ്ജ പദ്ധതികൾ

അദ്ധ്യായം 7

ശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി

7.1 ആവാസവ്യവസ്ഥയും പരിസ്ഥിതിയും

അവലോകനം

സവിശേഷമായ ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകളിൽ ഒന്നാണ് കേരളം. ഉഷ്ണമേഖലാ മഴക്കാടുകൾ, ശുദ്ധജലവും ഉപ്പുവെള്ളവും നിറഞ്ഞ തണ്ണീർത്തടങ്ങൾ, സമുദ്ര പവിഴപ്പുറ്റുകൾ എന്നിങ്ങനെ ലോകത്തിലെ പരമാവധി ഉൽപ്പാദനക്ഷമവും ജൈവവൈവിധ്യ സമ്പന്നവുമായ മൂന്ന് ആവാസവ്യവസ്ഥകളും കേരളത്തിലുണ്ട്. ഉയർന്ന ജനസാന്ദ്രതയും സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളും കേരളത്തിന്റെ പരിസ്ഥിതിയിലും പ്രകൃതി വിഭവങ്ങളിലും അസാധാരണമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്.

ആവാസവ്യവസ്ഥയും, പരിസ്ഥിതിയും എന്ന ഉപമേഖലയിൽ മൂന്ന് ഏജൻസികൾ ഉൾപ്പെടുന്നു.

- ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമേറ്റ് ചേഞ്ച് (ഡി.ഒ.ഇ.സി.സി)
- കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (കെ.എസ്.ബി.ബി)
- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെ.എസ്.പി.സി.ബി)

വിവിധ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്ന പരിസ്ഥിതി സംബന്ധിയായ പരിപാടികൾ ഏകോപിപ്പിക്കുവാനാണ് ഡി.ഒ.ഇ.സി.സി സ്ഥാപിതമായത്. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ പരിസ്ഥിതിക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്നതുകൊണ്ടു തന്നെ സമീപ വർഷങ്ങളിലെ വികസന ആസൂത്രണത്തിൽ മുഖ്യ അജണ്ടയായി കാലാവസ്ഥാ വ്യതിയാനം മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഏകോപനത്തിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ് ഡി.ഒ.ഇ.സി.സി. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, നടപ്പിലാക്കാൻ കഴിയുന്ന കർമ്മ പദ്ധതികൾ വികസിപ്പിക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി (എസ്.എ.പി.സി.സി) ഡയറക്ടറേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന തന്ത്രങ്ങൾ സംസ്ഥാനതല ആസൂത്രണത്തിലും വികസന പ്രക്രിയയിലും ഉപയോഗിക്കുകയും അതുവഴി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ കുറയ്ക്കുകയുമാണ് പ്രധാന ലക്ഷ്യം.

പ്രകൃതിവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ദേശീയ ജൈവവൈവിധ്യ ലക്ഷ്യങ്ങൾ, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) തുടങ്ങിയവ കൈവരിക്കുന്നതിനുള്ള റോഡ് മാപ്പ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിച്ചത്.

സംസ്ഥാനത്തെ മലിനീകരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സമഗ്രമായ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നിയമപരമായ അതോറിറ്റിയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്. ജലം, വായു എന്നിവയെ സംബന്ധിച്ച നിയമങ്ങൾ, ചട്ടങ്ങൾ (മലിനീകരണം തടയലും നിയന്ത്രണവും), പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ, അനുബന്ധ ചട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നിയമപരമായ അതോറിറ്റിയാണ് ബോർഡ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 244.23 കോടി രൂപയാണ് ഈ മേഖലയ്ക്കായി ബജറ്റിൽ വകയിരുത്തിയത്. ഇത് പന്ത്രണ്ടാം പദ്ധതിയേക്കാൾ 106 ശതമാനം കൂടുതലാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ മൊത്തം ചെലവ് 77.63 കോടി രൂപയാണ്.

പട്ടിക 7.1 ആവാസവ്യവസ്ഥയും പരിസ്ഥിതിയും, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ബജറ്റ് വിഹിതവും ചെലവും.

(രൂപ കോടിയിൽ)

ക്രമ നമ്പർ	വകുപ്പ്	ബജറ്റ് വിഹിതം	ചെലവ്
1	ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമേറ്റ് ചേഞ്ച്	147.58	32.72
2	കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്	44.54	22.45
3	കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്	52.11	22.46
ആകെ		**244.23**	**77.63**

അവലംബം: പ്ലാൻ സ്പേസ്

ഈ മേഖലയിലെ പ്രധാന നേട്ടങ്ങൾ എല്ലാംതന്നെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വിശാലമായ സമീപനത്തിനോട് നീതി പുലർത്തുന്നവതന്നെയാണ്. പരിസ്ഥിതി അവബോധത്തിനും പരിശീലനത്തിനുമായി ഡയറക്ടറേറ്റ് 112 പുതിയ ഭൂമിത്രസേന ക്ലബ്ബുകൾ (ബി.എം.സി) രൂപീകരിച്ചു. പാരിസ്ഥിതികം പ്രോഗ്രാമിന് കീഴിൽ, 139 സ്കൂളുകൾ/കോളേജുകൾ/എൻ.ജി.ഒകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുകയുണ്ടായി. പരിസ്ഥിതി ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി, 10 പരിസ്ഥിതി പോഷിണി ഫെലോഷിപ്പുകൾ നൽകുകയും, വിദ്യാപോഷിണി സ്റ്റഡന്റ് ഫെലോഷിപ്പ് എന്ന പേരിൽ ഒരു പുതിയ പ്രോഗ്രാം ആരംഭിക്കുകയും ചെയ്തു. പുതിയ ഫെലോഷിപ്പ് പ്രോഗ്രാമായ ഉജ്ജ്വൽ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതിയും ശ്രദ്ധേയമായ നേട്ടങ്ങളാണ്. 2011 ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപന പ്രകാരമാണ് തീരദേശ പരിപാലന പദ്ധതി (സി.ഇസഡ്.എം.പി) പ്രസിദ്ധീകരിച്ചത്.

കേരള ബയോഡൈവേഴ്സിറ്റി ബോർഡ് ത്രിതല തദ്ദേശഭരണ സംവിധാനത്തിൻ കീഴിൽ ജൈവവൈവിധ്യമാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പഞ്ചായത്ത് തല ജൈവവൈവിധ്യ രജിസ്റ്ററുകൾ (പി.ബി.ആർ) തയ്യാറാക്കുകയും ചെയ്തു. എൻ.ഐ.സി യുമായി സഹകരിച്ച് ജൈവവൈവിധ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും, ഇലക്ട്രോണിക് രീതിയിൽ പി.ബി.ആർ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന ഒരു വർക്ക് ഫ്ലോ സംവിധാനം ബോർഡ് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൊല്ലത്തെ ആശ്രാമം കണ്ടൽ പ്രദേശത്തെ ജൈവവൈവിധ്യ പൈതൃക സ്ഥാനമായി പ്രഖ്യാപിക്കുകയും, തിരുവനന്തപുരത്ത് വള്ളക്കടവിൽ കേരള ജൈവവൈവിധ്യ മ്യൂസിയം സ്ഥാപിക്കുകയും ചെയ്തു. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി സംസ്ഥാനതല സ്റ്റിയറിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും സംസ്ഥാനത്തെ വംശനാശഭീഷണി നേരിടുന്ന ജീവിവർഗ്ഗങ്ങളെ ഉൾപ്പെടുത്തി 'റെഡ് ഡാറ്റാ ബുക്ക്' തയ്യാറാക്കുകയും ചെയ്തു. ഈ കാലയളവിൽ 16 ഡോക്ടറൽ ഫെലോഷിപ്പുകളും രണ്ട് പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകളും കെ.എസ്.ബി.ബി നൽകിയിട്ടുണ്ട്.

മലിനീകരണ നിയന്ത്രണ ബോർഡ് കോഴിക്കോട്, എറണാകുളം, കൊല്ലം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിൽ കണ്ടിന്വസ് ആംബിയന്റ് ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റേഷനുകൾ (സി.എ.ക്യു.എം.എസ്) പ്രവർത്തനക്ഷമമാക്കി. അഷ്ടമുടിക്കായലിലെ ശുചിത്വ സർവേയും, തീർത്ഥാടന കാലയളവിൽ ശബരിമലയിലെ ജലഗുണനിലവാര നിരീക്ഷണവും നടത്തുകയുണ്ടായി. എൻ.എ.ബി.എൽ അക്രഡിറ്റേഷൻ നേടുന്നതിനായി ബോർഡിന്റെ ലബോറട്ടറികൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിലെ പ്രധാന ന്യൂനതകൾ സ്ഥിതി വിവര കണക്കുകളുടെ അപര്യാപ്തത, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി പരിസ്ഥിതി പദ്ധതികളെ സംയോജിപ്പിക്കുന്നതിലെ അഭാവം, ഗവേഷണ-വികസന സംരംഭങ്ങളിലെ അപര്യാപ്തത, വിശ്വാസ്യത, ആവർത്തനം, കാലഹരണപ്പെട്ട ഡാറ്റാ, ഉപയോഗക്ഷമത തുടങ്ങിയവയാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി

ജൈവവൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി എന്നീ മേഖലകളിൽ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്തെ സമീപനവും ലക്ഷ്യവും ചുവടെ ചേർക്കുന്നു.

- തീരദേശ മേഖലകൾ, തണ്ണീർത്തടങ്ങൾ, ദുർബല ആവാസവ്യവസ്ഥകൾ എന്നിവയിലെ പാരിസ്ഥിതിക നിയന്ത്രണവും പരിപാലനവും.
- നിലവിൽ വിവിധ ഏജൻസികളിലായി വ്യാപിച്ചുകിടക്കുന്ന പരിസ്ഥിതി സംരക്ഷണത്തിന്റെ വ്യത്യസ്ത വശങ്ങളെ ഏകോപിപ്പിക്കുക. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന പ്രവർത്തന പദ്ധതി രൂപീകരിക്കുന്നതിൽ ഡയറക്ടറേറ്റിന്റെ പങ്ക് ഇക്കാര്യത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്നതിനും വിവിധ മേഖലകളിൽ പ്രാദേശിക കാലാവസ്ഥാ പ്രതിരോധം വികസിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾക്കുമായി സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, തീവ്ര കാലാവസ്ഥാ സംഭവങ്ങളുടെ ആഘാതം (വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉൾപ്പെടെ) നേരിടാൻ പ്രാദേശിക മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ സൃഷ്ടിക്കൽ, നിർമ്മാണ നിയന്ത്രണങ്ങൾ, പ്രധാന ആവാസവ്യവസ്ഥകളുടെ സംരക്ഷണം എന്നിവ ഉൾപ്പെടുന്നു.
- ജൈവവൈവിധ്യ മാനേജ്മെന്റ് വിശാലമായ പൊതു അവബോധ പ്രശ്നങ്ങൾ മാത്രമല്ല, സുസ്ഥിരമായ നിരീക്ഷണം ഉൾപ്പെടെയുള്ള മുൻഗണനകളോടെയും വ്യക്തമായ ക്രമത്തോടെയും പ്രായോഗികവും നിർദ്ദിഷ്ടവുമായ കാര്യങ്ങളും ചെയ്യുന്നുണ്ട്. പരാഗണ സമൃദ്ധി, സ്പീഷിസുകളുടെ സ്പേഷ്യൽ ചലനം തുടങ്ങിയ പ്രധാന പ്രഷർ പോയിന്റുകൾ ദീർഘകാലത്തേക്ക് നിരീക്ഷിക്കേണ്ടതുണ്ട്. തീരദേശത്തെ കണ്ടൽക്കാടുകളുടെ പുനഃസ്ഥാപനം ലക്ഷ്യമിട്ടുള്ള നടപടിയുമുണ്ടാകേണ്ടിയിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാന ആസൂത്രണബോർഡ് പരിസ്ഥിതിയും വനവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പും, പരിസ്ഥിതിക്കും ജൈവവൈവിധ്യത്തിനുമായി പ്രത്യേക വിദഗ്ദ്ധ ഉപഗ്രൂപ്പുകളും (ഇ.എസ്.ജി) രൂപീകരിച്ചു. പരിസ്ഥിതി നിരീക്ഷണം ശക്തിപ്പെടുത്തൽ, വികേന്ദ്രീകരണം, സൃഷ്ടിച്ച സ്ഥാപനങ്ങളുടെ സമന്വയം എന്നിവയുമായി ബന്ധപ്പെട്ടതാണ് വിദഗ്ദ്ധ ഉപഗ്രൂപ്പിന്റെ പ്രധാന ശിപാർശകൾ. അതനുസരിച്ച് പ്രധാനപ്പെട്ട ശ്രദ്ധാകേന്ദ്രങ്ങൾ ഇനിപ്പറയുന്നവയാണ്.

- പാരിസ്ഥിതിക നിരീക്ഷണത്തിന്റെ ശാക്തീകരണം, ജലസ്രോതസ്സുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, വായുവിന്റെ ഗുണനിലവാരം, ശബ്ദ നിരീക്ഷണ ശൃംഖല, ഖരമാലിന്യ സംസ്കരണത്തിനുള്ള നടപടികൾ, പ്രത്യേകിച്ച് കൂടുതൽ കോമൺ ബയോ-മെഡിക്കൽ വേസ്റ്റ് സംസ്കരണ സൗകര്യങ്ങൾ (സി.ബി.എം.ഡബ്ല്യു.റ്റി.എഫ്) സ്ഥാപിക്കുക എന്നിവയാണ് മലിനീകരണ നിയന്ത്രണബോർഡ് ശിപാർശ ചെയ്യുന്ന പ്രധാന കർമ്മമേഖലകൾ.
- ബി.എം.സി-കളുടെ വികേന്ദ്രീകരണം, നൈപുണ്യ വികസനം, ആവാസവ്യവസ്ഥയുടെ സംരക്ഷണം, പുനരുജ്ജീവനം, മാനേജ്മെന്റ്, ജൈവവൈവിധ്യം, ഉപജീവന വർദ്ധന, ജൈവവൈവിധ്യ സംരക്ഷണത്തിൽ ശാസ്ത്രീയ അടിത്തറ ശക്തിപ്പെടുത്തൽ, ജൈവിഭവങ്ങളുടെ പ്രാപ്തിയും പ്രയോജനം പങ്കിടലും (എബിസി) എന്നിവ ജൈവവൈവിധ്യബോർഡിന്റെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളായി ശിപാർശ ചെയ്യുന്നു.
- ഭൂമിത്ര സേനാ ക്ലബ്ബുകളുടെ (ബി.എം.സി.എസ്) വിപുലീകരണം, ഡയറക്ടറേറ്റിന്റെ ശാക്തീകരണം, കാലാവസ്ഥാ വ്യതിയാനത്തിനെതിരായുള്ള സംസ്ഥാന പദ്ധതിയുടെ പുനരവലോകനവും നടപ്പാക്കലും, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസിന്റെ (ഐ.സി.സി) ശാക്തീകരണം, സ്റ്റേറ്റ് വൈഡ് ഡാറ്റാ ബേസ് മാനേജ്മെന്റ് സിസ്റ്റം (ഡി.ബി.എം.എസ്), എല്ലാ റാംസർ സൈറ്റുകളിലേയും മാനേജ്മെന്റ് നടപടികളുടെ നവീകരണം, തീരദേശ പരിപാലന നടപടികളുടെ നവീകരണം തുടങ്ങിയവ ശിപാർശ ചെയ്യുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ് നിർദ്ദേശിച്ച പ്രധാന സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമിത്രസേന ക്ലബ്ബുകളുടെ (ബി.എം.സി) വിപുലീകരണവും കുറഞ്ഞ കാർബൺ സംരംഭങ്ങളുടെയും യോജ്യമായ സമ്പ്രദായങ്ങളുടെയും പ്രോത്സാഹനവും.
- പാരിസ്ഥിതിക പ്രശ്നങ്ങൾ ആസൂത്രണ പ്രക്രിയയിൽത്തന്നെ പരിഹരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ ശാക്തീകരണം.

- സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെല്ലിന്റെയും, പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെയും ശാക്തീകരണം.
- സംയോജിത മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും വഴി കൂടുതൽ തണ്ണീർത്തടങ്ങളെ അന്താരാഷ്ട്ര പ്രാധാന്യമുള്ള റാംസർ തണ്ണീർത്തടങ്ങളായി മാറ്റുക.
- സംസ്ഥാനത്ത് സംയോജിത മാനേജ്മെന്റ് പ്ലാനുകൾ (ഐ.എം.പി.എസ്) നടപ്പിലാക്കുന്നതിനായി മൂന്ന് റാംസർ തണ്ണീർത്തടങ്ങളിലും നിർദ്ദിഷ്ട തണ്ണീർത്തട പ്രാദേശിക പരിശീലന സൂപ്പർവൈസറി ബോഡിയും ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും (പി.എം.യു) സ്ഥാപിക്കുക.
- തദ്ദേശസ്വയംഭരണ വകുപ്പ്, പി.സി.ബി, ശുചിത്വ മിഷൻ എന്നിവയുമായി സഹകരിച്ച് തണ്ണീർത്തടങ്ങളോട് ചേർന്നുള്ള പഞ്ചായത്തുകളിലെ മാലിന്യ സംസ്കരണ സംരംഭങ്ങളുടെ ഫലപ്രാപ്തി സംയുക്തമായി വിലയിരുത്തുക.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ജൈവവൈവിധ്യ ബോർഡിന്റെ സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

- ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളിലൂടെ പ്രാദേശിക ജൈവവൈവിധ്യ കർമ്മ പദ്ധതികളുടെ തയ്യാറാക്കലും/പരീക്ഷണ നടത്തിപ്പും, കൂടാതെ ആവാസവ്യവസ്ഥാ സംരക്ഷണം, പുനരുജ്ജീവിപ്പിക്കൽ, പരിപാലനം എന്നിവയിലൂടെ ജൈവവൈവിധ്യ സംരക്ഷണവും പുനഃസ്ഥാപനവും.
- ജൈവവൈവിധ്യ ഡോക്യുമെന്റേഷൻ/നിരീക്ഷണം, കാലാവസ്ഥാ വ്യതിയാനവുമായുള്ള പൊരുത്തപ്പെടൽ, ലഘൂകരണം എന്നിവ ഉൾപ്പെടെയുള്ള ജൈവവൈവിധ്യ ഗവേഷണത്തിന്റെയും വിജ്ഞാന കേന്ദ്രത്തിന്റെയും ശാക്തീകരണം.
- ജൈവവിഭവ പ്രാപ്തിയിലൂടെയും ആനുകൂല്യങ്ങൾ പങ്കിടുന്നതിലൂടെയും ജൈവവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗവും ഉപജീവനം മെച്ചപ്പെടുത്തലും.
- ജൈവവൈവിധ്യ ബോർഡിന്റെ ശാക്തീകരണവും, പൊതുജന ബോധവൽക്കരണ പരിപാടികളും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിനായി നിർദ്ദേശിച്ചിട്ടുള്ള സംരംഭങ്ങൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സംരംഭം ചുവടെ ചേർക്കുന്നു

- ലാബ് നവീകരണത്തിലൂടെയും ജലവിഭവ നിരീക്ഷണം, വായു ഗുണനിലവാര നിരീക്ഷണം, ശബ്ദ മലിനീകരണ നിരീക്ഷണം എന്നിവയിലൂടെയും പാരിസ്ഥിതിക നിരീക്ഷണം ശക്തിപ്പെടുത്തുക.

7.2 ദുരന്ത നിവാരണം

അവലോകനം

കേരളം ദുരന്തസാധ്യതയുള്ള 17 പ്രകൃതിദത്ത അപകടങ്ങൾക്കും 22 മാനുഷിക അപകടങ്ങൾക്കും സാധ്യതയുള്ള പ്രദേശമാണ്. കേരളത്തിലെ ദുരന്തനിവാരണത്തിന് ഒരു നീണ്ട ചരിത്രമുണ്ട്. അത് ദുരന്താനന്തരമുള്ള പ്രതിസന്ധി തരണം ചെയ്യുന്ന പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇക്കാര്യത്തിൽ, ഇന്ത്യയിൽ മൊത്തത്തിലുള്ള സാഹചര്യവും സമാനമാണ്. 2004-ലെ സുനാമിക്ക് ശേഷം മാത്രമാണ് ദുരന്തനിവാരണത്തിന് ഗൗരവമായ ശ്രദ്ധ ലഭിച്ചത്. തുടർന്ന് കൂടുതൽ സമഗ്രവും സജീവവുമായ സമീപനത്തോടെ ഇന്ത്യാ ഗവൺമെന്റ് ഇതിനായി ഒരു നയം രൂപീകരിക്കാൻ തുടങ്ങി. കേരള മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള നിയമാനുസൃതമായ സ്വയംഭരണാധികാരമില്ലാത്ത സ്ഥാപനമായ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (കെഎസ്ഡിഎംഎ) സംസ്ഥാനത്തെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. 'സുരക്ഷിത സംസ്ഥാനത്തിലേക്ക്' എന്ന ലക്ഷ്യത്തോടെ കെഎസ്ഡിഎംഎ പ്രവർത്തിക്കുന്നു. പന്ത്രണ്ടാം പദ്ധതിയെ അപേക്ഷിച്ച് പതിമൂന്നാം പദ്ധതി കാലയളവിൽ ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ ഗണ്യമായി വികസിച്ചു. പതിമൂന്നാം പദ്ധതിക്കാലത്ത് പുറ്റിങ്ങൽ വെടിക്കെട്ട് അപകടം, ഓഖി ചുഴലിക്കാറ്റ്, നിപ്പ പകർച്ചവ്യാധി നിയന്ത്രണം, 2018-ലെയും 2019-ലെയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും, തുടർന്ന് കോവിഡ്-19 എന്നിവ കൈകാര്യം ചെയ്യുന്നതിൽ കെഎസ്ഡിഎംഎ പങ്കാളിയായിരുന്നു.

ആശയപരമായ മാറ്റങ്ങൾക്കനുസരിച്ച് ദുരന്തനിവാരണ സമീപനത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളെ നേരിടാനും പരിഹാരം നൽകാനുമുള്ള ഒറ്റയ്ക്കുള്ള പ്രതിപ്രവർത്തന നടപടികൾ ഇപ്പോൾ ഒരു ദുരന്ത ചക്രത്തിന്റെ എല്ലാ വശങ്ങളെയും അഭിസംബോധന ചെയ്യുന്നതിനുള്ള സജീവവും സമഗ്രവുമായ സമീപനത്തിന് ഇടം നൽകിയിട്ടുണ്ട്. ഇത് ദുരന്ത നിവാരണത്തിനായുള്ള തന്ത്രപരമായ പ്രശ്നങ്ങളായ തയ്യാറെടുപ്പ്, പ്രതിരോധശേഷി, അപകടസാധ്യത കുറയ്ക്കൽ, ആഘാതത്തിന്റെ തീവ്രത കുറയ്ക്കൽ, പുനർനിർമ്മാണം, വീണ്ടെടുക്കൽ പ്രവർത്തനങ്ങളായ പ്രതിപ്രവർത്തനങ്ങൾ, ആശ്വാസ പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. 1987-ൽ യു.എൻ മുൻകൈയെടുത്താണ് ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള (ഡിആർആർ) നടപടികൾക്ക് ഊന്നൽ നൽകാൻ തുടങ്ങിയത്. ജനറൽ അസംബ്ലി 1990-കളുടെ കാലഘട്ടത്തെ പ്രകൃതിദുരന്ത അപകടസാധ്യത കുറയ്ക്കുന്നതിനുള്ള അന്താരാഷ്ട്ര ദശകമായി (ഐഡിഎൻഡിആർ) നിശ്ചയിച്ചു. അതിനുശേഷം 1994 ൽ (യോകോഹാമ), 2005 ൽ (കോബെ), 2015 ൽ (സെൻഡായി) എന്നിടങ്ങളിലായി ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള മൂന്ന് ലോക സമ്മേളനങ്ങൾ നടന്നിട്ടുണ്ട്. ആഗോളതാപനം 2 ഡിഗ്രി സെൽഷ്യസിൽ താഴെയായി പരിമിതപ്പെടുത്തിക്കൊണ്ട് അത് 1.5 ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്താനുള്ള ശ്രമങ്ങൾ തുടരുകയും ചെയ്തുകൊണ്ട് അപകടകരമായ കാലാവസ്ഥാ വ്യതിയാനം ഒഴിവാക്കാൻ പാരീസ് ഉടമ്പടി ഒരു ആഗോള ചട്ടക്കൂട് തയ്യാറാക്കി. 2015 മുതൽ യുഎൻ കരാറുകൾ, സെൻഡായി ചട്ടക്കൂട്, പാരീസ് ഉടമ്പടി, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) എന്നിവ ആപത്ക്കരവും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളുമായും ബന്ധപ്പെട്ട അപകടസാധ്യതകൾ കുറയ്ക്കുന്നതിനുള്ള അജണ്ട സജ്ജമാക്കിയിട്ടുണ്ട്. സുസ്ഥിരവും തുല്യവുമായ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വികസനം എന്ന ആശയമാണ് ഈ കരാറുകളുടെ കേന്ദ്ര കാതൽ. പ്രധാനമായും, കരാറുകളിലുടനീളമുള്ള ശക്തമായ ബന്ധങ്ങൾ വ്യവസ്ഥാപരമായ അപകടസാധ്യതകൾ തിരിച്ചറിയുന്നതിനും കുറയ്ക്കുന്നതിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കും.

പതിമൂന്നാം പദ്ധതി കാലയളവ് (2016-2021) ഒരു പക്ഷേ, എല്ലാ വർഷവും ഒരു ദുരന്തം ഉണ്ടാകുകയും സംസ്ഥാനം ഒരു പരീക്ഷണ ഘട്ടത്തിലൂടെ കടന്നുപോകുകയും ചെയ്ത കാലഘട്ടമായി ചരിത്രത്തിൽ ഇടംപിടിക്കും. കാലാവസ്ഥയും ജലവുമായി ബന്ധപ്പെട്ട അപകടങ്ങളും ജീവശാസ്ത്രപരമായ അപകടങ്ങളും ഉണ്ടായിരുന്നു. 2016-ലെ വരൾച്ച, ഓഖി ചുഴലിക്കാറ്റ് (2017), നിപ്പ വൈറസ് (2017), വെള്ളപ്പൊക്കം (2018), പ്രളയാനന്തര പ്രശ്നങ്ങൾ (2019), വെള്ളപ്പൊക്കം (2019), കോവിഡ് -19 (2020, 2021), ടൗക്ടേ ചുഴലിക്കാറ്റ് (2021) എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ എല്ലാ മഴക്കാലത്തും ഉരുൾപൊട്ടലുണ്ടായി. 2017 ലെ ഓഖി വളരെ ശക്തമായ ചുഴലിക്കാറ്റായിരുന്നു, ഏറ്റവും ഉയർന്ന കാറ്റിന്റെ വേഗത ഏകദേശം മണിക്കൂറിൽ 155 കിലോമീറ്ററും (3 മിനിറ്റ് ദൈർഘ്യവും) 185 കിലോമീറ്ററും (1 മിനിറ്റ് ദൈർഘ്യം) ആണ്. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തിൽ നിന്നാണ് ഈ കൊടുങ്കാറ്റ് ഉത്ഭവിച്ചത്. അത് കനത്ത നാശനഷ്ടം വരുത്തി. 2017-ൽ നിപ വൈറസ് ബാധ ഗുരുതരമായ ആരോഗ്യ അപകടത്തിന് കാരണമായി. 2018-ലെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ച വെള്ളപ്പൊക്കം വിനാശകരമായിരുന്നു, ഇത് സംസ്ഥാനം മുഴുവൻ വ്യാപിക്കുകയും 31,000 കോടി രൂപയുടെ നാശനഷ്ടം വരുത്തുകയും ചെയ്തു. 100 വർഷത്തിലൊരിക്കൽ ആവർത്തിക്കാവുന്ന സംഭവങ്ങളിലൊന്നായിരുന്നു അത്. 1924-ൽ സമാനമായ വെള്ളപ്പൊക്കം സംസ്ഥാനത്തെ ബാധിച്ചിരുന്നു, അത് ഇപ്പോൾ പഴങ്കഥയുടെ ഭാഗമാണ്. 2018ലെ വെള്ളപ്പൊക്കത്തെ നേരിടുന്നതിൽ കേരളത്തിന്റെ പ്രകടനം മാതൃകാപരവും ലോകശ്രദ്ധ ആകർഷിക്കുന്ന തരത്തിലുമായിരുന്നു. സർക്കാർ സംവിധാനങ്ങൾ, എൻ.ജി.ഒകൾ, വിദ്യാർത്ഥികൾ, സാമൂഹിക ഗ്രൂപ്പുകളിലുടനീളമുള്ള സാധാരണക്കാർ എന്നിവരുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെ മാനുഷത്വപരമായ സേവനം നൽകുകയുണ്ടായി. ഇത് അനന്യപൂർവമായതും മറ്റ് സംസ്ഥാനങ്ങൾക്ക് അനുകരിക്കാൻ പറ്റിയ തരത്തിലുള്ള ഒരു പുതിയ മാതൃകയും ആണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഊന്നൽ

ദുരന്തനിവാരണത്തിന് സമഗ്രവും സംയോജിതവുമായ സമീപനം വികസിപ്പിക്കുക എന്നതായിരുന്നു പതിമൂന്നാം പദ്ധതി കാലയളവിലെ ഈ മേഖല ഊന്നൽ നൽകിയത്. ഒരു സുരക്ഷാ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും കൃത്യമായ സുരക്ഷാ ഓഡിറ്റുകൾക്കും പ്രാദേശിക സർക്കാരുകളുടെ സംരംഭങ്ങൾ അത്യന്താപേക്ഷിതമാണ്. കേരളത്തിന്റെ പശ്ചാത്തലത്തിൽ, കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ അല്ലെങ്കിൽ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് എന്നത് തദ്ദേശ ഭരണതലം അടിസ്ഥാനമാക്കിയുള്ള ഡിസാസ്റ്റർ റിസ്ക്

റിഡക്ഷൻ അല്ലെങ്കിൽ തദ്ദേശ ഭരണതലം അടിസ്ഥാനമാക്കിയുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന് കണക്കാക്കാം. ഇത് എല്ലാ തലങ്ങളിലും ദുരന്തനിവാരണത്തിന് കൂടുതൽ ഉത്തരവാദിത്തമുള്ളതും സ്ഥാപനങ്ങൾ അടിസ്ഥാനമാക്കിയുള്ളതുമായ പ്രാഥമിക രൂപരേഖ നൽകും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, പദ്ധതി സഹായമായി 3,776.00 ലക്ഷം രൂപ വകയിരുത്തുകയും 8,508.06 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു (2017-18 ലെ വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് ഷെൽട്ടറുകളുടെ ചെലവ് ഉൾപ്പെടെ) വർഷാടിസ്ഥാനത്തിലുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 7.2.1 കാണിച്ചിരിക്കുന്നു.

പട്ടിക 7.2 പദ്ധതി വിഹിതവും ചെലവും 2017-18 മുതൽ 2021-22 വരെ (രൂപ ലക്ഷത്തിൽ)

വർഷം	ബജറ്റ് വിഹിതം	ചെലവ്
2017-18	750.00	5556.16
2018-19	750.00	424.99
2019-20	750.00	435.00
2020-21	750.00	1273.35
2021-22	750.00	818.56
ആകെ	**3776.00**	**8508.06**

അവലംബം: പ്ലാൻ സ്പേസ്

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

2016-17 ലെ വരൾച്ച, 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018 ലേയും, 2019 ലേയും വെള്ളപ്പൊക്കം, കൊവിഡ്-19 മഹാമാരിയും, 2021 ലെ ടൗക്തേ ചുഴലിക്കാറ്റ് എന്നിങ്ങനെയുള്ള ചരിത്രപരമായ ദുരന്തങ്ങൾ സംസ്ഥാനം നേരിട്ട കാലത്ത് പ്രതിരോധ നടപടികൾക്കും പുനരധിവാസത്തിനും ദുരന്തലഘൂകരണ നടപടികൾക്കും കെ.എസ്.ഡി.എം.എ നേതൃത്വം നൽകിയിരുന്നു.

കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ദുരന്ത സാധ്യത കുറയ്ക്കൽ: വികലാംഗരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പരിശീലന പരിപാടികൾ ആരംഭിച്ചു. വികലാംഗ സൗഹൃദ ഒഴിപ്പിക്കൽ, ആംഗ്യഭാഷയിൽ അലേർട്ടുകളും മുന്നറിയിപ്പുകളും നൽകൽ, DAISY ഫോർമാറ്റിലുള്ള ഓഡിയോ മുന്നറിയിപ്പുകൾ, ബ്രെയിലി ഫോർമാറ്റിലുള്ള വിവര വിജ്ഞാന മെറ്റീരിയലുകൾ എന്നിവയിൽ പരിശീലനം നൽകി.

വോളണ്ടിയർമാരുടെ പരിശീലനം: 14 ജില്ലകളിലും സിവിൽ ഡിഫൻസ് ടീമുകൾ രൂപീകരിക്കുകയും, സന്നദ്ധപ്രവർത്തകർക്ക് പിന്തുണയും പരിശീലനവും നൽകുകയും ചെയ്തു. സന്നദ്ധപ്രവർത്തനത്തിനായി ഇന്ത്യയിലെ ആദ്യത്തെ സർക്കാർ തലത്തിലുള്ള സാമൂഹിക സന്നദ്ധ സേന രൂപീകരിച്ച് സന്നദ്ധപ്രവർത്തകർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എമർജൻസി റെസ്പോൺസ് ടീമുകൾക്കും പരിശീലനം നൽകി.

സംരംഭങ്ങൾ ശക്തിപ്പെടുത്തൽ: സംസ്ഥാന ദുരന്ത നിവാരണ സേന, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ശൃംഖല എന്നിവ ശക്തിപ്പെടുത്തുകയും, കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തു.

ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള ഇൻസ്ട്രുമെന്റഡ് മോണിറ്ററിംഗും ശാസ്ത്ര സാങ്കേതിക വിദ്യയും ശക്തിപ്പെടുത്തൽ: ഉരുൾപ്പൊട്ടൽ സാധ്യത വിലയിരുത്തലും തയ്യാറെടുപ്പ് തന്ത്രങ്ങളും, കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനം, ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ വിതരണ ശൃംഖല ലോജിസ്റ്റിക്സ്, പാലക്കാട് ജില്ലയിലെ വടകരപതി പഞ്ചായത്തിലെ വരൾച്ച അപകട സാധ്യത കുറയ്ക്കൽ, നിരീക്ഷണം, കൂടാതെ കാലാവസ്ഥാ പ്രവചനം, വെള്ളപ്പൊക്ക പ്രവചനം, സംയോജിത സുരക്ഷായനം പോർട്ടലിന്റെയും ആപ്പിന്റെയും വികസനം.

മുഖ്യധാരാ ദുരന്ത സാധ്യത കുറയ്ക്കൽ: തദ്ദേശ സ്വയംഭരണ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ, ഡിപ്പാർട്ട്മെന്റൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ, ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകൾ, ഹോസ്പിറ്റൽ സേഫ്റ്റി പ്ലാനുകൾ, സ്കൂൾ സേഫ്റ്റി പ്ലാനുകൾ.

ദുരന്തസാധ്യത കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ പരിഷ്കരിക്കുക, അപകടസാധ്യത വിലയിരുത്തൽ, ജില്ലാ-സംസ്ഥാന ദുരന്തനിവാരണ പദ്ധതികൾ അപ്ഡേറ്റ് ചെയ്യൽ: ഡിസിഷൻ സപ്പോർട്ട് സിസ്റ്റങ്ങളിൽ ഉപയോഗിക്കുന്നതിനായി ഡാറ്റാബേസ് തയ്യാറാക്കുകയും, പുതിയ റിസ്ക് മാപ്പുകൾ തയ്യാറാക്കി, സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ പദ്ധതികൾ പരിഷ്കരിക്കാൻ ഉപയോഗിക്കുകയും ചെയ്തു.

റിസ്ക് ട്രാൻസ്ഫർ മെക്കാനിസം കമ്മിറ്റി: ഗവൺമെന്റ് ഒരു റിസ്ക് ട്രാൻസ്ഫർ മെക്കാനിസം കമ്മിറ്റി രൂപീകരിച്ചു, പ്രകൃതി ദുരന്തങ്ങളുടെ പ്രശ്നങ്ങളും അവ സമ്പദ്വ്യവസ്ഥയിൽ ചെലുത്തുന്ന ആഘാതവും ലഘൂകരിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് ഇത് നിർദ്ദേശിക്കുന്നു.

നയപരമായ ഇടപെടലുകൾ: യൂണിസെഫ് ധനസഹായമുള്ള പരിപാടികൾ, SPHERE ഇന്ത്യ ധനസഹായത്തോടെയുള്ള പരിപാടികൾ, യുഎൻഡിപി ധനസഹായമുള്ള പരിപാടികൾ, കാര്യശേഷി വർദ്ധിപ്പിക്കൽ പരിപാടികൾ.

പ്രാദേശിക സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ: ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കി പൂർത്തിയാക്കിയ പ്രാദേശിക സർക്കാരുകൾക്ക് ദുരന്തസാധ്യത കുറയ്ക്കുന്നതിനും പ്രതിരോധത്തിനുമുള്ള താഴെ തലത്തിലുള്ള ആശയങ്ങൾക്ക് രൂപം നൽകാൻ കഴിഞ്ഞു.

പതിനാലാം പഞ്ചവത്സര പദ്ധതി

മേഖലയിലെ സമീപനം

- ദുരന്തനിവാരണത്തിനും വീണ്ടെടുക്കലിനും വേണ്ടിയുള്ള സാമൂഹിക പ്രവർത്തനങ്ങളിൽ കേരളത്തിന്റെ പ്രകടനം വളരെയധികം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഗവൺമെന്റും കേരള സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും നടത്തിയ ശ്രമങ്ങൾ, പതിമൂന്നാം പദ്ധതിയുടെ മിക്കവാറും എല്ലാ വർഷവും സംഭവിച്ച ദുരന്തങ്ങളുടെ ഒരു പരമ്പര കൈകാര്യം ചെയ്യാൻ സംസ്ഥാനത്തെ സഹായിച്ചു. ഇത്തരം പ്രകടനങ്ങളും ശേഷിയും ഭാവിയിൽ വിലപ്പെട്ടതാണ്.
- ദുരന്തസാധ്യത ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാനം കൂടുതൽ ശ്രദ്ധ ചെലുത്തും, പ്രത്യേകിച്ചും സാമൂഹിക ക്ഷേമത്തിനായി പ്രാദേശിക പാരിസ്ഥിതിക, ആവാസവ്യവസ്ഥയുടെ സവിശേഷതകളെ സമന്വയിപ്പിക്കുന്ന എഞ്ചിനീയർ സൊല്യൂഷനുകൾക്ക്.
- കാലാവസ്ഥയെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യ വികസനത്തിനും പരിപാലനത്തിനും ശാസ്ത്ര സാങ്കേതികവിദ്യ സുപ്രധാനമാണ്. തുടർച്ചയായ പഠനങ്ങളിലൂടെ സംസ്ഥാനം വിവിധ അപകടങ്ങൾ മൂലമുണ്ടാകുന്ന ദുരന്ത സാധ്യതകൾ മാപ്പ് ചെയ്തിട്ടുണ്ട്. ആവർത്തിച്ചുള്ള അതിശക്തമായ മഴ ഉണ്ടാകുന്നത് സംബന്ധിച്ചും അതിനെ തുടർന്നുള്ള വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനുമുള്ള കാരണങ്ങളെക്കുറിച്ചും ഉചിതമായ നയപരമായ പ്രതികരണങ്ങളെക്കുറിച്ചുമുള്ള ഒരു റിപ്പോർട്ട് (സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ചത്) ഇതിൽ ഉൾപ്പെടുന്നു.
- ദേശീയ ദുരന്ത നിവാരണ അതോറിറ്റി (എൻഡിഎംഎ) യുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 2016-ൽ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി (SDMP) രൂപീകരിച്ചു. 2019 നവംബറിൽ എൻഡിഎംഎ ദേശീയ ദുരന്ത നിവാരണ പദ്ധതി പരിഷ്ക്കരിച്ച് പുതുക്കുകയും ചെയ്തു. പുതുക്കിയ ദേശീയ പദ്ധതിയും ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (2015-2030) എന്ന സെൻഡായി ചട്ടക്കൂട്, മറ്റ് അന്താരാഷ്ട്ര കരാറുകളായ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG-കളും) കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പാരീസ് ഉടമ്പടി (COP-21) എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിലവിൽ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി അപ്ഡേറ്റ് ചെയ്യുന്ന പ്രക്രിയയിലാണ്. 14-ാം പദ്ധതിയുടെ നയരൂപീകരണത്തിൽ നവീകരിച്ച സംസ്ഥാന ദുരന്ത നിവാരണ പദ്ധതി മാർഗ്ഗദർശകമായിരിക്കും. സംസ്ഥാന ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുമ്പോൾ, ഇനിപ്പറയുന്ന ആശയങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

i) കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന ആക്ഷൻ പ്ലാൻ (SAPCC):
കേരള സർക്കാർ നിലവിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാനതല ആക്ഷൻ പ്ലാൻ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ദേശീയ തന്ത്രങ്ങളും നയങ്ങളും പ്രാദേശിക പ്രവർത്തനങ്ങളിലേക്ക് വിവർത്തനം ചെയ്യാനും സംസ്ഥാനത്തിന്റെ അപകട സാധ്യതകൾ തിരിച്ചറിയാനും വീണ്ടെടുക്കൽ പ്രവർത്തനങ്ങൾക്കായി ഒരു സംയോജിത പദ്ധതി തയ്യാറാക്കാനും SAPCC സഹായിക്കും. സംസ്ഥാന ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുമ്പോൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അതിന്റെ നിർദ്ദേശങ്ങൾ SAPCC- യുമായി സംയോജിപ്പിക്കേണ്ടതുണ്ട്.
ii) ഓഖി ചുഴലിക്കാറ്റിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നുമുള്ള പാഠങ്ങൾ: 2016 ലെ സംസ്ഥാന ദുരന്ത നിവാരണ പദ്ധതി ക്ക് ശേഷം പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കാര്യമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പുതിയ സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ അപകട സാധ്യത കണ്ടെത്തുന്നതിനും ലഘൂകരണത്തിനുമുള്ള പ്രവർത്തനങ്ങളിൽ നിന്നുള്ള പാഠങ്ങൾ തിരിച്ചറിയുകയും ഉൾപ്പെടുത്തുകയും വേണം. ദുരന്താനന്തര മാനേജ്മെന്റിൽ നിന്നും വീണ്ടെടുക്കലിൽ നിന്നും പഠിക്കുന്ന പാഠങ്ങൾ സർക്കാർ വകുപ്പുകളിലും ഏജൻസികളിലും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സഹായിക്കും.
iii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരന്തനിവാരണവും: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള സാമൂഹിക കൂട്ടായ്മയിൽ കേരളം നേടിയ വിജയം സമീപകാലത്തെ പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിൽ ഒരു പ്രധാന പങ്ക് വഹിച്ചു. പ്രാദേശിക സർക്കാരുകളിൽ ദുരന്ത റിസ്ക് മാനേജ്മെന്റ് മുഖ്യധാരയാക്കുന്നതിന് നിർദ്ദിഷ്ട പ്രാദേശിക ഗവൺമെന്റ് തലത്തിലുള്ള ഡിസാസ്റ്റർ-മാനേജ്മെന്റ് പ്ലാനുകൾ സഹായിക്കുന്നു. പരിശീലനത്തിലൂടെയും ഭൗതികവും ആശയവിനിമയപരവുമായ അടിസ്ഥാന സൗകര്യങ്ങൾ നൽകിക്കൊണ്ട് പ്രാദേശിക തലത്തിൽ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കാനുള്ള ശ്രമങ്ങളെ പതിനാലാം പദ്ധതി പിന്തുണയ്ക്കും.
iv) പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യ വികസനം: ദുരന്ത നിവാരണം ഏറ്റെടുക്കുന്നതിൽ വൈദ്യുതി, ഗതാഗതം, ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർണായക പങ്ക് വഹിക്കുന്നു. വൈദ്യുതി, ഗതാഗതം, ആശയവിനിമയം എന്നിവയ്ക്കായി ഏജൻസി തലത്തിലുള്ള സമഗ്രമായ ദുരന്ത നിവാരണ, വീണ്ടെടുക്കൽ പദ്ധതി വികസിപ്പിക്കുന്നതിനുള്ള എസ്ഡിഎംഎയുടെ ശ്രമങ്ങളെ പതിനാലാം പദ്ധതി പിന്തുണയ്ക്കും.
v) ഡിജിറ്റൽ, സ്പേഷ്യൽ ടെക്നോളജി: കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷനുകൾ (CORS) ഉൾപ്പെടെ അത്യാധുനിക സ്പേഷ്യൽ സാങ്കേതികവിദ്യയിൽ കേരള സർക്കാർ നിക്ഷേപം നടത്തിയിട്ടുണ്ട്. മിക്ക വികസിത രാജ്യങ്ങളും ദുരന്തനിവാരണ ആസൂത്രണത്തിനും പ്രതിരോധത്തിനും CORS ഉപയോഗിക്കുന്നു. പുതിയ സംസ്ഥാന ദുരന്ത നിവാരണ പദ്ധതിയിൽ ദുരന്തങ്ങളെ അതിജീവിക്കാനും പ്രതികരിക്കാനും കഴിയുന്ന ഒരു കേരളം കെട്ടിപ്പടുക്കുന്നതിനുള്ള ശ്രമങ്ങളെ സഹായിക്കുന്നതിനായി ഈ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനുള്ള മാർഗങ്ങൾ ഉൾപ്പെടുത്തണം.

ലക്ഷ്യം

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇന്റർഗവൺമെന്റൽ പാനലിന്റെ (IPCC) AR6 റിപ്പോർട്ടിന്റെ വെളിച്ചത്തിൽ, 2030-ഓടെ, സെൻഡായ് ചട്ടക്കൂടിന്റെ ഇനിപ്പറയുന്ന ഏഴ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പതിനാലാം പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും

1) ദുരന്ത മരണനിരക്ക് കുറയ്ക്കുക
2) ദുരന്ത ബാധിതരുടെ എണ്ണം കുറയ്ക്കുക
3) സാമ്പത്തിക നഷ്ടം കുറയ്ക്കുക
4) അടിസ്ഥാന സൗകര്യങ്ങളുടെ കേടുപാടുകൾ കുറയ്ക്കുക.
5) ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള ദേശീയ/പ്രാദേശിക തന്ത്രങ്ങൾ ശക്തിപ്പെടുത്തുക (DRR)
6) അന്താരാഷ്ട്ര സഹകരണം വർദ്ധിപ്പിക്കുക
7) ദുരന്ത മുന്നറിയിപ്പ് സംവിധാനത്തിന്റേയും (EWS), ദുരന്ത പ്രതിരോധത്തിന്റേയും (DR) വ്യാപനം

പതിനാലാം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

അപകടസാധ്യത മനസ്സിലാക്കൽ: ശാസ്ത്ര സാങ്കേതിക പരീക്ഷണ ഫണ്ടും ഇന്നൊവേഷൻ ഫണ്ടും, ഓപ്പൺ സോഴ്സ് ഡിസാസ്റ്റർ റിഡക്ഷൻ ഡിസിഷൻ സപ്പോർട്ട് സോഫ്റ്റ്‌വെയർ ടൂളിന്റെ പങ്കാളിത്തവും, പ്രാപ്യമാക്കലും, ദുരന്തത്തെ തുടർന്നുള്ള കേടുപാടുകളുടേയും നഷ്ടങ്ങളുടെയും ഡാറ്റാബേസ് വികസിപ്പിക്കൽ, ദുരന്ത സാധ്യത കുറയ്ക്കുന്നതിനെക്കുറിച്ചുള്ള അറിവ് നൽകുന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകളിൽ പരിസ്ഥിതി നിരീക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ തീരദേശ ബാത്തിമെട്രിക് ഡാറ്റ ശേഖരിക്കുക, ഉരുൾപ്പൊട്ടലിന്റെ മുൻകൂർ

മുന്നറിയിപ്പ് സംവിധാനം വികസിപ്പിക്കുന്നതിൽ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ പിന്തുണയ്ക്കുക, വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം വികസിപ്പിക്കുന്നതിൽ ജലവിഭവ വകുപ്പിനെ പിന്തുണയ്ക്കുക, ഭൂകമ്പ നിരീക്ഷണ ശൃംഖല നിലനിർത്തുന്നതിൽ ഗവേഷണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുക, ഓട്ടോമേറ്റഡ് കാലാവസ്ഥാ സ്റ്റേഷൻ ശൃംഖല പരിപാലിക്കുന്നതിൽ ഇന്ത്യൻ കാലാവസ്ഥാവകുപ്പിനുള്ള പിന്തുണ, വീടുകളുടെ ദുരന്ത നാശനഷ്ട സാധ്യതകൾ കണക്കാക്കുന്നതിനുള്ള സ്പേഷ്യൽ ടൂളുകൾ വികസിപ്പിച്ചെടുക്കുക, വരൾച്ച സാധ്യതയുള്ളതും മേജർ ആക്സിഡന്റ് ഹസാർഡിന്റെ (MAH) അപകട സാധ്യതയുള്ള ഭൂപടങ്ങളും അപ്ഡേറ്റ് ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഡിസാസ്റ്റർ റിസ്ക് ഗവേണൻസ് ശക്തിപ്പെടുത്തൽ: വികസന ആസൂത്രണത്തിൽ ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് മുഖ്യധാരയാക്കുക, പ്രതിരോധശേഷി മെച്ചപ്പെടുത്തൽ വിലയിരുത്തുന്നതിന് ഒരു പ്രത്യേക ടാസ്ക് ഫോഴ്സിന്റെ വിന്യാസം, റിസ്ക് മിറ്റിഗേഷൻ സെൽ സൃഷ്ടിക്കുക, റിസ്ക് ലാബ് ശക്തിപ്പെടുത്തുക, വെള്ളപ്പൊക്ക നിവാരണ പദ്ധതികൾ രൂപപ്പെടുത്തുക, സംസ്ഥാന ദുരന്ത നിവാരണ നയം അപ്ഡേറ്റ് ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ മുഖ്യധാരയാക്കുക, ഡിപ്പാർട്ട്മെന്റൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ, എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ദുരന്ത സാധ്യത കുറയ്ക്കൽ, സമഗ്രമായ വരൾച്ച തയ്യാറെടുപ്പ്, ലഘൂകരണ പദ്ധതി തയ്യാറക്കൽ എന്നിവ ഉൾപ്പെടുന്നു.

പ്രതിരോധത്തിനായി ദുരന്തസാധ്യത കുറയ്ക്കുന്നതിൽ നിക്ഷേപം: മൾട്ടി പർപ്പസ് എമർജൻസി ഷെൽട്ടറുകളായി തിരിച്ചറിഞ്ഞിട്ടുള്ള സ്കൂളുകളിൽ ആവശ്യമായ സൗകര്യങ്ങൾ നിർമ്മിക്കുകയും പരിഷ്കരിക്കുകയും ചെയ്യുക, അത്തരം ഷെൽട്ടറുകളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുക, ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, തീരസംരക്ഷണത്തിനായി മിയാവാക്കി വനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രാരംഭമായി നടപ്പിലാക്കുകയും ചെയ്യുക, പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് ഭാരം കുറഞ്ഞ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുക, ഉരുൾപൊട്ടലും വെള്ളപ്പൊക്ക സാധ്യതയുമുള്ള പ്രദേശങ്ങളിൽ സുരക്ഷിതമായ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുക, പണം കടമെടുത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കുള്ള റിസ്ക് ട്രാൻസ്ഫർ സാധ്യതകൾ സംബന്ധിച്ച് പര്യവേക്ഷണം ചെയ്യുക.

ഫലപ്രദമായ ദുരന്ത നിവാരണ, പ്രതിരോധത്തിനായി മുന്നൊരുക്കങ്ങൾ വർധിപ്പിക്കുക: കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ദുരന്ത റിസ്ക് മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാന വിലയിരുത്തലുകൾ മെച്ചപ്പെടുത്തൽ, മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും അടിയന്തര പ്രതികരണ സംവിധാനങ്ങളും, പ്രതിരോധശേഷിയുള്ള വീടുകളും ദുരന്ത സാക്ഷരതാ കാമ്പെയ്നുകളും ഇതിൽ ഉൾപ്പെടുന്നു.

7.3 ശാസ്ത്ര സേവനങ്ങളും ഗവേഷണവും

ലോകമെമ്പാടുമുള്ള മനുഷ്യരാശിയുടെ ജീവിതശൈലി രൂപപ്പെടുത്തുന്നതിൽ ശാസ്ത്രവും സാങ്കേതികവിദ്യയും അസാധാരണമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദേശീയ വികസനത്തിന്റെ പ്രധാന ഘടകമെന്ന നിലയിൽ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പങ്ക് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പരിമിതമായ വിഭവങ്ങളിൽ നിന്ന് പരമാവധി പ്രയോജനം നേടുന്നതിന്, കാർഷിക, വ്യവസായ, സേവന മേഖലകളിലെ സാമ്പത്തിക ആസൂത്രണത്തിന്റെ മുഖ്യധാരയിലേക്ക് ശാസ്ത്ര സാങ്കേതിക വിദ്യ കൊണ്ടുവരേണ്ടതാണ്. ശാസ്ത്രം, സാങ്കേതികത, നൂതന കണ്ടുപിടിത്തം (എസ്.ടി.ഐ) എന്നിവ സാമ്പത്തിക വളർച്ചയുടെയും മനുഷ്യവികസനത്തിന്റെയും പ്രധാന ചാലകങ്ങളാണ്. വിഭവ കാര്യക്ഷമത കൈവരിക്കാൻ ശാസ്ത്രം, സാങ്കേതികത എന്നിവ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങൾ സഹായിക്കുന്നു. സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലേക്കും പ്രയോജനങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കാനും ഇത് നമ്മെ പ്രാപ്തരാക്കുന്നു.

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും വളർച്ചയുടെ സുപ്രധാന മാനദണ്ഡങ്ങളിലൊന്ന് ജനങ്ങളുടെ ഇടയിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കലാണ്. ഇത് അന്ധവിശ്വാസങ്ങളെയും യുക്തിരഹിതമായ ആചാരങ്ങളെയും മറികടന്ന് യുക്തിസഹവും ശാസ്ത്രീയവുമായ ചിന്താ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്നു. ഇത് വ്യത്യസ്ത ആശയങ്ങളോടുള്ള സമീപനം പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കുകയും; സർഗ്ഗാത്മകതയും പുരോഗതിയും വളർത്തുകയും ചെയ്യുന്നു. ഇത് സർക്കാരിന്റെ വികസന സംരംഭങ്ങൾക്കുള്ള ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

സാങ്കേതികവിദ്യയും ഉൽപ്പാദനവും തമ്മിലുള്ള ബന്ധമാണ് ഇക്കാര്യത്തിൽ മറ്റൊരു പ്രധാന മേഖല. ഇതിന് ഇൻഡസ്ട്രിയും അക്കാദമിക്കും തമ്മിലുള്ള സജീവ പങ്കാളിത്തം പ്രത്യേകിച്ച് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിൽ ആവശ്യമാണ്. സാങ്കേതിക ഉന്നതവിദ്യാഭ്യാസ മേഖലയിലെ വൈദഗ്ധ്യം തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് ഗവേഷണവും വികസനവുമായി ഇവയെ ബന്ധിപ്പിക്കാൻ ചില ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക മേഖലയിലെ സമഗ്രമായ വികസനം ഒരു രാജ്യത്തിന്റെ വളർച്ചാ പ്രക്രിയയിൽ സംഭാവന ചെയ്യുന്നു. നൂതന കണ്ടുപിടിത്തം വളർച്ചയുടെ ഒരു പ്രധാന ചാലകമാണ്. വരുമാനത്തിലും അവസരങ്ങളിലുമുള്ള അസമത്വങ്ങൾ ഇല്ലാതാക്കുന്നതിന് അതിന് സാധിക്കും. ഒരു രാജ്യത്തിന്റെ സാങ്കേതിക വളർച്ച തൊഴിലില്ലായ്മയും അസമത്വവും ഗണ്യമായി കുറയ്ക്കുകയും വരുമാന വിതരണം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

കേരള സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ് സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതിക വിദ്യയുടെ പ്രോത്സാഹനത്തിൽ പ്രധാന പങ്ക് വഹിക്കുകയും വിവിധ സ്ഥാപനങ്ങളിലെയും ശാസ്ത്രശാഖകളിലെയും ശാസ്ത്രജ്ഞർക്ക് ഗവേഷണ വികസന പിന്തുണ നൽകുകയും ചെയ്യുന്നു.

ശാസ്ത്ര സാങ്കേതിക മേഖലകളിൽ മികവ് കൈവരിക്കുന്നതിനും സമൂഹത്തിന് പൊതുവായി സേവനം നൽകുന്നതിനുമുള്ള പരിപാടികൾ കണ്ടെത്തി നടപ്പിലാക്കാൻ വകുപ്പ് സഹായിക്കുന്നു. സംസ്ഥാനത്തെ അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങളിൽ കാര്യശേഷി വർദ്ധിപ്പിക്കൽ, ഗവേഷണ വികസന കേന്ദ്രങ്ങൾ വഴിയുള്ള ഗവേഷണ വികസനം എന്നിവ ഇതിന്റെ ദൗത്യത്തിൽ ഉൾപ്പെടുന്നു. ജൈവ സാങ്കേതിക മേഖലയിലെ പദ്ധതികളുടെയും പരിപാടികളുടെയും തിരിച്ചറിയലും സുഗമമാക്കലും ജൈവ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഗവേഷണ കേന്ദ്രങ്ങളിലെയും ലബോറട്ടറി, ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നിവയും ഇത് ലക്ഷ്യമിടുന്നു. യുവ പ്രതിഭകളെ പരിപോഷിപ്പിക്കുകയും ശാസ്ത്ര സാങ്കേതിക മേഖലകളിൽ പ്രോജക്ടുകൾ, പ്രവർത്തനങ്ങൾ, ഗവേഷണം, വികസനം എന്നിവ ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും, ഏറ്റവും താഴേത്തട്ടിൽ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുകയും സമൂഹത്തിന്റെ പ്രയോജനത്തിനായുള്ള ഗ്രാമീണ സാങ്കേതികവിദ്യയുടെ വികസനം, ഗവേഷണം, സാങ്കേതികതാ കൈമാറ്റം, വ്യാവസായിക ആപ്ലിക്കേഷന്റെ പൈലറ്റ് സ്കെയിൽ വികസനം, ട്രാൻസലേഷണൽ ഗവേഷണ ഇൻകുബേറ്ററുകളുടെ വികസനം, ഗവേഷണത്തിന്റെ ഉയർന്ന മുൻഗണനാ മേഖലകൾ എന്നിവയും വകുപ്പിന്റെ ദൗത്യത്തിന്റെ ഭാഗമാണ്.

സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖല

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി), തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർസിസി), എന്നിവയാണ് സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ കീഴിൽ വരുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങൾ.

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ) വിവിധ ശാസ്ത്ര പരിപാടികളിലൂടെയും അതിന് കീഴിലുള്ള ഗവേഷണ വികസന കേന്ദ്രങ്ങളിലൂടെയും സംസ്ഥാനത്തിന്റെ ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ശാസ്ത്രം, സാങ്കേതികവിദ്യ, ഇന്നവേഷൻ പോളിസി, സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ, പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ് കെ.എസ്.സി.എസ്.റ്റി.ഇ-യുടെ പ്രധാന ലക്ഷ്യം. ശാസ്ത്ര പരിജ്ഞാനത്തിന്റെ ശേഖരം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ കൗൺസിൽ പ്രോത്സാഹിപ്പിക്കുകയും സജീവമാക്കുകയും ചെയ്യുന്നു, കൂടാതെ മാനവികതയുടെ സുസ്ഥിര വികസനത്തിന് പ്രാധാന്യമുള്ള നയങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ശാസ്ത്ര ഗവേഷണത്തിലൂടെയും സാങ്കേതിക വിദ്യകളുടെ നവീകരണത്തിലൂടെയും സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മേഖലയുടെ വികസനത്തിനുള്ള റോഡ് മാപ്പ് കൗൺസിൽ തയ്യാറാക്കുന്നു.

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (എൻ.എ.റ്റി.പി.എ.സി), സെന്റർ ഫോർ വാട്ടർ റിസോഴ്സസ്

ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്) മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐ.സി.സി.എസ്) എന്നിവയാണ് കെ.എസ്.സി.എസ്.ടി.ഇ.യുടെ കീഴിലുള്ള ഗവേഷണ-വികസന കേന്ദ്രങ്ങൾ.

സി.ഡബ്ല്യു.ആർ.ഡി.എം ജലമാനേജ്മെന്റ് മേഖലയിലെ ഗവേഷണ-വികസന ആവശ്യകതകൾ നിറവേറ്റുന്നു. ട്രോപ്പിക്കൽ ഫോറസ്ട്രിയിലെ മികവിന്റെ കേന്ദ്രമായാണ് കെഎഫ്ആർഐ വിഭാവനം ചെയ്തിരിക്കുന്നത്. ഗണിതശാസ്ത്രത്തിൽ വിപുലമായ പഠനത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള ഒരു സ്ഥാപനമാണ് കെ.എസ്.ഒ.എം. റോഡ്, റെയിൽ, ജലം, വ്യോമഗതാഗതം എന്നിവ ഉൾക്കൊള്ളുന്ന മൾട്ടി മോഡൽ ഗതാഗത സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രമുഖ ഗവേഷണ വികസന സ്ഥാപനമാണ് നാറ്റ്പാക്. ഉഷ്ണമേഖലാ സസ്യ വിഭവങ്ങളുടെ ഒരു കൺസർവേറ്ററി ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജെ.എൻ.റ്റി.ബി.ജി.ആർ.ഐ സ്ഥാപിതമായത്. വിഭവങ്ങളുടെ സുസ്ഥിരമായ വിനിയോഗത്തിനായുള്ള ഗവേഷണ പരിപാടികളും ഇത് ഏറ്റെടുക്കുന്നു. അടിസ്ഥാന ശാസ്ത്രത്തിലെ അക്കാദമിക്, ഗവേഷണ മേഖലകളിൽ കാര്യശേഷി വർദ്ധിപ്പിക്കുന്ന സ്ഥാപനമായി എസ്.ആർ.ഐ.ബി.എസ് പ്രവർത്തിക്കുന്നു. എം.ബി.ജി.ഐ.പി.എസ് ജലസസ്യ വൈവിധ്യം, താഴ്ന്ന ഗ്രൂപ്പ് സസ്യങ്ങൾ, മലബാർ മേഖലയിലെ വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾ, എന്നിവയുടെ സംരക്ഷണത്തിനും ഗവേഷണത്തിനും കൂടാതെ സസ്യശാസ്ത്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള അറിവിനും സമർപ്പിച്ചിരിക്കുന്ന ഒരു സ്ഥാപനമാണ്. കാലാവസ്ഥാ വ്യതിയാന പ്രശ്നങ്ങളുടെ എല്ലാ വശങ്ങളിലും സംയോജിത ഗവേഷണം, സാങ്കേതിക പിന്തുണ, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കായാണ് ഐ.സി.സി.എസ് വിഭാവനം ചെയ്തിരിക്കുന്നത്.

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി), സോഫസ്റ്റിക്കേറ്റഡ് ടെസ്റ്റിംഗ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.റ്റി.ഐ.സി), എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എംഎസ്എസ്ആർഎഫ്) റീജിയണൽ സ്റ്റേഷൻ വയനാട് എന്നിവയാണ് കെ.എസ്.സിഎസ്.ടി.ഇയുടെ കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ.

കാൻസർ രോഗനിർണയം, ചികിത്സ, സാന്ത്വന പരിചരണം, പുനരധിവാസം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന അന്താരാഷ്ട്ര അംഗീകാരമുള്ള ഒരു കേന്ദ്രമായ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (ആർസിസി), കാൻസർ പരിചരണത്തിൽ പ്രധാന ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. കാൻസർ നിയന്ത്രണത്തിൽ ആഗോള തലത്തിൽ ഉയർന്നുവരുക എന്നതാണ് ആർസിസിയുടെ കാഴ്ചപ്പാട്.

ഒരിക്കൽ വ്യാപിക്കുകയും വീണ്ടും ഉയർന്നുവരുന്നതുമായ പകർച്ചവ്യാധികളുടെ ഗവേഷണം, രോഗനിർണയം, മാനേജ്മെന്റ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആധുനിക ലബോറട്ടറികളുള്ള ഗ്ലോബൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ആഗോള നിലവാരമുള്ള നെറ്റ്വർക്കിംഗ് ഉള്ള ഒരു സ്ഥാപനമായാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി) വിഭാവനം ചെയ്തിരിക്കുന്നത്. ഇത് വൈറൽ അണുബാധ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ ശാസ്ത്രീയ ഇൻപുട്ടുകൾ നൽകിക്കൊണ്ട് അടിസ്ഥാന ശാസ്ത്രവും ട്രാൻസ്ലേഷണൽ ഗവേഷണവും ഉൾക്കൊള്ളുന്ന ഗവേഷണത്തിന്റെ പശ്ചാത്തലത്തിൽ പരിശീലനത്തിനും വിദ്യാഭ്യാസത്തിനുമായി അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന മികവിന്റെ കേന്ദ്രമായിരിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

കേരളത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്കും വികസനത്തിനുമായി ശാസ്ത്ര സാങ്കേതിക സമീപനവും കേന്ദ്രീകൃത ഗവേഷണ പരിപാടികളും പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രൊജക്ടുകൾ ആസൂത്രണം ചെയ്തത്. ഗവേഷണത്തിൽ സംസ്ഥാനത്തെ ഉയർന്ന തലത്തിലെത്തിക്കാൻ ഉയർന്ന നിലവാരമുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്ന് അത് നിർദ്ദേശിച്ചിരുന്നു. മലിനീകരണം, മാലിന്യ സംസ്കരണം, തുടങ്ങിയ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നാനോടെക്നോളജി, ബയോടെക്നോളജി

എന്നിവയിൽ പദ്ധതികളും മെച്ചപ്പെട്ട ജീവിത പരിപാലനവും പദ്ധതി കാലയളവിൽ വിഭാവനം ചെയ്തിരുന്നു. നിക്ഷേപം ആകർഷിക്കുന്നതിനും പ്രാദേശിക വിഭവങ്ങൾ വികസിപ്പിക്കുന്നതിനും നവീകരണത്തിന് സൗകര്യമൊരുക്കുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ കാര്യശേഷി മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. പതിമൂന്നാം പദ്ധതിയിലെ ശാസ്ത്ര-സാങ്കേതിക മേഖലയിലെ സംസ്ഥാനതല നിക്ഷേപം. ഗവേഷണ സ്ഥാപനങ്ങൾ, സർവകലാശാലാ കേന്ദ്രങ്ങൾ, ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിക്കപ്പെട്ട കലാലയ വകുപ്പുകൾ എന്നിവയിൽ നടത്തിയ ശാസ്ത്രീയ ഗവേഷണമായിരുന്നു പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്തെ കേന്ദ്ര സഹായത്തെ സംസ്ഥാന ശ്രമങ്ങൾ പിന്തുണക്കുകയുണ്ടായി.

പ്രധാന മേഖലകൾ

1. ദേശീയവും ആഗോളവുമായ മികച്ച പ്രവർത്തനങ്ങൾക്ക് അനുസൃതമായി ആനുകാലിക അവലോകനങ്ങളുടെയും ഗുണനിലവാരമുള്ള ഔട്ട്പുട്ടിന്റെയും ഉചിതമായ സംവിധാനം ശക്തിപ്പെടുത്തുക. നിലവിലുള്ള പദ്ധതികളുടെ ആനുകാലിക അവലോകനവും തുടർ ഫണ്ടിംഗിനായി അനുയോജ്യമായ സ്ക്രീനിംഗും.
2. കെ.എസ്.സി.എസ്.റ്റി.ഇ നൽകുന്ന ഗവേഷണ പ്രോജക്ടുകൾ, ഗവേഷണ ഗ്രാന്റുകൾ, ഫെലോഷിപ്പുകൾ എന്നിവയ്ക്ക് സമാന അവലോകനം, പദ്ധതി വിലയിരുത്തൽ, സമയബന്ധിതമായ വിതരണം എന്നിവയുടെ മതിയായ സംവിധാനം ഉറപ്പാക്കണം.
3. സംസ്ഥാന തലത്തിലുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കാനും പൊതുവികസനം സാധ്യമാക്കാനും കഴിയുമെന്നതിനാൽ സംസ്ഥാനത്തെ കേന്ദ്ര ധനസഹായത്തോടെയുള്ള സ്ഥാപനങ്ങളുമായുള്ള സഹകരണം വർദ്ധിപ്പിക്കുക.
4. വ്യാവസായിക മേഖലയിൽ ശാസ്ത്ര സാങ്കേതികത അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത വളർച്ചയും ഗവേഷണ സ്ഥാപനങ്ങളും സർവകലാശാലകൾ തമ്മിലുള്ള ബന്ധവും വർദ്ധിപ്പിക്കുന്ന വ്യവസായ-അക്കാദമിയ-സർക്കാർ ബന്ധം മെച്ചപ്പെടുത്തുക.
5. ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സംവിധാനവും തമ്മിലുള്ള ഏകോപനവും സഹകരണവും പ്രോത്സാഹിപ്പിക്കുക.
6. വൈവിധ്യമാർന്ന മാനവ വിഭവശേഷി ശാസ്ത്ര സാങ്കേതികയ്ക്ക് വളരെ മൂല്യമുള്ളതാണ്. ശാസ്ത്ര സാങ്കേതിക മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പങ്കാളിത്തവും മെച്ചപ്പെടുത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും സർക്കാർ പിന്തുണയ്ക്കുന്നു.

വകയിരുത്തലും ചെലവും

പട്ടിക 7.3 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ശാസ്ത്ര-സാങ്കേതിക മേഖലയ്ക്കുള്ള ബജറ്റ് വിഹിതവും ചെലവും (രൂപ കോടിയിൽ)

ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		പതിമൂന്നാം പഞ്ചവത്സര പദ്ധതി	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
കെ.എസ്.സി.എസ്.ടി.ഇ	109.07	90.89	106.48	50.07	102.58	20.02	76.64	55.96	81.64	60.34	476.41	277.28
ആർ.സി.സി	66	49.11	72.6	78.91	72.6	27.77	71	18.39	71	46.82	353.2	221
ഐ.എ.വി	0	0	15	0.27	50	14.35	50	23.05	50	24	165	61.67
ആകെ	175.07	140	194.08	129.25	225.18	62.14	197.64	97.4	202.64	131.16	994.61	559.95

ഉറവിടം: പ്ലാൻ സ്പേസ് കേരള, അക്കൗണ്ട്സ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, വിവിധ കേന്ദ്രീകൃത ഗവേഷണങ്ങളിലൂടെയും വികസനത്തിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും ശാസ്ത്ര-സാങ്കേതിക വികസനത്തിൽ

സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് മുന്നോട്ട് കൊണ്ടുപോകുന്നതിനായി സമൂഹത്തിന് മുഴുവൻ പ്രയോജനപ്രദമാകുന്ന വിധത്തിൽ ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് 994.61 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത ആകെ ചെലവ് 559.95 കോടി രൂപ (56.29 ശതമാനം) ആയിരുന്നു. ഈ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും പരിപാടികളും ഗവേഷകർക്ക് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും ഗവേഷണ ഉൽപാദനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിവുള്ള യുവാക്കളെ ഉന്നത അക്കാദമിക് വൈദഗ്ധ്യത്തിലേക്കും ശാസ്ത്ര ഗവേഷണത്തിലേക്കും പ്രചോദിപ്പിക്കുന്നതിനും സഹായിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, മാനവ വിഭവശേഷി വികസനം, അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക വികസനവും, ഇന്നവേഷനും, ശാസ്ത്ര ജനകീയവൽക്കരണം, ആവാസ വ്യവസ്ഥയും പരിസ്ഥിതിയും, ബയോടെക്നോളജി വികസനം തുടങ്ങിയ വിവിധ പദ്ധതികൾ കെ.എസ്.സി.എസ്.റ്റി.ഇ നടപ്പാക്കി.

കെ.എസ്.സി.എസ്.റ്റി.ഇ-യുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ പട്ടിക 7.4 ൽ നൽകിയിരിക്കുന്നു.

കെ.എസ്.സി.എസ്.ടി.ഇ യുടെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കെ.എസ്.സി.എസ്.റ്റി.ഇ യുടെ കീഴിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ ഇനിപ്പറയുന്നവയാണ്.

1. **കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ)**
   i. ഏഷ്യാ-പസഫിക് അസോസിയേഷൻ ഓഫ് ഫോറസ്ട്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ (എ.പി.എ.എഫ്.ആർ.ഐ) ജനറൽ അസംബ്ലിയിൽ വോട്ട് ചെയ്യാനുള്ള അവകാശത്തോടുകൂടി ഒരു അംഗമായി പ്രവേശനം ലഭിച്ചു.
   ii. 2018-ൽ സ്ഥാപിതമായ റീജിയണൽ കം ഫെസിലിറ്റേഷൻ സെന്റർ-സതേൺ റീജിയൻ (ആർ.സി.എഫ്.സി-എസ്.ആർ), ദക്ഷിണ മേഖലയിലെ ഔഷധ സസ്യ മേഖലയുമായി ബന്ധപ്പെട്ട one-stop point.
   iii. 2017-ൽ മലക്കപ്പാറയിൽ ഫീൽഡ് റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചു.
   iv. 2018 ഫെബ്രുവരിയിൽ വനവൽകൃതവും വനരഹിതവുമായ ഭൂപ്രകൃതികളിലെ io-invasive ഇനങ്ങളിൽ നിന്നുള്ള ഭീഷണികളെ പ്രതിരോധിക്കുന്ന ദൗത്യവുമായി കെ.എഫ്.ആർ.ഐ-നോഡൽ സെന്റർ ഫോർ ബയോളജിക്കൽ ഇൻവേഷൻസ് (കെ.എഫ്.ആർ.ഐ-എൻസിബിഐ) തുടങ്ങി.
   v. സെന്റർ ഫോർ സിറ്റിസൺ സയൻസ് & ബയോഡൈവേഴ്സിറ്റി ഇൻഫോർമാറ്റിക്സ് സ്ഥാപിച്ചു.
   vi. സെന്റർ ഫോർ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ-കേരളം (സിഎഐ-കെ) സ്ഥാപിച്ചു.
   vii. സാമ്പത്തികമായി പ്രാധാന്യമുള്ള മുള സുഗന്ധവ്യഞ്ജനങ്ങളുടെ ഡിഎൻഎ ബാർകോഡിംഗ് ഏകീകരിച്ചു.

പട്ടിക 7.4 12, 13 പഞ്ചവത്സര പദ്ധതികളിലെ കെ.എസ്.സി.എസ്.റ്റി.ഇ യുടെ നേട്ടങ്ങളുടെ താരതമ്യം																
ഇനം	കെ.എസ്.സി.എസ്.ടി.ഇ– എച്ച്.ക്യൂ		സി.ഡബ്ല്യൂ.ആർ.ഡി.എം		എൻ.എ.റ്റി.പി.എ.സി		ജെ.എൻ.റ്റി.ബി.ജി.ആർ.ഐ		കെ.എഫ്.ആർ.ഐ		എം.ബി.ജി.ഐ.പി.എസ്		കെ.എസ്.ഒ.എം		എസ്.ആർ.ഐ.ബി.എസ്	
	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി
ഫയൽ ചെയ്ത പേറ്റന്റുകൾ	50*	67*	1	2	0	0	10	0	0	0	0	0	0	0	0	0
മറ്റ് ഐപികൾ ജനറേറ്റുചെയ്ത/ ഉൽപ്പന്നങ്ങൾ/ രീതികൾ	0	0	0	0	0	0	4	7	0	0	0	0	0	0	0	0
അനുവദിച്ച പേറ്റന്റുകൾ	2*	20*	0	0	0	0	0	1	0	0	0	0	0	0	0	0
റഫർ ചെയ്ത ജേണലുകളിലെ പേപ്പറുകൾ	1002*	1694*	107	143	19	34	375	346	293	156	36	39	6	30	0	0
പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ/ പുസ്തകങ്ങളിലെ അദ്ധ്യായങ്ങൾ	27*	175*	56	66	0	1	77	101	24	83	13	3	0	0	0	0
സമ്മേളനങ്ങളിലെ പേപ്പറുകൾ	947*	1343*	178	126	80	89	424	249	8	134	0	13	0	2	0	0

ഇനം	കെ.എസ്.സി.എസ്.ടി.ഇ– എച്ച്.ക്യൂ		സി.ഡബ്ല്യൂ.ആർ.ഡി.എം		എൻ.എ.റ്റി.പി.എ.സി		ജെ.എൻ.റ്റി.ബി.ജി.ആർ.ഐ		കെ.എഫ്.ആർ.ഐ		എം.ബി.ജി.ഐ.പി.എസ്		കെ.എസ്.ഒ.എം		എസ്.ആർ.ഐ.ബി.എസ്	
	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി	പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി	പതിമൂന്നാം പഞ്ചവത്സര പദ്ധതി
പി.എച്ച്.ഡി നൽകിയത്	82*	235*	8	14	0	0	43	61	20	18	0	7	0	2	0	0
സംഘടിപ്പിച്ച പരിശീലന പരിപാടികൾ	29	63	147	90	333	170	9	34	130	34	5	4	34	21	0	0
സംഘടിപ്പിച്ച ഔട്ട്റീച്ച് പ്രോഗ്രാമുകൾ	742	528	88	56	10	11	34	19	51	7	4	1	30	39	35	22
വാണിജ്യവൽക്കരിക്കപ്പെട്ട/ കൈമാറ്റം ചെയ്യപ്പെട്ട സാങ്കേതിക വിദ്യകൾ	8*	21*	2	5	0	0	0	3		13	0	0	0	0	0	0
ജീൻബാങ്ക് സമർപ്പിക്കലുകൾ /പ്ലാന്റ് പ്രവേശനം	27*	0	0	0	0	0	90	95	792	1000	14	565	0	0	0	0
അവാർഡുകൾ/ ബഹുമതികൾ	25*	39*	12	14	2	3	58	16	3	5	12	6	0	0	0	0

അവലംബം: കെ.എസ്.സി.എസ്.റ്റി.ഇ

കെ.എസ്.സി.എസ്.ടി.ഇയുടെ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും പിന്തുണയ്ക്കുന്നു

2. **സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യു.ആർ.ഡി.എം)**
   i. കേരളത്തിലെ കിഴക്കോട്ടൊഴുകുന്ന നദികൾക്കായി റീജിയണൽ ഫ്ലഡ് ഫ്രീക്വൻസി മോഡൽ വികസിപ്പിച്ചെടുത്തു.
   ii. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ) യ്ക്ക് കീഴിൽ പാലക്കാട്, ഇടുക്കി ജില്ലകളിൽ ജില്ലാ ജലസേചന പദ്ധതി തയ്യാറാക്കുന്നത് ഏകോപിപ്പിച്ചു.
   iii. കേരളത്തിലെ നദീതടങ്ങൾക്കായി ഹൈഡ്രോളജിക്കൽ ഇൻഫർമേഷൻ സിസ്റ്റം തയ്യാറാക്കി.
   iv. മലപ്പുറം, കോഴിക്കോട്, കാസർകോട് ജില്ലകളിലെ ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 13 ഗ്രാമപഞ്ചായത്തുകൾക്ക് ജലസുരക്ഷാ പദ്ധതി പൂർത്തിയാക്കി.
   v. വിവിധ കാർഷിക-പാരിസ്ഥിതിക മേഖലകൾക്കായി നാളികേരത്തിനും കുരുമുളകിനുമായി ജലസേചന ഷെഡ്യൂൾ വികസിപ്പിച്ചെടുത്തു.
   vi. കണ്ണൂരിൽ കിണർ വെള്ളം മലിനമാകുന്നതിന്റെ ഉത്ഭവത്തെക്കുറിച്ച് ട്രെയ്സർ പഠനം നടത്തി.
   vii. ജേണലുകളിൽ 35 പേപ്പറുകൾ, 2 പുസ്തകങ്ങൾ, കോൺഫറൻസിൽ 30 പേപ്പറുകൾ എന്നിവ പ്രസിദ്ധീകരിക്കുകയും 5 പിഎച്ച്.ഡികൾ നൽകുകയും ചെയ്തു.
3. **ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ)**
   i. കൺസർവേറ്ററി ബൊട്ടാണിക്കൽ ഗാർഡന്റെ വികസനവും പരിപാലനവും.
   ii. പശ്ചിമഘട്ടത്തിന്റെ പ്രാദേശിക സസ്യങ്ങളുടെ ഒരു സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസിദ്ധീകരണം.
   iii. പശ്ചിമഘട്ടത്തിലെ സാമ്പത്തിക പ്രാധാന്യമുള്ള സസ്യവിഭവങ്ങളെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ.
   iv. ഉപയോഗപ്രദമായ സസ്യ തന്മാത്രകൾ, ജീനുകൾ, ഡ്രഗ് പ്രിഡിസസ്സേഴ്സ് എന്നിവയെ തിരിച്ചറിയുന്നതിലേക്ക് നയിക്കുന്ന ഫൈറ്റോകെമിക്കൽ/ഡ്രഗ് പ്രോസ്പെക്റ്റിംഗും ജീൻ പ്രോസ്പെക്ടിംഗും.
   v. സുസ്ഥിരമായ ഉപയോഗത്തിനായി സസ്യാധിഷ്ഠിതവും സൂക്ഷ്മജീവികളുടെ മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങളുടെ തിരിച്ചറിയൽ/രൂപീകരണം.
   vi. ബയോ റിസോഴ്സ് സംരക്ഷണവും വിനിയോഗവും സംബന്ധിച്ച് ശാസ്ത്രീയവും പ്രാദേശിക സമൂഹങ്ങൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ ക്രമമായ മൾട്ടി ഡിസിപ്ലിനറി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
   vii. തൃശ്ശൂരിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ തീരപ്രദേശങ്ങളിൽ എത്നോ ബൊട്ടാണിക്കൽ സർവേ നടത്തി.
   viii. 10 ജേണൽ പേപ്പറുകൾ പ്രസിദ്ധീകരിക്കുകയും 7 പിഎച്ച്.ഡികൾ ലഭിക്കുകയും നിരവധി ബാഹ്യ ധനസഹായ പദ്ധതികൾ ഏറ്റെടുക്കുകയും ചെയ്തു.
4. **നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് & റിസർച്ച് സെന്റർ (നാറ്റ്പാക്)**
   i. സംസ്ഥാനത്തിന്റെ വായു മലിനീകരണ സൂചിക വികസിപ്പിച്ചെടുത്തു.
   ii. സംസ്ഥാനത്തെ ദേശീയ പാതകൾക്കായി ട്രാഫിക് വളർച്ചാ നിരക്ക് മാതൃക വികസിപ്പിച്ചെടുത്തു.
   iii. ആംബുലൻസിന്റെ പ്രവർത്തനത്തിനായി അടിയന്തര വാഹന മുൻഗണനയ്ക്കായി ഒരു സംവിധാനം ആവിഷ്കരിച്ചു.
   iv. കേരളത്തിലെ ജലമാർഗ്ഗങ്ങൾക്കായി തയ്യാറാക്കിയ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള വിവര സംവിധാനം.
   v. കേരളത്തിലെ വെള്ളപ്പൊക്ക സാധ്യതയുള്ള റോഡുകളുടെ ഫ്ലെക്സിബിൾ നടപ്പാതകളുടെ വിവിധ പാളികളിൽ വെള്ളപ്പൊക്ക ദൈർഘ്യത്തിന്റെ ആഘാതത്തെക്കുറിച്ച് പഠനം നടത്തി.
   vi. 31 ഗവേഷണ/19 കൺസൾട്ടൻസി പ്രോജക്ടുകളും 5 ആവശ്യകത അടിസ്ഥാനമാക്കിയുള്ള/ ഇന്നൊവേറ്റീവ് പഠനങ്ങളും നടത്തി.
   vii. 22 ജേണലുകളും 16 സെമിനാർ പേപ്പറുകളും പ്രസിദ്ധീകരിച്ചു.
5. **മലബാർ ബൊട്ടാണിക് ഗാർഡൻ & ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്)**
   i. യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റി-ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (യുഎൻയു-ഐഎഎസ്), ഐക്യരാഷ്ട്രസഭയുടെ അക്കാദമിക്, റിസർച്ച് വിഭാഗമായ എം.ബി.ജി.ഐ.പി.എസ്-നെ സുസ്ഥിര വിദ്യാഭ്യാസത്തിൽ വിദഗ്ധരുടെ പ്രാദേശിക കേന്ദ്രമായി (ആർസിഇ) അംഗീകരിച്ചു.

ii. ഹരിതകേരളം പരിപാടിയുടെ ഭാഗമായി എം.ബി.ജി.ഐ.പി.എസും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തും വനം വകുപ്പുമായി ചേർന്ന് 50000 വനവൃക്ഷങ്ങളുടെയും ഫലവിളകളുടെയും തൈകൾ 33 തടങ്ങളിലായി നട്ടുവളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.

iii. പൂന്തോട്ട പൂച്ചെടികളിൽ 487 സസ്യങ്ങൾ അവതരിപ്പിച്ചു.

iv. 5 ആർഇറ്റി പ്ലാന്റുകളുടെ സൂക്ഷ്മ-പ്രചരണവും പുനപരിചയപ്പെടുത്തലും സ്ഥാപിക്കുകയും, എണ്ണയെ നശിപ്പിക്കുന്ന ബാക്ടീരിയകളുടെയും ആൽഗകളുടെയും 24 ജീൻ-ബാങ്ക് സമർപ്പിക്കലുകളും നടത്തി.

v. പുതിയ ഗവേഷണ സൗകര്യങ്ങളും പുതിയ കൺസർവേറ്ററികളും നിലവിലുള്ള കൺസർവേറ്ററികളുടെ നവീകരണവും

vi. സസ്യങ്ങളിലെ വിറ്റാമിൻ സ്രോതസ്സുകൾ പ്രദർശിപ്പിക്കുന്ന ബയോ ഫോർട്ടിഫിക്കേഷൻ ഗാർഡൻ വികസിപ്പിച്ചെടുത്തു.

vii. മാംസഭോജികളായ സസ്യങ്ങൾക്കും സുഗന്ധമുള്ള സസ്യങ്ങൾക്കും മാത്രമായി ഒരു കൺസർവേറ്ററി സ്ഥാപിച്ചു.

viii. നിംഫിയയുടെ ആറ്റം പ്ലാസ്മ ശേഖരണത്തിനായി ഒരു പുതിയ കുളം നിർമ്മിക്കുകയും ഈ ഭാഗത്ത് ഉടനീളം വിവിധ ഇനം ഹെലിക്കോളിയ നട്ടുപിടിപ്പിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ix. Musaceae, Zingiberaceae എന്നിവയുടെ ഒരു ജെംപ്ലാസം ശേഖരവും ഇഞ്ചിയുടെ വ്യത്യസ്ത ഇനങ്ങൾക്കായി ഒരു കൺസർവേറ്ററിയും സ്ഥാപിച്ചു.

x. കേന്ദ്ര നഴ്സറിയും ബട്ടർഫ്ലൈ പാർക്കും സ്ഥാപിച്ചു.

6. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്)

i. ശിൽപശാലകൾ, സെമിനാറുകൾ തുടങ്ങിയ അക്കാദമിക പ്രവർത്തനങ്ങൾ.

ii. സ്പെക്ട്രോസ്കോപ്പിയിൽ കൊളോക്കിയവും ഫോട്ടോണിക്സിൽ വർക്ക്ഷോപ്പും നടത്തി

iii. വിവിധ സ്ഥാപനങ്ങളിലെ പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ പങ്കാളിത്തത്തോടെ എട്ട് വെബിനാറുകൾ നടത്തി.

iv. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞരെ പങ്കെടുപ്പിച്ച് 27 പരിപാടികൾ സംഘടിപ്പിച്ചു. 1620 വിദ്യാർത്ഥികൾ, ഗവേഷകർ, അടിസ്ഥാന ശാസ്ത്രങ്ങളിലെ അധ്യാപകർ എന്നിവർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

7. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐ.സി.സി.എസ്)

i. പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ അക്കാദമിക്, ഗവേഷണ സഹകരണത്തിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി മദ്രാസും (ഐഐടിഎം) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസും (ഐസിസിഎസ്) തമ്മിലുള്ള ധാരണാപത്രം (എംഒയു) നടപ്പാക്കി.

ii. ഐഎംഡി യുടെ സഹായത്തോടെ പൂർണ്ണമായ ഓട്ടോമാറ്റിക് വെതർ സിസ്റ്റം (എഡബ്ല്യുഎസ്) ഒബ്സർവേറ്ററി സ്ഥാപിച്ചു.

iii. കേരളത്തിൽ 9 കി.മീ. പ്രത്യേക റെസല്യൂഷനുള്ള ഡബ്ല്യുആർഎഫ് അടിസ്ഥാനമാക്കിയുള്ള റെയിൻഫാൾ ഫോർകാസ്റ്റ് സ്ഥാപിച്ചു

iv. കേരളത്തിലെ തീവ്ര മഴയുടെ സംഭവങ്ങളെക്കുറിച്ച് ക്ലൗഡ്-മൈക്രോ ഫിസിക്സ് അടിസ്ഥാനമാക്കിയുള്ള പരീക്ഷണാത്മക നൗകാസ്റ്റിംഗ് ടെക്നിക്കുകൾ വികസിപ്പിച്ചു.

v. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ മിഷന്റെ പിന്തുണയോടെ ഐ.സി.സി.എസ്-ൽ ഒരു കാലാവസ്ഥാ വ്യതിയാന നോളജ് സെൽ സ്ഥാപിച്ചു

vi. 2021-ലെ കേരളത്തിന്റെ ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പുറത്തിറക്കി.

8. കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം)

i. 2020-ൽ ഡോക്ടറൽ പഠനത്തിലേക്ക് നയിക്കുന്ന ബിരുദാനന്തര തലത്തിലുള്ള ഒരു നൂതന പരിശീലന പരിപാടി - ഇന്റഗ്രേറ്റഡ് എംഎസ്സി-പിഎച്ച്ഡി പ്രോഗ്രാമുകൾ (3) ആരംഭിച്ചു.

ii. 11 ഗവേഷണ ശിൽപശാലകളും 4 അന്തർദേശീയ കോൺഫറൻസുകളും അധ്യാപകർക്കായി പരിശീലന പരിപാടികളും നടത്തി(27)

iii. അന്താരാഷ്ട്ര ജേണലുകളിൽ 17 ലേഖനങ്ങളും 5 പ്രീ-പ്രിന്റുകളും പ്രസിദ്ധീകരിച്ചു.

iv. ഗവേഷക പണ്ഡിതന്മാരെ ലക്ഷ്യമാക്കിയുള്ള ആധുനിക ഗവേഷണ വിഷയങ്ങളിൽ അഡ്വാൻസ്ഡ് ഇൻസ്ട്രക്ഷണൽ സ്കൂളുകളും (എഐഎസ്), ഗണിതശാസ്ത്രത്തിലെ പുതിയ ഗവേഷണ പണ്ഡിതന്മാരെ ലക്ഷ്യമിട്ടുള്ള മൂന്ന് അഡ്വാൻസ്ഡ് ഫൗണ്ടേഷനൽ സ്കൂളുകളും (എഎഫ്എസ്) സംഘടിപ്പിച്ചു.

റീജിയണൽ കാൻസർ സെന്റർ (ആർസിസി)

i. 14 നില കെട്ടിടത്തിന്റെ നിർമ്മാണം.
ii. 20 കോടി രൂപ ചെലവിൽ ട്രൂ ബീം ലീനിയർ ആക്സിലറേറ്ററും 14.64 കോടി രൂപ ചെലവിൽ വൈറ്റൽ ബീം ലീനിയർ ആക്സിലറേറ്ററും കമ്മീഷൻ ചെയ്തു.
iii. 23 ഗവേഷണ പരിപാടികളും 30 ഡോക്ടറൽ ഗവേഷണ പരിപാടികളും.
iv. 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആർസിസിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ ആകെ എണ്ണം 91,032 ആണ്. 2020-21ൽ, ആകെ 11,191 പുതിയ കേസുകൾ രജിസ്റ്റർ ചെയ്തു. ഇത് മുൻവർഷത്തേക്കാൾ 27.7 ശതമാനം കുറവാണ്. ഇതിന് കോവിഡ് -19 മഹാമാരി കാരണമായി കണക്കാക്കാം. 2019-20ൽ 15,474 കേസുകളാണ് പുതുതായി രജിസ്റ്റർ ചെയ്തത്.
v. സാമൂഹ്യ മേഖലകളിൽ പ്രധാന സംഭാവനകൾ: -
   a. കോവിഡ് കാലഘട്ടത്തിൽ, ജില്ലാ ആശുപത്രികൾ, താലൂക്ക് ഹോസ്പിറ്റലുകൾ എന്നിവ വഴി എല്ലാ ജില്ലകളിലേക്കും വികേന്ദ്രീകൃത കാൻസർ ചികിത്സ നൽകുകയും ഫയർഫോഴ്സ് വകുപ്പ് മുഖേന രോഗികൾക്ക് വീടുകളിൽ മരുന്നുകൾ എത്തിക്കുകയും ചെയ്തു.
   b. ആർസിസിയിൽ ചികിത്സയിലുള്ള രോഗികൾക്കായി കന്യാകുമാരി ഗവ.മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സ സ്ഥാപിച്ചു.
   c. സംസ്ഥാനത്തിന്റെ കാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.
   d. ഓറൽ, ബ്രെസ്റ്റ്, സെർവിക്കൽ ക്യാൻസർ പോലുള്ള സാധാരണ ക്യാൻസറുകളിൽ താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾക്ക് അനുയോജ്യമായ, നൂതന ചെലവ് കുറഞ്ഞ സ്ക്രീനിംഗ് രീതികൾ വികസിപ്പിച്ചെടുത്തു.
   e. മൾട്ടി ഡിസിപ്ലിനറി സഹകരണത്തോടെ അത്യാധുനിക ചികിത്സ.
   f. കമ്മ്യൂണിറ്റി അധിഷ്ഠിത ഔട്ട്റീച്ച് പരിപാടികൾ.
   g. കാൻസർ നിയന്ത്രണത്തിനായുള്ള ടെലിമെഡിസിൻ തുടങ്ങുകയും ഇ-സഞ്ജീവിനി പ്രോഗ്രാമിന്റെ ഭാഗമാവുകയും ചെയ്തു.
vi. മൂന്ന് അനസ്തേഷ്യ വർക്ക്സ്റ്റേഷനുകളും നാല് ഐസിയു വെന്റിലേറ്ററുകളും, ഇന്റഗ്രേറ്റഡ് ബൈപോളാർ, അൾട്രാസോണിക് കട്ടിംഗ് ആൻഡ് കോയാഗുലേഷൻ യൂണിറ്റുകൾ, ഡിജിറ്റൽ റേഡിയോഗ്രാഫി, ഫ്ലൂറോസ്കോപ്പി സിസ്റ്റം, എലാസ്റ്റോഗ്രാഫിയുള്ള സൂപ്പർസോണിക് യുഎസ്ജി മെഷീൻ, ഫ്യൂറിയർ-ട്രാൻസ്ഫോംപെക്ടോമീറ്റർ, ഇൻഫ്രാറെഡ്-ഇകിനോസ് ടെലികോബാൾട്ട് മെഷീൻ, ഡെക്സ്റ്റാ സ്കാനർ, പ്ലാസ്മ സ്റ്റെറിലൈസർ, ഇലക്ട്രിക്കൽ ഡ്രിൽ യൂണിറ്റ്, വീഡിയോ എൻഡോസ്കോപ്പി സിസ്റ്റം എന്നിവയാണ് പതിമൂന്നാം പഞ്ചവത്സര കാലയളവിൽ കൂട്ടിച്ചേർത്ത രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങൾ
vii. 549 ലേഖനങ്ങൾ (470 ഇൻഡെക്സ് ചെയ്തതും പിയർ റിവ്യൂ ചെയ്തതുമായ ജേണലുകളിൽ), പുസ്തകങ്ങളിൽ 46 അധ്യായങ്ങൾ, 15 പിഎച്ച്ഡികൾ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വൈ)

i. 29-ലധികം രാജ്യങ്ങളിലായി 45 മികവിന്റെ കേന്ദ്രങ്ങളുള്ള ഗ്ലോബൽ വൈറസ് നെറ്റ്വർക്കുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ട് 2020 ഒക്ടോബറിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു,
ii. 28000 ചതുരശ്ര അടി വിസ്തീർണമുള്ള phase 1 A കെട്ടിടം ഭൗതിക അടിസ്ഥാന സൗകര്യങ്ങളോടെ പൂർത്തിയായി.
iii. പൂർണ്ണമായും സജ്ജീകരിച്ച ആറ് ബിഎസ്എൽ - II ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചു.
iv. ഉയർന്ന നിലവാരമുള്ള ഉപകരണങ്ങളുള്ള കോമൺ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി സ്ഥാപിച്ചു.
v. അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി (60+ വൈറൽ അണുബാധകൾ കണ്ടെത്താനുള്ള ശേഷിയോടെ) സ്ഥാപിച്ചു.
vi. phase 1 B കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി.
vii. ക്ലിനിക്കൽ വൈറോളജി, വൈറൽ ഡയഗ്നോസ്റ്റിക്സ് വിഭാഗങ്ങൾ പ്രവർത്തനക്ഷമമായി.
viii. വായുവിലൂടെ പകരുന്ന രോഗാണുക്കളുടെ രോഗനിർണയ സൗകര്യം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ix. ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക രോഗനിർണ്ണയത്തിനായി സാമ്പിളുകൾ ഐഎവിക്ക് നൽകുന്നതിന് അഞ്ച് മെഡിക്കൽ സെന്ററുകൾക്ക് നിർദ്ദേശങ്ങൾ നൽകി ഡയഗ്നോസ്റ്റിക് സേവനങ്ങൾ ആരംഭിച്ചു.

ശാസ്ത്ര സാങ്കേതിക രംഗത്തെ സ്ത്രീ ശാക്തീകരണം

i. ശാസ്ത്രത്തിന്റെ വിവിധ മേഖലകളിലെ സ്ത്രീകളുടെ നിലയെക്കുറിച്ചുള്ള അടിസ്ഥാന ഡാറ്റ ഉപയോഗിച്ച് 'വിമൻ ഇൻ സയൻസ് ഇൻ കേരളം' - ലെ ഡാറ്റാബേസ് സൃഷ്ടിക്കാൻ ഓൺലൈൻ ഡയറക്ടറിയിൽ 3107 രജിസ്ട്രേഷനുകൾ (മാർച്ച്, 2021 വരെ) പൂർത്തിയായി.

ii. 2020-21 കാലയളവിൽ ശാസ്ത്രത്തിൽ വനിതകൾക്കായുള്ള പരിപാടികളുടെ ഭാഗമായി 10 ബാക്ക് ടു ലാബ് പദ്ധതികൾ അനുവദിച്ചു.

എസ് ആന്റ് ടിയിലെ മനുഷ്യവിഭവ വികസനം

i. എമിരിറ്റസ് സയന്റിസ്റ്റ് സ്കീം: 12 എമിരിറ്റസ് ശാസ്ത്രജ്ഞർക്ക് ഗ്രാന്റുകൾ, റഫർ ചെയ്ത ജേണലുകളിൽ 17 പേപ്പറുകൾ പ്രസിദ്ധീകരിച്ചു. 11 പിഎച്ച്.ഡികൾ നൽകി, 28 പുതിയ സാങ്കേതികവിദ്യ/കണ്ടെത്തലുകൾ നടത്തി.

ii. പ്രതിഭ സ്കോളർഷിപ്പ് പ്രോഗ്രാം - 48 പുതിയ സ്കോളർഷിപ്പുകളും ബിരുദ, ബിരുദാനന്തര വിഭാഗത്തിലെ 191 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും നൽകി.

നിർണ്ണായക വിടവുകൾ

2021-ലെ കേരള വികസന റിപ്പോർട്ട് ശാസ്ത്ര സാങ്കേതിക മേഖലയുടെ പുരോഗതിയുടെ ഇനിപ്പറയുന്ന മേഖലകൾ കണ്ടെത്തി.

എ. ഇന്ത്യൻ ശാസ്ത്രവും സാങ്കേതികവിദ്യയും കൂടുതലായി ഒരു ഇൻവർട്ടഡ് പിരമിഡിന്റെ ചിത്രം അവതരിപ്പിക്കുന്നു, അതായത് സാമാന്യം ദുർബലമായ അടിത്തറയിൽ നിലകൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങൾ.

ബി. സാങ്കേതിക ഗവേഷണവും യഥാർത്ഥ ഉൽപ്പാദനവുമായുള്ള ദൃഢമല്ലാത്ത ബന്ധം.

സി. വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും വിജ്ഞാനത്തിന്റെയും സാങ്കേതികവിദ്യയുടെയും പ്രയോഗത്തിന്റെയും വിവിധ തലങ്ങളിലുള്ള ഗുണനിലവാരത്തെക്കുറിച്ചുള്ള ആശങ്ക.

ഡി. കേരളത്തിലെ സ്ഥാപനങ്ങളും രാജ്യത്തെ മറ്റു ഭാഗങ്ങളിലും ലോകത്തിലുമുള്ള സ്ഥാപനങ്ങളും തമ്മിലുള്ള അപര്യാപ്തമായ ബന്ധങ്ങളും കൂടാതെ നൂതന പഠനങ്ങളിലും പ്രായോഗിക ഗവേഷണങ്ങളിലും വ്യവസായവും, സ്വകാര്യ മേഖലയിലെ നിക്ഷേപങ്ങളുമായുള്ള ദൃഢമല്ലാത്ത സഹകരണവും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ എസ് ആൻഡ് ടി മേഖലയിൽ കണ്ടെത്തിയ നിർണ്ണായക വിടവുകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.

1. ഗവേഷണവും വിശകലനവും നടത്തുന്നതിൽ ഡാറ്റയുടെ ലഭ്യത നിർണ്ണായകമാണ്. എന്നിരുന്നാലും, സംസ്ഥാന ശാസ്ത്ര സാങ്കേതിക മേഖലയിൽ കൃത്യമായ ഡാറ്റ പങ്കിടൽ നയം ഇല്ലാത്തതിനാൽ മതിയായ ഡാറ്റ ലഭ്യമല്ല.
2. സ്കീമുകൾ/പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകൾക്ക് പ്രത്യേക പ്രോജക്ടുകളിൽ/പ്രശ്നങ്ങളിൽ വിവിധ ഗവേഷണ പ്രവർത്തനങ്ങളിൽ/ വിശകലനങ്ങളിൽ നിന്നുള്ള ഇൻപുട്ടുകൾ ആവശ്യമാണ്. സംസ്ഥാനത്തെ ഗവേഷണ-വികസന കേന്ദ്രങ്ങൾ ഈ വകുപ്പുകളുടെ മുൻഗണന അല്ലെന്ന് കാണുന്നു. ബാഹ്യ ഏജൻസികൾ മുഖേനയാണ് അവ നടപ്പിലാക്കുന്നത്.
3. പ്രവർത്തനങ്ങളുടെ ആവർത്തനങ്ങൾ ഒഴിവാക്കാൻ വകുപ്പുകൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും എസ് ആന്റ് ടി വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും പരിപാടികൾക്കിടയിൽ ധാരാളം ആവർത്തനങ്ങൾ ഉണ്ട്.
4. പ്രവർത്തനരഹിതമായ സ്ഥാപനങ്ങൾ മാറ്റേണ്ടതുണ്ട്.
5. വിവിധ സ്ഥാപനങ്ങളിൽ/സർവകലാശാലകളിൽ സജ്ജീകരിച്ചിട്ടുള്ള സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ സൗകര്യങ്ങൾ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷകർക്കോ പഠന വിഭാഗങ്ങൾക്കോ ലഭ്യമല്ല. വിവിധ ദേശീയ ഫണ്ടിംഗ് ഏജൻസികളുടെ പിന്തുണയോടെ വലിയ നിക്ഷേപം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, സൗകര്യങ്ങൾ പലപ്പോഴും ഉപയോഗപ്പെടുത്തുന്നില്ല.
6. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിന്നും കേന്ദ്ര സ്ഥാപനങ്ങളിൽ നിന്നും ശാസ്ത്ര സാങ്കേതികതല മാനവ വിഭവശേഷിയുടെയും പിഎച്ച്ഡികളുടെയും ഡാറ്റാബേസ് ഇല്ല.

അതിനാൽ, സിഎസ്ഐആർ ആരംഭിച്ച വിദ്വാൻ എന്ന പോർട്ടലിന് സമാനമായ ഒരു ഇൻഫർമേഷൻ പോർട്ടൽ സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

7. ഗവേഷണ-വികസന സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം നൽകേണ്ടതും അതേ സമയം സ്വതന്ത്ര ഗവേഷണ സമിതികളിലൂടെയും പിയർ റിവ്യൂ സംവിധാനങ്ങളിലൂടെയും അവയുടെ ഭരണം മെച്ചപ്പെടുത്തേണ്ടതുമാണ്.

ശാസ്ത്ര സാങ്കേതിക മേഖല നേരിടുന്ന ചില പ്രധാന വെല്ലുവിളികൾ

1. പ്രതിഭകളെ ആകർഷിക്കുന്ന പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ എണ്ണത്തിന്റെ അപര്യാപ്തത: - സംസ്ഥാനത്തെ ഗവേഷണ-വികസന പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രതിഭകളെ ആകർഷിക്കലും നിലനിർത്തലും അത്യാവശ്യമാണ്.
2. പ്രശസ്തമായ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിന് സംസ്ഥാനത്തെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് മുതിർന്ന ഗവേഷണ നേതൃത്വത്തെ ആകർഷിക്കേണ്ടതുണ്ട്.
3. ഗവേഷണ-വികസനത്തിലെ Big Budget പദ്ധതികൾ വളരെ പരിമിതമായ വിഭവങ്ങൾ കൊണ്ട് നടത്തുക. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താതെ ലോകോത്തര ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞരെ ആകർഷിക്കുക പ്രയാസമാണ്.
4. വ്യവസായവും ഗവേഷണ-വികസന സ്ഥാപനങ്ങളും അക്കാദമിയയും തമ്മിലുള്ള ബന്ധം - വ്യവസായ-അക്കാദമിയ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള ശരിയായ ഒരു സംവിധാനത്തിന്റെ അപര്യാപ്തത. അതുപോലെ തന്നെ റിസർച്ച് മേഖലയുടെ തെരഞ്ഞെടുപ്പിൽ ഒരു വ്യവസായിക ഇടപെടലും ഇല്ല. ഗവേഷണ സ്ഥാപനങ്ങളുമായുള്ള വ്യവസായ ബന്ധം പരിശോധിക്കാൻ ഒരു ഫോറം സൃഷ്ടിക്കുന്നതിനുള്ള ഒരു റോഡ് മാപ്പ് ആവശ്യമാണ്.
5. ശാസ്ത്ര സാങ്കേതിക മേഖലയ്ക്കുള്ള സാമ്പത്തിക പിന്തുണ അപര്യാപ്തമാണ് - വികസിത രാജ്യങ്ങളുമായും ഇതേ സ്ഥാനത്തുതന്നെയുള്ള രാജ്യങ്ങളുമായി പോലും താരതമ്യപ്പെടുത്തുമ്പോൾ, ഗവേഷണ വികസനത്തിനായുള്ള ഇന്ത്യയുടെ മൊത്ത ആഭ്യന്തര ചെലവ് (ജിഇആർഡി) വളരെ കുറവാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി – മേഖലയിലെ സമീപനം

1. ശാസ്ത്രവും സാങ്കേതികവിദ്യയും കേരളത്തിന്റെ ഭാവി വളർച്ചയുടെ കേന്ദ്രമാണ്. 14-ാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുയോജ്യമായ ഗവേഷണത്തിന്റെയും നവീകരണത്തിന്റെയും പരിപാടികളെ പ്രോത്സാഹിപ്പിക്കും.
2. സംസ്ഥാനത്ത് ശക്തമായ ശാസ്ത്ര, സാങ്കേതികവിദ്യ, നവീകരണ ആവാസവ്യവസ്ഥ എന്നിവ കെട്ടിപ്പടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ, വ്യവസായം എന്നിവ തമ്മിൽ കൂടുതലായുള്ള ഏകോപനം സർക്കാർ പ്രോത്സാഹിപ്പിക്കും.
3. കേരളത്തിലെ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ തമ്മിലും സംസ്ഥാനത്തും ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിലും ലോകത്തുമുള്ള സ്ഥാപനങ്ങൾ തമ്മിലും ശക്തമായ ബന്ധം പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്.
4. ശാസ്ത്ര-സാങ്കേതിക നവീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് ശാസ്ത്രത്തിൽ ഗവേഷണം തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആകർഷകമായ ഗവേഷണ അവസരങ്ങൾ നൽകുക.
5. സംസ്ഥാനത്തെ ഗവേഷണ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവേഷണ അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
6. കെ.എസ്.സി.എസ്.റ്റി.ഇ വഴി കേരള സർക്കാർ നേരിട്ട് ധനസഹായം നൽകുന്ന ഗവേഷണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക
7. നന്നായി രൂപകൽപ്പന ചെയ്ത പരിപാടികൾ, കാമ്പെയ്നുകൾ, സമ്മേളനങ്ങൾ, കോൺഫറൻസുകൾ എന്നിവയിലൂടെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഇടയിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ശാസ്ത്രത്തിന്റെ ജനകീയവൽക്കരണവും പ്രോത്സാഹനവും, മാനവ വിഭവശേഷി വികസനവും, വ്യവസായ- ഗവേഷണ വികസനവും, അക്കാദമിയ ഇന്റർഫേസും, അന്താരാഷ്ട്ര ശാസ്ത്ര സഹകരണങ്ങളും ഫണ്ടിംഗ് അവസരങ്ങളും, നവീകരണവും സംരംഭകത്വവും, ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസം, സാങ്കേതിക വികസനം, സ്വദേശിവൽക്കരണം, ശാസ്ത്ര-സാങ്കേതിക

അടിസ്ഥാനസൗകര്യങ്ങളുടെ ശക്തമായ നിർമ്മാണം എന്നിവയിൽ നിരീക്ഷണവും വിലയിരുത്തലും ഫീഡ്ബാക്ക് ചട്ടക്കൂടും ഉൾപ്പെടുത്തിക്കൊണ്ട് ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. അക്കാദമിക്, ഗവേഷണം, വ്യവസായം, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണം എന്നിവ വർദ്ധിപ്പിക്കുക. കേരളത്തിലെയും രാജ്യത്തെ മറ്റിടങ്ങളിലെയും കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധവും സഹകരണവും ശക്തിപ്പെടുത്തുക.
2. ശാസ്ത്ര സാങ്കേതിക സ്റ്റാർട്ടപ്പുകൾക്ക് ആകർഷകമായ ഫണ്ടിംഗ്/പ്രോത്സാഹനങ്ങൾ
3. ശാസ്ത്ര-സാങ്കേതിക നവീകരണങ്ങൾ ശക്തിപ്പെടുത്തുകയും ശാസ്ത്രത്തിൽ കരിയർ തുടരുന്നതിന് ആകർഷകമായ ഗവേഷണ അവസരങ്ങൾ നൽകുകയും വേണം.
4. ലോകോത്തര ഗവേഷണ വികസന അടിസ്ഥാനസൗകര്യത്തിൽ നിക്ഷേപിക്കുകയും വിവിധ ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത സുഗമമാക്കുകയും ചെയ്യുക.
5. ആഘാതങ്ങൾ വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ മികച്ചതാക്കുന്നതിനും പിയർ റിവ്യൂകൾ പോലുള്ള മികച്ച സമ്പ്രദായങ്ങൾ സ്വീകരിച്ച് കേരള സർക്കാരിന് കീഴിൽ നേരിട്ട് ധനസഹായം നൽകുന്ന ഗവേഷണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.
6. വൈജ്ഞാനികപരിപാടികളിലൂടെയും കോൺഫറൻസുകളിലൂടെയും കേരളത്തിലെ പ്രത്യേകമായുള്ള പൊതു പ്രശ്നങ്ങളിൽ ഏർപ്പെടുന്നതിലൂടെ യുവാക്കളിലും വിദ്യാർത്ഥികളിലും ശാസ്ത്രീയ മനോഭാവം പ്രോത്സാഹിപ്പിക്കുക.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ
കെ.എസ്.സി.എസ്.ടി.ഇ

1. അക്കാദമിയ - ഇൻഡസ്ട്രി മീറ്റ് (എഐഎം) - വ്യവസായങ്ങളെയും അക്കാദമിയ/ഗവേഷണ കേന്ദ്രങ്ങളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിന് ഒരു വ്യവസായ-അക്കാദമിയ കോൺക്ലേവ് നടത്തുക.
2. വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും സമൂഹത്തിലേക്കുള്ള ശാസ്ത്ര പ്രവർത്തനം (ASSET) - ശാസ്ത്രത്തെ സമൂഹത്തിലേക്ക് എത്തിക്കുന്ന, വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും വിടവ് നികത്താൻ വിഭാവനം ചെയ്യുന്ന ഒരു പദ്ധതി രൂപകൽപന ചെയ്യുക
3. പ്രത്യേക കഴിവുള്ള കുട്ടികൾക്കുള്ള എഞ്ചിനീയറിംഗ് പിന്തുണയും ഏകോപിത ഗവേഷണവും (ESCORT) - വൈകല്യ പഠനങ്ങളിൽ സാങ്കേതിക ഗവേഷണം നടത്തുന്നതിന് സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുക, ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്ന കുട്ടികളെ സഹായിക്കുക, ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും ആവശ്യമായ എഞ്ചിനീയറിംഗ് അധിഷ്ഠിത സാങ്കേതിക ഇടപെടലുകൾ നൽകുക എന്നിവ.
4. പാരിസ്ഥിതികവും പ്രാദേശികവുമായ പ്രശ്നങ്ങൾക്കുള്ള ഗവേഷണ കേന്ദ്രീകൃത പരിഹാരങ്ങൾക്കായുള്ള പദ്ധതികൾ (PROSPER) - പ്രാഥമികമായി സമൂഹത്തിലെ അവശ വിഭാഗങ്ങൾക്കുവേണ്ടി പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള ശാസ്ത്ര അധിഷ്ഠിത പരിഹാരങ്ങൾ, നിർദ്ദിഷ്ട പ്രദേശങ്ങൾക്ക് ഉചിതമായ സാങ്കേതികവിദ്യകളുടെ വികസനം, വിന്യാസം എന്നിവ നൽകുക.
5. റിസർച്ച് സെന്റർ ഫോർ എസ്.റ്റി.ഇഎം (STEM) ഹയർ എജ്യുക്കേഷൻ കേരള (ആർസിഎച്ച്ഇകെ) - ശാസ്ത്ര, എഐ (AI), റോബോട്ടിക്സ്, സിസ്റ്റംസ് ബയോളജി എന്നിവയിലെ മെഷീൻ ലേണിംഗ് പോലെയുള്ള ശാസ്ത്ര, എഞ്ചിനീയറിംഗ് രീതികളിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങളുമായി പൊരുത്തപ്പെടുന്നതിന് കേരളത്തിലെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ ലക്ഷ്യമിടുന്നു.
6. വിസിറ്റിംഗ് സയന്റിസ്റ്റ് പ്രോഗ്രാം - ദേശീയ/അന്തർദ്ദേശീയ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പ്രശസ്തരായ ശാസ്ത്രജ്ഞരെ/അക്കാദമീഷ്യന്മാരെ സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ സന്ദർശിക്കാനും സേവനം പ്രദാനം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുക.

7. കാലാവസ്ഥയെ പ്രതിരോധിക്കുന്നതും പാരിസ്ഥിതികമായി പൊരുത്തപ്പെടുത്തപ്പെട്ടതുമായ മാതൃകാ ഗ്രാമങ്ങൾ (CREAM വില്ലേജുകൾ) – കാലാവസ്ഥാ വ്യതിയാനങ്ങളുടെയും അതിന്റെ അനുബന്ധ ദുരന്തങ്ങളുടെയും ദൗർബല്യങ്ങളും അനന്തരഫലങ്ങളും ലഘൂകരിക്കുക.
8. കാലാവസ്ഥാ വ്യതിയാന മാനേജ്മെന്റിനും അഡാപ്റ്റേഷൻ തന്ത്രത്തിനും അനുയോജ്യമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഗവേഷണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ, ഉഷ്ണമേഖലാ വനമേഖലയും അതിന്റെ സാമൂഹിക പ്രാധാന്യവും, ജലം, പരിസ്ഥിതി മാനേജ്മെന്റ്, തദ്ദേശീയ അറിവുകൾ എന്നിവയ്ക്കുള്ള മികച്ച പരിഹാരങ്ങൾ എന്നിവ.
9. കൂടുതൽ സാമ്പത്തിക മൂല്യമുള്ള ഫൈറ്റോകെമിക്കൽ, ബയോകെമിക്കൽ, ഡ്രഗ് പ്രിഡിസസേഴ്സ് എന്നിവ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഔഷധവും സുഗന്ധമുള്ളതുമായ സസ്യങ്ങൾക്കുവേണ്ടിയുള്ള ബയോ പ്രോസ്പെക്റ്റിംഗ് (ഫൈറ്റോകെമിക്കൽ, ഡ്രഗ് പ്രോസ്പെക്റ്റിംഗ്).
10. എക്സ് സിറ്റു കൺസർവേറ്ററികളും ഗാർഡൻ ഡവലപ്മെന്റും സ്ഥാപിക്കൽ, സംയോജിത ടാക്സോണമിയും കൺസർവേഷൻ ബയോളജിയും സുസ്ഥിര വിനിയോഗം, ബയോടെക്നോളജിയും ബയോ ഇൻഫോർമാറ്റിക്സും, കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും.
11. ഇൻവെൻഷൻ – ഇന്നവേഷൻ ഗ്യാപ് ഫലപ്രദമായി നികത്തുന്നതിനും സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുമുള്ള ചട്ടക്കൂട്.
12. സംസ്ഥാനത്തിന്റെ ഗവേഷണ അന്തരീക്ഷത്തിന് അനുയോജ്യമാകുന്നവിധം ക്ലൗഡ് ഇൻഫ്രാസ്ട്രക്ചറിനൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുടെ സംയോജനം.

ആർ.സി.സി

1. ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം
2. ക്യാൻസർ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. സ്ത്രീകളുമായി ബന്ധപ്പെട്ട അർബുദം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. പരിശീലന, ഗവേഷണ സൗകര്യങ്ങളുടെ നവീകരണം
5. ആർസിസിയെ 'സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്' ആയി ഉയർത്തുക

ഐ.എ.വി

1. ഫ്ലാഗ്ഷിപ് പ്രോഗ്രാമുകൾ നടപ്പിലാക്കൽ
2. അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കൽ
3. ഒരു BSI- III സൗകര്യം സ്ഥാപിക്കൽ
4. എക്സ്പിരിമെന്റൽ ആന്റ് ട്രാൻസ്ജെനിക് ആനിമൽ ഫെസിലിറ്റി സ്ഥാപിക്കൽ
5. ഫേസ് IB കെട്ടിടത്തിന്റെ പ്രവർത്തനക്ഷമത
6. വെക്റ്റർ റിസർച്ച് ആൻഡ് ആർത്രോപോഡ് ബയോളജി സൗകര്യം സ്ഥാപിക്കൽ.
7. ട്യൂമർ വൈറസ് ഡയഗ്നോസ്റ്റിക്സ് സൗകര്യം സ്ഥാപിക്കൽ

2022-23 വാർഷിക പദ്ധതിയിൽ ഇതിനകം ആരംഭിച്ച പുതിയ സംരംഭങ്ങൾ

1. DRIPS-ശാസ്ത്രത്തിനായുള്ള ഡിജിറ്റൽ റിസർച്ച് ആൻഡ് ഇൻഫർമേഷൻ പ്ലാറ്റ്ഫോം – ഗവേഷകർ, ശാസ്ത്രീയ അടിസ്ഥാന സൗകര്യം, മനുഷ്യവിഭവ, ഡാറ്റാ ബേസുകൾ, ശാസ്ത്രപരിപാടികൾ/പദ്ധതികൾ, സ്ഥാപനങ്ങൾ, ഗവേഷണ പ്രശ്നങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന ഒരു വെബ് അധിഷ്ഠിത ആർ ആന്റ് ഡി മാനേജ്മെന്റിനുവേണ്ടി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കൽ.
2. കേരളത്തിൽ സ്റ്റാർട്ടപ്പുകൾ വളർത്തുന്നതിനുള്ള ശാസ്ത്ര സാങ്കേതിക ഇടപെടൽ, ഇൻകുബേഷൻ, ഗവേഷണം (STIRRUP- കേരളം) – കെഎസ്സിഎസ്ടിഇയുടെ കീഴിലുള്ള ഒരു ഇൻകുബേഷൻ ഇന്നൊവേഷൻ പരിപാടിയായ ഇത് നവീകരണവും ഗവേഷണവും സംരംഭകത്വ പിന്തുണാ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നു. നിലവിലെ സ്റ്റാർട്ടപ്പുകളുടെ ആവാസവ്യവസ്ഥയിലെ ഗവേഷണ-വികസന വിടവുകൾ നികത്താനും സ്റ്റാർട്ടപ്പുകളുടെ വിജയ നിരക്ക് വർദ്ധിപ്പിക്കാനും കഴിയുന്ന, രാജ്യത്തിനകത്തും പുറത്തുമുള്ള തെരഞ്ഞെടുത്ത ആർ ആൻഡ് ഡി ഇൻസ്റ്റിറ്റ്യൂട്ടുകളുടെ വൈദഗ്ധ്യം ഉപയോഗിച്ച് ശക്തമായ ഒരു ഗവേഷണ-വികസന ആവാസവ്യവസ്ഥയെ സുഗമമാക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അദ്ധ്യായം 8

ഗതാഗതം

8.1 റോഡുകൾ, പാലങ്ങൾ, റോഡ് ഗതാഗതം

അവലോകനം

കൃഷി, വ്യവസായം, സേവനം തുടങ്ങിയ സമ്പദ് വ്യവസ്ഥയുടെ ഉല്പാദന മേഖലകളിൽ വിന്യസിച്ചിട്ടുള്ള വിഭവങ്ങളുടെ ശേഷിയെ ത്വരിതപ്പെടുത്തുന്നതിൽ നിർണായക സ്വാധീനമുള്ള സാമ്പത്തിക അടിസ്ഥാന സൗകര്യമാണ് ഗതാഗതം. പൂർണ്ണമായും വികാസം പ്രാപിച്ചതും പരസ്പര ബന്ധിതവുമായ ഗതാഗത-സേവന സൗകര്യങ്ങൾ സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തിയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ, സൗകര്യങ്ങൾ, ചെലവ് പരിഗണനകൾ തുടങ്ങിയവയോട് ചേർന്ന് നിൽക്കുന്ന ഗതാഗത സംവിധാനങ്ങൾ ചരക്കുകൾ, ജന സഞ്ചാരം, എന്നിവ ഒരുപോലെ സുഗമമാക്കുന്നവയാകണം. ഗതാഗത അടിസ്ഥാന സൗകര്യവികസനം പരസ്പര ബന്ധിതമല്ലാത്ത പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുയും വ്യാവസായിക, കാർഷിക, സാമ്പത്തിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദൂര പ്രദേശങ്ങളെ കോർത്തിണക്കുകയും ചെയ്യുന്നു. ആധുനിക വ്യാവസായിക നാഗരികതയുടെ അടിസ്ഥാന സവിശേഷത അതിന്റെ ചലനവേഗതയാണ്. തൊഴിലിടങ്ങളിലേക്കുള്ള ദൈനംദിന യാത്ര, ആഗോള വിതരണ ശൃംഖലകൾ, (അതുവഴി മത്സരാധിഷ്ഠിത നേട്ടങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു), ടൂറിസം, അസന്തുലിത പ്രാദേശിക വളർച്ചയുടെ സാമ്പത്തിക പുനഃസന്തുലനം എന്നിവ സുഗമമാക്കുന്നതിന് ഗതാഗത വികസനം ഗണ്യമായ പങ്ക് വഹിക്കുന്നു.

കേരളത്തിന്റെ ഗതാഗത അടിസ്ഥാന സൗകര്യങ്ങളിൽ 2.38 ലക്ഷം കിലോമീറ്റർ റോഡ്, 1,588 കിലോമീറ്റർ റെയിൽവെ, 1,687 കിലോമീറ്റർ ഉൾനാടൻ ജലപാത, 17 നോൺ-മേജർ, ഇന്റർമീഡിയറ്റ് തുറമുഖങ്ങൾ, ഒരു പ്രധാന തുറമുഖം (കൊച്ചി) എന്നിവ ഉൾപ്പെടുന്നു. സംസ്ഥാനത്ത് 585 കിലോമീറ്റർ തീരപ്രദേശവും നാല് വിമാനത്താവളങ്ങളുമുണ്ട്. നദികൾ, തടാകങ്ങൾ, അഴിമുഖങ്ങൾ, കായലുകൾ തുടങ്ങിയ ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന 1,895 കിലോമീറ്റർ ദൈർഘ്യം വരുന്ന ഉൾനാടൻ ജലഗതാഗത സംവിധാനത്തിനത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ഉൾനാടൻ ജലപാത മുഖേനയുള്ള ഗതാഗതം ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമാണ്. വൻകിട ചരക്ക് നീക്കം, ദീർഘദൂര ഗതാഗതം എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമായ രീതിയാണ് തീരദേശ ഷിപ്പിംഗ്.

2017-18 ൽ കേരളത്തിന്റെ മൊത്തം മൂല്യവർദ്ധനവിൽ (ജി.എസ്.വി.എ) ഗതാഗത മേഖലയുടെ വിഹിതം 5.79 ശതമാനമായിരുന്നത് 2020-21ൽ 5.31 ശതമാനമായി കുറഞ്ഞു. 2017-2021 കാലയളവിൽ ഗതാഗത മേഖലയുമായി ബന്ധപ്പെട്ട മൊത്ത പ്രവണത വെളിപ്പെടുത്തുന്നത് കോവിഡ്-19 രോഗ വ്യാപനവും അതിനെ തുടർന്നുള്ള രാജ്യവ്യാപക അടച്ചുപൂട്ടലും ഈ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങളെ മോശമായി ബാധിച്ചു എന്നാണ്. 2020-21 വിഹിതത്തിലെ ഏറ്റക്കുറച്ചിലുകളും ഇടിവും കോവിഡ്-19 ന്റെ വ്യാപനം മൂലമാണെന്ന് പ്രാഥമികമായി വിലയിരുത്താവുന്നതാണ്.

സംസ്ഥാനത്തെ റോഡ് ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ

റോഡുകൾ

കേരളത്തിന്റെ ആകെ റോഡ് ദൈർഘ്യം 2.38 ലക്ഷം കിലോമീറ്ററാണ്. ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന ക്ലാസിഫൈഡ്, നോൺ-ക്ലാസിഫൈഡ് റോഡുകൾ ഇതിൽ ഉൾപ്പെടുന്നു. കേരളത്തിലെ റോഡ് സാന്ദ്രത 2021-ൽ 100 ചതുരശ്ര കിലോമീറ്ററിന് 548 കിലോമീറ്ററാണ്, ഇത് 100 ചതുരശ്ര കിലോമീറ്ററിന് 189 കിലോമീറ്റർ എന്ന ദേശീയ ശരാശരിയേക്കാൾ ഏകദേശം മൂന്നിരട്ടിയാണ്. ഒരു ലക്ഷം ജനസംഖ്യക്ക് റോഡ് ദൈർഘ്യം 993.54 കിലോമീറ്ററും, റോഡ് ശൃംഖലയുടെ 90 ശതമാനം ഒറ്റവരിപ്പാതയുമാണ്. പ്രാഥമിക ശൃംഖലയായി കണക്കാക്കപ്പെടുന്ന നാഷണൽ ഹൈവേകൾ (1,781.5 കി.മീ) മൊത്തം ഗതാഗതത്തിന്റെ 40 ശതമാനവും, ദ്വിതീയ റോഡ് ശൃംഖല ഉൾപ്പെടുന്ന സംസ്ഥാന പാതകളും (4,127.83 കി.മീ.) പ്രധാന ജില്ലാ റോഡുകളും (25,394.32 കി.മീ.) 40 ശതമാനവും വഹിക്കുന്നു. ഇപ്രകാരം ഏകദേശം 12 ശതമാനം മാത്രം വരുന്ന റോഡ് ശൃംഖലയാണ് സംസ്ഥാനത്തിന്റെ ആകെ ഗതാഗതത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യുന്നത്.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ), പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യു.ഡി), തദ്ദേശ സ്വയംഭരണ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്.ഇ.ഡി), ജലസേചനം ഉൾപ്പെടെ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുടെ ഉടമസ്ഥതയിലുള്ളതാണ് സംസ്ഥാനത്തെ റോഡ് ശൃംഖല. വനം വകുപ്പ്, ഇന്ത്യൻ റെയിൽവെ, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (ആർ.ബി.ഡി.സി.കെ), കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി), കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള (റിക്ക്) ലിമിറ്റഡ് തുടങ്ങിയവയാണ് റോഡ് മേഖലയിലെ മറ്റ് പ്രധാന ഏജൻസികൾ.

ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ ബോർഡ്(ഡിആർഐസിസിബി), കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) എന്നിവയാണ് നിലവിൽ ഈ മേഖലയിൽ ഗവേഷണം, വികസനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ.

സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം, 2020-ൽ 27,877 റോഡപകടങ്ങളിൽ 2,979 മരണങ്ങളും 30,510 പേർക്ക് പരിക്കുകളും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2021 ഓഗസ്റ്റ് വരെ 20,818 അപകടങ്ങളാണ് റിപ്പോർട്ട് ചെയ്തത്. അശ്രദ്ധമായ ഡ്രൈവിംഗ്, റോഡ്, വാഹനം എന്നിവയുടെ മോശം അവസ്ഥ, പരിസ്ഥിതി എന്നിവയാണ് റോഡ് അപകടങ്ങളുടെ പ്രധാന കാരണങ്ങൾ. റോഡ് സുരക്ഷ ഒരു സങ്കീർണ്ണ പ്രശ്നമായതിനാൽ, ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉപഭോക്താക്കളിൽ നിന്ന് സ്ഥിരവും വിപുലവും യോജിച്ചതുമായ ശ്രമങ്ങൾ ആവശ്യമാണ്.

2021 സെപ്തംബർ വരെ, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം 4,742 ആണ്, ഇതിൽ ഗതാഗത, ഗതാഗത-ഇതര വാഹനങ്ങൾ ഉൾപ്പെടുന്നു.

റോഡ് ഗതാഗതം

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും (കെഎസ്ആർടിസി) മോട്ടോർ വാഹന വകുപ്പുമാണ് (എംവിഡി) സംസ്ഥാനത്തെ പൊതുഗതാഗത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കെഎസ്ആർടിസി പൊതുജനങ്ങൾക്ക് ചിലവ് കുറഞ്ഞ യാത്രാ സേവനങ്ങൾ നൽകുന്നു. ഘട്ടം ഘട്ടമായുള്ള ഡിജിറ്റൽ ഭരണസംവിധാനത്തിലൂടെയും ശാസ്ത്രീയ ഫ്ലീറ്റ് മാനേജ്മെന്റിലൂടെയും സേവനങ്ങൾ മെച്ചപ്പെടുത്താനും പാരിസ്ഥിതിക ആഘാതം കുറയ്ക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷയും സുതാര്യതയും വിഭാവനം ചെയ്യുന്നു, കൂടാതെ മോട്ടോർ വാഹന നിയമം ഫലപ്രദമായി നടപ്പിലാക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകുകയും റോഡ് സുരക്ഷാ നടപടികൾക്കും വാഹന മലിനീകരണ നിയന്ത്രണത്തിനും മുൻഗണന നൽകുകയും ചെയ്യുന്നു. സർക്കാരിന് വരുമാനം നേടികൊടുക്കുന്ന പ്രധാന വകുപ്പുകളിലൊന്നാണ് മോട്ടോർ വാഹന വകുപ്പ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പഞ്ചവത്സര പദ്ധതി കേരളത്തിന്റെ തനത് ഭൂമിശാസ്ത്ര പരിതസ്ഥിതിക്ക് അനുയോജ്യവും വിശ്വാസയോഗ്യവും ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്നതും വിപുലവും വൈവിധ്യ പൂർണ്ണവുമായ ഒരു ഗതാഗത ശൃംഖല വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കേരളത്തിലെ റോഡ്, റെയിൽ, വ്യോമ, സമുദ്ര ഗതാഗതം, ഉൾനാടൻ ജലപാത എന്നിവയുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതി പ്രതിജ്ഞാബദ്ധമായിരുന്നു.

ഊന്നൽ നൽകിയ മേഖലകൾ

സുരക്ഷിതവും ചെലവ് കുറഞ്ഞതും കാര്യക്ഷമവും സുഖപ്രദവും വൃത്തിയുള്ളതും സംയോജിതവും പരിസ്ഥിതി സൗഹൃദവും സുസ്ഥിരമായതുമായ ഗതാഗത സംവിധാനം നിലവിലെ സാഹചര്യത്തിനും ഭാവിക്കും വേണ്ടി പ്രദാനം ചെയ്യുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സമീപനം.

1. ഗതാഗതവും അനുബന്ധ അടിസ്ഥാനസൗകര്യങ്ങളുടെയും ആസൂത്രണം, വികസനം, നിയന്ത്രണം.
2. ഗതാഗത ശൃംഖലകളുടെയും യാത്രാ സംവിധാനങ്ങളുടെയും വികസനം.
3. ഗ്രാമീണ ഗതാഗതം മെച്ചപ്പെടുത്തുകയും പ്രവേശന സൗകര്യം ഉറപ്പ് വരുത്തുകയും ചെയ്യുക.
4. ഉയർന്ന നിലവാരമുള്ളതും വിശ്വസനീയവുമായ പൊതുഗതാഗത സേവനങ്ങൾ നൽകുക
5. അപകടങ്ങൾ കുറയ്ക്കുകയും റോഡ് സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യുക.
6. മോട്ടോർ ഇതര ഗതാഗത സംവിധാനങ്ങളുടെ പ്രോത്സാഹനം.
7. സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാവുന്ന ഫലപ്രദവും കാര്യക്ഷമവുമായ ഗതാഗത മേഖല കെട്ടിപ്പടുക്കുക.
8. ഹരിത ഗതാഗത സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക.
9. ഉചിതമായ ഭരണ സംവിധാനങ്ങളും ശേഷി വർദ്ധിപ്പിക്കലും.
10. ദേശീയ,തീരദേശ, മലയോര ഹൈവേകളുടെ വികസനം.
11. വടക്ക്-തെക്ക് ഇടനാഴികളെയും സംസ്ഥാനപാതകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത റോഡ് ശൃംഖലയുടെ വികസനം
12. ഗുണനിലവാര നിയന്ത്രണവും പരിശീലനവും
13. നവീന സാങ്കേതികവിദ്യകൾ

വിഹിതവും ചെലവും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ റോഡ്, പാലങ്ങൾ, റോഡ് ഗതാഗത മേഖലയ്ക്ക് (മറ്റ് ഗതാഗത സേവനങ്ങൾ ഒഴികെ) 6,75,655.00 ലക്ഷം രൂപ അനുവദിക്കുകയും, പ്രസ്തുത കാലയളവിലെ ചെലവ് 16,67,111.72 ലക്ഷം രൂപയുമാണ്, ഇത് ബജറ്റ് വിഹിതത്തേക്കാൾ 2.46. മടങ്ങ് അധികമാണ്. ഗതാഗത മേഖലയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് കൂടുതൽ വിഹിതം റോഡുകൾക്കും പാലങ്ങൾക്കുമാണ് ലഭിച്ചത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗതാഗത മേഖലയ്ക്ക് കീഴിലെ വിവിധ ഉപമേഖലകൾക്ക് നൽകിയ ബജറ്റ് വിഹിതവും ഈ കാലയളവിൽ ഓരോ ഉപമേഖലയും നടത്തിയ ചെലവും പട്ടിക 8.1.1 കാണിച്ചിരിക്കുന്നു.

പട്ടിക 8.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ റോഡുകൾ, പാലങ്ങൾ, റോഡ് ഗതാഗത മേഖലയിലെ ബജറ്റ് വിഹിതവും ചെലവും

(തുക രൂപ ലക്ഷത്തിൽ)

ഉപ മേഖലകൾ	ബജറ്റ് വിഹിതം						ചെലവ്					
	2017-18	2018-19	2019-20	2020-21	2021-22	ആകെ	2017-18	2018-19	2019-20	2020-21	2021-22	ആകെ
റോഡുകളും പാലങ്ങളും	135.1	145.4	136.7	110.2	91.0	618.5	239.3	240.2	248.5	343.8	158.9	1,230.6
റോഡ് ഗതാഗതം	8.3	9.1	10.2	14.8	14.8	57.2	87.1	71.7	99.4	176.2	2.2	436.6
ആകെ	143.4	154.5	147.0	125.0	105.8	675.7	326.4	311.8	347.9	520.0	161.0	1,667.1

അവലംബം: വാർഷിക പദ്ധതി 2022-23 വാല്യം(കണക്കുകൾ) പ്ലാൻസ്പേയ്സ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ

റോഡുകളും പാലങ്ങളും

1. കേരളത്തിലുടനീളം 374 മുൻഗണനാ ബ്ലാക്ക് സ്പോട്ടുകളുടെ പട്ടിക നാറ്റ്പാക് തയ്യാറാക്കി. ഇതിൽ 21 ബ്ലാക്ക് സ്പോട്ടുകളുടെ മെച്ചപ്പെടുത്തലിന് 2018-19 പദ്ധതിയിൽ ഭരണാനുമതി നൽകുകയും 11 എണ്ണത്തിന്റെ തിരുത്തൽ നടപടികൾ പൂർത്തിയാക്കുകയും മറ്റുള്ളവയുടെ ജോലികൾ പുരോഗമിക്കുകയും ചെയ്യുന്നു.

2. 6,080 കിലോമീറ്റർ റോഡുകൾ ബിറ്റുമിനസ് മക്കാഡവും ബിറ്റുമിനസ് കോൺക്രീറ്റും (ബിഎം/ബിസി) ഉപയോഗിച്ച് നവീകരിച്ചു, 6,035 കിലോമീറ്റർ റോഡുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ചിപ്പിംഗ് കാർപെറ്റ് ഉപയോഗിച്ച് നവീകരിച്ചു.
3. കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള മലയോര മേഖലകളെ ബന്ധിപ്പിക്കുന്ന 1,251.04 കിലോമീറ്റർ ദൈർഘ്യമുള്ള മലയോര ഹൈവേയുടെ നിർമ്മാണം പുരോഗമിക്കുന്നു. ആകെ 25 റീച്ചുകളിൽ, 18 എണ്ണത്തിന്റെ നിർമ്മാണത്തിന് 1,506.24 കോടി രൂപ സാമ്പത്തിക അനുമതി കിഫ്ബി നൽകി. ഏഴ് റീച്ചുകളിലെ പ്രവൃത്തി പുരോഗമിക്കുന്നു.
4. തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കിലോമീറ്റർ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുന്നു, 52 ശതമാനം പ്രവൃത്തികൾ പൂർത്തിയായി.
5. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, 512 കിലോമീറ്ററിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ചും 2,672 കിലോമീറ്റർ പ്രകൃതിദത്ത റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (എൻ.ആർ.എം.ബി) ഉപയോഗിച്ചും, റോഡ് പ്രവൃത്തികൾ നടത്തി. മണ്ണിന്റെ ദൃഢതയ്ക്ക് 50.4 കിലോമീറ്റർ റോഡുകളിൽ ജിയോ ടെക്സ്റ്റയിൽസ് ഉപയോഗിച്ചു.
6. പത്തനംതിട്ട ജില്ലയിലെ ആനയടി-പഴകുളം-കൂടൽ റോഡിൽ 5.9 കിലോമീറ്റർ നീളത്തിൽ സിമന്റും കെമിക്കൽ സ്റ്റെബിലൈസർ മണ്ണും ഉപയോഗിച്ച് ഫുൾ ഡെപ്ത് റിക്ലമേഷൻ മുഖേന റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ പദ്ധതി പൂർത്തീകരിച്ചു.
7. ആലപ്പുഴ ജില്ലയിൽ നഗര റോഡ് മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി റോഡ് വൈറ്റ് ടോപ്പിംഗ് നടത്തി.
8. കേരള റോഡ് ഫണ്ട് ബോർഡിന് (കെ.ആർ.എഫ്.ബി) കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികൾക്കായി ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം ആരംഭിച്ചു.
9. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ(കെഎച്ച്ആർഐ) ഡിസൈൻ/നിർമ്മാണ രീതികളിലെ പുതിയ മാർഗ്ഗങ്ങൾ, റോഡ് അസറ്റ് മാനേജ്മെന്റ്, റോഡ് സുരക്ഷ, ഗുണ നിലവാരം ഉറപ്പാക്കൽ, കരാർ മാനേജ്മെന്റ്, എന്നീ മേഖലകളെ അടിസ്ഥാനമാക്കി 2020 ജൂണിൽ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുകയും കൂടാതെ തദ്ദേശീയ ഗവേഷണം വികസനം തുടങ്ങിയ വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തുകയും ചെയ്തു.
10. 1,200 കോടി രൂപ ലോകബാങ്ക് സഹായവും 1,800.00 കോടി രൂപ കെഎഫ്ഡബ്ല്യു വായ്പയും (ജർമ്മൻ ബാങ്ക് സഹായം) ഉപയോഗിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ) പ്രകാരം 3,346.09 കോടി രൂപയുടെ റോഡ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഭരണാനുമതി നൽകി.
11. പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം) 2,716 പാലങ്ങൾ സംരക്ഷിക്കുന്നു. നിലവിൽ 312 പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിൽ ബജറ്റ് വിഹിതത്തിൽ 139 പ്രവൃത്തികൾ, 127 കിഫ്ബി പദ്ധതികൾ, 15 നബാർഡ് പദ്ധതികൾ, കാസറഗോഡ് വികസന പാക്കേജിൽ എട്ട് പദ്ധതികൾ, 19 പുനർനിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നു.
12. 13 കിലോമീറ്റർ ദൈർഘ്യമുള്ള കൊല്ലം ബൈപാസ് 2019-ലും 6.80 കിലോമീറ്റർ ദൈർഘ്യമുള്ള ആലപ്പുഴ ബൈപ്പാസ് 2021-ലും പൂർത്തിയാക്കി.
13. കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 1.5 കിലോമീറ്റർ പാതയുടെ ഒന്നാം ഘട്ടം പൂർത്തിയായി.
14. സെൻട്രൽ റോഡ് ഫണ്ട് പ്രകാരം 413.80 കിലോമീറ്റർ റോഡ് പ്രവൃത്തി പൂർത്തിയാക്കി.
15. സി.ആർ.എഫ്-ന് കീഴിൽ, രണ്ട് പാലങ്ങളുടെ പണി ഏറ്റെടുക്കുകയും 2.5 കിലോമീറ്റർ നീളമുള്ള അപ്രോച്ച് റോഡ് നിർമ്മിക്കുകയും ചെയ്തു.
16. മലപ്പുറത്ത് 660 മീറ്റർ നീളത്തിൽ ബൈ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കി.

റോഡ് ഗതാഗതം

1. ഇരുചക്രവാഹനങ്ങൾ ഉൾപ്പെടുന്ന റോഡ് അപകടങ്ങൾ 2018-ൽ 34,473 (പ്രതിദിനം 94) ആയിരുന്നത് 2019-ൽ 16,970 ആയി (ഒരു ദിവസം 46) കുറഞ്ഞു.
2. വാഹന രജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് മോട്ടോർ വാഹന വകുപ്പ് 'വാഹൻ', 'സാരഥി' എന്നീ ഓൺലൈൻ പോർട്ടലുകൾ ആരംഭിച്ചു.

3. കോഴിക്കോട്ട് കമ്പ്യൂട്ടർ അധിഷ്ഠിത ഹെവി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ, ഉഴവൂരിലും മൂവാറ്റുപുഴയിലും കമ്പ്യൂട്ടർ അധിഷ്ഠിത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ, കോഴിക്കോട്ട് ഓട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂം എന്നിവ കമ്മീഷൻ ചെയ്തു.
4. 13 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചു.
5. കോവിഡ്-19 മഹാമാരി ഘട്ടത്തിൽ ദീർഘദൂര യാത്രകൾ സുഗമമാക്കുന്നതിന് 2020 ജൂൺ 26-ന് കെ.എസ്.ആർ.ടി.സി 'റിലേ' പോയിന്റ്-ടു-പോയിന്റ് സേവനങ്ങൾ ആരംഭിക്കുകയും 2020 ജൂലൈ 2-ന് ബസ്-ഓൺ-ഡിമാൻഡ് (ബോണ്ട്) സർവീസ് ആരംഭിക്കുകയും മൊബൈൽ ടിക്കറ്റ് ബുക്കിംഗ് ആപ്പ് ആയ 'എന്റെ കെഎസ്ആർടിസി' വികസിപ്പിക്കുകയും ചെയ്തു.
6. 2020-21ൽ 600 ഇ-വാഹനങ്ങൾ ഗതാഗത, ഗതാഗത-ഇതര വിഭാഗങ്ങളിലായി രജിസ്റ്റർ ചെയ്തു.
7. മോട്ടോർ വാഹന നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെയും റോഡ് അച്ചടക്കം ഉറപ്പാക്കുന്നതിന്റെയും ഭാഗമായി, 'സേഫ് കേരള പ്രോജക്റ്റിന്' എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിൽ (ഇഇഎസ്എൽ) നിന്ന് ഊർജ്ജക്ഷമതയുള്ള 65 ഇ-വാഹനങ്ങൾ മോട്ടോർ വാഹന വകുപ്പ് ഡ്രൈ-ലീസിന് എറ്റെടുത്തു.

നിർണ്ണായക വിടവുകൾ

റോഡുകളും പാലങ്ങളും

1. പുതിയ ഗതാഗത നയം അന്തിമമാക്കൽ.
2. യാത്രാ സമയം വാഹനാപകടങ്ങളുടെ എണ്ണം എന്നിവയുടെ വർദ്ധനവ്.
3. റോഡുകളുടെ വികസനത്തിനും വീതി കൂട്ടുന്നതിനും ആവശ്യമായ സ്ഥലം ഏറ്റെടുക്കലിലെ തടസ്സങ്ങൾ.
4. ദൈർഘ്യമേറിയ മൺസൂണും കനത്ത കാലവർഷവും കാരണം ആവർത്തിച്ചുള്ള കേടുപാടുകൾ നേരിടുന്നതിനുള്ള റോഡുകളുടെ ഘടനാപരമായ പോരായ്മ.
5. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ശാസ്ത്രീയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
6. വിവിധ ഏജൻസികൾ ഇടയ്ക്കിടെ റോഡ് വെട്ടിപൊളിക്കുന്നത് മൂലം റോഡിനുണ്ടാകുന്ന നാശ നഷ്ടങ്ങൾ
7. റോഡ് അതിർ വരമ്പുകളിലേക്കുള്ള കൈയേറ്റം.
8. മോശം നടപ്പാത സാഹചര്യങ്ങൾ/റോഡുകളുടെ ഘടനാപരമായ പോരായ്മകൾ.
9. മലയോര, തീരദേശ ഹൈവേ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

റോഡ് ഗതാഗതം

1. പൊതുഗതാഗത വ്യവസായത്തെ ബാധിക്കുന്ന യാത്രാചെലവ് വർദ്ധനയും ഇന്ധനവിലയിലെ കുതിച്ചുചാട്ടവും.
2. ഗതാഗതക്കുരുക്ക്.
3. മോട്ടോർ ഇതര ഗതാഗത സൗകര്യങ്ങളുടെ കുറവ്.
4. സ്വകാര്യ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.
5. പാർക്കിംഗ് നിയന്ത്രണങ്ങൾ.
6. റോഡ് സ്ഥല കൈയേറ്റങ്ങൾ.
7. പ്രാരംഭ/അന്തിമ ലക്ഷ്യസ്ഥാനങ്ങളിലേക്ക് മതിയായ കണക്റ്റിവിറ്റി അഭാവം.
8. വാഹന പൊളിക്കൽ നയവുമായി ബന്ധപ്പെട്ടിരിക്കുന്ന ഗതാഗത മാലിന്യ സംസ്കരണ പരിഹാരങ്ങൾ.
9. കോവിഡ്-19 മഹാമാരി മൂലം കെഎസ്ആർടിസിക്ക് ഉണ്ടായ മോശം സാമ്പത്തിക സ്ഥിതി.
10. ആധുനിക ചെക്ക്പോസ്റ്റുകളുടെ അഭാവം
11. ചരക്ക് വാഹനങ്ങളുടെ അമിതഭാരം.

പതിനാലാം പഞ്ചവത്സര പദ്ധതി
സമീപനം

കൃഷി, വ്യവസായം, സേവനം തുടങ്ങിയ സമ്പദ് വ്യവസ്ഥയുടെ ഉത്പാദന മേഖലകളിൽ വിന്യസിച്ചിട്ടുള്ള വിഭവങ്ങളുടെ ശേഷി ത്വരിതപ്പെടുത്തുന്നതിൽ നിർണായക സ്വാധീനമുള്ള സാമ്പത്തിക അടിസ്ഥാന സൗകര്യമാണ് ഗതാഗതം. കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടുന്നതിന്റെയും ലോകത്ത് "നെറ്റ്-സീറോ എമിഷൻ" കൈവരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഗതാഗത ആസൂത്രണത്തെക്കുറിച്ച് ദീർഘകാല വീക്ഷണം രൂപീകരിക്കണം.

പതിനാലാം പഞ്ചവത്സര പദ്ധതി യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനും സഹായകമാവുന്ന നിലയിൽ പൊതുഗതാഗതത്തിന്റെ പങ്ക് വർദ്ധിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ ബഹുമുഖ ഗതാഗത സംവിധാനം വികസിപ്പിക്കുന്നതിന് പിന്തുണ നൽകും. ഈ പ്രക്രിയ സുഗമമാക്കുന്നതിന്, കൂടുതൽ ഊർജക്ഷമതയുള്ള റെയിൽ സംവിധാനങ്ങളും (നഗര, ദീർഘദൂര) ഉൾനാടൻ ജലപാതകൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടത് നിർണായകമാണ്.

സംസ്ഥാന ഗതാഗത നയം കാര്യക്ഷമവും ചെലവ് കുറഞ്ഞതും മൾട്ടി-മോഡും തുല്യതയുള്ളതുമായ സംവിധാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ സഞ്ചാരത്തിനും വ്യാപാര-വ്യവസായങ്ങൾ നിലനിർത്തുന്നതിനുമുള്ള ലോജിസ്റ്റിക് സംവിധാനങ്ങളുടെ വികസനത്തിനുമുള്ള ഒരു റോഡ് മാപ്പ് നൽകും.ആശങ്കകൾ ദൂരീകരിച്ച് ദീർഘകാല ഗതാഗത ആവശ്യകതളെ മുൻനിർത്തിയുള്ള മൂലധന നിക്ഷേപത്തിന് മുൻഗണന നൽകാൻ നയം സഹായിക്കും.

സംസ്ഥാന കാലാവസ്ഥാ വ്യതിയാന പദ്ധതി കാലാവസ്ഥാ ലഘൂകരണത്തിനും പൊരുത്തപ്പെടുത്തലിനും ഒരു വീക്ഷണം നൽകും. എൽഎൻജി/സിഎൻജി, ഇലക്ട്രിക് ബസുകൾ എന്നിവ ഉപയോഗിച്ച് ഫ്ലീറ്റ് നവീകരിക്കുന്നതിനും കെഎസ്ആർടിസിയുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾക്ക് പിന്തുണ നൽകും. ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മികച്ച യാത്രാ സേവന പിന്തുണ നൽകും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

സുരക്ഷിതവും ഹരിതവും സംയോജിതവും കാര്യക്ഷമവും സുസ്ഥിരവുമായ ഗതാഗത സംവിധാനം പ്രധാനം ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. ഇത് നേടുന്നതിന്, ഇനിപ്പറയുന്ന മേഖലകളിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.

1. ഒരു സംയോജിത ഗതാഗത അടിസ്ഥാന സൗകര്യ വികസനവും നിയന്ത്രണവും.
2. ഗതാഗത ശൃംഖലകളുടെ ചലനാത്മകത വർദ്ധനവ്.
3. ഗ്രാമീണ മേഖലയിൽ മെച്ചപ്പെട്ട കണക്ടിവിറ്റിയോടെ ഉയർന്ന നിലവാരമുള്ളതും വിശ്വസനീയവുമായ പൊതുഗതാഗതം.
4. ഗതാഗത സേവനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും
5. യാത്രാ സമയവും അപകടങ്ങളുടെ എണ്ണവും കുറയ്ക്കുകയും റോഡ് സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യുക.
6. ഹരിത സഞ്ചാര സംരംഭങ്ങൾ
7. ഗതാഗത സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തലും ശേഷി വർദ്ധിപ്പിക്കലും.
8. വിവിധ സമ്പ്രദായങ്ങൾ, മേഖലകൾ, ഓപ്പറേറ്റർമാർ, തുടങ്ങിയ ഗതാഗത സംവിധാനത്തിന്റെ എല്ലാ ഘടകങ്ങളെയും ഒരുമിച്ച് കൊണ്ടുവരുന്ന ഒരു സംയോജിത ഗതാഗത നയം.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും)

1. എല്ലാ സംസ്ഥാന പാതകളും അഞ്ച് ഘട്ടങ്ങളിലായി 700 കിലോമീറ്റർ വീതം ദൈർഘ്യത്തിൽ നാലുവരി പാത നിലവാരത്തിലേക്ക് മെച്ചപ്പെടുത്തും.
2. എല്ലാ പ്രധാന ജില്ലാ റോഡുകളും (എംഡിആർ) ഘട്ടം ഘട്ടമായി രണ്ടുവരി നിലവാരത്തിലേക്ക് മെച്ചപ്പെടുത്തും.
3. ജംഗ്ഷൻ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങൾ.
4. നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളുടെ തിരുത്തൽ നടപടികൾ.
5. റോഡുകൾ ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നയ മാർഗ്ഗനിർദ്ദേശങ്ങൾ അന്തിമമാക്കുമ്പോൾ മറ്റ് ജില്ലാ റോഡുകളെ (ഒഡിആർ) എം.ഡി.ആർ ആയി നവീകരിക്കൽ.
6. നബാർഡ് പദ്ധതിക്ക് കീഴിൽ ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തൽ: അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 60 റോഡുകൾ.
7. സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ കണക്കിലെടുത്തുകൊണ്ടുള്ള സമഗ്ര പദ്ധതി.
8. ക്രാഷ് ബാരിയറുകൾ, ഡിലൈനേറ്ററുകൾ, മുന്നറിയിപ്പ് അടയാളങ്ങൾ എന്നിവ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ സാമഗ്രഹികൾ.
9. ബസ്/മെട്രോ ടെർമിനലുകളിലേക്കും ടൂറിസ്റ്റ് സ്ഥലങ്ങളിലേക്കും മതിയായ യാത്രാ സൗകര്യങ്ങൾ ഒരുക്കുക.
10. സൈക്കിൾ ട്രാക്കുകളിലും ഫുട്പാത്തുകളിലും വികലാംഗ സൗഹൃദ-സ്പർശന പാച്ചുകൾ സ്ഥാപിക്കൽ.
11. സാങ്കേതിക നവീനത, പുരോഗതി എന്നിവയെ പിന്തുണയ്ക്കുന്ന പുതിയ നിർമ്മാണ സാങ്കേതികവിദ്യകൾ സ്വീകരിക്കൽ (എക്സ്ട്രാഡോസ്ഡ് പാലങ്ങൾ, ബൗസ്ട്രിംഗ് പാലങ്ങൾ, സ്റ്റീൽ പാലങ്ങൾ)
12. കേന്ദ്ര റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ആർ.ഐ.എഫ്) പദ്ധതിക്ക് കീഴിൽ റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ (മോർത്ത്) പുതിയ നിർദ്ദേശങ്ങൾ അംഗീകരിക്കേണ്ടത് സംബന്ധിച്ച്
13. പുതുതായി നിർമ്മിച്ച ബൈപാസുകൾ, മേൽപ്പാലങ്ങൾ, പാലങ്ങൾ എന്നിവയുടെ നിരീക്ഷണ ആസൂത്രണ പ്രവർത്തനങ്ങൾ നടത്തുക.

റോഡ് ഗതാഗതം

മെച്ചപ്പെട്ടതും കാര്യക്ഷമവും വേഗതയേറിയതും സുരക്ഷിതവുമായ ഒരു ജനാധിഷ്ഠിത പൊതുഗതാഗത സൗകര്യം സൃഷ്ടിക്കുക എന്നതാണ് റോഡ് ഗതാഗത മേഖലയിലെ പ്രധാന ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പാരീസ് ഉടമ്പടിക്ക് കീഴിൽ ഇന്ത്യയുടെ പ്രതിബദ്ധതയ്ക്ക് അനുസൃതമായി പൊതുഗതാഗത വിഹിതം, മെച്ചപ്പെട്ട സേവന നിലവാരം, ഫോസിൽ ഇന്ധന ആശ്രയത്വം കുറയ്ക്കൽ തുടങ്ങിയ ദീർഘകാല ലക്ഷ്യങ്ങളാൽ റോഡ് ഗതാഗത വ്യവസായത്തിന്റെ വികസനം നയിക്കപ്പെടണം.

സംസ്ഥാനത്ത് റോഡ് യാത്രാ ഗതാഗത പ്രവർത്തനങ്ങൾ നടത്തുന്ന ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെഎസ്ആർടിസി, താങ്ങാനാവുന്ന യാത്ര ചെലവിലും, വിശ്വാസ്യതയിലും,കാര്യക്ഷമതയിലും ശ്രദ്ധ കേന്ദ്രീകരിച്ച് ജനസൗഹൃദ പൊതുഗതാഗത സംവിധാനമാക്കി സൃഷ്ടിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ്. ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള സാധ്യതകൾ കെഎസ്ആർടിസി അന്വേഷിക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതുഗതാഗത സംവിധാനം നവീകരിക്കാനുള്ള കോർപ്പറേഷന്റെ ശ്രമങ്ങൾക്ക് സംസ്ഥാനം പിന്തുണ നൽകും.

1. സിവിൽ, അനുബന്ധ ജോലികൾ നടത്തി വർക്ക് ഷോപ്പുകളിലെ അടിസ്ഥാന സൗകര്യ വികസനം, ഗാരേജ് ഉപകരണങ്ങൾ വാങ്ങി വർക്ക് ഷോപ്പുകളുടെ നവീകരണം. ഡിപ്പോകളുടെയും പാസഞ്ചർ ടെർമിനലുകളുടെയും ഘട്ടംഘട്ടമായുള്ള നവീകരണം.
2. എല്ലാ ഗതാഗത സേവനങ്ങളും ഡിജിറ്റൽ വൽക്കരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സിയിൽ സമ്പൂർണ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസും നിർദ്ദേശിച്ചിരിക്കുന്നു.

3. പരിശീലനത്തിലൂടെയും കാര്യക്ഷമത വർദ്ധിപ്പിക്കൽ പരിപാടികളിലൂടെയും ജീവനക്കാരുടെ ശേഷി മെച്ചപ്പെടുത്തുക.
4. മികച്ച ഇന്ധനക്ഷമതയും കുറഞ്ഞ മലിനീകരണ നിരക്കുമുള്ള പൂർണ്ണമായും ബി.എസ്-VIൽ നിർമ്മിച്ച ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, ഡീസൽ എഞ്ചിൻ ബസുകൾ വാങ്ങി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സൂപ്പർ ക്ലാസ് ബസുകൾ മാറ്റിസ്ഥാപിക്കും.
5. കെഎസ്ആർടിസി ആസ്തികളുടെ വാണിജ്യ വികസനത്തിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ്.

റോഡ്-ഉപയോക്തൃ സംസ്കാരം മെച്ചപ്പെടുത്തി, നവീന സാങ്കേതിക വിദ്യകളിലൂടെ കാര്യ നിർവ്വഹണം മെച്ചപ്പെടുത്തി റോഡ് അപകടങ്ങൾ, മരണങ്ങൾ എന്നിവ കുറയ്ക്കാൻ മോട്ടോർ വാഹന വകുപ്പ് ലക്ഷ്യമിടുകയും, ഇതിനായി 2025-ഓടെ 'അപകട രഹിത' റോഡുകൾ വിഭാവനം ചെയ്യുകയും ചെയ്യുന്നു. നിലവിലുള്ള ഗതാഗത സംവിധാനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി തടസ്സമില്ലാത്തതും സംയോജിതവുമായ മൊബിലിറ്റി മെട്രിക്സ് വികസിപ്പിക്കാൻ മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്നു. കേരളത്തിൽ ഹൈഡ്രജൻ ഇക്കോസിസ്റ്റം പൈലറ്റ് ചെയ്യുക, ഇലക്ട്രിക് മൊബിലിറ്റി പ്രോത്സാഹിപ്പിക്കുക തുടങ്ങിയ സ്ഥായിയായതും ഹരിതവുമായ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു.

1. റോഡ് ഗതാഗത സുരക്ഷാ നടപടികളിലെ മെച്ചപ്പെട്ട കാര്യനിർവ്വഹണ പ്രവർത്തനങ്ങളിലൂടെ സുഗമവും തടസ്സരഹിതവുമായ ഗതാഗതത്തിന് നൂതന സാങ്കേതിക പരിഹാരങ്ങൾ ഉൾപ്പെടുന്നു. സ്മാർട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ഡിജിറ്റൽ എൻഫോഴ്സ്മെന്റ്, മോട്ടോർ വാഹന വകുപ്പ്, കെഎസ്ആർടിസി വാഹനങ്ങളിലെ ഡാഷ് ബോർഡ് ക്യാമറകൾ, ജിപിഎസ് ട്രാക്കിംഗ് ഉപകരണങ്ങൾ, പാസഞ്ചർ ട്രാൻസ്പോർട്ട് വാഹനങ്ങളിലെ പാനിക് ബട്ടണുകൾ എന്നിവ ഉൾപ്പെടുന്നു.
2. ഇ-ഗവേണൻസ് പദ്ധതികൾ - ഉൾപ്പെടെ വിവിധ സേവനങ്ങളുടെ/സംവിധാനങ്ങളുടെ സേവനങ്ങളും സംയോജനവും നൽകുന്നതിനും സുഗമമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.ടി) ഉപയോഗത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
3. സാങ്കേതികവിദ്യയുടെ നൂതന ഉപയോഗത്തിലൂടെ ഡ്രൈവർ ടെസ്റ്റിംഗ് പരിശോധനയിൽ സുതാര്യത ഉറപ്പാക്കാൻ വെഹിക്കിൾ-കം-ഡ്രൈവർ ടെസ്റ്റിംഗ് സ്റ്റേഷനുകളും കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുക.
4. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ (എ.എൻ.പി.ആർ) ക്യാമറകൾ, ഫാസ്ടാഗ്, റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ (ആർ.എഫ്.ഐ.ഡി), വാഹനങ്ങളുടെ അമിതഭാരം നിരീക്ഷിക്കാൻ ജി.എസ്.റ്റി ചെക്ക്പോസ്റ്റുകളിൽ വെയ്-ഇൻ-മോഷൻ ബ്രിഡ്ജുകൾ എന്നിവ ഉപയോഗിച്ച് കോൺടാക്റ്റ്ലെസ് മോഡിൽ വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണം.
5. മോർത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് മാതൃകാ പരിശോധന, സർട്ടിഫിക്കേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
6. പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ സ്ഥാപിക്കൽ.
7. ഇ - മൊബിലിറ്റി പ്രമോഷൻ ഫണ്ട്.
8. എൽഇഡി ഡിസ്പ്ലേ ബോർഡുകൾ മുഖേന സ്റ്റേജ് ക്യാരിയേജുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതുൾപ്പടെയുള്ള ഇന്റലിജന്റ് ഇന്റഗ്രേറ്റഡ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെ (ഐഐപിടിഎസ്) വികസനം. യാത്രക്കാരുടെ സൗകര്യാർത്ഥം ട്രാൻസ്പോർട്ട് വെഹിക്കിൾ ട്രാക്കിംഗ് ആപ്പ് വികസനം.

നവ സംരംഭങ്ങൾ

പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന സ്ത്രീകൾ പെൺകുട്ടികൾ എന്നിവരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് ഭാരത സർക്കാർ നിർദ്ദേശിച്ച 'എ.ഐ.എസ് 140' മാനദണ്ഡം അനുസരിച്ചുള്ള സുരക്ഷാ നിർവ്വഹണ നടപടികൾക്ക് സഹായിക്കുന്ന ഒരു വാഹന ട്രാക്കിംഗ് സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കാൻ മോട്ടോർ വാഹന വകുപ്പ് ശ്രമിച്ചു. ഇത് ആവശ്യാനുസരണം മാറ്റം വരുത്താവുന്നതും കൈകാര്യം ചെയ്യുവുന്നതുമായ രീതിയിൽ വികസിപ്പിച്ചിരിക്കുന്നു. വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് (വി.എൽ.ടി) ഉപകരണങ്ങളുള്ള വാഹനങ്ങളെ തത്സമയം നിരീക്ഷിക്കുന്നതിനും, യാത്രക്കാർക്ക് അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനുള്ള എമർജൻസി ബട്ടണുകളും വാഹനങ്ങളിൽ ഘടിപ്പിച്ചു.

8.2 ഉൾനാടൻ ജലഗതാഗതം

ആമുഖം

ഉൾനാടൻ ജലഗതാഗതം (ഐഡബ്ല്യുടി) ഒരു ബദൽ ഗതാഗത മാർഗ്ഗമാണ് നദികൾ, കനാലുകൾ, കായലുകൾ, തോടുകൾ എന്നിങ്ങനെയുള്ള ഉൾനാടൻ ജലപാതകളുടെ വിപുലമായ ശൃംഖല ഇന്ത്യയിലുണ്ട്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം രാജ്യത്ത് വളരെ കുറവാണ്. ഇന്ത്യയുടെ ഉൾനാടൻ ഗതാഗതം പ്രധാനമായും ആഭ്യന്തര ജലപാതകളുടെ റോഡ്, റെയിൽ ബന്ധം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. അമിതഭാരമുള്ള ചരക്കുകൾ നീക്കം ചെയ്യുന്നതിനുള്ള ശേഷി റെയിൽപ്പാതകൾക്കും റോഡ്‌വേകൾക്കും അനുബന്ധമായി ഇന്ത്യയിലെ ഉൾനാടൻ ജലഗതാഗതത്തന് (ഐ.ഡബ്ല്യൂ.ടി) ഉണ്ട്. സംസ്ഥാനത്തിന്റെ ഗതാഗത നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് റോഡ്/റെയിൽവേ എന്നിവിടങ്ങളിൽ നിന്ന് ജലപാതകളിലേക്കുള്ള ചരക്ക് ഗതാഗതം നിർണ്ണായകമാണ്. ചരക്ക് നീക്കത്തിന് പുറമേ, വാഹനങ്ങളുടെ ക്യാരേജ് (ഓൺ റോൾ-ഓൺ-റോൾ-ഓഫ് (റോ-റോ) മോഡ് ഓഫ് ക്രോസ് ഫെറി), ടൂറിസം തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങളിലും ഉൾനാടൻ ജലഗതാഗത മേഖല മെച്ചപ്പെട്ട സേവനം നൽകി വരുന്നു.

ഷിപ്പിംഗ് നാവിഗേഷൻ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് രാജ്യത്തെ 111 ഉൾനാടൻ ജലപാതകളെ 2016-ലെ ദേശീയ ജലപാത നിയമ പ്രകാരം, 'ദേശീയ ജലപാതകൾ' (എൻഡബ്ലിയു) ആയി പ്രഖ്യാപിക്കുകയുണ്ടായി. ദേശീയ ജലപാത നിയമം, 2016 പ്രകാരം ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ജലപാതകളുടെ വികസനം, പരിപാലനം, നിയന്ത്രണം എന്നിവയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ഷിപ്പിംഗ്, തുറമുഖ, ജലപാത മന്ത്രാലയത്തിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യ (ഐഡബ്ലിയുഎഐ) ആണ് നടപ്പിലാക്കുന്നത്.

വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി), ഫീഡർ കനാലുകൾ എന്നിങ്ങനെയുള്ള പ്രധാന ജലമാർഗ്ഗങ്ങളിലെ ജലപാതകളാണ് സംസ്ഥാന ജലപാതകളിൽ ഉൾപ്പെടുന്നത്. സംസ്ഥാനത്തെ ഉൾനാടൻ ജലപാതകളുടെ ആകെ നീളം 1,700 കിലോമീറ്ററാണ്. വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി) യുടെ ആകെ നീളം 616 കിലോമീറ്ററാണ്. ഡബ്ല്യുസിസിയെയും വാണിജ്യ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ, ടൂറിസം സ്പോട്ടുകൾ തുടങ്ങിയ പ്രധാന സ്ഥലങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന 1,100 കിലോമീറ്റർ ഫീഡർ/ലിങ്ക് കനാലുകൾ ഉണ്ട്. ഡബ്ല്യുസിസിയെ അഞ്ച് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. (1) കോവളം-കൊല്ലം (74.18 കി.മീ), (2) കൊല്ലം-കോട്ടപ്പുറം (കൊടുങ്ങല്ലൂർ) (168 കി.മീ), (3) കോട്ടപ്പുറം-കോഴിക്കോട് (160 കി.മീ), (4) കോഴിക്കോട്- നീലേശ്വരം (187.82 കി.മീ), (5) നീലേശ്വരം-കാസർഗോഡ് (41 കി.മീ). കേരളത്തിലെ മുഴുവൻ നാവിഗേഷൻ കനാൽ സംവിധാനത്തിനും വർഷം മുഴുവനും മതിയായ ജലം ഉറപ്പാക്കാനും സ്മാർട്ട് ജലപാതകളായി വികസിപ്പിക്കാനും കഴിയും. മൊത്തം 616 കിലോമീറ്റർ നീളത്തിൽ, മാഹിക്കും വളപട്ടണത്തിനും ഇടയിൽ 26 കിലോമീറ്റർ നീളമുള്ള മൂന്ന് ഭാഗങ്ങൾ കരഭാഗങ്ങൾ ഭാഗങ്ങളാണ്. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 41 കിലോമീറ്റർ ദൂരം നീട്ടുന്നതും പരിഗണനയിലാണ്.

കേരളത്തിലെ ദേശീയ ജലപാതകൾ

കേന്ദ്രസർക്കാരിന്റെ ജലപാത വികസന പദ്ധതിയുടെ ഭാഗമായി, 1993-ൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉദ്യോഗമണ്ഡലം, ചമ്പക്കര കനാലുകളും ദേശീയ ജലപാത 3 ആയി പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ 2016-ലെ ദേശീയജലപാത നിയമ പ്രകാരം ദേശീയപാത-3 കോഴിക്കോട് വരെ നീട്ടിയിട്ടുണ്ട്.

2016 ലെ ജലപാത നിയമം നിലവിൽ വന്നതിനു ശേഷം 2.20 മീറ്റർ ഡ്രാഫ്റ്റ്, 6.0 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 32 - 40 മീറ്റർ വീതി എന്നിങ്ങനെ ക്ലാസ് 3 സ്പെസിഫിക്കേഷനിൽ മൂന്ന് കനാലുകൾ ദേശീയ ജലപാതകളിലേക്ക് ചേർത്തിട്ടുണ്ട്. കേരളത്തിലെ ദേശീയ ജലപാതകൾ പട്ടിക 8.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 8.2 കേരളത്തിലെ ദേശീയ ജലപാതകൾ

ക്രമ നമ്പർ	റൂട്ട്	നീളം (കിലോമീറ്ററിൽ)	ദേശീയ ജലപാത നം.
1	ഡബ്ല്യുസിസിയുടെ കൊല്ലം - കോട്ടപ്പുറം ഭാഗം	168	ദേശീയ ജലപാത -3
	ഉദ്യോഗമണ്ഡൽ കനാൽ	23	
	ചമ്പക്കര കനാൽ	14	
	ഡബ്ല്യുസിസിയുടെ കോട്ടപ്പുറം-കോഴിക്കോട് ഭാഗം	160	
2	ആലപ്പുഴ -ചങ്ങനാശ്ശേരി	28	ദേശീയ ജലപാത -8
3	ആലപ്പുഴ- കോട്ടയം- അതിരമ്പുഴ	38	ദേശീയ ജലപാത -9
4	കോട്ടയം-വൈക്കം	28	ദേശീയ ജലപാത -59
5	പൂവാർ - എരയുമാന്തുറൈ-എവിഎം കനാൽ (തമിഴ്നാട്ടിലെ പ്രധാന ഭാഗം)		ദേശീയ ജലപാത -13
ആകെ നീളം (എ.വി.എം കനാൽ ഒഴികെ)		**459 കിലോമീറ്റർ**	

അവലംബം: ഇൻലാൻഡ് വാട്ടർ വേസ് അതോറിറ്റി, കൊച്ചി

മേഖലയുടെ കീഴിലുള്ള വകുപ്പുകൾ/ഏജൻസികൾ

സംസ്ഥാന ജലഗതാഗത വകുപ്പ്

ആലപ്പുഴ, കോട്ടയം, കൊല്ലം, എറണാകുളം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ ജലാശയങ്ങൾ ഉള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ഗതാഗത ആവശ്യങ്ങൾ നിറവേറ്റുന്നതിന് സ്ഥാപിച്ച ഒരു അവശ്യ സേവന വകുപ്പാണ് സംസ്ഥാന ജലഗതാഗത വകുപ്പ്. സോളാർ അധിഷ്ഠിത ഫൈബർ ഗ്ലാസ്/സ്റ്റീൽ/മരം യാത്രാ ബോട്ടുകൾ ഉപയോഗിച്ച് വകുപ്പ് പ്രതിവർഷം 160 ലക്ഷത്തോളം ജനങ്ങളുടെ യാത്രാവശ്യങ്ങൾ നിറവേറ്റുന്നു.

പൂർണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ആദ്യത്തെ സ്റ്റേഷൻ ഓഫീസ് വൈക്കത്ത് ആരംഭിക്കാൻ വകുപ്പ് തയ്യാറെടുക്കുകയാണ്. പ്രവർത്തന ചെലവും മലിനീകരണവും കുറയ്ക്കുന്നതിന് പഴയ തടി ബോട്ടുകൾക്ക് പകരം സോളാർ ബോട്ടുകൾ വാങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. രാസവസ്തുക്കളും പെട്രോളിയം ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള അപകടകരങ്ങളായ ചരക്കുകളുടേയും നീക്കത്തിന് ദേശീയ ജലപാതകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന പദ്ധതിക്ക് വകുപ്പ് തുടക്കമിട്ടിട്ടുണ്ട്. കൂടാതെ, വായു നിറച്ച അഞ്ച് ഡിങ്കി ബോട്ടുകൾ വാങ്ങാനും വകുപ്പ് ഉദ്ദേശിക്കുന്നു. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിൽ യാത്രാക്കാർക്കും വിനോദ സഞ്ചാരികൾക്കും ഒരു പോലെ ഉപയോഗിക്കാവുന്ന രീതിയിൽ രൂകല്പന ചെയ്ത പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ യാത്രാവശ്യങ്ങൾക്കായി 30 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന നാല് സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി.എസ്.ഐ.എൻ.ഡി)

കേരളത്തിലെ ജലപാതകളുടെ അടിസ്ഥാന സൗകര്യ വികസനവും ഉൾനാടൻ നാവിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രവർത്തനങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു. വകുപ്പ് സംസ്ഥാന ജലപാതകളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും അവ സഞ്ചാരയോഗ്യമാക്കുകയും ചെയ്യുന്നു. പാർവതി പുത്തനാർ റൂട്ടിൽ കോവളം മുതൽ ആക്കുളം കനാൽ വരെയും ആക്കുളം മുതൽ വെട്ടൂർ വരെയും ബോട്ട് സർവ്വീസ് ആരംഭിച്ചു. കൊല്ലം കനാലിൽ (മൂന്നാം റീച്ച് ഒഴികെ) ഇരവിപുരം-അഷ്ടമുടി കായലിലും വർക്കല തടാകം മുതൽ ഇരവിപുരം കനാൽ വരെയുള്ള 5 റീച്ചുകളുടെ പ്രവൃത്തിയും പൂർത്തീകരിച്ചു. വടകര മുതൽ മാഹി കനാൽ വരെയുള്ള 10 കിലോമീറ്റർ ദൂരം സഞ്ചാരയോഗ്യമാക്കുകയും 6 നടപ്പാതകളിൽ 3 എണ്ണം നിർമ്മിക്കുകയും രണ്ട് പാലം റോഡുകളുടെ (പറമ്പിൽ, കല്ലായി) നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്തു. വളപട്ടണം മുതൽ നീലേശ്വരം വരെയുള്ള ഭാഗവും സഞ്ചാരയോഗ്യമാക്കി. തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ആലപ്പുഴയിൽ ചമ്പക്കുളം ജങ്കാർ ബോട്ട്

ജെട്ടിയും സൾഫ്യൂറിക് ആസിഡ്, ഫർണസ് ഓയിൽ തുടങ്ങിയ അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ചവറ കെഎംഎംഎല്ലിന് സമീപം ബോട്ട് ജെട്ടിയും നിർമ്മിച്ചു.

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)

കേരള ജലപാതകളിലെ ഉൾനാടൻ നാവിഗേഷന്റെ പ്രഥമപ്രവർത്തന ഏജൻസിയാണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്(കെ.എസ്.ഐ.എൻ.സി). ഇത് കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ചെറിയ ജലയാനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി കെ.എസ്.ഐ.എൻ.സിക്ക് രണ്ട് യാർഡുകൾ ഉണ്ട്. ഉപഭോക്തൃ ആവശ്യങ്ങൾക്ക് അനുസൃതമായി ഉന്നത നിലവാരം പുലർത്തി യാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും കെ.എസ്.ഐ.എൻ.സി ഊന്നൽ നൽകുന്നു. കെ.എസ്.ഐ.എൻ.സി-യുടെ സ്വന്തം ക്രൂയിസ് വെസ്സലുകളായ പ്രീമിയർ സാഗരറാണി (1 ഉം 2 ഉം) ആഡംബര കപ്പലായ നെഫെർറ്റിറ്റിയും ഇതിന്റെ എടുത്തു പറയാവുന്ന പ്രത്യേകതകളാണ്.

കെ.എസ്.ഐ.എൻ.സി 2005-ൽ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുകയും വിനോദസഞ്ചാരികളെ 'സാഗരറാണി'യിൽ കടലിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. ഇതിനായി നിലവിൽ രണ്ട് യാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരളത്തിലെ യന്ത്രവൽകൃത ചരക്ക് നീക്കത്തിന്റെ മുൻനിരക്കാരായും പ്രവർത്തിച്ചുവരുന്നു. കെ.എസ്.ഐ.എൻ.സിയ്ക്ക് ഇപ്പോൾ രണ്ട് കാർഗോ ബാർജുകളും നാല് പെട്രോളിയം ബാർജുകളും ഒരു ആസിഡ് ബാർജും രണ്ട് ജങ്കാറുകളും ഉണ്ട്.

സാഗരറാണിയുടെ സമാനമായ രീതിയിൽ ഒരു സൗരോർജ്ജ/വൈദ്യുത കപ്പൽ കോഴിക്കോട് അവതരിപ്പിക്കാനും പദ്ധതിയിട്ടിട്ടുണ്ട്. ഒരു പുതിയ 200 പാക്സ് പകൽയാത്രാ ക്രൂയിസ് കപ്പൽ നെഫെർറ്റിറ്റി ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പതിവ് ഉല്ലാസയാത്രകൾ കൂടാതെ മീറ്റിംഗുകൾ, പാർട്ടികൾ തുടങ്ങിയ വിവിധോദ്ദേശ്യ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ ഒരു ആഡംബര കപ്പലാണിത്. യാത്രാ സൗകര്യങ്ങളിൽ റെസ്റ്റോറന്റ് (60 പാക്സ്), ഓഡിറ്റോറിയം (200 പാക്സ്) ടിവി റൂം (20 പാക്സ്), മിനി കോൺഫറൻസ് റൂം (10 പാക്സ്), ഗെയിംസ് റൂം (പ്ലേ സ്റ്റേഷൻ ഗെയിമിംഗ് കൺസോളുള്ള ടിവി), സുവനീർ ഷോപ്പ്, ബാർ കൗണ്ടർ, കുട്ടികൾക്കുള്ള കളിസ്ഥലം, കടൽ കാണാനുള്ള ഡെക്ക് തുടങ്ങിയ സൗകര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്.

കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ)

ജലപാതകൾ വികസിപ്പിക്കുന്നതിന് 2017-ൽ സംസ്ഥാന സർക്കാരിന്റെയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ) തുല്യ ഓഹരി പങ്കാളിത്തത്തോടെ കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്(കെ.ഡബ്ല്യു.ഐ.എൽ) എന്ന പേരിൽ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം സംസ്ഥാനം രൂപീകരിച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡാണ് (കിഫ്ബി) പ്രധാനമായും ഇതിന് ആവശ്യമായ ഫണ്ട് നൽകുന്നത്. 2017-2021 കാലയളവിൽ, സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിച്ച പ്രകാരം ഡബ്ലിയുസിസിയുടെ വിവിധ ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കൽ, കനാൽ ശുചീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ കിൽ ഏറ്റെടുത്ത് നടപ്പിലാക്കി.

8.2.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി (2022-27)

സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്.ഡബ്ല്യു.റ്റി.ഡി), കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി.എസ്.ഐ.എൻ.ഡി), കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി) എന്നിവയാണ് കേരളത്തിലെ ഐ.ഡബ്ല്യു.റ്റി യുടെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ. സംസ്ഥാന ജലപാതകളുടെ വികസനം സി.എസ്.ഐ.എൻ.ഡിയും കേരള വാട്ടർവേസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും (കെ.ഡബ്ല്യു.ഐ.എൽ) സംയുക്തമായാണ് നടപ്പിലാക്കുന്നത്. ആക്കുളം-കൊല്ലം, കോഴിക്കോട്-മാഹി, വളപട്ടണം-നീലേശ്വരം എന്നിവയുടെ വികസന പ്രവർത്തനങ്ങൾ സി.എസ്.ഐ.എൻ.ഡി ഏറ്റെടുത്തിട്ടുണ്ട്.

8.2.2 മേഖല ഊന്നൽ നൽകുന്നത്

1. പാരിസ്ഥിതിക നേട്ടങ്ങൾ കണക്കിലെടുത്ത് കേരളത്തിലെ യാത്രക്കാർക്കും ചരക്ക് ഗതാഗതത്തിനും ഉൾനാടൻ ജലപാതകൾ ഉപയോഗിക്കുന്നതിനും, റോഡ്, റെയിൽ ഗതാഗത സംവിധാനങ്ങളിലെ സമ്മർദ്ദം കുറയ്ക്കുന്നതിനും, സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും.
2. ചരക്കുകളും, യാത്രാ ഗതാഗതവും ആകർഷിക്കുന്നതിനായി ദേശീയ ജലപാത-3 കൂടുതൽ പ്രവർത്തനക്ഷമമാക്കുക.

പട്ടിക 8.3 പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (വകുപ്പ് തിരിച്ച്) (രൂപ ലക്ഷത്തിൽ)

വകുപ്പുകൾ	പതിമൂന്നാം പഞ്ചവത്സര പദ്ധതി											
	2017-18		2018-19		2019-20		2020-21		2021-22*		പതിമൂന്നാം പഞ്ചവത്സര പദ്ധതി	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
എസ്.ഡബ്ല്യു.റ്റി.ഡി	2200	1540	2420	1203.5	2811	637.9	2610	1384.7	2761	1265.3	12802	6031.4
സി.എസ്.ഐ.എൻ.ഡി	12785	1558.1	8918	1929.3	8762	1754	7482	4341.6	10982	6394.3	48929	15977.4
കെ.എസ്.ഐ.എൻ.സി	1322	165.6	1600	1168.9	1572	689	1018	1059	867	68	6379	3150.5
ആകെ	**16307**	**3263.7**	**12938**	**4301.7**	**13145**	**3081**	**11110**	**6785.3**	**14610**	**7727.6**	**68110**	**25159.3**

അവലംബം: ബജറ്റ്(അക്കൗണ്ട്സ്), പ്ലാൻ സ്പേസ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഉൾനാടൻ ജലഗതാഗത മേഖലയുടെ മൊത്തത്തിലുള്ള വിഹിതം 681.10 കോടി രൂപയും ചെലവ് 251.59 കോടി രൂപയുമാണ് (37 ശതമാനം).

8.2.3 പതിമൂന്നാം പഞ്ചവത്സര പദ്ധതി ഭൗതിക നേട്ടങ്ങൾ (വകുപ്പ് തിരിച്ച്)

സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്.ഡബ്ല്യു.റ്റി.ഡി)

1. വൈക്കത്തിനും എറണാകുളത്തിനും ഇടയിൽ 'വേഗ 120' സഞ്ചരിക്കുന്ന ശീതീകരിച്ച അതിവേഗ ബോട്ട് 2018 നവംബർ 4 നും ആലപ്പുഴ-കുമരകം-കോട്ടയം പ്രദേശങ്ങളെ ബന്ധിപ്പിച്ച് 120 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന ശീതീകരിച്ച അതിവേഗ ബോട്ട് 2020 മാർച്ചിലും പ്രവർത്തനം ആരംഭിച്ചു.
2. സംസ്ഥാനത്തെ ആദ്യത്തെ വാട്ടർ ടാക്സി 2020 ഒക്ടോബറിലും ഇന്ത്യയിലെ ആദ്യത്തെ സോളാർ ക്രൂയിസ് ബോട്ട് 2020 ഡിസംബറിലും പ്രവർത്തനം ആരംഭിച്ചു.
3. 75 യാത്രക്കാരെ വഹിക്കാൻ ശേഷിയുള്ള ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ ബോട്ട് 'ആദിത്യ' 2017 ജനുവരിയിൽ ആരംഭിച്ചു. 2020-ൽ ലോകത്തിലെ ഏറ്റവും മികച്ച ഫെറി ബോട്ടിനുള്ള ഗ്രസ്താവ് അവാർഡ് 'ആദിത്യ' നേടി.
4. കൈനകരി സർക്കുലാർ സർവീസിനായി 5 ഐ.ആർ (ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ്) ക്ലാസ് മോണോ-ഹൾ സ്റ്റീൽ ബോട്ടുകൾ ആധുനിക സുരക്ഷാ സംവിധാനങ്ങളോടെ അവതരിപ്പിച്ചു.
5. യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും കൊല്ലം ജില്ലയിലെ അഷ്ടമുടി തടാകത്തിന്റെ ഭംഗി ആസ്വദിക്കാൻ വേണ്ടി രൂപകൽപ്പന ചെയ്ത ഡബിൾ ഡെക്ക് പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ട് 'സീ അഷ്ടമുടി' പ്രവർത്തം ആരംഭിച്ചു.
6. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കുടുങ്ങുന്നവരെ അഭയ കേന്ദ്രങ്ങളിലേക്ക് മാറ്റാൻ അഞ്ച് പ്രധാന സ്റ്റേഷനുകളിൽ അത്യാധുനിക സൗകര്യങ്ങളോടെ അഞ്ച് റെസ്ക്യൂ ബോട്ടുകൾ ലഭ്യമാക്കി.

തീരദേശ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സി.എസ്.ഐ.എൻ.ഡി)

ഡബ്ല്യുസിസിയുടെ വിവിധ മേഖലകളുടെ വികസനം

1. കോവളം – കൊല്ലം റീച്ച് (0–74.18 കി.മീ)
   i. പാർവ്വതി പുത്തനാർ– കോവളം മുതൽ ആക്കുളം വരെ നീളുന്ന 16 കി.മീറ്റർ ഭാഗം വൃത്തിയാക്കി കനാലിൽ പ്രത്യേക ബോട്ട് സർവ്വീസ് ആരംഭിച്ചു.
   ii. ആക്കുളം തടാകം–വെട്ടൂർ– കനാൽ (29.91കി മീ) നവീകരിച്ച് സഞ്ചാരയോഗ്യമാക്കി.
   iii. വർക്കല തടാകം മുതൽ ഇരവിപുരം വരെ – കനാൽ (10.98 കി.മീ) സഞ്ചാരയോഗ്യമാക്കി
   iv. ഇരവിപുരം മുതൽ അഷ്ടമുടി തടാകം വരെ പൂർത്തിയാക്കി– കൊല്ലം തോടിലെ 5 റീച്ചുകൾ (മൂന്നാം റീച്ച് ഒഴികെ)
2. വടകര–മാഹി റീച്ച് (450.08–467.69 കി.മീ.)
   i. വടക്കര–മാഹി കനാൽ 10 കിലോമീറ്റർ ഭാഗം സഞ്ചാരയോഗ്യമാക്കി
   ii. പാലം റോഡ് (പറമ്പിൽ, കല്ലായി) (രണ്ടെണ്ണം) നിർമ്മാണം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തു.
   iii. വടകര– മാഹി കനാലിൽ 6 നടപ്പാതകളിൽ 3എണ്ണം പൂർത്തീകരിച്ചു.
3. വളപട്ടണം മുതൽ നീലേശ്വരം റീച്ച് (526.20–590.53 കി.മീ.)
   i. വളപട്ടണം മുതൽ നീലേശ്വരം വരെ സഞ്ചാരയോഗ്യമാക്കി
4. കെഎൽ.എം.എം.–ലേക്ക് ഓയിലും ആസിഡും കയറ്റുന്നതിനും വിതരണം ചെയ്യുന്നതിനും ബോട്ട് ജെട്ടിയുടെ നിർമ്മാണം പൂർത്തിയാക്കി.
5. ആലപ്പുഴയിലെ 7 ബോട്ട് ജെട്ടികളുടെ നവീകരണം പൂർത്തിയാക്കി.
6. ചെമ്പക്കുളം ജങ്കാർ ബോട്ട് ജെട്ടിയുടെ നിർമ്മാണം പൂർത്തിയാക്കി.

കേരള വാട്ടർവേ ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ)

1. കിഫ്ബിയുടെ സഹായത്തോടെ പാർവ്വതി പുത്തനാറിലെ (കോവളം–ആക്കുളം സ്ടെച്ച്) വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു
2. പാർവ്വതി പുത്തനാറിന്റെ നവീകരണ പദ്ധതിരേഖ കിഫ്ബി ധനസഹായത്തിനായി തയ്യാറാക്കി സമർപ്പിച്ചു.
3. കോഴിക്കോട് നഗരത്തിലെ കനോലി കനാൽ (11.കി.മീ.) വൃത്തിയാക്കി.
4. കല്ലായി പുഴ ആഴം കൂട്ടി (6കി മീ വടക്ക്) സഞ്ചാരയോഗ്യമാക്കി.

കേരള ഷിപ്പിംഗ് ആൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് ((കെ.എസ്.ഐ.എൻ.സി)

1. ആഡംബര ക്രൂയിസ് കപ്പലായ നെഫെർറ്റിറ്റി 2019–ൽ പ്രവർത്തനം ആരംഭിച്ചു.
2. മർച്ചന്റ് ഷിപ്പിംഗ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത ക്ലാസ് VI വിഭാഗത്തിൽപ്പെടുന്ന പാസഞ്ചർ കപ്പൽ നെഫെർറ്റിക്ക് 200 യാത്രക്കാരെ ഉൾക്കൊള്ളാൻ ശേഷിയുണ്ട്.
3. കൊച്ചിൻ കോർപ്പറേഷനുവേണ്ടി കൊച്ചിയിൽ കെ.എസ്.ഐ.എൻ.സി ഡബിൾ എൻഡ് റോ–റോ വെസ്സലുകളുടെ പ്രവർത്തനം ആരംഭിച്ചു. ഈ യാനങ്ങൾ ഇന്ത്യയിലെ ഇത്തരത്തിലുള്ള നൂതന വെസ്സലുകളിലൊന്നാണ്.
4. 500 എംറ്റി ബൾക്ക് കാർഗോ ബാർജ് 'ഓറിയോൺ' 2018 ജൂലൈയിൽ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ഐ.എൻ.സി യുടെ സ്ലിപ് വേയിലാണ് ബാർജ് നിർമ്മിച്ചത്, കെഎസ്ഐഎൻസി നിർമ്മിച്ച ഏറ്റവും വലിയ വെസ്സലാണിത്.
5. എഫ്.എ.സി.റ്റി ലിമിറ്റഡിലേക്ക് വൻതോതിൽ ചരക്കുകൾ ബാർജുകൾ കെ.എസ്.ഐ.എൻ.സി വഴി നീക്കം ചെയ്തു വരുന്നു.
6. 42 പാക്സ് ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഫ്.ആർ.പി) ടൂറിസ്റ്റ് ബോട്ട് കേരള സർക്കാർ ടൂറിസം വകുപ്പിന് (മുസിരിസ് ഹെറിറ്റേജ് സെന്റർ) കൈമാറി.

8.2.4 നിർണായക വിടവുകൾ

1. ഭൂമി ഏറ്റെടുക്കൽ: ദേശീയജലപാതകളിലെ ചരക്ക് നീക്കത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് കാർഗോ ടെർമിനലുകളുടെ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുക.
2. മതിയായ ആഴത്തിന്റെ അഭാവം: വലിയ കപ്പലുകൾക്ക് നാവിഗബിലിറ്റി ഉറപ്പാക്കുന്നതിനും, യാത്ര, ചരക്ക് കപ്പലുകളുടെയും സുഗമമായ പ്രവർത്തനത്തിന് മതിയായ ആഴം അത്യാവശ്യമാണ്. ഐ.ഡബ്ല്യു.റ്റി റൂട്ടുകളിൽ മതിയായ ആഴമില്ലാത്തത് ഒരു പ്രധാന തടസ്സമായി തുടരുന്നു.
3. അവശിഷ്ട നിക്ഷേപം മൂലമുണ്ടാകുന്ന ഡ്രാഫ്റ്റിന്റെ ആഴക്കുറവ്.
4. ആധുനിക നാവിഗേഷൻ ആവശ്യകതകൾക്ക് അനുസൃതമായി കനാലിന് ആവശ്യമായ വീതിയുടെ അഭാവം.
5. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പായലുകളുടെയും മറ്റ് നീർച്ചെടികളുടെയും വളർച്ച
6. കനാലുകളിലെ നഗര മാലിന്യ നിർമ്മാർജ്ജനം.
7. നാവിഗേഷൻ സംവിധാനങ്ങളുടെ അഭാവം.
8. ആധുനിക ഉൾനാടൻ വെസ്സലുകളുടെ അഭാവം.
9. ആധുനിക ലോക്ക് ഗേറ്റ്/ഓപ്പറേഷൻ സിസ്റ്റം ഇല്ലാതെ വലിപ്പം കുറഞ്ഞ നാവിഗേഷൻ ലോക്കുകൾ.
10. ടെർമിനലുകളിൽ കാർഗോ കൈകാര്യം ചെയ്യാനുള്ള സംവിധാനത്തിന്റെ അഭാവം.
11. കനാൽ തീരങ്ങളിലെ കയ്യേറ്റങ്ങൾ.

8.2.5 പതിനാലാം പഞ്ചവത്സര പദ്ധതി (2022–27)

ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ട്രാൻസ്പോർട്ട് പോളിസിക്ക് അനുസൃതമായി ഐ.ഡബ്ല്യു.റ്റി ഉപമേഖലയുടെ സുസ്ഥിര വികസനം നടപ്പാക്കേണ്ടാതാണ്. ഗതാഗത മേഖലയുടെ വികസനത്തിനുള്ള മാതൃക സംവിധാനം സാമൂഹികവും പാരിസ്ഥിതികവുമായ നേട്ടങ്ങളെ അടിസ്ഥാനമാക്കി ഉള്ളതായിരിക്കണം.

സമീപനം

കേരളത്തിലെ ചരക്ക് ഗതാഗതത്തിന്റെ ഭൂരിഭാഗവും റോഡ് മാർഗ്ഗമാണ്. കേരളത്തിന്റെ നീണ്ട തീരദേശവും ഉൾനാടൻ ജലപാതകളും പരിസ്ഥിതി സൗഹൃദവും ഇന്ധനക്ഷമതയുള്ളതുമായ ചരക്ക് ഗതാഗത സംവിധാനം വികസിപ്പിക്കാനുള്ള സാധ്യതകൾ നൽകുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി, എൻഡ്–ടു–എൻഡ് ചെലവുകൾ, ഗതാഗത മാർഗ്ഗങ്ങൾ തമ്മിലുള്ള കൈമാറ്റത്തിന്റെ കാര്യക്ഷമത എന്നിവയെക്കുറിച്ചുള്ള ഉപയോക്താക്കളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തെ മൾട്ടിമോഡ് ഗതാഗതത്തിനായി പുതിയ ഡിസൈനുകൾ വികസിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളെ പിന്തുണയ്ക്കും.

ലക്ഷ്യങ്ങൾ

നിക്ഷേപം, സംരംഭകത്വം, തൊഴിൽ എന്നിവ വർദ്ധിപ്പിക്കുന്നതിന് സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവും സുസ്ഥിരവുമായ രീതിയിൽ ഗതാഗത അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കി അതുവഴി ജീവിതനിലവാരം ഉയർത്തുക.

1. റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും ഭാവിയിലെ വളർച്ചയ്ക്ക് മതിയായ ശേഷി സൃഷ്ടിക്കുന്നതിനുമുള്ള ഗതാഗതത്തിന്റെ ഒരു ബദൽ മാർഗ്ഗമായി ജലമാർഗ്ഗങ്ങൾ വികസിപ്പിക്കുക.
2. ഇന്റഗ്രേറ്റഡ് വാട്ടർ മെട്രോ സിസ്റ്റം വികസിപ്പിക്കുക.
3. പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ മറ്റൊരു മാർഗ്ഗമായ ഉൾനാടൻ ജലമാർഗങ്ങളിലൂടെ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുക.
4. താരതമ്യേന ഉയർന്ന വേഗതയും ആധുനിക സുരക്ഷാ സംവിധാനങ്ങളുമുള്ള പാസഞ്ചർ വെസ്സലുകൾ ഉപയോഗിച്ച് വാട്ടർ മെട്രോ പദ്ധതി.

5. നിലവിലുള്ള ജലപാതകളുടെ വർഗ്ഗീകരണവും ഫീഡർ കനാലുകളുൾപ്പെടെയുള്ള ജലപാതകൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ വികസിപ്പിക്കലും.
6. ഉൾനാടൻ നാവിഗേഷൻ സംവിധാനത്തിന്റെ വികസനത്തിനും ഉപയോഗത്തിനുമായി ഒരു സംയോജിത മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.
7. ഉൾനാടൻ ജലാധിഷ്ഠിത ടൂറിസം പ്രോത്സാഹിപ്പിക്കൽ.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ സുപ്രധാന പരിപാടികൾ

സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്.ഡബ്ല്യൂ.റ്റി.ഡി)

1. നിലവിലുള്ള വെസ്സലുകളെ 75 പാക്സ് സോളാർ വെസ്സലുകളാക്കി മാറ്റുക.
2. ടൂറിസ്റ്റ് കം പാസഞ്ചർ വെസ്സലുകൾ, സോളാർ ഇലക്ട്രിക് ബോട്ട്, സോളാർ ഇലക്ട്രിക് റോ-റോ വെസ്സലുകൾ എന്നിവ വാങ്ങുക.
3. കൊല്ലത്ത് വർക്ക്ഷോപ്പ് കെട്ടിടം, ടെർമിനൽ എന്നിവയുടെ നിർമ്മാണം.

കോസ്റ്റൽ ഷിപ്പിംഗ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് (സി.എസ്.ഐ.എൻ.ഡി)

1. കോഴിക്കോട് ജില്ലയിലെ വടകര-മാഹി കനാലിന്റെ തീരത്ത് 12 ബോട്ട് ജെട്ടികളുടെ നിർമ്മാണം.
2. കുളിയങ്കാട് മുതൽ മടിയൻ വരെ പുതിയ കനാൽ നിർമ്മാണം, കാസർകോട് ജില്ലയിലെ നീലേശ്വരം മുതൽ അരയി വരെയുള്ള ഭാഗങ്ങളിൽ ക്രോസ് സ്ട്രക്ചർ നിർമ്മാണം.
3. ജലപാതകളുടെയും കനാലുകളുടെയും വികസനം - കോരപ്പുഴ മുതൽ ആലപ്പുഴ വരെയുള്ള ഉൾനാടൻ ജലഗതാഗത പാത മെച്ചപ്പെടുത്തൽ (ക:418.32കി മീ മുതൽ ക:443.22കി മീ വരെ)
4. കോഴിക്കോട് ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമ്മാണം.
5. കോഴിക്കോട് ജില്ലയിലെ തയ്യിൽപാലം, കോട്ടപ്പള്ളി, കളിയംവള്ളി എന്നിവിടങ്ങളിൽ വടകര-മാഹി കനാലിന് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണം.
6. കോഴിക്കോട് ജില്ലയിൽ കരിങ്ങാലിമുക്ക് ഭാഗത്ത് നദിയുടെ വളഞ്ഞ ഭാഗത്തിന് കുറുകെ പാലത്തിന്റെ നിർമ്മാണവും വി.സി.ബി.യുടെ നവീകരണവും.
7. ആലപ്പുഴ ജില്ലയിലെ വിവിധ ഫീഡർ കനാലുകളുടെ വികസനം.
8. തലയോലപ്പറമ്പ്, കുറുപ്പന്തറ, ആപ്പാഞ്ചിറ എന്നിവിടങ്ങളിൽ നിന്ന് കോട്ടയം മെഡിക്കൽ കോളേജിലേക്കും കോട്ടയം ജില്ലയിലെ മാന്നാനം പള്ളിയിലേക്കും ഫീഡർ കനാലുകളുടെ വികസനം (പി.ഡബ്ല്യു.ഡി, ജലസേചന ഘടകങ്ങൾ ഉൾപ്പെടെ).
9. തൃശ്ശൂർ ജില്ലയിലെ മധുരമ്പള്ളി പാലത്തിന്റെ പുനർനിർമ്മാണം.
10. തിരുവനന്തപുരം ജില്ലയിലെ എവിഎം (അനന്ത വിക്ടോറിയ മാർത്താണ്ഡം) കനാൽ പുനർനിർമ്മാണം.
11. തിരുവനന്തപുരം ജില്ലയിലെ വടക്കേ അരയത്തുരുത്ത്, തെക്കേ അരയത്തുരുത്ത്, കടകം എന്നിവിടങ്ങളിൽ ടിഎസ് കനാലിന് കുറുകെയുള്ള പാലങ്ങളുടെ നിർമ്മാണം.
12. ആലപ്പുഴയിലെ വിവിധ ബോട്ട് ജെട്ടികളുടെ നിർമ്മാണവും പരിപാലനവും.
13. വെസ്റ്റ് കോസ്റ്റ് കനാലിനെ മറ്റ് വാണിജ്യ, ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന ഫീഡർ കനാലുകളുടെ വികസനത്തിൽ ഉൾപ്പെടുന്നവയിൽ പ്രധാനമായും
    1. ആക്കുളം തടാകം മുതൽ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് കോട്ട വരെ
    2. നടയറ തടാകം (കരുനിലക്കോട്) മുതൽ കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ വരെ
    3. തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം-തൃപ്രയാർ-ചേറ്റുവ-ചാവക്കാട്
    4. കോഴിക്കോട് ജില്ലയിലെ കടലുണ്ടി പക്ഷിസങ്കേതം-ബേപ്പൂർ-കാളിപൊയ്ക
    5. കോഴിക്കോട് ജില്ലയിലെ എരഞ്ഞിക്കൽ-മൂഴിക്കൽ ലോക്ക് (വടകര-മാഹി കനാൽ).
    6. കാസർകോട് ജില്ലയിലെ വളപട്ടണം - നീലേശ്വരം

കിൽ-മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ (കിഫ്ബി ധനസഹായം)

1. തിരുവനന്തപുരം ജില്ലയിലെ പാർവ്വതി പുത്തനാറിന്റെ പുനരുദ്ധാരണം.

2. തിരുവനന്തപുരം ജില്ലയിൽ പാർവ്വതി പുത്തനാറിന്റെ (കനാൽ വീതി കൂട്ടുന്നതിനും കയ്യേറ്റം ഒഴിവാക്കുന്നതിനുമായി) ഭൂമി ഏറ്റെടുക്കൽ.
3. കോഴിക്കോട് ജില്ലയിൽ കനാൽ സിറ്റി പദ്ധതി.
4. കോഴിക്കോട് ജില്ലയിലെ മാഹി- വളപട്ടണം കനാലിന്റെ ഭൂമി ഏറ്റെടുക്കൽ.
5. കാസർകോട് ജില്ലയിലെ നീലേശ്വരം-ബേക്കൽ കനാലിന്റെ ഭൂമി ഏറ്റെടുക്കൽ.

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (കെ.എസ്.ഐ.എൻ.സി)

1. നെഫർറ്റിറ്റി വെസ്സലിന് ടെർമിനൽ നിർമ്മാണം
2. ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം (സാഗരറാണി മാതൃക)
3. എൽ.എൻ.ജി ബംകർ ബാർജ്
4. ഐ.ഡബ്ല്യൂ.എ.ഐ, ഫിഷറീസ് എന്നീ വകുപ്പുമായി സഹകരിച്ച് വാട്ടർ ഫ്രണ്ട് സി.എൻ.ജി ഫില്ലിംഗ് സ്റ്റേഷനുകൾ.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ പദ്ധതികൾ

1. ആധുനിക സുരക്ഷാ മാനദണ്ഡങ്ങളോടെയുള്ള പാസഞ്ചർ കം ടൂറിസ്റ്റ് വെസ്സലുകൾ, ഇലക്ട്രിക് റോ-റോ, സോളാർ വെസ്സലുകൾ എന്നിവ വാങ്ങുന്നതിന് 2022-23 ബജറ്റിൽ സംസ്ഥാന ജലഗതാഗത വകുപ്പിന് 24 കോടി രൂപ വകയിരുത്തി.
2. കെ.എസ്.ഐ.എൻ.സി കാലാവസ്ഥാനുസൃതമായി ഘട്ടം ഘട്ടമായി ഐസി എഞ്ചിൻ വെസ്സലുകളെ സി.എൻ.ജി/എൽ.എൻ.ജി മോഡിലേക്ക് മാറ്റുന്നതിന്, 2022-23 ബജറ്റിൽ 2.71 കോടി രൂപ വകയിരുത്തി.
3. നബാർഡ് സഹായത്തോടെ ഉൾനാടൻ കനാൽ പദ്ധതിക്ക് കീഴിൽ, ക്രോസ് സ്ട്രക്ചറുകൾ, ആധുനിക ജെട്ടികൾ, ടെർമിനലുകൾ എന്നിവ നിർമ്മിക്കുന്നതിന് 76.55 കോടി രൂപ വകയിരുത്തി.

8.3 പോർട്ട്, ലൈറ്റ് ഹൗസ് & ഷിപ്പിംഗ്

ആമുഖം

സംസ്ഥാനത്തിന്റെ വ്യാവസായിക വാണിജ്യ ലോജിസ്റ്റിക്സിൽ തുറമുഖ മേഖല നിർണായക പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ വ്യാവസായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പുതിയ തുറമുഖങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും, തീരദേശ ഷിപ്പിംഗ്, ടൂറിസം സംരംഭങ്ങൾ, എന്നിവയുടെ നവീകരണവും സജ്ജീകരണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഉൾനാടൻ, തീരദേശ കമ്മ്യൂണിറ്റി വികസനത്തിനായി കേരള സർക്കാർ തുറമുഖ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നു.

കേരളത്തിലെ 14 ജില്ലകളിൽ 9 ജില്ലകളിലായി 585 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശമാണുള്ളത്. ഇതിൽ കേന്ദ്രസർക്കാരിന് കീഴിലുള്ള കൊച്ചിയിലെ ഒരു വൻകിട തുറമുഖവും കേരള സംസ്ഥാനത്തിന് കീഴിലുള്ള 17 ചെറുകിട തുറമുഖങ്ങളും വരാനിരിക്കുന്ന ആഴക്കടൽ തുറമുഖമായ വിഴിഞ്ഞം അന്താരാഷ്ട്ര ആഴകടൽ തുറമുഖവും (നിർമ്മാണത്തിൽ), രണ്ടാമത്തേത്, അഴീക്കലിൽ നിലവിലുള്ള ചെറിയ നദീതട തുറമുഖത്തോട് ചേർന്ന്(കൊച്ചിയിൽ നിന്ന് 285 കിലോമീറ്ററും മംഗലാപുരത്ത് നിന്ന് 135 കിലോമീറ്ററും), മലബാർ മേഖലയെ ലോജിസ്റ്റിക് ആയും സാമ്പത്തികമായും വികസിപ്പിക്കുന്നതിനുള്ള ഒരു ഇന്റർനാഷണൽ കം കോസ്റ്റൽ ഷിപ്പിംഗ് തുറമുഖമായി(മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്) രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിഴിഞ്ഞം തുറമുഖം കൊച്ചി തുറമുഖത്തുനിന്ന്, 217 കി.മി തെക്കും അഴീക്കൽ തുറമുഖം 285 കി.മി വടക്കും സ്ഥിതി ചെയ്യുന്നത് വൻ തോതിലുള്ള ചരക്ക് ഗതാഗതത്തിന് വളരെ അനുയോജ്യമായ സാധ്യതകളിലേക്കാണ് വിരൽചൂണ്ടുന്നത്.

വിഭാഗത്തിന് കീഴിൽ വരുന്ന ഏജൻസികൾ

കേരളത്തിലെ തുറമുഖ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ കേരള മാരിടൈം ബോർഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് എന്നിവയാണ്.

കേരള മാരിടൈം ബോർഡ് :തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ 2017-ലെ കേരള മാരിടൈം ബോർഡ് നിയമം-2017 അംഗീകരിക്കുകയും സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനായി തുറമുഖ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള മാരിടൈം സൊസൈറ്റി എന്നിവ സംയോജിപ്പിച്ച് കേരള മാരിടൈം ബോർഡ് സ്ഥാപിക്കുകയും ചെയ്തു. തുറമുഖ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഒരുക്കി തുറമുഖങ്ങളിലെ സമുദ്ര വ്യാപാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമാക്കി കേരള മാരിടൈം ബോർഡ് പ്രവർത്തിച്ചു വരുന്നു. നോൺ മേജർ തുറമുഖങ്ങളിൽ ആവശ്യമായ ആഴം നിലനിർത്തുന്നതിന് ആവശ്യമായ മൂലധന പരിപാലന ഡ്രഡ്ജിംഗും കെ.എം.ബിയുടെ പ്രധാന ഉത്തരവാദിത്തമാണ്. ദുരന്തസമയത്ത് കേരളതീരത്തെ തിരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവയുടെ ഉത്തരവാദിത്തം മാരിടൈം ബോർഡിനാണ്.

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്: കേരള തുറമുഖ വകുപ്പിന് കീഴിൽ 1968-ൽ സ്ഥാപിതമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിന് ആവശ്യമായ ഹൈഡ്രോഗ്രാഫിക് സർവ്വേകൾ നടത്തുന്നു. ചീഫ് ഹൈഡ്രോഗ്രാഫർക്കാണ് ഈ വകുപ്പിന്റെ ചുമതലയുള്ളത്. ഹൈഡ്രോഗ്രാഫിക് സർവ്വേകളും ഗവേഷണവും നടത്തുന്നതിനും, നോൺ മേജർ പോർട്ടുകളുടെ അപ്രോച്ചുകൾക്കും ബേസിനുകൾക്കും, ആവശ്യമായ ഹൈഡ്രോഗ്രാഫിക് സർവ്വേ ചാർട്ടുകളുടെ നിർമ്മാണവും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ ചുമതലയാണ്. ഈ ചാർട്ടുകൾ നോൺ മേജർ തുറമുഖങ്ങളിൽ എത്തിച്ചേരുന്ന വെസ്സലുകളും, പ്ലാനുകൾ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റും ഉപയോഗിക്കുന്നു. ജലസേചനം, ഉൾനാടൻ നാവിഗേഷൻ, ഫിഷറീസ്, ടൂറിസം തുടങ്ങിയ സർക്കാർ ഏജൻസികൾക്കും കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള പൊതുമരാമത്ത് വകുപ്പുകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും വേണ്ടിയും വിംഗ് സർവ്വേകൾ നടത്തിവരുന്നു. കൂടാതെ ഡെറാഡൂണിലെ നാഷണൽ ഹൈഡ്രോഗ്രാഫിക് ഓഫീസിലേക്ക് ഹൈഡ്രോഗ്രാഫിക് ഡാറ്റ നൽകുകയും ചെയ്യുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് : തീരദേശ എഞ്ചിനീയറിംഗ്, ഹാർബർ എഞ്ചിനീയറിംഗ്, എസ്റ്റുവാരിൻ ഹൈഡ്രോ ഡൈനാമിക്സ്, തീരദേശ സിവിൽ എഞ്ചിനീയറിംഗ് ഘടനകളുടെ നിർമ്മാണം, അവയുടെ പരിപാലനം എന്നിവയിൽ പ്രത്യേക അറിവും വൈദഗ്ധ്യവും ഉള്ള ഫിഷറീസ്, തുറമുഖങ്ങൾ എന്നീ വകുപ്പുകൾക്കാവശ്യമായ ഒരു സേവന വകുപ്പായി 1982-ൽ ആരംഭിക്കുകയുണ്ടായി. ഇന്ത്യയിലെ അത്തരത്തിലുള്ള ഒരേയൊരു സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് ആയതിനാൽ ഭാരത സർക്കാർ ഇതിനെ രാജ്യത്തിന്റെ തീരദേശ എഞ്ചിനീയറിംഗ് മേഖലയിലെ കൺസൾട്ടന്റാക്കുകയും ചെയ്തു. അഴീമുഖത്തും ബേസിനുകളിലും വകുപ്പിന്റേതായ പുതിയ ഡ്രെഡ്ജിംഗ് ടെക്നിക്കുകൾ ഉണ്ട്, കൂടാതെ നിർദ്ദിഷ്ട ലേഔട്ടുകളും നോൺ മേജർ പോർട്ടുകൾക്കായുള്ള മാസ്റ്റർ പ്ലാനുകളും വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന ജിയോ ടെക്നിക്കൽ, ഹൈഡ്രോളിക് ഇൻവെസ്റ്റിഗേഷനുകളും നടത്തി വരുന്നു.

കേരള തുറമുഖങ്ങളിലെ നിലവിലുള്ള പ്രവണത

നിലവിൽ അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നിവിടങ്ങളിൽ മാത്രമാണ് ചരക്കുനീക്കം നടത്തുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഇപ്പോൾ പിപിപി മോഡിൽ നിർമ്മാണത്തിലാണ്. മൂന്നാമത് ആഴക്കടൽ അന്തർദേശീയ തുറമുഖമായ മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എം.ഐ.പി.എസ്.എൽ) കണ്ണൂരിനടുത്ത് അഴീക്കലിൽ രൂപകൽപന ചെയ്തു വരുന്നു. ഡിപിആർ തയ്യാറാക്കൽ ഘട്ടത്തിലാണ്. മൂന്ന് തുറമുഖങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് കൊച്ചി, മലബാർ, തിരുവനന്തപുരം മേഖലകളിൽ ലോജിസ്റ്റിക് പാർക്കുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രധാന മാർക്കറ്റ് സൈറ്റുകളിൽ ചരക്ക് സാമഗ്രികൾ കൈമാറുന്നതിനുള്ള ഇന്റർചേഞ്ച് സൗകര്യങ്ങൾ സമയബന്ധിതമായി ചെയ്ത് വരുന്നു. കേരളത്തിലെ വൻകിട, നോൺ മേജർ തുറമുഖങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ വിശദാംശങ്ങൾ പട്ടിക 8.3.1-ൽ നൽകിയിരിക്കുന്നു.

പട്ടിക 8.4 കേരളത്തിലെ വൻകിട- ചെറുകിട തുറമുഖങ്ങളുടെ ചരക്ക് കൈകാര്യം ചെയ്യൽ -വിശദാംശങ്ങൾ

(മില്യൺ ടൺ)

വൻകിട/ നോൺ മേജർ തുറമുഖങ്ങൾ	2015-16	2016-17	2017-18	2018-19	2019-20	2020-21 (പി)
വൻകിട തുറമുഖം (കൊച്ചി)	22.10	25.01	29.4	32.02	34.04	31.50
നോൺ മേജർ തുറമുഖങ്ങൾ	0.14	0.14	0.14	0.22	0.16	0.11
ആകെ	**22.24**	**25.15**	**29.28**	**32.24**	**34.19**	**31.62**

അവലംബം: സാമ്പത്തിക അവലോകനം, സംസ്ഥാന ആസൂത്രണ ബോർഡ്

കേരളത്തിലെ തുറമുഖങ്ങൾ കൈകാര്യം ചെയ്ത മൊത്തം ചരക്ക് ഗതാഗതം 2018-2019 ൽ 32.24 ദശലക്ഷം ടണ്ണിൽ നിന്നും 2019-2020 ൽ 34.19 ദശലക്ഷം ടണ്ണായി വർദ്ധിച്ചു. ഇത് മുൻ വർഷത്തേക്കാൾ 6 ശതമാനം വളർച്ചയാണ് സൂചിപ്പിക്കുന്നത്. ഇറക്കുമതി ചെയ്തവയിൽ ക്രൂഡ് ഓയിൽ, എൽഎൻജി, രാസവളങ്ങൾ, അസംസ്കൃത വസ്തുക്കൾ, ഭക്ഷ്യധാന്യങ്ങൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രങ്ങൾ എന്നിവയാണ് പ്രധാന ചരക്കുകൾ. ചായ, കശുവണ്ടി പരിപ്പ്, കടൽ ഭക്ഷണങ്ങൾ, കയറുൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, ഉത്പ്പന്നങ്ങൾ എന്നിവയാണ് പ്രധാന കയറ്റുമതി ചരക്കുകൾ. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വിഴിഞ്ഞത്ത് ഒരു ആഴക്കടൽ അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ഇപ്പോൾ നിർമ്മാണത്തിലാണ്. ഈ ടെർമിനലിന് 18,000 ടി.ഇ.യു കപ്പാസിറ്റി വരെയുള്ള കണ്ടെയ്നർ യാനങ്ങൾ സ്വീകരിക്കാൻ കഴിയും. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾക്ക് ഇപ്പോൾ ആകെക്കൂടി 0.55 ദശലക്ഷം ടൺ ശേഷിയുണ്ട്. 2018-2019 ൽ അതിന്റെ ശേഷിയുടെ 37.10 ശതമാനം ഉപയോഗിച്ചു.

8.3.2 പതിമൂന്നാം പഞ്ചവത്സര പദ്ധതി

തുറമുഖങ്ങൾ, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ, തീരദേശ സമൂഹങ്ങൾ എന്നിവ വികസിപ്പിച്ചുകൊണ്ട് യാത്രക്കാരുടെയും ചരക്കുകളുടെയും ഗതാഗതം വർദ്ധിപ്പിക്കുന്നതിനും ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തതിരുന്നത്. കൂടാതെ, തൊഴിൽ വർദ്ധിപ്പിക്കുന്നതിനും ദേശീയമായും ആഗോളതലത്തിലും സംസ്ഥാനത്തെ തുറമുഖങ്ങളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും നോൺ മേജർ തുറമുഖങ്ങളിലും സംയോജിത ലോജിസ്റ്റിക് പാർക്കുകളും ഗ്രഡ്സ് ടെർമിനലുകളും ആരംഭിന്നതിനും ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും തടസ്സമില്ലാത്ത ചരക്ക് ഗതാഗതതിനാവശ്യമായ വ്യാവസായിക കേന്ദ്രങ്ങൾക്കുമുള്ള നടപടികൾ എന്നിവ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

സുപ്രധാന ലക്ഷ്യങ്ങൾ – മുഖ്യമായും പ്രധാനമായും ഊന്നൽ നൽകിയത്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുഖ്യമായും പ്രധാനമായും ഊന്നൽ നൽകിയവ:

1. വിഴിഞ്ഞം പദ്ധതി പൂർത്തീകരണം.
2. സംസ്ഥാനത്തെ തെരഞ്ഞെടുത്ത ചെറുകിട/ഇടത്തരം തുറമുഖങ്ങളുടെ വികസനം.
3. വിവിധ ഗതാഗത മാർഗ്ഗങ്ങൾക്കിടയിൽ മികച്ച ഏകോപനത്തിലൂടെ ഒരു സംയോജിത ഗതാഗത നയ ചട്ടക്കൂട് എന്ന രീതിയിൽ സംസ്ഥാനത്തെ തീരദേശ ഷിപ്പിംഗ് വികസനം.
4. തുറമുഖങ്ങളുടെ വികസനത്തിലൂടെ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സഹിപ്പിക്കൽ.
5. തീരദേശ ഗതാഗത കേന്ദ്രങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പ്രാദേശിക വികസന പദ്ധതി ആരംഭിക്കൽ.
6. ഉൾനാടൻ ഗതാഗതത്തിന്റെ ആവശ്യകതകൾ സാധ്യതകൾ എന്നിവ പരിഗണിച്ച് തീരദേശ ഷിപ്പിംഗിനെ സുസ്ഥിരവും ഹരിതവും പ്രായോഗികവുമായ ഒരു ബദൽ ഗതാഗത മാർഗ്ഗമായി വികസിപ്പിക്കൽ.

മേഖല തിരിച്ചുള്ള വിഹിതവും ചെലവും (പതിമൂന്നാം പഞ്ചവത്സര പദ്ധതി)

പട്ടിക 8.5 പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും (വകുപ്പ് തിരിച്ച്)

(രൂപ ലക്ഷത്തിൽ)

വകുപ്പുകൾ	പതിമൂന്നാം പഞ്ചവത്സര പദ്ധതി											
	2017-18		2018-19		2019-20		2020-21		2021-22		പതിമൂന്നാം പഞ്ചവത്സര പദ്ധതി	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്*	വിഹിതം	ചെലവ്
കെ എം ബി	11785	3123.71	9248.5	3844.14	9394	1764.76	6412	2273	6412	2015.8	43251.5	13021.41
എച്ച്ഇഡി	1465	609.4	1437.5	555.68	956	1331.9	755	596.95	755	574.65	5368.5	3668.58
എച്ച്എസ്ഡബ്ലിയു	560	111	255	190.32	255	77.73	345	199.24	345	268.35	1760	846.64
വിസിൽ	1**	17500	1	10069.1	1	2300	1	6896.9	1	1105.81	5	37871.81
എംഐപിഎസ്	0***	0.89	1700	1757.76	400	672.61	500	2822.81	500	226.38	3100	5480.45
ആകെ	**13811**	**21345**	**12642**	**16417**	**11006**	**6147**	**8013**	**12788.9**	**8013**	**4190.99**	**53485**	**60888.89**

അവലംബം: ബജറ്റ് (അക്കൗണ്ടുകൾ) & *പ്ലാൻ സ്പേസ്

** നാമമാത്ര വിഹിതം (എംഐഡിപി സ്കീം)

*** 2017-18 കാലയളവിൽ ബജറ്റ് വിഹിതം ഇല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തുറമുഖ മേഖലയുടെ മൊത്തത്തിലുള്ള വിഹിതം 534.85 കോടി രൂപയും ചെലവ് 608.89 കോടി രൂപയുമാണ് (113.8 ശതമാനം). മുകളിൽ ചേർത്തിട്ടുള്ള പട്ടികയിൽ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് (വിസിൽ) ബജറ്റ് വിഹിതം കുറയുവാനുള്ള കാരണം, തുറമുഖ മേഖലയിൽ 1.00 ലക്ഷം രൂപ ടോക്കൺ വിഹിതം വകയിരുത്തി ടി പദ്ധതി മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ കൊണ്ടുവന്നതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി ഭൗതിക നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി ഭൗതിക നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

പൂർത്തിയാക്കിയത്

1. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഓട്ടോമേറ്റഡ് കാർഗോ ഹാൻഡ് ലിംഗ് ഗിയറുകൾ സ്ഥാപിച്ചു.
2. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനും കമ്മീഷൻ ചെയ്യുകയും അഴീക്കൽ തുറമുഖത്ത് 750 എച്ച്പി ടഗ്ഗും കമ്മീഷൻ ചെയ്തു.
3. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് പാസഞ്ചർ കം കാർഗോ വാർഫ് കമ്മീഷൻ ചെയ്തു.
4. വിഴിഞ്ഞം തുറമുഖത്തും ബേപ്പൂർ തുറമുഖത്തും ക്രൂ ചെയിഞ്ചിംഗ് ഫെസിലിറ്റി ആരംഭിച്ചു.
5. ബേപ്പൂർ തുറമുഖത്ത് ട്രാൻസിറ്റ് ഷെഡ്, ഇലക്ട്രോണിക് ഡാറ്റാ ഇന്റർചേഞ്ച് സൗകര്യം, ഇലക്ട്രോണിക് വെയ്റ്റ് ബ്രിഡ്ജ് എന്നിവ പൂർത്തിയാക്കി.
6. പൊന്നാനിയിൽ മണൽ ശുദ്ധീകരണ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കി.

തുറമുഖ പ്രവർത്തന സ്ഥിതിവിവരക്കണക്കുകൾ

മുൻഗണനാടിസ്ഥാനത്തിൽ അഞ്ച് തുറമുഖങ്ങൾ വികസിപ്പിക്കാൻ കേരള സർക്കാർ തീരുമാനിച്ചു. ബേപ്പൂർ, പൊന്നാനി, ആലപ്പുഴ, കൊല്ലം, അഴീക്കൽ തുറമുഖവും, വരാനിരിക്കുന്ന വൻകിട തുറമുഖമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നിവയാണ് ഈ തുറമുഖങ്ങൾ. മൂന്ന് തുറമുഖങ്ങളിൽ, അതായത്

വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ മാത്രമാണ് ഇപ്പോൾ ചരക്ക് നീക്കങ്ങൾ നടക്കുന്നത്. മതിയായ അടിസ്ഥാന സൗകര്യങ്ങളുള്ള കൊല്ലം തുറമുഖത്തേക്ക് കൂടുതൽ ബിസിനസ്സ് ആകർഷിക്കേണ്ടതുണ്ട്.

2019-20ൽ കൈകാര്യം ചെയ്ത ചരക്കുമായി (34.19 ദശലക്ഷം ടണ്ണുമായി) തട്ടിച്ച്നോക്കുമ്പോൾ 2020-21ൽ സംസ്ഥാനത്ത് കൈകാര്യം ചെയ്ത മൊത്തം ചരക്ക് 31.62 ദശലക്ഷം ടണ്ണാണ്, ഇത് 7.5 ശതമാനം ഇടിവ് പ്രതിഫലിപ്പിക്കുന്നു. എന്നിരുന്നാലും, കോവിഡ് നിയന്ത്രണങ്ങൾ കാരണം ഇത് ഒരു പൊതു പ്രവണതയായി കണക്കാക്കാവുന്നതല്ല.

നവസംരംഭങ്ങൾ

1. 20.00 കോടി രൂപ ചെലവ് വരുന്ന കൊല്ലം തുറമുഖത്തെ വിവിധോദ്ദേശ്യ പാസഞ്ചർ കം കാർഗോ വാർഫ് (സാഗർമാല പദ്ധതി പ്രകാരം) ഇന്ത്യൻ സർക്കാർ വിഹിതമായി 7.23 കോടി രൂപ ചെലവിൽ പൂർത്തിയാക്കി.

2. കേരള തുറമുഖ മേഖലയുടെ സമീപകാല ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലാണ് ബേപ്പൂർ തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗ് സൗകര്യം സ്ഥാപിച്ചത്. 2020 ജൂലൈ 15 ന് എം വി എവർ ഗ്ലോബ് ചരക്ക് കപ്പലിനാണ് ആദ്യത്തെ ക്രൂ ചെയിഞ്ചിംഗ് നടത്തിയത്. ഇതുവരെ 39 കപ്പലുകളിലായി 682 ജീവനക്കാർക്ക് ഈ സൗകര്യം ലഭ്യമാക്കാനും ക്രൂ ചെയിഞ്ചിംഗ് പ്രവർത്തനത്തിലൂടെ 33.98 ലക്ഷം രൂപ വരുമാനം നേടാനും കഴിഞ്ഞു.

നിർണായക വിടവുകൾ

1. ഡ്രാഫ്റ്റിന്റെയും, ചരക്ക് കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങളുടെയും അപര്യാപ്തത.
2. അപര്യാപ്തമായ ബെർത്തിംഗ് സൗകര്യം (ബെർത്തുകളുടെ ഡ്രാഫ്റ്റ്, വെസ്സലുകളുടെ ശരിയായ ബെർത്തിംഗിനുള്ള നീളം).
3. പൊതുജനങ്ങളുടെ കടുത്ത എതിർപ്പും നടപടിക്രമങ്ങളിലെ കാലതാമസവും കാരണം അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം.
4. ബോട്ട്/കപ്പൽ അറ്റകുറ്റപ്പണി യൂണിറ്റുകളുടെയും കപ്പലുകൾക്കുള്ള പാർക്കിംഗ് സ്ഥലത്തിന്റെയും അപര്യാപ്തത.
5. റെയിൽ, റോഡ്, ഹൈവേകൾ, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ ജലപാതകൾ എന്നിവയിലൂടെയുള്ള ഉൾനാടൻ കണക്റ്റിവിറ്റിയുടെ അപര്യാപ്തത.
6. കൂടുതൽ ബിസിനസ്സ് ആകർഷിക്കുന്നതിനുള്ള വെയർഹൗസുകൾ/ലോജിസ്റ്റിക് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
7. അടിസ്ഥാന സൗകര്യ വികസനത്തിനും, കപ്പലുകൾ വാങ്ങുന്നതിനും അപര്യാപ്തമായ പൊതു സ്വകാര്യ ഫണ്ടിംഗ്.
8. തടസ്സമില്ലാത്ത തുറമുഖ പ്രവർത്തനങ്ങളും മാനേജ്മെന്റും കാലഹരണപ്പെട്ട ഉപകരണങ്ങൾ, പരിശീലനത്തിലെ പോരായ്മകൾ, ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ അറിവില്ലായ്മ, സാമ്പത്തികമായി ലാഭകരമല്ലാത്ത തൊഴിൽ രീതികൾ, ഉദാസീനത തുടങ്ങിയവ കാരണമുള്ള കുറഞ്ഞ തൊഴിലും കുറഞ്ഞ ഉല്പാദനക്ഷമതയും.
9. തൊഴിൽ പ്രശ്നങ്ങളും ഷിപ്പിംഗ് മേഖലയുടെ ആവശ്യകത നിറവേറ്റുന്നതിനുള്ള വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷിയുടെ അഭാവവും.
10. റോഡ്/റെയിൽ ഗതാഗതത്തിൽ നിന്നുള്ള വൻതോതിലുള്ള മത്സരം
11. ലഭ്യതയില്ലാത്ത/പരിമിതമായ റിട്ടേൺ കാർഗോ.
12. ആദ്യ-അവസാന ഗതാഗത സേവനങ്ങളുടെ/കണക്റ്റിവിറ്റിയുടെ അഭാവം.
13. പദ്ധതികൾ നടപ്പാക്കുന്നതിലെ നടപടിക്രമ കാലതാമസം.
14. പദ്ധതി നടപ്പാക്കുന്നതിൽ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മ.

8.3.3 പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഉചിതമായ സർക്കാർ ഇടപെടലുകളും നയപരമായ തുടക്കവും ഈ മേഖലയുടെ മുഴുവൻ സാധ്യതകളും സാക്ഷാത്കരിക്കുന്നതിന് നിർണ്ണായകമാണ്.

സമീപനം

തുറമുഖങ്ങൾ, ലോജിസ്റ്റിക്സ്, ഉൾനാടൻ വികസനം: അന്തർദേശീയവും ദേശീയവുമായ ഷിപ്പിംഗ് റൂട്ടുകളുമായി ബന്ധപ്പെട്ട് സംസ്ഥാനം തന്ത്രപ്രധാന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. തുറമുഖ വികസനത്തിലെ സാമ്പത്തിക വളർച്ച മറ്റ് മേഖലകളുമായി സംയോജിപ്പിക്കുന്നത് ഭാവി സാമ്പത്തിക വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിലെ 17 നോൺ മേജർ തുറമുഖങ്ങളിൽ നാലെണ്ണം ബെർത്തിംഗ്, ചരക്ക് കൈകാര്യം ചെയ്യൽ, സംഭരണ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്റർമീഡിയറ്റ് തുറമുഖങ്ങളായി കണക്കാക്കുന്നു. ഇവ വിഴിഞ്ഞം, ബേപ്പൂർ-കോഴിക്കോട്, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളാണ്. തീരദേശ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ തുറമുഖങ്ങൾ വികസിപ്പിക്കുന്നു. മലബാർ ഇന്റർനാഷണൽ പോർട്ട് ആന്റ് സെസ് ലിമിറ്റഡ് ഉൾനാടൻ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളുടെ വികസനത്തെ പിന്തുണയ്ക്കുകയും തുറമുഖങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് തുറമുഖാധിഷ്ഠിത വ്യവസായവല്ക്കരണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

ലക്ഷ്യങ്ങൾ

1. തുറമുഖങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും ബിസിനസ്സ് എളുപ്പമാക്കുന്നതിന് ആധുനിക ഉപകരണങ്ങളും മറ്റ് പ്രവർത്തന സൗകര്യങ്ങളും സ്ഥാപിക്കുകയും ചെയ്യുക.
2. തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും ബിസിനസ്സ് ആകർഷിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന തുറമുഖങ്ങളിലെ തീരദേശ ഷിപ്പിംഗ് വികസനത്തിന് കൂടുതൽ ഊന്നൽ നൽകുക.
3. സംസ്ഥാനത്തെ ഇന്റർമീഡിയറ്റ് തുറമുഖങ്ങളുടെ വികസനത്തിന് പിന്തുണ നൽകുന്നതിനും തുറമുഖങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം പ്രോത്സാഹിപ്പിക്കുക.
4. സംസ്ഥാനത്തിന്റെ ഗതാഗത സംവിധാനം ഒപ്റ്റിമൽ മൾട്ടിമോഡൽ ശൃംഖലയിലൂടെ ആഴക്കടൽ ഷിപ്പിംഗും ഉൾനാടുകളും തമ്മിലുള്ള മെച്ചപ്പെട്ട ബന്ധം, തീരദേശ ഷിപ്പിംഗ്/ഉൾനാടൻ ജലപാതകളുടെ ദ്രുതഗതിയിലുള്ള വികസനത്തോടൊപ്പം വിപുലമായ ലോജിസ്റ്റിക്സ് സൊല്യൂഷനുകളിലൂടെ വിഭവങ്ങളുടെ സുസ്ഥിര വിനിയോഗവും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മുന്നോട്ട് വച്ച സുപ്രധാന നടപടികൾ

1. വിഴിഞ്ഞം അന്താരാഷ്ട്ര ഡീപ് വാട്ടർ മൾട്ടി പർപ്പസ് തുറമുഖം പൂർത്തീകരണം.
2. വലിയ കപ്പലുകളെ ആകർഷിക്കുന്നതിന് ഡ്രാഫ്റ്റ് 12 മീറ്ററായി ഉയർത്താൻ ക്യാപിറ്റൽ ഡ്രെഡ്ജിംഗ്.
3. കൊല്ലം തുറമുഖ മേഖലയിൽ കടൽത്തീരത്തുള്ള ബ്രേക്ക് വാട്ടറിന് സമീപമുള്ള ഉചിതമായ സ്ഥലങ്ങളിൽ ഫ്ലോട്ടിംഗ് ഡ്രൈ ഡോക്കുകൾ ചെയ്യാവുന്നതാണ്. തുറമുഖത്തിന്റെ ലഭ്യമായ ശേഷി മെച്ചപ്പെടുത്തുന്നതിന് കൊല്ലം തുറമുഖത്ത് 187 മീറ്റർ നീളമുള്ള കാർഗോ ബർത്തും 101 മീറ്റർ നീളമുള്ള പാസഞ്ചർ ബർത്തും നിർമ്മിക്കാനും ലക്ഷ്യമിടുന്നു.
4. നിലവിലുള്ള ഫ്രൈറ്റ് വാർഫിന് മുന്നിൽ ഒരു വാർഫ് നിർമ്മിക്കാനും തുറമുഖം വഴി മത്സ്യം ഇറക്കുമതി ചെയ്ത് കൊല്ലം തുറമുഖത്തിന്റെ പരിസരത്ത് മത്സ്യ സംസ്കരണ സൗകര്യം സ്ഥാപിക്കാനും സാധിക്കും. തുറമുഖത്തിന്റെ സമീപപ്രദേശത്ത് ഒരു സ്വകാര്യ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.
5. ആലപ്പുഴ തുറമുഖത്തെ പ്രധാന ബ്രേക്ക് വാട്ടർ പൈതൃകത്തെയും മറ്റ് ടൂറിസം പദ്ധതികളെയും ബന്ധിപ്പിക്കുന്ന ഫ്ലോട്ടിംഗ് ജെട്ടി, മറീന, പാസഞ്ചർ ടെർമിനലുകൾ എന്നിവയുടെ വികസനം.
6. നിലവിലുള്ള സംഭരണശാലകൾ പുനഃസ്ഥാപിക്കുക, സിഗ്നൽ സ്റ്റേഷനും, വിനോദസഞ്ചാര ആവശ്യങ്ങൾക്കായി കടൽപ്പാലവും പ്രയോജനപ്പെടുത്തുക.
7. ഒരു പുതിയ ഗോഡൗണിന്റെ നിർമ്മാണം, അപകടകരമായ ചരക്ക് (പെട്രോളിയം ഉൽപന്നങ്ങൾ ഉൾപ്പെടെ) ടെർമിനൽ, തുറമുഖ സമുച്ചയം എന്നിവ തുറമുഖ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളാണ്. തുറമുഖത്തേക്ക് കപ്പലുകൾ സുഗമമായി കടന്നുപോകാൻ ബേപ്പൂർ തുറമുഖത്തിന്റെ ആഴം 8 മീറ്ററായി ഉയർത്തേണ്ടതുണ്ട്. പുതിയ

വാർഫിന്റെ നീളം പടിഞ്ഞാറ് വശത്തോട്ട് 150 മീറ്റർ വർദ്ധിപ്പിക്കുന്നതിനും (സിൽക്ക് കോമ്പൗണ്ട് ഭാഗത്തേക്കുള്ള വിപുലീകരണം) ലക്ഷ്യമിടുന്നു.

8. ബേപ്പൂർ തുറമുഖത്ത് ലക്ഷദ്വീപിലേക്ക് പോകുന്ന ചരക്കുകളുടെയും യാത്രക്കാരുടെയും കാര്യത്തിൽ, ഭാരത സർക്കാർ വൻകരയ്ക്കും ദ്വീപുകൾക്കുമിടയിലുള്ള ചരക്കുകൾക്കും യാത്രക്കാർക്കും ഇളവുകൾ അനുവദിക്കുന്നതിനാൽ ഇപ്പോൾ ഇത് ഒരു ക്യാപ്റ്റീവ് ബിസിനസ്/ചരക്ക് പോലെയാണ്.
9. റോഡ്, റെയിൽ കണക്റ്റിവിറ്റികൾ മെച്ചപ്പെടുത്തുന്നതിലൂടെ ബേപ്പൂർ തുറമുഖത്തിലേക്കുള്ള കണക്റ്റിവിറ്റി വർദ്ധിപ്പിക്കാൻ കഴിയും. ബേപ്പൂർ തുറമുഖത്തെയും ദേശീയപാതയെയും ബന്ധിപ്പിക്കുന്ന നാലുവരിപ്പാത നിർമ്മിച്ചാൽ റോഡ് കണക്ടിവിറ്റി സാധ്യമാക്കാനാകും. ബേപ്പൂർ തുറമുഖം മുതൽ ഫാറൂഖ്/കോഴിക്കോട് വരെയുള്ള റെയിൽ നിർമ്മാണം റെയിൽ കണക്ടിവിറ്റി മെച്ചപ്പെടുത്തും.
10. കോവളം മുതൽ കന്യാകുമാരി വരെ ക്രൂയിസ് സർവ്വീസുകൾ: ലോകപ്രശസ്ത വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളത്തെയും കന്യാകുമാരിയിലെയും സാധ്യതകൾ പ്രയോജന പ്പെടുത്തുന്നതിനായി ഒരു കടൽ ക്രൂയിസ് പദ്ധതിക്കായി സുസ്ഥിര തുറമുഖ അടിസ്ഥാന സൗകര്യങ്ങളും ടൂറിസം സൗകര്യങ്ങളും വിഭാവനം ചെയ്യുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇത് പ്രാവർത്തികമാക്കുന്നതാണ്.
11. കേരളത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും ഇടയിലുള്ള ചരക്ക് നീക്കം: ചരക്ക് ലഭ്യതയെ ആശ്രയിച്ച്, കേരളത്തിലെ തുറമുഖങ്ങൾക്കും മഹാരാഷ്ട്രയിലെയും ഗുജറാത്തിലെയും തുറമുഖങ്ങൾക്കുമിടയിൽ തീരദേശ ഷിപ്പിംഗ് വഴി ചരക്ക് നീക്കത്തിന്റെ സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ നിന്ന് ടൈൽസ്, സാനിറ്ററി ഇനങ്ങൾ, സ്റ്റീൽ, സിമന്റ്, സ്റ്റീൽ വയറുകൾ, ഗോതമ്പ്, തുണിത്തരങ്ങൾ തുടങ്ങിയ ചരക്കുകൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യാനും ഭാവിയിൽ ചരക്ക് ഗതാഗതത്തിന് അനുയോജ്യമായ വസ്തുക്കളായി കണക്കാക്കപ്പെട്ടിരിക്കുന്ന കശുവണ്ടി, അപൂർവ ഭൗമ വസ്തുക്കൾ, കളിമൺ ഉൽപ്പന്നങ്ങൾ, റബ്ബർ, റബ്ബർ ഉൽപ്പന്നങ്ങൾ, കേരളത്തിൽ നിന്നുള്ള കയർ ഉൽപ്പന്നങ്ങൾ എന്നിവയാണ് കേരളത്തിൽ നിന്നും പടിഞ്ഞാറൻ, കിഴക്കൻ തീരങ്ങളിലെ വിവിധ ലക്ഷ്യസ്ഥാന തുറമുഖങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും ലക്ഷ്യമിടുന്നത്.
12. ഈ മേഖലയിലെ എല്ലാ ഗവേഷണ, കൺസൾട്ടിംഗ് ആവശ്യങ്ങളും നിറവേറ്റുന്നതിനായി നിലവിലുള്ള സ്ഥാപന അടിസ്ഥാന സൗകര്യങ്ങൾ ആഗോള നിലവാരമുള്ള മികവിന്റെ കേന്ദ്രമായി വികസിപ്പിക്കും. നീണ്ടകരയിലെയും കൊടുങ്ങല്ലൂരിലെയും രണ്ട് കാമ്പസുകൾ ഉചിതമായ സൗകര്യങ്ങളോടെ വികസിപ്പിക്കും. മുനമ്പം ഹാർബറിൽ, ലഭ്യമായ ലാൻഡ്/വാട്ടർ ഫ്രണ്ടേജ് ഉപയോഗിച്ച് നദി-കടൽ/ഉൾനാടൻ/മത്സ്യബന്ധനയാനങ്ങൾക്കുള്ളകെട്ടിടം/ അറ്റകുറ്റപ്പണി/റീസൈക്ലിംഗ് ക്ലസ്റ്റർ, എന്നിവ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾക്കായി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി സംയോജിപ്പിച്ച് വികസിപ്പിക്കാൻ നിർദ്ദേശിക്കുന്നു.
13. മുനമ്പം തുറമുഖത്ത് ലഭ്യമായ കരയുടെയും ജലത്തിന്റെയും മുൻവശം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി നദി-കടൽ/ഉൾനാടൻ/മത്സ്യബന്ധന യാനങ്ങൾക്കായി കപ്പൽ കെട്ടിടം/അറ്റകുറ്റപ്പണി/റീ-സൈക്ലിംഗ് ക്ലസ്റ്റർ സ്ഥാപിക്കുക.
14. ബേപ്പൂർ തുറമുഖത്ത് മൾട്ടി ലോജിസ്റ്റിക് പാർക്ക്
15. പൊന്നാനിയിൽ മിനി ക്രൂയിസ് ടെർമിനൽ.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ പദ്ധതികൾ

1. ബേപ്പൂർ തുറമുഖത്ത് ബർത്തുകളുടെ നിർമ്മാണം, ചാനൽ ബേസിനുകളുടെ ഡ്രഡ്ജിംഗ്, റോഡ് ആന്റ് റെയിൽ കണക്റ്റിവിറ്റി തുടങ്ങിയവ ഉൾപ്പെടുന്ന വലിയ അടിസ്ഥാന സൗകര്യ വികസനം ആസൂത്രണം ചെയ്തിട്ടുണ്ട്. ബേപ്പൂർ, കോഴിക്കോട് തുറമുഖങ്ങളുടെ വികസനത്തിന് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. വിഴിഞ്ഞം കാർഗോ ഹാർബറിലെ വിവിധ നാവിക-ഭൗമ അടിസ്ഥാന സൗകര്യങ്ങളുടെയും അനുബന്ധ പ്രവർത്തന സൗകര്യങ്ങളുടെയും നവീകരണത്തിനും വികസനത്തിനും 2022-23 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

3. തങ്കശ്ശേരി തുറമുഖത്ത് (കൊല്ലം) മൂലധന ഡ്രെഡ്ജിംഗ്, ഐ.എസ്.പി.എസ് കോഡ് നടപ്പിലാക്കൽ, നാവിഗേഷൻ സഹായങ്ങൾ സ്ഥാപിക്കൽ, അനുബന്ധ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. കേരള മാരിടൈം ബോർഡിനെ മികവിന്റെ കേന്ദ്രമായി മാതൃകയാക്കുന്നതിനുള്ള ശ്രമത്തിൽ, ബജറ്റിൽ 5 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 4 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

5. 2022-23 ബജറ്റിൽ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ നവീകരണത്തിനും ശക്തിപ്പെടുത്തലിനും വകുപ്പിന്റെ ഗവേഷണ-വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 7.55 കോടി രൂപ വകയിരുത്തിയതിൽ 4.30 കോടി രൂപ ഓട്ടോമേറ്റഡ് ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായാണ്.

8.4 മറ്റ് ഗതാഗതം

അവലോകനം

ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിന്റെ നിർണായക ചാലകമാണ് ഗതാഗതം, അതിനാൽ ഈ മേഖലയിലെ നിക്ഷേപം പ്രാധാന്യമുള്ളതും, സഞ്ചാരം, വ്യാപാരം എന്നിവ ഉറപ്പ് വരുത്തുകയും ചെയ്യുന്നു. റെയിൽവെ, മെട്രോ, വ്യോമയാനം എന്നിവ ഉൾപ്പെടുന്ന മറ്റ് ഗതാഗത മേഖല, ബഹുജന ഗതാഗതത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. നമ്മുടെ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന നഗരവൽക്കരണ നിരക്ക്, ഗതാഗത പ്രശ്നം കൂടുതൽ പ്രാധാന്യമുള്ളതാക്കുന്നു. വൻ തോതിലുള്ള ഗതാഗതക്കുരുക്ക് വാഹന സഞ്ചാരത്തെ വൈകിപ്പിക്കുന്നതോടൊപ്പം, ഈ കാലതാമസം ജനങ്ങളുടെ ജീവിത നിലവാരത്തിലും സമ്പദ്‌വ്യവസ്ഥയിലും കാര്യമായ സ്വാധീനവും ചെലുത്തിയേക്കാം. മികച്ച ബഹുജന ഗതാഗത ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റും വികസനവും തീർച്ചയായും സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയെ ബാധിക്കുന്ന ഒന്നാണ്. നന്നായി വികസിച്ച ബഹുജന ഗതാഗത സംവിധാനത്തിന്റെ അഭാവം, പൊതുജനങ്ങളെ സ്വകാര്യ ഗതാഗതത്തെ കൂടുതൽ ആശ്രയിക്കാൻ ഇടയാക്കുകയും, ഇത് ഗതാഗതക്കുരുക്ക്, ട്രാഫിക് ജാം എന്നിവയോടൊപ്പം അനിയന്ത്രിത അളവിൽ മലിന വായു പുറംതള്ളുന്നതിനും ശബ്ദ മലിനീകരണം പാരിസ്ഥിതിക തകർച്ച എന്നിവയ്ക്കും ഇടയാകുന്നു.

സർക്കാർ നേതൃത്വത്തിൽ പുതിയ സംരംഭങ്ങൾ ഊർജ്ജസ്വലമാകുന്നത് കണ്ട ഒരു മേഖലയാണിത്. ഇന്ത്യൻ റെയിൽവെയും സംസ്ഥാന സർക്കാരും വിഭാവനം ചെയ്ത റെയിൽ അധിഷ്ഠിത പദ്ധതികൾ (തിരുവനന്തപുരം - കാസർകോട് സെമി ഹൈസ്പീഡ് റെയിൽ, തലശ്ശേരി - മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ - നഞ്ചൻകോട് റെയിൽ പദ്ധതി, അങ്കമാലി - ശബരി റെയിൽ പദ്ധതി മുതലായവ) മറ്റ് ഗതാഗതം പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മെട്രോ പദ്ധതിയിൽ കൊച്ചി മെട്രോ, നിർദ്ധിഷ്ട തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മേട്രോ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതികളും (ശബരിമല വിമാനത്താവളം, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ എയർസ്ട്രിപ്പുകൾ, ഹെലിപാഡുകൾ മുതലായവ) വ്യോമയാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

മറ്റ് അടിസ്ഥാന ഗതാഗത സൗകര്യങ്ങൾ

റെയിൽ ശൃംഖല

പാലക്കാട്, തിരുവനതപുരം റെയിൽവേ ഡിവിഷനുകളിലായി 1,588 കിലോമീറ്റർ ട്രാക്ക് ദൈർഘ്യവും 1,257 കിലോമീറ്റർ റൂട്ട് ദൈർഘ്യമുള്ള റെയിൽ ശൃംഖല സംസ്ഥാനത്തിനുണ്ട്. ഇന്ത്യൻ റെയിൽവേയുടെ ദക്ഷിണ റെയിൽവേ മേഖലയിലെ ആറ് അഡ്മിനിസ്ട്രേറ്റീവ് ഡിവിഷനുകളിൽ രണ്ടെണ്ണമാണ് ഈ ഡിവിഷനുകൾ. സംസ്ഥാനത്ത് ആകെ 200 റെയിൽവേ സ്റ്റേഷനുകളുണ്ട് (പാലക്കാട് ഡിവിഷനു കീഴിൽ 95, തിരുവനന്തപുരം ഡിവിഷനിൽ 105). സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രാക്ക് ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. മൈസൂർ റെയിൽ പദ്ധതി, നിലമ്പൂർ - നഞ്ചൻകോട്, അങ്കമാലി - ശബരി റെയിൽ പദ്ധതി തുടങ്ങിയ പുതിയ പാതകളുടെ സാധ്യതാ പഠനങ്ങൾ റെയിൽവെ മേഖലയിൽ നടന്നു വരുന്നു.

അർദ്ധ അതിവേഗ റെയിൽ പദ്ധതി (തിരുവനന്തപുരം - കാസർകോട് അർദ്ധ അതിവേഗ റെയിൽ ഇടനാഴി): സംസ്ഥനത്തെ റെയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേരള സർക്കാരും റെയിൽവേ മന്ത്രാലയവും (ഭാരത സർക്കാർ) ആരംഭിച്ച ഒരു സംയുക്ത സംരംഭമാണ്

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെആർഡിസിഎൽ). സംസ്ഥാനത്ത് തിരുവനന്തപുരം-കാസർകോട് സെമി ഹൈസ്പീഡ് റെയിൽ ഇടനാഴി പദ്ധതി സ്ഥാപിക്കുന്നതിന് കേരള റെയിൽ വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെആർഡിസിഎൽ) നെ ചുമതലപ്പെടുത്തി. കാസർഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന 529.45 കിലോമീറ്റർ ദൈർഘ്യമുള്ള സെമി ഹൈസ്പീഡ് റെയിൽ ഇടനാഴി, 200 കിലോമീറ്റർ വേഗതയുള്ളതും, സംസ്ഥാനത്തിന്റെ വടക്കും തെക്കും അറ്റങ്ങൾ തമ്മിലുള്ള ഗതാഗതം സുഗമമാക്കുകയും, നിലവിലെ 10 മുതൽ 12 മണിക്കൂർ വരെയുള്ള മൊത്തം യാത്രാ സമയം 4 മണിക്കൂറിൽ താഴെയായി കുറയ്ക്കുമെന്നും പ്രതീക്ഷിക്കുന്നു.

മാസ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനങ്ങൾ/മെട്രോകൾ

കൊച്ചി മെട്രോ റെയിൽ പദ്ധതി: കൊച്ചി മെട്രോ റെയിൽ, വാട്ടർ മെട്രോ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സ്ഥാപനം (എസ്.പി.വി) ആയ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) ആണ് സംസ്ഥാനത്തെ മെട്രോ പദ്ധതികളുടെ വികസനത്തിന് നേതൃത്വം നൽകുന്നത്. കേരളം, ഭാരത സർക്കാർ എന്നിവരുടെ തുല്യ ഓഹരി പങ്കാളിത്തത്തോടെ (15.24% വീതം) സംയുക്ത ഉടമസ്ഥതയിൽ പ്രവർത്തിച്ച് വരുന്ന ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമാണിത്. ആലുവ മുതൽ പേട്ട വരെയുള്ള 22 സ്റ്റേഷനുകൾ ഉൾപ്പെടുന്നതും 25.2 കിലോമീറ്റർ ദൈർഘ്യവുമുള്ള കൊച്ചി മെട്രോ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. പേട്ട മുതൽ എസ്എൻ ജംഗ്ഷൻ വരെയുള്ള ഘട്ടം 1 എ യുടെ പണികൾ പുരോഗമിക്കുന്നു, 2022-ൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എസ് എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഘട്ടം 1 ബി യുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു, 2023 സെപ്റ്റംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി മെട്രോയുടെ ആലുവ മുതൽ പേട്ട വരെയുള്ള യാത്രക്കാരുടെ എണ്ണം കോവിഡ്-19 രോഗവ്യാപനത്തിന് ശേഷം മെച്ചപ്പെട്ടുവരുന്നുണ്ട്, പ്രതിദിന ശരാശരി യാത്രക്കാരുടെ എണ്ണം 2021-2022 സാമ്പത്തിക വർഷത്തിൽ 31,229 ഉം 2022-23 ൽ ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം 2022 ഓഗസ്റ്റ് 31 വരെ, 58,315 ഉം ആണ്.

വാട്ടർ മെട്രോ: 76 കിലോമീറ്റർ ദൈർഘ്യത്തിൽ 10 ദ്വീപുകളെ തമ്മിൽ 38 ജെട്ടികൾ മുഖേന ബന്ധിപ്പിക്കുന്ന 16 റൂട്ടുകളാണ് കൊച്ചി വാട്ടർ മെട്രോ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൊച്ചി സംയോജിത ജലഗതാഗത പദ്ധതി 2022 ഓഗസ്റ്റിൽ 5 ബോട്ടുകൾ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കെഎഫ്ഡബ്ല്യൂ (KfW) ജർമ്മനിയിൽ നിന്ന് അധിക ധനസഹായം ലഭിക്കുന്നമുറയ്ക്ക് 2024 മാർച്ചോടെ പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് വാട്ടർ മെട്രോപദ്ധതിയുടെ വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

ലൈറ്റ് മെട്രോ റെയിൽ പദ്ധതി: കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെആർടിഎൽ) തിരുവനതപുരം, കോഴിക്കോട് നഗരങ്ങളിൽ മെട്രോ റെയിൽ സംവിധാനം നടപ്പിലാക്കൽ പ്രവർത്തിപ്പിക്കൽ പരിപാലിക്കൽ എന്നിവയ്ക്കായി രൂപീകരിച്ച ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപന (എസ്.പി.വി) മാണ്. എങ്കിലും, ഭാരത സർക്കാർ നിർദ്ദേശാനുസരണം (മെട്രോ പദ്ധതികൾക്ക് ഒരു സംസ്ഥാനത്തിന് ഒരു ഏജൻസി മാത്രമായിരിക്കണം), തിരുവനതപുരം, കോഴിക്കോട് നഗരങ്ങളിലെ മെട്രോ റെയിൽ സംവിധാനങ്ങളുടെ നടത്തിപ്പിന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (കെഎംആർഎൽ) സംസ്ഥാന സർക്കാർ നിശ്ചയിച്ചു. ഭാരത സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി 2020 ഡിസംബറിൽ പരിഷ്കരിച്ച തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ റെയിൽ പദ്ധതികൾക്കുള്ള വിശദ പദ്ധതി രേഖ സംസ്ഥാന ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സമിതി അവലോകനം ചെയ്തുവരുന്നു.

വ്യോമയാന മേഖല: രാജ്യത്ത് ഏറ്റവും കൂടുതൽ വിമാനത്താവളങ്ങളുള്ള കേരളം, ജനങ്ങളുടെ വിമാന യാത്രാ ആവശ്യങ്ങൾ ഫലപ്രദമായി നിറവേറ്റിവരുന്നു. കേരളത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി 4 അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. ഇതിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം പൊതു സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ വികസിപ്പിച്ചതാണ്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിച്ച ഗ്രീൻഫീൽഡ് എയർപോർട്ടായ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (നാല് വിമാനത്താവളങ്ങളിൽ ഏറ്റവും പുതിയത്) ഒന്നാം ഘട്ടം 2018 ഡിസംബറിൽ ഉദ്ഘാടനം ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

ഭൂമിശാസ്ത്രപരമായ ഏകീകരണം, പ്രാദേശിക സന്തുലിതാവസ്ഥ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം എന്നിവയ്ക്ക് പുറമെ കേരളത്തിലെ റെയിൽവേ, വ്യോമ, ഉൾനാടൻ ജലപാതകളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രതിജ്ഞാബദ്ധമാണ്.

ഊന്നൽ നൽകിയ മേഖലകൾ

1. എംആർടിഎസ് – സംസ്ഥാനത്ത് വേഗതയേറിയതും സുരക്ഷിതവും ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ മാസ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനം വികസിപ്പിക്കുക.
2. വിമാനത്താവളങ്ങൾ – യാത്രക്കാരുടെയും വ്യാവസായിക മേഖലകളിലെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിമാനത്താവള സൗകര്യങ്ങളുടെ വിപുലീകരണം.
3. റെയിൽവെ – ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, റെയിൽവെ സംവിധാനങ്ങളുടെ നവീകരണം (ഗതാഗതത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ളവ ഉൾപ്പെടെ), ആവശ്യമുള്ളിടത്ത് മേൽപ്പാലങ്ങളുടെയും അടിപ്പാതകളുടെയും നിർമ്മാണം, റെയിൽവെ ലെവൽ ക്രോസിംഗുകൾ ഒഴിവാക്കൽ, പുതിയ റെയിൽ അധിഷ്ഠിത ബഹുജന ഗതാഗത പദ്ധതികളുടെ വികസനം.
4. വികസന പദ്ധതികൾ നടപ്പിലാക്കാനും പദ്ധതി തുക പങ്കിടുന്നതിനും പങ്കാളിത്ത, സഹകരണ മാതൃകകൾ വികസിപ്പിക്കൽ.
5. മൾട്ടി-മോഡൽ ഗതാഗത സംവിധാനങ്ങളുടെ വികസനം, എൻഡ്-ടു-എൻഡ്, ഇന്റർ-മോഡൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തൽ.

വിഹിതവും ചെലവും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മറ്റ് ഗതാഗത മേഖലകൾക്ക് അനുവദിച്ച ബജറ്റ് വിഹിതവും ഓരോ ഉപവിഭാഗവും ഈ കാലയളവിൽ നടത്തിയ ചെലവും ചുവടെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 8.6 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മറ്റ് ഗതാഗത മേഖലയുടെ വാർഷിക ബജറ്റ് വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

വകുപ്പ്/ഏജൻസി	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		പതിമൂന്നാം പദ്ധതി ആകെ	
	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്
മറ്റ് ഗതാഗത സേവനങ്ങൾ												
മെട്രോ & ഏവിയേഷൻ												
തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ	1	0	1	0	1	0	1	0	1	0	5	0
അടിസ്ഥാന സൗകര്യ വികസനം – കണ്ണൂർ വിമാനത്താവളം (എംഐഡിപി)	1	55,224	1	0	1	23,817	1	12,608	1	1,099	5	92,747
കൊച്ചി സിറ്റിയിലെ മെട്രോ റെയിൽ സംവിധാനം (എംഐഡിപി)	1	33,293	1	33,270	1	42,440	10,001	61,020	1	23,617	10,005	1,93,640

വകുപ്പ്/ഏജൻസി	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		പതിമൂന്നാം പദ്ധതി ആകെ	
	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്
തിരുവനന്തപുരത്തും കോഴിക്കോട്-കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിലും (എംഐഡിപി) ലൈറ്റ് മെട്രോ സംവിധാനങ്ങൾ	1	0	1	133	1	0	1	0	50	50	54	183
കോഴിക്കോട് വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കൽ	1	0	1	0	1	0	1	0	1	0	5	0
ഹെലിപോർട്ടുകൾ സ്ഥാപിക്കൽ	1	0	1	0	1	0	50	0	50	0	103	0
കൊച്ചിയിലെ സംയോജിത ജലഗതാഗത സംവിധാനം (എംഐഡിപി)	1	0	1	1,000	1	424	10,001	9,007	10,001	7,230	20,005	17,661
കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (കെഎംടിഎ)	0	0	0	0	0	0	250	45	250	0	500	45
ബേക്കലിലെ എയർസ്ട്രിപ്പ്	1	0	1	0	1	0	0		0	0	3	0
വയനാട്, ഇടുക്കി, കാസർകോട് എന്നിവിടങ്ങളിൽ എയർസ്ട്രിപ്പ്	0	0	0	0	0		500	0	451	0	951	0
ഗ്രീൻ ഫീൽഡ് എയർപോർട്ട് ശബരിമല	0	0	0	0	0	0	200	0	200	455	400	455
നോൺ-മോട്ടറൈസ്ഡ് ട്രാൻസ്പോർട്ട് (എൻ.എം.റ്റി)	0	0	0	0	0	0	5,255	4,047	5,001	2,045	10,256	6,092
മൊബിലിറ്റി ഹബ്ബുകൾ	1	0	1		0	0	0	0	0	0	2	0
കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (എംഐഡിപി)	1	0	1	0	1	0	1	0	1	0	5	0
ആകെ	10	88,517	10	34,403	9	66,680	26,262	86,726	16,008	34,496	42,299	3,10,822

അവലംബം: വാർഷിക പദ്ധതി 2022-23 വാല്യം.I (അക്കൗണ്ടുകൾ) & പ്ലാൻസ്പെയ്സ്

*2017-18 മുതൽ 2019-2020 വരെയുള്ള കാലയളവിൽ MIDP ഉൾപ്പെടെ ടോക്കൺ പ്രൊവിഷൻ ഉള്ള അക്കൗണ്ട് സ്കീമുകളുടെ ബജറ്റ് വിഹിതം

പതിമൂന്നാം പഞ്ചവത്സര പദ്ധതി നേട്ടങ്ങൾ

മെട്രോ

1. 22 സ്റ്റേഷനുകളും ആലുവ മുതൽ പേട്ട വരെ 25.2 കിലോമീറ്റർ ദൈർഘ്യവുമുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടം 2020 ൽ കമ്മീഷൻ ചെയ്തു.
2. കൊച്ചി മെട്രോ ഘട്ടം IA, (1.80 കിലോമീറ്റർ നീളവും 2 സ്റ്റേഷനുകളുമുള്ള പേട്ട മുതൽ എസ്എൻ ജംഗ്ഷൻ വരെ) പദ്ധതി പ്രവൃത്തികൾ നന്നായി പുരോഗമിക്കുന്നു, ഇത് 2022-ൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
3. കൊച്ചി മെട്രോ ഘട്ടം IB (എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ 1.2 കിലോമീറ്റർ നീളവും 1 സ്റ്റേഷനും) പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുന്നു, 2023 ജൂണിൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
4. പേട്ട മുതൽ എസ്എൻ ജംഗ്ഷൻ (2 കിലോമീറ്റർ) വരെ ഘട്ടം IA 2022 ൽ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

റെയിൽവെ

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെആർഡിസിഎൽ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ വിഭാവനം ചെയ്തിട്ടുള്ള സെമി ഹൈ സ്പീഡ് റെയിൽ ഇടനാഴി ഇന്ത്യൻ റെയിൽവെയുടെ പരിഷ്കരിച്ച ഹൈലി യൂട്ടിലൈസ്ഡ് നെറ്റ്‌വർക്ക് (HUN)-11 ലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. (അവലംബം: ദേശീയ റെയിൽ പദ്ധതി-കരട് അന്തിമ റിപ്പോർട്ട്, വാല്യം. I, 2020).

വ്യോമയാനം

സംയോജിത പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രതിവർഷം (MPPA) 9 ദശലക്ഷം യാത്രക്കാരെ വരെ കൈകാര്യം ചെയ്യാൻ ശേഷിയുമുള്ള കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018-ലാണ് പ്രവർത്തനം ആരംഭിച്ചത്. 3050 മീറ്റർ നീളവും മോഡ്യുലാർ വിപുലീകരണ ശേഷിയുമുള്ള (07/25) കോഡ് ഇ എയർക്രാഫ്റ്റുകളുടെ ഓപ്പറേഷനുകൾക്ക് അനുയോജ്യവുമായ (ക്രിട്ടിക്കൽ എയർക്രാഫ്റ്റ് B 777-300 ER) റൺവേ, 4000 മീ. വരെ നീട്ടാൻ വ്യവസ്ഥ ചെയ്യുന്നു.

നിർണ്ണായക വിടവുകൾ

വ്യോമയാനം

1. അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണവും നിലവിലുള്ള വിമാനത്താവളങ്ങളുടെ അടിസ്ഥാന സൗകര്യ വിനിയോഗം മെച്ചപ്പെടുത്തലും.
2. വിമാനത്താവളങ്ങളിലേക്കുള്ള യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അറ്റകുറ്റപ്പണികൾ, റിപ്പയറിങ്, ഓവർഹോൾ (എംആർഒ), ലോജിസ്റ്റിക്സ് തുടങ്ങിയ വ്യോമയാന മേഖലയിലെ പുതിയ അവസരങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തൽ.
3. കണ്ണൂർ വിമാനത്താവളം - റോഡുകളും അനുബന്ധ അടിസ്ഥാന സൗകര്യ വികസനവും, മട്ടന്നൂർ നഗരത്തിലെ അംഗീകൃത റോഡ് പ്രോജക്ടുകളുടെയും വികസന പദ്ധതികളുടെയും നടത്തിപ്പും മെച്ചപ്പെടുത്തലും.

മെട്രോ

1. സംയോജിത വാട്ടർ മെട്രോ പദ്ധതിക്കായി 24.70 ദശലക്ഷം യൂറോയുടെ അധിക വായ്പയ്ക്ക് കേന്ദ്ര സർക്കാർ, കെഎഫ്ഡബ്ല്യൂ (KfW) എന്നിവയിൽ നിന്ന് അംഗീകാരം നേടൽ.
2. തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കൽ.

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

പൊതുഗതാഗതം മെച്ചപ്പെടുത്തുന്നതിന് റെയിൽവെ, വ്യോമ, ഉൾനാടൻ ജലഗതാഗതം എന്നിവ ഉൾപ്പെടെ എല്ലാ യാത്രാമാർഗങ്ങളും വികസിപ്പിക്കേണ്ടതുണ്ട്.

ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇന്ത്യൻ റെയിൽവെയാണ് സംസ്ഥാനത്തിന്റെ ഭൂരിഭാഗം റെയിൽവെ ശൃംഖലയും പരിപാലിക്കുന്നത്. ഇന്ത്യൻ റെയിൽവെയുടെ കീഴിൽ സംസ്ഥാനത്ത് നിലവിലുള്ള അടിസ്ഥാന റെയിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിന് കേരളം ഭാരത സർക്കാരിന്മേൽ സ്വാധീനം ചെലുത്തേണ്ടതുണ്ട്. ട്രാക്ക് മെച്ചപ്പെടുത്തൽ, ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, സ്റ്റേഷനുകളുടെ നവീകരണം, സിഗ്നലിംഗ്, സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ലെവൽ ക്രോസിംഗുകൾ ഓവർ ബ്രിഡ്ജുകളാക്കി മാറ്റൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നേമത്തെ രണ്ടാം കോച്ചിംഗ് ടെർമിനൽ, നിർദിഷ്ട അങ്കമാലി-എരുമേലി ശബരി പാത പുനലൂരിലേക്ക് നീട്ടൽ, തലശ്ശേരി മൈസൂർ പുതിയ റെയിൽവെ ലൈൻ നിർമ്മാണം, നിലമ്പൂർ-നഞ്ചൻകോട് തുടങ്ങിയ സ്വപ്ന പദ്ധതികൾ മുന്നോട്ടുകൊണ്ട് പോകുന്നതിന് കേരളം കേന്ദ്ര സർക്കാരുമായി യോജിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന് (എം.ആർ.ടി.എസ്) പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കൊച്ചി മെട്രോ രണ്ടാം ഘട്ടം, ജെഎൻഎൽ സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള പ്രവർത്തനങ്ങൾ, കൊച്ചി സംയോജിത ജലഗതാഗത സംവിധാനം എന്നിവയെ പദ്ധതി പിന്തുണയ്ക്കും. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയത്തിന് അനുസൃതമായി നടപ്പാക്കും. കേന്ദ്ര സർക്കാരിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ സിൽവർ ലൈൻ പദ്ധതി മുന്നോട്ട് കൊണ്ടുപോകും.

വ്യോമയാന മേഖലയിലെ നേട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ശ്രമം സംസ്ഥാനം തുടരും. യാത്രാസൗകര്യ വികസനം, ശേഷി വിനിയോഗം ഉറപ്പാക്കൽ, പുതിയ അവസരങ്ങൾ കണ്ടെത്തൽ എന്നിവയ്ക്ക് വ്യോമയാന മേഖലയിൽ മുൻഗണന നൽകും. വിവിധ ഗതാഗത മാർഗ്ഗങ്ങൾ സംയോജിപ്പിച്ച് സംയോജിത നഗര ഗതാഗത പദ്ധതികൾ വികസിപ്പിക്കുന്നതിനുള്ള കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യങ്ങൾ

വിശ്വസനീയവും സൗകര്യപ്രദവും സുരക്ഷിതവും ചെലവ് കുറഞ്ഞതും തടസ്സമില്ലാത്തതും സുസ്ഥിരവുമായ സംയോജിത ബഹുജന ഗതാഗത സംവിധാനത്തിന്റെ വികസനമാണ് പ്രധാന ലക്ഷ്യം. ഈ നേട്ടം കൈവരിക്കുന്നതിന് ഇനി പറയുന്ന മേഖലകളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1. സിൽവർ ലൈനും ലൈറ്റ് മെട്രോയും പോലെയുള്ള അതിവേഗ ഗതാഗത സംവിധാനങ്ങൾ.
2. സംയോജിത ജലഗതാഗത സംവിധാനത്തിന്റെ വികസനം ആദ്യം കൊച്ചിയിലും പിന്നീട് സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കൽ.
3. കൊച്ചി മെട്രോ റെയിൽ, വാട്ടർ മെട്രോ പദ്ധതികളുടെ പൂർത്തീകരണം.
4. വ്യോമയാന രംഗത്ത് വികേന്ദ്രീകൃത വികസനം സാധ്യമാക്കുന്നതിന് ഹെലിപാഡുകൾ/ ഹെലിപോർട്ടുകൾ/വിമാനത്താവളങ്ങൾ സ്ഥാപിക്കൽ അടിയന്തര സാഹചര്യങ്ങൾ നേരിടൽ ടൂറിസം/ബിസിനസ് രംഗങ്ങളിൽ നേട്ടമുണ്ടാക്കൽ എന്നിവ.
5. ശബരിമലയിലെ ഗ്രീൻഫീൽഡ് എയർപോർട്ട് വികസനം.
6. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും അനുബന്ധ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

1. കാസർഗോഡിനെയും തിരുവനന്തപുരത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ പദ്ധതി/സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കൽ.
2. തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ സംവിധാനം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം പദ്ധതിക്കായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലെ ഫ്ളൈ ഓവറുകളുടെ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള ഒരുക്കങ്ങൾ; ടെക്നോ പാർക്ക് മേഖലയിലേക്ക് അലൈൻമെന്റ് നീട്ടുന്നതിനുള്ള സാധ്യതാപഠനം എന്നിവ നടന്നുവരുന്നു.

3. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ (കെഎംആർഎൽ) ഘട്ടം IA 2022-ലും (പേട്ട മുതൽ എസ്എൻ ജംഗ്ഷൻ വരെ 2 കിലോമീറ്റർ നീളവും 2 സ്റ്റേഷനുകളും) ഘട്ടം IB (എസ്എൻ ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ 1.2 കിലോമീറ്റർ നീളവും 1 സ്റ്റേഷനും) 2023 ജൂണിലും പൂർത്തീകരിക്കും.

4. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ ജവഹർലാൽ നെഹ്റു (JLN) സ്റ്റേഡിയത്തിൽ നിന്ന് കാക്കനാട് വഴി ഇൻഫോപാർക്കിലേക്കുള്ള കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം പൂർത്തീകരണം.

5. പരമാവധി 100 യാത്രക്കാരെ വരെ വഹിക്കാൻ കഴിയുന്നതും 5 ബോട്ടുകളും 5 ടെർമിനലുകളും ഉൾപ്പെടുന്നതുമായ വാട്ടർ മെട്രോയുടെ ഉൽഘാടനം 2022ലും, കെഎഫ്ഡബ്ല്യൂ (KfW) ജർമനിയിൽ നിന്നുള്ള അധിക ധന സഹായത്തിന് വിധേയമായി മുഴുവൻ പദ്ധതി 2024 മാർച്ചോടുകൂടിയും പൂർത്തീകരിക്കും.

6. കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ (കെഎംടിഎ) പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി നഗരഗതാഗതത്തിന്റെ ഏകീകരണത്തിനും ഏകോപനത്തിനും മാനേജ്മെന്റിനുമായി ഒരു പൊതു കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ രൂപീകരണം.

7. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തലും അനുബന്ധ അടിസ്ഥാന സൗകര്യ വികസനവും.

അദ്ധ്യായം 9

ഭവന നിർമ്മാണം

അവലോകനം

സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ടയുടെ ഒരു പ്രധാന ഘടകമാണ് പാർപ്പിടം, കൂടാതെ നിരവധി സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്.ഡി.ജി) നേടുന്നതിനുള്ള അത്യന്താപേക്ഷിത ചാലകവുമാണ്. മതിയായതും ചെലവു താങ്ങാനാവുന്നതുമായ ഭവനങ്ങൾ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ എന്നിവയിൽ പ്രയോജനമുണ്ടാക്കുന്നു. കേരളത്തിന്റെ ഉയർന്ന മാനവിക വികസന നേട്ടങ്ങളും ജനങ്ങളുടെ താരതമ്യേന മെച്ചപ്പെട്ട സാമൂഹികവും സാമ്പത്തികവുമായ ജീവിതവും സംസ്ഥാനത്തിന്റെ ഭവന വ്യവസ്ഥകളിൽ നന്നായി പ്രതിഫലിക്കുന്നു. ഭവന നിർമ്മാണം മെച്ചപ്പെടുത്തുന്ന പ്രക്രിയ പലപ്പോഴും കുടുംബങ്ങൾക്ക് ദാരിദ്ര്യത്തിൽ നിന്നുള്ള ഒരു ഗോവണിയാണ്. ഈ മാറ്റങ്ങൾ വലിയ ഒരു സമൂഹത്തിന് പ്രയോജനം ചെയ്യുന്നു, അസമത്വം കുറയ്ക്കുകയും സാമ്പത്തികവും പ്രകൃതിദുരന്തങ്ങൾക്കെതിരെയും പ്രതിരോധം സൃഷ്ടിക്കുകയും ചെയ്യുന്നു.

മതിയായ പാർപ്പിടം അടിസ്ഥാന ആവശ്യവും മനുഷ്യാവകാശമായി അംഗീകരിക്കപ്പെട്ടതുമാണ്. പാർപ്പിട ദൗർലഭ്യം കുറയ്ക്കുന്നതിലും മെച്ചപ്പെട്ട നിലവാരത്തിലുള്ള ഭവനം നൽകുന്നതിലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്. കേരള സർക്കാർ കൂടുതൽ മുന്നോട്ട് പോകുകയും ആവാസ വ്യവസ്ഥ വികസനത്തിന്റെ സുസ്ഥിര മാതൃക എന്ന നിലയിൽ 2016-ൽ ലൈഫ് (ഉപജീവന ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും) എന്ന നൂതന സമ്പൂർണ ഭവന പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നു. (വിശദാംശങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന അധ്യായം കാണുക.)

ഭവന നിർമ്മാണ മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ ഇവയാണ്:

1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി)
2. ഭവന (സാങ്കേതിക സെൽ) വകുപ്പ്
3. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം(കെസ്റ്റിക്)
4. പൊതുമരാമത്ത് വകുപ്പ്

1. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി)

1971-ലാണ് കേരള സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് സ്ഥാപിതമായത്. കൂടാതെ 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ആക്ടിന്റെ വ്യവസ്ഥ അനുസരിച്ചാണ് ഇത് നിയന്ത്രിക്കപ്പെടുന്നത്. വിവിധ വരുമാന വിഭാഗങ്ങളിൽ ഉൾപെട്ടവരുടെയും വിവിധ വിഭാഗത്തിലുള്ള ആളുകളുടെയും ഭവന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഭവന പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗം (ഇ.ഡബ്ല്യു.എസ്), താഴ്ന്ന വരുമാന ഗ്രൂപ്പ് (എൽ.ഐ.ജി), ഇടത്തരം വരുമാന ഗ്രൂപ്പ് (എം.ഐ.ജി), ഉയർന്ന വരുമാന വിഭാഗം (എച്ച്.ഐ.ജി) എന്നിങ്ങനെയാണ്.

1971 മുതലുള്ള ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്:

- ഭൂമി കൈവശമുള്ളവർക്കായി വിവിധ ഭവന വായ്പാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.
- ഭൂമി ഏറ്റെടുക്കൽ നടപടിക്രമം/വിലപേശൽ വാങ്ങൽ എന്നിവയിലൂടെ സംഭരിച്ച ഭൂമിയിൽ പൊതു ഭവന പദ്ധതികളുടെയും പ്ലോട്ട് വികസന പദ്ധതികളുടെയും ആസൂത്രണവും നിർവ്വഹണവും.
- ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം ഭവന പദ്ധതികൾ നടപ്പിലാക്കൽ. ഉദാ: ആശ്വാസ് വാടക ഭവന പദ്ധതി.

- കേന്ദ്ര ഗവൺമെന്റിന്റെയും റവന്യൂ ടവറുകളുടെയും സഹായത്തോടെ വാണിജ്യ/ഓഫീസ് സമുച്ചയം, വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ എന്നിവയുടെ നിർമ്മാണം.

2. ഭവന (സാങ്കേതിക സെൽ) വകുപ്പ്

ഭവന (സാങ്കേതിക സെൽ) വകുപ്പ് സംസ്ഥാനതല സാങ്കേതിക സെല്ലായും സംസ്ഥാനത്തിന്റെ എല്ലാ ഭവന പ്രവർത്തനങ്ങളുടെയും ഏകോപനത്തിനും പിന്തുണക്കുമുള്ള നോഡൽ വകുപ്പായും പ്രവർത്തിക്കുന്നു. ഭവന നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങളിൽ സാങ്കേതിക മികവ്, ആസൂത്രണം, ഏകോപനം എന്നിവ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 1980 ലാണ് ഭവന (സാങ്കേതിക സെൽ) വകുപ്പ് രൂപീകരിച്ചത്.

നയങ്ങളും പരിപാടികളും അവലോകനം ചെയ്യുക, ഹൗസിംഗ് പദ്ധതികൾക്കും പ്രോഗ്രാമുകൾക്കും സാങ്കേതിക മാർഗനിർദേശവും ഡാറ്റ പിന്തുണയും നൽകൽ, ഭവന നിലവാരം ശിപാർശ ചെയ്യുന്നതിനായി ഭവന സർവേകൾ നടത്തുക, ഭവന നിർമ്മാണ മേഖലയിലെ ഉയർന്നുവരുന്ന ആവശ്യങ്ങൾക്കും സാങ്കേതിക ആവശ്യങ്ങൾക്കും സഹായം നൽകുക എന്നിവയാണ് വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ.

3. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്റ്റിക്)

നിർമ്മാണ മേഖലയിൽ നൂതന ആശയങ്ങൾ സൃഷ്ടിക്കുന്നതിനും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ (സി.ഇ.ഇ.എഫ്) നിർമ്മാണ സാങ്കേതിക വിദ്യകൾ സംസ്ഥാനത്ത് പ്രചരിപ്പിക്കുന്നതിനുമുള്ള ഒരു അംഗീകൃത ഏജൻസിയായാണ് 1989 ൽ കേരള സർക്കാരിന്റെ ഭവന വകുപ്പിന് കീഴിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്റ്റിക്) സ്ഥാപിച്ചത്. ഭവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും സാമ്പത്തികമായി ദുർബലരായ വിഭാഗത്തിന് (ഇ.ഡബ്ല്യു.എസ്) നടപ്പിലാക്കിയ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പൊതുജനങ്ങൾക്കും സർക്കാരിനും സഹായം നൽകുന്നതിന് ഭവന മേഖലയിൽ കെസ്റ്റിക് ഏർപ്പെട്ടിരിക്കുന്നു. ഇത് നിർമ്മാണ സാങ്കേതികവിദ്യയിൽ പരിശീലനം നൽകുകയും പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ നൽകുകയും ചെയ്യുന്നു. ബദൽ നിർമ്മാണ സാങ്കേതികവിദ്യകളെക്കുറിച്ച് മികച്ച അവബോധം സൃഷ്ടിക്കുക, പൊതുജനങ്ങൾക്കിടയിൽ അവ പ്രചരിപ്പിക്കുക, സുസ്ഥിരവും ദുരന്ത-പ്രതിരോധശേഷിയുള്ളതുമായ നിർമ്മാണ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ആശയം പ്രചരിപ്പിക്കുക എന്നിവയാണ് നിർമ്മിതി ലക്ഷ്യമിടുന്നത്.

നിർമ്മാണം/കൺസൾട്ടൻസി സേവനങ്ങൾ, ഭവനനിർമ്മാണ മാർഗ്ഗനിർദ്ദേശം, പരിശീലനം, നിർമ്മാണ സാമഗ്രികളുടെ മെറ്റീരിയൽ ടെസ്റ്റിംഗ്, നിർമ്മാണ സാമഗ്രികളുടെ ഉത്പാദനം, മരപ്പണി, ന്യായവിലയ്ക്ക് നിർമ്മാണ സാമഗ്രികൾ വിതരണം (കലവറ) എന്നിവയാണ് നിർമ്മിതി കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ. ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്), ക്യാറ്റ്-ലാബിഷാസ് ഡിസൈൻ ലാബ് (സിഎൽഡിഎൽ) എന്നിവയും നിർമ്മിതി കേന്ദ്രം കൈകാര്യം ചെയ്യുന്നു.

4. പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും)

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ, പുരുഷ/വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റലുകൾ എന്നിവ അടക്കമുള്ള വിവിധ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും പൊതുമരാമത്ത് വകുപ്പിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിസ്ഥിതി സൗഹൃദവും സുസ്ഥിരവും ഊർജ്ജ-കാര്യക്ഷമവും സൗന്ദര്യാത്മകവുമായ കെട്ടിടങ്ങൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും സമൂഹവുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ചേർന്ന് പ്രവർത്തിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ ഉദ്ദേശ്യം. കാര്യക്ഷമമായ രീതിയിൽ പൊതു കെട്ടിടങ്ങൾ രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും പരിപാലിക്കുകയും ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ സമയബന്ധിതമായി വിതരണം

ചെയ്യുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ കെട്ടിട നിർമ്മാണങ്ങളിലും സർക്കാരിന്റെ ഹരിത കെട്ടിട നയം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഭവന നിർമ്മാണ മേഖലയുടെ മൊത്തം വിഹിതം 348.48 കോടി രൂപയായിരുന്നു, അതിൽ 124.51 കോടി രൂപ ചെലവഴിച്ചു. പ്രധാന വിഹിതം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനും (246.79 കോടി രൂപ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനുമായിരുന്നു(41.45 കോടി രൂപ). കോവിഡ്-19 പകർച്ചവ്യാധിയും ഒന്നിലധികം ലോക്ക്ഡൗണുകളും കാരണം ഈ മേഖലയിൽ ചെലവ് കുറവാണ്.

പട്ടിക 9.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ (2017-22) ഭവന നിർമ്മാണ മേഖലയുടെ അടങ്കലും ചെലവും (രൂപ കോടിയിൽ)

വർഷം	വിഹിതം	ചെലവ്	ചെലവിന്റെ ശതമാനം
2017-18	70.92	51.02	71.94
2018-19	78.21	13.55	17.33
2019-20	73.25	11.71	15.99
2020-21	63.05	21.11	33.48
2021-22	63.05	27.12	43.01
ആകെ	**348.48**	**124.51**	**35.73**

അവലംബം: വാർഷിക ബജറ്റ് പ്രമാണങ്ങളും പ്ലാൻസ്പെയ്സും

ഭവനനിർമ്മാണ മേഖലയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വകുപ്പ് തിരിച്ചുള്ളതും വർഷം തിരിച്ചുള്ളതുമായ ബജറ്റ് വിഹിതവും ചെലവും ചുവടെ നൽകിയിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) വകുപ്പുകളുടെ സുപ്രധാന നേട്ടങ്ങൾ

I. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി)

- ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2017-18 മുതൽ 2021-22 വരെ (ഓഗസ്റ്റ് 31, 2021 വരെ) ആകെ 905 വീടുകൾ നിർമ്മിച്ചു.
- കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലെ സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായി ബോർഡ് ഭവന പദ്ധതി നടപ്പാക്കി.
- ഗാന്ധിനഗർ (കോട്ടയം), മുട്ടം (തൊടുപുഴ), കാക്കനാട് (എറണാകുളം), പല്ലഴി (തൃശ്ശൂർ), കിഴക്കേ ചാലക്കുടി (തൃശ്ശൂർ), എൻ.സി.സി നഗർ (തിരുവനന്തപുരം), കോഴിക്കോട് (മെഡിക്കൽ കോളേജിന് സമീപം), കട്ടപ്പന (ഇടുക്കി), മുളംകുന്നത്തുകാവ് (തൃശ്ശൂർ), ഇടപ്പള്ളി (എറണാകുളം), ഇടുക്കി ജില്ലയിലെ മുട്ടം ഡബ്ല്യു.ഡബ്ല്യു.എച്ച് വരെ അഡീഷണൽ ബ്ലോക്ക്, മാനന്തവാടി (വയനാട്) എന്നിവിടങ്ങളിൽ ബോർഡ് ഇതുവരെ 12 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിച്ചിട്ടുണ്ട്.
- സ്ഥിരമായി വൈദ്യ സഹായം ആവശ്യമുള്ളവരും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്നവരുമായ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മെഡിക്കൽ കോളേജുകൾക്ക് സമീപം വാടകയ്ക്ക് താമസ സൗകര്യം നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ആശ്വാസ് വാടക ഭവന പദ്ധതി. 2017-ലെ ഗവർണറുടെ പ്രസംഗത്തിലും ബജറ്റ് പ്രസംഗത്തിലും ഈ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആലപ്പുഴ മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജ്, കണ്ണൂർ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ബോർഡ് പദ്ധതി നടപ്പിലാക്കി, നിർമ്മാണം പുരോഗമിക്കുകയാണ്.

പട്ടിക 9.2 പട്ടിക പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഭവന മേഖലയ്ക്കായുള്ള വകുപ്പ് തിരിച്ചുള്ളതും വർഷാടിസ്ഥാനത്തിലുള്ള ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

വകുപ്പ്	2017–18		2018–19		2019–20		2020–21		2021–22		പതിമൂന്നാം പഞ്ചവത്സര പദ്ധതി	
	ബജറ്റ് വിഹിതം	ചെലവ് (അക്കൌന്റ്സ്)	ബജറ്റ് വിഹിതം	ചെലവ് (അക്കൌന്റ്സ്)	ബജറ്റ് വിഹിതം	ചെലവ് (അക്കൌന്റ്സ്)	ബജറ്റ് വിഹിതം	ചെലവ് (അക്കൌന്റ്സ്)	ബജറ്റ് വിഹിതം	ചെലവ്	മൊത്തം ബജറ്റ് വിഹിതം	മൊത്തം ചെലവും ശതമാനവും
കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി)	48.26	20.13	54.10	1.84	55.28	8.09	45.65	4.55	43.50	10.54	246.79	45.15 (18.29%)
ഭവന (സാങ്കേതിക സെൽ) വകുപ്പ്	0.50		0.60	0.15	0.50	0.00	0.60	0.06	0.60	0.26	2.80	0.47 (16.79%)
കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ	0.01										0.01	0.00 (0%)
കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം	7.15	1.48	7.90	0.38	8.37	0.25	8.16	2.66	9.87	7.50	41.45	12.27 (29.60%)
കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ	5.00	5.00	5.61								10.61	5.00 (47.13%)
പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും)	10.00	24.41	10.00	11.18	9.10	3.37	8.64	13.83	9.08	8.82	46.82	61.62 (131.61%)
ആകെ	**70.92**	**51.02**	**78.21**	**13.55**	**73.25**	**11.71**	**63.05**	**21.1**	**63.05**	**27.12**	**348.48**	**124.51 (35.73%)**

ഉറവിടം: വാർഷിക ബജറ്റ് ഡോക്യുമെന്റുകളും പ്ലാൻസ്പേസും

II. ഭവന (സാങ്കേതിക സെൽ) വകുപ്പ്

- കേരളത്തിനായുള്ള ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഹൗസിംഗ് സ്റ്റാറ്റസ് ഇൻഫർമേഷൻ സിസ്റ്റം:-2021-22 സാമ്പത്തിക വർഷത്തിൽ, ഈ പദ്ധതിക്ക് കീഴിൽ ഒരു വെബ് ജി.ഐ.എസ് പ്ലാറ്റ്ഫോം നിർമ്മിച്ചു, അതിലൂടെ തിരുവനന്തപുരം ജില്ലയിലെ ഒരു തദ്ദേശ സ്ഥാപനത്തിന്റെ (പൂവാർ ഗ്രാമപഞ്ചായത്ത്) പൈലറ്റ് പഠനം പൂർത്തിയാക്കി രേഖപ്പെടുത്തി. കൂടാതെ, പൈലറ്റ് പഠനത്തിനായി ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ഭൂപ്രദേശ അനുയോജ്യത വിശകലനം നടത്തി.

III. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്)

- സ്വയം സുസ്ഥിര ഗ്രാമങ്ങളുടെ വികസനം:- കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭവനരഹിതർക്കായി കെസ്നിക് 16 പാർപ്പിട യൂണിറ്റുകൾ പൂർത്തിയാക്കി.
- ഫിനിഷിംഗ് സ്കൂൾ ഫോർ സ്കിൽ ഇംപ്രൂവ്മെന്റ്:- തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 40 എഞ്ചിനീയറിംഗ് ബിരുദധാരികൾക്കായി മൂന്ന് മാസത്തെ കോഴ്സ് ഫിനിഷിംഗ് സ്കൂൾ സംഘടിപ്പിച്ചു. നല്ല നിർമ്മാണ രീതികൾക്കായുള്ള ഒരു തൊഴിൽ നവീകരണ പരിശീലന പരിപാടിയായി ഈ കോഴ്സ് പ്രശംസിക്കപ്പെട്ടു.
- ബിൽഡിംഗ് മെറ്റീരിയൽ ഫെയർ പ്രൈസ് ഷോപ്പ് (കലവറ):- ബിപിഎൽ/ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 15 ശതമാനം സബ്സിഡി നിരക്കിൽ നിർമ്മാണ സാമഗ്രികളുടെ വിൽപ്പന കെസ്നിക് കലവറ വഴി വിജയകരമായി നടത്തുന്നു. പഞ്ചായത്ത് തല വിൽപന കേന്ദ്രങ്ങൾ വഴിയും നിർമ്മാണ സാമഗ്രികൾ വിറ്റു.
- പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റ്:- കോഴിക്കോട് ജില്ലയിലെ ചാത്തമംഗലത്ത് പി.പി.പി മോഡിൽ പ്രീ-ഫാബ് പ്രൊഡക്ഷൻ യൂണിറ്റ് സജ്ജീകരിച്ചു. കെസ്നിക്കിന്റെ കോർപ്പറേറ്റ് ഓഫീസിൽ ഒരു മാതൃകാ പ്രീ-ഫാബ് കെട്ടിടം സജ്ജീകരിച്ചു.
- പരിശീലനങ്ങളും ബോധവൽക്കരണ പരിപാടികളും:-: 1320 തൊഴിലില്ലാത്ത യുവാക്കൾക്ക് പ്രയോജനം ചെയ്യുന്ന 88 പരിശീലന പരിപാടികൾ കെസ്നിക്ക് സംഘടിപ്പിച്ചിട്ടുണ്ട്. അതിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു. പ്രിഫാബ് കൺസ്ട്രക്ഷൻ, പെയിന്റിംഗ്, കൊത്തുപണി, മരപ്പണി, ഇലക്ട്രിക്കൽ, പ്ലംബിംഗ്, ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ (ബിഎംപി), ടെറാക്കോട്ട, ലാൻഡ്സ്കേപ്പിംഗ്, ടോട്ടൽ സ്റ്റേഷൻ, ഓട്ടോ കാഡ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തി. എഞ്ചിനീയർമാർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.
- ഓഫീസ് ഓട്ടോമേഷൻ: - കെസ്നിക്കിന്റെ കോർപ്പറേറ്റ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം വിജയകരമായി നടപ്പിലാക്കി. കെസ്നിക്കിന്റെ 14 പ്രാദേശിക കേന്ദ്രങ്ങളിൽ ഇത് നിലവിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

IV. പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും):

എല്ലാ ജില്ലകളിലും ആശുപത്രി കെട്ടിടങ്ങൾ, വിദ്യാഭ്യാസ സമുച്ചയം, സ്റ്റാഫ് ക്വാർട്ടേഴ്സ്, കോടതി സമുച്ചയം, സ്കൂൾ കെട്ടിടങ്ങൾ, കോളേജ് കെട്ടിടങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, സിവിൽ സ്റ്റേഷനുകൾ, ഓഡിറ്റോറിയങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങി നിരവധി നിർദ്ദിഷ്ട ജോലികൾ പൂർത്തിയാക്കാൻ പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിഭാഗത്തിന് കഴിഞ്ഞു. പൂർത്തീകരിച്ച പ്രവൃത്തികൾക്ക് പുറമേ, പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് വിംഗിന്റെ നിയന്ത്രണത്തിൽ നിരവധി പ്രധാന പദ്ധതികളും പുരോഗമിക്കുന്നു.

മേഖലയിൽ പരിഹരിക്കേണ്ട ഗുരുതരമായ വിടവുകൾ അല്ലെങ്കിൽ പ്രശ്നങ്ങൾ

ഭവന നിർമ്മാണ മേഖല നിരവധി വെല്ലുവിളികൾ നേരിടുന്നു. സമൂഹത്തിലെ പല വിഭാഗങ്ങളും ഇപ്പോഴും അപര്യാപ്തമായ പാർപ്പിടത്തിന്റെ പ്രശ്നം നേരിടുന്നു. വിടവ് നികത്തുന്നതിനായി, ഭവന (സാങ്കേതിക സെൽ) വകുപ്പ് ഗുണപരവും അളവ്പരവുമായ സ്പേഷ്യൽ ഹൗസിംഗ് സർവ്വേകൾ നടത്താനും ഭവന പദ്ധതികൾക്കായി ഒരു മൊഡ്യൂൾ തയ്യാറാക്കാനും നിർദ്ദേശിക്കുന്നു. ഇത് ഉപഭോക്താക്കളുടെ നിരവധി സാങ്കേതിക ആവശ്യങ്ങൾ പരിഹരിക്കാൻ സഹായിക്കും. വിദഗ്ധ തൊഴിലാളികളുടെ കുറവ്, വിദഗ്ധ എഞ്ചിനീയർമാർ, നിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ, മതിയായ ഗുണനിലവാര പരിശോധന ലാബുകളുടെ അഭാവം, ഗുണനിലവാരമുള്ള ഭവനത്തെക്കുറിച്ചുള്ള അവബോധമില്ലായ്മ തുടങ്ങിയ വെല്ലുവിളികൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്റ്റിക്ക്) അഭിമുഖീകരിക്കുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ കാലതാമസം, ഗുണനിലവാര നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാങ്കേതിക അനുമതി നൽകുന്നതിലെ കാലതാമസം തുടങ്ങിയ പ്രശ്നങ്ങൾ പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങളും ലോക്കൽ വർക്കുകളും) പരിഹരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

ഭവന നിർമ്മാണത്തിലേക്കുള്ള സമീപനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് പദ്ധതി. ഈ പദ്ധതി പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരുന്നതാണ്. ഈ പദ്ധതിയിൽ 2022 ഫെബ്രുവരി വരെ സംസ്ഥാനത്തെ 2,79,131 കുടുംബങ്ങൾക്ക് ഉന്നത നിലവാരമുള്ള വീടുകൾ–വ്യക്തിഗത ഭവനങ്ങളും ഫ്ലാറ്റുകളും ഉൾപ്പെടെ – നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഈ കുടുംബങ്ങൾ പാർപ്പിടത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട കുടുബങ്ങളാണ്. സംസ്ഥാനത്ത് അതുവരെ നിലനിന്നിരുന്ന വിവിധ വകുപ്പുകളുടെ ദരിദ്രർക്കായുള്ള എല്ലാ ഭവനപദ്ധതികളെയും സംയോജിപ്പിക്കുകയും ലൈഫ് പദ്ധതിയുമായി കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിവരുടെ പാർപ്പിട ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഇപ്പോൾ പ്രത്യേകം ഊന്നൽ നൽകുന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി)

നിലവിലുള്ള പ്ലാൻ സ്കീമുകൾ കൂടാതെ, കെ.എസ്.എച്ച്.ബി ഇനിപ്പറയുന്ന പുതിയ സംരംഭങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്

1. വയോജനങ്ങൾക്കുള്ള ഭവന പദ്ധതി: ആവശ്യാനുസരണം വിപണി വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിലെ ഒഴിഞ്ഞ സ്ഥലങ്ങളിൽ റിട്ടയർമെന്റ് ഭവനങ്ങൾ നിർമ്മിച്ച് വയോജനങ്ങൾക്കായി ഒരു ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്വതന്ത്രമായി ജീവിക്കാൻ കഴിവുള്ളവരും, കുറഞ്ഞ പിന്തുണയും പരിചരണവും ആവശ്യമുള്ളവരും താമസത്തിനും സേവനങ്ങൾക്കും സൗകര്യങ്ങൾക്കുമായി പണം നൽകാൻ തയ്യാറുള്ളവരുമായ മുതിർന്ന പൗരന്മാർക്ക് പ്രായത്തിന് അനുയോജ്യമായ ജീവിത സാഹചര്യങ്ങൾ പ്രദാനം ചെയ്യാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

2. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കുള്ള ഭവന പദ്ധതി: ട്രാൻസ്ജെൻഡർമാർക്ക് സാമ്പത്തികവും സുരക്ഷിതവും താങ്ങാനാവുന്നതുമായ വീടുകൾ നൽകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, സംസ്ഥാനത്ത് ട്രാൻസ്ജെൻഡറുകൾക്കായി ഒരു ഭവന പദ്ധതി അവതരിപ്പിക്കാൻ കെ.എസ്.എച്ച്.ബി നിർദ്ദേശിക്കുന്നു, അതുവഴി വിവേചനത്തിനെതിരെ പോരാടാനും സാമൂഹിക അവഹേളനത്തെ മറികടക്കാനും അവരെ സഹായിക്കുന്നു. ട്രാൻസ്ജെൻഡർ വിഭാഗക്കാർ കൂടുതലുള്ളതും കെ.എസ്.എച്ച്.ബി യുടെ ഉടമസ്ഥതയിലുള്ളതുമായ ഒഴിഞ്ഞ സ്ഥലങ്ങളിലാണ് ഭവന സമുച്ചയങ്ങൾ നടപ്പാക്കുക. ട്രാൻസ്ജെൻഡറുകൾക്കിടയിലെ സാമ്പത്തികമായി ദുർബലരായവർക്ക് സുരക്ഷിതമായ താമസ അന്തരീക്ഷം ഈ പദ്ധതി ഉറപ്പാക്കും.

3. സ്ത്രീകൾക്കായുള്ള നൈറ്റ് ഷെൽട്ടറിന്റെ നിർമ്മാണം–'സ്ത്രീ സുരക്ഷ': പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, ബോർഡിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ

എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന ഹോസ്റ്റലുകളിൽ സ്ത്രീകൾക്ക് ഹ്രസ്വകാല താമസ സൗകര്യം ഒരുക്കാൻ കെ.എസ്.എച്ച്.ബി നിർദ്ദേശിക്കുന്നു. ഈ സൗകര്യം യാത്ര ചെയ്യുന്ന സ്ത്രീകൾക്കും രാത്രിയിൽ അമ്മമാരോടൊപ്പം വരുന്ന 12 വയസ്സിന് താഴെയുള്ള ആൺകുട്ടികൾക്കും സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസ സൗകര്യം പ്രദാനം ചെയ്യും.

4. കൈരളി ശ്രീ ഹൗസിംഗ് സ്കീം: കെ.എസ്.എച്ച്. ബിയുടെയോ സർക്കാരിന്റെയോ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആവശ്യം അടിസ്ഥാനമാക്കി 1BHK, 2 BHK, 3 BHK പാർപ്പിട യൂണിറ്റുകളുടെ അപ്പാർട്ട്മെന്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് ഇത്. 3-6 ലക്ഷം വാർഷികവരുമാന പരിധിയിലുള്ളവർക്കും പദ്ധതിച്ചെലവിന്റെ 75% നൽകാൻ തയ്യാറുള്ളവർക്കും പ്രതിവർഷം 2000 വീടുകൾ വീതം നൽകാനാണ് ലക്ഷ്യമിടുന്നത്.

5. പാരസ്പര്യം പദ്ധതി: ഭാവിയിൽ യൂണിറ്റുകൾ വാങ്ങുന്നവരിൽ നിന്ന് അഡ്വാൻസ് തുക ഈടാക്കി കെ.എസ്.എച്ച്. ബിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഡിമാൻഡ് അസസ്മെന്റ്, മാർക്കറ്റ് വിശകലനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വാസയോഗ്യമായ യൂണിറ്റുകളുടെ നിർമ്മാണം.

6. മെട്രോ വർക്ക് ഫോഴ്സിന് മൈക്രോ ഹോംസ്: കെ.എസ്.എച്ച്.ബിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഡിമാൻഡ് അസസ്മെന്റിന്റെയും വിപണി വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ കോംപാക്റ്റ് സ്റ്റുഡിയോ യൂണിറ്റുകൾ നിർമ്മിക്കുക എന്നതാണ് പദ്ധതിയുടെ ആശയം. നഗരങ്ങളിലെ തൊഴിലാളികൾക്ക് പാർപ്പിട യൂണിറ്റുകൾ നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

7. എം. എൻ ലക്ഷം വീട് നവീകരണ പദ്ധതി: ജീർണിച്ച ഇരട്ട വീടുകൾ പൊളിച്ച് ആ സ്ഥലത്ത് രണ്ട് ഒറ്റ വീടുകൾ (1000 യൂണിറ്റ്) പുനർനിർമ്മിക്കലാണ് നവീകരണ പദ്ധതി വിഭാവനം ചെയ്യുന്നത്. 3 ലക്ഷം മുതൽ 6 ലക്ഷം വരെ വരുമാനമുള്ളവർക്ക് പ്രതിവർഷം 2000 രൂപ നിരക്കിൽ പാർപ്പിട യൂണിറ്റുകൾ നൽകുകയാണ് ലക്ഷ്യം.

ഭവന (സാങ്കേതിക സെൽ) വകുപ്പ്

കേരളത്തിനായുള്ള ജി.ഐ.എസ്-അധിഷ്ഠിത ഹൗസിംഗ് സ്റ്റാറ്റസ് ഇൻഫർമേഷൻ സിസ്റ്റം, പാർപ്പിടത്തിന്റെ വിവിധ വശങ്ങളിൽ പബ്ലിക് കൺസൾട്ടൻസി സേവനങ്ങളിലെ അംഗങ്ങൾക്ക് നൽകുന്നതിന് ചെലവ് കുറഞ്ഞ മൊഡ്യൂളുകൾ രൂപപ്പെടുത്തൽ തുടങ്ങിയ നിലവിലുള്ള പദ്ധതികൾ തുടരാൻ ഭവന (സാങ്കേതിക സെൽ) വകുപ്പ് നിർദ്ദേശിക്കുന്നു.

III. നിർമ്മിതി കേന്ദ്രം

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം:- പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, "ഗുണനിലവാരമുള്ള ഭവനം" ലഭ്യമാക്കാൻ കെസ്റ്റിക് ലക്ഷ്യമിടുന്നു. ഇക്കാര്യത്തിൽ, ബജറ്റ് പിന്തുണയോടെ അവരുടെ നിലവിലുള്ള പദ്ധതികൾ തുടരാൻ കെസ്റ്റിക് നിർദ്ദേശിക്കുന്നു. നിലവിലുള്ള പ്രോജക്ടുകൾക്ക് പുറമേ, ആധുനിക നിർമ്മാണ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പ് യൂണിറ്റുകൾക്കും തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾക്കും പിന്തുണാ സംവിധാനങ്ങൾ സ്ഥാപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

1. നാഷണൽ ഹൗസിംഗ് പാർക്ക്: ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) നാഷണൽ ഹൗസിംഗ് പാർക്ക് അവതരിപ്പിക്കും, വിവിധ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള മാതൃകാ വീടുകൾ പ്രദർശിപ്പിക്കുന്ന ഒരൊറ്റ പോയിന്റായി ഇത് പ്രവർത്തിക്കും. ഗുണഭോക്താക്കൾക്കും സ്റ്റാർട്ടപ്പുകൾക്കും അവരുടെ നൂതന ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും അവതരിപ്പിക്കാനും പ്രദർശിപ്പിക്കാനും ഇത് ഒരു വേദി നൽകും, അങ്ങനെ തെളിയിക്കപ്പെട്ട സാങ്കേതികവിദ്യയും ഇൻകുബേഷനും ത്വരിതപ്പെടുത്തൽ പിന്തുണയ്ക്കുമുള്ള ഭാവി സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായി ഇത് മാറും. ഇത് ഒരു "മോഡൽ കൺസ്ട്രക്ഷൻ ടെക്നോളജി ഹബ്" ആയി കാണുന്നു. അക്കാദമിക് സോൺ, ഹെറിറ്റേജ് സോൺ, എക്സിബിഷൻ ആൻഡ് എന്റർപ്രണർ പ്രൊമോഷൻ സോൺ, സോഷ്യൽ ആക്ടിവിറ്റീസ്, ടെയിനിംഗ് സോൺ എന്നിങ്ങനെ നാല് സോണുകൾ ഇതിൽ ഉണ്ടാകും.

2. നൈപുണ്യ വികസനത്തിനുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ: വർഷങ്ങളായി, നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് അവരുടെ അറിവ് സമ്പന്നമാക്കുന്നതിന് സാങ്കേതിക പിന്തുണ നൽകുന്നതിൽ കെസ്റ്റിക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിന്റെ ഒരു മുൻകൈ എന്ന നിലയിൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിൽ നിന്ന് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിദഗ്ദരായ എഞ്ചിനീയർമാരുടെ കുറവ് പരിഹരിക്കുന്നതിന് നാല് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കാൻ നിർദ്ദേശിക്കുന്നു. അഞ്ച് വർഷത്തിനുള്ളിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 460 സിവിൽ എൻജിനീയർമാർക്ക് പ്രയോജനപ്പെടുന്ന 23 കോഴ്സുകൾ നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്.

3. നൈപുണ്യ മെച്ചപ്പെടുത്തൽ പരിശീലനം: മരപ്പണി, ഡിജിറ്റൽ സർവേ, ഓട്ടോകാഡ്, പ്രീ-ഫാബ്, പെയിന്റിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ് കോഴ്സുകളിൽ നൈപുണ്യ മെച്ചപ്പെടുത്തൽ പരിശീലനം കെസ്റ്റിക് ഉദ്ദേശിക്കുന്നു. 2,520 പേർക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ അഞ്ച് വർഷത്തിനുള്ളിൽ 168 കോഴ്സുകൾ നടത്തി വിദഗ്ധ തൊഴിലാളികൾക്കുള്ള പരിശീലനം നടത്തും.

4. മൊബൈൽ ടെസ്റ്റിംഗ് ലാബ്: നിർമ്മാണ സാമഗ്രികളുടെ ഓൺ-സൈറ്റ് പരിശോധനയ്ക്കും ടെസ്റ്റിങ്ങിനുമായി ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് ആരംഭിക്കാൻ കെസ്റ്റിക്ക് ഉദ്ദേശിക്കുന്നു. നിർമാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ സഹായത്തോടെ നിർമാണ സാമഗ്രികളുടെ സ്പോട്ട് ടെസ്റ്റിംഗ് നടത്തും. അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തുടനീളം 10 യൂണിറ്റുകളെങ്കിലും സ്ഥാപിക്കും.

5. ബോധവൽക്കരണ പരിപാടി: ബദൽ നിർമ്മാണ സാങ്കേതികവിദ്യ, പ്രീ-ഫാബ്, 3D പ്രിന്റിംഗ് ടെക്നോളജി മുതലായവയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ലോറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലബിഷാസ്) ഉദ്ദേശിക്കുന്നു. ഈ പരിപാടി പ്രധാനമായും എഞ്ചിനീയർമാർ, സാങ്കേതിക വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരെ കേന്ദ്രീകരിക്കും.

പൊതുമരാമത്ത് വകുപ്പ് (കെട്ടിട നിർമ്മാണവും പ്രാദേശിക ജോലികളും):-

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പഴയ റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നു. സിവിൽ സ്റ്റേഷനുകളുടെ വികസനം, സംസ്ഥാനത്തെ പ്രധാന ഹൈവേകളിൽ പുതിയ മിനി സിവിൽ സ്റ്റേഷനുകൾ, മൊബിലിറ്റി ഹബ്, ലോജിസ്റ്റിക് പാർക്കുകൾ എന്നിവയുടെ നിർമ്മാണം വിഭാവനം ചെയ്യുന്നു. തിരുവനന്തപുരത്ത് പി.ഡബ്ല്യു.ഡി കോംപ്ലക്സിന്റെ നിർമ്മാണം, സ്ത്രീകൾക്കായി ഷോർട്ട് സ്റ്റേ ഹോമുകളുടെ നിർമ്മാണം, ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സ്റ്റുഡിയോ മാതൃകയിലുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവയും ഏറ്റെടുക്കും. നിലവിലുള്ള ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. നിർമ്മാണത്തിന്റെ പാരിസ്ഥിതിക ആഘാതം കുറച്ചുകൊണ്ട് ഹരിത കെട്ടിട സങ്കൽപ്പത്തിന് അനുസൃതമായി പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഊന്നൽ നൽകും.

മെഡിക്കൽ കോളേജുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ (സി.എച്ച്.സികൾ), പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (പിഎച്ച്.സികൾ), കുടുംബാരോഗ്യ കേന്ദ്രങ്ങൾ (എഫ്.എച്ച്.സികൾ) എന്നിവയുൾപ്പെടെ നിലവിലുള്ള ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനും വകുപ്പ് നിർദ്ദേശിക്കുന്നു. ഗ്രാമീണ, ആദിവാസി മേഖലകളിലെ പി.എച്ച്.സി.കളും സി.എച്ച്.സി.കളും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേകം പരിഗണിക്കും. ഓഫീസ് സമുച്ചയങ്ങളിൽ വിപുലമായ നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിച്ച് സുരക്ഷ ശക്തമാക്കും. ഭിന്നശേഷിക്കാർക്കായി ഇലക്ട്രോണിക് ഗൈഡിംഗ് സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ഓഫീസ് ഓട്ടോമേഷൻ ഏർപ്പെടുത്തും.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ പദ്ധതികൾ

1. ഹൗസിംഗ് പാർക്ക്: വാസ്തുവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു അന്താരാഷ്ട്ര ടെക്നോളജി ഹബ് സൃഷ്ടിക്കുന്ന ഒരു സമഗ്ര പദ്ധതിയാണിത്.

2. തന്റെയിടം പദ്ധതി:- സർക്കാർ/സർക്കാരിതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്ക് 18 വയസ്സ് തികയുമ്പോൾ ഈ സ്ഥാപനങ്ങളിൽനിന്നു പുറത്തു പോകേണ്ടി വരുന്നവർക്ക് വീട് നൽകുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വനിതാ ശിശു ക്ഷേമ വകുപ്പുമായി സഹകരിച്ചു കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ പദ്ധതി നടപ്പാക്കും.

ജനങ്ങളുടെ ക്ഷേമവും ഉയർന്ന സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകത ഉറപ്പുവരുത്തുന്നതിൽ ഭവനനിർമ്മാണത്തിന്റെ പ്രധാന പങ്ക് കണക്കിലെടുത്ത്, ദരിദ്രരുടെ ഭവന ആവശ്യകതകൾ ഏറ്റവും മുൻഗണനയോടെ പരിഗണിക്കും. അടിസ്ഥാന സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തൊഴിലവസരങ്ങൾ, വരുമാനം, മെച്ചപ്പെട്ട ഉപജീവനമാർഗം എന്നിവയ്ക്കൊപ്പം പാർപ്പിട സംവിധാനങ്ങൾ അനുബന്ധമായി നൽകണം.

അദ്ധ്യായം 10

സഹകരണം

അവലോകനം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിലാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഇന്ന് 16000-ലധികം സഹകരണ സംഘങ്ങളുള്ള കേരളത്തിലെ സഹകരണ പ്രസ്ഥാനം സംസ്ഥാനത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും ജീവിതത്തിന്റെ ഒട്ടുമിക്ക മേഖലകളിലും വ്യാപിച്ചിരിക്കുന്നതായികാണാം. ഇന്ന് വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ വിപുലമായ ശൃംഖലതന്നെ സംസ്ഥാനത്തുടനീളം കാണാം, പ്രത്യേകിച്ച് കാർഷിക വായ്പ, പൊതുവിതരണ സംവിധാനം, കാർഷികോൽപ്പന്നങ്ങളുടെ വിതരണം, വിപണനം, കാർഷിക സംസ്കരണം, ഉപഭോക്തൃ മേഖല, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഇൻഷ്വറൻസ്, അടിസ്ഥാന സൗകര്യ വികസനം, എസ്.സി/എസ്.ടി മേഖല, വനിതാ വികസനം എന്നിങ്ങനെയാണ്.

സഹകരണ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തന മേഖല/ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികളുടെ സ്വഭാവം, അവയുടെ അധികാര പരിധി/ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനം എന്നിവ അനുസരിച്ച് തരം തിരിച്ചിരിക്കുന്നു. 2021 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 16112 സഹകരണ സംഘങ്ങളുണ്ട്. ഇതിൽ, നിലവിൽ പ്രവർത്തിച്ചുവരുന്ന 12265 സംഘങ്ങൾ ഈ മേഖലയിലെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിച്ചുവരുന്നു. ആയതിനാൽ തന്നെ ഗ്രാമീണ ജനവിഭാഗങ്ങളിലും ഉപജീവനമാർഗങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസന പ്രക്രിയയിൽ സഹകരണ മേഖല സുപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു.

ഏകദേശം 848 സഹകരണ സംഘങ്ങൾ സുഭിക്ഷ കേരളം പദ്ധതിയിൽ പങ്കാളികളായി. ഇതിന്റെ ഭാഗമായി 1,838 മാതൃകാ ഫാമുകൾ സൃഷ്ടിക്കുന്നതിനായി 3,189.465 ഏക്കർ ഭൂമി ഉപയോഗിക്കുകയും 43,979 താൽക്കാലിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും അതോടൊപ്പം തന്നെ സംസ്ഥാനത്തെ സഹകരണ വായ്പാ ഘടന നവീകരിക്കുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സഹകരണ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാഴ്ചപ്പാട്. കൂടാതെ പതിമൂന്നാം പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, അതോടൊപ്പം തന്നെ ലിംഗ സമത്വത്തിനും ഊന്നൽ നൽകി.

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ, സംസ്ഥാന പദ്ധതി പ്രകാരം 1516.15 കോടി രൂപയും, എൻ.സി.ഡി.സി സഹായ പദ്ധതി പ്രകാരം 572.55 കോടി രൂപയും (SDG, AA എന്നിവയുൾപ്പെടെ) സഹകരണ മേഖലയ്ക്ക് അനുവദിച്ചുകിട്ടി. ഈ പദ്ധതികാലയളവിൽ, സംസ്ഥാന പദ്ധതിചെലവ് 76.16 ശതമാനവും, എൻ.സി.ഡി.സി 79.46 ശതമാനവുമായിരുന്നു (SDG, AA എന്നിവയുൾപ്പെടെ). പതിമൂന്നാം പദ്ധതികാലയളവിൽ ഈ മേഖലയുടെ വർഷികാടിസ്ഥാനത്തിലുള്ള അടങ്കലും ചെലവും അടങ്ങുന്ന പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 10.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതി എന്നിവയുടെ ബജറ്റ് വിഹിതവും ചെലവും

പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും–ഒരു അവലോകനം										
2017–18 മുതൽ 2021–22 വരെ കേരളത്തിലെ സഹകരണ മേഖലയ്ക്കുള്ള ബജറ്റ് പിന്തുണ										
(രൂപ കോടിയിൽ)										
	എൻ.സി.ഡി.സി വിഹിതവും ചെലവും					സംസ്ഥാന വിഹിതവും ചെലവും				
വർഷം	എൻ.സി.ഡി.സി പദ്ധതി	എസ്.ഡി.ജി/അഡീഷണൽ ഓതറൈസേഷൻ	ആകെ എൻ.സി.ഡി.സി പദ്ധതി	ചെലവ്	ശതമാനത്തിൽ	സംസ്ഥാന പദ്ധതി	എസ്.ഡി.ജി/അഡീഷണൽ ഓതറൈസേഷൻ	ആകെ സംസ്ഥാന വിഹിതം	ചെലവ്	ശതമാനത്തിൽ
2017–18	55.00	100.00	155.00	153.87	99.27	124.50	28.76	153.26	82.34	53.73
2018–19	65.00	100.00	165.00	123.96	75.13	154.75	324.95	479.70	391.32	81.58
2019–20	65.00	5.31	70.31	45.87	65.24	154.25	28.10	182.35	90.32	49.53
2020–21	65.00	52.24	117.24	109.76	93.62	134.96	403.55	538.51	513.77	95.41
2021–22	65.00	0.00	65.00	21.50	33.8	159.33	3.00	162.33	77.02	47.45
ആകെ	**315.00**	**257.55**	**572.55**	**454.96**	**79.46**	**727.79**	**788.36**	**1516.15**	**1154.77**	**76.16**

അവലംബം: പ്ലാൻ സ്പേസ്

** ചെലവിൽ supplementary demand for grant, additional authorisation എന്നിവ ഉൾപ്പെടുന്നു.*

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, സഹകരണ വകുപ്പിന്റെ ഹെഡ് ഓഫീസ്, ഡയറക്ടറേറ്റുകൾ, ജോയിന്റ് രജിസ്ട്രാർ ആഫീസ്, ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കി. ബിസിനസ്സ് ചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കുന്നതിനും, രജിസ്ട്രേഷനും ബൈലോ നിയമ ഭേദഗതിക്കുമായി ഒരു ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. സഹകരണ ഓഡിറ്റുകളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി കോഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (സി.എ.എം.ഐ.എസ്) നടപ്പിലാക്കി. കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2091 വീടുകൾ നിർമ്മിച്ചുനൽകുകയും, രണ്ടാം ഘട്ടത്തിൽ 14 ഫ്ലാറ്റുകൾ (ഓരോ ജില്ലയിലും ഒന്ന് എന്ന കണക്കിൽ) നിർമ്മിക്കാൻ ഉദ്ദേശിക്കുകയും, തുടർന്ന് 2021 ൽ തൃശ്ശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്കായി ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചുനൽകുകയും ചെയ്തു. സഹകരണ മേഖലയിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കേരളത്തിലുടനീളം 231 കോപ്പ് വെജ് ഫ്രഷ് മാർട്ടുകൾക്ക് ആരംഭം കുറിച്ചു. സങ്കീർണ്ണമായ ത്രിതല സഹകരണ ഘടനയെ ദ്വിതല ഘടനയാക്കി മാറ്റി. പതിമൂന്നാം പദ്ധതി കാലയളവിൽ അട്ടപ്പാടി ആദിവാസി ജനവിഭാഗങ്ങൾക്കായി സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പാക്കുകയും, പ്രൈവറ്റ് മണി ലെൻഡർമാരിൽ നിന്ന് സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി 2018 ൽ മുറ്റത്തെ മുല്ല എന്ന പദ്ധതി നടപ്പാക്കുകയും ചെയ്തു. ഇക്കാലയളവിൽ തന്നെ ട്രാൻസ്ജെന്റുകളുടെയും യുവാക്കളുടെയും ക്ഷേമത്തിനായി നിരവധി പുതിയ സഹകരണ സംഘങ്ങൾ രൂപീകരിച്ചു. ഇന്ത്യയിലെ ആദ്യത്തെ ഇന്ത്യാ ഇന്റർനാഷണൽ കോ-ഓപ് ട്രേഡ് ഫെയർ പദ്ധതി ഈ കാലയളവിൽ നടപ്പിലാക്കി. സഹകരണ ഉൽപ്പന്നങ്ങൾക്ക്, ഒരു പൊതു ബ്രാൻഡിംഗ് പ്രാവർത്തികമാക്കി. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സഹകരണ മേഖലയിൽ കേരള സർക്കാർ കൈവരിച്ച ഒരു സുപ്രധാന നേട്ടമായിരുന്നു, 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് എന്ന ഒരു ഏകീകൃത ബാങ്കാക്കി മാറ്റാൻ സാധിച്ചത്.

കാർഷിക വായ്പകളുടെ എണ്ണത്തിലുണ്ടായ ഇടിവ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ദുർബലമായ ബന്ധം, വർധിച്ചുവരുന്ന നിഷ്ക്രിയ ആസ്തി (എൻപിഎ), നവീകരണ നടപടികളുടെ മന്ദഗതിയിലുള്ള പുരോഗതി എന്നിവയാണ് സഹകരണ വായ്പാ മേഖലയിൽ നിലനിൽക്കുന്ന പ്രധാനപെട്ട ചില ദൗർബല്യങ്ങളും പ്രശ്നങ്ങളും. പ്രധാനമായും സഹകരണ-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ സംയോജനം പതിനാലാം പദ്ധതി കാലയളവിൽ സംഭവിക്കേണ്ടാതായിട്ടുണ്ട്. അതോടൊപ്പം തദ്ദേശ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാവായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുകയുംവേണം. ഗ്രാമീണ സഹകരണ സംഘങ്ങളുടെ ബിസിനസ്, വികസന പ്രവർത്തനങ്ങളിൽ യുവാക്കളുടെ പങ്കാളിത്തം ഇല്ലാതായിരിക്കുന്നു. അത് ഈ പതിനാലാം പദ്ധതി കാലയളവിൽ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

ക്രെഡിറ്റ്, ഡെപ്പോസിറ്റ് എന്നിവയിലെ വിഭവ ലഭ്യതാ അസന്തുലിതാവസ്ഥയാണ് സഹകരണ ബാങ്കിംഗ് മേഖലയുടെ വികസനം തടയുന്ന മറ്റൊരു ദൗർബല്യം. സഹകരണ ബാങ്കുകൾക്ക് എൻ.ആർ.ഐ നിക്ഷേപങ്ങളും വിദേശ വിനിമയ ഇടപാടുകളും കൈകാര്യം ചെയ്യാൻ കഴിയുന്നില്ല എന്നുള്ളതാണ് ഈ മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാനപെട്ട പ്രശ്നം. ഇതും പരിഹരിക്കപ്പെടേണ്ടതായിട്ടുള്ള മറ്റൊരു മേഖലയാണ്. വ്യവസായം എളുപ്പമാക്കുന്നതിനുള്ള പ്രക്രിയകൾ കാര്യക്ഷമമാക്കുന്നതിനും മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ (MSCS) വികസനം പ്രാപ്തമാക്കുന്നതിനുമായി സഹകരണത്തിനായി കേന്ദ്ര സർക്കാർ അടുത്തിടെ ഒരു പ്രത്യേക മന്ത്രാലയം രൂപീകരിച്ചിരുന്നു. ഈ നീക്കം സംസ്ഥാന സഹകരണ സംവിധാനത്തിനുതന്നെ വലിയ ഭീഷണിയാണ്.

ആശുപത്രി സഹകരണ സംഘങ്ങളുടെ നവീകരണം, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം, വൈവിധ്യവൽക്കരണം, ശക്തിപ്പെടുത്തൽ എന്നിവയ്ക്കായി സഹകരണ മേഖലയ്ക്ക് കീഴിൽ ഒരു പ്രത്യേക പാക്കേജ് ആവശ്യമാണ്. അതോടോപ്പംതന്നെ ലാഭകരമല്ലാത്ത സൊസൈറ്റികളുടെ പുനരുജ്ജീവനത്തിനും ഒരു പ്രത്യേക പാക്കേജ് ആവശ്യമാണ്. ആധുനികവൽക്കരണത്തിന് പ്രത്യേകിച്ച്, ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കും ഈ പദ്ധതി.... ൊ012346 കാലയളവിൽ ന്യായമായ സാമ്പത്തിക സഹായം നൽകേണ്ടതായിട്ടുണ്ട്. കാർഷിക ഉൽപ്പാദന പ്രക്രിയകളിലെ സംഭാവനയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപന ചട്ടക്കൂടിലെ ബലഹീനതകൾ തിരിച്ചറിയുന്നതിനായി, നിർണായകമായ ഒരു വിലയിരുത്തൽ നടത്തേണ്ടതും, തിരുത്തലുകളോ പരിഹാരങ്ങളോ അവശ്യമായി വരുന്നെങ്കിൽ ആയത് നിർദ്ദേശിക്കേണ്ടതായിട്ടുമുണ്ട്. അതോടൊപ്പം തന്നെ കാർഷിക വളർച്ച കർഷകരുടെ വരുമാനം എന്നിവ മെച്ചപ്പെടുത്തുന്നതിന്, സഹകരണ സംഘങ്ങളെയും കർഷക ഉൽപ്പാദക കമ്പനികളെയും (FPC) ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

കാർഷിക പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിൽ കേരളത്തിന്റെ സഹകരണ വായ്പാ സംവിധാനത്തിന്റെ പ്രകടനത്തെക്കുറിച്ച് നിർണായകമായ ഒരു വിലയിരുത്തൽ നടത്തണം. വിതരണ ശൃംഖലയിൽ സഹകരണ മേഖലയുടെ ഇടപെടൽ ത്വരിതപ്പെടുത്തി കേരളത്തിലെ കാർഷിക വിതരണ ശൃംഖല ശക്തിപ്പെടേണ്ടതായിട്ടുണ്ട്. കാർഷിക വളർച്ചയ്ക്ക് സംഭാവന നൽകുന്നതിന് ലൈൻ ഡിപ്പാർട്ട്മെന്റുകൾ, എൽ.എസ്.ജി.ഐകൾ, സഹകരണ സ്ഥാപനങ്ങൾ, എഫ്.പി.സി.കൾ എന്നിവയിലുടനീളമുള്ള ഏകോപനത്തിൽ പുരോഗതി ആവശ്യമായിട്ടുണ്ട്, ആയതിനാൽ അതുമായി ബന്ധപെട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ പദ്ധതി കാലയളവിൽ വളരെയധികം പ്രാധാന്യം നൽകി മുന്നോട്ട് കൊണ്ടുപോകേണ്ടാതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉൽപ്പാദനമേഖലയുടെ വിഭവശേഷിയെ പിന്തുണയ്ക്കുന്നതിന് കേരള ബാങ്കിൽ വലിയൊരു പരിവർത്തനം തന്നെ സംഭവിക്കേണ്ടാതായിട്ടുണ്ട്. അത് ഈ കാലഘട്ടത്തിന്റെ ആവശ്യവുമാണ്. ഈ മേഖലയുടെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക വളർച്ചയ്ക്ക്, സഹകരണ പ്രസ്ഥാനത്തിൽ യുവജനങ്ങളുടെ പങ്കാളിത്തം ആഴത്തിലാക്കുകയും വിപുലീകരിക്കുകയും വേണം. കൃഷി, എം.എസ്.എം.ഇകൾ, വിനോദസഞ്ചാരം തുടങ്ങിയ ഉൽപ്പാദന-ഉൽപ്പാദേനതര മേഖലകളിലേക്കുള്ള വിഭവങ്ങളുടെ പ്രധാന ദാതാവായി കേരള ബാങ്ക് പ്രവർത്തിക്കേണ്ടതുണ്ട്. പ്രസ്ഥാനത്തിന്റെ ഭാവി വളർച്ചയെ ത്വരിതപ്പെടുത്താൻ കഴിയുന്ന ഒരു സമഗ്ര നയം കേരള സർക്കാർ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഈ പദ്ധതി കാലയളവിൽ തന്നെ, പുതിയ സംരംഭങ്ങൾക്ക്, പ്രത്യേകിച്ച് സ്റ്റാർട്ടപ്പുകൾക്ക് ധനസഹായം നൽകുന്നതിൽ സഹകരണ മേഖല പങ്കാളികളാകണം.

പതിനാലാം പഞ്ചവത്സര പദ്ധതി (2022-27)

സഹകരണ സ്ഥാപനങ്ങൾ പ്രാഥമിക മേഖലയിലും കാർഷിക വിപണനത്തിലും ഉൽപന്ന സംയോജനത്തിലും വ്യവസായത്തിലും സേവനത്തിലും ചില്ലറ വ്യാപാരത്തിലും നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ഇടപെടണം. കേരളത്തിന്റെ സഹകരണ ഘടനയിലെ മുൻനിര സ്ഥാപനമായ കേരള ബാങ്ക് അതിന്റെ വികസന പങ്ക് പരിഷ്കരിക്കുകയും ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോ വിശാലമാക്കുകയും ചെയ്തുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുന്ന രീതിയിലേക്ക് അതിന്റെ പ്രവർത്തനം വിപുലീകരിക്കണം. യുവജനങ്ങളെ വൻതോതിൽ ആകർഷിക്കുന്നതിനും പങ്കാളികളാക്കുന്നതിനും സഹകരണ പ്രസ്ഥാനം ഭാവിയുടെ ഒരു സംഘടനാ രൂപമായി സ്വയം സ്ഥാപിതമാകേണ്ടതുണ്ട്. അതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്ക് സഹകരണ മേഖല കൂടുതൽ സാങ്കേതികവിദ്യയും ഫണ്ടും നൽകണം. കേരള ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം

ശക്തിപ്പെടുത്തുന്നതോടൊപ്പം, പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരള ബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കണം. സഹകരണ സംഘങ്ങളുടെ എല്ലാ തലങ്ങളിലും പൊതുവായ ഒരു സോഫ്റ്റ്‌വെയർ എന്ന ആശയം സുപ്രധാനമാണ്. സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തൽ, മികച്ച മേൽനോട്ട ഘടനകൾ രൂപപ്പെടുത്തൽ, മേഖലയുടെ പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഏകോപിത ശ്രമങ്ങൾ എന്നിവയിലൂടെ പ്രവർത്തനരഹിതമായ/നിഷ്ക്രിയമായ സഹകരണ സംഘങ്ങളെ ഉയത്തികൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തും. സഹകരണ മേഖല കൂടുതൽ വായ്പാ പിന്തുണയോടെ കാർഷിക-കാർഷികേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം.

പതിനാലാം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വികസന വകുപ്പുകളും തമ്മിലുള്ള പ്രവർത്തനപരമായ ഒത്തുചേരലിനായി തന്ത്രം രൂപപ്പെടുത്തണം. കർഷക-ഉത്പാദക സംഘടനകളുടെ (എഫ്.പി.ഒ കളുടെ) ഒന്നിലധികം രൂപങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തുതല ഭൂവിനിയോഗ പദ്ധതികൾ രൂപീകരിക്കുന്നതിനോടൊപ്പം എസ്.എച്ച്.ജികൾക്കും ജെ.എൽ.ജികൾക്കും കൃഷിക്കായി ഭൂമി പാട്ടത്തിന് നൽകുന്നതിന് നിയമപരമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സംഭരണത്തിനുള്ള അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനും സംഭരണ/വെയർഹൗസിംഗ് മേഖലയിൽ സംസ്ഥാനതല നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ഭൂമി ഏറ്റെടുക്കൽ നയത്തിന്റെയും ലൈസൻസിംഗിന്റെയും ഉദാരവൽക്കരണം നടക്കണം. കേരള ബാങ്കിന്റെ മേൽനോട്ടത്തിൽ സ്റ്റോറേജ്/വെയർഹൗസിംഗ് മേഖലയിലേക്കുള്ള വായ്പാ പ്രവാഹം വർധിപ്പിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയും ഗോഡൗണുകളും വിനിയോഗിക്കുന്നതിന് പ്രോത്സാഹനം നൽകണം. മൂല്യവർദ്ധിത സംരംഭങ്ങൾക്ക്, പ്രത്യേകിച്ച് നാളികേരം, പച്ചക്കറികൾ, പഴങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പലവ്യഞ്ജനങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. കാർഷിക വിപണന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും അതോടൊപ്പം വിപുലീകരിക്കുന്നതിനുമായി ഈ മേഖലയിൽ കൂടുതൽ വായ്പാ വിതരണ സദ്ധ്യതകൾ പരിശോധിക്കണം. സഹകരണ മേഖലയിലെ കാർഷിക വിപണികൾക്കായി സമഗ്രമായ സംസ്ഥാനതല നിയമനിർമ്മാണം കൊണ്ടുവരുന്നതിനുള്ള സാധ്യത പരിശോധിക്കണം, കാർഷിക മേഖലയിൽ ആധുനികമായ ഒരു വിതരണ ശൃംഖല സ്ഥാപിച്ചെടുക്കണം, ഇങ്ങനെ സ്ഥാപിക്കുന്ന വിതരണ ശൃംഖലയുടെ താഴെത്തട്ടിലുള്ള വികസനം, അതായത് പഞ്ചായത്ത് തലത്തിൽ മൊബൈൽ കോൾഡ് സ്റ്റോറേജുകളും, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ വലിയ സംഭരണശാലകൾ എന്നിങ്ങനെ ആയിരിക്കണം. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഒരു "കാർഷിക വായ്പാ സംഘം" എന്ന പ്രാഥമിക പ്രവർത്തനത്തിലേക്ക് മടങ്ങുകയും, അവരുടെ പ്രാഥമിക പ്രവർത്തനം കാർഷിക ധനസഹായം ആയിരിക്കുകയും വേണം. ഉൾനാടൻ മത്സ്യബന്ധനം, വാണിജ്യ ഡയറി-ഫാമുകൾ, കന്നുകാലി സംരംഭങ്ങൾ, കോഴി വളർത്തൽ സംരംഭങ്ങൾ, മറ്റ് കന്നുകാലി പ്രവർത്തനങ്ങൾ എന്നിവയെ പിന്തുണച്ചുകൊണ്ട് പുതിയ കാർഷികാനുബന്ധ മേഖലകളിലേക്ക് ഹ്രസ്വകാല, ദീർഘകാല കാർഷിക വായ്പകൾ നൽകി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വൈവിധ്യവത്കരിക്കണം. ഈ മേഖലയുടെ ഭാവി വികസനത്തിന് 1969 ലെ കേരള കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഭേദഗതി ചെയ്യേണ്ടത് അനിവാര്യമാണ്. കേരള ബാങ്ക് അതിന്റെ വായ്പാ വിതരണ ശൃംഖല വിപുലീകരിച്ച് പ്രവർത്തനരഹിതമായ ആസ്തികൾ, പുതുതായി രൂപപ്പെടുന്ന കിട്ടാക്കടം എന്നിവപോലുള്ള പഴുതുകൾ കുറയ്ക്കുന്നതിനുള്ള ശ്രമം നടത്തണം. കൃഷി, ഗ്രാമീണ വികസനം, ഡയറി, ഫിഷറീസ് എന്നിവയുൾപ്പെടെയുള്ള വകുപ്പുകളും അവരുടെ അധികാരപരിധിയിൽ വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും മറ്റ് പ്രാദേശിക പങ്കാളികളുമായും ഇടയ്ക്കിടെ ആശയവിനിമയം നടത്താൻ LSGI-കൾ ഒരു പ്ലാറ്റ്ഫോം രൂപീകരിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘകാല കാർഷിക പദ്ധതികൾക്ക് കേരള ബാങ്ക് ധനസഹായം നൽകുകയും വേണം. നിലവിൽ ഇങ്ങനെയുള്ള ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നാണ് വിതരണം ചെയ്തുവരുന്നത്. അങ്ങനെ ധനസഹായം ചെയ്യുന്നതിലൂടെ PACS-കൾക്ക് LSGI-കളുടെ ബാങ്കിംഗ് പങ്കാളികളായി മാറുവാനും സാധിക്കും. സ്ത്രീകൾ, എസ്സി/എസ്ടി സഹകരണ സംഘങ്ങൾ, പുതുതായി ആരംഭിച്ച യുവജന സഹകരണസംഘങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് കേരള ബാങ്ക് പ്രത്യേകവും എന്നാൽ സംയോജിതവുമായ ഒരു ക്രെഡിറ്റ് ലക്ഷ്യം സജ്ജീകരിക്കണം. ക്രെഡിറ്റ്, നോൺ-ക്രെഡിറ്റ് സൊസൈറ്റികളുടെ ഉൽപ്പന്നങ്ങളുടെയും പ്രവർത്തനങ്ങളുടെയും പ്രോത്സാഹനത്തിനായി, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള സഹകരണ സംരംഭകരുമായി ആശയവിനിമയം നടത്താൻ വാർഷിക വ്യാപാര മേളകൾ സംഘടിപ്പിക്കണം. കേരള

ബാങ്ക് കുടുംബശ്രീകളുമായി സഹകരിക്കുകയും കുടുംബശ്രീകൾ പ്രോത്സാഹിപ്പിക്കുന്ന കാർഷിക ഉത്പാദക കമ്പനികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം.

പ്രാഥമിക അഥവാ കാർഷിക മേഖലയിൽ സഹകരണ മേഖല ഇടപെടുന്നതോടെ, പ്രാഥമിക മേഖലയിലും, കാർഷിക വിപണനത്തിലും, ഉൽപന്ന സംയോജനത്തിലും, വ്യവസായത്തിലും സേവനത്തിലും, ചില്ലറ വ്യാപാരത്തിലും അതോടൊപ്പം മറ്റ് മേഖലകളിലും നിക്ഷേപം വർദ്ധിക്കും. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനായി കേരള ബാങ്ക് ബാങ്കിംഗ് ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോ വികസിപ്പിക്കുകയും വിശാലമാകുകയും വേണം. ഭാവിയുടെ ഒരു സംഘടനാ രൂപമെന്ന നിലയിൽ, കേരള ബാങ്ക് യുവാക്കളെ വലിയ തോതിൽ ആകർഷിക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ഉൾപ്പെടുത്തുകയും വേണം. യുവാക്കളെ ഈ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്ന സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾക്ക് ഈ മേഖല കൂടുതൽ സാങ്കേതികവിദ്യയും ഫണ്ടും നൽകി സഹായിക്കും. കേരള ബാങ്കും പ്രാഥമിക സഹകരണ സംഘങ്ങളും തമ്മിലുള്ള സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സാമ്പത്തിക തന്ത്രങ്ങളും കേരള ബാങ്കിന്റെ വാണിജ്യ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കും. സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തുകയും മികച്ച മേൽനോട്ട ഘടനയും ഏകോപനവും സൃഷ്ടിക്കുകയും ചെയ്യുന്നത് പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കും. വിതരണ ശൃംഖലയിലും മൂല്യവർദ്ധനയിലും സഹകരണ മേഖലയുടെ ഇടപെടൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കാർഷിക വളർച്ചയ്ക്ക് സംഭാവന നൽകുന്നതിനായി പ്രധാനപ്പെട്ട വകുപ്പുകൾ, എൽ.എസ്.ജി.ഐ.കൾ, സഹകരണ സ്ഥാപനങ്ങൾ, എഫ്.പി.സികൾ എന്നിവയിലുടനീളം ഏകോപനവും സംയോജനവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പ്രാഥമിക സഹകരണ സംഘങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിനായി വിവര സാങ്കേതിക വിദ്യാധിഷ്ഠിത പരിഹാരങ്ങൾ നടപ്പിലാക്കുന്നതിന് പതിനാലാം പഞ്ചവത്സര കാലയളവിൽ ഗണ്യമായ ശ്രമങ്ങൾ നടത്തും. അതായത് സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കുമുള്ള ഏകീകൃത സോഫ്റ്റ്‌വെയർ, കോർ ബാങ്കിംഗ് മുതലായവ നടപ്പിലാക്കും. ഈ മേഖല സ്വയം പരിവർത്തനത്തിലൂടെയും പുതിയ അനുബന്ധ സ്ഥാപനങ്ങളുടെ സൃഷ്ടിയിലൂടെയും വിജയകരമായ മൂല്യാധിഷ്ഠിത സബ്സിഡിയറി സംരംഭങ്ങൾ സ്ഥാപിക്കണം എങ്കിൽ മാത്രമേ കാലനുസൃതമായ നിലനിൽപ് സാധ്യമാകുകയുള്ളൂ. തദ്ദേശ സ്വയംഭരണം, സഹകരണം, വികസനം എന്നീ വകുപ്പുകൾക്കിടയിലും, അവ തമ്മിലും പരമാവധി പ്രവർത്തനപരമായ ഒത്തുചേരലിന് ഈ മേഖല ശ്രമിക്കും. കർഷക ഉൽപ്പാദക സംഘടനകളുടെ ഒന്നിലധികം രൂപങ്ങൾ സൃഷ്ടിക്കുന്നത് ഭാവി പ്രക്രിയകളിൽ, പഞ്ചായത്ത് തലത്തിലുള്ള കാർഷിക ഉത്പാദക സംഘങ്ങളുടെയും കമ്പനികളുടെയും രൂപത്തിൽ അത്യന്താപേക്ഷിതമാണ്. സംഭരണ മേഖലയിലേക്കുള്ള വായ്പാ ഒഴുക്ക് വർധിപ്പിക്കുന്നതിനുള്ള ചുമതല കേരള ബാങ്കിനെ ഏൽപ്പിക്കും. കാർഷിക വിപണന അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വിപുലീകരിക്കുന്നതിനും കൂടുതൽ വായ്പ നൽകാൻ ശ്രമിക്കും. സ്ത്രീകളുടെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും സഹകരണ സംഘങ്ങളെ കൂടുതൽ വൈവിധ്യവൽക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും, അതുവഴി സഹകരണ ഉൽപന്നങ്ങളുടെ ഉത്പാദനം, വിപണനം, ഓൺലൈൻ വിപണനം, ബ്രാൻഡിംഗ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് അവസരമൊരുങ്ങുകയും അതേ കൺസോർഷ്യത്തിന് തന്നെ നേരിട്ട് മാലിന്യ സംസ്കരണത്തിലും, ഉത്പന്ന-സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും കഴിയും.

സഹകരണ സംഘങ്ങളിൽ ഒരു ലക്ഷം കോടിയിലധികം രൂപയുടെ നിക്ഷേപമുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപ്പാദനം ഉറപ്പാക്കുകയും ചെയ്യുന്ന ഗ്രൂപ്പുകളുടെ കൺസോർഷ്യം രൂപീകരിച്ച് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഈ ഫണ്ട് ഉൽപ്പാദന-മൂല്യവർദ്ധിത-വിതരണ മേഖലകളിലേക്ക് നിക്ഷേപിക്കുന്നതിന് സാധിക്കും. ഇത് കാർഷികമേഖലയിലെ വിലത്തകർച്ച ഒരു പരിധിവരെ തടയാൻ സാധിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതി മുന്നോട്ടുവയ്ക്കുന്ന പ്രധാനപെട്ട നിർദ്ദേശങ്ങൾ

- സഹകരണ മേഖലയിലെ പ്രാഥമിക തലത്തിലുള്ള വിവിധ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം അടിയന്തിരമായി ആവശ്യമാണ്. നഷ്ടത്തിന്റെ വിവിധ കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ടും, നിർദ്ദിഷ്ട പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടും, സാങ്കേതിക സഹായങ്ങൾ നൽകിക്കൊണ്ടും, പ്രൈമറി സംഘങ്ങളുടെ നിരീക്ഷണ സംവിധാനങ്ങൾ

ശക്തിപ്പെടുത്തികൊണ്ടും വേണം പുനരുദ്ധാരണം നടപ്പാക്കേണ്ടത്. ഇത്തരത്തിൽ സർക്കാർ ധനസഹായം നൽകാൻ തീരുമാനിക്കുന്നുവെങ്കിൽ നഷ്ടത്തിന്റെ വിവിധ കാരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് ഒറ്റത്തവണയായി വേണം സഹായങ്ങൾ നൽകേണ്ടത്.

- യുവജന സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കണം. യുവജനങ്ങളുടെ വിവിധ പദ്ധതികൾ പരിശോധിക്കുകയും വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വേണം, അതോടൊപ്പം അടിസ്ഥാന സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും പുനരുജ്ജീവിപ്പിക്കുകയും വേണം. ഈ വിഭാഗങ്ങളുമായി ബന്ധപെട്ട പദ്ധതികൾ നടപ്പാക്കുമ്പോൾ, ടി പദ്ധതികൾ വിലയിരുത്തുന്നതിനും മുന്നോട്ടുകൊണ്ടുപോകുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമായി വകുപ്പുതലത്തിൽ വിദഗ്ധരുടെ ഒരു പാനൽ ഉണ്ടായിരിക്കണം.
- സഹകരണ മേഖലയിലെ അരി ഉൽപ്പാദനത്തിലും അതിന്റെ വിതരണത്തിലും പങ്കാളികളാകുന്ന സംഘങ്ങളെയും അവരുടെ കൺസോർഷ്യത്തെയും പതിനാലാം പദ്ധതി കാലയളവിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
- നിലവിലെ പ്രവണതകൾക്കനുസൃതമായി സംസ്കരണ സഹകരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സ്ഥാപനങ്ങൾ, നീതി സ്റ്റോറുകൾ എന്നിവയുടെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കണം.
- പ്രാഥമിക മേഖല, കാർഷിക വിപണനം, ഉൽപ്പന്ന സംയോജനം, വ്യവസായം, സേവനം, ചില്ലറ വ്യാപാരം, മറ്റ് മേഖലകൾ എന്നിവയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക, വ്യാവസായിക, സേവന, വ്യാപാര മേഖലകളിലെ സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണം.
- ഗ്രാമീണ മാർക്കറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകണം. നബാർഡ് പോലുള്ള സ്ഥാപനങ്ങൾ വെയർഹൗസുകൾ നിർമ്മിക്കുന്നതിന് സഹായം നൽകുന്നുണ്ട്, എന്നാൽ ഈ ഗ്രാമീണ മാർക്കറ്റുകൾക്ക് ഭൂമി വാങ്ങുന്നതിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആയതിനാൽ ഈ മേഖലയിലും പ്രത്യേക ശ്രദ്ധ നൽകണം.
- വിദ്യാഭ്യാസ മേഖലയിലെ സഹകരണ പ്രസ്ഥാനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ കാലോചിതമായി പുതുക്കുകയും ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ ആധുനിക പാഠ്യപദ്ധതികൾ കൊണ്ടുവരികയും പഴയ കോഴ്സുകൾ പരിഷ്കരിക്കുകയും വൈവിധ്യവത്കരിക്കുകയും വേണം. നിലവിൽ നടന്നുവരുന്ന പ്രാരംഭ പ്രവർത്തനങ്ങൾ ഈ പദ്ധതി കാലയളവിൽ തുടരുന്നതാണ്.
- വനിതാ സഹകരണ സംഘങ്ങൾ ഇപ്പോൾ മികച്ച രീതിയിൽ നടപ്പാക്കിവരുന്ന മുറ്റത്തെമുല്ല, സ്നേഹതീരം തുടങ്ങിയ പദ്ധതികൾ തുടരുകയും അതോടൊപ്പം പുതിയ പദ്ധതികൾ ആരംഭിക്കുകയും വേണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, മറ്റ് വകുപ്പുകൾ, കാർഷിക ഉത്പാദക സംഘങ്ങൾ/കമ്പനികൾ എന്നിവയുടെ ഏകോപനവും സംയോജനവും മെച്ചപ്പെടുത്തുന്നതിന് വർക്കിംഗ് ഗ്രൂപ്പ് തലങ്ങളിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിനും അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടികൾ കൈക്കൊള്ളണം.
- പ്രവാസികളുടെ ഏകദേശം രണ്ടുലക്ഷത്തി അൻപതിനായിരം കോടി രൂപയുടെ ചിതറിക്കിടക്കുന്ന നിക്ഷേപങ്ങൾ കേരള ബാങ്കിലേക്ക് ആകർഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ഇതോടൊപ്പം ഉൽപ്പാദനം, നിർമ്മാണം, സംഭരണം, വിതരണം, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ ഇടപെട്ട് കേരള ബാങ്ക് കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിക്കണം.
- സഹകരണ പ്രസ്ഥാനങ്ങൾക്ക് നിലവിൽ ആരോഗ്യമേഖലയിൽ വലിയ സാന്നിധ്യമുണ്ട്; അത് കൊവിഡ്-19 കാലത്ത് കേരളത്തിന് ഗുണം ചെയ്യുകയും ചെയ്തിരുന്നു. കേരളത്തിന്റെ ആരോഗ്യമേഖലയിൽ ആശുപത്രി സഹകരണ സംഘങ്ങളുടെ വിപുലീകരണത്തിനുള്ള സാധ്യതയുണ്ട്. പ്രസ്തുത സാധ്യത പ്രയോജനപ്പെടുത്താവുന്നതും അതോടൊപ്പം കേരളത്തിലെ വയോജനങ്ങളുടെയും സ്വയം പരിചരണ മേഖലയിലേയും സഹകരണ പ്രസ്ഥാനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം.

- കേരള സഹകരണ സംഘ നിയമത്തിന്റെ സമഗ്രമായ ഭേദഗതിയിലൂടെ, സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമാകും.
- പ്രാഥമിക സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിനുമായി ഏകീകൃത സോഫ്റ്റ്‌വെയർ കൊണ്ടുവരാനുള്ള ശ്രമങ്ങൾ തുടർന്നു വരുന്നു. അത് പൂർത്തിയായിക്കഴിഞ്ഞാൽ; കോർ-ബാങ്കിംഗ്, എൻ.ഇ.എഫ്.ടി, എടിഎം തുടങ്ങിയ ബാങ്കിംഗ് മേഖലയിലെ ആധുനിക സംവിധാനങ്ങളും സഹകരണമേഖലയിൽ പ്രാപ്യമാകും.
- ആധുനിക സാങ്കേതിക വിദ്യാ സമന്വയത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി സഹകരണ മേഖലയെ നവീകരിക്കാനുള്ള ശ്രമങ്ങൾ നടത്തണം.
- ഈ പഞ്ചവത്സര പദ്ധതി കാലയളവിലെ അടുത്ത നാല് വർഷത്തിനുള്ളിൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഓരോ വർഷത്തേയും ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനും വകുപ്പിന്റെ ഭാഗത്തുനിന്ന് യോജിച്ച ശ്രമം ഉണ്ടാകണം.
- പഞ്ചവത്സര പദ്ധതി കാലയളവിൽ, കൃഷി, വിപണനം, ക്ഷീരവികസനം, മത്സ്യബന്ധനം, മൃഗ സംരക്ഷണം തുടങ്ങിയ പ്രാഥമിക മേഖലകളിൽ സഹകരണ മേഖലയുടെ ഇടപെടൽ ഊർജിതമാക്കുകയും ഭാവിയിലെ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ അവയുടെ ഉത്തേജനത്തിനും, പുനരുജ്ജീവനത്തിനും ഉതകുന്ന വിധത്തിലായിരിക്കുകയും വേണം..

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആരംഭംകുറിച്ച പുതിയ പദ്ധതികൾ

1. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന സംരംഭം:- കൃഷിയുടെയും അനുബന്ധ മേഖലകളുടെയും മത്സരക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും വണ്ടി സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന സംരംഭം എന്ന ഒരു പുതിയ സംരംഭം 2022-23 മുതൽ ആരംഭിച്ചു. സഹകരണമേഖലയുടെ പിന്തുണയോടെ കൃഷി മെച്ചപ്പെടുത്തുന്നതിനായി കാർഷികോൽപ്പന്നങ്ങളുടെ കൃഷി, സംയോജനം, ശേഖരണം, സംഭരണം, മൂല്യവർദ്ധന, ചില്ലറ വിൽപ്പന എന്നിവയുടെ പ്രോത്സാഹനമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

2. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് (PACS) ഏകീകൃത സോഫ്റ്റ്‌വെയർ സജ്ജീകരിക്കൽ:- കോർ ബാങ്കിംഗ് സൊല്യൂഷൻ വികസനം, ഏകീകൃത സാങ്കേതിക പ്ലാറ്റ്ഫോം വികസനം, ടെക്നോളജി അപ്ഗ്രേഡേഷൻ, ദേശീയ തലത്തിലുള്ള ഐ.ടി വിദഗ്ധരുടെ നിയമനം, സാങ്കേതിക പിന്തുണയ്ക്കായി ദേശീയ തലത്തിലുള്ള ഐ.ടി സ്ഥാപനങ്ങളെ ഉൾപ്പെടുത്തൽ തുടങ്ങിയവ ക്രെഡിറ്റ് സഹകരണ സംഘങ്ങളുടെ നവീകരണത്തിനുള്ള സഹായത്തിൽ ഉൾപ്പെടുന്നു. സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) കൂടാതെ PACS എന്നിവയും സാങ്കേതിക പ്ലാറ്റ്ഫോമിന്റെ ഭാഗമാണ്.

3. സഹകരണ വകുപ്പിന് കീഴിൽ കൂടുതൽ യുവജന സഹകരണ സംഘങ്ങൾ രൂപീകരിക്കും:- 2022-23 സാമ്പത്തിക വർഷത്തിൽ ഇവന്റ് മാനേജ്മെന്റ്, കാറ്ററിംഗ് സേവനങ്ങളുമായി ബന്ധപ്പെട്ട 'സ്റ്റാർട്ട്-അപ്പുകൾ' സ്ഥാപിക്കുന്നതിന് മതിയായ തുക നീക്കിവച്ചിട്ടുണ്ട്. പതിനാലാം പദ്ധതി കാലയളവിലുടനീളം ഇത് തുടരും. കൂടാതെ നിലവിലുള്ള മറ്റ് യുവജന സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകും.

4. പുനർജ്ജനി പദ്ധതി: - പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളെ ലാഭകരമാക്കുന്നതിനും വൈവിദ്ധ്യവത്കരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമൊപ്പം തന്നെ അതിന്റെ മൊത്തത്തിലുള്ള വികസനത്തിനുള്ള ഒരു പദ്ധതിയാണ് പുനർജ്ജനി. പട്ടിക ജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പദ്ധതി സഹായത്തിന് കീഴിൽ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ 2022-23 സാമ്പത്തിക വർഷത്തിൽ 463.20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ ഘടകത്തിന്റെ 14 പദ്ധതികൾക്ക് 273.4 ലക്ഷം രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്.

5. സഹകരണ പരീക്ഷാ ബോർഡിനുള്ള സഹായം:- ഈ പദ്ധതി പ്രകാരം, ഉദ്യോഗാർത്ഥികളുടെ റിക്രൂട്ട്മെന്റിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സഹകരണ പരീക്ഷാ ബോർഡിന്റെ നവീകരണത്തിന് സഹായം നൽകും.

അദ്ധ്യായം 11

വിദ്യാഭ്യാസം

അവലോകനം

1991-ൽ കേരളത്തെ സമ്പൂർണ സാക്ഷരതയുള്ള സംസ്ഥാനമായി പ്രഖ്യാപിച്ചു. ഇതുകൂടാതെ, വിദ്യാഭ്യാസത്തിന്റെ ഗുണവും നിലവാരവും മെച്ചപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും കേരള സർക്കാർ സ്വീകരിക്കുന്നുണ്ട്. സ്കൂൾ തലത്തിലെയും ഉന്നത വിദ്യാഭ്യാസ തലത്തിലെയും വിദ്യാഭ്യാസ നിലവാരം വർധിപ്പിക്കുക എന്നതാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ഊന്നൽ മേഖല. നവകേരള മിഷന്റെ ഭാഗമായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം', അതിന്റെ തുടർച്ചയായ 'വിദ്യാ കിരണം' പദ്ധതി, 'കേരള നോളജ് ഇക്കണോമി മിഷൻ' എന്നിവ പോലുള്ള പദ്ധതികളിലൂടെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ തലങ്ങളിൽ സമൂലമായ മാറ്റങ്ങൾ വരുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രത്യേക പരിചരണവും ശ്രദ്ധയും ആവശ്യമുള്ള കുട്ടികളേയും പാർശ്വവൽക്കരിക്കപ്പെട്ട, പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികളേയും ഉൾക്കൊള്ളാൻ തക്ക വിധത്തിൽ വിദ്യാഭ്യാസ സമ്പ്രദായം പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. സ്കൂൾ തലത്തിലും ഉന്നത വിദ്യാഭ്യാസ തലത്തിലും എല്ലാ കുട്ടികൾക്കും സാധ്യമായ ഏറ്റവും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാനും കേരളത്തെ വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റാനും പതിന്നാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് മൊത്തത്തിൽ (സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം) നൽകിയ ആകെ വിഹിതം ₹ 8908.38 കോടിയും പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ വകയിരുത്തിയിരിക്കുന്നത് 1715.04 കോടി രൂപയുമാണ്.

11.1 സ്കൂൾ വിദ്യാഭ്യാസം

അവലോകനം

സംസ്ഥാനത്തിന് പൊതുവിദ്യാലയങ്ങളുടെ ഒരു നല്ല ശൃംഖലയുണ്ട്. വിദ്യാഭ്യാസരംഗത്തെ സാമൂഹിക ഇടപെടൽ കേരളത്തിൽ വളരെ പ്രബലമാണ്. കേരള സമൂഹത്തിന്റെ പുരോഗതി നിർണ്ണയിക്കുന്നതിലും സാമൂഹിക നീതി, സമത്വം, ജനാധിപത്യം, മതനിരപേക്ഷത എന്നീ ആശയങ്ങളിലൂടെ സാമൂഹിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിലും വിദ്യാഭ്യാസം ഒരു പ്രധാന പങ്ക് വഹിക്കുന്നു. നയപരമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രവർത്തന പദ്ധതികളും രൂപീകരിക്കുമ്പോൾ ഓരോ കുട്ടിക്കും തുല്യ നിലവാരമുള്ള വിദ്യാഭ്യാസത്തിന് തുല്യ അവസരം ഉറപ്പാക്കേണ്ടതുണ്ട്.

2020-21ൽ കേരളത്തിൽ 12,986 സ്കൂളുകളാണ് ഉണ്ടായിരുന്നത്. അതിൽ 4,697 (36.17 ശതമാനം) സർക്കാർ സ്കൂളുകളും 7,214 (55.55 ശതമാനം) എയ്ഡഡ് സ്കൂളുകളും 1,075 (8.28 ശതമാനം) അൺ എയ്ഡഡ് സ്കൂളുകളുമാണ്. അപ്പർ പ്രൈമറി (യു.പി), ഹൈസ്കൂൾ (എച്ച്.എസ്) വിഭാഗങ്ങളെ അപേക്ഷിച്ച് ലോവർ പ്രൈമറി (എൽ.പി) വിഭാഗത്തിലാണ് കൂടുതൽ സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നത്. എയ്ഡഡ് സ്കൂളുകൾ എല്ലാ വിഭാഗത്തിലും സർക്കാർ സ്കൂളുകളെക്കാൾ മുന്നിലാണ്. സംസ്ഥാന സർക്കാർ നിർദേശിക്കുന്ന സിലബസ് ഒഴികെയുള്ള 1,534 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. ഇതിൽ 1,320 സി.ബി.എസ്.ഇ സ്കൂളുകൾ, 164 ഐ.സി.എസ്.ഇ സ്കൂളുകൾ, 36 കേന്ദ്രീയ വിദ്യാലയങ്ങൾ, 14 ജവഹർ നവോദയവിദ്യാലയങ്ങൾ എന്നിവ ഉൾപ്പെടുന്നു.

2021-22ൽ മൊത്തം വിദ്യാർത്ഥികളിൽ 48.38 ശതമാനം പെൺകുട്ടികളായിരുന്നു. എല്ലാ ജില്ലകളിലും പെൺകുട്ടികളെക്കാൾ ആൺകുട്ടികൾ കൂടുതലാണ്. എന്നാൽ എൻറോൾമെന്റിന്റെ കാര്യത്തിൽ കേരളത്തിൽ ലിംഗ വ്യത്യാസം വളരെ കുറവാണ്. സംസ്ഥാനത്തെ മൊത്തം വിദ്യാർത്ഥികളിൽ 9.90 ശതമാനം പട്ടികജാതി (എസ്.സി) വിദ്യാർത്ഥികളാണ്. സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും പട്ടികജാതി വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 12.29 ശതമാനം, 9.49 ശതമാനം, 3.95 ശതമാനം എന്നിങ്ങനെയാണ്. 2021-22ൽ സ്കൂളുകളിലെ മൊത്തം എൻറോൾമെന്റിന്റെ 1.85 ശതമാനം പട്ടികവർഗ വിദ്യാർത്ഥികളാണ്. 2021-22ൽ

സർക്കാർ സ്കൂളുകൾ, സ്വകാര്യ എയ്ഡഡ് സ്കൂളുകൾ, സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകൾ എന്നിവിടങ്ങളിലെ പട്ടികവർഗ വിദ്യാർത്ഥികളുടെ ശതമാനം യഥാക്രമം 3.33 ശതമാനം, 1.23 ശതമാനം, 0.47 ശതമാനം എന്നിങ്ങനെയാണ്.

1) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് 2) ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് 3) വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റ് 4) വിദ്യാഭ്യാസ മിഷൻ 5) കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്) 6) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെഎസ്എൽഎംഎ) 7) സമഗ്ര ശിക്ഷ കേരളം (എസ്.എസ്.കെ) 8) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) 9) സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി) 10) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് (സീമാറ്റ്), 11) കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് എന്നിവയാണ് സ്കൂൾ വിദ്യാഭ്യാസത്തിന് കീഴിൽ വരുന്ന വിവിധ നിർവ്വഹണ ഏജൻസികൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ (2017-2022) സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കുള്ള അടങ്കലും ചെലവും പട്ടിക 11.1ൽ നൽകിയിരിക്കുന്നു.

പട്ടിക 11.1 പതിമൂന്നാം പഞ്ചവത്സര സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കുള്ള അടങ്കലും ചെലവും

(രൂപ കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	ചെലവ്	ശതമാനം
2017-18	863.08	742.50	86.03
2018-19	1013.98	662.66	65.35
2019-20	992.60	482.86	48.65
2020-21	926.75	738.62	79.70
2021-22	920.60	863.23	93.77
ആകെ	**4717.01**	**3489.86**	**73.98**

ഉറവിടം: വാർഷിക ബജറ്റ് ഡോക്യുമെന്റുകളും പ്ലാൻ സ്പേസും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സ്കൂൾ വിദ്യാഭ്യാസത്തിനായി നീക്കിവച്ച ആകെ തുക 4717.01 കോടി രൂപയും ഇക്കാലയളവിലെ മൊത്തം ചെലവ് 3489.86 കോടി രൂപയുമാണ്. 2021-22 ലെ ചെലവ്, ആകെ വിഹിതത്തിന്റെ 93.77 ശതമാനമാണ്. 2018-19, 2019-20, 2020-21 വർഷങ്ങളിൽ ചെലവ് കുറഞ്ഞതിന്റെ കാരണം വെള്ളപ്പൊക്കവും കോവിഡ് - 19 മഹാമാരിയുമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിലുള്ള പ്ലാൻ ഫണ്ടിന്റെ വിഹിതവും ചെലവും പട്ടിക 11.2-ൽ നൽകിയിരിക്കുന്നു.

പട്ടിക 11.2 വകുപ്പ്/ഏജൻസി തിരിച്ചുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

വകുപ്പ്/ഏജൻസി	2017–18		2018–19		2019–20		2020–21		2021–22		2017–22	
	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	ആകെ പദ്ധതി അടങ്കൽ	ആകെ ചെലവ്
2	3	4	5	6	7	8	9	10	11	12	13	14
പൊതു വിദ്യാഭാസ ഡയറക്ടറേറ്റ്	557.03	365.37	677.67	495.28	690.13	350.89	643.75	437.05	646.43	655.87	3215.01	2304.45
കൈറ്റ്	32.00	32.00	34.00	19.67	34.00	16.32	34.00	11.02	30.00	16.29	164.00	95.29
വിദ്യാഭാസ മിഷൻ			1.00	1.79	2.00	2.15	1.00	2.20	1.00	1.45	5.00	7.57
വി.എച്ച്.എസ്.ഇ	13.50	18.07	15.00	8.26	15.20	5.47	14.00	11.69	14.00	14.03	71.70	57.51
ഡി.എച്ച്.എസ്.ഇ	101.00	93.59	110.10	71.40	109.31	64.58	94.50	93.84	97.41	81.99	512.32	405.38
എസ്.ഐ.എം.സി	7.50	4.90	9.00	4.64	9.00	1.21	9.00	3.19	9.00	3.67	43.50	17.61
എസ്.സി.ഇ.ആർ.ടി	18.00	16.00	18.75	2.77	19.50	3.66	18.00	10.34	18.00	4.09	92.25	36.86
എസ്.എസ്.കെ	115.00	22.82	127.56	34.42	91.96	19.95	91.50	134.61	83.26	70.07	509.28	281.88
കെ.എസ്.എൽ.എം.എ	15.50	24.75	17.00	22.00	17.50	16.17	17.50	14.02	18.00	14.41	85.50	91.35
സീമാറ്റ്	3.50	2.30	3.90	1.24	4.00	1.59	3.50	1.39	3.50	1.36	18.40	7.88
മറ്റുള്ളവ	.05	162.71		1.20		.88		19.26			.05	184.06
ആകെ	**863.08**	**742.50**	**1013.98**	**662.66**	**992.60**	**482.86**	**926.75**	**738.61**	**920.60**	**863.23**	**4717.01**	**3489.86**

ഉറവിടം: വാർഷിക ബജറ്റ് ഡോക്യുമെന്റുകളും പ്ലാൻ സ്പേസും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിലെ നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒരു പരിവർത്തന കാലമായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ പുതിയ നിക്ഷേപങ്ങൾ, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യങ്ങളിൽ, സ്കൂളുകളുടെയും പ്രബോധനങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തൽ, സാമൂഹിക പരിരക്ഷ മെച്ചപ്പെടുത്തൽ, ഇൻക്ലൂസിവ് വിദ്യാഭ്യാസം എന്നിവയാൽ ഈ കാലഘട്ടം ശ്രദ്ധേയമായി. ഉയർന്ന നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം മുമ്പെന്നത്തേക്കാളും എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കി.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായം നൽകുന്നതിൽ കിഫ്ബി വലിയ പങ്കുവഹിച്ചു. അങ്ങനെ, അടിസ്ഥാന സൗകര്യ വികസനത്തിനായി 141 സ്കൂളുകൾക്ക് 5.00 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1.00 കോടി രൂപ വീതവും കിഫ്ബിയുടെ കീഴിൽ അനുവദിച്ചു. 5 കോടിയിൽ താഴെയുള്ള കാറ്റഗറിയിൽ 120 സ്കൂളുകളിലും 3.00 കോടിയുടെ കാറ്റഗറിയിൽ 96 സ്കൂളുകളിലും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം കുതിച്ചുയർന്നു. 2016-ൽ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന പേരിൽ സർക്കാർ ഉദ്ഘാടനം ചെയ്ത സ്കൂൾ വിദ്യാഭ്യാസ വികസന പരിപാടിയാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട നയ പരിപാടി. പൊതുമേഖലയിലെ സ്കൂൾ വിദ്യാഭ്യാസത്തിനായി അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉയർത്തുന്നതിലായിരുന്നു ഇതിലൂടെ ശ്രദ്ധ ചെലുത്തിയിരുന്നത്. 2016-17 നും 2021-22 നും ഇടയിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 8,91,046 കുട്ടികൾ അധികമായി ചേർന്നു എന്നതാണ് സമീപകാല നയത്തിന്റെ ശ്രദ്ധേയമായ ഫലം.

പട്ടിക 11.3 2016-17 മുതൽ 2021-22 വരെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികൾ

മാനേജ്മെന്റ്	**ക്ലാസുകൾ**			Total I-X
	I-IV	V-VII	VIII-X	
2016-17 മുതൽ to 2017-18 വരെ				
സർക്കാർ	15588	5475	38789	59852
സർക്കാർ എയിഡഡ്	25199	58670	12844	96713
ആകെ	40787	64145	51633	156565
2017-18 മുതൽ 2018-19 വരെ				
സർക്കാർ	22931	12229	35484	70644
സർക്കാർ എയിഡഡ്	29186	67483	18658	115327
ആകെ	52117	79712	54142	185971
2018-19 മുതൽ 2019-20 വരെ				
സർക്കാർ	16223	12616	36376	65215
സർക്കാർ എയിഡഡ്	19412	63312	15619	98343
ആകെ	35635	75928	51995	163558
2019-20 മുതൽ 2020-21 വരെ				
സർക്കാർ	21339	9659	3859	34857
സർക്കാർ എയിഡഡ്	32493	57844	3310	93647
ആകെ	53832	67503	7169	128504
2020-21 മുതൽ 2021-22 വരെ				
സർക്കാർ	50124	20018	37316	107458
സർക്കാർ എയിഡഡ്	56196	77094	15700	148990
ആകെ	106320	97112	53016	256448
കഴിഞ്ഞ 5 വർഷത്തിനിടെ ആകെ പുതിയ വിദ്യാർത്ഥികൾ				891046

ഉറവിടം: പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

2020-21 അധ്യയന വർഷത്തിൽ കേരളത്തിലെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഏകദേശം, 1,28,504 പുതിയ വിദ്യാർത്ഥികൾ പ്രവേശനം തേടി. കോവിഡ് -19 മഹാമാരി സമയത്ത്, വിദ്യാർത്ഥികൾ പൊതു വിദ്യാലയങ്ങളെയാണ് തിരഞ്ഞെടുത്തതെന്നും മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൽ ചേർന്നിട്ടുണ്ടെന്നും കാണുന്നു. കഴിഞ്ഞ അഞ്ച് വർഷമായി സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടിയ പുതിയ വിദ്യാർത്ഥികളുടെ എണ്ണം 8,91,046 ആണ്.

ഘട്ടംഘട്ടമായി സ്കൂളുകളുടെ അക്കാദമിക വശങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളും അക്കാദമിക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, കൂടാതെ സ്കൂൾ കാമ്പസിനെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും ഇത് സഹായകമായി.

മഹാമാരി കാലഘട്ടത്തിൽ, 2020 ജൂൺ മുതൽ, വിദ്യാർത്ഥികളുമായി ഇടപഴകാനും ഏകാന്തത ഇല്ലാതാക്കാനും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ അവരെ സമീപിക്കാൻ സർക്കാർ ശ്രമിച്ചു. അതനുസരിച്ച്, വിക്ടേഴ്സ് എജ്യുക്കേഷണൽ ചാനലിലൂടെ പ്രക്ഷേപണം ചെയ്യുന്ന "ഫസ്റ്റ് ബെൽ " എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകളുടെ ഒരു പ്രോഗ്രാം ഗവൺമെന്റ് ആവിഷ്കരിച്ചു. വൊക്കേഷണൽ വിഷയങ്ങളിലെ ഡിജിറ്റൽ ക്ലാസുകൾ 'വി.എച്ച്.എസ്.ഇ ഇ-വിദ്യാലയം' യൂട്യൂബ് ചാനലിലൂടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി.

പൊതുജനങ്ങളുടെ പിന്തുണയോടെ, ഉച്ചഭക്ഷണ പരിപാടി മികച്ചതാക്കുന്നതിനും പോഷകപ്രദവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം നൽകി ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള വിദ്യാർത്ഥികളുടെ ഒരു തലമുറയെ വളർത്തിയെടുക്കുന്നതിന് നിരവധി സംരംഭങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ചേരുന്ന മൊത്തം കുട്ടികളിൽ 97.56 ശതമാനവും ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

2017-18 വർഷം മുതലാണ് വിദ്യാർത്ഥികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം ആരംഭിച്ചത്. 2017-18ൽ സർക്കാർ മേഖലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ കൈത്തറി യൂണിഫോം നൽകി. 2018-19ൽ സർക്കാർ മേഖലയിലെ 1 മുതൽ 7 വരെയുള്ള ക്ലാസുകളിലേക്കും 2019-2020 മുതൽ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 4 വരെയുള്ള ക്ലാസുകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പരിചരണം നൽകുന്നതിന് 321 സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം 2019-20ൽ കേരളത്തിൽ 45 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. 328 സ്പെഷ്യൽ സ്കൂളുകൾ വിവിധ സർക്കാരിതര സംഘടന (എൻ.ജി.ഒ) കളുടെയും തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും (എൽ.എസ്ജി.ഡി) കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സൗജന്യ യൂണിഫോമിനും ഉച്ചഭക്ഷണത്തിനും പുറമെ യാത്ര, ഹോസ്റ്റൽ സൗകര്യങ്ങൾ, വിദ്യാർഥികൾക്കുള്ള വിനോദയാത്ര തുടങ്ങിയവയും വികലാംഗ സൗഹൃദ പരിപാടികളായ ബാരിയർ ഫ്രീ ക്യാമ്പസ്, ഉപകരണങ്ങൾ, റിസോഴ്സ് സെന്ററുകളിൽ നിന്നുള്ള സേവനങ്ങൾ, റിസോഴ്സ് അദ്ധ്യാപകരുടെ സേവനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾക്കായി സാമ്പത്തിക സഹായവും നൽകുന്നു.

സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ നിർണ്ണായക വിടവുകൾ

1. സമത്വം, ഗുണമേന്മ, ഉൾപ്പെടുത്തൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം മുന്നോട്ട് പോകുകയും പ്രവർത്തിക്കുകയും വേണം. ഇന്നത്തെ വെല്ലുവിളികളെ നേരിടാൻ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കേണ്ടതുണ്ട്.
2. ഡിജിറ്റൽ ക്ലാസുകൾ വിജയകരമായി നടത്തിയെങ്കിലും, അത് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതികവും അക്കാദമികവുമായ പരിമിതികളുണ്ട്.
3. സ്കൂൾ തലത്തിലുള്ള അക്കാദമിക് മാസ്റ്റർ പ്ലാനുകൾക്കനുസൃതമായി ശരിയായ പ്രവർത്തന പദ്ധതികൾ വികസിപ്പിക്കുന്നത് ഉറപ്പാക്കാൻ സ്കൂൾ റിസോഴ്സ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. അത് ശരിയായി നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനവും വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

4. ഓരോ കുട്ടിക്കും ശരിയായ വ്യക്തിഗത ശ്രദ്ധ ഉറപ്പാക്കുന്നതിന് മാർഗനിർദേശ പരിപാടി ശക്തിപ്പെടുത്തേണ്ടതുണ്ട്.
5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ ആസൂത്രണത്തിനായി ഉപയോഗിക്കാവുന്ന ഒരു സമഗ്രമായ ഡാറ്റാബേസ് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.
6. സ്കൂളിൽ നിന്ന് പുറത്തുപോകുന്ന വിദ്യാർത്ഥികളിൽ ഗണ്യമായ ഒരു വിഭാഗത്തിന് സുസ്ഥിരമായ ഉപജീവനമാർഗം ഉറപ്പാക്കുന്നതിന് ആവശ്യമായ ആത്മവിശ്വാസമോ അറിവോ കഴിവോ വൈദഗ്ധ്യമോ വളരെ പരിമിതമാണ്.
7. സ്കൂൾ, ഉന്നത വിദ്യാഭ്യാസ മേഖലകൾ തമ്മിലുള്ള ശരിയായ ബന്ധത്തിന്റെ അപര്യാപ്തത.
8. നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ ആരോഗ്യ, കായിക വിദ്യാഭ്യാസത്തിനുള്ള വഴികൾ കുറവാണ്.
9. ദുർബലരും നിരാലംബരുമായ കുട്ടികളെ സംബന്ധിച്ചിടത്തോളം നിലവിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം വളരെ മോശമാണ്.
10. ഭാഷാപരവും കുടിയേറ്റ കുടുംബങ്ങളും ഉൾപ്പെടെയുള്ള ദരിദ്ര വിഭാഗങ്ങളിൽ നിന്നും ന്യൂനപക്ഷങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് ഉചിതമായ സാമൂഹിക വൈദഗ്ധ്യത്തിന്റെ അഭാവം അവരെ സമൂഹത്തിൽ നിന്നും അകറ്റിനിർത്തിയേക്കാം.

പതിന്നാലാം പഞ്ചവത്സര പദ്ധതി

പതിന്നാലാം പഞ്ചവത്സര പദ്ധതി പ്രധാനമായും അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിലും അക്കാദമിക് മികവിലും സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് സാമൂഹികമായി അടിച്ചമർത്തപ്പെട്ട സമൂഹങ്ങൾക്കും പ്രത്യേക ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും സാധ്യമായ ഏറ്റവും മികച്ച വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ശ്രദ്ധാകേന്ദ്രം: പതിന്നാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിലുള്ള പദ്ധതികൾ സ്കൂളുകളിലെ അക്കാദമിക പുരോഗതിയിലും അധ്യാപനത്തിന്റെയും ബോധന ശാസ്ത്രത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. പ്രീസ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള എല്ലാ തലങ്ങളിലുമുള്ള പാഠ്യപദ്ധതികളും പഠന പരിപാടികളും പരിഷ്ക്കരിക്കപ്പെടുന്ന പ്രക്രിയയിലാണ്. പാഠ്യ പദ്ധതിയുടെ എല്ലാ തലങ്ങളിലും പാഠപുസ്തകങ്ങളിൽ ജെൻഡർ ഓഡിറ്റ് നടത്തുന്നുണ്ട്. ഭാഷയിലും ആശയവിനിമയത്തിലും, പ്രത്യേകിച്ച് ഇംഗ്ലീഷിലും ഗണിതത്തിലും കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി കേരള സർക്കാർ പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പതിന്നാലാം പഞ്ചവത്സര പദ്ധതി എല്ലാ കുട്ടികൾക്കും മികച്ച സ്കൂൾ വിദ്യാഭ്യാസം എത്തിക്കുന്നതിനുള്ള തുടർ ശ്രമങ്ങളെ പിന്തുണയ്ക്കും. ബോധന ശാസ്ത്രം, അടിസ്ഥാന സൗകര്യങ്ങൾ, റസിഡൻഷ്യൽ വിദ്യാഭ്യാസത്തിനുള്ള ഉയർന്ന നിലവാരമുള്ള സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ആസൂത്രിത ശ്രമങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ കുട്ടികളും മറ്റ് ജനസംഖ്യയും തമ്മിലുള്ള ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാനുള്ള പദ്ധതികൾ പ്രാവർത്തികമാക്കും.

ഓൺലൈൻ പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രധാന മാർഗമായി മാറിയ മഹാമാരിയുടെ കാലത്ത് ഡിജിറ്റൽ വിഭജനം നികത്തുന്ന രീതികളിൽ കേരളം മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കി. പതിന്നാലാം പഞ്ചവത്സര പദ്ധതി ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസവുമായി മികച്ച കണക്ടിവിറ്റി ഉറപ്പാക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കും.

പതിന്നാലാം പഞ്ചവത്സര പദ്ധതി കുട്ടികളുടെ വൈകാരികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ചയെ ഉൾക്കൊള്ളുന്ന തരത്തിൽ പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെ സഹായിക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കും. ഔപചാരിക വിദ്യാഭ്യാസ ഘടനയുടെ ആദ്യപടിയായി ആദ്യകാല ശിശുപരിപാലനത്തെയും പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെയും കാണുന്നു.

ബൗദ്ധികവും ശാരീരികവുമായ വൈകല്യമുള്ള കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾക്കായി സ്കൂളുകളെ സഹായിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും പതിന്നാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

സമ്പദ്‌വ്യവസ്ഥയിലെ നൈപുണ്യ നിലവാരം ഉയർത്താനുള്ള പൊതു ശ്രമത്തോടൊപ്പം ഹയർസെക്കൻഡറി സ്കൂളുകളിലെ തൊഴിലധിഷ്ഠിത പഠനത്തെ പ്രാബല്യത്തിൽ വരുത്താനുള്ള ശ്രമങ്ങളെയും പതിന്നാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

"എല്ലാ കുട്ടികൾക്കും തുല്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ഉൽപ്പാദനക്ഷമവും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ പൗരന്മാരായി അവരെ നയിക്കുകയും ചെയ്യുക" എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്, പ്രീസ്കൂൾ മുതൽ ഹയർ സെക്കൻഡറി വരെയുള്ള എല്ലാ തലങ്ങളിലും പാഠ്യപദ്ധതികളും പഠന പരിപാടികളും നവീകരിക്കണം. പാഠ്യപദ്ധതികളുടെ പരിഷ്കരണത്തിനും നവീകരണത്തിനുമുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഭൗതിക അടിസ്ഥാന സൗകര്യങ്ങളുടെയും പൊതു സൗകര്യങ്ങളുടെയും മൊത്തത്തിലുള്ള വികസനത്തിനും മെച്ചപ്പെടുത്തലിനും സർവശിക്ഷാ അഭിയാൻ (എസ്.എസ്.എ) പോലുള്ള പരിപാടികളും പ്രാദേശിക സർക്കാരുകളും വളരെയധികം സംഭാവന നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് 1 മുതൽ 10 വരെ ക്ലാസ്സുകൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം എന്നിവയുടെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നു. നേരത്തെ 1 മുതൽ 10 വരെയുള്ള ക്ലാസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണ നിയന്ത്രണത്തിലായിരുന്നു. ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസത്തിന് പ്രത്യേകം ഡയറക്ടറേറ്റുകളും നിലവിലുണ്ടായിരുന്നു. ഇപ്പോൾ ഈ മൂന്ന് വിഭാഗങ്ങളും സംയോജിപ്പിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിച്ചു.

സ്കൂളുകളിൽ ഗുണമേന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി മികച്ച പഠനാനുഭവങ്ങൾ കൈവരിക്കുകയാണ് ലക്ഷ്യം.

സ്കൂളിനകത്തും പുറത്തും എല്ലാ കുട്ടികളുടെയും ജീവിതത്തിന്റെ എല്ലാ മേഖലകളിലെയും പങ്കാളിത്തമാണ് 'അക്കാദമിക് എക്സലൻസ്' പദ്ധതി ലക്ഷ്യമിടുന്നത്. കുട്ടികളെ ജീവിതത്തിന് പാകപ്പെടുത്തുന്ന കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറണം. എല്ലാ കുട്ടികൾക്കും, പ്രത്യേകിച്ച് ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ കുട്ടികൾ, കുടിയേറ്റക്കാരുടെ കുട്ടികൾ, കോസ്റ്റൽ, ട്രൈബൽ ബെൽറ്റിൽ നിന്നുള്ള കുട്ടികൾ, ബുദ്ധിമുട്ടുള്ള സാഹചര്യത്തിലുള്ള കുട്ടികൾ എന്നിവർക്ക് വിദ്യാഭ്യാസത്തിലെ ഈ നിർണ്ണായക മേഖലയുടെ പരമാവധി പ്രയോജനം ഉറപ്പാക്കണം. ഭാഷാ തടസ്സങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം. മറ്റെല്ലാ സാമൂഹിക സന്ദർഭങ്ങളിലെയും പോലെ, ഭാഷ ഒഴിവാക്കാനുള്ള ശക്തമായ ഉപകരണമായി പ്രവർത്തിക്കുന്നു. അതിനാൽ പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഭാഷാ സമ്പുഷ്ടീകരണ പരിപാടികൾക്ക് പ്രത്യേക ഊന്നൽ നൽകുന്നു.

വൈജ്ഞാനികവും അല്ലാത്തതുമായ മേഖലകളിൽ ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള സ്കൂൾ കുട്ടികളുടെ വൈവിധ്യത്തെ ഉൾക്കൊള്ളാൻ പാഠ്യപദ്ധതി പ്രായോഗികവും അനുയോജ്യവുമായിരിക്കണം. ശാരീരികവും സൗന്ദര്യാത്മകവും നൈപുണ്യവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾ ഇത് പരിഹരിക്കും.

സംസ്ഥാനത്തെ എല്ലാ സ്കൂളുകളും ഭിന്ന ശേഷി സൗഹൃദമാക്കണം. ശാരീരികമായ എല്ലാ തടസ്സങ്ങളും നീക്കി സ്കൂളുകളിൽ ഭിന്നശേഷിയുള്ള കുട്ടികളുടെ പങ്കാളിത്തം സാധ്യമാക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. ആക്സസ്-ഫ്രണ്ട്‌ലി ഫിസിക്കൽ സ്പെയ്സുകൾ ഒരു മാനദണ്ഡമായി മാറേണ്ടതുണ്ട്.

ഗോത്രവർഗം, തീരദേശം, പാർശ്വവൽക്കരിക്കപ്പെട്ട, അവശത അനുഭവിക്കുന്ന കുടുംബ പശ്ചാത്തലങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ/വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ ആവശ്യങ്ങൾ ഘട്ടംഘട്ടമായി പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾ നടപ്പാക്കും.

അധ്യാപക വിദ്യാഭ്യാസവും അധ്യാപക പ്രൊഫഷണൽ വികസന പരിപാടികളും എല്ലാ തലങ്ങളിലുമുള്ള വിദ്യാഭ്യാസ പ്രവർത്തകരുടെ പരിശീലനവും തുല്യതയിലും ഗുണനിലവാരത്തിലും പുനഃക്രമീകരിക്കണം.

സ്കൂൾ പാഠ്യപദ്ധതിയുടെ പ്രധാന ഭാഗമാണ് ശാസ്ത്ര വിദ്യാഭ്യാസം.

സാമൂഹിക ചലനാത്മകതയ്ക്കും സാമ്പത്തിക വിജയത്തിനുമുള്ള പ്രധാന ഭാഷകളിലൊന്നായി ഇംഗ്ലീഷ് നിലനിൽക്കുന്നതിനാൽ, സ്കൂളിൽ പോകുന്ന വിദ്യാർത്ഥികളും കുടുംബങ്ങളും ഗുണനിലവാരമുള്ള ഇംഗ്ലീഷ് പഠന വിഭവങ്ങൾക്കായി നോക്കുന്നു. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ സ്കൂളുകൾ അവരുടെ ഭാഷാ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തണം, അതോടൊപ്പം ഇംഗ്ലീഷ് രണ്ടാം ഭാഷയായി അവതരിപ്പിച്ച് അതിലൂടെ അവരുടെ അറിവും സർഗ്ഗാത്മകതയും വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

തൊഴിൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജോലിയുമായി ബന്ധപ്പെട്ട പൊതുവായ അനുഭവങ്ങൾ (അടിസ്ഥാനവും, വ്യക്തിപരവും വ്യവസ്ഥാപിതവും) പിന്തുടരാവുന്നതാണ്. ഇതിൽ വിമർശനാത്മക ചിന്ത, പഠന കൈമാറ്റം, സർഗ്ഗാത്മകത, ആശയവിനിമയ കഴിവുകൾ, സൗന്ദര്യശാസ്ത്രം, തൊഴിൽ പ്രചോദനം, സഹകരണ പ്രവർത്തനത്തിന്റെ പ്രവർത്തന നൈതികത, സംരംഭകത്വവും സാമൂഹിക ഉത്തരവാദിത്തവും എന്നിവ ഉൾപ്പെടുന്നു. പ്രൈമറി മുതൽ സെക്കൻഡറി ഘട്ടങ്ങൾ വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും പ്രായത്തിന് അനുയോജ്യമായ, തൊഴിൽ സംയോജിത വിദ്യാഭ്യാസം നൽകാം.

അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക് പ്രവർത്തനങ്ങൾ, വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങൾ, ആധുനികവൽക്കരണവും ഭരണവും, നിരീക്ഷണം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്ക് കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രോഗ്രാമുകൾക്ക് പുറമെ, ഇനിപ്പറയുന്ന പരിപാടികളും 2022-23 കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കും ഊന്നൽ നൽകിയിട്ടുണ്ട്.

1. ഫോക്കസ് സ്കൂൾ

മുൻ പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ സ്കൂളുകളുടെ പുനരുജ്ജീവനം സർക്കാരിന്റെ പ്രധാന പരിപാടിയാണ്. 10 കുട്ടികളിൽ താഴെയുള്ള സർക്കാർ സ്കൂളുകളെ ലക്ഷ്യമിട്ടാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം നിലവാരം കുറഞ്ഞ സ്കൂളുകളുടെ നിലവാരം ഉയർത്തുക എന്നതാണ്. സ്കൂളുകൾക്ക് അനുയോജ്യമായ ഒരു പ്രവർത്തന പാക്കേജ് തയ്യാറാക്കുക, പ്രത്യേക പ്രവർത്തന പാക്കേജ് നടപ്പിലാക്കുക എന്നിവയാണ് പദ്ധതി പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

2. മോഡൽ ഇൻക്ലൂസീവ് സ്കൂൾ

പ്രത്യേക വൈകല്യമുള്ളവരെ ഉൾക്കൊള്ളുന്ന മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിന് തിരഞ്ഞെടുത്ത പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ ഈ പരിപാടി വിഭാവനം ചെയ്യുന്നു. ഈ മോഡൽ ഇൻക്ലൂസീവ് സ്കൂളുകൾ അവരുടെ സമപ്രായക്കാർക്കൊപ്പം പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഉചിതമായതും ഗുണപരവുമായ വിദ്യാഭ്യാസം നൽകും.

3. വായനയുടെ വസന്തം

സ്കൂൾ വിദ്യാർഥികളിൽ വായനാശീലം വളർത്തിയെടുക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

4. ഇംഗ്ലീഷ് ഭാഷാ സമ്പുഷ്ടീകരണ പരിപാടി

അപ്പർ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികളെയും അധ്യാപകരെയും കേന്ദ്രീകരിച്ച് സമഗ്രമായ ഇംഗ്ലീഷ് ഭാഷാ സമ്പുഷ്ടീകരണ പരിപാടി ആരംഭിക്കാൻ ഈ പ്രോഗ്രാം ലക്ഷ്യമിടുന്നു. ആദ്യഘട്ടമെന്ന നിലയിൽ 163 സ്കൂളുകളെയാണ് പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. മെന്റർമാരുടെയും റിസോഴ്സ് ടീമുകളുടെയും സഹായത്തോടെയാണ് ഇത് ചെയ്യുന്നത്. ഉള്ളടക്കരൂപീകരണം, ശിൽപശാലകൾ, റിസോഴ്സ് ടീമിലെ അംഗങ്ങൾ അധ്യാപകർ എന്നിവർക്കുള്ള പരിശീലനം, തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

ഹയർ സെക്കൻഡറി വിദ്യാഭ്യാസം

ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ കൂടാതെ നിലവിൽ 817 സർക്കാർ ഹയർസെക്കൻഡറി സ്കൂളുകൾ സംസ്ഥാനത്തുണ്ട്. പുറമേ 17 ടെക്നിക്കൽ സ്കൂളുകളും 16 സ്പെഷ്യൽ സ്കൂളുകളും ഉണ്ട്. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യം ഇവയാണ്: അധ്യാപനത്തിലെ അക്കാദമിക് മികവ് കൈവരിക്കൽ, അധ്യാപന നിലവാരം മെച്ചപ്പെടുത്തൽ, അധ്യാപന രീതിശാസ്ത്രം മെച്ചപ്പെടുത്തൽ, ഹയർ സെക്കൻഡറി കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരണം, വിദ്യാർത്ഥികളുടെ ഭാഷാ ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്തൽ പ്രത്യേകിച്ച് ഇംഗ്ലീഷിലും ഗണിതത്തിലും, റസിഡൻഷ്യൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, എല്ലാ സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളിലും മതിയായ അടിസ്ഥാന സൗകര്യങ്ങൾ, സുസജ്ജമായ ലൈബ്രറികളും ലബോറട്ടറികളും, സ്ഥിരമായി പരിശീലനം ലഭിച്ച അധ്യാപകർ, ഓൺലൈൻ അധ്യാപനത്തെ ശക്തിപ്പെടുത്തുകയും കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പാക്കുകയും ചെയ്യുക, വിദ്യാർത്ഥികൾക്ക് അനുയോജ്യമായ കരിയർ തിരഞ്ഞെടുക്കുന്നതിന് ശരിയായ പരിശീലനം, സമ്മർദ്ദം മറികടക്കാൻ കൗമാര കൗൺസിലിംഗ് സൗകര്യങ്ങൾ, റെൻഡറിംഗ് പദ്ധതികൾ, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് വഴി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം, പരീക്ഷയിൽ ശരാശരിയിൽ താഴെ മാർക്ക് നേടുന്ന വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള പ്രത്യേക മെച്ചപ്പെടുത്തൽ പരിപാടികൾ, ശരിയായ ഭരണത്തിനായി ഇ-ഗവേണൻസും പ്രിൻസിപ്പൽമാരെ ശാക്തീകരിക്കുന്നതിനുള്ള പരിപാടികളും എന്നിവയാണ്.

അധ്യാപനത്തിലെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, അധ്യാപകർക്ക് ആനുകാലികമായ നിർബന്ധിത പരിശീലനം, പുതിയ അധ്യാപന രീതി പരിചയപ്പെടുത്തൽ, സാമൂഹികമായി പിന്നോക്കം നിൽക്കുന്നവർക്കിടയിലെ സാമൂഹിക ബഹിഷ്കരണത്തിന്റെയും സഞ്ചിത അഭാവത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുക, ടാർഗെറ്റ് ഗ്രൂപ്പുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രചോദനവും പരിശീലനവും, അധ്യാപകർക്ക് നിർബന്ധിത റസിഡൻഷ്യൽ റിഫ്രഷ്മെന്റ് പരിശീലനം, അധ്യാപകർക്കിടയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് അധ്യാപക കോൺഗ്രസ് സംഘടിപ്പിക്കുക, ആശയങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും കുറഞ്ഞ പ്രകടനമുള്ള സ്കൂളുകൾക്ക് പ്രത്യേക പരിശീലനവും പരിഹാരവും തുടങ്ങിയ പദ്ധതികൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള സംരംഭങ്ങളിൽ ഉൾപ്പെടുന്നു.

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം

കേരളത്തിലെ വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം 1983-ൽ 19 സ്കൂളുകളിൽ ഒരു പരീക്ഷണമായി തുടങ്ങി. ഇപ്പോൾ 2007-ലെ ഏറ്റവും പുതിയ വിപുലീകരണത്തോടെ 389 സ്കൂളുകളിൽ എത്തി നിൽക്കുന്നു. നിലവിൽ 30000 വിദ്യാർത്ഥികളാണുള്ളത്. എൻ.എസ്.ക്യു.എഫ് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) ഘട്ടം ഘട്ടമായി സംസ്ഥാനത്ത് നടപ്പിലാക്കി. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിൽ എയിഡഡ് വി.എച്ച്.എസ് സ്കൂളുകൾ ഉൾപ്പെടെ എല്ലാ 389 വി.എച്ച്.എസ് സ്കൂളുകളിലേക്കും എൻ.എസ്.ക്യു.എഫ് പദ്ധതി വ്യാപിപ്പിച്ചിരിക്കുന്നു. പതിനാലാം പദ്ധതി ഹബ്-ആൻഡ്-സ്പോക്ക് മാതൃകയിൽ പുതിയ വിദ്യാഭ്യാസ നയ പ്രകാരം നൈപുണ്യ വിദ്യാഭ്യാസം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2030 (എസ്.ഡി.ജി 2030) അനുസരിച്ച് 2030-ഓടെ എല്ലാത്തരം അക്കാദമിക് വിദ്യാഭ്യാസത്തിനൊപ്പം നൈപുണ്യ/തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്നു. 17/11/2021 തീയതിയിലെ ഡി.ഒ നം.01-3/2021-IS.16 നിർദ്ദേശ പ്രകാരം 2025ഓടെ ഹയർസെക്കൻഡറി തലത്തിലെ 50 ശതമാനം വിദ്യാർത്ഥികൾക്കും ഏതെങ്കിലും ഒരു തൊഴിലിൽ പരിശീലനം ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു.

പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ പ്രോഗ്രാമുകളും സ്കീമുകളും 1) ആസ്പയർ-ഫലപ്രദമായ നൈപുണ്യത്തിനായുള്ള ഒരു വ്യവസായ-അക്കാദമിയ പങ്കാളിത്തം 2) ഗുണഭോക്താക്കൾക്കായുള്ള പ്രൊഫഷണൽ വികസന പദ്ധതികൾ, വിദ്യാർത്ഥി കേന്ദ്രീകൃത പ്രോഗ്രാമുകൾ, 3) സമഗ്രമായ ലാബ് നവീകരണം 4) നൈപുണ്യ വികസന സ്ഥാപനങ്ങൾ-ഹബ്ബ്-സ്പോക്ക് മോഡലും 5) സ്കൂൾ പശ്ചാത്തല സൗകര്യവികസനം 6) ഇ-

ഗവേണൻസ് 7) എൻഒഎസ്-ക്യൂപി (നാഷണൽ ഒക്യുപേഷണൽ സ്റ്റാൻഡേർഡ്സ് - ക്വാളിഫിക്കേഷൻ പാക്ക്) വികസനം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ)

1988-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും മുഖേന സംസ്ഥാനത്ത് ആരംഭിച്ച, തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാണ് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി. നിലവിൽ, സംസ്ഥാനത്ത് അതോറിറ്റിക്ക് കീഴിലുള്ള 4000-ലധികം കേന്ദ്രങ്ങളിലൂടെ, പദ്ധതി നടപ്പിലാക്കുന്നു. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ കെ. എസ്.എൽ.എം.എ യുടെ പുതിയ സംരംഭങ്ങളിൽ പട്ടികജാതിക്കാർക്കുള്ള പ്രത്യേക സാക്ഷരതാ/തുല്യതാ പരിപാടി (നവചേതന), അട്ടപ്പാടിയിലെയും വയനാട്ടിലെയും പട്ടികവർഗക്കാർക്കുള്ള പ്രത്യേക പദ്ധതികൾ, ട്രാൻസ്ജെൻഡർമാരുടെ തുടർ വിദ്യാഭ്യാസത്തിനുള്ള പ്രത്യേക പാക്കേജ് (സമന്വയ), കുടിയേറ്റ തൊഴിലാളികൾക്കുള്ള സാക്ഷരതാ പരിപാടി (ചങ്ങാതി), പരിസ്ഥിതി സാക്ഷരതാ പരിപാടി, തീരദേശ സാക്ഷരതാ പരിപാടി, മറ്റ് തുടർച്ചയായ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി)

നയ രൂപീകരണം, ഗവേഷണം, വിദ്യാഭ്യാസത്തിന്റെ തൊഴിലധിഷ്ഠിതവൽക്കരണം, പാഠ്യപദ്ധതി വികസനം, അധ്യാപക വികസന പരിപാടികൾ എന്നിങ്ങനെയുള്ള അക്കാദമിക കാര്യങ്ങളിൽ ഒരു റിസോഴ്സ് ബോഡിയായി ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന എൻ.സി.ഇ.ആർ.ടി യുടെ മാതൃകയിൽ കേരള സർക്കാർ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ സ്ഥാപിച്ചു. എസ്.സി.ഇ.ആർ.ടി.യുടെ വിവിധ ഡിവിഷനുകൾക്ക് കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് പുറമെ, പ്രീ-സ്കൂൾ വിദ്യാഭ്യാസം, സ്കൂൾ വിദ്യാഭ്യാസം, അധ്യാപക വിദ്യാഭ്യാസം, മുതിർന്നവരുടെ വിദ്യാഭ്യാസം എന്നിവയ്ക്കായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിക്കുക, പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണം, പാഠ പുസ്തകങ്ങൾ തയ്യാറാക്കൽ, അധ്യാപകരുടെ കൈപുസ്തകങ്ങൾ, എല്ലാ ക്ലാസുകൾക്കുമുള്ള അനുബന്ധ പഠനോപകരണങ്ങൾ, കേരള എജ്യുക്കേഷൻ കോൺഗ്രസ് എന്ന അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കം കുറിക്കുക, കേരള എജ്യുക്കേഷൻ ജേർണലിന്റെ ഓൺലൈൻ, പ്രിന്റ് പതിപ്പുകൾ പ്രസിദ്ധീകരിക്കുക, സെക്കൻഡറി, ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കിടയിൽ സർഗ്ഗാത്മകതയും സംരംഭകത്വവും വളർത്തുന്നതിനുള്ള പരിപാടി എന്നിവയാണ് പുതിയ പരിപാടികൾ.

സമഗ്ര ശിക്ഷ കേരള (എസ്.എസ്.കെ)

ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ അഭിയാൻ, 2018-ൽ സർവശിക്ഷാ അഭിയാൻ (എസ്എസ്എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർഎംഎസ്എ) എന്നിവയെ സംയോജിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള ഒരു സംയോജിത പരിപാടിയായി ആരംഭിച്ചു. 2030-ഓടെ, എസ്.ഡി.ജി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, എല്ലാ ആൺകുട്ടികളും പെൺകുട്ടികളും സൗജന്യവും തുല്യവും ഗുണമേന്മയുള്ളതുമായ പ്രാഥമിക, സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുകയും പ്രസക്തവും ഫലപ്രദവുമായ പഠന ഫലങ്ങളിലേക്ക് നയിക്കുകയും വിദ്യാഭ്യാസത്തിലെ ലിംഗപരമായ അസമത്വം ഇല്ലാതാക്കുകയും വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യ പ്രവേശനം ഉറപ്പാക്കുകയും, വികലാംഗർ, തദ്ദേശവാസികൾ, ദുർബല സാഹചര്യങ്ങളിലുള്ള കുട്ടികൾ എന്നിവരുൾപ്പെടെ ദുർബലരായ ആളുകൾക്കുള്ള തൊഴിൽ പരിശീലനം എന്നിവ പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ എസ്. എസ്.കെ യുടെ കാഴ്ചപ്പാടാണ്. ഈ കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ 1) ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുകയും വിദ്യാർത്ഥികളുടെ പഠന ഫലങ്ങൾ വർധിപ്പിക്കുകയും ചെയ്യുക 2) സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപദവിയുമായി ബന്ധപ്പെട്ട വിടവുകൾ നികത്തൽ 3) സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യതയും ഉൾപ്പെടുത്തലും ഉറപ്പാക്കൽ 4) സ്കൂൾ വിദ്യാഭ്യാസ വ്യവസ്ഥയുടെ നിലവാരം ഉറപ്പാക്കൽ 5) വിദ്യാഭ്യാസത്തിൽ തൊഴിലധിഷ്ഠിതവൽക്കരണം പ്രോത്സാഹിപ്പിക്കുക 6) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശ നിയമം, 2009, എന്നിവ നടപ്പിലാക്കുന്നതിൽ സംസ്ഥാനങ്ങളെ പിന്തുണയ്ക്കുക 7) അധ്യാപക പരിശീലനത്തിനുള്ള നോഡൽ ഏജൻസികളായി എസ്.സി.ഇ.ആർ.ടികൾ/സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ, ഡയറ്റ് എന്നിവ ശക്തിപ്പെടുത്തലും ഗ്രേഡേഷനും നടത്തുക എന്നിവയാണ്.

വിദ്യാഭ്യാസ മിഷൻ

2016 നവംബറിൽ കേരള സർക്കാർ ആരംഭിച്ച "നവകേരളം മിഷന്റെ" ഭാഗമായി, പൊതുവിദ്യാഭ്യാസ വകുപ്പ് "പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ" നടപ്പിലാക്കുന്നതിനുള്ള ഒരു മഹത്തായ പരിപാടി ആരംഭിച്ചു. ഇപ്പോൾ വിദ്യാകിരണം പദ്ധതിയായാണ് പരിപാടി പ്രവർത്തിക്കുന്നത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ വിവിധ മിഷനുകളും വിദ്യാഭ്യാസ വകുപ്പുമായും വിദ്യാഭ്യാസ വകുപ്പിന്റെ ഏജൻസികളുമായും ശരിയായ ഏകോപനമാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് (സീമാറ്റ്)-കേരളം

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ വിഭാവനം ചെയ്ത പ്രകാരം വിദ്യാഭ്യാസ പ്രവർത്തകരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി 2005-ൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ്-കേരള (സീമാറ്റ്) കേരള സർക്കാർ സ്ഥാപിച്ചു. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഏജൻസിയുടെ പ്രധാന ഊന്നൽ, ഗുണനിലവാര വർദ്ധനയും അക്കാദമിക് മികവും ആയിരിക്കും, കൂടാതെ എല്ലാ അക്കാദമിക്, ശേഷി വർദ്ധന പരിപാടികളും 'പ്രോഗ്രസീവ് എഡ്യൂലെഡ് പ്രോഗ്രാമിന് (പിഇപി) കീഴിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഡി-സൈറ്റ് (ഡാറ്റ ബേസ്ഡ് ഇൻസൈറ്റ്), ഗവേഷണം, പരിശീലനം, ദേശീയ വിദ്യാഭ്യാസ നേതൃത്വ കൈമാറ്റ പരിപാടി, കേരള വിദ്യാഭ്യാസ ഉച്ചകോടി, വിദ്യാകിരണം-സംസ്ഥാനതല ആസൂത്രണവും മൂല്യനിർണ്ണയവും തുടങ്ങിയവയാണ് ഈ കാലയളവിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് പ്രോഗ്രാമുകൾ.

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ - കൈറ്റ് (ഐടി@ സ്കൂൾ പദ്ധതി)

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ഹൈടെക് സ്കൂൾ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസം വിപുലീകരിക്കാനും ഇതിലൂടെ ഉദ്ദേശിക്കുന്നു. കോവിഡ്-19 മഹാമാരി കണക്കിലെടുത്ത്, കൈറ്റ് അതിന്റെ പരിമിതമായ വിഭവങ്ങളും സാങ്കേതികവിദ്യയും ഉപയോഗിച്ച് കൈറ്റ് വിക്ടേഴ്സ് എന്ന വിദ്യാഭ്യാസ ചാനലിലൂടെ 'ഫസ്റ്റ് ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ അവതരിപ്പിച്ചു. ഐ.സി.ടി ഹാർഡ്‌വെയർ വിന്യാസവും പരിപാലനവും, ഉള്ളടക്ക വികസനം, പശ്ചാത്തല സൗകര്യ നവീകരണം, നിരീക്ഷണം, ശേഷി വർദ്ധിപ്പിക്കൽ, ഐ.സി.ടി പ്രോജക്ട് മാനേജ്മെന്റ്, ഇ-ഗവേണൻസ് എന്നിവയിൽ മികച്ച സമ്പ്രദായങ്ങൾ നൽകൽ എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം (എസ്.ഐ.എം.സി)

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി). ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസവും പരിശീലനവും പുനരധിവാസ സേവനങ്ങളും ഈ സ്ഥാപനം നൽകുന്നു. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം, ബൗദ്ധികമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതനിലവാരം പരമാവധി മെച്ചപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുക എന്നതാണ്. തൊഴിലധിഷ്ഠിത പരിശീലനം, ഭരണപരമായ ചെലവുകൾ, പ്രത്യേക വിദ്യാഭ്യാസ ഡിപ്ലോമ കോഴ്സ്, കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള രക്ഷാകർതൃ പരിശീലന പരിപാടി, ഇത്തരം കുട്ടികൾക്കായി ഹോസ്റ്റലുകളുടെ നിർമ്മാണം, അടിസ്ഥാന സൗകര്യ വികസന വർദ്ധനയും ഡോക്യുമെന്റേഷനും, നേരത്തെയുള്ള ഇടപെടൽ പരിപാടി, നേരത്തെയുള്ള ഇടപെടലിന് മൊബൈൽ യൂണിറ്റ്, സുസ്ഥിതി പദ്ധതി-13 ജില്ലകളിലെ എസ്.ഐ.എം.സി സേവന കേന്ദ്രങ്ങൾ എന്നിവയാണ് ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ. തടസ്സരഹിത പരിസ്ഥിതി സെൻസറി പാർക്കുകൾ, ഭിന്നശേഷിക്കാർക്കുള്ള ശാസ്ത്ര ഗവേഷണ സെൽ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കുള്ള പാഠ്യപദ്ധതി രൂപീകരണം, ഭിന്നശേഷിക്കാർക്കായി വെർചൽ പ്ലാറ്റ്ഫോമുകളുടെ വികസനം തുടങ്ങിയ പുതിയ പദ്ധതികളും പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്

കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് കേരളത്തിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടനയാണ് കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്. വ്യക്തികൾ എന്ന നിലയിലും ഉത്തരവാദിത്തമുള്ള പൗരന്മാർ എന്ന നിലയിലും പ്രാദേശിക, സംസ്ഥാന, ദേശീയ, അന്തർദ്ദേശീയ കമ്മ്യൂണിറ്റികളിലെ അംഗങ്ങൾ എന്ന നിലയിലും അവരുടെ ശാരീരികവും ബൗദ്ധികവും സാമൂഹികവും ആത്മീയവുമായ കഴിവുകളുടെ വികസനം കൈവരിക്കുന്നതിനുള്ള ഒരു സന്നദ്ധ വിദ്യാഭ്യാസ പ്രസ്ഥാനമാണ് സ്കൗട്ടിംഗ്. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ സ്നേഹഭവനം, പാവപ്പെട്ട കുട്ടികൾക്കുള്ള ഭവന പദ്ധതി, കുട്ടിക്കൊരു വായനശാല, മുറ്റത്തൊരു കൃഷിത്തോട്ടം എന്നിവയാണ്.

11.2 ഉന്നത വിദ്യാഭ്യാസം

അവലോകനം

കേരളത്തിൽ 14 സംസ്ഥാന സർവകലാശാലകളുണ്ട്. ഇതിൽ കേരളം, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നീ നാല് സർവകലാശാലകൾ പൊതുസ്വഭാവമുള്ളതും വിവിധ വിഷയങ്ങളിൽ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നതുമാണ്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ്, കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകൾ നിർദ്ദിഷ്ട വിഷയ മേഖലകളിൽ പ്രത്യേക കോഴ്സുകൾ നടത്തുന്നു. 2020-ൽ കൊല്ലം ആസ്ഥാനമായി സ്ഥാപിതമായ കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്സിറ്റിയായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും 2020-ൽ സ്ഥാപിതമായ ഡിജിറ്റൽ യൂണിവേഴ്സിറ്റിയും കേരളത്തിൽ പുതുതായി സ്ഥാപിതമായ സർവ്വകലാശാലകളാണ്. ഇവ കൂടാതെ, 2005-ൽ സ്ഥാപിതമായ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസും (നുവാൽസ്) കാസർകോട് ജില്ലയിൽ ഒരു കേന്ദ്ര സർവകലാശാലയും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

സംസ്ഥാനത്ത് 229 ആർട്സ് ആൻഡ് സയൻസ് കോളേജുകളുണ്ട്, അതിൽ 163 സർക്കാർ എയ്ഡഡ് കോളേജുകളും 66 സർക്കാർ കോളേജുകളുമാണ്. കൂടാതെ, മൂന്ന് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ, നാല് സംഗീത കോളേജുകൾ, ഒരു ഫിസിക്കൽ എജ്യുക്കേഷൻ കോളേജ് തുടങ്ങിയവ സംസ്ഥാനത്തുണ്ട്.

1. കൊളീജിയറ്റ് എജ്യുക്കേഷൻ ഡയറക്ടറേറ്റ് 2. കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ 3. സർവ്വകലാശാലകൾ (കേരളം, കാലിക്കറ്റ്, എം.ജി., കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, മലയാളം സർവ്വകലാശാല, ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല, നുവാൽസ് എന്നിവയാണ്. 4. തുടർവിദ്യാഭ്യാസ കേന്ദ്രം 5. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെസിഎച്ആർ) 6. ലോ കോളേജുകൾ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) 7. രാഷ്ട്രീയ ഉച്ചാദർ ശിക്ഷാ അഭിയാൻ (റൂസ) 8. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) 9. നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി) ഡയറക്ടറേറ്റ് 10. കെ ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സ് എന്നിവയാണ് സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള നിർവ്വഹണ ഏജൻസികൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പട്ടിക 11.4 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) ഉന്നത വിദ്യാഭ്യാസ (സർവകലാശാലകളും കൊളീജിയറ്റ് വിദ്യാഭ്യാസവും) മേഖലയ്ക്കുള്ള പദ്ധതി അടങ്കലും ചെലവും ചുവടെ ചേർത്തിരിക്കുന്നു

(രൂപ കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	ചെലവ്	%
2017-18	815.78	317.66	38.93
2018-19	684.23	562.16	82.16
2019-20	695.79	289.07	41.55
2020-21	407.56	429.28	105.33
2021-22	410.76	306.51	74.62
Total	**3014.12**	**1904.68**	**63.19**

ഉറവിടം: വാർഷിക ബജറ്റ് പ്രമാണങ്ങളും പ്ലാൻസ്പേസും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉന്നതവിദ്യാഭ്യാസത്തിന് (സർവകലാശാലകളും കൊളീജിയറ്റ് വിദ്യാഭ്യാസവും) വകയിരുത്തിയ ആകെ തുക 3014.12 കോടി രൂപയും ഇക്കാലയളവിലെ മൊത്തം ചെലവ് 1904.68 കോടി രൂപയുമാണ് (63.19%). 2020-21, 2021-22 വർഷങ്ങളിലെ ചെലവ് താരതമ്യേന ഉയർന്നതാണ്. 2019-20 വർഷത്തിൽ ചെലവ് കുറഞ്ഞതിന്റെ പ്രധാന കാരണം കോവിഡ് 19 മഹാമാരി സമയത്ത് ഏർപ്പെടുത്തിയ നിയന്ത്രണമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള ഉന്നത വിദ്യാഭ്യാസമേഖലയ്ക്കുള്ള ബജറ്റ് വിഹിതവുംചെലവും പട്ടിക 11.5-ൽ നൽകിയിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി – നേട്ടങ്ങൾ

കോവിഡ്-19 മഹാമാരി വിദ്യാഭ്യാസ സമ്പ്രദായത്തെ താറുമാറാക്കിയെങ്കിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാര്യമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു സംരംഭമായ കാൽനെറ്റ്, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള ലൈബ്രറികളുടെ സഹകരണം ഉറപ്പാക്കാൻ ഉദ്ദേശിച്ചുള്ളതാണ്.
- കേരളത്തിലെ ഏക ഓപ്പൺ സർവകലാശാലയായ ശ്രീ നാരായണ ഗുരു ഓപ്പൺ സർവകലാശാല 2020 ൽ കൊല്ലം നഗരം ആസ്ഥാനമാക്കി സ്ഥാപിതമായി. സർവകലാശാലയ്ക്ക് സംസ്ഥാനത്തുടനീളം പ്രാദേശിക കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും ഉണ്ട്. സർവകലാശാല സ്വന്തം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. കേരള സർവകലാശാല, എംജി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല എന്നിവ നടത്തുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളെല്ലാം പുതിയ സർവകലാശാലയുടെ ഭരണ നിയന്ത്രണത്തിലും പരിധിയിലും വരും.
- പഠനത്തോടൊപ്പം സമ്പാദ്യം എന്ന പദ്ധതി സർക്കാർ കോളേജുകളിൽ വിജയകരമായി നടപ്പാക്കിവരുന്നു, ഇത് പഠനത്തോടൊപ്പം ചെറിയ സമ്പാദ്യവും നേടുന്നതിനുള്ള ഒരു മാർഗനിർദേശ പദ്ധതിയാണ്.

പട്ടിക 11.5 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ്/ഏജൻസി തിരിച്ചുള്ള ഉന്നത വിദ്യാഭ്യാസമേഖലയ്ക്കുള്ള ബജറ്റ് വിഹിതവുംചെലവും(രൂപ കോടിയിൽ)

വകുപ്പ്/ഏജൻസി	2017–18		2018–19		2019–20		2020–21		2021–22		2017–22	
	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	ആകെ പദ്ധതി അടങ്കൽ	ആകെ ചെലവ്
കേരള സർവകലാശാല	26.00	15.50	27.00	17.54	29.00	9.28	25.00	15.80	26.00	11.69	133.00	69.81
കോഴിക്കോട് സർവകലാശാല	24.00	5.00	25.00	13.00	25.00	2.98	22.00	18.71	22.50	13.70	118.50	53.39
മഹാത്മാഗാന്ധി സർവകലാശാല	24.00	15.00	25.00	22.41	27.00	4.74	25.00	18.90	27.00	15.10	128.00	76.15
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല	15.40	9.70	16.50	9.39	17.00	5.44	16.50	12.06	17.00	10.21	82.40	46.79
കണ്ണൂർ സർവകലാശാല	24.00	11.00	25.00	23.61	25.00	1.22	22.00	17.37	22.50	17.82	118.50	71.02
നുവാൽസ്	6.80	11.80	7.25.	4.20	7.25	2.91	7.25	2.48	8.00	3.29	36.55	24.68
മലയാളം സർവകലാശാല	7.50	5.20	8.50	5.62	9.00	9.76	8.01	9.33	8.01	2.15	41.02	32.06
ലോ കോളേജുകൾ	7.50	24.50	8.00	26.81	8.00	23.59	7.00	15.23	8.00	8.38	38.50	98.50
എൻ.സി.സി	6.50	8.27	7.50	1.59	8.00	4.54	7.00	7.40	8.00	19.21	37.00	41.01
കൊളീജിയറ്റ് എജ്യുക്കേഷൻ ഡയറക്ടറേറ്റ്	129.40	79.94	117.78	90.29	123.35	52.00	125.19	56.31	135.71	96.73	631.43	375.26
ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാല	0.00	0.00	0.00	0.00	0.00	0.00	0.00	3.00	5.01	0.00	5.01	3.00
തുടർവിദ്യാഭ്യാസ കേന്ദ്രം	4.50	2.64	5.00	2.57	5.25	.86	5.25	5.25	5.50	4.16	25.50	15.48
കേരള സ്റ്റേറ്റ് ഹയർ എജ്യുക്കേഷൻ കൗൺസിൽ	16.50	6.30	17.50	10.45	18.00	11.37	16.75	11.64	16.80	11.20	85.55	50.95
കെസിഎച്ച്ആർ)	9.50	0.00	10.00	0.00	10.00	0.00	9.00	0.00	9.00	2.22	47.50	2.22
അസാപ്	429.60	100.00	282.20	117.82	281.94	100.42	50.00	154.98	25.00	68.00	1068.77	541.22
റൂസ	82.80	2.07	100.00	53.69	100.00	17.80	57.60	35.36	57.73	0.39	398.13	109.31
കെ ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സ്	1.75	1.75	2.00	4.47	2.00	1.39	2.00	5.04	2.00	1.78	9.75	14.43
ഉന്നതവിദ്യാഭ്യാസ വകുപ്പ്	0.00	0.00	0.00	0.00	0.00	0.00	2.01	0.00	7.00	20.50	9.01	20.50
മറ്റുള്ളവ		19.00		158.71		40.77		40.44			0.00	258.93
ആകെ	**815.78**	**317.66**	**684.23**	**562.16**	**695.79**	**289.07**	**407.56**	**429.28**	**410.76**	**306.51**	**3014.12**	**1904.68**

ഉറവിടം: വാർഷിക ബജറ്റ് പ്രമാണങ്ങളും പ്ലാൻസ്പേസും

ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിർണ്ണായക വിടവുകൾ

- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അപര്യാപ്തമാണ്.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മൊത്തം പ്രവേശന അനുപാതം വർധിപ്പിക്കുന്നതിനുള്ള നടപടികൾ അപര്യാപ്തമാണ്.
- പഠനത്തിനുള്ള ഓൺലൈൻ പിന്തുണയായ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (എൽ.എം.എസ്) എല്ലാ കോളേജുകളിലും സ്ഥാപിച്ചിട്ടില്ല.
- കേരളത്തിലെ സർക്കാർ കോളേജുകളിൽ 50000-ത്തിലധികം വിദ്യാർത്ഥികളുണ്ട്. എന്നാൽ കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ മേഖലയിൽ ഒരു കായിക വിദ്യാഭാസ കോളജ് മാത്രമാണുള്ളത്. സ്പോർട്സിനെ പിന്തുണയ്ക്കുന്നതിന് ഗ്രൗണ്ട്, മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, ആധുനിക കായിക ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മിക്ക കോളേജുകളിലും ഉണ്ട്. ചില കോളേജുകളിൽ കോളേജ് കെട്ടിടത്തിന് സ്ഥലമില്ലാതായിട്ടുണ്ട്.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായവും തമ്മിലുള്ള ബന്ധം ദുർബലമാണ്.

പതിന്നാലാം പഞ്ചവത്സര പദ്ധതി

നയപരമായ ശ്രദ്ധയും പൊതു ചെലവും ആവശ്യമുള്ള മേഖലകളായി താഴെപ്പറയുന്ന മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

1. **പശ്ചാത്തല വികസന സൗകര്യം, അദ്ധ്യാപനം, പാഠ്യപദ്ധതി വികസനം:** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അടിസ്ഥാന സൗകര്യ വികസനത്തിനും പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്കും പിന്തുണ നൽകും. വ്യക്തിഗത വിജ്ഞാന ശാഖകളിൽ/വിഷയങ്ങളിൽ ശേഷി വർദ്ധിപ്പിക്കൽ, ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസവും അക്കാദമിക് ഗവേഷണവും മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങളുടെ രൂപീകരണം, കോഴ്സ് ഡിസൈൻ, മികവുള്ള വകുപ്പുകൾക്കും മികവ് കേന്ദ്രങ്ങൾക്കും വേണ്ടിയുള്ള ആസൂത്രണം, മികവ് കേന്ദ്രങ്ങളെക്കുറിച്ചുള്ള ദേശീയ വിദഗ്ധരുമായി അനുഭവങ്ങൾ പങ്കിടൽ, കൂടാതെ അധ്യാപക പരിശീലനവും വികസനവും എന്നിവയെ ഇത് വഴി പിന്തുണയ്ക്കേണ്ടതാണ്.

2. **സ്ഥാപനപരമായ പരിഷ്കാരങ്ങളും നവീകരണവും:** അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ആവശ്യങ്ങളോട് അയവുള്ളതും സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ ഭരണപരമായ നിയന്ത്രണങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നടത്തും.

3. **ഓൺലൈൻ കോഴ്സ് വികസനം:** കോളേജുകളിലും സർവ്വകലാശാലകളിലും മികച്ച രീതിയിൽ അവതരിപ്പിക്കുന്ന തരത്തിലുള്ള ഓൺലൈൻ കോഴ്സുകൾ വികസിപ്പിക്കുന്നതിനും ഇന്റർ-യൂണിവേഴ്സിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാനും കഴിയുന്ന മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ - മൂക് പോലുള്ള പുതിയ സാങ്കേതിക വിദ്യകൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള നടപടികളെ പ്ലാൻ പിന്തുണയ്ക്കും.

4. **അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥി കൈമാറ്റത്തിനുമുള്ള നെറ്റ്വർക്കുകൾ:** അധ്യാപനത്തിനും ഗവേഷണത്തിനും വിദ്യാർത്ഥി കൈമാറ്റത്തിനുമായി ദേശീയവും അന്തർദ്ദേശീയവുമായ നെറ്റ്വർക്കുകൾ വിപുലീകരിക്കാനുള്ള ശ്രമങ്ങൾ ആവശ്യമാണ്.

5. **ലൈബ്രറി വികസനം, കാമ്പസിലെ ഐടി:** ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിനും ലൈബ്രറികളുടെ പ്രോത്സാഹനത്തിനും പ്ലാൻ ഫണ്ടിംഗ് സഹായിക്കും. വിവിധ കാമ്പസുകളിലെ സ്ഥാപനങ്ങൾക്കിടയിൽ ഇ-വിഭവങ്ങൾ പങ്കിടാനുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

6. **തുല്യത:** ഉന്നതവിദ്യാഭ്യാസത്തിന്റെ സാമൂഹികമായി ഉൾക്കൊള്ളുന്ന സ്വഭാവം ഉറപ്പാക്കുന്നതിനും ആഴത്തിലാക്കുന്നതിനും ഉന്നതവിദ്യാഭ്യാസത്തിൽ പ്രാദേശിക സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനുമുള്ള വഴികളും മാർഗങ്ങളും ഗവൺമെന്റിന്റെ നയപരമായ ശ്രമങ്ങളിൽ ഉൾപ്പെടും. പുതിയ സ്കോളർഷിപ്പുകൾ, മെച്ചപ്പെട്ട ഹോസ്റ്റലുകൾ, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചറിലേക്കുള്ള സൗജന്യ പ്രവേശനം, കോൺഫറൻസ് യാത്രകൾക്കും എക്സ്ചേഞ്ച് പ്രോഗ്രാമുകൾക്കുമായി വിദ്യാർത്ഥികൾക്ക് സഹായം എന്നിവയെ പദ്ധതി പിന്തുണയ്ക്കും.

7. മൈക്രോപ്ലാനിംഗ്: വ്യക്തിഗത സർവ്വകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതികളും പ്രോഗ്രാമുകളും രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

പുതിയ വിദ്യാഭ്യാസ നയം (എൻ.ഇ.പി) വിവിധ കാരണങ്ങളാൽ ന്യായമായും വിമർശിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് ആശങ്കയുണ്ട്. എൻ.ഇ.പി-യുടെ ചില വശങ്ങൾ എങ്ങനെ പ്രവർത്തനക്ഷമമാക്കാം എന്നതിൽ അവ്യക്തതയും ആശയക്കുഴപ്പവും ഉണ്ട്, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തുടർച്ചയായതും നിരന്തരവുമായ കൂടിയാലോചന പ്രക്രിയയുടെ അഭാവം ഇത് നടപ്പിലാക്കുന്നതിൽ കാണാവുന്നതാണ്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അക്കാദമികവും ഭരണപരവുമായ പരിഷ്കരണത്തിന് കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ച് യുവാക്കളുടെ, ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലാണ് ഉന്നത വിദ്യാഭ്യാസ നയം രൂപീകരിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് (ഡി.സി.ഇ)

"എല്ലാവർക്കും പ്രാപ്തവും മത്സരപരവും ബൗദ്ധികമായും സാമൂഹികമായും പരിവർത്തനം ചെയ്യുന്നതും എളുപ്പം ലഭ്യമാകുന്നതും താങ്ങാനാവുന്നതുമായ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം നൽകുക" എന്നതാണ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കാഴ്ചപ്പാട്. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം സമ്പന്നമാക്കുന്നതിലേക്കായി പരമ്പരാഗതവും നൂതനവുമായ രീതികൾ സംയോജിപ്പിച്ച് അക്കാദമിക് മികവ് കൈവരിക്കുക എന്നതാണ് ദൗത്യം. സ്ഥാപനങ്ങളിലെ അധ്യാപന-പഠന പ്രക്രിയയിലും മറ്റ് അക്കാദമിക് വ്യവഹാരങ്ങളിലും ഗുണനിലവാരവും അക്കാദമിക മികവും ഉറപ്പാക്കുക, വിദ്യാർത്ഥികളിലും ഫാക്കൽറ്റികളിലും നവീകരണവും ഗവേഷണ ശേഷിയും പ്രോത്സാഹിപ്പിക്കുക, നൂതന പദ്ധതികളിലൂടെ ആവശ്യക്കാരായ കുട്ടികൾക്കു ലഭ്യമാകുന്ന തരത്തിൽ സ്കോളർഷിപ്പുകളുടെ വ്യാപ്തി വിപുലീകരിക്കുക എന്നിവയാണ് കൊളീജിയറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ മാർഗ്ഗനിർദ്ദേശ തത്വങ്ങൾ.

അക്കാദമിക് മികവ് കൈവരിക്കുക, അടിസ്ഥാന സൗകര്യ വികസനം വർധിപ്പിക്കുക, ഗുണനിലവാരവും ഉൽപ്പാദനക്ഷമവുമായ അന്തർ - വിജ്ഞാന മേഖലാ ഗവേഷണങ്ങളും പഠനങ്ങളും പ്രോത്സാഹിപ്പിക്കുക, ആവശ്യാധിഷ്ഠിത വ്യാവസായിക സഹകരണം ഉറപ്പാക്കുക, പഠന-പ്രവർത്തന സംസ്കാരം പ്രോത്സാഹിപ്പിക്കുക, സാമൂഹ്യ വ്യാപനം ലക്ഷ്യമാക്കിയുള്ളതും ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കലിനും ആവശ്യമായ പുതിയ പരിപാടികൾ ആരംഭിക്കുക എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ലക്ഷ്യങ്ങൾ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഇടപെടലുകൾ

എല്ലാ കോളേജുകൾക്കും ഘട്ടം ഘട്ടമായി നാക് അക്രഡിറ്റേഷൻ, പുതുതായി ആരംഭിക്കുന്ന കോളേജുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, ഇന്റർ ഡിസിപ്ലിനറി ഗവേഷണത്തിന്റെ പ്രോത്സാഹനം, ലൈബ്രറി വികസനം, വിദ്യാർത്ഥികളുടെ പിന്തുണയും അക്കാദമിക് ഔട്ട്റീച്ചും അക്കാദമിക് രംഗത്തെ ഗുണനിലവാര ഉറപ്പും, എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഇടപെടലുകൾ.

ലൈബ്രറികൾ, ലബോറട്ടറികൾ, ഫർണിച്ചറുകൾ എന്നിവയുടെ വികസനം, തിരഞ്ഞെടുത്ത കോളേജുകളിൽ സ്വയംഭരണാവകാശം ഏർപ്പെടുത്തലും അനുബന്ധ വികസന പ്രവർത്തനങ്ങളും കോളേജ് ഡവലപ്മെന്റ് കൗൺസിൽ (സിഡിസി) സമാഹരിച്ച തുകയുടെ മാച്ചിംഗ് ഗ്രാന്റ്, ടെയിനിംഗ് കോളേജുകളുടെ വികസനം, അദ്ധ്യാപക-അനധ്യാപക ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കൽ, ഗുണനിലവാര വർദ്ധനയും അക്രഡിറ്റേഷനും, സർക്കാർ സ്വയംഭരണ കോളേജുകളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന സംയോജിത വിദ്യാഭ്യാസ കേന്ദ്രങ്ങളായി ലീഡ് കോളേജുകൾ സ്ഥാപിക്കൽ, അടിസ്ഥാന സൗകര്യ വികസനം, സർക്കാർ കോളേജുകളുടെ വികസനവും പരിപാലനവും, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി നവീകരണം, വിദ്യാർത്ഥികളുടെ പിന്തുണയും, ക്ഷേമവും വ്യാപനവും, കോളേജുകളിലെ പഠനത്തിലും അധ്യാപനത്തിലും

ഗവേഷണത്തിലും അക്കാദമിക മികവ്, കോളേജുകളിൽ കായിക വിദ്യാഭ്യാസം എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പദ്ധതികൾ.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (കെ.എസ്.എച്ച്.ഇ.സി)

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ഉപദേശക സമിതിയാണ് കെ.എസ്.എച്ച്.ഇ.സി. പതിന്നാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കെ.എസ്.എച്ച്.ഇ.സി നിർദ്ദേശിച്ച പ്രധാന പരിപാടികൾ ഇ-ജേണൽ കൺസോർഷ്യവും കാൽനെറ്റും ഉൾപ്പെടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡിജിറ്റൈസേഷൻ പ്രോജക്ടുകളാണ്. ഫാക്കൽറ്റി ഡെവലപ്മെന്റ്, ഇൻസ്റ്റിറ്റ്യൂഷണൽ ശാക്തീകരണം, ഗുണനിലവാര ഉറപ്പ് എന്നിവയെക്കുറിച്ചുള്ള പ്രോഗ്രാമുകളുടെയും ഉന്നത വിദ്യാഭ്യാസത്തിന്റെയും സർവേകൾ നടത്താനും നവ കേരള പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് നടപ്പിലാക്കാനും കെ.എസ്.എച്ച്.ഇ.സി ഉദ്ദേശിക്കുന്നു.

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള)

കേരള ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സെക്ഷൻ-8 കമ്പനിയായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്), നൈപുണ്യമുള്ള വിദ്യാർത്ഥികളെയും പൊതു സമൂഹത്തെയും അവരുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് സഹായിക്കാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2012-ൽ സ്ഥാപിതമായ ഇത് 2021-ൽ ഒരു കമ്പനിയായി പരിവർത്തനം ചെയ്യപ്പെട്ടു. അസാപ് കേരള രൂപകൽപ്പന ചെയ്ത ഒരു അതുല്യ നൈപുണ്യ-വികസന മാതൃകയാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് (സി.എസ്.പി). സംസ്ഥാനത്തുടനീളം സ്ഥാപിതമായ 16 സി.എസ്.പികൾ തൊഴിൽ അന്വേഷകർക്ക് വ്യവസായവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനുള്ള നൈപുണ്യ പരിശീലനത്തിന്റെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകകളായി വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉയർന്ന വിദ്യാഭ്യാസ-തൊഴിലില്ലായ്മ നിരക്ക് ഇല്ലാതാക്കാൻ വ്യവസായവുമായി ബന്ധപ്പെട്ട കോഴ്സുകളിൽ അസാപ് കേരള ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ അസാപ് കേരള രണ്ട് വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

1. 2030-ഓടെ ഇന്ത്യ കൈവശമാക്കുന്ന ആഗോളതലത്തിൽ അനുകൂലമായ ജനസംഖ്യാപരമായ ലാഭവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള ഒരു നൈപുണ്യ ദൗത്യം.

2. നിലവിലുള്ളതും ഭാവിയിലുണ്ടാകുന്നതുമായ നൈപുണ്യ വിടവുകൾ ഫലപ്രദമായി പരിഹരിക്കുന്നതിന് സംസ്ഥാനത്ത് സ്വയം സുസ്ഥിരവും സ്ഥാപിതവുമായ നൈപുണ്യ മാതൃക വികസിപ്പിക്കുക.

സർവ്വകലാശാലകൾ

പശ്ചാത്തല സൗകര്യ വികസനം, മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കൽ, അക്കാദമിക് വൈവിധ്യവൽക്കരണം, ഗവേഷണം, നവീകരണം, ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കൽ, അക്കാദമിക്-ഇൻഡസ്ട്രി ഇന്റർഫേസിന്റെ വികസന മാതൃകകൾ, അക്കാദമിക് ഗവേഷണം, വികസനം, ഐ.ടി. പ്രാപ്തമാക്കിയ അക്കാദമിക് സംരംഭം, ജി.ഇ.ആർ, ലാബ്, ലൈബ്രറി വികസനം, ശാരീരികവും മാനസികവുമായ ആരോഗ്യ കൗൺസിലിംഗ് സൗകര്യങ്ങൾ സ്ഥാപിക്കൽ, പരിസ്ഥിതി സൗഹൃദ ക്യാമ്പസ് വികസനം എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് സർവകലാശാലകൾ പ്രധാനമായും ലക്ഷ്യമിടുന്ന നൂതന പ്രവർത്തനങ്ങൾ. നാഷണൽ ഇൻസ്റ്റിട്യൂഷനൽ റാങ്കിങ് ഫ്രെയിംവർക് (എൻ.ഐ.ആർ.എഫ്) ൽ ഉയർന്ന റാങ്കോടെ സർവകലാശാലകളെ മികവിന്റെ സ്ഥാപനങ്ങളാക്കി മാറ്റും.

ലോ കോളേജുകൾ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ നാല് സർക്കാർ ലോ കോളേജുകളുണ്ട്. നിർദ്ദിഷ്ട പ്രവർത്തനങ്ങൾ പ്രധാനമായും നടന്നുകൊണ്ടിരിക്കുന്ന പ്രോഗ്രാമുകൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഈ സ്ഥാപനങ്ങൾ പ്രധാനമായും അടിസ്ഥാന സൗകര്യ വികസനം, ഇ-ഗവേണൻസ്,

ഡിജിറ്റലൈസേഷൻ, വിവിധ അക്കാദമിക്, കാമ്പസ് വികസന പ്രവർത്തനങ്ങൾ, അധിക അക്കാദമിക് ബ്ലോക്കുകൾ, ഗവേഷണ കേന്ദ്രങ്ങൾ, ലൈബ്രറി വികസനം, കരിയർ, നൈപുണ്യ വികസന പരിപാടികൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ)

2001-ൽ സ്ഥാപിതമായ ഒരു സ്വയംഭരണ സ്ഥാപനമായ കെ.സി.എച്ച്.ആർ, പുരാവസ്തു, ചരിത്രം, സാമൂഹിക ശാസ്ത്രം എന്നിവയിൽ ശാസ്ത്രീയ ഗവേഷണത്തിന് പ്രതിജ്ഞാബദ്ധമാണ്. കേരള സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രമായ ഇതിന് ഇന്ത്യയിലും വിദേശത്തുമുള്ള പ്രമുഖ സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ഉഭയകക്ഷി അക്കാദമിക്, എക്സ്ചേഞ്ച് കരാറുകളുണ്ട്. ആഭ്യന്തര ഗവേഷണം, കൗൺസിലിന് പുറത്തുള്ള പണ്ഡിതന്മാർ നടത്തുന്ന ഗവേഷണങ്ങളെ പിന്തുണയ്ക്കൽ, നിലവിലുള്ള ശേഷി വർദ്ധിപ്പിക്കുക, തിരുവനന്തപുരം, പട്ടണം കാമ്പസുകളിൽ ഒരു പ്രത്യേക ലൈബ്രറിയും റിസോഴ്സ് സെന്ററും വികസിപ്പിക്കുക, കേരളത്തിലും മധ്യകാല ഡച്ചിലും ഉപയോഗിച്ചിരുന്ന പഴയ ലിപികളുടെ എപ്പിഗ്രാഫിക്കൽ, പാലിയോഗ്രാഫിക്കൽ പഠനം, വർക്കിംഗ് പേപ്പറുകളായും മറ്റും തെരഞ്ഞെടുത്ത കൃതികളുടെ പ്രകാശനം, മോണോഗ്രാഫുകൾ, എഡിറ്റ് ചെയ്ത വാല്യങ്ങൾ എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ കൗൺസിലിന്റെ പ്രധാന ഊന്നൽ മേഖലകളിൽ ഉൾപ്പെടുന്നത്.

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (സി.സി.ഇ.കെ)

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സി.സി.ഇ.കെ. സിവിൽ സർവീസ് പരീക്ഷയിൽ ഉന്നത സ്ഥാനങ്ങളിലെത്താൻ യുവാക്കളെ വാർത്തെടുക്കുന്നതിനുള്ള മികവിന്റെ കേന്ദ്രമെന്ന നിലയിൽ സി.സി.ഇ.കെ യുടെ ഭരണ നിയന്ത്രണത്തിലാണ് കേരള സിവിൽ സർവീസ് അക്കാദമി പ്രവർത്തിക്കുന്നത്. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ കൗൺസിൽ നിർദ്ദേശിച്ച പുതിയ സംരംഭങ്ങളിൽ ദേശീയതല മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടികളും സിവിൽ സർവീസ് പരീക്ഷയ്ക്കുള്ള ഓൺലൈൻ പരിശീലന പരിപാടികളും ഓൺലൈൻ പഠന സാമഗ്രികൾ വികസിപ്പിച്ച് ഓൺലൈൻ ടെസ്റ്റ് സീരീസ് നടത്തിപ്പും ഉൾപ്പെടുന്നു.

കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ്

കെ.ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് & ആർട്സ്, കേരള ഗവൺമെന്റിന്റെ കീഴിലുള്ള അന്താരാഷ്ട്ര നിലവാരത്തിൽ പ്രവർത്തിക്കുന്ന ഓഡിയോ വിഷൽ പരിശീലന ഗവേഷണ കേന്ദ്രമാണ്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്റ്റുകൾക്ക് പുറമെ, ഛായാഗ്രഹണ വകുപ്പിന്റെ രൂപീകരണം, അടിസ്ഥാന ഡിജിറ്റൽ ഫിലിം മേക്കിംഗ്, അഡ്വാൻസ്ഡ് വിഷൽ ഇഫക്ട്സ്, ആധുനിക വി.എഫ്.എക്സ്, വെർചൽ പ്രൊഡക്ഷൻ എന്നിവയ്ക്കായുള്ള രണ്ട് വർഷത്തെ പ്രോഗ്രാം, വെർചൽ പ്രൊഡക്ഷനിലെ സിനിമാറ്റിക് ടെക്നോളജി, ചലച്ചിത്ര വിദ്യാഭ്യാസവും ചലച്ചിത്ര സംസ്കാരവും വളർത്തുന്നതിനായി ചലച്ചിത്ര പഠനത്തിനായി അന്താരാഷ്ട്ര കേന്ദ്രം സ്ഥാപിക്കൽ, സിനിമയിലൂടെ ചലച്ചിത്ര സംസ്കാരവും വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിനായി ഫിലിം ആർക്കൈവുകളും സംരക്ഷണ യൂണിറ്റും സ്ഥാപിക്കൽ, കൊച്ചിയിൽ പുതിയ കാമ്പസ് സ്ഥാപിക്കൽ എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിപാടികൾ.

നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി)

ഇന്ത്യയിലെ, യൂണിഫോം ധരിച്ച ഏറ്റവും വലിയ യുവജന സംഘടനയായി 1948-ൽ എൻ.സി.സി സ്ഥാപിതമായി. "ഐക്യവും അച്ചടക്കവും" എന്നതാണ് എൻ.സി.സിയുടെ മുദ്രാവാക്യം. വിദ്യാർത്ഥികളിലും യുവാക്കളിലും സ്വഭാവഗുണവും അച്ചടക്കവും നേതൃത്വഗുണവും വളർത്തിയെടുക്കുക എന്നതാണ് എൻ.സി.സിയുടെ ലക്ഷ്യം. സംസ്ഥാനത്ത് എൻ.സി.സിയുടെ അഞ്ച് ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സുകളും 42 ബറ്റാലിയനുകളും ഒരു ഡയറക്ടറേറ്റും ഉണ്ട്. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ എൻ.സി.സി നിർദ്ദേശിച്ച പ്രധാന പ്രവർത്തനങ്ങളിൽ പരിശീലനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഓഫീസ് കെട്ടിടം, ഡയറക്ടറേറ്റിന്റെ വികസനം തുടങ്ങിയവ ഉൾപ്പെടുന്നു.

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)

രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ, 2013-ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് റൂസ. ഈ പദ്ധതിക്ക് നിലവിൽ യഥാക്രമം 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നത്. പതിന്നാലാം പഞ്ചവത്സര പദ്ധതി കാലയളവിലും റൂസ തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

11.3 സാങ്കേതിക വിദ്യാഭ്യാസം

അവലോകനം

ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിന്റെ പ്രയോജനത്തിനായി സാങ്കേതികവിദ്യയുടെ പ്രയോഗത്തിലൂടെ മാനവ വിഭവശേഷി വികസനമാണ് സാങ്കേതിക വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. സമൂഹത്തിന്റെ സുസ്ഥിര വികസനത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ യുവതലമുറയ്ക്ക് ലഭ്യമാകുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഏജൻസികൾ താഴെപ്പറയുന്നവയാണ്.

1) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

2) കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

3) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്)

4) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി)

5) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം (കെ.എസ്.എസ്.ടി.എം)

6) എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി

7) ട്രസ്റ്റ് റിസർച്ച് പാർക്ക്

8) സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ടെക്നോളജി (സി-ആപ്റ്റ്)

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പട്ടിക 11.6 പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിൽ (2017-2022) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ അടങ്കലും ചെലവും

(രൂപ കോടിയിൽ)

വർഷം	പദ്ധതി അടങ്കൽ	ചെലവ്	%
2017-18	248.36	220.50	88.78
2018-19	249.93	260.58	104.26
2019-20	249.41	189.85	76.12
2020-21	213.69	206.68	96.72
2021-22	215.86	177.13	82.06
ആകെ	**1177.25**	**1054.74**	**89.59**

അവലംബം : വാർഷിക ബജറ്റ് ഡോക്യുമെന്റുകളും പ്ലാൻസ്പേസും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സാങ്കേതിക വിദ്യാഭ്യാസത്തിനായി നീക്കിവച്ച ആകെ തുക ₹ 1177.25 കോടിയും ഇക്കാലയളവിലെ മൊത്തം ചെലവ് 1054.74 കോടി രൂപയുമാണ് (89.59 ശതമാനം). 2019-20 വർഷത്തിൽ ചെലവ് കുറഞ്ഞതിനു കാരണം വെള്ളപ്പൊക്കവും കോവിഡ് -19 മഹാമാരിയുമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ബജറ്റ് വിഹിതവും ചെലവും പട്ടിക 11.7-ൽ നൽകിയിരിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ വിടവുകൾ

1. ഫാക്കൽറ്റി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും മതിയായ വ്യാവസായിക എക്സ്പോഷർ ലഭിക്കുന്നില്ല.
2. വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അപര്യാപ്തമായ സൗകര്യങ്ങൾ.
3. സംരംഭകത്വ ആശയങ്ങൾ വളർത്തുന്നതിനും സാങ്കേതിക പിന്തുണ നൽകുന്നതിനുമുള്ള അപര്യാപ്തമായ സൗകര്യങ്ങൾ.
4. വിദ്യാർത്ഥിക്ക് പ്രൊഫഷണൽ സഹായം ആവശ്യമാണോ എന്ന് തീരുമാനിക്കുന്നതിന്, വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി തിരഞ്ഞെടുത്ത/താൽപ്പര്യമുള്ള ഫാക്കൽറ്റി അംഗങ്ങൾക്ക് പരിശീലനത്തിന്റെ അഭാവം.
5. ഗ്രാമീണ/തീരപ്രദേശങ്ങളിൽ നിന്നും വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം.
6. വിദ്യാർത്ഥികളുടെ ശരിയായ മാനസികാരോഗ്യം പരിഹരിക്കുന്നതിന് എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ വിദ്യാർത്ഥി കൗൺസിലർമാരുടെ അഭാവം
7. സ്ഥാപനത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം, ഫെലോഷിപ്പുകൾ, ഗവേഷണ ഗ്രാന്റുകൾ, യാത്രാ ഗ്രാന്റുകൾ എന്നിവ നൽകിക്കൊണ്ട് പ്രോത്സാഹനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്.

പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

സമൂഹത്തിന്റെ സുസ്ഥിര വികസനത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും യുവതലമുറയെ പ്രാപ്തരാക്കുന്ന വിദ്യാഭ്യാസം നൽകുക എന്നതിലാണ് സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ പ്രധാന സംരംഭങ്ങൾ ഇനിപ്പറയുന്നവയാണ്.

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള കേന്ദ്ര ഏജൻസിയാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്. 1957-ൽ ഈ വകുപ്പ് നിലവിൽ വന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാഠ്യപദ്ധതിയുടെ ആധുനികവൽക്കരണത്തോടൊപ്പം, സംരംഭകത്വ/സ്റ്റാർട്ടപ്പ് സംരംഭങ്ങളിൽ അവരുടെ പ്രൊജെക്ടുകൾ പരീക്ഷിക്കാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. ഈ വകുപ്പിന് കീഴിൽ ഒൻപത് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, മൂന്ന് ഗവ. എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ, 45 സർക്കാർ പോളിടെക്നിക് കോളേജുകൾ (ഏഴ് വനിതാ പോളിടെക്നിക് കോളേജുകൾ ഉൾപ്പെടെ), ആറ് ഗവ. എയ്ഡഡ് പോളിടെക്നിക് കോളേജുകൾ, 39 ടെക്നിക്കൽ ഹൈസ്കൂളുകൾ, 42 ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫാഷൻ ഡിസൈനിംഗ് (ജി.ഐ.എഫ്.ഡി) എന്നിവ പ്രവർത്തിക്കുന്നു.

പട്ടിക 11.7 വകുപ്പ്/ഏജൻസി തിരിച്ചുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ബജറ്റ് വിഹിതവും ചെലവും

(രൂപ കോടിയിൽ)

വകുപ്പ്/ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		2017-22	
	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	പദ്ധതി അടങ്കൽ	ചെലവ്	ആകെ പദ്ധതി അടങ്കൽ	ആകെ ചെലവ്
ഡി.ടി.ഇ	148.76	150.22	144.93	176.28	139.41	163.00	125.15	128.93	121.82	114.92	680.07	733.34
കുസാറ്റ്	2300	19.75	24.00	13.00	25.50	4.88	22.00	14.29	23.00	17.92	117.50	69.83
കെ.എസ്.എസ്.ടി.എം	15.50	3.88	18.00	17.80	19.00	0.00	18.00	18.00	19.00	8.10	89.50	47.77
ഐ.എച്ച്.ആർ.ഡി	18.00	14.23	20.00	13.20	20.50	8.61	19.00	19.48	20.00	20.67	97.50	76.19
എൽ.ബി.എസ്	5.00	5.00	5.30	2.75	5.30	0.88	4.52	5.99	4.75	4.35	24.87	18.96
സി-ആപ്റ്റ്	2.90	2.28	3.20	1.57	3.20	3.08	3.00	3.00	4.00	0.98	16.30	10.91
കെ.ടി.യു	33.20	21.70	33.50	17.70	33.50	7.40	20.51	1.87	21.01	8.49	141.72	57.16
ട്രസ്റ്റ് പാർക്ക്	2.00	0.05	1.00	0.70	3.00	2.00	1.51	1.50	2.28	1.72	9.79	5.97
മറ്റുള്ളവ		3.40		17.58				13.63			0.00	34.61
ആകെ	**248.36**	**220.50**	**249.93**	**260.58**	**249.41**	**189.85**	**213.69**	**206.68**	**215.86**	**177.13**	**1177.25**	**1054.74**

അവലംബം : വാർഷിക ബജറ്റ് ഡോക്യുമെന്റുകളും പ്ലാൻസ്പേസും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ദർശനം:

ദേശീയ അന്തർദ്ദേശീയ നിലവാരത്തിന് തുല്യമായ യോഗ്യതയും കാര്യക്ഷമതയും കൈവരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസത്തെ കെട്ടിപ്പടുക്കേണ്ടതാണ്. പ്രാദേശികവും ആഗോളവുമായ വെല്ലുവിളികളെ നേരിടാനും ഉയർന്ന നിലവാരമുള്ള പ്രൊഫഷണലുകളാകാനും രാജ്യത്തിന്റെ വികസനത്തിന് സംഭാവന നൽകാനും യുവാക്കളെയും യുവതികളെയും പ്രാപ്തരാക്കുക എന്നതിലാണ് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ കാഴ്ചപ്പാടോടെയുള്ള, ഊന്നൽ മേഖലകൾ ഇനിപ്പറയുന്നവയാണ്:

1. ദേശീയ പ്രാധാന്യവും അന്തർദേശീയ ദൃശ്യപരതയും ഉള്ള ലീഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക.
2. ഭാവി വീക്ഷണത്തോടെ ഇന്റർ-ഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
3. എംപ്ലോയബിൾ മാൻ പവർ ഉൽപ്പാദിപ്പിക്കുന്നതിന് ടെക്നീഷ്യൻ ലെവൽ സ്കില്ലിംഗ് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുക.
4. സ്കൂൾ തലം മുതൽ ഗവേഷണ വികസനം വരെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസം സമന്വയിപ്പിക്കുന്നതിന് നൈപുണ്യ ഇടനാഴി സ്ഥാപിക്കുക.
5. ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ തൊഴിലധിഷ്ഠിത സാങ്കേതിക/തൊഴിൽ പരിശീലനവും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രോത്സാഹനവും.

മേൽപ്പറഞ്ഞ ഊന്നൽ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് 2022-23 കാലയളവിൽ ഇനിപ്പറയുന്ന പുതിയ സ്കീമുകൾ നിർദ്ദേശിച്ചിട്ടുണ്ട്, അത് പതിന്നാലാം പഞ്ചവത്സര പദ്ധതിയിലും തുടരും:

1. കോറൽ (സഹകരണ ഗവേഷണവും പഠനവും): സർക്കാർ വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് സാമൂഹിക പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതിയാണിത്. ഗവേഷണ സ്ഥാപനങ്ങൾ, എൽ.എസ്.ജി.ഡികൾ, ഗവൺമെന്റ് മിഷനുകൾ എന്നിവ ഒരു വശത്തും അക്കാദമിക് സ്ഥാപനങ്ങൾ മറുവശത്തും തമ്മിൽ പരസ്പരമുള്ള കൊടുക്കൽ വാങ്ങൽ സുഗമമാക്കുന്ന ഒരു ലിങ്കായി ഈ കേന്ദ്രം പ്രവർത്തിക്കുന്നു.
2. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ അവളുടെ ശാക്തീകരണത്തിനുള്ള പദ്ധതി (ഷീ): കണ്ണൂർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആരംഭിച്ച ഈ പദ്ധതി, പെൺകുട്ടികൾക്ക് തങ്ങൾക്ക് എത്രമാത്രം കഴിവുണ്ടെന്ന് മനസ്സിലാക്കാനും സാങ്കേതിക മേഖലകളിൽ മികച്ച നേതാക്കളാകാൻ ആവശ്യമായ പിന്തുണ നൽകാനും അവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെയുള്ളതാണ്.
3. 2022-23-ൽ, അധ്യാപന-പഠന പ്രക്രിയയിലെ മാറ്റങ്ങൾ തിരിച്ചറിയാനും ഇ-ലേണിംഗിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം അംഗീകരിച്ച് ഒരു കേന്ദ്രീകൃത റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കാനും ഡി.ടി.ഇ നിർദ്ദേശിക്കുന്നു. ഡയറക്ടറേറ്റിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും കരിക്കുലർ, കോ-കരിക്കുലർ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ ഈ സംവിധാനം ഏകോപിപ്പിക്കും. പഠന വിഭവങ്ങൾ, ലൈബ്രറി, സോഫ്റ്റ്‌വെയർ, എല്ലാ സ്ഥാപനങ്ങളിലും നടക്കുന്ന വിവിധ ഗവേഷണ സംരംഭങ്ങൾ/പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പൊതു ഡിജിറ്റൽ പ്ലാറ്റ്ഫോമായി നിർദ്ദിഷ്ട കേന്ദ്രം പ്രവർത്തിക്കും. ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുമായും ഇ-വിഭവങ്ങൾ പങ്കിടുന്നതിന് കേന്ദ്രീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം സ്ഥാപിക്കും.
4. ഡയറക്ടറേറ്റിന് കീഴിലുള്ള ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (ഐ.ഐ.ഐ.സി) ശക്തിപ്പെടുത്താനും പദ്ധതിയിട്ടിട്ടുണ്ട്, അതുവഴി വ്യാവസായിക ജീവനക്കാരുടെയും പ്രൊഫഷണൽ പരിശീലകരുടെയും സഹായത്തോടെ വിദ്യാർത്ഥികളുടെ പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും.
5. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സാങ്കേതിക പരിജ്ഞാനം, മാനവ വിഭവശേഷി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ വിനിയോഗത്തിലൂടെ, ജീവിതത്തിന്റെ വിവിധ തുറകളിലുള്ള ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിന്, സംസ്ഥാന സർക്കാരിന്റെ നൈപുണ്യ സംരംഭത്തിന്റെ ഭാഗമാകാൻ 2022-23 കാലയളവിൽ വകുപ്പ് ലക്ഷ്യമിടുന്നു. സർക്കാർ അംഗീകരിച്ച കർമപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും.

എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

സാങ്കേതികവും ശാസ്ത്രീയവുമായ കണ്ടുപിടിത്തങ്ങളിൽ ഗവേഷണപുരോഗതിക്ക് സംഭാവന നൽകുന്ന വിജ്ഞാന മാതൃകകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എഞ്ചിനീയറിംഗ്, ടെക്നോളജി, മാനേജ്മെന്റ് എന്നീ മേഖലകളിൽ ലഭ്യമാകുന്നതും ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ 2014-ൽ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി നിലവിൽ വന്നു. അഫിലിയേറ്റഡ് എഞ്ചിനീയറിംഗ് കോളേജുകളെ പ്രാദേശിക സ്വാശ്രയ വകുപ്പുകളുമായും സർക്കാരിന്റെ ഏജൻസികളുമായും വികസന സഹകരണത്തിലേക്ക് മാറ്റുക എന്ന ലക്ഷ്യത്തോടെ, 2022-23 കാലയളവിൽ അക്കാദമിക് നിലവാരം മെച്ചപ്പെടുത്തൽ, ഗവേഷണ കേന്ദ്രങ്ങളുടെ സ്ഥാപനം എന്നിവ ഉൾപ്പെടുന്ന നിരവധി പരിപാടികൾ ആരംഭിച്ചു. അവയിൽ ഗവേഷണ സൗകര്യങ്ങൾ, നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവും, ബൗദ്ധിക സ്വത്തവകാശ വികസനവും വ്യവസായ പ്രോത്സാഹനവും, ഇ-ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റങ്ങളുടെ വികസനം, വിദ്യാർത്ഥികൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും സ്റ്റാഫ് അംഗങ്ങൾക്കും വേണ്ടിയുള്ള സൗകര്യങ്ങളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

പതിന്നാലാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ, അക്കാദമിക്, ഗവേഷണ സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഡിജിറ്റൽ മാർഗ്ഗം സ്വീകരിക്കുന്നതിന് പ്രോൽസാഹിപ്പിക്കുന്നതിലൂടെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല, എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിൽ സമൂലമായ പരിവർത്തനം കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്)

ബിരുദാനന്തര ബിരുദ പഠനത്തിനും അപ്ലൈഡ് സയൻസ്, സാങ്കേതിക വിദ്യ, വ്യവസായം, വാണിജ്യം എന്നീ മേഖലകളിലെ ഗവേഷണത്തിനും പ്രത്യേക ഊന്നൽ നൽകി ഉന്നത വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനാണ് 1971-ൽ കുസാറ്റ് സ്ഥാപിതമായത്. 'എ' ഗ്രേഡോടെ നാക് അക്രഡിറ്റേഷൻ, വിദ്യാർത്ഥികളുടെ ഉയർന്ന തൊഴിൽക്ഷമത നിരക്ക്, എല്ലാ അക്കാദമിക് പ്രോഗ്രാമുകളും പൂർണ്ണമായ ഫലത്തെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസ രീതിയിലേക്ക് പരിവർത്തനം ചെയ്യുക, പ്രശസ്ത ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായുള്ള അക്കാദമിക്, ഗവേഷണ സഹകരണം തുടങ്ങിയവയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ സർവകലാശാലയുടെ നേട്ടങ്ങളിൽ ചിലത്.

വിവിധ വകുപ്പുകൾക്കായി പുതിയതും അധികവുമായ കെട്ടിടങ്ങളുടെ നിർമ്മാണം, ഇൻഡോർ സ്റ്റേഡിയത്തിന്റെ പൂർത്തീകരണം, ഹോസ്റ്റലുകളുടെ നിർമ്മാണ, വിപുലീകരണ പ്രവർത്തനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സയൻസ് സെന്റർ (സി-സിസ്),പ്രവർത്തനങ്ങൾ വിപുലീകരിക്കൽ പഠനത്തിനായുള്ള ഗുണനിലവാരമുള്ള ഉള്ളടക്കത്തിന്റെ വികസനം, അധ്യാപകർക്കുള്ള പരിശീലനം, ഗവേഷണ പ്രവർത്തനങ്ങൾ, അഗ്നി സുരക്ഷാ നടപടികൾ, സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കൽ, പഴയ ജേണലുകളുടെ ഡിജിറ്റലൈസേഷൻ, ഗവേഷകർക്കുള്ള സ്കോളർഷിപ്പ്, പൊതു കാമ്പസ് വികസനം എന്നിവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ച പ്രധാന പ്രവർത്തനങ്ങൾ.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി)

വിവിധ തലങ്ങളിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകിക്കൊണ്ട് സമൂഹത്തിന്റെ ആവശ്യങ്ങൾ ന്യായമായ അടിസ്ഥാനത്തിൽ അഭിസംബോധന ചെയ്യുന്നതിനായി ഗുണമേന്മയുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതും നിയന്ത്രണത്തിലുള്ളതുമായ ഒരു സ്വയംഭരണ സ്ഥാപനമായി 1987 ൽ ഐ.എച്ച്.ആർ.ഡി സ്ഥാപിതമായി. 9 എഞ്ചിനീയറിംഗ് കോളേജുകൾ, 8 പോളിടെക്നിക്കുകൾ, 45 അപ്ലൈഡ് സയൻസസ് കോളേജുകൾ, 15 ടെക്നിക്കൽ ഹയർസെക്കൻഡറി സ്കൂളുകൾ, 2 ഫിനിഷിംഗ് സ്കൂളുകൾ എന്നിവ ഐ.എച്ച്.ആർ.ഡി.ക്ക് കീഴിൽ ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സ്ഥാപനത്തിന്റെ പ്രധാന നേട്ടങ്ങളിൽ ചിലത് സ്കൂളുകളിലെയും കോളേജുകളിലെയും എല്ലാ ലബോറട്ടറികളിലെയും ഉപകരണങ്ങളുടെ നവീകരണം, ഫർണിച്ചറുകളും ലൈബ്രറി പുസ്തകങ്ങളും വാങ്ങൽ, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ് മുറികളുടെ സജ്ജീകരണം തുടങ്ങിയവയാണ്. ടെക്നോളജി ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിക്കൽ, കൊട്ടാരക്കരയിൽ സ്റ്റാഫ് ട്രെയിനിംഗ്

കോളേജ് സ്ഥാപിക്കൽ, കാമ്പസിൽ നൈപുണ്യ വികസന കേന്ദ്രവും വ്യവസായങ്ങളും സ്ഥാപിക്കുക തുടങ്ങിയവയാണ് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഐ.എച്ച്.ആർ.ഡി നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ടെയിനിംഗ് (സി-ആപ്റ്റ്)

കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആൻഡ് റിപ്രോഗ്രാഫിക് സെന്റർ എന്നറിയപ്പെട്ടിരുന്ന സി-ആപ്റ്റ് 1992-ൽ രൂപീകൃതമായി. ഇത് കേരളത്തിലെ എല്ലാ സാങ്കേതിക-സാങ്കേതികേതര സ്ഥാപനങ്ങളുടെയും റിസോഴ്സ് സെന്ററായി പ്രവർത്തിക്കുന്നു. മാനവ വിഭവശേഷി വികസന പ്രവർത്തനങ്ങൾ, അച്ചടിയിലും ആധുനിക റിപ്രോഗ്രാഫിക് ഉപകരണങ്ങളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയും ഇത് നടപ്പിലാക്കുന്നു. അഞ്ച് കളർ ഷീറ്റ് ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങൽ, ഇ-ഇൻഫ്രാസ്ട്രക്ചർ നൽകൽ, സബ് സെന്റർ ടെയിനിംഗ് ഡിവിഷനുകളെ വൈദഗ്ധ്യമുള്ള കേന്ദ്രങ്ങളാക്കി മാറ്റൽ, മെഷീനുകളും ഉപകരണങ്ങളും വാങ്ങൽ, പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ, സബ് സെന്ററുകളുടെ കെട്ടിടത്തിന്റെ പരിപാലനവും വിപുലീകരണവും, പോസ്റ്റ് പ്രസ് ഉപകരണങ്ങൾ, ബൈൻഡിംഗ് ഉപകരണങ്ങൾ, ഫോർക് ലിഫ്റ്റ്, ബ്രെയ്‌ലി പ്രിന്റിംഗ് മെഷീൻ എന്നിവ വാങ്ങുക എന്നിവയാണ് സി-ആപ്റ്റ് നിർദ്ദേശിച്ചിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി

സമൂഹത്തിന് പ്രയോജനകരമാകുന്ന തരത്തിൽ വ്യവസായങ്ങളും സാങ്കേതിക സ്ഥാപനങ്ങളും തമ്മിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ, 1976-ൽ ഒരു സ്വയംഭരണ സ്ഥാപനമായി തിരുവനന്തപുരത്തെ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി സ്ഥാപിതമായി. തിരുവനന്തപുരം ആസ്ഥാനമായുള്ള ഈ സ്ഥാപനത്തിന്റെ കീഴിൽ, 5 മേഖലാ യൂണിറ്റുകൾ, 18 സബ് സെന്ററുകൾ, 2 എഞ്ചിനീയറിംഗ് കോളേജുകൾ, പൂജപ്പുരയിൽ ഭിന്നശേഷി പഠന കേന്ദ്രം, പരപ്പനങ്ങാടിയിൽ മോഡൽ ഡിഗ്രി കോളേജ് എന്നിവയുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിലും ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും വിവിധ നിർമ്മാണ-വികസന പ്രവർത്തനങ്ങളും വികലാംഗ പഠന കേന്ദ്രങ്ങളുടെ വികസനവും പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിക്കപ്പെടുന്നു.

തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി റിസർച്ച് പാർക്ക് (ട്രസ്റ്റ് റിസർച്ച് പാർക്ക്)

വ്യാവസായിക-അക്കാദമിക സഹകരണവും എഞ്ചിനീയറിംഗ് ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി 2015-ൽ ട്രസ്റ്റ് റിസർച്ച് പാർക്ക് രൂപീകരിച്ചു. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും വ്യവസായങ്ങളുമായി ഒത്തുചേരാനും പ്രോജക്റ്റുകളിൽ പ്രവർത്തിച്ച് അനുഭവപരിചയം നേടാനും സൗകര്യമൊരുക്കുക എന്നതാണ് ട്രസ്റ്റ് പാർക്കിന്റെ പ്രധാന ലക്ഷ്യം. മികവിന്റെ രണ്ട് കേന്ദ്രങ്ങൾ, ഇലക്ട്രോണിക് ടെസ്റ്റിംഗ് ലാബുകൾ, ആറ് കമ്പനികൾ, എന്നിവയുടെ സ്ഥാപനം, പരിശീലനം, ഗവേഷണ വികസന പദ്ധതികൾ എന്നിവയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ. പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ട്രസ്റ്റ് റിസർച്ച് പാർക്ക് നിർദ്ദേശിച്ച പ്രധാന സംരംഭങ്ങൾ ഒരു ഡ്രൈവ് ടെയിൻ ലാബും സ്ഥിരമായ കാമ്പസും സ്ഥാപിക്കുക എന്നതാണ്.

കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം (കെ.എസ്.എസ്.ടി.എം)

ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിവിധ വശങ്ങൾ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ 1984 ലാണ് കെ.എസ്.എസ്.ടി.എം സ്ഥാപിതമായത്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം തിരുവനന്തപുരം, ചാലക്കുടി കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ, കോട്ടയത്തെ കുറവിലങ്ങാട്, മലപ്പുറത്തെ പരപ്പനങ്ങാടി എന്നിവിടങ്ങളിൽ റീജണൽ സയൻസ് സെന്റർ കമ്മീഷൻ ചെയ്യൽ, പാലക്കാട് തൃത്താലയിൽ പുതിയ റീജണൽ സയൻസ് സെന്റർ, മാവേലിക്കരയിൽ സയൻസ് പാർക്ക് എന്നിവയ്ക്ക് പതിന്നാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകും.

അദ്ധ്യായം 12

ആരോഗ്യം

ആരോഗ്യമേഖലയിൽ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഒന്നാം സ്ഥാനത്താണ് കേരളം. ജനനസമയത്തെ ആയുർദൈർഘ്യം, ശിശുമരണനിരക്ക്, മാതൃമരണ നിരക്ക്, ജനസംഖ്യയിൽ സ്ത്രീ–പുരുഷ അനുപാതം തുടങ്ങിയ സൂചകങ്ങളിൽ കേരളം ഇന്ത്യൻ ശരാശരിയേക്കാൾ ഗണ്യമായി മുന്നേറി. സാമൂഹ്യനീതിയുടെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉയർന്ന നിലവാരത്തിലുള്ള പരിചരണമാണ് കേരളത്തിന്റെ ആരോഗ്യ നയം വിഭാവനം ചെയ്യുന്നത്. പൊതു ധനസഹായത്തോടെയുള്ള ആരോഗ്യ പരിപാലന സംവിധാനം (പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ) സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ആളുകൾക്കും ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സഹായിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ, പ്രചാരണ, രോഗശാന്തി, പുനരധിവാസ, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു.

കേരളത്തിലെ ആരോഗ്യമേഖല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഈ മേഖലയിലെ നേട്ടങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പൊതുജനാരോഗ്യ ആവശ്യകതകൾ കൈകാര്യം ചെയ്യുന്നതിലും മാതൃകയാണ്. നിലവിലെ കോവിഡ്–19 പാൻഡെമിക് സാഹചര്യത്തെ നേരിടുന്നതിൽ ആരോഗ്യ സംവിധാനം അവസരത്തിനൊത്ത് ഉയർന്നു. വാസ്തവത്തിൽ, സംസ്ഥാനത്തെ ശക്തമായ പൊതുജനാരോഗ്യ സംവിധാനമാണ് കോവിഡ്–19 പാൻഡെമിക്കിനെ നേരിടാൻ സാധ്യമാക്കിയത്.

ഇപ്പോൾ സംസ്ഥാനം പ്രധാനപ്പെട്ട രണ്ടാം തലമുറ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. സാംക്രമികേതര രോഗങ്ങളുടെ പ്രശ്നങ്ങൾ, ചില സാംക്രമിക രോഗങ്ങളുടെ ആവർത്തനങ്ങൾ, പ്രായമായവർക്കുള്ള സാന്ത്വന പരിചരണത്തിന്റെ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സമഗ്രമായ ശ്രമങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവിഭാജ്യ ഘടകമായിരിക്കും. ജനസൗഹൃദ ആരോഗ്യ വിതരണ സംവിധാനം സ്ഥാപിക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം.

സർക്കാർ മേഖലയിലെ ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ

സംസ്ഥാനത്തെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ 57,995 കിടക്കകളുള്ള 2,959 സ്ഥാപനങ്ങളാണുള്ളത്. കൂടാതെ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസിന്റെ (ഡിഎച്ച്എസ്) കീഴിൽ 5,403 സബ് സെന്ററുകളുണ്ട്. മൊത്തം സ്ഥാപനങ്ങളിൽ 44.03 ശതമാനം മോഡേൺ മെഡിസിനും 32.14 ശതമാനം ആയുർവേദവും 23.83 ശതമാനം ഹോമിയോപ്പതിയും. സഹകരണ മേഖല, ഇഎസ്ഐ ആശുപത്രികൾ, സ്വകാര്യ മേഖല എന്നിവ വഴിയും മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. 2021–22 കാലയളവിൽ സർക്കാർ മേഖലയിൽ ചികിത്സിച്ച ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ (കേസുകൾ) എന്നിവ പട്ടിക 1–ൽ നൽകിയിരിക്കുന്നു.

പട്ടിക 12.1: 2021–22 കാലയളവിൽ സർക്കാർ മേഖലയിൽ ചികിത്സിച്ച ആരോഗ്യ പരിപാലന സ്ഥാപനങ്ങൾ, കിടക്കകൾ, രോഗികൾ

ക്രമ നമ്പർ	മെഡിക്കൽ സിസ്റ്റം	സ്ഥാപനങ്ങൾ	കിടക്കകൾ	ചികിത്സിച്ച കേസുകൾ	
				ഐ.പി	ഒ.പി
1	ആധുനിക വൈദ്യശാസ്ത്രം (ആരോഗ്യ സേവനങ്ങൾ)	1284	38506	613165	60837631
2	ആധുനിക വൈദ്യശാസ്ത്രം (മെഡിക്കൽ വിദ്യാഭ്യാസം)	19	13756	191978	1669278
3	ആയുർവേദം (ISM)	948	3154	206584	14059883
4	ആയുർവേദം (DAME)	3	1361	3987	234089
5	ഹോമിയോപ്പതി	703	1000	4384	10038999
6	ഹോമിയോപ്പതി വിദ്യാഭ്യാസം	2	218	3022	280180
ആകെ		**2959**	**57995**	**1023120**	**87120060**

അവലംബം : ആരോഗ്യ വകുപ്പ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി

കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാന ബജറ്റിൽ വകയിരുത്തുന്ന പ്രധാന മേഖലയാണ് ആരോഗ്യം. സമീപ വർഷങ്ങളിൽ ഗവൺമെന്റ് ആരോഗ്യ പരിപാലനച്ചെലവ് ക്രമാനുഗതമായി വർധിച്ചുവരികയാണ്. എൽഎസ്ജികളുടെയും മറ്റ് ലൈൻ ഡിപ്പാർട്ടുമെന്റുകളുടെയും സംഭാവന ഒഴികെയുള്ള സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി വിഹിതത്തിന്റെ ഏകദേശം അഞ്ച് ശതമാനം ആരോഗ്യ സംരക്ഷണത്തിനായി കേരളം നിക്ഷേപിക്കുന്നു. ഇതുകൂടാതെ, കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി കിഫ്ബി, നബാർഡ് എന്നിവയുടെ സഹായത്തോടെ സർക്കാർ ഈ മേഖലയിൽ വലിയ തുക നിക്ഷേപിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി നീക്കിവച്ചിരിക്കുന്ന അടങ്കൽ 719929.00 ലക്ഷം രൂപയാണ് (ബിഇ). പദ്ധതി കാലയളവിലെ മൊത്തം ചെലവ് 910077.50 ലക്ഷം രൂപയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആരോഗ്യമേഖലയുടെ വകുപ്പ് തിരിച്ചുള്ള അടങ്കലും ചെലവും പട്ടിക 2ൽ നൽകിയിരിക്കുന്നു.

പട്ടിക 12.2 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരോഗ്യമേഖലയുടെ വകുപ്പ് തിരിച്ചുള്ള അടങ്കലും ചെലവും രൂപ കോടിയിൽ

ഉപമേഖല	2017–18		2018–19		2019–20		2020–21		2021–22		2017–22	
	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്
ഡിഎച്ച് എസ്	724.02	717.76 (99.14)	789.21	681.95 (86.41)	787.79	1399.47 (177.65)	991.40	1291.94 (130.31)	991.85	2045.07 (206.19)	4284.27	6136.19 (143.23)
ഡിഎം ഇ	470.09	454.39 (96.66)	494.14	429.33 (86.89)	484.25	625.67 (129.20)	420.60	507.61 (120.69)	420.60	468.55 (111.40)	2289.68	2485.56 (108.56)
ഐ.എ സ്.എം	43.20	44.16 (102.23)	48.20	33.40 (69.29)	47.55	32.43 (68.21)	41.95	45.00 (107.29)	41.95	38.26 (91.22)	222.85	193.26 (86.73)
ഡി.എ. എം.ഇ	46.00	24.69 (53.68)	50.60	29.45 (58.21)	49.75	19.18 (38.56)	43.20	23.22 (53.76)	43.20	27.16 (62.86)	232.75	123.71 (53.15)
ഹോമി യോ	23.00	21.62 (94.00)	27.00	24.09 (89.24)	26.60	16.62 (62.47)	23.75	23.26 (97.92)	23.95	25.09 (104.78)	124.30	110.68 (89.04)
ഹോമി യോ മെഡി ക്കൽ വിദ്യാഭ്യാ സം	8.64	5.69 (65.87)	10.15	10.15	10.00	8.19 (81.89)	8.65	16.96 (196.05)	8.00	10.36 (129.58)	45.44	51.35 (113.02)
ആകെ	**1314.95**	**1268.31 (96.45)**	**1419.30**	**1208.39 (85.14)**	**1405.94**	**2101.57 (149.48)**	**1529.55**	**1907.99 (124.74)**	**1529.55**	**2614.51 (170.93)**	**7199.29**	**9100.77 (126.41)**

ബ്രാക്കറ്റിലെ കണക്കുകൾ ശതമാനത്തെ സൂചിപ്പിക്കുന്നു;
* ചെലവിൽ ഗ്രാന്റുകൾക്കുള്ള സപ്ലിമെന്ററി ഡിമാൻഡ് ഉൾപ്പെടുന്നു
അവലംബം : പ്ലാൻസ്പേസും ബജറ്റ് രേഖകളും

പതിമൂന്നാം പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ

അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ ആർദ്രം മിഷൻ എന്ന പദ്ധതി പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ചു. 2017–18 കാലത്ത് 14 ജില്ലകളിലായി 170 പി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനായി സർക്കാർ തെരഞ്ഞെടുത്തു. ഇതിൽ 166 എഫ്.എച്ച്.സി.കൾ ഇതിനകം പ്രവർത്തനക്ഷമമാക്കി, ബാക്കിയുള്ളവ പുരോഗമിക്കുന്നു. 2018–19 ലെ രണ്ടാം ഘട്ടത്തിൽ എഫ്.എച്ച്.സി.കളായി വികസിപ്പിക്കുന്നതിന് 504 പിഎച്ച്സികളെ തെരഞ്ഞെടുത്തു,

അതിൽ 329 എണ്ണം പൂർത്തിയായി, മറ്റ് പിഎച്ച്സികളിൽ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി വികസിപ്പിക്കുന്നത് സംബന്ധിച്ച ജനങ്ങളുടെ പ്രതികരണം പ്രോത്സാഹനജനകമാണ്. മൂന്നാം ഘട്ടത്തിൽ ദേശീയ ആരോഗ്യ മിഷനു കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എഫ്എച്ച്സികളായി വികസിപ്പിക്കുന്നതിന് 212 പിഎച്ച്സികളെ തെരഞ്ഞെടുക്കുകയും 6 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. ഇതിനുപുറമെ സി.എച്ച്സി.കളെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് ആദ്യഘട്ടമായി 2019-20 കാലയളവിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (സിഎച്ച്സി) 2021-22 ൽ രണ്ടാം ഘട്ടമായി ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റുന്നതിന് മറ്റൊരു 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും (സിഎച്ച്സി) തെരഞ്ഞെടുത്തു.

മിഷൻ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഒരു മെഡിക്കൽ ഓഫീസർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ചു. എഫ്എച്ച്സികളിൽ കുറഞ്ഞത് 3 ഡോക്ടർമാരും 4 നഴ്സുമാരും ഉണ്ടെന്ന് ഉറപ്പാക്കാനാണ് ഈ തസ്തികകൾ നികത്തിയത്. ആർദ്രം മിഷന്റെ ആദ്യ ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (170), സ്റ്റാഫ് നഴ്സ് (340), ഫാർമസിസ്റ്റ് (150), ലാബ് ടെക്നീഷ്യൻ (170) എന്നിവരടങ്ങുന്ന 830 തസ്തികകൾ സൃഷ്ടിച്ചു. രണ്ടാം ഘട്ടത്തിൽ മെഡിക്കൽ ഓഫീസർമാർ (400), സ്റ്റാഫ് നഴ്സ് (400), ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ (200) എന്നിവരടങ്ങുന്ന 1000 തസ്തികകൾ സൃഷ്ടിച്ചു.

എഫ്.എച്ച്.സി കളിൽ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭങ്ങൾ

സംസ്ഥാനത്തുടനീളമുള്ള 224 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക പരിചരണത്തിന്റെ ഭാഗമായി 'ആശ്വാസം' ഡിപ്രഷൻ മാനേജ്മെന്റ് ക്ലിനിക്കുകൾ ആരംഭിച്ചു. കേരളത്തിൽ ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ 'ശ്വാസ്' എന്ന പേരിൽ ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (സിഒപിഡി) നിയന്ത്രണ പരിപാടി നടപ്പിലാക്കി. 3113 സബ്സെന്ററുകൾ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നത് പുരോഗമിക്കുകയാണ്. 1603 കേന്ദ്രങ്ങളിൽ മിഡിൽ ലെവൽ ഹെൽത്ത് കെയർ പ്രൊവൈഡർമാർ - സ്റ്റാഫ് നഴ്സുമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചു. ഇതിനുപുറമെ എഫ്എച്ച്സികളിൽ ആർദ്രം മിഷന്റെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾ ഇവയാണ്: എല്ലാ ആശുപത്രികളിലും രോഗി സൗഹൃദ ആശുപത്രി അന്തരീക്ഷം; എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒ.പി. സൗകര്യം എല്ലാ ദിവസവും വൈകിട്ട് 6.00 മണി വരെ നീട്ടി. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നഴ്സുമാരുടെ പ്രീ-ചെക്കപ്പ് സൗകര്യങ്ങൾ ആരംഭിച്ചു. എഫ്എച്ച്സികളിൽ ലബോറട്ടറി സൗകര്യങ്ങൾ ആരംഭിച്ചു; എല്ലാ എഫ്എച്ച്സികളിലും ജീവിതശൈലി രോഗ ക്ലിനിക്ക് എല്ലാ ദിവസവും പ്രവർത്തിക്കും. സമ്പൂർണ മാനസിക ആരോഗ്യം പ്രോഗ്രാം (SMAP) എഫ്എച്ച്സികളിൽ ആരംഭിച്ചു. സബ് സെന്റർ സേവനങ്ങൾ വർദ്ധിപ്പിച്ചു.

സർക്കാർ ആശുപത്രികളിലെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങളുടെ രോഗീസൗഹൃദ പരിവർത്തനം

മെഡിക്കൽ കോളേജ് ആശുപത്രികളും ജില്ലാതല ആശുപത്രികളും ദിവസവും ആയിരക്കണക്കിന് രോഗികൾക്ക് ഔട്ട് പേഷ്യന്റ് പരിചരണം നൽകുന്നുവെന്ന വസ്തുത കണക്കിലെടുത്ത് ഈ ആശുപത്രികളുടെ ഔട്ട്പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുന്നതിനു ആർദ്രം മിഷൻ മുൻഗണന നൽകിയിട്ടുണ്ട്. ഒ.പി രജിസ്ട്രേഷൻ കൗണ്ടറും രോഗിക്ക് കാത്തുനിൽക്കുന്നത്തിനുള്ള സൗകര്യവും, ഇരിപ്പിടം, ടോക്കൺ സംവിധാനം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, വിവര വിദ്യാഭ്യാസ വാർത്താവിനിമയ സംവിധാനങ്ങൾ, സിഗ്നേജ് സംവിധാനങ്ങൾ തുടങ്ങിയ സംയോജിപ്പിച്ചിരിക്കുന്നു. വലിയ സ്ഥാപനങ്ങൾക്ക് താൽക്കാലിക അടിസ്ഥാനത്തിൽ രോഗി പരിപാലന കോർഡിനേറ്റർമാരുടെ പിന്തുണയും നൽകും. ഗുണനിലവാരമുള്ള ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൺസൾട്ടേഷൻ മുറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒ.പി. കമ്പ്യൂട്ടർവൽക്കരണം നിർദേശങ്ങൾ അടിസ്ഥാനമാക്കിയുള്ള കേസ് മാനേജ്മെന്റ് എന്നിങ്ങനെ ആസൂത്രണം ചെയ്തിരിക്കുന്നു. സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളിലും ജില്ലാതല ആശുപത്രികളിലും ഇത് നടപ്പിലാക്കിവരികയാണ്.

ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിലെ ജനസൗഹൃദ ഒ.പി പരിവർത്തനം

സംസ്ഥാനത്ത് ആകെ 18 ജനറൽ ആശുപത്രികളും, 18 ജില്ലാ ആശുപത്രികളുമാണ് ഉള്ളത്. ഇതിൽ 15 സ്ഥാപനങ്ങളെ മാത്രമാണ് ഒ.പി. വിഭാഗം പരിവർത്തനത്തിനായി തെരഞ്ഞെടുത്തത് (പതിനൊന്ന് ജില്ലകളിൽ നിന്നും ഓരോ ആശുപത്രിയും കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്ന് രണ്ട് ആശുപത്രികളും). പത്ത് ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. മറ്റ് ആശുപത്രികളിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനത്തിന്റെ ഭാഗമായി ആകെ 86 താലൂക്ക് ആശുപത്രികളിൽ നിന്നും 36 സ്ഥാപനങ്ങളെ മാതൃകാനിലവാരത്തിലേക്കുയർത്താൻ തെരഞ്ഞെടുത്തതിൽ ഒരെണ്ണം പൂർത്തിയായി. ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച വിവിധ തസ്തികകളുടെ എണ്ണം 891 ആണ്. ഇതിൽ 14 സൂപ്പർ സ്പെഷ്യലിസ്റ്റുകൾ, 252 സ്പെഷ്യലിസ്റ്റുകൾ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാർ, 197 സ്റ്റാഫ് നഴ്സ്, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ ഉൾപ്പെടുന്നു.

മെഡിക്കൽ കോളേജുകളിലെ പുതിയ സംരംഭങ്ങൾ

മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് ഗുണമേന്മയും, ജനസൗഹാർദ്ദപരവുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പാരിപ്പള്ളി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകൾ ഒ.പി.ഡി. പരിവർത്തനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തു. നിലവിൽ സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി. മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്കു മൂലമുള്ള അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഓൺലൈൻ ഒ.പി രജിസ്ട്രേഷൻ കണ്ടറുകൾ, രോഗികൾക്ക് കാത്തുനിൽക്കുന്നതിനുള്ള സൗകര്യം, കുടിവെള്ള സൗകര്യങ്ങൾ, ടോയ്ലറ്റ് നിർമ്മാണം/നവീകരണം, ഒ.പി. മുറികൾ, സിഗ്നേജുകൾ സ്ഥാപിക്കുക, ഇത് കൂടാതെ ടി.വി, ഡിസ്പ്ലേ ബോർഡ്, ഇരിപ്പിടങ്ങൾ, പി.എ. സിസ്റ്റം, ഒ.പി മുറികളിൽ എയർ കണ്ടീഷണറുകൾ, റാമ്പ് തുടങ്ങിയ സംവിധാനങ്ങൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നു.

നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യൂ.എ.എസ്)

2013-ൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് ആരംഭിച്ചെങ്കിലും എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റിലെ ചില ചെക്ക് പോയിന്റുകൾ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുകൊണ്ട് എൻ.ക്യു.എ.എസ്. മനദണ്ഡപ്രകാരമുള്ള അംഗീകാരം കേരളത്തിലെ സ്ഥാപനങ്ങൾക്ക് ലഭിച്ചില്ല. നാഷണൽ ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിന്റെ സഹായത്തോടെ 2017 ൽ കേരള മാനദണ്ഡങ്ങൾക്കനുസരിച്ച് എൻ.ക്യൂ.എം.എസ്. ചെക്ക് ലിസ്റ്റ് മാറ്റംവരുത്തുവാൻ സംസ്ഥാനം മുൻകൈയെടുത്തു. കേരള വ്യവസ്ഥകൾക്ക് യോജിക്കാത്ത ചില ഇനങ്ങൾ നീക്കം ചെയ്യുകയും പകരം പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തിയുമാണ് ചെക്ക് ലിസ്റ്റ് നവീകരണം നടത്തിയത്. ചെക്ക് ലിസ്റ്റ് നവീകരിച്ച ശേഷം എൻ.ക്യൂ.എ.എസ് അക്രഡിറ്റേഷനിൽ കേരളം വളരെയധികം പുരോഗതി കൈവരിച്ചു. 2021 ഒക്ടോബർവരെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ 1284 സ്ഥാപനങ്ങളിൽ 131 സ്ഥാപനങ്ങൾക്ക് [ജില്ലാ ആശുപത്രികൾ (3), താലൂക്ക് ആശുപത്രികൾ (4), കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (7), കുടുംബാരോഗ്യ കേന്ദ്രം (83), അർബൻ പിഎച്ച്സി (34)] സംസ്ഥാനത്ത് നിന്നു ഇതിനകം ദേശീയതല അംഗീകാര സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ കാഷ് (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണം 128 ആണ്.

ഇ-ഹെൽത്ത് പ്രൊജക്ട്

കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങളെ കമ്പ്യൂട്ടർ ശൃംഖലയായി ബന്ധിപ്പിക്കുന്നതിന് ഇ-ഹെൽത്ത് പ്രോജെക്റ്റ് ലക്ഷ്യമിടുന്നു. ഡോക്ടർമാർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്ന വ്യക്തിഗത മെഡിക്കൽ രേഖകളുടെ ഒരു ഡാറ്റാബേസ് നിർമ്മിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. രോഗിയുടെ സവിശേഷമായ തിരിച്ചറിയൽ, സംസ്ഥാനത്തെ വിവിധ പ്രാഥമിക, ദ്വിതീയ, തൃദീയ തലങ്ങളിലുള്ള വിവിധ ആരോഗ്യ പരിപാലന വിതരണ യൂണിറ്റുകൾ തമ്മിലുള്ള ഡാറ്റ എക്സ്ചേഞ്ച് എന്നിവ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. ഇതുമൂലം ആവർത്തിച്ചു വരുന്ന മെഡിക്കൽ പരിശോധനകൾ ഒഴിവാക്കാനും രോഗിയുടെ ചെലവ് കുറക്കുന്നതിനും ക്ലിനിക്കുകളിലും ലാബുകളിലും തിരക്കു കുറയ്ക്കാനും കഴിയും.

തിരുവനന്തപുരം പൈലറ്റ് ജില്ലയായി ആരംഭിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. 326 ആശുപത്രികളിൽ ഇ-ഹെൽത്ത് പൂർത്തിയായി, അതിൽ 71 എണ്ണം പേപ്പർ ഉപയോഗിക്കേണ്ടതില്ലാത്ത ആശുപത്രികളായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തിന്റെ ഇ-ഹെൽത്ത് പദ്ധതിയെ നിതി ആയോഗ് അഭിനന്ദിച്ചു. 2,62,96,323 വ്യക്തികളുടെ ഡാറ്റാ ബേസ് ശേഖരിച്ച് ഇലക്ട്രോണിക് രേഖകളായി സംഭരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം.

പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ)

പ്രധാനമന്ത്രി സ്വാസ്ഥ്യസുരക്ഷായോജന (പി.എം.എസ്.എസ്.വൈ) എന്ന കേന്ദ്രസർക്കാർ പദ്ധതി മെഡിക്കൽ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങളും സാങ്കേതികവിദ്യകളും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനും, മൂന്നാം ഘട്ടത്തിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും 150 കോടി രൂപ വീതമുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ സംസ്ഥാന വിഹിതമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സൂപ്പർ സ്പെഷ്യലിറ്റി കെട്ടിടം ഒന്നാംഘട്ടം പൂർയാക്കിയിട്ടുണ്ട്. അവശേഷിക്കുന്നവ 2022-23 - ൽ പൂർത്തിയാകും.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)

2020 ജൂലൈ 1 മുതൽ, ₹ 5 ലക്ഷം കവറേജുമായി അഷ്വറൻസ് മോഡിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം 41.66 ലക്ഷം കുടുംബങ്ങളെ കെഎസ്പി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 22.03 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പി.എം-ജെ.എ.വൈ/എസ്.ഇ.സി.സി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത്.

പ്രശ്നങ്ങളും വെല്ലുവിളികളും

ജീവിതശൈലീ രോഗങ്ങൾ - ഉയർന്ന രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, കാൻസർ മുതലായവ, പുതിയ തലമുറയിലെ പകർച്ചവ്യാധികൾ, പഴയ രോഗങ്ങളുടെ സാന്നിധ്യം, പ്രായമായവരുടെയും കിടപ്പിലായ രോഗികളുടെയും പ്രശ്നങ്ങൾ, മദ്യപാനം, മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യയും റോഡപകടങ്ങളും.എന്നിവയാണ് ആരോഗ്യ മേഖലയിലെ പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും. ഇതിന് പുറമെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നൂതനമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ആവശ്യകത, വർദ്ധിച്ച ആരോഗ്യ ചെലവ് (ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെന്റിച്ചർ), മെഡിക്കൽ ഗവേഷണത്തിന്റെ അഭാവം, അപര്യാപ്തമായ മനുഷ്യവിഭവശേഷി എന്നിവയുണ്ട്. പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, പ്രായമായവർ, ട്രാൻസ്ജെൻഡർ, അതിഥി തൊഴിലാളികൾ എന്നിവരുടെ ആരോഗ്യ പരിപാലന പ്രശ്നങ്ങളും ആശങ്കാജനകമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതി ജനസൗഹൃദ ആരോഗ്യ സംരക്ഷണമാണ് ലക്ഷ്യമിടുന്നത്. ആരോഗ്യ സേവനങ്ങളിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധവും രോഗശമനവും സാന്ത്വനവും നൽകാൻ സംസ്ഥാനം ശ്രമിക്കും. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, പ്രായമായവർ, ട്രാൻസ്ജെൻഡർ, കുടിയേറ്റ തൊഴിലാളികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സാമൂഹിക നിർണ്ണായക ഘടകങ്ങളിൽ ശ്രദ്ധ ചെലുത്തും. പ്രായമായവർ/ കിടപ്പിലായ രോഗികൾക്കുള്ള സാന്ത്വന പരിചരണത്തിന്റെ പ്രശ്നവും ശ്രദ്ധിക്കും. സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട ആരോഗ്യ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഗവേഷണ വികസന ശ്രമങ്ങളെ പിന്തുണയ്ക്കും. സാംക്രമിക രോഗങ്ങൾക്കായുള്ള ഗവേഷണ സ്ഥാപനം, ഔഷധ ഗവേഷണം, ഇന്റർ ഡിസിപ്ലിനറി/സഹകരണ ഗവേഷണം എന്നിവ പ്രോത്സാഹിപ്പിക്കും. പൊതുജനാരോഗ്യ പ്രശ്നങ്ങളിൽ തിരുത്തൽ നടപടികൾ നിർദ്ദേശിക്കുന്നതിനായി ആരോഗ്യ സംരക്ഷണ ഡാറ്റയുടെ ശാസ്ത്രീയ വിശകലനത്തിനായി ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങൾ നൽകാനുള്ള ശേഷി മെച്ചപ്പെടുത്തി ജനസൗഹൃദമാക്കുന്നതിനാണ് ആർദ്രം മിഷൻ ആരംഭിച്ചത്. പൊതുമേഖലയിലെ ആരോഗ്യപരിരക്ഷയെ പരിവർത്തനം ചെയ്യുന്നതിനായി ആർദ്രം മിഷൻ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കുന്നത് തുടരും. ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വികസിപ്പിച്ച പരിപാടികൾ ആരോഗ്യമേഖലയിലെ പ്രാഥമിക,

ദ്വിതീയ, തൃതീയ മേഖലകളെ സംബന്ധിക്കുന്നു. ഈ പരിപാടികളുടെ നടത്തിപ്പ് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ടായിരിക്കും. മിഷൻ ലക്ഷ്യങ്ങൾ ഐക്യരാഷ്ട്രസഭ ശിപാർശ ചെയ്യുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ മെഡിക്കൽ അഷ്വറൻസിന്റെ വ്യാപ്തി വിപുലീകരിക്കും.

ആയുഷ് മേഖലയിലെ ഗവേഷണവും വികസനവും പ്രത്യേകിച്ച് ആയുർവേദത്തിലും ഹോമിയോയിലും വേഗത്തിലാക്കും. പ്രതിരോധം, രോഗശമനം, പ്രോത്സാഹന ആരോഗ്യ സംരക്ഷണം എന്നിവയിൽ ആയുഷ് ഔഷധ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കും. വെൽനസ് മെഡിസിൻ, ഔഷധ സസ്യങ്ങളുടെ കൃഷി എന്നിവയുമായി ബന്ധപ്പെട്ട ആയുർവേദ ടൂറിസം പ്രോത്സാഹിപ്പിക്കും.

പതിനാലാം പദ്ധതിയിലേക്കുള്ള സമീപനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനം, സേവനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിലൂടെ പൊതുമേഖലയിൽ സാധ്യമായ ഏറ്റവും മികച്ച പ്രതിരോധ, രോഗശാന്തി, സാന്ത്വന പരിചരണം എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതായിരിക്കും. ആർദ്രം മിഷന്റെ തുടർച്ചയ്ക്കും ശക്തിപ്പെടുത്തലിനും പദ്ധതി സഹായകമാകും. പതിനാലാം പഞ്ചവത്സര പദ്ധതി കോവിഡാനന്തര മാനേജ്മെന്റിൽ കേരള സർക്കാരിന്റെ ശ്രമങ്ങളെ പിന്തുണയ്ക്കും. സാംക്രമികേതര രോഗങ്ങളുടെ വ്യാപനം, ഉയർന്നുവരുന്ന (പുനരുജ്ജീവിപ്പിക്കപ്പെടുന്ന) സാംക്രമിക രോഗങ്ങൾ തുടങ്ങിയ ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ആരോഗ്യ ഭരണകൂടത്തിന്റെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, വയോധികർ, ട്രാൻസ്ജെൻഡർമാർ, കുടിയേറ്റ തൊഴിലാളികൾ എന്നിവരുടെ ആരോഗ്യ പരിപാലന പ്രശ്നങ്ങൾ, പ്രായമായവർക്കും കിടപ്പിലായ രോഗികൾക്കുമുള്ള സാന്ത്വന പരിചരണത്തിന്റെ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്ന പരിപാടികൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലും തുടരും. ആയുർവേദം, ആയുർവേദ ടൂറിസം, വെൽനസ് മെഡിസിൻ എന്നിവയിലെ ഗവേഷണവും വികസനവും, ഔഷധ സസ്യങ്ങളുടെ കൃഷിയും പദ്ധതി പിന്തുണയ്ക്കും. കോവിഡ്-19-ന് ശേഷമുള്ള സാഹചര്യത്തിൽ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനം "ഏകാരോഗ്യം" പ്രോത്സാഹിപ്പിക്കും. ഇതിനുപുറമെ, വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകൾ കുറയ്ക്കുന്നതിനും, ആരോഗ്യ ഇൻഷുറൻസ് ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും, ആരോഗ്യ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഗവേഷണ വികസന ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തും.

പതിനാലാം പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

ആധുനിക വൈദ്യശാസ്ത്രം

ആരോഗ്യ സേവനങ്ങൾ

ആരോഗ്യസേവനവകുപ്പിന് കീഴിലുള്ള 1,284 ആരോഗ്യപരിരക്ഷാസ്ഥാപനങ്ങളിലായി 38,506 കിടക്കകളും 6355 ഡോക്ടർമാരും 21421 പാരാമെഡിക്കൽ ജീവനക്കാരും ഉണ്ട്. ഇതിൽ 740 പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ/കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 108 (24*7) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, 226 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 87 താലൂക്ക് ആസ്ഥാന ആശുപത്രികൾ, 18 ജില്ലാആശുപത്രികൾ, 18 ജനറൽ ആശുപത്രികൾ, 3 മാനസികരോഗാശുപത്രികൾ, 8 സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, 3 കുഷ്ഠരോഗാശുപത്രികൾ 14 ക്ഷയരോഗക്ലിനിക്കുകൾ, 11 മറ്റ് സ്പെഷ്യാലിറ്റി ആശുപത്രികൾ, 48 മറ്റ് ആശുപത്രികൾ എന്നിവയുണ്ട്. രോഗപ്രതിരോധവും രോഗശമനവുമുൾപ്പെടെയുള്ള സമഗ്രമായ പ്രഥമികതല സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ.

ആരോഗ്യ സേവന വകുപ്പ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൈക്കൊള്ളേണ്ട പ്രധാന സംരംഭങ്ങൾ ഇവയാണ്; പ്രാഥമിക, ദ്വിതീയ ആരോഗ്യ പരിപാലന മേഖലയിലെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ കൂടുതൽ ശക്തിപ്പെടുത്തലും ഏകീകരണവും, സാമൂഹിക രോഗ നിരീക്ഷണം ശക്തിപ്പെടുത്തലും വിപുലീകരണവും, സാംക്രമികേതര രോഗങ്ങൾ, സാന്ത്വന പരിചരണ സേവനങ്ങൾ, മാനസികാരോഗ്യ സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള രോഗ നിയന്ത്രണ

പരിപാടികൾ. എല്ലാ പഞ്ചായത്തുകളിലും പൂർണ്ണമായി പ്രവർത്തനക്ഷമമായ കുടുംബാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുക, ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് എഫ്എച്ച്സികളായി വികസിപ്പിക്കുക, എല്ലാ ഉപകേന്ദ്രങ്ങളെയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി വികസിപ്പിക്കുക, എച്ച്ഡബ്ല്യുസികൾ വഴി സമഗ്രമായ പ്രാഥമികാരോഗ്യ സേവനങ്ങൾ നൽകുക. സംസ്ഥാനത്തിൻറെ നിർദ്ദിഷ്ട SDG ലക്ഷ്യങ്ങൾ അനുസരിച്ച് ആർദ്രം മിഷൻ –II പ്രകാരം വിഭാവനം ചെയ്തിട്ടുള്ള കമ്മ്യൂണിറ്റി തലത്തിലുള്ള രോഗ നിയന്ത്രണ പരിപാടികളും രോഗ നിർമാർജന പരിപാടികളും വികസിപ്പിക്കുകയും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു പഞ്ചായത്തിൽ ആരംഭിച്ച വാർഷിക എൻ.സി.ഡി സ്ക്രീനിംഗ് മുഖേന എൻ.സി.ഡി രോഗികളെ ചികിത്സാ പരിപാടിക്ക് കീഴിൽ കൊണ്ടുവരികയും വരും വർഷങ്ങളിൽ സംസ്ഥാനങ്ങളും മുഴുവനായും ഇത് വ്യാപിപ്പിക്കുകയും ചെയ്യും. മാനസികാരോഗ്യ പ്രവർത്തനങ്ങൽ കൗൺസിലിംഗ് സേവനങ്ങളുമായും ഡി–അഡിക്ഷൻ സേവനങ്ങളുമായും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനവും, ആശ്വാസം, സമ്പൂർണ മാനസിക ആരോഗ്യ പരിപാടികൾ പോലുള്ള സാമൂഹിക തലത്തിലുള്ള മാനസികാരോഗ്യ പരിപാടികളുടെ ശാക്തീകരണവും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വയനാട് ഇടുക്കി, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ സ്ഥാപിക്കാനും തൃശ്ശൂരിലെയും കാഞ്ഞങ്ങാട്ടെയും W&C കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കാനും ലക്ഷ്യമിടുന്നു. ലെപ്രസി ആശുപത്രികളെ അഡ്വാൻസ്ഡ് ഡെർമറ്റോളജി ആശുപത്രികളായും നെഞ്ച് രോഗ ആശുപത്രികളെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റെസ്പിറേറ്ററി മെഡിസിനായും വികസിപ്പിക്കുന്നതിന് മുൻകൈ എടുക്കും. ഇതുകൂടാതെ, എമർജൻസി ഓപ്പറേഷൻ സെന്ററുകൾ (EOC); ലാബ് സംവിധാനം ശക്തമാക്കുക; ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ; ഏകാരോഗ്യത്തിനുള്ള സംരംഭങ്ങൾ; കോവിഡാനന്തര ക്ലിനിക്കുകൾ ശക്തിപ്പെടുത്തൽ; ആദിവാസി കോസ്റ്റൽ, നഗര ചേരി പ്രദേശങ്ങളിലെ ആരോഗ്യ സംരക്ഷണ സൗകര്യങ്ങളും ആരോഗ്യ സംരക്ഷണവും മെച്ചപ്പെടുത്തുക, ആരോഗ്യ സേവന വകുപ്പിന്റെ ഭരണസംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരോഗ്യ സേവന വകുപ്പ് നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് കെയർ ഗ്രാന്റുകൾ, ആരോഗ്യമേഖലാ ഫണ്ടുകൾ, എൽ.എസ്.ജി.ഐ ഫണ്ടുകൾ എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ഗ്രാമീണ, നഗര പ്രാഥമിക ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം, മഞ്ചേരി, എറണാകുളം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, ഇടുക്കി എന്നിവിടങ്ങളിലുള്ള 10 മെഡിക്കൽ കോളേജുകളിലൂടെയാണ് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നത്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ നഴ്സിംഗ് വിദ്യാഭ്യാസം നൽകുന്നതിനായി 7 നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ 6 ദന്തൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇവ കൂടാതെ 4 ഫാർമസി കോളേജുകളും ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. കോന്നി, കാസർഗോഡ്, വയനാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ താഴെ പറയുന്നവയാണ്.ആരോഗ്യ സേവന വകുപ്പ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൈക്കൊള്ളേണ്ട പ്രധാന സംരംഭങ്ങളിൽ ഇവ ഉൾപ്പെടുന്നു; പ്രധാന അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകൾ ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നപോലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുകയും ദേശീയ സൂചിക റാങ്കിങ്ങിൽ 20ൽ ഇടംപിടിക്കുകയും ചെയ്യേണ്ടതുണ്ട്. കാഷ്വാലിറ്റി സംവിധാനം നവീകരിക്കുകയും എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുകയും ചെയ്യും. എംആർഐ, സിടി തുടങ്ങിയ ആധുനിക സ്കാനിംഗ് സൗകര്യങ്ങൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വിപുലീകരിക്കും. എല്ലാ മെഡിക്കൽ കോളേജുകളിലും ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യും. കമ്മ്യൂണിക്കബിൾ ഡിസീസ് റിസർച്ച് സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിൽ

ആരംഭിക്കുകയും ആരോഗ്യ സർവകലാശാലയുമായി (കെയുഎച്ച്എസ്) സംയോജിപ്പിക്കുകയും ചെയ്യും. വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ താമസ സൗകര്യം, സ്മാർട്ട് ക്ലാസുകൾ, ലൈബ്രറി സൗകര്യം എന്നിവ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നടപ്പിലാക്കുകയും നവീകരിക്കുകയും ചെയ്യും. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ട്രാൻസ്ജെൻഡർ സൗഹൃദ ചികിത്സാ സംവിധാനം നടപ്പാക്കും.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗവും കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോതൊറാസിക് സർജറി വിഭാഗവും ദേശീയ തലത്തിലേക്ക് ഉയർത്തും. അഞ്ച് പ്രധാന മെഡിക്കൽ കോളേജുകളായ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കരൾ, മൾട്ടി ഓർഗൻ ട്രാൻസ്പ്ലാൻറേഷൻ സൗകര്യങ്ങൾ സ്ഥാപിക്കുകയും വിപുലീകരിക്കുകയും ചെയ്യും. ഇടുക്കി, കോന്നി, കാസർകോട്, വയനാട് എന്നീ പുതിയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സ് ആരംഭിക്കുന്നതിനും കൊല്ലം, മഞ്ചേരി, എറണാകുളം മെഡിക്കൽ കോളേജുകളിൽ പുതിയ നഴ്സിംഗ്, ഡെന്റൽ കോളേജുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കും.

എറണാകുളം, മഞ്ചേരി, കൊല്ലം, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ. ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കും. അഞ്ച് പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം വിപുലീകരിക്കും. ഡിഎംഇയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഇ ഹെൽത്ത്, ഇ ഓഫീസ്, ഇ സഞ്ജീവനി സേവനങ്ങൾ വിപുലീകരിക്കും. പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ എല്ലാ ആശുപത്രികളിലും ടെലിമെഡിസിൻ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കും. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും. ഫലപ്രദമായ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കും. വയനാട്, കൊല്ലം, മഞ്ചേരി മെഡിക്കൽ കോളേജുകൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും പുതിയ കെട്ടിടങ്ങളുടെ നിർമാണങ്ങൾ നടത്തുന്നതിനും ശ്രമം നടത്തും. ജനറൽ ഹോസ്പിറ്റൽ കാമ്പസിൽ സ്ഥിതി ചെയ്യുന്ന അപെക്സ് ട്രോമ & എമർജൻസി ലേണിംഗ് സെന്റർ നവീകരിക്കുകയും ദക്ഷിണേന്ത്യയിലെ മികച്ച പരിശീലന കേന്ദ്രമാക്കി മാറ്റുകയും ചെയ്യും. പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫാമിലി മെഡിസിൻ, ജെറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ കോഴ്സുകൾ ആരംഭിക്കും.

മെഡിക്കൽ എജ്യുക്കേഷന്റെ കീഴിൽ ഒരു ഗവേഷണ വിഭാഗം ആരംഭിക്കുകയും സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് പുനഃസംഘടിപ്പിക്കുകയും ചെയ്യും. പാരാ മെഡിക്കൽ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ പാരാ മെഡിക്കൽ കൗൺസിൽ രൂപീകരിക്കും. എത്രയും വേഗം ഇത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൗൺസിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോന്നി, ഇടുക്കി കാസർകോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ എല്ലാ അവശ്യ നിർമാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കും. വയോജനങ്ങളുടെ ആരോഗ്യവും സുരക്ഷയും മുൻനിർത്തി എല്ലാ മെഡിക്കൽ കോളേജുകളിലും ജെറിയാട്രിക് വാർഡ് സ്ഥാപിക്കും. എല്ലാ സ്ഥാപനങ്ങളിലും ഊർജ സംരക്ഷണം ഉറപ്പാക്കുകയും സൗരോർജ പദ്ധതികൾ നടപ്പാക്കാൻ ഫലപ്രദമായി നടപടികൾ സ്വീകരിക്കുകയും ചെയ്യും.മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ രോഗാധിഷ്ഠിത മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും – കാർഡിയോളജി & സിവിടിഎസ്– മെഡിക്കൽ കോളേജ് കോട്ടയം, മാതൃശിശു ആരോഗ്യം– മെഡിക്കൽ കോളേജ് കോഴിക്കോട്, എസ്എടി തിരുവനന്തപുരം, ന്യൂറോളജി & ന്യൂറോ സർജറി – മെഡിക്കൽ കോളേജ് തിരുവനന്തപുരം. കൊല്ലം, മഞ്ചേരി, എറണാകുളം എന്നിവിടങ്ങളിലെ പുതിയ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമിക്കും. നിലവിലുള്ള എല്ലാ ആശുപത്രികളിലും ഐസൊലേഷൻ വാർഡുകൾ/ബ്ലോക്കുകൾ നിർമ്മിക്കും. എല്ലാ മെഡിക്കൽ കോളേജുകളിലും ഫാമിലി മെഡിസിൻ ആൻഡ് സ്പോർട്സ് മെഡിസിൻ വിഭാഗം ആരംഭിക്കും. ഈ പഞ്ചവത്സര പദ്ധതിയിൽ എല്ലാ കോളേജ് കാമ്പസുകളിലും ഗ്രീൻ കാമ്പസ്, ക്ലീൻ കാമ്പസ്, ഫ്രണ്ട്ലി കാമ്പസ് നയങ്ങൾ നടപ്പിലാക്കും. ഗവ: മെഡിക്കൽ കോളേജ് തിരുവനന്തപുരം – ന്യൂറോളജി വിഭാഗത്തിൽ സമ്പൂർണ സ്ട്രോക്ക് സെന്റർ. യാഥാർഥ്യമാക്കുകയും. ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ സ്പെക്ട് സിടി സ്കാനർ സ്ഥാപിക്കുകയും ചെയ്യും.

ഗവ. ടിഡിഎംസി ആലപ്പുഴ ഒഫ്താൽമോളജി വകുപ്പിൽ സർജിക്കൽ റെറ്റിന യൂണിറ്റ് സൗകര്യം ആരംഭിക്കും. ആലപ്പുഴ ഗവ.മെഡിക്കൽ കോളേജിൽ മെഡിക്കൽ റീഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കും. എല്ലാ ഗവ.മെഡിക്കൽ കോളേജുകളിലും വർദ്ധിച്ച വിദ്യാർത്ഥികളുടെ എണ്ണം

കണക്കിലെടുത്ത് ഓഡിറ്റോറിയം കം ലക്ചർ ഹാൾ സമുച്ചയം നിർമിക്കും ഗവ.മെഡിക്കൽ കോളേജ് കോട്ടയം.- മദർ ആൻഡ് ചൈൽഡ് ഇൻസ്റ്റിറ്റ്യൂട്ടിൽ ചൈൽഡ് യൂണിറ്റ് സ്ഥാപിക്കും എംസി കോട്ടയത്ത് അധിക അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഓങ്കോളജി ബ്ലോക്ക് രണ്ടാം ഘട്ടം (തൃതീയ കാൻസർ കെയർ സെന്റർ) യാഥാർഥ്യമാക്കും. മഞ്ചേരി, കോന്നി, ഇടുക്കി, കാസർകോട് ഗവ.മെഡിക്കൽ കോളജുകളിൽ നഴ്സസ് ക്വാർട്ടേഴ്സ് നിർമിക്കും. എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും മെഡിക്കൽ ഓക്സിജനും മറ്റ് മെഡിക്കൽ ഗ്യാസ് സൗകര്യവും ഉയർത്തും.

എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ സ്ഥാപിക്കും. ഡിഎംഇയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കും. ഇതുകൂടാതെ, കോട്ടയം മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസ് സ്ഥാപിക്കൽ, കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ കാർഡിയോളജി ബ്ലോക്ക് രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം; മെഡിക്കൽ കോളേജ് കോഴിക്കോട് മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ്, കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഹെമറ്റോ-ഓങ്കോളജി സെന്റർ; കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിൽ ഇന്റർവെൻഷണൽ റേഡിയോളജിയിൽ ഡിഎം കോഴ്സ്; മഞ്ചേരി ഗവ.മെഡിക്കൽ കോളേജിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത് യൂണിറ്റ് സ്ഥാപിക്കൽ, മഞ്ചേരി ഗവ.മെഡിക്കൽ കോളജിൽ ഓങ്കോളജി ബ്ലോക്ക് നിർമാണം; എല്ലാ മെഡിക്കൽ കോളേജുകളിലും ബഹുനില പാർക്കിംഗ് ഏരിയ സ്ഥാപിക്കുക, മെഡിക്കൽ കോളേജ്, കൊല്ലത്ത് കാർഡിയോതൊറാസിക് വിഭാഗം സ്ഥാപിക്കൽ എന്നിവയാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ.

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

ഇഎസ്ഐ സ്കീമിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏകദേശം 12 ലക്ഷം ഇഎസ്ഐ ഗുണഭോക്താക്കൾക്ക് മൊത്തം വൈദ്യസഹായം നൽകുന്നതിന് 145 ഇഎസ്ഐ ഡിസ്പെൻസറികളും 9 ഇഎസ്ഐ സംസ്ഥാന ആശുപത്രികളുമുണ്ട്. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പുതിയ സംരംഭങ്ങൾ വകുപ്പിന്റെ നവീകരണവും വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവുമാണ്.

ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

2006 ലെ ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ്സ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ അടിസ്ഥാന മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും ഭക്ഷ്യ ഉൽപാദനം, സംഭരണം, വിതരണം, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പിക്കുന്നതിനും വേണ്ടി നിയമാനുസൃതമായ ഒരു സ്ഥാപനമായി ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചു. സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം, വെള്ളം, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ തുടങ്ങിയവ കേരളത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ വകുപ്പ് ലക്ഷ്യമിടുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രധാന ലാബുകൾ, ഗവൺമെന്റ് അനലറ്റിക്കൽ ലാബ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ രണ്ട് റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ, പത്തനംതിട്ടയിലെ സംസ്ഥാന ഭക്ഷ്യപരിശോധന ലബോറട്ടറി എന്നിവയാണ്. എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കീഴിലുള്ള ജില്ലാ, റീജിയണൽ ഓഫീസുകൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, 9 ജില്ലകളിലായി പുതിയ ജില്ലാ ഭക്ഷ്യ പരിശോധന ലാബുകളുടെ നിർമ്മാണം, കണ്ണൂരിൽ ലാബിന് കെട്ടിട നിർമ്മാണം, പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിന് കെട്ടിട നിർമ്മാണം, 100% ഭക്ഷ്യ ലൈസൻസുള്ള/രജിസ്റ്റർ ചെയ്ത സംസ്ഥാനം 2027, 100% ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്തുകൾ, സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം @ സ്കൂൾ, എഫ്എസ്എസ്എഐ സംരംഭങ്ങളുടെ പ്രോത്സാഹനം എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ.

ഡ്രഗ്സ് കൺട്രോൾ വകുപ്പ്

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മരുന്നുകളുടെ ഗുണനിലവാരം മരുന്ന് നിയന്ത്രണ വകുപ്പ് നിയന്ത്രിക്കുന്നു. ഉൽപ്പാദന ലൈസൻസ്, മരുന്നുകളുടെ വിതരണവും വിൽപ്പനയും, വിൽപ്പന കേന്ദ്രങ്ങൾ/ആശുപത്രികൾ/സ്ഥാപനങ്ങളുടെ പരിശോധന, മരുന്നുകളുടെ സാമ്പിളുകളും അവയുടെ

പരിശോധനയും, നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾ മുതലായവ ഡ്രഗ്സ് കണ്ട്രോൾ വകുപ്പിന്റെ നിയന്ത്രണ പരിധിയിൽ വരുന്നു. ലഹരി മരുന്നുകളായ മോർഫിൻ, പെത്തഡീൻ മുതലായവ നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റ് അനുസരിച്ച് അനുവദിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നത് നിയന്ത്രിച്ചിരിക്കുന്നു. ഒരു പ്രത്യേക ആയുർവേദ വിഭാഗവും വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നു. കണ്ണൂരിലെ പുതിയ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയും ലബോറട്ടറികളിലെ അടിസ്ഥാന സൗകര്യങ്ങളുമാണ് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പുതിയ സംരംഭങ്ങൾ.

മലബാർ ക്യാൻസർ സെന്റർ

കേരള സർക്കാരിനുകീഴിലുള്ള ഒരു സ്വയംഭരണസ്ഥാപനമാണ് കണ്ണൂരിലെ മലബാർ ക്യാൻസർ സെന്റർ. പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച് (PGIOSR) ആയി വികസനം; സ്വയം അതിജീവന സംവിധാനം; ഗവേഷണ ധനസഹായം മെച്ചപ്പെടുത്തൽ; ഒരു പ്രധാന പരിശീലന സ്ഥാപനമെന്ന നിലയിൽ അതിന്റെ വികസനത്തിലൂടെ അതിന്റെ പ്രവർത്തന ആവശ്യങ്ങൾക്ക് ആവശ്യമായ മനുഷ്യശക്തിയുടെ വികസനം, ഇക്കോ സിസ്റ്റത്തിൽ സ്റ്റാർട്ടപ്പുകളും വ്യവസായവും ഉൾപ്പെടുത്തുന്നതിലൂടെ തൊഴിലവസരങ്ങൾ, മൾട്ടി ഡിസിപ്ലിനറി, മൾട്ടി-സ്ട്രീം അക്കാദമിക്, റിസർച്ച് - ക്ലിനിക്കൽ ഉപയോഗത്തിനുള്ള നൂതനത്വങ്ങൾ, നൂതനമായ വകുപ്പുകളുടെ സ്ഥാപനവും വികസനവും, അത്യാധുനിക ചികിത്സാ സൗകര്യങ്ങളുടെ വികസനം ചില പ്രത്യേക മേഖലകൾ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുക; നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം; അധിക ഭൂമി ഏറ്റെടുക്കൽ; കാൻസർ ചികിത്സാ സൗകര്യങ്ങളുടെ ശൃംഖല, കമ്മ്യൂണിറ്റി ഇടപെടൽ പ്രവർത്തനങ്ങൾ; കൂടാതെ വിവിധ വകുപ്പുകൾക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആൻഡ് റിസർച്ച് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കുമുള്ള അക്രഡിറ്റേഷനുകൾ (ദേശീയവും അന്തർദേശീയവും) എന്നിവയാണ് മലബാർ കാൻസർ സെന്റർ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ.

കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ

കാൻസർ രോഗബാധാ നിരക്കിലുള്ള ഭീതിജനകമായ വർദ്ധനവും മധ്യകേരളത്തിൽ സർക്കാർ തലത്തിൽ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യകതയും കൊച്ചിയിലെ കാൻസർ റിസർച്ച് സെന്ററിന്റെ പിറവിക്കു കാരണമായി. ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ; ജില്ലാ കാൻസർ നിയന്ത്രണ പരിപാടി; മധ്യ കേരള ജനസംഖ്യാടിസ്ഥാനത്തിലുള്ള കാൻസർ രജിസ്ട്രിയും ആശുപത്രി അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്ട്രിയും; നൈപുണ്യ ലബോറട്ടറി സ്ഥാപിക്കലും ആരോഗ്യ പരിരക്ഷാ ദാതാക്കളുടെ പരിശീലനവും; മോർഫിൻ നിർമ്മാണ യൂണിറ്റും ഓക്സിജൻ പ്ലാന്റും; ആശുപത്രി വിവര സംവിധാനം സ്ഥാപിക്കൽ; ക്യാൻസർ അതിജീവിച്ചവരുടെ പുനരധിവാസ കേന്ദ്രം; ഡിജിറ്റൽ പാത്തോളജി ലാബ്; തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ സിസിആർസിക്ക് സാറ്റലൈറ്റ് സെന്ററുകൾ; പ്രോട്ടോൺ തെറാപ്പി യൂണിറ്റ് എന്നിവ കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കുന്ന പ്രധാന സംരംഭങ്ങളാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോസയൻസ് (ഐക്കോൺസ്)

1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻ കീഴിൽരജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് സൊസൈറ്റി ഫോർ റീഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്-ഓർഡർ (എസ്.ആർ.സി.സി.ഡി). ഈ സൊസൈറ്റിക്ക് കീഴിലുള്ള സ്ഥാപനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ന്യൂറോ സയൻസ് (ഐക്കോൺസ്) എന്ന് നാമകരണം ചെയ്തിരിക്കുന്നു. ശൈശവം മുതൽ വാർദ്ധക്യം വരെയുള്ള എല്ലാ പ്രായത്തിലുമുള്ള വ്യക്തികളെ ബാധിക്കുന്ന വികസിതവും അർജിതവുമായ സ്വഭാവത്തിന്റെ വൈജ്ഞാനിക, ആശയവിനിമയ വൈകല്യങ്ങളുടെ മേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നു. ഐക്കോൺസിന് രണ്ട് കേന്ദ്രങ്ങളുണ്ട്, ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് ഷൊർണ്ണൂരിലും. ഷൊർണ്ണൂരിലെയും തിരുവനന്തപുരത്തെയും ആശുപത്രിയിലെ ക്ലിനിക്കൽ സേവനങ്ങളുടെ വികസനം; ഇ-ഹെൽത്ത്; സ്പെഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ വർധിപ്പിക്കുക,

തിരുവനന്തപുരം കേന്ദ്രത്തിൽ ബിഎഎസ്എൽപി കോഴ്സ് ആരംഭിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഐക്കോൺസ് നടപ്പിലാക്കുന്ന പ്രധാന സംരംഭങ്ങൾ.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (ഇംഹാൻസ്)

1982 ൽ കേരള സർക്കാർ സ്ഥാപിച്ച സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസസ് (ഇംഹാൻസ്) കോഴിക്കോട്. കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജ് കാമ്പസിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നു. സൈക്ക്യാട്രിക് സോഷ്യൽ വർക്ക് (8 സീറ്റ്), ക്ലിനിക്കൽ സൈക്കോളജി (8 സീറ്റ്), പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്ക്യാട്രിക് നഴ്സിങ് (10 സീറ്റ്) എന്നിവയിൽ ഇപ്പോൾ എം.ഫിൽ കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു. കുട്ടികളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യം, വയോജന മാനസികാരോഗ്യം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മാനസികാരോഗ്യത്തിലെ മികവിന്റെ കേന്ദ്രമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS) വികസിപ്പിക്കുക; മെച്ചപ്പെട്ട ഡയഗ്നോസ്റ്റിക്, ഇടപെടൽ സേവനങ്ങളിലൂടെ IMHANS-ലെ ശിശുവികസന സേവനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക; മാനസിക/വികസന വൈകല്യങ്ങളുള്ള കുട്ടികൾക്കും കൗമാരക്കാർക്കും ഇൻപേഷ്യന്റ് സൗകര്യം സ്ഥാപിക്കുക; അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പുതിയ കോഴ്സ് ആരംഭിക്കുക: പിജി, പിജി ഡിപ്ലോമ; കമ്മ്യൂണിറ്റി അധിഷ്ഠിത മാനസികാരോഗ്യ പദ്ധതികളും ഗവേഷണ പ്രവർത്തനങ്ങളും തുടങ്ങിയവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS) 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കേണ്ട പ്രധാന സംരംഭങ്ങളാണ്.

ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ (സി.ഡി.എസ്)

ശിശുസംരക്ഷണവും വിദ്യാഭ്യാസവും, കൗമാരപരിചരണവും വിദ്യാഭ്യാസവും, വിവാഹപൂർവ്വ കൗൺസലിംഗ്, വനിതാക്ഷേമം, ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശുവൈകല്യങ്ങൾ ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാരിന്റെ കീഴിൽ സ്വയം ഭരണാധികാരമുള്ള ഒരു മികവിന്റെ കേന്ദ്രമായാണ് ശിശുവികസനകേന്ദ്രം ആരംഭിച്ചത്. കുട്ടികളെയും കൗമാരക്കാരെയും പൂർണ്ണആരോഗ്യവാൻമാരാക്കി വളർത്തി അവരിലൂടെ ആരോഗ്യകരമായ ഒരു യുവതലമുറയെ സൃഷ്ടിക്കലാണ് ലക്ഷ്യം. 14 ജില്ലകളിലും ശിശുവികസന കേന്ദ്രം സ്ഥാപിക്കുക; സിഡിസിയിലെ കുട്ടികൾക്കിടയിലെ ന്യൂറോ ഡെവലപ്മെന്റൽ വൈകല്യങ്ങൾ കുറയ്ക്കുന്നതിനായി വികസന കാലതാമസം നേരത്തേ കണ്ടെത്തുന്നതിനും നേരത്തെയുള്ള ഇടപെടലിനുമുള്ള ഗവേഷണം, പരിശീലനം, ഡോക്യുമെന്റേഷൻ സൗകര്യം; സിഡിസിക്ക് കീഴിൽ എഎസ്ഡി, എഡിഎച്ച്ഡി, എൽഡി എന്നിവയുള്ള 3-8 വയസ് പ്രായമുള്ള കുട്ടികൾക്കുള്ള ന്യൂറോ ഡെവലപ്മെന്റൽ ഡിസോർഡേഴ്സിനുള്ള സമഗ്ര സിഡിസി കേരള കെയർ & റീഹാബിലിറ്റേഷൻ സൗകര്യം, അപൂർവ രോഗങ്ങൾക്കും ജനന വൈകല്യങ്ങൾക്കുമുള്ള സംസ്ഥാന കേന്ദ്രം, ഫെലോഷിപ്പ് കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും സിഡിസിയുടെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങളാണ്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ്. പ്രമേഹത്തിനും അതിന്റെ സങ്കീർണ്ണമായ ചികിത്സയ്ക്കും മാത്രമായി പ്രവർത്തിക്കുന്ന സർക്കാരിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ്. തിരുവനന്തപുരം നഗരത്തിലെ ആക്കുളത്തിനടുത്തുള്ള പുലയനാർകോട്ടയിൽ, 2001 ലാണ് ഐ.ഐ.ഡി. പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരത്തെ പബ്ലിക് ഹെൽത്ത് ലാബോറട്ടറി കാമ്പസിൽ ഒരു സബ് സെന്ററും പ്രവർത്തിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പുതിയ സംരംഭങ്ങൾ എൻസിഡികൾ തടയലും മാനേജ്മെന്റും മനുഷ്യവിഭവശേഷിയിലെ വിടവുകൽ നികത്തലുമാണ്.

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് (കെ.യു.എച്ച്.എസ്)

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് ആന്റ് അലൈഡ് സയൻസസ് ആക്ട് 2010 പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല കൃത്യവും ചിട്ടയുള്ളതുമായ വിദ്യാഭ്യാസരീതി ഉറപ്പുവരുത്താനും ആധുനികവൈദ്യശാസ്ത്രം, ഹോമിയോ, ഭാരതീയ ചികിത്സാരീതി തുടങ്ങി എല്ലാ മെഡിക്കൽസമ്പ്രദായങ്ങളിലും പരിശീലന ഗവേഷണപരിപാടികൾ നടത്താനും ഉദ്ദേശിച്ചുള്ളതാണ്. ഏകാരോഗ്യ പഠന കേന്ദ്രം; വീഴ്ചകളും അപകടങ്ങളും മൂലമുള്ള ആഘാതം തടയൽ; പ്രാഥമിക, ദ്വിതീയ പരിചരണ ക്രമീകരണങ്ങളിൽ പ്രമേഹവും രക്താതിമർദ്ദവും കൈകാര്യം ചെയ്യുന്നതിനുള്ള ക്ലിനിക്കൽ പ്രാക്ടീസ് മാർഗ്ഗനിർദ്ദേശങ്ങളുടെ വികസനം; ഡിമെൻഷ്യയും മറ്റ് വൈകല്യ ആരോഗ്യപ്രശ്നങ്ങളുമുള്ള പ്രായമായവരുടെ ഭവന അധിഷ്ഠിത പരിചരണത്തിന് പിന്തുണ നൽകുക; സ്പോർട്സ് മെഡിസിൻ ആൻഡ് എക്സർസൈസ് ഫിസിയോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക; ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധവും മാനേജ്മെന്റും; സുസ്ഥിര വികസന ലക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ മരണനിരക്ക് കുറയ്ക്കലും തുടർന്നും കൂടുതൽ മരണനിരക്ക് കുറയ്ക്കുന്നതിനുള്ള തന്ത്രങ്ങളിലേക്കും; തെളിവുകളെ അടിസ്ഥാനമാക്കിയുള്ള ഇടപെടലുകളിലൂടെ ഹൃദയ സംബന്ധമായ അസുഖങ്ങൾ തടയുന്നതിനും ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശം: ഒരു നിർവ്വഹണ ഗവേഷണ തന്ത്രം (സ്കൂൾ കുട്ടികളെ ലക്ഷ്യമിട്ട് ഹൃദയ സംബന്ധമായ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള ഒരു ഉപയോക്തൃ-സൗഹൃദ ടൂൾകിറ്റ് തയ്യാറാക്കി കുടുംബ പരിതസ്ഥിതിയിൽ എത്തിക്കുക); തിരുവനന്തപുരത്തെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിന് കീഴിൽ മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് (എംപിഎച്ച്) കോഴ്സ് ആരംഭിക്കുക; കെയുഎച്ച്എസിലെ ഐടിയുടെ അടിസ്ഥാന സൗകര്യ വികസനവും ശേഷി വർധിപ്പിക്കലും എന്നിവ കേരള ഹെൽത്ത് സയൻസസ് സർവകലാശാലയുടെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങളാണ്.

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്

കേരള സർക്കാരിന്റെ ആഭ്യന്തര വകുപ്പിന്റെ കീഴിലാണ് ഈ വകുപ്പ് പ്രവർത്തിക്കുന്നത്. ജുഡീഷ്യറി, എക്സൈസ്, പോലീസ്, മെഡിക്കോ-ലീഗൽ വിദഗ്ദ്ധർ എന്നിവർക്ക് നേരിട്ടും അല്ലാതെയും ക്രിമിനൽ കേസുകളുടെ വിചാരണക്കും സഹായിക്കുന്നു. ഈ വകുപ്പ് ക്രിമിനൽ നീതി ഭരണ സംവിധാനത്തിന് ശാസ്ത്രീയ അടിത്തറ നൽകുന്നു. ഉൽസവ കാലങ്ങളിൽ മദ്യ സാമ്പിളുകളിലെ മായം ചേർക്കൽ പരിശോധിക്കുന്നതിന് സഹായിക്കുകയും, ക്രിമിനൽകേസുകളുടെ വസ്തുത പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും വിദഗ്ദ്ധാഭിപ്രായം നൽകുകയും ചെയ്യുന്നു. സാമ്പിളുകളുടെ വിശകലനം ത്വരിതപ്പെടുത്തുന്നതിനും റിപ്പോർട്ടുകളിൽ ഉയർന്ന കൃത്യത ഉറപ്പുവരുത്തുന്നതിനും ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനും ഏറ്റവും പുതിയ ശാസ്ത്രീയ ഉപകരണങ്ങൾ ഉപയോഗിച്ച് വകുപ്പിന്റെ നവീകരണവുമാണ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ സംരംഭങ്ങൾ.

ആയുഷ്

ഭാരതീയ വൈദ്യശാസ്ത്രസമ്പ്രദായം

ആയുർവ്വേദം രോഗങ്ങൾ ചികിത്സിക്കാനുള്ള ശാസ്ത്രം മാത്രമല്ല, മറിച്ച് സമ്പൂർണ്ണമായ ഒരു ജീവിതശൈലി കൂടിയാണ്. ആയുർവ്വേദ, സിദ്ധ, യുനാനി, വിഷ, നേത്ര, പ്രകൃതിജീവനം എന്നീ ശൃംഖലകളിലൂടെ ആയുർവേദ വകുപ്പ് ജനങ്ങൾക്ക് വൈദ്യ സഹായം നല്കിവരുന്നു. ഈ വകുപ്പിന് കീഴിൽ മാനസീകരോഗാശുപത്രി (1), പഞ്ചകർമ്മ(1), പ്രകൃതി ചികിത്സ(1), സിദ്ധ(1), വിഷ(3), സ്പോർട്സ് ആയുർവേദ(1), മർമ്മ(1) തുടങ്ങിയ സ്പെഷ്യൽ ആശുപത്രികളും പ്രവർത്തിച്ചു വരുന്നു. ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്ന 130 ആശുപത്രികളും 818 ഡിസ്പെൻസറികളും ഇപ്പോൾ വകുപ്പിനു കീഴിലുണ്ട്. ആശുപത്രി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം; ആശുപത്രികളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ; പ്രത്യേക സൗകര്യങ്ങൾ: കയാചികിത്സ (ജനറൽ മെഡിസിൻ), ബാലചികിത്സ (പീഡിയാട്രിക്സ്), മാനോരോഗ ചികിത്സ (സൈക്യാട്രിയും സൈക്കോളജിയും) ശാലക്യ ചികിത്സ (ഇഎൻടിയും കണ്ണും) ശല്യചികിത്സ (ഓർത്തോപീഡിക്സ് ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ), വിഷചികിത്സ, പ്രസൂതിതന്ത്രം (ഒബ്സ്റ്റെട്രിക്സ് ആൻഡ് ഗൈനക്കോളജി) സ്വസ്ഥവൃത (പ്രിവന്റീവ് മെഡിസിൻ) ജരചികിത്സ (ജറിയാട്രിക് കെയർ) വൃഷ ചികിത്സ, പഞ്ചകർമ.

മികവിന്റെ കേന്ദ്രങ്ങൾ: കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുവേദ റിസർച്ച് (കിസാർ), ഗവ. ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റൽ ഹെൽത്ത് ആൻഡ് ഹൈജീൻ, കോട്ടക്കൽ, ആയുർവേദ ചൈൽഡ് ആൻഡ് അഡോളസന്റ് കെയർ സെന്റർ, കോഴിക്കോട്; ന്യൂറോ പുനരധിവാസ കേന്ദ്രം; നേത്രരോഗ ഇൻസ്റ്റിറ്റ്യൂട്ട്; യോഗയുടെയും പ്രകൃതിചികിത്സയുടെയും വികസനം, സിദ്ധ, യുനാനി; മറ്റ് നിലവിലുള്ള പരിപാടികൾ.എന്നിവ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡിപ്പാർട്ട്മെന്റ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങളാണ്.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം

തിരുവനന്തപുരം, തൃപ്പണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി 1361 കിടക്കകളുള്ള മൂന്ന് സർക്കാർ ആയുർവ്വേ മെഡിക്കൽകോളേജുകളുണ്ട്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IRIA) കല്ല്യാട്, കണ്ണൂർ ജില്ല; ഗവ. ആയുർവേദ കോളേജ് ആശുപത്രി, ഇടുക്കി ജില്ല; ആയുർവേദ മാനസിക ആശുപത്രി, പരിയാരം, കണ്ണൂർ; പാരാ സർജിക്കൽ, ഒഫ്താൽമിക് ഇൻസ്റ്റിറ്റ്യൂട്ട് & ജെറിയാട്രിക് കെയർ സെന്റർ, പൂജപ്പുര, തിരുവനന്തപുരം.

ആയുർവേദ കോളേജ്, തൃപ്പണ്ണിത്തറക്കുള്ള പുതിയ അക്കാദമിക് ബ്ലോക്ക് ; സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്, പരിയാരം കണ്ണൂർ – പുതിയ അക്കാദമിക് ബ്ലോക്ക്; ആയുർവേദ കോളേജ്, തിരുവനന്തപുരം–പുതിയ അക്കാദമിക് ബ്ലോക്കും അഡ്മിനിസ്ട്രേഷൻ ബ്ലോക്കും; പുതിയ പിജി കോഴ്സുകൽ; NABH & NAAC അക്രഡിറ്റേഷൻ; ഇ–ഗവേണൻസ് സംരംഭങ്ങൾ, ന്യൂ യോഗ ആൻഡ് നാച്ചുറോപ്പതി കോളേജ് ഇവ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങളാണ്.

ഹോമിയോപ്പതി

സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിന് കീഴിൽ 669 ഹോമിയോപ്പതി ഡിസ്പെൻസറികളും 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, 2 ടെൻ ബെഡ്ഡ് ആശുപത്രികൾ, ഒരു ആശുപത്രി എന്നിവയിലായി 1000 കിടക്കകൾ ഉണ്ട്. കൂടാതെ ഹോമിയോപ്പതി ഡയറക്ടറേറ്റിന് കീഴിൽ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി (ഹോംകോ) എന്ന മരുന്ന് നിർമ്മാണ യൂണിറ്റ് ഉണ്ട്. ഹോമിയോപ്പതി വകുപ്പിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട പ്രധാന സംരംഭങ്ങൾ ഇനിപ്പറയുന്നവയാണ്. സിമ്പ (സ്ട്രാറ്റജിക് ഇൻഫർമേഷൻ ആൻഡ് മോണിറ്ററിംഗ് യൂണിറ്റ്), ശ്രദ്ധ – സ്ട്രോക്ക് മാനേജ്മെന്റ്, പോസ്റ്റ് കോവിഡ് മാനേജ്മെന്റ്, സിക്കിൾ സെൽ അനീമിയ, വില്ലേജ് ഹോമിയോ ഹോസ്പിറ്റൽ, കുന്നിമണി, പ്രവാസിമിത്ര, കുറിച്ചിയിൽ പുതിയ ഐ.പി ബ്ലോക്ക്, കുറിച്ചിയിൽ പരിശീലന കേന്ദ്രം, കുറിച്ചിയിലെ ചൈൽഡ് സ്പെഷ്യാലിറ്റി സെന്റർ, പാലിയേറ്റീവ് തൃതീയ കേന്ദ്രം, കൗമാരക്കാർക്കുള്ള പ്രമേഹം, പുതിയ ഡിസ്പെൻസറികൾ, ടൈബൽ ആശുപത്രി എറണാകുളം, ഉയരെ–കോഴിക്കോട് ജില്ല, ആലപ്പുഴയിലെ വയോജന വിഭാഗത്തിനെ മികവിന്റെ കേന്ദ്രമാക്കൾ, സദാചാര സമിതി, വിമുക്തി, ഹോമിയോ ആശുപത്രി അടൂർ.

ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം

സർക്കാർതലത്തിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് ഹോമിയോ മെഡിക്കൽകോളേജുകൾ വഴി ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം നടത്തി വരുന്നു. അക്കാദമിക് പ്രവർത്തനങ്ങളിൽ, യുജി സീറ്റുകൾ 63 ൽ നിന്ന് 100 ആയി ഉയർത്തുകയാണ് ഡിപ്പാർട്ട്മെന്റ് ലക്ഷ്യമിടുന്നത്. കൂടാതെ ഹോമിയോപ്പതിക് ഫാർമസി, പീഡിയാട്രിക്സ്, സൈക്യാട്രി, കമ്മ്യൂണിറ്റി മെഡിസിൻ എന്നിവയിൽ പുതിയ പിജി കോഴ്സ് ആരംഭിക്കുക; ഫാർമസിയിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന് പകരം 3 വർഷത്തെ ഡി ഫാം കോഴ്സ് ആരംഭിക്കുക; എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പിജി കോഴ്സ് ആരംഭിക്കുക; എല്ലാ കോളേജുകൾക്കും നാക് അക്രഡിറ്റേഷൻ നേടുക; സംസ്ഥാന ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ ഔഷധ സസ്യത്തോട്ടം; സർക്കാരിൽ യു.ജി, പിജി, പിഎച്ച്ഡി പഠന കേന്ദ്രം, ഗവേഷണ കേന്ദ്രം എന്നിവയ്ക്കായി കോളേജിനോട് ചേർന്നുള്ള ഒഴിഞ്ഞ സ്ഥലത്ത് പ്രത്യേക അക്കാദമിക് ബ്ലോക്ക്–ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

പ്രീ-ക്ലിനിക്കൽ പഠനത്തിനായി പുതിയ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം, ഹോമിയോപതിക് മെഡിക്കൽ എജ്യുക്കേഷനിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇടയിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് റിസർച്ച് വിംഗിനെ സ്റ്റേറ്റ് ഹോമിയോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി റിസർച്ച് ആൻഡ് ട്രെയിനിംഗ് (SHIIRT) ആയി ഉയർത്തുക, രണ്ട് സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുക; കരിയർ ഗൈഡൻസ് സെൽ സ്ഥാപിക്കൽ; CCRH പോലുള്ള ഗവേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക; ഇരിപ്പിട ശേഷി വർധിപ്പിച്ച് സെൻട്രൽ ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ; കുറിച്ചിയിൽ ഹോമിയോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്സ് സ്ഥാപിക്കൽ; വിദ്യാർത്ഥികൾക്കുള്ള കളിസ്ഥലം; ഹോമിയോപ്പതി ഔഷധ നിർമാണ യൂണിറ്റ് സ്ഥാപിക്കൽ; കൂടാതെ ഹോമിയോപ്പതിയിൽ മൾട്ടി പർപ്പസ് റിസർച്ച് സെന്റർ സ്ഥാപിക്കും.

രോഗി പരിചരണത്തിൽ സ്വീകരിക്കേണ്ട പ്രധാന സംരംഭങ്ങൾ ഇവയാണ്; രോഗിക്ക് ഇ-സേവനം; എല്ലാ കോളേജ് ആശുപത്രികളിലും NABH അക്രഡിറ്റേഷൻ നേടുക; പ്രതിരോധ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ; ആദിവാസി, തീരപ്രദേശം, പ്രത്യേക സാഹചര്യങ്ങൾ എന്നിവിടങ്ങളിൽ പെരിഫറൽ ഒപിഡി സ്ഥാപിക്കൽ; ജെറിയാട്രിക് കെയർ, സ്പോർട്സ് മെഡിസിൻ, സാംക്രമികേതര രോഗങ്ങൾ, മാനസിക വൈകല്യങ്ങൾ, ഓട്ടിസം സ്പെക്ട്രൽ ഡിസോർഡേഴ്സ് തുടങ്ങിയവയ്ക്കായി കൂടുതൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ; സ്കൂൾ ആരോഗ്യ പരിപാടികൾ ശക്തിപ്പെടുത്തുക; മാനസികാരോഗ്യ സംരക്ഷണ കേന്ദ്രം സ്ഥാപിക്കൽ; നാല് നിലകളുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണവും.

ഹോമിയോപ്പതിക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്ഥാപിക്കൽ; സോളാർ എനർജി പ്ലാന്റ് സ്ഥാപിച്ച് ഊർജ സംരക്ഷണം ഫലപ്രദമായ മാലിന്യ നിർമാർജന നടപടികൾക്കുള്ള സൗകര്യങ്ങൽ എന്നിവയാണ് ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പാക്കേണ്ട ഭരണപരമായ സംരംഭങ്ങളാണ്.

2022-23 വാർഷിക പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

ആർദ്രം മിഷന്റെ ശക്തിപ്പെടുത്തലിന് പദ്ധതി തുടക്കമിട്ടു. കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലും ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി വാർഷിക പദ്ധതി 2022-23 ൽ ആരംഭിച്ചു. ക്രിട്ടിക്കൽ കെയർ ഒരു ICU ക്രമീകരണത്തിൽ രോഗിയെ പരിപാലിക്കുന്നു. ക്രിട്ടിക്കൽ കെയർ ഫിസിഷ്യൻമാരുടെ മാർഗ്ഗനിർദ്ദേശത്തിൽ അത്തരം രോഗികളെ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നത് അതിജീവനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും. ക്രിട്ടിക്കൽ കെയർ മെഡിസിനിൽ ഒരു സ്പെഷ്യലിസ്റ്റ് കൈകാര്യം ചെയ്യുന്ന ICU-കൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്, പ്രത്യേകിച്ച് പ്രകൃതി ദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും സമയങ്ങളിൽ. ആരോഗ്യവകുപ്പിന്റെ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു.

ആരോഗ്യമേഖലയിലെ ലിംഗനീതി

ആസൂത്രണവും ബഡ്ജറ്റിംഗും സ്ത്രീകൾക്കായി നീക്കിവച്ചിട്ടുള്ള മൊത്തം വിഹിതത്തിന്റെ 10 ശതമാനമെങ്കിലും ലിംഗ നീതിപരമാക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മൊത്തത്തിലുള്ള ഊന്നൽ. മെറ്റേണിറ്റി ഹോസ്പിറ്റലുകൾ, മെറ്റേണിറ്റി യൂണിറ്റുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ (ആയുർവേദ, മോഡേൺ മെഡിസിൻ എന്നിവയിൽ ഉൾപ്പെടുന്നു), നഴ്സിംഗ് സ്കൂളുകൾ, പരിശീലനം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ, എൻആർഎച്ച്എം-ആർസിഎച്ച് ഫ്ലെക്സിപൂൾ, ആർസിസിയിലെ സ്ത്രീകളുടെ സൗകര്യങ്ങൾ വർധിപ്പിക്കൽ, പാലിയേറ്റീവ് കെയർ, മാനസികാരോഗ്യ പരിപാടികൾ തുടങ്ങിയവ ആരോഗ്യമേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലിംഗനീതിപരമായ പ്രത്യേക പദ്ധതികളിൽ ഉൾപ്പെടുന്നു.

അദ്ധ്യായം 13

സാമൂഹിക ഉൾച്ചേർക്കൽ

13.1 പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമം

അവലോകനം

ഇന്ത്യയിലെ സാമൂഹിക ക്രമത്തിൽ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടതും അവശത അനുഭവിക്കുന്നതുമായ സമൂഹങ്ങളിലൊന്നാണ് പട്ടികജാതിസമൂഹത്തിലെ ജനങ്ങൾ. കേരളം പോലുള്ള സംസ്ഥാനത്തും പട്ടികജാതി വിഭാഗങ്ങൾ സാമ്പത്തികവും സാമൂഹികവുമായ വികസന മേഖലകളിൽ മറ്റുള്ളവരെക്കാൾ പിന്നിലാണ്. പട്ടികജാതി വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഭരണഘടനാ സംവിധാനങ്ങളും സംസ്ഥാനത്തിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ അവരുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക വികസന മേഖലകളിൽ അവർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലഘൂകരിക്കുന്നതിനുമായി വിവിധ പഞ്ചവത്സര പദ്ധതികളിലൂടെ പ്രത്യേക പദ്ധതികളും പരിപാടികളും രൂപീകരിച്ചുകൊണ്ട് പട്ടികജാതിക്കാരുടെ സ്ഥിതി മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നു. ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നും പട്ടികജാതി ജനസംഖ്യ വിഹിതത്തേക്കാൾ ഉയർന്ന ഒരു വിഹിതം അവരുടെ ക്ഷേമത്തിനും വികസനത്തിനുമായി നീക്കിവയ്ക്കുന്നുവെന്ന് സംസ്ഥാനം ഉറപ്പാക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ പട്ടികജാതി ജനസംഖ്യ 53 ജാതികളിലായി സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്ന 30.39 ലക്ഷം ആളുകളാണ്. അവർ 26,342 ആവാസകേന്ദ്രങ്ങളിൽ/കോളനികളിൽ താമസിക്കുന്നു (കില സർവേ 2011). വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിളിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗക്കാർക്കിടയിലെ ദുർബല സമുദായങ്ങളായി പരിഗണിക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനമാണ് ഈ പ്രത്യേക ദുർബല സമുദായങ്ങളിലെ ജനങ്ങൾ (പട്ടികജാതി സർവേ റിപ്പോർട്ട് 2008).

തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഭൂമി, വീട്, മറ്റ് സൗകര്യങ്ങൾ എന്നിവ നൽകുക, സെറ്റിൽമെന്റുകൾ നവീകരിക്കുക, വിദ്യാഭ്യാസം, പ്രത്യേകിച്ച് ഉന്നത-സാങ്കേതിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുക, ആരോഗ്യ പരിരക്ഷാ സഹായങ്ങൾ ഒരുക്കുക തുടങ്ങിയവയിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് അവരുടെ സമഗ്ര വികസനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

ഭൂമി, വീട്, എല്ലാ തലങ്ങളിലും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ, ആധുനിക തൊഴിൽ, പട്ടികജാതി-പട്ടികവർഗക്കാർക്കായി സംവരണം ചെയ്ത ഇടങ്ങൾ നികത്തൽ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ എന്നിവയിലായിരുന്നു പതിമൂന്നാം പദ്ധതിയുടെ പ്രധാന ഊന്നൽ.

പട്ടികജാതി ഉപപദ്ധതിയ്ക്ക് (എസ്.സി.എസ്.പി) സംസ്ഥാന പദ്ധതി അടങ്കലിൽ നിന്ന് കേരള സർക്കാർ അനുവദിക്കുന്ന വിഹിതം ജനസംഖ്യയിലെ പട്ടികജാതി വിഭാഗക്കാരുടെ വിഹിതത്തേക്കാൾ കൂടുതലാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ എല്ലാ വാർഷിക പദ്ധതിയിലും, മൊത്തം സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81 ശതമാനം പട്ടികജാതി ഉപപദ്ധതിയ്ക്കായി നീക്കിവച്ചിട്ടുണ്ട്. പൊതുവിഭവങ്ങളിൽ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് തുല്യമായ അവകാശം നൽകുന്നതിലും അതുവഴി അവരുടെ ക്ഷേമവും വികസനവും ഉറപ്പാക്കുന്നതിലും സംസ്ഥാനം പ്രതിജ്ഞാബദ്ധമാണെന്ന് ഇത് സൂചിപ്പിക്കുന്നു. പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികജാതി വികസന വകുപ്പിനും (എസ്.സി.ഡി.ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായി (എൽ.എസ്.ജി.ഐ) വകയിരുത്തിയിരിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്കായി മൊത്തം പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ 54.91 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 45.08 ശതമാനവും നീക്കിവയ്ക്കുകയുണ്ടായി.

പട്ടികജാതി വികസന വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ച ഫണ്ടുകളുടെ വിനിയോഗ രീതി പട്ടിക 13.1-ൽ അവതരിപ്പിച്ചിരിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, പട്ടികജാതി വികസന വകുപ്പ് അവർക്കായി അനുവദിച്ച ഫണ്ടിന്റെ 75.80 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വിഹിതത്തിൽ നിന്ന് 79.11 ശതമാനവും വിനിയോഗിച്ചിട്ടുണ്ട്.

പട്ടിക 13.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ വകയിരുത്തലും ചെലവും

(രൂപ കോടിയിൽ)

വർഷം	ആകെ സംസ്ഥാന പദ്ധതി അടങ്കൽ	ആകെ പട്ടികജാതി ഉപപദ്ധതി വിഹിതം	പട്ടികജാതി വികസന വകുപ്പ് (എസ്.സി.ഡി.ഡി)			തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽ.എസ്.ജി.ഐ)		
			വിഹിതം	ചെലവ്	ചെലവിന്റെ ശതമാനം	വിഹിതം	ചെലവ്	ചെലവിന്റെ ശതമാനം
18-2017	26500.00	2599.65	1427.60	1275.27	89.32	1172.05	936.60	79.91
19-2018	29150.00	2859.62	1570.36	1167.40	74.33	1289.26	1070.07	82.99
20-2019	30610.00	3002.84	1649.00	754.87	45.78	1353.84	735.39	54.31
21-2020	27610.00	2708.54	1487.39	1313.38	88.30	1221.15	1125.87	92.19
22-2021	27610.00	2708.54	1487.39	1267.07	85.18	1221.15	1082.75	88.66
ആകെ	**141480.00**	**13879.19**	**7621.74**	**5777.99**	**75.80**	**6257.45**	**4950.68**	**79.11**

അവലംബം: സാമ്പത്തിക അവലോകനം, വാല്യം. 2 വിവിധ വർഷങ്ങൾ, കേരള സർക്കാർ

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയളവിലെ പ്രധാന പദ്ധതികളുടെ നേട്ടങ്ങൾ

1. ഭവന വികസന പരിപാടികൾ

വകുപ്പിന് അനുവദിച്ച പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ 46 ശതമാനവും ഭവന വികസന പദ്ധതികൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. 'ഭവനരഹിതർക്ക് ഭവനവും ഭാഗികമായി നിർമ്മിച്ച വീടുകളുടെ പൂർത്തീകരണവും' എന്ന പദ്ധതി പ്രകാരം 2017-18 മുതൽ 2018-19 വരെ (2022 മാർച്ച് വരെ) 7,744 പുതിയ വീടുകൾ നിർമ്മിക്കുകയുണ്ടായി. 2017-18 മുതൽ ലൈഫ് മിഷൻ വഴിയാണ് പുതിയ വീടുകൾ നിർമ്മിക്കുന്നത്. ലൈഫ് മിഷന്റെ I, II, III ഘട്ടങ്ങളിലായി 523.00 കോടി രൂപ ലൈഫ് മിഷന് കൈമാറുകയും അതിലൂടെ പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിച്ച 50,551 വീടുകളിൽ 32,888 വീടുകളുടെ നിർമാണം പൂർത്തിയാക്കാനും കഴിഞ്ഞിട്ടുണ്ട്. 'ഭൂരഹിത കുടുംബങ്ങൾക്ക് വീട് നിർമിക്കാൻ ഭൂമി' എന്ന പദ്ധതിയുടെ പ്രയോജനം 20,239 പേർക്ക് ലഭിക്കുകയുണ്ടായി. പട്ടികജാതി വിഭാഗത്തിലെ 19,961 വിദ്യാർത്ഥികൾക്ക് അവരുടെ വീടുകളിൽ പഠനത്തിന് മെച്ചപ്പെട്ട അന്തരീക്ഷവും സൗകര്യവും ഒരുക്കി നൽകുന്നതിൽ 'പഠനമുറികളുടെ നിർമ്മാണം' എന്ന പദ്ധതി ലക്ഷ്യം കാണുകയുണ്ടായി.

2. വിദ്യാഭ്യാസ വികസന പരിപാടികൾ

വിദ്യാഭ്യാസ പുരോഗതി നേടുകയെന്നത് പട്ടികജാതിക്കാരുടെ വികസനത്തിലെ പ്രധാന കാര്യമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, വിവിധ വിദ്യാഭ്യാസ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ്, പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ 27.28 ശതമാനം വിനിയോഗിച്ചിട്ടുണ്ട്. പ്രീ-മെട്രിക് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, 18,45,449 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും 50,184 വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻഡും 10,91,572 വിദ്യാർത്ഥികൾക്ക് പ്രാഥമിക, സെക്കൻഡറി വിദ്യാഭ്യാസ സഹായവും ലഭിക്കുകയുണ്ടായി. പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസത്തിൽ, 2,843 വിദ്യാർത്ഥികൾക്ക് 'എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേക്ക് പ്രവേശനം നേടിയവർക്കുള്ള പ്രാരംഭ ചെലവുകൾ' എന്ന പദ്ധതിയുടെ പ്രയോജനം ലഭിച്ചു. 1,490 വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വിതരണം ചെയ്തു. 8,130 വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പുകൾ ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്. 167 വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് സാമ്പത്തിക സഹായം ലഭിക്കുകയുണ്ടായി. സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന 13,480 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം ലഭിച്ചു. 'അയ്യങ്കാളി ടാലന്റ് സെർച്ച്

സ്കോളർഷിപ്പ് പദ്ധതി 26,880 വിദ്യാർത്ഥികൾക്കും, 'വിഷൻ-2013 (മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ്)' പദ്ധതി, 2,575 വിദ്യാർത്ഥികൾക്കും പ്രയോജനം ചെയ്തു.

പാലക്കാട് മെഡിക്കൽ കോളേജ്, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, നഴ്സറി സ്കൂളുകൾ, സെന്റർ ഫോർ റിസർച്ച് ആൻഡ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (CREST) തുടങ്ങിയ പട്ടികജാതി വകുപ്പിന് കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും പട്ടികജാതിവിഭാഗങ്ങളുടെ വിദ്യാഭ്യാസ വികസനത്തിന് ഗണ്യമായ സംഭാവന നൽകുകയുണ്ടായി.

3. സാമൂഹിക-സാമ്പത്തിക വികസന പരിപാടികൾ

പതിമൂന്നാം പദ്ധതികാലയളവിൽ പട്ടികജാതി ഉപപദ്ധതി ഫണ്ടിന്റെ 21.14 ശതമാനം സാമൂഹിക വികസന പദ്ധതികൾക്കും 3 ശതമാനം നൈപുണ്യ വികസനത്തിനും 2.28 ശതമാനം ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികജാതി വികസന വകുപ്പ് ഉപയോഗിക്കുകയുണ്ടായി. പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷുറൻസ് ബന്ധിത സാമൂഹിക സുരക്ഷ ഒരുക്കുന്ന 'വാൽസല്യനിധി' പദ്ധതിയുടെ പ്രയോജനം 14,259 പെൺകുട്ടികൾക്ക് ലഭിച്ചു. 5,043 പേർക്ക് പരിശീലനത്തിനും തൊഴിലിനുമുള്ള സഹായവും 5,040 പേർക്ക് 'വിദേശ തൊഴിൽ സഹായം' പദ്ധതി പ്രകാരം ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട്. 1,325 പേർക്ക് സ്വയംതൊഴിൽ സബ്സിഡി ലഭിക്കുകയുണ്ടായി. പട്ടികജാതി വിഭാഗങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ പ്രയോജനം 76,700 പേർക്ക് ലഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള 45,163 പെൺകുട്ടികൾക്ക് 'പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം' പദ്ധതിയിലൂടെ ധനസഹായം ലഭിക്കുകയുണ്ടായി.

നിർണ്ണായകമായ വിടവുകൾ

1. പട്ടികജാതിക്കാരുടെ പല പാർപ്പിട മേഖലകളും താഴ്ന്ന പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് സാധാരണ മഴക്കാലത്ത് പോലും അവിടങ്ങളിൽ വെള്ളപ്പൊക്കത്തിന് ഇടയാക്കുന്നു. കൂടാതെ, ഈ പ്രദേശങ്ങളിൽ ശുദ്ധമായ കുടിവെള്ളം, ലിങ്ക് റോഡുകൾ, വീടുകളുടെ അറ്റകുറ്റപ്പണികൾ, ഡ്രെയിനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ അടിയന്തിര പുരോഗതി ആവശ്യമാണ്.
2. മറ്റ് സാമൂഹിക വിഭാഗങ്ങളുമായി (പട്ടികവർഗങ്ങൾ ഒഴികെയുള്ളവ) താരതമ്യം ചെയ്യുമ്പോൾ പട്ടികജാതിക്കാരുടെ ഇടയിലെ ഉയർന്ന വരുമാന-ദാരിദ്ര്യ അനുപാതം.
3. ഭൂരാഹിത്യം, അത് ഭവന നിർമ്മാണത്തിനുള്ള ഭൂമിയുടെ കാര്യത്തിലായാലും കൃഷി ഭൂമിയുടെ കാര്യത്തിലായാലും, പട്ടികജാതിക്കാരുടെ ഇടയിൽ ഒരു പ്രശ്നമായി നിലനിൽക്കുന്നു.
4. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്ക് പൊതു-സ്വകാര്യ മേഖലകളിലെ തൊഴിലവസരങ്ങളിലേക്കുള്ള പ്രവേശനം തുച്ഛമായി തുടരുന്നു.
5. ഉന്നതവിദ്യാഭ്യാസത്തിൽ തുടരുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ എണ്ണം ഈ വിദ്യാർത്ഥികളുടെ സെക്കൻഡറി, ഹയർ സെക്കൻഡറി പ്രവേശനവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. ഉന്നത വിദ്യാഭ്യാസത്തിലും പ്രൊഫഷണൽ കോഴ്സുകളിലും ഉയർന്ന നിരക്കിലുള്ള കൊഴിഞ്ഞുപോക്ക് ഉൾപ്പെടെയുള്ള മോശം പ്രകടനം കാണപ്പെടുന്നു.
6. വികസന പരിപാടികളെക്കുറിച്ചുള്ള വിവരങ്ങൾ വേണ്ടത്ര വിധത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ എത്തുന്നില്ല.

പതിനാലാം പഞ്ചവത്സര പദ്ധതി
പട്ടികജാതി വികസനത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനം

പട്ടികജാതിക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ കടമ നിറവേറ്റുന്നതിനുമുള്ള പദ്ധതികൾക്കുള്ള പിന്തുണ ശക്തിപ്പെടുത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതി തുടരും. പതിനാലാം പദ്ധതി ഉൽപ്പാദന-സേവന മേഖലകളുടെ സർവ്വതലങ്ങളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നതിനാൽ, തൊഴിലവസരങ്ങളുടെയും വരുമാന വളർച്ചയുടെയും എല്ലാ മേഖലകളിലും പട്ടികജാതിക്കാരുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം പരിശ്രമിക്കും. ഉന്നതവിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും ധാരകളിലേക്കും പട്ടികജാതിക്കാരുടെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ പരിപാടികളെയും ഈ പദ്ധതി

പിന്തുണയ്ക്കുകയും പ്രത്യേക നൈപുണ്യ വികസനത്തിന്റെ എല്ലാ മേഖലകളിലേക്കും പട്ടികജാതി യുവാക്കളുടെ പ്രവേശനം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം കുടുംബങ്ങളും താമസിക്കുന്ന പല പാർപ്പിട പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിൽ സുരക്ഷിതമായ കുടിവെള്ളം, ലിങ്ക് റോഡുകൾ, വൈദ്യുതീകരണം, വീട് നവീകരണം, ഡ്രെയിനേജ് എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളിൽ പ്രത്യേകവും അടിയന്തിരവുമായ പുരോഗതി ആവശ്യമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിക്ക് കീഴിലുള്ള പദ്ധതികൾ തുടരും. പട്ടികജാതിക്കാർക്കിടയിലെ പ്രത്യേക ദുർബല വിഭാഗങ്ങളുടെ സാമ്പത്തിക വികസനത്തിന് ഈ പദ്ധതി തുടർന്നും പിന്തുണ നൽകുന്നതാണ്. പട്ടികജാതി വിഭാഗത്തിലെയും പൊതുവിഭാഗങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ഡിജിറ്റൽ അന്തരം അവസാനിപ്പിക്കാൻ ഈ പദ്ധതി ശ്രമിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

- ഭൂമിയും, പാർപ്പിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടെ മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും വിവിധ വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെയും പട്ടികജാതി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവരുടെ ഉന്നമനം ഉറപ്പാക്കുക.
- ഒരു വിജ്ഞാന സമൂഹവും അതിനൊപ്പം ആധുനികവും ഉയർന്ന തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന ഉൽപ്പാദനക്ഷമവുമായ സമ്പദ്വ്യവസ്ഥ കെട്ടിപ്പെടുക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. ആ പ്രക്രിയയിൽ സജീവ പങ്കാളികളാകാൻ പട്ടികജാതി വിഭാഗക്കാരെ എല്ലാവിധത്തിലും സജ്ജരാക്കുക.
- മികച്ച നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ, വൈവിധ്യമാർന്ന വരുമാനദായക പ്രവർത്തനങ്ങൾ എന്നിവയിലൂടെ സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിച്ചുകൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുക.
- പട്ടികജാതിക്കാരുടെ ഇടയിൽ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുക.
- യുവതലമുറയ്ക്ക് മികച്ച വിദ്യാഭ്യാസം നൽകിക്കൊണ്ട് അവരുടെ ജീവിത നിലവാരം ഉയർത്തുകയും അതുവഴി സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും സംഭവിക്കുന്ന മാറ്റങ്ങൾ നേരിടുന്നതിന് അവരെ സജ്ജരാക്കുകയും ചെയ്യുക.
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കുക.
- പട്ടികജാതി സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്കിളിയർ എന്നീ ജാതികളിലെ ജനങ്ങളുടെ വികസന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ നൽകുക.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ള പ്രധാന പരിപാടികൾ

- പതിനാലാം പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്. അതിനാൽ പട്ടികജാതിക്കാർക്കായി വിവിധ ഉപജീവന പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും പദ്ധതി ശ്രമിക്കും. പട്ടികജാതി ഉപപദ്ധതിയ്ക്കായുള്ള കോർപ്പസ് ഫണ്ടിന്റെ ഒരു വിഹിതം ഉപജീവന പദ്ധതികൾ ഏറ്റെടുക്കാൻ ഉപയോഗിക്കേണ്ടതാണ്.
- സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി 'പട്ടികജാതി യുവാക്കൾക്കുള്ള ശാക്തീകരണ സൊസൈറ്റികൾ' പോലുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- ഭൂരഹിതരുടെ എണ്ണം വളരെ കൂടുതലാണ് എന്നതിനാൽ ലൈഫ് മിഷൻ മുഖേനയുള്ള ഭൂമി വിതരണത്തിൽ പട്ടികജാതിക്കാർക്ക് മുൻഗണന നൽകേണ്ടതുണ്ട്. "മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ലഭിച്ച ഭൂമിയുടെ വിതരണത്തിലും ഈ വശം പരിഗണിക്കേണ്ടതുണ്ട്.
- ലൈഫ് മിഷന്റെ കീഴിൽ നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിനുള്ള ഒരു പദ്ധതി ഉണ്ടാവേണ്ടതുണ്ട്.
- ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടത്തിലുമുള്ള കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന.

- മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിലെയും ഉന്നത വിദ്യാഭ്യാസ മേഖലയിലെയും പട്ടികജാതി വിദ്യാർഥികൾക്ക് മാർഗനിർദേശം (മെന്റർഷിപ്പ്) നൽകുക.
- പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മതിയായ ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാണെന്നും അവർക്ക് ഹോസ്റ്റലുകളിലെ പ്രവേശനത്തിൽ മുൻഗണന ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കുക. കേന്ദ്ര-സംസ്ഥാന സഹായത്തോടെ വിവിധ സർവകലാശാല കാമ്പസുകളിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുക.
- പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനവും അവർക്കുള്ള തൊഴിൽ ലഭ്യതയും ഉറപ്പാക്കുക. അവർക്ക് ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകളിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നത് ഏറെ അനിവാര്യമായ ഒന്നാണ്.
- പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐകളിൽ നൽകി വരുന്ന കോഴ്സുകളുടെ കാലോചിതമായ പരിഷ്കരണം.
- പട്ടികജാതിക്കാരായ തൊഴിലന്വേഷകരെ വിദേശജോലികൾ ലഭിക്കാൻ സഹായിക്കുന്നു.
- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഘുനൈപുണ്യ ആർജനത്തിനായി എം.ആർ.എസ്-കളെ അസാപ്പ് (ASAP) പോലുള്ള സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
- സെന്റർ ഫോർ റിസർച്ച് ആൻഡ് എജ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷന്റെ (CREST) നവീകരണം
- പട്ടികജാതിവിഭാഗത്തിലെ ജനങ്ങൾക്കായുള്ള നൈപുണ്യ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു പൊതു ഏജൻസി.
- പട്ടികജാതിക്കാർക്കിടയിലെ ഏറ്റവും ദുർബലരായ സമുദായങ്ങൾക്കായി അവരുടെ സാമൂഹിക-സാമ്പത്തിക സാഹചര്യത്തിന്റെ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ട് സൂക്ഷ്മ പദ്ധതികൾ (മൈക്രോ പ്ലാനുകൾ) തയ്യാറാക്കുക.
- അതീവ ദാരിദ്ര്യ സർവേയിൽ കണ്ടെത്തിയ പട്ടികജാതിവിഭാഗക്കാർക്കുള്ള സൂക്ഷ്മ പദ്ധതികൾ.
- എല്ലാ പട്ടികജാതി കുടുംബങ്ങളിലേക്കും കുടുംബശ്രീയെ വ്യാപിപ്പിക്കുകയും ഓരോ വീടുകളെയും ഉൽപ്പാദന യൂണിറ്റുകളാക്കി മാറ്റുകയും ചെയ്യുക.
- പട്ടികജാതി വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന വികസന പരിപാടികളെക്കുറിച്ച് ജനപ്രതിനിധികളെ ബോധവത്കരിക്കുന്നതിന് കിലയും കിർത്താഡ്സും മുഖേനയുള്ള ശാക്തീകരണ പരിപാടികൾ.
- പദ്ധതികളുടെ നടത്തിപ്പിൽ സുതാര്യത കൊണ്ടുവരുക.
- കൃത്യമായ മാർഗനിർദേശവും പരിശീലനവും സാമ്പത്തിക സഹായവും ശരിയായ മാനേജ്മെന്റ് കൈത്താങ്ങും പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23-ൽ 'പട്ടികജാതി യുവാക്കൾക്കുള്ള ശാക്തീകരണ സൊസൈറ്റികൾ' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു. ബിരുദമോ ഡിപ്ലോമയോ യോഗ്യതയുള്ള പട്ടികജാതി യുവാക്കളെ സംരംഭകരായും തൊഴിൽദാതാക്കളായും മാറ്റുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശം. സിവിൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി, ആരോഗ്യ സംരക്ഷണവും അനുബന്ധ മേഖലകളും, വാടക സേവനങ്ങൾ, ടൂറിസം, മാർക്കറ്റിംഗ്, കൃഷി, വിദ്യാഭ്യാസം, ബാങ്കിംഗ്, മറ്റ് ആധുനിക വ്യാവസായിക മേഖലകൾ തുടങ്ങിയവയിൽ ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ പദ്ധതി പട്ടികജാതി വിഭാഗങ്ങളിലെ യുവതീയുവാക്കളെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പട്ടികജാതിക്കാർ ജീവിതത്തിന്റെ വിവിധ മേഖലകളിൽ നേരിടുന്ന പലവിധ പ്രതിബന്ധങ്ങൾ പരിഹരിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി ശ്രമിക്കുന്നതാണ്. പട്ടികജാതി സമൂഹത്തിന്റെ അടിസ്ഥാന വികസന ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിനൊപ്പം, അവരുടെ അഭിലാഷങ്ങളും ആവശ്യങ്ങളും പ്രതിഫലിപ്പിക്കുന്ന പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി, വികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നതിനായി അവരെ സജ്ജരാക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി ശ്രമിക്കുന്നതായിരിക്കും.

13.2 പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമം

മേഖലയുടെ അവലോകനം

നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ചരിത്രപരമായി പിന്നാക്കം നിൽക്കുന്നവരാണ് പട്ടികവർഗ്ഗ വിഭാഗങ്ങൾ. പട്ടികവർഗ്ഗ വകുപ്പിന്റെ സർവ്വെ 2018 പ്രകാരം, സംസ്ഥാന ജനസംഖ്യയുടെ 1.45 % ത്തോളം വരുന്ന 4.89 ലക്ഷം പട്ടികവർഗ്ഗക്കാർ 1.48 ലക്ഷം കുടുംബങ്ങളിലായി 6578 സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നു. സംസ്ഥാനത്ത് 37 പട്ടികവർഗ്ഗ സമുദായങ്ങൾ ഉണ്ട്. ഇതിൽ കാടർ, കുറുമ്പ, കാട്ടുനായ്ക്കൻ, കൊറഗ, ചോലനായ്ക്കൻ എന്നീ വിഭാഗങ്ങളെ പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗമായി തിരിച്ചറിഞ്ഞിട്ടുണ്ട്. അരനാടൻ, വയനാട് കാടർ, കുടിയ(മേലെ കുടി), മഹാമലസർ, പള്ളിയൻ, തച്ചനാടൻ മൂപ്പൻ, മലപ്പണിക്കൻ, മലൈ പണ്ടാരം, തുടങ്ങിയ എട്ടു ഗോത്ര വിഭാഗങ്ങളെ പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗമായും, അടിയൻ, എരവള്ളൻ, മലപുലയ, ഇരുളർ, മലസർ, മലയൻ, മുഡുഗർ, എന്നീ വിഭാഗങ്ങളെ പാർശ്വവൽക്കരിക്കപ്പെട്ടവരായും കണക്കാക്കുന്നു. ഭൂമിയുടെയും പാർപ്പിടത്തിന്റെയും അഭാവം, ആധുനിക സൗകര്യങ്ങളുടെ അഭാവം, ആരോഗ്യ-പോഷകാഹാര പ്രശ്നങ്ങൾ, വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ, ഭാഷാഭേദം ഉൾപ്പെടെയുള്ള സാംസ്കാരിക സ്വഭാവങ്ങളുടെ നഷ്ടം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ ഇവർ അഭിമുഖീകരിക്കുന്നുണ്ട്. അതിനാൽത്തന്നെ പ്രത്യേക ദുർബല വിഭാഗമായി കണക്കാക്കുന്ന വിഭാഗങ്ങൾക്ക് നൽകുന്ന അതേ പരിഗണന ഇവർക്കും നൽകേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കൈകൊണ്ട പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ജനതയുടെ ബുദ്ധിമുട്ടുകൾ വലിയതോതിൽ കുറക്കുന്നതിന് സഹായകരമായിട്ടുണ്ട്.

വിവിധ സാമൂഹിക- സാമ്പത്തിക വെല്ലുവിളികളെ തരണം ചെയ്യുന്നതിനും, മികച്ച നൈപുണ്യവും ആസ്തി അടിത്തറയും ഉപയോഗിച്ച് ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനും, ലഭ്യമായ എല്ലാ സാധ്യതകളും സേവനങ്ങളും പ്രയോജനപ്പെടുത്തുന്നതിനും, പട്ടികവർഗ്ഗക്കാർക്കിടയിലെ അവശതയനുഭവിക്കുന്ന ജനങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള പദ്ധതികളാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പട്ടികവർഗ്ഗക്കാരും മറ്റ് ജനവിഭാഗങ്ങളും തമ്മിലുള്ള സാമൂഹിക അസമത്വം ഇല്ലാതാക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര ലക്ഷ്യം വെച്ചത്. പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാരുടെയും സാമൂഹിക-സാമ്പത്തിക നേട്ടങ്ങൾ വിപുലപ്പെടുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നു.

പതിമൂന്നാം പദ്ധതിയിൽ 1,41,480 കോടി രൂപ വരുന്ന സംസ്ഥാന പദ്ധതിയിൽ നിന്ന് 4006.25 കോടി രൂപ ടി.എസ്.പി വിഹിതമായി നീക്കിവച്ചിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംസ്ഥാന പദ്ധതികളുടെ വിഹിതവും ചെലവും പട്ടിക 13.2-ൽ നൽകിയിരിക്കുന്നു.

പട്ടിക 13.2 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ അടങ്കലും ചെലവും

(രൂപ കോടിയിൽ)

വർഷം	ആകെ വിഹിതം	സംസ്ഥാന പദ്ധതിയിലെ ടിഎസ്പി ശതമാനം വിഹിതം	എൽ.എസ്.ജി.ഡി		വകുപ്പ്	
			ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്
18-2017	751.08	2.83	176.00	135.76	575.08	533.75
19-2018	826.19	2.83	193.60	151.29	632.59	502.13
20-2019	866.26	2.83	202.99	110.55	663.27	428.46
21-2020	781.36	2.83	183.10	167.06	598.26	400.59
22-2021	781.36	2.83	183.10	164.27	598.26	556.63
ആകെ	**4006.25**	**2.83**	**938.79**	**684.08**	**3067.46**	**2421.56**

അവലംബം: പട്ടികവർഗ്ഗ വികസന വകുപ്പ്, കേരള സർക്കാർ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന പദ്ധതികളുടെ നേട്ടങ്ങൾ

സമഗ്ര സാമൂഹികസാമ്പത്തിക സർവേ-

- പട്ടികവർഗ്ഗ വികസന വകുപ്പ് 2018-ൽ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്ര സാമൂഹിക സാമ്പത്തിക സർവേ നടത്തിയിട്ടുണ്ട്. ഭാവിയിൽ പദ്ധതി രൂപീകരണത്തിൽ ഇത് ഉപയോഗപ്പെടുത്താവുന്നതാണ്

ഭൂമിയും പാർപ്പിടവും

- ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനായി ഭൂരഹിതരായ 5229 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4264.94 ഏക്കർ ഭൂമി വകുപ്പ് വിതരണം ചെയ്തു.
- ലൈഫ് മിഷൻ വഴി 16377 വീടുകൾ അനുവദിച്ചു (ഒന്നാം ഘട്ടം-12054, രണ്ടാം ഘട്ടം-3545, മൂന്നാം ഘട്ടം -778) ഇതിൽ 14532 വീടുകൾ പൂർത്തീകരിച്ചു. കൂടാതെ വകുപ്പ് അനുവദിച്ച 6709 വീടുകളിൽ 2350 വീടുകൾ പൂർത്തീകരിച്ചു.

വിദ്യാഭ്യാസം

- സ്കൂളുകൾ-സ്കോളർഷിപ്പ് എന്ന പദ്ധതിയിലൂടെ 4,52,415 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും, 98,041 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പും ലഭിച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് നാല് പ്രീ-മെട്രിക് ഹോസ്റ്റലുകളും രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, പൂക്കോട് ഒരു എംആർഎസും നിർമ്മിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു എം.ആർ.എസ്, ഒരു പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ, 7 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, നാടുകാണിയിൽ ഒരു ഐ.ടി.ഐ എന്നിവ നിർമ്മിച്ചു.
- ഗോത്രസാരഥി പദ്ധതിയിലൂടെ വിദൂര ജനവാസ കേന്ദ്രങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് സ്കൂളിൽ പോകാൻ വാഹന സൗകര്യം ഏർപ്പെടുത്തി. പ്രതിവർഷം 17,000-ത്തിലധികം കുട്ടികൾ ഇത് പ്രയോജനപ്പെടുത്തുന്നു.
- മികച്ച വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 250 സാമൂഹ്യ പഠനമുറികൾ ആരംഭിച്ചു. ഇവയിൽ ഇന്റർനെറ്റ്, ട്യൂഷൻ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി.
- ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമായി ഗോത്രബന്ധു പദ്ധതിക്ക് കീഴിൽ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ തിരഞ്ഞെടുത്ത് പ്രൈമറി സ്കൂളുകളിൽ അധ്യാപകരായി പ്രവർത്തിക്കുന്നതിന് പരിശീലനം നൽകി. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വയനാട്ടിൽ 241, അട്ടപ്പാടിയിൽ 26, പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന മറ്റ് പ്രദേശങ്ങളിൽ 20 എന്നിങ്ങനെ മെന്റർ അധ്യാപകരെ നിയമിച്ചു.
- പട്ടികവർഗ്ഗക്കാർക്കിടയിൽ സാക്ഷരതയും വയോജന വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷൻ മുഖേന പ്രത്യേക സാക്ഷരതാ പരിപാടി നടത്തി.

ആരോഗ്യവും സാമൂഹിക സുരക്ഷയും

- ജനനി ജന്മ രക്ഷ പദ്ധതിക്ക് കീഴിൽ 49,836 ഗർഭിണികൾക്കും, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സഹായം നൽകുന്ന പദ്ധതിയിലൂടെ 3,588 രോഗികൾക്കും സഹായം ലഭ്യമാക്കി. പതിമൂന്നാം പദ്ധതി കാലയളവിൽ 1,55,728 പട്ടികവർഗ്ഗക്കാർക്ക് സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ പരിപാലന പരിപാടിയുടെ കീഴിൽ പ്രയോജനം ലഭിച്ചു.
- വിദൂര പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലേക്ക് ആരോഗ്യ സേവനം എത്തിക്കുന്നതിനായി വകുപ്പ് 14 ജില്ലകളിലായി പതിനാറ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ആരംഭിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്തു. മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ മെഡിക്കൽ ക്യാമ്പുകളിലൂടെ പ്രതിവർഷം 1,39,000-ഓളം പേർക്ക് സേവനം ലഭ്യമാക്കാനായിട്ടുണ്ട്.

കൃഷി, ഉപജീവനം, ഭക്ഷ്യസുരക്ഷ, പോഷകാഹാരം

- പട്ടികവർഗ്ഗ ഊരുകളിലെ കാർഷിക മേഖല നവീകരിക്കുന്നതിനായി 'പട്ടികവർഗ്ഗക്കാർക്കുള്ള കാർഷിക വരുമാന സംരംഭം' എന്ന പുതിയ പദ്ധതി അവതരിപ്പിച്ചു.
- അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി, മില്ലറ്റ് വില്ലേജ് പദ്ധതിയിലൂടെ തിന, പയർ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ ഗണ്യമായ ഉൽപ്പാദനം നടത്തുകയും ഇതിലൂടെ 165 ഊരുകളിൽ നിന്നായി 3,307 കർഷകർക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. പോഷകാഹാര അപര്യാപ്തതയ്ക്കുള്ള പ്രത്യേക പദ്ധതി പ്രകാരം (അഗ്രോ ഇക്കോളജി പ്രോഗ്രാം) 34 ഊരുകളിൽ നിന്നുള്ള 1,392 കർഷകർക്ക് സഹായം ലഭിച്ചു.
- ഹരിതരശ്മി പദ്ധതിയിലൂടെ വയനാട്, ഇടുക്കി ജില്ലകളിലെ പട്ടികവർഗ്ഗ കാർഷിക മേഖലയിൽ സുസ്ഥിര ഇടപെടൽ നടപ്പിലാക്കുവനായി.
- എൻ.ആർ.എൽ.എം-നായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ള 50.10 കോടി ഉപയോഗിച്ചുകൊണ്ട് കമ്മ്യൂണിറ്റി കിച്ചൺ പ്രോഗ്രാം, പരമ്പരാഗത ഉപജീവന സംരംഭങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, സൂക്ഷ്മ സംരംഭകത്വ സംരംഭങ്ങൾ മുതലായവ പട്ടികവർഗ്ഗ ജനതയുടെ ഉന്നമനത്തിനായി കുടുംബശ്രീ മിഷൻ നടത്തുന്നുണ്ട്.

തൊഴിൽ, വരുമാനം, നൈപുണ്യ വികസനം, ആവാസ വ്യവസ്ഥ വികസനം

- എം.ജി.എൻ.ആർ.ഇ.ജി.എസ്-കേരള ടൈബൽ പ്ലസ്, റിവോൾവിംഗ് ഫണ്ട് എന്നിവയിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 200 ദിവസത്തെ ജോലിയും സമയബന്ധിതമായി വേതനവും സർക്കാർ ഉറപ്പാക്കി.
- സർക്കാരിന്റെ പ്രത്യേക പദ്ധതിവഴി 100 പട്ടികവർഗ്ഗ യുവാക്കളെ പോലീസ്, എക്സൈസ്, വനം വകുപ്പുകളിൽ നിയമിച്ചു.
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനായി, 2017-18ൽ മണ്ണന്തലയിൽ ഒരു നൈപുണ്യ വികസന കേന്ദ്രം (സെന്റർ ഫോർ എക്സലൻസ്) സ്ഥാപിക്കുകയും, അതിന് കീഴിൽ 125 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 68 പേർക്ക് വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുകയും ചെയ്തു.
- 4.00 കോടിയിലധികം രൂപയുടെ വിൽപ്പന വിറ്റുവരവ് സൃഷ്ടിച്ചുകൊണ്ട് എട്ട് ഗദ്ദിക (ഒരു ഗോത്ര കലാ-കരകൗശല മേള) മേളകൾ നടത്തി. ഇതിലൂടെ 3,200-ൽ അധികം പട്ടികവർഗ്ഗ കരകൗശല തൊഴിലാളികൾ/കലാകാരന്മാർ പ്രയോജനം നൽകി.
- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിനു കീഴിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 94 പുതിയ കോളനികൾ തിരഞ്ഞെടുക്കുകയും അതിൽ 49 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.
- പട്ടികവർഗ്ഗ കോളനികൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിനായി പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി അവതരിപ്പിക്കുകയും സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

പൊതു പദ്ധതികൾ

- പദ്ധതി കാലയളവിൽ കിർത്താഡ്സിന്റെ വിവിധ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ ജനതയുടെ ആത്മാഭിമാനം മെച്ചപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. ഒരു സംഘം പട്ടികവർഗ്ഗക്കാർ ഈ കാലയളവിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. കിർത്താഡ്സ് പരമ്പരാഗത ഗോത്രോത്സവങ്ങളെ പിന്തുണയ്ക്കുന്നതിന് നിരവധി ഗോത്രോത്സവങ്ങൾ, ആചാരങ്ങൾ, മൂർത്തവും അദൃശ്യവുമായ സാംസ്കാരിക കാഴ്ചപ്പാടുകൾ എന്നിവ ഡോക്യുമെന്റ് ചെയ്യുകയുണ്ടായി. ദൃശ്യ-ശ്രാവ്യ ഡോക്യുമെന്റേഷനിൽ പട്ടികവർഗ്ഗ യുവാക്കൾക്ക് പരിശീലനം നൽകുകയും, പരമ്പരാഗത നൃത്തരൂപങ്ങളെക്കുറിച്ചുള്ള ശിൽപശാലകൾ നടത്തുകയും ചെയ്തു.
- സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന നിരവധി പട്ടികവർഗ്ഗ വികസന സംരംഭങ്ങളെ അവലോകനം ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഈ കാലയളവിലെ ഡിപ്പാർട്ട്മെന്റിന്റെ പഠനങ്ങൾ, പ്രത്യേകിച്ച് വനാവകാശ നിയമത്തിന്റെയും, 'ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം പദ്ധതി' നടപ്പാക്കൽ എന്നിവ സഹായകമായിരുന്നു.

പരിഹരിക്കപ്പെടേണ്ട നിർണായക വിടവുകൾ

- വിവിധ ക്ഷേമ നടപടികൾ ആരംഭിക്കുകയും ഭരണഘടനാപരമായ സംരക്ഷണം നൽകുകയും ചെയ്തിട്ടും, പട്ടികവർഗ്ഗ സമൂഹത്തിന്റെ സാമൂഹിക പിന്നാക്കാവസ്ഥ, തൊഴിലില്ലായ്മ, സാമ്പത്തിക പരാധീനത, മോശം ആരോഗ്യം, താഴ്ന്ന വിദ്യാഭ്യാസ നിലവാരം എന്നിവ തുടർന്നും കാണപ്പെടുന്നു.
- വിവിധ ഭരണ വകുപ്പുകളിൽ നിന്ന് പട്ടികവർഗ്ഗക്കാർക്ക് മതിയായ പിന്തുണയുടെ അഭാവം നിലനിൽക്കുന്നുണ്ട്. വിവിധ വികസന മേഖലകളിൽ നിലനിൽക്കുന്ന നിർണായക വിടവുകൾ ഏകോപിത പരിശ്രമത്തിലൂടെ നികത്താൻ കേന്ദ്രീകൃതമായ ഇടപെടൽ ആവശ്യമാണ്.
- പട്ടികവർഗ്ഗ ജനതയുടെ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപജീവന മേഖലയ്ക്ക് പുറമേ ആരോഗ്യ പരിപാലന മേഖലയിലും അടിയന്തിര ഇടപെടലുകൾ ആവശ്യമാണ്. ഭൂരിഭാഗം പട്ടികവർഗ്ഗ സെറ്റിൽമെന്റുകളും ചെന്നെത്താൻ ബുദ്ധിമുട്ടുള്ള വനമേഖലയിലായതിനാൽ താമസ സ്ഥലത്തിനടുത്ത് ആരോഗ്യ കേന്ദ്രങ്ങളുടെ അഭാവമുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനവും ലക്ഷ്യവും

പട്ടികവർഗ്ഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ കടമ നിറവേറ്റുന്നതിനുമുള്ള പദ്ധതികൾക്കുള്ള പിന്തുണ ശക്തിപ്പെടുത്തുന്നത് പതിനാലാം പദ്ധതിയിലും തുടരും. പതിനാലാം പഞ്ചവത്സര പദ്ധതി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഒരു കാലഘട്ടമാണ്. അതിനായി പ്രത്യേക നൈപുണ്യ വികസനത്തിന്റെ എല്ലാ മേഖലകളിലേക്കും പട്ടികവർഗ്ഗ യുവാക്കളുടെ പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. ഉന്നതവിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും സ്ഥീമുകളിലേക്കും പട്ടികവർഗക്കാരുടെ പ്രവേശനം വർധിപ്പിക്കുന്നതിനും പട്ടികവർഗ്ഗ വിഭാഗവും പൊതുസമൂഹവും തമ്മിലുള്ള ഡിജിറ്റൽ വിഭജനം അവസാനിപ്പിക്കാനുമുള്ള എല്ലാ പരിപാടികളും പദ്ധതി പിന്തുണയ്ക്കും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, കേരളത്തിന്റെ കാർഷിക വികസനം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനും ആധുനിക കൃഷിയും അനുബന്ധ രീതികളും പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകുന്നു. പതിനാലാം പദ്ധതി എല്ലാ മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നതിനാൽ, എല്ലാ തൊഴിലവസരങ്ങളിലും വരുമാന വളർച്ചയിലും പട്ടികവർഗ്ഗ വിഭാഗക്കാരുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം പരിശ്രമിക്കും. പട്ടികവർഗ്ഗക്കാർക്ക്, പ്രത്യേകിച്ച് വിദൂര പാർപ്പിട കേന്ദ്രങ്ങളിൽ താമസിക്കുന്നവർക്ക് പ്രതിരോധവും രോഗശമനവുമായ ആരോഗ്യ സേവനങ്ങൾ എത്തിക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്

- പട്ടികവർഗ്ഗവിഭാഗങ്ങളുടെ സമഗ്ര വികസനം
- പട്ടികവർഗ്ഗക്കാരുടെ ഭൂമി, പാർപ്പിട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കും
- പ്രത്യേക ദുർബല പട്ടികവർഗ്ഗ വിഭാഗങ്ങൾ, അടിയ, പണിയ, അരനാടൻ, മലപണ്ടാരം, മല പുലയ തുടങ്ങിയ സാമൂഹികമായും സാമ്പത്തികമായും വെല്ലുവിളി നേരിടുന്ന സമൂഹങ്ങൾ എന്നിവക്കായി മൈക്രോ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കും
- ഉപജീവന പരിപാടികൾ വിവിധ പദ്ധതികളിലൂടെ പ്രോത്സാഹിപ്പിക്കും
- പട്ടികവർഗ്ഗ കുട്ടികളുടെ പ്രീ-സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തും
- എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കും ഉന്നത വിദ്യാഭ്യാസ രംഗത്തെ കൊഴിഞ്ഞുപോക്ക് പരിഹരിക്കും
- സംസ്ഥാനത്ത് എഫ്.ആർ.എ ഫലപ്രദമായി നടപ്പാക്കുന്നത് ഉറപ്പാക്കും
- പട്ടികവർഗ്ഗ മേഖലകളിൽ നൈപുണ്യവും സംരംഭകത്വ വികസന പരിപാടികളും വർദ്ധിപ്പിക്കേണ്ടതുണ്ട്. ചെറുകിട, കുടിൽ, പ്രാദേശിക വ്യവസായങ്ങൾ എന്നിവ പട്ടികവർഗ്ഗങ്ങൾക്കിടയിൽ പ്രോത്സാഹിപ്പിക്കും
- ടി.ആർ.ഡി.എം-ന്റെ പുനരധിവാസ മേഖലകൾക്കായി വികസന പദ്ധതി ശാസ്ത്രീയമായി തയ്യാറാക്കും

- പട്ടികവർഗ്ഗ ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും വിപണനവും ഉറപ്പാക്കും
- മൈക്രോ ക്രെഡിറ്റ് സംവിധാനം വിപുലീകരിച്ച് പട്ടികവർഗ്ഗ മേഖലകളിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും
- നൈപുണ്യ പരിശീലനവും, വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കലും നൽകി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ശാക്തീകരിക്കും

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ

- അടിയ, പണിയ, മലപുലയ, അരനാടൻ, മലമ്പണ്ടാരം, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങൾക്കുള്ള വികസന പാക്കേജ്
- ഇടമലക്കുടിയിലെ റോഡ്, വൈദ്യുതി, കുടിവെള്ള കണക്ഷൻ, ഇന്റർനെറ്റ് കണക്റ്റിവിറ്റി, ഉപജീവനമാർഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടതും ദുർബലവുമായ സമൂഹങ്ങൾക്കുള്ള സെറ്റിൽമെന്റ് വികസനത്തിനായി വ്യക്തിഗതവും സെറ്റിൽമെന്റ് അടിസ്ഥാനമാക്കിയുള്ളതുമായ മൈക്രോ പ്ലാനിംഗ്
- എല്ലാ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലും പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം ഒരുക്കി നൽകൽ
- ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കൽ
- അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ സമഗ്ര വികസനത്തിന് ഊന്നൽ നൽകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കൽ
- പട്ടികവർഗ്ഗ മേഖലകളിൽ 'ഒരു കുടുംബം, ഒരു ജോലി' എന്ന നയം അവതരിപ്പിക്കൽ
- പട്ടികവർഗ്ഗ കേന്ദ്രീകൃത ജില്ലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ നിർമിക്കൽ
- ഐ.ടി അധിഷ്ഠിത സേവനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നതിൽ സുതാര്യത ഉറപ്പാക്കൽ
- നിർവചിക്കപ്പെട്ട ലക്ഷ്യങ്ങളുള്ള പരിശീലനങ്ങൾ, തൊഴിൽക്ഷമത വർദ്ധിപ്പിക്കൽ, എന്നിവയിലൂടെ തൊഴിൽ ഉറപ്പാക്കൽ
- എംഎസ്.ജി.ഇ.ർഎൻആ.ജി.-ന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും തൊഴിൽ ഉറപ്പാക്കൽ
- പ്രധാന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തൽ
- മനുഷ്യ മൃഗ സംഘർഷങ്ങൾ കുറയ്ക്കുന്നതിന് വിള സംരക്ഷണ നടപടികളും മറ്റ് സൗകര്യങ്ങളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതിയോടനുബന്ധമായി 2022-23 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതികൾ

- ഇടമലക്കുടി സമഗ്ര വികസന പാക്കേജ്:

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ മെച്ചപ്പെട്ട പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, വിദ്യാഭ്യാസം, ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുക എന്നത് പരമ്പരാഗത വികസന മാതൃകകൾ കൊണ്ട് മാത്രം സാധ്യമാകുന്ന ഒന്നല്ല ങ്ങൾ പരിഹരിക്കുന്നതിനായിഇടമലക്കുടിയിലെ ഈ പ്രശ്ന ആയതിനാൽ . കോടി രൂപ വകയിരുത്തി ഒരു പുതിയ സ 15 വാർഷിക പദ്ധതിയിൽ 23-2022മഗ്ര വികസന പദ്ധതി ആരംഭിച്ചു.

- എം.ജി.എൻ.ആർഇ.ജി.എസ്-ന് കീഴിൽ കേരള ട്രൈബൽ പ്ലസ്:

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി, സംസ്ഥാന സർക്കാർ എം.ജി.എൻ.ആർ.ഇ.ജി.എസ്-പദ്ധതിക്ക് കീഴിൽ ഒരു പുതിയ പദ്ധതി അവതരിപ്പിച്ചു. ഈ പദ്ധതിയിലൂടെ, എം.ജി.എൻആർ.ഇ.ജി.എസ് നൽകുന്ന തൊഴിലിന് പുറമേ 100 അധിക തൊഴിൽ ദിനങ്ങൾ കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിന് 2022-23 വാർഷിക പദ്ധതിയിൽ 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

13.3 മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

മേഖലയുടെ അവലോകനം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) വിദ്യാഭ്യാസത്തിലും ജോലിയിലും പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനയും സംവരണവും ഉറപ്പാക്കുന്നു. കേരളത്തിലെ ജനസംഖ്യയുടെ 65 ശതമാനത്തോളം മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്നവരാണ്. അതിൽ 84 സമുദായങ്ങൾ പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലും 83 സമുദായങ്ങൾ സാമൂഹികമായും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (എസ്.ഇ.ബി.സി) പട്ടികയിലും ഉൾപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളിൽ ഭൂരിപക്ഷം ഈഴവ, മുസ്ലിം എന്നീ വിഭാഗങ്ങളാണ്. വിശ്വകർമ, ലത്തീൻ കത്തോലിക്കർ, ക്രിസ്ത്യാനികളായി പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ, ഹിന്ദു നാടാർ, എസ്.ഐ.യു.സി നാടാർ, ധീവര എന്നിവരും സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെടുന്നു.

പിന്നാക്ക വിഭാഗങ്ങളിലെ പല സമുദായങ്ങളും മൺപാത്ര നിർമ്മാണം, മത്സ്യബന്ധനം, നെയ്ത്ത്, അലക്ക്, ക്ഷുരകം തുടങ്ങിയ പ്രത്യേക പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. തൊട്ടിയൻ, തോൽക്കൊല്ലൻ, കുണ്ടുവടിയൻ, ചാവലക്കാരൻ, പരിവർത്തിത ക്രിസ്ത്യാനികൾ, പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങൾ, പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾ, പരമ്പരാഗത ക്ഷുരക സമുദായങ്ങൾ എന്നീ സമുദായങ്ങൾ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിൽപ്പെടുന്നു.

തൊഴിലില്ലായ്മ, ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരക്കുറവ്, പരിമിതമായ സാമ്പത്തിക അവസരങ്ങൾ, പരിമിതമായ വായ്പാ സൗകര്യങ്ങൾ എന്നിവ പിന്നാക്ക സമുദായങ്ങളിലെ ഏറ്റവും ദുർബലരായ വിഭാഗക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഈ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങളെ മറികടക്കാൻ, പ്രത്യേകമായി സമുദായാടിസ്ഥാനത്തിൽ ആസൂത്രണം ആവശ്യമാണ്. വികസനതന്ത്രം, സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും ദുർബലമായവരെ ഉൾക്കൊള്ളുന്നതും സുസ്ഥിരമായ സാമൂഹിക വികസനത്തിനുള്ള മാർഗ്ഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തൊഴിലവസര പദ്ധതികൾ, നൈപുണ്യ പരിശീലനം, പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായം തുടങ്ങിയ വിവിധ പദ്ധതികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പിന്നാക്ക വിഭാഗത്തിൽപ്പെട്ട യുവാക്കളുടെ തൊഴിലവസരം മെച്ചപ്പെടുത്തുന്നതിനായി 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം', 'പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ ഓട്ടോമൊബൈൽ വ്യവസായത്തിലെ കരിയർ' എന്നിവ നടപ്പിലാക്കി. പരമ്പരാഗത തൊഴിലാളി സമൂഹങ്ങളെ, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ വിഭാഗങ്ങളെ കേന്ദ്രീകൃതമായ ഇടപെടലുകളിലൂടെയും പരിപാടികളിലൂടെയും ഉയർത്തിക്കൊണ്ടുവരുന്നതിന് വകുപ്പ് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനായി മൊത്തം 432.46 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും 731.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ പട്ടിക 13.3 ൽ നൽകിയിരിക്കുന്നു.

പട്ടിക 13.3: പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബജറ്റ് വിഹിതവും ചെലവും (രൂപ കോടിയിൽ)

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് (ശതമാനത്തിൽ)
18-2017	82.40	162.52	197
19-2018	92.90	269.37	289
20-2019	92.40	82.68	89
21-2020	82.38	77.10	93
22-2021	82.38	139.50	169
ആകെ	**432.46**	**731.17**	**169**

അവലംബം: പിന്നാക്ക ക്ഷേമ വികസന വകുപ്പ്, കേരള സർക്കാർ

*2017-18, 2018-19, 2021-22 എന്നീ വർഷങ്ങളിലെ ചെലവിൽ അഡീഷണൽ ഓതറൈസേഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ വിവിധ പദ്ധതികളിലൂടെ 23,49,815 ഗുണഭോക്താക്കൾക്ക് സഹായം നൽകിയത് വഴി ആകെ 731.19 കോടി രൂപ വകുപ്പ് ചെലവഴിക്കുകയുണ്ടായി. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 2727.21 കോടി രൂപ വിതരണം ചെയ്യുകയും 2,77,359 കുടുംബങ്ങൾക്ക് സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രശസ്ത വിദേശ സർവകലാശാലകളിൽ പഠിക്കാനുള്ള വിദേശ സ്കോളർഷിപ്പുകൾ ഉൾപ്പെടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് അർഹരായവർക്ക് നിരവധി വിദ്യാഭ്യാസ സ്കോളർഷിപ്പുകളും നൽകിയിട്ടുണ്ട്. പരമ്പരാഗത തൊഴിലാളി സമൂഹങ്ങൾക്ക് അവരുടെ ജോലിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പണി ആയുധങ്ങൾ വാങ്ങുന്നതിനും വകുപ്പ് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. സിവിൽ സർവീസ് പരീക്ഷ, യുജിസി/നെറ്റ്/ജെആർഎഫ്/ഗേറ്റ്/മാറ്റ്, മറ്റ് മത്സര പരീക്ഷകൾക്കായി പ്രശസ്ത സ്ഥാപനങ്ങളിൽ കോച്ചിംഗിന് ചേർന്നിട്ടുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവ് പിന്നാക്ക വിഭാഗങ്ങളിലെ യുവാക്കൾക്ക് എല്ലാ മേഖലകളിലും തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള കാലഘട്ടമാണ്. സംരംഭകത്തിലൂടെയോ, സ്വയംതൊഴിലൂടെയോ ഉള്ള തൊഴിൽ വളർച്ചയും ശമ്പളം, വേതനം എന്നിവയിലെ വർദ്ധനവുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും മേഖലകളിലേക്കും മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ പരിപാടികളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ വ്യാപ്തി പൂർണമായും വിനിയോഗിക്കും.

പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളാണ് പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും ദുർബലരായ സമുദായങ്ങൾ. പതിനാലാം പഞ്ചവത്സര പദ്ധതി ഈ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വെയ്ക്കുന്നു. പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും ദുർബലരായ സമുദായങ്ങൾക്കായി മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകി അവരുടെ ഉപജീവന പ്രവർത്തനങ്ങളെ കുടുംബശ്രീയുടെയും വ്യവസായ വകുപ്പിന്റെയും പദ്ധതികളുമായി സംയോജിപ്പിച്ച് നവീകരിക്കേണ്ടതായിട്ടുമുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

- വിവിധ വികസന പരിപാടികളിലൂടെ സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
- സംസ്ഥാനത്തെ എല്ലാ പിന്നാക്ക വിഭാഗങ്ങളുടെയും പ്രൊഫഷണൽ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പുരോഗതി.
- പിന്നാക്ക വിഭാഗങ്ങൾക്കിടയിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളുടെ ഉപജീവന പ്രശ്നങ്ങൾ പരിഹരിക്കൽ.
- പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളുടെ (തൊട്ടിയൻ, തോൽക്കൊല്ലൻ, കുണ്ടുവടിയൻ, ചാവലക്കാരൻ, കുമ്പാരൻ, പെരുംകൊല്ലൻ) ഉന്നമനത്തിനായി മൈക്രോപ്ലാനുകൾ തയ്യാറാക്കൽ.
- കേരള നോളജ് ഇക്കണോമി മിഷന്റെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് പിന്നാക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ തൊഴിലവസരം വർധിപ്പിക്കൽ.
- പ്രൊഫഷണൽ വിദ്യാഭ്യാസം ചെയ്യുന്ന യുവാക്കൾക്ക് സഹായം നൽകൽ.
- മൺപാത്ര നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന സമുദായങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകിക്കൊണ്ട് മൺപാത്ര നിർമ്മാണ-വിപണന പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും.

- കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് വഴി മറ്റ് പിന്നാക്ക സമുദായങ്ങളിലെ വഴിയോരക്കച്ചവടക്കാരെ സഹായിക്കുന്നതിന് വായ്പാ പദ്ധതികൾ നടപ്പിലാക്കൽ.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഉദ്യമങ്ങൾ

- ഒബിസി, ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിന് സ്കോളർഷിപ്പ് നൽകുക.
- നൈപുണ്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖരുമായി സഹകരിച്ച് ലോജിസ്റ്റിക്സ്, നാനോ ടെക്നോളജി, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ മേഖലകളിൽ അഭ്യസ്തവിദ്യരായ പിന്നാക്ക വിഭാഗങ്ങളിലെ യുവ ജനങ്ങൾക്ക് പരിശീലനവും പ്ലേസ്മെന്റും ഉറപ്പാക്കൽ.
- പിന്നാക്ക സമുദായങ്ങൾക്കിടയിലെ ഗ്രാമീണ കരകൗശല വിദഗ്ധരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി അവർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം ഉറപ്പുവരുത്തുന്നതിനായുള്ള പ്രത്യേക പരിപാടികൾ.
- വിദേശ സ്കോളർഷിപ്പുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി കൂടുതൽ വിദേശ പഠന വായ്പകൾ നൽകുകയും ചെയ്യൽ.
- കുടുംബശ്രീയുമായുള്ള സംയോജനത്തിലൂടെയും ഏകോപനത്തിലൂടെയും സ്ത്രീകളുടെ നൈപുണ്യ വികസനം.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി സബ്സിഡിയോടെയുള്ള കൂടുതൽ വായ്പകൾ നൽകാൻ ലക്ഷ്യമിടുന്നു.
- കെ.എസ്.ബി.സി.ഡി.സി മുഖേന മൈക്രോ ക്രെഡിറ്റ് ലോൺ സ്കീമുകൾ നൽകിക്കൊണ്ട് വനിത ഗുണഭോക്താക്കൾക്ക് കൂടുതൽ സഹായം ലഭ്യമാക്കാൻ ലക്ഷ്യം വയ്ക്കുന്നു.
- വിദേശത്ത് നിന്ന് മടങ്ങിയെത്തിയ പ്രവാസികളെ സഹായിക്കുന്നതിന് നോർക്കയുമായി ചേർന്ന് പുതിയ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സബ്സിഡി ലിങ്ക്ഡ് ലോൺ സ്കീമുകൾ ആരംഭിക്കൽ.

2022-23 വാർഷിക പദ്ധതിയിൽ തുടക്കം കുറിച്ച പുതിയ സംരംഭങ്ങൾ

- കുംഭാര കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം പരമ്പരാഗത മൺപാത്ര - കുംഭാര കോളനികളിൽ നിർമ്മാണ സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന അടിസ്ഥാന സൗകര്യ വികസനം പ്രദാനം ചെയ്തുകൊണ്ട് കുംഭാര കോളനികളുടെ സമഗ്ര വികസനം പദ്ധതി വിഭാവനം ചെയ്യുന്നു.
- മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയും നഷ്ടപ്പെട്ട മറ്റു പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ് - മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയും നഷ്ടപ്പെട്ട മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥിനികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

13.4 ന്യൂനപക്ഷ ക്ഷേമം

മേഖലയുടെ അവലോകനം

കേരളത്തിൽ, മൊത്തം ജനസംഖ്യയുടെ 45% (26.56% മുസ്ലീങ്ങൾ, 18.38% ക്രിസ്ത്യാനികൾ, 0.014% ബുദ്ധമതക്കാർ, 0.013% ജൈനർ, 0.011% സിഖുകൾ, പാഴ്സികൾ) ന്യൂനപക്ഷങ്ങളാണ്. മുകളിൽ പറഞ്ഞ എല്ലാ ന്യൂനപക്ഷ സമുദായങ്ങൾക്കും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, 30 എന്നിവയിൽ വിഭാവനം ചെയ്യുന്ന ന്യൂനപക്ഷ അവകാശങ്ങൾക്ക് അർഹതയുണ്ട്. ഇവരിൽ മുസ്ലീങ്ങൾ, ലത്തീൻ കത്തോലിക്കർ, പരിവർത്തിത ക്രിസ്ത്യാനികൾ, നവ ബുദ്ധമതക്കാർ എന്നിവരെ കേരളത്തിൽ ഒബിസി വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, ജലവിതരണം, തൊഴിൽ തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പ്രകടമായ വികസന വിടവുകൾ പരിഹരിക്കുക എന്ന വ്യക്തമായ ഉദ്ദേശ്യത്തോടുകൂടി

ന്യൂനപക്ഷങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. മദ്രസ അധ്യാപക ക്ഷേമനിധി, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയാണ് ന്യൂനപക്ഷ ക്ഷേമത്തിനായി നിലവിലുള്ള മറ്റ് സ്ഥാപനങ്ങൾ.

വിദ്യാഭ്യാസ സഹായം, നൈപുണ്യ വികസനം, സംരംഭകത്വ സഹായം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാനവ വിഭവശേഷി വികസനം എന്നിവയിലൂടെ ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 307.32 കോടി രൂപ വകയിരുത്തിയതിൽ 248.65 കോടി രൂപ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിക്കുകയുണ്ടായി . വിശദാംശങ്ങൾ പട്ടിക 13.4 ൽ നൽകിയിരിക്കുന്നു.

പട്ടിക 13.4 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള ബജറ്റ് വിഹിതവും ചെലവും

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് (ശതമാനത്തിൽ)
18-2017	82.50	76.89	93
19-2018	90.75	71.24	78
20-2019	48.75	22.26	46
21-2020	42.66	22.29	52
22-2021	42.66	55.97	131
ആകെ	**307.32**	**248.65**	**81**

അവലംബം: ന്യൂനപക്ഷ ക്ഷേമ വകുപ്പ്, കേരള സർക്കാർ

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങൾപ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) പദ്ധതി വഴി 216.55 കോടി രൂപയുടെ 97 പദ്ധതികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ അംഗീകാരം ലഭിച്ചു.
- 'ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണം' എന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ 40,000 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ന്യൂനപക്ഷ സമുദായങ്ങളിലെ വിവാഹമോചിതർ/വിധവകൾ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കായി ആകെ 2,553 വീടുകൾ നിർമ്മിച്ചു നൽകുകയും 1,538 വീടുകളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
- സംസ്ഥാനത്തുടനീളമുള്ള വിവിധ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളിലൂടെ വകുപ്പ് ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി/യു.പി.എസ്.സി/സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ/റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്/ബാങ്കിംഗ് തുടങ്ങിയ മേഖലകളിലെ മത്സര പരീക്ഷകൾക്കായി സൗജന്യ പരിശീലനം നൽകുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 37,470 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും അവരിൽ 2,837 വിദ്യാർത്ഥികൾക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ സ്ഥിരം ജോലി ലഭിക്കുകയും ചെയ്തു.
- കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-2022) കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള 2800 ഗുണഭോക്താക്കൾക്ക് 102.00 കോടി രൂപ വായ്പ വിതരണം ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ, കെ.എസ്.എം.ഡി.എഫ്.സി വഴി വിവാഹ സഹായം, ചികിത്സാ വായ്പ, കോവിഡ്-19 വായ്പ (സുമിത്രം) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവ് ന്യൂനപക്ഷ സമുദായങ്ങളിലെ യുവജനങ്ങൾക്ക് എല്ലാ മേഖലകളിലും തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള കാലഘട്ടമാണ്. സംരംഭകത്തിലൂടെയോ, സ്വയം തൊഴിലിലൂടെയോ ഉള്ള തൊഴിൽ വളർച്ചയും ശമ്പളം, വേതനം എന്നിവയിലെ വർദ്ധനയുമാണ്

പദ്ധതി വിഭാവനം ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും മേഖലകളിലേക്കും ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ പ്രവേശനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ പരിപാടികളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. ന്യൂനപക്ഷ സമുദായങ്ങളിലെ യുവാക്കളുടെ നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ വ്യാപ്തി പൂർണ്ണമായും വിനിയോഗിക്കും.

വിദേശത്തുനിന്നും തിരിച്ചെത്തിയവരിൽ ഭൂരിഭാഗവും ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ളവരായതിനാൽ അവർക്കായി ഉപജീവന പദ്ധതികൾ ആവിഷ്കരിക്കലാകും പതിനാലാം പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശ സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പദ്ധതികൾ കൂടുതൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കാനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

- എല്ലാ വിഭാഗങ്ങളിലെ ജനങ്ങളെയും ഉൾക്കൊള്ളുന്ന വളർച്ച ഉറപ്പാക്കുന്നതിന് അനുകൂലമായ പ്രവർത്തനത്തിലൂടെ സംസ്ഥാനത്തെ ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ.
- വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ന്യൂനപക്ഷങ്ങൾക്ക് തുല്യമായ വിഹിതം ഉറപ്പാക്കൽ.
- ന്യൂനപക്ഷ യുവാക്കൾക്കിടയിൽ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ.
- ഉചിതമായ നൈപുണ്യ വികസനത്തിലൂടെ ന്യൂനപക്ഷ യുവാക്കളുടെ തൊഴിലവസരം വർധിപ്പിക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ട ന്യൂനപക്ഷങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവനമാർഗ്ഗം സൃഷ്ടിക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ഉള്ള ശ്രമങ്ങൾ നടത്തൽ.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഉദ്യമങ്ങൾ

- പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിലൂടെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കൽ. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, ഹോസ്റ്റൽ കെട്ടിടങ്ങളുടെ നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നീ മേഖലകളിൽ പദ്ധതിയുടെ വ്യാപ്തി വിശാലമാക്കുക.
- ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള യുവ പ്രൊഫഷണലുകൾക്ക് കരിയർ കെട്ടിപ്പടുക്കുന്നതിനുള്ള പിന്തുണ.
- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവർ നടത്തിവന്നിരുന്ന ചെറുകിട നാമമാത്ര ബിസിനസ്സ് സംരംഭങ്ങളുടെ പുനരുജ്ജീവനത്തിനു പിന്തുണ നൽകുന്ന പദ്ധതി.
- മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ന്യൂനപക്ഷ യുവജനങ്ങളുടെ സംഘങ്ങൾക്ക് സാമ്പത്തിക സഹായം.
- ഐ.ഐ.ടി, ഐ.ഐ.എം, ഐ.ഐ.എസ്.സി, ഐ.ഐ.എം.എസ്.സി തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്ന മിടുക്കരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പുകൾ.
- പട്ടണങ്ങളിലും നഗര കേന്ദ്രങ്ങളിലും ഉന്നത വിദ്യാഭ്യാസം നേടുന്ന ഗ്രാമങ്ങളിൽ നിന്നുള്ള ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് സഹായ പദ്ധതി.
- വിദേശ രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തുന്ന പ്രവാസികളെ സഹായിക്കുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കൽ.
- ODEPC-യുമായി സംയോജിപ്പിച്ച് ന്യൂനപക്ഷ യുവാക്കൾക്കായി വിദേശ സ്കോളർഷിപ്പുകൾ നടപ്പിലാക്കുകയും വിദേശ പ്ലേസ്മെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ.

13.5 മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം

മേഖലയുടെ അവലോകനം

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽ 19 ക്രിസ്ത്യൻ സമുദായങ്ങൾ ഉൾപ്പെടെ 168 സമുദായങ്ങൾ ഉൾപ്പെടുന്നു. ഇവർ ഏതെങ്കിലും തരത്തിലുള്ള ജാതി അടിസ്ഥാനമാക്കിയുള്ള സംവരണത്തിന്റെ പരിധിക്ക് പുറത്താണ്. കേരളത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സമഗ്രമായ വികസനവും ക്ഷേമവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2012 നവംബർ 8 ന് കേരള സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി 186.48 കോടി രൂപ വകയിരുത്തിയതിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് 137.02 കോടി രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി.

പട്ടിക 13.5: പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായുള്ള ബജറ്റ് വിഹിതവും ചെലവും

വർഷം	ബഡ്ജറ്റ് വിഹിതം	ചെലവ്	ചെലവ് (ശതമാനത്തിൽ)
18-2017	30.00	28.05	93
19-2018	42.00	26.06	62
20-2019	42.00	31.80	78
21-2020	36.24	30.19	83
22-2021	36.24	20.92	58
ആകെ	**186.48**	**137.02**	**73**

അവലംബം :സാമ്പത്തിക അവലോകനം വലയം II, വിവിധ വർഷങ്ങൾ

മെറിറ്റ് സ്കോളർഷിപ്പുകൾ, പരിശീലന സഹായം, ടേം ലോൺ സഹായം, നൈപുണ്യ, സംരംഭകത്വ വികസന പരിപാടികൾ, ജീർണിച്ച അഗ്രഹാരങ്ങളുടെ നവീകരണം, വിവാഹ സഹായം എന്നിവ ഉൾപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾ കോർപ്പറേഷൻ ഏറ്റെടുക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

- നൈപുണ്യ സംരംഭകത്വ പ്രവർത്തനത്തിനു കീഴിൽ കാർഷിക പദ്ധതിയും മിനി കഫേ പദ്ധതിയും നടപ്പിലാക്കി. ക്ഷീര കൃഷി, കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവ സ്ഥാപിക്കുന്നതിന് കോർപ്പറേഷൻ ബന്ധപ്പെട്ടവർക്ക് സഹായം നൽകി.
- സ്ത്രീകളുടെ ഉന്നമനത്തിനായി തുശനില മിനി കഫേ പദ്ധതി ആരംഭിച്ചു. വനിതാ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ചേർന്ന് 17 സമുന്നതി തുശനില മിനി കഫേകളാണ് ആരംഭിച്ചത്.
- സ്ത്രീകൾക്കുള്ള വിവാഹ സഹായമായ 'മംഗല്യ സമുന്നതി' പദ്ധതിയിലൂടെ 663.00 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി, മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അർഹരായ ഗുണഭോക്താക്കളുടെ ഉപജീവനത്തിനായുള്ള പരിപാടികൾ നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുന്നു. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ തൊഴിൽ വർദ്ധനയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിദേശപഠനം ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലേക്കും മേഖലകളിലേക്കും മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശനം വർധിപ്പിക്കുന്നതിനുള്ള എല്ലാ പരിപാടികളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ വ്യാപ്തി പൂർണ്ണമായും

വിനിയോഗിക്കും. മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന ഉദ്യമങ്ങൾ

- വിദ്യാർത്ഥികൾക്ക് വിദേശ സ്കോളർഷിപ്പുകളും പരിശീലന സഹായവും നൽകുന്നു.
- സംരംഭകത്വ പരിപാടികൾക്കുള്ള മൂലധന സബ്സിഡി.
- കാർഷിക പ്രവർത്തനങ്ങൾക്ക് മൂലധന സബ്സിഡി.
- സ്വയം തൊഴിൽ പദ്ധതി – മിനി മാർക്കറ്റ് ഓൺ വീൽസിന് സഹായം.
- ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് വനിതകൾക്ക് മൂലധന സഹായം.

അദ്ധ്യായം 14

സാമൂഹ്യ സുരക്ഷയും ക്ഷേമവും

വിവേചനവും ദാരിദ്ര്യവും ചെറുക്കുന്നതിനും സാമൂഹിക ഉൾചേർക്കൽ പ്രോത്സാഹിപ്പിക്കുന്നതിനും അടിസ്ഥാന മനുഷ്യാവകാശം സംരക്ഷിക്കുന്നതിനുമുള്ള ശക്തമായ ഉപകരണമാണ് സാമൂഹിക സുരക്ഷ. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാവർക്കും ജീവിതത്തിന്റെ എല്ലാ ഘട്ടത്തിലും പിന്തുണ നൽകുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും, പ്രത്യേകിച്ച് ദരിദ്രരുടെ ജീവിതനിലവാരം ഉയർത്താൻ ഉദ്ദേശിച്ച് വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന വിപുലവും വ്യത്യസ്തവുമായ സർക്കാർ പരിപാടികൾ സാമൂഹ്യക്ഷേമ പരിപാടികളിൽ ഉൾപ്പെടുന്നു. വികസന പ്രക്രിയയിൽ സമത്വത്തിന്റെയും നീതിയുടെയും തത്ത്വങ്ങളെ പ്രതിനിധാനം ചെയ്യുന്നതാണ് കേരള വികസന മാതൃക. ഭിന്നശേഷിക്കാർ, അഗതികൾ, സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ, വയോജനങ്ങൾ, കിടപ്പിലായവർ എന്നിവർക്കുള്ള നയ, ക്ഷേമ പരിപാടികളുടെ ഇടപെടലുകളിലൂടെ വികസിത രാജ്യങ്ങൾക്ക് തുല്യമായ ജീവിത നിലവാര സൂചികകൾ കൈവരിക്കുന്നതിൽ സാമൂഹിക ക്ഷേമരംഗം വിജയിച്ചു. ആരോഗ്യം, പോഷകാഹാരം, സാന്ത്വന പരിചരണം, വിദ്യാഭ്യാസം, പരിശീലനം, തൊഴിൽ, ഉപജീവന വികസനം, മറ്റ് മേഖലകളിലേയ്ക്കും സംസ്ഥാന ഇടപെടലുകൾ വ്യാപിപ്പിച്ചു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (FYP) സമീപനം സമൂഹത്തിലെ ഏറ്റവും ദരിദ്രരുടെയും ദുർബലരുടെയും, പ്രത്യേകിച്ച് ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, അഗതികൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരുടെ ജീവിത നിലവാരം ശരിയായ ഇടപെടലുകളിലൂടെ ഉയർത്തുക എന്നതായിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതികൾക്കുള്ള സാമ്പത്തിക ചെലവിൽ കാര്യമായ കുറവുകൾ നേരിട്ടു. എന്നിരുന്നാലും, ഭിന്നശേഷിക്കാരുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമത്തിനായുള്ള പദ്ധതികളിലേക്കുള്ള പദ്ധതി വിഹിതത്തിൽ തുടർച്ചയായ വർദ്ധനവ് ഉണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുകയും ലിംഗ ന്യൂനപക്ഷങ്ങൾക്കും ദരിദ്രർക്കും വേണ്ടി പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വകുപ്പുകളുടെയും ഏജൻസികളുടെയും പദ്ധതി വിഹിതവും ചെലവും പട്ടിക 14.1 ഉൾപ്പെടുത്തിയിരിക്കുന്നു. ഈ മേഖലയുടെ മൊത്തം ചെലവ് മൊത്തം വിഹിതത്തേക്കാൾ കൂടുതലാണ്, ഇത് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സർക്കാർ നൽകുന്ന പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

പട്ടിക 14.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വകുപ്പുകളുടെയും ഏജൻസികളുടെയും സാമ്പത്തിക പ്രകടനം

വകുപ്പുകൾ/ ഏജൻസികൾ	വാർഷിക പദ്ധതി 2017–18		വാർഷിക പദ്ധതി 2018–19		വാർഷിക പദ്ധതി 2019–20		വാർഷിക പദ്ധതി 2020–21		വാർഷിക പദ്ധതി 2021–22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
സാമൂഹ്യനീതി ഡയറക്ടറേറ്റ്	70.95	2605.59 (6372.42%)	60.65	39.32 (64.83%)	61.10	33.35 (54.58%)	5440.00	44.17 (81.20%)	54.60	35.25 (64.56%)
കേരള സാമൂഹ്യ സുരക്ഷാ മിഷൻ	166.60	112.80 (67.71%)	167.85	210.52 (125.42%)	171.80	113.91 (66.30%)	157.80	246.73 (156.36%)	160.46	222.43 138.62%)
ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ	0.15	0.13 (88.47%)	0.17	0.15 (87.41%)	0.90	0.42 (46.73%)	0.90	0.53 (58.82%)	0.80	0.53 (65.73%)
ജയിൽ വകുപ്പ്	18.50	6.65 (35.94%)	21.00	8.32 (39.62%)	22.55	6.01 (26.66%)	18.50	27.77 (150.20%)	19.50	24.29 (124.56%)

വകുപ്പുകൾ/ ഏജൻസികൾ	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ	9.00	4.40 (48.89%)	11.70	7.14 (61.06%)	12.87	3.14 (24.40%)	13.00	10.89 (83.77%)	13.00	5.80 (44.60%)
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗ്	11.20	7.21 (64.38%)	12.30	7.56 (61.46%)	13.32	7.78 (58.39%)	1700.00	12.08 (71.08%)	17.00	12.00 (70.60%)
ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്	1.20	0.28 (23.74%)	1.80	0.76 (42.18%)	2.00	1.10 (55.05%)	2.20	1.15 (52.10%)	2.20	1.07 (48.46%)
ആകെ	**277.60**	**2737.06 (985.97%)**	**275.47**	**273.78 (99.39%)**	**284.54**	**165.71 (58.24%)**	**263.80**	**343.34 (130.15%)**	**267.56**	**301.38 (112.63%)**

അവലംബം :ബജറ്റ് രേഖകൾ, പ്ലാൻ സ്പേസ് , കേരള സർക്കാർ

14.1 ഭിന്നശേഷിക്കാർ

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര കൺവെൻഷന്റെ (PwDs) ഓപ്ഷണൽ പ്രോട്ടോക്കോൾ പ്രാബല്യത്തിൽ വരുത്തുന്നതിനായി 2016 ലെ ഭിന്നശേഷി അവകാശ നിയമം നടപ്പിലാക്കിയതാണ് ഈ മേഖലയുടെ പ്രധാന നാഴികക്കല്ല്. ഭിന്നശേഷിക്കാരുടെ ആവശ്യങ്ങളോടുള്ള ശരിയായ സമീപനം ഇത് ഉയർത്തികാട്ടുന്നു. 2016-ലെ ഭിന്നശേഷി അവകാശ നിയമം നിലവിൽ വന്നതിന് ശേഷം, സംസ്ഥാന സർക്കാർ പുതിയ പദ്ധതികൾ അവതരിപ്പിച്ചു. ഭിന്നശേഷിക്കാർക്ക് ഗുണമേന്മയുള്ള പരിചരണവും പിന്തുണയും നൽകുന്ന എൻജിഒകളുടെ ശ്രമങ്ങളെ സർക്കാർ പിന്തുണച്ചു. സംസ്ഥാന സർക്കാർ സർവീസുകളിലെ ഭിന്നശേഷിക്കാർക്കുള്ള ഒഴിവുകളുടെ 4 ശതമാനം സംവരണം, അത്തരം സംവരണത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തൽ എന്നിവ ഈ മേഖലയിലെ മറ്റൊരു നാഴികക്കല്ലായിരുന്നു.

പതിമൂന്നാം പദ്ധതി കാലയളവിൽ വൈകല്യങ്ങൾ തടയുന്നതിന് നേരത്തെയുള്ള ഇടപെടൽ മുതൽ സഹായ ഉപകരണങ്ങൾ, പുനരധിവാസം, ഭിന്നശേഷിയുള്ളവരെ ശാക്തീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ വൈവിധ്യമാർന്ന പരിപാടികൾ അനുയാത്രാപദ്ധതിയിലൂടെ നടത്തി. ജില്ലാതല ആദ്യകാല ഇടപെടൽ കേന്ദ്രങ്ങൾ, നവജാത ശിശുക്കളുടെ പരിശോധന, സ്പീച്ച് തെറാപ്പി, കതോരം-ശ്രവണ വൈകല്യ ചികിത്സ, കോക്ലിയർ ഇംപ്ലാന്റ് സർജറികൾ, പ്രത്യേക അംഗൻവാടികൾ, മൊബൈൽ ഇടപെടൽ യൂണിറ്റുകൾ, ആദിവാസി മേഖലകളിലേക്ക് നേരത്തെയുള്ള ഇടപെടലിനുള്ള പ്രത്യേക സംവിധാനങ്ങൾ, വൈകല്യ പരിപാലനം, ഓട്ടിസം പുനരധിവാസം, ഗവേഷണം എന്നിവയാണ് അനുയാത്രയുടെ കീഴിലുള്ള ചില പ്രധാന സംരംഭങ്ങൾ. അതോടൊപ്പം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR) സെന്റർ, ഭിന്നശേഷിയുള്ള കുട്ടികളെയും മാതാപിതാക്കളെയും ശാക്തീകരിക്കുന്നു.

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഉറപ്പാക്കുകയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന എല്ലാ നിയമനിർമ്മാണങ്ങളും പ്രാബല്യത്തിൽ വരുത്താൻ സർക്കാർ നയം ശ്രമിക്കുന്നു. ഭിന്നശേഷി സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്താനുള്ള എല്ലാ ശ്രമങ്ങളെയും പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ 14-ാമത് പഞ്ചവത്സര പദ്ധതി സമീപനരേഖ വ്യക്തമാക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി, പൊതു സ്ഥലങ്ങളിലും

ഓഫീസുകളിലും കേരളത്തെ തടസ്സരഹിതമാക്കുന്നതിന് സഹായകമായ എല്ലാ പദ്ധതികൾക്കും പിന്തുണ നൽകും. ഭിന്നശേഷിക്കാർക്ക് സഹായകമായ സാങ്കേതിക വിദ്യകളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ഈ മേഖലയിലെ പ്രമുഖ പൊതുസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനും സംസ്ഥാനം നിക്ഷേപം നടത്തുന്നു. ആധുനിക തൊഴിലവസരങ്ങൾക്കുതകുന്ന നൈപുണ്യവികസനത്തിന്റെ പുതിയ പരിപാടികൾ കേരളം ആരംഭിക്കുകയും, ഭിന്നശേഷിക്കാരുടെ അവകാശങ്ങളും ആവശ്യങ്ങളും വിവിധ പരിപാടികൾ ഉൾപ്പെടുത്താൻ പദ്ധതികൾ തയ്യാറാക്കുകയും ചെയ്യുന്നു.

സമൂഹത്തിലെ ഏറ്റവും ദുർബലരായ വിഭാഗങ്ങളിലൊന്ന് എന്ന നിലയിൽ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ, ഗതാഗത സേവനങ്ങൾ എന്നിവ ലഭിക്കുന്നതിൽ ഭിന്നശേഷിക്കാർ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. മാത്രമല്ല സമൂഹത്തിൽ പൂർണ്ണമായി പങ്കെടുക്കാൻ അവരെ പ്രാപ്തമാക്കുന്നതിന് സമഗ്രമായ ഒരു സമീപനം അവർക്ക് പലപ്പോഴും ആവശ്യമാണ്. എന്നിരുന്നാലും, വിവിധ സർക്കാർ ഏജൻസികൾ ഭിന്നശേഷിക്കാരുടെ വിവിധ വിഷയങ്ങളിൽ ഇടപെടുന്നു. ഈ പ്രോഗ്രാമുകൾക്ക് ഇന്റർ ഡിപ്പാർട്ട്മെന്റൽ സംയോജനത്തിന്റെ അഭാവം മൂലം അഭികാമ്യമായ പ്രയോജനം ലഭിക്കുന്നില്ല. പതിനാലാം പഞ്ചവത്സരപദ്ധതി സംസ്ഥാനത്തെ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തുന്നതിന് പുതിയ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് പറയുന്നു. രോഗപ്രതിരോധ സംരംഭങ്ങൾ നവീകരിക്കൽ, നേരത്തെയുള്ള സ്ക്രീനിംഗ്, നേരത്തെയുള്ള ഇടപെടൽ, പ്രത്യേക അങ്കണവാടികൾ, ബഡ്സ് സ്കൂളുകൾ, മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു. പുതിയ തൊഴിലധിഷ്ഠിത പരിശീലനം, ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ, കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള പുനരധിവാസം, അസിസ്റ്റഡ് ലിവിംഗ് ഹോംസ് പ്രോജക്ടുകൾ എന്നിവയുള്ള പദ്ധതി ഉൾപ്പെടുത്തുന്നതാണ്. സാമൂഹിക കാര്യങ്ങളിൽ പങ്കെടുക്കുന്നതിനുള്ള ശാരീരിക പ്രവർത്തനങ്ങൾക്ക് പുറമേ, ആശയവിനിമയം, ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഘടകങ്ങളും വിവരങ്ങളുടെ ലഭ്യത കുറവും, സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള തടസ്സം, ആശയവിനിമയത്തിലെ തടസ്സങ്ങൾ എന്നിവയെ പരിപാടികളിലൂടെ പരിഹരിക്കും.

14.2 വയോജന പരിചരണം

പ്രത്യുൽപാദന ക്ഷമത, മരണനിരക്ക് എന്നിവയുടെ സൂചകങ്ങളിൽ സംസ്ഥാനം കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളുടെ ഫലമായി ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ ഏറ്റവും നിർണായക ഘട്ടത്തിലൂടെയാണ് കേരളം ഇപ്പോൾ കടന്നുപോകുന്നതെന്ന് ജനസംഖ്യാ പ്രവണത കാണിക്കുന്നു. ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ പ്രധാന അനന്തരഫലങ്ങളിലൊന്ന് ജനസംഖ്യാ വാർദ്ധക്യമാണ്. വാർദ്ധക്യത്തിന്റെ സാധ്യതയും പ്രായമായ ജനസംഖ്യയുടെ ത്വരിതഗതിയിലുള്ള വളർച്ചയും ലോകമെമ്പാടും പ്രസക്തമായ ഒരു വിഷയമായി മാറി. ജനസംഖ്യാ വാർദ്ധക്യം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെയും സാധ്യതകളെയും കുറിച്ച് മികച്ച ധാരണ ആവശ്യമാണ്. സാമൂഹിക പരിപാടികളിലൂടെ സമൂഹത്തിലെ മുതിർന്നവരുമായി ഇടപഴകുന്നതിലൂടെയും അവരെ സ്വത്വബോധവും ആത്മാഭിമാനവും നിലനിർത്താൻ സഹായിക്കുന്നതിലൂടെയും പ്രായമായവരുടെ ഒറ്റപ്പെടലും പാർശ്വവൽക്കരണവും ഒഴിവാക്കുന്നതിലൂടെയും, സമൂഹത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ അറിവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തുകയും വേണം. സാമൂഹ്യനീതി വകുപ്പ് വയോജനങ്ങൾക്കുള്ള ഡേ കെയർ, വിനോദ കേന്ദ്രം എന്നിവ സായംപ്രഭ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പതിമൂന്നാം പദ്ധതി കാലയളവിൽ ആവിഷ്കരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അത്തരം കേന്ദ്രങ്ങൾ നവീകരിക്കുകയും ചെയ്തു.

പ്രായമാകുന്നതനുസരിച്ച് ഒരു വ്യക്തിയുടെ ചലനശേഷി സ്വാഭാവികമായും കുറയുന്നു, ഇത് ദൈനംദിന ജോലികൾ ചെയ്യുന്നത് കൂടുതൽ ബുദ്ധിമുട്ടാക്കുന്നു. സുരക്ഷ, ഫിറ്റ്നസ്, മൊബിലിറ്റി എന്നിവ മെച്ചപ്പെടുത്തുന്ന ഉൽപ്പന്നങ്ങളിലൂടെയും പ്രോഗ്രാമുകളിലൂടെയും സ്വതന്ത്ര ജീവിതം നയിക്കാൻ വയോജനങ്ങളെ പ്രാപ്തരാക്കുന്നതിന് മികച്ച രീതിയിലുള്ള പിന്തുണ ആവശ്യമാണ്. കേരള സാമൂഹ്യസുരക്ഷാ മിഷന്റെ വയോമിത്രം പദ്ധതിയിലൂടെ ആംബുലൻസ് സൗകര്യത്തോടുകൂടി ഒരു മെഡിക്കൽ ടീം അങ്കണവാടികൾ പോലുള്ള തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഇടയ്ക്കിടെ സന്ദർശിക്കുന്നു. ഈ സേവനങ്ങൾ കിടപ്പിലായവരിലേക്ക് എത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് സേവനങ്ങളും അവർ ഉപയോഗിക്കുന്നു.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും നിയമം (2007) ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെയും, കോവിഡ് -19 പകർച്ചവ്യാധിയുടെ സമയത്ത് വയോരക്ഷ, വയോക്ഷേമ കോൾ സെന്ററുകൾ വഴി വയോജനങ്ങൾക്ക് അടിയന്തര സഹായവും കൈത്താങ്ങും പിന്തുണയും നൽകുന്നതിലൂടെയും വയോജനങ്ങളുടെ സുരക്ഷയും അവകാശങ്ങളും സംരക്ഷിക്കപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വയോജന സഹായ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഒരു അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

കഴിഞ്ഞ 50 വർഷത്തിനിടെ ഇന്ത്യയിൽ വയോജനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ട്. ഇന്ത്യയിലെ മറ്റേതൊരു സ്ഥലത്തെക്കാളും കേരളത്തിലെ ജനസംഖ്യയിൽ മുതിർന്ന പൗരന്മാരുടെ അനുപാതം ഉയർന്നതാണ്. ഇന്ത്യാ ഗവൺമെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (MoSPI) പുറത്തിറക്കിയ "ഏൾഡർലി ഇൻ ഇന്ത്യ 2021" റിപ്പോർട്ട്, കേരളത്തിലെ മുതിർന്ന പൗരന്മാരുടെ ജനസംഖ്യയിൽ 2011-ൽ 41.93 ലക്ഷത്തിൽ നിന്ന് 2021-ൽ 58.53 ലക്ഷമായും 2031-ൽ ഇത് 76.53 ലക്ഷമായും വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 14-ാം പഞ്ചവത്സര പദ്ധതിയുടെ നയം മുതിർന്ന പൗരന്മാരെ ശാക്തീകരിക്കുകയും ആരോഗ്യകരവും സുരക്ഷിതവും ഉൽപ്പാദനക്ഷമവുമായ ജീവിതം നയിക്കാൻ അവരെ സഹായിക്കുകയും ചെയ്യുക എന്നതാണ്. അത് ഈ മേഖലയിലെ അവകാശ നിയമനിർമ്മാണത്തിലും നയത്തിലും പടുത്തുയർത്തും. താഴ്ന്ന വരുമാനക്കാരായ മുതിർന്ന പൗരന്മാർക്ക് ക്ഷേമ പെൻഷനുകൾ മുഖേന കേരള സർക്കാർ വരുമാന പിന്തുണയും സാമ്പത്തിക സുരക്ഷയും നൽകുന്നത് തുടരും. മുതിർന്ന പൗരന്മാരുടെ പരിചരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആരോഗ്യ സംരക്ഷണത്തിനും പാലിയേറ്റീവ്, ഹോം കെയർ സൗകര്യങ്ങൾക്കും ഈ പദ്ധതി തുടർന്നും ധനസഹായം നൽകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്ന കമ്മ്യൂണിറ്റി അടിസ്ഥാനത്തിലുള്ള പിന്തുണാ പരിപാടികൾ ശക്തിപ്പെടുത്തും.

പ്രായമായവർ കൂടുതൽ ദുർബല ജനസംഖ്യയായി മാറുന്നതിന്റെ കാരണം സമൂഹത്തിൽ അവർ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ, കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കുറഞ്ഞു വരുന്ന മാനസിക-സാമൂഹിക വൈകാരിക പിന്തുണ, ആരോഗ്യ പ്രശ്നങ്ങൾ, ചൂഷണം, പ്രവേശനക്ഷമത പ്രശ്നങ്ങൾ, ഡിജിറ്റൽ വിഭജനം, തൊഴിലവസരങ്ങളിലെ ലഭ്യതക്കുറവ്, അപര്യാപ്തമായ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ, ഏകാന്തത എന്നിവയാണ്. വയോജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിലും മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും നിയമം, 2007 ഉം ഫലപ്രദമായി നടപ്പിലാക്കുന്നതിനെക്കുറിച്ചും സംസ്ഥാനം പ്രത്യേകം ശ്രദ്ധിക്കുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളെ ശക്തിപ്പെടുത്തുന്നതും, LSGI-കൾ, കുടുംബശ്രീ, NGO-കൾ എന്നിവയുമായി സഹകരിച്ച് സേവനങ്ങളുടെ ഡോർ സ്റ്റെപ്പ് ഡെലിവറി, ഡേകെയർ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള കമ്മ്യൂണിറ്റി തലത്തിലുള്ള സേവനങ്ങളുടെ ഗുണനിലവാരവും വ്യാപനവും മെച്ചപ്പെടുത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും, വാർദ്ധക്യത്തോടുള്ള സമൂഹത്തിന്റെയും മുതിർന്നവരുടെയും കാഴ്ചപ്പാടിൽ 'ആക്റ്റീവ് ഏജിംഗ്' എന്ന നിലയിൽ ഒരു മാറ്റത്തിനായി സംസ്ഥാന സർക്കാർ പ്രത്യേക ഇടപെടലുകൾ നടത്തുന്നു. 2002-ലെ ലോകാരോഗ്യ സംഘടനയുടെ നയ ചട്ടക്കൂട്, ആളുകളുടെ പ്രായത്തിനനുസരിച്ച് ജീവിതനിലവാരം ഉയർത്തുന്നതിനായി ആരോഗ്യം, പങ്കാളിത്തം, സുരക്ഷ എന്നിവയ്ക്കുള്ള അവസരങ്ങൾ ഒപ്റ്റിമൈസ് ചെയ്യുന്ന പ്രക്രിയയാണ് സജീവമായ വാർദ്ധക്യം എന്ന് നിർവചിച്ചത്. വയോജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്കായി നോഡൽ വകുപ്പെന്ന നിലയിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണവും എൽഎസ്ജിഐകൾ, എൻജിഒകൾ, പ്രാദേശിക കമ്മ്യൂണിറ്റികൾ എന്നിവയുൾപ്പെടെ വയോജനങ്ങളുടെ സംരക്ഷണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന മറ്റ് നിരവധി വകുപ്പുകളും ഏജൻസികളും ഇത് ആവശ്യപ്പെടുന്നു.

വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള നയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നതിന് പ്രായമായ ജനസംഖ്യയെക്കുറിച്ച് സമഗ്രമായ ഒരു ഡാറ്റാബേസ് സൃഷ്ടിക്കുന്നതിൽ സാമൂഹ്യനീതി വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കും. സർക്കാർ നടത്തുന്ന കെയർ ഹോമുകളെ സംബന്ധിച്ചിടത്തോളം, സൗകര്യങ്ങളും പ്രവർത്തനരീതിയും മെച്ചപ്പെടുത്തുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുക. വയോജന സംരക്ഷണ കേന്ദ്രങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും, പ്രത്യേകിച്ച് വിവിധ ഏജൻസികൾ പ്രവർത്തിക്കുന്ന വീടുകൾ പ്രവർത്തിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമം (എസ്ഒപി) രൂപീകരിക്കും. കമ്മ്യൂണിറ്റി തലത്തിലുള്ള പരിചരണത്തിന്റെയും പിന്തുണയുടെയും വ്യാപ്തിയും നന്നായി പര്യവേക്ഷണം ചെയ്യും. പദ്ധതി കാലയളവിൽ, വയോജന പരിചരണത്തിന് ആവശ്യമായ

പരിശീലനം ലഭിച്ച മനുഷ്യശക്തി വികസിപ്പിക്കും. സമൂഹത്തിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തും; കൂടാതെ നൈപുണ്യവും പുനർ നൈപുണ്യവികസനവും കേന്ദ്രീകരിക്കും.

14.3 ട്രാൻസ്ജെൻഡർ

2015-ൽ ട്രാൻസ്ജെൻഡർ (ടിജി) നയം പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ട്രാൻസ്ജെൻഡർ ജനതയെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി മഴവില്ല് എന്ന പദ്ധതിക്കു കീഴിൽ സംസ്ഥാനം ട്രാൻസ്ജെൻഡറുകൾക്കായി പ്രത്യേക പരിപാടികൾ നടപ്പാക്കി വരുന്നു. തൊഴിലധിഷ്ഠിത പരിശീലനത്തിനുള്ള ധന സഹായം, ലിംഗമാറ്റ ശസ്ത്രക്രിയ (എസ്ആർഎസ്) യും, എസ്ആർഎസിനു ശേഷമുള്ള ശസ്ത്രക്രിയകളും, വിവാഹ സഹായം, സ്കോളർഷിപ്പുകൾ, പെൻഷൻ, ഇൻഷുറൻസ് എന്നിവ സാമ്പത്തിക സഹായ പദ്ധതിയിൽപ്പെടുന്നു. ട്രാൻസ്ജെൻഡറുകൾക്ക് സർക്കാർ ഐഡി കാർഡ് നൽകി. TG സെൽ, ക്രൈസിസ് മാനേജ്മെന്റ് സെന്റർ, 24x7 ഹെൽപ്പ്ലൈൻ എന്നിവ ആരംഭിച്ചു. ട്രാൻസ്ജെൻഡറുകൾക്കായി നൈപുണ്യ വികസനം, പുനരധിവാസ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ എൻജിഒകളെയും സിബിഒകളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ട്രാൻസ്ജെൻഡറുകളോടുള്ള പൊതുജനങ്ങളുടെ മനോഭാവവും സമീപനവും മാറ്റാൻ പൊതുജനങ്ങൾ, ട്രാൻസ്ജെൻഡർമാരുടെ കുടുംബാംഗങ്ങൾ, അധ്യാപകർ, മറ്റ് സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കായി ബോധവൽക്കരണ പരിപാടികളും ശിൽപശാലകളും പോലുള്ള സ്ഥാപനപരമായ ഇടപെടലുകളും ഏറ്റെടുത്തു നടത്തി. ഷെൽട്ടർ ഹോമുകളും ഷോർട്ട്-സ്റ്റേ ഹോമുകളും സ്ഥാപിച്ചു. സംസ്ഥാനത്തെ ട്രാൻസ്ജെൻഡറുകളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി സ്വയംതൊഴിൽ വായ്പ, ടി.ജി കലോൽസവം, മറ്റ് പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുത്തു.

'മഴവില്ല്' പദ്ധതി നിരവധി ട്രാൻസ്ജെൻഡർ വ്യക്തികളെ വ്യക്തിപരവും വിദ്യാഭ്യാസപരവും സാമൂഹിക-സാമ്പത്തികവുമായ വശങ്ങളിൽ ശാക്തീകരിക്കുകയും ഭാവിയിൽ കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ശക്തമായ അടിത്തറ പാകുകയും ചെയ്തു. പതിമൂന്നാം പദ്ധതി കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ ഏറെക്കുറെ വിജയകരമാണെങ്കിലും, ഗുണഭോക്താക്കൾക്ക് പ്രോഗ്രാമുകൾ എത്തിച്ചേരുന്നതിന്റെ പരിമിതി, ടിജിമാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലെ വിടവുകൾ, തൊഴിലില്ലായ്മ, ഷെൽട്ടറുകളുടെ അഭാവം TG-കളുടെ വിവരങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും ദൗർലഭ്യവുമാണ് വകുപ്പിന് നേരിടേണ്ടിവന്ന പ്രധാന വെല്ലുവിളികൾ. ട്രാൻസ്ജെൻഡറുകൾ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിന് ബോധവൽക്കരണം നടത്തുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. വിവിധ വകുപ്പുകളുടെ വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ സംരക്ഷണം, നൈപുണ്യ പരിശീലനം, വായ്പ, ഉപജീവന പദ്ധതികൾ എന്നിവയിലേക്കുള്ള ട്രാൻസ്ജെൻഡേഴ്സിന്റെ പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികളുടെ പിന്തുണയ്ക്കുന്ന പദ്ധതിയും തുടരും.

സെക്സ് റീ അസൈൻമെന്റ് സർജറി (എസ്ആർഎസ്), എസ്.ആർ.എസ് എൻഡുറൻസ് എന്നിവയുമായി ബന്ധപ്പെട്ട നിരവധി ആരോഗ്യ-മാനസിക പ്രശ്നങ്ങൾ ട്രാൻസ്ജെൻഡറുകൾ അഭിമുഖീകരിക്കുന്നു. SRS-ന് മതിയായ ആരോഗ്യ പരിരക്ഷാ സംവിധാനത്തിന്റെ അഭാവം ആശങ്കാജനകമാണ്, സർക്കാർ മേഖലയിൽ മതിയായ സൗകര്യങ്ങളും സേവനങ്ങളും ഉടനടി സ്ഥാപിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലില്ലായ്മ, തൊഴിലധിഷ്ഠിത പരിശീലനത്തിന്റെ അഭാവം, സ്വയം തൊഴിൽ മേഖലകളിലെ പോരായ്മകൾ, പാർപ്പിട പ്രശ്നങ്ങൾ തുടങ്ങിയ ട്രാൻസ്ജെൻഡറുടെ പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഗണിക്കും.

14.4 സാമൂഹിക പ്രതിരോധം

തടവുകാർ, സാമൂഹിക വിരുദ്ധമായി പ്രവർത്തിക്കുന്ന വ്യക്തികൾ, പ്രൊബേഷണർമാർ എന്നിവരുടെ ക്ഷേമവും പുനരധിവാസവും, പ്രത്യേകിച്ച് പ്രായപൂർത്തിയാകാത്തവരും യുവാക്കളായ കുറ്റവാളികളുടെ കാര്യത്തിലും സാമൂഹിക ശ്രദ്ധ ഒരു പ്രധാന ഘടകമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ജയിലുകളുടെ നവീകരണത്തിനും തടവുകാരുടെ ക്ഷേമത്തിനുമായി 24.29 കോടി രൂപയാണ് ജയിൽ, കറക്ഷണൽ സർവീസസ് വകുപ്പ് ചെലവഴിച്ചത്. കുറ്റകൃത്യവും ശിക്ഷയും എന്ന പരമ്പരാഗത സങ്കൽപ്പം സമീപകാലത്ത് വളരെയധികം മാറിയിട്ടുണ്ട്. കുറ്റകൃത്യത്തിൽ നിന്ന് കുറ്റവാളികളിലേക്ക് ശ്രദ്ധ ഇപ്പോൾ മാറിയിരിക്കുന്നു. പ്രൊബേഷന് കൂടുതൽ പ്രാധാന്യമുണ്ട്. കൂടാതെ കുറ്റവാളികൾക്ക് നവീകരണത്തിനുള്ള

അവസരം നൽകുന്നതിനായുള്ള വ്യവസ്ഥ വ്യക്തിഗത നവീകരണം നൽകുന്നു. ബോധവൽക്കരണത്തോടൊപ്പം പ്രതിരോധ ഇടപെടലുകളിലും ഇരകളുടെ പിന്തുണയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രൊബേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ നേർവഴി പദ്ധതിക്ക് തുടക്കമിട്ടത്. കേരള ജുഡീഷ്യൽ അക്കാദമിയുടെ സഹകരണത്തോടെ ജുഡീഷ്യറി, ജയിൽ, പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം പ്രൊബേഷൻ സംവിധാനത്തിലെ കാര്യശേഷി വികസനത്തിൽ ഉൾപ്പെടുന്നു. വിജയകരമായ നൂതന പ്രൊബേഷൻ സമ്പ്രദായങ്ങൾ ഡിപ്പാർട്ട്മെന്റ് മറ്റ് രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും മനസിലാക്കുന്ന ശ്രമങ്ങൾ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയും മാനേജ്മെന്റ് ആൻഡ് ഡെവലപ്മെന്റ് സെന്ററും ഒരു പഠനം മുഖേന നടത്തുകയും ചെയ്തു.

കുറ്റകൃത്യങ്ങളുടെയും വ്യതിചലനത്തിന്റെയും പ്രശ്നങ്ങളുടെ വ്യാപനവും നിലനിൽപ്പും നമ്മുടെ സംസ്ഥാനത്ത് ഗുരുതരമായ സാമൂഹിക ആശങ്കയാണ്. ഈ പ്രശ്നങ്ങൾ സാമൂഹിക സഹിഷ്ണുതയുടെ പരിധി കടക്കുമ്പോൾ, പ്രതിരോധം, നിയന്ത്രണം, നവീകരണം, പുനരധിവാസം, പുനഃസംയോജനം എന്നിവയ്ക്ക് സർക്കാർ, സർക്കാരിതര സംഘടനകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ഇടപെടൽ സംവിധാനങ്ങൾ ആവശ്യമായിവരും. കേരള സമൂഹത്തിൽ നല്ല അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രൊബേഷൻ, ആഫ്റ്റർ കെയർ പദ്ധതികൾ നടപ്പാക്കുന്നത്. സാമൂഹിക പ്രതിരോധത്തിന്റെ വിവിധ മേഖലകളിൽ പൊതുജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും പ്രൊബേഷണർമാർക്ക് ആവശ്യമായ പ്രോത്സാഹനവും നൽകുന്നതിന് സന്നദ്ധപ്രവർത്തകരെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും പരിപാടികൾ ലക്ഷ്യമിടുന്നു. ഇതിനായി സന്നദ്ധസംഘടനകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കും. ഇരകളുടെ സഹായത്തിനായി കൂടുതൽ പദ്ധതികൾ ഈ പഞ്ചവത്സരപദ്ധതിയിൽ അവതരിപ്പിക്കും. തടങ്കലിൽ കഴിയുന്ന വിദേശികൾക്ക് അഭയം നൽകുന്നതിനായി പുതിയ ട്രാൻസിറ്റ് ഹോം പദ്ധതി ആരംഭിക്കും. മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ വർദ്ധിച്ചുവരുന്ന സംഭവങ്ങളെ അഭിസംബോധന ചെയ്യുക; മയക്കുമരുന്ന് ദുരുപയോഗം ചെയ്യുന്നവരെ വീണ്ടെടുക്കുന്നതിനായി സമഗ്രമായ പ്രതിരോധ ചികിത്സയും പുനരധിവാസ ഇടപെടലുകളും ആസൂത്രണം ചെയ്യും. ഭവനരഹിതരായ പ്രൊബേഷണർമാർ, മുൻ കുറ്റവാളികൾ, റിമാൻഡ് തടവുകാർ തുടങ്ങിയവർക്കായി മതിയായ ഷെൽട്ടറുകൾ പതിനാലാം പഞ്ചവത്സരപദ്ധതിയിൽ വിഭാവനം ചെയ്യും. സ്ത്രീകൾക്കായി പ്രത്യേക പ്രൊബേഷൻ ഹോമുകളും സ്ഥാപിക്കും. ജയിലുകളുടെ നവീകരണ പ്രവർത്തനങ്ങളും തടവുകാരുടെ ക്ഷേമവും മുമ്പത്തെപ്പോലെ സംസ്ഥാനത്ത് പ്രവർത്തിക്കും.

എൻഡോസൾഫാൻ ഇരകൾ, മാരക രോഗങ്ങളുള്ള പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ (താലോലം പദ്ധതി), മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾ അല്ലെങ്കിൽ മാതാപിതാക്കൾ ദയനീയമായ ആരോഗ്യസ്ഥിതിയിൽ ഉള്ളവർ (സ്നേഹപൂർവം), കുട്ടികളെ ബാധിച്ച ജുവനൈൽ പ്രമേഹം (മിട്ടായി), കാൻസർ സുരക്ഷ എന്നിവയിലും സർക്കാർ ശ്രദ്ധേയമായ നിരവധി ഇടപെടലുകൾ നടത്തി. കൂടാതെ, ആശ്വാസകിരണം കെയർഗിവേഴ്സ് സ്പോൺസറിംഗ് സ്കീമിലൂടെ ഏറ്റവും അർഹരായ രോഗികൾക്ക് പരിചരണം ഉറപ്പാക്കുകയും, ക്രൗഡ് ഫണ്ടിംഗ് ആശയത്തിന് സമാനമായി, ജീവകാരുണ്യ കേസുകൾ വലിയ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി സർക്കാർ 'വീ കെയർ പ്രോഗ്രാം' ആരംഭിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായി വകുപ്പും ഏജൻസികളും നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ
സാമൂഹ്യനീതി വകുപ്പ്

- RPWD ആക്ട് 2016-ന്റെ ചട്ടത്തിൽ അനുശാസിക്കുന്ന അവകാശാധിഷ്ഠിത സ്ഥാപന സേവനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക
- ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിശ്ചിത മാനദണ്ഡങ്ങൾ നിശ്ചയിക്കുക
- 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനത്തിനും ജോലിക്കുമായി സ്ഥാപന അധിഷ്ഠിത സേവനങ്ങൾക്കായുള്ള സമഗ്ര പദ്ധതികൾ
- ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ ഡിജിറ്റൽ ഡാറ്റാബേസ് വികസിപ്പിക്കുക

- ബൗദ്ധിക പരമായി വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന കമ്മ്യൂണിറ്റി അസിസ്റ്റഡ് ലിവിംഗ് പ്രോജക്റ്റ് സ്ഥാപിക്കുന്നതിനുമായി കൂടുതൽ ഗവൺമെന്റ് ഹോമുകൾ സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നു.
- മുതിർന്ന പൗരന്മാർക്കായി സർക്കാർ നടത്തുന്ന ഭവനങ്ങൾ മാതൃകാ ഭവനങ്ങളായി ഉയർത്തും
- എൻജിഒ നടത്തുന്നതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ മുതിർന്ന പൗരന്മാരുടെ ഭവനങ്ങൾക്കായി പ്രോട്ടോക്കോളുകൾ രൂപപ്പെടുത്തുകയും സാമൂഹിക നീതി വകുപ്പിന്റെ നിർബന്ധിത മേൽനോട്ടവും
- മുതിർന്ന പൗരന്മാർക്ക് മെഡിക്കൽ സേവനങ്ങൾ, വിനോദം, തെറാപ്പി ഇടപെടലുകൾ, തൊഴിൽപരമായ പ്രവർത്തനങ്ങൾ എന്നിവ നൽകുന്നതിനായി ഒരു ബ്ലോക്കിൽ കുറഞ്ഞത് ഒരു സായംപ്രഭ ഹോമെങ്കിലും ആരംഭിക്കുക.
- പരിചരണ സൗകര്യങ്ങളിലും കമ്മ്യൂണിറ്റികളിലും പ്രായമായവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരിശീലനം ലഭിച്ച വയോജന പരിചരണ ദാതാക്കളുടെ ലഭ്യത ഉറപ്പാക്കുന്നു
- ജില്ലാ പഞ്ചായത്തിന്റെ നിരീക്ഷണത്തിലും മേൽനോട്ടത്തിലും ട്രാൻസ്ജെൻഡറുകൾക്കായി ഓരോ ജില്ലയിലും കെയർ ഹോം ആരംഭിക്കുക
- ട്രാൻസ്ജെൻഡറുകൾക്ക് ക്രൈസിസ് ഇന്റർവെൻഷൻ സൗകര്യങ്ങൾ, പുനരധിവാസം, എസ്ആർഎസ് ആഫ്റ്റർ കെയർ സേവനങ്ങൾ, മറ്റ് ചികിത്സാ സേവനങ്ങൾ എന്നിവ നൽകൽ
- തണലിടം പ്രൊബേഷൻ ഹോം സ്ത്രീകൾക്കായി തുറക്കും
- സംസ്ഥാനത്ത് തുടരുന്ന വിദേശികൾക്കായി വിസ ക്ലിയറൻസിനായി ട്രാൻസിറ്റ് കേന്ദ്രങ്ങൾ ആരംഭിക്കുക
- പൊതു ഓഫീസുകൾ, പാർക്കുകളും റോഡുകളും മറ്റും ഭിന്നശേഷിക്കാർക്ക് പര്യാപ്തമാകുംവിധം ബാരിയർ ഫ്രീ ആക്കുക.
- പ്രവേശനക്ഷമത സംബന്ധിച്ച നിയമപരമായ ആവശ്യകതകൾ നിറവേറ്റുന്നതിനായി ഒരു പഞ്ചവത്സര കർമ്മ പദ്ധതി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യും
- ഭിന്നശേഷിക്കാർക്ക് സേവനങ്ങളുടെ പ്രവേശനക്ഷമത ഉറപ്പാക്കും
- ഓരോ ജില്ലയിലും തിരഞ്ഞെടുത്ത ഒന്നോ രണ്ടോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ "മോഡൽ ബാരിയർ ഫ്രീ LSG" ആയി പരിവർത്തനം ചെയ്യുക. പ്രൊഫഷണൽ പിന്തുണയോടെ മാതൃകാ രൂപകല്പന വകുപ്പ് വികസിപ്പിക്കും

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

- "ശുഭയാത്ര" – സഹായ ഉപകരണങ്ങൾ, ആധുനിക ഉപകരണങ്ങൾ, ഹൈടെക് അവയവം, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ്പ്/സ്മാർട്ട് ഫോൺ തുടങ്ങിയ വോയിസ് മെച്ചപ്പെടുത്തിയ സോഫ്റ്റ്‌വെയറും പ്രത്യേക ആവശ്യങ്ങൾക്കായി മറ്റ് ആധുനിക ഉപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യുന്നു.
- ലോക്കോമോട്ടർ വൈകല്യമുള്ള വ്യക്തികളുടെ സ്വതന്ത്ര്യവും ശാരീരിക ചലനവും പ്രോത്സാഹിപ്പിക്കുന്നതിന് സൈഡ് വീൽ ഘടിപ്പിച്ച മോട്ടറൈസ്ഡ് സ്കൂട്ടറിന് സബ്സിഡി
- സൈഡ് വീൽ ഘടിപ്പിച്ച മോട്ടറൈസ്ഡ് സ്കൂട്ടറിന്റെ വിതരണം
- "ആശ്വാസം" സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)– സ്വയം തൊഴിൽ പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്ന് വായ്പ നേടിയ ഭിന്നശേഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുക
- മൈക്രോ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഭിന്നശേഷിക്കാരുടെ സ്വയം സഹായ സംഘങ്ങളെ സഹായിക്കുക
- ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)

- വായ്പ ലഭിക്കുന്നതിന് യാതൊരു ഈടും നല്കാനില്ലാത്തവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം
- കാലാവധി കഴിഞ്ഞ വായ്പക്കാരുടെ പലിശയും പിഴപ്പലിശയും സഹിതം കുടിശ്ശികയുള്ള ലോൺ തുക എഴുതിത്തള്ളുക
- ഒറ്റത്തവണ സെറ്റിൽമെന്റിന് (OTS) കീഴിൽ വായ്പ തിരിച്ചടയ്ക്കാത്തവരുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കുക, NHFDC ലോണിനുള്ള സബ്സിഡി
- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് "ഹസ്തദാനം" പ്രൊഫിഷെൻസി അവാർഡ്
- ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്ഥിര നിക്ഷേപ പദ്ധതി
- സാമൂഹിക പിന്തുണയില്ലാതെ ജീവിക്കുന്ന ശാരീരിക വൈകല്യമുള്ള പുരുഷന്മാർക്കും സ്ത്രീകൾക്കുമായി പാറശ്ശാലയിലെ "OPPAM" വൃദ്ധസദനം
- വായ്പ ലഭിക്കുന്നതിന് യാതൊരു ഈടും നല്കാനില്ലാത്തവർക്ക് ഓട്ടോറിക്ഷ/കാർ വാങ്ങുന്നതിനുള്ള 'കൈത്താങ്ങ്' സ്വയം തൊഴിൽ വായ്പാ പദ്ധതി
- തൊഴിൽ മേളയും കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും കേരളത്തിലെമ്പാടുമുള്ള ഭിന്നശേഷിക്കാർക്കായി തൊഴിൽ മേളകളും ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികളും നടത്തുന്നു.
- പ്രൊഫഷണൽ പിന്തുണ നൽകാൻ സ്റ്റേറ്റ് റിസോഴ്സ് സെന്റർ
- NHFDC ലോൺ സ്കീമിന് കീഴിലുള്ള ഭവന വായ്പ
- കോട്ടയത്തെ ഭിന്നശേഷിക്കാർക്കായി സഹായ ഉപകരണ നിർമ്മാണ യൂണിറ്റിന്റെ നവീകരണം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)

- വിപുലമായ പുനരധിവാസ സൗകര്യങ്ങൾ സ്ഥാപിക്കൽ
- ഒപ്റ്റോമെട്രി യൂണിറ്റ് സ്ഥാപിക്കൽ
- ഭിന്നശേഷിക്കാർക്കുള്ള ഡെന്റൽ ഹൈജീൻ സൗകര്യം
- സ്പോർട്സ് ഫിസിയോതെറാപ്പി സെന്റർ
- വയോജന പുനരധിവാസ യൂണിറ്റ്
- അഡ്വാൻസ്ഡ് ബ്രെയിൻ ഇൻജൂറി റീഹാബിലിറ്റേഷൻ യൂണിറ്റ്
- അസിസ്റ്റീവ് ടെക്നോളജി നെറ്റ്വർക്ക്
- 4D മില്ലിങ് മെഷീൻ യൂണിറ്റ് (ഭിന്നശേഷിയുള്ളവർക്ക് സഹായകരമായ പരിഹാരങ്ങൾ നൽകുന്നു – സംസ്ഥാനത്തുടനീളമുള്ള നോഡൽ കേന്ദ്രത്തിനുള്ള നെറ്റ്വർക്ക്)
- ഫാബ്രിക്കേഷൻ ലാബോടുകൂടിയ അസിസ്റ്റീവ് ടെക്നോളജി ഇന്നൊവേഷൻ ഹബ്
- വൈകല്യം തടയുന്നതിനുള്ള ജനിതക യൂണിറ്റ്
- 250 കിടക്കകളുള്ള സ്പെഷ്യലൈസേഷനോടുകൂടിയ വിപുലമായ പുനരധിവാസ സൗകര്യം സ്ഥാപിക്കൽ
- അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നു
- വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം
- പ്രത്യേക അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം
- ഏകീകൃത വെർചൽ ക്ലാസ് റൂം നെറ്റ്വർക്കോടുകൂടിയ ഡിജിറ്റൽ ക്ലാസ് റൂം
- അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുന്നു – ബാച്ചിലർ ഓഫ് പ്രോസ്തെറ്റിക്സ് ആൻഡ് ഓർത്തോട്ടിക്സ് (KUHS, RCI എന്നിവയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു)
- ബി.എഡ് പ്രത്യേക വിദ്യാഭ്യാസം
- ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി
- ബാച്ചിലർ ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പാത്തോളജി

- ഡെവലപ്മെന്റൽ പീഡിയാട്രിക്സിലും നവജാത ശിശു സംരക്ഷണത്തിലും ഫെലോഷിപ്പ്
- പിജി ഡിപ്ലോമ ഇൻ റിഹാബ് നഴ്സിംഗ്
- ഡോക്ടർമാർ, നഴ്സുമാർ, റിഹാബ് പ്രൊഫഷണലുകൾ എന്നിവർക്കുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ
- മുൻഗണനാടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പിന്തുണയോടെ വിവിധ ജില്ലകളിൽ NIPMR-ന്റെ സാറ്റൈറ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കൽ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ (KSSM)

- ആശ്വാസകിരണം: രോഗികൾക്ക് പരിചരണം നൽകുന്നതിന് മാസം തോറും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി
- വയോമിത്രം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വയോജനങ്ങൾക്ക് സൗജന്യ ആരോഗ്യ സംരക്ഷണം നൽകുന്നതിനുള്ള സംയുക്ത സംരംഭം
- ഏറ്റവും ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് പരിചരണ ദാതാക്കളെ നൽകുന്നതിനുള്ള ഓൾഡ് ഏജ് ഹോം, ആശാഭവൻ തുടങ്ങിയ കെയർ ഗിവേഴ്സ് പ്രോജക്റ്റ് ഒരു പൈലറ്റ് പ്രോഗ്രാമാണ്.
- കുട്ടികൾക്കായുള്ള കാൻസർ സുരക്ഷാ പദ്ധതി, മിഷൻ നൽകുന്ന ഫണ്ടിലൂടെ ആശുപത്രികൾ നടത്തുന്ന അന്വേഷണ ചെലവ് ഉൾപ്പെടെയുള്ള മുഴുവൻ ചികിത്സാ ചെലവും വഹിക്കുന്നു.
- താലോലം പദ്ധതി യോഗ്യരായ രോഗികൾക്ക് 50,000/- പ്രാരംഭ സഹായവും അധികാരികളുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അധിക സാമ്പത്തിക സഹായവും നൽകുന്നു.
- ശ്രുതിതരംഗം2w: കോക്ലിയർ ഇംപ്ലാന്റേഷനായി പ്രാദേശിക, സംസ്ഥാന തല സാങ്കേതിക സമിതികൾ തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റ് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.
- സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആശ്വാസ നടപടിയാണ് സ്നേഹസാന്ത്വനം
- അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസ പദ്ധതി (സ്നേഹസ്പർശം) അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 2000 രൂപ ധനസഹായം നൽകുന്നു.
- പ്രത്യാശ പദ്ധതിയിലൂടെ പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ സഹായം നൽകുന്നു
- പ്രധാന ആശുപത്രികളിലെ രോഗികൾക്കും ഭക്ഷണം ആവശ്യമുള്ളവർക്കും ദിവസത്തിൽ ഒരുനേരം സൗജന്യ ഭക്ഷണം നൽകുന്നതാണ് വിശപ്പ് രഹിത നഗരം.
- സമാശ്വാസം പദ്ധതിയിലൂടെ ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി സാമ്പത്തിക സഹായം നൽകുന്നു
- ജീവൻ അപകടപ്പെടുത്തുന്ന രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് താലോലം പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകുന്നു
- മാതാപിതാക്കളെ അല്ലെങ്കിൽ അവരിൽ ആരെങ്കിലുമൊക്കെ നഷ്ടപ്പെട്ട കുട്ടികൾക്കും ജീവിച്ചിരിക്കുന്ന രക്ഷിതാവ് സാമ്പത്തിക ഞെരുക്കം കാരണം കുട്ടിയെ നോക്കാൻ കഴിയാത്ത അവസ്ഥയിലായവർക്കും സ്നേഹപൂർവം പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകുന്നു.
- ജുവനൈൽ ഡയബറ്റിസ് ബാധിച്ച കുട്ടികൾക്കായുള്ള സോഷ്യൽ സപ്പോർട്ട് സ്കീം (മിട്ടായി) ടൈപ്പ് 1 ഡയബറ്റിസ് മെലിറ്റസ് ഉള്ള കുട്ടികൾക്കും കൗമാരക്കാർക്കും വേണ്ടിയുള്ള ഒരു സമഗ്ര സാമൂഹിക സുരക്ഷാ പദ്ധതിയാണ്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്)

സംസ്ഥാനത്തെ ബധിരരുടെയും കേൾവിക്കുറവുള്ളവരുടെയും പുനരധിവാസത്തിനും ബധിരർക്കും കേൾവിക്കുറവുള്ളവർക്കും ഉന്നത വിദ്യാഭ്യാസം നൽകുന്നതിനും നിഷ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ബധിരരും കേൾവിക്കുറവുള്ളവരുമായ വിദ്യാർത്ഥികൾക്കായി നിഷ്, വിവിധ കോഴ്സുകൾ നടത്തുന്നു,

കേൾവിക്കുറവ് വിലയിരുത്തലും കണ്ടെത്തലും, പ്രാരംഭ ഇടപെടൽ നടത്തുകയും, ആശയവിനിമയവും മറ്റ് വൈകല്യവുമുള്ള വ്യക്തികളുടെ പുനരധിവാസം നടത്തുകയും ചെയ്യുന്നു. പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

- കേൾവി, സംസാര ഭാഷാ വൈകല്യങ്ങളുടെ പ്രോഗ്രാം
- ആദ്യകാല ഇടപെടൽ പ്രോഗ്രാം
- ന്യൂറോ ഡെവലപ്മെന്റ് സയൻസസ് പ്രോഗ്രാം
- സൈക്കോളജി, മെഡിക്കൽ, അനുബന്ധ സേവനങ്ങൾ
- അക്കാദമിക് പ്രോഗ്രാം
- ഉന്നത വിദ്യാഭ്യാസ ഫൗണ്ടേഷൻ പ്രോഗ്രാം
- വിവരസാങ്കേതികവിദ്യ
- നിഷിനെ മികവിന്റെ കേന്ദ്രമായി അപ്ഗ്രേഡ് ചെയ്യുന്നതിനായി ഒരു ഗവേഷണ കേന്ദ്രം സ്ഥാപിക്കുക.
- സംരംഭകത്വവും ഇൻകുബേറ്റർ സെല്ലുകളും

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്

- പുനരധിവാസത്തിനുള്ള ഗവേഷണവും വികസനവും
- ഹാൻഡ് ബുക്കുകൾ, ബ്രോഷറുകൾ, ബുക്ക് ലെറ്റുകൾ എന്നിവയുടെ അച്ചടിയും പ്രസിദ്ധീകരണവും
- അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കായി ബോധവൽക്കരണ പരിപാടികൾ
- ഭിന്നശേഷിക്കാർക്കായി വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുക
- ഭിന്നശേഷിക്കാർക്കായി അദാലത്തും സിറ്റിങ്ങുകളും നടത്തുക
- ഭിന്നശേഷിക്കാർക്ക് നിയമസഹായവും നിയമോപദേശവും
- ഭിന്നശേഷിക്കാർക്കുള്ള സാംസ്കാരിക കായിക പ്രവർത്തനങ്ങൾ
- ഭിന്നശേഷിക്കാരുടെ സാഹിത്യ സൃഷ്ടികൾക്കുള്ള അവാർഡുകൾ

ജയിൽ വകുപ്പ്

- വിവിധ ജയിലുകൾക്കായി പുതിയ കെട്ടിടം നിർമ്മിച്ച്, ഭരണം, ഡിജിറ്റൽ സംവിധാനങ്ങൾ, സുരക്ഷ എന്നിവ മെച്ചപ്പെടുത്തി ജയിലുകളുടെ ആധുനികവൽക്കരണം
- തൊഴിൽ പരിശീലന പരിപാടികളിലൂടെയും മറ്റ് ക്ഷേമ പ്രവർത്തനങ്ങളിലൂടെയും തടവുകാരുടെ നവീകരണവും പുനരധിവാസവും

സൈനിക ക്ഷേമ വകുപ്പ്

- മുൻ സൈനികരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമവും പുനരധിവാസവും
- വിമുക്തഭടന്മാർ/വിധവകൾ/ആശ്രിതർ എന്നിവർക്ക് പുനരധിവാസത്തിനും സ്വയം തൊഴിലിനുമുള്ള പരിശീലനം
- നീതി മെഡിക്കൽസ് പോലുള്ള KEXCON-ന്റെ ശ്രമങ്ങളെ പിന്തുണയ്ക്കുന്നു

അദ്ധ്യായം 15

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം

ഇക്കാലത്ത്, ഗവൺമെന്റുകളും വികസന ഏജൻസികളും വികസന ആസൂത്രണത്തിലും നയത്തിലും ലിംഗപദവിപരമായ പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നു. വിഭവങ്ങളുടെ ലഭ്യതയുടെയും വിനിയോഗത്തിന്റെയും കാര്യത്തിലും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുള്ള അവസരങ്ങളുടെ കാര്യത്തിലും ലിംഗസമത്വം സുസ്ഥിര വികസനവുമായി അടിസ്ഥാനപരമായ ബന്ധമുള്ള പ്രസക്തമായ ഒരു ആഗോള പ്രശ്നമാണ്. സ്ത്രീകൾക്കും ലിംഗ ന്യൂനപക്ഷങ്ങൾക്കുമിടയിൽ നിലനിൽക്കുന്നതും വർദ്ധിച്ചുവരുന്നതുമായ ദാരിദ്ര്യം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഉൽപ്പാദന പ്രവർത്തനങ്ങൾ, വിഭവങ്ങൾ, അധികാരം പങ്കിടൽ, തീരുമാനങ്ങൾ എടുക്കൽ എന്നിവയിലെ അസമത്വങ്ങളും അപര്യാപ്തതകളും അക്രമത്തിന് ഇരയാകാനുള്ള സാധ്യതയുംപരിഹരിക്കാൻ തന്ത്രപരമായ നടപടികൾ ആവശ്യമായി വരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച ലിംഗപദവിയും വികസനവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ്, കോവിഡ് മഹാമാരി മനുഷ്യരാശിയ്ക്കുമേൽ വിനാശകരമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും എല്ലാ തലങ്ങളിലെയും ലിംഗപദവി ബന്ധങ്ങളിൽ ഇത് പ്രത്യേക സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും നിരീക്ഷിച്ചു. ആഗോളതലത്തിൽ ലിംഗ അസമത്വങ്ങൾ വർധിപ്പിക്കുകയും; സ്ത്രീകൾക്ക് ഗാർഹിക, പരിചരണ ജോലികൾ തീവ്രമാകുകയും തൊഴിൽ നഷ്ടം കൂടുതലാകുകയും ചെയ്തു; സ്ത്രീകൾക്ക് ജോലി വീണ്ടെടുക്കൽ പുരുഷന്മാരേക്കാൾ വളരെ കുറവാണ്. ലോക്ക്ഡൗൺ കാലത്ത് വീട്ടമ്മമാർ അവരുടെ ജീവിതപങ്കാളികളിൽ നിന്നും ഗാർഹിക പീഡനത്തിന് വിധേയരാകുകയും ചെയ്തു. വീട് ജോലിസ്ഥലമായി മാറിയാൽ ജോലി സാഹചര്യത്തിന് മറ്റൊരു മാനം നൽകുകയും വീട്ടിലെ ലിംഗപദവിപരമായ ബന്ധങ്ങളെ ബാധിക്കുകയും ചെയ്യുന്നുവെന്നും ആഗോള തലത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

സാമൂഹിക, രാഷ്ട്രീയ, പൊതു കാര്യങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നിരവധി ഇടപെടലുകൾ വർഷങ്ങളായി കേരളത്തിൽ നടക്കുന്നുണ്ട്. 1996 മുതൽ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ പ്രാദേശിക തലത്തിലുള്ള ലിംഗപദവി പരമായ കാഴ്ചപ്പാടോടുകൂടിയ ബോധവൽക്കരണ ആസൂത്രണം സ്ത്രീകൾക്ക് നേരിട്ട് പ്രയോജനപ്പെടുന്ന പദ്ധതികൾ തയ്യാറാക്കുന്നതിനും രൂപീകരിക്കുന്നതിനും പദ്ധതി ഗ്രാന്റ്-ഇൻ-എയ്ഡിന്റെ 10 ശതമാനം എൽ.എസ്.ജി.ഐകൾ നീക്കിവക്കുന്നതുപ്പോലുള്ള നടപടികൾക്ക് കാരണമായിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷന്റെ ഭാഗമായി 1998-ൽ സ്ത്രീകളുടെ അയൽക്കൂട്ടങ്ങളുടെ (NHGs) ഒരു കമ്മ്യൂണിറ്റി സംഘടനയായ കുടുംബശ്രീ സ്ത്രീകളെ അണിനിരത്തുന്നതിലും അവർക്ക് ഉപജീവന അവസരങ്ങൾ ലഭ്യമാക്കുന്നതിലും വലിയ പങ്കുവഹിച്ചു. 2017-ൽ വനിതാ-ശിശുവികസനത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കുകയും പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച ബജറ്റിൽ ലിംഗപദവിപരമായ വീക്ഷണം സമന്വയിപ്പിക്കുന്നതിനുള്ള ഒരു ശാസ്ത്രീയ രീതിയായി ജെൻഡർ ബജറ്റിംഗ് രൂപീകരിക്കുകയും ചെയ്തു എന്നിവയാണ് ചില പ്രധാന ഇടപെടലുകൾ.

15.1 സ്ത്രീകളും തൊഴിലും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഒരു അവലോകനം

ജെൻഡർ ബജറ്റ് സംസ്ഥാനത്തെ ആസൂത്രണത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്, കൂടാതെ ജെൻഡർ ബജറ്റിനുള്ളിൽ വരുന്ന പദ്ധതികളുടെ അനുപാതം പ്ലാൻ ബജറ്റിന്റെ ഏകദേശം 20 ശതമാനമായി ഉയർത്തുന്നത് കേരളത്തിലെ പൊതുബജറ്റിന്റെ ശ്രദ്ധേയമായ സവിശേഷതയാണ്. ജെൻഡർ ബജറ്റിന്റെ വിഹിതം 2017-18ൽ 11.5 ശതമാനത്തിൽ നിന്ന് 2022-23ൽ 20.9 ശതമാനമായി ഉയർന്നു. മാനവ വിഭവശേഷിയുടെ കാര്യത്തിൽ മികച്ച ലിംഗ സമത്വമാണ് കേരളം പ്രകടമാക്കുന്നത്, അത് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന മേഖലകളിലെ ലിംഗപദവി വ്യത്യാസം, 1,000 പുരുഷന്മാർക്ക് 1,084 സ്ത്രീകൾ എന്ന അനുകൂലമായ ലിംഗാനുപാതം (സെൻസസ് 2011), കൂടാതെ മറ്റു പല സൂചികകളിലും പ്രതിഫലിപ്പിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഉയർന്നതായി ആനുകാലിക ലേബർ ഫോഴ്സ് സർവേ (പിഎൽഎഫ്എസ്) ഡാറ്റ സൂചിപ്പിക്കുന്നു.

സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിക്കുന്നു എന്നത് ആഗോള പ്രതിഭാസമാണ്, 2021-25 ലെ ജനസംഖ്യാ പ്രവചനമനുസരിച്ച് കേരളത്തിൽ സ്ത്രീകളുടെ ആയുർദൈർഘ്യം 79.15 വർഷമാണ്, പുരുഷന്മാർക്ക് 73.49 വയസ്സ്. ആയുർദൈർഘ്യത്തിലെ വർദ്ധനവും അനുകൂലമായ ലിംഗാനുപാതവും കേരളത്തിലെ വിധവകളുടെ ജനസംഖ്യയിലെ കുതിച്ചുചാട്ടത്തിന്റെ പ്രധാന കാരണമാണ്. ഈ സാഹചര്യത്തിലാണ് വിധവകൾക്ക്/വിവാഹമോചിതർക്ക് പുനർവിവാഹത്തിന് സാമ്പത്തിക പ്രോത്സാഹനം നൽകിക്കൊണ്ട് വിധവ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ മംഗല്യം എന്ന പദ്ധതി വിഭാവനം ചെയ്തത്. ഇതിനുപുറമെ, സഹായഹസ്തം പദ്ധതിയിലൂടെ സ്വയംതൊഴിൽ നടത്തുന്നതിന് 30,000/- ഒറ്റത്തവണ ധനസഹായം, പടവുകൾ പദ്ധതിയിലൂടെ പ്രൊഫഷണൽ കോഴ്സുകളിൽ ചേരുന്ന വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം, അഭയകിരണം പദ്ധതിയിലൂടെ നിരാലംബരായ വിധവകളുടെ അടുത്ത ബന്ധുക്കൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം എന്നിവ സർക്കാർ നൽകുന്നു.

ഇരയുടെ ഗാർഹിക വലയത്തിലുള്ള ഒരാൾ നടത്തുന്ന അക്രമം ആശങ്കാജനകമാണ്. NFHS അഞ്ചാം റൗണ്ട് റിപ്പോർട്ട് പ്രകാരം, 18-49 വയസ്സിനിടയിലുള്ള, വിവാഹിതരായ സ്ത്രീകളുടെ ഇടയിൽ, ഭർത്താക്കൻമാരുടെ അക്രമം അനുഭവിച്ചിട്ടുള്ളവരാണ് കേരളത്തിൽ 9.9 ശതമാനവും, 18-29 വയസ് പ്രായമുള്ള യുവതികളിൽ 18 വയസ്സിനകം ലൈംഗികാതിക്രമം അനുഭവിച്ചവർ 1.8 ശതമാനവും ആണ്. തപാൽ വകുപ്പിന്റെ സഹായത്തോടെ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യാൻ ഇരകളെ പ്രോത്സാഹിപ്പിക്കുന്ന വനിതാ ശിശു വികസന വകുപ്പിന്റെ നൂതനമായ ഒരു സമീപനമാണ് രക്ഷാദൂത്; ഇത് ഇരകളിൽ ആത്മവിശ്വാസം വളർത്തുകയും ആവശ്യമായ സർക്കാർ ഇടപെടൽ അവർക്ക് ഉറപ്പ് നൽകുകയും ചെയ്യുന്നു. കൂടാതെ, സ്ത്രീധനത്തിനും ഗാർഹിക പീഡനത്തിനുമെതിരെ സംസ്ഥാനവ്യാപകമായി ഡിപ്പാർട്ട്മെന്റ് ആരംഭിച്ച ക്യാമ്പയിൻ ആണ് കനൽ.

സ്ത്രീധനം എന്ന വിപത്തിൽ നിന്ന് മുക്തി നേടാനുള്ള ഒരു ജനകീയ കാമ്പയിൻ 2019-2020 ൽ വകുപ്പ് ആരംഭിക്കുകയും അവബോധം സൃഷ്ടിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി അഞ്ച് വർഷത്തെ പ്രവർത്തന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു. സ്ത്രീധന നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, കേരള സ്ത്രീധന നിരോധന നിയമം 2004 ഭേദഗതി ചെയ്യുകയും സ്ത്രീധന നിരോധന പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥരെ നിയമിക്കുകയും, ജില്ലാ ഉപദേശക ബോർഡ് രൂപീകരിക്കുകയും സ്ത്രീധന പരാതികൾക്കായി ഒരു പോർട്ടൽ തുറക്കുകയും മറ്റ് നിരവധി നടപടികൾ ആരംഭിക്കുകയും ചെയ്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവ് ഗാർഹിക പീഡനവും സ്ത്രീധനവും തടയുന്നതിനുള്ള വൈവാഹിക/വിവാഹത്തിന് മുമ്പുള്ള കൗൺസിലിംഗ്, കാതോർത്ത്- വെബ്സൈറ്റിലൂടെ സ്ത്രീകളുടെ പരാതികൾ ശ്രദ്ധിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നതിനുള്ള ഓൺലൈൻ കൺസൾട്ടേഷൻ പ്രോഗ്രാം, കൗൺസിലിംഗ്, നിയമസഹായം, പോലീസ് സഹായം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ലൈംഗിക കുറ്റകൃത്യങ്ങൾ, ഗാർഹിക പീഡനങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ഹീനമായ ലിംഗാധിഷ്ഠിത അക്രമങ്ങൾ എന്നിവയ്ക്ക് ഇരയായവർക്ക് ഇടക്കാലാശ്വാസം നൽകുന്നതിനായി സർക്കാർ 300 ലക്ഷം രൂപയുടെ കോർപ്പസ് ഫണ്ടായ ആശ്വാസനിധി രൂപീകരിച്ചു. ഇതുകൂടാതെ, എല്ലാ ജില്ലകളിലും സ്വകാര്യ, പൊതു ഇടങ്ങൾ, കുടുംബം, സമൂഹം, ജോലിസ്ഥലം എന്നിവിടങ്ങളിൽ അക്രമത്തിനിരയായവർക്കായി സർക്കാർ വൺ സ്റ്റോപ്പ് സെന്ററുകൾ ആരംഭിച്ചു, വൈദ്യസഹായം, എഫ്ഐആർ/എൻസിആർ/ഡിഐആർ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഹായം, സൈക്കോ സോഷ്യൽ സപ്പോർട്ടും കൗൺസിലിംഗും, നിയമസഹായം, അഭയം, റഫറൽ സേവനങ്ങൾ എന്നിവ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക സേവനമാണ് വൺ സ്റ്റോപ്പ് സെന്ററുകൾ നൽകുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ് ആരംഭിച്ച മറ്റ് ജനപ്രിയ സംരംഭങ്ങൾ "പൊൻവാക്ക്", തേജോമയ ആഫ്റ്റർ കെയർ ഹോം എന്നിവയാണ്. ഇത്തരം കേസുകൾ അറിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സമൂഹ പങ്കാളിത്തത്തിലൂടെ കേരള സമൂഹത്തിൽ നിന്ന് ശൈശവ വിവാഹം ഇല്ലാതാക്കുക എന്നതാണ് ആദ്യത്തേത്. സ്ത്രീകളുടെയും കുട്ടികളുടെയും ഭവനങ്ങളിലെ

അന്തേവാസികളെ പഠനം പൂർത്തിയാക്കിയ ശേഷം സമൂഹത്തിലേക്ക് മാറ്റുന്നതിനുള്ള പ്രക്രിയ എളുപ്പമാക്കുന്നതിനുള്ള വകുപ്പിന്റെ മറ്റൊരു പുരോഗമനപരമായ ചുവടുവെപ്പാണ് തേജോമയ ആഫ്റ്റർ കെയർ ഹോം.

സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിലേക്കും അവസരങ്ങളിലേക്കും വിദ്യാഭ്യാസം, തൊഴിൽ, സ്വയം തൊഴിൽ എന്നിവയിലേക്കും സ്ത്രീകൾക്ക് പ്രവേശനം സാധ്യമാക്കുന്നത് പ്രധാനമാണ്. കുടുംബത്തിൽ സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിനായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിലാണ് വനിതാ വികസന കോർപ്പറേഷൻ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. കോർപ്പറേഷൻ ലോൺ സ്കീമുകളിലൂടെയും സംസ്ഥാന പദ്ധതി സ്കീമുകളിലൂടെയും ദരിദ്രരായ സ്ത്രീകൾക്ക് തൊഴിൽ പരിശീലന പരിപാടികൾ, പദ്ധതി സഹായം, സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ നടപ്പിലാക്കി. ചെറുകിട വനിതാ സംരംഭകർക്ക് അവരുടെ ഉൽപ്പാദന, വിപണന വൈദഗ്ധ്യം വികസിപ്പിക്കുന്നതിന് വിപണന, സാങ്കേതിക സഹായങ്ങൾ നൽകുക, നൈപുണ്യവികസനത്തിലൂടെ സ്ത്രീകളുടെ തൊഴിലവസരം ശക്തിപ്പെടുത്തുക, സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുക, പെൺകുട്ടികളുടെ കാഴ്ചപ്പാട് മാറ്റുക എന്നിവയാണ് വനിതാ വികസന കോർപ്പറേഷൻ സ്ത്രീ ശാക്തീകരണത്തിനായി ഏറ്റെടുത്ത ചില പ്രവർത്തനങ്ങൾ. സ്വയം തൊഴിൽ വായ്പാ പദ്ധതി, ഇഡിപി/അവബോധം/തൊഴിൽ പരിശീലന പരിപാടികൾ, എക്സിബിഷനുകൾ എന്നിവയും തിരുവനന്തപുരത്തും കണ്ണൂരിലും ഫിനിഷിംഗ് സ്കൂളുകളും (റീച്ച്) കോർപ്പറേഷൻ നടത്തുന്നു.

തൊഴിൽ രഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ട/വിവാഹമോചിതരായ/അവിവാഹിതരായ സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ/ഭിന്നശേഷിയുള്ള സ്ത്രീകൾ, കിടപ്പിലായവരുടെ ഭാര്യമാർ എന്നീ വിഭാഗങ്ങളിൽ താഴ്ന്ന വരുമാനമുള്ള സ്ത്രീകൾക്കായി സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്ന ഈ മേഖലയിലെ മറ്റൊരു പങ്കാളിയാണ് തൊഴിൽ വകുപ്പ്. യോഗ്യരായ ഗുണഭോക്താവിന് പലിശ രഹിത വായ്പയും 50 ശതമാനം സബ്സിഡിയും നൽകുന്നതാണ് ശരണ്യ പദ്ധതി.

തുടർന്നുള്ള വർഷങ്ങളിൽ, സമൂഹത്തിലെ സ്ത്രീകളുടെ മൊത്തത്തിലുള്ള വികസനം സുഗമമാക്കുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഉത്തരവാദിത്തവും വനിതാ വികസന കോർപ്പറേഷൻ ഏറ്റെടുത്തു. ലിംഗസമത്വത്തിനും സ്ത്രീകളുടെ അവകാശത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയൽ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തുക, സ്ത്രീകൾക്ക് ഹ്രസ്വ താമസ സൗകര്യം, ആദിവാസി വനിതകൾക്കായി വനമിത്ര സ്കിൽ ഡെവലപ്മെന്റ് സെന്റർ, പോലീസിന് ബോദ്ധ്യം ലിംഗബോധവത്കരണ പരിശീലനം, കോളേജുകളിൽ വനിതാ സെൽ പ്രവർത്തനം. മിത്ര 181 വനിതാ ഹെൽപ്പ് ലൈൻ എന്നിവയും കോർപ്പറേഷൻ നടത്തുന്നു.

സ്ത്രീകളെയും തൊഴിലിനെയും കുറിച്ചുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വീക്ഷണം

ജൈവികമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതല്ലാത്തതും സമൂഹം നിർണയിച്ച കടമകളും ഉത്തരവാദിത്തങ്ങളും കൊണ്ടുള്ള ഒരു വേർതിരിക്കലിനെയാണ് ലിംഗപദവി ഭേദം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാമൂഹികമായി നിർമ്മിച്ച ഈ വ്യത്യാസങ്ങളിലും നിലവിലുള്ള ലിംഗപദവി റോളുകളേയും ബന്ധങ്ങളേയും മാറ്റം വരുത്തേണ്ട ആവശ്യകതയിലേക്ക് ലിംഗപദവിപരമായ വികസന സമീപനം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന്റെ ലിംഗപരമായ പ്രത്യേക വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രത്യേകിച്ച് സ്ത്രീകളുടെയും ലിംഗ ന്യൂനപക്ഷങ്ങളുടെയും, തുല്യ അവസരങ്ങളും തൊഴിൽ പങ്കാളിത്തവും, എല്ലാവർക്കും സുരക്ഷിതവും അഭിവൃദ്ധി പ്രാപ്യമാക്കുന്നതുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതും ഉറപ്പാക്കുന്നു.

സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ, വീട്ടുജോലിക്കാർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ തൊഴിൽ ഗ്രൂപ്പുകളിൽപ്പെട്ട സ്ത്രീകളുടേയും കൂടാതെ കുടിയേറ്റ തൊഴിലാളികളുടേയും വേതനം, സുരക്ഷ, തൊഴിൽ, ആരോഗ്യം, ഇൻഷുറൻസ് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരാനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ആവർത്തിക്കുന്നു. പട്ടികജാതി–പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളെ ശാക്തീകരിക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ നടത്തും. സുരക്ഷിതമായ പൊതു ഇടങ്ങൾ ഉറപ്പാക്കുന്നതിനും പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുരക്ഷിതമായ ജോലിസ്ഥലങ്ങൾ

ഉറപ്പാക്കുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ചെറുക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നയങ്ങളെയും പദ്ധതികളെയും പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

കേരളത്തിലെ സ്ത്രീകൾ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസം നേടിയവരാണ്. എന്നിരുന്നാലും, അവരുടെ മൊത്തത്തിലുള്ള തൊഴിലില്ലായ്മ നിരക്ക് രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അതിനാൽ, സംസ്ഥാനത്തെ സ്ത്രീകളുടെ തൊഴിൽ പ്രോത്സാഹിപ്പിക്കുകയെന്ന വെല്ലുവിളി പ്രാഥമികമായി ഉയർന്ന വിദ്യാഭ്യാസമുള്ള തൊഴിൽ ശക്തിക്കുള്ള അവസരങ്ങൾ പ്രാപ്തമാക്കുക എന്നതാണ്. കേരളത്തിലെ തൊഴിൽ സേനയിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവായിരിക്കുന്നതിന് നിരവധി സാമൂഹിക ഘടകങ്ങൾ ഇടയാക്കുന്നു. സാമൂഹിക നിയന്ത്രണങ്ങൾ, അനുകൂലമല്ലാത്ത സാമൂഹികവും കുടുംബപരവുമായ മാനദണ്ഡങ്ങൾ, കൂലി തൊഴിൽ വിപണിയിലേക്കുള്ള പ്രവേശനത്തെ ചുറ്റിപ്പറ്റിയുള്ള തെറ്റിധാരണകൾ, ജോലിസ്ഥലത്ത് സ്ത്രീകളോടുള്ള വിവേചനത്തിന്റെ വിവിധ രൂപങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി കാർഷിക മേഖലയിലും കാർഷിക സംസ്കരണത്തിലും വിപണനത്തിലും തദ്ദേശീയ സാങ്കേതികവിദ്യയും വിപണനം ചെയ്യാവുന്ന ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിലൂടെ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. പരമ്പരാഗത കരകൗശല മേഖലയായ കയർ, കൈത്തറി, കരകൗശല വസ്തുക്കൾ എന്നിവയിലെ സ്ത്രീകളെ ക്ലസ്റ്ററിംഗ് മെത്തഡോളജിയിലൂടെ പ്രോത്സാഹിപ്പിക്കുകയും സാങ്കേതികവിദ്യയും സമ്പദ്വ്യവസ്ഥയും വിപണന ബന്ധവും വർദ്ധിപ്പിക്കുകയും ചെയ്യും. കൂടാതെ വിവിധ ഉൽപ്പന്നങ്ങളുടെ ജിയോ ടാഗിംഗ്, പരമ്പരാഗത കുറഞ്ഞ കാർബ് ഭക്ഷണങ്ങൾ തയ്യാറാക്കുന്നതിനായി റസ്റ്റോറന്റുകളുടെ നടത്തിപ്പ്, വനിതാ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദസഞ്ചാര മേഖലകളിൽ ഏർപ്പെടുക, ചെറുകിട, ഇടത്തരം സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങൾ തുടങ്ങുക തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകളുടെ ശക്തിയും കഴിവുകളും കൂടുതൽ പര്യവേക്ഷണം ചെയ്യും. ഇടപെടലുകളിലൂടെയും വ്യവസായം ആവശ്യപ്പെടുന്ന കോഴ്സുകൾക്കൊപ്പം നൈപുണ്യത്തിനും പുനർ നൈപുണ്യത്തിനും വേണ്ടി സ്വയം പഠന ഓൺലൈൻ പഠന പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു; സ്ത്രീകളുടെ പ്രത്യേക വിഷയങ്ങൾ, തൊഴിൽ അവകാശങ്ങൾ, തൊഴിൽപരമായ ആരോഗ്യ മാനേജ്മെന്റ് എന്നിവയെക്കുറിച്ചുള്ള സോഫ്റ്റ് സ്കിൽ നൈപുണ്യ പരിശീലന പരിപാടികളുടെ ഭാഗമാക്കും.

എല്ലാ മേഖലകളിലും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളെയും പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. നൈപുണ്യത്തിനായുള്ള പരിപാടികൾ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കൽ, ഉയർന്ന മിനിമം വേതനം ഉറപ്പാക്കൽ, സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിൽ ഇടങ്ങൾ സൃഷ്ടിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ അടുത്ത നാല് വർഷത്തിനുള്ളിൽ, സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ വായ്പ വിതരണം ചെയ്യുന്നതിനായി വിവിധ ദേശീയ കോർപ്പറേഷനുകളിൽ നിന്ന് 600 കോടി രൂപ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു. പൊതുവിഭാഗം സ്ത്രീ ഗുണഭോക്താക്കൾക്ക്, കോർപ്പറേഷൻ ലക്ഷ്യമിടുന്നത് 5000.00 ലക്ഷം രൂപയുടെ വായ്പാ വിതരണവും അടുത്ത നാല് വർഷത്തിനുള്ളിൽ 1600 സ്ത്രീകൾ എന്ന ഭൗതിക ലക്ഷ്യവുമാണ്, കൂടാതെ 150 ട്രാൻസ്ജെൻഡേഴ്സിന് 500.00 ലക്ഷം രൂപ വരെ വായ്പയും സാമൂഹ്യനീതിയുടെ പദ്ധതി പ്രകാരം വകുപ്പ് വിതരണം ചെയ്യും.

വളർന്നുവരുന്ന സംരംഭകർക്ക് ശരിയായ മാർഗനിർദേശത്തിന്റെയും കൺസൾട്ടൻസി സേവനങ്ങളുടെയും ലഭ്യതയിൽ ഒരു നിർണായക വിടവ് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് വനിതാ വികസന കോർപ്പറേഷനിൽ ബിസിനസ് ഇൻകുബേഷൻ, പ്രോജക്ട് ഡെവലപ്മെന്റ്, കൺകറന്റ് റിസർച്ച്, വനിതാ സംരംഭകർക്കും അഭിലാഷകർക്കും വേണ്ടി ഒരു ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം വികസിപ്പിക്കുക എന്നിവയ്ക്കായി ഒരു പ്രോജക്ട് കൺസൾട്ടൻസി വിംഗ് ആരംഭിക്കും. ഇത് സ്വയം വരുമാനമാർജിച്ച് നിലനിൽക്കുന്ന മാതൃകയായി വിഭാവനം ചെയ്യും.

കൂലിയില്ലാത്ത ഗാർഹിക തൊഴിലാളികളുടെയും വീടുകളിൽ സ്ത്രീകൾ ചെയ്യുന്ന പരിചരണ പ്രവർത്തനങ്ങളുടെയും മൂല്യം തിരിച്ചറിയുന്നത് വികസനം വളർത്തുന്നതിനും ഉൽപാദനത്തിൽ സ്ത്രീകളുടെ പങ്കാളിത്തത്തെ പുനർവിചിന്തനം ചെയ്യുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ്. സ്ത്രീകളുടെ മേലുള്ള

വീട്ടുപകരണങ്ങളുടെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടികളെ പദ്ധതി പിന്തുണയ്ക്കുകയും ദേശീയ അന്തർദേശീയ തലങ്ങളിലുള്ള ലിംഗപദവി പരമായ ആസൂത്രണ വിദഗ്ധരുമായി സ്ത്രീകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൂടിയാലോചനകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യത്തിന്റെ ഒരു പ്രത്യേക പ്രശ്നം സർക്കാരിന്റെ നിരവധി ഇടപെടലുകൾ ഉണ്ടായിട്ടും അനീമിയ സ്ഥിരമായി ഉയർന്നു നില്ക്കുന്നു എന്നതാണ്. ഈ പ്രതിഭാസം വിശദമായി പഠിക്കുകയും കേരളത്തിലെ പെൺകുട്ടികളിലും സ്ത്രീകളിലും വിളർച്ച ഇല്ലാതാക്കുന്നതിനുള്ള ഇടപെടലുകളും പരിപാടികളും പുനഃക്രമീകരിക്കുകയും വേണം.

ലിംഗപദവി അധിഷ്ഠിത അക്രമം തടയുന്നതിലും എല്ലാ മേഖലകളിലും തുല്യത ഉറപ്പാക്കുന്നതിലും നിയമപാലനവും നീതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രധാനമാണ്. പദ്ധതിയുടെ കാലയളവിൽ ഇത് ശക്തിപ്പെടുത്തും. നിയമനിർമ്മാണത്തിന്റെ വിജയം എന്നത് അത് ലക്ഷ്യമിടുന്ന ഗ്രൂപ്പുകൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും അതിനെക്കുറിച്ചുള്ള അറിവിന്റെ വ്യാപനത്തെ ആശ്രയിച്ചിരിക്കുന്നു.

18 വയസ്സ് തികയുകയും വരുമാനം നേടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ഉപജീവനമാർഗം നേടുന്നതിനുള്ള വൈദഗ്ധ്യം നേടുകയോ ചെയ്ത ശേഷം സ്ഥാപന പരിചരണത്തിൽ നിന്ന് പുറത്തുപോകുന്ന സ്ത്രീകൾക്ക് സ്വതന്ത്ര വീടുകൾ നൽകുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കും. ഹൗസിംഗ് ബോർഡിന്റെ സഹായത്തോടെ "തന്റെയിടം" പദ്ധതിക്ക് കീഴിൽ ഇത് നടപ്പിലാക്കുകയും അവർക്ക് എളുപ്പത്തിൽ ലഭ്യമായ ഭവന സമുച്ചയങ്ങളിൽ അനുയോജ്യമായ പാർപ്പിട യൂണിറ്റുകൾ കണ്ടെത്തുകയും ചെയ്യും.

ഹോസ്റ്റലുകളിലും ഇക്കോണമി ഹോട്ടലുകളിലും സ്ത്രീകൾക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസസൗകര്യം ലഭ്യമാക്കുന്ന സേഫ് സ്റ്റേ പ്രോഗ്രാം ഈ വർഷങ്ങളിൽ 100 പ്രമുഖ നഗരങ്ങളിലേക്ക് പൂർണ്ണമായ രീതിയിൽ വ്യാപിപ്പിക്കും. കൂടുതൽ സ്വാശ്രയ/ഇൻകം ജനറേഷൻ കോഴ്സുകൾ അവതരിപ്പിച്ചും വിദ്യാർത്ഥികൾക്ക് മികച്ച ഔട്ട്റീച്ചും പ്ലേസ്മെന്റ് അവസരങ്ങളും ഉറപ്പാക്കുന്നതിനായി മറ്റ് ജില്ലകളിലും റീച്ചിന്റെ ഉപഗ്രഹ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചും ഫിനിഷിംഗ് കോഴ്സ് വിപുലീകരിക്കും. കോർപ്പറേഷൻ ഇതിനകം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സിഎംഡി), ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് (ഒഡിഇപിസി) എന്നിവയുമായി സഹകരിച്ച് വിദേശത്ത് ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന ബിരുദ/ജിഎൻഎം നഴ്സുമാർക്കായി അഡ്വാൻസ്ഡ് സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം ഇൻ നഴ്സിംഗ് (എഎസ്ഇപിഎൻ) പ്രോഗ്രാം നടത്തുന്നുണ്ട്. അടുത്ത പഞ്ചവത്സര പദ്ധതി കാലയളവിലും പരിപാടി തുടരും. അന്താരാഷ്ട്ര ഭാഷാ പരീക്ഷകൾക്കുള്ള ഇംഗ്ലീഷ് പ്രാവീണ്യ പരിശീലനം (IELTS/TOEFL മുതലായവ), വിദേശ ഭാഷാ പരിശീലനം, നൈപുണ്യ വർദ്ധന പരിശീലനം, പാരാമെഡിക്കൽ കോഴ്സുകളിലെ ഉദ്യോഗാർത്ഥികളെ വിദേശ പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നതിന് സഹായിക്കുന്നതിന് ഐടി, സോഫ്റ്റ് സ്കിൽസ് പരിശീലനം എന്നിവയും തുടരും.

പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിലെ ലിംഗ പദവി ശാക്തീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്നത് തുടരും. ഇതിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, ജെൻഡർ പാർക്ക്, കുടുംബശ്രീ, വനിതാ ഘടക പദ്ധതികൾ രൂപീകരിക്കുന്ന പ്രാദേശിക സർക്കാരുകൾ എന്നിവ ഉൾപ്പെടുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതി കാലയളവ് മുതൽ പ്രാദേശിക ഗവൺമെന്റുകൾ പ്രത്യേക മേഖലാ പരിപാടികൾ നടപ്പിലാക്കുന്നു, അതിൽ സ്ത്രീകളുടെയും കുട്ടികളുടെയും ട്രാൻസ്ജെൻഡേഴ്സിന്റെയും പ്രത്യേക ആവശ്യങ്ങൾക്കായി രൂപകൽപ്പന ചെയ്ത പരിപാടികൾ ഉൾപ്പെടുന്നു.

സംസ്ഥാനത്തെ ലിംഗവികസന സംരംഭങ്ങളുടെ തടസ്സങ്ങളിലൊന്ന്, മേഖലകളിലുടനീളമുള്ള ലിംഗപദവി വിഭജിത ഡാറ്റയുടെ അഭാവമാണ്. മൊത്തത്തിലുള്ള ആസൂത്രണത്തിനും നയരൂപീകരണത്തിനും പ്രത്യേക മേഖലാ ഡാറ്റ ആവശ്യമാണ്. പ്ലാൻ സ്കീമുകളുടെ ലിംഗ-സെൻസിറ്റീവ് ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നതിനൊപ്പം സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിലുടനീളം കൂടുതൽ ലിംഗ-വിഭജിത ഡാറ്റ സൃഷ്ടിക്കുന്നതിനും ലിംഗ-സെൻസിറ്റീവ് മൂല്യനിർണ്ണയ സാങ്കേതികതകളിൽ കഴിവുകൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി സഹായിക്കും.

15.2 ശിശുക്ഷേമം

ശിശുക്ഷേമം കുട്ടികളുടെ ശാരീരികവും സാമൂഹികവും മാനസികവുമായ ക്ഷേമവുമായി ബന്ധപ്പെട്ടതാണ്, പ്രത്യേകിച്ച് ദാരിദ്ര്യത്തിൽ ബുദ്ധിമുട്ടുന്ന അല്ലെങ്കിൽ മാതാപിതാക്കളുടെ സാധാരണ പരിചരണവും മേൽനോട്ടവും ഇല്ലാത്ത കുട്ടികൾക്ക്. കുട്ടികൾ സുരക്ഷിതരാണെന്നും കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ പരിപാലിക്കാൻ ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ രൂപകൽപ്പന ചെയ്ത സേവനങ്ങളുടെ തുടർച്ചയാണിത്. 1989-ലെ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ, വംശം, ദേശീയത, മതം തുടങ്ങിയ എല്ലാ പരിഗണനകൾക്കും അതീതമായി നൽകേണ്ടതും പ്രഖ്യാപിക്കേണ്ടതും അംഗീകരിക്കേണ്ടതുമാണെന്നും ഏറ്റവും മികച്ചത് കുട്ടികൾക്ക് നല്കുവാൻ മനുഷ്യസമൂഹം കടപ്പെട്ടിരിക്കുന്നുവെന്ന് തത്വം അംഗീകരിക്കുകയും ചെയ്യുന്നു.

ശിശു സംരക്ഷണ പരിപാടികൾ കുട്ടികളെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള സേവനങ്ങളെ പിന്തുണയ്ക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നു. ദുരുപയോഗത്തിന്റെയും അവഗണനയുടെയും റിപ്പോർട്ടുകൾ കഴിയുന്നതും ശേഖരിക്കുകയും, കുട്ടികളുടെ സംരക്ഷണവും പരിചരണവും ആവശ്യമുള്ള കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകുകയും, കുട്ടികളുടെ ആവശ്യങ്ങൾ, ശക്തി, വിഭവങ്ങൾ എന്നിവ വിലയിരുത്തുന്നതും കുടുംബങ്ങൾ, ബന്ധുക്കൾ അല്ലെങ്കിൽ വളർത്തു കുടുംബങ്ങൾ ഉള്ള കുട്ടികളുടെ ക്ഷേമവും ഉറപ്പാക്കുകയും ചെയ്യുന്നു. ആരോഗ്യ സംരക്ഷണം വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുക, അവരുടെ വ്യക്തിത്വം വികസിപ്പിക്കുക, സന്തോഷകരമായ അന്തരീക്ഷത്തിൽ വളരുക, അവരുടെ അവകാശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നല്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ശിശുവികസനത്തെക്കുറിച്ചുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി – ഒരു അവലോകനം

വൈകല്യങ്ങൾ കാരണം പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾ ഉൾപ്പെടെ എല്ലാവർക്കും മനുഷ്യ വളർച്ചയ്ക്കും വികാസത്തിനും ഏറ്റവും പ്രധാനപ്പെട്ട വർഷങ്ങളാണ് മനുഷ്യജീവിതത്തിന്റെ ആദ്യ വർഷങ്ങൾ. 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ളവരിലെ കഴിവുകൾ വികസിപ്പിക്കുന്നത് സ്കൂളുകളിലും ജീവിതത്തിലും തുടർന്നുള്ള വിജയത്തിന് ആവശ്യമാണ്.

3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് നൽകുന്ന സംഘടിത വിദ്യാഭ്യാസത്തിന്റെ ആദ്യ ഘട്ടമാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം; കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കുന്നതിന് സാർവത്രികവും തുല്യവും സന്തോഷകരവും ഉൾക്കൊള്ളുന്നതും സാന്ദർഭികവുമായ പഠന അവസരങ്ങളിലേക്കുള്ള പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ആരോഗ്യകരമായ മനോഭാവങ്ങൾ, നല്ല മൂല്യങ്ങൾ, വിമർശനാത്മക ചിന്താ കഴിവുകൾ, സഹകരണം, ആശയവിനിമയം, സർഗ്ഗാത്മകത, സാങ്കേതികവിദ്യ, സാക്ഷരത, സാമൂഹിക-വൈകാരിക വികസനം എന്നിവ വികസിപ്പിച്ചെടുക്കുന്ന ആരോഗ്യകരമായ മനോഭാവങ്ങൾ, വികസനം എന്നിവയിലൂടെ ആജീവനാന്ത പഠനത്തിന് ഉറച്ച അടിത്തറ കെട്ടിപ്പടുക്കുന്നതിലൂടെ വ്യക്തിഗത സാധ്യതകൾ പരമാവധിയാക്കാനും ഇത് ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന ഗവൺമെന്റിന്റെ പ്രാഥമിക സജ്ജീകരണങ്ങളിൽ അങ്കണവാടികൾ, നഴ്സറി സ്കൂളുകൾ, കിന്റർഗാർട്ടനുകൾ, മോണ്ടിസോറി സ്കൂളുകൾ, പൊതു-സ്വകാര്യ സ്കൂളുകളിൽ പ്രീ-പ്രൈമറി വിഭാഗങ്ങൾ എന്നിവയുമുണ്ട്.

വനിതാ ശിശു വികസന വകുപ്പ് (WCD) ഉടമസ്ഥതയിൽ സംസ്ഥാനത്ത് 33,115 അംഗൻവാടികൾ പ്രവർത്തിക്കുന്നു; ഇതിൽ 8,313 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാന - കേന്ദ്ര പദ്ധതികൾക്ക് കീഴിൽ ഈ അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വകുപ്പ് ബോധപൂർവമായ ശ്രമങ്ങൾ നടത്തി. സ്ഥലം ലഭ്യതയുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് 6 തരം പ്ലാനുകളും എസ്റ്റിമേറ്റുകളും രൂപകൽപന ചെയ്യുകയും ക്ലാസ് മുറികൾ, ഡൈനിംഗ് ഹാൾ, അടുക്കള, സ്റ്റോർ റൂം, ക്രിയേറ്റീവ് സോൺ, ഇൻഡോർ, ഔട്ട്ഡോർ കളിസ്ഥലം എന്നിവയ്ക്ക് മതിയായ സ്ഥലമുള്ള സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ആദ്യത്തേത് തിരുവനന്തപുരം ജില്ലയിൽ നിർമ്മിക്കുകയും 155 സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണത്തിന് അനുമതി നൽകുകയും ചെയ്തു.

പൊതു നിയന്ത്രണങ്ങളിലും ലോക്ക്ഡൗണുകളിലും പ്രീ-സ്കൂൾ വിദ്യാഭ്യാസം തുടരാനുള്ള വനിതാ ശിശു വികസന വകുപ്പിന് മുമ്പിൽ കോവിഡ്-19 അഭൂതപൂർവമായ വെല്ലുവിളി ഉയർത്തി. വിദഗ്ധരായ അംഗൻവാടി പ്രവർത്തകരുടെയും ഓഫീസർമാരുടെയും ഒരു ടീമിനെ സംഘടിപ്പിച്ച്, കുട്ടികളുടെ വികസനത്തിന്റെ അഞ്ച് പ്രധാന മേഖലകളായ ഭാഷ, ശാരീരികം, വൈജ്ഞാനികം, സാമൂഹികം, വൈകാരികം, സർഗ്ഗാത്മകത എന്നിവയെ പരിപോഷിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള 30 വിഷയങ്ങളിൽ സംപ്രേക്ഷണത്തിനായി ഉള്ളടക്കം വികസിപ്പിച്ചുകൊണ്ട് വകുപ്പ് ഇതിനോട് പ്രതികരിച്ചു. വിക്ടേഴ്സ് ടിവി ചാനലിൽ കിളികൊഞ്ചൽ എന്ന ലേബലിൽ വീഡിയോകൾ പ്രക്ഷേപണം ചെയ്യുകയും ഡിപ്പാർട്ട്മെന്റിന്റെ യൂട്യൂബ് ചാനലിൽ ഇത് പോഡ്കാസ്റ്റ് ചെയ്യുകയും ചെയ്തു. ഡിപ്പാർട്ട്മെന്റ് തീം അടിസ്ഥാനമാക്കിയുള്ള പ്രീസ്കൂൾ പ്രവർത്തന പോസ്റ്ററുകൾ വികസിപ്പിക്കുകയും കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ഈ കാലയളവിലെ വിദ്യാഭ്യാസ ഉള്ളടക്ക വികസനത്തിലെ മറ്റൊരു നേട്ടം വയനാട് ജില്ലയിലെ പ്രധാന ഗോത്രമായ "പണിയ"യുടെ മാതൃഭാഷയിൽ പ്രീസ്കൂൾ പഠനോപാധികൾ വികസിപ്പിച്ചുഎന്നതാണ്.

ഇന്ത്യാ ഗവൺമെന്റിന്റെ സംയോജിത ശിശുവികസന പദ്ധതിയുടെ അടിസ്ഥാനഘടകങ്ങളിലൊന്നാണ് സപ്ലിമെന്ററി പോഷകാഹാരം, ഇപ്പോൾ കുട്ടികളിലെ മൈക്രോ ന്യൂട്രിയന്റ് പോഷകാഹാരക്കുറവ് സുസ്ഥിരമായ രീതിയിൽ പരിഹരിക്കുന്നതിന് അങ്കണവാടികൾ വഴി നൽകുന്ന ഭക്ഷണത്തിന്റെ മെച്ചപ്പെടുത്തലിനായി ശ്രമിക്കുന്നു. വനിതാ ശിശു വികസന വകുപ്പ്, വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) സഹകരണത്തോടെ അങ്കണവാടികളിലെ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ചൂടോടെ പാകം ചെയ്ത ഭക്ഷണമായി വിളമ്പുന്ന അരിയുടെ ഫോർട്ടിഫിക്കേഷൻ ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ഐസിഡിഎസ് പദ്ധതിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഡിപ്പോയിൽ നിന്ന് വിതരണം ചെയ്യുന്ന അസംസ്കൃത അരി, ഫോർട്ടിഫൈഡ് അരിക്കുരു കലർത്തി അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പദ്ധതിയാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയത്. ഇതുകൂടാതെ, 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾക്ക് "ടേക്ക് ഹോം റേഷൻ" എന്ന പേരിൽ നൽകുന്ന അമൃതം ന്യൂട്രിമിക്സിന്റെ മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ വയനാട് ജില്ലയിലും ആരംഭിക്കുകയും പിന്നീട് മറ്റെല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു.

ഒരു സ്ത്രീയുടെ ഗർഭം (270 ദിവസം) മുതൽ അവളുടെ കുട്ടിയുടെ രണ്ടാം ജന്മദിനം (730 ദിവസം) വരെയുള്ള 1000 ദിവസങ്ങളുടെ നിർണായകത തിരിച്ചറിഞ്ഞ് സർക്കാർ 1000 ദിന പരിപാടി ആരംഭിച്ചു. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കുമായി പതിവായി മെഡിക്കൽ ക്യാമ്പുകൾ, ചികിത്സാ ഭക്ഷണ വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ പരിപാടിയിൽ ഉൾപ്പെടുന്നു. പരീക്ഷണാടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച പദ്ധതി 2018-19ൽ തീരദേശ, മലയോര മേഖലകളിലെ മറ്റ് 10 ഐ.സി.ഡി.എസ് പദ്ധതികളിലേക്കും പിന്നീട് തീരദേശ, മലയോര മേഖലകളിലെ 17 ഐ.സി.ഡി.എസ് പദ്ധതികളിലേക്കും വ്യാപിപ്പിച്ചു.

പോഷകാഹാര വിദഗ്ധന്റെ സഹായത്തോടെ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ഭക്ഷണരീതി പരിശോധിക്കുകയും പ്രാരംഭ ഘട്ടത്തിൽ പോഷകാഹാരക്കുറവിന്റെ അപകടസാധ്യത തിരിച്ചറിയുകയും വ്യക്തിക്ക് പോഷകാഹാരക്കുറവ് ഉണ്ടാകുന്നതിന് മുമ്പ് ഇടപെടുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ സ്ഥാപിച്ചു.

നാഷണൽ ഫാമിലി ഹെൽത്ത് സർവേ -5 (NFHS-5) റിപ്പോർട്ട് അനുസരിച്ച്, പോഷകാഹാര പൂരകത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും, NFHS-4 നെ അപേക്ഷിച്ച് കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും വിളർച്ച വർധിക്കുന്നു. കമ്മ്യൂണിറ്റി തലത്തിൽ ആരോഗ്യ പോഷകാഹാര പ്ലാറ്റ്ഫോമുകളുടെ കൂടുതൽ സംയോജനത്തിനും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സാഹചര്യം ആവശ്യമാണ്; കൂടാതെ ഡിപ്പാർട്ട്മെന്റ് ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ കാമ്പയിൻ, അതായത് കാമ്പെയ്ൻ 12 ആരംഭിച്ചു. കോവിഡ് -19 പാൻഡെമിക് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പോഷകാഹാരക്കുറവുള്ള കുട്ടികൾക്കായി വകുപ്പ് തേനമൃത് ന്യൂട്രി ബാറുകൾ വികസിപ്പിച്ചെടുക്കുകയും ഭാരക്കുറവുള്ള 5,832 കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

ജെ.ജെ ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികളുടെ മികച്ച പരിചരണവും സംരക്ഷണവും ഉറപ്പാക്കാൻ ജുവനൈൽ ജസ്റ്റിസ് ആക്ട് (ജെജെ ആക്ട്) സെക്ഷൻ 105 പ്രകാരം 2018 ജനുവരിയിൽ ബാലനിധി എന്ന പേരിൽ സർക്കാർ ജുവനൈൽ ജസ്റ്റിസ് ഫണ്ട് രൂപീകരിച്ചു. ബാലവേല, ബാലഭിക്ഷാടനം, കടത്ത്, തെരുവ് സാഹചര്യത്തിലുള്ള കുട്ടികൾ എന്നിവയിൽ നിന്ന് സംസ്ഥാനം മുക്തമാണെന്ന് ഉറപ്പാക്കാൻ ശരണബാല്യം എന്ന പദ്ധതിക്ക് സർക്കാർ തുടക്കമിട്ടു. ഇത്തരം സാഹചര്യങ്ങളിൽ കുട്ടികളെ തിരിച്ചറിയുന്നതിനും രക്ഷപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും/ സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിനും കുറ്റവാളികൾക്കെതിരെ അന്വേഷണവും പ്രോസിക്യൂഷനും ആരംഭിക്കുന്നതിന് വ്യക്തവും സുസ്ഥിരവുമായ നടപടിക്രമങ്ങൾ വികസിപ്പിക്കുന്നതിനുമാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

കുട്ടികളുടെ കുട്ടിക്കാലം, അവരുടെ കഴിവുകൾ, അവരുടെ അന്തസ്സ് എന്നിവ നഷ്ടപ്പെടുത്തുന്നതും ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഹാനികരവുമായ ജോലിയായാണ് ബാലവേല എന്ന പദം പലപ്പോഴും നിർവചിക്കപ്പെടുന്നത്. നിയമനിർമ്മാണത്തിന് പുറമേ, സമൂഹത്തിൽ നിന്ന് തിന്മയെ പിഴുതെറിയാൻ അധികാരികൾക്ക് ഇത്തരം കേസുകൾ അറിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

കുട്ടികളെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കുടുംബങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വകാര്യ ശിശുസംരക്ഷണ ഏജൻസികൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നിവയുമായി സർക്കാർ പങ്കാളിയാകുന്നു. പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ മാനസിക-സാമൂഹിക സമീപനത്തിലൂടെ പുനരധിവസിപ്പിക്കുന്നതിനുമുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത പരിപാടിയാണ് കാവൽ പ്ലസ്. കുട്ടിക്കും അവന്റെ/അവളുടെ കുടുംബത്തിനും സമഗ്രമായ പരിചരണവും സംരക്ഷണവും നൽകുന്നതിലൂടെ നിയമവുമായി വൈരുദ്ധ്യത്തിൽ ഏർപ്പെടാൻ സാധ്യതയുള്ള കുട്ടികളെ തിരിച്ചറിയുകയും നിയമവിരുദ്ധ പ്രവർത്തനങ്ങളിലേക്കുള്ള അവരുടെ പ്രവേശനം തടയുകയും ചെയ്യുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഒരു വിഭാഗം പോക്സോയെ അതിജീവിച്ചവരുടെ ഇടപെടലുകളിലും പുനരധിവാസത്തിലും പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രോജക്ടിനു കീഴിൽ വികസിപ്പിച്ച സഹായ സംവിധാനം ഒരു കുട്ടിക്ക് ആവശ്യമായ എല്ലാ മാനസിക, വിദ്യാഭ്യാസ, നിയമ പിന്തുണയും പരിപാലനവും നല്കുന്നു. സാമൂഹിക പ്രവർത്തകർ ഒരേ സമയം 50 കുട്ടികളെ ശ്രദ്ധിക്കും, അവർ മുഖ്യധാരയിലേയ്ക്ക് വരുന്നതുവരെ അല്ലെങ്കിൽ ഒരു ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നത് വരെ ഈ പ്രക്രിയ തുടരും.

സ്ഥാപനവൽക്കരണ ജീവിതത്തിനു ശേഷം സമൂഹവുമായി പൊരുത്തപ്പെടാൻ യുവജനങ്ങളെ സഹായിക്കുന്ന ഒരു ആഫ്റ്റർകെയർ പ്രോഗ്രാം സർക്കാർ ആരംഭിച്ചു. കോഴിക്കോട്ടെ നാല് ഹോമുകളിൽ പൈലറ്റ് പ്രോഗ്രാമായി ആരംഭിച്ച് ഒടുവിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഭവനങ്ങളിലേക്കും വ്യാപിപ്പിച്ച പരിപാടിയുടെ പ്രാഥമിക ലക്ഷ്യം കാര്യശേഷി വികസനവും ഔട്ട്റീച്ച് സംരംഭങ്ങളുമാണ്.

കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം (ORC) എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കിയ ആസൂത്രിത കമ്മ്യൂണിറ്റി ഇടപെടലാണ്. 12-18 വയസ്സിനിടയിൽ പ്രായമുള്ള കുട്ടികളുമായും യുവജനങ്ങളുമായും ബന്ധപ്പെടാനും സർക്കാർ ഏജൻസികൾക്കും പ്രൊഫഷണൽ ഏജൻസികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ഒരു വിവിധ സഹകരണ പ്ലാറ്റ്ഫോം സൃഷ്ടിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തുടനീളമുള്ള 348 സ്കൂളുകളിൽ പദ്ധതി പ്രവർത്തിക്കുന്നു.

പല പ്രത്യേക ദത്തെടുക്കൽ ഏജൻസികളിലെയും ശിശു സംരക്ഷണ സ്ഥാപനങ്ങളിലെയും പൊതുവായ ചിത്രം കാണിക്കുന്നത് പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ ദത്തെടുക്കുന്നില്ലെന്നും ഈ ഏജൻസികളുടെ ദീർഘകാല പരിചരണത്തിൽ തുടരുന്നുവെന്നുമാണ്. ഈ കുട്ടികളുടെ താൽപര്യം കണക്കിലെടുത്ത് ഒരു എൻജിഒയുടെ സഹായത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി ഒരു വീട് ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചു. എൻജിഒയെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവേശനം നേടിയ കുട്ടികളുടെ തുടർച്ചയായ റിപ്പോർട്ടിംഗ് സുഗമമാക്കുന്നതിന് യുനിസെഫിന്റെ സഹായത്തോടെ ശിശു സംരക്ഷണ സ്ഥാപനങ്ങൾക്കായി ഒരു വെബ്സൈറ്റും വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്.

രക്ഷാകർതൃ കൗൺസിലിങ്ങിന്റെ ആവശ്യം കണക്കിലെടുത്ത്, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് രക്ഷിതാക്കളിലും പൊതുജനങ്ങളിലും അവബോധം വർദ്ധിപ്പിക്കുന്നതിനുമുള്ള ലക്ഷ്യങ്ങളോടെ മെച്ചപ്പെട്ട രക്ഷാകർതൃത്വത്തിലേക്ക് മാതാപിതാക്കളെ നയിക്കാൻ പാരന്റിംഗ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. രക്ഷാകർതൃ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിനും വിവിധ പെരുമാറ്റപരവും വൈകാരികവുമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ പിന്തുണയ്ക്കുന്നതിനും മാതാപിതാക്കളെ പ്രാപ്തരാക്കുന്നതിനുമായി ഉത്തരവാദിത്ത രക്ഷാകർതൃത്വത്തെ അടിസ്ഥാനമാക്കിയുള്ള "കരുതൽ സ്പർശം" എന്ന കാമ്പയിൻ 2019-ൽ ആരംഭിച്ചു. എല്ലാ പഞ്ചായത്തുകളിലും ശനിയാഴ്ചകളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ ഔട്ട്റീച്ച് ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗവൺമെന്റിന്റെ മറ്റ് ചില സംരംഭങ്ങളാണ് "നിനവ്", ആത്മഹത്യാ പ്രതിരോധ സെൽ, പഠനങ്ങൾ, ഗവേഷണങ്ങൾ, പരിശീലനങ്ങൾ എന്നിവ.

ശിശുവികസനത്തെക്കുറിച്ചുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വീക്ഷണം

ആരോഗ്യം, വിദ്യാഭ്യാസം, മാനവവികസനം തുടങ്ങി നിരവധി എച്ച് ഇൻഡക്സുകളിൽ ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിൽ കേരളം മുൻനിരയിലുണ്ട്. ശിശുമരണനിരക്കും (ഐഎംആർ) അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്കും ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ മറ്റ് വലിയ സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ, ശിശുമരണ നിരക്ക് 6 എന്ന ഒറ്റ അക്കമുള്ള ഏക സംസ്ഥാനം കേരളമാണ്, ഇത് OECD (ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ-ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ്) രാജ്യങ്ങളുടെ ശിശുമരണ നിരക്കിന് തുല്യമാണ്, അതേസമയം ഇന്ത്യയിലെ ശിശുമരണ നിരക്ക് 30 ആണ്. കേരളത്തിലെ അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 10 ആണ്. ഇന്ത്യയിലെ അനുബന്ധ കണക്ക് 36 ആണ്. അതുപോലെ, കേരളത്തിലെ ജനനസമയത്തെ ആയുർദൈർഘ്യം 75.3 ആണ്. ഇത് അഖിലേന്ത്യാ തലത്തിലുള്ള കണക്കിനേക്കാൾ കൂടുതലാണ് (69.4). മാതൃമരണ നിരക്ക് (MMR) 1,00,000 ജനങ്ങളിൽ 30 ൽ താഴെയാക്കുക എന്ന യു.എൻ സുസ്ഥിര വികസന ലക്ഷ്യം 2019 ൽ തന്നെ കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞു (നിശ്ചയിച്ചിരുന്നതിനെക്കാൾ ഒരു വർഷം മുൻപേ തന്നെ). കേരളത്തിലെ MMR 30 ഇന്ത്യയിലെ ഏറ്റവും കുറവാണ്; ഇന്ത്യയിലെ നിരക്ക് 103 ആണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, കേരളം സാർവത്രിക എൻറോൾമെന്റ് കൈവരിച്ചിരിക്കുന്നു, കൂടാതെ ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്കും കേരളത്തിലാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി മുൻ പദ്ധതി കാലയളവുകളിൽ സംസ്ഥാനം കൈവരിച്ച പുരോഗതി തുടരുന്നതിനും പരിപാടികളുടെ ഗുണമേന്മ, പര്യാപ്തത, വ്യാപ്തി എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ എന്നിവ ഏകീകരിക്കും. കുട്ടികളുടെ ശാരീരികവും സാംസ്കാരികവും ബൗദ്ധികവുമായ വികാസത്തിനുള്ള അവസരങ്ങൾ മെച്ചപ്പെടുത്തി അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വൈവിധ്യവും ഏകോപിതവുമായ ശ്രമങ്ങളെ പദ്ധതി പിന്തുണയ്ക്കും.

കുട്ടിക്കാലത്തെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗവൺമെന്റിന് നല്ല ബോധ്യമുണ്ട്. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾ ഉൾപ്പെടെയുള്ള കുട്ടികളുടെ വൈകാരികവും സാമൂഹികവും വ്യക്തിപരവുമായ വളർച്ച നിറവേറ്റുന്നതിന് പ്രീ-സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നത് തുടരും. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിലൂടെയും അവിടെ ലഭ്യമായ കളികളുടെയും പഠനോപകരണങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെയും ശിശു സംരക്ഷണത്തിന്റെയും ബാല്യകാല വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ആരോഗ്യം, പോഷകാഹാരം, നേരത്തെയുള്ള പഠനം എന്നിവയുള്ള ഊർജ്ജസ്വലമായ കേന്ദ്രങ്ങളായി അങ്കണവാടികളെ പുനഃസ്ഥാപിക്കും. അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും സൗകര്യങ്ങളും ഉൾപ്പെടുത്തി അങ്കണവാടികളുടെ സേവന വിതരണം മെച്ചപ്പെടുത്തും. ഡിജിറ്റൽ വിഭജനം ഉൾപ്പെടെ വിവിധ വിഭാഗം കുട്ടികൾക്കിടയിലുള്ള എല്ലാ തരം ഭിന്നതകളും അവസാനിപ്പിക്കാൻ പരിപാടികൾ രൂപപ്പെടുത്തും. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ഉയർന്ന നിലവാരമുള്ള റസിഡൻഷ്യൽ വിദ്യാഭ്യാസത്തിനായി പെഡഗോഗി, അടിസ്ഥാന സൗകര്യങ്ങൾ, അക്കാദമിക് സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തും.

അങ്കണവാടികളിലെ പോഷകാഹാര പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി സഹായിക്കും. കുട്ടികളുടെ പോഷകാഹാര നിലയെക്കുറിച്ചുള്ള NFHS-5 ഡാറ്റ അനുസരിച്ച്, വളർച്ച മുരടിച്ച കുട്ടികളുടെ എണ്ണം 23.4 ശതമാനം ആയും ഭാരക്കുറവുള്ള കുട്ടികളുടെ എണ്ണം 19.7 ശതമാനമായും ഉയർന്നതായി കാണുന്നു. ഈ പോരായ്മകൾ പരിഹരിക്കുന്നതിനും 'വിശപ്പ് രഹിതം' സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിനും, മുട്ടയും പാലും ആഴ്ചയിൽ രണ്ടുതവണ വിതരണം ചെയ്യുന്നതിനായി അങ്കണവാടി മെനുവിൽ ചേർക്കും.

പരിചരണം നൽകുന്നവരിൽ നിന്നുള്ള വേർപിരിയൽ, ലൈംഗികാതിക്രമവും ചൂഷണവും, നേരത്തെയുള്ള വിവാഹം, നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ബാലവേല, മനുഷ്യ കടത്ത്, എയ്ഡ്സ്, വൈകല്യങ്ങൾ, അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവില്ലായ്മ തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് കുട്ടികൾ വിധേയരാകുന്നു. അക്രമങ്ങൾ പൂർണ്ണമായി തടയുന്നതിനും കുടുംബങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഈ പ്രശ്നങ്ങളുടെ തോത് കുറയ്ക്കുന്നത് വളരെ പ്രധാനമാണ്. കുട്ടികൾക്കും രക്ഷിതാക്കൾക്കും മറ്റ് എല്ലാ പങ്കാളികൾക്കും ശരിയായ സമയത്ത് ശരിയായ തരത്തിലുള്ള വിവരങ്ങൾ നൽകുന്നതിന് ഇത് ആവശ്യപ്പെടുന്നു. കുട്ടികളുടെ സംരക്ഷണം, കുട്ടികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി വനിതാ ശിശു വികസന വകുപ്പ് ഒരു സമഗ്ര മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും. അവബോധത്തിനും വിവരങ്ങൾക്കും പുറമെ, റിപ്പോർട്ടിംഗ് സേവനങ്ങളിലും ആപ്ലിക്കേഷൻ ശ്രദ്ധിക്കും.

ഇന്നത്തെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളനുസരിച്ച് മറ്റ് നിരവധി സംരംഭങ്ങൾ വകുപ്പ് ഏറ്റെടുക്കും. ഡേ കെയർ സെന്ററുകൾ, പ്രീ-സ്കൂളുകൾ, കിന്റർഗാർട്ടനുകൾ തുടങ്ങിയ ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും പ്രവർത്തനത്തിനും സ്റ്റാൻഡേർഡ് മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും വികസിപ്പിക്കും. ജോലി ചെയ്യുന്ന അമ്മമാരുടെ കുട്ടികളെ പരിപാലിക്കുന്നതിനായി അങ്കണവാടികൾ രാവിലെ 7 മുതൽ വൈകിട്ട് 7 വരെ തുറന്ന് പ്രവർത്തിക്കുന്നതിന് ഈ പദ്ധതി കാലയളവിൽ ഒരു മാതൃകാ അംഗൻവാടി കം ക്രെഷ് വികസിപ്പിക്കും. രണ്ട് അങ്കണവാടികൾ ഒന്നിച്ചോ ഒരു അങ്കണവാടിയോ ക്രെഷോടുകൂടിയ ഒരു അങ്കണവാടിയോ ക്ലബ് ചെയ്യുന്നതിനാൽ അധിക മനുഷ്യവിഭവശേഷിയും ചെലവും കൂടാതെ പ്രവർത്തന സമയം നീട്ടും. കോവിഡ്-19ൽ അനാഥരായ കുട്ടികൾക്ക് 3.00 ലക്ഷം രൂപ സ്ഥിരനിക്ഷേപവും പ്രതിമാസം ₹ 2000/- ധനസഹായവും സർക്കാർ തുടരും. അവർക്ക് 18 വയസ്സ് വരെ ഈ സഹായം തുടരും. ശാരീരികവും ബൗദ്ധികവുമായ വൈകല്യമുള്ള കുട്ടികളുടെ ആരോഗ്യ പരിരക്ഷയും പ്രത്യേക ആവശ്യങ്ങളും അഭിസംബോധന ചെയ്യുന്ന പദ്ധതികളെ പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കുന്നത് തുടരും, പോക്സോ നിയമത്തിന്റെ നടപ്പാക്കൽ ശക്തിപ്പെടുത്തുകയും അതിന്റെ വ്യവസ്ഥകളെക്കുറിച്ചുള്ള അവബോധം മെച്ചപ്പെടുത്തുകയും ചെയ്യും.

ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും വേണ്ടിയുള്ള മെഡിക്കൽ ക്യാമ്പുകൾ, ചികിത്സാ ഭക്ഷണ വിതരണം, ബോധവൽക്കരണ ക്ലാസുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി 1000 ദിന പരിപാടി തുടരും. കേരളത്തിലെ 28 ഐസിഡിഎസ് പദ്ധതികളിൽ ഇപ്പോൾ നടപ്പാക്കുന്ന പദ്ധതി 14 ഐസിഡിഎസ് പദ്ധതികളിലേക്ക് കൂടി വ്യാപിപ്പിക്കും അങ്ങനെ ഒരു ജില്ലയിൽ കുറഞ്ഞത് ഒരു പദ്ധതിയെങ്കിലും വരും.

കുട്ടിയുടെ സാധാരണ വികസനത്തിന് ആവശ്യമായ ശാരീരികവും മാനസികവുമായ മാർഗങ്ങൾ നൽകും. ദാരിദ്ര്യം, രോഗം, കുറ്റകൃത്യം, അനാഥത്വം എന്നിവയ്ക്ക് വിധേയരായ നിർദ്ധനരായ കുട്ടികൾക്ക് ഭക്ഷണം, പരിചരണം, സംരക്ഷണം, പിന്തുണ എന്നിവ നൽകും. കുട്ടി ഉത്തരവാദിത്തമുള്ള പൗരനായി വളരണം, അവന്റെ കഴിവുകൾ സഹജീവികളുടെ സേവനത്തിനായി ചെലവഴിക്കണം. പതിനാലാം പഞ്ചവത്സര പദ്ധതിക്കായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിന്റെയും ഏജൻസികളുടെയും പ്രധാന സംരംഭങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

വനിതാ ശിശു വികസന വകുപ്പ്

- അങ്കണവാടി മെനുവിൽ മുട്ടയും പാലും ഉൾപ്പെടുത്തൽ - അംഗൻവാടിലെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടുതവണ അങ്കണവാടി മെനുവിൽ മുട്ടയും പാലും ഉൾപ്പെടുത്താൻ തീരുമാനിച്ചു.

- പോക്സോ കേസുകളുടെയും അക്രമങ്ങളുടെയും ഇരകൾക്കായി വീടുകൾ സ്ഥാപിക്കൽ

- കോവിഡ് - 19 ൽ മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് വകുപ്പ് ₹ 3.00 ലക്ഷം നിക്ഷേപിക്കുകയും 18 വയസ്സ് തികയുന്നതുവരെ പ്രതിമാസ സഹായമായി 2000/- നൽകുകയും ചെയ്യും.

- 18 വയസ്സ് തികയുകയും വരുമാനം നേടാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഉപജീവനമാർഗം നേടുന്നതിനുള്ള വൈദഗ്ധ്യം നേടുകയോ ചെയ്ത ശേഷം സ്ഥാപന സംരക്ഷണത്തിൽ നിന്ന് പുറത്തുപോകുന്ന സ്ത്രീകൾക്ക് സ്വതന്ത്ര വീടുകൾ നൽകുന്നതിനുള്ള ഒരു പദ്ധതി "തന്റെയിടം" പദ്ധതിക്ക് കീഴിൽ ഭവനനിർമ്മാണ ബോർഡുമായി സഹകരിച്ച് നടപ്പിലാക്കും.

- ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ പിന്തുടരുന്നതിനും സഹായിക്കുന്നതിനായി രക്ഷിതാക്കൾക്കും കുട്ടികൾക്കും ചൈൽഡ് പ്രൊട്ടക്ഷൻ പ്രവർത്തകർക്കും വേണ്ടി കുട്ടികളുടെ സംരക്ഷണത്തിനുമായി മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കും.

- സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ക്രെഷെസ്/ഡേ കെയർ സെന്ററുകൾ/പ്രീ-സ്കൂൾ/കിന്റർഗാർട്ടനുകളുടെ രജിസ്ട്രേഷനും നിയന്ത്രണങ്ങളും ഡിപ്പാർട്ട്മെന്റിനോട് നിർബന്ധമാക്കും.

- അധിക സാമ്പത്തിക ബാധ്യതകളില്ലാതെ അംഗൻവാടികളുടെ പ്രവർത്തന സമയം രാവിലെ 7.00 മുതൽ വൈകിട്ട് 7.00 വരെ നീട്ടുന്നതിനായി, തിരഞ്ഞെടുത്ത അങ്കണവാടികളെ ക്രെഷോ മറ്റൊരു അങ്കണവാടിയോ ഉപയോഗിച്ച് ക്ലബ്ബിംഗ് ചെയ്യുന്നു.

- കേരളത്തിലെ 28 ഐ.സി.ഡി.എസ് പദ്ധതികളിൽ ഇപ്പോൾ നടപ്പിലാക്കുന്ന ആദ്യത്തെ 1000 ദിന പരിപാടി ഒരു ജില്ലയിൽ ഒരെണ്ണമെങ്കിലും ഉറപ്പാക്കുന്ന 14 ഐസിഡിഎസ് പദ്ധതികളിലേക്ക് കൂടി വ്യാപിപ്പിക്കും.

വനിതാ വികസന കോർപ്പറേഷൻ

- വിവിധ വിഭാഗങ്ങളിലെ സ്ത്രീകൾക്കായി നാഷണൽ ഫിനാൻസ് കോർപ്പറേഷനുകൾ പിന്തുണയ്ക്കുന്ന സ്വയം തൊഴിൽ പരിപാടികളും വായ്പാ പദ്ധതികളും തുടരുകയും ട്രാൻസ്ജെൻഡറുകൾക്ക് 1000 രൂപ വരെ ഈടില്ലാത്ത സ്വയം തൊഴിൽ വായ്പാ പദ്ധതി തുടരുകയും ചെയ്യും. 5 ലക്ഷം രൂപ തിരിച്ചടവ് കാലയളവും 5 വർഷത്തെ മൊറട്ടോറിയം നല്കുകയും ചെയ്യും.

- സംസ്ഥാനത്തുടനീളം നിലവിലുള്ള ഹോസ്റ്റലുകളിലും ഇക്കോണമി ഹോട്ടലുകളിലും മുറികൾ ലഭ്യമാക്കി യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ താമസസൗകര്യങ്ങൾ ലഭ്യമാക്കും.

- റീച്ച് ഫിനിഷിംഗ് സ്കൂൾ വിപുലീകരിക്കും, 1250 നഴ്സുമാർക്കുള്ള ആരോഗ്യ ലക്ഷ്യങ്ങൾക്കായുള്ള സ്കില്ലിംഗ് ആൻഡ് പ്ലേസ്മെന്റ് പ്രോഗ്രാം, ഇംഗ്ലീഷ് പ്രാവീണ്യത്തിനായി പാരാമെഡിക്കൽ പ്രൊഫഷണലുകൾക്കായി സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം 250 നഴ്സുമാരിലേക്ക് വ്യാപിപ്പിക്കും.

- ബോധ്യം - ലിംഗ ബോധവൽക്കരണ പരിപാടി 50000 പോലീസുകാരെയും 10000 പൊതുപ്രവർത്തകരെയുമാണ് ലക്ഷ്യമിടുന്നത്

- കേരളത്തിലെ 14 ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളും ഷോർട്ട് സ്റ്റേ ഹോമുകളും (വനിതാ മിത്ര കേന്ദ്രങ്ങൾ) നിർമ്മിക്കുന്നതിനും സ്ഥാപിക്കുന്നതിനും കോർപ്പറേഷൻ ഇന്ത്യാ ഗവൺമെന്റിന്റെ സഹായം തേടും.

- 500 വനിതാ സംരംഭകരെ പിന്തുണയ്ക്കുന്നതിനായി പ്രോജക്ട് കൺസൾട്ടൻസി വിംഗ് ആരംഭിക്കുകയും 97 കോളേജുകളിലെ വനിതാ വിൽപ്പന പദ്ധതി കാലയളവിൽ 250 കോളേജുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും.

വനിതാ കമ്മീഷൻ

- പദ്ധതി രൂപീകരണത്തിലും നിരീക്ഷണത്തിലും ഉൾപ്പെടുന്നതിനായി ആദിവാസി മേഖലകളിൽ ഹാംലെറ്റ്/സെറ്റിൽമെന്റ്/കോളനി തലത്തിലുള്ള അസോസിയേഷനുകൾ രൂപീകരിക്കും.

- ഹോം നഴ്സുമാർക്കും വീട്ടുവേലക്കാർക്കുമായി ഗ്രീവൻസ് സെൽ; അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്കായി പരാതി സെൽ; കുടിയേറ്റ സ്ത്രീ തൊഴിലാളികൾക്കായി ഹെൽപ്പ് ലൈനും; ഇരകൾക്കും അതിജീവിച്ചവർക്കും വേണ്ടി സപ്പോർട്ട് ഗ്രൂപ്പ് സ്ഥാപിക്കും.

- 45 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്ക് ഡിജിറ്റൽ സാക്ഷരത; വെർചൽ ചാറ്റ് ബോട്ട് കൗൺസിലറും ഫാമിലി കൗൺസിലിംഗ് സെന്ററും നടപ്പാക്കും.

- സ്ത്രീ സംരക്ഷണ നിയമങ്ങൾ അവലോകനം ചെയ്യുകയും ജോലി സ്ഥലത്തെ ലൈംഗിക പീഡന നിയമം 2013 ഭേദഗതി ചെയ്യുകയും ചെയ്യും.

ജെൻഡർ പാർക്ക്

- ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി കോഴിക്കോട് കാമ്പസിൽ ജെൻഡർ ഡാറ്റാ ഹബ് സ്ഥാപിക്കും.

- IIGD – വിമൻ ഇൻ സസ്റ്റൈനബിൾ എന്റർപ്രണർഷിപ്പ് ഫെല്ലോഷിപ്പ് പ്രോഗ്രാം (വൈ.എസ്.ഇ) നടത്തും.

- ശേഷി വികസനം, ലിംഗപദവി ഗവേഷണവും വികസനവും, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയുള്ള ലിംഗ അവബോധം എന്നിവ ഏറ്റെടുക്കും.

- ജെൻഡർ പാർക്ക് കാമ്പസിന്റെ ആദ്യഘട്ട നിർമാണം/അറ്റകുറ്റപ്പണികൾ, ഹെറിറ്റേജ് മ്യൂസിയം, ജെൻഡർ ലൈബ്രറി, ഡോക്യുമെന്റേഷൻ സെന്റർ എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കും.

- ഓർഗനൈസേഷൻ ഓഫ് ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ജെൻഡർ ഇക്വാലിറ്റി (ICGE) പതിനാലാം പദ്ധതിയിൽ തുടരും.

പട്ടിക 15.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വകുപ്പുകളുടെ സാമ്പത്തിക പ്രകടനം (രൂപ കോടിയിൽ)

വകുപ്പുകൾ/ഏജൻസികൾ	**വാർഷിക പദ്ധതി 2017–18**		**വാർഷിക പദ്ധതി 2018–19**		**വാർഷിക പദ്ധതി 2019–20**		**വാർഷിക പദ്ധതി 2020–21**		**വാർഷിക പദ്ധതി 2021–22**	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
സ്ത്രീകളുടെയും കുട്ടികളുടെയും ഡയറക്ടറേറ്റ്	14222.00	6709.81 (47.18)	19674.00	8999.97 (45.75)	19634.00	7313.42 (37.25)	17466.00	12380.05 (70.88)	18049.54	12020.92 (66.60)
കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ	1085.00	1044.75 (96.29)	2800.00	463.50 (16.55)	3000.00	82.80 (2.76)	2511.00 (1357.24)	1357.24	2511	1619.79 (64.51)
കേരള വനിതാ കമ്മീഷൻ	334.00	179.38 (53.71)	540.00	215.28 (39.87)	540.00	270.62 (50.11)	540.00	302.36 (55.99)	540	450.97 (83.51)
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ	125.00	129.35 (103.48)	150.00	54.72 (36.48)	150.00	129.59 (86.39)	250.00	96.79 (38.72)	250.00	142.76 (57.10)
ഹൈക്കോടതി (പോക്സോ കോടതികൾ)							840.00	385.49 (45.89)	665	622.28 (93.58)
പോഷകാഹാരം	22486.00	18974.44 (84.38)	20125.00	14639.88 (72.74)	21875.00	25449.26 (116.34)	20143.00	24408.80 (121.18)	20532.00	19259.86 (93.80)
ആകെ	**38252.00**	**27037.73 (70.68)**	**43289.00**	**24373.35 (56.30)**	**45199.00**	**33245.69 (73.55)**	**41750.00**	**38930.73 (93.25)**	**42547.54**	**34116.58 (80.18)**

അവലംബം:പ്ലാൻസ്പേസ്, കേരള സർക്കാർ

അദ്ധ്യായം 16

പൊതു വിതരണ സമ്പ്രദായം

അവലോകനം

കേരളത്തിലെ ഭക്ഷ്യധാന്യങ്ങളുടെ പൊതുവിതരണത്തിന്റെ ഉത്ഭവം രണ്ടാം ലോകമഹായുദ്ധകാലത്താണ്. തുടർന്ന് സംസ്ഥാന സർക്കാർ 1957-ൽ താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുന്ന അനൗപചാരിക സംവിധാനം ആരംഭിക്കുകയും അത് 1964 വരെ തുടരുകയും ചെയ്തു. കേന്ദ്രസർക്കാർ 1955-ലെ അവശ്യസാധന നിയമത്തിന്റെ അടിസ്ഥാനത്തിൽ, പൊതുവിതരണ സമ്പ്രദായം 1965 ജൂലൈ 1-ന് പ്രാബല്യത്തിൽ കൊണ്ടു വരികയും തുടർന്ന് അത് ഒരു സാർവത്രിക റേഷനിംഗ് സംവിധാനമായി ഇന്ത്യയിലുടനീളം വളരുകയുമുണ്ടായി. സാർവത്രിക റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിൽ കേരളം മുൻനിര നേട്ടങ്ങൾ കൈവരിക്കുകയും, ഇന്ത്യയിലെ ഏറ്റവും ഫലപ്രദവും മികച്ചതുമായ പൊതുവിതരണ സംവിധാനങ്ങളിൽ ഒന്നായി മാറുകയും ചെയ്തിട്ടുണ്ട്. ഇന്ത്യാ ഗവൺമെന്റിന്റെ നയപരമായ മാറ്റങ്ങളെ അടിസ്ഥാനമാക്കി, സംസ്ഥാനം 1997-ൽ ടാർഗെറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ആരംഭിച്ചു. കേന്ദ്ര വിഹിതത്തിൽ നിന്ന് അനുവദിക്കുന്ന സാധനങ്ങൾ സമയബന്ധിതമായി ശേഖരിക്കുക, അവ റേഷൻ കടകൾ വഴിയുള്ള വിതരണം ഉറപ്പാക്കുകയും അത് കൃത്യസമയത്തും ഫലപ്രദമായും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുകയാണ് പൊതു വിതരണ സമ്പ്രദായത്തിന്റെ പ്രധാന ഉത്തരവാദിത്തം. ഇന്ത്യാ ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (NFSA) 2013 സംസ്ഥാനത്ത് 2016-ൽ വിജയകരമായി നടപ്പിലാക്കുകയും അതോടൊപ്പം അതിന്റെ പ്രവർത്തനങ്ങളും മേൽനോട്ട സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സംസ്ഥാനത്തെ 14,000 ലധികം റേഷൻ കടകൾ മുഖേനയുള്ള പൊതു വിതരണ സമ്പ്രദായത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കിയിട്ടുണ്ട്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 91.43 ലക്ഷം റേഷൻ കാർഡ് ഉടമകളുണ്ട്.

പൊതു വിതരണ സമ്പ്രദായത്തിന്റെ ഔട്ട്ലെറ്റുകളുടെ ശൃംഖലയിലൂടെ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വിപണി അച്ചടക്കം നടപ്പിലാക്കുക, ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ സുപ്രധാന ചുമതലകൾ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നിർവ്വഹിക്കുന്നു. സംസ്ഥാനത്ത് ഒട്ടാകെ വ്യാപിച്ച് കിടക്കുന്ന തരത്തിൽ സമാനതകളില്ലാത്ത വിതരണ ശൃംഖലകൾ സ്ഥാപിച്ചുകൊണ്ട് സാർവത്രിക പൊതുവിതരണ സംവിധാനത്തിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വകുപ്പ് വലിയ സംഭാവന നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ), കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (സി.എഫ്.ആർ.ഡി) എന്നിവയാണ് ഈ മേഖലയ്ക്ക് കീഴിലുള്ള മറ്റ് ഏജൻസികൾ. എൻ.എഫ്.എസ്.എ 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സപ്ലൈകോയെ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഇടനില ഗോഡൗണുകളുടെ നിർമ്മാണം, ഔട്ട്ലെറ്റ് ശൃംഖല നവീകരിക്കൽ, ഓപ്പൺ മാർക്കറ്റ് വില നിയന്ത്രിക്കുന്നതിനുള്ള മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ് സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ തദ്ദേശീയ ഭക്ഷ്യഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സര നിലവാരം നിലനിർത്തുന്നതിനും ലക്ഷ്യമിട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ സൊസൈറ്റിയാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (സിഎഫ്ആർഡി).

പതിമൂന്നാം പഞ്ചവത്സര പദ്ധതി

2030-ഓടെ വിശപ്പുരഹിത കേരളം സൃഷ്ടിക്കുക എന്നതായിരുന്നു പതിമൂന്നാം പദ്ധതിയിലെ ഈ മേഖലയുടെ മൊത്തത്തിലുള്ള ഊന്നൽ. ജനങ്ങളുടെ ഭക്ഷ്യ-പോഷകാഹാര സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) സമയബന്ധിതമായി നടപ്പിലാക്കുക, എൻ.എഫ്.എസ്.എ യിൽ വിഭാവനം ചെയ്യുന്നതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് സബ്സിഡിയുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുക, പൊതു വിതരണ സമ്പ്രദായ ശൃംഖലയിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിക്കൊണ്ട് ഭക്ഷ്യ ലഭ്യതയും വിതരണവും കാര്യക്ഷമമാക്കുക, ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ കണ്ടെത്തൽ സുഗമമാക്കുക എന്നിവ വിഭാവന ചെയ്തിരുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 366.25 കോടി രൂപ പദ്ധതി സഹായമായി വകയിരുത്തുകയും ഇതിൽ 198.80 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 16.1-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 16.1 പദ്ധതി വിഹിതവും ചെലവും 2017-18 മുതൽ 2021-22 (രൂപ ലക്ഷത്തിൽ)

വർഷം	പദ്ധതി വിഹിതം	ചെലവ്
2017-18	12571.00	9062.29
2018-19	6644.00	2939.19
2019-20	4998.00	2040.87
2020-21	6000.00	3176.78
2021-22	6412.00	2661.17
ആകെ	**36625.00**	**19880.30 (54.28%)**

അവലംബം:സിവിൽ സപ്ലൈസ് വകുപ്പും ഉപഭോക്തൃകാര്യാ വകുപ്പ്

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

റേഷൻ കടകളുടെ നവീകരണവും ഡിജിറ്റലൈസേഷനും: ഏകീകൃത മാതൃകയിൽ റേഷൻ കടകളുടെ നവീകരണവും ഓട്ടോമേഷനും, ഇ-റേഷൻ കാർഡ് പദ്ധതി നടപ്പാക്കലും, എ.ടി.എം കാർഡുകളുടെ വലുപ്പത്തിൽ റേഷൻ കാർഡുകളുടെ വിതരണവും, എവിടെനിന്നും എളുപ്പത്തിൽ റേഷൻ ലഭ്യമാക്കുന്നതിനായി 'ഒരു രാജ്യം ഒറ്റ റേഷൻ കാർഡ്' പരിപാടി എന്നിവ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളിലും (എഫ്.പി.എസ്) ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ പോസ്) മെഷീനുകൾ സ്ഥാപിക്കുകയും മെച്ചപ്പെട്ട ഗുണനിലവാരത്തോടെ ശരിയായ അളവിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ മാസവും കാർഡുടമകൾക്ക് അർഹമായ വിഹിതം സംബന്ധിച്ച് അവരെ എസ്.എം.എസ് വഴി അറിയിക്കുന്നു.

വനം/പട്ടിക വർഗ്ഗ/തീരദേശ/വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ/തീരദേശ അഗതികൾക്കും പ്രകൃതിക്ഷോഭം ബാധിച്ച ആളുകൾക്കും റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം: അന്ത്യോദയ അന്ന യോജന (എ.എ.വൈ) ഗുണഭോക്താക്കൾ കൂടുതൽ അധിവസിക്കുന്ന മലയോര മേഖലകളിൽ ന്യായവില കട മുഖേനയുള്ള വാതിൽപ്പടി വിതരണവും മൊബൈൽ ന്യായവില കടകളും ക്രമീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ 8 ജില്ലകളിലെ പട്ടിക വർഗ്ഗ മേഖലകളിൽ മൊബൈൽ റേഷൻ കടകൾ ആരംഭിച്ചു.

സാർവത്രിക പരിരക്ഷ ഉറപ്പാക്കൽ: സാർവത്രിക പരിരക്ഷ ഉറപ്പാക്കുന്നതിന്, എൻഎഫ്എസ്എ-യുടെ പരിധിക്കപ്പുറമുള്ള മിക്കവാറും എല്ലാ വിഭാഗം ആളുകൾക്കും കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ വിതരണം ചെയ്തു. യോഗ്യരായ കുടുംബങ്ങളുടെ വിശദാംശങ്ങൾ പൊതുസഞ്ചയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനത്തിന്റെ ജി.പി.എസ് ട്രാക്കിംഗ്: കാര്യക്ഷമമായ സേവന വിതരണത്തിന്റെ ഭാഗമായി ടാർഗെറ്റഡ് പൊതുവിതരണ സംവിധാനത്തിനായി ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്ന വാഹനത്തിന്റെ സഞ്ചാരപാത രേഖപ്പെടുത്തി പരിശോധിക്കുന്നു.

പരാതി പരിഹാര സംവിധാനവും ഉപഭോക്തൃ ബോധവൽക്കരണ പരിപാടികളും: പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ പ്രത്യേക കോൾ സെന്റർ രൂപീകരിച്ചു. ഓരോ ജില്ലയിലും പരാതി പരിഹാര ഓഫീസർമാരും പ്രവർത്തിക്കുന്നുണ്ട്. ഓരോ ജില്ലയിലെയും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ നിയമത്തിന്റെ 15-ാം വകുപ്പ് പ്രകാരം ആ ജില്ലയിലെ ജില്ലാ പരാതി പരിഹാര ഓഫീസറായി നിയമിച്ചിരിക്കുന്നു. അച്ചടി, ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി ബോധവത്കരണ പരിപാടികൾ നടത്തുന്നു.

സോഷ്യൽ ഓഡിറ്റ് പ്രോജക്ട്: നിയമത്തിലെ സെക്ഷൻ 28 പ്രകാരം പൊതുവിതരണ സമ്പ്രദായത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ തീരുമാനിച്ചു. പ്രാരംഭമായി തിരുവനന്തപുരം സിറ്റി റേഷനിംഗ് ഓഫീസ് (വടക്ക്) മേഖലയിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കി.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരണം: സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ 2019-ൽ ആരംഭിച്ചു. ജില്ലാതല ബോധവത്കരണ പരിപാടികൾ നടത്തുകയുണ്ടായി.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (CFRD): കോളേജ് ഓഫ് ഇൻഡിജിനസ് ഫുഡ് ടെക്നോളജിക്ക് ലബോറട്ടറികൾ, പരിശീലന പരിപാടികൾ, സിഎഫ്ടി-കെ യ്ക്കായി കോൺഫറൻസ് ഹാൾ, ലൈബ്രറി, എറണാകുളത്തെ ഇലഞ്ഞിയിൽ ശീതീകരിച്ച സംഭരണ സംവിധാനവും പച്ചക്കറികളുടേയും പഴങ്ങളുടേയും നിർജ്ജലീകരണ യൂണിറ്റ് സ്ഥാപിക്കലും, സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് സ്ഥാപിക്കൽ, സിഎഫ്ടി-കെയിൽ പെൺകുട്ടികൾക്കായി ഹോസ്റ്റലുകളുടെ നിർമ്മാണം, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയുടെ നവീകരണം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻ.എഫ്.എസ്.എ) നടപ്പാക്കുന്നതിനുള്ള സഹായം: എൻഡ് ടു എൻഡ് കംപ്യൂട്ടറൈസേഷൻ, റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷനും ആധാർ സീഡിംഗും, പരാതി പരിഹാര പോർട്ടൽ, എസ്എംഎസ് ചെലവ്, സോഫ്റ്റ്‌വെയർ നിരക്കുകൾ, ബയോമെട്രിക് ഉപകരണങ്ങളും ഇ-പോസ് മെഷീനുകളും സ്ഥാപിക്കൽ, എഫ്സിഐയിൽ നിന്നും അംഗീകൃത റേഷൻകടകളുടെ തലം വരെയുള്ള സപ്ലൈ ചെയിൻ മാനേജ്മെന്റ്, ജി.പി.എസും സി.സി.ടി.വിയും സ്ഥാപിക്കൽ, താലൂക്ക്, ജില്ലാ സപ്ലൈ ഓഫീസുകളുടെ കംപ്യൂട്ടർവൽക്കരണം, ഐ.സി.ടി ഇൻഫ്രാസ്ട്രക്ചറും, കണക്റ്റിവിറ്റിയും, കാര്യശേഷി വികസനം/വർക്ക്ഷോപ്പുകൾ/ എൻ.എഫ്.എസ്.എയെക്കുറിച്ചുള്ള പരിശീലനം, സോഷ്യൽ ഓഡിറ്റ്, ഐഇസി പ്രവർത്തനങ്ങൾ, ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള ദേശീയ സെമിനാർ, ശിൽപശാലകൾ, സെമിനാറുകൾ, അദാലത്തുകൾ, ഇ-ഓഫീസ് നടപ്പാക്കൽ, ഇടനില ഗോഡൗണിന്റെ നിർമ്മാണം തുടങ്ങിയവയാണ് എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള പ്രധാന പ്രവർത്തനങ്ങൾ.

വിശപ്പ് രഹിത കേരളം: വിശപ്പ് രഹിത ക്യാമ്പയിന്റെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകളും മറ്റ് സന്നദ്ധ സംഘടനകളും/സർക്കാരിതര സംഘടനകളും ഉച്ചഭക്ഷണം പാകം ചെയ്ത് സുഭിക്ഷ ഹോട്ടലുകൾ വഴി കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നു.

സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളുടെ നവീകരണം: 241 ഔട്ട്‌ലെറ്റുകൾ നവീകരിച്ചിട്ടുണ്ട്. ഡിപ്പോ മാനേജ്മെന്റ് സിസ്റ്റം, ഔട്ട്‌ലെറ്റ് മാനേജ്മെന്റ് സിസ്റ്റം, ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ സോഫ്റ്റ്‌വെയർ വികസനവും നവീകരണവും, വെബ് അധിഷ്ഠിത കേന്ദ്രീകൃത സോഫ്റ്റ്‌വെയർ സൊല്യൂഷൻ, ടീ ബ്ലെൻഡിംഗ് പ്രവർത്തനങ്ങളുടെ യന്ത്രവൽക്കരണം തുടങ്ങിയവയാണ് ഈ പരിപാടിയുടെ മറ്റ് പ്രവർത്തനങ്ങൾ.

അടിസ്ഥാന സൗകര്യ വികസന സംരംഭങ്ങൾ: കൊച്ചി സിറ്റി റേഷനിംഗ് ഓഫീസ്, ജില്ലാ സപ്ലൈ ഓഫീസ് മലപ്പുറം, താലൂക്ക് സപ്ലൈ ഓഫീസുകൾ എന്നിവയുടെ നിർമ്മാണം, 235 സപ്ലൈകോ ഔട്ട്‌ലെറ്റുകളുടെ നവീകരണം, തിരുവനന്തപുരം ജില്ലയിൽ വലിയതുറയിലും കൊല്ലം ജില്ലയിൽ റെയിൽവേ സ്റ്റേഷന് സമീപവുമുള്ള രണ്ട് ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. സപ്ലൈകോയുടെ കീഴിലുള്ള തിരുവല്ലയിലേയും കൊച്ചിയിലേയും ഗോഡൗണുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

പൊതുവിതരണ സമ്പ്രദായവും കോവിഡ്-19 പ്രതികരണവും: 2020 ജനുവരിയിൽ കോവിഡ്-19 പകർച്ചവ്യാധി പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് കേരള സംസ്ഥാനം 1956-ൽ രൂപീകൃതമായതിന് ശേഷം, ആദ്യമായി ഭക്ഷ്യമേഖല അസാധാരണമായ ഒരു സാഹചര്യത്തിന് സാക്ഷ്യം വഹിച്ചു. എന്നാൽ ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെയും താഴെത്തട്ടു വരെയുള്ള ശൃംഖലാ സംവിധാനങ്ങളുടെയും സഹായത്തോടെ കോവിഡ്-19 പൊട്ടിപ്പുറപ്പെട്ടതുമൂലമുള്ള പ്രശ്നങ്ങളും, മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ സൃഷ്ടിച്ച പ്രതിസന്ധിയും മറികടക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇ-പോസ് മെഷീനുകൾ, ഓൺലൈൻ അലോക്കേഷൻ സംവിധാനങ്ങൾ, ഫലപ്രദമായ വിതരണ ശൃംഖലാ സംവിധാനങ്ങൾ, മികച്ച രീതിയിൽ

തരംതിരിച്ചിട്ടുള്ള ഗുണഭോക്തൃ ഡാറ്റ, സ്മാർട്ട് പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയോട് കൂടിയ പൂർണ്ണമായും ഓട്ടോമേറ്റഡ് ആയി പ്രവർത്തിക്കുന്ന ന്യായവില കടകളുടെ പ്രവർത്തനങ്ങൾ കോവിഡ്-19 സംബന്ധമായ അടിയന്തര സാഹചര്യങ്ങൾ വിജയകരമായി നേരിടാൻ നമ്മുടെ സംസ്ഥാനത്തെ സഹായിച്ചു. 2020 ഏപ്രിലിൽ മുൻഗണനേതര സബ്സിഡി (NPS), മുൻഗണനേതര സബ്സിഡി രഹിത (NPNS) എന്നിവയ്ക്ക് കീഴിലുള്ള എല്ലാ കുടുംബങ്ങൾക്കും 15 കിലോ അരി സൗജന്യമായി നൽകി. തുടർന്ന്, സംസ്ഥാനത്തെ 87.9 ലക്ഷം കുടുംബങ്ങൾക്ക് 972 രൂപ വിലയുള്ള 17 ഇനങ്ങൾ ഉൾപ്പെടുന്ന അവശ്യ സാധനങ്ങളുടെ കിറ്റ് സൗജന്യമായി നൽകി. ഇതിനുപുറമെ, അന്ത്യോദയ അന്നയോജന (എ.എ.വൈ), മുൻഗണനാ കാർഡ് ഉടമകൾ (പി.എച്ച്.എച്ച്), എൻ.പി.എസ്, എൻ.പി.എൻ.എസ് തുടങ്ങിയ എല്ലാ വിഭാഗത്തിലുള്ള കുടുംബങ്ങൾക്കും 300 കോടി രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്തു. തുടർന്ന് റേഷൻ കാർഡ് ഉടമകൾക്ക് 11 ഇനം പലചരക്ക് സാധനങ്ങൾ ഉൾപ്പെടുന്ന ഓണം ഫുഡ് കിറ്റുകൾ നൽകുകയും ചെയ്തു. 83,71,176 കുടുംബങ്ങൾക്ക് ഇതിലൂടെ പ്രയോജനം ലഭിച്ചു. കൂടാതെ മുൻഗണനേതര വിഭാഗങ്ങൾക്ക് ഓഗസ്റ്റിൽ കിലോക്ക് 15 രൂപാ നിരക്കിൽ കാർഡൊന്നിന് 10 കിലോ അരി നൽകി. കൂടാതെ 5 കിലോ അരി അല്ലെങ്കിൽ 4 കിലോ ആട്ട കുടിയേറ്റ തൊഴിലാളികൾക്കും അതിഥി തൊഴിലാളികൾക്കും സൗജന്യമായി വിതരണം ചെയ്തു. ഇതിന് പുറമെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട പ്രൈമറി തലം വരെയുള്ള 26,26,110 വിദ്യാർത്ഥികൾക്ക് പല ചരക്ക് സാധനങ്ങളും അരിയും ഉൾപ്പെടുന്ന കിറ്റ് നൽകിയിട്ടുണ്ട്.

നിർണ്ണായകമായ വിടവുകൾ/പ്രശ്നങ്ങൾ

ശാസ്ത്രീയമായി രൂപകല്പന ചെയ്ത താലൂക്ക് തല ഇടനില ഗോഡൗണുകളുടെ അഭാവം: എൻഎഫ്എസ്എ ചട്ടങ്ങൾ അനുസരിച്ച് ഓരോ താലൂക്കിലും ശാസ്ത്രീയ രൂപകൽപ്പനയോടു കൂടിയ ഒരു ഗോഡൗൺ ഉണ്ടായിരിക്കണം. എന്നാൽ മിക്ക എൻഎഫ്എസ്എ ഗോഡൗണുകളും വാടകയ്ക്ക് ഏറ്റെടുത്തിട്ടുള്ളതും അശാസ്ത്രീയ സംഭരണ രീതിയോടെ പ്രവർത്തിക്കുന്നവയുമാണ്. ആയതിനാൽ ഭക്ഷ്യധാന്യങ്ങളുടെ മതിയായ സംഭരണത്തിനും, ഈർപ്പം മൂലവും, നീണ്ട സംഭരണ കാലയളവ്, വ്യത്യസ്ത കാലാവസ്ഥാ സാഹചര്യങ്ങൾ, ഗണ്ണി ബാഗുകളിൽ നിന്നുള്ള ധാന്യങ്ങളുടെ ചോർച്ച, സംഭരണ ശാലകളിൽ പക്ഷി/എലി എന്നിവയുടെ ആക്രമണം, സ്റ്റോക്കുകളിലെ ഫംഗസ്/പ്രാണികളുടെ ആക്രമണം എന്നിവ മൂലമുള്ള സംഭരണ നഷ്ടം ഒഴിവാക്കാനുമായി ശാസ്ത്രീയ സംഭരണ സൗകര്യവും സി.സി.ടി.വി നിരീക്ഷണവുമുള്ള ഇടനില ഗോഡൗണുകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ന്യായവില കടകൾക്ക് മതിയായ സംഭരണ സ്ഥലത്തിന്റെ അഭാവം: എൻഎഫ്എസ്എ 2013 അനുശാസിക്കുന്നത് പ്രകാരം ഓരോ ന്യായവില കടകളിലും 2 മാസത്തേക്കുള്ള ഭക്ഷ്യ സ്റ്റോക്ക് സൂക്ഷിക്കാൻ കുറഞ്ഞത് 300 ചതുരശ്ര അടി സംഭരണ സ്ഥലം ആവശ്യമാണ്. എന്നാൽ 64 ശതമാനം ന്യായവില കടകളിലും 300 ചതുരശ്ര അടിയിൽ താഴെ സംഭരണ സ്ഥലമാണുള്ളത്. അതിനാൽ സംസ്ഥാനത്തെ ഓരോ ന്യായവില കടകളുടെയും സംഭരണ സ്ഥലം വർധിപ്പിക്കുന്നതിന് ന്യായവില കട ഉടമകൾക്ക് പലിശ രഹിത വായ്പ മാനദണ്ഡങ്ങൾക്കനുസൃതമായി നൽകാവുന്നതാണ്. വായ്പയുടെ പലിശ തുകയുടെ തിരിച്ചടവ് സർക്കാർ വഹിക്കണം.

വിശപ്പ് രഹിത കേരളം പദ്ധതി സംസ്ഥാനത്തുടനീളം നടപ്പാക്കൽ: വിശപ്പ് രഹിത കേരളം പദ്ധതി 2030-ലെ യുഎൻ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാന സർക്കാരിന്റെ 13-ാം പഞ്ചവത്സര പദ്ധതിക്ക് കീഴിലുള്ള സംരംഭമാണ്. കേരളത്തിലെ വിവിധ ജില്ലകൾ പദ്ധതി നടപ്പിലാക്കുന്നതിന് വ്യത്യസ്ത രീതികൾ പിന്തുടർന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരേ മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പൊതുവിതരണ സമ്പ്രദായത്തിലെ ഭക്ഷ്യ വസ്തുക്കളുടെ വൈവിധ്യവൽക്കരണം: പൊതുവിതരണ പദ്ധതികളിലൂടെ ഭക്ഷ്യവസ്തുക്കളുടെ ഇനങ്ങൾ വൈവിധ്യവത്കരിക്കുന്നതിൽ സംസ്ഥാനം പ്രാധാന്യം നൽകുന്നു. പോഷകാഹാര നിലവാരം വർധിപ്പിക്കുന്നതിന് ഗുണഭോക്താക്കളുടെ എണ്ണവും പൊതുവിതരണ സംവിധാനത്തിന്റെ വ്യാപനവും പ്രയോജനപ്പെടുത്തേണ്ടത് പ്രധാനമാണ്. അരിയും ഗോതമ്പും കൂടാതെ നാടൻ ധാന്യം പോലുള്ള ഭക്ഷ്യധാന്യങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നത് അഭികാമ്യമാണ്.

വിതരണ ശൃംഖല വർദ്ധിപ്പിക്കുന്നതിനായി ഗുണഭോക്താക്കൾക്കിടയിൽ അവബോധം നൽകൽ: ഗുണഭോക്താക്കൾക്ക് അവർക്ക് അർഹമായ ആനുകൂല്യങ്ങൾ സംബന്ധിച്ച് കൂടുതൽ അവബോധം

നൽകേണ്ടതുണ്ട്. നിലവിലുള്ള പരാതി പരിഹാര മാർഗങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇതിനെ സമീപിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്കിടയിൽ കൂടുതൽ അവബോധം സൃഷ്ടിക്കാൻ റേഡിയോ, ടെലിവിഷൻ, പ്രിന്റ് മീഡിയ, സോഷ്യൽ മീഡിയ എന്നിവ ഉപയോഗിക്കുന്നു. കുടിയേറ്റക്കാർക്ക് അവരുടെ അവകാശങ്ങൾ ലഭ്യമാക്കുന്നതിന് അവരുടെ പ്രാദേശിക ഭാഷയിൽ അവബോധം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

മേഖലയിലെ സമീപനം

കേരളത്തിലെ പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയുടെ സംരക്ഷണ കവചമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ, പ്രകൃതിദുരന്തങ്ങളുടെയും പകർച്ചവ്യാധികളുടെയും കാലത്ത് ഇത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷയുടെ ജീവനാഡിയായിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തിന്റെ വളർച്ചയുടെയും വികസനത്തിന്റെയും വിവിധ വശങ്ങൾക്ക് തുടർന്നും പിന്തുണ നൽകുന്നതാണ്. റേഷൻ കടകളുടേയും ന്യായവില കടകളുടേയും ശൃംഖലയുടെ വിപുലീകരണം പ്രത്യേകിച്ച് പട്ടികവർഗ ജനവാസ കേന്ദ്രങ്ങളിൽ; വിതരണ ശൃംഖലയുടെ നവീകരണവും ഡിജിറ്റലൈസേഷനും, പുതിയതും ആധുനികവുമായ വെയർഹൗസിംഗ് സൗകര്യങ്ങളുടെ നിർമ്മാണം, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തൽ, വിശപ്പ് രഹിത കേരളം ഉറപ്പാക്കുന്നത് തുടരുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ലക്ഷ്യം

2030-ഓടെ വിശപ്പ് രഹിത കേരളം എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുക, എൻഎഫ്എസ്എ 2013 നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുക, ഗുണഭോക്താക്കൾക്കിടയിൽ ഗുണനിലവാരമുള്ള ഭക്ഷണത്തിന്റെ ലഭ്യതയും ശരിയായ നിരക്കിലും അളവിലും പോഷകാഹാര നിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് പതിനാലാം പദ്ധതിയിലെ വകുപ്പിന്റെ പ്രധാന ലക്ഷ്യം.

പതിനാലാം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

വിതരണ ശൃംഖലയുടെ ആധുനികവൽക്കരണവും ഡിജിറ്റൈസേഷനും: ഈ പരിപാടിയിലൂടെ എഫ്.സി.ഐ ഗോഡൗൺ പരിസരത്ത് ജി.പി.എസ് ട്രാക്കിംഗ് കൺട്രോൾ റൂമുകളും കണ്ടെയ്നർ മാതൃകയിലുള്ള ഓഫീസുകളും സ്ഥാപിക്കുക, എൻ.എഫ്.എസ്.എ നടപ്പിലാക്കുന്നതിനായി തടസ്സമില്ലാത്ത വിവര സാങ്കേതിക വിദ്യാ പ്രവർത്തനങ്ങൾ, ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ, ഐ.ഇ.സി ഘടകം, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ കമ്മീഷണറേറ്റ് ഓഫീസ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നിവ നിർദ്ദേശിക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം: എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയതും ആധുനികവുമായ വെയർഹൗസുകൾ നിർമ്മിക്കുക, ശാസ്ത്രീയമായി രൂപകല്പന ചെയ്ത താലൂക്ക് തല ഇന്റർമീഡിയറ്റ് ഗോഡൗണുകളുടെ നിർമ്മാണം, സംസ്ഥാനത്തെ എല്ലാ ന്യായവില കടകൾക്കും മതിയായ സംഭരണ സ്ഥലം സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിദൂര പ്രദേശങ്ങളിലെ പ്രത്യേകിച്ച് പട്ടിക വർഗ്ഗ സെറ്റിൽമെന്റുകളിൽ റേഷൻ കടകളുടെ ശൃംഖല വിപുലപ്പെടുത്തൽ: വനം/പട്ടികവർഗ്ഗ/തീരപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ/തീരദേശ അഗതികൾക്കും, പ്രകൃതിക്ഷോഭം ബാധിച്ച ആളുകൾക്കും റേഷൻ സാധനങ്ങൾ വീട്ടു പടിക്കൽ എത്തിക്കുന്നതിനുള്ള പദ്ധതി, സംസ്ഥാനത്തെ ഏത് റേഷൻ കടകളിൽ നിന്നും എപ്പോൾ വേണമെങ്കിലും സാധനങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മാതൃകാ ന്യായവില കടകൾ, സ്മാർട്ട് റേഷൻ കാർഡ്.

പരാതി പരിഹാര സംവിധാനം: പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, സോഷ്യൽ ഓഡിറ്റ്, സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ

പ്രവർത്തനം, ജില്ലാ പരാതി പരിഹാര ഓഫീസുകൾ (ഡി.ജി.ആർ.ഒ) സ്ഥാപിക്കുക എന്നിവ നടപ്പിലാക്കൽ.

വിശപ്പ് രഹിത കേരളം: ഉപേക്ഷിക്കപ്പെട്ടവർക്കും വയോധികർക്കും അന്നപൂർണ ഭക്ഷ്യസുരക്ഷാ പദ്ധതി, വിശപ്പ് രഹിത കേരളം/സുഭിക്ഷ പദ്ധതി, റെസ്റ്റോറന്റുകൾ/പ്രൊവിഷൻ സ്റ്റോറുകൾ/സൂപ്പർ മാർക്കറ്റുകൾ എന്നിവയുടെ ഗ്രേഡിംഗ്, ഫാം ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുന്നതിനും പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ വരുന്ന ന്യായവില കടകൾ വഴി വിൽക്കുന്നതിനുമുള്ള പദ്ധതി തുടങ്ങിയവയ്ക്കുള്ള സഹായം.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് (CFRD യുടെ ശാക്തീകരണം): അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം, കോളേജ് ഓഫ് ഫുഡ് ടെക്നോളജി നവീകരണം, എറണാകുളത്തെ ഇലഞ്ഞിയിൽ പച്ചക്കറികളുടെയും പഴങ്ങളുടേയും ശീതീകരിച്ച സംഭരണവും നിർജ്ജലീകരണ യൂണിറ്റ് സ്ഥാപിക്കലും, സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ് സ്ഥാപിക്കൽ, ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയിലെ ഉപകരണങ്ങളുടെ വാങ്ങലും നവീകരണവും (കീടനാശിനികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിനും മലിനീകരണതോത് കുറയ്ക്കുന്നതിനുമുള്ള ഗ്യാസ് ക്രോമാറ്റോഗ്രാഫി മാസ് സ്പെക്ട്രോമെട്രി സിസ്റ്റം) എന്നീ ഘടകങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്.

സപ്ലൈകോ: സപ്ലൈകോ ഔട്ട്ലെറ്റുകളുടെ നവീകരണം, ജിപിഎസ് ഉപയോഗിച്ച് വാഹനങ്ങളുടെ ട്രാക്കിംഗ് സിസ്റ്റം, സിസിടിവി, ഇ-പോസ് മെഷീനുകൾ, ഇടനില ഗോഡൗണുകളുടെ/താലൂക്ക് തല ഗോഡൗണുകളുടെ നിർമ്മാണം, ടീ ബ്ലെന്റിംഗ് പ്രവർത്തനങ്ങളുടെ യന്ത്ര വൽക്കരണം, മൂല്യവർധിത ഉൽപ്പന്നങ്ങൾ, സപ്ലൈകോ ആസ്ഥാന ഓഫീസ് നവീകരണം എന്നിവയ്ക്കുള്ള സഹായം. ദീർഘകാല സംഭരണം മൂലവും ഈർപ്പം മൂലവുമുള്ള സംഭരണ നഷ്ടം പരിഹരിക്കുന്നതിനായി പഞ്ചവത്സര പദ്ധതിയിൽ ശാസ്ത്രീയ സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും വാടകയ്ക്കെടുക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങളും മേൽനോട്ട പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാനും സാമ്പത്തികകാര്യക്ഷമതയ്ക്കും 'സപ്ലൈകോ ഇന്റഗ്രേറ്റഡ് സിസ്റ്റം' (എസ്.ഐ.എസ്) എന്ന പേരിലുള്ള ഡാറ്റാ അനലിറ്റിക്സോട് കൂടിയ ഒരു എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി) സൊല്യൂഷനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

കെ-സ്റ്റോർ: റേഷൻ കടകളെ കെ-സ്റ്റോർ എന്ന ആശയത്തിലേക്ക് ഉയർത്തിക്കൊണ്ട്, അവശ്യ ഭക്ഷ്യധാന്യങ്ങളും മറ്റ് സാധനങ്ങളും നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കുന്ന മിനി മാവേലി സ്റ്റോറായി ന്യായവില കടകൾ മാറും.

അദ്ധ്യായം 17

തൊഴിലും തൊഴിലാളി ക്ഷേമവും നൈപുണ്യ വികസനവും

തൊഴിൽ എന്നത് എല്ലാവരുടെയും ജീവിതത്തിന്റെ ഭാഗമാണ്, ഒരു മനുഷ്യനെന്ന നിലയിൽ ഒരാളുടെ അന്തസ്സിനും ക്ഷേമത്തിനും വികസനത്തിനും അത് നിർണായകമാണ്. തൊഴിൽ മന്ത്രാലയത്തിന്റെ 2021-22-ലെ വാർഷിക റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ, സാമ്പത്തിക വികസനം എന്നാൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, സ്വാതന്ത്ര്യത്തോടെയും സുരക്ഷിതത്വത്തോടെയും അന്തസ്സോടെയും പ്രവർത്തിക്കാൻ കഴിയുന്ന തൊഴിൽ സാഹചര്യങ്ങൾ കൂടിയാണ്.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മാന്യമായ തൊഴിൽ അജണ്ട പ്രകാരം "മാന്യമായ തൊഴിൽ അവരുടെ തൊഴിൽ ജീവിതത്തിലുള്ള അഭിലാഷങ്ങളെ സംഗ്രഹിക്കുന്നു. ഉൽപ്പാദനക്ഷമതയുള്ളതും ന്യായമായ വരുമാനം നൽകുന്നതുമായ ജോലിക്കുള്ള അവസരങ്ങൾ, ജോലിസ്ഥലത്തെ സുരക്ഷിതത്വം, കുടുംബങ്ങൾക്ക് സാമൂഹിക സംരക്ഷണം, വ്യക്തിത്വ വികസനത്തിനും സാമൂഹിക സംയോജനത്തിനുമുള്ള മികച്ച സാധ്യതകൾ, ആളുകൾക്ക് അവരുടെ ജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിൽ ആശങ്കകൾ പ്രകടിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും അവരുടെ തീരുമാനങ്ങളിൽ പങ്കെടുക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും എല്ലാ സ്ത്രീകൾക്കും പുരുഷന്മാർക്കും അവസര സമത്വവും ചികിത്സയും ഉൾപ്പെടുന്നു".

ജോലി സ്ഥലവും മേഖലയും പരിഗണിക്കാതെ തൊഴിലാളികളുടെ വേഗത്തിലുള്ളതും ഉന്നതവുമായ കൂടിച്ചേരലും സംഘാടനവും ഉൾപ്പെടുന്ന സാമൂഹിക വികസന മേഖലയിലെ നേട്ടങ്ങൾക്ക് കേരളം പ്രസിദ്ധമാണ്. തൊഴിലാളികളുടെ താൽപ്പര്യങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിൽ കേരളത്തിന് ആത്മാർത്ഥമായ ഉത്കണ്ഠയും പ്രതിബദ്ധതയുമുണ്ട്. വിവിധ നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെയും വ്യവസായ തർക്കങ്ങൾ പരിഹരിക്കുന്നതിലൂടെയും വിവിധ ക്ഷേമ നടപടികളുടെ നടത്തിപ്പിലൂടെയും സംസ്ഥാന തൊഴിൽ വകുപ്പ് തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നു.

ലേബർ കമ്മീഷണറേറ്റ്, വ്യാവസായിക പരിശീലന വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് (കേരളം), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ), ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ്, നോൺ റസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് (നോർക്ക) ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ഡിപ്പാർട്ട്മെന്റ് എന്നിവയാണ് തൊഴിലും, തൊഴിലാളി ക്ഷേമവും മേഖലയുടെ കീഴിൽ വരുന്ന വകുപ്പുകൾ/സ്ഥാപനങ്ങൾ.

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ILO 2018) തയ്യാറാക്കിയ ഇന്ത്യൻ വേജ് റിപ്പോർട്ട് പ്രകാരം, ഗ്രാമങ്ങളിലും നഗരങ്ങളിലും സ്ഥിരതയാർന്ന ഏറ്റവും ഉയർന്ന കാഷ്വൽ വേതനം ലഭിക്കുന്ന സംസ്ഥാനങ്ങൾ കേരളം, ജമ്മു കശ്മീർ, പഞ്ചാബ്, ഹരിയാന എന്നിവയാണ്.

കേരളത്തിലെ കാഷ്വൽ ലേബർ തൊഴിലാളികളുടെ (ഗ്രാമ-നഗര, നിലവിലെ പ്രതിവാര അവസ്ഥയിൽ) പ്രതിദിന ശരാശരി വേതനം/ശമ്പള വരുമാനം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്.

കേരളത്തിൽ, പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (എല്ലാ പ്രായക്കാർക്കുമുള്ള) ലേബർ ഫോഴ്സ് പങ്കാളിത്ത നിരക്ക് (എൽ.എഫ്.പി.ആർ-റൂറൽ അർബൻ) ക്രമേണ വർദ്ധിച്ചു. എൽ.എഫ്.പി.ആർ 2017-18ൽ 36.6 ശതമാനവും 2018-19ൽ 39.5 ശതമാനവും ആയിരുന്നു, ഇത് 2019-20ൽ 40.5 ആയും 2020-21 ൽ 41.8 ആയും ഉയർന്നിട്ടുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ എൽ.എഫ്.പി.ആർ അഖിലേന്ത്യാ തലത്തേക്കാൾ ഉയർന്നതാണെങ്കിലും, ലിംഗ വ്യത്യാസം ഇപ്പോഴും നിലനിൽക്കുന്നു. പീരിയോഡിക് ലേബർ ഫോഴ്സ് സർവേ 2020-21 പ്രകാരം, പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്കായ 57.8 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് (എല്ലാ പ്രായത്തിലുമുള്ള ഗ്രാമീണ നഗര) 27.5 ശതമാനമാണ്.

കേരളത്തിലെ സ്ത്രീ തൊഴിലാളി ജനസംഖ്യാ അനുപാതം (എല്ലാ പ്രായത്തിലും, ഗ്രാമീണ-നഗര) ക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2017-18 ൽ 16.4 ശതമാനവും 2018-19 ൽ 20.4 ശതമാനവും 2019-20 ൽ 22.4 ആയും 2020-21 ൽ 23.3 ആയും ഉയർന്നതായി കാണാം.

സംസ്ഥാനത്ത് തൊഴിലാളി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. ഉൽപ്പാദനക്ഷമതയെ അടിസ്ഥാനമാക്കിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കഴിവുകൾ വികസിപ്പിക്കുക, ലിംഗസമത്വം, മിനിമം വേതനം, ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുകയും അതുവഴി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് വേതന സംരക്ഷണവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ക്ഷേമമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ സ്വയം തൊഴിൽ ചെയ്യുന്ന സംഘങ്ങൾ ഉൾപ്പെടെയുള്ള അസംഘടിത മേഖലയുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്കാണ് മുൻഗണന.

തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്ത് 28 ലേബർ വെൽഫെയർ ബോർഡുകൾ (ലേബർ കമ്മീഷണറേറ്റ്) ഉണ്ടായിരുന്നു. നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നു, അതത് തൊഴിൽ മേഖലയ്ക്ക് ക്ഷേമ സൗകര്യങ്ങൾ നൽകുന്നു. ബാക്കിയുള്ള ബോർഡുകൾ കൃഷി, വ്യവസായം തുടങ്ങി വിവിധ വകുപ്പുകളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്.

ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ തൊഴിലിനായി കുടിയേറുന്നുണ്ടെങ്കിലും കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാർക്ക് താരതമ്യേന ചില നേട്ടങ്ങളുണ്ട്. ശക്തമായ വിദ്യാഭ്യാസ പാരമ്പര്യമുള്ള സംസ്ഥാനമായതിനാൽ അവർക്ക് പ്രത്യേക കഴിവുകളുണ്ട്. സാങ്കേതികമായി പരിഷ്കൃതവും മാറിക്കൊണ്ടിരിക്കുന്നതുമായ തൊഴിൽ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ അവർ കഴിവുള്ളവരാണ്, കൂടാതെ പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കാനും നടപ്പാക്കാനും തങ്ങൾ പ്രാപ്തരാണെന്ന് തെളിയിച്ചിട്ടുണ്ട്.

കേരളത്തിലെ തൊഴിൽ ശക്തിയുടെ വലിയൊരു പങ്കും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിയിരിക്കുന്നു. എന്നാൽ 2018 മുതൽ (പതിമൂന്നാം പഞ്ച വത്സര പദ്ധതി കാലയളവിൽ), കുടിയേറ്റത്തിൽ, പ്രത്യേകിച്ച് ഗൾഫ് കുടിയേറ്റത്തിൽ ഒരു വിപരീത പ്രവണത കാണിക്കുന്നുണ്ട്. കേരള മൈഗ്രേഷൻ സർവേ (കെഎംഎസ്) 2013ൽ പ്രവചിച്ചതുപോലെ, എമിഗ്രേഷൻ കുറയുന്നതായി കാണുന്നു. 2013-ൽ മൊത്തം പ്രവാസികളുടെ എണ്ണം 24 ലക്ഷമായിരുന്നു, 2018-ൽ ഇത് 21 ലക്ഷമായി കുറഞ്ഞതായി കാണാം. 2013-ൽ നിന്ന് 2018-ൽ ഇത് ഏകദേശം 12 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയതായി കാണാം.

നൈപുണ്യ വികസനം

ഉയർന്ന ഉൽപ്പാദനക്ഷമതയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽക്ഷമതയുടെയും സുസ്ഥിരമായ സാമ്പത്തിക വളർച്ചയുടെയും വീക്ഷണകോണിൽ നിന്ന് നൈപുണ്യ വികസനം നിർണായകമാണ്. തൊഴിൽ സേനയിലേക്ക് പുതിയതായി പ്രവേശിക്കുന്നവരെ ശരിയായ വൈദഗ്ധ്യം കൊണ്ട് സജ്ജരാക്കുന്നതിലൂടെ അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് നൈപുണ്യ വികസനം അത്യന്താപേക്ഷിതമാണ്. അതുപോലെ, തൊഴിൽ സേനയിൽ ഇതിനകം ഉള്ളവരുടെ തൊഴിലവസര നിലവാരം നിലനിർത്താൻ പതിവ് അപ്-സ്കില്ലിംഗും, റീ-സ്കില്ലിംഗും ആവശ്യമാണ്. വേഗമേറിയതും സുസ്ഥിരവും സമഗ്രവുമായ വളർച്ച കൈവരിക്കുന്നതിനും കേരളത്തിലെ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനം നിർണായകമാണ്.

2011 ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ശരാശരി സാക്ഷരത 74.0 ശതമാനമായിരിക്കെ കേരളത്തിൽ 94 ശതമാനമാണ്. പുരുഷന്മാരുടെ സാക്ഷരതാ നിരക്ക് 96.1 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 92.1 ശതമാനവുമാണ്. എന്നിരുന്നാലും, ആഭ്യന്തരവും അന്തർദേശീയവുമായ തൊഴിൽ വിപണികൾക്ക് അനുയോജ്യമായ നൈപുണ്യത്തിന്റെ കാര്യത്തിൽ കേരളത്തിൽ വലിയ അന്തരമുണ്ട്.

പട്ടിക 17.1 പതിമൂന്നാം പദ്ധതിയിലെ തൊഴിലാളി ക്ഷേമ പരിപാടികൾക്കായുള്ള ബജറ്റ് വിഹിതവും ചെലവും (വകുപ്പ്/ഏജൻസി തലത്തിൽ) (രൂപ കോടിയിൽ)

വകുപ്പ്	2017-18		2018-19		2019-20		2020-21		2021-22	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
ലേബർ കമ്മീഷണറേറ്റ്	369.33	324.93	401.51	393.04	401.51	119.82	98.39	92.73	99.39	108.92
ഇന്റസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ്	121.20	133.94	132.01	87.33	123.98	57.49	99.95	64.19	97.95	5.06
നാഷണൽ സർവ്വീസസ് വകുപ്പ്	28.10	28.03	29.90	22.04	29.90	16.84	30.53	29.42	31.53	6.03
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്	2.80	2.80	3.00	3.12	2.50	1.92	2.00	2.00	2.00	1.00
ഫാക്ടറീസ് ആൻഡ് ബോയിലെഴ്സ് വകുപ്പ്	6.25	2.80	6.25	2.35	4.82	0.76	4.25	3.13	4.25	0.05
ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പ്	45.12	29.96	70.00	32.09	75.00	31.56	69.50	38.65	69.50	17.69
ആകെ	**572.80**	**29.96**	**642.67**	**539.99**	**637.71**	**228.41**	**304.62**	**230.14**	**304.62**	**138.78**
* ചെലവിൽ ഗ്രാന്റുകൾക്കായുള്ള അനുബന്ധ ആവശ്യങ്ങൾ ഉൾപ്പെടുന്നു										

അവലംബം : ബജറ്റ് രേഖകൾ, പ്ലാൻ സ്പേസ്, കേരള സർക്കാർ

വകുപ്പ് തിരിച്ചുള്ള വിഹിതവും, ചെലവും മുകളിൽ നൽകിയിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കഴിഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ലേബർ കമ്മീഷണറേറ്റിന്റെ പദ്ധതി വിഹിതം കുറഞ്ഞതായി കാണാം. അതിനു കാരണം, ലേബർ കമ്മീഷണറേറ്റിന്റെ പദ്ധതികളായിരുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (CHIS, CHIS PLUS), രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന എന്നിവ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) യുടെ ഭാഗമായി ഉൾപ്പെടുത്തിയതിനാലാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ നേട്ടങ്ങൾ

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ തൊഴിൽ, തൊഴിലാളി ക്ഷേമ മേഖലയ്ക്ക് കീഴിലുള്ള വകുപ്പുകൾ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നല്ല തൊഴിലുടമ-തൊഴിലാളി ബന്ധം കെട്ടിപ്പടുക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ തൊഴിലാളികളുടെ പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും അതിഥി തൊഴിലാളികളുടെയും സാമൂഹിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ക്ഷേമത്തിനുമായി നിരവധി പ്രവർത്തനങ്ങളിൽ ലേബർ കമ്മീഷണറേറ്റ് സജീവമായി പങ്കെടുത്തു. കയർ, ഖാദി, കൈത്തറി, മുള, മത്സ്യബന്ധനം/മത്സ്യ സംസ്കരണം, ബീഡി തുടങ്ങിയ പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 2000 രൂപയിലധികം വകുപ്പ് സാമ്പത്തിക സഹായം നൽകി.. ഈ പദ്ധതിയിലൂടെ 316 കോടി രൂപ വിതരണം ചെയ്തു. ആവാസ് സ്കീം, ബോധവൽക്കരണ പരിപാടി, അപ്ലാഘർ ഭവന പദ്ധതി തുടങ്ങിയ പദ്ധതികളിലൂടെ

അതിഥി തൊഴിലാളികളുടെ സാമൂഹിക സുരക്ഷയ്ക്കും അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

തൊഴിൽ വകുപ്പിന്റെ ഇടപെടലിന്റെ ഫലമായി, പകർച്ചവ്യാധി സമയത്ത് ഒരു അതിഥി തൊഴിലാളിക്ക് പോലും ഭക്ഷണവും കുടിവെള്ളവും മറ്റ് അവശ്യ സൗകര്യങ്ങളും നിഷേധിക്കപ്പെട്ടില്ല. കുടുംബശ്രീയുടെ നേതൃത്വത്തിൽ 'കമ്മ്യൂണിറ്റി കിച്ചൻ' വഴി തൊഴിലാളികൾക്ക് ഭക്ഷണം നൽകി സംസ്ഥാനം മികച്ച മാതൃക സൃഷ്ടിച്ചു. ലോക്ക്ഡൗൺ കാലത്ത് അതിഥി തൊഴിലാളികൾക്ക് മാന്യമായ താമസസൗകര്യവും ആരോഗ്യപരിരക്ഷയും എല്ലാ ആവശ്യങ്ങളും നൽകി കേരളം അവരെ പരിചരിച്ചു.

എന്നിരുന്നാലും, അതിഥി തൊഴിലാളികളിൽ പലരും നാട്ടിലേക്ക് പോകാൻ ആഗ്രഹിച്ചതിനാൽ, അവർക്ക് അതത് സ്ഥലങ്ങളിലെത്താൻ പ്രാപ്തമാക്കുന്നതിന് സർക്കാർ ഗതാഗത സൗകര്യം മുൻകൂട്ടി ക്രമീകരിച്ചു.

കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ, അതിഥി തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിന് ലേബർ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിനൊപ്പം തൊഴിൽ വകുപ്പ് എല്ലാ ജില്ലകളിലും ഹെൽപ്പ് ലൈൻ/കോൾ സെന്ററുകൾ ആരംഭിച്ചിരുന്നു.

കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംഗങ്ങൾക്കുള്ള ആദ്യഘട്ട ധനസഹായമായി സർക്കാർ 357.38 കോടി രൂപ അനുവദിച്ചതിൽ 18,49,785 ഗുണഭോക്താക്കൾക്കായി 187.22 കോടി രൂപ വിതരണം ചെയ്തു. രണ്ടാം ഘട്ട ധനസഹായമായി 210.32 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു.

വിവിധ നിയമങ്ങൾ നടപ്പിലാക്കിക്കൊണ്ട് ഫാക്ടറികളിൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളുടെയും ഫാക്ടറികളുടെ പരിസരത്ത് താമസിക്കുന്ന പൊതുജനങ്ങളുടെയും സുരക്ഷ, ആരോഗ്യം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള ഒരു സാങ്കേതിക നിർവ്വഹണ വകുപ്പാണ് ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്. പരിശീലനങ്ങളും സെമിനാറുകളും കോൺക്ലേവുകളും സംഘടിപ്പിക്കുന്നതിനും നടത്തുന്നതിനുമായി വകുപ്പ് കാക്കനാട്ട് സുസജ്ജമായ ഒക്യുപേഷണൽ സേഫ്റ്റി ആൻഡ് ഹെൽത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഒടിഐ) കം ഓഫീസ് കോംപ്ലക്സ് സ്ഥാപിച്ചു. വലിയ അപകട സാധ്യത ഉള്ള ഫാക്ടറികൾക്ക് ജിയോസ്പേഷ്യൽ അലേർട്ട് സന്ദേശം നൽകുന്നതിനായി എറണാകുളത്തെ വ്യാവസായിക മേഖലയിൽ റിമോട്ട് സെൻസിംഗ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം (ROCERS) എന്ന സ്വപ്ന പദ്ധതി നടപ്പിലാക്കാൻ ധാരണാപത്രം ഒപ്പുവച്ചു.

കേരളത്തിലെ യുവാക്കളുടെ സംരംഭകത്വവും നൈപുണ്യ വികസനവും മെച്ചപ്പെടുത്തുന്നതിന് ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് (കേരളം) തുടങ്ങിയ വകുപ്പുകൾ മികച്ച ഇടപെടലുകൾ നടത്തി. 13-ാമത് പഞ്ച വത്സര പദ്ധതി കാലയളവിൽ, ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി 57 ട്രെയിനികളെ തിരഞ്ഞെടുത്ത് സിംഗപ്പൂരിലെ പരിശീലന പരിപാടിക്ക് അയച്ചു. 17 ഐ.ടി.ഐകൾ ഹരിത കാമ്പസോടെ ഐ.ടി.ഐ ആയി പ്രഖ്യാപിക്കുകയും 78 ഐ.ടി.ഐകളിൽ നൈപുണ്യ കർമസേന സ്ഥിരമായി സ്ഥാപിക്കുകയും 11 ഐ.ടി.ഐകൾക്കായി (കുറ്റിക്കോൽ, പടിയൂർ, നരിപ്പറ്റ, പേരാമ്പ്ര, പന്ന്യന്നൂർ, വെള്ളമുണ്ട, പെരുമാട്ടി, വാമനപുരം, നെന്മാറ, പിണറായി, ചടയമംഗലം) ഭൂമി ഏറ്റെടുക്കുകയും ചെയ്തു.

മെച്ചപ്പെട്ട ഉൽപ്പാദനക്ഷമതയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ ശക്തിയുടെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള നിർണായക ഘടകമാണ് നൈപുണ്യ വികസനം.

നൈപുണ്യ വികസന മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തെ ഒരു പ്രധാന ആഗോള നൈപുണ്യ കേന്ദ്രമാക്കി മാറ്റുന്നതിനുമായി 2012 ലാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ) സ്ഥാപിച്ചത്. വിവിധ വ്യാവസായിക ഡൊമെയ്നുകൾക്കായി കേന്ദ്രീകൃത നൈപുണ്യ വികസനം ആരംഭിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പരമോന്നത സ്ഥാപനമായി പ്രവർത്തിക്കാൻ രൂപീകരിച്ച ഒരു സർക്കാർ കമ്പനിയാണിത്.

ദേശീയ, സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ഥാപനപരമായ ശാക്തീകരണത്തിനായി, 02.12.2016-ലെ ജി.ഒ (ആർ.ടി) നമ്പർ 1501/16/എൽ.ബി.ആർ പ്രകാരം, കേരള അക്കാദമി ഫോർ സ്കിൽസ്

എക്സലൻസ് (കെ.എ.എസ്.ഇ.)യെ സംസ്ഥാന നൈപുണ്യ വികസന മിഷൻ (എസ്.എസ്.ഡി.എം.) ആയി നിയമിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ, സംസ്ഥാനത്തിന്റെ നൈപുണ്യ പ്രവർത്തനങ്ങളുടെ സംയോജനത്തിനു വേണ്ടിയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നെ ചുമതലപ്പെടുത്തിയിരിക്കുന്നത്.

തൊഴിൽ, തൊഴിലാളി ക്ഷേമ മേഖലയ്ക്ക് കീഴിലുള്ള മറ്റൊരു പ്രധാന വകുപ്പ് ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ (2017–2022) 183 കോടി രൂപ ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങളുടെ നവീകരണത്തിനായി ചെലവഴിച്ചു. വിവിധ ദുരന്തങ്ങളും എല്ലാത്തരം അഗ്നിശമന, രക്ഷാപ്രവർത്തനങ്ങളും നേരിടുന്നതിന് അത്യാധുനിക യന്ത്രങ്ങളും ഉപകരണങ്ങളും വകുപ്പ് വാങ്ങിയിട്ടുണ്ട്. 2018 ലെ വെള്ളപ്പൊക്ക രക്ഷാപ്രവർത്തനങ്ങളിലും 1, 2 കോവിഡ് തരംഗങ്ങളിലും ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

മേഖലയിലെ നിർണായക അന്തരം

- അതിഥി തൊഴിലാളികൾക്കായി ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ, പ്രത്യേകിച്ച് അവരുടെ ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ സ്ഥാപിച്ചാൽ മാത്രമേ വകുപ്പിന് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പാക്കാൻ കഴിയുകയുള്ളൂ.
- മാറുന്ന ചുറ്റുപാടുകളിൽ പ്രസക്തമായ വൈദഗ്ധ്യത്തിന്റെ അഭാവം മൂലം തൊഴിൽ നഷ്ടപ്പെടുമ്പോൾ സ്ഥാപനത്തിനോ വ്യവസായത്തിനോ പുറത്ത് പുതിയ തൊഴിൽ നേടുന്നതിനോ സ്ഥാപനത്തിനകത്തെ വ്യത്യസ്ത തൊഴിലിന് അവരെ സജ്ജരാക്കുന്നതിനും ജീവനക്കാരെ പുതിയ നൈപുണ്യങ്ങൾ പരിശീലിപ്പിക്കുന്നതിനും പുനർപരിശീലനം ആവശ്യമാണ്.
- ഗിഗ് തൊഴിലാളികളുടെ പ്രശ്നത്തിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ഗിഗ് തൊഴിലാളികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സമീപനം

തൊഴിലാളിവർഗത്തിന്റെ ക്ഷേമത്തിന് കേരള സർക്കാർ എല്ലായ്പ്പോഴും പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളി അവകാശ സംരക്ഷണത്തിന്റെയും ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെയും ദീർഘകാല പാരമ്പര്യമാണ് കേരളത്തിനുള്ളത്. കേരളത്തിൽ, ട്രേഡ് യൂണിയനുകളുടെയും, ജനപ്രതിനിധികളുടെയും സജീവമായ ഇടപെടലുകൾ തൊഴിലാളികളുടെ നിയമാനുസൃതമായ അവകാശങ്ങൾ സംസ്ഥാനത്തിന്റെ നിയമങ്ങളും നയങ്ങളും ആയി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നു.

അനൗപചാരിക മേഖലയിലുള്ള തൊഴിലാളികളായ വലിയൊരു വിഭാഗം ഉൾപ്പെടെയുള്ള വിശാല തൊഴിലാളികളുടെ വേതനവും തൊഴിൽ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി മാറ്റങ്ങൾ വരുത്താൻ കേരള സർക്കാർ ഒരുക്കമാണ്. സ്ത്രീ–പുരുഷ തൊഴിലാളികൾ തമ്മിലുള്ള വേതന അന്തരം നികത്താൻ ഇത് പ്രതിജ്ഞാബദ്ധമാണ്. സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്നിവയുൾപ്പെടെ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളിലെയും റീട്ടെയിൽ മേഖലകളിലെയും തൊഴിലാളികൾ ഉൾപ്പെടെ വിവിധ സേവന പ്രവർത്തനങ്ങളിൽ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെടുത്തുന്നതിനുള്ള ഉദ്ദേശ്യവും സർക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്. ഗവൺമെന്റ് നയത്തിന്റെ മറ്റൊരു വശം, പ്രധാനമായും സ്ത്രീകളായ വീട്ടുജോലിക്കാരുടെ അവകാശങ്ങൾ നിർവ്വചിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന നിയമനിർമ്മാണം, പ്രത്യേകിച്ച് പ്രതിഫലം, സാമൂഹിക സുരക്ഷ, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ശക്തിപ്പെടുത്താനും പുനഃസംഘടിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ.

കേന്ദ്രസർക്കാർ നിർദേശിച്ച തൊഴിൽ നിയമ ഭേദഗതികളുടെ പ്രതികൂല ഫലങ്ങളിൽ നിന്ന് തൊഴിലാളികളെ സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളും.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആധുനികവും ഉയർന്ന തൊഴിലവസരവും ഉൽപ്പാദനക്ഷമവുമായ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കാനാണ് കേരളം ലക്ഷ്യമിടുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, ജനങ്ങൾക്ക്, പ്രത്യേകിച്ച് കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ, ടൂറിസം തുടങ്ങിയ സേവന മേഖലകളിലെ യുവതി–യുവാക്കൾക്ക് പുതിയ

തൊഴിലവസരങ്ങളിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് കേരള സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിൽ യുവാക്കളുടെ തൊഴിലില്ലായ്മ നിരക്ക് ഉയർന്നതാണ്. കേരളത്തിലെ യുവജനങ്ങൾക്ക് ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും സർക്കാരിന്റെ മുൻഗണന.

ആധുനിക തൊഴിലിൽ വൈദഗ്ധ്യം നിർണായകമാണ്, കൂടാതെ ഇന്ത്യയുടെ വിദഗ്ദ-തൊഴിൽ കേന്ദ്രമാകാനുള്ള സാധ്യതയും കേരളത്തിനുണ്ട്. ഇന്ത്യയിലെയും ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലെയും തൊഴിലുടമകളുടെ തൊഴിലാവശ്യങ്ങൾക്ക് വേണ്ടിയുള്ള തിരഞ്ഞെടുപ്പിൽ മുൻഗണന സംസ്ഥാനത്തെ വിദഗ്ദരായ പ്രൊഫഷണൽ തൊഴിലാളികൾക്കാണ്.

സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിൽ നൈപുണ്യ പരിശീലനവും വികസനവും നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേരള സർക്കാർ തിരിച്ചറിയുന്നു. വിദ്യാസമ്പന്നരും വൈദഗ്ധ്യമുള്ളവരുമായ തൊഴിലാളികളുടെ ആപേക്ഷികമായ സുലഭത, സംരംഭകത്വത്തിന്റെ ഒരു നീണ്ട ചരിത്രം, വിശാലമായ ലോകവുമായുള്ള സമ്പർക്കം എന്നിവയാണ് കേരളത്തിന്റെ ശക്തി. 14ാം പഞ്ചവത്സര പദ്ധതി ഹയർസെക്കൻഡറി സ്കൂളുകളിലെ തൊഴിലധിഷ്ഠിത പഠനവും സമ്പദ്‌വ്യവസ്ഥയിലെ നൈപുണ്യ നിലവാരവും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കും.

"വിജ്ഞാന സമൂഹത്തിന്റെ" "ജോലിയുടെ ഭാവി" സംവാദങ്ങളും ചർച്ചകളും വിവരങ്ങളുടെയും ആശയവിനിമയ സാങ്കേതികവിദ്യയുടെയും വികാസത്തിന്റെ ഫലമായി ജോലിയുടെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സ്വഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു. റോബോട്ടിക്സ്, മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 3 ഡി പ്രിന്റിംഗ് എന്നിവയാണ് കേരളം ഇക്കാര്യത്തിൽ തുടക്കമിട്ടിരിക്കുന്ന ചില മേഖലകൾ. കോവിഡ്-19 മഹാമാരിയും വികസിച്ചുകൊണ്ടിരിക്കുന്ന സാഹചര്യവും ജോലിയുടെ ഭാവിയിലേക്ക് പുതിയ മാനങ്ങൾ ചേർത്തു. ചില മേഖലകളിൽ തടസ്സങ്ങൾ പ്രകടമാണെങ്കിലും, പ്രധാന മേഖലകളിൽ പുതിയ അവസരങ്ങളും ആവശ്യകതകളും ഉയർന്നുവരുന്നു. ഈ മേഖലകളിലെ വൈദഗ്ധ്യമുള്ള തൊഴിലവസരങ്ങൾക്കായി കേരളത്തിലെ യുവാക്കളെ സജ്ജമാക്കുന്നതിന് ഏറ്റവും ആധുനികമായ നൈപുണ്യ പരിശീലനവും വികസനവും നാം ലഭ്യമാക്കണം.

ശാക്തീകരണത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും ഉപകരണമായി നൈപുണ്യ പരിശീലന പരിപാടികൾ ഉപയോഗിക്കണം. ഉദാഹരണത്തിന്, പട്ടികജാതി, പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകൾക്കും യുവാക്കൾക്കും പുതിയതായി ഉയർന്നുവരുന്ന തൊഴിൽ മേഖലകളിൽ പ്രത്യേക പരിശീലനം നൽകണം.

വിജയകരമായ തൊഴിൽ നയങ്ങളെയും തന്ത്രങ്ങളെയും കുറിച്ചുള്ള വിദേശ രാജ്യങ്ങളിലെ അനുഭവങ്ങൾ ഒരു സംയോജിത നൈപുണ്യ വികസന നയ ചട്ടക്കൂടും സംവിധാനങ്ങളും വികസിപ്പിക്കുന്നതിൽ സംസ്ഥാനത്തിന്റെ പങ്ക് എത്രത്തോളം ആണെന്ന് സൂചിപ്പിക്കുന്നു. വിദ്യാഭ്യാസവും വ്യവസായത്തിന്റെയും തൊഴിലുടമയുടെയും ആവശ്യങ്ങളും അത്തരമൊരു സംവിധാനം തിരിച്ചറിയുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തിന്റെ വിപുലമായ മനുഷ്യവിഭവശേഷിയുടെ വൈദഗ്ധ്യത്തിനു സംഭാവന നൽകുന്ന വ്യത്യസ്തമായ ശ്രമങ്ങളെ പിന്തുണയ്ക്കാൻ പ്രതിജ്ഞാബദ്ധമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

- ഗിഗ് തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠനം/ഗവേഷണം നടത്തുകയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗിഗ് തൊഴിലാളികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.
- പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഒരു ലേബർ മ്യൂസിയം സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു
- 15 സെക്കൻഡ് ഗ്രേഡ് ഐ.ടി.ഐകൾ ഒന്നാം ഗ്രേഡായി ഉയർത്തുകയും വിവിധ ജില്ലകളിലായി 26 ഐ.ടി.ഐ കൾക്കായി ഭൂമി ഏറ്റെടുക്കൽ നടത്തുകയും ചെയ്യും.
- പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രധാന ഐ.ടി.ഐകളിൽ ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ വകുപ്പ് പദ്ധതിയിടുന്നു (ഇപ്പോൾ 9 ഐ.ടി.ഐകളിൽ മാത്രമാണ് ഉൽപ്പാദന കേന്ദ്രങ്ങൾ ഉള്ളത്)

- സംരംഭകത്വം, ബാങ്കിംഗ്, ധനകാര്യം, ടൂറിസം, ഹോസ്പിറ്റാലിറ്റി, സൗന്ദര്യവർദ്ധക സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിൽ കേരളത്തിലുടനീളം പുതിയ സെന്റർ ഓഫ് എക്സലൻസ് (സിഒഇ) സ്ഥാപിക്കും
- ഗ്രാമീണ നൈപുണ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ എല്ലാ ജില്ലകളിലും കൗശൽ കേന്ദ്രങ്ങൾ സ്ഥാപിക്കും
- കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെഎസ്ഐഡി) രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനമായി ഉയർത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.
- നൈപുണ്യ സെക്രട്ടറിയേറ്റ് സ്ഥാപിക്കാൻ വിഭാവനം ചെയ്യുന്നു
- സ്കിൽ സെക്രട്ടേറിയറ്റിന്റെ തിങ്ക് ടാങ്കായി വേൾഡ് സ്കിൽ ലൈസിയം വിഭാവനം ചെയ്തിട്ടുണ്ട്
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും 'സ്മാർട്ട് കാർഡ്' നൽകുന്നതിനും ഓൺലൈൻ സോഫ്റ്റ്‌വെയറിന്റെയും മൊബൈൽ ആപ്ലിക്കേഷന്റെയും മെച്ചപ്പെടുത്തൽ പദ്ധതി നടപ്പിലാക്കും.
- കിലെ-യെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയും നാഷണൽ ലെവൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ടായും ഉയർത്തും
- തൊഴിൽ നിയമങ്ങളിലും മാനേജ്മെന്റിലും (CPLM) എക്സിക്യൂട്ടീവ് സർട്ടിഫിക്കേഷൻ പ്രോഗ്രാം നടത്തും.
- ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് മുഖേന ഫാക്ടറി പരിശോധനാ നിർവ്വഹണ സംവിധാനം ശക്തിപ്പെടുത്തുകയും സുരക്ഷിതമല്ലാത്ത പ്രവൃത്തികളും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളും കാരണം അവശേഷിക്കുന്ന അപകടസാധ്യതകൾ പരിഹരിക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ നടപ്പിലാക്കുകയും ചെയ്യും.

2022-23 വാർഷിക പദ്ധതിയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചു

2022-23 സാമ്പത്തിക വർഷത്തിൽ ലേബർ കമ്മീഷണറേറ്റ് 'കേരള അതിഥി മൊബൈൽ ആപ്ലിക്കേഷൻ സ്കീം', 'കിലെ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്) യെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവാരത്തിലേക്ക് ഉയർത്തൽ എന്നിങ്ങനെ രണ്ട് പദ്ധതികൾ ഇതിനകം തൊഴിൽ തൊഴിലാളി ക്ഷേമ വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

അദ്ധ്യായം 18

പ്രവാസി കാര്യക്ഷേമം (നോർക്ക)

'അവസാനം സ്ഥിര താമസം ഉണ്ടായിരുന്ന സ്ഥലത്ത് നിന്നും മാറി നിലവിലെ കണക്കെടുപ്പിന്റെ സമയത്ത് മറ്റൊരു സ്ഥലത്ത് താമസിക്കുന്നവരെയാണ് കുടിയേറ്റക്കാർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്'. ഒരു വ്യക്തി 6 മാസമോ അതിൽ കൂടുതലോ തുടർച്ചയായി താമസിച്ച അല്ലെങ്കിൽ 6 മാസത്തിൽ കൂടുതൽ താമസിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലമാണ് (ഗ്രാമം/നഗരം) സാധാരണ താമസസ്ഥലം എന്ന് അറിയപ്പെടുന്നത് (Migration in India 2020-21, Periodic Labour Force Survey).

സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് പ്രവാസി മലയാളികൾ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള ഒരു ഉപകരണമായി അല്ലെങ്കിൽ മാർഗ്ഗമായി കുടിയേറ്റത്തെ പരിഗണിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിൽ നിലനിൽക്കുന്ന സാമ്പത്തിക അവസരങ്ങളാണ് കുടിയേറ്റത്തിന്റെ ശക്തമായ ചാലകശക്തികൾ. ലോകമെമ്പാടും, 258 ദശലക്ഷം ആളുകൾ അല്ലെങ്കിൽ ആഗോള ജനസംഖ്യയുടെ 3.4 ശതമാനം അവർ ജനിച്ച രാജ്യത്തിന് പുറത്ത് താമസിക്കുന്നു. അന്താരാഷ്ട്ര കുടിയേറ്റ ജനസംഖ്യ 1970-ലെ നിരക്കിന്റെ മൂന്നിരട്ടിയാണ്. ജോലിയാണ് പ്രധാന പ്രചോദനം. കുടിയേറ്റ തൊഴിലാളികൾ അന്താരാഷ്ട്ര കുടിയേറ്റക്കാരിൽ മൂന്നിൽ രണ്ട് ഭാഗവും ഉൾപ്പെടുന്നു. കൂടുതലും ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിലേക്കാണ് പോകുന്നത് (World Migration Report 2018).

കേരള മൈഗ്രേഷൻ സർവേ 2013 (കെഎംഎസ്) പ്രകാരം എമിഗ്രേഷൻ കുറയുന്നതായാണ് കാണിക്കുന്നത്. 2013-ൽ മൊത്തം പ്രവാസികളുടെ എണ്ണം 24 ലക്ഷമായിരുന്നു, 2018-ൽ അത് 21 ലക്ഷമായി കുറഞ്ഞു. 2013-ൽ നിന്ന് 2018-ൽ എത്തിയപ്പോൾ ഇതിൽ ഏകദേശം 12 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി കാണുന്നു.

കേരള മൈഗ്രേഷൻ സർവ്വേ 2018 കഴിഞ്ഞ റൗണ്ടിൽ കണ്ടെത്തിയ ഈ പ്രവണത സ്ഥിരീകരിച്ചു - കേരളത്തിൽ നിന്നുള്ള കുടിയേറ്റം കുറയുകയും, തിരിച്ചുവരുന്ന കുടിയേറ്റം വർദ്ധിക്കുകയും ചെയ്യുന്നു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ "ഇന്ത്യയുടെ ഇൻവാർഡ് റെമിറ്റൻസിനെക്കുറിച്ചുള്ള സർവ്വേ (2018) പ്രകാരം, രാജ്യത്തെ മൊത്തം പണമയക്കലിന്റെ 19 ശതമാനം കേരളത്തിന് ലഭിക്കുന്നു. വാണിജ്യ ബാങ്കുകളിലെ എൻആർഐ നിക്ഷേപങ്ങളിലൂടെയും അംഗീകൃത ഫോറിൻ എക്സ്ചേഞ്ച് ഡീലർമാർ മുഖേന കൈമാറ്റം ചെയ്യപ്പെടുന്ന പണത്തിലൂടെയുമാണ് സംസ്ഥാനത്തേക്ക് പണമയയ്ക്കുന്നതിനായി നേരിട്ടുള്ള മാർഗങ്ങൾ".

നോർക്ക റൂട്ട്സ്, നോർക്ക വെൽഫെയർ ബോർഡ്, നോർക്ക സെൽ ന്യൂഡൽഹി, എൻആർഐ കമ്മീഷൻ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് തുടങ്ങിയ ഇനിപ്പറയുന്ന ഏജൻസികൾ മുഖേനയാണ് നോർക്ക വകുപ്പ് പ്രവാസികൾക്കായുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നത്.

നോർക്ക റൂട്ട്സ്

നോർക്ക വകുപ്പിന് കീഴിൽ 2002 മുതൽ പ്രവർത്തിക്കുന്ന ഒരു ഏജൻസിയാണ് നോർക്ക റൂട്ട്സ്. പ്രവാസി ക്ഷേമം ഉറപ്പാക്കുകയും അവരെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങൾക്കും ഒരൊറ്റ കിയോസ്കായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നോർക്ക റൂട്ട്സിന്റെ പ്രധാന ലക്ഷ്യം. നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി (നോർക്ക) എന്നായിരുന്നു നേരത്തെ ഈ ഏജൻസി അറിയപ്പെട്ടിരുന്നത്.

കേരള നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ബോർഡ്

പ്രവാസി കേരളീയരുടെ (എൻആർകെ) ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ നിയമം അനുസരിച്ച് രൂപീകരിച്ച കേരള സർക്കാരിന്റെ നിയമപരമായ ബോർഡാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പദ്ധതി കാലയളവിൽ (2017-2022) നോർക്ക വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 452.76 കോടി രൂപ പ്ലാൻ ഫണ്ടായി നീക്കിവച്ചിരുന്നു. ഈ കാലയളവിൽ രേഖപ്പെടുത്തിയ ചെലവ് 322.27 കോടി രൂപയായിരുന്നു. പതിമൂന്നാം പദ്ധതി കാലയളവിലെ അടങ്കലും ചെലവും പട്ടിക 18.1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 18.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നോർക്കയുടെ വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

വർഷം	പദ്ധതി വിഹിതം	ചെലവ്	ചെലവ് (ശതമാനത്തിൽ)
2017-18	6080.00	3668.62	60.34
2018-19	8000.00	5197.79	64.97
2019-20	8100.00	5241.00	64.70
2020-21	9048.00	14423.34	159.41
2021-22	14048.00	3696.61	26.31
ആകെ	45276.00	32227.36	71.00

**ചെലവിൽ ഗ്രാന്റുകൾക്കായുള്ള അനുബന്ധ ആവശ്യങ്ങൾ കൂടി ഉൾപ്പെടുന്നു*

ഉറവിടം: നോർക്ക

പതിമൂന്നാം പദ്ധതിയുടെ തുടക്കം മുതൽ തന്നെ കേരള സർക്കാർ ഈ മേഖലയ്ക്ക് തുടർച്ചയായി ഊന്നൽ നൽകിയിരുന്നുവെന്ന് പട്ടിക 18.1 ൽ നിന്ന് മനസിലാക്കാം. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ സാമ്പത്തിക വർഷം തന്നെ സർക്കാർ നോർക്കയുടെ വിഹിതം മുൻവർഷത്തേക്കാൾ (2016-17 രൂപ 2800.00 ലക്ഷം) ഇരട്ടിയായി വർദ്ധിപ്പിച്ചതായി വ്യക്തമാണ്.

അതിനു ശേഷം വർഷം തോറും, പ്രവാസി മലയാളികൾക്കുള്ള വിഹിതം സർക്കാർ തുടർച്ചയായി വർധിപ്പിച്ചു. കഴിഞ്ഞ വർഷം അത് 140.48 കോടിയായി.

പതിമൂന്നാമത് പഞ്ചവത്സരപദ്ധതി നേട്ടങ്ങളുടെ സംഗ്രഹം

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ ക്രൈസിസ് മാനേജ്മെന്റിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടത്തി. പ്രവാസികൾക്കായി നോർക്ക റൂട്ട്സ് രജിസ്ട്രേഷൻ സൗകര്യം ആരംഭിച്ചു, പകർച്ചവ്യാധിയുടെ സമയത്ത് അവർ ഒരു കോവിഡ്-19 പ്രതികരണ സെൽ രൂപീകരിച്ചു, ചാർട്ടഡ് ഫ്ലൈറ്റുകൾക്ക് എൻ.ഒ.സി നൽകി രക്ഷാപ്രവർത്തനം നടത്തി, മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസികൾക്ക് ടെയിൻ ക്രമീകരിച്ചു നൽകി. പ്രവാസി കേരളീയ ക്ഷേമ ബോർഡുകൾ പെൻഷൻ, ഫാമിലി പെൻഷൻ, അസാധുവായ പെൻഷൻ, മരിച്ച അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, ചികിത്സാ ധനസഹായം, വിവാഹം, പ്രസവം, വിദ്യാഭ്യാസം എന്നിവക്കും സഹായം നൽകുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികളെ സഹായിക്കുന്നതിനും, പ്രവാസികളുടെ മൃതദേഹങ്ങൾ കൊണ്ടുപോകുന്നതിനും വിമാനത്താവളങ്ങളിൽ ആംബുലൻസ് സപ്പോർട്ട് നൽകുന്നതിനുമായി ഒരു പദ്ധതി നിലവിലുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമായി (ഐ.എം.എ) സഹകരിച്ച് നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നു. ഇതവരെ 650 ഓളം സർവീസുകൾ ഇതുവഴി സാധ്യമാക്കിയിട്ടുണ്ട്.

വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ പ്രത്യേകിച്ച് ജി.സി.സി കളിൽ ചെറുതോ നിസ്സാരമോ ആയ കുറ്റങ്ങൾക്ക് അവരറിയാതെ കുറെ മലയാളികൾ കഴിയുന്നത് ഏറെക്കാലമായി ശ്രദ്ധിക്കപ്പെട്ടതാണ്. വിദേശ രാജ്യങ്ങളിലെ നിയമത്തെക്കുറിച്ചുള്ള അജ്ഞതയും ഭാഷാ പ്രശ്നങ്ങളുമാണ് ഇവർ ജയിലിൽ കഴിയാനുള്ള പ്രധാന കാരണം. പദ്ധതി പ്രകാരം 6 ജി.സി.സി രാജ്യങ്ങളിലായി 11 ലീഗൽ കൺസൾട്ടന്റുമാരെ നിയമിച്ചു. വിവിധ കേസുകളിലായി 110 അപേക്ഷകൾ ലഭിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി നൂറോളം കേസുകൾ ലീഗൽ കൺസൾട്ടന്റുമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, മറ്റ് പെൻഷനുകൾ, മരണ സഹായം, ചികിത്സാ സഹായം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം എന്നിങ്ങനെ വിവിധ സഹായങ്ങൾ ബോർഡ് പ്രവാസികൾക്ക് നൽകുന്നു.

നിലവിൽ 20000-ത്തിലധികം പെൻഷൻകാരുണ്ട്. അതുപോലെ, വിവിധ ക്ഷേമപദ്ധതികൾക്ക് അർഹതയുള്ള അംഗങ്ങളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷങ്ങളിൽ പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടി ചെലവഴിച്ച തുക പട്ടിക 18.2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 18.2 പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾക്കും വേണ്ടിയുള്ള ചെലവ്

വർഷം	പെൻഷൻ (രൂപയിൽ)	മറ്റ് ക്ഷേമ പദ്ധതികൾ (തുക രൂപയിൽ)	ആകെ (കോടി)
2016-17	36260744	8185390	4.44
2017-18	107185039	9864285	11.70
2018-19	242704929	16035653	25.87
2019-20	386622339	24763852	41.13

ഉറവിടം : നോർക്ക പ്രവാസി ക്ഷേമ ബോർഡ്

കൂടാതെ, പകർച്ചവ്യാധി സാഹചര്യത്തിൽ പ്രത്യേക സഹായത്തിനായി 7 കോടി രൂപ അനുവദിച്ചു.

പ്രവാസികൾക്കായി പുതുതായി അവതരിപ്പിച്ച ഡെപ്പോസിറ്റ് ലിങ്ക്ഡ് പ്രതിമാസ വരുമാന പദ്ധതിയാണിത്. മതിയായ യോഗ്യതയുള്ള പ്രവാസികൾക്ക് 1000 രൂപ മുതൽ നിക്ഷേപം നടത്താം. പദ്ധതി പ്രകാരം 3 ലക്ഷം മുതൽ 51 ലക്ഷം രൂപ വരെ സമാഹരിച്ച ഫണ്ട് സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിയിലേക്ക് മാറ്റുന്നു. പ്രതിമാസ ലാഭവിഹിതം നിക്ഷേപകന്/പങ്കാളിക്ക് (നിക്ഷേപകൻ മരണപ്പെട്ടാൽ) നൽകുന്നു. കിഫ്ബിയിൽ നിന്ന് ലഭിക്കുന്ന ഫണ്ടുകളുടെയും ഇതിനായി നീക്കിവച്ചിരിക്കുന്ന സർക്കാർ വിഹിതത്തിന്റെയും ചെലവിൽ നിന്നാണ് ലാഭവിഹിതം നൽകുന്നത്. സ്കീമിന് കീഴിലുള്ള നിക്ഷേപങ്ങൾക്ക് 10 ശതമാനം ലാഭവിഹിതം ഉറപ്പുനൽകുന്നു. നിക്ഷേപകന്റെ പങ്കാളിയുടെ മരണശേഷം, ആദ്യ 3 വർഷത്തെ ലാഭവിഹിതത്തോടൊപ്പം യഥാർത്ഥ നിക്ഷേപവും നിക്ഷേപകന്റെ നിയമപരമായ അവകാശി/നോമിനിക്ക് തിരികെ നൽകും. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രവാസി സമൂഹത്തിന് ദീർഘകാല പ്രതിമാസ വരുമാനം നൽകുന്നതിനുമായി പ്രവാസി ഫണ്ട് പ്രയോജനപ്പെടുത്തുന്നതിനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. 2021 ഒക്ടോബർ 28 വരെയുള്ള കണക്ക് അനുസരിച്ച്പദ്ധതിക്ക് കീഴിലുള്ള 2940 നിക്ഷേപങ്ങളിൽ നിന്ന് 270 കോടി രൂപ സമാഹരിച്ച് കിഫ്ബിയിലേക്ക് മാറ്റിയിട്ടുണ്ട്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ പ്രത്യേക സഹായം

കേരള സർക്കാർ പ്രവാസികൾക്ക് താഴെപ്പറയുന്ന സാമ്പത്തിക സഹായം പ്രഖ്യാപിച്ചു:

- കൊറോണ വൈറസ് ബാധിതരായ പ്രവാസി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 10,000 രൂപ ധനസഹായം നൽകിയിരുന്നു. പ്രവാസി ക്ഷേമ ബോർഡ് അംഗങ്ങളല്ലാത്തവർക്ക്, സാന്ത്വന പദ്ധതി പ്രകാരം നോർക്ക റൂട്ട്സിൽ നിന്ന് അതേ തുക അനുവദിച്ചിരുന്നു. ഇതിനായി നോർക്ക റൂട്ട്സിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. 18.09.2020 വരെ 20 അപേക്ഷകൾ ലഭിക്കുകയും തുക അനുവദിക്കുകയും ചെയ്തു.
- 2020 ജനുവരി 1 മുതൽ കേരളത്തിലേക്ക് മടങ്ങുകയും ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുത്തിയ ലോക്ക്ഡൗൺ കാരണം ജോലി പുനരാരംഭിക്കാൻ കഴിയാതെ വരികയും ചെയ്തവർക്ക് 5000 രൂപയും നൽകുന്നു. ഇക്കാര്യത്തിൽ, 57.5 കോടി രൂപ അനുവദിച്ചു, 1.75 ലക്ഷത്തിലധികം അപേക്ഷകൾ പരിഗണനയിലാണ്. 78,000 അപേക്ഷകൾ അംഗീകരിക്കുകയും അർഹരായ വ്യക്തികൾക്ക് 39 കോടി അനുവദിക്കുകയുണ്ടായി.

നിർണ്ണായകമായ അന്തരം

കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും ഉള്ള മലയാളികളുടെ കൃത്യമായ കണക്ക് വകുപ്പിന്റെ പക്കലില്ല എന്നത് ഈ മേഖലയിലെ ഒരു പ്രധാന പോരായ്മയാണ്. അതുപോലെ തന്നെ നോർക്ക റൂട്ട്സിന്റെ ജില്ലാതല പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതും ആവശ്യമാണ്.

നിലവിലുള്ള പ്രധാന പദ്ധതികൾ

പ്രവാസി മലയാളികൾക്കായുള്ള നോർക്ക വകുപ്പിന്റെ പ്രധാന പദ്ധതികൾ/പ്രോജക്ടുകൾ താഴെ പറയുന്നവയാണ്.

പട്ടിക 18.3 നിലവിലുള്ള പ്രധാന പദ്ധതികൾ

പദ്ധതിയുടെ പേര്	**ലക്ഷ്യങ്ങൾ/പ്രവർത്തനങ്ങൾ**
സാന്ത്വന	മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഒരു ദുരിത നിവാരണ ഫണ്ടാണ് സാന്ത്വന. മരണം, ചികിത്സ, കൃത്രിമ കൈകാലുകൾ അല്ലെങ്കിൽ ഊന്നുവടി വാങ്ങൽ, വിവാഹം എന്നിവയ്ക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭ്യമാണ്.
തിരിച്ചു വന്ന പ്രവാസികളുടെ പുനരധിവാസം (NORKA Department Project for Return Emigrants – NDPREM)	മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന്റെ ഭാഗമായി, സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ അവർക്ക് സുസ്ഥിരമായ ഒരു ഉപജീവനമാർഗം പ്രദാനം ചെയ്യുന്നതിനായി 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)' എന്നൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ്കീമിന് കീഴിൽ, ഓരോ അപേക്ഷകനും 30 ലക്ഷം വരെ മൂലധന ചെലവുള്ള പദ്ധതികൾക്ക് 15% മൂലധന സബ്സിഡി അനുവദിക്കും. യൂണിറ്റ് പ്രവർത്തിക്കുന്ന ആദ്യത്തെ 4 വർഷത്തേക്ക് 3% നിരക്കിൽ പലിശ സബ്സിഡി നൽകുന്നതിന് വ്യവസ്ഥയുണ്ട്.
തിരിച്ചെത്തുന്ന പ്രവാസികളുടെ ഏകോപന പുന സംയോജന പദ്ധതി	പ്രവാസികളെ വിജയകരമായ ജീവിതത്തിലേക്ക് പുനരധിവസിപ്പിക്കുന്നതിനും പുനഃസംയോജിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു പുതിയ ഘടകമാണിത്. പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന പുനരധിവാസ നിർദ്ദേശങ്ങൾ ഇനിപ്പറയുന്നവയാണ്. a) പ്രവാസി ഭദ്രത – പേൾ– 2 ലക്ഷം രൂപ വരെയുള്ള പലിശ രഹിത വായ്പകൾ കുടുംബശ്രീ മിഷൻ മുഖേന കുറഞ്ഞ വരുമാനമുള്ള മടങ്ങിയെത്തുന്ന പ്രവാസികൾക്ക്. b) പ്രവാസി ഭദ്രത – മൈക്രോ – സഹകരണ മേഖലയിലെ ബാങ്കുകൾ വഴിയും ദേശസാൽകൃത ബാങ്കുകൾ/ഷെഡ്യൂൾഡ് ബാങ്കുകൾ ഉൾപ്പെടെയുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും 5 ലക്ഷം രൂപ വരെ സോഫ്റ്റ് ലോൺ. പരമാവധി ഒരു ലക്ഷം വരെ 25% മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും. c) പ്രവാസി ഭദ്രത – കെഎസ്ഐഡിസി മുഖേനയുള്ള മെഗാ–എംഎസ്എംഇ സംരംഭങ്ങൾക്ക് 5% കുറഞ്ഞ പലിശ നിരക്കിൽ 25 ലക്ഷം മുതൽ 2 കോടി വരെ വായ്പ

പദ്ധതിയുടെ പേര്	ലക്ഷ്യങ്ങൾ/പ്രവർത്തനങ്ങൾ
പ്രവാസി മലയാളികൾക്കുള്ള നൈപുണ്യ വികസന-തുടർ സംയോജിത പരിശീലന പരിപാടി	നൈപുണ്യ നവീകരണവും പുനർസംയോജന പരിശീലന പരിപാടിയും ലക്ഷ്യമിടുന്നത് കേരളീയരായ യുവ തൊഴിൽ സേനയുടെ വൈദഗ്ധ്യം ഉയർത്തുകയും വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികളെ നേരിടാൻ മടങ്ങിവരുന്ന കുടിയേറ്റക്കാരെ പ്രാപ്തമാക്കുന്ന പുനർ നൈപുണ്യവുമാണ്.
പ്രവാസി സംഘത്തിനുള്ള ധനസഹായം	പ്രവാസികളായി തുടരുകയും വിദേശ രാജ്യങ്ങളിൽ സേവനമനുഷ്ഠിച്ച ശേഷം തിരിച്ചെത്തുകയും ചെയ്യുന്ന പ്രവാസികളുടെ ക്ഷേമത്തിനുള്ള മുൻനിര വേദികൾ പോലെയാണ് സംഘങ്ങൾ. പ്രവാസികളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലയുടെ വികസനമാണ് ഈ സംഘടനകളുടെ ലക്ഷ്യം. സംഘങ്ങൾക്ക് കൂടുതൽ ഫീൽഡ് ലെവൽ നെറ്റ്‌വർക്ക് ഉള്ളതിനാൽ, മടങ്ങിവരുന്ന കുടിയേറ്റക്കാരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കാൻ അവരുടെ സഹായത്തിനു കഴിയും.
പ്രവാസി ക്ഷേമ ഫണ്ട്	കേരള നിയമസഭ നടപ്പാക്കിയ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമനിധി നിയമം അനുസരിച്ച്, പ്രവാസി മലയാളികൾക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി 2010-ൽ കേരള പ്രവാസി ക്ഷേമനിധി ബോർഡ് രൂപീകരിച്ചു.
പ്രവാസി ഡിവിഡന്റ് സ്കീം-നോർക്ക ക്ഷേമ ബോർഡ് വഴി	പ്രവാസി ഡിവിഡന്റ് സ്കീം പ്രവാസികളുടെയും മടങ്ങിയെത്തിയവരുടെയും ക്ഷേമം ഉറപ്പാക്കുകയും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുകയും ചെയ്യുന്നു.
ലോക കേരള സഭ	ലോകമെമ്പാടുമുള്ള കേരളീയർക്ക് ഒരു പൊതുവേദിയായി കേരള സർക്കാർ ലോക കേരള സഭ (എൽകെഎസ്) രൂപീകരിച്ചു. അസംഖ്യം പ്രവാസി കേരളീയരെ സ്വന്തം നാടുമായി സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സമന്വയത്തിനുള്ള ഒരു വേദിയായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. പ്രവാസി മലയാളിയുടെ അറിവും അനുഭവങ്ങളും, ഒരു ആഗോള പൗരനെന്ന നിലയിലുള്ള അവരുടെ കഴിവും സംസ്ഥാനത്തിന്റെ വികസനത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് കേരള സർക്കാർ വിശ്വസിക്കുന്നു.

ഉറവിടം: നോർക്ക

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ് കുടിയേറ്റക്കാർ. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ, സമൂഹം, സംസ്കാരം എന്നിവയുടെ വിവിധ മേഖലകളിൽ അവർ സജീവമായി പങ്കെടുക്കുന്നു. പുതിയ സാങ്കേതികവിദ്യകൾ പ്രവാസികളും സംസ്ഥാനവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലെ നിർണായക ഘടകമായ പണമയയ്ക്കൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ്. പണമയക്കലിൽ നിന്നുള്ള വരുമാനം വിപണിയെ ആഴത്തിലാക്കുകയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഭൗതികവും സാംസ്കാരികവുമായ ഒരു ശ്രേണിക്ക് ഡിമാൻഡ് സൃഷ്ടിക്കുകയും ചെയ്തു.

പ്രവാസലോകത്തിന് പുതിയൊരു ആത്മവിശ്വാസം നൽകുന്ന ഒന്നാണ് ഇപ്പോഴത്തെ കേരള സർക്കാരിന്റെ സമീപനം. ഗവൺമെന്റുമായി പ്രവർത്തിക്കാനും സഹകരിക്കാനുമുള്ള പ്രവാസലോകത്തിന്റെ സന്നദ്ധത പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ പല പ്രവർത്തനങ്ങളിലും പ്രകടമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത്, ലോക കേരള സഭ എന്ന ഒരു അതുല്യ ഫോറം രൂപീകരിച്ചത്, പ്രവാസി അംഗങ്ങൾക്ക് സംസ്ഥാനത്തെ സംവാദങ്ങളിലും സാമൂഹിക പ്രക്രിയകളിലും പങ്കെടുക്കാനും കുടിയേറ്റക്കാരുടെയും കുടിയേറ്റത്തിന്റെയും പ്രശ്നങ്ങൾ ചർച്ച ചെയ്യാനും അവസരം നൽകി. പതിനാലാം പഞ്ചവത്സര പദ്ധതി ഈ സ്ഥാപനത്തെ തുടർന്നും പിന്തുണയ്ക്കുന്നതാണ്.

കേരളത്തിലെ വിദേശജനതയുടെ സംരക്ഷണം, നിക്ഷേപം എന്നിവയും കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ പങ്കാളികളാകാനും പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ഗവൺമെന്റിന്റെ എല്ലാ പരിപാടികൾക്കും ഈ പദ്ധതി തുടർന്നും പിന്തുണ നൽകും. വിദഗ്ദ്ധരായ തൊഴിലാളികൾ, പ്രൊഫഷണലുകൾ, ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, മറ്റ് വിദഗ്ധർ എന്നിവരുടെ കഴിവുകൾ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സംഭാവന ചെയ്യാൻ പദ്ധതി പ്രോത്സാഹിപ്പിക്കും. അവർക്ക് സംഭാവന ചെയ്യാൻ കഴിയുന്ന മേഖലകൾ കണ്ടെത്തുന്ന ദൗത്യം അടിയന്തരമായി ഏറ്റെടുക്കണം.

പാൻഡെമിക് സമയത്ത്, പ്രധാനമായും ജി.സി.സി യിൽ നിന്ന് 15 ലക്ഷത്തിലധികം കുടിയേറ്റക്കാർ കേരളത്തിലേക്ക് മടങ്ങി. മടങ്ങിയെത്തുന്ന കുടിയേറ്റക്കാരുടെ സാമ്പത്തിക സ്ഥിതി കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം അത്യന്തം ആശങ്കാജനകമാണ്, തിരിച്ചുവരുന്ന പ്രവാസികൾക്ക് നിക്ഷേപം, നൈപുണ്യം, പുനർ നൈപുണ്യം എന്നിവയുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, അവർക്ക് വിവിധ തരത്തിലുള്ള പ്രവേശനം ഉറപ്പാക്കുന്നതിനും, വിദേശത്ത് തിരികെ ജോലിയിൽ പ്രവേശിക്കാൻ ഉദ്ദേശിക്കുന്നവരെ സഹായിക്കാനും ശ്രമിക്കുന്നതും ഇതിനായി കേരള പ്രവാസി വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതാണ്.

പ്രവാസികളുടെ താൽപ്പര്യങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനായി കേരള സർക്കാർ നിർദ്ദേശിക്കുന്ന നിയമപരവും ഭരണപരവും സാമ്പത്തികവുമായ നടപടികളുടെ പോർട്ട്ഫോളിയോയെ ഈ പദ്ധതി പിന്തുണയ്ക്കും.

നിലവിൽ, ആനുകാലിക കേരള മൈഗ്രേഷൻ സർവേകളിൽ നിന്നാണ് പ്രവാസി മലയാളികളുടെ കണക്കുകൾ ലഭിക്കുന്നത്. ഈ പഠനങ്ങൾ സംസ്ഥാനത്ത് നിന്നുള്ള കുടിയേറ്റക്കാരെക്കുറിച്ചുള്ള വിവരങ്ങളിൽ വലിയ വിടവ് നികത്തുമ്പോൾ, ഈ മേഖലയിലെ സീരിയൽ ഡാറ്റയുടെ സമഗ്രമായ ഉറവിടത്തിന്റെ ആവശ്യകത ഭരണാധികാരികളും പണ്ഡിതന്മാരും ഊന്നിപ്പറയുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഇന്ത്യയുടെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിലുള്ള എൻആർകെകളുടെ എണ്ണം ശേഖരിക്കുന്നതിനായി കേരള സർക്കാർ ഒരു വെബ് പോർട്ടൽ സ്ഥാപിച്ചു. സംസ്ഥാനത്തേക്ക് മടങ്ങിവരുന്ന കുടിയേറ്റക്കാരുടെ എണ്ണവും ഓൺലൈൻ ഡാറ്റാബേസ് നൽകുന്നു. NRK-കളുടെ എണ്ണത്തിന്റെ തത്സമയ വിലയിരുത്തൽ നൽകുന്നതിനും അവരുടെ ക്ഷേമത്തിനും പിന്തുണയ്ക്കുമായി നയങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാരിനെ സഹായിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് ഓൺലൈൻ ഡാറ്റാബേസ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രവാസികളുടെ പുരോഗതിക്കും കുടിയേറ്റത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള വിവിധ പദ്ധതികൾക്കൊപ്പം, പതിനാലാം പഞ്ചവത്സര പദ്ധതിയിലും നിരവധി പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

വിദേശത്ത് താമസിക്കുന്ന ഏകദേശം 3 ദശലക്ഷം പ്രവാസികളെയും 5 ദശലക്ഷം മടങ്ങിയെത്തിയ പ്രവാസികളെയും ഇന്ത്യയിലെ തന്നെ മറ്റ് സംസ്ഥാനങ്ങളിൽ വസിക്കുന്ന 5 ദശലക്ഷം മലയാളികളെയും പ്രതിനിധീകരിക്കുന്നതിനാൽ നോർക്ക റൂട്ട്സ് ശക്തിപ്പെടുത്തുന്നതിന് ഏറ്റവും വലിയ ഊന്നൽ നൽകേണ്ടതുണ്ട്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദേശ തൊഴിലന്വേഷകർക്കായി പ്രമുഖ ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും സഹകരിച്ച് ഒരു സോഫ്റ്റ് ലോൺ പദ്ധതിയും മടങ്ങിയെത്തുന്നവർക്ക് നിലവിലുള്ള സ്വയം തൊഴിൽ പദ്ധതിക്ക് അനുസൃതമായി സബ്സിഡി നൽകുന്നതുമാണ് മറ്റൊരു പ്രധാന സംരംഭം.

ഇന്ത്യൻ കാർഡ് ഉടമകളുടെ വിദേശ പൗരത്വത്തിനുള്ള ക്ഷേമവും നിക്ഷേപ പദ്ധതികളും നോർക്ക റൂട്ട്സ് നിർദ്ദേശിച്ച മറ്റൊരു പദ്ധതിയാണ്. ഏകദേശം 6 ദശലക്ഷം ഒസിഐ കാർഡ് ഉടമകളുണ്ട്, അതിൽ കുറഞ്ഞത് 1 ദശലക്ഷത്തിൽ കേരളീയരും, വളരെ സാധ്യതയുള്ള ഗ്രൂപ്പും, നിക്ഷേപം കേരളത്തിലേക്ക് എത്തിക്കാൻ കഴിവുള്ളവരുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയെ പ്രത്യേകം അഭിസംബോധന ചെയ്യുകയും അവർക്കായി സ്കീമുകളും സേവനങ്ങളും നൽകുകയും വേണം.

വകുപ്പ് പരാമർശിച്ച മറ്റൊരു സ്കീമാണ് മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, പ്രവാസികൾ സാധാരണയായി 45 മുതൽ 60 വയസ്സ് വരെ പ്രായമാകുമ്പോൾ സ്വന്തം രാജ്യത്തിലേക്കോ സംസ്ഥാനത്തിലേക്കോ മടങ്ങുന്നു. സ്വന്തമായി വരുമാനമില്ല, മക്കളെയാണ് ആശ്രയിക്കുന്നത്. അതിനാൽ സി.ജി.എച്ച്.എസ് (കേന്ദ്ര സർക്കാർ ആരോഗ്യ പദ്ധതി) ന് അനുസൃതമായി അവർക്കായി ഒരു സമഗ്ര ആരോഗ്യ പാക്കേജ് ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

അതുപോലെ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, കേരളത്തിന് പുറത്ത് (ഇന്ത്യക്കകത്ത്) താമസിക്കുന്ന മറുനാടൻ മലയാളികൾക്കായി വിവിധ ക്ഷേമ പദ്ധതികൾ ആരംഭിക്കാനും പൊതു സ്വകാര്യ പങ്കാളിത്തത്തിൽ പ്രവാസികൾക്കായി ഭാഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനും ഉദ്ദേശിക്കുന്നു.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) ആണ് 2022-23 വാർഷിക പദ്ധതിയിൽ ഇതിനകം ആരംഭിച്ച പുതിയ പദ്ധതി. 2018 ജനുവരിയിൽ നടന്ന ഒന്നാം ലോക കേരള സഭയുടെ ശിപാർശകൾ പരിഗണിച്ചാണ് കമ്പനി രൂപീകരിച്ചത്. 100% സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണിത്. കമ്പനിയുടെ ആദ്യ സംരംഭം റെസ്റ്റ് സ്റ്റോപ്പ് പ്രോജക്ടാണ്. ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന പരിപാലന കേന്ദ്രങ്ങൾ, ക്ലിനിക്കുകൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാന-ദേശീയ പാതയ്ക്ക് സമീപം അന്താരാഷ്ട്ര നിലവാരത്തിൽ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2020 ജനുവരിയിൽ നടന്ന രണ്ടാം ലോക കേരള സഭയുടെ ശിപാർശകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 19

കലയും സംസ്കാരവും കായികവും

19.1 കലയും സംസ്കാരവും

അവലോകനം

പുരോഗമന-ജനാധിപത്യ സമൂഹങ്ങൾ എല്ലായ്പ്പോഴും കലയെയും സംസ്കാരത്തെയും ഉന്നത തലത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. എല്ലാ മനുഷ്യ പ്രയത്നങ്ങളുടെയും കാര്യത്തിലെന്നപോലെ, കലയുടെ വികസനം ഇതുമായി ബന്ധപ്പെട്ട ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കല നമ്മുടെ സാമൂഹിക പുരോഗതിക്ക് മികച്ച സംഭാവനകൾ നൽകുന്നതായി കണക്കാക്കപ്പെടുന്നു. വിവിധ സംസ്കാരങ്ങളും അതിന്റെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളും മറ്റും വൈവിധ്യം നിലനിർത്താനുള്ള പ്രവണതയെ ആശ്രയിച്ചിരിക്കുന്നു അതിനാൽ തന്നെ ഇന്ത്യയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയായി ഇന്ന് കണക്കാക്കപ്പെടുന്നു. കലയുടെയും സംസ്കാരത്തിന്റെയും സമ്പന്നമായ പാരമ്പര്യമുള്ള രാജ്യമാണ് നമ്മുടേത്.

കലാരൂപങ്ങളുടേയും ഉത്സവങ്ങളുടേയും വൈവിധ്യം കൊണ്ട് തന്നെ കേരളം വളരെ പ്രശസ്തമാണ്. വിവിധ കലാരൂപങ്ങൾ രൂപപ്പെടുത്തുന്നതിനും അവ പ്രചരിപ്പിക്കുന്നതിനും ഒരു നീണ്ട ചരിത്രവും കേരളത്തിനുണ്ട്. കേരളത്തിന്റെ വൈവിധ്യമാർന്ന ഭൂമിശാസ്ത്ര സവിശേഷതകൾ സാംസ്കാരിക വൈവിധ്യത്തിന് ചരിത്രപരമായി സംഭാവന നൽകിയിട്ടുണ്ട്. ദൃശ്യകലകൾ, കരകൗശലവസ്തുക്കൾ, ഭാഷകൾ, ചരിത്രം, ഉത്സവങ്ങൾ, ആയോധനകലകൾ, വസ്ത്ര രീതികൾ, മറ്റ് ദർശനങ്ങൾ എന്നിവയുൾപ്പെടെ സംസ്കാരത്തിന്റെ നിരവധി വശങ്ങൾ ഈ വൈവിധ്യത്തിന്റെ വ്യാപ്തി സൂചിപ്പിക്കുന്നു. വ്യാപാരത്തിലൂടെയും ആശയവിനിമയത്തിലൂടെയും ലോകമെമ്പാടുമുള്ള സംസ്കാരങ്ങളുമായുള്ള ദീർഘകാല സമ്പർക്കത്തിലൂടെയാണ് നമ്മുടെ സംസ്കാരം രൂപപ്പെട്ടത്. കേരളത്തിന്റെ സവിശേഷമായ ജനാധിപത്യ, മതേതര, പുരോഗമന സംസ്കാരം ഈ കലാരൂപങ്ങളുടെ മൂല്യങ്ങളിലൂടെ വിമോചനത്തിന്റെ മാധ്യമമായും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഉപാധികളായും നാം കണക്കാക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിയിൽ കലയുടെയും സംസ്കാരത്തിന്റെയും പ്രാധാന്യം കേരളം അംഗീകരിക്കുകയും സംഭാവനകൾ നൽകിയവരെ ആദരിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഈ മേഖലയിലെ സ്ഥാപനങ്ങൾക്ക് സർക്കാർ തുടർച്ചയായി പിന്തുണ നൽകുന്നതിനോടൊപ്പം കലാകാരന്മാരെയും എഴുത്തുകാരെയും വളർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ (2012-17) കാലയളവിൽ കല, സാംസ്കാരിക മേഖലകൾക്കായി 388.22 കോടി രൂപയാണ് മൊത്തം പദ്ധതി വിഹിതമായി അനുവദിച്ചിരുന്നത്. ഈ കാലയളവിലെ പദ്ധതി ചെലവ് 321.56 കോടി രൂപയാണ് (82.83%). പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ മൊത്തം വിഹിതം 747.91 കോടി രൂപയായി വർദ്ധിച്ചു. ചെലവഴിച്ചത് 467.69 കോടി രൂപയാണ് (62.53%). പ്രകൃതിക്ഷോഭങ്ങളും കോവിഡ്-19 മഹാമാരിയും കാരണം, കലാ സാംസ്കാരിക മേഖലയ്ക്കുള്ള ശരാശരി ചെലവ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 62.53 ശതമാനമായി പരിമിതപ്പെടുത്താൻ കാരണമായി. വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 19.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കലാ സാംസ്കാരിക മേഖലകളിലെ പദ്ധതി വിഹിതവും ചെലവും

ക്രമ നം.	വകുപ്പ്	2017-18		2018-19		2019-20		2020-21		2021-22		ആകെ	
		വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	ആകെ വിഹിതം	ആകെ ചെലവ് (ശതമാനത്തിലും)
1	പുരാവസ്തു വകുപ്പ്	24.00	14.93	25.25	15.14	23.50	9.28	16.40	12.88	17.50	8.87	106.65	61.11 (57.30)
2	പുരാരേഖാ വകുപ്പ്	4.65	3.93	5.10	3.50	7.70	1.95	16.30	8.79	15.75	7.40	49.5	25.57 (51.65)
3	മ്യൂസിയം മൃഗശാലാ വകുപ്പ്	22.50	15.67	24.75	13.56	32.75	11.94	34.90	19.24	29.00	8.19	143.9	68.6 (47.67)
4	കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ	4.00	4.00	5.00	4.95	8.00	2.00	11.00	11.00	13.00	13.55	41	35.5 (86.58)
5	കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി	5.65	5.65	7.75	4.65	11.00	11.00	11.00	8.25	11.00	10.95	46.4	40.50 (87.28)
6	സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ്	24.35	2.41	27.92	18.20	28.05	14.02	24.75	26.22	23.75	14.32	128.82	75.19 (58.36)
7	സാംസ്കാരിക വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ	38.67	35.20	42.93	22.51	43.28	22.31	40.34	36.22	44.59	27.35	209.81	143.59 (68.44)
8	ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ (സംഗീത കോളേജ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, സെൻട്രൽ ലൈബ്രറി)	7.52	6.41	5.77	4.60	3.36	2.75	2.54	1.9	2.64	2.00	21.83	17.66 (80.90)
	ആകെ	**131.34**	**88.20**	**144.47**	**87.11**	**157.64**	**75.25**	**157.23**	**124.50**	**157.23**	**92.63**	**747.91**	**467.69 (62.53)**

** ചെലവിൽ ഗ്രാന്റുകൾക്കുള്ള സപ്ലിമെന്ററി ഡിമാൻഡ് ഉൾപ്പെടുന്നു*

അവലംബം : ബജറ്റ് രേഖകൾ, പ്ലാൻ സ്പേസ് , കേരള സർക്കാർ

പതിമൂന്നാം പഞ്ചവത്സര പദ്ധതി: പ്രധാന നേട്ടങ്ങൾ

- പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സാംസ്കാരിക ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന യുവകലാകാരന്മാർക്കുള്ള ഡയമണ്ട് ജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതി പ്രകാരം അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് യോഗ്യത നേടുകയോ നാടൻ കലകളിൽ വൈദഗ്ദ്ധ്യം നേടുകയോ ചെയ്ത 1,000 യുവ കലാകാരന്മാർക്ക് എല്ലാ വർഷവും ഫെല്ലോഷിപ്പിലൂടെ പിന്തുണ നൽകുന്നു. ഓരോ കലാകാരന്മാർക്കും പ്രതിമാസം 15,000

രൂപയാണ് ഫെലോഷിപ്പ് നൽകിയിരുന്നത് (ഫെലോഷിപ്പായി സാംസ്കാരിക ഡയറക്ടറേറ്റ് വഴി 10,000 രൂപയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് 5,000 രൂപയും).

- സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ അപര്യാപ്തമായ ഗ്രാമപ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും കലാ പ്രകടനത്തിനുള്ള വേദികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയായ നാട്ടരങ്ങ് ആരംഭിച്ചു.
- കോവിഡ്-19 മഹാമാരിയിൽ ഉപജീവനമാർഗം നഷ്ടപ്പെട്ട കലാകാരന്മാർക്ക് കലാപ്രകടനങ്ങൾക്ക് വേദിയൊരുക്കുന്നതിനായി സാംസ്കാരിക വകുപ്പ് ഭാരത് ഭവനുമായി സഹകരിച്ച് മൾട്ടിമീഡിയ മെഗാ ഡിജിറ്റൽ സ്ട്രീമിംഗ് പദ്ധതിയായ മഴമിഴി എന്ന ഓൺലൈൻ മാധ്യമത്തിലൂടെ ആർട്ട് ഷോ നടത്തി.
- പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കലാകാരന്മാർക്ക് വിവിധ തരത്തിലുള്ള സഹായം നൽകി.
- സമീപകാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ ക്രിയാത്മകമായി പ്രതികരിക്കുന്നതിനും എല്ലാ മേഖലകളിലും ലിംഗസമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പിന്റെ സാംസ്കാരിക നേതൃത്വത്തിലുള്ള ബോധവൽക്കരണ സംരംഭമാണ് സമം. സ്ത്രീ സമത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സമം സിഗ്നേച്ചർ ഫിലിം, ഇതിന്റെ ഭാഗമായി രൂപീകരിച്ച സമം പദ്ധതി എന്നിവ വിവിധ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.
- കണ്ണൂരിൽ മ്യൂസിയം-മൃഗശാല വകുപ്പിന്റെ കീഴിൽ എ.കെ.ജി യുടെ സ്മാരക മ്യൂസിയം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തിരുവനന്തപുരം മൃഗശാലയിൽ വ്യാഖ്യാന കേന്ദ്രത്തിന്റെയും മൃഗങ്ങൾക്കായുള്ള ക്വാറന്റൈൻ സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- വിവിധ ജില്ലകളിൽ റീജിയണൽ മ്യൂസിയങ്ങളും ഹെറിറ്റേജ് മ്യൂസിയങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമിട്ടു.
- തിരുവനന്തപുരം ശ്രീചിത്ര ആർട്ട് ഗാലറിക്ക് സമീപം രാജാ രവിവർമ്മയുടെ പേരിൽ പുതിയ ആർട്ട് ഗാലറിയുടെ നിർമ്മാണം (ഒന്നാം ഘട്ടം) പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ചു.
- തിരുവനന്തപുരം കാര്യവട്ടം കാമ്പസിൽ ആർക്കൈവൽ സ്റ്റഡീസ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് കേരള സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവച്ചു, കേരള മ്യൂസിയം വഴിയാകും ഇത് നടപ്പിലാക്കുക.
- ഒരു കോടിയോളം താളിയോല രേഖകളുള്ള 10,000 ചുരുളുകളുടെ ശേഖരം സ്ഥാപിക്കാൻ കേരള മ്യൂസിയവുമായി ധാരണാപത്രം ഒപ്പുവച്ചു, ഇത് ലോകത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ ശേഖരമാണ്.
- കേരള സ്റ്റേറ്റ് ആർക്കൈവ്സ് വകുപ്പ് മുഖേന താളിയോല രേഖകളുടെ ഡിജിറ്റലൈസേഷൻ പുരോഗമിക്കുന്നു
- സാംസ്കാരിക പൈതൃകം കൈമാറ്റം ചെയ്യുന്നതിനും പരസ്പരം പങ്കിടുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി, കേരളവുമായി ബന്ധപ്പെട്ട ഡച്ച് രേഖകൾ പുരാരേഖാ വകുപ്പിനും ഡച്ചുമായി ബന്ധപ്പെട്ട കേരള രേഖകൾ നെതർലൻഡ്സ് നാഷണൽ ആർക്കൈവ്സിനും കൈമാറുന്നതിന് പുരാരേഖാ വകുപ്പും നെതർലൻഡ്സ് നാഷണൽ ആർക്കൈവ്സും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു.
- പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് പുരാവസ്തു വകുപ്പിന്റെ കൈവശമുള്ള നാണയശാസ്ത്ര ശേഖരങ്ങളുടെ ഡോക്യുമെന്റേഷനായി ഒരു പദ്ധതി ആരംഭിക്കുകയും സംരക്ഷിത സ്മാരകങ്ങളുടെ വിഭാഗത്തിൽ 16 സ്മാരകങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.
- കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ (IFFK) ഇരുപത്തി അഞ്ചാമത് എഡിഷൻ 2021 ഫെബ്രുവരി 10 മുതൽ മാർച്ച് 5 വരെ നടന്നു. ലോകമെമ്പാടുമുള്ള 14,000 പ്രതിനിധികളാണ് മേളയിൽ പങ്കെടുത്തത്.

- വിവിധ നിർവ്വഹണ വകുപ്പുകളും സാംസ്കാരിക സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യ വികസനം, സ്ഥാപനങ്ങളുടെ നവീകരണം, പരിപാലനം, സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കാര്യശേഷി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കലാ-സാംസ്കാരിക മേഖലയിലെ വിടവുകൾ

- വിവിധ മേഖലകളിൽപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ കൃത്യമായ വിവരങ്ങൾ ലഭിക്കാത്തതാണ് കലാ-സാംസ്കാരിക മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വിടവുകളിൽ ഒന്ന്. സർക്കാർ പദ്ധതികളുടെ പ്രയോജനം ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന കലാകാരന്മാർക്ക് പ്രയോജനം ലഭിക്കുന്നതിനും മറ്റും മുഴുവൻ കലാകാരന്മാരുടെ വിശദാംശങ്ങൾ ലഭ്യമാകത്തത് വലിയ തടസ്സമായി കാണുന്നു.
- പുരാരേഖ വകുപ്പിലെ ഡിജിറ്റലൈസേഷൻ വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. ഈ പ്രക്രിയ വേഗത്തിലാക്കാനുള്ള നടപടികൾ അടുത്ത പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.
- പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളിലെ ഗൈഡിംഗ്, ടിക്കറ്റിംഗ് സംവിധാനങ്ങൾ ഇ-ടിക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ/ആപ്ലിക്കേഷനുകൾ/മറ്റ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നവീകരിക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

പുരോഗമന, ജനാധിപത്യ, ബഹുസ്വര, മതേതര സാംസ്കാരിക മൂല്യങ്ങളെയും സ്ഥാപനങ്ങളെയും പിന്തുണച്ച് സംസ്ഥാനത്തെ എല്ലാ കലാരൂപങ്ങൾക്കും ഊർജ്ജസ്വലമായ ഒരു പരിത:സ്ഥിതി സൃഷ്ടിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി പ്രതിജ്ഞാബദ്ധമാണ്. പൊതു സാംസ്കാരിക സേവനങ്ങൾ/ഇടങ്ങൾ ഉൾപ്പെടെയുള്ളവ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളെ ഈ പദ്ധതി പിന്തുണയ്ക്കും. കൊച്ചി-മുസിരിസ് ബിനാലെ, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ.എഫ്.എഫ്.കെ), ഇന്റർനാഷണൽ ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ.ഡി.എസ്.എഫ്.എ.ഫ്.കെ), ഇന്റർനാഷണൽ തിയറ്റർ ഫെസ്റ്റിവൽ കേരള (ഐ.ടി.എഫ്.ഒ.കെ) തുടങ്ങിയ രാജ്യാന്തര തലത്തിൽ തന്നെ അറിയപ്പെടുന്ന സാംസ്കാരിക പരിപാടികൾക്ക് സർക്കാർ പിന്തുണ തുടരുകയും ഇവ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യും. വിവിധ സാംസ്കാരിക മേഖലകളിലെ സർഗ്ഗാത്മക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾക്ക് ഈ പദ്ധതി പിന്തുണ നൽകും. കലാ-സാഹിത്യ രംഗത്തെ പ്രമുഖരെ ഉപദേഷ്ടാക്കളായി പങ്കെടുപ്പിക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ലോകമെമ്പാടുമുള്ള കലാകാരന്മാരെയും കേരളത്തിലേക്ക് ക്ഷണിക്കുന്നതിനും കലാപ്രകടനങ്ങൾ അവതരിപ്പിക്കാനുമുള്ള പദ്ധതികളെ ഈ പദ്ധതി പിന്തുണയ്ക്കും. കേരളവും ലോകത്തിന്റെ മറ്റു ഭാഗങ്ങളും തമ്മിലുള്ള സാംസ്കാരിക വിനിമയ പരിപാടികൾക്കും ജനങ്ങൾ തമ്മിലുള്ള സമ്പർക്കത്തിനും ഈ പദ്ധതി പിന്തുണ നൽകും. സാംസ്കാരിക വികസനത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും സംയോജിത പരിപാടികൾ പ്രോത്സാഹിപ്പിക്കും.

കലാപ്രവർത്തകരെയും പ്രകടന കലാകാരന്മാരുടെയും ഉപജീവനമാർഗത്തെ മഹാമാരി സാരമായി ബാധിച്ചിട്ടുണ്ട്. അവരുടെ ഉപജീവനമാർഗങ്ങൾ സംരക്ഷിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികളെയും സൗകര്യങ്ങളെയും പദ്ധതി പിന്തുണയ്ക്കും. സംസ്ഥാനത്തിനകത്തും പ്രവാസികൾക്കിടയിലും മലയാള ഭാഷയുടെ പ്രോത്സാഹനത്തിനും വികാസത്തിനുമുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കും.

കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് സമ്പന്നമായ പാരമ്പര്യമുണ്ട്. എല്ലാ തലങ്ങളിലുമുള്ള ലൈബ്രറികളിൽ പൊതുവായ സോഫ്റ്റ്‌വെയർ സംവിധാനം അവതരിപ്പിക്കുന്നതിനും ഇന്റർ-ലൈബ്രറി ലോണുകളുടെ സജീവമായ സംവിധാനം അവതരിപ്പിക്കുന്നതിനും ഡിജിറ്റൽ പുസ്തകങ്ങൾ വാങ്ങുന്നതിനും വായ്പ നൽകുന്നതിനും ഇന്ത്യയിലും ലോകത്തും മറ്റിടങ്ങളിലെ മികച്ച സംവിധാനങ്ങളിൽ നിന്നും പഠിക്കാനുള്ള പരിപാടികളെ ഈ പദ്ധതി പിന്തുണയ്ക്കും. സംസ്ഥാനത്തുടനീളമുള്ള വിവിധ വിഭാഗങ്ങൾക്കിടയിലും പങ്കെടുക്കുന്ന കുട്ടികൾക്കിടയിലും വായനാശീലം വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്.

സംസ്ഥാനത്തെ സ്മാരകങ്ങൾ, പുരാവസ്തുക്കൾ, ശേഷിപ്പുകൾ, പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കും. മ്യൂസിയങ്ങൾക്കായി, അടിസ്ഥാന സൗകര്യവികസനത്തിനും സന്ദർശക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്കും ഈ പദ്ധതി തുടർന്നും പിന്തുണ നൽകും. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, സർക്കാർ ആധുനികവൽക്കരണ ശ്രമങ്ങൾ പൂർത്തീകരിക്കാനും നിരവധി പ്രധാനപ്പെട്ട മ്യൂസിയങ്ങൾ വീണ്ടും തുറക്കാനും ലക്ഷ്യമിടുന്നു. രാജാ രവിവർമ ആർട്ട് ഗാലറി, തിരുവനന്തപുരം, പഴശ്ശിരാജ മ്യൂസിയം, കോഴിക്കോട്, ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ, കൃഷ്ണപുരം പാലസ് മ്യൂസിയം, തിരുവനന്തപുരം നേപ്പിയർ മ്യൂസിയം കൂടാതെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളായ കോഴിക്കോട്ടെ കാലിക്കറ്റ് സിറ്റി മ്യൂസിയം, കണ്ണൂർ തെയ്യം മ്യൂസിയം, കണ്ണൂർ കൈത്തറി മ്യൂസിയം, തിരുവനന്തപുരം ശ്രീപാദം പാലസ് ഹെറിറ്റേജ് മ്യൂസിയം, കണ്ണൂർ എ.കെ.ജി മെമ്മോറിയൽ മ്യൂസിയം, എന്നിവയും ഈ പദ്ധതി കാലയളവിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തിന്റെ സമ്പന്നമായ പുരാവസ്തു സമ്പത്ത് സംരക്ഷിക്കുന്നതിന് ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കുന്നതാണ്. തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റി കാമ്പസിൽ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററും ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങളെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കും. ഇതിലൂടെ ഗവേഷണം പ്രോത്സാഹിപ്പിക്കുകയും പുരാരേഖാ പഠനങ്ങളെയും ഭരണത്തെയും കുറിച്ചുള്ള ആശയങ്ങളുടെ കൈമാറ്റം സുഗമമാക്കുന്നതിനും പദ്ധതി ലക്ഷമിടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ച പദ്ധതികൾ

സാംസ്കാരിക ഡയറക്ടറേറ്റ്

കേരളത്തിന്റെ തനത് സംസ്കാരം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് സംസ്ഥാന സർക്കാരിന്റെ കീഴിൽ സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിച്ചത്. കാലക്രമേണ ഈ വകുപ്പ് കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സംരക്ഷണത്തിനായുള്ള ചുമതല ഏറ്റെടുത്തു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച് സാംസ്കാരിക മേഖലയ്ക്ക് ഉണർവ് നൽകിയ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി, റൂറൽ ആർട്ട് ഹബ്, നാട്ടരങ്ങ്, സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം തുടങ്ങിയ പരിപാടികൾ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലും തുടരും. നിലവിലുള്ള ഈ പദ്ധതികൾക്ക് പുറമെ, പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കലാകാരന്മാർക്കായി അഭയ കേന്ദ്രങ്ങൾ, സമം സാംസ്കാരിക സംരംഭം, മഴമിഴി, കേരളത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനായി ഒരു സാംസ്കാരിക പൈതൃക ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

കേരള സംസ്ഥാന പുരാവസ്തു വകുപ്പ്

വകുപ്പിൽ ലഭിക്കുന്ന രേഖകളുടെ സംരക്ഷണം, പരിപാലനം, ചരിത്രപരമായ മൂല്യമുള്ള രേഖകൾ ഏറ്റെടുക്കൽ, വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും രേഖകൾ കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സാങ്കേതിക ഉപദേശവും സഹായവും നൽകൽ, പുരാവസ്തുക്കളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ, പുരാവസ്തു മേഖലയിൽ അവബോധം സൃഷ്ടിക്കൽ എന്നിവ ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഭരണത്തിന്റെ സുഗമമായ നടത്തിപ്പിനായി സർക്കാരിന് അത്തരം മെറ്റീരിയലുകൾ നൽകുന്നതിന് പുറമെ പ്രദർശനങ്ങളും സെമിനാറുകളും സംഘടിപ്പിച്ചും ചരിത്ര ഗവേഷണം നടത്തിക്കൊണ്ടും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കൽ എന്നിവയും ഉൾപ്പെടുന്നു.

പുരാവസ്തു വകുപ്പിന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച പ്രവർത്തനങ്ങൾ– ഫറോക്ക് കോട്ടയിലെ ഖനനം, സ്മാരകങ്ങളുടെ 2 ഡി, 3 ഡി മോഡ് ഡോക്യുമെന്റേഷൻ, നാണയശാസ്ത്ര വിഭാഗത്തിന്റെ സമഗ്ര നവീകരണവും ഡോക്യുമെന്റേഷനും മറ്റ് ആധുനികവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തങ്ങളും തുടരുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ പുതിയ പദ്ധതികളും പ്രവർത്തനങ്ങളും ഇവയാണ്: പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ സമഗ്രമായ പുരാവസ്തു സർവേ നടത്തുക, ഉത്ഖനന പദ്ധതികളിലൂടെ ലഭിച്ച പുരാവസ്തുക്കളുടെ ഡോക്യുമെന്റേഷൻ നടത്തി വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പഠനാവശ്യങ്ങൾക്കായി ലഭ്യമാക്കുക,

മെഗാലിത്തിക് സ്മാരകങ്ങളും സംരക്ഷിത സ്മാരകങ്ങളും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, മ്യൂസിയത്തിന്റെ സുരക്ഷയും സന്ദർശക പരിചരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പത്മനാഭപുരം കൊട്ടാരത്തിന്റെ സമഗ്രമായ സംരക്ഷണത്തിന് മുന്നോടിയായി ഒരു ശാസ്ത്രീയ പഠനം പൂർത്തിയാക്കുക. കോട്ടകളുടെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ, എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കൽ, കേരളത്തിന്റെ സമുദ്ര പൈതൃകം-കുഞ്ഞാലി മരക്കാർ സ്മാരക മ്യൂസിയം, മ്യൂസിയങ്ങളിലേക്കും സംരക്ഷിത സ്മാരകങ്ങളിലേക്കും വിനോദ സഞ്ചാരികളെ നയിക്കാൻ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കൽ എന്നിവയ്ക്കും പദ്ധതി ലക്ഷ്യമിടുന്നു. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽ സംസ്കാരത്തെക്കുറിച്ചും പൈതൃകത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി മ്യൂസിയം ഔട്ട്റീച്ച് പ്രോഗ്രാമുകൾ നടത്തും. ടിക്കറ്റിംഗ്, സംരക്ഷണ, സുരക്ഷാ സംവിധാനങ്ങളുടെ നവീകരണം, ഇ-ഓഫീസ് സംവിധാനം സ്ഥാപിക്കൽ, വകുപ്പിന്റെ വെബ്സൈറ്റ് തയ്യാറാക്കൽ, ഡിപ്പാർട്ട്മെന്റ് ജീവനക്കാർക്കിടയിൽ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ എന്നിവയാണ് മറ്റ് പദ്ധതികൾ.

കേരള സംസ്ഥാന പുരാരേഖാ വകുപ്പ്

സംസ്ഥാന ആർക്കൈവ്സ് വകുപ്പ് ആരംഭിച്ച സുപ്രധാനവും അഭിമാനകരവുമായ പദ്ധതികളായ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് റിസർച്ച് സെന്റർ, എല്ലാ ജില്ലകളിലും ആർക്കൈവൽ ഹെറിറ്റേജ് സെന്ററുകൾ സ്ഥാപിക്കൽ, ആർക്കൈവ് റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കൽ തുടങ്ങിയവ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച പദ്ധതികളാണ്. ഈ പദ്ധതികൾ പതിനാലാം പഞ്ചവൽസര പദ്ധതികാലയളവിലും തുടരുന്നതാണ്. പുരാരേഖകളുടെ സൂക്ഷിപ്പ് കമ്മ്യൂണിറ്റി ആർക്കൈവുകൾ വഴി ആർക്കൈവുകളുടെ ഡിജിറ്റലൈസേഷൻ, പേപ്പറിന്റെയും താളിയോല രേഖകളുടെയും ഡിജിറ്റലൈസേഷൻ, താളിയോല മ്യൂസിയം സ്ഥാപിക്കൽ, റെക്കോർഡ് മാനേജ്മെന്റ്-റഫറൻസ്, മീഡിയ തയ്യാറാക്കൽ എന്നിവയും ഈ പദ്ധതി കാലയളവിൽ തുടരുന്നതാണ്. നിലവിലുള്ള പദ്ധതികൾക്ക് പുറമേ, ഭരണത്തിന്റെ കാര്യശേഷി വർദ്ധിപ്പിക്കലും ശക്തിപ്പെടുത്തലും, ഓൺലൈൻ പുരാരേഖാ സേവനങ്ങളും പുരാരേഖകളുടെ പ്രസിദ്ധീകരണം, പൊതു രേഖകളുടെ ശാസ്ത്രീയ സംരക്ഷണം, വൈക്കം സത്യാഗ്രഹ സ്മാരക ഗാന്ധി മ്യൂസിയത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി, പ്രചരണ പരിപാടികൾ, വനിതാ ജീവനക്കാരെ ശാക്തീകരിക്കുന്നതിനുള്ള സംരംഭങ്ങൾ, ദുരന്ത നിവാരണ പദ്ധതികൾ എന്നിവയും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കാലയളവിലേക്ക് വകുപ്പ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മ്യൂസിയം മൃഗശാലാ വകുപ്പ്

സാംസ്കാരിക കാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് മ്യൂസിയം മൃഗശാല വകുപ്പ് പ്രവർത്തിക്കുന്നത്. മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ ഡയറക്ടറേറ്റ്, മ്യൂസിയങ്ങൾ, ഗാലറികൾ, ബൊട്ടാണിക്കൽ ഗാർഡൻ, തിരുവനന്തപുരം നഗരത്തിലെ സുവോളജിക്കൽ പാർക്ക് എന്നിവയും രണ്ട് പ്രാദേശിക സ്ഥാപനങ്ങളായ തൃശ്ശൂരിലെ സ്റ്റേറ്റ് മ്യൂസിയം, മൃഗശാല, ആർട്ട് ഗാലറി, കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയം എന്നിവ സ്ഥിതി ചെയ്യുന്നു.

പ്രാദേശിക മ്യൂസിയങ്ങൾ (കണ്ണൂരിലെ കൈത്തറി മ്യൂസിയം, വയനാട്ടിലെ ഹെറിറ്റേജ് മ്യൂസിയം), എ.കെ.ജി മ്യൂസിയം എന്നിവയുടെ സ്ഥാപനം, ശ്രീചിത്ര ആർട്ട് ഗാലറിക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം (അവസാന ഘട്ടം) തുടങ്ങിയ പരിപാടികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ചിട്ടുള്ളവയാണ്. ഈ പദ്ധതികൾ എല്ലാം തന്നെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലും തുടരുന്നതാണ്. പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും സൗകര്യപ്രദമായ ആവശ്യങ്ങൾ നിറവേറ്റുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പ് ഇനിപ്പറയുന്ന സംരംഭങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

എ) എല്ലാ സ്ഥലങ്ങളും എല്ലാ പ്രായക്കാർക്കും എല്ലാ സൗകര്യങ്ങളും എല്ലായ്പ്പോഴും ലഭ്യമാക്കുന്നതിനും മൃഗശാലയിൽ ലഭ്യമായ സേവനങ്ങളിലേക്ക് എല്ലാവർക്കും പ്രവേശനം നൽകുന്നതിനും വേണ്ടതായ നടപടികൾ വകുപ്പ് ഉറപ്പാക്കും. എക്സ്ക്ലൂസീവ് പാത്ത്വേകൾ, ടാക്ടയൽ ഫ്ലോറിംഗ്, വിശ്രമ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ സ്ഥാപിക്കൽ, ഇ-വീൽ ചെയറുകൾ, വീൽ ചെയർ സംവിധാനം ഉള്ള ബഗ്ഗി കാർട്ടുകൾ എന്നിവ ഈ നിർദ്ദേശത്തിൽ ഉൾപ്പെടുന്നു.

ബി) മൃഗങ്ങളെ ദത്തെടുക്കൽ അല്ലെങ്കിൽ വെർചൽ പെറ്റ് അടോപ്ഷൻ എന്ന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ തിരുവനന്തപുരം മൃഗശാലയെ ജനങ്ങളുടെ മൃഗശാലയാക്കാനുള്ള ഒരു സംരംഭം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. വന്യജീവി സംരക്ഷണത്തെ പിന്തുണയ്ക്കുന്നതിനുള്ള ഒരു പുതിയ മാർഗമാണിത്. ഒരാളുടെ പ്രിയപ്പെട്ട മൃഗത്തെ ദത്തെടുക്കുന്നതിലൂടെ, ഒരു പ്രത്യേക കാലയളവിലേക്ക് ആളുകൾ അതിനെ പോറ്റുന്നതിന് സംഭാവന നൽകും. വന്യജീവി സംരക്ഷണത്തിലും മൃഗശാലയിലെ മൃഗങ്ങൾ, ഉരഗങ്ങൾ, പക്ഷികൾ തുടങ്ങിയവയുടെ ഡോക്യുമെന്റേഷൻ-ലിസ്റ്റിംഗിലും അവർ മൃഗശാലയുടെ ശ്രമത്തിന്റെ ഭാഗമായിരിക്കും. ഡോക്യുമെന്റേഷനിൽ വീഡിയോഗ്രാഫി/ഫോട്ടോഗ്രഫി, മൃഗശാലയുടെ ബ്രാൻഡിംഗ് എന്നിവ ഉൾപ്പെടുന്നു. മൃഗശാല പരിപാടികൾക്കും മറ്റുമായി ഒരു കഥാപാത്രത്തെ സൃഷ്ടിച്ച് 'മൃഗശാലയ്ക്ക് ഒരു ഐഡന്റിറ്റി' സൃഷ്ടിക്കുന്നതിനും ഈ പദ്ധതി പ്രാധാന്യം നൽകുന്നു. ഒരു വെബ്സൈറ്റ് സൃഷ്ടിക്കുന്നതും ഡിജിറ്റൽ മീഡിയ ചാനലുകളിൽ അവതരണം നടത്തുന്നതും ഇതിൽ ഉൾപ്പെടും.

സി) നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും സംരക്ഷണവും, കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കൽ, ഡിപ്പാർട്ട്മെന്റിന്റെ പ്രചരണ പരിപാടികൾ, മറ്റ് ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഈപദ്ധതി തുടർന്നും പിന്തുണ നൽകും.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സ്ഥാപിതമായത് 1998 ലാണ്. ചലച്ചിത്ര അക്കാദമി സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. പുതിയ തലമുറയുടെ സാമൂഹിക-സാംസ്കാരിക ചുറ്റുപാടുകളിൽ വലിയ സ്വാധീനം ചെലുത്തുന്ന സിനിമയുടെ സഞ്ചാരപഥം സർക്കാരിനും സിനിമാ വ്യവസായത്തിനും ഇടയിൽ ഒരു ഇടനിലക്കാരനായി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് അക്കാദമി സ്ഥാപിച്ചത്. സമയോചിതമായ ഇടപെടലുകളിലൂടെ ശരിയായ ദിശയിലേക്ക് നയിക്കപ്പെടും. കേരളത്തിലെ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ നടത്തിപ്പ്, സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആൻഡ് ആർക്കൈവ്സിന്റെ (സിഫ്ര) നവീകരണം, മലയാളം ഫിലിം മ്യൂസിയം ആരംഭിക്കൽ, അന്താരാഷ്ട്ര ഡോക്യുമെന്ററിയുടെ ലോഞ്ച് എന്നിവയയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച നിലവിലുള്ള പദ്ധതികൾ. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലും ഹ്രസ്വ ചലച്ചിത്ര മേള ഉൾപ്പെടെയുള്ള എല്ലാ മേളകളും പദ്ധതി കാലയളവിൽ ഊർജ്ജസ്വലതയോടെ തുടരും. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് നിർദ്ദേശിച്ചിട്ടുള്ള സംരംഭങ്ങൾ ഇവയാണ്: ദേശീയ ചലച്ചിത്രോത്സവം, കുട്ടികളുടെ ചലച്ചിത്രോത്സവം, കിൻഫ്ര പാർക്കിൽ മലയാളം സിനിമാ മ്യൂസിയം, സ്ത്രീ ശാക്തീകരണ പദ്ധതികൾ/പരിപാടികൾ, ചലച്ചിത്രപഠനത്തിൽ ഓൺലൈൻ കോഴ്സുകൾ, വിദേശ രാജ്യങ്ങളിലെ മലയാളം ചലച്ചിത്ര മേളകൾ, ഗോത്രവർഗ്ഗക്കാർക്കുള്ള ചലച്ചിത്ര പഠന പദ്ധതികൾ, ടൂറിംഗ് ടാക്കീസ്, പ്രാദേശിക കേന്ദ്രം, കൂടാതെ ഫിലിം ടൂറിസത്തിന്റെ പ്രോത്സാഹനവുമായി ബന്ധപ്പെട്ട ചർച്ചകൾ/ഉച്ചകോടികൾ അനുബന്ധ പരിപാടികൾ.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC)

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സഹായത്തോടെ നാല് പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെ.എസ്.എഫ്.ഡി.സിയെ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സർക്കാർ തിരഞ്ഞെടുത്തിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിൽ കേരളത്തിലെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം, KSFDC യുടെ കീഴിലുള്ള തിരുവനന്തപുരത്തെ ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയാക്കി മാറ്റുക, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്ക് വേണ്ടി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ മൾട്ടി പർപ്പസ് ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണം, കൂടാതെ കെ.എസ്.എഫ്.ഡി.സിക്ക് വേണ്ടി കേരളത്തിലുടനീളം 100 തിയേറ്ററുകളുടെ നിർമ്മാണം എന്നിവ പ്രധാന പദ്ധതികളാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച പദ്ധതികളായ വനിതാ സിനിമ, എസ്സി/എസ്ടി സംവിധായകരുടെ സിനിമ, കൊച്ചിയിലെ ഒരു പോസ്റ്റ്-പ്രൊഡക്ഷൻ സെന്റർ, ഔട്ട്ഡോർ ഉപകരണങ്ങൾ വാങ്ങൽ, ഒ.ടി.ടി പ്ലാറ്റ്ഫോമിന്റെ പുനരുജ്ജീവനം എന്നിവ 14-ാം പഞ്ചവത്സര പദ്ധതിയിലും തുടരും. കൂടാതെ, പതിനാലാം പദ്ധതിക്കാലത്ത് കെ.എസ്.എഫ്.ഡി.സി ഇനിപ്പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു: ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, കെഎസ്എഫ്ഡിസിക്ക് കീഴിൽ പുതിയ സിനിമാശാലകളുടെ നിർമ്മാണം, ഡിജിറ്റൽ ആർക്കൈവ്സ്, ചലച്ചിത്ര വിതരണ വിഭാഗത്തിന്റെ വിപുലീകരണം, കേരളത്തിലെ എല്ലാ സിനിമാശാലകൾക്കും ഇ-

ടിക്കറ്റിംഗ്, സിനിമാശാലകളുടെ നവീകരണവും ക്രമീകരണവും, ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കൽ, സമം സംരംഭങ്ങൾ, ഐ.ടി വിഭാഗം ആരംഭിക്കൽ, ചലച്ചിത്രമേഖലയിൽ വനിതാ കംപ്ലയിന്റ് സെൽ രൂപീകരിക്കൽ, ഫിലിം സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനം, ചലച്ചിത്ര മേഖലയിലെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പരിശീലനവും ശിൽപശാലകളും നടത്തൽ, ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കൽ എന്നിവയാണ്.

2022–23 വാർഷിക പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

മ്യൂസിയം ആൻഡ് മൃഗശാല വകുപ്പ്

കേരള സ്റ്റേറ്റ് മ്യൂസിയം: കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ വിദ്യാഭ്യാസം, ഗവേഷണം, വിനോദം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകി ഒരു കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കുക എന്ന ആശയത്തെക്കുറിച്ച് എല്ലാ കോണുകളിൽ നിന്നും തലങ്ങളിൽ നിന്നും വൈവിധ്യമാർന്ന കാഴ്ചകൾ ഉൾപ്പെടുത്തുകയും പ്രദർശിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്.

സാംസ്കാരിക ഡയറക്ടറേറ്റ്

സാംസ്കാരിക ഡയറക്ടറേറ്റ് സമുച്ചയത്തിന്റെ നിർമ്മാണം: സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു സ്ഥിരം വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെയും സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള സുസജ്ജമായ വേദി, ലോഞ്ചുകൾ, പൊതുജനങ്ങൾക്കായി ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടെ അഞ്ച് നില കെട്ടിടത്തിൽ സാംസ്കാരിക ഡയറക്ടറേറ്റിനും മറ്റ് സ്ഥാപനങ്ങൾക്കും ഓഫീസ് സംവിധാനം ഒരുക്കുന്നതിനായും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

കലാകാരന്മാർക്കുള്ള അഭയ കേന്ദ്രം/കലാഗ്രാമം പദ്ധതി: പലപ്പോഴും ആരും ശ്രദ്ധിക്കാതെ ഒറ്റപ്പെട്ട ജീവിതം നയിക്കുന്ന വിവിധ കലാകാരന്മാർക്കും കരകൗശല തൊഴിലാളികൾക്കും സുസ്ഥിരമായ ഉപജീവനമാർഗം പ്രദാനം ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹോംസ്റ്റേകൾ, ഭക്ഷണം, താമസം, കലാപരിപാടികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

മഴമിഴി നവമാധ്യമ കലാപരിപാടി: കൊവിഡ്–19 മഹാമാരിയും പ്രളയവും മൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട കലാകാരന്മാർക്ക് പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭാരത് ഭവൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നാടൻ കലാരൂപങ്ങൾ, കലാകാരന്മാർ, ശിൽപികൾ, കരകൗശല വിദഗ്ധർ തുടങ്ങിയവർക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

ലിംഗസമത്വത്തിനായുള്ള സമം സാംസകാരിക പദ്ധതി: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരായ പ്രതിഷേധങ്ങളെ പിന്തുണയ്ക്കുന്നതിനാണ് പുതിയ സമം പദ്ധതിയുടെ പ്രധാന ആശയം. സാംസ്കാരിക വകുപ്പിനെ പ്രതിനിധീകരിച്ച് അനുബന്ധ സാംസ്കാരിക സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വിവിധ പ്രചാരണ പരിപാടികളിലൂടെ ഈ പദ്ധതി നടപ്പിലാക്കുന്നു. യുവജന കമ്മീഷൻ, നാഷണൽ സർവീസ് സ്കീം, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ മറ്റ് സംഘടനകളും പദ്ധതിയുടെ നടത്തിപ്പിൽ സജീവ പങ്കാളികളായി തെരഞ്ഞെടുത്തിട്ടുണ്ട്.

സാംസ്കാരിക പൈതൃക ഗ്രാമം: സമ്പന്നമായ സാംസ്കാരിക പൈതൃകമുള്ള സ്ഥലങ്ങളിലും പരമ്പരാഗത കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിന്റെ പൈതൃകം സംരക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പ്രചരിപ്പിക്കുകയും ചെയ്യുക, പൈതൃക ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

കലാ സാംസ്കാരിക മേഖലയിലെ മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ

കേരള സാഹിത്യ അക്കാദമി

സാഹിത്യ സമ്മേളനങ്ങൾ, സെമിനാറുകൾ, ശിൽപശാലകൾ, അക്കാദമി അവാർഡുകൾ, ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, ഡിജിറ്റൽ ഡോക്യുമെന്റേഷൻ എന്നിവ നടത്തുന്ന

പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. അക്കാദമി ലൈബ്രറിയുടെ വിപുലീകരണവും അപ്പൻ തമ്പുരാൻ സ്മാരകവും ഈ പദ്ധതി കാലയളവിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി

കംപ്യൂട്ടറൈസേഷൻ, പുസ്തകങ്ങൾ, ജേണലുകൾ, പത്രങ്ങൾ, ലൈബ്രറി ഫർണിച്ചറുകൾ, ഉപകരണങ്ങൾ വാങ്ങൽ, ഡിജിറ്റൈസേഷൻ, പ്രൊമോഷണൽ പ്രവർത്തനങ്ങൾ, പൈതൃക മോഡൽ റഫറൻസ് ബ്ലോക്കിന്റെ നിർമ്മാണം, വിലപ്പെട്ട രേഖകളുടെ ശേഖരണം, ഏകോപനം, വിതരണം, വായനശാലകളുടെ നവീകരണം, കേന്ദ്ര പദ്ധതിയുടെ വിഹിതം ഉപയോഗിച്ച് മറ്റ് വിവിധ പദ്ധതികൾ നടപ്പാക്കൽ, നാഷണൽ മിഷൻ ഓൺ ലൈബ്രറികൾ ഇന്ത്യയ്ക്ക് കീഴിൽ പുതിയ ശാഖകൾ ആരംഭിക്കൽ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

സംസ്ഥാന ലൈബ്രറി കൗൺസിൽ

മാതൃകാ ഗ്രാമീണ ലൈബ്രറി, അക്കാദമിക് പഠന കേന്ദ്രങ്ങൾ, ജയിൽ ലൈബ്രറി സേവനം, കുട്ടികളുടെ ഹോം ലൈബ്രറി സേവനം, ആശുപത്രി ലൈബ്രറി സേവനം, പൈതൃക ലൈബ്രറി, ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം, ആസ്ഥാന കെട്ടിട നിർമ്മാണം. ജില്ലാ-താലൂക്ക് ലൈബ്രറികൾക്കുള്ള റഫറൻസ് ബുക്കുകളും സിഡികളും, ലൈബ്രറികളിലെ ചരിത്ര പുസ്തകങ്ങളുടെ കോർണർ, ലൈബ്രറികളിലെ ഫിലിം ക്ലബ്ബുകൾ എന്നിവയാണ് ഈ പദ്ധതി കാലയളവിൽ പുതിയ ഘടകങ്ങളായി നിർദ്ദേശിക്കുന്നത്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ്

സർവ്വവിജ്ഞാനകോശത്തിന്റെ 18 മുതൽ 20 വരെയുള്ള വാല്യങ്ങളുടെ പ്രസിദ്ധീകരണം, കേരള വിജ്ഞാനകോശം (ഓൺലൈൻ), നവ സാങ്കേതിക വിദ്യാ വിജ്ഞാനകോശം, നിയമ വിജ്ഞാനകോശം, ആരോഗ്യ ശാസ്ത്ര വിജ്ഞാനകോശം, സാമൂഹിക പരിഷ്കരണ വിജ്ഞാനകോശം, ഭൗമശാസ്ത്ര വിജ്ഞാനകോശം, ഡിജിറ്റൈസേഷനും ഓൺലൈൻ പ്രസിദ്ധീകരണവും. സർവ്വവിജ്ഞാനകോശം വാല്യങ്ങൾ, മലയാളം ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ISBN/ISSN രജിസ്ട്രേഷൻ നമ്പറുകൾ നേടുന്നതിനുള്ള നടപടികൾ, അക്കാദമിക് ജേണലിന്റെ പ്രസിദ്ധീകരണം, വീഡിയോ പോഡ്കാസ്റ്റിംഗ് തുടങ്ങിയവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള ലളിതകലാ അക്കാദമി

കേരളത്തിലെ ഗോത്ര കലയും സംസ്കാരവും സംബന്ധിച്ച ശിൽപശാലകളും ക്യാമ്പുകളും, ഇന്റർ-ഡിസിപ്ലിനറി ഇന്ററാക്ടീവ് പ്രോഗ്രാമുകൾ, ക്യുറേറ്റഡ് എക്സിബിഷനുകൾ, രാജാ രവിവർമ്മ സ്മാരക സാംസ്കാരിക സമുച്ചയം, കാക്കണപ്പാറയിലെ (ശ്രീകണ്ഠപുരം, കണ്ണൂർ) കലാഗ്രാമത്തിലെ നവീകരണ പ്രവർത്തനങ്ങൾ, പുസ്തകങ്ങൾ, മാസികകൾ, ഫെല്ലോഷിപ്പുകൾ, അവാർഡുകൾ, സ്ത്രീ ശാക്തീകരണ പരിപാടികൾ, കൂടാതെ കുട്ടികൾ, ട്രാൻസ്ജെൻഡർമാർ എന്നിവരുടെ സാഹിത്യ സാംസ്കാരിക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ഗോത്ര ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രോത്സാഹനം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ലൈബ്രറി നവീകരണം, വെബ് പോർട്ടൽ, പുസ്തകോത്സവം, സർട്ടിഫിക്കറ്റ് കോഴ്സുകൾ, അവാർഡുകൾ, സാഹിത്യോത്സവം, പ്രസ്, കെട്ടിടങ്ങൾ, പരിഭാഷാ സെൽ എന്നിവയുടെ നവീകരണം, അട്ടപ്പാടിയിലും വയനാട്ടിലും ഓഫ് കാമ്പസ് സെന്ററുകൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

ഗുരു ഗോപിനാഥ് നടന ഗ്രാമം

ഗാലറികളുടെ നവീകരണം, നടന ഗ്രാമം കാമ്പസിന്റെ മോടിപിടിപ്പിക്കൽ, കലാ പരിശീലന ക്ലാസുകൾക്കുള്ള കെട്ടിട നിർമ്മാണം, പ്രവേശന കവാടം, ഗസ്റ്റ് ഹൗസ് നിർമ്മാണം, അന്താരാഷ്ട്ര നൃത്തോത്സവം സംഘടിപ്പിക്കൽ. 3ഡി ഗാലറി, ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കൽ, നവീകരണം,

കലാവിദ്യാഭ്യാസം, ശിൽപശാലകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള സംഗീത നാടക അക്കാദമി

അമേചർ നാടകോത്സവം, ലൈബ്രറി വികസനം, മ്യൂസിയങ്ങൾ, സിമ്പോസിയങ്ങൾ, കലോത്സവങ്ങൾ, സ്വാതി സംഗീതോത്സവം, പ്രൊഫഷണൽ നാടക മത്സരം, മികച്ച കലാകാരന്മാരെക്കുറിച്ചുള്ള ഡോക്യുമെന്ററികൾ, അന്താരാഷ്ട്ര സംഗീതോത്സവം സ്ഥാപിക്കൽ, ഡിജിറ്റൽ ആർക്കൈവുകൾ എന്നിവ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

പൈതൃക പഠന കേന്ദ്രം

റോയൽ ഹെറിറ്റേജ് ബൊട്ടാണിക്കൽ ഗാർഡൻ, പ്രസിദ്ധീകരണങ്ങൾ, പൈതൃക പഠനങ്ങൾ, സംരക്ഷണം, സെമിനാറുകൾ, ശിൽപശാലകൾ, പരിശീലനം, ഹിൽ പാലസ് മ്യൂസിയങ്ങളുടെയും പൂന്തോട്ടങ്ങളുടെയും സൗന്ദര്യവത്കരണം, മേളകൾ, ഓൺലൈൻ ലൈബ്രറി, അടിസ്ഥാന സൗകര്യ വികസനം, അക്കാദമിക് കോഴ്സുകളുടെ നവീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള സംസ്ഥാന ജവഹർ ബാലഭവൻ

കുട്ടികളുടെ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം, ബാലമേള നടത്തിപ്പ്, ക്ലേ മോഡലിംഗ്, ക്ലാസ് റൂം നിർമ്മാണം, ആർട്ട് ആൻഡ് കൾച്ചർ മ്യൂസിയം, എയ്റോ മോഡലിംഗ് എന്നിവയുടെ നിർമ്മാണം, റെക്കോർഡിംഗ് സ്റ്റുഡിയോ, വിദ്യാർത്ഥികളുടെ തിയേറ്റർ, ലൈബ്രറിയുടെ നവീകരണം, ഹോസ്റ്റലുകൾ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ

സംസ്കൃതി സാംസ്കാരികോത്സവം, കലാരൂപങ്ങൾക്കായുള്ള ഗവേഷണകേന്ദ്രം, കാമ്പസ് നവീകരണം, മറ്റ് നവീകരണ പ്രവർത്തനങ്ങൾ, ശിൽപശാലകളുടെ നടത്തിപ്പ്, കൂത്തമ്പലം നവീകരണം, സംസ്കൃതി ചാനൽ ആരംഭിക്കൽ, ആദിവാസി കലാരൂപങ്ങളുടെ ഗവേഷണവും പഠനവും, ഫെലോഷിപ്പ്, ഫുഡ് കോർട്ട്, ഓഡിറ്റോറിയം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ, ഹെറിറ്റേജ് മ്യൂസിയം, അവാർഡുകൾ, ഓപ്പൺ എയർ ഓഡിറ്റോറിയം, ഓപ്പൺ എയർ സ്റ്റേജിന്റെ നവീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

വാസ്തുവിദ്യ ഗുരുകുലം

പരമ്പരാഗത വാസ്തുവിദ്യയ്ക്കും ചുമർ ചിത്രകലക്കും ഉള്ള പ്രചരണ പ്രവർത്തനങ്ങൾ, വിവർത്തനം, പ്രസിദ്ധീകരണവും ലൈബ്രറി സംവിധാനം ഒരുക്കലും, സെമിനാറുകൾ, സുസ്ഥിര നിർമ്മാണ പ്രോത്സാഹനം, സാങ്കേതിക കേന്ദ്രങ്ങൾ, നിർമ്മാണം/കെട്ടിടം പൊളിക്കുന്നതുവഴി ലഭിക്കുന്ന മാലിന്യ വസ്തുക്കളുടെ പുനരുപയോഗ സംരംഭങ്ങൾ, നിർമ്മിത പൈതൃകത്തിൽ അക്കാദമിക് കോഴ്സുകൾ ആരംഭിക്കൽ എന്നിവയ്ക്കുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

ഭാരത് ഭവൻ

മഴമിഴി, ദേശീയ വിവർത്തന ക്യാമ്പ്, പ്രതിവാര നാടക-നൃത്തോത്സവം, സാംസ്കാരിക വിനിമയ പരിപാടികൾ, ദേശീയ ഉദ്ഗ്രഥന പരിപാടികൾ, സാംസ്കാരിക ഭൂപടം, ദേശീയ മൈം ഫെസ്റ്റ്, അന്താരാഷ്ട്ര ടൈബൽ ഫെസ്റ്റിവൽ, ഡിജിറ്റൽ സ്മാർട്ട് ഫാമിംഗ്, ഡിജിറ്റൽ ലൈബ്രറി, മൾട്ടിമീഡിയ മെഗാഷോകൾ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

ബുക്ക്മാർക്ക് ഫ്രാഞ്ചൈസികൾ സ്ഥാപിക്കൽ, തിയറ്ററുകളിൽ പുസ്തക വിൽപ്പന യൂണിറ്റുകൾ സ്ഥാപിക്കൽ, സ്ഥിരം വിൽപ്പന കേന്ദ്രം സ്ഥാപിക്കൽ, ഹെഡ് ഓഫീസിന്റെയും ശാഖകളുടെയും നവീകരണം, മൊബൈൽ ബുക്ക്സ്റ്റാളുകൾ, ബുക്സ് ഓൺ വീലുകൾ, അന്താരാഷ്ട്ര പുസ്തകോത്സവം,

വിൽപ്പനയ്ക്കുള്ള ഓൺലൈൻ പ്ലാറ്റ്ഫോം സൃഷ്ടിക്കൽ. പുസ്തകങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രസിദ്ധീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

മലയാളം മിഷൻ

അധ്യാപകർക്കുള്ള പരിശീലനം, പഠനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, വാർഷിക പരീക്ഷകൾ, പാഠപുസ്തകങ്ങളും കൈപ്പുസ്തകങ്ങളും തയ്യാറാക്കൽ, കേരളത്തിലേക്കുള്ള പഠനയാത്രകൾ, സെമിനാറുകൾ, വിപുലമായ ഓൺലൈൻ കോഴ്സുകൾ, അതിഥി തൊഴിലാളികളുടെ മലയാളം ബോധവൽക്കരണ കേന്ദ്രം, അന്താരാഷ്ട്ര മലയാളം ഫെസ്റ്റ്/ഉച്ചകോടി, കോഴ്സുകളുടെ അധ്യായ രൂപീകരണം, ഹ്രസ്വചിത്ര ശില്പശാലകൾ, സെമിനാറുകൾ, മലയാളം ക്ലബ്ബുകൾ, ആശാന്റെ 150-ാം ജന്മവാർഷികം, വെർചൽ ഭാഷാ മ്യൂസിയം, സാഹിത്യ സർക്യൂട്ട്, വിവർത്തന പരിപാടി, വിദേശ മലയാളി എഴുത്തുകാർ, വിദ്യാർത്ഥികൾ എന്നിവരെ പിന്തുണയ്ക്കുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കുമാരൻ ആശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

കുമാരൻ ആശാന്റെ നൂറ്റി അൻപതാം ജന്മദിനാഘോഷം, കുമാരൻ ആശാനെക്കുറിച്ചുള്ള ഡോക്യുമെന്ററി നിർമ്മാണം, ആശാന്റെ കൃതികളുടെ ഗ്രന്ഥസൂചിക തയ്യാറാക്കൽ, കുമാരൻ ആശാന്റെ വെങ്കല പ്രതിമയുടെ പൂർത്തീകരണം, കാവ്യ ശില്പം പൂർത്തീകരണം, വിവിധ കലാ-സാംസ്കാരിക-സാഹിത്യ പരിപാടികളും സിമ്പോസിയങ്ങളും നടത്തൽ, സ്റ്റേജ് നിർമ്മാണം, ഓപ്പൺ എയർ ഓഡിറ്റോറിയം, ഓപ്പൺ റീഡിംഗ് റൂം, ദേശീയ പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ, മേളകൾ, നവീകരണം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള ഫോക്ലോർ അക്കാദമി

ഗോത്രോത്സവം, സ്കൂൾ/കോളേജ് ഫോക്‌ലോർ ക്ലബ്ബുകൾ സ്ഥാപിക്കൽ, സാംസ്കാരിക പരിപാടികൾ, അന്താരാഷ്ട്ര ഫോക്ക് ഫെസ്റ്റ്, മറ്റ് സ്ഥാപനങ്ങളുമായി സഹകരിച്ച് സാംസ്കാരിക പരിപാടികൾ, ശിൽപശാലകൾ, സെമിനാറുകൾ, ഭാരതോൽസവം, മലയാളി അസോസിയേഷനുകൾ, നാടൻ കലാ ഗവേഷണ കേന്ദ്രം, അവാർഡുകൾ, ഫെലോഷിപ്പുകളും സ്റ്റൈപ്പൻഡുകളും നൽകൽ, പുസ്തകങ്ങളുടെ പ്രസിദ്ധീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള കലാമണ്ഡലം

പുതിയ കാമ്പസ് സ്ഥാപിക്കൽ, മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, വള്ളത്തോൾ സ്മാരക ഉദ്യാനം, പുതിയ കളരി സമുച്ചയം, നിള പൈതൃക കാമ്പസ് വികസനം, ദക്ഷിണേന്ത്യൻ കലാ മ്യൂസിയം പൂർത്തീകരണം, കേരളത്തിനകത്തും പുറത്തും ഉപകേന്ദ്രങ്ങൾ സ്ഥാപിക്കൽ, അന്താരാഷ്ട്ര നൃത്ത-സംഗീതോത്സവം സംഘടിപ്പിക്കൽ, നവീകരണ പ്രവർത്തനങ്ങൾ, കഥകളി, കൂടിയാട്ടം വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കുമായി പ്രദർശന-വിൽപന യൂണിറ്റുകൾ സ്ഥാപിക്കൽ, ഗസ്റ്റ് ഹൗസ് നിർമ്മാണം, ലേഡീസ് ഹോസ്റ്റൽ, ഓൺലൈൻ പഠന കേന്ദ്രം, സാംസ്കാരിക പൈതൃക കേന്ദ്രം, ആർക്കൈവ്സ് ആൻഡ് റെക്കോർഡിംഗ് സ്റ്റുഡിയോ, കലാമണ്ഡലത്തിന്റെ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കൽ, ലൈബ്രറിയുടെ നവീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി

മ്യൂസിയം, റിസർച്ച് ലൈബ്രറി, തിയേറ്റർ, ഫോട്ടോ ഗാലറി, പ്രസിദ്ധീകരണങ്ങൾ, ഡോക്യുമെന്ററി, ഫെലോഷിപ്പ്, മ്യൂസിയം, ലൈബ്രറി നവീകരണം, പൂന്തോട്ടം മനോഹരമാക്കൽ, അവാർഡുകൾ നൽകൽ, 'ഇശൽ പൈതൃകം' പരിപാടിയുടെ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, നവീകരണം, ഓഡിറ്റോറിയങ്ങളുടെ നവീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ബ്രെയിലി ലിപിയിൽ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ഹെഡ് ഓഫീസ് കെട്ടിടം സ്ഥാപിക്കൽ, ബാലപ്രതിഭ സംഗമം, തളിർ സ്കോളർഷിപ്പ്, ശിൽപശാലകളും സെമിനാറുകളും, വീട്ടിൽ ലൈബ്രറി

സ്ഥാപിക്കൽ, ലൈബ്രറി വിപുലീകരണം, പുസ്തകോത്സവം, ഡിജിറ്റലൈസേഷൻ, മാഗസിനുകളുടെ പ്രസിദ്ധീകരണം, വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്നതിനുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

മാർഗി

സ്കൂൾ കുട്ടികൾക്ക് കഥകളി, വാദ്യോപകരണങ്ങൾ, കൂടിയാട്ടം എന്നിവയിൽ പരിശീലനം, തെരഞ്ഞെടുത്ത സ്കൂളുകളിലും കോളേജുകളിലും കലാപ്രദർശനം, മാർഗിയിലെ കലാരൂപങ്ങളുടെയും കളിക്കൊപ്പകളുടെയും ആടയാഭരണങ്ങളുടെയും നവീകരണവും റിപ്പയറിംഗും ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

ശ്രീനാരായണ ഗുരു ഇന്റർനാഷണൽ സ്റ്റഡി സെന്റർ

ഹ്രസ്വകാല കോഴ്സുകൾ, ഡിജിറ്റൽ ആർക്കൈവുകൾ, സെമിനാറുകൾ, ശില്പശാലകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, പ്രചരണ പ്രവർത്തനങ്ങൾ എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റ് ആൻഡ് റിസർച്ച് സെന്റർ

പുസ്തകങ്ങളുടെയും ലൈബ്രറിയുടെയും ഡിജിറ്റലൈസേഷൻ, സാംസ്കാരിക ടൂറിസം, ചർച്ചകൾ, ശിൽപശാലകൾ, മലയാള ഭാഷയുടെ പ്രചാരണ പ്രവർത്തനങ്ങൾ, മ്യൂസിയത്തിന്റെ നവീകരണം, പ്രസിദ്ധീകരണം എന്നിവ ഈ പദ്ധതി കാലയളവിൽ വിഭാവനം ചെയ്യുന്നു.

19.2 കായികവും യുവജന കാര്യങ്ങളും

അവലോകനം

കുട്ടികളുടെയും യുവാക്കളുടെയും ആദ്യഘട്ട വികാസത്തിന് സ്പോർട്സും കായിക വിദ്യാഭ്യാസവും അടിസ്ഥാനപരമാണ്. കളികൾ, കായിക വിദ്യാഭ്യാസം, സ്പോർട്സ് എന്നിവയിലൂടെ ലഭ്യമാകുന്ന കഴിവുകൾ യുവാക്കളുടെ സമഗ്രമായ വികസനത്തിന് സംഭാവന ചെയ്യുന്നു. സ്പോർട്സ് ആളുകളുടെ ശാരീരികവും മാനസികവും മനശാസ്ത്രപരവുമായ ആരോഗ്യത്തിനും സംഭാവനകൾ നൽകുന്നു. ആരോഗ്യകരമായ കായിക സംസ്കാരം നിലനിൽക്കുന്ന രാജ്യങ്ങളിൽ ആളുകൾ ശാരീരികവും മാനസികവുമായ ആരോഗ്യത്തോടെ ഇരിക്കുന്നുവെന്നത് വ്യക്തമാണ്. ഈ ഫലങ്ങൾ ആരോഗ്യകരമായ ഒരു തൊഴിൽ സംസ്കാരത്തിലേക്ക് നയിക്കുകയും ആളുകൾ കഠിനാധ്വാനികളും അർപ്പണബോധമുള്ളവരും അച്ചടക്കമുള്ളവരുമായി മാറുകയും ചെയ്യുന്നു, ഇത് ഓരോ രാജ്യത്തിന്റെയും പുരോഗതിയിലും വികസനത്തിലും അഗാധമായ സ്വാധീനം ചെലുത്തുന്നു. ഇന്ത്യയ്ക്ക് സമ്പന്നമായ വൈവിധ്യമുണ്ട്. ആ പ്രത്യേക സംസ്കാരത്തിന്റെ പരിസ്ഥിതിക്ക് അനുയോജ്യമായ വ്യത്യസ്ത കായിക പ്രവർത്തനങ്ങൾ ആ സംസ്കാരത്തിലൂടെ തന്നെ തലമുറകളിലേക്ക് അനൗപചാരികമായി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ഏകദേശം 50 വർഷത്തോളമായി കേരളത്തിലെ പ്രതിഭാധനരായ യുവാക്കൾ ദേശീയ അന്തർദേശീയ കായികരംഗത്ത് തരംഗങ്ങൾ സൃഷ്ടിക്കുന്നു. കേരളം അത്‌ലറ്റിക്സിൽ ഇന്ത്യയുടെ മുന്നേറ്റത്തിന് കരുത്തേകുമ്പോൾ, കഴിവ് തിരിച്ചറിയലും ശാസ്ത്രീയ പരിശീലനവും കൊണ്ട് കേരള യുവാക്കൾ മറ്റ് പല കായിക ഇനങ്ങളിലും സ്വയം നിലയുറപ്പിക്കുന്നു. ദേശീയ/അന്തർദ്ദേശീയ തലത്തിൽ മികവ് പുലർത്തുന്ന സമ്പന്നമായ പാരമ്പര്യം കേരളത്തിനുണ്ടെങ്കിലും, സമീപ വർഷങ്ങളിൽ മറ്റ് പല സംസ്ഥാനങ്ങളും അതിവേഗം പുരോഗതി കൈവരിച്ചിട്ടുണ്ട്. അതിനാൽ, കേരള കായികരംഗത്തെ അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകുന്നതിന് സംസ്ഥാനം ക്രിയാത്മകമായ നൂതന നയങ്ങൾ സ്വീകരിക്കേണ്ട സമയമാണിത്.

സ്പോർട്സുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ രണ്ട് പ്രധാന ഏജൻസികൾ കേരള കായിക യുവജനകാര്യ ഡയറക്ടറേറ്റും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലുമാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും മുഖേന നിരവധി സ്പോർട്സ് കായിക വിദ്യാഭ്യാസ, പരിപാടികൾ ആരംഭിക്കുകയും നടത്തുകയും ചെയ്യുന്നു.

കായിക യുവജനകാര്യ ഡയറക്ടറേറ്റ്

1987-ലാണ് ഡയറക്ടറേറ്റ് ഓഫ് സ്പോർട്സ് ആൻഡ് യൂത്ത് അഫയേഴ്സ് (ഡി.എസ്.വൈ.എ) സ്ഥാപിതമായത്. ഉചിതവും ഗുണമേന്മയുള്ളതുമായ അടിസ്ഥാന സൗകര്യ വികസനം, കായികരംഗത്തെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം നൽകൽ, അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിന് കായികതാരങ്ങൾക്ക് ശരിയായ പരിശീലനത്തിനും പരിചരണത്തിനും സൗകര്യമൊരുക്കൽ, അതുമായി ബന്ധപ്പെട്ട പരിപാടികൾ എന്നിവയിലൂടെ സംസ്ഥാനത്തെ കായിക വിനോദങ്ങളുടെ പ്രോത്സാഹനവും വികസനവും കൂടാതെ യുവജനങ്ങളുമായി ബന്ധപ്പെട്ട പരിപാടികളും ഇതിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കേരളത്തിലെ കായികതാരങ്ങൾക്ക് വിജയസാധ്യത നൽകുന്നതിനായി കായികരംഗത്ത് അത്യാധുനിക സാങ്കേതികവിദ്യകളും പുതുമകളും കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ കായിക യുവജനകാര്യ ഡയറക്ടറേറ്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നു. 'സ്പോർട്സ് കേരള – ജീവിതത്തിനായുള്ള സ്പോർട്സ്' എന്ന തത്വശാസ്ത്രത്തിന്റെ ആത്മാവിന് അനുസൃതമായി, കേരളത്തിന്റെ പുതിയ കായിക നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'സ്പോർട്സ് ഫോർ ലൈഫും എക്സലൻസ് ഇൻ സ്പോർട്സും' എന്ന ഇരട്ട ലക്ഷ്യം ഉറപ്പാക്കിക്കൊണ്ടുള്ള കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ വൈവിധ്യവും ബഹുമുഖവുമാണ്.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

കേരളത്തിലെ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 1954 ലാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്ഥാപിതമായത്. നിലവിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികളും 51 കോളേജ് സ്പോർട്സ് അക്കാദമികളും 23 സ്കൂൾ സ്പോർട്സ് അക്കാദമികളും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. വിവിധ കായിക ഇനങ്ങളിൽ ഓരോ വർഷവും ഏകദേശം 3000 വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നു. സംസ്ഥാന/ദേശീയ ചാമ്പ്യൻഷിപ്പുകൾ നടത്തുന്നതിന് 43 അംഗീകൃത സ്പോർട്സ് അസോസിയേഷനുകൾക്ക് കൗൺസിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലിലെയും ഗ്രാമീണ പരിശീലന കേന്ദ്രങ്ങളിലെയും ട്രെയിനികൾക്കായി സ്പോർട്സ് യൂണിഫോം/ട്രാക്സ്യൂട്ടുകൾ/സ്പോർട്സ് സാധനങ്ങൾ/ഉപകരണങ്ങൾ എന്നിവ വാങ്ങാൻ സ്പോർട്സ് കൗൺസിൽ നടപടി സ്വീകരിച്ചു. അത്‌ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ തുടങ്ങി വിവിധ ഇനങ്ങളിൽ സ്പോർട്സ് കൗൺസിൽ എലൈറ്റ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലായി എലൈറ്റ് സ്കീമിന് കീഴിൽ നാല് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

ആരോഗ്യമുള്ള സ്കൂൾ കുട്ടികളെ വാർത്തെടുക്കുന്നതിന് സംസ്ഥാനത്തെ കായിക സംസ്കാരം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് സംസ്ഥാന/ജില്ലാ/ഉപജില്ലാ ഗെയിംസുകൾ, മറ്റ് കായിക മത്സരങ്ങൾ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

വിദ്യാർത്ഥികളുടെ മൊത്തത്തിലുള്ള വികസനം രൂപപ്പെടുത്തുന്നതിൽ കോളേജുകളിലെ സ്പോർട്സും കായിക വിദ്യാഭ്യാസവും ഒരു പ്രധാന പങ്ക് വഹിക്കുന്നു. മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഇനിപ്പറയുന്നവയാണ്.

- എല്ലാ വിദ്യാർത്ഥികൾക്കിടയിലും കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക.
- ഇൻട്രാ കോളേജ് സ്പോർട്സ് ടൂർണമെന്റുകൾ നടത്തുക.
- മികച്ച വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുക.
- സ്പോർട്സ് സാധനങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങലും പരിപാലനവും.
- എല്ലാ കോളേജുകളിലും കായിക വിദ്യാഭ്യാസം നിർബന്ധിത ഘടകമായി ഉൾപ്പെടുത്തുക

കേരളത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ കോഴിക്കോട്ട് പ്രവർത്തിക്കുന്ന ഒരു ഫിസിക്കൽ എജ്യുക്കേഷൻ കോളേജ് മാത്രമാണുള്ളത്. വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള

കായിക വിദ്യാഭ്യാസം നൽകുക, കായിക വിദ്യാഭ്യാസ വിദ്യാർത്ഥികളിൽ മാനസികവും കായികവുമായ ഫിറ്റ്നസിനെക്കുറിച്ചുള്ള അവബോധം വളർത്തുക, അവരിലെ കഴിവുകൾ പുറത്തുകൊണ്ടുവരുക, ഭാവി കായികതാരങ്ങളെ അവതരിപ്പിക്കുക എന്നിവയാണ് ഇത് ലക്ഷ്യമിടുന്നത്.

യുവജനകാര്യങ്ങൾ

ഇന്ത്യൻ ഗവൺമെന്റ്, പ്രായത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി യുവാക്കളെ 13-35 വയസ്സിനിടയിലുള്ള ഒരു കൂട്ടം ആളുകളുടെ ഗ്രൂപ്പായി തരംതിരിക്കുകയും നിർവചിക്കുകയും ചെയ്യുന്നു. കേരളത്തിലെ യുവജനസമൂഹം പല തരത്തിൽ വ്യത്യസ്തരാണ്. സാക്ഷരതയിലും മനുഷ്യവിഭവശേഷിയിലും ഏറ്റവും പുരോഗമിച്ച സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ യുവാക്കളെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും മൊത്തത്തിലുള്ള വളർച്ചയുടെ പങ്കാളികളായി കാണേണ്ടതുണ്ട്. ജാതി-മത, സാമൂഹ്യ-സാമ്പത്തിക ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ യുവജനസംഖ്യ വൈവിധ്യമാർന്നതാണ്. യുവാക്കളുടെ അപാരമായ കഴിവുകൾ, പ്രവർത്തനോന്മുഖമാക്കിയാൽ സാമൂഹ്യ-സാമ്പത്തിക മാറ്റത്തിന്റെ ഒരു പ്രധാന ശക്തിയായി പ്രവർത്തിക്കാൻ കഴിയും. അതിനാൽ അവരുടെ വ്യക്തിത്വവും പ്രവർത്തന ശേഷിയും വികസിപ്പിക്കുന്നതിനും സാമ്പത്തികമായി ഉൽപ്പാദനക്ഷമവും സാമൂഹിക പ്രതിബദ്ധതയുള്ളവരുമാക്കുന്നതിനും വർദ്ധിച്ചുവരുന്ന അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

യുവജനകാര്യങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രണ്ട് ഏജൻസികളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും കേരള സംസ്ഥാന യുവജന കമ്മീഷനും.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 1955-ലെ തിരുവിതാംകൂർ-കൊച്ചി ലിറ്ററി, സയന്റിഫിക്, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്വയംഭരണ സ്ഥാപനമാണ്. 1985-ലാണ് കേരള സർക്കാരിന്റെ കീഴിൽ ഇത് സംയോജിപ്പിച്ചത്. യുവാക്കളെ ലക്ഷ്യമിട്ടുള്ള ക്ഷേമ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയാണ് ബോർഡിന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ യുവാക്കളുടെ, പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ യുവാക്കളുടെ ക്ഷേമവും വികസന ആവശ്യങ്ങളും പരിപാലിക്കുക, അവരുടെ ശാരീരികവും സാംസ്കാരികവും സാഹിത്യപരവും ശാസ്ത്രീയവും തൊഴിൽപരവുമായ സമ്പുഷ്ടീകരണത്തിന്റെ ആവശ്യങ്ങൾ പരിപോഷിപ്പിക്കുക, യുവാക്കളുടെ ശാക്തീകരണത്തിനായി പ്രത്യേക പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ബോർഡിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും. സംസ്ഥാനത്തെ എല്ലാ യുവജന ശാക്തീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒരു ഉന്നത ഏജൻസിയായി ഇത് പ്രവർത്തിക്കുന്നു. തൊഴിലില്ലാത്ത യുവാക്കൾക്ക് പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും നടത്തുന്നതിന് യൂത്ത് ക്ലബ്ബുകൾക്കും സംഘടനകൾക്കും ബോർഡ് സഹായം നൽകുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ

യുവാക്കളെ ബോധവൽക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും അവരുടെ അവകാശങ്ങളുടെ സംരക്ഷകരായി പ്രവർത്തിക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി രൂപീകരിച്ചതാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. യുവാക്കൾക്ക് അപാരമായ സാധ്യതകളെ ശരിയായ രീതിയിൽ നയിക്കുകയാണെങ്കിൽ, രാജ്യത്തിന്റെ ക്ഷേമത്തിനായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കൈവരിക്കുന്നതിന് മികച്ച ഫലം നൽകും. എന്നാൽ സംസ്ഥാനത്തെ യുവജനങ്ങൾ വലിയൊരു പ്രശ്നത്തെ അഭിമുഖീകരിക്കുകയാണ്. യുവാക്കൾക്ക് അവരുടെ വ്യക്തിത്വവും പ്രവർത്തന ശേഷിയും വികസിപ്പിക്കാനും ചൂഷണം ഒഴിവാക്കി നിയമാനുസൃതമായ അവകാശങ്ങൾ സംരക്ഷിക്കാനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. സർക്കാർ പുറപ്പെടുവിച്ച ഒരു ഓർഡിനൻസ് വഴി ആരംഭിച്ച ഒരു അർദ്ധ ജുഡീഷ്യൽ സ്ഥാപനമാണ് യുവജന കമ്മീഷൻ. നിയമനിർമ്മാണ സഭയിലൂടെ ഓർഡിനൻസ് മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ യുവജനകാര്യ പ്രവർത്തനങ്ങൾ സംരക്ഷിക്കുക, തൊഴിലിന്റെ അന്തസ്സിനെക്കുറിച്ച് യുവാക്കളെ ബോധവൽക്കരിക്കുക, അവർക്ക് മികച്ച വിദ്യാഭ്യാസവും തൊഴിലവസരങ്ങളും നൽകുന്നതിന് സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, അവരുടെ കഴിവുകൾ വികസിപ്പിക്കുകയും

പ്രയോജനപ്പെടുത്തുകയും ചെയ്യുക, യുവാക്കൾക്ക് സമ്പൂർണ ശാക്തീകരണവും മികവും കൈവരിക്കുന്നതിനായി തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനുള്ള മികച്ച മാർഗങ്ങൾ സർക്കാരിന് നിർദ്ദേശിക്കുന്നതിനായി പ്രമോഷണൽ, വിദ്യാഭ്യാസ ഗവേഷണങ്ങൾ നടത്തുക. എന്നിവയാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ. യുവാക്കളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായുള്ള ആസൂത്രണ പ്രക്രിയയിൽ പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളിലും ആദിവാസി വിഭാഗങ്ങളിലും പെട്ടവർ, എല്ലാ തലത്തിലുള്ള പ്രവർത്തനങ്ങളിലും യുവാക്കളുടെ വ്യാപ്തിയും സാധ്യതകളും പര്യവേക്ഷണം ചെയ്യാൻ സഹായിക്കുന്നതിനും അവരുടെ സർഗ്ഗാത്മകതയും കഴിവുകളും വികസിപ്പിച്ചുകൊണ്ട് ഉയർന്ന തോതിലുള്ള നേട്ടം കൈവരിക്കുന്നതിനും കമ്മീഷൻ സർക്കാരിനെ ഉപദേശിക്കേണ്ടതുണ്ട്. അസംഘടിത മേഖലയിലെ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ കമ്മീഷൻ നിരീക്ഷിക്കുകയും യുവാക്കളുടെ അവകാശങ്ങൾ ഹനിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിക്കുകയും അത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാരിനോട് ശിപാർശ ചെയ്യുകയും മറ്റ് കാര്യങ്ങളിൽ സർക്കാരിന് അതിനെ വിശദീകരിച്ചുകൊണ്ട് ഉപദേശം നൽകുകയും വേണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങളിൽ സ്പോർട്സിന്റെയും ഗെയിംസിന്റെയും പ്രോത്സാഹനവും വികസനവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും ഉൾക്കൊള്ളുന്നു. അടിസ്ഥാന സൗകര്യ വികസനം, സ്പോർട്സിന്റെയും ഗെയിംസിന്റെയും പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുക, അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അതാത് കായിക ഇനങ്ങളിലെ കായിക താരങ്ങൾക്ക് ശരിയായ പരിശീലനം നൽകുന്നതിനും സ്പോർട്സ് അസോസിയേഷനുകൾക്കും ആവശ്യക്കാരായ കായികതാരങ്ങൾക്കും സാമ്പത്തിക സഹായം നൽകുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കായിക-യുവജനകാര്യവകുപ്പിന് പദ്ധതി ഫണ്ടായി 668.68 കോടി രൂപ നീക്കിവച്ചതിൽ ചെലവ് 485.80 കോടി രൂപയായിരുന്നു. സാമ്പത്തിക പ്രകടനം പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 19.2 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ കായിക യുവജന കാര്യവകുപ്പിന്റെ സാമ്പത്തിക പ്രകടനം

(രൂപ കോടിയിൽ)

വകുപ്പ്/ ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		പതിമൂന്നാം പദ്ധതി	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	മൊത്ത വിഹിതം	മൊത്ത ചെലവ്
കായിക യുവജനകാര്യ ഡയറക്ടറേറ്റ്	59.32	78.07	70.00	85.62	71.65	21.37	61.65	37.62	84.36	49.51	**346.98**	**272.20 (78.45%)**
കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള സഹായം	39.62	39.62	42.10	44.60	41.00	27.23	33.32	18.72	33.40	15.74	**189.44**	**145.91 (77.02%)**
കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്	21.00	12.60	23.00	8.55	22.90	12.55	19.60	6.66	17.91	7.90	**104.41**	**48.25 (46.22%)**
ശാരീരിക വിദ്യാഭ്യാസ കോളേജുകൾ	1.10	0.63	1.20	1.15	1.20	0.41	1.05	0.52	1.05	0.74	**5.60**	**3.45 (61.67%)**

വകുപ്പ്/ ഏജൻസി	2017-18		2018-19		2019-20		2020-21		2021-22		പതിമൂന്നാം പദ്ധതി	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	മൊത്ത വിഹിതം	മൊത്ത ചെലവ്
സ്കൂളുകളിൽ കായികം നടത്തുന്നതിന് ഡിപിഐക്കുള്ള സഹായം	0.40	2.93	1.06	0.32	1.46	1.10	2.05	0.78	3.50	0.00	**8.47**	**5.13 (60.54%)**
കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനുള്ളസഹായം	0.40	0.39	0.45	0.42	0.45	0.39	1.30	1.08	1.50	1.40	**4.10**	**3.68 (89.68%)**
ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്	0.80	0.80	1.00	1.00	1.00	0.50	0.90	0.67	0.90	0.73	**4.60**	**3.70 (80.44%)**
കേരള സംസ്ഥാന യുവജന കമ്മീഷൻ	1.10	0.90	1.30	0.50	1.00	0.73	0.84	0.63	0.84	0.72	**5.08**	**3.48 (68.50%)**
മൊത്തം	**123.74**	**135.93**	**140.11**	**142.16**	**140.66**	**64.28**	**120.71**	**66.68**	**143.46 ***	**76.75**	**668.68**	**485.80 (72.65%)**

*അധിക അനുമതി ഉൾപ്പെടെ

അവലംബം : ബജറ്റ് രേഖകൾ, പ്ലാൻ സ്പേസ് , കേരള സർക്കാർ

നേട്ടങ്ങൾ

ഭാരതസർക്കാർ ജി.വി രാജ സ്പോർട്സ് സ്കൂളിനെ സ്റ്റേറ്റ് ഖേലോ ഇന്ത്യ സെന്റർ ഫോർ എക്സലൻസായി പ്രഖ്യാപിച്ചു. കൂടാതെ ഖേലോ ഇന്ത്യ ജില്ലാ കേന്ദ്രങ്ങളായി കണ്ണൂർ സ്പോർട്സ് സ്കൂളും തൃശ്ശൂർ സ്പോർട്സ് ഡിവിഷനും തിരഞ്ഞെടുക്കപ്പെട്ടു.

തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ്, വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ, മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ, ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്, ഹോക്കി സ്റ്റേഡിയം, കൊല്ലം എന്നിവിടങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളുടെ ഉദ്ഘാടനം നടന്നു.

സ്റ്റേഡിയങ്ങൾ, കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ, മറ്റ് കായിക സ്ഥലങ്ങൾ എന്നിവയുൾപ്പെടെയുള്ള കായിക അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണവും നവീകരണവും കേരളത്തിലുടനീളം പൂർത്തിയായി.

തൃശ്ശൂരിലും കണ്ണൂരിലുമായി രണ്ട് റീജണൽ സ്പോർട്സ് സയൻസ് സെന്ററുകൾ സ്ഥാപിച്ചു.

മെൽബൺ ആസ്ഥാനമായുള്ള വിക്ടോറിയ സർവകലാശാലയുമായി സഹകരിച്ച് കപ്പാസിറ്റി ബിൽഡിംഗ് ഉൾപ്പെടെയുള്ള സ്പോർട്സ് സയൻസ് ഉപയോഗിക്കുന്ന ഒരു ഉയർന്നപ്രവർത്തന സൗകര്യം സ്ഥാപിക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടറേറ്റ് തുടക്കമിട്ടു. അന്താരാഷ്ട്ര പങ്കാളിത്ത പരിപാടിയിലൂടെ കായിക മികവിന്റെ ഭാഗമായി, വിക്ടോറിയ സർവകലാശാലയുമായി സഹകരിച്ച് 2020-21ൽ 20 മാസ്റ്റർ ട്രെയിനർമാർക്കായി മാസ്റ്റർ ട്രെയിനർ ട്രെയിനിംഗ് പ്രോഗ്രാം നടത്തി.

ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷന്റെ സഹകരണത്തോടെ 2020 ഫെബ്രുവരി 3 ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.

ഗ്രാസ്റൂട്ട് പരിശീലന പരിപാടികൾ – കിക്കോഫ് (ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന പരിപാടി), ഹൂപ്സ് (ഗ്രാസ്റൂട്ട് ബാസ്കറ്റ്ബോൾ പരിശീലന പരിപാടി) സ്പ്രിന്റ് (ഗ്രാസ്റൂട്ട് അത്ലറ്റിക് പരിശീലനം) എന്നിവ ആരംഭിച്ചു. കൂടാതെ, ജൂഡോക (ഗ്രാസ് റൂട്ട് ജൂഡോ പരിശീലന പരിപാടി), പഞ്ച് (ഗ്രാസ് റൂട്ട് ബോക്സിംഗ് പരിശീലന പരിപാടി) എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പാക്കി.

കായിക വികസന ഫണ്ടിൽ നിന്ന് കായികതാരങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. സ്കൂൾ, സ്പോർട്സ് സംഘടനകൾ, ക്ലബ്ബുകൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂർണമെന്റുകളുടെയും കോച്ചിംഗ് ക്യാമ്പുകളുടെയും സംഘാടനത്തിനും, പഞ്ചായത്തുകൾ, സ്കൂളുകൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിലെ കളിസ്ഥലങ്ങളുടെ നവീകരണത്തിനും സാമ്പത്തിക സഹായം നൽകി.ബീച്ച് ഗെയിംസ്, മാരത്തൺ, ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ, ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് എന്നിവ നടത്തി.

തിരുവനന്തപുരം ജിവി രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ സ്പോർട്സ് സ്കൂളിലും രണ്ട് സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമികൾ പ്രവർത്തനം ആരംഭിച്ചു.

400 മീറ്റർ സിന്തറ്റിക് ട്രാക്ക്, കൃത്രിമ ഫുട്ബോൾ മൈതാനം, സിന്തറ്റിക് ബാസ്കറ്റ്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, സിന്തറ്റിക് ഉപരിതല ഇൻഡോർ സ്റ്റേഡിയം, ടർഫ് ഹോക്കി ഫീൽഡ്, അന്താരാഷ്ട്ര നിലവാരമുള്ള ജൂഡോ മാറ്റ്, ഗുസ്തി മാറ്റ്, ബോക്സിംഗ് അരീന, ഹൈജമ്പ് പിറ്റ് തുടങ്ങിയ കായിക സൗകര്യങ്ങൾ ജി വി രാജ സ്പോർട്സ് സ്കൂളിൽ നിർമ്മിച്ചു/സ്ഥാപിച്ചു. കണ്ണൂർ സ്പോർട്സ് സ്കൂളിൽ ഇൻഡോർ ബാസ്ക്കറ്റ്ബോൾ കോർട്ട്, ഇൻഡോർ വോളിബോൾ കോർട്ട്, ജൂഡോ മാറ്റ്, ഗുസ്തി മാറ്റ്, തായ്ക്കോണ്ടോ മാറ്റ്, ബോക്സിംഗ് അരീന, ഹൈജമ്പ് പിറ്റ് തുടങ്ങിയവ സ്ഥാപിച്ചു. എല്ലാ വർഷവും വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റുകൾ നൽകി. ജി.വി രാജ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് സ്കൂളിലെയും വിദ്യാർത്ഥികൾ നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ കീഴിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്കായി ഹൈടെക് ക്ലാസ് മുറികളും ലൈബ്രറിയും സ്ഥാപിച്ചു.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

അന്തരിച്ച ഇന്ത്യൻ രാഷ്ട്രപതി ഡോ. എ.പി.ജെ അബ്ദുൾ കലാമിന്റെ സ്മരണയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ഒരു സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കി.സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്കുള്ള വാർഷിക ജി.വി രാജ അവാർഡുകളും ഇത് നടപ്പാക്കിയിട്ടുണ്ട്.അത്ലറ്റിക്സ്, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങിയ വിവിധ ഇനങ്ങളിൽ എലൈറ്റ് സ്കീം നടപ്പിലാക്കിവരുന്നത് യുവ പ്രതിഭാധനരായ കായിക താരങ്ങളുടെ കായിക നൈപുണ്യത്തെ പരിപോഷിപ്പിക്കുന്നതിനും അവരെ ഏഷ്യൻ, കോമൺവെൽത്ത്, ഒളിമ്പിക് ഗെയിംസ് തലങ്ങളിൽ മെഡലുകൾ നേടുന്നതിന് പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ്.കായിക വകുപ്പിന്റെ അഭിമാനകരമായ ഒരു പദ്ധതി "ഓപ്പറേഷൻ ഒളിമ്പിയ 2020–2024" 2017 മെയ് 28 ന് ആരംഭിച്ചു. കേരളത്തിലെ വനിതാ ഫുട്ബോൾ വികസനത്തിനായി വനിതാ ഫുട്ബോൾ അക്കാദമി സ്ഥാപിച്ചു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

- ശ്രീ കലാഭവൻ മണിയുടെ ചരമവാർഷിക ദിനത്തിൽ "മണിനാദം" എന്ന പേരിൽ സംസ്ഥാനതല നാടോടിക്കഥ മത്സരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ നടത്തി.
- സംസ്ഥാനതല പരിപാടിയായ "സെവൻസ് ഫുട്ബോൾ" കോഴിക്കോട്ട് നടത്തി.
- ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ ഓൺലൈനായി നടത്തി. 100 സിനിമകൾ സ്ക്രീൻ ചെയ്യുകയും 24 ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. ഒമ്പത് ചിത്രങ്ങളാണ് അവാർഡിനായി തിരഞ്ഞെടുത്തത്.
- സ്ത്രീകൾക്കായി കളരിപ്പയറ്റ് പരിശീലനം നടത്തുകയും "മാരിവില്ല്" എന്ന് പേരിൽ ട്രാൻസ്–ജെൻഡറുകൾക്കുവേണ്ടി ശാക്തീകരണ പരിപാടി നടത്തുകയും ചെയ്തു.

- മൈം ഫെസ്റ്റുകളും യംഗ് ടാലന്റ് ഫെസ്റ്റും നടത്തി.
- സംസ്ഥാനത്തു നിന്നും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് 'വൺനെസ്' എന്ന പേരിൽ അന്താരാഷ്ട്ര നൃത്ത സംഗീതോത്സവം സംഘടിപ്പിച്ചു.

യുവജന കമ്മീഷൻ

- 2020-21 ൽ കൊല്ലത്ത് യുവജന പ്രതിരോധ സേനയുടെ പരിശീലന ക്യാമ്പ് നടത്തുകയും പരിശീലനം ലഭിച്ച യുവജനങ്ങൾ 312 പരിപാടികൾ നടത്തുകയും ചെയ്തു. ഏകദേശം 74,865 യുവജനങ്ങൾ ഈ പരിപാടികളിൽ പങ്കെടുത്തു.
- ജില്ലാ സെമിനാറുകൾ, സിമ്പോസിയങ്ങൾ, ശിൽപശാലകൾ: ഓൺലൈൻ ക്ലാസിക്കൽ നൃത്തോത്സവത്തിനായി ഭാരത് ഭവനുമായി സഹകരിച്ച് ദേശീയതല സെമിനാർ നടത്തി. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി, മണിപ്പൂരി, കഥക്, ഒഡീസി, കേരളനടനം, ചൗ നൃത്തം, ക്ലാസിക്കൽ നൃത്തം, രബീന്ദ്ര നൃത്തം, വിലാസിനി നാട്യം, സൗബി നൃത്തം തുടങ്ങി നിരവധി നൃത്തരൂപങ്ങളാണ് മേളയിൽ ഉൾപ്പെടുത്തിയിരുന്നത്.
- കല, സാംസ്കാരികം, സാഹിത്യം, കായികം, കൃഷി, സാമൂഹിക പ്രവർത്തനം, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച യുവാക്കളെ ആദരിക്കുന്നതിനായി കമ്മീഷൻ യൂത്ത് ഐക്കൺ അവാർഡ് നൽകുന്നു.
- 7511100900 എന്ന ടോൾ ഫ്രീ നമ്പറിലൂടെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന യുവാക്കൾക്കും നിയമസഹായം ആവശ്യമുള്ളവർക്കും സേവനങ്ങൾ നൽകുന്നതിനായി കമ്മീഷൻ യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ ആരംഭിച്ചു.
- ഇ.എം.എസ് മെമ്മോറിയൽ അന്തർ സർവകലാശാല പ്രഭാഷണ മത്സരവും ദേശീയ യുവജന ദിന പരിപാടിയും: എല്ലാ വർഷവും ജനുവരി 12 ന് സ്വാമി വിവേകാനന്ദന്റെ ജന്മദിനം ദേശീയ യുവജന ദിനമായി ആഘോഷിക്കുന്നു. ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് ഇഎംഎസ് സ്മാരക അന്തർ സർവകലാശാല പ്രഭാഷണ മത്സരത്തിലെ വിജയികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

2019-20 ദേശീയ മീറ്റിൽ കേരളത്തിലെ വിദ്യാർഥികൾ 262 മെഡലുകൾ (43 സ്വർണം, 146 വെള്ളി, 73 വെങ്കലം) നേടി.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്

ഇൻട്രാ-കോളേജ് ടൂർണമെന്റുകൾ നടത്തുകയും കോളേജുകൾക്കായി കായിക സാമഗ്രികളും ഉപകരണങ്ങളും വാങ്ങുകയും ചെയ്തു. കോഴിക്കോട് ഫിസിക്കൽ എജ്യുക്കേഷൻ കോളേജിലെ മികച്ച വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

പതിനാലാം പഞ്ചവത്സര പദ്ധതി

സമീപനം

പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാന കായികരംഗത്തെ ഊർജസ്വലമായ സംസ്കാരത്തെ ഉത്തേജിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. അടിസ്ഥാന സൗകര്യ വികസനം, പ്രത്യേക പരിശീലന അക്കാദമികൾ സ്ഥാപിക്കൽ, ടൂറിസത്തെയും പരമ്പരാഗത കായിക വിനോദങ്ങളെയും ബന്ധിപ്പിക്കൽ തുടങ്ങിയ മേഖലകളിലാണ് പുതിയ സംരംഭങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതി എല്ലാ ജില്ലകളിലും സ്പോർട്സ് കോംപ്ലക്സുകളും എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കായിക സൗകര്യങ്ങളും നിർമ്മിക്കാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കും. എല്ലാ പ്രായത്തിലുമുള്ള ആളുകളുടെ ശാരീരിക ക്ഷമതയും കായിക പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതും ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതുമായ പദ്ധതികളെ പ്ലാൻ പിന്തുണയ്ക്കും. കായിക പ്രതിഭകളെ നേരത്തെ കണ്ടെത്തുന്നതിനും പരിശീലകരുടെയും മറ്റ് കായിക

ഉദ്യോഗസ്ഥരുടെയും കഴിവുകൾ അന്താരാഷ്ട്ര നിലവാരത്തിന് അനുസൃതമായി ഉയർത്തുന്നതിനുമുള്ള പരിപാടികളെയും പിന്തുണയ്ക്കും.

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ ഒരു പ്രധാന പുതിയ നിർദ്ദേശിത മേഖല, സ്വകാര്യ പങ്കാളിത്തത്തോടെ, തിരഞ്ഞെടുത്ത കായിക ഇനങ്ങളിൽ പരിശീലനത്തിനായി വളരെ പ്രത്യേകതയുള്ള "എലൈറ്റ് അക്കാദമികൾ" വികസിപ്പിക്കുക എന്നതാണ്. നിർദ്ദിഷ്ട മേഖലകളിൽ ഫുട്ബോൾ, ബാഡ്മിന്റൺ, ബാസ്കറ്റ്ബോൾ, ടെന്നീസ്, വോളിബോൾ, അത്ലറ്റിക്സ് എന്നിവ ഉൾപ്പെടുന്നു.

സ്പോർട്സ്, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകൾ തമ്മിലുള്ള വലിയ ഏകോപനത്തെ പദ്ധതി പിന്തുണയ്ക്കുകയും കായിക ശാസ്ത്ര മേഖലയിൽ സർവ്വകലാശാലകളുമായുള്ള സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യും. 'സ്പോർട്സ് ഫോർ ഓൾ/ഫിറ്റ്നസ് ഫോർ ഓൾ' എന്നതാണ് പ്രധാന മുദ്രാവാക്യം.

കായിക യുവജനകാര്യ വകുപ്പ് ഇനിപ്പറയുന്നവ വിഭാവനം ചെയ്തിട്ടുണ്ട്:

1. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായികരംഗത്തെ മികവ്
2. അഴിമതി മുക്തവും സുരക്ഷിതവും ശക്തവുമായ കായിക മേഖല
3. സമകാലിക ഭരണ ഘടനകൾ, ലോകത്തെ മുൻനിര ഗവേഷണവും നവീകരണവും, ശക്തമായ സാമ്പത്തിക നിക്ഷേപവും ആഗോള ഇവന്റുകൾക്ക് ആതിഥേയത്വം വഹിക്കുന്നതുമായ കായിക വിനോദ വ്യവസായം.
4. പൊതുജനങ്ങൾക്കിടയിൽ ശക്തമായ ശാരീരിക സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറ ഉള്ളതും താഴേത്തട്ടിൽ ഊർജ്ജസ്വലമായതുമായ ഒരു കായിക സംസ്കാരം.

ഈ കാഴ്ചപ്പാടോടെ, കായിക യുവജനകാര്യ ഡയറക്ടറേറ്റ് നിരവധി നൂതന പരിപാടികളും പ്രോജക്ടുകളും ആരംഭിക്കുകയും ഇത് യുവാക്കളെ നേരത്തെ കണ്ടെത്തുന്നതിനും, ഉയർന്ന അന്തർദേശീയ നിലവാരം കൈവരിക്കാൻ കഴിവുള്ള യുവാക്കളെ പരിപോഷിപ്പിക്കുവാനും ലക്ഷ്യമിടുന്നു. അത്യാധുനിക കായിക അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കുന്ന ഒരു സമഗ്ര സമീപനം, സ്പോർട്സ് സയൻസ് പ്രയോജനപ്പെടുത്തുക, എലൈറ്റ് സ്പോർട്സ് അക്കാദമികൾ സ്ഥാപിക്കുക, എല്ലാ സ്കൂളുകളിലും ഫിസിക്കൽ എജ്യുക്കേഷൻ പാഠ്യപദ്ധതി നടപ്പിലാക്കുക, കായിക സമ്പദ്വ്യവസ്ഥയുടെ വളർച്ച സുഗമമാക്കുക, ഈ മേഖലയിലെ സംരംഭകരെ പിന്തുണയ്ക്കുക, അന്താരാഷ്ട്ര മികച്ച രീതികൾ ഉൾക്കൊള്ളുന്ന ആധുനിക പരിശീലനം, കായികതാരങ്ങളുടെ പോഷകാഹാര ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നിവയെല്ലാം പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

കേരള സ്പോർട്സിന്റെ പരിവർത്തനത്തിനും നമ്മുടെ കായിക താരങ്ങളെ അന്തർദേശീയ തലത്തിൽ ഉയർന്ന നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കമ്മ്യൂണിറ്റി തലത്തിൽ താഴേക്കിടയിൽ നിന്നും ഊർജ്ജസ്വലമായ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനുമുള്ള സംരംഭങ്ങൾ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ 2022–27 പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

കായികം

കായിക യുവജനകാര്യ ഡയറക്ടറേറ്റ്

ഓസ്ട്രേലിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിന്റെ മാതൃകയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്, മേനംകുളത്ത് ജി.വി.രാജ സെന്റർ ഫോർ എക്സലൻസിൽ സ്ഥാപിക്കുക. ഇത് കായിക പരിശീലനം, വിദ്യാഭ്യാസം, ഗവേഷണം, സ്പോർട്സ് സയൻസ് എന്നിവയ്ക്കുള്ള എലൈറ്റ് സെന്ററായിരിക്കും.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടിന്റെ സഹകരണത്തോടെ പ്രശസ്തമായ കോളേജുകളിലും ഇൻസ്റ്റിറ്റ്യൂട്ടുകളിലും സ്പോർട്സ് ബിസിനസ് ഇൻകുബേറ്റർ സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു.

കായിക ഭവൻ: സംസ്ഥാനത്ത് ദീർഘകാല ഫലപ്രദമായ ഭരണം, ഏകോപനം, കായിക വികസനം എന്നിവ കൈവരിക്കുന്നതിനും കായിക യുവജനകാര്യ ഡയറക്ടറേറ്റ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ,

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവയെ ഉൾക്കൊള്ളുന്നതിനുമായി തിരുവനന്തപുരത്ത്, കായികഭവനമെന്ന പേരിൽ ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്.

മൂന്നാറിൽ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ, സ്ഥാപിക്കൽ – ഉയർന്ന തലത്തിലുള്ള പരിശീലനം ഒരു കായികതാരത്തിന് പരമാവധി കഴിവു പ്രകടിപ്പിക്കാനുതകുന്നതാണ്. ലക്ഷ്യം പൂർണമായി കൈവരിക്കുന്നതിന്, മൂന്നാറിലെ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് കേന്ദ്രത്തിന്റെ സൗകര്യങ്ങൾ, ആധുനിക അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും സ്പോർട്സ് ടൂറിസം സൗകര്യങ്ങളും ഉപയോഗിച്ച് നവീകരിക്കേണ്ടതുണ്ട്.

ടെന്നീസ്, ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ടേബിൾ ടെന്നീസ്, ബാഡ്മിന്റൺ, അത്‌ലറ്റിക്സ് എന്നിവയ്ക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പൊതു–സ്വകാര്യ പങ്കാളിത്തം, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി മോഡ് എന്നിവ വഴി എലൈറ്റ് സ്പോർട്സ് കേരള അക്കാദമികൾ സ്ഥാപിക്കുന്നത് വിഭാവനം ചെയ്യുന്നു. സ്വകാര്യ സ്ഥാപനങ്ങളും മികവിന്റെ കേന്ദ്രവുമായി ചേർന്ന് മികവിന്റെ കേന്ദ്രത്തിൽ പരിശീലിക്കുന്നതിന് ഉന്നത വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകും.

ഓപ്പൺ ജിമ്മുകളും മൾട്ടി–സ്പോർട്സ് പ്ലേ സ്പേസ് ക്ലസ്റ്ററും – വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് എന്നിവയുൾപ്പെടെയുള്ള മൾട്ടി–സ്പോർട്സ് ഉപയോഗത്തിനും മറ്റ് മൈനർ ഗെയിമുകൾക്കും അനുയോജ്യമായ കളിസ്ഥലങ്ങളായി ലഭ്യമായ മൈതാനങ്ങൾ ആവശ്യമെങ്കിൽ മേൽക്കൂരയുള്ള ആധുനിക സിന്തറ്റിക് പ്രതലങ്ങൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണിത്. നിലവിൽ മൾട്ടി–സ്പോർട്സ് പ്ലേ സ്പെയ്സുകൾ ദൂരവ്യാപകമായി വിതരണം ചെയ്യുന്നതിനാൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനൊരു പ്രതിവിധി എന്ന നിലയിൽ, ക്ലസ്റ്റർ മോഡൽ നിർദ്ദേശിക്കപ്പെടുന്നു.

ഗ്രാമീണ കളിസ്ഥലങ്ങൾ: "ഓരോ പഞ്ചായത്തിലും ഒരു കായിക സൗകര്യം/കളിസ്ഥലം" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവഹണ ഏജൻസിയായി സ്പോർട്സ് അടിസ്ഥാന സൗകര്യ വികസനം ആരംഭിക്കും. ഒരു കളിസ്ഥലത്തിന്റെ വികസനത്തിനുള്ള ചെലവിന്റെ പകുതി എം.എൽ.എ ഡവലപ്മെന്റ് ഫണ്ടിൽ (എ.ഡി.എസ്) അല്ലെങ്കിൽ/അതിനോടൊപ്പം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതു–സ്വകാര്യ പങ്കാളിത്തം എന്നീ ക്രമീകരണങ്ങളിലൂടെയോ കണ്ടെത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ കളിസ്ഥലങ്ങളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ

കായിക ക്ഷമത മിഷൻ പദ്ധതി: 2021–2022 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ കേരള കായിക ക്ഷമത (ശാരീരിക ക്ഷമത) പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചു. 2022–23 വർഷത്തിൽ പദ്ധതി ആരംഭിക്കും. എല്ലാ പ്രായക്കാർക്കുമുള്ള ശാരീരിക ക്ഷമതയാണ് പ്രധാന ലക്ഷ്യം. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കും. മെച്ചപ്പെട്ട മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. സ്കൂൾ തലം മുതൽ "എല്ലാവർക്കും യോഗ" എന്ന പദ്ധതിയുണ്ടാകും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ പദ്ധതി അവതരിപ്പിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്കുള്ള ജി.വി രാജ അവാർഡുകളുടെ പരിധി കൂടുതൽ അർഹതയുള്ള ആളുകളിലേക്ക് കൗൺസിൽ വിപുലീകരിക്കും. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഓഫീസുകളുടെ പ്രവർത്തനം വിശകലനം ചെയ്തതിന് ശേഷം അവയുടെ ശരിയായ പരിപാലനത്തിനുമായി ഒരു സമഗ്ര സമീപനം ആസൂത്രണം ചെയ്തിട്ടുണ്ട്. പരിശീലകർക്ക് അവരുടെ സാങ്കേതിക കഴിവുകൾ വികസിപ്പിക്കുന്നതിന് അത്യാധുനിക പരിശീലനം നൽകാനും അതുവഴി ശ്രദ്ധേയരായ വിദേശ പരിശീലകരുടെ സേവനം ഉപയോഗിച്ച് കായിക താരങ്ങൾക്ക് പുതിയ കഴിവുകൾ നേടാനും ഇത് ലക്ഷ്യമിടുന്നു.

രാജ്യാന്തര ടീമുകളുടെ പങ്കാളിത്തം ഉറപ്പാക്കി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സി.എം ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നടത്തും. ദേശീയ കായിക മത്സരങ്ങളിൽ മികച്ച പ്രകടനം നടത്താൻ ഇത് കേരള താരങ്ങളെ സഹായിക്കും. 2022-2027 കാലയളവിൽ എല്ലാ വർഷവും ഒരു ടൂർണമെന്റ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

സ്പോർട്സ് എക്സലൻസ് സ്കീം: നിലവിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ 61 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 10 സ്കൂളുകൾ കൂടി ഉൾപ്പെടുത്താനാണ് പദ്ധതി.

വോളിബോൾ അക്കാദമി: നമ്മുടെ രാജ്യത്തിൽ തന്നെ ഏറ്റവും മികച്ച വോളിബോൾ പാരമ്പര്യമാണ് കേരളത്തിനുള്ളത്. നിലവിൽ സംസ്ഥാനത്ത് വനിതാ വോളിബോൾ വികസനത്തിന് പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ. ഈ സാമ്പത്തിക വർഷം അന്താരാഷ്ട്ര നിലവാരത്തിലുള്ള വോളിബോൾ അക്കാദമി സ്ഥാപിക്കാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തീരുമാനിച്ചു. കൂടാതെ, പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ശേഷിക്കുന്ന വർഷങ്ങളിൽ നാല് കേന്ദ്രങ്ങൾ കൂടി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കേരള സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് പദ്ധതി നടപ്പാക്കുന്നത്.

സ്കൂൾ, കോളേജ് അക്കാദമികളിൽ നിന്നും എലൈറ്റ്, ഓപ്പറേഷൻ ഒളിമ്പിയ സ്കീമുകളിൽ നിന്നും കായികതാരങ്ങളെ തിരഞ്ഞെടുത്ത് പ്രത്യേക അക്കാദമി സ്ഥാപിക്കും. അന്താരാഷ്ട്ര മെഡൽ ജേതാക്കളായി അവരെ വളർത്തിയെടുക്കുന്നതിന് ദേശീയ ക്യാമ്പുകളിൽ ഭക്ഷണം, താമസം, പരിശീലനം, മറ്റ് സഹായ സൗകര്യങ്ങൾ എന്നിവ നൽകും. ദേശീയതല പരിശീലന കേന്ദ്രങ്ങളിലേക്ക്, അത്‌ലറ്റിക്സ്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ബോക്സിംഗ്, ജൂഡോ, റെസ്‌ലിംഗ്, നീന്തൽ എന്നീ വിഷയങ്ങൾ തിരഞ്ഞെടുക്കാം. സ്പെഷ്യൽ അക്കാദമി ദേശീയ നിലവാരമുള്ളതും ഓരോ കായിക ഇനങ്ങളിൽ നിന്നും 15 മുതൽ 20 വരെ കളിക്കാരെ തിരഞ്ഞെടുക്കുകയും ചെയ്യും. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ടി പദ്ധതി നടപ്പിലാക്കും.

ദേശീയ അന്തർദേശീയ ചാമ്പ്യൻഷിപ്പുകളുടെ നടത്തിപ്പ്: സംസ്ഥാനത്ത് വിവിധ അന്താരാഷ്ട്ര മത്സരങ്ങളുടെ നടത്തിപ്പിൽ സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾ/നാഷണൽ ഫെഡറേഷനുകൾ എന്നിവയെ പിന്തുണക്കാൻ കൗൺസിൽ തീരുമാനിച്ചിരിക്കുന്നു, ഇത് സംസ്ഥാനത്ത് പ്രത്യേക വിജ്ഞാനശാഖ ജനകീയമാക്കുന്നതിന് വളരെയധികം സഹായിക്കുമെന്ന് കൗൺസിൽ കരുതുന്നു. ഈ നടപടി കളിക്കാർക്കും ഉദ്യോഗസ്ഥർക്കും അത്യാധുനിക പരിശീലന/മത്സര സാങ്കേതിക വിദ്യകളാൽ സജ്ജരാണെന്ന് ഉറപ്പാക്കും. കൂടാതെ നമ്മുടെ കായിക ഭരണസമിതിയ്ക്ക് ഈ രംഗത്തെ അവരുടെ അറിവ് അപ്ഡേറ്റ് ചെയ്യാനും കഴിയും. അടുത്ത പഞ്ചവത്സര പദ്ധതിയിൽ എല്ലാ വർഷവും ചാമ്പ്യൻഷിപ്പുകൾ കൃത്യമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നുണ്ടെന്ന് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഉറപ്പാക്കും.

തലമുറകൾക്ക് സ്പോർട്സ് സംസ്കാരം കാണിക്കുന്നതിനും പ്രചോദനവും പുതുമയും സൃഷ്ടിക്കുന്നതിനുമായി സെൻട്രൽ സ്റ്റേഡിയം വളപ്പിൽ ഒരു സ്പോർട്സ് മ്യൂസിയവും സ്പോർട്സ് ലൈബ്രറിയും സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് പതിനാലാം പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്യുന്നത്. ഡിജിറ്റൽ ലൈബ്രറിയുള്ള സ്പോർട്സ് ബുക്കുകളുടെ ശേഖരണം കായിക മേഖലയിലെ പ്രമുഖ കായിക താരങ്ങളുടെ വിവരങ്ങൾ പങ്കുവെക്കാൻ സഹായിക്കും. അത് നമ്മുടെ സമൂഹത്തിലെ വളർന്നു വരുന്ന തലമുറയ്ക്ക് പ്രചോദനമാകുകയും ചെയ്യും.

കോർപറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കാനുള്ള നടപടികളും സ്വീകരിച്ചു. ഗ്രാസ് റൂട്ട് ലെവലിൽ സ്പോർട്സിന്റെ വളർച്ചയിൽ ഇവ നിർണായക പങ്ക് വഹിക്കും.

കോട്ടയം ജില്ലയിലെ ചിങ്ങവനത്തും കൊല്ലം ജില്ലയിലെ ചടയമംഗലത്തും 1000 പേരെയെങ്കിലും ഉൾക്കൊള്ളാൻ ശേഷിയുള്ള പുതിയ കായിക സമുച്ചയം നിർമിക്കുന്നതിനുള്ള പ്രാരംഭ നിർദേശങ്ങൾ പരിഗണനയിലാണ്. ആലപ്പുഴയിലെ പുന്നമടക്കായലിലും തിരുവനന്തപുരം മുരുക്കുംപുഴയിലും തുഴച്ചിൽ അക്കാദമി സ്ഥാപിക്കാനും പദ്ധതിയുണ്ട്.

പൊതു വിദ്യാഭ്യാസം

വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമത വികസിപ്പിക്കുന്നതിന്, പൊതുവിദ്യാഭ്യാസ വകുപ്പ് 'ഫിറ്റ്നസ് ഫോർ ഫ്യൂച്ചർ' – അക്കാദമിക മികവിലേക്കുള്ള ഒരു ചുവടുവെപ്പ് എന്ന പേരിൽ ഒരു പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുണ്ട്. ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകർക്കുള്ള പരിശീലന പരിപാടി, എലൈറ്റ് ലെവൽ സ്പോർട്സ് ആൻഡ് ഗെയിംസ് ക്ലസ്റ്ററിംഗ്, പ്രാഥമിക അധ്യാപകർക്കുള്ള അടിസ്ഥാന ശാരീരിക സാക്ഷരതാ പരിശീലനം, ഫിസിക്കൽ ഫിറ്റ്നസ് ചലഞ്ച് ആപ്പ്, തിരഞ്ഞെടുത്ത സ്കൂളുകൾക്കുള്ള നാച്ചറൽ ഫിസിക്കൽ ഫിറ്റ്നസ് പാർക്കുകൾ, മിനി ജിംനേഷ്യം, സമഗ്രമായ ഫിസിക്കൽ ഫിറ്റ്നസ് വിലയിരുത്തൽ പാക്കേജ് എന്നിവയാണ് നിർദ്ദേശത്തിന്റെ ഘടകങ്ങൾ.

കോളേജ് വിദ്യാഭ്യാസം

കോളേജ് വിദ്യാർത്ഥികൾക്കുള്ള മൊത്തത്തിലുള്ള ശാരീരിക പരിപാടിയാണ് പ്രധാന സംരംഭങ്ങൾ, കൂടാതെ വിദ്യാർത്ഥികളെ ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള ചാമ്പ്യന്മാരായി വളർത്തിയെടുക്കുന്നതിന് അവർക്ക് മൊത്തത്തിലുള്ള പിന്തുണ നൽകുകയും ചെയ്യുന്നു.

യുവജനകാര്യങ്ങൾ

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

സംസ്ഥാന യുവജനക്ഷേമ ബോർഡ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനൊപ്പം ഓൺലൈൻ ഡെലിവറി, സ്കില്ലിംഗ് തുടങ്ങിയ തൊഴിൽ നൽകുന്ന പദ്ധതികൾക്ക് ഊന്നൽ നൽകുന്നുണ്ട്.

സുരക്ഷാ സേവനങ്ങൾ, ടൂറിസം മേഖലയിൽ സന്നദ്ധപ്രവർത്തനം തുടങ്ങി മറ്റ് വകുപ്പുകളുമായി സഹകരിച്ച് വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. തീരദേശ കായികമേളയും മത്സരങ്ങളും, കായിക പരിശീലനവും മത്സരങ്ങളും, ട്രാൻസ്ജെൻഡർ ശാക്തീകരണം, ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ, ട്രക്കിംഗ്, സാഹസിക ക്യാമ്പ്, അഡ്വഞ്ചറസ് കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ് തുടങ്ങിയ സാഹസിക വിനോദങ്ങൾ എന്നിവയാണ് മറ്റ് ശ്രദ്ധാകേന്ദ്രങ്ങൾ.

കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്, യൂത്ത് ക്ലബ്ബുകൾ, കേരളോത്സവം, യുവശക്തി എന്നീ സ്കീമുകളുടെ പ്രവർത്തനങ്ങൾ അവരുടെ സേവനങ്ങളും പങ്കാളികളുടെ എണ്ണവും വർദ്ധിപ്പിച്ച് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

യുവാക്കളുടെ സാഹസിക കഴിവുകൾ വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് ദേശീയ സാഹസിക അക്കാദമിയുടെ നിർമ്മാണം പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന യുവജന കമ്മീഷൻ

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ യുവജന കമ്മിഷന്റെ പ്രധാന സംരംഭങ്ങൾ സ്ത്രീധനത്തിനും സ്ത്രീകൾക്കുമെതിരായ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികളാണ്. യുവാക്കളുമായി ബന്ധപ്പെട്ട ജെൻണ്ടർ പ്രശ്നങ്ങൾ, സ്വകാര്യ സ്ഥാപനങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന യുവാക്കളുടെ പ്രശ്നങ്ങൾ, ദുർബല വിഭാഗങ്ങളുടെ സാമൂഹിക നില, എസ്സി/എസ്ടി കോളനികളിലെ യുവാക്കൾ ഉൾപ്പെടെയുള്ള പാർശ്വവത്കരിക്കപ്പെട്ട യുവാക്കളുടെയും സ്ത്രീകളുടെയും ശാക്തീകരണം, തുടങ്ങിയ പഠനങ്ങളും സർവേകളും എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കോളേജുകളിലും എസ്സി/എസ്ടി കോളനികളിലും യുവജനങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ, ദേശീയ-ജില്ലാതല സെമിനാറുകൾ, സാംസ്കാരിക വിനിമയ പരിപാടികൾ (ഇ.എം.എസ് മെമ്മോറിയൽ ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരം ഉൾപ്പെടെ), യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, ഫെസിലിറ്റേഷൻ പ്രോഗ്രാം (ഗ്രീൻ യൂത്ത് ഇനീഷ്യേറ്റീവ്, വെർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്), അദാലത്ത്/ ലോക്കൽ ലെവൽ സിറ്റിങ്ങുകൾ, യൂത്ത് ഐക്കൺ പ്രോഗ്രാം, ദേശീയ യുവജനദിന പരിപാടി, സ്ത്രീധനത്തിനെതിരായ ബോധവൽക്കരണ കാമ്പെയ്നുകൾ,

നിയമപരമായ പിന്തുണയും കൗൺസിലിംഗും നൽകൽ, യുവജന സർവേ നടത്തൽ എന്നിവയിലേക്കും കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും.

കേരളത്തിൽ നടപ്പാക്കിയ സമ്പൂർണ സാക്ഷരതയുടെ മാതൃകയിൽ സമ്പൂർണ ഡിജിറ്റൽ സാക്ഷരത സാധ്യമാക്കുന്നതിന് യുവാക്കളെ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കാനാണ് കമ്മിഷൻ ഉദ്ദേശിക്കുന്നത്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട യുവാക്കളുടെ സഹകരണത്തോടെ സംസ്ഥാനത്തെ ആദിവാസി/പിന്നാക്ക മേഖലകളിൽ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഡിജിറ്റൽ സാക്ഷരതാ പദ്ധതി നടപ്പിലാക്കാൻ കമ്മീഷൻ ആലോചിക്കുന്നുണ്ട്.

2022–23 വാർഷിക പദ്ധതിയിൽ ഇതിനകം ആരംഭിച്ച പുതിയ സംരംഭങ്ങൾ

2022–23ൽ കായിക യുവജനകാര്യ ഡയറക്ടറേറ്റ് ആരംഭിച്ച ഒരു സംരംഭമാണ് ഗ്രാമീണ കളിസ്ഥലങ്ങൾ എന്ന പദ്ധതി. എലൈറ്റ് സ്പോർട്സ് കേരള അക്കാദമികൾ, ഓപ്പൺ ജിമ്മുകൾ, സ്പോർട്സ് ബിസിനസ് ഇൻകുബേറ്ററിന്റെ മൾട്ടി-സ്പോർട്സ് പ്ലേ സ്പേസ് ക്ലസ്റ്റർ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും 2022–23 കാലയളവിൽ ആരംഭിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ഗോൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, വനിതാ വോളിബോൾ അക്കാദമി, ദേശീയ അന്തർദ്ദേശീയ ചാമ്പ്യൻഷിപ്പുകളുടെ നടത്തിപ്പ് എന്നിവയാണ് 2022–23 വാർഷിക പദ്ധതിയിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ആരംഭിച്ച പദ്ധതികൾ.

പൊതുവിദ്യാഭ്യാസ വകുപ്പ് 2022–23ൽ 'ഫിറ്റ്നസ് ഫോർ ഫ്യൂച്ചർ എന്ന പദ്ധതി ആരംഭിച്ചു.

സംസ്ഥാന യുവജനക്ഷേമ ബോർഡ് തൊഴിൽ നൽകുന്ന പദ്ധതി, മറ്റ് വകുപ്പുകളുടെ സഹകരണത്തോടെയുള്ള പദ്ധതികൾ തുടങ്ങിയ സംരംഭങ്ങൾ ആരംഭിച്ചു. ദേവികുളത്ത് നാഷണൽ അഡ്വഞ്ചർ അക്കാഡമിയുടെ (എൻ.എ.എ)) പുതിയ കെട്ടിടത്തിന്റെ ആദ്യഘട്ടം പുരോഗമിക്കുന്നു. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണ കാമ്പെയ്നുകളും നിയമപരമായ പിന്തുണയും കൗൺസിലിംഗും യുവജന സർവ്വേയുമാണ് 2022–23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരള സംസ്ഥാന യുവജന കമ്മീഷന്റെ മറ്റു സംരംഭങ്ങൾ.

അദ്ധ്യായം 20

പ്രാദേശിക സർക്കാരുകൾ

അവലോകനം

മതനിരപേക്ഷവും ജനാധിപത്യപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും വളർച്ചാ കേന്ദ്രീകൃതവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് കേരളം പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കമിട്ടത്. പതിമൂന്നാം പദ്ധതി അവസാനം, തുടർച്ചയായ വെള്ളപ്പൊക്കത്തിൽ നിന്നും കോവിഡ് -19 മഹാമാരിയിൽ നിന്നും ഉയർന്നുവന്ന അടിയന്തര പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, മെച്ചപ്പെട്ട സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, നേട്ടങ്ങൾ നിലനിർത്തൽ തുടങ്ങിയ വലിയ വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ പതിനാലാം പദ്ധതി നിർദ്ദേശിക്കുന്നു. സേവനമേഖലയിൽ, പ്രകൃതിവിഭവങ്ങളുടെ പരിപാലനം, അത്യാധുനിക ശുചിത്വ - മാലിന്യ സംസ്കരണ സൗകര്യങ്ങളും നൽകൽ തുടങ്ങിയവ. പതിനാലാം പഞ്ചവത്സര പദ്ധതി സംസ്ഥാനത്തെ ഉൽപ്പാദന ശക്തികളെ പുനരുജ്ജീവിപ്പിക്കാനും വളർച്ച സാധ്യമാക്കുന്നതിന് വിവിധ വികസന മേഖലകളിൽ നിക്ഷേപം ശേഖരിക്കാനും പ്രത്യേകം നിർദ്ദേശിക്കുന്നു. ഇത് നേടുന്നതിന്, സംരംഭകത്വം വളർത്തുന്നതിന് അനുകൂലമായ അന്തരീക്ഷം സ്ഥാപിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തെ പിന്തുണയ്ക്കും. ഒന്നിലധികം പങ്കാളികളുടെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യേണ്ട ഒരു പരിപാടി ആയതിനാൽ, ഈ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാനുണ്ട്. കൂടാതെ, വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മാനുഷികവും സാമ്പത്തികവുമായ സ്രോതസ്സുകളുടെ വിവിധ തട്ട് ആസൂത്രണവും സംയോജനവും ഉൾപ്പെടുന്നതിനാൽ, പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയെ പ്രാദേശിക സർക്കാരുകൾ തന്നെ നിർബന്ധമായും നയിക്കണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവിന്റെ ശതമാനം താഴെ കൊടുത്തിരിക്കുന്നു:

പട്ടിക 20. 1 പതിമൂന്നാം പഞ്ചവത്സര പദ്ധതി: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചെലവും

(രൂപ കോടിയിൽ)

വർഷം	പദ്ധതി വിഹിതം	ചെലവ്	ചെലവ് ശതമാനം	പെൻഡിങ് ബില്ലുകൾ ഉൾപ്പടെ ചെലവ്	പെൻഡിങ് ബില്ലുകൾ ഉൾപ്പടെ ചെലവ് ശതമാനം
2017-18	6194.62	5292.71	85.44	5580.47	90.09
2018-19	6721.91	5696.08	84.74	6250.24	92.98
2019-20	7209.10	4027.44	55.87	5664.41	78.57
2020-21	7276.66	6927.83	95.21	6953.73	95.60
2021-22	6622.23	5835.93	88.12	5841.14	88.20

അവലംബം : തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റ്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക ഗവൺമെന്റുകൾ കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ ചുരുക്കി വിവരിക്കുന്നു:

നേരത്തെ സൂചിപ്പിച്ചതുപോലെ, നാല് സുപ്രധാന ദൗത്യങ്ങളിലൂടെ നവകേരളം കെട്ടിപ്പടുക്കാനാണ് പതിമൂന്നാം പദ്ധതി ലക്ഷ്യമിട്ടത്. ലൈഫ് (പാവപ്പെട്ടവർക്ക് പാർപ്പിടം), ആർദ്രം (ജനസൗഹൃദ ആരോഗ്യ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെ ആരോഗ്യമേഖലയിൽ ഇടപെടൽ), പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും), ഹരിതകേരളം മിഷൻ (സുസ്ഥിര കാർഷിക ഉൽപ്പാദനത്തിനും മികച്ച പ്രകൃതിവിഭവ പരിപാലനത്തിനും മികച്ച മാലിന്യ സംസ്കരണത്തിനും വൃത്തിയുള്ള പരിസ്ഥിതിക്കും മാലിന്യമുക്ത കേരളത്തിനും). ഈ ദൗത്യങ്ങളിലൂടെയും മറ്റ് നിരവധി പരിപാടികളിലൂടെയും പതിമൂന്നാം പദ്ധതിക്ക് മെച്ചപ്പെട്ട ഉൽപ്പാദനവും തൊഴിലവസരങ്ങളും കൈവരിക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസത്തിനും നൈപുണ്യത്തിനും മുൻതൂക്കം നൽകി മെച്ചപ്പെട്ട മാനവവിഭവശേഷി വികസനം, സമാനതകളില്ലാത്ത ആരോഗ്യ സംരക്ഷണവും സാമൂഹിക സുരക്ഷയും, മെച്ചപ്പെട്ട പ്രകൃതിവിഭവ മാനേജ്മെന്റ്, കാര്യക്ഷമവും പ്രതികരിക്കുന്നതുമായ പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണത്തിന്റെ സുസ്ഥിര രീതികൾ എന്നിവയെല്ലാം ലക്ഷ്യങ്ങൾ ആയിരുന്നു. താഴേത്തട്ടിൽ ഈ ദൗത്യങ്ങൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പ്രധാന ഏജൻസികളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിഗണിക്കപ്പെട്ടു.

പതിമൂന്നാം പദ്ധതിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പദ്ധതികൾ മുൻകൂട്ടി ആവിഷ്കരിക്കുന്നതിനും വാർഷിക പദ്ധതികളുടെയും ബജറ്റുകളുടെയും സംയോജനം ഉറപ്പാക്കുന്നതിനും പുതിയ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക വർഷം മുഴുവൻ നിർവ്വഹണത്തിന് ഉപയോഗപ്പെടുത്താൻ സഹായകമായി. പദ്ധതി അംഗീകാരം ത്വരിതപ്പെടുത്തുന്നതിനുള്ള സംവിധാനം, പദ്ധതിയുടെ അംഗീകാരവും തുടർന്ന് പ്രോജക്ടുകളിലെ ഘടകങ്ങളുടെ സൂക്ഷ്മപരിശോധനയും അംഗീകാരവും വിഭാവനം ചെയ്തു. ഇത് പദ്ധതി പരിശോധിക്കുന്നതിലെ കാലതാമസം ഗണ്യമായി കുറച്ചിട്ടുണ്ട്. ഇതുകൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സബ്സിഡികൾ ഡിപ്പാർട്ട്മെന്റ് നിരക്കുകൾക്കൊപ്പമാക്കി. ഉൽപ്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉൽപ്പാദനം, പശ്ചാത്തല, സേവന മേഖലകളിലെ വിഹിതത്തിന്റെ പരിധിയും പരിഷ്കരിച്ചു. ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ കാര്യത്തിൽ ഉൽപ്പാദനമേഖലയിലെ നിർബന്ധിത മിനിമം പരിധി 30 ശതമാനമായി ഉയർത്തി, എന്നാൽ നഗരങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത് 10 ശതമാനമായി നിജപ്പെടുത്തി. പൊതുവിഭാഗം ചെലവിന്റെ സാധാരണ വിഹിതത്തിൽ ഉൽപ്പാദന മേഖലയിലെ ചെലവിന്റെ വിഹിതം 18.30 ശതമാനത്തിൽ നിന്ന് (2016–17) 2020–21ൽ 28.18 ശതമാനമായി ഉയർന്നു. ഈ നയ മാറ്റങ്ങൾ പ്രാദേശിക സർക്കാരുകളുടെ പ്ലാൻ ഫണ്ടുകളുടെ ഉയർന്ന വിനിയോഗത്തിനും പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാരണമായി.

പതിമൂന്നാം പദ്ധതിയിലെ ഒരു പ്രധാന നേട്ടം ജില്ലാ പദ്ധതികൾ തയ്യാറാക്കിയതാണ്. ഡിപിസിയുടെ നിർബന്ധിത ചുമതലയായതിനാൽ 14 ജില്ലകളുടെയും ജില്ലാ പദ്ധതികൾ തയ്യാറാക്കൽ പൂർത്തിയായി, ഇത് വളർച്ചയെ അടിസ്ഥാനമാക്കിയുള്ള ഏരിയാ ആസൂത്രണത്തിന്റെ വിശാലമായ വീക്ഷണകോണിൽ നിന്ന് മികച്ച പദ്ധതികൾ ആവിഷ്കരിക്കാൻ പ്രാദേശിക സർക്കാരുകളെ സഹായിച്ചു. വിവിധ വകുപ്പുകളുടെ പരിപാടികളുടെ സംയോജനവും ഇത് സാധ്യമാക്കി.

പതിമൂന്നാം പദ്ധതിക്കാലത്താണ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾക്കായി മത്സരാധിഷ്ഠിത ടെൻഡറിംഗ് ആരംഭിച്ചത്, ഇത് പതിമൂന്നാം പദ്ധതിയുടെ ആദ്യ നാല് വർഷങ്ങളിൽ ടെൻഡർ സേവിങ്സായി 730.82 കോടി രൂപ ലഭിക്കുകയും പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുകയും ചെയ്തു.

പദ്ധതി പ്രക്രിയകളിൽ ജില്ലാ ആസൂത്രണ സമിതികൾക്ക് (ഡിപിസി) കൺസൾട്ടൻസി പിന്തുണ നൽകുന്നതിനും നൂതനവും പ്രായോഗികവുമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സുഗമമാക്കുന്നതിനും എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ (ഡിആർസി) സ്ഥാപിച്ചതാണ് പതിമൂന്നാം പദ്ധതിയിലെ മറ്റൊരു പ്രധാന നേട്ടം. വിദ്യാഭ്യാസ, ഗവേഷണ, സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊഫഷണലുകളും വിദഗ്ധരും സർക്കാർ വകുപ്പുകളിൽ നിന്ന് വിരമിച്ച വിദഗ്ധരും ഉൾപ്പെട്ടതാണ് ഡിആർസി. ഡിപിസിക്കും പ്രാദേശിക സർക്കാരുകൾക്കും ആവശ്യമായ മേഖലകളിലും വിഷയങ്ങളിലും പഠനം നടത്തുക, സാങ്കേതിക ഉപദേശം നൽകുക,

പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെടുന്ന പദ്ധതികളുടെ ഡിപിആർ തയ്യാറാക്കുന്നതിനുള്ള പിന്തുണ നൽകുക, പ്രാദേശിക പദ്ധതികൾ സൂക്ഷ്മമായി പരിശോധിക്കുക, മാതൃകാ പദ്ധതികൾ വിശകലനം ചെയ്യുക എന്നിവയാണ് ഡിആർസിയുടെ പ്രധാന പ്രവർത്തനങ്ങൾ. പ്ലാൻ പ്രക്രിയകളുടെ ബലഹീനതകൾ കണ്ടെത്തി അവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക എന്നതും മറ്റൊരു പ്രധാന കർത്തവ്യമാണ്.

സംസ്ഥാനത്തെ ബാധിച്ച, തുടർച്ചയായ പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുന്നതിനും മൊത്തത്തിലുള്ള ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള സംസ്ഥാനതല പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രാജ്യത്ത് ആദ്യമായി പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കി.

പ്രാദേശിക സർക്കാരുകളുടെ ഭൗതിക നേട്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി 'വികേന്ദ്രീകരണ റൗണ്ട്' സർവേ എന്ന പേരിൽ ഒരു വിവരശേഖരണ റൗണ്ട് ആരംഭിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഞ്ച് ഘടക വകുപ്പുകളായ പഞ്ചായത്ത് വകുപ്പ്, നഗരകാര്യവകുപ്പ്, ഗ്രാമവികസനം, ടൗൺ പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീവ ഏകോപിപ്പിച്ച് സംസ്ഥാനത്തെ പ്രാദേശിക ഭരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരൊറ്റ വകുപ്പ് രൂപീകരിച്ചു. ഈ ചരിത്രപരമായ തീരുമാനം വിവിധ വകുപ്പുകൾ തമ്മിലുള്ള മികച്ച ഏകോപനത്തിനും മികച്ച സേവനങ്ങൾ നൽകാനും സഹായിക്കും.

കൂടുതൽ സുതാര്യത, ഉത്തരവാദിത്തം, കൃത്യത, കൃത്യനിഷ്ഠ എന്നിവ ഉറപ്പാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ച സമഗ്രമായ സോഫ്റ്റ്‌വെയർ സംയോജിത ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐഎൽജിഎംഎസ്) 2020 ഒക്ടോബറിൽ 303 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചു. പൗരന്മാർക്ക് സേവനങ്ങൾ നൽകുന്ന പ്രക്രിയയുടെ സാങ്കേതിക മേൽനോട്ടവും ILGMS പ്രാപ്തമാക്കി.

പതിമൂന്നാം പദ്ധതിക്കാലത്ത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ വിജയകരമായി നടപ്പാക്കി. കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ഗ്രാമപഞ്ചായത്തുകളും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ISO 9001: 2015 (ഗുണനിലവാര മാനേജ്മെന്റ് സംവിധാനത്തിനുള്ള അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ) നേടി.

ഭക്ഷ്യ വിതരണ ശൃംഖലയിൽ കോവിഡ് -19 സൃഷ്ടിച്ച തടസ്സങ്ങളെത്തുടർന്ന്, നെല്ല്, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഭക്ഷ്യധാന്യങ്ങൾ എന്നിവയുടെ വൻതോതിലുള്ള ഉൽപാദനവും പശുക്കൾ, ആട്, മുയൽ എന്നിവയെ വളർത്തുന്നതിന് സഹായങ്ങൾ നൽകി ഉപജീവനം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. കന്നുകാലി വളർത്തൽ, മത്സ്യകൃഷി, തരിശുനില കൃഷി, സംയോജിത കൃഷി സമ്പ്രദായം നടപ്പാക്കൽ, ഒരു കോടി ഫലവൃക്ഷത്തൈകൾ നടൽ, മഴമറ കൃഷി പ്രോത്സാഹിപ്പിക്കൽ, കാർഷിക വികസനം ശക്തിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നതാണ് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രധാന സംരംഭമായി വിഭാവനം ചെയ്ത ഈ പരിപാടി. കർഷകർക്ക് ആവശ്യമായ വായ്പകൾ നൽകുകയും ചെയ്യുന്നു. കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഭക്ഷ്യസംസ്കരണം എന്നീ മേഖലകളിൽ 1,870.30 കോടി രൂപയുടെ 26,135 പദ്ധതികളാണ് സുഭിക്ഷ കേരളത്തിന് കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ തലങ്ങളിലായി നടപ്പാക്കിയത്.

സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന പരിപാടിയായി 2016-ൽ കേരള സർക്കാർ, ലൈഫ് മിഷൻ ആരംഭിച്ചു. ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലായാണ് പുരോഗമിക്കുന്നത്. ആദ്യഘട്ടത്തിൽ, അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം ലക്ഷ്യമിട്ടു. കണ്ടെത്തിയ 54,116 അപൂർണ്ണമായ വീടുകളിൽ 52,680 വീടുകൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുകയും ആകെ അനുവദിച്ച 1,02,542 വീടുകളിൽ 94,047 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. മിഷന്റെ മൂന്നാം ഘട്ടം സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ പുനരധിവാസമാണ് ലക്ഷ്യമിടുന്നത്. മൂന്നാം ഘട്ടത്തിൽ

യോഗ്യരായ 1,68,284 ഗുണഭോക്താക്കളിൽ 32,376 ഗുണഭോക്താക്കൾക്ക് ഭൂമി ലഭിച്ച് സഹായം നൽകുകയും 14152 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. മൊത്തത്തിൽ, 31.05.2022 വരെ, പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീണ (19,933 വീടുകൾ), പിഎംഎവൈ- അർബൻ (72569 വീടുകൾ), വകുപ്പുകൾ നിർമ്മിച്ച വീടുകൾ ഉൾപ്പെടെ 2,95,795 കുടുംബങ്ങൾക്ക് വീട് നൽകാൻ മിഷന് കഴിഞ്ഞു; പട്ടികജാതി വികസനം (22605 വീടുകൾ), പട്ടികവർഗ വികസനം (2899 വീടുകൾ), ന്യൂനപക്ഷ ക്ഷേമ വകുപ്പ് (2363 വീടുകൾ), ഫിഷറീസ് വകുപ്പ് (6009 വീടുകൾ), 2363 കുടുംബങ്ങൾക്ക് അധിക ലിസ്റ്റിൽ നിന്നുള്ള വീടുകളും ഉൾപ്പെടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – സമീപനം

2021-ൽ കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഇരുപത്തി അഞ്ചാം വാർഷികമായിരുന്നു. കോവിഡ്-19 മൂലമുള്ള സാമ്പത്തിക മാന്ദ്യവും കേന്ദ്രസഹായം ലഭിക്കുന്നതിനുള്ള പരിമിതികളും നേരിടുന്ന സാഹചര്യത്തിൽ, കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ ഊർജ്ജസ്വലവും സുസ്ഥിരവുമായ ഒന്നാക്കി മാറ്റാനുള്ള തീവ്രശ്രമങ്ങൾ ആവശ്യപ്പെടുന്ന നിർണായക ഘട്ടമാണിത്. ഈ സാഹചര്യത്തിൽ, പ്രാഥമിക മേഖലയിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, വളർച്ചയും തൊഴിലവസരവും സൃഷ്ടിക്കുക, ശാസ്ത്രീയമായ പ്രകൃതിവിഭവ മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുക, സംയോജിത വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും പ്രോത്സാഹിപ്പിക്കുക, സേവന വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നീ പ്രത്യേക ചുമതലയുള്ള പ്രാദേശിക സർക്കാരുകളെ വികസനത്തിന്റെ പ്രേരക ശക്തിയായി പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നു.

വിവിധ സേവനങ്ങൾ, പ്രത്യേകിച്ച് മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള സേവനങ്ങൾ, വാതിൽപ്പടിയിൽ എത്തിക്കുന്നതിലൂടെ പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഇടയിൽ ക്ഷേമവും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രാദേശിക സർക്കാരുകളുടെ ശ്രമങ്ങൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി നിർലോഭമായ പിന്തുണ നൽകും. സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർമാർ, ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, സാന്ത്വന പരിചരണത്തിന് കീഴിലുള്ളവർ എന്നിവരുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾക്ക് ഉചിതമായ പിന്തുണ തുടർന്നും നൽകും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പരിപാടികളുമായി കുടുംബശ്രീ പരിപാടികൾ സംയോജിപ്പിച്ച് കൂടുതൽ ശക്തിപ്പെടുത്തും.

അടിസ്ഥാന സൗകര്യങ്ങൾ, പൗര സൗകര്യങ്ങൾ, പൗര സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക തലത്തിലുള്ള പദ്ധതികളുമായി വിവിധ കേന്ദ്രീകൃത പരിപാടികളും ബാഹ്യ സഹായ പദ്ധതികളും സംയോജിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ യോജിച്ച ശ്രമങ്ങൾ ദ്രുത നഗരവൽക്കരണം ആവശ്യപ്പെടുന്നു. മികച്ച ആസൂത്രണത്തിനും ഭരണത്തിനും വേണ്ടി സ്പേഷ്യൽ പ്ലാനിംഗ് ടെക്നിക്കുകൾ ഉപയോഗിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ പിന്തുണയ്ക്കും. നഗര കേന്ദ്രങ്ങളുടെയും നഗര സംയോജനങ്ങളുടെയും വികസനത്തിന് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനും പദ്ധതി സഹായകമാകും. കേരളത്തിലെ ഖര-ദ്രവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളെയും ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ രാജ്യത്തും വിദേശത്തുമുള്ള പ്രമുഖ സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ച് അവയെ സുഗമമാക്കുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും. തദ്ദേശ ഭരണത്തിന്റെ വിവിധ തലങ്ങളിൽ പഠനം നടത്താനുള്ള ശ്രമങ്ങൾ ഊർജിതമാക്കും. താഴേത്തട്ടിലെ പുതിയ വികസന വെല്ലുവിളികൾക്ക് മറുപടിയായി ഉയർന്നുവരുന്ന പ്രാദേശിക ഭരണത്തിന്റെ മാതൃകകൾ വിലയിരുത്തുന്നതിനും കിലയെ പിന്തുണയ്ക്കും.

പ്രാദേശിക തലത്തിലുള്ള ആസൂത്രണത്തിനായി IKM നൽകുന്ന വിവരങ്ങളും ഡാറ്റാബേസ് പിന്തുണയും മെച്ചപ്പെടുത്തുകയും പ്രാദേശിക സർക്കാരുകൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ സമന്വയിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വേഗത്തിലാക്കുകയും ചെയ്യും.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (എസ്ഡിജി) സംബന്ധിച്ച് സംസ്ഥാനത്തിന്റെ നേട്ടങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ശ്രമങ്ങളെ പതിനാലാം പഞ്ചവത്സര പദ്ധതി പിന്തുണയ്ക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. കേരളത്തിന്റെ സുസ്ഥിര വികസനവും ഉയർന്ന സാമ്പത്തിക വളർച്ചയും ഉൽപ്പാദന സംവിധാനങ്ങളെ പുനരുജ്ജീവിപ്പിച്ച് ഒരു വിജ്ഞാന സമൂഹമായി അതിനെ രൂപാന്തരപ്പെടുത്തുന്നതും പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു.
2. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, പാലുൽപാദനം, മറ്റ് അനുബന്ധ മേഖലകളിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, മൂല്യ ശൃംഖല വികസിപ്പിക്കുക, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വൻതോതിലുള്ള ഉൽപ്പാദനവും വിതരണവും സുഗമമാക്കുക.
3. തദ്ദേശ സ്ഥാപനങ്ങൾ ആരംഭിക്കുന്ന നൂതന സംരംഭകത്വ വികസന പരിപാടികളിലൂടെയും പിന്തുണാ സംവിധാനങ്ങളിലൂടെയും പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കുക.
4. കേരള സർക്കാർ ഹരിതകേരളം, ഉപജീവന ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും (ലൈഫ്), ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം (ഇപ്പോൾ വിദ്യാ കിരണം എന്ന് പുനർനാമകരണം ചെയ്ത് ഒറ്റ നവകേരള കർമ്മ പദ്ധതിയായി (പുതിയ കേരള കർമ്മ പദ്ധതി) ഏകീകരിച്ചു. ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഒരു പ്രധാന പങ്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കും.
5. MGNREGS-ന്റെ വ്യവസ്ഥകൾ പ്രാഥമിക മേഖലയിലെ ഉൽപ്പാദനത്തിനായി പ്രാദേശികതല വികസന പരിപാടികളുമായി സംയോജിപ്പിക്കും. നഗര തൊഴിലുറപ്പ് പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ശക്തിപ്പെടുത്തും.
6. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളെയും നേരിടാൻ ഗ്രാമീണ, നഗര സമൂഹങ്ങളുടെ പ്രതിരോധശേഷി വളർത്തുക, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും മികച്ച മാനേജ്മെന്റും ഉറപ്പാക്കി സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുക
7. പിന്നാക്ക, ദാരിദ്ര, പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളെ ഉൾക്കൊള്ളുന്ന സമഗ്ര വികസനം
8. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് പാർപ്പിടവും മറ്റ് ഉപജീവനമാർഗ്ഗവും നൽകുക.
9. അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പ്രാദേശിക ഭരണത്തിന്റെ പ്രതികരണശേഷി വർദ്ധിപ്പിക്കുകയും സേവന വിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.
10. കുട്ടികൾ, പ്രായമായവർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർമാർ തുടങ്ങിയവർക്കായി പ്രത്യേക പരിപാടികൾ വികസിപ്പിക്കുക.
11. സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയത്തിന് മുമ്പേ കൈവരിക്കുക.
12. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വികസന ഇടപെടലുകൾ.
13. തദ്ദേശ സ്ഥാപന തലത്തിൽ ചെറുകിട, ഗ്രാമ, കുടിൽ വ്യവസായങ്ങൾ, ഊർജ്ജം, ടൂറിസം മേഖലകളുടെ വളർച്ചയും വൈവിധ്യവൽക്കരണവും ത്വരിതപ്പെടുത്തുക.
14. സഹകരണ മേഖലയിൽ നിന്നുള്ള വരുമാനം ഉപയോഗപ്പെടുത്തി മേൽപ്പറഞ്ഞ മേഖലകളിൽ പൊതു സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
15. പ്രാദേശിക തലത്തിൽ വികസനം ആസൂത്രണം ചെയ്യുന്ന പ്രക്രിയയിൽ ശാസ്ത്രീയ ഗവേഷണങ്ങളുമായും മറ്റ് അക്കാദമിക് സ്ഥാപനങ്ങളുമായും ബന്ധം പ്രോത്സാഹിപ്പിക്കുക.
16. സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക.
17. സാമൂഹിക നീതിയും ലിംഗസമത്വവും ഉറപ്പാക്കൽ.
18. ആവശ്യമുള്ള എല്ലാവർക്കും സേവനം (വാതിൽപ്പടി സേവനം) ഉറപ്പാക്കുന്നു
19. ഗ്രാമീണ നഗരങ്ങളുടെ തുടർച്ചയുടെ പശ്ചാത്തലത്തിൽ യോജിച്ച നഗര-ഗ്രാമവികസനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് നഗരവികസനത്തിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കും.
20. ആരോഗ്യം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവയുൾപ്പെടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിൽ വരാനിരിക്കുന്ന പ്രത്യാഘാതങ്ങളുടെ വെളിച്ചത്തിൽ ഖര-ദ്രവമാലിന്യ സംസ്കരണം അടിയന്തിരമായി ഏറ്റെടുക്കും.

21. ലൈഫ് മിഷനു കീഴിൽ, 2022-23 മുതൽ 2026-27 വരെ പ്രതിവർഷം 1 ലക്ഷം വീടുകൾ നിർമ്മിക്കാനും അതുവഴി പതിനാലാം പഞ്ചവത്സര പദ്ധതിയിൽ മൊത്തം 5 ലക്ഷം വീടുകൾ നിർമ്മിക്കാനും ലക്ഷ്യമിടുന്നു, അതിൽ 3 ലക്ഷം വീടുകൾ ജനറൽ, 1.5 ലക്ഷം വീടുകൾ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് 25,000 വീടുകൾ, മത്സ്യതൊഴിലാളികൾക്ക് 25,000 വീടുകളും ഉൾപ്പെടുന്നു.

പ്രധാന പുതിയ സംരംഭങ്ങൾ

1. **അതിദരിദ്രർക്കായി മൈക്രോ പ്ലാനുകൾ :** പ്രാദേശിക ഭരണകൂടങ്ങളെയും പൗരസമൂഹത്തെയും ഉൾപ്പെടുത്തി അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള ഒരു പ്രത്യേക പരിപാടി കേരള സർക്കാർ ആരംഭിച്ചിട്ടുണ്ട്. അതിദാരിദ്ര്യം നിർവചിക്കുന്ന ഒരു കൂട്ടം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ഏറ്റവും ദരിദ്രരായ കുടുംബങ്ങളെ കണ്ടെത്തിയത്. 2021 ജൂലൈയിൽ ആരംഭിച്ച തിരിച്ചറിയൽ പ്രക്രിയ 2022 ജനുവരിയിൽ പൂർത്തിയായി. പതിനാലാം പദ്ധതിയിൽ, ഈ കുടുംബങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരെ ദാരിദ്ര്യത്തിൽ നിന്ന് അകറ്റിനിർത്തുന്നതിനും സുസ്ഥിരമായ നടപടികൾ ആസൂത്രണം ചെയ്യുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ പ്രത്യേക സൂക്ഷ്മ പദ്ധതികൾ ആവിഷ്കരിക്കും. ഇത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള അതുല്യമായ സംരംഭമായിരിക്കും.

2. **പ്രാദേശിക സാമ്പത്തിക വികസനം** : സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത്, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തടസ്സങ്ങളില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകിക്കൊണ്ട് പ്രാദേശിക സർക്കാരുകൾ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കും. തദ്ദേശ സ്ഥാപനങ്ങൾ സംരംഭകർക്ക് സാമ്പത്തിക, സാങ്കേതിക, നൈപുണ്യ സഹായങ്ങൾ നൽകും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ കമ്മ്യൂണിറ്റി തലത്തിലുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ, ഇൻകുബേഷൻ സെന്ററുകൾ തുടങ്ങിയവ സ്ഥാപിക്കും. ഈ പ്രക്രിയയിൽ, തദ്ദേശ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ നിന്നുള്ള വിഭവങ്ങൾ, പ്രത്യേകിച്ച് സഹകരണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും വ്യത്യസ്ത വിതരണ, മൂല്യ ശൃംഖല മാനേജ്മെന്റ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വിനിയോഗിക്കും.

3. **തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ** : തൊഴിൽ സൃഷ്ടിക്കൽ അതിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ, പ്രാദേശിക സർക്കാരുകൾ, വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിക്കും. ഇതോടൊപ്പം, സമൂഹത്തിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത വിഭാഗങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിലവസരങ്ങളുടെ സാധ്യതകൾ വൻതോതിലുള്ള നൈപുണ്യ പരിപാടികളിലൂടെ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവുകൾ സജ്ജീകരിക്കും. നൈപുണ്യത്തെക്കുറിച്ചും തൊഴിലിനെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൊഴിൽസഭകൾ വിളിച്ചുകൂട്ടുകയും തൊഴിലന്വേഷകർക്കും ദാതാക്കൾക്കും സംവദിക്കുന്നതിനുള്ള മാർഗങ്ങൾ സ്ഥാപിക്കുകയും ചെയ്യും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വികസന ഏജൻസികളുടെയും സംരംഭകത്വ വികസന പരിപാടികളുമായി തൊഴിൽ സഭകൾ പ്രവർത്തനപരമായ ബന്ധം സ്ഥാപിക്കും.

4. **വാതിൽപ്പടി സേവനം** : പതിനാലാം പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങൾ പൗര സേവന വിതരണം ശക്തിപ്പെടുത്തുകയും വൈവിധ്യവത്കരിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ, വാർദ്ധക്യം, അസുഖം, വൈകല്യം, മറ്റ് പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ എന്നിവ കാരണം ചലനശേഷി പരിമിതമായ ആളുകളുടെ വാതിൽപ്പടിയിൽ സുപ്രധാന സേവനങ്ങൾ എത്തിച്ചു നൽകും. വിവിധ വികസന ഏജൻസികളുടെ പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനങ്ങളും പ്രയോജനപ്പെടുത്തിയാണ് ഇത് നടപ്പാക്കുക.

5. **കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി** : കാലാവസ്ഥാ വ്യതിയാനം മൂലം സംസ്ഥാനത്തെ പ്രകടമായ രീതിയിൽ ബാധിച്ച പ്രകൃതി ദുരന്തങ്ങൾ കാര്യക്ഷമമായി ലഘൂകരിക്കുന്നതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന് ശാസ്ത്രീയമായി പഠിക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങളെ കുറയ്ക്കുന്നതിനും പ്രതിരോധശേഷി വളർത്തിയെടുക്കുന്നതിനും പ്രാദേശിക സർക്കാരുകൾ പ്രത്യേക ദീർഘകാല, ഹ്രസ്വകാല കർമ്മ പദ്ധതികൾ ആവിഷ്കരിക്കും.

6. **സുസ്ഥിര വികസന ലക്ഷ്യങ്ങൾ** : പതിനാലാം പദ്ധതിയിൽ, യു.എൻ പ്രഖ്യാപിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി യോജിപ്പിക്കുന്നതിന് വികസന പദ്ധതികളുടെ ലക്ഷ്യങ്ങളും ഫലങ്ങളും വിന്യസിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾ ശ്രദ്ധ കേന്ദ്രീകരിക്കും. ഈ പ്രക്രിയയിൽ, തദ്ദേശ സ്ഥാപനങ്ങൾ SDG-കളെ പ്രാദേശിക പ്രവർത്തന പരിപാടികളിലേക്ക് വിവർത്തനം ചെയ്യുകയും സൂക്ഷ്മതലത്തിൽ ഈ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന്റെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യും.

7. **നഗരവൽക്കരണവും മാലിന്യ സംസ്ക്കരണവും** : വളരുന്ന നഗരവൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പതിനാലാം പദ്ധതിയിൽ പ്രാദേശിക സർക്കാരുകൾ കൃത്യമായി പരിഹരിക്കും. ഇക്കാര്യത്തിൽ, പ്രാദേശിക സർക്കാരുകൾ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമമായ സാങ്കേതിക വിദ്യകൾ വീടുകളിൽ സ്വീകരിക്കാൻ പ്രോത്സാഹിപ്പിക്കുകയും പുനരുപയോഗത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും ചെയ്യും. അതിലും പ്രധാനമായി, സമൂഹങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചും അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

അദ്ധ്യായം 21

ഗ്രാമ വികസനം

രണ്ട് വർഷത്തെ തുടർച്ചയായ താഴ്ന്ന വളർച്ചയ്ക്ക് ശേഷം കേരളം സാമ്പത്തിക വീണ്ടെടുക്കലിന്റെ പാതയിലാണ്. ഈ സാഹചര്യത്തിൽ നിലവിലെ സെറ്റിൽമെന്റ് പാറ്റേണും ഭൂപ്രദേശവും കണക്കിലെടുത്ത് വൻകിട വ്യവസായ സ്ഥാപനങ്ങളെ ഉൾക്കൊള്ളിക്കാൻ സാധിക്കാത്തതിനാലും ചെറുകിട ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമായിട്ടുണ്ട്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം മൂല്യവർദ്ധിത വിളകളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിനോടൊപ്പം ആധുനിക കാർഷിക രീതികൾ സ്വീകരിക്കുന്നതിനും ഇലക്ട്രോണിക് വ്യാപാരം, സഹകരണ സംയോജനവും വിപണനവും എന്നിവ കൂടാതെ പൊതു-സ്വകാര്യ സഹകരണ മേഖലയിലെ ഏജൻസികളെയും കർഷക ഉല്പാദന കമ്പനികളുമായും ബന്ധിപ്പിക്കേണ്ടതായിട്ടുണ്ട്. കൂടാതെ സോഫ്റ്റ് വെയർ, സാമ്പത്തിക സേവനങ്ങൾ, ലക്ഷ്വറി ടൂറിസം തുടങ്ങിയ ഉയർന്ന മൂല്യവർദ്ധിത സേവനങ്ങളുടെ വളർച്ചയ്ക്ക് ഉതകുന്ന ഒരു പാരിസ്ഥിതിക വ്യവസ്ഥയും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

പൊതു, സ്വകാര്യ സഹകരണ മേഖലയിലെ ഏജൻസികൾക്ക് പ്രസ്തുത മേഖലകളിൽ നിക്ഷേപത്തിന് സൗകര്യമൊരുക്കിയാൽ കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് ഇവയെല്ലാം ഉൾക്കൊള്ളാനുള്ള ശേഷിയുണ്ട്. കാർഷിക മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും ഉൽപ്പാദനാധിഷ്ഠിതവും, തൊഴിൽ സൃഷ്ടിക്കാൻ സാധ്യതയുള്ളതുമായ പ്രോജക്ടുകൾ ഏറ്റെടുക്കാനും നടപ്പിലാക്കാനും ഗ്രാമീണ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിലൂടെ സമ്പദ് വ്യവസ്ഥയെ ഉയർന്ന വളർച്ചയിൽ എത്തിക്കാനും വിദഗ്ധ-അവിദഗ്ധ തൊഴിൽ ഉറപ്പാക്കാനും കഴിയും.

അവലോകനം

ഗ്രാമീണ വികസന മേഖലയെ രണ്ട് മേഖലകളായി തിരിച്ചിരിക്കുന്നു. i) ഗ്രാമവികസനം ii) കമ്മ്യൂണിറ്റി വികസനവും പഞ്ചായത്തുകളും. ഗ്രാമീണ വികസനത്തിൽ ഇനിപ്പറയുന്ന ഏജൻസികളും വകുപ്പുകളും ഉൾക്കൊള്ളുന്നു.

- ഗ്രാമ വികസന കമ്മീഷണറേറ്റ്
- പഞ്ചായത്ത് ഡയറക്ടറേറ്റ്
- ഇൻഫർമേഷൻ കേരള മിഷൻ
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
- കുടുംബശ്രീ
- ലൈഫ് മിഷൻ
- ശുചിത്വ മിഷൻ

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പദ്ധതി വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനകീയാസൂത്രണം കൂടുതൽ ആഴത്തിലാക്കുകവഴി ഉയർന്ന വളർച്ച നിരക്ക് നേടിയെടുക്കുക എന്നതാണ് ലക്ഷ്യമാക്കിയത്. പാർപ്പിടം, ശുചിത്വം, വൈദ്യുതീകരണം, ഭക്ഷണ ലഭ്യത, ആരോഗ്യ സംരക്ഷണം, ഇൻഷുറൻസ്, സ്കൂൾ വിദ്യാഭ്യാസം, തൊഴിലുറപ്പ്, ക്ഷേമ പെൻഷനുകൾ, പ്രായമായവർ, കുട്ടികൾ, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിചരണം എന്നിവയുൾപ്പെടെയുള്ള പ്രധാന പ്രവർത്തന മേഖലകളിൽ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തികളെ പിന്തുണയ്ക്കുന്നതിന് പതിമൂന്നാം പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചത്. ഭവനനിർമ്മാണത്തിനാണ് പ്രഥമ പരിഗണന നൽകിയിരുന്നത്. ലൈഫ് പദ്ധതി പ്രകാരം അപൂർണ്ണവും ജീർണ്ണിച്ചതുമായ വീടുകളുടെ പൂർത്തീകരണമാണ് ആദ്യഘട്ടത്തിൽ ലക്ഷ്യമിട്ടത്. രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിക്കുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. കോവിഡ്-19 മഹാമാരി പൊട്ടിപ്പുറപ്പെട്ടതും തുടർന്നുള്ള ലോക്ക്ഡൗണും ഗൾഫിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നുമുള്ള പ്രവാസികളുടെ മടങ്ങിവരവ് ഉൾപ്പെടെ വലിയ തൊഴിൽ നഷ്ടത്തിന് കാരണമായി. ചെറുകിട

സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിക്കുന്നതിന് കുടുംബശ്രീ, നോർക്ക തുടങ്ങിയവ വഴി സാമ്പത്തിക സഹായം നൽകി തൊഴിൽ നേടുന്നതിനുള്ള സംരംഭങ്ങൾ ആരംഭിച്ചു. 2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ നോഡൽ ഏജൻസിയായി ആരംഭിച്ച 'പ്രത്യേക ഉപജീവന പാക്കേജ്' കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പിന്നീടുള്ള രണ്ട് വർഷങ്ങളിലും തുടർന്നു. അസംഘടിത മേഖലയെ പുനരുജ്ജീവിപ്പിക്കാനും പുനർ മൂലധനവൽക്കരിക്കാനും പാവപ്പെട്ട കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗം പുന:സ്ഥാപിക്കാനും പ്രത്യേകിച്ച് ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടതുമായ വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയാണ് ഇത് തുടർന്നത്. എംജിഎൻആർഇജിഎസ് പ്രോഗ്രാം, കോവിഡ് -19 മഹാമാരി മൂലമുണ്ടായ തൊഴിൽ നഷ്ടത്തെ മറികടക്കാൻ അവിദഗ്ധ തൊഴിലാളി വിഭാഗത്തിന് ഒരു കുഷ്യനിംഗ് പിന്തുണ നൽകി. വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ പശ്ചാത്തലത്തിൽ, നഗരാസൂത്രണം, സ്ഥലപരാസൂത്രണം, ദുരന്തനിവാരണ ആസൂത്രണം എന്നിവയിൽ ഊന്നൽ നൽകി പ്രാദേശിക സർക്കാരുകൾക്കിടയിൽ പ്രൊഫഷണലിസവും ശേഷിയും കെട്ടിപ്പടുക്കുന്നതിനാണ് കില ശ്രദ്ധ കേന്ദ്രീകരിച്ചത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമവികസന മേഖലയിലെ അടങ്കലും ചെലവും ചുവടെയുള്ള പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 21.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി - വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

വർഷം	വിഹിതം	ചെലവ്	ശതമാനം
2017-18	97369.00	87636.00	90.00
2018-19	118307.00	62057.64	52.45
2019-20	169062.00	102743.2	60.77
2020-21	159847.00	160298.3	100.28
2021-22	160769.00	67219.67	41.81

ഉറവിടം: ഗ്രാമ വികസന വകുപ്പ്

പതിമൂന്നാം പദ്ധതിയുടെ നേട്ടങ്ങൾ

- എംജിഎൻആർഇജിഎസ് ആകെ 4479.81 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. അംഗീകൃത ലേബർ ബജറ്റിന്റെ 100 ശതമാനത്തിലധികം സംസ്ഥാനം കൈവരിച്ചു.
- 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ കുടുംബങ്ങളുടെ ശരാശരി എണ്ണം 2017-18 ൽ 1.17 ലക്ഷത്തിൽ നിന്ന് 2021-22 ൽ 5.12 ലക്ഷമായി ഉയർന്നു.
- തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുവാനായി ടൈബൽ പ്ലസ് സ്കീം, മുൻകൂർ വേതനം നൽകുന്ന പദ്ധതി തുടങ്ങിയ നൂതന പരിപാടികൾ നടപ്പാക്കി. നൈപുണ്യ വൽക്കരണത്തിലൂടെ അവിദഗ്ധ തൊഴിലാളികളിൽ വിദഗ്ധ-അർദ്ധവിദഗ്ധ തൊഴിലാളി ആകാൻ താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകുന്നതിനായി സംസ്ഥാന സർക്കാർ 'മികവ്' എന്ന പരിപാടി ഏറ്റെടുത്തു.
- പ്രധാൻ മന്ത്രി ആവാസ് യോജന- ഗ്രാമീൺ (PMAY- (G) പദ്ധതി പ്രകാരം 28905 വീടുകളുടെ നിർമ്മാണമാണ് ലക്ഷ്യംവച്ചത്. അതിൽ 19707 വീടുകൾ പൂർത്തീകരിച്ചു. ഇതിൽ 5284 വീടുകൾ പട്ടികജാതി കുടുംബങ്ങൾക്കും 1289 വീടുകൾ പട്ടികവർഗ്ഗക്കാർക്കുമാണ് അനുവദിച്ചത്.
- പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന (PMGSY) പ്രകാരം പതിമൂന്നാം പദ്ധതിയിൽ ലക്ഷ്യമിട്ട 1850 കിലോമീറ്റർ റോഡിൽ 934.78 കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിച്ചു.
- കുടുംബശ്രീ: കുടുംബശ്രീ 49653 എൻഎച്ച്ജികൾ രൂപീകരിച്ചു. ആകെ 5,95,836 പുതിയ കുടുംബങ്ങളെ കുടുംബശ്രീയിൽ ഉൾപ്പെടുത്തി.
- ഏകദേശം 19552 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുകയും 3.02 ലക്ഷം യുവജനങ്ങൾ ഈ ഗ്രൂപ്പുകളിൽ അംഗങ്ങളാകുകയും ചെയ്തു. 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതികളുടെ സാമൂഹികവും സാംസ്കാരികവും ഉപജീവനവുമായ ഉന്നമനത്തിനായി സർക്കാരിന്റെ വിവിധ പദ്ധതികളുടെ

ആനുകൂല്യങ്ങൾ ഈ പ്രായത്തിലുള്ള സ്ത്രീകൾക്ക് ലഭിക്കുന്ന തരത്തിൽ ഒരു പുതിയ ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്.

- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 113 ബഡ്സ് (BUDS) സ്കൂളുകളും 78 ബിആർസികളും ആരംഭിച്ചു. നിലവിൽ, സംസ്ഥാനത്ത് 342 ബഡ്സ് സ്ഥാപനങ്ങൾ ഉണ്ട്. (177 ബഡ്സ് സ്കൂളുകളും 165 ബിആർസികളും)
- 7135 പട്ടികവർഗ്ഗ എൻഎച്ച്ജികൾ വഴി 1.24 ലക്ഷം പട്ടികവർഗ്ഗ കുടുംബങ്ങളെ പരിരക്ഷിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു.
- അട്ടപ്പാടിയിൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സംയോജിത ഇടപെടലുകൾ വയനാട് (തിരുനെല്ലി), കണ്ണൂർ (ആറളം), മലപ്പുറം (നിലമ്പൂർ), കാസർഗോഡ് (കൊറഗ), തൃശ്ശൂർ (കാദർ), പത്തനംതിട്ട (മലപണ്ഡാരം) എന്നീ ആറ് ജില്ലകളിലേക്ക് വ്യാപിപ്പിച്ചു.
- തിരഞ്ഞെടുത്ത പട്ടികവർഗ്ഗ ഊരുകളിൽ 150-ഓളം ബ്രിഡ്ജ് സ്കൂൾ/ബ്രിഡ്ജ് കോഴ്സുകൾ ആരംഭിച്ചു.
- വയനാട് ജില്ലയിലെ തിരുനെല്ലി, കണിയാമ്പറ്റ, നൂൽപ്പുഴ എന്നീ പഞ്ചായത്തുകളിൽ അട്ടപ്പാടി മോഡൽ കമ്മ്യൂണിറ്റി കിച്ചണുകൾ സ്ഥാപിച്ചു.
- പലിശ സബ്സിഡി സഹായം പദ്ധതിയുടെ ഭാഗമായി 148.12 കോടി രൂപ പലിശ സബ്സിഡിയായി നൽകി. മുഖ്യമന്ത്രിയുടെ ഹെൽപ്പിംഗ് ഹാൻഡ് ലോൺ പദ്ധതിയുടെ ഭാഗമായി ആദ്യ ഗഡു പലിശ സബ്സിഡിയായി 165.04 കോടി രൂപ നൽകി.
- പ്രതിദിനം ശരാശരി 1.65 ലക്ഷം ഭക്ഷണം വിൽക്കുന്ന 1186 ജനകീയ ഹോട്ടലുകൾ രൂപീകരിച്ചു.
- ARISE (Acquiring Resilience and Identity through Sustainable Employment) മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും 21258 അംഗങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുകയും ചെയ്തു. നാളിതുവരെ 724 പ്രത്യാശ സൂക്ഷ്മ സംരംഭങ്ങളും 477 കോസ്റ്റൽ സൂക്ഷ്മ സംരംഭങ്ങളും രൂപീകരിച്ചു.
- കുടുംബശ്രീ മിഷന്റെ ഇടപെടലിലൂടെ ആമസോണും, ഫ്ലിപ്കാർട്ടും ഉൾപ്പെടെയുള്ള വിവിധ ഇ-കൊമേഴ്സ് വെബ് സൈറ്റുകൾ വഴി 2657 ഉൽപ്പന്നങ്ങൾ ഓൺലൈനായി ലിസ്റ്റ് ചെയ്തിട്ടുണ്ട്.
- മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 4575 ആട് വളർത്തൽ യൂണിറ്റുകളും 2713 പശുപരിപാലന യൂണിറ്റുകളും രൂപീകരിച്ചു.
- കേരളാ ചിക്കൻ പ്രോജക്ടിന് കീഴിൽ കോഴിയിറച്ചി ഉൽപ്പാദനം, മാർക്കറ്റിംഗ്, വിപണനം, എന്നിവയ്ക്കുള്ള എല്ലാ സഹായ സംവിധാനങ്ങളും ഏകീകരിക്കുന്നതിനായി കുടുംബശ്രീ ബ്രോയിലർ ഫാർമർ കമ്പനി ലിമിറ്റഡ് (KBFCL) രൂപീകരിച്ചു. നിലവിൽ തിരുവനന്തപുരം, കോട്ടയം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളിലായി 270 ഇറച്ചിക്കോഴി ഫാമുകളും 94 കേരള ചിക്കൻ ഔട്ട് ലെറ്റുകളുമുണ്ട്. 364 സ്ത്രീകൾ ഇതിലൂടെ ഉപജീവനം കണ്ടെത്തിയതായാണ് റിപ്പോർട്ട്.

ക്രിട്ടിക്കൽ ഗ്യാപ്സ് (നിർണ്ണായക വിടവുകൾ)

വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങളിൽ കണ്ടെത്തിയ നിർണ്ണായക വിടവുകൾ ചുവടെ നൽകിയിരിക്കുന്നു.

കുടുംബശ്രീ: കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്താൻ കുടുംബശ്രീ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും അംഗങ്ങളുടെ പ്രത്യേകിച്ച്, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ വരുമാനത്തിലും ജീവിത നിലവാരത്തിലും സുസ്ഥിരമായ വർദ്ധനവ് ഉറപ്പാക്കാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കുറഞ്ഞ അളവിലുള്ള ഉല്പാദനം, കുറഞ്ഞ സാങ്കേതിക അടിത്തറ, പരിമിതമായ മൂല്യ വർദ്ധനവ്, അധിക തൊഴിലാളികളുടെയും മൂലധനത്തിന്റേയും ആവശ്യത്തെച്ചൊല്ലി നിയന്ത്രിത വിപണനം, വിൽപ്പന കുറയുന്നതിന് കാരണമാകുന്ന കാര്യക്ഷമമല്ലാത്ത വിപണനം, കുറഞ്ഞ വരുമാനം, അതിനാൽ നിർബന്ധിതമായി അടച്ചുപൂട്ടൽ എന്നിവയാണ് കുടുംബശ്രി നടത്തുന്ന സൂക്ഷ്മ സംരംഭങ്ങളുടെ പ്രധാന പ്രശ്നങ്ങൾ. മികച്ചതും സുസ്ഥിര വരുമാനത്തിനും വേണ്ടി വിപണി പഠനങ്ങൾ ഉപയോഗിച്ച് ഈ സംരംഭങ്ങളെ നിലനിർത്തുന്നതിനുള്ള ഒരു പദ്ധതി വികസിപ്പിക്കേണ്ടതുണ്ട്. കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്, വിപണനം എന്നിവയ്ക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. മൈക്രോ ഫിനാൻസ് : ഒന്നിലധികം അംഗത്വവും ക്രോസ് ബോറോയിംഗ് എസ്എച്ച്ജി അംഗങ്ങളുടെ കടമെടുപ്പ് സാധ്യതകൾ വർദ്ധിപ്പിച്ചിരിക്കുന്നു. അതോടൊപ്പം

അവരെ കടക്കെണിയിലാക്കാനും ഇത് കാരണമാകുന്നു. ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ ക്രോസ് ബോറോയിംഗ് പരിശോധിക്കുന്നതിനും വായ്പകൾ പ്രഖ്യാപിത ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും വികസിപ്പിക്കേണ്ടതുണ്ട്. ഗ്രാമീണ വായ്പാ വിപണിയിൽ അസംഘടിത വായ്പാ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ പരിശോധിക്കേണ്ടതുണ്ട്. പദ്ധതികളുടെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനും പരിമിതമായ വിഭവങ്ങൾ പാഴാക്കാതിരിക്കുന്നതിനും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മറ്റ് വകുപ്പുകളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും സംയോജിപ്പിക്കേണ്ടതുണ്ട്.

എംജിഎൻആർഇജിഎസ്:- പ്രവൃത്തികൾ തദ്ദേശഭരണ പദ്ധതികളുമായോ, ജില്ലാ പദ്ധതികളുമായോ കൃത്യമായി സംയോജിപ്പിച്ചിട്ടില്ലെന്ന് പലപ്പോഴും നിരീക്ഷിക്കപ്പെടുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, സോഷ്യൽ ഫോറസ്ട്രി എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി എംജിഎൻആർഇജിഎസ് പ്രവർത്തനങ്ങളുടെ സംയോജനം പ്രാദേശികതലത്തിൽ തൊഴിലാളികളെ കൂടുതൽ ഉൽപ്പാദനക്ഷമമാക്കുന്നതിനായി കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഭവന നിർമ്മാണം : ലൈഫ് മിഷന്റെ കണക്കുകൾ പ്രകാരം, ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ 1.68 ലക്ഷം ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. 2011 ലെ SECC ഡാറ്റായെ അടിസ്ഥാനമാക്കിയുള്ളതാണ് പിഎംഎവൈജിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. എന്നാൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം സ്കീമിന് കീഴിൽ സഹായത്തിന് അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കുറവാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യ പിന്തുടരുന്ന മാനദണ്ഡങ്ങൾ വ്യത്യസ്തമായതിനാൽ സംസ്ഥാനത്ത് നിലനില്ക്കുന്ന സാഹചര്യങ്ങളനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ സാധിക്കുന്നില്ല.

ഖര, ദ്രവ മാലിന്യസംസ്കരണം : ഖര, ദ്രവ മാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മതിയായ സംവിധാനം ഇതുവരെ സ്ഥാപിച്ചിട്ടില്ല. ദ്രവ മാലിന്യ സംസ്കരണം പരമാവധി ഊന്നൽ നൽകണം. മാലിന്യ നിർമ്മാർജ്ജനത്തിന് സ്വച്ഛ്ഭാരത് അഭിയാൻ പോലുള്ള പദ്ധതികളുടെ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം.

കേന്ദ്രാവിഷ്കൃത പദ്ധതികൾ: പിഎംഎവൈജി, പിഎംകെഎസ് വൈ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങൾ പലപ്പോഴും സംസ്ഥാനത്തിന്റെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതിയും ജനസാന്ദ്രതയും കാരണം പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന (പിഎംജിഎസ്.വൈ) III പ്രകാരം പിഎംജിഎസ് വൈ റോഡുകൾക്ക് നിശ്ചിത ഗ്രേഡിയന്റും മതിയായ ഭൂവിസ്തൃതിയും നൽകാൻ കഴിയുന്നില്ല. അതിനാൽ 8 ൽ I ഗ്രേഡിയന്റുകൾ ഉള്ള 200 മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾക്ക് ഇളവ് ആവശ്യമാണ്. പിഎംജിഎസ് വൈ -III ന് യോഗ്യത നേടുന്നതിനുള്ള കാൻഡിഡേറ്റ് റോഡിന്റെ ഏറ്റവും കുറഞ്ഞ ദൈർഘ്യം 5 കിലോമീറ്ററാണ്. സെറ്റിൽമെന്റ് പാറ്റേൺ കാരണം കേരളത്തിൽ 5 കിലോമീറ്റർ നീളം ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അതിനാൽ PMGSY -III ന് കീഴിൽ 3 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകൾ അനുവദിക്കാൻ കേരളത്തിന് ഇളവ് നൽകണം.

പതിനാലാം പഞ്ചവത്സര പദ്ധതി

ഗ്രാമീണ മേഖലകളിൽ അഭിവൃദ്ധി പ്രാപിക്കുന്ന ബിസിനസ്സുകൾ, നല്ല ജീവിത ചുറ്റുപാടുകൾ, സാമൂഹിക മര്യാദകൾ, നാഗരികത, ഫലപ്രദമായ ഭരണം, സമൃദ്ധി എന്നിവയ്ക്ക് പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നു. കാർഷിക-അനുബന്ധ മേഖലയുടെ ആധുനിക വൽക്കരണം, അത്യാധുനിക നാഗരിക സൗകര്യങ്ങൾ, സംയോജിത നഗര-ഗ്രാമ വികസനത്തിനുള്ള അനുരൂപമായ നയ ചട്ടക്കൂട് എന്നിവയിലൂടെ ഗ്രാമപ്രദേശങ്ങളുടെ ത്വരിതഗതിയിലുള്ള വികസനം പദ്ധതി വിഭാവനം ചെയ്യുന്നു. സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക, പാരിസ്ഥിതിക വികസനം, ഗ്രാമീണ ഭരണ സംവിധാനത്തിന്റെ നവീകരണം, കൂടുതൽ ശേഷി എന്നിവ കൊണ്ടുവരാൻ പദ്ധതി ലക്ഷ്യമിടുന്നു. സുസ്ഥിര ഭൂവിനിയോഗവും പുനരധിവാസവും, പരിസ്ഥിതി സംരക്ഷണം, വിഭവ ഉപയോഗ കാര്യക്ഷമത, പ്രകൃതി മൂലധനം സംരക്ഷിക്കുന്നതിനും കാലാവസ്ഥാ വ്യതിയാന ലഘൂകരണം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന പുനരുപയോഗ ഊർജ സ്രോതസ്സുകൾ തുടങ്ങിയ ആഗോള സമ്പദ് വ്യവസ്ഥയുടെ ഘടകങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കും. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിച്ച്, സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെയും പദ്ധതി രൂപീകരണ പ്രക്രിയയിൽ സജീവമായി ഇടപെട്ടുകൊണ്ടും പ്രാദേശിക സർക്കാരുകളെ സാമ്പത്തിക വളർച്ചയുടെ കേന്ദ്രങ്ങൾ/പ്രഭവകേന്ദ്രങ്ങൾ ആക്കി മാറ്റാൻ ലക്ഷ്യമിടുന്നു.

വിഭവങ്ങളുടെ വിനിയോഗം മികച്ചതാക്കുന്നതിനും ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും സാധ്യമാകുന്നിടത്തെല്ലാം വകുപ്പുകളും സ്കീമുകളും തമ്മിലുള്ള ഏകോപനവും സംയോജനവും ഉറപ്പാക്കേണ്ടതാണ്. കൂടാതെ, എംജിഎൻആർഇജിഎ, എൻആർഎൽഎം, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മറ്റ് ഉപജീവന പരിപാടികൾ എന്നിവയുടെ സാധ്യതകൾ തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള ഉപജീവന പദ്ധതികളിൽ ഉൾക്കൊള്ളിക്കും. മികച്ച ഡിമാൻഡ് സൃഷ്ടിക്കാനും, സമാഹരണത്തിനും വർക്ക് കണ്ടെത്തുന്നതിനും, ബഡ്ജറ്റിംഗ് എന്നിവയ്ക്കായും തദ്ദേശഭരണ സ്ഥാപനങ്ങൾ, MGNREGS ഭരണാധികാര യൂണിറ്റുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക ടീമുകൾ, വകുപ്പുകളുടെ ഉദ്യോഗസ്ഥർ, കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ (CDS) എന്നിവയ്ക്കിടയിൽ മികച്ച ഏകോപനം ആവശ്യമാണ്.

ലക്ഷ്യങ്ങൾ

പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വ-വൈദഗ്ധ്യ വികസനം എന്നിവയാണ് പതിനാലാം പദ്ധതിയിൽ പ്രാദേശിക സർക്കാരുകളുടെ പ്രധാന മുൻഗണനകൾ. എന്റർപ്രൈസ് പ്രൊമോഷൻ സെന്ററുകളും ഇൻകുബേഷൻ സെന്ററുകളും സ്ഥാപിക്കുക വഴി സംസ്ഥാനത്ത് ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് സംരംഭകത്വ വികസനത്തിന് സഹായകമായ ഏജൻസികളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറും. ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് കൃത്യമായ ബ്രാൻഡിംഗും ഫലപ്രദമായ വിപണന സംവിധാനം നിലവിലുള്ള സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങൾ സ്ഥാപിക്കാൻ കുടുംബശ്രീയെ പ്രോത്സാഹിപ്പിക്കും. വ്യവസായ സംരംഭകർക്ക് സാങ്കേതിക പിന്തുണ നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ, ഗവേഷണ വികസന സ്ഥാപനങ്ങളെ അണിനിരത്തും. എല്ലാ മാനേജ്മെന്റ് പ്രവർത്തനങ്ങളിലും പുതിയ കഴിവുകൾ നേടുന്നതിന് സംരംഭകർക്ക് പരിശീലനം നൽകും. നൈപുണ്യത്തിലെ പോരായ്മകൾ കണ്ടെത്തുന്നതിന് തൊഴിൽ വിപണി വിശകലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നൈപുണ്യ സൗകര്യങ്ങൾ തദ്ദേശ സ്ഥാപന തലത്തിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യും. കേരള സമ്പദ്വ്യവസ്ഥയെ വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയാക്കി മാറ്റാനുള്ള സർക്കാരിന്റെ ദൗത്യം പ്രാദേശിക സർക്കാരുകളുടെ പിന്തുണയുള്ള എല്ലാ നൈപുണ്യ പരിശീലന പരിപാടികളിലും കേന്ദ്രബിന്ദു ആയിരിക്കും.

ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട്, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ലൈഫ് ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാരപരിധിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഖര, ദ്രവമാലിന്യ സംസ്കരണത്തിന്റെ വികേന്ദ്രീകൃത സംവിധാനങ്ങൾ കെട്ടിപ്പടുക്കുക എന്നത് പ്രാദേശിക സർക്കാരുകളുടെ മുൻഗണനയാണ്. ദ്രവമാലിന്യ സംസ്കരണത്തിന് കൃത്യമായ തന്ത്രം ആവിഷ്കരിക്കും. സപ്ലൈ ചെയിൻ മാനേജ്മെന്റ് പ്രസക്തമായ ഒരു പ്രശ്നമായതിനാൽ, ശരിയായ വെയർഹൗസുകൾ നിർമ്മിക്കുന്നതിനും വിപണന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി ആർഐഡിഎഫും മറ്റ് കേന്ദ്ര ഫണ്ടുകളും ഉപയോഗിക്കും. സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമ്മാർജനം സർക്കാരിന്റെ പ്രധാന മുൻഗണനകളിലൊന്നാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏകദേശം 6400 ദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഈ കുടുംബങ്ങൾക്ക് ഭക്ഷ്യസുരക്ഷ, ആരോഗ്യ സംരക്ഷണം, സാമൂഹിക സുരക്ഷ, സുസ്ഥിര വരുമാനം എന്നിവ ഉറപ്പാക്കുന്നതിനുള്ള സൂക്ഷ്മ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും. തദ്ദേശസ്ഥാപനങ്ങളെ ശിശുസൗഹൃദവും വയോജന സൗഹൃദവും ഭിന്നശേഷി സൗഹൃദവുമാക്കാൻ ശ്രമിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലിംഗാധിഷ്ഠിത പദ്ധതികൾക്ക് രൂപം നൽകും. പതിനാലാം പദ്ധതിയിൽ നടപ്പിലാക്കുന്ന 'വാതിൽപ്പടി സേവനം' മുഖേന നിയന്ത്രിത ചലനശേഷിയുള്ളവരെയും ഭിന്നശേഷിക്കാരെയും കിടപ്പിലായ രോഗികളെയും അവരുടെ വീട്ടിൽ നിന്ന് തന്നെ വിവിധ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുവാൻ സഹായിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇ-ഗവേണൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഐ.കെ.എം-നെ സജ്ജമാക്കും.

പതിനാലാം പദ്ധതിയിലെ പ്രധാന ഉദ്യമങ്ങൾ

- കുടുംബശ്രീ: - കുടുംബശ്രീയിലെ സൂക്ഷ്മ സംരംഭങ്ങൾ അകാലത്തിലുള്ള അടച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ പരിഹരിച്ച് സുസ്ഥിര വരുമാനം ഉറപ്പ് നൽകുന്ന തരത്തിൽ സ്വയം പര്യാപ്തമാക്കും. ചിതറിക്കിടക്കുന്ന ഒന്നിലധികം എംഎസ്എംഇ-കളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനുപകരം, 'ഒരു ജില്ല ഒരു ഉൽപ്പന്നം' പോലുള്ള പ്രോഗ്രാമുകളുമായി സംയോജിപ്പിച്ച് കൊണ്ടും സംരംഭങ്ങളെ ഫെഡറേറ്റ് ചെയ്തും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ഉപജീവന അരക്ഷിതാവസ്ഥയ്ക്ക് കാരണമായ അകാലത്തിലുള്ള

അടച്ചുപൂട്ടൽ സാധ്യത കുറയ്ക്കാൻ സഹായിക്കും. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് സുസ്ഥിര ഉൽപ്പന്ന വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് മുൻഗണന നൽകും. ലിംഗ അസമത്വങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ഇല്ലാതാക്കാൻ അയൽക്കൂട്ടങ്ങളെയും സ്വയം സഹായ സംഘങ്ങളെയും ഉൾപ്പെടുത്തി വിവിധ തലങ്ങളിൽ പ്രവർത്തനങ്ങൾ നടപ്പാക്കും. സ്കൂളുകളിലും കോളേജുകളിലും ജെൻഡർ ക്ലബ്ബുകളും ആസൂത്രണം ചെയ്തിട്ടുണ്ട്. ക്രോസ് ലോണുകൾ പരിശോധിക്കുന്നതിനായി കുടുംബശ്രീ എസ്എച്ച്ജികളുടെ മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾക്ക് ശരിയായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തും.

- ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതികളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ പഞ്ചായത്തുകളെ പ്രോത്സാഹിപ്പിക്കും.
- MGNREGS: ഓരോ വർഷവും 15 ലക്ഷം കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കുറഞ്ഞത് 5 ലക്ഷം കുടുംബങ്ങളെങ്കിലും 100 ദിവസത്തെ വേതന തൊഴിൽ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കും. പ്രധാന സ്കീമുകളുടെ തൊഴിൽ ഘടകങ്ങൾ സാധ്യമാകുന്നിടത്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് MGNREGS ഘടകങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കും.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും വ്യവസായങ്ങളുമായും സഹകരിച്ച് ഇൻകുബേഷൻ സെന്ററുകൾ, ഇന്നൊവേഷൻ ഹബ്ബുകൾ തുടങ്ങിയവ സ്ഥാപിക്കും.
- ദ്രവമാലിന്യ സംസ്കരണത്തിന് ശരിയായ വികേന്ദ്രീകൃത സംവിധാനം സംസ്ഥാനത്ത് നിർമ്മിക്കും. ഖരമാലിന്യവുമായി ബന്ധപ്പെട്ട്, വിവിധ ഉൽപ്പാദന പ്രവർത്തനങ്ങളിൽ മാലിന്യം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക ഓപ്ഷനുകൾ പര്യവേക്ഷണം ചെയ്യും.
- ഒന്നിലധികം IKM സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിക്കും. ഐഎൽജിഎംഎസ് എല്ലാ തദ്ദേശസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാബേസുകളും മറ്റ് വകുപ്പുകളുടെ ഡാറ്റാബേസുകളും സംയോജിപ്പിക്കുന്നത് യാഥാർത്ഥ്യമാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൗതിക നേട്ടങ്ങൾ പകർത്താൻ ഐകെഎം സജ്ജമാകും.
- PMGSY-iii പ്രകാരം അനുവദിച്ച 1425 കിലോമീറ്റർ റോഡ് 2025 ഓടെ പൂർത്തിയാക്കും.
- ലൈഫിന് കീഴിൽ 5 ലക്ഷം വീടുകളുടെ നിർമ്മാണം, 1.68 ലക്ഷം ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ.
- സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും ബ്ലോക്ക് തല ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കും.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മൂല്യനിർണ്ണയം ഭൗതിക നേട്ടങ്ങളുടെയും കൈവരിക്കുന്ന ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ ഏറ്റെടുക്കും.
- കിലയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ചുറ്റുമുള്ള പ്രദേശങ്ങളിലെ സെപ്റ്റിക് ടാങ്ക് സ്ലഡ്ജ് സംസ്ക്കരണത്തിനുമായി 80 മുതൽ 100 വരെ കെഎൽഡി ശേഷിയുള്ള പ്രകൃതി അധിഷ്ഠിത സെപ്റ്റേജ് ട്രീറ്റ് മെന്റ് പ്ലാന്റ് സ്ഥാപിക്കും. ജനപ്രതിനിധികൾ, എഞ്ചിനീയർമാർ, യു.എൽ.ബി ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് എസ്.ടി.പിയുടെ ഭയവും ആശങ്കകളും മറികടക്കാനുള്ള ഒരു പ്രദർശന പദ്ധതിയായി ഇത് നടപ്പിലാക്കും.

അദ്ധ്യായം 22

നഗര വികസനം

അവലോകനം

സമീപ ദശകങ്ങളിൽ കേരളം അതിവേഗം നഗരവൽക്കരണത്തിന് വിധേയമായി ക്കൊണ്ടിരിക്കുകയാണ്. ഇത് കാർഷികേതര തൊഴിലുകളിലേക്ക് ജനങ്ങൾ മാറുന്നതോടൊപ്പം നഗര സവിശേഷതകൾ ഉൾക്കൊണ്ട് സംസ്ഥാനം ഭൂമിശാസ്ത്രപരമായി മാറിക്കൊണ്ടിരിക്കുന്നത് കൊണ്ടും കൂടിയാണ്. 2011-ൽ സംസ്ഥാനത്തെ നഗര ജനസംഖ്യ 47.71 ശതമാനമായിരുന്നു, ഇന്ത്യയിലെ ഏറ്റവും നഗരവൽക്കരിക്കപ്പെട്ട മൂന്നാമത്തെ സംസ്ഥാനവും, കൂടാതെ രാജ്യത്തെ ഏറ്റവും വേഗത്തിൽ നഗരവൽക്കരണം നടക്കുന്ന സംസ്ഥാനമായും കേരളത്തെ വിശേഷിപ്പിക്കപ്പെടുന്നുണ്ട്. സംസ്ഥാനത്തെ നഗരമേഖലയിൽ 6 മുനിസിപ്പൽ കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും 461 സെൻസസ് ടൗണുകളും ഉൾപ്പെടുന്നു. പ്രധാന പട്ടണങ്ങൾക്കും നഗരങ്ങൾക്കും ചുറ്റുമുള്ള പ്രദേശങ്ങളുടെ നഗരവൽക്കരണം, അതായത് അർബൻ അഗ്ലോമറേഷൻസ് (UAs) രൂപീകരിക്കുന്നു എന്നതാണ് കേരളത്തിലെ നഗരവല്ക്കരണത്തിന്റെ ശ്രദ്ധേയമായ സവിശേഷത. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 19 അർബൻ അഗ്ലോമറേഷനുകൾ ഉണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ മുഴുവൻ നഗരവൽക്കരണവും കുറച്ച് നഗരങ്ങളിലേക്ക് മാത്രം കേന്ദ്രീകരിക്കുകയും ബാക്കി പ്രദേശങ്ങൾക്ക് പരിമിതമായ നഗര ജീവിതമാർഗ്ഗങ്ങളും വരുമാന മാർഗ്ഗങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നതിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനം പൂർണ്ണമായും നഗരവത്കൃത ഭൂപ്രകൃതിയായി വികസിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. വികസനത്തിന്റെ ഒരു ചാലകശക്തിയായാണ് നഗരവൽക്കരണത്തെ നോക്കിക്കാണുന്നത്. സംസ്ഥാനത്തെ നഗരവൽക്കരണത്തിന്റെ സാധ്യതയെന്നത് നഗരപ്രദേശങ്ങൾ നൽകുന്ന സാമ്പത്തിക വികസന സാധ്യതകളാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, സാങ്കേതികവും അടിസ്ഥാന സൗകര്യവികസനവും, മെച്ചപ്പെട്ട ഗതാഗതവും വാർത്താ വിനിമയ സംവിധാനവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസ, മെഡിക്കൽ സൗകര്യങ്ങൾ, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവ നഗരവൽക്കരണത്തിന്റെ ഗുണഫലങ്ങളാണ്. കൃഷി ഭൂമിയെയും മറ്റ് പരിസ്ഥിതി ലോല പ്രദേശങ്ങളെയും കൈയ്യേറുന്ന സാന്ദ്രത കുറഞ്ഞ വ്യാപനമാണ് നഗരവൽക്കരണത്തിന്റെ വെല്ലുവിളിയായി കണക്കാക്കുന്നത്. നഗരവൽക്കരണത്തിന്റെ പ്രത്യേകതകളും സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്ത് വിവിധ നഗര അടിസ്ഥാന സൗകര്യ വികസന പരിപാടികൾ രൂപപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ നഗരവൽക്കരണ പ്രക്രിയയ്ക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

നഗരവികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകൾ/ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

- നഗരകാര്യ വകുപ്പ്
- സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് - അമൃത്
- സ്മാർട്ട് സിറ്റി മിഷൻ
- നഗര ഗ്രാമാസൂത്രണ വകുപ്പ്
- ലൈഫ് മിഷൻ
- ശുചിത്വ മിഷൻ
- കുടുംബശ്രീ
- വികസന അതോറിറ്റികൾ
- തലസ്ഥാന മേഖലാ വികസന പ്രോജക്ട്

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലൂടെ നഗരവൽക്കരണത്തിന്റെയും നഗരാസൂത്രണത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് നഗരവികസനത്തിനായുള്ള സമഗ്രമായ കർമപദ്ധതി രൂപീകരിച്ചിട്ടുണ്ട്. നവകേരള മിഷന്റെ കീഴിലുള്ള വിവിധ ദൗത്യങ്ങളെ സംയോജിപ്പിച്ചുകൊണ്ട് അവയിൽ ഓരോന്നിനും കീഴിലുള്ള വിവിധ പ്രവർത്തനങ്ങളുടെ ഫലപ്രദമായ സംയോജനം ഉറപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിലും നഗരങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലും, പ്രത്യേകിച്ച് ജലക്ഷാമമുള്ള നഗരങ്ങളിൽ പദ്ധതി ഊന്നൽ നല്കിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സുരക്ഷിതവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണത്തിൽ പ്രത്യേകിച്ച് നഗര ഖരമാലിന്യങ്ങൾ സംസ്കരണം ചെയ്യുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സഹായത്തോടെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 5029.58 കോടി രൂപ നഗരവികസന മേഖലയ്ക്ക് വകയിരുത്തിയതിൽ 2845.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (അതായത് 56.58 ശതമാനം). പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ വിഹിതവും ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക 22.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ വിഹിതവും ചെലവും

(രൂപ കോടിയിൽ)

വർഷം	പതിമൂന്നാം പഞ്ചവത്സര പദ്ധതി		
	വിഹിതം	ചെലവ്	ശതമാനം
2017-18	749.65	361.11	48.17
2018-19	1199.91	595.10	49.59
2019-20	1034.54	505.25	48.83
2020-21	1047.74	902.42	86.13
*2021-22	997.74	482.03	48.31
ആകെ	**5029.58**	**2845.91**	**56.58**

അവലംബം- അക്കൗണ്ട്സ് 2022-23

* പ്ലാൻസ്പേസ് അനുസരിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തെ ഈ മേഖലയിലെ ഭൗതിക നേട്ടങ്ങൾ

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, ലൈഫ് മിഷൻ, അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്), സ്മാർട്ട് സിറ്റി മിഷൻ, പ്രധാനമന്ത്രി ആവാസ് യോജന-നഗരം (പി.എം.എ.വൈ-യു), ദീൻദയാൽ അന്ത്യോദയ യോജന - ദേശീയ നഗര ഉപജീവനമിഷൻ (ഡി.എ.വൈ-എൻ.യു.എൽ.എം), സ്വച്ഛ് ഭാരത് മിഷൻ (നഗരം), ശുചിത്വകേരളം, മാസ്റ്റർ പ്ലാനുകളും വിശദമായ ടൗൺ പ്ലാനുകളും തയ്യാറാക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് ഈ മേഖലയ്ക്ക് കീഴിലുള്ള പ്രധാന പദ്ധതികൾ.

I. പാർപ്പിടം

ചേരി നിവാസികൾ ഉൾപ്പെടെ നഗരത്തിലെ പാവപ്പെട്ടവരിൽ വീടില്ലാത്ത എല്ലാവർക്കും 2022 ഓടെ വീട് ലഭ്യമാക്കുകയെന്നതാണ് പ്രധാനമന്ത്രി ആവാസ് യോജന-നഗരം പദ്ധതി ലക്ഷ്യമിടുന്നത്. 60:40 എന്ന അനുപാതത്തിലാണ് കേന്ദ്രവും സംസ്ഥാനവും തുക വകയിരുത്തുന്നത്. ഈ പദ്ധതി പ്രകാരം, 39921.48

കോടി രൂപ പദ്ധതിച്ചെലവിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്കായി ഗുണഭോക്താവിന്റെ നേതൃത്വത്തിൽ വ്യക്തിഗത ഭവന നിർമ്മാണ ഘടകത്തിൽ 98037 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 72,569 വീടുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്. അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ട്ണർഷിപ്പ് എന്ന ഘടകത്തിന് കീഴിൽ, 113.69 കോടി രൂപ ചെലവിൽ സംസ്ഥാനത്ത് ഭൂരഹിതർക്കായി 970 പാർപ്പിട യൂണിറ്റുകൾ അടങ്ങുന്ന 11 അപ്പാർട്ട്മെന്റ് സമുച്ചയങ്ങളുടെ നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 938 വീടുകളുടെ നിർമാണം ആരംഭിക്കുകയും 280 വീടുകൾ പൂർത്തിയാക്കുകയും ചെയ്തു. ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 402.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ലൈഫ് മിഷന്റെ നേട്ടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ന അധ്യായത്തിൽ നൽകിയിരിക്കുന്നു.)

II. നഗര അടിസ്ഥാന സൗകര്യങ്ങൾ

ജലവിതരണം, മാലിന്യ സംസ്ക്കരണ സംവിധാനം, നഗര ശുചീകരണ പദ്ധതികൾ, പൊതു ശുചിത്വ സൗകര്യങ്ങൾ സ്ഥാപിക്കലും മെച്ചപ്പെടുത്തലും, മലിനജല പദ്ധതികൾ നടപ്പാക്കലും മെച്ചപ്പെടുത്തലും, മഴവെള്ള ഓവുചാൽ പദ്ധതികൾ, ഫലപ്രദമായ പാർക്കിംഗ് നയം, ആധുനിക യന്ത്രവത്കൃത പാർക്കിംഗ് സംവിധാനം, നഗരങ്ങളുടെ സൗന്ദര്യവൽക്കരണം, ഹരിത നഗരങ്ങളുടെ സൃഷ്ടിയും യന്ത്രവത്കൃതമല്ലാത്ത നഗര ഗതാഗത സൗകര്യം തുടങ്ങിയവ നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാന അടിസ്ഥാന സൗകര്യ വികസന പരിപാടികൾ താഴെപ്പറയുന്നവയാണ്.

(i) അടൽ മിഷൻ ഫോർ റീജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്)

2015 സെപ്തംബർ 1 ന് സംസ്ഥാനത്ത് അമൃത് പദ്ധതി ആരംഭിച്ചു. ആറ് കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) മൂന്ന് മുനിസിപ്പാലിറ്റികളിലുമായിട്ടാണ് (ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്) പദ്ധതികൾ നടപ്പിലാക്കുന്നത്. കുടിവെള്ള വിതരണം, മലിനജല ഓടകൾ, സെപ്റ്റേജ്, മഴവെള്ള ഓവുചാലുകൾ, നഗരഗതാഗതം, ഹരിത ഇടങ്ങൾ, പാർക്കുകൾ, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നിവയാണ് അമൃത് പദ്ധതിയുടെ ഘടകങ്ങൾ.

അമൃത് പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ

- ആകെയുള്ള 1000 പദ്ധതികളിൽ, 808 പദ്ധതികൾ പൂർത്തീകരിക്കുകയും 177 പദ്ധതികൾ പുരോഗതിയിലുമാണ്.
- കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് എല്ലാ വീടുകളിലും ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള ടാപ്പ് കണക്ഷൻ ലഭ്യമാക്കുക എന്നതാണ് അമൃത് പദ്ധതി ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട 1046.93 കോടി രൂപയുടെ 172 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അതിൽ 134 പദ്ധതികൾ പൂർത്തീകരിക്കുകയും 873.85 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
- എല്ലാ വീടുകളിലും മലിനജല കണക്ഷൻ ലഭ്യമാക്കുന്നതിനായിട്ടാണ് മലിനജലവും സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികളും ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി 425.03 കോടി രൂപയുടെ 138 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 90 പദ്ധതികൾ പൂർത്തീകരിക്കുകയും 114.50 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
- ഡ്രെയിനുകളുടെയും മഴവെള്ള ഓടകളുടെയും നിർമ്മാണവും മെച്ചപ്പെടുത്തലും വഴി നഗരത്തിലെ വെള്ളപ്പൊക്കം ഇല്ലാതാക്കുകയെന്നതാണ് സ്റ്റോം വാട്ടർ ഡ്രെയിനേജ് മേഖലയിലെ അമൃത് പദ്ധതി ലക്ഷ്യമിടുന്നത്. ഈ മേഖലിൽ 334.10 കോടി രൂപയുടെ 495 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 251.95 കോടി രൂപ ചെലവിൽ 449 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
- യന്ത്രവത്കൃതമല്ലത്ത ഗതാഗതസംവിധാനങ്ങൾ (നടത്തവും സൈക്കിളിങ്ങും) മെച്ചപ്പെടുത്തുകയും പൊതുഗതാഗത മാർഗ്ഗങ്ങളിലേക്ക് മാറുകയും ചെയ്തുകൊണ്ട് നഗരഗതാഗത മേഖലകളിലെ മലിനീകരണം തടയുക എന്നതിനാണ് നഗരഗതാഗത മേഖലയിലെ അമൃത് പദ്ധതികൾ ലക്ഷ്യമിടുന്നത്. ഈ മേഖലയിൽ 179.47 കോടി രൂപയുടെ 121 പദ്ധതികൾ അനുവദിക്കുകയും അതിൽ 83 പദ്ധതികൾ പൂർത്തീകരിക്കുകയും 93.76 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

- തുറസ്സായ സ്ഥലവും പച്ചപ്പും വികസിപ്പിച്ചുകൊണ്ട് നഗരത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുകയെന്നതാണ് ഗ്രീൻ സ്പേസ് ആന്റ് പാർക്ക് മേഖലയിലെ അമൃത് പദ്ധതികൾ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ 43.49 കോടി രൂപയുടെ 72 പ്രോജക്ടുകൾ അനുവദിക്കുകയും അതിൽ 30.04 കോടി രൂപ ചെലവിൽ 52 പ്രോജക്ടുകൾ പൂർത്തിയാക്കിയിട്ടുമുണ്ട്.
- കാര്യശേഷിവികസന പ്രവർത്തനങ്ങളുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 2253 പ്രതിനിധികൾക്ക് പരിശീലനം നൽകുകയുണ്ടായി. നഗരതദ്ദേശ സ്ഥാപനങ്ങളിലെ എൻജിനീയറിഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 42 എൻജിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുമുണ്ട്.

അമൃതിന് കീഴിലുള്ള പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നതിലൂടെ സേവന വിതരണം മെച്ചപ്പെടുന്നതിനും, വിഭവങ്ങളുടെ സമാഹരണത്തിനും നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിനും പ്രവർത്തകരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന് കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി ഇൻസെന്റീവ് ഇനത്തിൽ തുക ലഭിക്കുകയും ദേശീയ തലത്തിൽ ഏഴാം റാങ്ക് നേടുകയും ചെയ്തു. ഇതുവരെ സംസ്ഥാനത്തിന് 59.82 കോടി രൂപ റീഫോം ഇൻസെന്റീവായി ലഭിച്ചിട്ടുണ്ട്.

(ii) സ്മാർട്ട് സിറ്റി മിഷൻ

പ്രദേശിക വികസനത്തിന് സഹായകരമായി, പ്രത്യേകിച്ച് സാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിലൂടെ ജനങ്ങളുടെ സാമ്പത്തിക വളർച്ചയും ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് സ്മാർട്ട് സിറ്റി മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് നിന്ന് കൊച്ചിയും തിരുവനന്തപുരവുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. കൊച്ചിയിലെ സ്മാർട്ട് സിറ്റി പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച എസ്.പി.വി. ആണ് കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ), മൊത്തം പദ്ധതി ചെലവ് 2076.00 കോടി രൂപയാണ്. പടിഞ്ഞാറൻ കൊച്ചിയിലെ അഞ്ച് വാർഡുകളും കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പ്രധാന ഭൂപ്രദേശത്തെ മൂന്ന് വാർഡുകളുടെ ഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് സ്മാർട്ട് സിറ്റി കൊച്ചി. സ്മാർട്ട് സിറ്റി കൊച്ചിയിൽ 46 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ 14 പദ്ധതികൾ പൂർത്തീകരിക്കുകയും 22 പദ്ധതികൾ പുരോഗതിയിലുമാണ്. ഹോസ്പിറ്റൽ റോഡിൽ ആധുനിക നിലവാരത്തിലുള്ള നടപ്പാതകളുടെ നിർമ്മാണം, സർക്കാർ കെട്ടിടത്തിൽ ഗ്രിഡ് ബന്ധിപ്പിച്ച സോളാർ റൂഫ് ടോപ്പ് സിസ്റ്റം, ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്മ്യൂണിക്കേഷൻ സെന്റർ സ്ഥാപിക്കൽ, ഇന്റഗ്രേറ്റഡ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, ജനറൽ ആശുപത്രിയിൽ ഇ-ഹെൽത്ത് സൊല്യൂഷൻ തുടങ്ങിയവയാണ് പൂർത്തീകരിച്ച പദ്ധതികൾ.

തിരുവന്തപുരത്ത് സ്മാർട്ട് സിറ്റി മിഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച എസ്പിവിയാണ് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്സിടിഎൽ). മൊത്തം പദ്ധതി വിഹിതം ₹1538.00 കോടി രൂപയാണ്. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഒമ്പത് സിറ്റി വാർഡുകൾ ഉൾപ്പെടുന്നു. സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്സിടിഎൽ) 51 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ 9 സംയോജിത പ്രോജക്റ്റുകൾ ഉൾപ്പെടെ 25 പദ്ധതികൾ പൂർത്തീകരിക്കുകയും 25 പദ്ധതികൾ പുരോഗതിയിലുമാണ്. പാളയത്തും തമ്പാനൂരിലും മൾട്ടി ലെവൽ കാർ പാർക്കിങ് നിർമാണം, മഴവെള്ള സംഭരണി, ഇന്റഗ്രേറ്റഡ് കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ സ്ഥാപിക്കൽ, രാജാജി നഗറിലെ സംയോജിത സാമൂഹിക ഭവന സമുച്ചയ പദ്ധതി തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. 15 ഇലക്ട്രിക് ഓട്ടോകൾ 15 ഇലക്ട്രിക് റിക്ഷകൾ സ്മാർട്ട് ഇവി ചാർജർ, മൂന്നിടങ്ങളിൽ അംഗനവാടികളുടെ നവീകരണം തുടങ്ങിയവ പൂർത്തിയായ പദ്ധതികളിൽ ഉൾപ്പെടുന്നു.

(iii) മാസ്റ്റർ പ്ലാനുകളും വിശദമായ ടൗൺ പ്ലാനുകളും തയ്യാറാക്കുന്നതിനുള്ള പദ്ധതി

മാസ്റ്റർ പ്ലാനുകളും വിശദമായ ടൗൺ പ്ലാനുകളും തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരപ്രദേശം, കായംകുളം, വടകര, കാസർകോട്, കോട്ടയം, നോർത്ത് പരവൂർ, തൃശ്ശൂർ, പാല, തലശ്ശേരി, ആലപ്പുഴ, ആലുവ, പെരുമ്പാവൂർ, പെരിന്തൽമണ്ണ, മട്ടന്നൂർ, കരുനാഗപ്പള്ളി, നിലമ്പൂർ, പൊന്നാനി, കൊയിലാണ്ടി തുടങ്ങിയ പ്രദേശങ്ങളുടെ 18 മാസ്റ്റർ പ്ലാനുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്.

തിരുവല്ല, തൊട്ടുപുഴ, നെയ്യാറ്റിൻകര, പുനലൂർ, കൊടുങ്ങല്ലൂർ, ചാവക്കാട്, സുൽത്താൻബത്തേരി, ചിറ്റൂർ-തത്തമംഗലം, പന്തളം, കൂത്തുപറമ്പ്, ചാലക്കുടി, ചെങ്ങന്നൂർ, ഒറ്റപ്പാലം, ഈരാറ്റുപേട്ട, മാനന്തവാടി, വടക്കാഞ്ചേരി, കൂത്താട്ടുകുളം എന്നീ സ്ഥലങ്ങളുടെ മാസ്റ്റർ പ്ലാനുകൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ ചെങ്ങന്നൂർ, മാനന്തവാടി എന്നിവിടങ്ങളിലെ മാസ്റ്റർ പ്ലാനുകൾ പൈലറ്റ് അടിസ്ഥാനത്തിൽ ദുരന്തസാധ്യത ഉൾക്കൊള്ളുന്ന മാസ്റ്റർ പ്ലാനായി രൂപീകരിച്ചിട്ടുണ്ട്.

(iv) സംയോജിത ജില്ലാ വികസന പദ്ധതികളും പ്രാദേശിക വികസന പദ്ധതികളും തയ്യാറാക്കൽ

വികേന്ദ്രീകൃതാസൂത്രണത്തിന് ഒരു സമഗ്രമായ സമീപനം ഉണ്ടാക്കുന്നതിന് രണ്ട് തലങ്ങളിൽ വികസന പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. ജില്ലാതല വികസന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജില്ല മൊത്തത്തിൽ സംയോജിത ജില്ലാ വികസന പദ്ധതിയും (ഐഡിഡിപി) പ്രാദേശിക തലത്തിലുള്ള വികസന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രാദേശിക തലത്തിൽ പ്രാദേശിക വികസന പദ്ധതികളും (എൽഡിപി) രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്.

അടാട്ട്, മലമ്പുഴ, മങ്കര, മൺറോത്തുരുത്ത്, ഇളമ്പള്ളൂർ തുടങ്ങിയ പഞ്ചായത്തുകളിൽ എൽഡിപിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. കാട്ടൂർ, മുളംകുന്നത്തുകാവ്, ആലത്തൂർ, വടക്കാഞ്ചേരി, ചടയമംഗലം, മയ്യനാട് എന്നീ പഞ്ചായത്തുകളുടെ എൽ.ഡി.പി യുടെ കരട് രൂപീകരണം പുരോഗതിയിലാണ്. കോഴിക്കോട് ജില്ലയിൽ ഐഡിഡിപിയുടെ കരട് രൂപീകരിക്കുകയും കണ്ണൂർ ജില്ലയിൽ ഐഡിഡിപിയുടെ കരട് രൂപീകരണം പുരോഗതിയിലുമാണ്.

III. തൊഴിൽ സൃഷ്ടിക്കലും ഉപജീവന സഹായവും

നഗര സമൂഹത്തിലെ തൊഴിലില്ലായ്മയും ഭാഗിക തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ 2010 മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. 2016-17 മുതൽ, പദ്ധതി ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഈ പദ്ധതിയിൽ നിന്നുള്ള തൊഴിൽ ആവശ്യം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് ലക്ഷം കുടുംബങ്ങളാണ് നിലവിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ കീഴിലുള്ള സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

പട്ടിക 22.2 പതിമൂന്നാം പദ്ധതി കാലയളവിലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തികവും ഭൗതീകവുമായ നേട്ടങ്ങൾ

വർഷം	സംസ്ഥാന ബഡ്ജറ്റ് വിഹിതം	നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വിഹിതം	ചെലവിന്റെ ശതമാനം	സൃഷ്ടിച്ച് തൊഴിൽ ദിനങ്ങളുടെ എണ്ണം
2017-18	2510.00	2510.00	100.00	8,46,432
2018-19	4892.00	4890.00	99.96	16,68,195
2019-20	7500.00	3422.00	45.63	26,80,660
2020-21	10521.00	10515.00	99.94	32,53,802
2021-22	10000.00	9997.00	99.97	46,33,552

അവലംബം- നഗരകാര്യവകുപ്പ്

സ്ഥിരമായ തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ പി.എം.എ.വൈ - ലൈഫ്, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയോജനം ഉറപ്പാക്കിയിട്ടുണ്ട്. 2019ൽ ക്ഷീരോത്പാദനവും പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. ഇതിലൂടെ രണ്ടിൽ കൂടുതൽ കന്നുകാലികളുള്ള കർഷകർക്ക് 100 ദിവസം തൊഴിൽ

ലഭിക്കുകയുണ്ടായി. ഏകദേശം 6000 ക്ഷീരകർഷകർക്ക് ഈ പദ്ധതിയിലൂടെ സാമ്പത്തിക സഹായം ലഭ്യമാകുന്നുണ്ട്.

നഗരത്തിലെ പാവപ്പെട്ടവരുടെ ദാരിദ്രവും കഷ്ടതയും ലഘൂകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് ദീൻദയാൽ അന്ത്യോദയ യോജന- ദേശീയ നഗരം ഉപജീവന ദൗത്യം (ഡി.എ.വൈ-എൻ.യു.എൽ.എം). സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയുടെ 'നൈപുണ്യ വികസനവും ജോലി ഉറപ്പാക്കലും' എന്ന ഘടകത്തിന്റെ കീഴിൽ 21,546 പേരെ ഉൾപ്പെടുത്തിയതിൽ 17,091 പേർക്ക് സർട്ടിഫിക്കറ്റ് നൽകുകയും 11,146 പേർക്ക് ജോലി ലഭിക്കുകയും ചെയ്തു. നഗരപ്രദേശങ്ങളിലെ തൊഴിൽരഹിതരായ ദരിദ്ര ജനങ്ങൾക്ക് സൈബർ സുരക്ഷിതത്വം അക്കൗണ്ടിംഗ്, ആരോഗ്യ സംരക്ഷണം, പ്ലാസ്റ്റിക് സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, ആയുർവേദ നഴ്സിങ്, ഹോസ്പിറ്റാലിറ്റി, ടെലികോം, ഭക്ഷ്യ സംസ്കരണം തുടങ്ങി 74 ഓളം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എൻ യു.എൽ.എം. പദ്ധതിയുടെ സ്വയം തൊഴിൽ പരിപാടിയിലൂടെ 4,481 വ്യക്തിഗത തൊഴിൽ സംരംഭങ്ങളും 949 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഡി.എ.വൈ-എൻ.യു.എൽ.എം പദ്ധതിയുടെ 'സാമൂഹ്യ വിഭവ സമാഹരണവും സ്ഥാപന ശാക്തീകരണവും' എന്ന ഘടകത്തിലൂടെ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 12,932 പുതിയ അയൽക്കൂട്ട സംഘങ്ങൾ രൂപീകരിക്കുകയും 16,394 അയൽക്കൂട്ട സംഘങ്ങൾക്കും 1036 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്കും (എഡിഎസ്) റിവോൾവിംഗ് ഫണ്ട് സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 'ഭവന രഹിതർക്ക് അഭയകേന്ദ്രം' എന്ന ഘടകത്തിലൂടെ 3195 ഭവന രഹിതരെ കണ്ടെത്തിയിട്ടുണ്ട്. 'നഗരത്തിലെ വഴിയോര കച്ചവടക്കാർക്ക് സഹായം' എന്ന ഘടകത്തിൽ 25,834 വഴിയോര കച്ചവടക്കാരെ കണ്ടെത്തി 17,819 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുകയുമുണ്ടായി.

സിസ്റ്റമാറ്റിക് പ്രോഗ്രസീവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിംഗ് (SPARK) സംവിധാനത്തിൽ കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി ഡി.എ.വൈ-എൻ.യു.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിൽ ഏറ്റവും മികച്ച മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നായി സംസ്ഥാനം മാറുകയുണ്ടായി. 2020-21 വർഷത്തിൽ സംസ്ഥാനം ഇതിൽ ഒന്നാം സ്ഥാനത്തെത്തുകയും ചെയ്തിട്ടുണ്ട്. ഈ നേട്ടത്തിന്റെ അടിസ്ഥാനത്തിൽ, തുടർച്ചയായി നാല് വർഷം മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ദേശീയ അവാർഡ് കേരളത്തിന് ലഭിക്കുകയും സാധാരണ വിഹിതത്തിന് ഉപരിയായി 65.94 കോടി രൂപയുടെ അധിക ധനസഹായം ലഭിക്കുകയും ചെയ്തു.

IV. ശുചിത്വവും മാലിന്യ സംസ്കരണവും

ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം കൈവരിക്കുന്നതിന് ശരിയായ ശുചിത്വവും മാലിന്യ സംസ്കരണ സൗകര്യങ്ങളും അത്യാവശ്യമാണ്. ശുചിത്വകേരളം -നഗരപ്രദേശങ്ങൾക്കായുള്ള മാലിന്യ സംസ്കരണ പദ്ധതിയിലൂടെ നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്ക്കരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നഗര പ്രാദേശിക സർക്കാരുകളിൽ ഖരമാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ മേഖലയിലുണ്ടായിരുന്ന പ്രധാന ഭൗതിക നേട്ടങ്ങൾ ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

- ഗാർഹിക തലത്തിൽ, മൊത്തം 99409 ബയോഗ്യാസ് പ്ലാന്റുകളും 8.65 ലക്ഷം കമ്പോസ്റ്റിംഗ് യൂണിറ്റുകളും സ്ഥാപിക്കുകയുണ്ടായി. കമ്മ്യൂണിറ്റി തലത്തിൽ 113 ബയോഗ്യാസ് പ്ലാന്റുകളും, 2196 കമ്പോസ്റ്റിംഗ് യൂണിറ്റുകളും സ്ഥാപിക്കുകയുണ്ടായി. സ്ഥാപന തലത്തിൽ ആകെ 2568 ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.
- ഗ്രാമപ്രദേശങ്ങളിൽ ആകെ 1.75 ലക്ഷം വ്യക്തിഗത കക്കൂസുകളും നഗരപ്രദേശങ്ങളിൽ 29,578 വ്യക്തിഗത കക്കൂസുകളും നിർമ്മിക്കുകയുണ്ടായി. ഇക്കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 13 മലിനജല സംസ്ക്കരണ പ്ലാന്റുകളും, 4 ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും, 4 മാലിന്യ സംസ്ക്കരണ പ്ലാന്റുകളും സ്ഥാപിക്കുകയുണ്ടായി.
- 1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനകളും മൊത്തം 1036 എംസിഎഫുകളും 183 ആർആർഎഫുകളും ഈ കാലയളവിൽ സ്ഥാപിക്കുകയുണ്ടായി.
- ആകെ 453 'ടേക്ക് എ ബ്രേക്ക്' ടോയ്‌ലറ്റ് കോംപ്ലക്സുകൾ പ്രവർത്തനക്ഷമമാക്കി. ഇത്തരത്തിലുള്ള 656 സമുച്ചയങ്ങളുടെ പ്രവൃത്തി പുരോഗതിയിലാണ്.

- ഓരോ സാമ്പത്തിക വർഷത്തിലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തല മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

പതിനാലാം പഞ്ചവത്സര പദ്ധതി

ജനങ്ങളുടെ സാമൂഹികവും ഉപജീവനവുമായ സുരക്ഷയിൽ ഊന്നൽ നൽകിക്കൊണ്ട് അത്യാധുനിക പരിസ്ഥിതി സൗഹൃദ നഗര സൗകര്യങ്ങൾ സ്ഥാപിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ താഴെപ്പറയുന്ന നിർദ്ദിഷ്ട ഇടപെടലുകൾ ലക്ഷ്യമിടുന്നു.

- നഗരാസൂത്രണവും നഗരവികസനവും പരിസ്ഥിതിയെ ഉൾക്കൊള്ളുന്നതും എന്നാൽ അതോടൊപ്പം ജനങ്ങൾക്ക് പാർപ്പിടം, തൊഴിലവസരങ്ങൾ, മറ്റ് സഹായ സംവിധാനങ്ങൾ, ഗുണനിലവാരമുള്ള സേവനങ്ങൾ എന്നിവ നൽകാൻ കഴിയുന്നതും ആകണം.
- ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, പൗരത്വ സൗകര്യങ്ങൾ, പൗരത്വ സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക തലത്തിലുള്ള പദ്ധതികളുമായി കേന്ദ്രാവിഷ്കൃത പദ്ധതികളും ബാഹ്യ സഹായ പദ്ധതികളും സംയോജിപ്പിക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ യോജിച്ച ശ്രമങ്ങൾ ആവശ്യമാണ്. കേരളത്തിന്റെ സവിശേഷമായ ഗ്രാമീണ-നഗര തുടർച്ചയുടെ പശ്ചാത്തലത്തിൽ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് വ്യക്തമായ ആശയപരമായ സമീപനം ഉണ്ടാകേണ്ടതുമാണ്. പ്രാദേശിക ഭരണകൂടങ്ങൾ സ്ഥലപരാസൂത്രണത്തിന്റെ ആധുനിക സാങ്കേതിക വിദ്യകളും രീതികളും ഉൾക്കൊള്ളേണ്ടതുമാണ്. ഈ മേഖലകളിൽ സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എല്ലാ പ്രവർത്തനങ്ങൾക്കും പതിനാലാം പദ്ധതി പിന്തുണ നൽകുന്നതാണ്.
- നഗര തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി വികസനത്തിനും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നഗര സാമ്പത്തിക മാനേജ്മെന്റിന് വളരെയധികം പ്രാധാന്യമുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഇതിന് ഊന്നൽ നൽകുന്നതാണ്.
- നഗരവികസനത്തിനായുള്ള മാസ്റ്റർ പ്ലാനുകളുടെ കരട് തയ്യാറാക്കുകയെന്നത് വളരെ പ്രാധാന്യമുള്ളതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഇത് ഏറ്റെടുക്കുന്നതാണ്. കേരളത്തിൽ, ഗ്രാമപ്രദേശങ്ങളും നഗരപ്രദേശങ്ങളും തമ്മിലുള്ള വ്യത്യാസമോ അതിർത്തിരേഖയോ മറ്റ് സംസ്ഥാനങ്ങളെപ്പോലെ കൃത്യമായി വേർതിരിച്ചിട്ടില്ലാത്തതിനാൽ, നഗര/ഗ്രാമവികസനത്തിന്റെ സമാന വിഷയങ്ങളും മാസ്റ്റർ പ്ലാനുകളിൽ പരിഗണിക്കേണ്ടതുണ്ട്.
- മുതിർന്നവർ, ചെറുപ്പക്കാർ, ദുർബലവിഭാഗങ്ങൾ, പാവപ്പെട്ടവർ, ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള എല്ലാവരുടേയും ദാരിദ്ര്യം പരിഹരിക്കുന്നതിനും അവശ്യ സേവനങ്ങൾ, സൗകര്യങ്ങൾ, യൂട്ടിലിറ്റികൾ എന്നിവ ലഭ്യമാക്കുന്നതിനും ലിംഗസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്നതിനും നഗര തദ്ദേശഭരണ സ്ഥാപനങ്ങളുടെ വൻകിട സ്വകാര്യ വികസന പദ്ധതികളിൽ CSR ഓപ്ഷനുകൾ പര്യവേക്ഷണം ചെയ്തുകൊണ്ട് സമഗ്ര വികസനം ഉറപ്പാക്കാൻ പദ്ധതി നിർദ്ദേശിക്കുന്നു.
- കേരളത്തിലെ ഖര, ദ്രവമാലിന്യ സംസ്കരണത്തിന്റെ പ്രശ്നങ്ങൾ വളരെയധികം പ്രാധാന്യമുള്ളതാണ്. ആരോഗ്യം, പരിസ്ഥിതി, വിനോദസഞ്ചാരം എന്നിവയുൾപ്പെടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതത്തിന്റെ പല തലങ്ങളിലും ഇത് പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. നഗര-ഗ്രാമ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വമുണ്ട്.
- സീവേജ് സെപ്റ്റേജ് മാനേജ്മെന്റിൽ നിരവധി സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. നഗര തദ്ദേശഭരണസ്ഥാപനങ്ങൾ (ആവശ്യമായ യോഗ്യതയും മനുഷ്യശേഷിയും കൈവരിച്ചുകൊണ്ട്) അത്തരം പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി ഇതുമായി ബന്ധപ്പെട്ട വിവിധ സംഘടനകൾ/പങ്കാളികൾ/സ്റ്റോക്ക് ഹോൾഡർ എന്നിവർ തമ്മിലുള്ള ഏകോപനം ആവശ്യമാണ്.
- നഗര തദ്ദേശഭരണസ്ഥാപനങ്ങളിൽ നടപ്പാക്കലും നിർവ്വഹണ സംവിധാനവും ശക്തിപ്പെടുത്തുക - ഖരമാലിന്യ സംസ്കരണം, അഴുക്കുചാൽ, മഴവെള്ള ഓവുചാലുകൾ ഡ്രെയിനേജ് മുതലായവ സ്ഥാപിക്കുക (ഹരിതവൽക്കരണം, കാർബണിന്റെയും മറ്റ് ഹരിതഗൃഹ വാതകങ്ങളുടെയും അളവ് കുറയ്ക്കൽ, കാലാവസ്ഥാ വ്യതിയാനം നിയന്ത്രിക്കുക) എന്നിവ സാങ്കേതികമായി യോഗ്യതയുള്ള

ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യേണ്ട സാങ്കേതിക വിഷയങ്ങളായതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്കായി മുനിസിപ്പൽ സിറ്റി കോർപ്പറേഷനുകളിലും പ്രധാന മുനിസിപ്പാലിറ്റികളിലും എൻവയോൺമെന്റ് എഞ്ചിനീയറിംഗ് വിഭാഗം സ്ഥാപിക്കൽ.

- മാലിന്യ സംസ്കരണത്തിൽ IEC വലിയ തോതിൽ നടപ്പിലാക്കുകയും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ, ഗ്രീൻ ഓഫീസുകൾ തുടങ്ങിയ ഉചിതമായ രീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. തദ്ദേശ സ്ഥാപനതലങ്ങളിൽ സാങ്കേതിക സഹായം നൽകുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലേക്കായി ബന്ധിപ്പിക്കേണ്ടതുമാണ്. ഖരമാലിന്യ സംസ്ക്കരണത്തിലെ വിലയിരുത്തൽ സൂചകങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്ഥാപനങ്ങളുടെ സംസ്ഥാനതല റാങ്കിങ് നടപ്പാക്കേണ്ടതുമാണ്.
- രാജ്യത്ത് നഗര തൊഴിലുറപ്പ് പദ്ധതിക്ക് തുടക്കമിട്ടത് സംസ്ഥാനമാണ്. (അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി) പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഈ പരിപാടി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.
- നഗരതദ്ദേശ ഭരണസ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി മുൻഗണനാ മേഖലകൾ തിരിച്ചറിയുന്നതിനായി സർവീസ് ലെവൽ ബെഞ്ച്മാർക്കിംഗ് (SLB) റിപ്പോർട്ടുകൾ തയ്യാറാക്കുകയും റാപ്പിഡ് ബേസ്ലൈൻ അസസ്മെന്റ് (RBA) തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി – ലക്ഷ്യങ്ങൾ

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലൂടെ പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് 3.04 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. വിശദാംശങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു.

പട്ടിക 22.3 പതിനാലാം പഞ്ചവത്സര പദ്ധതിയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്യുന്ന തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ

വർഷം	തൊഴിൽ ദിനങ്ങൾ
2022–23	4934000
2023–24	5271000
2024 –25	5964000
2025–26	6478000
2026–27	7789000
ആകെ	**30436000**

അവലംബം : നഗരകാര്യ വകുപ്പ്

അമൃത് പദ്ധതിയുടെ തുടർച്ചയായി, ജലക്ഷാമം കുറയ്ക്കാനും ശുദ്ധജലത്തിന്റെ ഉപഭോഗം സുസ്ഥിരമായി വർദ്ധിപ്പിക്കാനും സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളിലെയും ജലവിതരണം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടാണ് അമൃത് 2.0 ആരംഭിച്ചത്. കൂടാതെ, അമൃത് നഗരങ്ങളിൽ (6 കോർപ്പറേഷനുകളിലും, ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലും) മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ് പൂർത്തിയാക്കാനും മിഷൻ ലക്ഷ്യമിടുന്നു. 2021–22 സാമ്പത്തിക വർഷം മുതൽ 2025–26 വരെയുള്ള അഞ്ച് വർഷമാണ് അമൃത്–2.0 പദ്ധതിയുടെ കാലയളവ്. അമൃത് 2.0–ന് കീഴിലുള്ള പദ്ധതികളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ, അമൃത്–1.0 നഗരങ്ങളിലെ മലിനജലം/സെപ്റ്റേജ് മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, ഹരിത ഇടങ്ങളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

പ്രധാനമന്ത്രി ആവാസ് യോജന – നഗരം പദ്ധതിക്ക് കീഴിൽ 27000 വീടുകളുടെ ഗ്രൗണ്ട് വർക്കുകൾ ആരംഭിക്കുന്നതിനും, 50000 വീടുകളുടെ പൂർത്തീകരണത്തിനും, 2024 ഓടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന 20000 പുതിയ പാർപ്പിട യൂണിറ്റുകൾക്കുള്ള അനുമതി നൽകുന്നതിനും ലക്ഷ്യമിടുന്നു.

'മാസ്റ്റർ പ്ലാനുകളും വിശദമായ ടൗൺ പ്ലാനുകളും തയ്യാറാക്കൽ' പദ്ധതിയുടെ ഭാഗമായി, ഏറ്റെടുത്ത എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങൾക്കുമുള്ള മാസ്റ്റർ പ്ലാനുകളുടെ സാങ്കേതികമായ രൂപീകരണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ, കരട് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതിനും അനുവദിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗനിർദേശം നൽകുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ മാസ്റ്റർ പ്ലാനുകളിൽ കണ്ടെത്തിയ തിരഞ്ഞെടുത്ത റോഡുകൾക്കായി വിശദമായ റോഡ് അലൈൻമെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത്, ശുചിത്വ മിഷൻ സംസ്ഥാനത്തെ എല്ലാ നഗര-ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളിലും സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ശുചിത്വ കേരളം പദ്ധതിക്ക് കീഴിൽ ആസൂത്രണം ചെയ്ത പുതിയ സംരംഭങ്ങൾ ഇവയാണ്:

(i) സംസ്ഥാനത്തെ 70 ആശുപത്രികളിൽ മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

(ii) 500 അംഗൻവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകളും, ആർത്തവ ശുചിത്വത്തിന് ഊന്നൽ നൽകിക്കൊണ്ട് 100 ഹൈസ്കൂളുകളിൽ പെൺകുട്ടികൾക്ക് സൗഹൃദ ടോയ്‌ലറ്റുകളും സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

(iii) റീസൈക്ലിംഗ്, അപ് സൈക്ലിംഗ് പാർക്കുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, തദ്ദേശസ്ഥാപനങ്ങൾ/സ്വകാര്യ സംരംഭകർ എന്നിവർക്ക് ഒരു പ്ലാന്റിൻ 50 ലക്ഷം രൂപയെന്ന നിലയിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാൻ നിർദ്ദേശിക്കുന്നു.

(iv) കമ്പോസ്റ്റ് ശേഖരണത്തിനും ബ്രാൻഡിംഗിനുമായി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഹരിത കർമ്മ സേന യൂണിറ്റുകൾക്ക് 75000/- രൂപ സഹായം നൽകുന്നതാണ്. ഇത്തരത്തിലുള്ള 100 സംരംഭങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(v) മൃഗങ്ങൾക്കായുള്ള ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നഗര തദ്ദേശസ്ഥാപനങ്ങൾക്ക് 50.00 ലക്ഷം രൂപ സഹായമായി നൽകും.

(vi) ദ്രവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി, ശുദ്ധീകരിക്കാത്ത മലിനജലം ഏതെങ്കിലും ജലാശയത്തിലേക്കോ പ്രദേശത്തേയ്ക്കോ ഒഴുക്കി വിടരുതെന്നും സംസ്കരിച്ച മലിനജലത്തിന്റെ 20% പുനരുപയോഗം ചെയ്യുന്നതിനും ആസൂത്രണം ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ എല്ലാ സ്ഥാപനങ്ങളിലും മലിനജലം സംസ്കരിക്കുന്നതിനുള്ള സൗകര്യവും സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളിൽ ശാസ്ത്രീയമായ രീതിയിൽ 100% മലിനജല സംസ്കരണവും ഏർപ്പെടുത്തി മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കാൻ മിഷൻ പദ്ധതിയിടുന്നു.

(vii) ഭൂരിഭാഗം ജനങ്ങളും അധിവസിക്കുന്ന പ്രധാന സാനിറ്റേഷൻ ഏരിയയിൽ മലിനജല ശൃംഖലയും മലിനജല ശുദ്ധീകരണ പ്ലാന്റുകളും നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു.

(viii) ജനസാന്ദ്രത 1500ന് താഴെയുള്ള പ്രാന്തപ്രദേശങ്ങളിൽ ഫീക്കൽ സ്ലഡ്ജ് ഉൾപ്പെടെ സംസ്കരിക്കുന്നതിനുള്ള സൗകര്യമുള്ള ഓൺസൈറ്റ് സാനിറ്റേഷൻ സംവിധാനം ശക്തിപ്പെടുത്തുക.

(ix) ഇന്റർമീഡിയറ്റ് പ്രദേശങ്ങളിൽ, വികേന്ദ്രീകൃത മലിനജല സംസ്കരണ പ്ലാന്റുകളും ഓടകളുടെ ഗതിമാറ്റലും നടത്തേണ്ടതുണ്ട്.

(x) മലിനജലം മഴവെള്ളവുമായി കലരുന്നത് തടയുന്നതിലേക്കായി പ്രത്യേക മഴവെള്ള ഓവുചാലുകളുടെ നെറ്റ് വർക്ക് വികസിപ്പിക്കാവുന്നതാണ്.

ലോകബാങ്ക് പിന്തുണയുള്ള 'കേരള ഖരമാലിന്യ സംസ്കരണ പദ്ധതിയുടെ' ഭാഗമായി, 'കുറയ്ക്കുക', 'പുനരുപയോഗം', റീസൈക്കിൾ എന്നിവയിലൂടെ പ്രൊഫഷണൽ കൺസൾട്ടന്റുമാരുടെ സാങ്കേതിക പിന്തുണയോടെ ഒരു വർഷത്തിനുള്ളിൽ എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സമഗ്രമായ ഖരമാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതാണ്. മാലിന്യത്തിന്റെ ഉറവിടതല സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതാണ്.

നഗരാസൂത്രണവും നഗരവികസനവും പരിസ്ഥിതി സംവേദന ക്ഷമതയുള്ളതായിരിക്കണം. അതോടൊപ്പം ജനങ്ങൾക്ക് പാർപ്പിടവും തൊഴിലവസരങ്ങളും മറ്റ് സഹായ സൗകര്യങ്ങളും നൽകേണ്ടതുമാണ്. സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ നഗരപ്രദേശങ്ങളിലെ തൊഴിലും സാമ്പത്തിക അവസരങ്ങളും പ്രയോജനപ്പെടുത്തുകയാണ് അടുത്ത അഞ്ച് വർഷത്തേക്കുള്ള നയങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും ലക്ഷ്യമിടുന്നത്.

അദ്ധ്യായം 23

പ്രാദേശിക വികസന പാക്കേജുകൾ

രണ്ടാം കുട്ടനാട് പാക്കേജ്

കുട്ടനാട് മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള രണ്ടാം കുട്ടനാട് പാക്കേജിന്റെ പ്രഖ്യാപനം ബഹു:കേരള മുഖ്യമന്ത്രി നിർവ്വഹിച്ചത് 2020 സെപ്റ്റംബർ മാസം പതിനേഴാം തീയതിയായിരുന്നു. 2018-ലേയും 2019-ലേയും പ്രളയത്തിനു ശേഷം, കുട്ടനാട് മേഖലയുടെ വികസനത്തിനായി സമഗ്രമായ ഒരു സമീപനം ആവശ്യമായിരുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ "പ്രളയാനന്തര കുട്ടനാടിനായി ഒരു പ്രത്യേക പാക്കേജ്" എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചത്. കുട്ടനാട്ടിലെ ജനങ്ങളുടെ ക്ഷേമവും ഉപജീവനവും സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതം, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി എന്നിവയുടെ സഹായത്തോടെയാണ് പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

വെള്ളപ്പൊക്കം, കടൽക്ഷോഭം, വരൾച്ച, ഉരുൾപൊട്ടൽ ഇവയൊക്കെയാണ് ജലവുമായി ബന്ധപ്പെട്ട് കേരളത്തെ ബാധിക്കുന്ന പൊതുവായ ദുരന്തങ്ങൾ. കുട്ടനാട് മേഖലയിലെ ജല പരിപാലനം വളരെ ആശങ്ക ഉളവാക്കുന്നതാണ്. പ്രളയത്തെ അതിജീവിക്കുവാൻ കുട്ടനാടിനെ പ്രാപ്തമാക്കുന്നതിന് വേണ്ടിയുള്ള നൂതനവും പരമ്പരാഗതവുമായ ജല പരിപാലന രീതികൾക്കായിരിക്കും കൂടുതൽ പ്രാധാന്യം നൽകുന്നത്. കൃഷിയിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും മെച്ചപ്പെട്ട ഉപജീവനമാർഗം ഒരുക്കുക, ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം ലഭ്യമാക്കുക, മതിയായ ശുചിത്വം ഉറപ്പാക്കുക, ടൂറിസം സാധ്യതകൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പാക്കേജിലൂടെ വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യങ്ങൾ.

പാക്കേജിലൂടെ വിഭാവനം ചെയ്തപ്രകാരം പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി, വിവിധ വകുപ്പുകളുടെ സംയോജനത്തോടെ, എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതാണ്. പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും, നിരീക്ഷിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി വിവിധ സ്റ്റേക്ക് ഹോൾഡർമാരെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ തലത്തിൽ ഒരു സംവിധാനം പതിനാലാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ വികസിപ്പിക്കുന്നതാണ്.

ശബരിമല മാസ്റ്റർ പ്ലാൻ

അവലോകനം

ശബരിമല ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തെ അതിലോലവും ദുർബലവുമായ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ശബരിമല തീർത്ഥാടകരുടെ ആവശ്യങ്ങൾ അനുഭാവപൂർവം നിറവേറ്റുക എന്നതാണ് ശബരിമല മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഗതാഗതം, ഗതാഗത പരിപാലനം, ഖരമാലിന്യ സംസ്കരണം, ജലവും ശുചിത്വവും, ബേസ് ക്യാമ്പുകളുടെ വികസനം, തീർത്ഥാടക ലോജിസ്റ്റിക്സ്, എന്നിവ ഉൾപ്പെടെ തീർത്ഥാടനവുമായി ബന്ധപെട്ട എല്ലാ വശങ്ങളും സംസ്ഥാന പദ്ധതിയിലെ ഈ പ്രാദേശിക പാക്കേജിലൂടെ അഭിസംബോധന ചെയ്തു. ഒരു വിശാലമായ പ്രാദേശിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് തീർത്ഥാടനത്തിന്റെ പ്രത്യാഘാതങ്ങൾ ക്ഷേത്രത്തിന്റെ തൊട്ടടുത്ത ചുറ്റുപാടുകൾക്കപ്പുറത്തേക്ക് വ്യാപിക്കുമെന്നതിനാൽ ആയത് മുൻകൂട്ടികണ്ടുകൊണ്ടുതന്നെ യാണ് ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം അനുവദിച്ച പദ്ധതികളുടെ നടത്തിപ്പിനായി 138.90 കോടി രൂപ നീക്കിവച്ചിരുന്നു, അനുവദിച്ച തുകയുടെ 44 ശതമാനം ചെലവഴിച്ചു. മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ക്യൂ കോംപ്ലക്സുകളുടെ നിർമാണം, സന്നിധാനത്ത് 5 എംഎൽഡി ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റ് (എസ്.ടി.പി), 60 ലക്ഷം ലിറ്റർ സംഭരണ

ശേഷിയുള്ള ജലവിതരണ സംവിധാനത്തിന്റെ നിർമ്മാണം, സന്നിധാനത്ത് 5000 തീർഥാടകർക്ക് ഒരേസമയം ഭക്ഷണം വിതരണം ചെയ്യാൻ തക്ക ശേഷിയുള്ള അന്നദാനമണ്ഡപം, പമ്പയിൽ 10 ലക്ഷം ലിറ്റർ ശേഷിയുള്ള മലിനജല സംഭരണി എന്നിവയാണ് കഴിഞ്ഞ പഞ്ചവത്സരകാലയളവിൽ പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ. പ്രളയത്തിലും അടിയന്തര സാഹചര്യങ്ങളിലും വൻതോതിൽ തീർത്ഥാടകരെ പമ്പാ നദിയുടെ അക്കരെ ഇക്കരെ എത്തിക്കേണ്ടിവരുമെന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് പമ്പ ഗണപതി ക്ഷേത്രത്തിൽ നിന്ന് യു ടേണിനടുത്തുള്ള കുന്നിൻ മുകൾ(ഹിൽ ടോപ്) വരെ രക്ഷാപാലം നിർമ്മിക്കാൻ 2020-21 ൽ 29.9 കോടി രൂപ അനുവദിച്ചു. എന്നാൽ ഈ പദ്ധതി നടപ്പിലാക്കാൻ വനം വകുപ്പിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും വന്യജീവി വകുപ്പിൽ നിന്നുമുള്ള അനുമതി ലഭിക്കുന്നതിനായി അധികൃതർ കാത്തിരിക്കുകയാണ്. പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കൽ, നിലയ്ക്കൽ കോർ ഏരിയയുടെ വികസനം, കുന്നാർ മുതൽ ശബരിമല വരെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ നടന്നുവരികയാണ്.

പട്ടിക 23.1 പതിമൂന്നാം പഞ്ചവത്സര പദ്ധതി വിഹിതവും ചെലവും

(രൂപ ലക്ഷത്തിൽ)

വർഷം	പദ്ധതി വിഹിതം	ചെലവ്	ചെലവ് ശതമാനത്തിൽ
2017-18	2500.00	2500.00	100
2018-19	2800.00	2800.00	100
2019-20	2800.00	0.00	0.00
2020-21	2990.00	311.68	10.00
2021-22	2800.00	500.00	17.85
ആകെ	**13890.00**	**6111.68**	**44.00**

അവലംബം: ജില്ല കലക്ടർ , കാസർഗോഡ്

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നൽകേണ്ട മേഖലകളും പ്രധാന പ്രവർത്തനങ്ങളും

കേരള സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാൻ പതിനാലാം പഞ്ചവത്സര കാലയളവിൽ ശബരിമലയുടെയും അതോടൊപ്പം തീർത്ഥാടകരെ നിയന്ത്രിച്ചുനിർത്തുന്ന പട്ടണങ്ങളുടെയും (അതിന്റെ ഫീഡർ ടൗണുകളുടെയും) ഘട്ടം ഘട്ടമായുള്ളതും ആസൂത്രിതവുമായ വികസനം മുന്നിൽ കണ്ടുകൊണ്ടു ഹ്രസ്വ, ഇടത്തരം, ദീർഘകാല വീക്ഷണങ്ങളിൽ വിഭാവനം ചെയ്യുന്നു. ശാസ്ത്രീയമായ രീതിയിൽ നിയന്ത്രിത സ്ഥലങ്ങളും (ഹബ്ബുകളും) നിയന്ത്രിത രീതിയിൽ തീർത്ഥാടകരെ കയറ്റിവിടുന്ന സ്ഥലങ്ങളും (ഫീഡർ പോയിന്റുകളും) വികസിപ്പിക്കുന്നതിൽ ശബരിമല മാസ്റ്റർ പ്ലാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പതിനാലാം പഞ്ചവത്സര കാലയളവിൽ പമ്പ, നിലയ്ക്കൽ, ശബരിമല എന്നീ മൂന്ന് സ്ഥലങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് ഊന്നൽ നൽകും. ഈ പഞ്ചവത്സര കാലയളവിൽ തന്നെ ആവശ്യമായ വനം, പരിസ്ഥിതി അനുമതി എന്നിവയ്ക്ക് വിധേയമായി രക്ഷാപാലം നിർമിക്കുന്നതിന് മുൻഗണന നൽകും. ഫലപ്രദമായ ജനക്കൂട്ട നിയന്ത്രണ രീതികൾ (മാനേജ്മെന്റ്), അടിയന്തിര ഘട്ടങ്ങളിൽ പുറത്തുകടക്കുന്നതിനുള്ള സംവിധാനങ്ങളുടെ (എമർജൻസി എക്സിറ്റ്) നിർമ്മാണം, മെച്ചപ്പെട്ട ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ജലത്തിന്റെ പുനരുപയോഗവും ശുദ്ധീകരണവും, മെച്ചപ്പെട്ട റോഡുകളെ തമ്മിൽ ബന്ധിപ്പിക്കലും(കണക്റ്റിവിറ്റിയും) ഡ്രെയിനേജ് സംവിധാനവും ഉറപ്പാക്കുക, ഭക്ഷണ മാലിന്യത്തിൽ നിന്നുള്ള കാലിത്തീറ്റ നിർമ്മാണ പ്ലാന്റ്, നിലവാരമുള്ള കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം, തടസ്സമില്ലാത്ത തെരുവ് വിളക്ക് സൗകര്യം, അഗ്നിശമന സൗകര്യം, തീർത്ഥാടകർക്കുള്ള താമസ സൗകര്യങ്ങൾ വർധിപ്പിക്കുക തുടങ്ങിയവയാണ് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാനപെട്ട പ്രവർത്തനങ്ങൾ.

കാസറഗോഡ് വികസന പാക്കേജ്

കാസറഗോഡ് ജില്ലയ്ക്കായി ഒരു സംയോജിത വികസന പദ്ധതി തയ്യാറാക്കാൻ സർക്കാർ ഡോ.പി പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ജില്ലയിലെ പിന്നോക്ക മേഖലകളെയും പ്രദേശങ്ങളെയും

കണ്ടെത്തി കാസറഗോഡിന്റെ സമഗ്ര വികസനത്തിനായി ഒരു പാക്കേജ് കമ്മീഷൻ നിർദ്ദേശിച്ചു. വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന 11,123.07 കോടി രൂപയുടെ പ്രവൃത്തികളാണ് പാക്കേജിൽ വിഭാവനം ചെയ്യുന്നത്. ഇതിൽ 2,524.56 കോടി രൂപയാണ് കേരള സർക്കാരിന്റെ പദ്ധതി വിഹിതം, 756.19 കോടി രൂപ ഇന്ത്യാ ഗവൺമെന്റിന്റെ വിഹിതവും, 543.00 കോടി രൂപ മറ്റ് ഏജൻസികൾ വഴിയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വിഹിതമായി 7264.16 കോടി രൂപയും മറ്റ് സ്രോതസ്സുകളിൽ നിന്ന് 35.16 കോടി രൂപയുമാണ് ആകെ പദ്ധതി അടങ്കൽ. കാസറഗോഡ് വികസന പാക്കേജിൽ പരാമർശിച്ച പദ്ധതികൾ 2013-14 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചതാണ്. 2013-14 മുതൽ മാർച്ച് 2022 വരെ പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന ബജറ്റിൽ നിന്നും 545 പ്രോജക്ടുകൾക്കായി 76,125.18 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിൽ 340 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 205 പ്രോജക്ടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും ആണ്.

പട്ടിക 23.2 കാസറഗോഡ് വികസന പാക്കേജിന്റെ സാമ്പത്തിക ഭൗതിക പുരോഗതി

സാമ്പത്തിക വർഷം	ബജറ്റ് വിഹിതം (ലക്ഷത്തിൽ)	ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ)	പദ്ധതികൾ അനുവദിച്ചത്	പദ്ധതികൾ പൂർത്തിയാക്കിയത്	നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ
2013-14	2500.00	2790.67	28	28	0
2014-15	7500.00	9332.94	24	23	1
2015-16	8500.00	9751.49	76	74	2
2016-17	8798.00	14299.84	81	75	6
2017-18	9000.00	7629.72	62	53	9
2018-19	9500.00	7882.22	82	50	32
2019-20	9065.00	9048.73	55	24	31
2020-21	7500.00	7500.00	74	12	62
2021-22	7832.00	7889.57	63	1	62
ആകെ	**70195.00**	**76125.18**	**545**	**340**	**205**

അവലംബം: ജില്ല കലക്ടർ , കാസർഗോഡ്

വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും ജലസേചനത്തിനും ജലസംരക്ഷണത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകളാണ് ഏറ്റെടുത്ത് പൂർത്തിയാക്കിയ പദ്ധതികളിൽ പ്രധാനപ്പെട്ടവ. വിദ്യാഭ്യാസ മേഖലയിൽ സ്കൂളുകളുടെയും കോളേജുകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകി. ആരോഗ്യമേഖലയിൽ കാസറഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവും, അനുബന്ധ അടിസ്ഥാന സൗകര്യവികസനവും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുക, ആശുപത്രികളിൽ ഖരമാലിന്യ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക, ലാബുകളുടെ നവീകരണം എന്നീ പ്രവൃത്തികൾക്ക് ഊന്നൽ നൽകിയിരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉത്പാദനമേഖലയ്ക്കും ആരോഗ്യമേഖലയ്ക്കും പ്രാധാന്യം നൽകിക്കൊണ്ട് ജില്ലയുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. കാസറഗോഡ് ജില്ലയുടെ വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നു.

ഇടുക്കി വികസന പാക്കേജ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, കേന്ദ്രസർക്കാർ, മറ്റ് തല്പരകക്ഷികൾ എന്നിവരുടെ ഏകോപനത്തോടെ വികസന പദ്ധതികൾ സംയോജിപ്പിച്ച് ജില്ലയുടെ സമഗ്ര വികസനം

ലക്ഷ്യമിട്ടാണ് ഇടുക്കി വികസന പാക്കേജ് (ഐ.ഡി.പി) പ്രഖ്യാപിച്ചിട്ടുള്ളത്. ഉൽപ്പാദന വർദ്ധന, മൂല്യവർധിത സംസ്കരണ വ്യവസായങ്ങൾ, ടൂറിസം വികസനം എന്നിവയിലൂടെ കാർഷിക വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പാക്കേജിന്റെ ലക്ഷ്യം. ഭൗതികവും സാമൂഹികവുമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യം തുടച്ചുനീക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ജില്ലയുടെ വികസന ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, പാക്കേജിന് ആവശ്യമായ വിഭവങ്ങൾ വിവിധ സ്രോതസ്സുകളായ വിവിധ വകുപ്പുകളുടെ സ്കീമുകൾ, പ്രാദേശിക സർക്കാർ പദ്ധതികൾ, ജില്ലാതലത്തിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റ് പദ്ധതികൾ എന്നിവയുടെ സംയോജനത്തിലൂടെയും നിറവേറ്റാൻ ലക്ഷ്യമിടുന്നു. തോട്ടം മേഖലയുടെയും കാർഷികാധിഷ്ഠിത വ്യാവസായിക കേന്ദ്രങ്ങളുടെ പ്രോത്സാഹനവും പാക്കേജിൽ വിഭാവനം ചെയ്യുന്നു.

വയനാട് വികസന പാക്കേജ്

വയനാട് ജില്ലയുടെ സുസ്ഥിര വികസനത്തിനുള്ള സമഗ്ര പാക്കേജാണ് വയനാട് വികസന പാക്കേജ് (ഡബ്ല്യു.ഡി.പി). കാപ്പി കൃഷി ഉൾപ്പെടെയുള്ള കാർഷിക വികസനം, ഭക്ഷ്യ സംസ്കരണം, പൊതു അടിസ്ഥാന സൗകര്യ വികസനം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ടൂറിസം, വനം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ഗണ്യമായ പുരോഗതി ഉൾപ്പെടെയുള്ള ഒരു സമഗ്ര വികസനമാണ് പാക്കേജ് ലക്ഷ്യമിടുന്നത്. വികസന പരിപാടികൾ പ്രധാനമായും വിള വികസനം, ടൂറിസം പ്രോത്സാഹനം, ദാരിദ്ര്യ നിർമാർജ്ജനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പരിസ്ഥിതി സൗഹൃദ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. പ്രധാന വിളകളായ കുരുമുളക്, തേയില, കാപ്പി എന്നിവയുടെ പുനരുജ്ജീവനവും വികസനവും, വയനാട് കാപ്പിയുടെ ബ്രാൻഡിംഗും, 'വയനാട് ഓർഗാനിക് ബ്രാൻഡിന്' കീഴിൽ കാർഷിക ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനവുമാണ് കാർഷികരംഗത്തെ ഊന്നൽ. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന സംയോജിത കുരുമുളകിന്റെയും കാപ്പിയുടെയും വികസനത്തിനായുള്ള നിലവിലുള്ള പദ്ധതി- വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തുന്നതാണ്. മണ്ണ് സർവേ, മണ്ണ് സംരക്ഷണ വകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കുന്ന പുനരുദ്ധാരണ, വെള്ളപ്പൊക്ക ലഘൂകരണ പരിപാടിയും വയനാട് വികസന പാക്കേജിൽ ഉൾപ്പെടുത്തുന്നതാണ്.

അദ്ധ്യായം 24

ജെൻഡർ ബജറ്റ്

ജെൻഡർ ബജറ്റ് സ്ത്രീകൾക്ക് വേണ്ടിയുള്ള ഒരു പ്രത്യേക ബജറ്റല്ല, എന്നാൽ ബജറ്റിൽ ലിംഗപദവിപരമായ കാഴ്ചപ്പാട് സമന്വയിപ്പിക്കാൻ സർക്കാരുകളെ സഹായിക്കുന്നതിനുള്ള ഒരു ശാസ്ത്രീയ രീതിയാണിത്. ഓരോ മേഖലയിലും സ്ത്രീകൾക്ക് പ്രാധാന്യം കൊടുക്കുന്നതിനുള്ള സ്കീമുകളിലും പ്രോഗ്രാമുകളിലും ഉടനീളം, അവരുടെ സംഭാവനകൾ തിരിച്ചറിയുകയും മൊത്തത്തിലുള്ള വികസന നയത്തിൽ അവരുടെ ആവശ്യങ്ങളും താൽപ്പര്യങ്ങളും പരിഗണിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുന്ന, സുസ്ഥിരമായ ഒരു ശാസ്ത്രീതിയിലൂടെ ഇത് സാധാരണ ബജറ്റിനെ ഘടകങ്ങളാക്കുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിയിലെ വികേന്ദ്രീകൃത ആസൂത്രണത്തോടെയാണ് ജെൻഡർ ബജറ്റിംഗിനായുള്ള ഏകീകൃത ശ്രമങ്ങൾ ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്ലാൻ ഫണ്ടിന്റെ 10 ശതമാനം സ്ത്രീകളുടെ നിർദ്ദിഷ്ട പദ്ധതികൾക്കായി നീക്കിവയ്ക്കണമെന്ന് നിർബന്ധമാക്കി. സംസ്ഥാനതല പരിപാടികളിൽ, പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ബജറ്റ് പ്രസംഗത്തിൽ "സ്ത്രീധന ഭീഷണിയെ നേരിടാനുള്ള ബഹുമുഖ തന്ത്രം ശക്തിപ്പെടുത്തുക" എന്ന് പ്രഖ്യാപിച്ചു.

അപ്പോഴേക്കും, സംസ്ഥാന തലത്തിലെ ആസൂത്രണ പ്രക്രിയയുടെ അവിഭാജ്യ ഘടകമായി ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗിലൂടെ (ജിആർബി) ലിംഗപദവി വികസനത്തെ മുഖ്യധാരയിലെത്തിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രഖ്യാപിച്ചു. കേരളത്തിൽ 2017-18 മുതൽ പൊതു ബജറ്റ് ഡോക്യുമെന്റുകൾക്കൊപ്പം വാർഷിക ജി.ആർ.ബി സ്റ്റേറ്റ്മെന്റുകൾ രൂപീകരിക്കുകയും അതിന്റെ രണ്ട് ഭാഗങ്ങളിലും (പാർട്ട് A, പാർട്ട് B) സ്ത്രീകൾക്കുള്ള വിഭവങ്ങളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. ജി.ആർ.ബി കണക്കുകളിൽ വ്യക്തമാക്കിയിരിക്കുന്നത് പോലെ, മൊത്തം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനമെങ്കിലും ശുപാർശ ചെയ്തിരുന്നത്, 2017-18 ലെ ആദ്യ ബജറ്റിൽ യഥാർത്ഥത്തിൽ 11.4 ശതമാനവും തുടർന്നുള്ളവയിൽ 2018-19 ൽ 14.6 ശതമാനവുമായി ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 2019-20-ൽ 16.8 ശതമാനം, 2020-21-ൽ 18.4 ശതമാനം, 2021-22-ൽ 19.54 ശതമാനം, 2022-23 ജനുവരി ബജറ്റിൽ 20.20, ഇതിൽ 7.26 ശതമാനം ഭാഗം എയിൽ നിന്നും 13.64 ശതമാനം ബി. (കേരള സർക്കാർ, വിവിധ വർഷങ്ങളിലെ ജൻഡർ ബജറ്റ് രേഖകൾ). പാർട്ട് ബിയിൽ (CBGA 2021) റിപ്പോർട്ട് ചെയ്തിട്ടുള്ള സ്കീമുകളുടെ സംയോജിത ചെലവ് കണക്കാക്കുന്നതിന് ദേശീയ തലത്തിൽ പിന്തുടരുന്ന 30 ശതമാനം ഫ്ലോർ നീക്കം ചെയ്തുകൊണ്ട് സ്ത്രീകൾക്ക് വേണ്ടിയുള്ള റിപ്പോർട്ടിംഗ് റിസോഴ്സുകളുടെ വിപുലമായ വ്യാപ്തി കാരണം കേരളത്തിലെ ജി.ആർ.ബി മറ്റ് സംസ്ഥാനങ്ങൾക്കും ഒരു മാതൃകയായി ഉയർത്തിക്കാട്ടുന്നു. കേരളത്തിലെ ജിബിഎസിൽ ട്രാൻസ്ജെൻഡറുകൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥയും മറ്റ് സംസ്ഥാനങ്ങളിൽ ഇടുങ്ങിയ ബൈനറി ആശയം പിന്തുടരുന്ന ലിംഗപദവി ഭേദത്തെ ഉൾക്കൊള്ളുന്ന സമീപനത്തിനുള്ള ശ്രമവുമാണ് മറ്റൊരു പ്രത്യേകത.

പതിനാലാം പഞ്ചവത്സര പദ്ധതിക്കായുള്ള ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗിന്റെ കാഴ്ചപ്പാട്

ജെൻഡർ റെസ്പോൺസീവ് ബജറ്റിന്റെ (ജിആർബി) വ്യാപ്തി വിപുലീകരിക്കുക, ജെൻഡർ ഓഡിറ്റ് ചട്ടക്കൂട് വികസിപ്പിക്കുക എന്നിവ പതിനാലാം പദ്ധതി കാലയളവിലെ സുപ്രധാന ദൗത്യങ്ങളാണ്. ഇതിൽ ഉൾപ്പെടുന്നത്:

1. വിവിധ സ്കീമുകളുടെ ഗുണഭോക്താക്കളെ വിവിധ വിഭാഗങ്ങളായി എപ്രകാരംവർഗ്ഗീകരിക്കാം എന്ന് പരിശോധിക്കുക, പ്രത്യേകിച്ച് ദുർബലരായ വിഭാഗങ്ങൾക്കുള്ള ബജറ്റ് വിഹിതം മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾ കൃത്യമായി ചൂണ്ടിക്കാണിക്കുകയും അവരെ പദ്ധതികളിൽ ഉൾപ്പെടുത്തുകയും വലിയ വിഭവം വകയിരുത്തുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

2. കൂടുതൽ ഇൻക്ലൂസിവ് സ്കീമുകൾ ആവിഷ്കരിക്കാനും എല്ലാ പ്രവർത്തനത്തിനും/പ്രോഗ്രാമുകൾക്കും അല്ലെങ്കിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്കും ലിംഗപദവി പരമായ കാഴ്ചപ്പാട് നിർബന്ധിത ഘടകമാക്കാനും വകുപ്പുകളെ പ്രചോദിപ്പിക്കുകയും അവ ഒഴിവാക്കുന്നതിന് ഒരു ന്യായീകരണ കുറിപ്പ് ചേർക്കാൻ നിർബന്ധിക്കുകയും ചെയ്യുക.

3. വിവിധ വകുപ്പുകളിൽ അവരുടെ നയങ്ങൾ, പ്രോഗ്രാമുകൾ, സ്കീമുകൾ എന്നിവയിൽ ലിംഗപദവി ഉറപ്പാക്കി ലിംഗപദവി ബജറ്റ് ശക്തിപ്പെടുത്തുന്നതിന് ശേഷി വർദ്ധിപ്പിക്കൽ ആവശ്യമാണ്. ജെൻഡർ മെയിൻ സ്ട്രീമിംഗ്, സെക്സ് ഡിസഗ്രഗേറ്റഡ് ഡാറ്റ റിപ്പോർട്ടിംഗ്, ജെൻഡർ ഓഡിറ്റിംഗ് എന്നീ ആശയങ്ങളിൽ ഓറിയന്റേഷൻ മൊഡ്യൂളുകൾ വികസിപ്പിക്കേണ്ടതുണ്ട്. എല്ലാ ഉദ്യോഗസ്ഥർക്കും ഓറിയന്റേഷൻ-കം-ട്രെയിനിംഗ് പ്രോഗ്രാമുകൾ ഇതിന് അനുബന്ധമായി നൽകണം.

4. സ്ത്രീകളുടെ ഗാർഹിക, പരിചരണ ജോലികളുടെ ഭാരം കുറയ്ക്കുകയും സ്ത്രീകൾക്ക് വീട്ടിൽ നിന്നും, വീട്ടിൽ നിന്നഅകലെയും ജോലി ചെയ്യാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ വലിയ പൊതുനിക്ഷേപം ആവശ്യമാണ്- കുട്ടികൾ/വൃദ്ധർ/വികലാംഗർ/പരിചരണം, പൊതു അടുക്കളകൾ, സുരക്ഷിതമായ ഗതാഗതം, സുരക്ഷിതത്വം, യാത്ര ചെയ്യുമ്പോഴും മറ്റും.

5. സൂചകങ്ങളുടെ സമഗ്ര വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന വിശദമായ ജെൻഡർ ഓഡിറ്റ് പൈലറ്റ് ചെയ്യുന്നതിനായി കുറച്ച് സ്കീമുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്ഥലങ്ങൾ കണ്ടെത്തുക. പൈലറ്റ് ഓഡിറ്റ് വിഷയങ്ങളെ മെറ്റീരിയൽ, ചെലവ്, എളുപ്പത്തിൽ അളക്കാൻ കഴിയുന്ന ഡാറ്റയുടെ ലഭ്യത, അവ ശേഖരിക്കുന്നതിനുള്ള പ്രക്രിയകൾ മുതലായവയുടെ അടിസ്ഥാനത്തിൽകണ്ടെത്താം. തുടർന്ന്, പ്രധാന ഉദ്യോഗസ്ഥർ, ലിംഗപദവി വിദഗർ, മറ്റ് പ്രധാന പങ്കാളികൾ എന്നിവരെ ഉൾപ്പെടുത്തി സ്റ്റേക്ക്ഹോൾഡർ വർക്ക്ഷോപ്പുകൾ നടത്താം. ഓരോ ഓഡിറ്റ് വിഷയത്തിനും നിർദ്ദിഷ്ട ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള രീതിശാസ്ത്രവും പ്രസക്തമായ സൂചകങ്ങളും ആവശ്യമുണ്ട്.

6. എല്ലാ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള ശേഷിക്കുന്ന സ്കീമുകൾക്കായി ലിംഗപദവി ഭേദം അടിസ്ഥാനമാക്കിയുള്ള ഔട്ട്പുട്ട്, ഫല സൂചകങ്ങൾ തിരിച്ചറിയാൻ ആവശ്യപ്പെടാവുന്നതാണ്.

7. അപ്രകാരമുള്ള വകുപ്പിന്റെ വെബ്പേജിൽ ഒരു ജെൻഡർ ഓഡിറ്റ് ഒബ്സർവേറ്ററി ആരംഭിക്കുകയും സ്ഥാപനങ്ങൾ/ഓർഗനൈസേഷനുകൾ, പ്രോഗ്രാമുകൾ/സ്കീമുകൾ എന്നിവയുടെ ഓഡിറ്റുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകൾ എല്ലാവർക്കും എളുപ്പത്തിൽ റഫറൻസിനായി അപ്‌ലോഡ് ചെയ്യുകയും ചെയ്യാം.

8. വികേന്ദ്രീകരണ പ്രക്രിയയുടെ ലിംഗപദവി ഘടകത്തെ ശക്തിപ്പെടുത്തുകയും അടിസ്ഥാനതലത്തിൽ ജി.ആർ.ബി ലേക്ക് നയിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലിംഗപദവി സെൻസിറ്റീവ് ആയ ആസൂത്രണം വിപുലമാക്കുകയും ചെയ്യുക.

9. പദ്ധതി നടപ്പാക്കലിന്റെ ഫലപ്രാപ്തി, സുസ്ഥിരത, തൊഴിലവസരം, പ്രാദേശിക സാമ്പത്തിക വളർച്ച എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്ത്രീകൾക്ക് നേരിട്ട് പ്രയോജനപ്പെടുന്ന വികസന പദ്ധതികൾക്കായി പ്ലാൻ ഫണ്ടിന്റെ 10 ശതമാനം നിർബന്ധമായും നീക്കിവയ്ക്കുന്ന വനിതാ ഘടക പദ്ധതി നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

10. ലിംഗപദവി വിവേചന സ്ഥിതിവിവരക്കണക്കുകളുടെ നിർണായകത, ജൻഡർ മോണിറ്ററിംഗ് ഉപാധികൾ വികസിപ്പിക്കൽ, തദ്ദേശസ്ഥാപനങ്ങളിലേക്ക് ജി.ആർ.ബി വ്യാപിപ്പിക്കൽ.

11. ലിംഗപദവിഭേദം വേർതിരിക്കുന്ന ഡാറ്റ ലഭ്യതക്കുറവ് നിലവിൽ ഒരു പ്രധാന ദൗർബല്യമാണ്, ഇത് ജൻഡർ ബജറ്റിലെ ശാസ്ത്രീതി നടപ്പിലാക്കാനുള്ള കഴിവിനെ പരിമിതപ്പെടുത്തുന്നു. സ്ത്രീകളിലേക്കുള്ള ബജറ്റ് വിഭവങ്ങളുടെ ഒഴുക്ക് കണക്കാക്കുന്നതിനുള്ള ലക്ഷ്യത്തെപ്പോലും ഇത് തടസ്സപ്പെടുത്തുന്നു.

12. കേരളത്തിലെ ജി.ആർ.ബി സ്റ്റേറ്റ്മെന്റിന്റെ ഫോർമാറ്റിൽ ഇപ്പോൾ വിവിധ സ്കീമുകൾക്കായുള്ള ചെലവുകൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ കൂടാതെ ടാർഗെറ്റുചെയ്ത നേട്ടങ്ങളെയോ ഫലങ്ങളെയോ കുറിച്ചുള്ള വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

13. ജി.ആർ.ബി - യിലെ ഗ്രാന്റുകൾക്കായുള്ള ആവശ്യം വിവിധ വകുപ്പുകളിലോ പദ്ധതികളിലോ ഉടനീളം ഏകീകൃതമല്ല. ചില വകുപ്പുകൾ ലിംഗപദവി നിർണ്ണയ പദ്ധതികളിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, ശാസ്ത്രം, സാങ്കേതികവിദ്യയും പരിസ്ഥിതിയും, ശാസ്ത്രീയ സേവനങ്ങളും ഗവേഷണവും, ഐടി മിഷൻ, ഗതാഗതം, ടൂറിസം മുതലായ വകുപ്പുകൾ പിന്നിലാണ് (അഷ്റഫ് 2020).

14. ജി.ആർ.ബി കണക്കുകൾക്ക് കീഴിലുള്ള സ്കീമുകളിൽ സ്ത്രീകളെ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളായി മാത്രമാണ് കരുതുന്നതെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും ജെൻഡർ ബജറ്റിംഗ് സമീപകാല അവലോകനം അഞ്ച് തലങ്ങളായാണ് കണക്കാക്കിയിരിക്കുന്നത് –1. സ്ത്രീകളുടെ ഉപജീവനമാർഗങ്ങൾ; 2. പ്രയാസകരമായ സാഹചര്യങ്ങളിലുള്ള സ്ത്രീകളുടെ ക്ഷേമം; 3. സ്ത്രീകളുടെ ആരോഗ്യം; 4. സ്ത്രീകളുടെ പോഷകാഹാരം; കൂടാതെ 5. സ്ത്രീകളുടെ വിദ്യാഭ്യാസം പാർട്ട് എ മാത്രം പരിഗണിക്കുകയാണെങ്കിൽ, ഉപജീവനമാർഗ പദ്ധതികളാണ് ഏറ്റവും വലുതും അതിവേഗം വളരുന്നതും എന്നാൽ ബി ഭാഗം ചേർത്താൽ അത് ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിലുള്ള സ്ത്രീകളുടെ ക്ഷേമമാണെന്നും മനസിലാകുന്നു. എൻആർഇജിഎ, കുടുംബശ്രീ, കെഎസ്ഡബ്ല്യുഡിസിയുടെ സ്വയം തൊഴിൽ പദ്ധതികൾ, കയർ, കൈത്തറി, ഖാദി, ശരണ്യ തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വരുമാന പിന്തുണ, ദുർബലരായ സ്ത്രീകൾ–വിധവകൾ, വേർപിരിഞ്ഞവർ/അവിവാഹിതർ/അവിവാഹിതർക്കുള്ള സ്വയം തൊഴിൽ പദ്ധതി തുടങ്ങിയ പദ്ധതികളുടെ ആധിപത്യം ഇത് സൂചിപ്പിക്കുന്നു. തൊഴിൽ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ത്രീകൾ, പാർട് എ–യിൽ ഉപജീവനമാർഗത്തെ പ്രോത്സാഹിപ്പിക്കുന്നു. എന്നിരുന്നാലും, കാർഷിക, അനുബന്ധ പ്രവർത്തനങ്ങളിലും ഐടി, ഐടിഇഎസ് തുടങ്ങിയ "ആധുനിക" മേഖലകളിലും വ്യവസായത്തിലും സേവനങ്ങളിലും സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, തൊഴിൽ സൃഷ്ടിക്കുന്നതിൽ അവരുടെ പങ്ക് ഇപ്പോഴും ചെറുതാണെങ്കിലും വളരുകയാണ്.

15. കേരളത്തിലെ ജൻഡർ ബജറ്റ്–ലെ ഭൂരിഭാഗം സ്കീമുകളും തൊഴിൽ, അധികാരം, നിയന്ത്രണം എന്നിവയുടെ ലിംഗപദവി വിഭജനം മാറ്റുന്നതുമായി ബന്ധപ്പെട്ട തന്ത്രപരമായ ലിംഗപദവി പരമായ ആവശ്യങ്ങൾ ലക്ഷ്യമിടുന്നതിനു പകരം സ്ത്രീകളുടെ പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നു.

16. ഇതുവരെ, ലിംഗപദവി സമത്വവും ശാക്തീകരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം പിന്തുടരാൻ ഉപയോഗിച്ചിരുന്ന പ്രാഥമിക ധനകാര്യ ഉപാധി ചെലവ് ഘടകമാണ്, വരുമാന വശം പൂർണ്ണമായും അവഗണിക്കപ്പെട്ടു.

17. ജെൻഡർ ബജറ്റിങ്ങിനുള്ള ഉദ്യോഗസ്ഥരുടെ ശേഷി നിലവിൽ പരിമിതമാണ്. പലർക്കും ലിംഗപദവിപരമായ മുഖ്യധാരയുടെ സൂക്ഷ്മതകളെക്കുറിച്ചും ലൈംഗിക വേർതിരിവുള്ള ഡാറ്റ റിപ്പോർട്ടുചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും വേണ്ടത്ര അറിവില്ല.

18. ഇപ്പോൾ ജി.ആർ.ബി സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രോഗ്രാമുകളും സ്കീമുകളും നടപ്പിലാക്കുന്നതിനുള്ള വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, കൂടാതെ ലിംഗപദവിപരമായ വീക്ഷണകോണിൽ നിന്ന് അവലോകനം ചെയ്യുന്നതിനുള്ള ഒരു സ്ഥാപനവൽകൃത സംവിധാനത്തിന്റെ അഭാവമുണ്ട്. ഓഡിറ്റിംഗിന്റെയും അവലോകനത്തിന്റെയും അഭാവം ലിംഗപദവിപരമായ മുഖ്യധാരയുടെ ലക്ഷ്യത്തെ തന്നെ ലംഘിക്കുന്നു. ഈ സന്ദർഭത്തിൽ, ജെൻഡർ ഓഡിറ്റിന്റെ പ്രവർത്തനക്ഷമമായ ഒരു ചട്ടക്കൂട് വികസിപ്പിച്ചെടുക്കുന്നതാണ്.

അദ്ധ്യായം 25

മറ്റ് സേവനങ്ങൾ

25.1 പൊതു സാമ്പത്തിക സർവ്വീസുകൾ

അവലോകനം

സെക്രട്ടേറിയറ്റ് ഇക്കണോമിക്സ് സർവീസസ് ഉപമേഖലയിലെ വകുപ്പുകളുടേയും, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകളുടെ പദ്ധതികൾ ഉൾക്കൊള്ളുന്നത് പൊതു സാമ്പത്തിക സർവ്വീസുകളിലാണ്. സെക്രട്ടേറിയറ്റ് ഇക്കണോമിക് സർവീസസിന് കീഴിൽ പോലീസ്, ട്രഷറി, രജിസ്ട്രേഷൻ, റവന്യൂ, സർവേയും ലാൻഡ് റെക്കോർഡ്സും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐഎൽഡിഎം), പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIE&MD), വിജിലൻസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG), സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS), ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT), സംസ്ഥാന നിയമസഭ, കേരള പബ്ലിക് സർവീസ് കമ്മീഷൻ, എക്സൈസ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പ്രോസിക്യൂഷൻ, കേരള ഹൈക്കോടതി, വർക്കലയുടെ അടിസ്ഥാന സൗകര്യ വികസനം (VIVID), സംസ്ഥാന ആസൂത്രണ ബോർഡ്, നിയമം, ദുരന്തനിവാരണം, കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (K-DISC), സംസ്ഥാന ജിഎസ്ടി വകുപ്പ്, ധനകാര്യ ജി-സ്പാർക്ക്, നവകേരള കർമ്മപദ്ധതി, സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർകെഐ), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, വിജിലൻസ് ഇ-കോടതി എന്നിങ്ങനെ 30 വകുപ്പുകളുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

മേൽപ്പറഞ്ഞ വകുപ്പുകൾക്ക് കീഴിലുള്ള പദ്ധതികൾ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ജനങ്ങളുടെ ആവശ്യങ്ങളോട് കൂടുതൽ പ്രതികരിച്ചുകൊണ്ട് അവർക്ക് മികച്ച സേവനം പ്രദാനം ചെയ്യുന്നതിനും, ആധുനികവൽക്കരണം, കമ്പ്യൂട്ടർവൽക്കരണം, നൈപുണ്യ വികസന പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ വികസന പ്രക്രിയയ്ക്ക് ചലനാത്മകത നൽകുന്നതിനുമാണ്. ഇതിൽ സോഫ്റ്റ് വെയർ വികസനം, ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ, പൊതുവിതരണ സമ്പ്രദായത്തിന്റെ ശാക്തീകരണം, ഇ-ഗവേണൻസ്, സൈബർ സുരക്ഷ, പോലീസ് സേനകളുടെ നവീകരണം, ദുരന്തനിവാരണത്തിനുള്ള സംയോജിത സമീപനം, കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ബോധവൽക്കരണ പരിപാടികളും, സർവ്വേകളും പഠനങ്ങളും, അടിസ്ഥാന സൗകര്യ വികസനവും എന്നിവയ്ക്കുള്ള പദ്ധതികളാണുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-22) ഈ മേഖലയുടെ ബജറ്റ് വിഹിതം (ദുരന്തനിവാരണവും സിവിൽ സപ്ലൈസും ഒഴികെ) 12700.14 കോടി രൂപയായിരുന്നു. ഇതിൽ 6623.61 കോടി രൂപ മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ (MIP) നടപ്പാക്കുന്നതിന് മാത്രമായി മാറ്റിവച്ചിരിക്കുന്നു. പ്രസ്തുത കാലയളവിൽ ഈ മേഖലയുടെ ചെലവ് 2228.10 കോടി രൂപയായിരുന്നു. (MIP യുടെ ചെലവൊഴികെ) മുഖ്യ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കീഴിലുള്ള സ്കീമുകളുടെ ചെലവുകൾ ബന്ധപ്പെട്ട മേഖലകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് ഇക്കണോമിക് സർവീസസിന് ഉപമേഖലാ തിരിച്ചുള്ള ബജറ്റ് വിഹിതവും ചെലവും യഥാക്രമം 12638.76 കോടി രൂപയും, 2186.35 കോടി രൂപയും, ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന് 12.68 കോടി രൂപയും, 9.24 കോടി രൂപയും, 48.70 കോടി രൂപയും മറ്റ് പൊതു സാമ്പത്തിക സേവനങ്ങൾക്ക് 48.70 കോടി രൂപയും, 32.50 കോടി രൂപയുമാണ്. (ദുരന്ത നിവാരണത്തിന്റെയും സിവിൽ സപ്ലൈസിന്റെയും വിശദാംശങ്ങൾ യഥാക്രമം അധ്യായം 7.2, അധ്യായം 16 എന്നിവയ്ക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി അടങ്കലിന്റെയും ചെലവിന്റെയും ഉപമേഖല തിരിച്ചുള്ളതും വകുപ്പ് തിരിച്ചുള്ളതുമായ വിശദാംശങ്ങൾ പട്ടിക 25.1, പട്ടിക 25.2 എന്നിവയിൽ നൽകിയിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, സമ്പൂർണ്ണ ഇ-ഗവേണൻസ് സംവിധാനങ്ങൾ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, നവീകരണ പ്രവർത്തനങ്ങൾ, വിജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് നൂതനാശയങ്ങളും നൈപുണ്യവും പരിപോഷിപ്പിക്കൽ, തൊഴിലവസരങ്ങൾ പ്രദാനം ചെയ്യൽ, കാര്യ ശേഷി വികസനം, പരിശീലനം, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയാണ് ഈ മേഖലയ്ക്ക് കീഴിലുള്ള വകുപ്പുകൾ ലക്ഷ്യമിടുന്നത്. ഇ-സേവനം, എം-സേവനം എന്നിങ്ങനെ എല്ലാ പൊതുസേവനങ്ങളും ഡിജിറ്റലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പുകളുടെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

പോലീസ് വകുപ്പ്

അവലോകനം

സംസ്ഥാനത്തെ പൊതു സുരക്ഷയ്ക്കും ക്രമസമാധാന പരിപാലനത്തിനുമുള്ള നിയമ നിർവ്വഹണ ഏജൻസിയാണ് കേരള സ്റ്റേറ്റ് പോലീസ്. പോലീസ് ഭരണനിർവഹണം, ക്രമസമാധാന പരിപാലനം, മറ്റ് വിവിധ സാമൂഹിക പോലീസ് പദ്ധതികൾ എന്നിവയുടെ നിർവ്വഹണത്തിലൂടെ രാജ്യത്തെ ഏറ്റവും മികച്ച പോലീസ് സേനകളിലൊന്നായി കേരള പോലീസ് മാറിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വിവിധ പദ്ധതികൾക്കായി 766.85 കോടി രൂപ വകയിരുത്തുകയും ഇതിൽ 620.39 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. (വർഷം തിരിച്ചുള്ള അടങ്കലും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു).

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

- നിർമ്മാണം - 36 പോലീസ് സ്റ്റേഷനുകൾക്കായി പുതിയ കെട്ടിടങ്ങൾ, 7 കൺട്രോൾ റൂമുകൾ, 11 പരിശീലന കേന്ദ്രങ്ങൾ, പോലീസ് ആസ്ഥാനത്ത് സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിന് (SOG) 5 സ്മാർട്ട് ക്ലാസ് റൂമുകൾ, തൃശ്ശൂർ സിറ്റി, മലപ്പുറം, കണ്ണൂർ സിറ്റി, ആലപ്പുഴ എന്നിവിടങ്ങളിൽ ജില്ലാ പോലീസ് ഓഫീസുകൾ. തൃശ്ശൂർ റൂറൽ, കൊല്ലം റൂറൽ എന്നിവിടങ്ങളിൽ ജില്ലാ പോലീസ് ഓഫീസുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. തൃശ്ശൂർ സിറ്റിയിൽ, സെൻട്രൽ ഇന്ററോഗെഷനും കസ്റ്റഡി സൗകര്യവും, മലപ്പുറം പാണ്ടിക്കാട് ഭീകരവാദത്തിനും കലാപത്തിനും എതിരെയുള്ള സ്മാർട്ട് ക്ലാസ് റൂമുകൾ, തമ്പാനൂരിലെ ജി.ആർ.പി കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, എസ്.ഒ.ജി അരീക്കോടിൽ വനിതാ ബാരക്ക്, എന്നിവ നിർമ്മിച്ചിട്ടുണ്ട്. 479 വികലാംഗ സൗഹൃദ പോലീസ് സ്റ്റേഷനുകൾ, എറണാകുളത്ത് സ്പെഷ്യൽ ബ്രാഞ്ച് റേഞ്ച് ഓഫീസ്, കൊച്ചി സിറ്റി പോലീസ് കോംപ്ലക്സ്, തിരുവനന്തപുരത്ത് ക്രൈംബ്രാഞ്ച് കോംപ്ലക്സ് തുടങ്ങിയവയും നിർമ്മിച്ചിട്ടുണ്ട്.
- കമ്മ്യൂണിറ്റി പോലീസിംഗ് - പുതുതായി ഉൾപ്പെടുത്തിയ ബീറ്റ് ഓഫീസർമാർക്കായുള്ള പരിശീലനവും, നിലവിലുള്ള 766 ജെ.എം.എസ്.പി ബീറ്റ് ഓഫീസർമാർക്കുള്ള റിഫ്രഷർ പരിശീലനം, കമ്മ്യൂണിറ്റി പോലീസ് ഡയറക്ടറേറ്റിന്റെയും ജനമൈത്രി ഡയറക്ടറേറ്റിന്റെയും നിർമ്മാണം, പ്രളയബാധിത പ്രദേശങ്ങളിലെ കുട്ടികൾക്കും സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകുന്നതിനായി ഹോപ്പ് എന്ന പ്രോജക്ട് നടപ്പാക്കൽ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ചിരി ഹെൽപ്പ് ഡെസ്ക്, രക്തദാനത്തിന് കേന്ദ്രീകൃതവും ഔപചാരികവുമായ സ്വഭാവം നൽകുന്നതിന് കേരള പോലീസ് ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നു.
- സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഡയറക്ടറേറ്റ് നിർമ്മാണം - പതിമൂന്നാം പദ്ധതിയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട് 364 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ചു, ഇപ്പോൾ 1000 സ്കൂളുകളിൽ നടപ്പിലാക്കുന്നു. എല്ലാ 2,11,575 സീനിയർ കേഡറ്റുകളും വിജയിച്ചു, കോവിഡ് - 19 മഹാമാരി സമയത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.
- 1051 വിവിധ തരം വാഹനങ്ങൾ വാങ്ങി.

- എസ്സി/എസ്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിക്കാൻ പ്രത്യേക മൊബൈൽ സ്ക്വാഡുകൾ രൂപീകരിച്ചു
- GPS ട്രാക്കറുകളും ബോഡി ക്യാമറകളും ഘടിപ്പിച്ച വാഹനം വാങ്ങൽ.
- ക്രൈംബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിന്റെയും വിവിധ ക്രൈംബ്രാഞ്ച് ഓഫീസുകളുടെയും ഡിജിറ്റലൈസേഷൻ, അഡ്വാൻസ്ഡ് ഇൻവെസ്റ്റിഗേഷൻ കിറ്റുകൾ, കോൾ ഡീറ്റേയ്ൽ റിക്കോർഡർ അനാലിസിസ് സിസ്റ്റം വാങ്ങൽ
- വൈഡ് ഏരിയ നെറ്റ്‌വർക്ക് (SD-WAN) ആരംഭിക്കൽ.
- അപകടങ്ങൾ കുറച്ചുകൊണ്ട് ട്രാഫിക് മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനായി ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങൽ, കേരള പോലീസ് അക്കാദമിയിൽ രണ്ടാം ഘട്ടമായി ട്രാഫിക് പരിശീലന സ്കൂളും ഗവേഷണ കേന്ദ്രവും സ്ഥാപിക്കൽ
- സൈബർ ക്രൈം അന്വേഷണത്തിന്റെ സാങ്കേതിക വിദ്യ നവീകരിക്കൽ
- ബയോളജി സീറോളജി ഡിവിഷനുകൾക്കുള്ള ആധുനികവൽക്കരണവും ലോജിസ്റ്റിക്സും, തിരുവനന്തപുരത്തും, തൃശ്ശൂരിൽ റീജിയണൽ ഫോറൻസിക് ലബോറട്ടറിക്കും, ഫുഡ് സേഫ്റ്റി ലബോറട്ടറിയും RFSL-ൽ സൈബർ ഫോറൻസിക് വർക്ക്സ്റ്റേഷൻ സ്ഥാപിക്കൽ
- എറണാകുളം റൂറൽ, കോട്ടയം, കൊല്ലം നഗരം എന്നിവിടങ്ങളിൽ ആട്ടോമേറ്റിക് നമ്പർ പ്ലേറ്റ് റെഗഗിനിഷൻ (ANPR) ക്യാമറകൾ സ്ഥാപിച്ചു
- പോലീസ് സ്റ്റേഷനുകളിലും, ഉയർന്ന ഓഫീസുകളിലും റാമ്പും വികലാംഗ സൗഹൃദ ടോയ്‌ലറ്റുകളും നിർമ്മിച്ചു.
- സ്ത്രീ സുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള ലിംഗ ബോധവൽക്കരണവും ലിംഗ അടിസ്ഥാന സൗകര്യ പദ്ധതിയും - പിങ്ക് കൺട്രോൾ റൂമിനായി 30 എണ്ണം ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV) വാങ്ങൽ, സാമൂഹ്യ ബന്ധവും ഏകോപനവും ഉപയോഗിച്ച് ഘടനാപരവും നടപടിക്രമപരവും മനോഭാവപരവുമായ മാറ്റങ്ങൾ വഴി 165 പോലീസ് സ്റ്റേഷനുകളെ സ്ത്രീ-ശിശു സൗഹൃദമാക്കുന്നു.
- തിരുവനന്തപുരത്ത് പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ച് ദുരന്തങ്ങൾ, കാർഷിക ആവശ്യങ്ങൾ, വിവിധ സർവേ പ്രവർത്തനങ്ങൾ എന്നിവയിൽ രക്ഷാപ്രവർത്തനങ്ങൾക്കായി ആധുനിക ഡ്രോൺ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു.
- ഓൺലൈൻ സാമ്പത്തിക തട്ടിപ്പിനെതിരെ പരാതി നൽകാൻ കോൾ സെന്റർ സജ്ജീകരിച്ചു. ഓൺലൈൻ സൈബർ തട്ടിപ്പിന് ഇരയായവർക്ക് 155260 എന്ന ടോൾ ഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ അറിയിക്കാം.
- സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു.
- ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് സിസ്റ്റം (CCTNS) പരിശീലന കേന്ദ്രവും ഒരു ഹൈടെക് ലാബും ആരംഭിച്ചു (ഇൻസൈറ്റ്)
- തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ (സൈബർഡോം), മലപ്പുറത്തും തിരുവനന്തപുരം റൂറലിലും സിസിടിവി നിരീക്ഷണ സംവിധാനം സ്ഥാപിച്ചു.
- സ്ത്രീധനവുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ, സൈബർ ഭീഷണിപ്പെടുത്തൽ, പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരായ പീഡനം എന്നിവ നേരിടാൻ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് ആരംഭിച്ചു. ഒരു വനിതാ ഓഫീസറെ വച്ച് പിങ്ക് റോമിയോ എന്ന ബുള്ളറ്റ് പട്രോളിംഗ് ആരംഭിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പിന്റെ പ്രധാന ലക്ഷ്യം മികച്ച പോലീസിംഗിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക, ആർട്ടിഫിഷൽ ഇന്റലിജൻസ് (AI) പോലുള്ള അത്യാധുനിക സാങ്കേതികവിദ്യകളുടെ ശേഷി പ്രയോജനപ്പെടുത്തുക, സാമൂഹ്യ പങ്കാളിത്തം സുഗമമാക്കുക, സമഗ്ര

പോലീസിംഗ് ഉറപ്പാക്കുക, ഫലപ്രദമായ പൊതു സേവനം പ്രദാനം ചെയ്യുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയാണ്.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

എല്ലാ പോലീസ് സ്റ്റേഷനുകളെയും സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി നവീകരിക്കൽ, നാല് ജില്ലാ പരിശീലന കേന്ദ്രങ്ങളുടെ നിർമാണം, അഞ്ച് ജില്ലാ കൺട്രോൾ റൂമുകളുടെയും, അഞ്ച് ജില്ലാ പൊലീസ് ഓഫീസുകളുടെയും നിർമാണം, അത്യാധുനിക ഉപകരണങ്ങൾ വാങ്ങൽ, പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ, എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും എസ്.പി.സി നടപ്പിലാക്കൽ, എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങൽ, പോലീസ് സ്റ്റേഷനുകൾ മിനി കൺട്രോൾ റൂമുകളായി സജ്ജീകരിക്കൽ, 15 സൈബർ പോലീസ് സ്റ്റേഷനുകൾക്കുള്ള ലോജിസ്റ്റിക്സും, മറ്റ് ഉപകരണങ്ങളും, ആശയവിനിമയ സംവിധാനം ശക്തിപ്പെടുത്തൽ, കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, പോലീസ് സ്റ്റേഷനുകൾക്ക് റാമ്പും, വികലാംഗ സൗഹൃദ ടോയ്‌ലറ്റുകളും, കൺട്രോൾ റൂമുകൾ ശക്തിപ്പെടുത്തൽ, ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെ വാഹനങ്ങൾ വാങ്ങൽ, ട്രാഫിക് സിഗ്നലിന്റെ പരിപാലനവും നിരീക്ഷണ കേന്ദ്രത്തിന് ആവശ്യമായ ഉപകരണങ്ങളും, പോലീസ് ഉദ്യോഗസ്ഥർക്കായി ആർട്ടിഫിഷൽ ഇന്റലിജന്റ് (AI) അടിസ്ഥാനമാക്കിയുള്ള മൊബൈൽ ആപ്ലിക്കേഷൻ, ഡ്രോൺ ഫോറൻസിക് ലാബും ആന്റി ഡ്രോൺ സംവിധാനവും എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്, തിരുവനന്തപുരത്ത് സൈബർഡോം-സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കൽ, സാമ്പത്തിക കുറ്റകൃത്യ വിഭാഗം സ്ഥാപിക്കൽ.

2022-23ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

1. തട്ടിപ്പ്, ദുരുപയോഗം, ക്രിമിനൽ വിശ്വാസലംഘനം, മയക്കുമരുന്ന് കടത്ത്, വഞ്ചന, വ്യാജരേഖ ചമയ്ക്കൽ, കള്ളപ്പണം തുടങ്ങിയവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും ഇടപാടുകളും കൈകാര്യം ചെയ്യുന്നതിനായി 'സാമ്പത്തിക കുറ്റകൃത്യം' എന്ന പ്രത്യേക അന്വേഷണ ഏജൻസി വിഭാവനം ചെയ്യുന്നു. സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യാൻ പ്രൊഫഷണൽ പരിശീലനം ലഭിച്ച അന്വേഷകരെ ആവശ്യമാണ്.

2. തിരുവനന്തപുരത്ത് സൈബർ സുരക്ഷാ കേന്ദ്രം (സൈബർഡോം)

ട്രഷറി വകുപ്പ്

അവലോകനം

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക മാനേജ്മെന്റിൽ ട്രഷറി വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. വകുപ്പിന് 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും, 23 ജില്ലാ ട്രഷറികളും, 7 പെൻഷൻ പേയ്മെന്റ് സബ് ട്രഷറികളും 12 സ്റ്റാമ്പ് ഡിപ്പോകളും ഉൾപ്പെടെ 200 സബ് ട്രഷറികളും ഉണ്ട്. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിൽ ഇടപാടുകൾ വേഗത്തിലും സുതാര്യമായും മാറുമ്പോൾ സുരക്ഷയുടെ കാര്യത്തിൽ അന്താരാഷ്ട്ര നിലവാരം സ്ഥാപിക്കുക എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്. നിലവിലെ സംവിധാനത്തെ പേപ്പർ രഹിത അന്തരീക്ഷമാക്കി മാറ്റാനും എ.ടി.എം സൗകര്യം ഏർപ്പെടുത്താനും പുതിയ സോഷ്യൽ ഓഡിറ്റ് സംവിധാനം നടത്താനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ട്രഷറി വകുപ്പിന്റെ പദ്ധതികൾക്കായി 105.48 കോടി രൂപ വകയിരുത്തുകയും 89.61 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ട്രഷറികളുടെ ഓൺലൈൻ സേവന സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഡാറ്റാ സെന്റർ II-ൽ ഉയർന്ന ശേഷിയുള്ള സെൻട്രൽ സെർവർ സ്ഥാപിച്ചു. 13 സബ് ട്രഷറി ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായി, ട്രഷറി വകുപ്പിന്റെ ആസ്ഥാന കെട്ടിടത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്, 33 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 18 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. വകുപ്പ് 16 ട്രഷറികൾ

നവീകരിച്ച് മാതൃകാ ട്രഷറികളാക്കി. ഇത് കൂടാതെ 15 ട്രഷറികളുടെ നിർമ്മാണത്തിന് ഭൂമി ലഭിച്ചിട്ടുണ്ട്. ഐഎസ്ഒ 27001 സർട്ടിഫിക്കേഷൻ, പുതിയ പാസ്സ് ബുക്ക് പ്രിന്ററുകൾ, വ്യാജ നോട്ട് ഡിറ്റക്ടർ ഉള്ള കറൻസി കൗണ്ടിംഗ് മെഷീൻ എന്നിവ 1000 ട്രഷറികൾക്ക് വാങ്ങി നൽകി, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുക, ചെക്ക് ബുക്കുകൾക്ക് അപേക്ഷിക്കുവാനുള്ള സൗകര്യം, പുതിയ എസ്.ബി അക്കൗണ്ടുകൾ തുടങ്ങൽ, പണത്തിന്റെ നിക്ഷേപവും, സ്ഥിരനിക്ഷേപവും പുതുക്കൽ, ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കൽ തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ, സി.സി.ടി.വി നിരീക്ഷണം മുതലായവയാണ് വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ. ഓരോ ജീവനക്കാരെയും വകുപ്പിന്റെ കമ്പ്യൂട്ടർ സിസ്റ്റം ആക്സസ് ചെയ്യാൻ കൂടുതൽ പ്രാപ്തരാക്കി കൊണ്ട് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കി യൂസർ മാനേജ്മെന്റ് ഓതന്റിക്കേഷൻ സിസ്റ്റം ആരംഭിക്കുകയും അതിലൂടെ IFMS മുഖേനയുള്ള ട്രഷറി ഇടപാടുകളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കൽ, ഇ-ട്രഷറി സംവിധാനം, ട്രഷറി സേവിംഗ്സ് ബാങ്കിലെ കോർ ബാങ്കിംഗ്, ജെം പോർട്ടലുമായി സംയോജിപ്പിക്കൽ, പെൻഷൻ ബുക്കുകളുടെ ഡിജിറ്റൈസേഷൻ, പെൻഷനേഴ്സ് പോർട്ടൽ മുതലായവയിൽ വകുപ്പ് ഓൺലൈനിൽ പ്രവർത്തിക്കും. ബയോ മെട്രിക് ഹാജർ മാനേജ്മെന്റ് സിസ്റ്റം 23 ജില്ലാ ട്രഷറികൾ, 3 റീജിയണൽ ഓഫീസുകൾ, ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നടപ്പിലാക്കി. 21 ഡിപ്പാർട്ട്മെന്റുകളും 10 ബാങ്കുകളും ഇ-ട്രഷറി സംവിധാനത്തിലേക്ക് നേരിട്ട് സംയോജിപ്പിക്കുകയും, 53 ബാങ്കുകളെ ഫെഡറൽ ബാങ്കിന്റെ ഗേറ്റ്വേ വഴി ഇതിലേക്ക് ലയിപ്പിക്കുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിൽ ഇടപാടുകൾ കൂടുതൽ വേഗത്തിലും സുതാര്യമായും മാറുന്നതിനാൽ സുരക്ഷയുടെ കാര്യത്തിൽ അന്താരാഷ്ട്ര നിലവാരം കൈവരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. അത്യാധുനിക സാങ്കേതിക വിദ്യയുടെ പിന്തുണയോടെ, സേവന വിതരണ സംവിധാനം കാര്യക്ഷമമാക്കുകയും, ഉയർന്ന നിലവാരമുള്ള സൈബർ സുരക്ഷാ സംവിധാനത്തോടെ ഇടപാടുകൾ പൂർണ്ണമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

പതിനാലാം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ (ഐഎഫ്എംഎസ്) പരമാവധി കാര്യക്ഷമത കൈവരിക്കുന്നതിന്, ഇനിപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്നു- WAN നവീകരിക്കുക, കാര്യക്ഷമതയ്ക്കും വിജയകരമായ ട്രഷറി പ്രവർത്തനത്തിനുമായി പഴയ കമ്പ്യൂട്ടറും മറ്റ് ഐടി ഉപകരണങ്ങളും മാറ്റിസ്ഥാപിക്കൽ, കറൻസി നോട്ടുകൾ കൈകാര്യം ചെയ്യുമ്പോഴുള്ള അപകടസാധ്യത കുറയ്ക്കുന്നതിന് കറൻസി സോർട്ടിംഗ് കം കൗണ്ടിംഗ് മെഷീനുകൾ, പ്രത്യേകിച്ച് കറൻസി കൗണ്ടിംഗിനും, സോർട്ടിംഗിനും കെട്ടുകളാക്കുന്നതിനും, എല്ലാ ട്രഷറികളിലും അഗ്നിശമന ഉപകരണം സ്ഥാപിക്കൽ, ജനറേറ്ററുകൾ സജ്ജീകരിക്കുക, വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ സ്ഥാപിക്കൽ, ട്രഷറികൾക്കുള്ള അടിസ്ഥാന സൗകര്യ വികസന പരിപാടിയുടെ ഭാഗമായി ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ ട്രഷറികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കൽ, പഴയതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾ മാറ്റി പുതിയ ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടം സ്ഥാപിക്കൽ, എല്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധിപ്പിക്കലും ജീവനക്കാർക്ക് ഉയർന്ന നിലവാരമുള്ള പരിശീലന പരിപാടികൾ നൽകലും.

രജിസ്ട്രേഷൻ വകുപ്പ്

അവലോകനം

വിവിധ രജിസ്ട്രേഷൻ നിയമങ്ങൾക്ക് കീഴിലുള്ള രേഖകളുടെ രജിസ്ട്രേഷൻ പ്രത്യേകിച്ചും രജിസ്ട്രേഷൻ നടത്തേണ്ട ഭൂമി ഇടപാടുകൾ, മരണം, വിവാഹം, സൊസൈറ്റികൾ, കമ്പനികൾ, പങ്കാളിത്തം, പവർ ഓഫ് അറ്റോർണി, ബാധ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകളുടെ രജിസ്ട്രേഷൻ എന്നീ ഉത്തരവാദിത്വങ്ങൾ രജിസ്ട്രേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നതാണ്. രജിസ്ട്രേഷൻ വകുപ്പ് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽ നിന്നും വരുമാനം ശേഖരിക്കുന്നു, ഇത് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ രണ്ടാമത്തെ വലിയ സ്രോതസ്സാണ്. രജിസ്ട്രേഷൻ നിയമങ്ങളുടെ പ്രധാന ലക്ഷ്യം രേഖകളുടെ സുതാര്യത തെളിയിക്കുക, ഇടപാടുകൾ പരസ്യം ആക്കുക, കൃത്രിമം തടയുക, കൈമാറ്റം നടത്തേണ്ട സ്വത്ത് മുമ്പ് കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കുക,

യഥാർത്ഥ രേഖകൾ നഷ്ടപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്താൽ അവകാശങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പിന് പദ്ധതി വിഹിതമായി 9542.00 ലക്ഷം രൂപ വകയിരുത്തിയതിൽ 6334.59 ലക്ഷം രൂപ ചെലവഴിച്ചു. വർഷാടിസ്ഥാനത്തിലുള്ള വിഹിതവും ചെലവും പട്ടിക 25.1 ൽ കാണിച്ചിരിക്കുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾക്കും, പഴയ രേഖകളുടെ സംരക്ഷണത്തിനും ഡിജിറ്റലൈസേഷനും വേണ്ടിയാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പദ്ധതി കാലയളവിലെ പ്രധാന നേട്ടങ്ങളാണ് രജിസ്ട്രേഷനായി പ്രോപ്പർട്ടി രേഖകൾ വാങ്ങുന്നയാളോ വിൽക്കുന്നയാളോ തയ്യാറാക്കാനുള്ള അനുമതി, സബ് രജിസ്ട്രി ഓഫീസുകളിൽ നിന്നുള്ള എല്ലാ ഇടപാടുകൾക്കും ഇ-പേയ്മെന്റ്/ഇ-പോസ് സൗകര്യം, പ്രോപ്പർട്ടി രജിസ്ട്രേഷനായി 1.00 ലക്ഷവും അതിനുമുകളിലും ഇ-സ്റ്റാമ്പിംഗ്, എല്ലാ പ്രോപ്പർട്ടി ഇടപാടുകൾക്കും ഓൺലൈൻ മ്യൂട്ടേഷൻ സൗകര്യം, കെ.എസ്.എഫ്.ഇ ലിമിറ്റഡുമായി സഹകരിച്ച് എൻആർഐ ചിട്ടി രജിസ്ട്രേഷനുള്ള ഓൺലൈൻ സംവിധാനം, സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പകൾക്കുള്ള ഡിജിറ്റൽ മോർട്ട്ഗേജ് ഡീഡുകൾ (ഗെഹാൻ), പ്രോപ്പർട്ടി രജിസ്ട്രേഷൻ സംവിധാനത്തിൽ ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ, എല്ലാ സബ് രജിസ്ട്രി ഓഫീസുകളിലും പഴയ രജിസ്റ്റർ ചെയ്ത രേഖകൾ സംരക്ഷിക്കുകയും സ്കാൻ ചെയ്യുകയും ചെയ്യുക, ഒരു ജില്ലയിൽ എവിടെയും രേഖകളുടെ രജിസ്ട്രേഷൻ, 56 സബ് രജിസ്ട്രി ഓഫീസുകളിൽ റെക്കോർഡ് റൂമുകൾ നവീകരിക്കുക.

നിർണ്ണായകമായ വിടവുകൾ/പ്രശ്നങ്ങൾ

പ്രധാന സേവനങ്ങൾ നൽകുന്നതിനുള്ള സമയദൈർഘ്യമാണ് വകുപ്പ് കണ്ടെത്തിയ പ്രധാന വിടവ്. ഈ പ്രശ്നം മറികടക്കാൻ ഒരു ഇടപാടിലെ കക്ഷികളുടെ ബയോമെട്രിക് ഐഡന്റിഫിക്കേഷനായി ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ചു കൊണ്ട് ഡിജിറ്റൈസേഷൻ പ്രക്രിയ ആരംഭിക്കുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ഒരു ഇടപാടിൽ കക്ഷികളുടെ ബയോമെട്രിക് തിരിച്ചറിയലിനായി ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം, സേവന വിതരണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിജിറ്റൽ സാക്ഷ്യപ്പെടുത്തലോടു കൂടിയ പകർപ്പുകൾ നൽകുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി, രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലളിതമാക്കൽ, എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കൽ, കോർ ഐ.ടി ഇൻഫ്രാസ്ട്രക്ചർ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ബിസിനസ് തുടർച്ച ഉറപ്പാക്കുന്നതിന് അനുയോജ്യമായ ദുരന്ത നിവാരണ സംവിധാനങ്ങൾ നടപ്പിലാക്കൽ എന്നിവ നിർദ്ദേശിക്കുന്നു.

ലാൻഡ് റവന്യൂ വകുപ്പ്

അവലോകനം

ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കൈകാര്യം ചെയ്യുന്ന കേരളത്തിലെ ഏറ്റവും പഴയ വകുപ്പുകളിലൊന്നാണ് ലാൻഡ് റവന്യൂ വകുപ്പ്. കേരളത്തിൽ 14 ജില്ലകൾ, 27 റവന്യൂ ഡിവിഷനുകൾ, 78 താലൂക്കുകൾ, 1545 വില്ലേജുകൾ (ഗ്രൂപ്പ് വില്ലേജുകൾ ഉൾപ്പെടെ 1666) എന്നിവയും വിവിധ നിയമങ്ങൾക്കനുസരിച്ച് രൂപീകരിച്ച 300 ഓളം പ്രത്യേക ഓഫീസുകളും ഉൾക്കൊള്ളുന്നു. പൊതു ഭൂമികളുടെയും വിഭവങ്ങളുടെയും സംരക്ഷണം, അടിസ്ഥാന നികുതി പിരിവ്, തോട്ടനികുതി, കെട്ടിടനികുതി, റവന്യൂ റിക്കവറി പ്രാബല്യത്തിൽ വരുത്തൽ, പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകൾ നൽകൽ, ഭൂരേഖകളുടെ പരിപാലനവും, പുതുക്കലും, ദുരന്തനിവാരണ പ്രവർത്തനങ്ങൾ എന്നിവയാണ് വകുപ്പിന്റെ പ്രധാന ചുമതലകൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പൗരന്മാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന കാഴ്ചപ്പാട്. അത് നേടുന്നതിനായി, സേവനം ലഭ്യമാക്കുന്നതിലെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും ഐടി അധിഷ്ഠിത സേവനങ്ങളിലേക്ക് മാറുന്നതിനും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കലും, പേഴ്സണൽ മാനേജ്മെന്റും, വകുപ്പിന് മികച്ച അടിസ്ഥാന സൗകര്യങ്ങളുമാണ് ലക്ഷ്യമിടുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പിന് പദ്ധതി വിഹിതമായി വകയിരുത്തിയ 32563.00 ലക്ഷം രൂപയിൽ 26098.17 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം- ഇതിൽ 115 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയായി, 52 എണ്ണം പൂർത്തിയാകുന്നു, 310 എണ്ണം അറ്റകുറ്റപ്പണികൾ പൂർത്തിയായി, റവന്യൂ ഓഫീസുകളുടെ നവീകരണം - 102 എണ്ണം പൂർത്തിയായി, 25 എണ്ണം പുരോഗമിക്കുന്നു. എല്ലാ വില്ലേജ് ഓഫീസുകൾക്കുമുള്ള വെബ്സൈറ്റ്, ReLiS - എല്ലാ വില്ലേജ് ഓഫീസുകളിലും, ഭൂരേഖകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി രജിസ്ട്രേഷൻ, സർവേ വകുപ്പുമായി ഓൺലൈൻ സംയോജനത്തിനുള്ള ഒരു വെബ് ആപ്ലിക്കേഷൻ നടപ്പാക്കി, എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, RDOകളിലും, 61 താലൂക്കുകളിലും, 324 വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കി, എല്ലാ വില്ലേജ് ഓഫീസുകളിലും ബിടിആർ/ടിപിആർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി, എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പേയ്മെന്റ് നടപ്പിലാക്കി, ആധാർ സീഡിംഗ് ഉപയോഗിച്ചുള്ള തനത് തണ്ടപ്പേർ, ഇ-പേയ്മെന്റുമായി ഇ-പോസ് സംയോജനം, അടിയന്തിര സഹായത്തിനും വീടിന് കേടുപാടുകൾക്കുമുള്ള സഹായത്തിനായി റിലീഫ് പോർട്ടൽ, റവന്യൂ മിത്രം, പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം, കെട്ടിട നികുതി, എഫ്എംബി, തണ്ടപ്പേർ എക്സ്ട്രാക്റ്റ് ലൊക്കേഷൻ സ്കെച്ച് എന്നിവയ്ക്കായി ഓൺലൈൻ സേവനങ്ങൾ.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

പൊതുജനങ്ങൾക്ക് സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും എത്തിക്കാൻ വകുപ്പ് ലക്ഷ്യം വയ്ക്കുന്നു. ഇ-ഗവേണൻസ്, ഐ.ടി അധിഷ്ഠിത സേവനങ്ങൾ, വകുപ്പിന്റെ അടിസ്ഥാന സൗകര്യ വികസനവും, നവീകരണവും, ILDM നെ മികവിന്റെ കേന്ദ്രമായി മാറ്റുക എന്നിവയാണ് റവന്യൂ വകുപ്പ് ഊന്നൽ നൽകിയിട്ടുള്ള മേഖലകൾ.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുക.
- മെച്ചപ്പെട്ട സേവന വിതരണത്തിനായി കമ്പ്യൂട്ടറൈസേഷനും ഡിജിറ്റലൈസേഷനും - ഭൂരേഖകളുടെ സ്കാനിംഗും ഡിജിറ്റൽ സംരക്ഷണവും, സോഫ്റ്റ്‌വെയർ വികസനവും ആപ്ലിക്കേഷൻ പിന്തുണയും, പ്രോജക്ട് നടപ്പിലാക്കൽ സുഗമമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, ലാൻഡ് ബോർഡ്, താലൂക്ക് ലാൻഡ് ബോർഡ്, ലാൻഡ് ട്രിബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റി; റെക്കോർഡുകളുടെ ഡിജിറ്റൈസേഷനും, സോഫ്റ്റ്‌വെയറുകളുടെ വികസനവും, കേരള ലാൻഡ് അതോറിറ്റി എന്നിവ ഇതിൽ ഉൾപ്പെടുന്നു
- അടിസ്ഥാന സൗകര്യ വികസനവും അറ്റകുറ്റപണികളും - റവന്യൂ ഭവൻ- ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം ഉൾപ്പടെ വകുപ്പിന്റെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും, സ്മാർട്ട് വില്ലേജുകളുടെ നിർമ്മാണവും ഭൂമി ഏറ്റെടുക്കലും, വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ റവന്യൂ ഓഫീസുകളുടെ പരിപാലനം, റവന്യൂ ഓഫീസുകളുടെ നവീകരണവും അടിസ്ഥാന സൗകര്യങ്ങളും, ഫീൽഡ് ഓഫീസ് കം റസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം, എമർജൻസി ഓപ്പറേഷൻ സെന്ററുകൾക്ക്, പമ്പ, സന്നിധാനം, എന്നിവിടങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ്, ജില്ലാ താലൂക്ക് ആസ്ഥാന മന്ദിരങ്ങൾ എന്നിവയ്ക്ക് കെട്ടിട

നിർമ്മാണം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, പഞ്ചിംഗ് സംവിധാനങ്ങൾ, റവന്യൂ അവാർഡുകൾ, കേരള ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷന്റെ നവീകരണം, താലൂക്ക് ഓഫീസുകളിലെ ആധുനിക റെക്കോർഡ് റൂം.

- ദുരന്ത പ്രതിരോധവും ദുരന്തനിവാരണവും – താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളും ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററും സ്ഥാപിക്കൽ, സ്മാർട്ട് കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ജീവനക്കാർക്കും എൻ.ജി.ഒ കൾക്കും കാര്യശേഷി വർധിപ്പിക്കൽ, അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഇംപ്രസ്റ്റ് ഫണ്ട്.

സർവേയും ലാൻഡ് റിക്കോർഡ്സും

അവലോകനം

വിജയകരമായ റവന്യൂ ഭരണത്തിന്റെ പ്രധാന അടിത്തറകളിലൊന്നാണ് പുതുക്കിയ ഭൂരേഖകളുടെ പരിപാലനം. പിശകുകളില്ലാത്ത, ഡിജിറ്റൽ ഭൂരേഖകൾ തയ്യാറാക്കുന്നത് മൊത്തത്തിലുള്ള ഭാവി വികസനത്തിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ റീസർവേ പൂർത്തിയാക്കുക എന്നതാണ് വകുപ്പിന്റെ പ്രധാന ചുമതല. 1666 വില്ലേജുകളിൽ ഇതുവരെ 918 വില്ലേജുകളുടെ റീസർവേ പൂർത്തിയായി, 21 വില്ലേജുകളിൽ റീസർവേ പുരോഗമിക്കുന്നു, 727 എണ്ണം ഇനിയും സർവേ ചെയ്യാനുണ്ട്. മാപ്പിംഗ്, പട്ടയ സർവേ, എൽ.ആർ.എം സേവനങ്ങൾ, അന്തർസംസ്ഥാന അതിർത്തി സർവേ, ഭൂമി ഏറ്റെടുക്കൽ സർവേ തുടങ്ങിയ G2G– സേവനങ്ങൾ (മറ്റ് വകുപ്പുകൾക്ക് നൽകുന്ന സേവനങ്ങൾ) വകുപ്പ് പ്രദാനം ചെയ്യും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, സർവേ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിന് പദ്ധതി സഹായമായി 12052.00 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ 1947.35 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

കൺഡിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ (CORS) നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി – ഭൂ സർവേ പരിപാടികളുടെ ഉയർന്ന തലത്തിലുള്ള കൃത്യതയും വേഗതയും നൽകുന്ന വിപുലമായ മാപ്പിംഗ് ഇൻഫ്രാസ്ട്രക്ചറാണ് CORS.

ഇ–മാപ്സ് സോഫ്റ്റ്‌വെയർ നടപ്പിലാക്കൽ: ഭൂരേഖകളുടെ ഏകീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനായി ഡിജിറ്റലായി സർവേ ചെയ്ത 89 വില്ലേജുകളിൽ ഇ മാപ്പുകൾ അവതരിപ്പിച്ചു. ഭൂരേഖകളെക്കുറിച്ചുള്ള വിവരങ്ങൾ സ്വയമേവ കൈമാറ്റം ചെയ്യുന്നതിനായി റവന്യൂ വകുപ്പിന്റെ ReLIS സോഫ്റ്റ്‌വെയർ, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സിസ്റ്റം എന്നിവയുമായി ഈ ആപ്ലിക്കേഷൻ സംയോജിപ്പിച്ചിരിക്കുന്നു.

ആധുനിക സർവേ ട്രെയിനിംഗ് സ്കൂൾ: സർവേ ട്രെയിനിംഗ് സ്കൂൾ വഴി വിദ്യാർത്ഥികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ലോകോത്തര പരിശീലന സൗകര്യങ്ങൾ നൽകുന്നു. ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിസിങ് സിസ്റ്റം തുടങ്ങിയ ഉപകരണങ്ങൾക്കായുള്ള പരിശീലനം സർവേ കോഴ്സുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ മോഡേൺ സർവേ ട്രെയിനിങ് സ്കൂളിന്റെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

ഡിജിറ്റൽ റീസർവേ: 39 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ ജോലികൾ വിജയകരമായി പൂർത്തിയാക്കി രേഖകൾ വകുപ്പിന് കൈമാറി.

നിർണ്ണായക വിടവുകൾ/പ്രശ്നങ്ങൾ

- **മാനവശേഷി വിഭവങ്ങളുടെ പരിമിതികൾ:** വകുപ്പിലെ സർവേയർമാരുടെ മേൽനോട്ടത്തിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച സ്വകാര്യ സർവേയർമാരെ വിന്യസിച്ച് സർവേയർമാരുടെ കുറവ് നികത്താവുന്നതാണ്.
- **പേപ്പർ റെക്കോർഡുകൾ:** 95 ശതമാനം റീ സർവെ വർക്കുകളും പരമ്പരാഗത രീതികൾ ഉപയോഗിച്ചാണ് പൂർത്തിയാക്കിയത്, ഇതിലൂടെയുള്ള പേപ്പർ മാപ്പുകൾ പ്രാദേശിക

കോർഡിനേറ്റ് സിസ്റ്റങ്ങളിലാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഭൂരേഖകൾ ഒരേ നിലവാരത്തിൽ തയ്യാറാക്കുന്നതിനായി റീസർവേ ചെയ്യാത്ത വില്ലേജുകളും പരമ്പരാഗതമായ സർവേ ചെയ്ത വില്ലേജുകളും ഡിജിറ്റൽ സർവേയ്ക്കായി പരിഗണിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ പുതിയ ഡിജിറ്റൽ സർവേ ആരംഭിച്ചു.

- **അപര്യാപ്തമായ സോഫ്റ്റ്‌വെയറും വർക്ക് ഫ്ലോയും:** ഭൂരേഖകളുടെ സംയോജനത്തിലെ പ്രധാന പ്രശ്നം സർവേ വകുപ്പിൽ നിന്ന് ഒരു വെബ് പ്ലാറ്റ്ഫോം വഴി ഡിജിറ്റൈസ് ചെയ്ത മാപ്പ് ഡാറ്റ ലഭ്യമല്ലാത്തതാണ്. ഇപ്പോൾ വകുപ്പ് ഇത് പരിഹരിക്കുന്നതിനായി എൻഐസിയുടെ സഹായത്തോടെ ഇ-മാപ്സ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയും, ഇ-മാപ്പുകൾ നടപ്പാക്കലിലെ വിടവുകൾ സമഗ്രമായ ILIS പോർട്ടലായ 'എന്റെ ഭൂമി'പോർട്ടലിലൂടെ പരിഹരിക്കുന്നതുമാണ്.
- **സർവേ ഉപകരണങ്ങളുടെ ദൗർലഭ്യം:** സർവേ പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള കാര്യക്ഷമതയ്ക്കായി CORS നെറ്റ്‌വർക്ക് സ്ഥാപിക്കൽ, റിയൽ ടൈം കൈനമാറ്റിക് (RTK) റോവർ, R-ETS തുടങ്ങിയ മികച്ച സാങ്കേതിക വിദ്യ സ്ഥാപിക്കൽ പുരോഗമിക്കുകയാണ്.
- പ്രമാണങ്ങൾ സ്കാൻ ചെയ്യുന്നതിനുള്ള ഉപകരണങ്ങളുടെ അഭാവം
- **തുടർ ഇടപാടുകളിൽ മാപ്പ് റെക്കോർഡുകൾ അപ്ഡേറ്റ് ചെയ്യാത്തത്:** നിയമപരമായ ചട്ടക്കൂടിലും സോഫ്റ്റ്‌വെയർ സംവിധാനങ്ങളിലും ശരിയായ ഭേദഗതി വരുത്തി ഈ പ്രശ്നം പരിഹരിക്കുന്നതാണ്.
- **ഭൂമിശാസ്ത്രപരമായ അവസ്ഥകൾ:** ഡ്രോൺ സർവേ, LIDAR സെൻസറുകൾ തുടങ്ങിയ ഏറ്റവും പുതിയ സാങ്കേതികവിദ്യകളുടെ സാധ്യതകൾ കണ്ടെത്തൽ

പതിനാലാം പഞ്ചവത്സര പദ്ധതി
മേഖലയിലെ സമീപനം

- പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒരു ലക്ഷ്യം പാവപ്പെട്ട ഭൂരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭൂമിയോ വീടോ നൽകുക; നിയമപരമായ എല്ലാ ഭൂവുടമകൾക്കും അവകാശ രേഖകൾ നൽകുക, എല്ലാ ഉടമസ്ഥാവകാശ രേഖകളും ഡിജിറ്റൈസ് ചെയ്യുക എന്നതാണ്.
- സംസ്ഥാനത്തെ എല്ലാ ഭൂമിയുടെയും റീസർവേ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. സാമ്പത്തിക വികസനത്തിന് വിശ്വസനീയവും കൃത്യവും കാലികവുമായ ഭൂരേഖകൾ ആവശ്യമാണ്. ഒരു സംസ്ഥാനത്തിന്റെ സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് നല്ല ഭൂരേഖകൾ. നിലവിലെ സാഹചര്യത്തിൽ, എല്ലാ ടെക്സ്റ്റ്, സ്പേഷ്യൽ ഡാറ്റയും സംയോജിപ്പിച്ച് ഡിജിറ്റൈസ് ചെയ്തിട്ടുള്ള രേഖകളും, ഏറ്റവും പുതിയ ഭൂരേഖകളും നിക്ഷേപ നടപടിക്രമങ്ങൾ ലളിതമാക്കാനുള്ള ശ്രമങ്ങളുടെ നിർണായക ഘടകമാണ്. പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റത്തിൽ വിവരങ്ങൾ എളുപ്പത്തിൽ സംഭരിച്ചു വയ്ക്കുന്നതിനും എവിടെ നിന്നുമുള്ള വിവരങ്ങൾ എടുക്കുന്നതിനും, ഒന്നിലധികം മാർഗ്ഗത്തിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, സമയം ലാഭം, മികച്ച സുരക്ഷിതത്വം, പ്രമാണ തിരയലുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കൽ, പേപ്പർ പകർപ്പുകളുടെ ഭൗതിക സൂക്ഷിപ്പുമായി ബന്ധപ്പെട്ട ചെലവ് കുറയ്ക്കൽ, ദുരന്തത്തിനെതിരായ തയ്യാറെടുപ്പ് മെച്ചപ്പെടുത്തൽ, പ്രമാണങ്ങൾ വീണ്ടെടുക്കൽ ഉറപ്പാക്കൽ, നടപടി ക്രമങ്ങൾ ലളിതമാക്കൽ എന്നിവ സാധ്യമാകുന്നു.
- സ്വാതന്ത്ര്യത്തിനു മുമ്പുള്ള തിരുവിതാംകൂർ, കൊച്ചി നാട്ടു രാജ്യങ്ങളിലും ബ്രിട്ടീഷ് ഇന്ത്യൻ മലബാർ ജില്ലയിലും തയ്യാറാക്കിയ ഭൂരേഖ ഫോർമാറ്റുകൾ ഉപയോഗിച്ചാണ് കേരളം ഇപ്പോഴും പ്രവർത്തിക്കുന്നത്. 1964-ൽ കേരളത്തിൽ ആരംഭിച്ച സർവേ, റീസർവേ, സെറ്റിൽമെന്റ് എന്നിവയുടെ നടപടികൾ അപൂർണ്ണവും, പല സന്ദർഭങ്ങളിലും, പൂർത്തിയാക്കിയ റീസർവേകൾ ഇതിനകം കാലഹരണപ്പെട്ടതുമാണ്.
- കേരളത്തിന് പുതുക്കിയ ഭൂരേഖകൾ, ഓട്ടോമേറ്റഡ്, ഓട്ടോമാറ്റിക് മ്യൂട്ടേഷൻ, ടെക്സ്റ്റ്, സ്പേഷ്യൽ റെക്കോർഡുകൾ തമ്മിലുള്ള സംയോജനം, റവന്യൂവും രജിസ്ട്രേഷനും തമ്മിലുള്ള പരസ്പരബന്ധം എന്നിവ ഉള്ള ഒരു സംവിധാനം ആവശ്യമാണ്. ഇത് നിലവിലുള്ള പ്രമാണ രജിസ്ട്രേഷനും അനുമാന ഉടമസ്ഥാവകാശ സമ്പ്രദായങ്ങളും മാറ്റി, ഉടമസ്ഥാവകാശ ഗ്യാരന്റിയോട് കൂടിയ യഥാർത്ഥ ഉടമസ്ഥാവകാശം നൽകണം. ഭൂവിനിയോഗ ആസൂത്രണം, ജലവിഭവ പരിപാലനം,

ദുരന്തനിവാരണത്തിനും അനുബന്ധ ലക്ഷ്യങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യ ആസൂത്രണം, എന്നിവയ്ക്ക് ആധുനികവൽക്കരിക്കപ്പെട്ടതും ഡിജിറ്റൈസ് ചെയ്തതുമായ ഭൂരേഖകൾ അനിവാര്യമാണ്.

- കൃത്യമായ സമയത്തിനുള്ളിൽ സർവേ, റീസർവേ സെറ്റിൽമെന്റ്/ റീസെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനായി, കേരളം ആധുനിക സാങ്കേതികവിദ്യയിൽ നിക്ഷേപിക്കേണ്ടതുണ്ട്. ഇന്ന് ഭൂമിശാസ്ത്രപരമായ സ്ഥാനനിർണ്ണയ ത്രിമാന ഡാറ്റ ഏറ്റവും മികച്ച രീതിയിൽ സൃഷ്ടിക്കുന്ന സാങ്കേതികവിദ്യ CORS (കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ) സാങ്കേതികവിദ്യയാണ്. CORS ഒരു ഉപഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള സാങ്കേതികവിദ്യയാണ്. CORS ആണ് പ്രധാന സാങ്കേതിക വിദ്യയെങ്കിലും, ചില മേഖലകളിൽ, ഭൂപ്രദേശം, ബിൽറ്റ്-അപ്പ് ഏരിയ, വെജിറ്റേറ്റീവ് കവർ, ചെലവ് എന്നിവയെ ആശ്രയിച്ച്, ഡിഫറൻഷ്യൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റംസ് (DGPS), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ (ETS), ഡ്രോൺ അധിഷ്ഠിത ഏരിയൽ ഫോട്ടോഗ്രാഫിയും റിമോട്ട് സെൻസിംഗ് ഡാറ്റയും ഉൾപ്പെടുന്ന ഹൈബ്രിഡ് സാങ്കേതികവിദ്യകൾ എന്നിവ ഉൾപ്പെടെയുള്ള മറ്റ് സാങ്കേതികവിദ്യകൾ CORS ന് അനുബന്ധമായി ഉപയോഗിക്കേണ്ടി വന്നേക്കാം.
- ലാൻഡ് റെക്കോർഡ് നവീകരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കിയാൽ അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കാനാകും.

ലക്ഷ്യം

പതിനാലാം പദ്ധതി കാലയളവിൽ വകുപ്പിന്റെ സമ്പൂർണ ഡിജിറ്റൽ പരിവർത്തനം വിഭാവനം ചെയ്യുന്നു. ഭൂമിയുടെ മേലുള്ള അവകാശങ്ങളുടെ സുരക്ഷ വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഭൂവുടമയ്ക്കും സ്വന്തം ഭൂമിയുടെ പ്രമാണ വിവരങ്ങളും സ്ഥല അതിരുകളും അടങ്ങുന്ന വ്യക്തമായ രേഖ ഉണ്ടായിരിക്കുക എന്നതാണ്.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

- കണ്ടിന്യൂസ്ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷനുകൾ (CORS) സ്ഥാപിക്കൽ
- റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർകെഐ) സാമ്പത്തിക പിന്തുണയോടെ സംസ്ഥാനത്തുടനീളമുള്ള 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ പൂർത്തിയാക്കുക.
- ലാൻഡ് റെക്കോർഡ് സർവീസ് ഡെലിവറി പ്രോജക്റ്റിന്റെ സംയോജനം;- ഭൂരേഖകളുടെ തുടർച്ചയായ നവീകരണവും RoR നൽകലും ആധുനിക റെക്കോർഡ് റൂമുകളുടെ നിർമ്മാണവും അനുബന്ധ അടിസ്ഥാന സൗകര്യ വികസനവും, 27 വില്ലേജുകളിലെ ഡിജിറ്റൽ സർവേ, ഇ-ഓഫീസ് സൗകര്യങ്ങൾക്കായി ഐടി ഇൻഫ്രാസ്ട്രക്ചർ അപ് ഗ്രേഡേഷൻ, ആധുനിക സർവേ ഉപകരണങ്ങൾ, സർവേ ഡയറക്ടറേറ്റിലെ ഡിജിറ്റൽ സർവേ സപ്പോർട്ട് കോൾ സെന്റർ, ഫിസിക്കൽ ആൻഡ് മെന്റൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ, സെൻട്രൽ സർവേ ഓഫീസിലെ രേഖകളുടെ ഭൗതിക സംരക്ഷണം, പരിശീലനവും കാര്യശേഷി വർദ്ധിപ്പിക്കലും. പ്രാഥമിക ഘട്ടത്തിൽ 400 വില്ലേജുകൾ (ഒരു വർഷത്തിനുള്ളിൽ) തുടർന്ന് 200 വില്ലേജുകളുടെ (6 മാസം) ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി കാലയളവിൽ എല്ലാ വില്ലേജുകളിലേക്കും ഇത് ആവർത്തിക്കുക.
- സർവേ ട്രെയിനിംഗ് സ്കൂളിന്റെ ആധുനികവൽക്കരണം- ജില്ലാ സർവേ ട്രെയിനിംഗ് സ്കൂളിനെ ആധുനിക സർവേ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തൽ, സിഎസ്ഒ കെട്ടിടത്തിലെ സർവേ മ്യൂസിയത്തിന്റെ നവീകരണം, സ്ത്രീ സൗഹൃദ ഓഫീസുകൾ, സെൻട്രൽ സർവേ ഓഫീസ് പരിസരത്ത് പുതിയ കെട്ടിടം, സ്മാർട്ട് സർവേ ഓഫീസുകൾ, തൃശ്ശൂരിൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മാണം, സർവേ ഡയറക്ടറേറ്റിന്റെ അടിസ്ഥാന സൗകര്യവികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്

ലക്ഷ്യം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് [ILDM], 1996 മുതൽ റവന്യൂ ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിനുള്ള സംസ്ഥാന പരിശീലന സ്ഥാപനമായി പ്രവർത്തിച്ച്,

ലാൻഡ് റവന്യൂ അഡ്മിനിസ്ട്രേഷന്റെയും ഡിസാസ്റ്റർ മാനേജ്മെന്റിന്റെയും വിവിധ വശങ്ങളിൽ റവന്യൂ, സർവേ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ പരിശീലന ആവശ്യങ്ങൾ നിറവേറ്റുന്നു. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് നിലവിൽ വന്നതുമുതൽ, ദുരന്തനിവാരണ മേഖലയിൽ ഉദ്യോഗസ്ഥർക്ക് പുറമേ പൊതുജനങ്ങൾക്കും എൻജിഒകൾക്കും ഇൻസ്റ്റിറ്റ്യൂട്ട് പരിശീലനം നൽകുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പിന് പദ്ധതി വിഹിതമായി 738.00 ലക്ഷം രൂപ വകയിരുത്തിയതിൽ 482.17 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ക്ലാസ് മുറികളും ഹോസ്റ്റലുകളും ഉൾപ്പെടെ 25 വർഷം പഴക്കമുള്ള കെട്ടിടങ്ങളുടെ നവീകരണം, ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണം, സെന്റർ ഫോർ സേഫ്റ്റി ആൻഡ് ക്രൗഡ് റിസ്ക് റിസർച്ച് (CSCRR), സെന്റർ ഫോർ ലൈറ്റ്നിംഗ് റിസർച്ച് ആൻഡ് ആൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ് (CLRACS), റവന്യൂ കോൾ സെന്റർ, റവന്യൂ ഗൈഡ്/റവന്യൂ ജേണൽ, നദീതീര സംരക്ഷണത്തിനായുള്ള പരിശീലനം നൽകുന്ന റിവർ മാനേജ്മെന്റ് സെന്ററും, സുസ്ഥിര മണൽ ഖനന പരിപാലനം, വെള്ളപ്പൊക്ക നിവാരണം, സെന്റർ ഫോർ ലാന്റ് ഗവേണൻസും ദുരന്ത നിവാരണ കേന്ദ്രവും.

പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ് (PIE & MD)

അവലോകനം

പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിരുന്ന സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (സിപിഎം യൂണിറ്റ്) പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIE&MD) എന്ന സ്വതന്ത്ര ഭരണ വകുപ്പായി രൂപീകരിച്ചു. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ നിരീക്ഷണവും വിലയിരുത്തലും, കേന്ദ്ര സഹായത്തിനും എല്ലാ നീതി ആയോഗ് സംരംഭങ്ങൾക്കും കേന്ദ്ര മന്ത്രാലയങ്ങളുമായുള്ള ഏകോപനവും ബന്ധവും, പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതി (MPLADS) നടപ്പാക്കലും നിരീക്ഷണവും എന്നിവയാണ് പുതിയ വകുപ്പിന്റെ പ്രവർത്തനങ്ങൾ. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDGs) നടപ്പാക്കലും നിരീക്ഷണവും, നവകേരളം കർമ്മപദ്ധതിയിലെ എല്ലാ മിഷനുകളുടെയും നിരീക്ഷണം, ജില്ലാ വികസന സമിതികൾ, ജില്ലാ വികസന കമ്മീഷണർമാർ മുഖേനയുള്ള പ്രോജക്ടുകൾ നിരീക്ഷിക്കൽ, വകുപ്പുകൾ/ സർക്കാർ ഏജൻസികൾ/ജില്ലാ ഓഫീസുകൾ എന്നിവയുടെ പ്രോഗ്രാമുകളിലും പ്രോജക്ട് നിർവ്വഹണത്തിലും പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് രൂപകൽപന ചെയ്യൽ. പ്രോഗ്രാമിനും പ്രോജക്ട് നടപ്പാക്കലിനുമായി പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങളും വിഭവങ്ങളും.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സിപിഎംയു വിന്റെ പദ്ധതികൾക്കായി 618.00 ലക്ഷം രൂപ വകയിരുത്തിയതിൽ 373.91 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

- ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ MPLADS-ന്റെ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി (SLMC) യോഗങ്ങൾ നടത്തി. ഈ കാലയളവിൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ യോഗങ്ങളും, പരിശീലനങ്ങളും ശിൽപശാലകളും നടത്തി.
- ഫലപ്രദമായ നിരീക്ഷണത്തിനായി പദ്ധതികൾക്ക് മുൻഗണന നൽകി തരംതിരിച്ചു. അതനുസരിച്ച്, 'ചീഫ് മിനിസ്റ്റേഴ്സ് പ്രോജക്ട് കോർഡിനേഷൻ ആൻഡ് മോണിറ്ററിംഗ് സിസ്റ്റം' എന്ന തത്സമയ നിരീക്ഷണ സംവിധാനം ആരംഭിച്ചു.
- സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി, ബന്ധപ്പെട്ട നോഡൽ വകുപ്പിനെ കേന്ദ്രീകരിച്ച് ഒരു സ്ഥാപന ചട്ടക്കൂട്

സ്ഥാപിച്ചിട്ടുണ്ട്. വിഭവങ്ങളുടെ അതായത് പദ്ധതികളുടെ മാപ്പിംഗ് ഓരോ സാമ്പത്തിക വർഷത്തിലും നടത്തി. പ്ലാൻ സ്കീമുകൾ, നാഷണൽ ഇൻഡിക്കേറ്റർ ഫ്രെയിംവർക്കിലും (NIF) സ്റ്റേറ്റ് ഇൻഡിക്കേറ്റർ ഫ്രേം വർക്കിലും (SIF) നിരീക്ഷിക്കാവുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി SDG-കൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വകുപ്പ് നിരീക്ഷിക്കുന്നുണ്ട്.

- ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നവകേരളം കർമ്മപദ്ധതിക്ക് കീഴിലുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ പുനരുജ്ജീവന കാമ്പയിൻ, ഹരിതകേരളം എന്നീ നാല് മിഷനുകളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുകയും ചെയ്തു. പരിപാടികളുടെ നടത്തിപ്പിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.
- ഐസിടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- പ്രോജക്ടുകളുടെയും പ്രോഗ്രാമുകളുടെയും ഫലപ്രദമായ നിരീക്ഷണത്തിനായി വകുപ്പുകൾക്ക് പരിശീലനം/കാര്യശേഷി വർദ്ധിപ്പിക്കൽ, പിന്തുണ നൽകൽ.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകാനും ശ്രദ്ധ കേന്ദ്രീകരിക്കാനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

പതിനാലാം പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രധാന സംരംഭങ്ങൾ

- ജിയോ റഫറൻസിംഗ് ഉപയോഗിച്ച് സ്ഥൂല സൂക്ഷ്മ, തലത്തിലുള്ള സ്കീമുകളുടെ ഭൗതിക പുരോഗതി ഉൾപ്പെടെ പ്രോജക്ടുകളുടെ/പ്രോഗ്രാമുകളുടെ എല്ലാ വിശദാംശങ്ങളും പകർത്തുന്ന തത്സമയ ഓൺലൈൻ നിരീക്ഷണ സംവിധാനം.
- കേന്ദ്ര സഹായത്തിനായി കേന്ദ്ര മന്ത്രാലയങ്ങളുമായി ഏകോപനം, നിരീക്ഷണം, ബന്ധം നിലനിർത്തൽ എന്നിവയ്ക്കിടയിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നിന്ന് വിശദാംശങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള ഒരു 'ഡാഷ് ബോർഡ്' വികസിപ്പിച്ചെടുക്കൽ.
- SDG-കൾക്കായുള്ള കേരള വിഷൻ ഡോക്യുമെന്റ് ഫലപ്രദമായി വിഭാവനം ചെയ്യണം.' അജണ്ട 2030' കൈവരിക്കുന്നതിനുള്ള റിസൾട്ട് അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കണം.
- സംസ്ഥാനത്തിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട നീതി ആയോഗ് റിപ്പോർട്ടുകളുടെ വിശകലനം, സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും സഹായത്തോടെ വികസനത്തിലെ വിടവുകൾ, ഭാവി ആസൂത്രണത്തിനുള്ള നിർദ്ദേശങ്ങൾ
- ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ എന്നീ നാല് മിഷനുകളുടെയും ഏകോപനം - RKI, വകുപ്പുകൾ/ഏജൻസികളുടെ മാനവശേഷി ഉൾപ്പെടെ മതിയായ വിഭവങ്ങൾ.
- നാല് മിഷനുകളുടെ (ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ) പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച ഏജൻസികൾ മുഖേന നടത്തുക.
- മോണിറ്ററിംഗിനായി സ്ഥാപനപരമായ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ മാനവശേഷി.
- ഡിപ്പാർട്ട്മെന്റുകൾ, സർക്കാർ ഏജൻസികൾ, ജില്ലാ ഓഫീസുകൾ എന്നിവയുടെ ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ, നിരീക്ഷണ സംവിധാനങ്ങളിൽ അത്യാധുനിക രീതികളും പ്രക്രിയകളും രൂപകൽപ്പന ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനും ആവശ്യമായ പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങളും വിഭവങ്ങളും.

- PIE & M ഭരണ വകുപ്പായും അതുപോലെ തന്നെ പദ്ധതി നടപ്പിലാക്കുന്ന വകുപ്പായും പ്രവർത്തിക്കുന്നു, അതിന്റെ പ്രവർത്തനങ്ങളും പ്രോഗ്രാമുകളും പ്രദർശിപ്പിക്കുന്നതിനായി ഒരു വെബ്സൈറ്റ് സ്ഥാപിക്കൽ.
- ഐസിടി ഉപകരണങ്ങൾ, കമ്പ്യൂട്ടർ ഉപഭോഗവസ്തുക്കൾ, സ്റ്റേഷനറികൾ എന്നിവ വാങ്ങൽ.

2022-23 വാർഷിക പദ്ധതിയിൽ ആരംഭിച്ച പുതിയ സംരംഭം

ഡിപ്പാർട്ട്മെന്റുകൾ, സർക്കാർ ഏജൻസികൾ, ജില്ലാ ഓഫീസുകൾ എന്നിവയുടെ ആസൂത്രണം, നടപ്പാക്കൽ, മൂല്യനിർണ്ണയം, നിരീക്ഷണ സംവിധാനങ്ങളിൽ അത്യാധുനിക രീതികളും പ്രക്രിയകളും രൂപകൽപ്പന ചെയ്യുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള പ്രോഗ്രാമിനും പ്രോജക്റ്റ് നിർവ്വഹണത്തിനുമുള്ള പ്രൊഫഷണൽ മാനേജ്മെന്റ് സേവനങ്ങളും വിഭവങ്ങളും.

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ

അവലോകനം

സംസ്ഥാനത്തെ അഴിമതിക്കെതിരെ പോരാടാനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയാണ് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ. ബ്യൂറോയ്ക്ക് 14 ജില്ലാ ഓഫീസുകളും 4 റേഞ്ച് ഓഫീസുകളും 5 പ്രത്യേക യൂണിറ്റ് ഓഫീസുകളും ഒരു ഡയറക്ടറേറ്റും ഉണ്ട്. ഇവ കൂടാതെ നിയമോപദേഷ്ടാക്കൾക്കായി 7 നിയമ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 5037.00 ലക്ഷം രൂപ പദ്ധതി സഹായമായി വകയിരുത്തിയതിൽ 2755.53 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു. വകുപ്പിന്റെ നവീകരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഡയറക്ടറേറ്റിലും, കോഴിക്കോട്, എറണാകുളം ജില്ലകളിലുമായി മൂന്ന് സൈബർ സെല്ലുകൾ ആരംഭിച്ചു, ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സിസ്റ്റം (i-APs), ഡാറ്റ ആർക്കൈവിംഗ് സൊല്യൂഷൻ (D-Space) എന്നിവ ആരംഭിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

സാങ്കേതിക ശേഷി ശക്തിപ്പെടുത്തൽ, ഡാറ്റ ആർക്കൈവിംഗിനുള്ള ഡിജിറ്റൽ ശേഖരണം, യൂണിറ്റുകളിലേക്കുള്ള നെറ്റ്വർക്ക് കണക്റ്റിവിറ്റി, സൈബർ സെൽ ആരംഭിക്കൽ, ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സിസ്റ്റം, നിരീക്ഷണ ഗാഡ്ജെറ്റുകൾ, ഡി സ്പേസ്-ഡാറ്റ ആർക്കൈവിംഗ് സിസ്റ്റം, സ്യൂട്ട് സോഫ്റ്റ്വെയർ നവീകരിക്കൽ, ഇൻഫ്രാസ്ട്രക്ചറും, ലോജിസ്റ്റിക്സും, മറ്റ് ഡിപ്പാർട്ട്മെന്റ് മേധാവികളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും NOC അപേക്ഷ അഭ്യർത്ഥിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഏകീകൃത ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ഒരു പുതിയ വെബ് പോർട്ടൽ, ഡയറക്ടറേറ്റിലെ കേന്ദ്രീകൃത സെർവറും നെറ്റ്വർക്ക് മാനേജ്മെന്റ് സിസ്റ്റവും, ഡയറക്ടറേറ്റിലെ സുരക്ഷാ സംവിധാനങ്ങളും, എല്ലാ വിജിലൻസ് യൂണിറ്റുകളും, എല്ലാ ഓഫീസുകളെയും ബന്ധിപ്പിക്കുന്ന പുതിയ EPABX സംവിധാനം, നിലവിലുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിലൂടെ എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കൽ, സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ, ജില്ലാതലത്തിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, തിരുവനന്തപുരം മുട്ടത്തറയിൽ വിജിലൻസ് കോംപ്ലക്സിന്റെ നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കൽ, വയനാട്, പത്തനംതിട്ട എന്നിവിടങ്ങളിലെ നിർദിഷ്ട നിർമാണപ്രവർത്തനങ്ങൾ, നിയമോപദേഷ്ടാക്കൾക്കായി 4 ഓഫീസുകൾ.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എംജി)

അവലോകനം

സംസ്ഥാനത്തിന്റെ അപെക്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ATI) ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, പ്രാഥമികമായി കേരള സർക്കാരിന്റെയും ചെറിയ തോതിൽ കേന്ദ്ര സർക്കാരിന്റെയും വിവിധ വിഭാഗങ്ങളിലെ ജീവനക്കാർക്ക് ഇൻ-സർവീസ്, ഇൻഡക്ഷൻ പരിശീലന പരിപാടികളും എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും വാഗ്ദാനം ചെയ്യുന്നു. ഇതിന്റെ രണ്ട് പ്രാദേശിക കേന്ദ്രങ്ങൾ കൊച്ചിയിലും കോഴിക്കോട്ടും പ്രവർത്തിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തിനും പരിശീലന പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ, നോൺ-പ്ലാൻ, പ്ലാൻ ഗ്രാന്റുകളിലൂടെ ഭാഗികമായി ധന സഹായം നൽകുന്നുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, 11350.00 ലക്ഷം രൂപ ഐ.എം.ജി ക്ക് പദ്ധതി വിഹിതമായി വകയിരുത്തുകയും ഇതിൽ 6975.34 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന പരിശീലന പരിപാടികൾക്കുമായി തുക വിനിയോഗിച്ചു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഈ കാലയളവിൽ ഐ.എം.ജി 50-ലധികം വകുപ്പുകളിൽ നിന്നുള്ള 1.10 ലക്ഷം ഉദ്യോഗസ്ഥർക്ക് 3791 പരിശീലന പരിപാടികൾ നടത്തി.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, മികച്ച ഭരണത്തിനും മെച്ചപ്പെട്ട സേവന വിതരണത്തിനുമുള്ള ഫലപ്രദമായ ഉപകരണമായി പരിശീലനത്തെ പ്രാപ്തമാക്കുന്ന മെച്ചപ്പെട്ട അക്കാദമിക്, സാങ്കേതിക, മാനവ വിഭവശേഷി സ്വായത്തമാക്കാൻ ലക്ഷ്യമിടുന്നു.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

മൂന്നു കേന്ദ്രങ്ങളിലുമായി നിലവിലുള്ള 20 ക്ലാസ് മുറികളിൽ അത്യാധുനിക പരിശീലന സൗകര്യങ്ങൾ ഒരുക്കുക, ലൈബ്രറികൾ, സെമിനാർ കോൺഫറൻസ്, മൾട്ടി പർപ്പസ് ഹാളുകൾ, അടുക്കള, ഡൈനിംഗ് ഹാളുകൾ എന്നിവ നവീകരിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പ്രധാന പരിപാടികൾ. 10 പരിശീലന ഹാളുകൾ, ഓഡിയോ വിഷ്വൽ, ഇ-റിസോഴ്സ് ബാങ്ക്, ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ (പ്രാദേശിക കേന്ദ്രങ്ങൾ ഉൾപ്പെടെ), ഫാക്കൽറ്റി വികസന പരിപാടി, കൊച്ചിയിലും കോഴിക്കോട്ടും ഫർണിച്ചർ ഉൾപ്പെടെ 150 ഒറ്റമുറികളുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കുകൾ, സെന്റർ ഫോർ ഗ്രഡ് ഗവേണൻസ്, റിസോഴ്സ് സെന്റർ സ്ഥാപിക്കൽ, സംസ്ഥാന പരിശീലന നയപരിപാടികൾ, എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കൽ എന്നിവയിലൂടെ സെന്ററിനെ ശക്തിപ്പെടുത്താനും ഉദ്ദേശിച്ചിരിക്കുന്നു.

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്)

അവലോകനം

സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്), അപ്ലൈഡ് ഇക്കണോമിക്സ്, ഡെവലപ്മെന്റ് സ്റ്റഡീസ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 1971-ൽ തിരുവനന്തപുരത്ത് സി.ഡി.എസ് സ്ഥാപിതമായി. കേരള സർക്കാരിന്റെയും ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെയും സ്വയംഭരണാധികാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമാണിത്. കേരള സർക്കാരിൽ നിന്നും ഐ.സി.എസ്.എസ്.ആറിൽ നിന്നും വർഷം തോറും ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ഗവേഷണ പ്രവർത്തനങ്ങൾ മാനവവികസനവും വാർദ്ധക്യവും, സാമൂഹിക സുരക്ഷ, തൊഴിൽ വിപണി, കുടിയേറ്റം, വ്യവസായം, സാങ്കേതികവിദ്യയും നൂതനത്വവും, പ്രാദേശിക ഭരണവും മാക്രോ-ഇക്കണോമിക് പ്രകടനവും നയവും കൂടാതെ പരിസ്ഥിതി, ലിംഗ സമത്വം, ജാതി, വംശീയത, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ട ക്രോസ് കട്ടിംഗ് മേഖലകളിലെ വിഷയങ്ങളും ഉൾപ്പെടുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 1767.00 ലക്ഷം രൂപ പദ്ധതി സഹായമായി വകയിരുത്തിയതിൽ 1496.52 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു. ഗവേഷണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, പുസ്തകങ്ങൾ, ജേർണലുകൾ, ലൈബ്രറികൾക്കുള്ള ഡാറ്റാ ബേസ് എന്നിവയ്ക്കായി തുക വിനിയോഗിച്ചു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ (ഐ.സി.എസ്.എസ്.ആർ) ഗവേഷണ സ്ഥാപനങ്ങൾക്കിടയിൽ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ സി.ഡി.എസ് ഒന്നാം സ്ഥാനത്തെത്തി. ഈ കാലയളവിൽ, സംസ്കാരത്തിനും വികസനത്തിനുമായുള്ള നിർദ്ദേശങ്ങൾ, വികേന്ദ്രീകരണവും ഭരണവും; ലിംഗഭേദവും വികസനവും; മാനവ വികസനം; ആരോഗ്യവും വിദ്യാഭ്യാസവും; വ്യവസായവും വ്യാപാരവും; ഇന്നൊവേഷൻ ആൻഡ് ടെക്നോളജി; തൊഴിലും സാമൂഹിക സുരക്ഷയും, സ്ഥൂല സാമ്പത്തിക പ്രകടനം, കുടിയേറ്റം, തോട്ടവിളകൾ, രാഷ്ട്രീയവും വികസനവും മറ്റ് പഠനങ്ങളും ഉൾപ്പെടെ 456 ഗവേഷണ പഠനങ്ങൾ സി.ഡി.എസ് പൂർത്തിയാക്കിയിട്ടുണ്ട്. 33 വർക്കിംഗ് പേപ്പറുകൾ, ഫാക്കൽറ്റികളുടെയും വിദ്യാർത്ഥികളുടെയും 205 ഗവേഷണ ജേർണൽ ലേഖനങ്ങൾ, ഫാക്കൽറ്റികളുടെ 36 പുസ്തകങ്ങൾ, 45 ഓപ്പൺ സെമിനാറുകൾ, 37 വെബിനാറുകൾ എന്നിവയും സി.ഡി.എസ് സംഘടിപ്പിച്ചു. സിഡിഎസ് ന്റെ പ്രവർത്തനങ്ങൾ വിപുലമായ തലത്തിലേക്ക് എത്തിക്കുന്നതിനായി ത്രൈമാസ വാർത്താക്കുറിപ്പ്, സി.ഡി.എസ് ക്രോണിക്കിൾ എന്നിവ പ്രസിദ്ധീകരിച്ചു, 'കേരളവും ലോക സമ്പദ്വ്യവസ്ഥയും', 'ഇന്ത്യയുടെ സമ്പദ്വ്യവസ്ഥയും സമൂഹവും; ലാറ്ററൽ പര്യവേക്ഷണങ്ങൾ' എന്നീ പേരുള്ള 2 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

പ്രസിദ്ധീകരണവും ഗവേഷണ പിന്തുണയും, ഫർണിച്ചറുകൾ വാങ്ങലും ഫർണിഷിംഗും, വിദ്യാർത്ഥി ഫെലോഷിപ്പ്, കമ്പ്യൂട്ടിംഗ് സൗകര്യങ്ങളുടെ നവീകരണം, ലൈബ്രറിക്കുള്ള പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ഡാറ്റാബേസ് എന്നിവ വാങ്ങൽ, കാമ്പസ് അടിസ്ഥാന സൗകര്യങ്ങളുടെ കൂട്ടിച്ചേർക്കലും അറ്റകുറ്റപ്പണിയും, കാമ്പസ്, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നവീകരണവും പരിപാലനവും പതിനാലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)
അവലോകനം

കേരള ഗവൺമെന്റിന്റെ ഒരു സ്വയംഭരണ സ്ഥാപനമാണ് ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ. ഗവേഷണം, കോഴ്സുകൾ, പരിശീലനം, കൺസൾട്ടൻസി, പൊതുബോധവൽക്കരണ പരിപാടികൾ, പബ്ലിക് ഫിനാൻസ്, നിയമം, ടാക്സേഷൻ, അക്കൗണ്ടൻസി എന്നീ മേഖലകളിൽ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കൽ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 750.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 684.39 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

പതിമൂന്നാം പദ്ധതി കാലയളവിൽ 148 പരിശീലന പരിപാടികളും 43 വെബിനാറുകളും നടത്തുകയും 50,000-ത്തിലധികം ആളുകൾ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു. കേരളത്തിലെ ജിഎസ്ടിയുടെ പ്രത്യാഘാതങ്ങൾ, കേരളത്തിലെ പൊതുചെലവിന്റെ ഉൽപ്പാദനക്ഷമത എന്നിവ ഉൾപ്പെടുന്ന വിവിധ പഠനങ്ങൾ നടത്തി. ബജറ്റിന് മുമ്പും ശേഷവുമുള്ള പരിപാടികൾ, പൊതു ധനകാര്യവും നികുതിയും സംബന്ധിച്ച ദേശീയ സെമിനാർ, പരിശീലനം, സെമിനാറുകൾ, കൂടാതെ ജിഎസ്ടി ഉദ്യോഗസ്ഥർ, നികുതിദായകർ, ടാക്സ് പ്രാക്ടീഷണർമാർ തുടങ്ങിയവർക്കായി പൊതുജന അവബോധ പരിപാടികൾ.

പതിനാലാം പഞ്ചവത്സര പദ്ധതി
പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

കേരള സർക്കാരിനും മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്കും പൊതു ധനകാര്യം, നികുതി, പ്രത്യേകിച്ച് ജിഎസ്ടി, ഫിസ്കൽ ഫെഡറലിസം, ഡെവല്യൂഷൻ തുടങ്ങിയ വിഷയങ്ങളിൽ കൃത്യതയാർന്നതും പ്രായോഗികവുമായ മികച്ച പോളിസി ഇൻപുട്ടുകൾ നൽകുന്നതിനും തുടർന്ന് റിപ്പോർട്ടുകൾ, ഗവേഷണ പ്രബന്ധങ്ങൾ, മോണോഗ്രാഫുകൾ, പുസ്തകങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണവും.

വിദൂര വിദ്യാഭ്യാസത്തിലൂടെ മികച്ചതും കർക്കശവുമായ ഒരു അധ്യാപന പരിപാടി വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും, പബ്ലിക് ഫിനാൻസ്, ടാക്സേഷൻ എന്നിവയിൽ ഡോക്ടറേറ്റ്/ഡിപ്ലോമ/ഡിഗ്രികൾ നൽകുന്നതിനുമുള്ള പരിപാടികൾ.

വിവിധ സർക്കാർ വകുപ്പുകൾക്കും സംസ്ഥാന സർക്കാരുകൾക്കും സാമ്പത്തിക, നികുതി മേഖലകളിൽ പരസ്പര സ്വീകാര്യമായ വ്യവസ്ഥകളിൽ പരിശീലനവും കൺസൾട്ടൻസി സേവനങ്ങളും നൽകുന്നതിനുള്ള പരിപാടികൾ.

സംസ്ഥാന ധനകാര്യം, നികുതി, ധനപരമായ ഫെഡറലിസം, ഡെവല്യൂഷൻ, ഫിസ്ക്കൽ ഗവേണൻസ് എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾ, ബിസിനസ്/വ്യവസായ മേഖലകളിലെയും മറ്റ് വിവിധ മേഖലകളിലെയും അംഗങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ

2022-23 ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

ജിഎസ്ടിയും സംസ്ഥാന വരുമാനത്തിന്റെ മറ്റ് സ്രോതസ്സുകളെയും കുറിച്ച് 2 പഠനങ്ങൾ നടത്താൻ GIFT ഉദ്ദേശിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്, ടാക്സ് കംപ്ലയൻസ് & റവന്യൂ എന്നിവയ്ക്ക് ഊന്നൽ നൽകി കൊണ്ടുള്ള കേരളത്തിലെ ജിഎസ്ടിയുടെ ആഘാതവും പ്രത്യാഘാതങ്ങളും, കേരളത്തിന്റെ വ്യാപാരത്തെയും വികസനത്തെയും കുറിച്ചുള്ള പഠനം.

നിയമസഭാ സെക്രട്ടേറിയറ്റ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, നിയമസഭാ സെക്രട്ടേറിയറ്റിന് പദ്ധതി വിഹിതമായി 501.00 ലക്ഷം രൂപ വകയിരുത്തുകയും 4490.29 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2ൽ കാണിച്ചിരിക്കുന്നു. നിയമസഭാ സെക്രട്ടേറിയറ്റ്/എംഎൽഎമാർക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത വിവര വിനിമയ സമ്പ്രദായത്തിനും നിയമസഭാ ലൈബ്രറിയുടെ നവീകരണത്തിനുമാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ലൈബ്രറിയിലെ പഴയതും വിലപ്പെട്ടതുമായ മുഴുവൻ രേഖകളും കേടുവരാതെ സംരക്ഷിച്ച് ലൈബ്രറിയിൽ സൂക്ഷിക്കൽ, KOHA ഡാറ്റാബേസും സെർവറും വാങ്ങലും അവ രേഖകളുടെ വിതരണം/തിരിച്ചെടുക്കൽ/പുതുക്കൽ സമയത്ത് ലൈബ്രറി അംഗങ്ങൾക്ക് ഇ-മെയിൽ, എസ്.എം.എസ് അലേർട്ടുകൾ നൽകുന്നതിന് പ്രാപ്തമാക്കൽ, ന്യൂസ്പേപ്പർ ക്ലിപ്പിംഗ് മൊഡ്യൂൾ വികസിപ്പിച്ചെടുത്ത് അവ ഡിജിറ്റൽ ശേഖരത്തിൽ ഉൾപ്പെടുത്തുകയും, പഴയതും വിലപ്പെട്ടതുമായ രേഖകളുടെ 3,20,000 പേജുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ നിർദ്ദേശങ്ങൾ

നിയമസഭാ സെക്രട്ടേറിയറ്റ്/എംഎൽഎമാർക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത വിവര സംവിധാനം (ഐടി അധിഷ്ഠിത & ഇ-നിയമസഭ രൂപീകരണം), സഭാ ടിവിയ്ക്കായുള്ള പ്രധാന സ്റ്റുഡിയോ, ക്യാമറകൾ, മറ്റ് സഹായ ഉപകരണങ്ങൾ, ഓൺലൈൻ സ്ട്രീമിംഗിനുള്ള മറ്റ് ഉപകരണങ്ങൾ, സഭാ ടിവി സോഫ്റ്റ്‌വെയറിന്റെ വാർഷിക പരിപാലനം എന്നിവ ഉൾപ്പെടുന്നു.

കേരള നിയമസഭാ ലൈബ്രറിയുടെ ആധുനികവൽക്കരണ പരിപാടിയിൽ ആനുകാലിക ലേഖനങ്ങൾ തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യത്തോടെ ഡിജിറ്റൈസ് ചെയ്യുക, ലൈബ്രറി സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി ലൈബ്രറി കൗണ്ടറുകൾക്ക് സമീപം ഡിജിറ്റൽ ഡിസ്പ്ലേ ടിവി സ്ഥാപിക്കുക തുടങ്ങിയവ.

കേരള സ്റ്റേറ്റ് പബ്ലിക് സർവീസ് കമ്മീഷൻ

അവലോകനം

ഭരണഘടനയുടെ ആർട്ടിക്കിൾ 320 പ്രകാരമാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ സേവനങ്ങളിലേക്കുള്ള നിയമനങ്ങൾക്കായുള്ള പരീക്ഷകൾ നടത്തുക, സിവിൽ സർവീസുകളിലേക്കും സിവിൽ തസ്തികകളിലേക്കുമുള്ള റിക്രൂട്ട്മെന്റ് രീതികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക തുടങ്ങിയവയാണ് കമ്മീഷന്റെ ചുമതലകളും പ്രവർത്തനങ്ങളും. റിക്രൂട്ട്മെന്റ് വിംഗ്, എക്സാമിനേഷൻ വിംഗ്, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിംഗ്, അഡ്വൈസ്/കൺസൾട്ടേഷൻ വിംഗ്, സീക്രട്ട് സെക്ഷൻ, റിസർച്ച് ആൻഡ് അനാലിസിസ് വിംഗ് എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾ കമ്മീഷനുണ്ട്. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ 3 റീജിയണൽ ഓഫീസുകളും ജില്ല തിരിച്ചുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി എല്ലാ ജില്ലയിലും ജില്ലാ ഓഫീസുകളും ഉണ്ട്.

പതിമൂന്നാംപഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 3507.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 1119.09 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഫയലുകളുടെ ഡിജിറ്റലൈസേഷൻ, ഇ-ഓഫീസ് നടപ്പാക്കൽ, തൃശ്ശൂരിലും പാലക്കാടും രണ്ട് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഓൺസ്ക്രീൻ മാർക്കിങ് സംവിധാനം നടപ്പാക്കൽ, ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ ഓൺലൈൻ രീതിയിൽ നടപ്പാക്കൽ, ഓഫീസിന്റെ സുരക്ഷക്കായി സിസിടിവി സംവിധാനം നവീകരിക്കൽ, സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സെർവർ സ്ഥാപിക്കൽ, ഓൺലൈൻ പരീക്ഷാ കേന്ദ്രം വിപുലീകരണം എന്നിവയ്ക്കായി ഈ കാലയളവിൽ വകുപ്പ് ഫണ്ട് വിനിയോഗിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

പി.എസ്.സി ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ, കൊല്ലം, ഇടുക്കി, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർകോട് ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം, ഐടി ഉപകരണങ്ങൾ വാങ്ങൽ, തുടർ പരിപാടികൾക്ക് ആവശ്യമായ മറ്റ് ഉപകരണങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു.

2022-23 ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

ആലപ്പുഴ, കൊല്ലം, ഇടുക്കി എന്നിവിടങ്ങളിൽ ജില്ലാ ഓഫീസിന്റെയും ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെയും നിർമ്മാണം.

എക്സൈസ് വകുപ്പ്

അവലോകനം

എക്സൈസ് വകുപ്പ് മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ, മദ്യം, മയക്കുമരുന്ന് അടങ്ങിയ ഔഷധ കൂട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കുന്നു. കേരളത്തിൽ പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ മയക്കുമരുന്നുകളുടെയും ലഹരി വസ്തുക്കളുടെയും ദുരുപയോഗം വർദ്ധിച്ചിട്ടുണ്ട്. കുട്ടികളിലും കൗമാരക്കാർക്കിടയിലും ഇത്തരം വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുക എന്നത് വകുപ്പിന്റെ പ്രധാന വെല്ലുവിളിയാണ്. നിയമങ്ങളുടെ സജീവവും കാര്യക്ഷമവുമായ നിർവ്വഹണത്തിലൂടെ കേരളത്തെ മയക്കുമരുന്ന് ദുരുപയോഗത്തിൽ നിന്നും വിമുക്തമാക്കി ആസക്തിരഹിത കേരളം ഉറപ്പാക്കുന്നതിനും, എല്ലാ തലങ്ങളിലും സുതാര്യത ഉറപ്പു വരുത്തികൊണ്ട് ജനസൗഹൃദവും, ബിസിനസ്സ് ചെയ്യാനുള്ള അന്തരീക്ഷവും സൃഷ്ടിച്ചു കൊണ്ട് ജനങ്ങളുടെ പ്രതീക്ഷക്കനുസരിച്ച് എല്ലാ മേഖലകളിലും മികവ് കൈവരിക്കുക എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 7048.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 5672.11 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഇരുപത് എക്സൈസ് ചെക്ക് പോസ്റ്റുകൾ കംപ്യൂട്ടറൈസ് ചെയ്ത് വിവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ വാങ്ങി, ഡിജിറ്റൽ വയർലെസ് സംവിധാനം ആദ്യഘട്ടമായി എറണാകുളം, പാലക്കാട്, കൊല്ലം, ആലപ്പുഴ ജില്ലകളിൽ കമ്മീഷൻ ചെയ്തു, എല്ലാ ജില്ലകളിലും ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചു, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 3 സോണൽ കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചു, 14 ഡിവിഷൻ ഓഫീസുകളിലും. ജെഇസി, എഇസി ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി, സർക്കിൾ ഓഫീസ് തലം വരെ വീഡിയോ കോൺഫറൻസ് സംവിധാനവും, ദേവികുളത്തും നിലമ്പൂരിലും പുതുതായി രൂപീകരിച്ച ജനമൈത്രിഎക്സൈസ് സ്ക്വാഡുകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നൽകി. വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്കായി 35 വിശ്രമമുറികൾ സ്ഥാപിച്ചു. വനിതാ പട്രോളിംഗ് സ്ക്വാഡിന് 141 ഇരുചക്രവാഹനങ്ങൾ, കോട്ടയം, പാലക്കാട് ജില്ലകളിൽ എക്സൈസ് ടവർ നിർമ്മാണം, പത്തനംതിട്ട ജില്ലയിലെ അടൂരിലും ആലപ്പുഴ ജില്ലയിലെ ചേർത്തല, കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പിലും എക്സൈസ് കോംപ്ലക്സ് നിർമ്മാണം എന്നിവ നടപ്പിലാക്കി. പ്രധാന കേസുകൾ അന്വേഷിക്കാനും ചാർജ്ജുചെയ്യാനും ഒരു ക്രൈംബ്രാഞ്ച് വിഭാഗവും, ഐടിയുമായി ബന്ധപ്പെട്ട കേസുകളിലെ നിലവിലെ വെല്ലുവിളികൾ നേരിടാൻ സൈബർ സെല്ലും രൂപീകരിച്ചു. വിദ്യാർഥികളിൽ കായികവും സാംസ്കാരികവുമായ താൽപര്യങ്ങൾ സൃഷ്ടിക്കുന്നതിനും യുവാക്കളെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ സ്കൂളുകൾക്കായി 'ഉണർവ്' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, ഭരണ നിർവ്വഹണത്തിൽ സുതാര്യതയും ഫലപ്രാപ്തിയും ഉറപ്പാക്കിക്കൊണ്ട് ഫലപ്രദമായ പ്രവർത്തനങ്ങളും നയങ്ങളും നടപടിക്രമങ്ങളും നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ നവീകരണമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ഓഫീസുകൾ, ചെക്ക് പോസ്റ്റുകൾ, ക്രൈംബ്രാഞ്ച് ഡിവിഷൻ, ഐടി & സൈബർ സെൽ, വിജിലൻസ് വിഭാഗം എന്നിവക്ക് ആവശ്യ സാധനങ്ങളും അത്യാധുനിക ഉപകരണങ്ങളും ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, ഹരിതവും പുനരുപയോഗിക്കാവുന്നതുമായ ഊർജ സ്രോതസ്സുകളിലേക്കുള്ള മാറ്റം എന്നിവയിലൂടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും അന്വേഷണ

ശേഷിയും വർദ്ധിപ്പിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. കൂടാതെ ടെസ്റ്റിംഗ് ലാബുകൾ സ്ഥാപിക്കൽ, സോഷ്യൽ മീഡിയ, ഡാർക്ക് നെറ്റ് മോണിറ്ററിംഗ്, അന്തർസംസ്ഥാന ബോർഡർ സുരക്ഷ മെച്ചപ്പെടുത്തൽ, ഓഫീസുകളുടെ ഡിജിറ്റലൈസേഷൻ, പൗരന്മാർക്ക് സേവനങ്ങൾ 100 ശതമാനവും ഓൺലൈൻ മുഖേന നൽകൽ, സംസ്ഥാനത്തുടനീളം വയർലെസ് സംവിധാനങ്ങളിലൂടെ ആശയവിനിമയ സംവിധാനം മെച്ചപ്പെടുത്തൽ, സൈബർ സെല്ലുകളിൽ കാര്യശേഷി വർദ്ധിപ്പിക്കൽ, യാത്രാ സൗകര്യം ഉറപ്പാക്കുന്നതിനായി വാഹനങ്ങൾ വാങ്ങൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. വിമുക്തി മിഷനെ ശക്തിപ്പെടുത്തുന്നതിനായി മെച്ചപ്പെട്ട രീതിയിലുള്ള ബോധവൽക്കരണം, കൗൺസിലിംഗ്, ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ, പുനരധിവാസ സൗകര്യങ്ങൾ, താലൂക്ക് തല ഡി-അഡിക്ഷൻ സെന്റർ, എല്ലാ ജില്ലകളിലും കൗൺസിലിംഗ് സെന്ററുകൾ ആദിവാസി/തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടെ എല്ലാ ജില്ലകളിലേക്കും ഉണർവ് പരിപാടിയുടെ വ്യാപനം, വിമുക്തി പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ വിമുക്തിമാസിക, വിമുക്തി റെസ്പോൺസ് ടീം, അതിഥി തൊഴിലാളികൾക്കുള്ള പ്രത്യേക സംരംഭം, മേഖലാ പുനരധിവാസ കേന്ദ്രം എന്നിവ നിർദ്ദേശിച്ചിരിക്കുന്നു.

2022-23 ൽ ആരംഭിച്ച പുതിയ സംരംഭം

മദ്യത്തിന്റെ ഉൽപ്പാദനം, ഗതാഗതം, വിൽപ്പന എന്നീ മേഖലകളിൽ ട്രാക്ക് ആൻഡ് ട്രേസ് സംവിധാനം നടപ്പാക്കൽ - കള്ളിന്റെ ഉൽപ്പാദനവും വിതരണവും വിൽപനയും സുതാര്യമാക്കുന്നതിന്, ഉൽപ്പാദന, വിതരണ, വിൽപ്പന മേഖലകളിൽ ജിയോ ഫെൻസിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അവലോകനം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തവും നിക്ഷിപ്തമായ കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് സംസ്ഥാനത്തിന്റെ സ്റ്റാറ്റിയൂട്ടറി ഓഡിറ്റർമാരാണ്. 1890 ലെ ചാരിറ്റബിൾ എൻഡവ്മെന്റ് ആക്ട് പ്രകാരം, ഡയറക്ടർ അതിന്റെ ട്രഷറർ ആണ്. ഈ സ്ഥാപനങ്ങൾക്ക് പുറമെ, നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഗവൺമെന്റിന്റെ ഉത്തരവ് പ്രകാരം മറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റിംഗ് ചുമതലകളും വകുപ്പ് ഏറ്റെടുക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് പദ്ധതി വിഹിതമായി 1138.00 ലക്ഷം രൂപ വകയിരുത്തിയതിൽ 660.26 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2-ൽ കാണിച്ചിരിക്കുന്നു. ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എഐഎംഎസ്) നടപ്പിലാക്കുന്നതിനും നവീകരിക്കുന്നതിനും ഓഫീസുകളുടെ നവീകരണത്തിനുമാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഓഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എഐഎംഎസ്) നടപ്പിലാക്കലും മെച്ചപ്പെടുത്തലും, MoPR വികസിപ്പിച്ച ഓഡിറ്റ് ഓൺലൈൻ സോഫ്റ്റ്‌വെയറുകളിലൂടെ തദ്ദേശസ്ഥാപനങ്ങളുടെ ഓഡിറ്റ് പ്രക്രിയ നടപ്പാക്കൽ, ചാരിറ്റബിൾ എൻഡവ്മെന്റ് സോഫ്റ്റ്‌വെയർ സ്ഥാപിക്കൽ, ഓഡിറ്റ് വകുപ്പിന്റെ വെബ് സെറ്റ് സ്ഥാപിക്കൽ, ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ പരിശീലന കേന്ദ്രം സ്ഥാപിക്കൽ, വിവര സാങ്കേതിക വിദ്യയിലൂന്നിയ പരിശീലന സൗകര്യങ്ങൾ, വീഡിയോ കോൺഫറൻസ് സൗകര്യങ്ങൾ, സബ് ഓഫീസുകളുടെയും ഡയറക്ടറേറ്റിന്റേയും നവീകരണം.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

സമഗ്ര ഡാറ്റാ വിശകലനത്തിനും റിപ്പോർട്ടിംഗ് മാനേജ്മെന്റ് സിസ്റ്റത്തിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനും വകുപ്പിനെ പൂർണ്ണമായും ഒരു ഡിജിറ്റൽ സ്ഥാപനമായി മാറ്റുന്നതിനും ഐടി സംരംഭത്തിലൂടെ ഉദ്ദേശിച്ചിരിക്കുന്നു.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

സർക്കാർ നയങ്ങളുടെ മാറ്റങ്ങൾക്ക് അനുസൃതമായി ഡിജിറ്റൽ നവീകരണവും മൊഡ്യൂളുകളുടെ കൂട്ടിച്ചേർക്കലും, സമഗ്ര ഡാറ്റാ വിശകലനത്തിനും റിപ്പോർട്ടിംഗ് മാനേജ്മെന്റ് സിസ്റ്റത്തിനുമായി ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കൽ.

വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ഓഡിറ്റർമാർക്ക് വേഗത കൂടിയ ഇന്റർനെറ്റ് സൗകര്യങ്ങളോടു കൂടിയ ലാപ്ടോപ്പുകൾ നൽകൽ.

മുൻ സംവിധാനങ്ങളിലെ നിർണായക വിടവുകൾ ഉൾപ്പെടുത്തി കൊണ്ടുള്ള പഠനം ആരംഭിക്കുകയും ഡിജിറ്റൽ സ്ഥാപനമായി മാറുന്നതിന് ഒരു ഡിപിആർ തയ്യാറാക്കുകയും ചെയ്യുക.

പ്രോസിക്യൂഷൻ വകുപ്പ്

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പ്രോസിക്യൂഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിനുള്ള പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 1059.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 474.65 ലക്ഷം രൂപ ചെലവഴിച്ചു. (വർഷാടിസ്ഥാനത്തിലുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ നടത്തുന്നതിനുമാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലെ വകുപ്പിന്റെ പ്രധാന നേട്ടങ്ങളിൽ എല്ലാ പ്രോസിക്യൂട്ടർമാർക്കും ഓൺലൈനായും നേരിട്ടും തുടർച്ചയായുള്ള മികച്ച പരിശീലനം, എല്ലാ പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കും ലാപ്ടോപ്പുകൾ, എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും വാടകയ്ക്കെടുത്ത കാറുകൾ, പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർക്കും നിയമ ജേണലുകൾ, നിയമ പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന് വേണ്ടി കെട്ടിടം നിർമ്മിക്കുക, പ്രോസിക്യൂട്ടർമാർക്കായി പരിശീലന അക്കാദമി നിർമിക്കുക എന്നിവയാണ് പതിനാലാം പദ്ധതിയിലെ വകുപ്പിന്റെ പ്രധാന ലക്ഷ്യം.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണം, പ്രോസിക്യൂട്ടർമാർക്കുള്ള പരിശീലന അക്കാദമിയുടെ നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള ആധുനികവത്കരണ പരിപാടികളാണ് വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത്.

ഹൈക്കോടതി

അവലോകനം

സംസ്ഥാനത്തിനു വേണ്ടി നീതിനിർവ്വഹണത്തെ വിശദീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന കോടതികളുടെ സംവിധാനമായ ജുഡീഷ്യറി, ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന സർക്കാരിന്റെ മൂന്ന് തൂണുകളിൽ ഒന്നാണ്. കേരള സംസ്ഥാനത്തിന്റെയും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും ജുഡീഷ്യൽ അഡ്മിനിസ്ട്രേഷന്റെ തലപ്പത്ത് കേരള ഹൈക്കോടതി നിലകൊള്ളുന്നു. ആഭ്യന്തര വകുപ്പാണ് ഹൈക്കോടതിയുടെയും സബോർഡിനേറ്റ് കോടതികളുടെയും ഭരണപരമായ വകുപ്പ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഹൈക്കോടതിക്ക് പദ്ധതി വിഹിതമായി 8138.00 ലക്ഷം രൂപ വകയിരുത്തിയതിൽ 4685.45 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഹൈക്കോടതിയിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി കേസ് രേഖകളുടെ സ്കാനിംഗ്, ഡിജിറ്റൈസേഷൻ, ഡിജിറ്റൽ സംരക്ഷണം, ഹൈക്കോടതി ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ, ഹൈക്കോടതിയുടെയും സബോർഡിനേറ്റ് കോടതികളുടെയും നവീകരണം, 28 സിവിൽ കോടതികളും 28 ക്രിമിനൽ കോടതികളും മാതൃകാ കോടതികളാക്കി മാറ്റി, പുതിയ ഹൈക്കോടതി കെട്ടിടത്തിലും റാം മോഹൻ പാലസിലും നിരീക്ഷണ-സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കൽ, ഹൈക്കോടതിയിൽ ഇ-ഓഫീസ് നടപ്പാക്കൽ.

പതിനാലാം പഞ്ചവത്സര പദ്ധതി
ലക്ഷ്യം

ജുഡീഷ്യറിയുടെ എല്ലാ തലങ്ങളിലും വിവര വിനിമയ സാങ്കേതിക വിദ്യ (ഐസിടി) ഉപയോഗപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ കോടതി മുറി എന്ന ലക്ഷ്യം കൈവരിക്കാൻ 14-ാം പഞ്ചവത്സര പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നു. ഇതിലൂടെ പൗരന്മാർക്ക് വിവിധ കോടതികൾ മുഖേന ലഭ്യമാകേണ്ട സേവനങ്ങളും ആശയവിനിമയവും വിവര കൈമാറ്റവും വേഗത്തിലും സൗകര്യപ്രദമായും കാര്യക്ഷമമായും സുതാര്യമായും നടപ്പാക്കാൻ കഴിയും.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

1. **കേരള ഹൈക്കോടതിയിലെ പ്ലാനിംഗ് ആൻഡ് മാനേജ്മെന്റ് യൂണിറ്റ്-** വർക്ക്ഫ്ലോ അടിസ്ഥാനമാക്കിയുള്ള വെബ് ആപ്ലിക്കേഷൻ, ഹൈക്കോടതി, സബോർഡിനേറ്റ് കോടതികൾക്കുള്ള കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ ഉപയോക്തൃ അധിഷ്ഠിത ഡാറ്റാബേസ് ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ഡാറ്റ വെയർഹൗസ് സജ്ജീകരിക്കുന്നതിനും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങളുടെ വികസനത്തിനും, എളുപ്പത്തിൽ വീണ്ടെടുക്കൽ സൗകര്യത്തോടെ നിയമപരമായ വിവരങ്ങളുടെ ഡിജിറ്റൽ റിപ്പോസിറ്ററി തയ്യാറാക്കുന്നതിനും ഉദ്ദേശിച്ചിരിക്കുന്നു.

2. **ഹൈക്കോടതിയുടെയും സബോർഡിനേറ്റ് കോടതികളുടെയും ഇ-ഗവേണൻസ്-** ഹൈക്കോടതിയിലെ കേസ് രേഖകളുടെയും തീർപ്പാക്കാത്ത കേസുകളുടെയും സ്കാനിംഗ്, ഡിജിറ്റലൈസേഷൻ, ഡിജിറ്റൽ സംരക്ഷണം, ഹൈക്കോടതി ലൈബ്രറിയുടെ ഡിജിറ്റൈസേഷൻ, ഹൈക്കോടതിയിൽ മോഡൽ ഡിജിറ്റൽ കോടതി മുറികൾ സ്ഥാപിക്കൽ, പരിശീലനം, കാര്യശേഷി വികസനം എന്നിവ ഉൾപ്പെടുന്നു.

3. സബോർഡിനേറ്റ് കോടതികളുടെ നവീകരണം

4. **നീതിന്യായ വ്യവസ്ഥയുടെ സാങ്കേതിക നവീകരണം-** ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ, ജില്ലാ ജുഡീഷ്യറിയിൽ മോഡൽ ഡിജിറ്റൽ കോടതി മുറികൾ സ്ഥാപിക്കൽ, ജില്ലാ ജുഡീഷ്യറിയിൽ ഹാർഡ്‌വെയർ വാങ്ങൽ / മാറ്റിസ്ഥാപിക്കൽ, പരിശീലനം, കാര്യശേഷി വർദ്ധിപ്പിക്കൽ

5. **ജുഡീഷ്യറിക്ക് സമഗ്രമായ ഐസിടി ഇൻഫ്രാസ്ട്രക്ചർ-** ഹൈക്കോടതി ഡാറ്റാ സെന്റർ, ഹൈക്കോടതിയിലെയും സബോർഡിനേറ്റ് കോടതികളിലെയും ഹാർഡ്‌വെയറിന്റേയും സോഫ്റ്റ്‌വെയറിന്റേയും മെയിന്റനൻസും അതിനായുള്ള മാനവശേഷിയും, കണക്റ്റിവിറ്റിയും നെറ്റ്‌വർക്കിംഗും, കോടതി നടപടികളുടെ തത്സമയ സ്ട്രീമിംഗും റെക്കോർഡിംഗും.

വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (VIVID) കോർപ്പറേഷൻ ലിമിറ്റഡ്

അവലോകനം

വർക്കലയുടെ സമഗ്രവികസനത്തിനായി 2012-13-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി രൂപീകരിച്ച വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (VIVID), എല്ലാ

തലങ്ങളിലും പൊതു-സ്വകാര്യ പങ്കാളിത്തവും സംയുക്ത സംരംഭവും ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലുള്ള വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനിയായാണ് എസ്പിവി യായി രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 1625.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 1274.21 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

വർക്കലയിൽ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് കെട്ടിട നിർമ്മാണം പൂർത്തിയാക്കി, ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം മുഖേന വർക്കല ക്ലിഫ് പ്രൊട്ടക്ഷന്റെ പൈലറ്റ് പഠനം പൂർത്തിയാക്കി, വർക്കലയിൽ ജിയോ പാർക്ക് സ്ഥാപിക്കൽ (എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് യുനെസ്കോയ്ക്ക് സമർപ്പിച്ചു), വർക്കലയുടെ നിർദ്ദിഷ്ട വികസനം (ഡി.പി.ആർ തയ്യാറാക്കൽ പൂർത്തിയായി), IKM മുഖേനയുള്ള ജിയോ സ്പേഷ്യൽ/ഇൻഫർമേഷൻ സിസ്റ്റം (ധാരണാപത്രം ഒപ്പുവെച്ച് പ്രവർത്തനം ആരംഭിച്ചു), വർക്കലയിൽ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് മ്യൂസിയം സ്ഥാപിക്കൽ (HITES (GoI), പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി) ജിയോളജിക്കൽ മ്യൂസിയം സ്ഥാപിക്കൽ (ധാരണാ പത്രം ഒപ്പുവെച്ചു).

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

വർക്കലയിലെ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് മ്യൂസിയം സ്ഥാപിക്കൽ, വർക്കലയിൽ യുനെസ്കോ ജിയോപാർക്ക് സ്ഥാപിക്കൽ, വർക്കല ശിവഗിരി റെയിൽവേ സ്റ്റേഷൻ പുനരുദ്ധാരണം, വർക്കല പാപനാശനം ക്ലിഫിന്റെ സംരക്ഷണത്തെക്കുറിച്ചുള്ള പൈലറ്റ് പഠനം, ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ സിസ്റ്റം, ഹെറിറ്റേജ് വാക്ക് ഉൾപ്പടെ നിർദ്ദിഷ്ട വർക്കല വികസനം എന്നിവ ഉൾപ്പെടെയുള്ള അധിക അടിസ്ഥാന സൗകര്യങ്ങളും, ഓഫീസ് ചെലവുകൾ, മനുഷ്യശേഷി ചെലവ്, നിയമപ്രകാരമുള്ള പേയ്മെന്റുകൾ എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ അടിസ്ഥാന സൗകര്യ വികസനവും.

കേരള സംസ്ഥാന ആസൂത്രണ ബോർഡ്

അവലോകനം

കേരള സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ചത് 1967 സെപ്റ്റംബറിലാണ്. മുഖ്യമന്ത്രി ചെയർപേഴ്സണായ ബോർഡിൽ വൈസ് ചെയർപേഴ്സണും അംഗങ്ങളും (മന്ത്രിമാരും ഇതര അംഗങ്ങളും), മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്നു. സർക്കാർ ചീഫ് സെക്രട്ടറിയും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോർഡിലെ സ്ഥിരം ക്ഷണിതാക്കളാണ്. ഭരിക്കുന്ന ഗവൺമെന്റിന്റെ കാലാവധിയുമായി ചേർന്നുള്ള കാലയളവാണ് ബോർഡിന്റെ കാലാവധി. നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം 2021-ൽ ബോർഡ് പുനഃസംഘടിപ്പിച്ചു. ആസൂത്രണ കമ്മീഷനെ ദേശീയ തലത്തിൽ നിർത്തലാക്കുകയും കേന്ദ്രസർക്കാരിന് നയപരമായ വിവരങ്ങളും ഉപദേശങ്ങളും രൂപപ്പെടുത്തുന്നതിന് പുതുതായി നീതി ആയോഗ് രൂപീകരിക്കുകയും ചെയ്തു. ആസൂത്രണ ബോർഡും പദ്ധതി പ്രക്രിയയും തുടരുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. പതിനാലാം പഞ്ചവത്സര പദ്ധതിയുമായി മുന്നോട്ടുപോകാൻ സംസ്ഥാനം ബോധപൂർവമായ തീരുമാനമെടുത്തു. വികസന ആസൂത്രണത്തിൽ ഗവൺമെന്റിന്റെ നടപടിയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പങ്ക് നിശ്ചയമായും വർദ്ധിച്ചിട്ടുണ്ട്.

ഒരു വശത്ത് സംസ്ഥാനത്തിന്റെ വിഭവങ്ങളുടെ ശാസ്ത്രീയമായ വിലയിരുത്തൽ അടിസ്ഥാനമാക്കിയുള്ള പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും രൂപീകരിക്കുക, മറുവശത്ത് വളർച്ചയുടെ മുൻഗണനകൾ അടിസ്ഥാനമാക്കി, വാർഷിക സാമ്പത്തിക അവലോകനം തയ്യാറാക്കുക, പദ്ധതി നടത്തിപ്പ് നിരീക്ഷിക്കൽ, പദ്ധതികളുടെ സമകാലികവും മുൻകാലവുമായ വിലയിരുത്തൽ,

പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുമായി ഏകോപനം, സംസ്ഥാനത്തെ വികേന്ദ്രീകൃത ആസൂത്രണം സുഗമമാക്കൽ, ബാഹ്യസഹായമുള്ള പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് വിവരങ്ങളും ശിപാർശകളും നൽകുക, ചെയർപേഴ്സണിനായുള്ള നയരേഖകൾ തയ്യാറാക്കുക എന്നിവയാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 13109.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 2737.20 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2-ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ജില്ലാ ആസൂത്രണ സമിതി കെട്ടിടം 3 ജില്ലകളിൽ (ഇടുക്കി, മലപ്പുറം, കൊല്ലം) നിർമ്മാണം പൂർത്തീകരിക്കുകയും 3 ജില്ലകളിൽ (കോട്ടയം, പത്തനംതിട്ട, പാലക്കാട്) പുരോഗമിക്കുകയും ചെയ്യുന്നു.

ജില്ലാ പദ്ധതി: എല്ലാ ജില്ലകളുടെയും ജില്ലാ പദ്ധതികൾ രൂപീകരിച്ചു.

പ്ലാൻ സ്പേസ്: ഓരോ പദ്ധതികൾക്കുമുള്ള തത്സമയ ട്രഷറി ചെലവുകൾ വെബ് അധിഷ്ഠിത വിവര സമ്പ്രദായമായ പ്ലാൻസ്പേസുമായി സംയോജിപ്പിച്ചിരിക്കുന്നു. വിവിധ പങ്കാളികൾക്കായി നിർദ്ദേശാനുസൃത ഡാഷ് ബോർഡ് പരിപാലിക്കുന്നു, കൂടാതെ പ്ലാൻ സ്പേസ്-ൽ നിർദ്ദേശാനുസൃത റിപ്പോർട്ടുകൾ ലഭ്യമാക്കുന്നു, തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള സുലേഖ ഡാറ്റയുമായി സംയോജിപ്പിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചെലവുകൾ ഫലപ്രദമായി നിരീക്ഷിക്കുന്നു.

ഇന്റേൺഷിപ്പ് പരിപാടി: സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഇന്റേൺഷിപ്പ് പരിപാടിയുടെ ഭാഗമായി വിവിധ സർവകലാശാലകളിൽ നിന്നുള്ള 46 ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിൽ പങ്കെടുത്തു.

മറ്റ് പ്രവർത്തനങ്ങൾ: എല്ലാ ജില്ലകളിലേക്കും ഇ-ഓഫീസ് വ്യാപിപ്പിക്കൽ, കേരള വികസന റിപ്പോർട്ട് (കെഡിആർ) പ്രസിദ്ധീകരിക്കൽ, അന്താരാഷ്ട്ര സമ്മേളനം (കേരളം മുന്നോട്ട് നോക്കുന്നു), 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് ഉപജീവന വികസന പാക്കേജ്, കേരളത്തിന്റെ സംസ്ഥാന തല സ്ഥിതിവിവരക്കണക്കുകൾ എന്ന വിഷയത്തെക്കുറിച്ചുള്ള ശില്പ ശാല, ഇന്റർനാഷണൽ കോക്കനട്ട് കോൺഫറൻസ് എന്നിവ സംഘടിക്കൽ, സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിൽ നിന്നുള്ള 26 വിലയിരുത്തൽ പഠനങ്ങൾ, ഓൺലൈൻ വെബ്സ്റ്റ് പ്ലാറ്റ്ഫോം സ്ഥാപിക്കുകയും കമ്പ്യൂട്ടറുകൾ/പ്രിന്ററുകൾ എന്നിവയുടെ വാങ്ങലും.

പതിനാലാം പഞ്ചവത്സര പദ്ധതി – മേഖലയിലെ സമീപനം

- ആസൂത്രണത്തിന്റെ അവിഭാജ്യ ഘടകമാണ് വിലയിരുത്തൽ. വിലയിരുത്തൽ പ്രക്രിയയിലൂടെ ലഭിക്കുന്ന പ്രതികരണങ്ങളും അറിവുകളും പദ്ധതി രൂപകല്പനയിലും വിഭവ വിതരണത്തിലും ആസൂത്രണ പ്രക്രിയയെ സഹായിക്കും. നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിലയിരുത്തൽ ആസൂത്രണ ബോർഡ് നടത്തുന്നു.
- പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, പദ്ധതികളുടെ വിലയിരുത്തലിന് വളരെയധികം പ്രാധാന്യം നൽകുന്നതായിരിക്കും. ഇത്തരം വിലയിരുത്തലുകൾ ക്രമമായും ചിട്ടയായും നടത്തുന്നതിനുള്ള സംവിധാനങ്ങൾ ബോർഡ് രൂപീകരിക്കും. പ്രയോജനകാലം അധികരിച്ച പദ്ധതികളും പദ്ധതികളുടെ ഇരട്ടിപ്പും കൂട്ടിക്കലരലും കണ്ടെത്തി അവ ഒഴിവാക്കാനുള്ള നടപടികൾ ബോർഡ് നടപ്പിലാക്കും. വിലയിരുത്തൽ പ്രക്രിയയിലൂടെ, പദ്ധതി രൂപകല്പനയും നിർവഹണ പ്രക്രിയയും മെച്ചപ്പെടുത്താനും ത്വരിത ഗതിയിൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാനും ആസൂത്രണ ബോർഡ് ലക്ഷ്യമിടുന്നു. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റേയും നടപ്പിലാക്കുന്നതിന്റേയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതികളുടെ വിലയിരുത്തൽ സഹായിക്കും.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

സംസ്ഥാന ആസൂത്രണ വിഭാഗം ശക്തിപ്പെടുത്തൽ: ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യ സൗകര്യങ്ങളോടെ സംസ്ഥാന ആസൂത്രണ ബോർഡിനെ ശക്തിപ്പെടുത്തുകയും ആസൂത്രണ ബോർഡ് ലൈബ്രറി ശക്തിപ്പെടുത്തുകയും ചെയ്യുക.

ജില്ലാ ആസൂത്രണ സംവിധാനം ശക്തിപ്പെടുത്തൽ – ജില്ലാ ആസൂത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ജില്ലാ പ്ലാനിംഗ് ഓഫീസ്/ജില്ലാ ആസൂത്രണ സമിതി കെട്ടിടങ്ങൾക്ക് സൌകര്യങ്ങളും, തിരുവനന്തപുരം ജില്ലയിലെ ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന്റെ നിർമ്മാണവും.

പദ്ധതികൾ തയ്യാറാക്കുക, സർവ്വേകളും പഠനങ്ങളും നടത്തുക: സർവ്വേകൾ പഠനങ്ങൾ, സെമിനാറുകൾ/വർക്ക്ഷോപ്പുകൾ/മീറ്റിംഗുകൾ, ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, പ്ലാൻ സ്പേസ് പരിപാലനം, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കൽ, പ്രസിദ്ധീകരണ ചാർജ്ജുകൾ എന്നിവ ഉൾപ്പെടുന്നു.

നിയമ വകുപ്പ്

അവലോകനം

സർക്കാർ സെക്രട്ടേറിയറ്റിനുള്ളിലെ വ്യത്യസ്തവും സ്വതന്ത്രവുമായ ഒരു യൂണിറ്റാണ് നിയമ വകുപ്പ്. നിയമവകുപ്പ് സെക്രട്ടേറിയറ്റിനുള്ളിലെ ഒരു പ്രത്യേക യൂണിറ്റായതിനാൽ, അതിന്റെ രൂപീകരണം, സ്റ്റാഫ്, ബജറ്റ്, ആവശ്യകതകൾ, ഫർണിച്ചറുകൾ, സ്റ്റേഷനറികൾ തുടങ്ങി എല്ലാ ഭരണപരമായ കാര്യങ്ങളും വകുപ്പിൽ തന്നെ കൈകാര്യം ചെയ്യുന്നു. സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലും നിയമവകുപ്പ് മാനുവലിലും പറഞ്ഞിരിക്കുന്ന നടപടിക്രമങ്ങൾ അനുസരിച്ചാണ് നിയമവകുപ്പിനെ പൊതുവെ നയിക്കുന്നത്. വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ നിയമ സെക്രട്ടറിയാണ് നിയമ വകുപ്പിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 440.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 301.97 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ആധുനികവൽക്കരണം: ലോ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എൽഐഎംഎസ്) നടപ്പിലാക്കി. ഈ സംവിധാനത്തിലൂടെ നോളഡ്ജ് മാനേജ്മെന്റ് സിസ്റ്റം, ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം, ഫയൽ ഫ്ലോ മാനേജ്മെന്റ് സിസ്റ്റം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

നിയമ ഓഫീസുകൾക്കുള്ള കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ (സിസിഎംഎസ്): കേരളത്തിലെ 14 ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസിലും ന്യൂഡൽഹിയിലെ നിയമ ഓഫീസിലും എറണാകുളത്തെ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലും കംപ്യൂട്ടർ അധിഷ്ഠിത കോടതി കേസ് ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സിസിഎംഎസ് നടപ്പിലാക്കി. സർക്കാർ കക്ഷിയായിരിക്കുന്ന കോടതി കേസുകളുടെ നടത്തിപ്പ് കാര്യക്ഷമമായി നിരീക്ഷിക്കാനും വിവര വിനിമയത്തിനും കോടതി കേസുകളുടെ പരിശോധന വേഗത്തിലാക്കാനും ഈ പദ്ധതി സർക്കാരിനെ പ്രാപ്തമാക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

നിയമ വകുപ്പിന്റെ നവീകരണം: കേരള സർക്കാരിന്റെ നയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിയമ വകുപ്പ് 01.04.2022 മുതൽ ഇ-ഓഫീസിലേക്ക് മാറി. അതിനാൽ ഡിപ്പാർട്ട്മെന്റ് ആധുനികവൽക്കരണത്തിന് കീഴിൽ കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ (CCMS) പദ്ധതി

നിർദ്ദേശിച്ചിട്ടുണ്ട്. നിയമവകുപ്പിലെയും സർക്കാർ ഉദ്യോഗസ്ഥരുടെയും ജില്ലാ കോടതികളിലേയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയും ഗവൺമെന്റ് പ്ലീഡർമാർമാരുടെ പരിശീലനവും നിർദേശിച്ചിട്ടുണ്ട്.

2022-23 ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

നിയമ വകുപ്പിൽ ഇൻ-ഹൗസ് ട്രെയിനിംഗും മറ്റ് പരിശീലനവും: പുതിയ നിയമനത്തിനും നിലവിലുള്ള ജീവനക്കാർക്കും നിയമനിർമ്മാണ കരട് തയ്യാറാക്കുന്ന പ്രത്യേക ജോലികൾക്കായി വിവിധ വിഷയങ്ങളിൽ നിയമപരമായ അഭിപ്രായം നൽകുന്നതിന് പരിശീലനം നൽകുന്നതിനും, ഗവൺമെന്റ് പ്ലീഡർമാർക്കും അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർക്കും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഹാജരാകുന്ന ഗവൺമെന്റ് പ്ലീഡർമാർക്കും ചില പ്രത്യേക നിയമങ്ങൾ/വിഷയങ്ങൾ/സേവന നിയമങ്ങൾക്കായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു.

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിഐഎസ്സി) അവലോകനം

കേരള സർക്കാർ രൂപീകരിച്ച തന്ത്രപ്രധാന വിദഗ്ധ ഉപദേശക സമിതിയാണ് കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിൽ (കെ-ഡിഐഎസ്സി). സംസ്ഥാനത്ത് ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വത്തോടെ ഇത് 2018-ൽ ആരംഭിച്ചു. പിന്നീട് 2021-ൽ കെ-ഡി.ഐ.എസ്.സി പൂർണ്ണമായി നവീകരിക്കപ്പെടുകയും സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുകയും ചെയ്തു. സാങ്കേതികവിദ്യ, നൂതനമായ ഉൽപ്പന്നങ്ങളും, പ്രക്രിയകളും, സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണം, ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കൽ എന്നിവയിൽ പുതിയ ദിശകൾ പ്രതിഫലിപ്പിക്കുന്ന തരത്തിൽ മാർഗ്ഗ ദർശകമായ തന്ത്രപ്രധാന പദ്ധതികളിലൂടെ സംസ്ഥാനത്ത് നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കെ-ഡിഐഎസ്സി ലക്ഷ്യമിടുന്നു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി (ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള), കേരള സ്റ്റാർട്ടപ്പ് മിഷൻ, യൂണിവേഴ്സിറ്റീസ് ആന്റ് സെന്റർ ഓഫ് എക്സലൻസ് (സി.ഒ.ഇ), ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.ടി അക്കാദമി). അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമും (അസാപ്) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (കെഎഎസ്ഇ) എന്നിവയാണ് കെ-ഡിസ്കിന്റെ പ്രധാന സ്റ്റേക്ക് ഹോൾഡർമാർ.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 4475.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുകയും 8312.76 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു. ഇന്നൊവേഷനും നൈപുണ്യവും പ്രോത്സാഹിപ്പിക്കാനാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ആശയങ്ങൾ ഉൽപന്നങ്ങളാക്കി വികസിപ്പിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനുമായി യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം 204 ഇന്നൊവേറ്റർമാരെ മാർഗ്ഗ നിർദ്ദേശങ്ങളും വിഭവ സഹായവും നൽകി പരിശീലിപ്പിക്കുകയും കൂടാതെ, 79 ഭിന്നശേഷിക്കാരായ കുട്ടികളെ ഇന്നൊവേഷൻ പ്രോഗ്രാമിനും നേതൃത്വ ക്യാമ്പിനുമായി തിരഞ്ഞെടുക്കുകയും ചെയ്തു, കേരള ബ്ലോക്ക് ചെയിൻ അക്കാദമി കെബിഎ വിമൻ കണക്റ്റ് സംരംഭം ഉദ്ഘാടനം ചെയ്തു, വുമൺ ബ്ലോക്ക് ചെയിൻ പ്രൊഫഷണലുകളെ നെറ്റ്‌വർക്ക് ചെയ്യുന്നതിനുള്ള ഒരു പ്ലാറ്റ്ഫോമായി ഇത് പ്രവർത്തിക്കുന്നു. ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ 6667 വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ICT അക്കാഡമി MEAN Stack പ്രോഗ്രാമുകൾക്കായി 3 ബ്ലെൻഡഡ് ലേണിംഗ് പ്രോഗ്രാമുകളും ആരംഭിച്ചിട്ടുണ്ട്. ഹൈപ്പർലെഡ്ജർ പരിശീലകർക്കും Ethereum പരിശീലകർക്കും വേണ്ടി നടത്തുന്ന പരിശീലകർക്കായുള്ള പരിശീലന പരിപാടി, വയനാട് ജില്ലയിലെ തിരുനെല്ലി, കോഴിക്കോട് ജില്ലയിലെ ഫറോക്ക്, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, പാലക്കാട് ജില്ലയിലെ ചളവറ, കൊല്ലം ജില്ലയിലെ ആലപ്പാട് എന്നിവിടങ്ങളിലായി 5 കമ്മ്യൂണിറ്റി മാത്ത് ലാബുകൾ സ്ഥാപിക്കൽ, ഒരു ജില്ല ഒരു ആശയം പരിപാടിക്കായി 52 ക്ലസ്റ്റർ സംഘടനകളുടെ ഷോർട്ട്‌ലിസ്റ്റ് തയ്യാറാക്കൽ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെയും ആധുനിക എഞ്ചിനീയറിംഗ്

ക്ലസ്റ്ററുകളേയും സജ്ജമാക്കുന്നതിനായി 55 മെന്റർ സ്ഥാപനങ്ങൾ കണ്ടെത്തൽ, 68 ക്ലസ്റ്ററുകൾക്കായി അക്കാദമിക് സ്ഥാപനങ്ങൾ വികസിപ്പിക്കൽ. എംഎസ്എംഇ ക്ലസ്റ്റർ അധിഷ്ഠിത നവീകരണ പദ്ധതി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തിലൂടെ ഡയബറ്റിക് റെറ്റിനോപ്പതിയുടെ ഓട്ടോമാറ്റിക് സ്ക്രീനിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനത്തിലൂടെ സിസിടിവി വീഡിയോയിലൂടെ മുഖം തിരിച്ചറിയുന്നതിനുള്ള സൗകര്യങ്ങൾ, കെഎസ്ആർടിസി ബസുകളുടെ കൂട്ടിമുട്ടൽ മുന്നറിയിപ്പ് സംവിധാനം എന്നിവ നടപ്പാക്കുന്നതിന്റെ വിപുലമായ ഘട്ടത്തിലാണ്. ജില്ലാ ഇന്നവേഷൻ കൗൺസിലുകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു. ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപിറ്റെൻസി വികസന പരിപാടിയിൽ 385 ഉദ്യോഗാർത്ഥികൾ സർട്ടിഫൈഡ് ബ്ലോക്ക് ചെയിൻ അസോസിയേറ്റ് പ്രോഗ്രാമിൽ വിജയിക്കുകയും, 141 ഉദ്യോഗാർത്ഥികൾ ഹൈപ്പർ ലെഡ്ജർ ഡെവലപ്പർ ആയും, 134 ഉദ്യോഗാർത്ഥികൾ Ethereum ഡെവലപ്പർ ആയും കൂടാതെ 79 ഉദ്യോഗാർത്ഥികൾ ബ്ലോക്ക് ചെയിൻ ആർക്കിടെക്റ്റ് ആയും സർട്ടിഫൈ ചെയ്തു. ചവറ മേഖലയിലെ ധാതു വിഭവങ്ങൾ ഉപയോഗിച്ച് കേരളത്തിൽ മിനറൽ ഹബ് രൂപീകരിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വ്യവസായ വകുപ്പിന് കൈമാറി. തൊഴിലന്വേഷകർക്ക് മുൻകൂർ രജിസ്ട്രേഷനായുള്ള മൊബൈൽ ആപ്പ് വികസിപ്പിക്കുകയും 3.92 ലക്ഷം ഉദ്യോഗാർത്ഥികൾ ഇതിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ഇതിൽ 4411 ഉദ്യോഗാർത്ഥികളെ ICTAK, CII എന്നിവയിലൂടെ നിയമിച്ചിട്ടുള്ളതാണ്. ഏകദേശം 72 ലക്ഷം വീടുകൾ സന്ദർശിച്ച് 48 ലക്ഷം തൊഴിലന്വേഷകരെ കണ്ടെത്തിയിട്ടുണ്ട്.

നിർണ്ണായകമായ വിടവുകൾ/പ്രശ്നങ്ങൾ

ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലും വകുപ്പ് സംവിധാനത്തിലും നൂതനത്വം ഉൾച്ചേർത്തിട്ടില്ല. എംഎസ്എംഇകൾ, പ്രാദേശിക സർക്കാരുകൾ, പൊതുജനങ്ങൾ എന്നിവർക്ക് താഴേത്തട്ടിലുള്ളതും ജനാധിപത്യപരവുമായ നവീകരണത്തിന് ആവശ്യമായ നൂതന സംസ്കാരത്തിന്റെ അഭാവം നിലനിൽക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി
പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

കേരള നോളഡ്ജ് ഇക്കണോമി മിഷൻ (കെകെഇഎം) 5 വർഷത്തിനുള്ളിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകാനും സംസ്ഥാനത്തുടനീളമുള്ള 55 ലക്ഷം ഉദ്യോഗാർത്ഥികളെ അണിനിരത്തി 35 ലക്ഷം പേർക്ക് പരിശീലനം നൽകാനും കേരള സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുമായി (SDPK) ചേർന്ന് തുടർച്ചയായി വെർചൽ തൊഴിൽ മേള നടത്താനും ലക്ഷ്യമിടുന്നു. 5.92 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. പരിശീലന ആവശ്യങ്ങൾക്കായി ASAP, ICTAK, കുടുംബശ്രീ, KASE എന്നിവയുമായി സഹകരിക്കാനും, വിജ്ഞാന സമ്പദ്വ്യവസ്ഥ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെത്തട്ടിൽ നിന്നും തൊഴിലന്വേഷകരെ അണിനിരത്തുന്നതിനായി കുടുംബശ്രീയെ സജ്ജമാക്കുവാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഗിഗ് തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷാ സംവിധാനം നൽകുന്നതിന് ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ടെക്നോ-ഇക്കണോമിക് മോഡലായി 4000 പ്ലാറ്റ്ഫോം കോപ്പറേറ്റീവ്സ് സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്നു.

ഇന്നൊവേറ്റീവ് സൊസൈറ്റി ഇൻ കേരള- 13-നും 35-നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾക്കിടയിൽ നവീകരണ സംസ്കാരം പ്രോത്സാഹിപ്പിക്കാനും ജനാധിപത്യവൽക്കരിക്കാനുമാണ് യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം ലക്ഷ്യമിടുന്നത്. ഉൽപ്പന്ന വികസന ഹാക്കത്തോണുകളുടെ ഒരു പരമ്പര, ഒരു ജില്ല ഒരു ആശയം, ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം എന്നിവ ആരംഭിച്ചിട്ടുണ്ട്. കുളവാഴയിൽ നിന്ന് ബയോഇഥനോൾ ഉൽപ്പാദിപ്പിക്കുന്ന നൂതന പരിപാടി ആരംഭിച്ചിട്ടുണ്ട്. ജൈവ ഇന്ധനങ്ങളുടെ കാലാവസ്ഥാ പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനൊപ്പം കേരളത്തിലെ ജലാശയങ്ങളിലെ കുളവാഴയുടെ ഉദ്പാദന നിരക്ക് തടയുന്നതിനും കേരള കാർഷിക സർവകലാശാലയുടെയും വെള്ളാനിക്കര കാർഷിക കോളേജിന്റെയും പങ്കാളിത്തത്തോടെയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. (CSIR-NIIST) ചേർന്ന്കൊണ്ട് മെഡിക്കൽ, കാർഷിക, കന്നുകാലി മേഖലയുമായി ബന്ധപ്പെട്ട ജീനോമിക് ഡാറ്റ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള കേരള ജീനോം ഡാറ്റാ സെന്റർ, മൈക്രോ ബയോമിന്റെ മികവിന്റെ കേന്ദ്രം, കേരളത്തിൽ നൂട്രാസ്യൂട്ടിക്കലിനായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക, പ്രാദേശിക ഇന്നൊവേഷൻ പ്രോഗ്രാമുകൾ, ഇലക്ട്രോണിക് വെഹിക്കിൾ ഡെവലപ്മെന്റ് ആന്റ് മാനുഫാക്ച്ചറിംഗ് കൺസോർഷ്യം, ഉയർന്നുവരുന്ന സാങ്കേതികവിദ്യയുടെ ത്വരിതഗതിയിലുള്ള സ്വായത്തമാക്കൽ,

സ്റ്റാർട്ടപ്പുകളുടെയും വ്യവസായ പങ്കാളികളുടെയും സഹകരണം സുഗമമാക്കുന്നതിന് കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾ.

സംസ്ഥാന ജി എസ് ടി വകുപ്പ്

അവലോകനം

കേരള ചരക്ക് സേവന നികുതി വകുപ്പ് സംസ്ഥാനത്തെ ഏറ്റവും വലിയ വരുമാനം നൽകുന്ന വകുപ്പാണ്. കൂടാതെ, സർക്കാരിന്റെ സാമ്പത്തിക വിഭവങ്ങൾ സമാഹരിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. സർക്കാരിന്റെ മൊത്തം നികുതി വരുമാനത്തിൽ 75 ശതമാനത്തിലധികം വകുപ്പാണ് ശേഖരിക്കുന്നത്. കേരളത്തിൽ ജി.എസ്.ടി നിയമം കൊണ്ടുവന്ന് കേന്ദ്ര സർക്കാരിനൊപ്പം ചരക്ക് സേവന നികുതിയുടെ ഏറ്റവും വലിയ സാമ്പത്തിക പരിഷ്കരണം നടപ്പിലാക്കുന്നത് കേരള ചരക്ക് സേവന നികുതി വകുപ്പാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ 12803.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 4962.65 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2-ൽ കാണിച്ചിരിക്കുന്നു. വിവര സാങ്കേതിക വിദ്യ, ഭൗതിക സൗകര്യങ്ങൾ, പൊതുബോധവൽക്കരണം, വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് തുക വിനിയോഗിച്ചത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഓട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റീഡിംഗ് സിസ്റ്റം (എ.എൻ.പി.ആർ) അടിസ്ഥാനമാക്കിയുള്ള ഇ-വേബിൽ നിരീക്ഷണ സംവിധാനം 22 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്, ഇ-വേബില്ലിനനുസരിച്ച് വാഹന നമ്പർ ക്രമീകരിക്കുന്നു, മൊബൈൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 80 വാഹനങ്ങളിൽ ജിപിഎസ് അടിസ്ഥാനമാക്കിയുള്ള വീഡിയോ നിരീക്ഷണ പദ്ധതി നടപ്പിലാക്കി. വകുപ്പ് ആസ്ഥാനത്ത് സൈബർ ഫോറൻസിക് ലാബ് സ്ഥാപിച്ചു കൊണ്ട് ജില്ലാ തലങ്ങളിൽ സേവനം നൽകുന്നു. ജി.എസ്.ടിയിൽ ഡാറ്റാ അനലിറ്റിക്സിന്റെ സാധ്യത പരിശോധിക്കുന്നതിനായി കേരളത്തിലെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഡാറ്റാ അനലിറ്റിക്സ് യൂണിറ്റ് സജ്ജീകരിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

പരോക്ഷ നികുതി വരുമാനത്തിന് വകുപ്പിനെ ആധുനികവും പ്രൊഫഷണലായും സജ്ജമാക്കുന്നതിനായി ഹരിത ഐ.ടി സംരംഭങ്ങൾ സ്വീകരിച്ചു കൊണ്ടുള്ള ഐടി ഇൻഫ്രാസ്ട്രക്ചർ വികസനം - എഎൻപിആർ സിസ്റ്റത്തിന്റെ പ്രവർത്തനങ്ങൾ, ചരക്ക് നീക്കങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആർഎഫ്ഐഡി സാങ്കേതികവിദ്യ, ഡാറ്റാ അനലിറ്റിക്സ്, നികുതിദായകർക്കുള്ള മൊബൈൽ ആപ്പ് അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

2025-ഓടെ ഐക്യരാഷ്ട്രസഭയുടെ എസ്.ഡി.ജികൾക്ക് അനുസൃതമായി കാർബൺ ന്യൂട്രൽ ഡിപ്പാർട്ട്മെന്റായി മാറാനും ഇലക്ട്രിക്, സി.എൻ.ജി വാഹനങ്ങളിലേക്ക് മാറുന്നതിനും ഡിപ്പാർട്ട്മെന്റ് ഓഫീസുകളിൽ സൗരോർജ്ജം ഉപയോഗിക്കാനും പദ്ധതിയിട്ടിട്ടുണ്ട്.

കണ്ണൂർ, ആലപ്പുഴ, വടക്കൻ പറവൂർ, വയനാട്, കാസർകോട് എന്നിവിടങ്ങളിൽ സംസ്ഥാന ജിഎസ്ടി കോംപ്ലക്സിന്റെ നിർമ്മാണം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അഡീഷണൽ ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം, കോഴിക്കോട് ജില്ലയിലെ ഫറോക്കിലും താമരശ്ശേരിയിലും ടാക്സ് കോംപ്ലക്സിന്റെ നിർമ്മാണം, തിരുവനന്തപുരം അമരവിളയിൽ ഓഫീസ് കെട്ടിട നിർമ്മാണം, പൊതുജന അവബോധവും, കാര്യശേഷി വികസനവും വാഹനങ്ങൾ വാങ്ങലും.

നവകേരളം കർമ്മ പദ്ധതി

അവലോകനം

കേരള സർക്കാരിന്റെ എടുത്തു പറയത്തക്ക സംരംഭങ്ങളിലൊന്നാണ് നവകേരളം കർമ്മപദ്ധതി. വിവിധ ഗവൺമെന്റ് വകുപ്പുകളെ അവരുടെ വികസന ശ്രമങ്ങൾ ഫലപ്രദമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സമന്വയിപ്പിച്ചുക്കൊണ്ട് സംസ്ഥാനത്തെ സാധാരണ കുടുംബങ്ങൾക്ക് സേവനങ്ങളും പിന്തുണയും നൽകുക, എന്നതായിരുന്നു പ്രധാന നടപ്പാക്കൽ തന്ത്രം. ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാഭ്യാസ മിഷൻ എന്നീ 4 മിഷനുകളിലൂടെയാണ് ടാസ്ക് മോഡ് പ്രോഗ്രാമുകൾ നടപ്പിലാക്കിയത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഹരിതകേരളത്തിന്റെ പദ്ധതികൾക്കായി പദ്ധതി വിഹിതമായി 2985.00 ലക്ഷം രൂപ വകയിരുത്തിയതിൽ 2805.60 ലക്ഷം രൂപ ചെലവഴിച്ചു (വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2 ൽ കാണിച്ചിരിക്കുന്നു). ഭരണച്ചെലവിനും ഹരിതകേരളം പ്രവർത്തനങ്ങൾക്കുമായാണ് തുക വിനിയോഗിച്ചത്.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ സംരംഭങ്ങൾ തയ്യാറാക്കുകയും 2050-ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്യുക, ഹരിതകേരളം പദ്ധതികളുൾ/പരിപാടികൾ, വിവിധ വകുപ്പുകളുടെ ഹരിത സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ നിരീക്ഷണവും വിലയിരുത്തലും, ഭരണച്ചെലവുകൾ.

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

അവലോകനം

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 14-ലെ ആർട്ടിക്കിൾ 323 എ പ്രകാരം വിഭാവനം ചെയ്തിട്ടുള്ളതും 1985 അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്നതുമായ ഒരു ഭരണഘടനാ സ്ഥാപനമാണ്. സംസ്ഥാന സേവനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ തീർപ്പാക്കൽ, സർക്കാർ ജീവനക്കാരുടെ തർക്കങ്ങൾ, കേരള സർക്കാർ സർവീസുകളിലെ നിയമനവുമായി ബന്ധപ്പെട്ട തർക്കങ്ങളുടെ തീർപ്പ്, എന്നിവ കൈകാര്യം ചെയ്യുന്നത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, ജുഡീഷ്യൽ എന്നീ 3 വിഭാഗങ്ങളുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 36.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുകയും 115.17 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കംപ്യൂട്ടർവൽക്കരണ പരിപാടികൾക്കാണ് തുക വിനിയോഗിച്ചത്. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.2-ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഇ-ഫയലിംഗ്, റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ, ഇ-ഓഫീസ് എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനായി കേസ് ഇൻഫർമേഷൻ സിസ്റ്റം (CISKAT) വികസിപ്പിച്ചെടുത്ത് അപേക്ഷയുടെ സ്വീകരിക്കുന്ന ഘട്ടം മുതൽ തീർപ്പാക്കൽ ഘട്ടം വരെ ട്രാക്ക് ചെയ്യുന്നതിനും ഓഫീസർമാർക്കും ഉദ്യോഗസ്ഥർക്കും ഒപ്പം അഭിഭാഷകർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയ മറ്റ് പങ്കാളികൾക്കുമുള്ള പരിശീലനം.

നിർണ്ണായകമായ വിടവുകൾ/പ്രശ്നങ്ങൾ

സമഗ്ര കംപ്യൂട്ടർവൽക്കരണ പദ്ധതി പൂർത്തീകരിക്കുകയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കെട്ടിടത്തിൽ അധിക നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

സെക്യൂരിറ്റി ഓഡിറ്റ്, സോഫ്റ്റ്‌വെയറിനുള്ള സാങ്കേതിക പിന്തുണയ്ക്കായി മാനവശേഷി, ലാപ്‌ടോപ്പുകൾ, പ്രിന്ററുകൾ, മറ്റ് ഇലക്ട്രോണിക് ഗാഡ്ജെറ്റുകൾ വാങ്ങൽ തുടങ്ങിയ സമഗ്ര കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ, വീഡിയോ കോൺഫറൻസിംഗിനുള്ള ഹാർഡ്‌വെയർ ഇൻസ്റ്റാളേഷൻ/സോഫ്റ്റ്‌വെയർ ഇൻസ്റ്റാളേഷൻ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ കെട്ടിടത്തിന്റെ അധിക നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുന്നു.

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്

അവലോകനം

കേരള സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകളുടെ ചിട്ടയായ ശേഖരണം, സമാഹരണം, വിശകലനം, വ്യാഖ്യാനം, പ്രചാരണം എന്നവ നിർമ്മിക്കുന്ന ഉത്തരവാദിത്വത്തോടെയുള്ള സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയും അപ്പെക്സ് ബോഡിയുമാണ് സാമ്പത്തി സ്ഥിതിവിവരക്കണക്ക് വകുപ്പ്. ആസൂത്രണ പ്രക്രിയയുടെ ഓരോ തലത്തിലുമുള്ള ഫലപ്രാപ്തി വിശ്വസനീയവും കാലികവുമായ സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 1268.00 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 924.26 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 84 ഡെസ്ക്ടോപ്പുകൾ, 4 ലേസർ പ്രിന്ററുകൾ, 3 വർക്ക്സ്റ്റേഷൻ, 13 സ്കാനറുകൾ, 2 എൽ.സി.ഡി പ്രൊജക്ടറുകൾ, 1 യു.പി.എസ് (5കെ.വി), 2 യുപിഎസ് (10കെ.വി), 21 മോണിറ്ററുകൾ, 11 യുപിഎസ് ബാറ്ററികൾ എന്നിവ വാങ്ങി. സോഫ്റ്റ്‌വെയർ വികസനവും വെബ്സൈറ്റ് നവീകരണവും പദ്ധതിയുടെ ഭാഗമാണ്.

ജില്ലാ ഓഫീസുകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 190 ഡെസ്ക്ടോപ്പുകൾ, 91 ടാബ്‌ലെറ്റ് പ്രിന്ററുകൾ, 5 ഫോട്ടോകോപ്പിയറുകളും പ്രിന്ററുകളും, 6 ഫോട്ടോകോപ്പിയർ, 24 യു.പി.എസ് (3കെവി), 3 യു.പി.എസ് (2കെ.വി) എന്നിവ വാങ്ങി.

ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാർക്കും സൂപ്പർവൈസറി ഓഫീസർമാർക്കും, വിഷയാധിഷ്ഠിത പരിശീലന പരിപാടികൾ, മിഡിൽ, സീനിയർ ലെവൽ ഓഫീസർമാർക്ക് എൻ എസ് എസ് റ്റി എ നടത്തുന്ന പരിപാടികൾ, ഇന്ത്യാ ഗവൺമെന്റിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ, നാഷണൽ അക്കൗണ്ട്സ് ഡിവിഷൻ സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ, ദേശീയ സാമൂഹിക സാമ്പത്തിക സർവേ പരിശീലനം.

2017-18ൽ കേരളത്തിലെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങൾ സംബന്ധിച്ച സർവ്വെ, കേരളത്തിലെ ജൈവകൃഷിയും വിപണനവും സംബന്ധിച്ച സർവ്വെ, 2021-22ൽ കേരളത്തിലെ വിപണികളെക്കുറിച്ചുള്ള സർവ്വെ എന്നിവ നടത്തി. കേരളത്തിലെ സ്വകാര്യ മെഡിക്കൽ സ്ഥാപനത്തെക്കുറിച്ചുള്ള റിപ്പോർട്ടും 2017-18 ലെ കേരളത്തിലെ ഫോറസ്റ്റി ഇൻപുട്ട് കോസ്റ്റ് റേറ്റും പ്രസിദ്ധീകരിച്ചു.

കാർഷിക സ്ഥിതിവിവരക്കണക്കുകൾ സംബന്ധിച്ച വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ കാർഷിക കർഷക ക്ഷേമ മന്ത്രാലയം, സംസ്ഥാനത്തെ കൃഷി വകുപ്പുകൾ, മറ്റ് ഉപയോക്തൃ വകുപ്പുകൾ എന്നിവർക്ക് യഥാസമയം റിപ്പോർട്ട് സമർപ്പിച്ചു.

പത്താം കാർഷിക സെൻസസുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് ഇന്ത്യാ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും വിസ്തീർണ്ണം സംബന്ധിച്ചുമുള്ള വിവരങ്ങൾ അഗ്രികൾച്ചർ സെൻസസ് റിപ്പോർട്ടിൽ ലഭ്യമാണ്.

പദ്ധതി കാലയളവിൽ അഞ്ചാമത്തെ ചെറുകിട ജലസേചന സെൻസസിന്റെ ഫീൽഡ് വർക്കുകളും ഡാറ്റാ എൻട്രിയും പൂർത്തിയാക്കി, ഡാറ്റാ പ്രൊസസ്സിംഗ് പ്രക്രിയ പുരോഗമിക്കുകയാണ്.

സംസ്ഥാനത്തെ 5 നഗരകേന്ദ്രങ്ങളിലെ മരണകാരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ സംബന്ധിച്ച പഠനം നടത്തുന്നതിനായി, അന്താരാഷ്ട്ര തലത്തിലെ മരണകാരണത്തിന്റെ 10 കോഡിംഗ് അടിസ്ഥാനത്തിൽ മരണകാരണത്തിന്റെ മെഡിക്കൽ സാക്ഷ്യപ്പെടുത്തലോടു കൂടിയ ഷെഡ്യൂളുകൾ കോഡ് ചെയ്യുകയും 2020-21 വർഷം വരെയുള്ള സർവ്വെ റിപ്പോർട്ട് രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുകയും ചെയ്തു.

പതിനാലാം പഞ്ചവത്സര പദ്ധതി

മേഖലയിലെ സമീപനം

2019 ജൂലൈയിൽ സംസ്ഥാന ആസൂത്രണ ബോർഡ് സംഘടിപ്പിച്ച സംസ്ഥാനതല സ്ഥിതിവിവരക്കണക്ക് സംബന്ധിച്ച ദ്വിദിന ശിൽപശാലയിൽ, "കേരളത്തിലെ സാമ്പത്തിക നയത്തിന് വളരെ ഉയർന്ന നിലവാരമുള്ള സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണെന്ന് കേരള മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. കൂടാതെ,

(i) പ്രശ്നങ്ങൾ തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യുക. (ii) ഉചിതമായ നയങ്ങളും തന്ത്രങ്ങളും രൂപപ്പെടുത്തുക.

(iii) നിര്ദ്ദേശങ്ങളും മാനദണ്ഡങ്ങളും സജ്ജമാക്കുക; (iv) നയങ്ങളും പരിപാടികളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നിവയ്ക്കായി സ്ഥിതിവിവരക്കണക്ക് തെളിവുകൾ വേണമെന്ന് മുഖ്യമന്ത്രി ഊന്നിപ്പറഞ്ഞു. പരിപാടികൾ നടപ്പിലാക്കേണ്ട പ്രദേശങ്ങളും, മേഖലകളും തിരിച്ചറിയുന്നതിനും, നയങ്ങളും പരിപാടികളും നമ്മുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനും, മെച്ചപ്പെടുത്തേണ്ട മേഖലകൾ തിരിച്ചറിയുന്നതിനും സ്ഥിതിവിവരക്കണക്കുകൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ആവശ്യത്തിനായി, സമയബന്ധിതവും പൂർണ്ണവും കൃത്യവും വിശ്വസനീയവുമായ സ്ഥിതിവിവരക്കണക്കുകൾ ആവശ്യമാണ്.

ഇതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ ഏജൻസികളുടെ പ്രത്യേകിച്ച് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ നടത്തുന്ന ശ്രമങ്ങളെ പിന്തുണയ്ക്കുന്നതാണ്. (1). സംസ്ഥാനതല സ്ഥിതിവിവരക്കണക്കുകൾ പ്രകാരവും, സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിന് നിർണായകമായി കണക്കാക്കാവുന്ന സ്ഥിതിവിവരക്കണക്കുകൾ പ്രകാരവും മുൻഗണനാ മേഖലകൾ കണ്ടെത്തുക; (2) അന്തർദേശീയവും ദേശീയവുമായ സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടുന്ന വിവിധ മേഖലകളിൽ മികച്ച ആശയങ്ങൾ, നിർവചനങ്ങൾ, വിഭാഗങ്ങൾ, രീതിശാസ്ത്രം എന്നിവ എങ്ങനെ വികസിപ്പിച്ചെടുക്കാം എന്നതിനെക്കുറിച്ചുള്ള പ്രാഥമിക നിർദ്ദേശങ്ങൾ നൽകുക; കൂടാതെ (3) സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ആധുനിക രീതിയിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ നിപുണതയും കാര്യക്ഷമതയും കെട്ടിപ്പടുക്കുന്നതിനുള്ള രീതികൾ നിർദ്ദേശിക്കുക.

ലക്ഷ്യം

പതിനാലാം പദ്ധതി കാലയളവിൽ, ഡാറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഉപയോക്തൃ സൗഹൃദ സമീപനത്തോടെ ശാസ്ത്രീയ വിവരശേഖരണം, തയ്യാറാക്കൽ, അവതരണം, ഡാറ്റയുടെ പ്രചരണം എന്നിവ നടപ്പിലാക്കാൻ വകുപ്പ് ലക്ഷ്യമിടുന്നു. കൂടാതെ, ഡാറ്റാ പ്രോസസ്സിംഗ്, പുതുക്കൽ, അന്തിമമാക്കൻ എന്നിവയ്ക്കായി എടുക്കുന്ന സമയം കുറയ്ക്കുന്നതിനായി, സംസ്ഥാനത്ത് സാമ്പത്തികവും സാമൂഹികവുമായ പ്രസക്തിയുള്ള വിഷയങ്ങളുടെ സർവ്വേയും പഠനവും കൈകാര്യം ചെയ്യുന്നു.

പതിനാലാം പദ്ധതിയിലെ പ്രധാന സംരംഭങ്ങൾ

ബിസിനസ് രജിസ്റ്റർ തയ്യാറാക്കൽ, കേരളത്തിലെ നിർമ്മാണ തൊഴിലാളികളുടെ നിർമ്മാണ തൊഴിലാളികളുടെ വേതന നിരക്ക് സർവ്വെയും, വേതന സൂചിക തയ്യാറാക്കലും, ഗ്രാമീണ, നഗര വീടുകൾക്കുള്ള കെട്ടിട നിർമ്മാണ ചെലവ് സൂചിക, ഡയറക്ടറേറ്റിലെ/ജില്ലകളിലെ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ, സ്റ്റാറ്റിസ്റ്റിക്കൽ ഉദ്യോഗസ്ഥർക്ക് ഇൻ-സർവീസ് പരിശീലനം, സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി - ഇതിൽ കേരളത്തിലെ വന്ധ്യതയുടെ അവസ്ഥ അതിന്റെ ചികിത്സാ സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള പഠനം, പ്രവാസികളിൽ കോവിഡ് -19 ന്റെ

ആഘാതത്തെക്കുറിച്ചുള്ള പഠനം, ഖരമാലിന്യ സംസ്കരണം, ആദിവാസികളുടെ അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യത, ട്രാൻസ്ജെൻഡേഴ്സിന്റെ തൊഴിൽ അവസരങ്ങൾ, ഓർഫനേജ്/കെയർ ഹോമുകളെക്കുറിച്ചുള്ള സർവ്വേ, വൈകല്യങ്ങളെക്കുറിച്ചുള്ള സർവ്വെ, ജീവിതശൈലീ രോഗങ്ങളുടെ വ്യാപനത്തെക്കുറിച്ചുള്ള സർവ്വെ, ഡിമെൻഷ്യയുടെ വ്യാപനത്തെക്കുറിച്ചുള്ള സർവേ, സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെക്കുറിച്ചുള്ള സർവ്വെ എന്നിവ ഉൾപ്പെടെ സംസ്ഥാന സർവേകളിലും പഠനങ്ങളിലും സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ ശക്തിപ്പെടുത്തൽ നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

1. **ബിസിനസ് രജിസ്റ്റർ തയ്യാറാക്കൽ**, ബിസിനസ്സ് നടത്തുന്ന ജനസംഖ്യയുടെ വിവരങ്ങളുടെ ഉറവിടവും അതിന്റെ ജനസംഖ്യാശാസ്ത്രവും-ബിസിനസ് രജിസ്റ്റർ മുഖേന തയ്യാറാക്കുന്ന ഡാറ്റ സേവന മേഖല, ഉത്പന്ന മേഖല, നിർമ്മാണ മേഖല എന്നിവിടങ്ങളിലെ ഡാറ്റ വിടവുകൾ നികത്താൻ ഉപയോഗിക്കാം.

2. **കേരളത്തിലെ നിർമ്മാണ തൊഴിലാളികളുടെ നിർമ്മാണ തൊഴിലാളികളുടെ വേതന നിരക്ക് സർവേയും വേതന സൂചിക തയ്യാറാക്കലും** - സംസ്ഥാനത്തെ 14 ജില്ലകളിലേയും നിർമ്മാണ മേഖലയിലെ ലിംഗാടിസ്ഥാനത്തിലുള്ള വേതനം വിഭാഗം തിരിച്ച് ശേഖരിക്കുന്നതാണ്. സംസ്ഥാനത്തെ നിർമ്മാണ മേഖലയിലെ വിവിധ മേഖലകളിലെ തൊഴിലാളികളുടെ വേതന നിരക്കിന്റെ ഒരു സൂചിക തയ്യാറാക്കുന്നതിനും വേതന നിരക്കും ശരാശരി വരുമാനവും സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് സർവേയുടെ ലക്ഷ്യം.

3. **ഗ്രാമീണ, നഗര വീടുകൾക്കുള്ള കെട്ടിട നിർമ്മാണ ചെലവ് സൂചിക** - ഗ്രാമീണ, നഗര വീടുകൾക്കുള്ള കെട്ടിട നിർമ്മാണ ചെലവ് സൂചിക തയ്യാറാക്കുന്നതിനായി ഒരു പാർപ്പിട യൂണിറ്റിനുള്ള കെട്ടിട നിർമ്മാണച്ചെലവിന്റെ (ഗ്രാമീണവും നഗരവും) സൂചികയും നിർമ്മാണ സാമഗ്രികളുടെ നിരക്കും അനുപാതവും ഉൾപ്പെടെയുള്ള അടിസ്ഥാന ഡേറ്റകൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള ഇൻപുട്ടുകളുടെ (മെറ്റീരിയൽസ്, ലേബർ, സേവനങ്ങൾ) വിഭാഗങ്ങൾ തിരിച്ചുള്ള ചെലവ് ശേഖരിക്കുന്നതിനും ഓരോ ജില്ലയിലേയും ഒരു പാർപ്പിട യൂണിറ്റ് (ഗ്രാമീണ, നഗരം) നിർമ്മിക്കുന്നതിനുള്ള ശരാശരി ചെലവ് സംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കാനും ലക്ഷ്യമിടുന്നു.

ലീഗൽ മെട്രോളജി വകുപ്പ്

അവലോകനം

വ്യാപാര വാണിജ്യം, വ്യാവസായിക ഉൽപ്പാദനം, മനുഷ്യർ, മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയുടെ സംരക്ഷണം എന്നിവയിൽ അളവ്തൂക്ക കൃത്യത ഉറപ്പാക്കിക്കൊണ്ട് ഉപഭോക്തൃ താൽപ്പര്യങ്ങൾ സംരക്ഷിക്കുക എന്നതാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ ലക്ഷ്യം. അളവുകൾ, തൂക്കം, അളവ് തൂക്ക ഉപകരണങ്ങൾ എന്നിവയുടെ യഥാർത്ഥ അടിസ്ഥാന അളവ് പരിശോധനയും, ആനുകാലിക പുന പരിശോധനയും നടത്തുക, നിയമവും ചട്ടങ്ങളും ലംഘിക്കുന്ന വ്യാപാരികൾക്കും വ്യവസായികൾക്കും മറ്റുള്ളവർക്കും എതിരെ കേസുകൾ രജിസ്റ്റർ ചെയ്യൽ, കവറിൽ പായ്ക്ക് ചെയ്തിട്ടുള്ള സാധനങ്ങൾ പരിശോധിക്കുന്നതിനുള്ള ചട്ടങ്ങൾ നടപ്പാക്കൽ എന്നിവ ഉൾപ്പെടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 4870.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 3250.49 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 24.2 ൽ കാണിച്ചിരിക്കുന്നു. പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനും ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾക്കും സംസ്ഥാന പരിശീലന പരിപാടികൾക്കും ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമാണ് തുക വിനിയോഗിച്ചിട്ടുള്ളത്.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ്, വിവിധ ഓഫീസുകൾക്കായി നോൺ ഓട്ടോമാറ്റിക് വെയിംഗ് ഉപകരണങ്ങൾ വാങ്ങൽ, ഉപഭോക്താക്കളുടെ

സംശയങ്ങൾക്കും പരാതികൾ നൽകുന്നതിനുമായി ടോൾ ഫ്രീ നമ്പറുള്ള കോൾ സെന്ററും, സുതാര്യം മൊബൈൽ ആപ്പും സ്ഥാപിക്കലും, കൊല്ലം ജില്ലാ ഓഫീസ് കെട്ടിട സമുച്ചയ നിർമ്മാണം പൂർത്തിയായി. തൃശ്ശൂരിലെ വർക്കിംഗ്/സെക്കൻഡറി സ്റ്റാൻഡേർഡ് ലബോറട്ടറി, എറണാകുളത്ത് വാട്ടർ മീറ്റർ കാലിബ്രേഷൻ യൂണിറ്റ്, കോട്ടയം, കാസർകോട് ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി വിവിധ ഉപകരണങ്ങൾ വാങ്ങൽ.

നിർണ്ണായകമായ വിടവുകൾ/പ്രശ്നങ്ങൾ

ലീഗൽ മെട്രോളജിയും വ്യാപാരവും: മിക്ക വ്യാപാര ഇടപാടുകളിലും ഉൾപ്പെട്ടിരിക്കുന്ന അളവ് സമ്പ്രദായത്തിൽ എല്ലാ ആൾക്കാർക്കും നീതി ഉറപ്പാക്കണം. അതിനാൽ പരിശോധനയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന പ്രക്രിയയിൽ കൃത്യമായ ഒരു അളവ് സമ്പ്രദായം അത്യാവശ്യമാണ്. ഇതിനായി എല്ലാ ഓഫീസുകളിലേയും വർക്കിംഗ് സ്റ്റാൻഡേർഡ് ലാബുകൾക്ക് NABL അക്രഡിറ്റേഷൻ ലഭ്യമാക്കേണ്ടതാണ്.

ലീഗൽ മെട്രോളജിയും ആരോഗ്യവും: കൃത്യമായ രോഗ നിർണ്ണയത്തിലൂടെ രോഗം കണ്ടെത്തി ആവശ്യമായ ചികിത്സകളും പ്രവർത്തനങ്ങളും നിർദേശിക്കുന്നതുവഴി രോഗികൾക്ക് ഫലപ്രദമായും സുരക്ഷിതവും ചെലവ് കുറഞ്ഞ രീതിയിലുമുള്ള ചികിത്സ ലഭിക്കുന്നതാണ്. അതിനാൽ, കാര്യക്ഷമമായ ആരോഗ്യ പരിപാലന നയം കൈവരിക്കുന്നതിന് കൃത്യതയാർന്നതും മികച്ച നിലവാരവുമുള്ള അളവ് സംവിധാനം അത്യാവശ്യമാണ്.

ലീഗൽ മെട്രോളജിയും സുരക്ഷയും: ലേബലുകളിലും, പാക്കിംഗുകളിലും, നിർദ്ദേശങ്ങളടങ്ങിയ മാനുവലുകളിലും ശരിയായ വിവരങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് സുരക്ഷാ നിയന്ത്രണങ്ങളും നിയമങ്ങളും ഉറപ്പാക്കണം. കാര്യക്ഷമമായ ഒരു സുരക്ഷാ നയം കൈവരിക്കുന്നതിന് കൃത്യതയാർന്ന അളവ് സമ്പ്രദായം അത്യാവശ്യമാണ്.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

സംസ്ഥാനത്തുടനീളമുള്ള ലബോറട്ടറികളുടെ കാലിബ്രേഷൻ, അളവ്, ശേഷി എന്നിവ മെച്ചപ്പെടുത്തി സേവനങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുകയും ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് കാഴ്ചപ്പാട്. വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ലക്ഷ്യമിടുന്നു.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

തുടർ പരിപാടികൾ – പരിശോധനയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തൽ, ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ, പരിശീലന പരിപാടികൾ, ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയവ.

പുതിയ പരിപാടികൾ

ലീഗൽ മെട്രോളജിയും പരിസ്ഥിതിയും: മണ്ണിൽ ചേർക്കേണ്ട പോഷകങ്ങളുടെ അളവ്, ശബ്ദ മലിനീകരണത്തിന്റെ അളവും പ്രസാരണവും, ജലത്തിലെയും മണ്ണിലേയും അന്തരീക്ഷത്തിലേയും പദാർത്ഥങ്ങളുടെ അളവ്, വാതകങ്ങളുടെ മലിനീകരണം.

വ്യവസായങ്ങൾക്കും വാണിജ്യത്തിനുമുള്ള അളവ് തൂക്ക ഉപദേശക സേവനങ്ങൾ: ലീഗൽ മെട്രോളജി മേഖലയിലും, ഇൻഡസ്ട്രിയൽ മെട്രോളജി മേഖലയിലും വ്യവസായങ്ങൾക്കും വാണിജ്യത്തിനും സാങ്കേതികവും നിയമപരവുമായ കൺസൾട്ടൻസി സേവനം വ്യാപിപ്പിക്കുക.

ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിന് സൗകര്യമൊരുക്കുക: നമ്മുടെ രാജ്യത്ത് നിലവിലുള്ള വിവിധ പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകിക്കൊണ്ട് ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിന് സൗകര്യമൊരുക്കുക.

സ്കൂൾ തലത്തിൽ ഉപഭോക്തൃ പരാതി പരിഹാര സംവിധാനങ്ങൾ – സ്കൂളുകളിലെ ഉപഭോക്തൃ ക്ലബ്ബുകളുമായി ചേർന്നു കൊണ്ട് അളവ് തൂക്കത്തെക്കുറിച്ചും ഉപഭോക്തൃ അവകാശങ്ങളെക്കുറിച്ചും

പരിശീലനം നൽകി കുട്ടികളെ ബോധവൽക്കരിക്കുന്നു. കൂടാതെ ഉപഭോക്തൃ അവകാശങ്ങളെക്കുറിച്ചും വിവിധ പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ചും പാഠഭാഗത്ത് ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും നിർദ്ദേശിക്കുന്നു.

ജനറൽ അഡ്മിനിസ്ട്രേഷൻ (കോ-ഓർഡിനേഷൻ) വകുപ്പ്
അവലോകനം

പതിനാലാം പദ്ധതി കാലയളവിൽ, പ്രാദേശിക തലത്തിലുള്ള സാമൂഹിക സന്നദ്ധസേനാ വിഭാഗ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സർക്കാർ സാമൂഹിക സന്നദ്ധസേന വകുപ്പ് രൂപീകരിച്ചു.. ഈ കാലയളവിൽ, യുവാക്കളുടെ പ്രവർത്തനങ്ങളും കഴിവുകളും ഏകോപിപ്പിക്കുന്നതിനായി രജിസ്റ്റർ ചെയ്ത സൊസൈറ്റിയായി കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയും (KYLA) രൂപീകരിച്ചു. ജനറൽ അഡ്മിനിസ്ട്രേഷൻ (കോ-ഓർഡിനേഷൻ) വകുപ്പിന് കീഴിലാണ് ഈ വകുപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

1. സാമൂഹിക സന്നദ്ധസേനയുടെ ഡയറക്ടറേറ്റ്

സമീപകാലത്തെ വെള്ളപ്പൊക്കങ്ങളും ചുഴലിക്കാറ്റുകളും നിപ്പയും കോവിഡ് 19 മഹാമാരി ഉൾപ്പെടെയുള്ള ആരോഗ്യ അടിയന്തരാവസ്ഥകൾ നമ്മുടെ സാമൂഹിക ഐക്യം ശക്തിപ്പെടുത്തുന്നതിനുള്ള സാമൂഹിക അധിഷ്ഠിത സന്നദ്ധപ്രവർത്തനം ആവശ്യമാണെന്ന് തെളിയിച്ചു. പൗരസമൂഹത്തിന്റെ അപാരമായ പ്രതികരണത്തിന്റെ പ്രചോദനം ഉൾക്കൊണ്ട്കൊണ്ട് സന്നദ്ധപ്രവർത്തനം കേരള സമൂഹത്തിന്റെ ആസ്തിയായി നിലനിർത്തുന്നതിനായി പൊതുഭരണ വകുപ്പിന് കീഴിൽ കമ്മ്യൂണിറ്റി വോളണ്ടിയർ കോർപ്സ് എന്നും വിളിക്കപ്പെടുന്ന സാമൂഹിക സന്നധസേനയുടെ ഡയറക്ടറേറ്റ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. യുവാക്കളെ പ്രേരകശക്തിയായി ഉപയോഗിച്ച് സന്നദ്ധപ്രവർത്തനം സ്ഥാപനവൽക്കരിക്കുന്നതിന് വേണ്ടി സ്ഥാപിതമായ ഗവൺമെന്റിന്റെ സവിശേഷമായ ആശയമാണ് സന്നദ്ധസേന.

സംസ്ഥാനത്തെ സന്നദ്ധപ്രവർത്തനം ഏകീകരിക്കുക, സ്ഥാപനവൽക്കരിക്കുക, പ്രോത്സാഹിപ്പിക്കുക, എല്ലാ പ്രതിസന്ധികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക, പൊതുസേവനങ്ങളുടെ സുഗമമായ വിതരണം സുഗമമാക്കുക, സർവ്വെ, പ്രചാരണം, പഠനം തുടങ്ങിയ പ്രത്യേക ജോലികളിൽ സർക്കാരിനെ സഹായിക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDGs) കൈവരിക്കുന്നതിനുള്ള വികസനത്തിൽ പങ്കാളികളായി പ്രവർത്തിക്കുക, സഹകരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഭരണത്തിൽ പൗര പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് സാമൂഹിക സന്നദ്ധസേനയുടെ പ്രധാന ലക്ഷ്യങ്ങൾ.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് വകുപ്പ് വിവിധ പ്രവർത്തനങ്ങളായ - തിരികെ നാടിനായി, പഞ്ചായത്ത് അലുമിനി നെറ്റ്‌വർക്ക്, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രോത്സാഹനം, സമാധാനപരവും ഉൾക്കൊള്ളുന്നതുമായ സമൂഹത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ഏറ്റെടുക്കുന്നു. ദുരന്ത നിവാരണത്തിന്റെ ഭാഗമായി, കാലാവസ്ഥാ പ്രവർത്തനത്തിനായുള്ള പടയാളികളെ സജ്ജരാക്കുന്ന പരിപാടി നിർദ്ദേശിക്കുന്നു. കേരളത്തിലെ പ്രൊഫഷണലുകളുടെയും ടെക്കികളുടേയും, പ്രവർത്തനങ്ങളിലൂടെയും അരികിൽ നിന്ന് മുന്നോട്ട്, തുടങ്ങിയ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പ്രത്യേക ആവശ്യങ്ങൾക്കായി വോളണ്ടിയർമാരെ ഏറ്റെടുക്കാനും നിർദ്ദേശിക്കുന്നു. നയ ഉപദേശം - എല്ലാവിഭാഗങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമൂഹം സൃഷ്ടിക്കുക, സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുക എന്നിവയും വകുപ്പിന്റെ പ്രവർത്തനങ്ങളാണ്.

2022-23ൽ ആരംഭിച്ച പുതിയ സംരംഭങ്ങൾ

വാതിൽപടി സേവനം, ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള സാമൂഹ്യ സേവനം.

തിരികെ നാടിനായി - പഞ്ചായത്ത് അലുമിനി നെറ്റ്‌വർക്ക്, കേരളത്തിനായുള്ള ടെക്കികൾ, ലഹരിവസ്തുക്കളുടെ ദുരുപയോഗം റിപ്പോർട്ടുചെയ്യുന്നതിനുള്ള സന്നദ്ധ വിജിലന്റ് ഗ്രൂപ്പുകൾ.

2. കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA)

ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള കേരളാ യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA), ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ജനറൽ അഡ്മിനിസ്ട്രേഷൻ (കോർഡിനേഷൻ) വകുപ്പിന്റെ ഭരണ നിയന്ത്രണത്തിനും കീഴിൽ കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ളതാണ്. എല്ലാ വിഭാഗങ്ങളേയും ഉൾച്ചേർത്തുക്കൊണ്ട് യുവാക്കൾക്കിടയിൽ നേതൃത്വ പാഠവം, തൊഴിലവസരങ്ങൾ, നൈപുണ്യവികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി സർക്കാർ ധനസഹായം നൽകുന്ന രാജ്യത്തെ സവിശേഷമായ ഒരു സ്ഥാപനമാണിത്.

സാമൂഹിക പ്രതിബദ്ധതയുള്ള യുവനേതാക്കളെ പരിപോഷിപ്പിക്കുക, വൈദഗ്ധ്യം നൽകുക, പ്രചോദിപ്പിക്കുക, താൽപ്പര്യമുള്ള യുവാക്കളെ അക്കാദമിക്, പ്രൊഫഷണൽ രംഗത്തെ സാമൂഹിക, വ്യക്തിഗത വികസനത്തിന്റെ പ്രമുഖ ആഗോള സ്രോതസ്സുകളുമായി ബന്ധിപ്പിക്കുക, വിവിധ വിഷയങ്ങളിൽ പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസത്തിൽ യുവാക്കൾക്കിടയിൽ തൊഴിലവസരവും തൊഴിൽ പങ്കാളിത്തവും വർദ്ധിപ്പിക്കുക, ബിരുധധാരികൾക്കായി ശിൽപശാലകൾ, വെബിനാറുകൾ, ഇന്റേൺഷിപ്പുകൾ തുടങ്ങിയവ സാധ്യമായ എല്ലാ മേഖലകളിലും നേതാക്കളെ വളർത്തിയെടുക്കൽ, യുവാക്കളെ അതിന്റെ ചാലകശക്തിയായി പ്രവർത്തിപ്പിച്ച കൊണ്ട് കേരളത്തിൽ വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിച്ചെടുക്കുക എന്നതാണ് KYLA യുടെ പ്രധാന ലക്ഷ്യങ്ങൾ.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ഭരണഘടനയും, നിയമവും, മനുഷ്യാവകാശങ്ങളും: നിങ്ങളുടെ ഭരണഘടന അറിയുക (കെവൈസി), നിയമ സാക്ഷരതാ പ്രോഗ്രാം, മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം, പദ്ധതി നടപ്പാക്കലിനുള്ള തനതായ തന്ത്രങ്ങൾ.

ദുരന്ത നിവാരണം: ക്രിസ്റ്റൽ – അടിയന്തിര ഘട്ടങ്ങളിൽ അതിജീവനത്തിനുള്ള വൈദഗ്ധ്യത്തിനായി മികച്ച ശാരീരിക പരിശീലനം

ലിംഗ സമത്വ പരിപാടി: ബോധി – ലിംഗ സമത്വത്തിനായി യുവ നേതൃത്വം, പ്രിസം ഇൻക്ലൂഷൻ പ്രോജക്റ്റ്, വനിതാശിശു വികസന വകുപ്പുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ (ഡബ്ല്യുസിഡി), സ്കൂൾ അധ്യാപകർക്കുള്ള പോസ്കോ സർട്ടിഫിക്കേഷൻ ട്രെയിനർ കോഴ്സ്, പോസ്കോ കോടതികളിലെ ഇന്റേൺഷിപ്പ് പ്രോഗ്രാം

മറ്റ് പരിപാടികൾ: പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, ഓൺലൈൻ സർട്ടിഫിക്കേഷൻ, ആധുനിക സാങ്കേതികവിദ്യയും തൊഴിലവസരങ്ങളും, നയരൂപീകരണം

2022–23 ൽ ആരംഭിച്ച സംരംഭങ്ങൾ

ക്രിസ്റ്റൽ: യുവാക്കൾക്ക് നൈപുണ്യ വികസനത്തിനും, നേതൃത്വ പാടവത്തിനും പരിശീലനം, ദുരന്ത പ്രതിരോധത്തെക്കുറിച്ചുള്ള വളരെ സമഗ്രവും മികച്ചതുമായ ശാരീരിക പരിശീലനം.

പ്രിസം: രാജ്യത്തെ ആദ്യത്തെ സമഗ്ര ഇൻക്ലൂഷൻ പ്രോജക്റ്റ് ആണിത്. കാമ്പസുകളിൽ എൽജിബിടിക്യു+, വികലാംഗരായ വിദ്യാർത്ഥികളെ മുഖ്യധാരയിൽ ഉൾപ്പെടുത്തുന്നതിലും എല്ലാ വിഭാഗങ്ങളെയും ഉൾച്ചേർത്തുകൊണ്ടുള്ള ജോലിസ്ഥലങ്ങൾ സൃഷ്ടിക്കുനത് പ്രോത്സാഹിപ്പിക്കുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

25.2 പൊതു സേവനങ്ങൾ

പൊതു സേവനങ്ങളിൽ സ്റ്റേഷനറി, പ്രിന്റിംഗ്, പൊതുമരാമത്ത് (കെട്ടിടങ്ങൾ) എന്നീ വകുപ്പുകൾക്ക് കീഴിലുള്ള പദ്ധതികൾ ഉൾപ്പെടുന്നു. ആധുനികവൽക്കരണം, കംപ്യൂട്ടർവൽക്കരണം, ഇ–ഗവേണൻസ്, കാര്യശേഷി വികസനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് പ്രധാനമായുള്ള പ്രവർത്തനങ്ങൾ. ഈ മേഖലയുടെ പതിമൂന്നാം പദ്ധതി മൊത്തം വിഹിതം 432.98 കോടി രൂപയാണ്. ഇതിൽ സ്റ്റേഷനറി & പ്രിന്റിംഗിനായി 50.90 കോടി രൂപയും. പൊതുമരാമത്ത് (കെട്ടിടങ്ങൾ) 382.08

കോടി രൂപയുമാണ്. ഇക്കാലയളവിലെ മൊത്തം ചെലവ് 569.67 കോടി രൂപയായിരുന്നു. ഇതിൽ സ്റ്റേഷനറി & പ്രിന്റിംഗിനായി 30.94 കോടി രൂപയും. പൊതുമരാമത്ത് (കെട്ടിടം) ത്തിന് 538.73 കോടി രൂപയും ചെലവഴിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഉപമേഖലാ തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവുകളും പട്ടിക 25.3 ൽ നൽകിയിരിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള വകുപ്പുകൾ തിരിച്ചുള്ള സംരംഭങ്ങൾ താഴെ ചേർക്കുന്നു.

സ്റ്റേഷനറി വകുപ്പ്

അവലോകനം

വിവിധ സർക്കാർ വകുപ്പുകളുടെ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ വിതരണം ചെയ്യുന്നതിന് ചുമതലയുള്ള ഒരു സേവന വകുപ്പാണ് സ്റ്റേഷനറി വകുപ്പ്. ഇതിന് തിരുവനന്തപുരം, എറണാകുളം, ഷൊർണ്ണൂർ (പാലക്കാട് ജില്ല), കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഓഫീസുകളും ബാക്കി 10 ജില്ലകളിലായി ജില്ലാ സ്റ്റേഷനറി ഓഫീസുകളും ഉണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 555.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 376.53 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.3-ൽ കാണിച്ചിരിക്കുന്നു. നവീകരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് തുക വിനിയോഗിച്ചത്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

വയനാട് സ്റ്റേഷനറി ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ, കാസർകോട് സ്റ്റേഷനറി ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം, തിരുവനന്തപുരം, ഷൊർണ്ണൂർ, എറണാകുളം മേഖലാ ഓഫീസുകളുടെ നവീകരണം, ഗോഡൗണുകളുടെ നവീകരണം, ഓഫീസുകളിൽ വിവര സാങ്കേതിക വിദ്യക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങൾ, പേപ്പർ ടെസ്റ്റിംഗ് ലാബിന് ആധുനിക ഉപകരണങ്ങൾ, ഇ-ഗവേണൻസ് സംരംഭങ്ങൾ.

അച്ചടി വകുപ്പ്

അവലോകനം

അച്ചടി വകുപ്പ് സർക്കാർ, നിയമസഭ, ജുഡീഷ്യറി തുടങ്ങിയ എല്ലാ വകുപ്പുകളുടേയും എല്ലാ പ്രിന്റിംഗും ബൈൻഡിംഗും ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നു. എല്ലാ നിയമങ്ങളും ബില്ലുകളും ചട്ടങ്ങളും ഓർഡിനൻസുകളും കോഡുകളും മാനുവലുകളും കേരള ഗസറ്റ്, ഡിപ്പാർട്ട്മെന്റ് പ്രസിദ്ധീകരണങ്ങൾ, പാഠപുസ്തകങ്ങൾ, സർക്കാർ ഡയറി, കലണ്ടർ, ലോട്ടറി ടിക്കറ്റുകൾ എന്നിവയും, വിവിധ സർക്കാർ വകുപ്പുകളുടെ മൾട്ടി കളർ പോസ്റ്റർ, ഫോമുകൾ, രജിസ്റ്ററുകൾ എന്നിവയും സർക്കാർ പ്രസ്സുകളിൽ അച്ചടിക്കുന്നു. ഒരു സർക്കാർ വകുപ്പായി നേരിട്ട് പ്രവർത്തിപ്പിക്കുന്ന തരത്തിൽ ഏറ്റവും വലിയ ഫാക്ടറി സംവിധാനം കൈകാര്യം ചെയ്യുന്നത് അച്ചടി വകുപ്പാണ്. നിലവിൽ ഈ വകുപ്പിന് കീഴിൽ 11 പ്രിന്റിംഗ് പ്രസ്സുകളും 12 ജില്ലാ ഫോം സ്റ്റോറുകളും ഉണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 4535.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തിയതിൽ 2717.38 ലക്ഷം രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 25.3 ൽ കാണിച്ചിരിക്കുന്നു. സർക്കാർ പ്രസിന്റെ നവീകരണത്തിനും സർക്കാർ പ്രസുകളുടെ കെട്ടിട നിർമാണത്തിനുമാണ് തുക വിനിയോഗിച്ചത്.

പതിനാലാം പഞ്ചവത്സര പദ്ധതി

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

ആധുനികവൽക്കരണം- ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്, വാഴൂർ ഗവൺമെന്റ് പ്രസ്, വയനാട് ഗവൺമെന്റ് പ്രസ്, സെൻട്രൽ ജയിൽ പ്രസ്, എറണാകുളം ഗവൺമെന്റ് പ്രസ്, കോഴിക്കോട് ഗവൺമെന്റ് പ്രസ്, കണ്ണൂർ ഗവൺമെന്റ് പ്രസ്, കൊല്ലം ഗവൺമെന്റ് പ്രസ്, സെൻട്രൽ പ്രസ് തിരുവനന്തപുരം, മണ്ണന്തല ഗവൺമെന്റ് പ്രസ് എന്നിവിടങ്ങളിൽ വിവിധ യന്ത്രങ്ങൾ വാങ്ങൽ.

നിർമ്മാണ പ്രവർത്തനങ്ങൾ-ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്, വാഴൂർ ഗവൺമെന്റ് പ്രസ്, വയനാട് ഗവൺമെന്റ് പ്രസ്, സെൻട്രൽ ജയിൽ പ്രസ്, തിരുവനന്തപുരം സ്റ്റാമ്പ് മാനുഫാക്ടറി പ്രസ്, എറണാകുളം ഗവൺമെന്റ് പ്രസ്, കോഴിക്കോട് ഗവൺമെന്റ് പ്രസ്, കണ്ണൂർ ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം സെൻട്രൽ പ്രസ്, മണ്ണന്തല ഗവൺമെന്റ് പ്രസ് എന്നിവിടങ്ങളിലെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ.

തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, എറണാകുളം, ആലപ്പുഴ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ ഫോം സ്റ്റോറുകളിലെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ.

പൊതുമരാമത്ത് വകുപ്പ് (കെട്ടിടങ്ങൾ)

അവലോകനം

പൊതുമരാമത്ത് വകുപ്പ് (PWD) കേരളത്തിലെ പ്രമുഖ എഞ്ചിനീയറിംഗ് വകുപ്പുകളിലൊന്നാണ്, സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് പ്രവർത്തികൾ രൂപകല്പന ചെയ്യുന്നതിനും ആസൂത്രണം ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള നിയമപരമായ അതോറിറ്റിയാണ്. പൊതു കെട്ടിടങ്ങളുടെ ജലവിതരണം, വൈദ്യുതീകരണം, ഇലക്ട്രോണിക് ജോലികൾ, ഇൻവെസ്റ്റിഗേഷൻ ജോലികൾ എന്നിവയുൾപ്പെടെയുള്ള ജോലികളുടെ ആസൂത്രണം, പദ്ധതി തയ്യാറാക്കൽ, നിർമ്മാണം, അറ്റകുറ്റപ്പണികൾ, ക്രമീകരണം എന്നിവ പൊതുമരാമത്ത് കെട്ടിട വിഭാഗം കൈകാര്യം ചെയ്യുന്നു.

സംസ്ഥാന നിയമസഭ, ജുഡീഷ്യറി, തിരഞ്ഞെടുപ്പ്, ലാൻഡ് റവന്യൂ, സ്റ്റാമ്പുകളും രജിസ്ട്രേഷനും, എക്സൈസ് വകുപ്പ്, എന്നിവ ഉൾപ്പെടുന്ന വിവിധ പബ്ലിക് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൊതുമരാമത്ത് കെട്ടിട വാഭാഗമാണ്. കൂടാതെ സംസ്ഥാന ജിഎസ്ടി, സെയിൽസ് ടാക്സ്, പബ്ലിക് സർവീസ് കമ്മീഷൻ, സെക്രട്ടേറിയറ്റ്, ട്രഷറികൾ, സ്റ്റേഷനറി, പ്രിന്റിംഗ് വകുപ്പ്, പൊതുമരാമത്ത്, ഫയർഫോഴ്സ്, പൊതുജനാരോഗ്യ വകുപ്പ്, രാജ്ഭവൻ, വാണിജ്യ നികുതി, കേരള പിഎസ്സി, പോലീസ്, ജയിലുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവയും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ 38208.00 ലക്ഷം രൂപ പദ്ധതി വിഹിതമായി വകയിരുത്തുകയും 53872.69 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു വർഷം തിരിച്ചുള്ള പദ്ധതി വിഹിതവും ചെലവും പട്ടിക 24.3 ൽ കാണിച്ചിരിക്കുന്നു.

പതിമൂന്നാം പദ്ധതിയിലെ പ്രധാന നേട്ടങ്ങൾ

തിരുവനന്തപുരം ഒബ്സർവേറ്ററി ഹില്ലിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് നിർമ്മാണം, കാട്ടാക്കട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം, പോത്തൻകോട് മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയുടെ നിർമ്മാണം, വൈദ്യുതീകരണ പ്രവൃത്തികൾ, മറ്റ് അനുബന്ധ ജോലികൾ, പുനലൂർ കോടതി കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണം, പത്തനംതിട്ട കളക്ടറേറ്റ് കോമ്പൗണ്ടിലെ ഇലക്ഷൻ വെയർ ഹൗസ് നിർമ്മാണം, കോട്ടയം പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം, നേര്യമംഗലം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ്, ഒന്നും രണ്ടും നില നിർമ്മാണം, നേര്യമംഗലം പി.ഡബ്ല്യു.ഡി എഞ്ചിനീയേഴ്സ് ട്രെയിനിംഗ് സെന്റർ കോമ്പൗണ്ട് മൂന്നാം ഘട്ട ബാലൻസ് വർക്കുകൾ, പാലക്കാട് ടൗൺ എക്സൈസ് കോംപ്ലക്സ് നിർമ്മാണം, കല്ലേപ്പുള്ളിയിലെ എൻജിഒ ക്വാർട്ടേഴ്സ്, മഞ്ചേരി കോടതി കോംപ്ലക്സിന്റെ നിർമ്മാണം,

പെരിന്തൽമണ്ണ കോടതി സമുച്ചയത്തിന്റെ പൂർത്തീകരണം, കണ്ണൂർ ജില്ലയിൽ ഇ.വി.എം, വിവിപാറ്റ് മെഷീനുകൾ സൂക്ഷിക്കുന്നതിനുള്ള പുതിയ വെയർഹൗസിന്റെ നിർമ്മാണം, കാസർകോഡ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണം.

നിർണ്ണായക വിടവുകൾ/പ്രശ്നങ്ങൾ

പൊതുമരാമത്ത് കെട്ടിട വിഭാഗം പ്രവർത്തികൾ നടത്തുമ്പോൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ – പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലെ കാലതാമസം, ഗുണനിലവാര നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാങ്കേതിക അനുമതി നൽകുന്നതിലെ കാലതാമസം, യോഗ്യതയുള്ള കരാറുകാരുടെ അഭാവം, നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോഗികമാക്കാത്തത്, പ്രോജക്ട് അടിസ്ഥാന സമീപനത്തിലേക്ക് മാറുന്നതിൽ വിമുഖത, സൈറ്റ് പരിശോധനയ്ക്ക് വാഹനങ്ങളുടെ ലഭ്യതക്കുറവ്, കരാർ നൽകുന്നതിൽ കാലതാമസം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, മറ്റ് സ്പെഷ്യലൈസ്ഡ് പ്രവർത്തികൾ എന്നിവ നടപ്പിലാക്കുന്നതിലെ കാലതാമസം, വിവിധ ഇലക്ട്രോണിക് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലും പരിപാലിക്കുന്നതിലുമുള്ള ബുദ്ധിമുട്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി

ലക്ഷ്യം

ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി പരിസ്ഥിതി സൗഹൃദവും സുസ്ഥിരവും ഊർജ്ജ കാര്യക്ഷമവും മനോഹരവുമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും സമൂഹവുമായും മറ്റ് സർക്കാർ വകുപ്പുകളുമായും ചേർന്ന് പ്രവർത്തിക്കുക, കൂടാതെ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങളിലും സർക്കാരിന്റെ ഹരിത നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക എന്നതാണ് വകുപ്പിന്റെ കാഴ്ചപ്പാട്.

പതിനാലാം പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ

എല്ലാ ജില്ലകളിലും പൊതുമരാമത്ത് കോംപ്ലക്സുകളുടെ നിർമ്മാണം, തിരുവനന്തപുരത്ത് സർക്കാർ യോഗങ്ങളും ചടങ്ങുകളും നടത്തുന്നതിനായി കോമൺ കൺവെൻഷൻ സെന്റർ, സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുതിയ മാതൃകയിലുള്ള റസ്റ്റ് ഹൗസുകളുടെയും അതിഥി മന്ദിരങ്ങളുടെയും നിർമ്മാണം, റസ്റ്റ് ഹൗസുകളുടെ പരിസരത്ത് കാരവൻ പാർക്ക് സ്ഥാപിക്കൽ, എല്ലാ ശാസ്ത്രീയ ഉപകരണങ്ങളോടും കൂടിയ കേന്ദ്രീകൃത ഗുണനിലവാര നിയന്ത്രണ ലാബ് സ്ഥാപിക്കൽ, സംസ്ഥാനത്തെ പ്രധാന ഹൈവേകളോട് ചേർന്ന് മൊബിലിറ്റി ഹബ്ബ്, ലോജിസ്റ്റിക് പാർക്ക് എന്നിവയുടെ നിർമ്മാണം, അഞ്ച് വർഷത്തിനുള്ളിൽ കെട്ടിട നിർമ്മാണത്തിൽ ഹരിത നിർമ്മാണ ആശയങ്ങൾ നടപ്പാക്കുക, നിലവിലുള്ള എല്ലാ കെട്ടിടങ്ങളും ഊർജ്ജ കാര്യക്ഷമതയോടെ പരിസ്ഥിതി സൗഹൃദവും സ്ത്രീ സൗഹൃദവും വികലാംഗ സൗഹൃദവുമായി മാറ്റുക, പ്രീഫാബ് നിർമ്മാണങ്ങൾ പ്രോത്സാഹിപ്പിക്കുക, സാമൂഹ്യനീതി വകുപ്പിന് വേണ്ടിയുള്ള കെട്ടിടങ്ങളായ അഗതികൾക്കുള്ള അനാഥാലയങ്ങളുടെ നിർമ്മാണം, മികച്ച നിലവാരത്തോടെയുള്ള സർക്കാർ ഔദ്യോഗിക വസതി സമുച്ചയങ്ങളുടെ നിർമ്മാണം, നേര്യമംഗലം പരിശീലന കേന്ദ്രത്തിന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, പരിശീലന കേന്ദ്രം സംസ്ഥാന പരിശീലന കേന്ദ്രമാക്കി മാറ്റൽ തുടങ്ങിയവ നിർദ്ദേശിച്ചിട്ടുണ്ട്.

പട്ടിക 25.1 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ പൊതു സാമ്പത്തിക സർവ്വീസുകൾക്കായുള്ള ബജറ്റ് വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

ക്രമ നം.	മേഖല	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		ആകെ	
		ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്
1	സെക്രട്ടേറിയറ്റ് ഇക്കണോമിക്സ് സർവീസസ് **	189577.00	22766.77	213836.00	29631.06	312735.00	25027.29	242842	102060.25	304886.00	39149.96	1263876	218635.33
2	ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്	200.00	228.18	217.00	120.82	239.00	138.27	212.00	197.64	400.00	239.35	1268.00	924.26
3	മറ്റ് പൊതു സാമ്പത്തിക സർവീസസ്	1000.00	944.16	1150.00	480.47	1150.00	457.68	1020.00	934.00	5500.00	434.18	4870.00	3250.49
	ആകെ ***	**190777.00**	**23939.11**	**215203.00**	**30232.35**	**314124.00**	**25623.24**	**244074.00**	**103191.89**	**305836.00**	**39823.49**	**1270014.00**	**222810.08**

* ചെലവിൽ ഗ്രാന്റുകൾക്കുള്ള സപ്ലിമെന്ററി ഡിമാൻഡ് ഉൾപ്പെടുന്നു

** മുഖ്യ അടിസ്ഥാനസൗകര്യ പ്രോജക്റ്റുകൾക്ക് കീഴിലുള്ള സ്കീമുകളുടെ വിഹിതം ഉൾപ്പെടെയുള്ള ബജറ്റ് വിഹിതം, എംഐ പ്രോജക്ടുകളുടെ ചെലവ് ഒഴികെയുള്ള ചെലവുകൾ

*** ദുരന്തനിവാരണത്തിന്റെയും സിവിൽ സപ്ലൈസിന്റെയും വിഹിതവും ചെലവും പ്രത്യേക അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അവലംബം:വാർഷിക പദ്ധതി രേഖ 2017-18, 2018-19, 2019-20, 2020-21, 2021-22, പതിമൂന്നാം പഞ്ചവത്സര പദ്ധതി അക്കൌണ്ട്സ്(2017-2022)

പട്ടിക 25.2 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പൊതു സാമ്പത്തിക സർവ്വീസുകളുടെ വകുപ്പ് തിരിച്ചുള്ള അടങ്കലും ചെലവും, രൂപ ലക്ഷത്തിൽ

ക്രമ നം	മേഖല / വകുപ്പ്	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		ആകെ		ചെലവ് %
		ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	
I	സെക്രട്ടേറിയറ്റ് ഇക്കണോമിക്സ് സർവീസസ്													
1	പോലീസ്	7300	8904.65	18200	10986.59	19110	10144.35	15925	18031.01	16150	13387.36	76685	62039.15	79.88
2	ട്രഷറി	2100	1290.39	2300	1259.01	2300	1498.20	1924	2493.99	1924	2419.68	10548	8961.27	84.96
3	രജിസ്ട്രേഷൻ	1000	808.96	2000	1109.34	2446	775.09	2046	2044.06	2050	1597.14	9542	6334.59	66.39
4	റവന്യൂ	5600	4979.44	6525	6440.79	6525	2776.46	6913	5814.31	7000	6087.17	32563	26098.17	80.15
5	സർവേയും ലാൻഡ് റെക്കോർഡ്സും	2600	837.48	5128	161.38	1624	107.36	1350	468.50	1350	372.63	12052	1947.35	16.16
6	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐഎൽഡിഎം)	150	150.00	160	160.00	160	0.00	134	63.63	134	108.54	738	482.17	65.33
7	സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് (CPMU)	50	44.42	155	79.17	155	77.87	129	74.53	129	97.92	618	373.91	60.50
8	വിജിലൻസ്	750	341.03	1300	600.28	1274	430.09	788	650.89	925	733.24	5037	2755.53	58.63
9	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG)	2000	2000.00	2300	2025.00	2350	657.64	2350	913.75	2350	1378.95	11350	6975.34	61.46
10	സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS)	410	307.5	327	310.00	360	253.00	335	407.00	335	219.02	1767	1496.52	84.69

ക്രമ നം	മേഖല / വകുപ്പ്	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		ആകെ		ചെലവ് %
		ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	
11	ഗ്ലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (GIFT)	350	262.50	150	112.50	75	12.00	75	262.50	100	34.89	750	684.39	91.25
12	സംസ്ഥാന നിയമസഭ	97	101.23	110	83.88	110	1489.80	92	1728.16	92	1087.22	501	4490.29	896.27
13	കേരള പബ്ലിക് സർവീസ് കമ്മീഷൻ	220	219.35	800	273.90	800	146.79	837	227.88	850	251.17	3507	1119.09	31.91
14	എക്സൈസ്	750	552.11	1300	1126.02	1705	1403.16	1543	1791.45	1750	799.37	7048	5672.11	80.48
15	ലോക്കൽ ഫണ്ട് ഓഡിറ്റ്	220	206.47	250	86.74	250	44.85	209	205.54	209	116.66	1138	660.26	58.02
16	പ്രോസിക്യൂഷൻ	110	65.54	150	83.67	170	33.87	309	112.24	320	179.33	1059	474.65	44.82
17	കേരള ഹൈക്കോടതി	450	187.59	2460	489.99	1940	1281.24	1644	1066.66	1644	1659.97	8138	4685.45	57.57
18	വർക്കലയുടെ അടിസ്ഥാന സൗകര്യ വികസനം (VIVID)	250	100.00	275	516.19	400	150	350	250.00	350	258.02	1625	1274.21	78.41
19	സംസ്ഥാന ആസൂത്രണ ബോർഡ്	2250	561.16	2550	827.5	3250	262.37	3019	521.93	2040	564.24	13109	2737.20	20.88
20	നിയമം	120	75.79	140	99.15	66	4.31	57	53.73	57	68.99	440	301.97	68.63
21	കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (K-DISC)	100	9.80	100	950.36	1500	837.84	1275	1741.07	1500	4773.69	4475	8312.76	185.76
22	സംസ്ഥാന ജിഎസ്ടി വകുപ്പ്	7500	761.36	2500	1222.58	1075	768.28	828	1013.81	900	1196.62	12803	4962.65	38.76
23	ധനകാര്യ ജി-സ്പാർക്ക്							1				1	0.00	0.00

ക്രമ നം	മേഖല / വകുപ്പ്	വാർഷിക പദ്ധതി 2017-18		വാർഷിക പദ്ധതി 2018-19		വാർഷിക പദ്ധതി 2019-20		വാർഷിക പദ്ധതി 2020-21		വാർഷിക പദ്ധതി 2021-22		ആകെ		ചെലവ് %
		ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്.	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്	
24	ഹരിതകേരളം-ഭരണ ചെലവ്			825	620.91	760	951.10	700	850.00	700	383.59	2985	2805.60	93.99
25	റീബിൽഡ് കേരള ഇനിഷ്യേറ്റീവ്				4.31	100000	858.04	100000	61240.26	183000	1358.11	383000	63460.72	16.57
26	കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ				1.80		63.58	9	33.35	27	16.44	36	115.17	319.92
	സബ് ടോട്ടൽ	**34377.00**	**22766.77**	**50005.00**	**29631.06**	**148405.00**	**25027.29**	**142842.00**	**102060.25**	**225886.00**	**39149.96**	**601515.00**	**218635.33**	**36.35**
27	മുഖ്യ അടിസ്ഥാനസൗകര്യ പ്രോജക്ടുകൾ	155200		163831		164330		100000		79000		662361		
	MIP ഉൾപ്പെടെ ആകെ	**189577.00**	**22766.77**	**213836.00**	**29631.06**	**312735.00**	**25027.29**	**242842.00**	**102060.25**	**304886.00**	**39149.96**	**1263876.00**	**218635.33**	
II	**ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്**													
28	ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്	200	228.18	217	120.82	239	138.27	212	197.64	400	239.35	1268	924.26	72.89
III	**മറ്റ് പൊതു സാമ്പത്തിക സർവീസസ്**													
29	ലീഗൽ മെട്രോളജി വകുപ്പ്	1000	944.16	1150	480.47	1150	457.68	1020	934.00	550	434.18	4870	3250.49	66.75
	ആകെ – പൊതു സാമ്പത്തിക സർവീസസ്	**35577.00**	**23939.11**	**51372.00**	**30232.35**	**149794.00**	**25623.24**	**144074.00**	**103191.89**	**226836.00**	**39823.49**	**607653.00**	**222810.08**	**36.67**
	ആകെ – എംഐപി ഉൾപ്പെടെയുള്ള പൊതു സാമ്പത്തിക സേവനങ്ങൾ	**190777.00**	**23939.11**	**215203.00**	**30232.35**	**314124.00**	**25623.24**	**244074.00**	**103191.89**	**305836.00**	**39823.49**	**1270014.00**	**222810.08**	

അവലംബം:വാർഷിക പദ്ധതി രേഖ 2017-18, 2018-19, 2019-20, 2020-21, 2021-22, പതിമൂന്നാം പഞ്ചവത്സര പദ്ധതി അക്കൌണ്ട്സ്(2017-2022)

ദുരന്തനിവാരണത്തിന്റെയും സിവിൽ സപ്ലൈസിന്റെയും വിഹിതവും ചെലവും പ്രത്യേക അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 25.3 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ പൊതു സേവനങ്ങളുടെ ബജറ്റ് വിഹിതവും ചെലവും, രൂപ ലക്ഷത്തിൽ

ക്രമ നം	**മേഖല**	**വാർഷിക പദ്ധതി 2017-18**		**വാർഷിക പദ്ധതി 2018-19**		**വാർഷിക പദ്ധതി 2019-20**		**വാർഷിക പദ്ധതി 2020-21**		**വാർഷിക പദ്ധതി 2021-22**		**ആകെ**	
പൊതു സർവ്വീസുകൾ		ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്*	ബജറ്റ് വിഹിതം	ചെലവ്*
1	സ്റ്റേഷനറി	65.00	61.69	100.00	70.63	150.00	55.54	120.00	78.09	120.00	110.58	555.00	376.53
2	പ്രിന്റിംഗ്	935.00	633.77	1000.00	987.55	1000.00	264.32	800.00	690.07	800.00	141.67	4535.00	2717.38
3	പൊതുമരാമത്ത് വകുപ്പ്	7600.00	14086.20	8120.00	9786.15	8120.00	8766.59	7184.00	10902.85	7184.00	10330.94	38208.00	53872.69
	ആകെ	**8600.00**	**14781.66**	**9220.00**	**10844.33**	**9270.00**	**9086.45**	**8104.00**	**11671.01**	**8104.00**	**10583.19**	**43298.00**	**56966.60**

* ചെലവിൽ ഗ്രാന്റുകൾക്കുള്ള സപ്ലിമെന്ററി ഡിമാൻഡ് ഉൾപ്പെടുന്നു.

അവലംബം:വാർഷിക പദ്ധതി രേഖ 2017-18, 2018-19, 2019-20, 2020-21, 2021-22, പതിമൂന്നാം പഞ്ചവത്സര പദ്ധതി അക്കൌണ്ട്സ്(2017-2022)

25.3 വാർത്താവിതരണവും പ്രചരണവും

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഇൻഫർമേഷൻ ആൻഡ് പബ്ലിസിറ്റി മേഖലയുമായി ഇടപെടുകയും ജനങ്ങളും സർക്കാരും തമ്മിലുള്ള ആശയവിനിമയത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുകയും ചെയ്യുന്നു. സർക്കാർ നയ പരിപാടികൾ, പദ്ധതികൾ, സംരംഭങ്ങൾ, നേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള വാർത്തകളും വിവരങ്ങളും അച്ചടി, ഇലക്ട്രോണിക്, സോഷ്യൽ മീഡിയകൾ വഴി പൊതുജനങ്ങളിലേക്ക് സമയബന്ധിതമായി പ്രചരിപ്പിക്കുന്നതിനും ജനങ്ങളുടെ പ്രതികരണം ട്രാക്കുചെയ്യുന്നതിനുമുള്ള നോഡൽ ഏജൻസിയാണിത്. ഡയറക്ടറേറ്റ്, 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ, ന്യൂഡൽഹിയിലെ ഇൻഫർമേഷൻ ഓഫീസ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസുകൾ ജില്ലയിലെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതത് ജില്ലാ കളക്ടറേറ്റുകളുമായി ചേർന്ന് വാർത്താ പ്രചാരത്തിലും പ്രചാരണത്തിലും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ ഉൾപ്പെടെയുള്ള പ്രത്യേക അവസരങ്ങളിൽ കേരളത്തിന്റെ കലയും സംസ്കാരവും പൈതൃകവും പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയാണ് ന്യൂഡൽഹി ഇൻഫർമേഷൻ ഓഫീസ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ

2017-18 ൽ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് 'നാം മുന്നോട്ട്' എന്ന മുഖ്യമന്ത്രിയുടെ ടെലിവിഷൻ പ്രോഗ്രാം ആരംഭിച്ചു. കൂടാതെ ഡിപ്പാർട്ട്മെന്റ് ന്യൂഡൽഹി ഐഐടിഎഫിൽ വെള്ളി മെഡൽ നേടുകയും ചെയ്തു. ഈ വർഷത്തിൽ വജ്രകേരളം ആഘോഷത്തോടനുബന്ധിച്ച് 12 ഡോക്യുമെന്ററികൾ തയ്യാറാക്കി, സർക്കാരിന്റെ 1000 ദിനങ്ങൾ പൂർത്തിയാകുന്നതിനെക്കുറിച്ചുള്ള പ്രത്യേക ക്യാമ്പയിൻ, മൊബൈൽ ജേർണലിസത്തിൽ പരിശീലനം, സർക്കാർ വെബ് പോർട്ടലായ www.kerala.gov.in ന്റെ മലയാളം പതിപ്പിന്റെ വികസനം, തിരുവനന്തപുരം ടാഗോർ തിയറ്ററിൽ ഡോൾബി സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ എന്നിവയായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ വകുപ്പ് നേട്ടങ്ങളിൽ ചിലത്. കെൽട്രോണിന്റെ സഹായത്തോടെ 'ADMIRE' എന്ന സോഫ്റ്റ്‌വെയറിലൂടെ സർക്കാർ പരസ്യപ്രക്രിയകൾ ഓട്ടോമേറ്റ് ചെയ്തിട്ടുണ്ട്. ദൂരദർശനുമായി സഹകരിച്ച് വകുപ്പ് ഡോക്യുമെന്ററി ഫെസ്റ്റ് നടത്തി, ഈ ഡോക്യുമെന്റേഷൻ നടത്തിയത് പുലിറ്റ്സർ സമ്മാന ജേതാവും ഫോട്ടോഗ്രാഫറുമായ നിക്ക് ഉട്ടിന്റെ കേരള പര്യടനത്തിലാണ്.

സംസ്ഥാന മാധ്യമ അവാർഡുകൾ, സ്വദേശാഭിമാനി കേസരി അവാർഡ്, സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് എന്നിവ വകുപ്പ് നൽകുന്നു. ലോക കേരള സഭയുടെ സോഷ്യൽ മീഡിയ പ്രചാരണം, പരസ്യങ്ങൾ, പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പ്രദർശനം, പ്രകടനങ്ങൾ എന്നിവ ഈ സമയത്ത് നടത്തി.

സർക്കാരിന്റെ ക്ഷേമ-വികസന സംരംഭങ്ങൾ ഉയർത്തിക്കാട്ടി 2021 ഫെബ്രുവരിയിൽ ഡിപ്പാർട്ട്മെന്റ് "ഇനിയും മുന്നോട്ട്" എന്ന പേരിൽ ഒരു മാസത്തെ സോഷ്യൽ മീഡിയ ക്യാമ്പയിൻ നടത്തി. കേരളത്തിന്റെ പുരാതന, മധ്യകാല, ആധുനിക കാലഘട്ടങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ദൃശ്യചരിത്രത്തിന്റെ ഡിജിറ്റൽ സമാഹാരത്തിന്റെ ആദ്യഘട്ടം പൂർത്തിയായി. 2016 മുതൽ 2020 വരെയുള്ള കാലയളവിൽ മേഖല തിരിച്ചുള്ള നേട്ടങ്ങളുടെ വിശദാംശങ്ങളോടെ ഗവൺമെന്റിന്റെ പുരോഗതി റിപ്പോർട്ടിന്റെ 50,000 കോപ്പികൾ അച്ചടിച്ച് പ്രസിദ്ധീകരിച്ചു. കോവിഡ്-19 സംബന്ധിയായ വിവര വിതരണത്തിനായി വകുപ്പ് 'GoK ഡയറക്ട്' മൊബൈൽ ആപ്പ് പുറത്തിറക്കുകയും ബ്രേക്ക്-ദി-ചെയിൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. -സോഷ്യൽ മീഡിയ ക്യാമ്പയിൻ (അതിഥി തൊഴിലാളികൾക്കായി ബഹുഭാഷാ ഉള്ളടക്കം ഉൾപ്പെടെ ഹ്രസ്വ വീഡിയോകൾ, ഇൻഫോ-ഗ്രാഫിക്സ്, പോസ്റ്ററുകൾ, ആനിമേഷനുകൾ എന്നിവ ഉപയോഗിച്ചു). സർക്കുലറുകൾ, അറിയിപ്പുകൾ, ടെൻഡറുകൾ, സർക്കാർ റിപ്പോർട്ടുകൾ, നയങ്ങൾ, വാർത്തകൾ, വീഡിയോകൾ, ചിത്രങ്ങൾ, ബാനർ വാർത്തകൾ എന്നിവയ്ക്ക് പുറമെ സർക്കാർ ഉത്തരവുകളും ക്യാബിനറ്റ് ഉത്തരവുകളും വകുപ്പ് പതിവായി www.kerala.gov.in-ൽ അപ്‌ലോഡ് ചെയ്യുന്നു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തി അഞ്ചാം വാർഷികത്തിന്റെ (ആസാദി കാ അമൃത് മഹോത്സവ്) ഭാഗമായി സംസ്ഥാനതല പ്രചാരണവും വിവിധ സർക്കാർ പരിപാടികളെക്കുറിച്ച് ഫീൽഡ് പബ്ലിസിറ്റിയിലൂടെയും സോഷ്യൽ മീഡിയ മോഡുകളിലൂടെയും ബോധവൽക്കരണവും നടത്തി.

കേരള മീഡിയ അക്കാദമി (ഓട്ടോണമസ്) എന്നത് മാധ്യമ പഠനത്തിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള പരിശീലനം നൽകുന്ന വകുപ്പിന്റെ അക്കാദമിക് വിഭാഗമാണ്. പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മെന്റ് (പ്രിസം) പോലുള്ള ചില മുൻനിര പരിപാടികൾ ഗവൺമെന്റിന്റെ താഴേത്തട്ടിലുള്ള പ്രവർത്തനങ്ങളിൽ ഒരു ടാബ് സൂക്ഷിക്കുന്നതിനും അവ സമയബന്ധിതമായി പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമുള്ള ശക്തമായ ഒരു പ്ലാറ്റ്ഫോമായി ഇതിനെ മാറ്റി.

വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു

- അച്ചടി-ശ്രാവ്യ-ദൃശ്യ, നവമാധ്യമങ്ങളിലൂടെ ഗവൺമെന്റിന്റെ വികസന, ക്ഷേമ പരിപാടികളെക്കുറിച്ച് വ്യാപകമായ പ്രചാരണം നൽകുന്നു.
- പ്രസിദ്ധീകരിച്ച ആനുകാലികങ്ങൾ (ഇംഗ്ലീഷിൽ കേരള കോളിംഗും മലയാളത്തിൽ സമകാലിക ജനപഥവും)
- സർക്കാർ വെബ് പോർട്ടലിന്റെ ഉള്ളടക്ക മാനേജ്മെന്റ് – www.kerala.gov.in, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക വെബ്സൈറ്റ് – www.keralacm.gov.in, വാർത്താ പോർട്ടൽ – www.keralanews.gov.in വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് – www. .prd.kerala.gov.in, മന്ത്രിമാരുടെ ഔദ്യോഗിക വെബ്സൈറ്റുകൾ.
- വകുപ്പിന്റെ സൂക്ഷ്മപരിശോധനാ വിഭാഗം പൊതുജനാഭിപ്രായത്തെക്കുറിച്ച് സർക്കാരിന് ഫീഡ്ബാക്ക് നൽകുന്നു.
- മുഖ്യമന്ത്രിയുടെ സംവേദനാത്മക ടെലിവിഷൻ പരിപാടിയായ "നാം മുന്നോട്ട്" എന്നതിന്റെ നിർമ്മാണവും സംപ്രേക്ഷണവും; വാർത്തയും വികസനവും അടിസ്ഥാനമാക്കിയുള്ള ടെലിവിഷൻ പ്രോഗ്രാമുകൾ, പ്രിയകേരളം, നവകേരളം, ജനപഥം റേഡിയോ പരിപാടി.
- ഡോക്യുമെന്ററികളുടെയും ഹ്രസ്വചിത്രങ്ങളുടെയും നിർമ്മാണം.
- സാംസ്കാരികമായും വികസനപരമായും പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പത്രപ്രവർത്തകർക്കായി പഠനയാത്രകൾ നടത്തുകയും പത്രപ്രവർത്തകർക്ക് അന്തർ സംസ്ഥാന സന്ദർശനങ്ങൾ ക്രമീകരിക്കുകയും ചെയ്യുന്നു.
- ജേർണലിസം, പബ്ലിക് റിലേഷൻസ്, അഡ്വർടൈസിംഗ് എന്നിവയിൽ ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന കേരള മീഡിയ അക്കാദമിക്ക് സാമ്പത്തികവും ഭരണപരവുമായ സഹായം നൽകുന്നു.
- സർക്കാർ പരസ്യങ്ങൾ പുറത്തിറക്കുന്നതിനുള്ള ഔദ്യോഗിക ഏജൻസിയായി പ്രവർത്തിക്കുന്നു.
- വിവിധ മാധ്യമങ്ങൾക്ക് വിവിധ വകുപ്പുതല പരസ്യങ്ങൾ നൽകലും പരസ്യ ചാർജ്ജുകൾ അടയ്ക്കലും.
- മറ്റ് വകുപ്പുകൾക്കായി വീഡിയോ പരസ്യങ്ങളുടെയും ഡോക്യുമെന്ററികളുടെയും നിർമ്മാണം.
- അച്ചടി, ഇലക്ട്രോണിക്, ഓൺലൈൻ മാധ്യമങ്ങളിലെ പരസ്യങ്ങൾക്കും മീഡിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും സർക്കാർ നിരക്ക് നിശ്ചയിക്കുന്നു.
- സംസ്ഥാന മാധ്യമ അവാർഡുകൾ, സ്വദേശാഭിമാനി-കേസരി അവാർഡ്, സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡ് എന്നിവയുടെ തിരഞ്ഞെടുപ്പും വിതരണവും
- വിവിധ വിഭാഗങ്ങളിലെ പത്രപ്രവർത്തകർക്ക് പെൻഷൻ നൽകുന്നു.
- സർക്കാർ പ്രവർത്തനങ്ങൾ റിപ്പോർട്ടുചെയ്യുന്നതിന് മാധ്യമ പ്രവർത്തകർക്ക് സൗകര്യമൊരുക്കുന്നു.
- മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും വേണ്ടി പത്രസമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു.
- ശബരിമല ഉത്സവം, ഓണാഘോഷങ്ങൾ, ലോക കേരള സഭ തുടങ്ങിയ പ്രധാന പരിപാടികൾക്കായി മീഡിയ സെന്ററുകൾ സ്ഥാപിക്കുക.
- കേബിൾ ടിവി ആക്ടിന്റെയും പ്രസ്സ് ആന്റ് രജിസ്ട്രേഷൻ ഓഫ് ബുക്ക്സ് ആക്ടിന്റെയും എൻഫോഴ്സ്മെന്റ് ഏജൻസിയായി പ്രവർത്തിക്കുന്നു.

പട്ടിക 25.4 പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് മേഖലയുടെ സാമ്പത്തിക പ്രകടനം

(രൂപ കോടിയിൽ)

2017–18		2018–19		2019–20		2020–21		2021–22	
വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്	വിഹിതം	ചെലവ്
40.80	32.43 (79.49)	45.88	38.49 (83.90)	4508	23.36 (51.82)	38.46	26.15 (68.01)	38.46	15.14 (39.38)

ഉറവിടം: പ്ലാൻസ്പെയ്സ്, കേരള സർക്കാർ

പ്രധാന സംരംഭങ്ങൾ – പതിനാലാം പഞ്ചവത്സര പദ്ധതി

ഇന്റഗ്രേറ്റഡ് ന്യൂസ് ഗ്രിഡ് പ്രോജക്ട് – ഇന്റഗ്രേറ്റഡ് ന്യൂസ് ഗ്രിഡ് പ്രോജക്ടിന്റെ ഭാഗമായി പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മെന്റ് (പ്രിസം) പ്രോഗ്രാമിലൂടെ താഴേത്തട്ടിലുള്ള ആളുകളിലേക്ക് എത്തിച്ചേരാനുള്ള സർക്കാരിന്റെ ശ്രമത്തിന് പുതിയ ദിശാബോധം നൽകി. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി അടുത്ത് പ്രവർത്തിക്കുന്ന പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ അധികമായി വിനിയോഗിച്ച് വിവര ശേഖരണവും വേഗത്തിലുള്ള വ്യാപനവും വർദ്ധിപ്പിച്ച് ഈ പദ്ധതിക്ക് കൂടുതൽ ഊർജം പകരാനാണ് ശ്രമം. ഇത് കൃത്യവും സമയബന്ധിതവുമായ വിവര പ്രവാഹത്തിന് കാരണമാകും, അത് സർക്കാരിന് പുറമെ സമൂഹത്തിലെ നിരവധി പേർക്ക് പ്രയോജനം ചെയ്യും. മൊബൈൽ ജേർണലിസത്തിന്റെ കടന്നുകയറ്റം ഈ പദ്ധതിക്ക് കൂടുതൽ ഊർജം പകരുമെന്ന് പ്രതീക്ഷിക്കുന്നു.

ഇൻഫോ–കൾച്ചറൽ ഹബ് – തിരുവനന്തപുരത്തിന്റെ തലസ്ഥാന നഗരത്തിലുള്ള ടാഗോർ തിയേറ്ററിന് അതിന്റേതായ സാംസ്കാരിക പാരമ്പര്യമുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നല്ല പച്ചപ്പ് കൊണ്ട് അടയാളപ്പെടുത്തിയ ഈ വിശാലമായ ക്യാമ്പസ് സംസ്ഥാനത്തെ ഏറ്റവും വലിയ ഇൻഫോ–കൾച്ചറൽ ഹബ്ബായി മാറാൻ കാത്തിരിക്കുകയാണ്. സംസ്ഥാനത്തിന്റെ കല, സംസ്കാരം, പൈതൃകം, നാടകം എന്നിവയുടെ വിവിധ വശങ്ങൾ പ്രദർശിപ്പിക്കാനും പഠിക്കാനും പങ്കിടാനും അനുഭവിക്കാനും ആസ്വദിക്കാനും മൾട്ടിമീഡിയ സാങ്കേതികവിദ്യകളിലെ ഏറ്റവും മികച്ചത് ഉൾപ്പെടുത്തിക്കൊണ്ടാണ് ഇത് ചെയ്യുന്നത്. ഇലക്ട്രോണിക് ഇൻസ്റ്റാളേഷനുകൾ, ലേസർ ഡിസ്പ്ലേയുടെ സഹായത്തോടെയുള്ള ഓപ്പൺ എയർ കൾച്ചറൽ പ്രോഗ്രാം, ഓഗ്മെന്റഡ് റിയാലിറ്റി, തീം അടിസ്ഥാനമാക്കിയുള്ള ഗാലറികൾ, തീം ഗാർഡനുകൾ എന്നിവ സന്ദർശകർക്ക് വൈവിധ്യമാർന്ന ഇൻഫോടെയ്ൻമെന്റ് നൽകും.

ഇൻഫർമേഷൻ ഹബ് – 14 ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ന്യൂ ഡൽഹിയിലെ ഇൻഫർമേഷൻ ഓഫീസിലും ഇൻഫർമേഷൻ സെന്ററുകളുള്ള ആസ്ഥാനത്ത് ഒരു ഇൻഫർമേഷൻ ഹബ് സ്ഥാപിക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ വകുപ്പിന്റെ പ്രധാന ചുമതലകളിലൊന്നാണ്. ഓരോ ജില്ലയ്ക്കും ഒരു നെറ്റ്വർക്ക് ഇൻഫർമേഷൻ സെന്റർ, ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി, ഹാർഡ്വെയർ സപ്പോർട്ട്, സെൻറർ കൈകാര്യം ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥർ എന്നിവ നൽകും. വിവിധ സർക്കാർ സേവനങ്ങൾ, പ്രോജക്ടുകൾ, സാമ്പത്തിക സഹായം, ദൈനംദിന ജീവിതം, ബിസിനസ്സ്, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യ സേവന മേഖലകളിലും മറ്റു പല മേഖലകളിലും ഉപയോഗപ്രദമായ മറ്റ് പ്രസക്തമായ വിവരങ്ങൾ എന്നിവയെക്കുറിച്ചുള്ള എല്ലാ കാലികമായ വിവരങ്ങളും പൗരന്മാർക്ക് നൽകുന്ന ഒരു ഇൻഫോ പോർട്ടൽ ആയിരിക്കും ഇൻഫർമേഷൻ ഹബിന്റെ ഹൃദയം.

സോഷ്യൽ മീഡിയ റീച്ച് – സോഷ്യൽ മീഡിയയുടെ ആധുനിക കാലത്തെ പ്രാധാന്യത്തിന്റെയും ഈ പ്ലാറ്റ്ഫോമിലൂടെ വർദ്ധിച്ചുവരുന്ന വാർത്തകളും വിവരങ്ങളും കൈമാറ്റം ചെയ്യപ്പെടുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ സോഷ്യൽ മീഡിയ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു സമ്പൂർണ്ണ സോഷ്യൽ മീഡിയ വിഭാഗം പ്രസക്തമായി മാറിയിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ബഹുഭാഷാ ഉള്ളടക്കം, വസ്തുതാ പരിശോധന വിദഗ്ധർ, കാമ്പെയ്ൻ മാനേജർമാർ,

അനലിസ്റ്റുകൾ എന്നിവ സൃഷ്ടിക്കുന്നതിന് യോഗ്യതയുള്ള കൈകളാൽ 24 x 7 സോഷ്യൽ മീഡിയ വിംഗ് സ്ഥാപിക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

സെൻട്രലൈസ്ഡ് ഡിജിറ്റൽ – വലിയ അളവിലുള്ള വീഡിയോ ഉള്ളടക്കം, ചിത്രങ്ങൾ, പ്രസ്സ് കട്ടിംഗുകൾ തുടങ്ങിയവ ആർക്കൈവ് ചെയ്യുന്നതിനുള്ള ആർക്കൈവ് ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ സാങ്കേതിക പങ്കാളിയായി ഉൾപ്പെടുത്തിക്കൊണ്ട് പരിശോധിക്കും. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഗവൺമെന്റ് ഓഡിയോ-വിഷ്വൽ ഉള്ളടക്കത്തിന്റെ ഏറ്റവും വലിയ ശേഖരമായതിനാൽ, മികച്ച ക്ലൗഡ് സ്റ്റോറേജ് സൗകര്യം, തടസ്സങ്ങളില്ലാത്ത ആർക്കൈവിംഗ് രീതികൾ, വീണ്ടെടുക്കൽ സംവിധാനം എന്നിവ ഈ സിസ്റ്റത്തെ പിന്തുണയ്ക്കുന്നു എന്നത് പ്രസക്തമാണ്.

അധ്യായം 26

ഉപസംഹാരം

എല്ലാ ജനങ്ങൾക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കിക്കൊണ്ട്, ദീർഘകാല വീക്ഷണത്തോടെ സംസ്ഥാനത്തെ വികസനത്തിന്റെ പാതയിലേക്ക് നയിക്കാൻ പതിനാലാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി വളർച്ചയിലെക്കുനയിക്കുന്ന പ്രധാന ഘടകങ്ങളെ കേന്ദ്രീകരിച്ചാണ് വിവിധ മേഖലകൾക്കുള്ള സാമ്പത്തിക വിഹിതം വകയിരുത്തുന്നത്. സേവന മേഖലകൾ മെച്ചപ്പെടുത്തുകയും ഉൽപ്പാദന മേഖലകളെ ഊർജ്ജസ്വലമാക്കുകയും ചെയ്യുന്നതോടൊപ്പം വിജ്ഞാനാധിഷ്ഠിത സമൂഹം കെട്ടിപ്പടുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉത്തരവാദിത്ത്വവും ചുമതലയും.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ച നൂതന വികസന പദ്ധതികൾ സാമൂഹിക നിക്ഷേപരംഗത്തും പ്രത്യേകിച്ച് ഉന്നതവിദ്യാഭ്യാസം ആരോഗ്യം എന്നിവയിലും ഹൈടെക്നോളജി നിർമ്മാണം, നൈപുണ്യവികസനം, വിവരസാങ്കേതികവിദ്യ, ബയോടെക്നോളജി, സ്റ്റാർട്ടപ്പുകൾ, കാർഷിക-ഭക്ഷ്യ സംസ്കരണം ലൈഫ് സയൻസ് അധിഷ്ഠിത വ്യവസായം എന്നീ മേഖലകളിലെയും വളർച്ചയെ ഉത്തേജിപ്പിക്കും. ഉൽപ്പന്നത്തിലും പ്രക്രിയയിലുമുള്ള നവീകരണത്തിലും സാങ്കേതികവിദ്യയുടെ സാമൂഹിക രൂപീകരണത്തിലും സംസ്ഥാനത്ത് നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യകരവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിലും ഈ ശ്രമങ്ങൾ പുതിയ ദിശകൾ കൊണ്ടുവരും.

സംസ്ഥാനത്ത് നിന്ന് കടുത്ത ദാരിദ്ര്യം തുടച്ചുനീക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്, വയോജനങ്ങൾ, അഗതികൾ, അംഗപരിമിതർ എന്നിവർക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ, അർഹരായവർക്ക് സൗജന്യ വൈദ്യസഹായം, സാമൂഹിക സുരക്ഷാ പെൻഷൻ വിതരണം, എല്ലാവർക്കും ഭൂമി, വീട്, കുടിവെള്ളം എന്നിവ ഉറപ്പാക്കുക എന്നവയിലൂടെ ഇത് കൈവരിക്കാനാകും. കടുത്ത ദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള ചുമതലകളും ശ്രമങ്ങളും പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

40 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി വിഭാവനം ചെയ്യുന്നു, നൈപുണ്യ വികസന പരിപാടികൾ, വ്യാവസായിക പുന:സംഘടന, കാർഷിക നവീകരണം എന്നിവയിലൂടെ ഇത് സാധ്യമാക്കും. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും ടൂറിസം പോലുള്ള സേവന വ്യവസായങ്ങളുമാണ് കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് മറ്റുള്ളവയേക്കാൾ അനുയോജ്യമെന്നാണ് വിലയിരുത്തൽ. സ്റ്റാർട്ടപ്പുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നത് സർവകലാശാലാ കാമ്പസുകൾ നവീകരണത്തിന്റെയും തൊഴിലവസരങ്ങളുടെയും കേന്ദ്രങ്ങളായി മാറുന്നതിന് വഴിയൊരുക്കും. സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനും വിജ്ഞാന സമ്പദ്വ്യവസ്ഥയ്ക്ക് അടിത്തറയിടാനും ഈ മേഖലകളിൽ വലിയ തോതിലുള്ള ഇടപെടലുകൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുമ്പോൾ സംസ്ഥാനത്തെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ഉത്തരവാദിത്തത്തിലും ഇത് ശ്രദ്ധകേന്ദ്രീകരിക്കുന്നു. അതനുസരിച്ച്, കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് മുൻഗണന നൽകിയിരിക്കുന്നത്.

എല്ലാവർക്കും സുതാര്യതയും സന്തോഷവും ഉറപ്പാക്കുന്ന സുസ്ഥിരവും സമഗ്രവുമായ വികസനം പ്രതിഫലിപ്പിക്കുന്ന ഒരു നവകേരളം സൃഷ്ടിക്കുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിലൂടെ ഇത് തീർച്ചയായും കൈവരിക്കും.

പതിനാലാം പഞ്ചവത്സര പദ്ധതി

സംസ്ഥാന ആസൂത്രണ ബോർഡ്
ജനുവരി 2023